കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2024 ജൂൺ 26, ബുധൻ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 194 –നമ്പർ 9

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2024 ജൂൺ 26, ബുധൻ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. കെ. ബി. ഗണേഷ് കുമാർ
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. ഒ. ആർ. കേളു
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി	: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്

ഉള്ളടക്കം

I. ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)

II. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

അവശ്യ സാധനങ്ങളുടെ വിലവർദ്ധനവ്
- ശ്രീ. റോജി എം. ജോൺ

(അവതരണാനുമതി നിഷേധിച്ചു.)

III. ശ്രദ്ധ ക്ഷണിക്കൽ

(1) വന്യമൃഗശല്യംമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം
- ശ്രീ. പി. എസ്. സുപാൽ

(2) കോട്ടയം നഗരത്തിലെ സ്കൈ വാക്ക് പദ്ധതി
- ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

IV. സബ്മിഷൻ

(1) സഫീർ, ഷുഹൈബ് എന്നിവരുടെ മോചനം

- ശ്രീ. മഞ്ഞളാംകുഴി അലി

(2) ശങ്കരൻ തമ്പുരാൻ പ്രതിമയുടെ പുനരുദ്ധാരണം

- ശ്രീ. പി. ബാലചന്ദ്രൻ

(3) കോടതി ഫീസ് വർദ്ധനവ്

- ശ്രീമതി കെ. കെ. രമ

(4) കരകൗശല വിദഗ്ധർക്ക് നൈപുണ്യ പരിശീലനം

- ശ്രീ. ഐ. ബി. സതീഷ്

(5) മാരിയിൽകലുങ്ക് പാലം നിർമ്മാണം

- ശ്രീ. പി. ജെ. ജോസഫ്

(6) പെരുവ-പിറവം-പെരുവാമൂഴി റോഡ് നിർമ്മാണം

- ശ്രീ. അനൂപ് ജേക്കബ്

(7) പെരുമ്പാവൂരിലെ റോഡുകൾ ടാർ ചെയ്യുന്നത് സംബന്ധിച്ച്

- ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

(8) കുത്തുപറമ്പ് താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം

- ശ്രീ. കെ. പി. മോഹനൻ

(9) വർക്കല ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം

- ശ്രീ. വി. ജോയി

V. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട്, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തിയെട്ട് മുതൽ അറുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ.

VI. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട്

VII. വ്യക്തിപരമായ വിശദീകരണം

അപകീർത്തികരമായ പരാമർശം

– ശ്രീമതി കെ. കെ. രമ

VIII. ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

നീറ്റ് പരീക്ഷാ നടത്തിപ്പിലെ ക്രമക്കേട്

ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം

IX. ധനകാര്യം

2024–25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XVII – വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

ധനാഭ്യർത്ഥന നമ്പർ XXIV – തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും

ധനാഭ്യർത്ഥന നമ്പർ XXIX – കൃഷി

അനുബന്ധം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2024 ജൂൺ 26, ബുധൻ

വാല്യം 194} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 9

നിയമസഭ 2024 ജൂൺ മാസം 26-ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... ചോദ്യം നമ്പർ *241

കായൽ ടൂറിസത്തിന്റെ സാധ്യതകൾ

1 (*241) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ചുമതലപ്പെടുത്തിയ പ്രകാരം (ശ്രീ. എച്ച്. സലാം):
ശ്രീമതി ദെലീമ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായൽ ടൂറിസത്തിന്റെ നിലവിലുള്ള സാധ്യതകൾ പൂർണ്ണമായും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ സുരക്ഷിതമായ കായൽ ടൂറിസത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഹൗസ് ബോട്ടുകളുടെ എണ്ണം ക്രമീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത്തരം ക്രമീകരണത്തിനുള്ള മാനദണ്ഡം അറിയിക്കുമോ;

(സി) കായലുകളുടെ ക്യാരിയിംഗ് കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം അറിയിക്കുമോ;

(ഡി) ഹൗസ് ബോട്ടുകൾ മുഖേന കായലിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ) സംസ്ഥാനത്ത് കായൽ ടൂറിസത്തിന്റെ സാധ്യതകൾ ടൂറിസം വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ കായൽ മേഖലയിൽ വൈവിദ്ധ്യമാർന്ന ടൂറിസം പദ്ധതികൾ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ സജ്ജമാക്കിയിട്ടുണ്ട്. കായൽ ടൂറിസത്തിന്റെ സാധ്യതകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാനാണ് കേരള ടൂറിസം, ഹൗസ് ബോട്ടുകളെ ടൂറിസം മേഖലയ്ക്ക് പരിചിതമാക്കിയത്. ലോകത്തിൽ കേരള ടൂറിസത്തിന്റെ പ്രധാനപ്പെട്ട ടൂറിസം ഉത്പന്നമായി ഹൗസ് ബോട്ടുകൾ മാറിക്കഴിഞ്ഞു. ക്യാമ്പയിനുകളുടെ മുഖമായി ഹൗസ് ബോട്ടുകളെ

അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നേരത്തെ പ്രധാനമായും ആലപ്പുഴ, കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിൽ കേന്ദ്രീകരിച്ചിരുന്ന ഹൗസ് ബോട്ടുകൾ ഇന്ന് സംസ്ഥാനത്തിന്റെ ഇതര കായൽ മേഖലകളിലേയ്ക്കും വ്യാപിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലെ കായലുകളും ജലാശയങ്ങളും കേന്ദ്രീകരിച്ച് ഹൗസ് ബോട്ടുകളുടെ സാന്നിധ്യം സജീവമാണ്. ഹൗസ് ബോട്ടുകൾക്കൊപ്പം ചെറുവഞ്ചികൾ, സ്പീഡ് ബോട്ടുകൾ തുടങ്ങിയവയും കായൽ ടൂറിസം മേഖലയിൽ വിനോദസഞ്ചാരികളെ ആകർഷിച്ചുവരുന്നു. കായലുകൾക്ക് പുറമെ കായലുകളോട് ചേർന്ന ഇടപ്രദേശങ്ങളും (തോടുകൾ) സഞ്ചാരികളെ വൻതോതിൽ ആകർഷിക്കുന്നുണ്ട്.

കായൽ ടൂറിസം പ്രോത്സാഹിപ്പിക്കാൻ വിനോദസഞ്ചാര വകുപ്പ് വൈവിദ്ധ്യമാർന്ന പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ചാംപ്യൻസ് ബോട്ട് ലീഗിന് രൂപം നൽകുകവഴിയും കായൽ ടൂറിസത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. കൊച്ചിയിൽ ആരംഭിച്ച വാട്ടർ മെട്രോ, കായൽ ടൂറിസം മേഖലയിൽ വൻ കുതിച്ചുചാട്ടത്തിന് കാരണമായി. വാട്ടർ മെട്രോ വിദേശ സഞ്ചാരികളെയടക്കം ആകർഷിക്കുന്ന ഒന്നായി മാറി.

കായൽ ടൂറിസം മേഖലയുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ വിനോദസഞ്ചാര വകുപ്പും തുറമുഖ വകുപ്പിന് കീഴിലുള്ള കേരള മാരിടൈം ബോർഡും ചേർന്ന് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഹൗസ് ബോട്ടുകളുടെ സർവ്വെ, രജിസ്ട്രേഷൻ എന്നിവ കേരള മാരിടൈം ബോർഡിന്റെ ചുമതലയിലാണ്. തുറമുഖ വകുപ്പ് അതിൽ നല്ല നിലയിൽ ഇടപെട്ടുവരുന്നു. ഹൗസ് ബോട്ടുകളുടെ എണ്ണം തിട്ടപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി കേരള മാരിടൈം ബോർഡ് അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സംയുക്തമായ ഒരു യോഗം നടത്തി സുപ്രധാനമായ ചില തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) കായലുകളുടെ ക്യാരിയിംഗ് കപ്പാസിറ്റി വർദ്ധിപ്പിക്കാനായി ഡ്രെഡ്ജിംഗ് നടത്താനും കായലിൽ അടിഞ്ഞുകൂടിക്കിടക്കുന്ന പോള ശാസ്ത്രീയമായി നീക്കുവാനുമുള്ള നടപടികൾ സ്വീകരിക്കാൻ 22-01-2024-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിരുന്നു. എന്നാൽ പ്രസ്തുത യോഗ തീരുമാനപ്രകാരമുള്ള തുടർ

നടപടികൾക്ക് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഇടക്കാല സ്റ്റേ അനുവദിച്ചു; ഈ സ്റ്റേ നീക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കായൽ ടൂറിസം നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ് മാലിന്യ സംസ്കരണം. ഹൗസ് ബോട്ടുകളിലെ മാലിന്യങ്ങൾ സംസ്കരിക്കാൻ ആവശ്യമായ പരിശീലനവും നിർദ്ദേശങ്ങളും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ (ഡി.ടി.പി.സി.) മുഖേന ഹൗസ് ബോട്ട് ഉടമകൾക്കും ജീവനക്കാർക്കും നൽകുന്നുണ്ട്.

ഹൗസ് ബോട്ടുകളിൽനിന്നുള്ള മാലിന്യം സംസ്കരിക്കാൻ നിലവിൽ കോട്ടയം ജില്ലയിൽ കുമരകത്ത് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (എസ്.ടി.പി.) പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ എച്ച് ബ്ലോക്കിലെയും വട്ടക്കായലിലെയും എസ്.ടി.പി. വീണ്ടും പ്രവർത്തനക്ഷമമാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എച്ച്. സലാം: സർ, കേരളത്തിലെ കായൽ ടൂറിസത്തിന് ഹൗസ് ബോട്ട് പോലെതന്നെ വളരെ പ്രധാനപ്പെട്ട ഒന്നായി കൊച്ചി വാട്ടർ മെട്രോയും മാറിയിട്ടുണ്ട്. സഞ്ചാരികൾക്കിടയിൽ വാട്ടർ മെട്രോയ്ക്ക് വലിയ സ്വീകാര്യതയാണ് ലഭിച്ചത്. യാത്രാ ഉപാധിയെന്ന നിലയിലാണ് വാട്ടർ

മെട്രോ അവതരിപ്പിച്ചതെങ്കിലും മറ്റ് ടൂറിസം സാധ്യതകൾകൂടി മനസ്സിലാക്കി ഇത്തരം നൂതന സംരംഭങ്ങൾ ടൂറിസം മേഖലയിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കേരളത്തിലെ കായൽ ടൂറിസത്തിൽ ഹൗസ് ബോട്ട് എന്നതുപോലെ പേരുകേട്ട ഒരു ഉൽപന്നമായി കൊച്ചി വാട്ടർ മെട്രോ മാറിക്കഴിഞ്ഞു. നമ്മുടെ കായൽപരപ്പുകൾ ലണ്ടനിലെ വീഥികളിലൂടെ സഞ്ചരിക്കുന്ന കാഴ്ച സോഷ്യൽ മീഡിയയിൽ ഒരു ട്രെൻഡ് ആയിരുന്നു. അന്താരാഷ്ട്ര ക്യാമ്പയിനുകളിൽ ബാക്ക്‌വാട്ടർ ടൂറിസത്തിന് കേരള ടൂറിസം അത്രയേറെ പ്രധാന്യമാണ് നൽകുന്നത്. ആഭ്യന്തര-വിദേശ സഞ്ചാരികളുടെ ഏറ്റവും പ്രിയപ്പെട്ട ടൂറിസം പ്രോഡക്ടായി കേരളത്തിലെ കായലുകൾ മാറിയിട്ടുണ്ട്. കുമരകവും ആലപ്പുഴയും അഷ്ടമുടിയും കൊച്ചിയും വലിപറമ്പും സഞ്ചാരികളുടെ ഇഷ്ടകേന്ദ്രങ്ങളാണ്. കൊച്ചിയിൽവരുന്ന സഞ്ചാരികൾക്ക് വാട്ടർ മെട്രോ പുതിയൊരു അനുഭവമായി മാറിയിട്ടുണ്ട്. പരിസ്ഥിതി സൗഹാർദ്ദപരമായ ഇത്തരം നൂതന ആശയങ്ങൾ കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിൽ നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്. Luxury

yachts, യാട്ടുകൾ, വിവിധതരം ആഡംബര മിനി ലേക്ക് ക്രൂയിസുകൾ, രാത്രിയിൽ പ്രവർത്തിക്കുന്ന ഡിന്നർ ക്രൂയിസുകൾ എന്നിവകൂടി കേരളത്തിൽ നടപ്പിലാക്കാൻ മാരിടൈം ബോർഡുമായി കൂടിയാലോചന നടത്തിയിരുന്നു. ബഹുമാന്യനായ തുറമുഖ വകുപ്പുമന്ത്രി ഈ യോഗത്തിൽ വളരെ പ്രധാനപ്പെട്ട ചില തീരുമാനങ്ങൾ കൈക്കൊള്ളുമെന്ന് അറിയിക്കുകയും അദ്ദേഹം അതിന്റെ ഫോളോ അപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. പരിസ്ഥിതി സൗഹാർദ്ദപരമായി പ്രവർത്തിക്കുന്നവരെ പ്രോത്സാഹിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്. കേരള ടൂറിസം ചരിത്രത്തിലാദ്യമായി കേരളത്തെ ഒരു ടൂറിസം ഇന്നൊവേഷൻ ഹബ്ബാക്കാൻ സ്റ്റാർട്ടപ്പുകൾക്ക് ഇൻസെന്റീവ് കൊടുക്കാൻ തീരുമാനിച്ച വിവരം സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ടൂറിസം വകുപ്പ് നൂതന ആശയങ്ങളെയും സംരംഭകരെയും പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കുമ്പോൾ അതിനെ വളരെ പോസിറ്റീവായി കണ്ട് കക്ഷിഭേദമന്യേ മുന്നോട്ടുപോകണമെന്ന് പ്രത്യേകമായി അറിയിക്കുകയാണ്.

ശ്രീ. എച്ച്. സലാം: സർ, ആലപ്പുഴ, കൊല്ലം, കോട്ടയം തുടങ്ങിയ കായൽ ടൂറിസം മേഖലകളിൽ എത്തുന്ന സഞ്ചാരികൾ ഹൗസ് ബോട്ടിൽമാത്രം യാത്ര ചെയ്തുപോകുന്ന രീതിയാണ് കണ്ടുവരുന്നത്. മറ്റ് വിനോദസഞ്ചാര സാധ്യതകൾ ഉപയോഗപ്പെടുത്താൻ അവർക്ക് കഴിയുന്നില്ല. കായൽ/ജല ടൂറിസത്തിന്റെ ഭംഗി ആസ്വദിക്കുന്നതിനൊപ്പം പ്രാദേശിക ഉൽപന്നങ്ങൾ വാങ്ങാനും പ്രാദേശിക രുചിഭേദങ്ങൾ ആസ്വദിക്കാനുമുള്ള അവസരം ഒരുക്കുക വളരെ പ്രധാനമാണ്. കായൽ/ജല ടൂറിസം വിഭാവനം ചെയ്യുമ്പോൾ തദ്ദേശീയരായ ജനങ്ങളുടെ വരുമാന വർദ്ധനവുകൂടി പരിഗണിച്ച് ഇത്തരം കാര്യങ്ങളുടെ സാധ്യത എങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കായൽ ടൂറിസത്തിന്റെ സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്താനാണ് ടൂറിസം വകുപ്പ് ശ്രമിക്കുന്നത്. നിലവിൽ കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി വ്യത്യസ്തമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിന് ഏറ്റവും നല്ലൊരു ഉദാഹരണമാണ് കുമരകം. കുമരകം എന്ന കായൽ ടൂറിസം

ഡെസ്റ്റിനേഷനെ ലോകത്തെതന്നെ ഏറ്റവും മികച്ച ഉത്തരവാദിത്ത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഹൗസ് ബോട്ട് യാത്രകൾ, ശിക്കാര യാത്രകൾ എന്നിവയ്ക്കുപുറമെ വിനോദ സഞ്ചാരികൾക്ക് കായലിലൂടെ സഞ്ചരിച്ച് തദ്ദേശീയ ഭവനങ്ങളിലെത്തി പരമ്പരാഗത തൊഴിലുകളുടെയും മറ്റും നവ്യാനുഭവങ്ങൾ സമ്മാനിക്കുന്ന വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ എന്നിവ കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയുടെ പാക്കേജുകളാണ്. കുമരകത്തിന്റെ കായൽ ടൂറിസം സാധ്യതകൾക്കുപുറമെ അയ്മനം മോഡൽ ഉത്തരവാദിത്ത ടൂറിസത്തിന്റെ വിവിധ സാധ്യതകൾ കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി കാഴ്ചവച്ചിട്ടുണ്ട്. മറവൻതുരുത്ത്, വൈക്കം, ചെമ്പ്, പെരുമ്പളം, ബേക്കൽ, വലിയപറമ്പ തുടങ്ങിയ പ്രദേശങ്ങളിലെല്ലാം കായൽ ടൂറിസവുമായി ബന്ധപ്പെട്ട വ്യത്യസ്ത ടൂർ പാക്കേജുകളും പ്രവർത്തനങ്ങളും കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി നടത്തിവരുന്നു. ഇവയിൽ പലതും സാർവ്വദേശീയ അംഗീകാരങ്ങൾ നേടിയിട്ടുണ്ട്. കായലുമായി ബന്ധപ്പെട്ട വ്യത്യസ്ത മത്സ്യവിഭവങ്ങളും പരമ്പരാഗത ഭക്ഷണവുമെല്ലാം

വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാകുംവിധം കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി, 'എക്സ്പീരിയൻസ് എത്നിക് കൃസീൻ' എന്ന പ്രോഗ്രാമിലൂടെ മുന്നോട്ടുപോകുന്നു.

ശ്രീമതി ദെലീമ: സർ, ആലപ്പുഴ ജില്ലയിലെ ഏറ്റവും മനോഹരമായ പെരുമ്പളം ദ്വീപിൽ ഇപ്പോൾ പുതിയ പാലം സാധ്യമാകുകയാണ്. ദ്വീപ് നിവാസികളുടെ ചിരകാല അഭിലാഷം ഈ വർഷം സഫലീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. പാലം വരുന്നതോടെ പെരുമ്പളത്തിന്റെ ടൂറിസം സാധ്യതകൾ വർദ്ധിക്കുകയാണ്. അതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഏഷ്യയിലെ ഏറ്റവും നീളം കൂടിയ കായലുകളിലൊന്നാണ് വേമ്പനാട് കായൽ. വേമ്പനാട് കായലിൽ സ്ഥിതിചെയ്യുന്ന പെരുമ്പളം ദ്വീപ് കേരളത്തിലെ കായലുകളിലെ ഏറ്റവും വലിയ ദ്വീപാണ്. പെരുമ്പളം പാലവും വേമ്പനാട് കായലിന്റെ കാഴ്ചകളും ദ്വീപിലെ ജീവിതവുമെല്ലാം അനുഭവവേദ്യ ടൂറിസം പ്രോഡക്ടുകളാണ്. പാലം യാഥാർത്ഥ്യമാകുന്നതോടെ ദ്വീപിലേയ്ക്ക് സഞ്ചാരികൾക്കും എത്തിച്ചേരാൻ

കഴിയും. ടൂറിസം വകുപ്പ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ സഹായത്തോടെ ദ്വീപിനെ ഒരു ടൂറിസം ഗ്രാമമായി മാറ്റിയെടുക്കാനുള്ള ശ്രമം നടത്തുമെന്നുള്ളത് സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ദ്വീപിന്റെ മനോഹരമായ ഗ്രാമജീവിതം തന്നെയാണ് ഇവിടുത്തെ പ്രധാന ടൂറിസം പ്രോഡക്ട്. ഇത് കുമരകം മാതൃകയിൽ ഒരു ഉത്തരവാദിത്ത ടൂറിസം ഡെസ്റ്റിനേഷനായി വളർത്തിയെടുക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, വൈപ്പിൻ നിയോജകമണ്ഡലത്തിലെ വളരെ മനോഹരമായ ഒരു പഞ്ചായത്താണ് കടമക്കുടി. ചില പ്രത്യേക സീസണുകളിൽ ജമ്മു & കാശ്മീരിൽനിന്നും ഹിമാലയ സാനുക്കളിൽനിന്നുമെല്ലാം നൂറിൽപരം പക്ഷികൾ വന്നിറങ്ങുന്ന പ്രധാനപ്പെട്ട പ്രദേശമാണിത്. കായൽ ടൂറിസത്തിനും അനുഭവവേദ്യ ടൂറിസത്തിനും മികച്ച സാധ്യതകളുള്ള സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായി കടമക്കുടി മാറിക്കഴിഞ്ഞു. കടമക്കുടിയിലെയും പരിസരത്തെയും ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താൻ ബഡ്ജറ്റിൽ പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കടമക്കുടിയിലെ ടൂറിസം സാധ്യതകൾ

പ്രയോജനപ്പെടുത്താനുള്ള പദ്ധതികൾ ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ചിതറിക്കിടക്കുന്ന കൊച്ചുദ്വീപുകളും ചെമ്മീൻ കെട്ടുകളും ചീനവലയുമൊക്കെയായി മാജിക്കൽ എന്നുപറയാവുന്ന ഒരു അപ്കമിംഗ് ഡെസ്റ്റിനേഷനാണ് കടമക്കുടി. ഈ വിനോദസഞ്ചാര സാധ്യത മുന്നിൽക്കണ്ടാണ് ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുള്ളത്. ടൂറിസം വകുപ്പ് അടിസ്ഥാന സൗകര്യങ്ങളും കായലിന് ചുറ്റുമുള്ള വിവിധ ആക്ടിവിറ്റീസും ഉൾപ്പെടുത്തി ഉത്തരവാദിത്ത ടൂറിസം മാതൃകയിൽ ഒരു പ്രോജക്ട് ഉടനെ യാഥാർത്ഥ്യമാക്കാനുള്ള ഇടപെടൽ നടത്തുമെന്ന് അറിയിക്കുകയാണ്. അനുഭവവേദ്യ ടൂറിസം അതിന്റെതായ ഭംഗിയിൽ നടപ്പിലാക്കാൻ വിദഗ്ധ അഭിപ്രായം തേടുന്നതാണ്. കായലിന് ചുറ്റുമുള്ള ജീവിതം, കള്ളുചെത്ത്, സീ ഫുഡ് എക്സ്പീരിയൻസ് എന്നിങ്ങനെ സഞ്ചാരികൾക്ക് വൈവിദ്ധ്യങ്ങളായ ആക്ടിവിറ്റീസ് അനുഭവിക്കാൻ സാധിക്കും. ഇവിടെ പ്രത്യേകമായ പദ്ധതി

തയ്യാറാക്കുന്നത് സംബന്ധിച്ച് പരിശോധിക്കാൻ ടൂറിസം ഡയറക്ടറെ ചുമതലപ്പെടുത്തുന്നതാണ്.

ഡോ. സുജിത് വിജയൻപിള്ള: സർ, ടൂറിസം ഭൂപടത്തിൽ അഷ്ടമുടിക്കായൽ ഇതിനോടകംതന്നെ ശ്രദ്ധ നേടിയിട്ടുണ്ട്. സാമ്പ്രാണിക്കൊടിയിലും മൺറോതുരുത്തിലുമൊക്കെ മറ്റ് ജില്ലകളിൽനിന്നും സംസ്ഥാനങ്ങളിൽനിന്നും നിരവധി ടൂറിസ്റ്റുകൾ വരുന്നുണ്ട്. ലീല അഷ്ടമുടി ഹോട്ടലും ചവറ സൗത്തിലെ മഹീന്ദ്ര റിസോർട്ടുമൊക്കെ അവർക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നുണ്ട്. ഡെസ്റ്റിനേഷൻ മാർക്കറ്റ് ചെയ്യുന്നതിനും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ടൂറിസം വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കേരള ടൂറിസം മേഖലയിലെ ഒരു പ്രധാന കേന്ദ്രമായിട്ടാണ് അഷ്ടമുടിക്കായലിനെ കാണുന്നത്. അഷ്ടമുടിക്കായൽ കേന്ദ്രീകരിച്ച് നിരവധി ടൂറിസ്റ്റ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവിടെയെല്ലാം വിദേശ സഞ്ചാരികൾകൂടി എത്തുന്നതുകൊണ്ട് മികച്ച ഹോസ്പിറ്റാലിറ്റി സംവിധാനവുമുണ്ട്.

അഷ്ടമുടിക്കായലിനെ എല്ലാ നിലയിലും ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. അഷ്ടമുടിക്കായൽ 61 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയിൽ പരന്നുകിടക്കുന്ന അപൂർവ്വ ഭംഗിയുള്ള പ്രദേശമെന്നുള്ള നിലയിലും മൺറോതുരുത്തും സാമ്പ്രാണിക്കൊടിയും ഒരറ്റത്ത് നീണ്ടകര ഹാർബറും ചേർന്ന് കായലിന്റെയും കടലിന്റെയും വശ്യമനോഹാരിത അനുഭവിക്കാവുന്ന കേരളത്തിലെ സുന്ദര സ്ഥലമെന്ന നിലയിലും ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്. ഇന്ത്യയിൽ ആദ്യമായി ഒരു ബഡ്ജറ്റിൽ ബയോഡൈവേഴ്സിറ്റി സർക്യൂട്ട് പ്രഖ്യാപിക്കുകയും ആ ബയോഡൈവേഴ്സിറ്റി സർക്യൂട്ടിന് രൂപം കൊടുത്തപ്പോൾ പ്രോജക്ടിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി 10 കോടിയിലധികം രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി 1,01,95,104/- രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. ഈ പ്രോജക്ടിന്റെ ഒരു പ്രധാന ഭാഗമാണ് അഷ്ടമുടിക്കായൽ. അഷ്ടമുടിക്കായലിന്റെ ഇന്റർപ്രട്ടേഷൻ സെന്ററിൽ വരുന്ന സഞ്ചാരികൾക്ക് അഷ്ടമുടിയുടെ ജൈവവൈവിധ്യത്തെ പരിചയപ്പെടാനും വൈവിധ്യങ്ങളായ ടൂറുകളിലൂടെ കായലിന്റെ മനോഹാരിത നേരിട്ട്

അനുഭവിക്കാനും സാധിക്കും. പ്രോജക്ടിന്റെ ആദ്യഘട്ടത്തിൽ മൺറോതുരുത്തിന്റെ കാരിയിംഗ് കപ്പാസിറ്റി പഠനം നടക്കും. സുസ്ഥിര ടൂറിസത്തിന്റെയും അനുഭവവേദ്യ ടൂറിസത്തിന്റെയും കേന്ദ്രമായി കൊല്ലം ബയോഡൈവേഴ്സിറ്റി സർക്യൂട്ട് ലോകശ്രദ്ധ ആകർഷിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, 2021 മുതൽ 2023 വരെ, ഈ സർക്കാരിന്റെ കാലത്ത് ടൂറിസം വകുപ്പിന്റെ പരസ്യത്തിനായി 148 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. കാരവൻ ടൂറിസത്തിനായി പരസ്യയിനത്തിൽ ഒരു കോടി രൂപയും 13 സംരംഭകർക്ക് ഏഴരലക്ഷം രൂപാവീതം 98 ലക്ഷം രൂപ സബ്സിഡി ഇനത്തിലും അനുവദിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം മൂന്നരക്കോടി രൂപ കാരവൻ ടൂറിസത്തിനായി വകയിരുത്തിയിട്ടുമുണ്ട്. വിനോദസഞ്ചാര മേഖലയിൽ ഇത്രയും തുക ചെലവഴിച്ച സ്ഥിതിക്ക്, ടി മേഖലയിൽ ഗണ്യമായ വരുമാന വർദ്ധനവുണ്ടാകേണ്ടതുണ്ട്. അത്തരത്തിലുള്ള വരുമാന വർദ്ധനവ്

ഉണ്ടായിട്ടുണ്ടോ; കാരവൻ ടൂറിസത്തിൽനിന്ന് ഏകദേശം എത്ര വരുമാനമാണ് പ്രതീക്ഷിക്കുന്നത്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ടൂറിസം മേഖലയിൽ മാർക്കറ്റിംഗ് ഒരു പ്രധാനപ്പെട്ട ഘടകമാണ്. മാർക്കറ്റിംഗ് ഇല്ലാതെ ടൂറിസം മേഖല മുന്നോട്ട് കൊണ്ടുപോകാനാകില്ല. മൂന്ന് പതിറ്റാണ്ടിനിപ്പുറം ചുണ്ടൻവള്ളത്തിനുശേഷം ടൂറിസം മേഖലയിൽക്കൊണ്ടുവന്ന ഒരു പ്രോഡക്ടാണ് കാരവൻ ടൂറിസം. തുടക്കത്തിൽ അതിന്റേതായ പ്രയാസമുണ്ടാകുമെന്നുള്ളത് നേരത്തെ അറിയിച്ചിരുന്നു. എന്നാൽ അതിനെ മറികടന്ന് നമുക്ക് മുന്നോട്ടുപോകാൻ സാധിക്കും. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ നമ്മൾ മാർക്കറ്റിംഗിൽ ഇനിയും പണം ചെലവഴിക്കേണ്ടതുണ്ട്. വിദേശത്ത് നടക്കുന്ന പ്രധാന ടൂറിസം മാർട്ടുകളിൽ പങ്കെടുത്ത് മുന്നോട്ടുപോകുന്നതിന്റെ ഫലമായി വലിയ റിസൾട്ട് ഉണ്ടാകുന്നുണ്ട്. അതിന്റെ വരുമാനവും മറ്റ് കണക്കുകളും സഞ്ചാരികളുടെ എണ്ണവും നേരത്തെ സഭയിൽ സൂചിപ്പിച്ചിരുന്നു. മാർക്കറ്റിംഗ് ഒരു പ്രധാന ഘടകമാണ്. വൈവിദ്ധ്യമാർന്ന പ്രചാരണ രീതിയാണ് നമ്മൾ

ആവിഷ്കരിക്കുന്നത്. യു.കെ.-യിലെയും ലണ്ടനിലെയും ബസിൽ പതിച്ച കേരളാ ടൂറിസത്തിന്റെ പ്രകൃതിരമണീയമായ പ്രദേശങ്ങൾ, മാർക്കറ്റിംഗ് ലോകത്ത് ഏതൊരു ഗവൺമെന്റിനും മാതൃകയാണ്. അതിന്റെ വിഡീയോ സോഷ്യൽ മീഡിയയിലൂടെ ധാരാളം മലയാളികൾ പ്രചരിപ്പിച്ചിരുന്നു. വയനാട്ടിലെ ഒരു മന്ത്രിയടക്കം മൂന്ന് അംഗങ്ങൾ ഇവിടെയുണ്ട്. വയനാട് ജില്ലയിലെ ടൂറിസം വികസനത്തിനുവേണ്ടി മാർക്കറ്റിംഗിൽ ഫോക്കസ് ചെയ്തത് ബാംഗ്ലൂരാണ്. അതിന്റെ റിസൾട്ട് വയനാട് ടൂറിസത്തിനുണ്ടായിരുന്നു. മാർക്കറ്റിംഗിൽ വളരെ തന്ത്രപരമായി ഫോക്കസ് ചെയ്യേണ്ട സ്ഥലങ്ങളെ ഫോക്കസ് ചെയ്യാതെകൊണ്ടാണ് മുന്നോട്ടുപോകുന്നത്. പൊതുവെ ടൂറിസം മേഖലയിൽ അതിന്റെ റിസൾട്ട് ഉണ്ടാകുന്നുണ്ട്. കാരവൻ ടൂറിസം പദ്ധതി ആകെ തകർന്ന് തരിപ്പണമായെന്നുള്ള രീതിയിൽ ചില പ്രചാരണങ്ങൾ നടക്കുന്നുണ്ട്; ചില മാധ്യമങ്ങൾ അത് ഏറ്റെടുത്തിട്ടുമുണ്ട്. അവർക്ക് അതിന്റേതായ താൽപ്പര്യങ്ങളുണ്ടാകുമെന്ന് നമുക്കറിയാം. പക്ഷേ, ഇത് കേരളത്തിൽമാത്രം കാണുന്നൊരു പ്രവണതയാണ്. ഒരു പുതിയ പ്രോഡക്ട് വന്നാൽ ആ പ്രോഡക്ടിനെ അല്ലെങ്കിൽ ടൂറിസം മേഖലയെ ആകെ

മോശമാക്കാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്. ടൂറിസം മന്ത്രിയെയോ അല്ലെങ്കിൽ സർക്കാരിനെയോ മാധ്യമങ്ങൾക്ക് ആക്രമിക്കാം. ഉടമകൾക്ക് അവരുടേതായ രാഷ്ട്രീയ താൽപര്യങ്ങളുണ്ട്; അതിൽ തർക്കമൊന്നുമില്ല. എന്നാൽ കേരള ടൂറിസത്തെയാകെ നെഗറ്റീവായി ബാധിക്കുന്ന നിലയിൽ ഉണ്ടാകുന്ന ആക്രമണങ്ങളെ നമ്മളൊന്നിച്ച് എതിർക്കേണ്ടതാണ്.

ശ്രീമതി സി. കെ. ആശ: സർ, കഴിഞ്ഞ സർക്കാരിന്റെ സമയത്ത് വൈക്കത്ത് ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ 'പെപ്പർ ടൂറിസം പദ്ധതി' ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രമിച്ചിരുന്നു. എന്നാൽ ഇന്ന് വൈക്കത്ത് ഇതിന്റെ യാതൊരുവിധ പ്രവർത്തനങ്ങളും നടക്കുന്നില്ല. ഭ്രൂണാവസ്ഥയിൽത്തന്നെ മരണം വിധിക്കപ്പെട്ട ഈ പദ്ധതിയെപ്പറ്റി പഠിച്ച് പോരായ്മകൾ പരിഹരിച്ച് വൈക്കംപോലുള്ള പ്രദേശത്തിന്റെ ടൂറിസം സാധ്യതകളെ പ്രയോജനപ്പെടുത്തുവാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും ടൂറിസ്റ്റ് സാധ്യതയുള്ള ഒരു പ്രധാന കേന്ദ്രമായിട്ടാണ് വൈക്കം മേഖലയെ

സർക്കാർ കാണുന്നത്. അവിടെയുള്ള മറ്റ് കാര്യങ്ങൾ എന്തൊക്കെയാണെന്നുള്ളത് പരിശോധിച്ച് മുന്നോട്ടുപോകുന്നതാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കായൽ ടൂറിസത്തിൽ ഏറ്റവും കൂടുതൽ ആളുകൾ എത്തുന്നത് ഹൗസ്ബോട്ടുകളിൽ യാത്ര ചെയ്യുന്നതിനാണ്. രാവിലെ 10 മണിക്ക് എത്തിയാൽ വൈകുന്നേരം അഞ്ച് മണിക്ക് തിരിച്ച് കരയ്ക്കെത്തേണ്ട അവസ്ഥയാണുള്ളത്. സഞ്ചാരികൾക്ക് രാത്രിക്കാഴ്ചകൾ കൂടി ആസ്വദിക്കുവാൻ കഴിയുന്ന രീതിയിൽ, കായലിൽനിന്നും മത്സ്യം പിടിക്കുന്ന തൊഴിലാളികൾക്ക് ബുദ്ധിമുട്ട് വരാത്ത നിലയിൽ പ്രത്യേക ടാക്ക് ഉണ്ടാക്കി ഹൗസ്ബോട്ടുകൾക്ക് രാത്രിയും സഞ്ചാരികളെയുംകൊണ്ട് യാത്ര നടത്തുവാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, മാരിടൈം ബോർഡും തുറമുഖ വകുപ്പുമായും ചർച്ച ചെയ്യേണ്ട വിഷയമാണിത്. നേരത്തെ ഒരു മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്തിരുന്നുവെന്ന് ഞാൻ ചൂണ്ടിക്കാട്ടിയിരുന്നു. ഇത്തരം കാര്യങ്ങൾ ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രിയുമായി ചേർന്ന് എങ്ങനെ

പോസിറ്റീവായി ചെയ്യാനാകുമെന്നുള്ളത് സംബന്ധിച്ച് ആലോചിച്ച് നിലപാട് സ്വീകരിക്കുന്നതാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ടൂറിസം സാധ്യതകൾ ഏറ്റവും കൂടുതൽ വർദ്ധിച്ചുവരുന്ന കാലഘട്ടമാണിത്. ശാസ്താംകോട്ട ശുദ്ധജല തടാകത്തിന്റെ കാച്ച്മെന്റ് ഏരിയ വളരെയധികം മനോഹാരിതയുള്ള ഒരു പ്രദേശമാണ്. അവിടെ ടൂറിസത്തിന് വളരെയധികം സാധ്യതയുണ്ട്. വിദേശികളും സ്വദേശികളുമായ ധാരാളം ആളുകൾ വന്നുപോകുന്ന ഒരു സ്ഥലമാണ് ശാസ്താംകോട്ട മേഖല. അതുകൊണ്ട് ശാസ്താംകോട്ട തടാക സംരക്ഷണവും ടൂറിസവും തമ്മിൽ യോജിപ്പിച്ചുകൊണ്ട് ഒരു വലിയ പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും ഇക്കാര്യം പരിശോധിക്കാവുന്നതാണ്. ഇതിനായി ടൂറിസം വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി നിലവിലെ സാധ്യത പരിശോധിക്കാം.

ശ്രീ. സി. ആർ. മഹേഷ്: സർ, പതിറ്റാണ്ടുകളുടെ പാരമ്പര്യമുള്ള വള്ളംകളിയാണ് കരുനാഗപ്പള്ളി ശ്രീനാരായണ ട്രോഫി വള്ളംകളി.

ദേശീയപാതയുടെ തീരത്ത് ശ്രീനാരായണ ഗുരുദേവന്റെ പേരിൽ നടത്തുന്ന ഏക വള്ളംകളിയാണിത്. അവർക്ക് ചാംപ്യൻസ് ബോട്ട് ലീഗിൽ ഇതുവരെയും പങ്കെടുക്കാൻ സാധിച്ചിട്ടില്ല. ചാംപ്യൻസ് ബോട്ട് ലീഗിൽപ്പെടാത്ത വള്ളംകളിക്ക് നൽകിക്കൊണ്ടിരിക്കുന്ന ധനസഹായം വർദ്ധിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ചാംപ്യൻസ് ബോട്ട് ലീഗ് വിപുലീകരിക്കുന്ന നിലപാടാണ് ഇത്തവണ സർക്കാർ സ്വീകരിച്ചത്; അതിന് റിസൾട്ടുണ്ടാകുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ ചാംപ്യൻസ് ബോട്ട് ലീഗ് മൂന്നുനാല് ജില്ലകളിലാണ് ഉണ്ടായിരുന്നത്. അത് മലബാറിൽക്കൂടി കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്; അത് സംബന്ധിച്ച് നേരത്തെ സഭയിൽ ചർച്ച ചെയ്തതുമാണ്. മലബാർ ടൂറിസത്തിന്റെ സാധ്യത ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കാത്തത് കേരള ടൂറിസത്തിന് ഒരു നഷ്ടമായിരുന്നു. ഓരോ വർഷവും ഓരോ ജില്ലയിലേയ്ക്ക് വ്യാപിപ്പിച്ച് മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലും ടൂറിസം കടന്നുവന്നു. അത് വ്യാപിപ്പിക്കുന്നതോടൊപ്പം നിലവിലുള്ള സാധ്യതകളെ എങ്ങനെ

ഉപയോഗപ്പെടുത്താമെന്നുള്ള പരിശോധനയും നടത്തും. ഓരോ സ്ഥലത്തും അതിനെ അനുകരിച്ച് വള്ളംകളി നടത്താനാവില്ലെന്ന് നമുക്ക് അറിയാം. ഓരോ സ്ഥലത്തെയും സാധ്യതകൾ പരിശോധിച്ചാണ് മുന്നോട്ടുപോകുന്നത്. ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണ്ടിയ കാര്യം പരിശോധിച്ച് നിലപാട് സ്വീകരിക്കുന്നതാണ്.

ശ്രീ. ജോബ് മൈക്കിൾ: സർ, കായൽ ടൂറിസത്തിന്റെ കവാടമാണ് ചങ്ങനാശ്ശേരി മുതൽ ഏറ്റുമാനൂർ, കോട്ടയം, തിരുവല്ല വരെയുള്ള പ്രദേശങ്ങൾ. ടി പ്രദേശങ്ങളിലെ തോടുകളിലും ആറുകളിലും മറ്റ് പുഴകളിലും കിഴക്ക് പ്രദേശത്തുനിന്ന് ഒഴുകിയെത്തുന്ന മാലിന്യങ്ങൾ അടിഞ്ഞുകൂടുകയാണ്. ടൂറിസത്തിന് തടസ്സമായി നിൽക്കുന്ന മാലിന്യങ്ങളും പോളയും നീക്കംചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, എന്താണ് ചെയ്യാൻ സാധിക്കുക എന്നുള്ളത് സംബന്ധിച്ച് തീർച്ചയായും പരിശോധിക്കാവുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പരമ്പരാഗതമായി നടന്നുകൊണ്ടിരിക്കുന്ന വള്ളംകളികളുണ്ട്. കോട്ടയത്ത് കുമാരനല്ലൂർ ഊരുചുറ്റ്

വളളംകളിക്ക് ടൂറിസം വകുപ്പിൽനിന്ന് മുൻകാലങ്ങളിൽ തുച്ഛമായ തുക നൽകുമായിരുന്നു. ഈ വർഷം അത് കൊടുക്കില്ലെന്നുളള അറിയിപ്പ് ലഭിച്ചതായിട്ടാണ് പറയുന്നത്. അങ്ങ് അത് പുന:പരിശോധിക്കണം. പാരമ്പര്യം നിലനിൽക്കുന്ന, പൈതൃകം ഉൾക്കൊളളുന്ന ഇതുപോലുളള മഹാസംഭവങ്ങൾ നമ്മുടെ നാട്ടിൽ നിലനിർത്തുന്നതിന് സഹായകരമായ നിലപാട് സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം എന്താണെന്നുളളത് പരിശോധിക്കാവുന്നതാണ്.

പ്ലസ് വൺ-ന് അധിക ബാച്ചുകൾ അനുവദിക്കാൻ നടപടി

2 (*242) ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻവർഷങ്ങളിൽ പ്ലസ് വൺ-ന് പുതിയ ബാച്ചുകൾ അനുവദിക്കാതെ സീറ്റുകളിൽമാത്രം വർദ്ധനവ് വരുത്തിയത്

വിദ്യാർഥികളുടെ പഠനനിലവാരത്തിൽ ഇടിവുണ്ടാക്കിയിട്ടുണ്ടെന്ന് പറയപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) വിദ്യാഭ്യാസ നിയമത്തിലും കാർത്തികേയൻ കമ്മിറ്റി റിപ്പോർട്ടിലുമടക്കം ഒരു ക്ലാസ്സിൽ 50 വിദ്യാർഥികളായി നിജപ്പെടുത്തിയിട്ടും കൂടുതൽ ബാച്ചുകൾ അനുവദിച്ചുകൊണ്ട് ഈ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

(എ) സീറ്റുകളിൽ മാത്രം വർദ്ധനവ് വരുത്തിയതിനാൽ വിദ്യാർഥികളുടെ പഠന നിലവാരത്തിൽ ഇടിവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സീറ്റ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 08-05-2024-ലെ സ.ഉ(കൈ)നം.45/2024/പൊ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽകാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായിട്ടുള്ള 98 ബാച്ചുകൾ തുടർന്നും, മലബാർ മേഖലയിലെ എല്ലാ സർക്കാർ സ്കൂളുകളിലും 30 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20 ശതമാനം

മാർജിനൽ സീറ്റ് വർദ്ധനവും, ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകളിൽ അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കിയാണ് സീറ്റുകൾ വർദ്ധിപ്പിക്കുന്നതും താൽകാലിക ബാച്ചുകൾ അനുവദിക്കുകയും ചെയ്യുന്നത്. അതിനാൽ ഇത് പഠനനിലവാരത്തെ ബാധിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ബി) ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കി താൽകാലിക ബാച്ചുകൾ ആവശ്യത്തിന് അനുവദിക്കുകയും സീറ്റുകൾ വർദ്ധിപ്പിക്കുകയും ചെയ്താണ് പ്ലസ്-വൺ പ്രവേശന നടപടികൾ പൂർത്തിയാക്കിവരുന്നത്.

1990 ജൂൺ 27-നും 1991 ഫെബ്രുവരി 1-നും ഇറക്കിയ സർക്കാർ ഉത്തരവുകളിൽ പറയുന്നത്, ഒരു ക്ലാസിൽ 60 വിദ്യാർഥികൾവരെ ആകാമെന്നാണ്. ഇപ്പോൾ കുറച്ച് കൂടുതൽ വന്നിട്ടുണ്ട്.

<u>ശ്രീ. റോജി എം. ജോൺ</u> : സർ, കേരളത്തിൽ, പ്രത്യേകിച്ച് മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റുകളുടെ ദൗർലഭ്യം സംബന്ധിച്ച് നിരവധി തവണ ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് വിദ്യാർഥി

സംഘടനകളുടെ നേതൃത്വത്തിൽ സമരങ്ങളും നടന്നുവരികയാണ്. ഭരണപക്ഷ സംഘടനകൾ ഉൾപ്പെടെ സമരത്തിന്റെ പാതയിലാണെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. ശിവൻകുട്ടി ഇന്നലെ കെ.എസ്.യു., എം.എസ്.എഫ്. ഉൾപ്പെടെയുള്ള വിദ്യാർഥി സംഘടനകളുമായി ചർച്ച ചെയ്തിരുന്നു. ആ ചർച്ചയുടെ വിശദാംശങ്ങളും അതിൽ എടുത്തിട്ടുള്ള തീരുമാനങ്ങളും എന്തൊക്കെയാണ്; ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലെ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണാൻ സാധിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, നിയമസഭയിൽ ഞാൻ പറഞ്ഞതനുസരിച്ച്, ഇന്നലെ ഉച്ചയ്ക്കുശേഷം 2.00 മണിക്ക് വിദ്യാർഥി സംഘടനകളുമായി യോഗം ചേർന്നിരുന്നു. 15 വിദ്യാർഥി സംഘടനകൾ യോഗത്തിൽ പങ്കെടുത്തിരുന്നു. മലബാർ മേഖലയിലെ പൊതുവിലുള്ള സീറ്റുകളെ സംബന്ധിച്ചും മലപ്പുറം ജില്ലയിലെ പ്രത്യേക സാഹചര്യങ്ങളെ സംബന്ധിച്ചും ആ യോഗത്തിൽ അവർ അവതരിപ്പിക്കുകയുണ്ടായി. യോഗത്തിൽ പങ്കെടുത്ത എല്ലാ വിദ്യാർഥി സംഘടനാ നേതാക്കളും വളരെ സഹകരണ മനോഭാവത്തോടുകൂടിയാണ്

ഇടപെട്ടത്. അവർ അവരുടെ അനുഭവത്തിൽനിന്നുള്ള കാര്യങ്ങൾ പറയുകയുണ്ടായി. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പറയേണ്ട കാര്യങ്ങൾ പറയുകയും തെറ്റിദ്ധാരണകൾ മാറുന്ന സാഹചര്യമുണ്ടാകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചില തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ചർച്ച തുടങ്ങുന്നതിന് മുമ്പുതന്നെ മലപ്പുറം ജില്ലയിലെ പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട ആധികാരിക കണക്കുകൾ വിദ്യാർഥി സംഘടനകൾക്ക് കൈമാറിയിരുന്നു. മലപ്പുറം ജില്ലയിലെ നിലവിലെ സാഹചര്യം പരിഗണിച്ച് പുതിയ താൽകാലിക ബാച്ച് അനുവദിക്കുക എന്നത് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ജൂലൈ 2-ന് സപ്ലിമെന്ററി അലോട്ട്മെന്റിനുള്ള അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്. ജൂലൈ 2, 3, 4 തീയതികളിലായി സപ്ലിമെന്ററി അലോട്ട്മെന്റിന് അപേക്ഷിക്കാവുന്നതാണ്. സംസ്ഥാനത്തെമ്പാടുമുള്ള താലൂക്കുതല സ്ഥിതിവിവര കണക്കുകൾ പൊതുവിദ്യാഭ്യാസ വകുപ്പ് ശേഖരിച്ചുവരികയാണ്. മലപ്പുറം ജില്ലയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ രണ്ടുപേരടങ്ങുന്ന ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. അതിനെ കമ്മീഷൻ

എന്നൊന്നും വ്യാഖ്യാനിക്കരുത്, രണ്ടുപേരെ ചുമതലപ്പെടുത്തി എന്നുള്ളത് മാത്രമാണ്. ഹയർ സെക്കൻഡറി ജോയിന്റ് ഡയറക്ടർ (അക്കാദമിക്), മലപ്പുറം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (RDD) എന്നിവരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ജൂലൈ 5-നകം റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ ജൂലൈ 31-നകം അഡ്മിഷൻ അവസാനിപ്പിക്കുന്ന രീതിയിലാണ് പ്രവേശന ഷെഡ്യൂൾ ക്രമീകരിച്ചിരിക്കുന്നത്. നേരത്തെ പ്രഖ്യാപിച്ചിട്ടുള്ള പ്രോസ്പെക്ടസിൽ അങ്ങനെയാണ് പറഞ്ഞിട്ടുള്ളത്. പ്ലസ് വൺ പഠനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർഥികൾക്കും പ്രവേശനം ഉറപ്പാക്കും. ഇതിന്റെ അടിസ്ഥാനത്തിൽ പുതുതായി ചേരുന്ന കുട്ടികൾക്ക് ക്ലാസ് നഷ്ടപ്പെടുമെങ്കിൽ ആ വിദ്യാർഥികൾക്ക് 'ബ്രിഡ്ജ് കോഴ്സ് ' നൽകി പഠനവിടവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഉപനേതാവുമെല്ലാം ചർച്ചയ്ക്കുശേഷം SCOLE കേരള അഡ്മിഷൻ സപ്ലിമെന്ററി അലോട്ട്മെന്റ് കഴിഞ്ഞതിനുശേഷം നടത്തുന്നതായിരിക്കും നല്ലത് എന്നുള്ള നിർദ്ദേശം വച്ചിരുന്നു. അത്

അംഗീകരിക്കുന്നതിനും തയ്യാറാണ്. റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ എത്രയും പെട്ടെന്ന് പരിഹാരം കാണാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കാസർഗോഡ് ജില്ലയിൽ 250 സീറ്റിന്റെയും പാലക്കാട് ജില്ലയിൽ 1700-ന് താഴെ സീറ്റിന്റെയും കുറവുണ്ട്. സപ്ലിമെന്ററി അലോട്ടുമെന്റോടുകൂടി ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. കേരളത്തിൽ പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതാണ്. നമ്മുടെ കുട്ടികളെല്ലാം വളരെ സന്തോഷത്തിലായിരുന്നു. അവർ പത്രസമ്മേളനം നടത്തി സമരം പിൻവലിച്ചിട്ടുണ്ട്. ഇന്ന് പൊതുവിദ്യാഭ്യാസ രംഗം ശാന്തമായി പോകുകയാണ്.

ശ്രീ. റോജി എം. ജോൺ: സർ, 30 ശമതാനം വരെ മാർജിനൽ ഇൻക്രീസ് എന്നുപറയുമ്പോൾ ഒരു ക്ലാസ്സിൽ 65 കുട്ടികളുണ്ടാകും. ലാംഗ്വേജ് ക്ലാസ്സുകളും കൂടി വരുമ്പോൾ ചിലപ്പോൾ നൂറോളം വിദ്യാർത്ഥികൾ ഒരു ക്ലാസ്സിൽ ഇരിക്കേണ്ട സാഹചര്യമുണ്ടാകുകയും അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി അദ്ധ്യാപകർക്ക് മൈക്ക് കൊടുക്കേണ്ടി വരുകയും ചെയ്യും. കഴിഞ്ഞ കുറച്ച് വർഷങ്ങളായി എല്ലാ വിദ്യാഭ്യാസ

വർഷത്തിന്റെ ആരംഭത്തിലും പ്ലസ് വൺ അഡ്മിഷന്റെ സമയത്താണ് അഡീഷണൽ ബാച്ചുകളുമായി ബന്ധപ്പെട്ട വിഷയം വരുന്നത്. നിരന്തരമായി ഓരോ വർഷവും സീറ്റുകളുടെ ദൗർലഭ്യം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വരും വർഷങ്ങളിലും ഇത് പ്രതീക്ഷിച്ചുതന്നെ മുന്നോട്ടുപോകണം. താൽകാലിക ബാച്ചുകൾ അനുവദിക്കുന്നത് ഒരു ശാശ്വത പരിഹാരമായി കാണാൻ കഴിയില്ല. മാത്രമല്ല, താൽകാലിക ബാച്ചിൽ ടെമ്പററി/അഡ്ഹോക് അദ്ധ്യാപകരായിരിക്കും വരാൻ പോകുന്നത്. നമ്മുടെ കുട്ടികളുടെ ഭാവിയെ ഓർത്തിട്ടെങ്കിലും ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് സ്ഥിരം ബാച്ചുകൾ അനുവദിച്ചുകൊണ്ട് സ്ഥിരം അദ്ധ്യാപകരെ ഉൾപ്പെടെ ലഭ്യമാക്കുന്നതിനുള്ള നടപടികളെക്കുറിച്ച് സർക്കാർ ആലോചിക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അങ്ങ് സൂചിപ്പിച്ചത് ശരിയാണ്. ഭരണപക്ഷത്തിന്റെയോ പ്രതിപക്ഷത്തിന്റെയോ പ്രശ്നമായി ഇതിനെ കാണാൻ കഴിയില്ല. 1990-ൽ നായനാർ സർക്കാരാണ് സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഹയർ സെക്കൻഡറി സ്കൂളുകൾ ആരംഭിച്ചത്.

1990-91 അദ്ധ്യയന വർഷത്തിൽ ഒരു വിദ്യാഭ്യാസ ജില്ലയിൽ ഒന്നുവീതം 31 സർക്കാർ സ്കൂളുകളിലാണ് ഹയർ സെക്കൻഡറി ആരംഭിച്ചത്. 5160 സീറ്റുകളാണ് അന്നുണ്ടായിരുന്നത്. നിലവിൽ 2077 ഹയർ സെക്കൻഡറി സ്കൂളുകളിലായി നാലേകാൽ ലക്ഷത്തിലധികം കുട്ടികൾക്ക് പഠിക്കുന്നതിനുള്ള സൗകര്യമുണ്ട്. 1990-ൽ ഹയർ സെക്കൻഡറി സ്കൂൾ ആരംഭിക്കുമ്പോൾ ഒരു ബാച്ചിൽ 60 കുട്ടികൾ എന്ന നിലയിലുള്ള ഗവൺമെന്റ് ഉത്തരവാണ് ഇറക്കിയിരുന്നത്. പിന്നീട് ശതമാനം വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് കുട്ടികളുടെ എണ്ണവും കൂടിവന്നത്. 1990-ൽ ഒരുലക്ഷത്തിലധികം കുട്ടികൾക്ക് മാത്രമാണ് എസ്.എസ്.എൽ.സി. കഴിഞ്ഞ് പ്രീ-ഡിഗ്രി അടക്കമുള്ള ഉപരിപഠനത്തിന് പോകാൻ കഴിഞ്ഞിരുന്നത്. 1990-ൽ ഒരുലക്ഷം കുട്ടികൾക്ക് ഉപരിപഠനത്തിന് പോകാൻ കഴിയുമെങ്കിൽ ഇന്ന് നമ്മുടെ എല്ലാവരുടെയും പരിശ്രമത്തിന്റെ ഫലമായി നാലേകാൽ ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് ഹയർ സെക്കൻഡറിയിൽ മാത്രം ഉപരിപഠനത്തിനുള്ള സൗകര്യമുണ്ട് എന്നുള്ള കാര്യം ഞാൻ ഇവിടെ അറിയിക്കുകയാണ്. ഇപ്പോൾ വീട്ടിൽനിന്നും

അധികം ദൂരത്തല്ലാതെ പഠിക്കാൻ പോകാൻ കഴിയും. ഇടതുപക്ഷ ഗവൺമെന്റായാലും ഐക്യജനാധിപത്യമുന്നണി ഗവൺമെന്റായാലും എക്കാലത്തും ഹയർ സെക്കൻഡറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഒരു പങ്ക് വഹിച്ചിട്ടുണ്ട്. സീറ്റിന്റെ കുറവുണ്ടെന്ന കാര്യം ഏതെങ്കിലുമൊരു മുന്നണിയുടെ പ്രശ്നമായി കാണാൻ പറ്റില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ സ്ഥലക്കുറവുണ്ട്, ക്ലാസ്സിന്റെ കുറവുമുണ്ട്. ഷിഫ്റ്റ് ആലോചിക്കാവുന്ന ഒരു കാര്യമാണ്. മറ്റെന്തെങ്കിലും നിർദ്ദേശമുണ്ടെങ്കിൽ അത് സംബന്ധിച്ചും ആലോചിക്കാം. കുട്ടികളെ അക്കൊമഡേറ്റ് ചെയ്ത് മുന്നോട്ട് പോകുന്നതിന്, എല്ലാവർക്കും കൂട്ടായി ആലോചിച്ച് പ്രശ്നത്തിന് പരിഹാരം കാണാം. അതിൽ ഉത്കണ്ഠപ്പെടേണ്ട യാതൊരു കാര്യവുമില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, കേരളത്തിൽ, മലബാർ മേഖലയിലുള്ള സ്കൂളുകളിൽ പ്ലസ് വൺ സീറ്റുകളുടെ കുറവുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും അംഗീകരിച്ചുവെന്നത് നമുക്കെല്ലാം അറിയാവുന്ന കാര്യമാണ്. താൽകാലിക ബാച്ചുകൾക്ക് പകരം സ്ഥിരം ബാച്ചുകൾ അനുവദിക്കണം. വിദ്യാർഥികൾ അധിക ദൂരം യാത്ര ചെയ്യാൻ ഇടവരാത്ത

രീതിയിൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കുന്നതിന് ഒരു പഞ്ചായത്തിൽ രണ്ട് ഹയർ സെക്കൻഡറി സ്കൂളുകളെങ്കിലും അനുവദിക്കത്തക്ക രീതിയിൽ ഹൈസ്കൂളുകൾ മാത്രമായി നിൽക്കുന്നവയെ ഹയർ സെക്കൻഡറി സ്കൂളുകളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങയുടെ ചോദ്യത്തിനുള്ള മറുപടി ആലോചിക്കാതെ പറയാൻ കഴിയില്ല. വ്യക്തിപരമായി പറയുകയാണെങ്കിൽ കൂടുതൽ ബാച്ചുകൾ ആരംഭിക്കുന്നതാണ് നല്ലത്. നിശ്ചിത ശതമാനം സീറ്റുകൾ വർദ്ധിപ്പിച്ചാൽ ഒരു ക്ലാസ്സിൽ 70-78 കുട്ടികൾ വരുന്ന സാഹചര്യമുണ്ടാകും. വിദൂര ഭാവിയിൽ ശാശ്വത പരിഹാരം കാണുന്നതിനുവേണ്ടി അങ്ങ് പറഞ്ഞതുപോലുള്ള കാര്യങ്ങൾ ആലോചിക്കേണ്ടിവരും, ആ സമയത്ത് ആലോചിക്കാം.

ശ്രീ. ടി. സിദ്ദിഖ്: സർ, മുമ്പ് കുട്ടികൾ ഏത് സബ്ജക്ട് പഠിക്കണമെന്ന് തീരുമാനിക്കുന്നത് അവരുടെ അച്ഛനമ്മമാരായിരുന്നു. ഇപ്പോൾ നല്ലൊരു ശതമാനം കുട്ടികളും ഏത് സബ്ജക്ട്, എവിടെ പഠിക്കണമെന്ന്

തീരുമാനിക്കുന്നത് സർക്കാരാണ്. അതൊരു ഗുരുതരമായ സാഹചര്യമാണ്. എന്റെ നിയോജകമണ്ഡലത്തിൽ നിരവധി പ്രശ്നങ്ങളുണ്ടെങ്കിലും അതിൽ ഗുരുതരമായൊരു പ്രശ്നം ചൂണ്ടിക്കാണിക്കാം. തമിഴ്നാടിനോട് ചേർന്ന് കിടക്കുന്ന മൂപ്പയനാട് പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന മുഹമ്മദ് ജാസിൻ എന്ന ഇ.എൻ.ടി., സൈക്യാട്രി ഡിസെബിലിറ്റിയുള്ള ഒരു കുട്ടിക്ക് അഡ്മിഷൻ കിട്ടിയത് കർണ്ണാടകയോട് ചേർന്ന് കിടക്കുന്ന കാട്ടിക്കുളം ഹയർ സെക്കൻഡറി സ്കൂളിലാണ്. അവിടെ എത്തിച്ചേരണമെങ്കിൽ മൂന്നര മണിക്കൂറോളം യാത്ര ചെയ്യേണ്ടതായിട്ടുണ്ട്. ഡിസേബിൾഡായ ഈ കുട്ടി എങ്ങനെ അവിടെ പോയി പഠനം നടത്തും? എ പ്ലസ് കിട്ടിയ കുട്ടികൾക്കുപോലും ഇഷ്ട വിഷയം ലഭിക്കാത്ത ഗുരുതരമായ സാഹചര്യം നിലനിൽക്കുകയാണ്. ഇപ്പോൾ നിലനിൽക്കുന്ന സീറ്റിന്റെ പ്രശ്നം ഓരോ വർഷവും പുതുതായി വരുന്നതല്ല. തുടർച്ചയായി എല്ലാ വർഷങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. എത്ര കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നുണ്ടെന്നത് സംബന്ധിച്ച് സർക്കാരിന്റെ മുമ്പിൽ കണക്കുകളുണ്ട്. ഈ കുട്ടികൾക്ക് ഹയർ സെക്കൻഡറി കോഴ്സിൽ ചേർന്ന്

പഠിക്കുന്നതിനാവശ്യമായ പശ്ചാത്തലമൊരുക്കാൻ മുൻകൂട്ടിയുള്ള നടപടി സ്വീകരിക്കാതെ ഫലം പ്രഖ്യാപിച്ചതിനുശേഷം നടപടി സ്വീകരിക്കുന്ന പ്രവണത അവസാനിപ്പിച്ച്, മുൻകൂട്ടി നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

മി. സ്പീക്കർ: അങ്ങയുടെ ചോദ്യം എന്താണെന്ന് ആർക്കും മനസ്സിലായിട്ടില്ല.

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങയുടെ ആവശ്യം പൂർണ്ണമായും ബഹുമാനപ്പെട്ട സ്പീക്കർക്ക് മനസ്സിലായില്ലെങ്കിലും എനിക്ക് മനസ്സിലായിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ ആഗ്രഹിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ആഗ്രഹിക്കുന്ന സ്ഥലത്ത് ആഗ്രഹിക്കുന്ന കോഴ്സിൽ അഡ്മിഷൻ ലഭിക്കുന്നില്ലെന്നത് സത്യമാണ്. ഈ പ്രവണത എൽ.ഡി.എഫ്/യു.ഡി.എഫ്. ഭരിക്കുന്ന സന്ദർഭങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. ടി.

സിദ്ദിഖ് ചോദിച്ച ചോദ്യം പൂർണ്ണമാകുന്നതിന് മുമ്പ് അങ്ങ് ഇടപെട്ട്, ചോദ്യം ആർക്കും മനസ്സിലായില്ലെന്ന് പറഞ്ഞത് ശരിയായ നടപടിയല്ല.

മി. സ്പീക്കർ: അക്കാര്യം ചെയർ വ്യക്തമാക്കാം. ഇതുസംബന്ധിച്ച് കേരള നിയമസഭയിൽ ആദ്യ ബാച്ചിൽ ക്ലാസ്സെടുത്തത് അങ്ങായിരുന്നു. ചോദ്യങ്ങൾ സ്റ്റേറ്റ്മെന്റാകാൻ പാടുണ്ടോ; അതിനുള്ള അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. വി. ഡി. സതീശൻ: സർ, അദ്ദേഹത്തിന്റെ ചോദ്യം പൂർത്തിയാക്കാൻ ഒരു മിനിട്ട് സമയമെടുത്തിട്ടില്ല.

മി. സ്പീക്കർ: അങ്ങ് പറയുന്നത് ശരിയല്ല. അദ്ദേഹം ഒരു മിനിട്ടും പന്ത്രണ്ട് സെക്കന്റുമെടുത്താണ് ചോദ്യം ചോദിച്ചത്. നമ്മൾ തമ്മിൽ ഇക്കാര്യത്തിൽ തർക്കിക്കേണ്ട ആവശ്യമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറയുന്നത് ശരിയല്ല, അമ്പത് സെക്കന്റ് സമയമെടുത്തപ്പോൾ അങ്ങ് അദ്ദേഹത്തെ തടസ്സപ്പെടുത്തി. ഒരു മെമ്പർ ഒരു ചോദ്യം ചോദിക്കുമ്പോൾ അങ്ങ് ചെയറിലിരുന്ന് ആ ചോദ്യം ആർക്കും മനസ്സിലായില്ലെന്ന് പറയുന്നത് ആ മെമ്പറോടുള്ള

അവഹേളനമാണ്. I register my strong protest. ഇവരെല്ലാം ജനപ്രതിനിധികളാണ്. ജനങ്ങൾ ഇതെല്ലാം കാണുന്നുണ്ട്.

മി. സ്പീക്കർ: യെസ്....യെസ്... നിങ്ങൾക്ക് പ്രതിഷേധിക്കാനുള്ള അവസരമുണ്ട്. ചോദ്യോത്തരം പോയിന്റായിരിക്കണമെന്നാണ് ചെയർ വ്യക്തമാക്കിയത്; അല്ലാതെ ഒന്നര മിനിട്ടും ഒന്നേമുക്കാൽ മിനിട്ടുമെടുത്ത് ചോദ്യങ്ങൾ ചോദിക്കുന്നത് ശരിയായ പ്രവണതയല്ലെന്നാണ് ചെയറിന്റെ അഭിപ്രായം.

ശ്രീ. വി. ഡി. സതീശൻ: സർ, പ്രതിപക്ഷാംഗങ്ങളോട് മാത്രമായുള്ള ഈ സമീപനം ശരിയല്ല.

മി. സ്പീക്കർ: അങ്ങ് പറയുന്നത് ശരിയല്ല, ഭരണപക്ഷത്തോടും പ്രതിപക്ഷത്തോടും ഒരുപോലെ ഈ അഭിപ്രായം പറയാറുണ്ട്. എല്ലാവരും പാലിക്കേണ്ട ഉത്തരവാദിത്വമാണത്. എല്ലാവരുടെയും ചോദ്യം to the point ആയിരിക്കണം. അതാണ് ചെയറിന്റ അഭിപ്രായം.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് സ്വീകരിച്ച നിലപാടിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങേയ്ക്ക് ചോദ്യത്തിനുള്ള ഉത്തരം പറയാവുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, പത്താം ക്ലാസ് വരെ എല്ലാ കുട്ടികളും എല്ലാ വിഷയങ്ങളും പഠിക്കേണ്ടതുണ്ട്. എന്നാൽ പതിനൊന്നും പന്ത്രണ്ടും ക്ലാസ്സുകളിൽ അങ്ങനെയല്ല. ഉന്നത വിദ്യാഭ്യാസ രംഗത്തെ വിഷയ പഠനവുമായി ബന്ധപ്പെടുത്തുന്ന തരത്തിലാണ് പ്രസ്തുത ക്ലാസുകളിലെ പഠനം ക്രമീകരിച്ചിരിക്കുന്നത്. അതായത് ശാസ്ത്രം, ഹ്യുമാനിറ്റീസ്, കൊമേഴ്സ് എന്ന തരത്തിലാണ് പഠന വിഷയങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. അതിനാൽ വിവിധ സ്കൂളുകളിൽ വിവിധ വിഷയ കോമ്പിനേഷനുകളായിരിക്കും ഉണ്ടായിരിക്കുക. അതുകൊണ്ടുതന്നെ അങ്ങ് പറഞ്ഞതുപോലെ ഉദ്ദേശിക്കുന്ന വിഷയം കിട്ടാനുള്ള സാധ്യത കുറവായിരിക്കും. ഇങ്ങനെ വൈവിധ്യമാർന്ന വിഷയ കോമ്പിനേഷനുകളുള്ളതിനാൽ പത്താം ക്ലാസ് വരെയില്ലാത്തവിധം സെലക്ഷൻ പ്രക്രിയകളിലൂടെ കുട്ടികൾ കടന്നുപോകേണ്ടിവരും. മെറിറ്റ് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്. അത്തരം കാര്യങ്ങളിൽ

സർക്കാരിന് ഇടപെടാൻ കഴിയാത്തതുകൊണ്ടാണ് വിദ്യാർഥികൾക്ക് ഇഷ്ടമുള്ള സ്കൂളുകളിൽ ഇഷ്ടമുള്ള വിഷയം ലഭിക്കാതെവരുന്നത്. മാനദണ്ഡങ്ങൾ എന്താണെന്ന് പ്രോസ്പെക്ടസിൽ വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ കോഴ്സുകൾക്കും അക്കാദമികമായി തുല്യ പ്രാധാന്യമാണുള്ളത്. ഏതെങ്കിലും ചില കോഴ്സുകളിലേയ്ക്ക് മാത്രമായി കാര്യങ്ങൾ പരിമിതപ്പെടുത്തുന്നത് ഒരു രാജ്യത്തിന്റെ വിവിധങ്ങളായ വികസന ആവശ്യങ്ങളുമായി പൊരുത്തപ്പെട്ട് പോകുന്നതല്ല. ആയതിനാൽ കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. ഒരു കാര്യംകൂടി വ്യക്തമാക്കാം. ഓരോ വിദ്യാർഥിയുടെയും വെയ്റ്റഡ് ഗ്രേഡ് പോയിന്റ് ആവറേജ് (ഡബ്ല്യു.ജി.പി.എ.) ആണ് പ്രവേശനത്തിനുള്ള മാനദണ്ഡമായി പരിഗണിക്കുന്നത്. വിദ്യാർഥികൾ എസ്.എസ്.എൽ.സി.ക്ക് പഠിച്ച സ്കൂളിൽത്തന്നെ പ്രവേശനം ലഭിക്കുന്നതിനായി പഠിച്ച സ്കൂൾ പരിഗണിച്ച് രണ്ട് ബോണസ് പോയിന്റും താമസിക്കുന്ന ലോക്കൽ ബോഡി പരിധിയിലുള്ള സ്കൂളിൽ പ്രവേശനം ഉറപ്പാക്കുന്നതിനായി താമസിക്കുന്ന ലോക്കൽ ബോഡി പരിഗണിച്ച് രണ്ട് ബോണസ് പോയിന്റും താമസിക്കുന്ന

താല്പര്യക്ക് പരിഗണിച്ച് ഒരു ബോണസ് പോയിന്റും നൽകുന്നുണ്ട്. അക്കാദമിക് മികവിന് കിട്ടുന്ന ഗ്രേഡുകൾക്ക് മുൻതൂക്കം ലഭിക്കുന്ന തരത്തിലാണ് ഡബ്ല്യു.ജി.പി.എ. കണക്കാക്കുന്നത്. ഡബ്ല്യു.ജി.പി.എ. തുല്യമാകുന്നപക്ഷം ഗ്രേസ് മാർക്ക് ലഭിക്കാത്ത വിദ്യാർത്ഥിയെ റാങ്കിൽ ആദ്യം പരിഗണിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്. അര ശതമാനത്തിന്റെയും ഒരു ശതമാനത്തിന്റെയും വ്യത്യാസം വന്നാൽ മാർക്കിനെക്കാൾ കൂടുതൽ ലോക്കൽ പരിഗണനവച്ച് ആ കുട്ടിക്ക് അതത് സ്ഥലത്തുതന്നെ പ്രവേശനം ലഭിക്കുന്ന സ്ഥിതിവിശേഷം വരും. ഇന്നിപ്പോൾ പുതിയൊരു കാര്യം പത്രമാധ്യമങ്ങളിൽ ഉയർന്നുവന്നിട്ടുണ്ട്. മാർക്കിന്റെ അടിസ്ഥാനത്തിൽ എന്തുകൊണ്ട് അലോട്ട്മെന്റ് നടത്തിക്കൂടാ എന്നുള്ളതാണ്. അതെല്ലാം പൊതുവായി ചർച്ച ചെയ്യപ്പെടേണ്ട കാര്യങ്ങളാണ്. മാർക്കിന്റെ അടിസ്ഥാനത്തിൽ മാത്രം കാര്യങ്ങൾ തീരുമാനിച്ചാൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാകും. ഇത്തരം കാര്യങ്ങൾ കൂട്ടായി ആലോചിച്ച് ചെയ്യേണ്ടവയാണ്. ഓരോ വിദ്യാഥിക്കും

അവരവരുടെ ഓപ്ഷന്റെ അടിസ്ഥാനത്തിലാണ് സ്കൂൾ ലഭിക്കുന്നത്. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി വീടിനടുത്തുള്ള സ്കൂളുകളിൽ പഠിക്കുന്നതിന് അവസരം ലഭ്യമാക്കുന്നുണ്ട്. അങ്ങ് സൂചിപ്പിച്ച ഭിന്നശേഷിക്കാരനായ കുട്ടിയുടെ പ്രവേശന കാര്യത്തിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ആയത് സംബന്ധിച്ച് അവരിൽനിന്നും പരാതി എഴുതിവാങ്ങി തന്നാൽ എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കാം.

ശ്രീമതി കെ. കെ. രമ: സർ, ഹയർ സെക്കൻഡറി കോഴ്സുകളിൽ ഇപ്പോൾ നിലവിലുള്ള മാതൃകയിൽ, പത്താം ക്ലാസ്സിനും ഗ്രേസ് മാർക്കിനൊപ്പം സ്കോർകൂടി രേഖപ്പെടുത്തിയാൽ അഡ്മിഷനുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രശ്നങ്ങൾക്ക് കുറെയേറെ പരിഹാരമുണ്ടാക്കാനും അർഹരായ കുട്ടികൾക്ക് പ്രവേശനം നേടാനും സാധിക്കും. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, ഒരു കുട്ടിയുടെ പരാതിയുമായി ബന്ധപ്പെട്ട വിഷയത്തിൽ ഗ്രേഡിനൊപ്പം സ്കോർകൂടി പരിഗണിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശം പരിശോധിക്കാൻ ബഹുമാനപ്പെട്ട

വിദ്യാഭ്യാസ വകുപ്പുമന്ത്രി തയ്യാറാകുമോ; ഇതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഈ പരാതി കോടതിയിൽ പോയിട്ടേയുള്ളൂ. അത് സംബന്ധിച്ച് കോടതി ഇതുവരെ ഉത്തരവ് ഇറക്കിയിട്ടില്ല. ഗവൺമെന്റ് ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനത്തിന്റെ നടപടിക്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഹയർ സെക്കൻഡറി പ്രവേശനം ആരംഭിച്ച നാൾമുതൽ എൽ.ഡി.എഫ്, യു.ഡി.എഫ്. ഭേദമില്ലാതെ ഈ നടപടിക്രമങ്ങളാണ് പാലിച്ചുവരുന്നത്. അത് സംബന്ധിച്ച് ഇതുവരെ ഒരു പരാതിയും വന്നിട്ടില്ല. വീടിനടുത്തുള്ള സ്കൂളിൽ പ്രവേശനം ലഭിച്ചില്ല, ഇഷ്ടപ്പെട്ട സബ്ജക്ട് ലഭിച്ചില്ല എന്നൊക്കെയുള്ള പരാതികളാണ് വന്നിരുന്നത്. കോടതിയിൽനിന്നും എന്തെങ്കിലും വിധി വന്നാൽ ആയത് നടപ്പിലാക്കാൻ നാം ബാധ്യസ്ഥരാണ്; ആ സമയത്ത് ആലോചിക്കാം.

ശ്രീ. പി. വി. അൻവർ: സർ, ഒന്നാം വർഷ ഹയർ സെക്കൻഡറി പ്രവേശന നടപടികൾ പരിഷ്കരിക്കുവാനുള്ള എന്തെങ്കിലും പരിപാടിയുണ്ടോ; ഉണ്ടെങ്കിൽ അത് എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, 1990 ജൂൺ 27-നും 1991 ഫെബ്രുവരി 1-നും പുറത്തിറക്കിയ സർക്കാർ ഉത്തരവുകളുടെകൂടി അടിസ്ഥാനത്തിലാണ് ഒന്നാം വർഷ ഹയർ സെക്കൻഡറി പ്രവേശന നടപടികൾ സ്വീകരിക്കുന്നത്. ഹയർ സെക്കൻഡറി ആരംഭിച്ച കാലത്ത് പ്രവേശന പ്രക്രിയയിലുണ്ടായ അശാസ്ത്രീയത മറികടക്കാനാണ് 2007-ൽ ഏകജാലക സംവിധാനം ഏർപ്പെടുത്തിയത്. ഓരോ വർഷവും സർക്കാർ പുറത്തിറക്കുന്ന പ്രോസ്പക്ടസിന്റെ അടിസ്ഥാനത്തിലാണ് പ്രവേശന നടപടികൾ സ്വീകരിക്കുന്നത്. ഈ നടപടികൾ വർഷാവർഷം പുതുക്കാറുണ്ടെന്ന് മാത്രമല്ല കേരളത്തിലെ പ്രവേശന നടപടികൾ പല സംസ്ഥാനങ്ങൾക്കും മാതൃകയാകാറുമുണ്ട്. പല സംസ്ഥാനങ്ങളും ഇത് അനുകരിക്കുന്നുണ്ട്. ഇന്ന് ദേശീയ അടിസ്ഥാനത്തിൽ നടക്കുന്ന ഇന്ത്യാ രാജ്യത്തിന്റെ പ്രസ്റ്റീജ് മത്സരങ്ങളുടെ എഴുത്ത് പരീക്ഷയെ സംബന്ധിച്ചിടത്തോളം നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ നമുക്കറിയാവുന്നതാണ്; എങ്കിലും ഈ നടപടിക്രമങ്ങളിൽ എന്തെങ്കിലും തരത്തിലുള്ള പരിഷ്കരണം ആവശ്യമാണോ എന്നത് സംബന്ധിച്ച് പരിശോധിക്കാം. ഇരുപത്തിയഞ്ചോളം

വർഷങ്ങൾക്ക് മുമ്പ് നമ്മൾ തയ്യാറാക്കിയിട്ടുള്ള ഒരു രീതിയാണ് അനുവർത്തിച്ചുവരുന്നത്. വർത്തമാന കാല മാറ്റത്തിനനുസരിച്ച് ആ രീതിയിൽ എന്തെങ്കിലും മാറ്റം വരുത്തണോ എന്ന കാര്യം നമുക്ക് പരിശോധിക്കാം. പല ഘട്ടങ്ങളിലും ചർച്ച ചെയ്ത അവസരത്തിൽ, താലൂക്കടിസ്ഥാനത്തിലും പ്രദേശികാടിസ്ഥാനത്തിലും മറ്റും റാങ്ക് ലിസ്റ്റ് തയ്യാറാക്കണം എന്നിങ്ങനെ പല അഭിപ്രായങ്ങളും ഉയർന്നുവന്നിട്ടുണ്ട്. അതെല്ലാം കണക്കിലെടുത്തുകൊണ്ട് ഒരു പഠനം നടത്തുന്നതിൽ തെറ്റില്ല. തീർച്ചയായും കുറച്ചുകൂടി സുതാര്യമായി, ഇപ്പോൾ ഉയർന്നുവന്നിട്ടുള്ള പരാതികൾ ഒഴിവാക്കിക്കൊണ്ട് ഹയർ സെക്കൻഡറിയിൽ എങ്ങനെ പ്രവേശനം നൽകാം എന്നത് സംബന്ധിച്ചിടത്തോളം ഒരു പരിശോധന നടത്തുന്നതിനായി ഗവൺമെന്റ് തയ്യാറാണെന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ മുറിയിൽ വിദ്യാർത്ഥി നേതാക്കളെ വിളിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായുള്ള ചർച്ചയിൽ കഴിയുന്നത്ര

കൺസൂകൂീവായിട്ടുള്ള സ്റ്റാന്റ് എടുക്കാനും വെറുതെ ബഹളമുണ്ടാക്കി ഇറങ്ങിപ്പോരാൻ നിൽക്കേണ്ടെന്നും വിഷയത്തിന് പരിഹാരമുണ്ടാകുന്ന രീതിയിൽ ചർച്ചയിൽ കൺസൂക്ടീവായി പങ്കെടുക്കാനും ഉപദേശിച്ചിരുന്നു. അതിൻപ്രകാരമാണ് അവർ ചർച്ചയ്ക്ക് വന്നത്. അവർ അങ്ങനെതന്നെ ചെയ്യുകയും ചെയ്തു. പക്ഷേ ഇതിലുള്ള ഒരു പ്രശ്നം, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മനസ്സിലാക്കേണ്ടതുണ്ട്. ഇത് മലപ്പുറം ജില്ലയുടെ പ്രശ്നമാക്കി ചുരുക്കി പറഞ്ഞുകൊണ്ടിരിക്കേണ്ട കാര്യമില്ല. ഇടുക്കി ഉൾപ്പെടെ വിദ്യാഭ്യാസപരമായി വളരെ പിന്നാക്കം നിൽക്കുന്ന ജില്ലകളിലൊക്കെ ക്വാളിറ്റി എഡ്യൂക്കേഷൻ നൽകാൻ, മാർക്കുള്ള കുട്ടികൾക്ക് സീറ്റ് നൽകാൻ കഴിയാത്ത സ്ഥിതിയുണ്ട്. കോഴിക്കോട്, പാലക്കാട് ജില്ലകളിലും അത്തരമൊരു അവസ്ഥയുണ്ട്; തേങ്ങ കൂട്ടിയിടുന്നതുപോലെ ഇത്ര സീറ്റുണ്ട്, ഇത്രയെ ആവശ്യമുള്ളൂ എന്നുപറഞ്ഞ് ഉദ്യോഗസ്ഥർ എഴുതിത്തരുന്ന കണക്കിന് ജനപ്രതിനിധികളായ നമ്മൾ പറയുന്ന പ്രായോഗിക പ്രശ്നവുമായി സത്യത്തിൽ ഒരു ബന്ധവുമില്ല. സാമ്പത്തിക ചെലവാണ് പ്രശ്നമെങ്കിൽ അക്കാര്യം കൂട്ടായി ആലോചിക്കാം. അല്ലാതെ ഈ പ്രശ്നത്തെ

പ്രാദേശികമായി ലഘൂകരിച്ച് കണ്ട് ഒരു കമ്മിറ്റിയെ വച്ച് അവർ തരുന്ന റിപ്പോർട്ടെന്താണെന്ന് നോക്കാം എന്നു പറയുന്നത് ശരിയല്ല. പാലക്കാട് ജില്ലയിൽ ഏറ്റവും കൂടുതൽ പ്രശ്നമുണ്ട്; കോഴിക്കോട് ജില്ലയിൽ അതിനെക്കാൾ പ്രശ്നമുണ്ട്; കാസർഗോഡുമുണ്ട്. ഇത് വളരെ ഗൗരവമുള്ളതാണ്. ഇന്നലെ തീരുമാനം വന്നതിനുശേഷമുള്ള മീഡിയാ റിപ്പോർട്ടുകളൊക്കെ പരിശോധിച്ചാൽ അറിയാം. ആ പ്രഖ്യാപനത്തിൽ ഇങ്ങനെയൊരു അപാകതയുണ്ട്. 5-ാം തീയതി റിപ്പോർട്ട് വരുന്നതിനുമുമ്പ് യഥാർത്ഥ പ്രശ്നം അഡ്രസ് ചെയ്യണം. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി, ഈ ഉദ്യോഗസ്ഥർ പറയുന്ന കണക്കല്ലാതെ എന്താണ് ഈ ജില്ലകളിലൊക്കെയുള്ള പ്രശ്നമെന്ന് ഒന്ന് പഠിക്കണം. സർക്കാർ സ്കൂളിൽ കൊടുത്താൽ മതി. പക്ഷേ അത്രയധികം പണം സർക്കാരിന് ചെലവാക്കാൻ കഴിയുമോ; അതുകൊണ്ടാണ് എയ്ഡഡ് സ്കൂളിന്റെ പ്രശ്നം വരുന്നത്. എയ്ഡഡ് സ്കൂളിൽ വരുമ്പോൾ ശമ്പളം നൽകേണ്ട വിഷയമുണ്ട്. സ്ഥിരം പോസ്റ്റ് വരുമ്പോൾ വലിയ ചെലവ് വരും. ഇത് പറഞ്ഞാൽ എല്ലാവർക്കും മനസ്സിലാവും. അതുകൊണ്ട് ഈ വിഷയത്തെ സംബന്ധിച്ച് ഒരു അജണ്ട

വച്ച് ചർച്ച ചെയ്യണം. മറ്റുള്ള frustrations ഒക്കെയാണ് അദ്ദേഹത്തെക്കൊണ്ട് ഇങ്ങനെ പറയിപ്പിക്കുന്നത്. അത് ഞങ്ങൾക്കും അറിയാം. അദ്ദേഹത്തിന് നെഗറ്റീവ് സ്റ്റാന്റല്ല. പക്ഷേ ഈ വിഷയം ഗൗരവമായി കാണാതെ മലപ്പുറം ജില്ലയിലുള്ളതാണ് എന്ന് ആവർത്തിച്ച് പറയുന്നത് ആരോഗ്യപരമല്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു തിരുത്ത് ആവശ്യമുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അതിന് തയ്യാറാകുമോ എന്നതാണ് എന്റെ ചോദ്യം?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അങ്ങ് പറഞ്ഞതെല്ലാം നമുക്ക് പരിശോധിക്കാം. അതൊന്നും ഞാനിപ്പോൾ തള്ളിക്കളയുന്നില്ല. പക്ഷേ, അങ്ങ് എന്നെക്കാൾ സീനിയറായ പൊളിറ്റിക്കൽ ലീഡറാണ്. എന്നെക്കാൾ കൂടുതൽ പ്രാവശ്യം മന്ത്രിയായും എം.എൽ.എ. ആയും ഇരുന്നിട്ടുള്ള ആളാണ്. ഞാൻ അത്രയും പ്രാവശ്യം ഇരുന്നിട്ടില്ല. ഉദ്യോഗസ്ഥർ വന്ന് പറഞ്ഞാൽ അതുമാത്രം അംഗീകരിക്കുന്നവരാണോ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ഞാനുമൊക്കെ; അതൊക്കെ അംഗീകരിക്കുന്നത് വളരെ കുറവായിരിക്കും. ഈ ബ്യൂറോക്രസിയുടെ രീതി നമുക്കറിയില്ലേ; നമുക്ക് അവരെയങ്ങ്

പരിപൂർണ്ണമായി വിശ്വസിക്കാൻ സാധിക്കുമോ; ഉപേക്ഷിക്കാനും പറ്റില്ല. അവർ തരുന്ന കണക്ക് 10 പ്രാവശ്യം പരിശോധിക്കും. പലരെയും ഏല്പിച്ച് രഹസ്യമായി ചെക്ക് ചെയ്യും. അതിനുശേഷമേ പറയുകയുള്ളൂ. രണ്ടുമൂന്ന് പ്രാവശ്യം മലപ്പുറം ജില്ലയിലെ കണക്ക് പറഞ്ഞതുകൊണ്ട് വീണ്ടും അത് ആവർത്തിക്കുന്നില്ല. വിദ്യാർത്ഥി സംഘടനാ നേതാക്കളുമായി ബന്ധപ്പെട്ട യോഗം കൂടിയപ്പോൾ അങ്ങും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുമെല്ലാം ഇടപെട്ടിരുന്നു. അതിന്റെ ഒരു ശാന്തത അവരിൽ കാണാൻ കഴിഞ്ഞു. എന്നെ 10 മിനിട്ട് തടഞ്ഞിട്ടത് ആര് പറഞ്ഞിട്ടാണെന്നുള്ളത് അപ്പോഴെനിക്ക് മനസ്സിലായി. ഏറ്റവും ശാന്തമായി അഭിപ്രായം പറഞ്ഞത് കെ.എസ്.യു., എം.എസ്.എഫ്. പ്രതിനിധികളാണ്. യോഗത്തിൽ നടന്ന കാര്യങ്ങൾ മാത്രമാണ് അവർ പത്രസമ്മേളനത്തിലും പറഞ്ഞത്. 7478 സീറ്റിന്റെ കുറവുണ്ടെന്നുള്ള വിവരം ഞങ്ങൾ പൊതുവിൽ അംഗീകരിച്ചിരുന്നു. അലോട്ട്മെന്റ് കിട്ടിയശേഷം ചേരാത്ത കണക്കിനെ സംബന്ധിച്ചും ചെറിയൊരു തർക്കമുണ്ടായിരുന്നു. ആ തർക്കം അവിടെ നിൽക്കട്ടെ. അത് നമുക്ക് പിന്നെ പരിഹരിക്കാം. അങ്ങ് പറഞ്ഞതുപോലെ, ഇത് മലപ്പുറത്തിന്റെ

മാത്രം വിഷയമല്ല. നമ്മുടെ സംസ്ഥാനത്താകെയുള്ള വിഷയമാണ്. മലപ്പുറത്ത് ഏറ്റവും കൂടുതൽ കുട്ടികൾ പരീക്ഷ എഴുതുന്നു. ഏറ്റവും കൂടുതൽ കുട്ടികൾക്ക് എ പ്ലസ് കിട്ടുന്നു. അതുകൊണ്ടാണ് അവിടെ ഈ പ്രശ്നം വരുന്നത്. അങ്ങേയ്ക്ക് ഇഷ്ടപ്പെടുമോ എന്നെനിക്കറിയില്ല, 2004-ൽ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ഘട്ടത്തിലാണ് ഗ്രേഡിംഗ് രീതി നടപ്പിലാക്കിയത്. അന്നുമുതലാണ് മൂല്യ നിർണ്ണയത്തിന് ഗ്രേഡിംഗ് രീതി വന്നത്. അതിന്റെ വിശദാംശങ്ങൾ ഞാൻ പറയുന്നില്ല. തിരുവനന്തപുരം ജില്ലയിൽ സീറ്റുകൾക്ക് കുറവില്ല. അവിടെ പ്രവേശനം ലഭിച്ചവർ 30688. കൊല്ലം ജില്ലയിൽ പ്രവേശനം ലഭിച്ചവർ 25115, സീറ്റുകൾ കുറവില്ല. പത്തനംതിട്ട ജില്ലയിൽ 10285 പേർക്ക് പ്രവേശനം ലഭിച്ചു. ആലപ്പുഴ ജില്ലയിൽ 18572 പേർക്കും കോട്ടയത്ത് 17229 പേർക്കും പ്രവേശനം ലഭിച്ചു. ഇവിടെയൊന്നും സീറ്റുകളിൽ കുറവില്ല. ഇടുക്കിയിലും എറണാകുളത്തും തൃശ്ശൂരും സീറ്റ് കുറവില്ല. പാലക്കാട് 1757-ഉം മലപ്പുറത്ത് 7478-ഉം സീറ്റിന്റെ കുറവുണ്ട്. കോഴിക്കോടും കണ്ണൂരും വയനാട്ടിലും സീറ്റിന്റെ കുറവില്ല. കാസർഗോഡ് 252 സീറ്റിന്റെ കുറവുണ്ട്. കുറച്ചൊരു

പ്രശ്നമുണ്ടെങ്കിൽപ്പോലും കഴിഞ്ഞ വർഷം ചില സ്കൂളുകളിൽ സീറ്റുകൾ വേക്കന്റായി കിടന്നിരുന്നു. അങ്ങനെ വന്നപ്പോൾ പ്രത്യേക നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഹെഡ്മാസ്റ്റർമാർക്കൂടി സമ്മതിക്കുകയാണെങ്കിൽ അപേക്ഷ നൽകുന്നതിനായി കുട്ടികൾക്ക് സ്പെഷ്യൽ ഓർഡർ നൽകാറുണ്ട്. അങ്ങനെ ഏറ്റവുംകൂടുതൽ അപേക്ഷ വാങ്ങിയിട്ടുള്ളത് കാസർഗോഡുള്ള രണ്ട് എം.എൽ.എ.-മാർ ആണ്. അതുകൊണ്ട് പൊതുവിദ്യാഭ്യാസ രംഗം കൈകാര്യം ചെയ്യുന്നത് കക്ഷിരാഷ്ട്രീയത്തിന് അതീതമായി, നമ്മൾ എല്ലാവരുംകൂടിയാണ് എന്നുള്ളകാര്യം ഇപ്പോൾ നമുക്ക് ബോധ്യപ്പെട്ടല്ലോ; അതുകൊണ്ട് നമുക്ക് സഹകരിച്ച് മുന്നോട്ട് പോകാം.

ശ്രീ. കെ. വി. സുമേഷ്: സർ, മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്ക് അവർക്ക് ഇഷ്ടമുള്ള വിഷയത്തിലും ഇഷ്ടമുള്ള സ്കൂളിലും അഡ്മിഷൻ ലഭിക്കുന്നില്ല എന്നുള്ളതാണ് കേരളത്തിലെ രക്ഷകർത്താക്കളിൽനിന്നും വിദ്യാർഥിഏകളിൽനിന്നുമൊക്കെ ഉയർന്നുവരുന്ന ഒരു പ്രധാനപ്പെട്ട ആക്ഷേപം. ഈ വിമർശനത്തിന്റെ വസ്തുത

എന്താണെന്നുള്ളതാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ചോദിക്കുവാനുള്ളത്?

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അവർക്ക് ഇഷ്ടമുള്ള കോഴ്സ് ലഭിക്കുന്നില്ല, ഇഷ്ടമുള്ള വിദ്യാഭ്യാസ സ്ഥാപനത്തിൽ അഡ്മിഷൻ കിട്ടുന്നില്ല എന്നൊക്കെ പറയുന്നത് ഒരു പ്രശ്നമാണെങ്കിലും പത്താം ക്ലാസ്സുവരെ എല്ലാ കുട്ടികളും ഒരുപോലെ എല്ലാ വിഷയങ്ങളും പഠിക്കണം. എന്നാൽ പ്ലസ്-വൺ, പ്ലസ്-ടു ക്ലാസ്സുകൾ അങ്ങനെയല്ല. ഉന്നതവിദ്യാഭ്യാസ രംഗത്ത് നടക്കുന്ന വിഷയ പഠനവുമായി ബന്ധപ്പെടുത്തുന്ന തരത്തിലാണ് പ്രസ്തുത ക്ലാസ്സുകളിലെ പഠനത്തെ നിലവിൽ ക്രമീകരിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ വിവിധ വിഷയങ്ങളുടെ കൂട്ടം എന്നനിലയിലാണ് ഹയർ സെക്കൻഡറി കോഴ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. അത് ശാസ്ത്രം, ഹ്യുമാനിറ്റീസ്, കൊമേഴ്സ് എന്ന തരത്തിലാണുള്ളത്. അതുകൊണ്ടുതന്നെ വിവിധ സ്കൂളുകളിൽ വിവിധ വിഷയ കോമ്പിനേഷനാണ് ഉണ്ടാകുക. അങ്ങനെ വൈവിദ്ധ്യമാർന്ന വിഷയ കോമ്പിനേഷൻ ഉള്ളതിനാൽ പത്താം ക്ലാസുവരെ ഇല്ലാത്തവിധം സെലക്ഷൻ

പ്രക്രിയകളിലൂടെ കുട്ടികൾ കടന്നുപോകേണ്ടിവരും. മെറിറ്റ് സീറ്റിലേയ്ക്ക് കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്. മാനദണ്ഡങ്ങൾ എന്താണെന്ന് പ്രോസ്പെക്ടസിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. എല്ലാ കോഴ്സുകൾക്കും അക്കാഡമികമായി തുല്യ പ്രധാന്യമാണുള്ളത്. ഏതെങ്കിലും ചില കോഴ്സുകളിലേയ്ക്ക് മാത്രം കാര്യങ്ങളെ പരിമിതപ്പെടുത്തുന്നത് ശരിയല്ല. കമ്പ്യൂട്ടർ സാങ്കേതിക വിദ്യകളിലൂടെയാണ് പ്രവേശന നടപടികൾ ക്രമീകരിക്കുന്നത്. അത് സംബന്ധിച്ച് ഒരു പരാതിയും വന്നിട്ടില്ല. പത്താം ക്ലാസ്സ് പാസ്സായി വരുന്ന എല്ലാ കുട്ടികളും പ്ലസ് വണ്ണിന് പഠിക്കുന്നുണ്ടോ; ഐ.റ്റി.ഐ.-യിൽ പോകുന്നുണ്ടോ; പോളിടെക്നിക്കിൽ പോകുന്നുണ്ടോ; അല്ലെങ്കിൽ എസ്.എസ്.എൽ.സി. കഴിഞ്ഞ ശേഷമുള്ള ഒരുപാട് മറ്റ് കോഴ്സുകളുണ്ട് അതിന് പോകുന്നുണ്ടോ; സ്കോൾ കേരളയുടെ കോഴ്സിന് പോകുന്നുണ്ടോ? പലപ്പോഴും അത്തരം കോഴ്സുകളെ അംഗീകരിക്കുന്നതിന് പലരും തയ്യാറാകുന്നില്ല.

ശ്രീ. മുഹമ്മദ് മുഹസിൻ: പലക്കാട് ജില്ലയിലെ പട്ടാമ്പിയെ പ്രത്യേകം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ പല ഹയർ സെക്കൻഡറി സ്കൂളുകളിലും ഒരു ക്ലാസ്സിൽ അറുപതിലധികം കുട്ടികൾ പഠിക്കുന്നുണ്ട്. എന്നാൽ ചില സ്കൂളുകളിൽ പല ബാച്ചുകളിലും ആവശ്യത്തിനുള്ള കുട്ടികളില്ല എന്ന പ്രശ്നമുണ്ട്. ഇത് വിവിധ സ്കൂളുകളിലുണ്ട്. അഡ്മിഷന്റെ കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ ഇതുകൂടി പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ? ശരിക്കും അങ്ങനെയൊരു വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: അങ്ങ് പറഞ്ഞതുശരിയാണ്. എല്ലാ സ്കൂളുകളിലും എല്ലാ ക്ലാസുകളിലും 60-ഉം 70-ഉം കുട്ടികളില്ല. 15-ഉം 25-ഉം കുട്ടികളുള്ള ക്ലാസുകളുമുണ്ട്. അവ പുന:ക്രമീകരിക്കാമെന്ന് പറഞ്ഞാൽ ഏതെങ്കിലും എം.എൽ.എ.മാർ സമ്മതിക്കുമോ? സമ്മതിക്കുന്ന പ്രശ്നമില്ല. അങ്ങ് സൂചിപ്പിച്ചതുപോലെ പത്തിലധികം കുട്ടികൾ പഠിക്കുന്ന സ്കൂളും 25 ൽ അധികം കുട്ടികൾ പഠിക്കുന്ന സ്കൂളും 65-ഉം 70-ഉം കുട്ടികൾ പഠിക്കുന്ന സ്കൂളുമുണ്ട്. നിശ്ചിത എണ്ണം കുട്ടികളില്ലാത്ത ബാച്ചുകൾ,

ആവശ്യമുള്ള ജില്ലകളിലേയ്ക്ക് മാറ്റുന്നതിനുവേണ്ടി നിയമസഭ തീരുമാനിച്ചാൽ മതി നമുക്കത് നടപ്പിലാക്കാം.

തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡ് നിർമ്മാണം

3 (*243) ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയപ്രകാരം (ഡോ. മാത്യു കുഴൽനാടൻ):
ശ്രീ. അൻവർ സാദത്ത്:

ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡ് നിർമ്മാണം നീണ്ടുപോകുന്നത് കാരണം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) 2024 മാർച്ചിൽ പ്രസ്തുത നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കും എന്ന ഉറപ്പ് പാലിക്കുവാൻ സാധിക്കാത്തതിന്റ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ & ബി) കേരള റോഡ് ഫണ്ട് ബോർഡ് മുഖേന തിരുവനന്തപുരം നഗരത്തിലെ 63 പൊതുമരാമത്ത് റോഡുകൾ സ്മാർട്ട് റോഡായി വികസിപ്പിക്കുന്ന പദ്ധതിയുടെ നടത്തിപ്പിൽ മുൻ കരാറുകാർ വീഴ്ച വരുത്തിയ സാഹചര്യത്തിൽ പെർഫോർമൻസ് ഗ്യാരണ്ടി കണ്ടുകെട്ടി കരാർ റദ്ദ് ചെയ്യുകയും തുടർന്ന് സ്മാർട്ട്സിറ്റി മിഷൻ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെ 40 PWD റോഡുകൾ വികസിപ്പിക്കുന്നതിനായി പദ്ധതി തയ്യാറാക്കുകയുമുണ്ടായി. പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ സ്മാർട്ട് റോഡുകളിലും ഓടകൾക്കു പുറമെ ടെഞ്ചും ചേംബറും നിർമ്മിക്കാൻ ആഴത്തിൽ എസ്കവേഷൻ നടത്തേണ്ടി വന്നിട്ടുണ്ട്. നിലവിലുള്ള ലൈവ് യൂട്ടിലിറ്റി ലൈനുകൾ തകരാറിലാകാതെ കുഴിയെടുക്കുക വളരെ ശ്രമകരമാണ്. വ്യത്യസ്ത കാലഘട്ടങ്ങളിൽ മാനദണ്ഡങ്ങൾ പാലിക്കാതെ ഇട്ടിരിക്കുന്ന യൂട്ടിലിറ്റി ലൈനുകളിൽ അപ്രതീക്ഷിതമായി തകരാർ സംഭവിക്കുന്നതും തൻമൂലം പദ്ധതി നിർവ്വഹണം തടസ്സപ്പെടുന്നതും പ്രവൃത്തിയുടെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്.

തലസ്ഥാന റോഡുകൾ മികച്ച നിലയിൽ നവീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്മാർട്ട്സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് റോഡുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചത്. പൊതുമരാമത്ത് വകുപ്പിന് കീഴിലെ കെ.ആർ.എഫ്.ബി. 60 റോഡുകൾ വികസിപ്പിക്കുന്നതിന് സ്മാർട്ട്സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള പൈപ്പ് ലൈനുകൾ, ഇലക്ട്രിസിറ്റി കേബിളുകൾ, ടെലിഫോൺ കേബിളുകൾ, ഇന്റർനെറ്റ് കേബിളുകൾ എന്നിവ പ്രത്യേക ഡക്ടിലൂടെ കടത്തിവിടുന്നതാണ് പദ്ധതിയിലെ പ്രധാന ഘടകം. ഇതിലൂടെ ഓവർഹെഡ് ലൈനുകൾ ഒഴിവാക്കി റോഡുകളെ പൂർണ്ണ അർത്ഥത്തിൽ ഉപയോഗിക്കാൻ ലക്ഷ്യമിടുന്നു. അടിക്കടി റോഡുകൾ കുത്തിപ്പൊളിക്കുന്നത് ഒഴിവാക്കാനും ഈ പദ്ധതിയിലൂടെ സാധിക്കും. ഈ റോഡുകളിലെ സ്വീവേജ് ലൈനുകൾ ശക്തിപ്പെടുത്തുന്നതിനും പദ്ധതിയുണ്ട്. മികച്ച നടപ്പാതകൾ, വഴിവിളക്കുകൾ, കൈവരികൾ, റോഡ് സുരക്ഷ, സൈക്കിൾ ട്രാക്ക്, ലാൻഡ് സ്കേപ്പിംഗ്, പാർക്കിംഗ് ഇംപ്രൂവ്മെന്റ് എന്നിവയും സ്മാർട്ട് റോഡുകളുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്.

നഗരത്തിൽ കെ.ആർ.എഫ്.ബി.ക്ക് കീഴിലെ റോഡുകൾ സ്മാർട്ട് റോഡാക്കി മാറ്റുന്നതിനുള്ള പദ്ധതി നേരത്തെ ആരംഭിച്ചിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച ഈ പദ്ധതി അന്നത്തെ കരാറുകാരൻ കൃത്യമായി പ്രവൃത്തി നടത്താതെ അലംഭാവം കാട്ടിയതിനെ തുടർന്ന് നഷ്ടോത്തരവാദത്തിൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്യുകയും പെർഫോർമൻസ് ഗ്യാരന്റി കണ്ടുകെട്ടുകയും ചെയ്തു. തുടർന്ന് പൊതുമരാമത്ത് വകുപ്പിന് കീഴിലെ കെ.ആർ.എഫ്.ബി.-യിലെ 12 റോഡുകൾ സ്മാർട്ട് റോഡായി മാറ്റുന്നതിനും 28 റോഡുകൾ ഉന്നത നിലവാരത്തിൽ നവീകരിക്കുന്നതിനും തീരുമാനിച്ചു. പ്രവൃത്തി നടത്തിപ്പ് വേഗത്തിലാക്കുന്നതിന് ഓരോ റോഡിനും പ്രത്യേക ടെണ്ടർ നടപടികളാണ് സ്വീകരിച്ചത്. ഇതനുസരിച്ച് ആദ്യഘട്ടത്തിൽ രണ്ട് റോഡുകൾ സ്മാർട്ടായി വികസിപ്പിക്കുവാൻ തീരുമാനിച്ചു. മാനവീയം വീഥി കേരളത്തിലെ ആദ്യ നൈറ്റ് ലൈഫ് കേന്ദ്രം എന്നുള്ള നിലയിൽ അറിയപ്പെടും. സാംസ്കാരിക ഇടനാഴിയായി വികസിപ്പിച്ച മാനവീയം വീഥി രാജ്യാന്തര ശ്രദ്ധ നേടുന്ന ഇടമായി മാറി. ഇതിനുശേഷമാണ് മറ്റ് 10 റോഡുകളുടെയും പ്രവൃത്തി

ആരംഭിച്ചത്. ഈ 10 റോഡുകൾക്കും പൂർത്തീകരണ കാലാവധി വ്യത്യസ്തമാണ്. ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള കാലയളവാണ് റോഡ് പ്രവൃത്തിക്ക് ലഭിക്കുക എന്നതിനാൽ റോഡുകളിൽ ഒന്നിച്ച് പ്രവൃത്തി ആരംഭിച്ചു. ഈ റോഡുകൾ വേഗത്തിൽ ഗതാഗത യോഗ്യമാക്കാനാണ് സ്മാർട്ട് സിറ്റിയും കെ.ആർ.എഫ്.ബി.-യും തീരുമാനിച്ചത്. ഇതനുസരിച്ച് പ്രവൃത്തികൾ മുന്നോട്ട് കൊണ്ടുപോകാനായി. നിലവിൽ ഭൂരിഭാഗം റോഡുകളും (40 ൽ 38 റോഡുകളും) ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളിൽ ഓടകൾക്ക് പുറമെ ടഞ്ചും ചേമ്പറും നിർമ്മിക്കുവാൻ ആഴത്തിൽ കുഴിയെടുക്കേണ്ടി വന്നിട്ടുണ്ട്. നിലവിൽ കുടിവെള്ളത്തിനുള്ള നിരവധി പൈപ്പ് ലൈനുകൾ, ഇലക്ട്രിസിറ്റി, ഫോൺ കേബിൾ, ഇന്റർനെറ്റ് കേബിളുകൾ മുതലായവ വീതി കുറഞ്ഞ റോഡുകൾക്കടിയിലായിരുന്നു ഉണ്ടായിരുന്നത്. ഇവ ക്രമരഹിതമായി സ്ഥാപിച്ചിരുന്നതിനാൽ പ്രവൃത്തി നടക്കുമ്പോൾ യൂട്ടിലിറ്റി ലൈനുകളിൽ തകരാർ സംഭവിക്കുന്നത് വെല്ലുവിളി സൃഷ്ടിച്ചു. ഇത്തരം പ്രശ്നങ്ങൾ നിരന്തരമുണ്ടായത് പല പ്രദേശങ്ങളിലും പ്രവൃത്തിയുടെ പുരോഗതിയെ

ബാധിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരമാവധി ലഘൂകരിച്ചാണ് പ്രവൃത്തി നടത്തിയത്. റോഡ് പ്രവൃത്തി പൂർത്തിയായ ഇടങ്ങളിൽ മറ്റ് പ്രവൃത്തികൾ ആരംഭിച്ചു.

അട്ടക്കുളങ്ങര റോഡിൽ പ്രവൃത്തി ആരംഭിച്ചശേഷം ഓപ്പറേഷൻ അനന്തയുടെ ഭാഗമായി നിലവിൽ ഡിസൈൻ ചെയ്ത ഓടയുടെ ഡിസൈൻ മാറ്റാൻ ജില്ലാകളക്ടർ നിർദ്ദേശിച്ചു. കൂടുതൽ വീതിയിൽ ഓട നിർമ്മിക്കുന്ന പ്രവൃത്തി അവിടെ തുടരുകയാണ്.

(സി) പൊതുമരാമത്ത് വകുപ്പിന് കീഴിലെ സ്മാർട്ട് സിറ്റി റോഡ് പ്രവൃത്തി കൃത്യമായി വിലയിരുത്തിയാണ് മുന്നോട്ടുപോയത്. മന്ത്രിതലത്തിൽ നിശ്ചിത ഇടവേളകളിൽ യോഗം നടത്തി പ്രവൃത്തി വിലയിരുത്തിയതിനു പുറമെ പ്രവൃത്തിയിടങ്ങളിൽ നേരിട്ടെത്തിയും മന്ത്രിതല അവലോകനം സാധ്യമാക്കി. റോഡ് പ്രവൃത്തികൾ വിലയിരുത്തുവാൻ സെക്രട്ടറി തലത്തിലും അവലോകന യോഗങ്ങളും പരിശോധനയും സംഘടിപ്പിച്ചു. വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നതിന് ഓരോ ഘട്ടത്തിലും ഇടപെടാൻ സെക്രട്ടറിതല സമിതി രൂപീകരിക്കുകയും

കൃത്യമായി ഇടപെടുകയും ചെയ്തു. കരാർ കൺസൾട്ടന്റ്, സൈറ്റുകളിൽ KRFB എഞ്ചിനീയർമാരുടെ പ്രവർത്തനം ഉറപ്പാക്കി. അവരോടൊപ്പം KRFB, സ്മാർട്ട് സിറ്റി എന്നിവിടങ്ങളിലെ ഉന്നത ഉദ്യോഗസ്ഥരുടെ കൃത്യമായ പരിശോധനകളും പ്രവൃത്തിയുടെ പുരോഗതിക്ക് സഹായകരമായി.

ഡോ. മാത്യു കുഴൽനാടൻ: ഇവിടെ ടേബിൾ ചെയ്തിരിക്കുന്ന മറുപടിയിൽ പറഞ്ഞിട്ടുള്ള ഒരു കാര്യം, "അട്ടക്കുളങ്ങര റോഡിൽ പ്രവൃത്തിയാരംഭിച്ച ശേഷം ഓപ്പറേഷൻ അനന്തയുടെ ഭാഗമായി നിലവിൽ ഡിസൈൻ ചെയ്ത് ഓടയുടെ ഡിസൈൻ മാറ്റാൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചുവെന്നാണ്". That shows lack of professionalism. നിങ്ങൾ ഒരു ഡിസൈൻ ചെയ്തിട്ട് അത് പകുതിക്ക് വച്ച് മാറ്റാൻ പറഞ്ഞാൽ ഒരു കോൺട്രാക്ടർക്ക് എങ്ങനെ യഥാസമയം പൂർത്തിയാക്കാൻ കഴിയും. എന്നിട്ട് നിങ്ങൾ അവരുടെ മേൽ നഷ്ടോത്തരവാദം കാണിക്കുന്നു. പി.ഡബ്ലു.ഡി. വേണ്ടത്ര അവധാനതയോടു കൂടി ഹോംവർക്ക് ചെയ്യാത്തതും ഡിസൈൻ പ്രോപ്പറായി ചെയ്യാതെ ഒരു lack of professionalism ഉണ്ടായതും inefficiency-യുമാണ് ഈ കാലതാമസം വന്നതിനുകാരണം. അല്ലാതെ അങ്ങ് പറഞ്ഞ

കാര്യങ്ങൾ നമുക്ക് മുൻകൂട്ടി കാണാൻ പറ്റാത്തവയല്ലല്ലോ? ഇവിടെ കേബിളുകൾ ഉണ്ടെന്നും ട്രഞ്ച് ആഴത്തിൽ കുഴിക്കേണ്ടിവരുമെന്നും ഡക്ട് ഇടേണ്ടിവരുമെന്നും മറ്റുമുള്ളത് മുൻകൂട്ടി കാണാൻ പറ്റാത്ത കാര്യങ്ങളല്ല. There is no reason stated which delayed the project. അതെന്താണെന്ന് കൃത്യമായി പറയാൻ കഴിയുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: ഇതിന്റെ നാൾ വഴികൾ നേരത്തെ പറഞ്ഞു. കരാറുകാരൻ ഇതുമായി ബന്ധപ്പെട്ടെടുത്ത നിലപാട് തെറ്റാണ്. ആ നിലപാട് പരിഹരിക്കാൻ ശ്രമങ്ങൾ നടത്തിയെങ്കിലും വിജയിച്ചില്ല. അവസാനം ആ കരാറുകാരനെ ടെർമിനേറ്റ് ചെയ്യുകയും വിവിധ റോഡുകൾക്ക് ടെൻഡറുകൾ നൽകുകയും ചെയ്തതിന്റെ ഭാഗമായി 28 റോഡുകളിൽ 25-ഉം യുദ്ധകാലാടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് മാർച്ച് മാസത്തിനുള്ളിൽ തന്നെ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കി. മാനവീയം വീഥിയും കലാഭവൻ മണി റോഡും 2023, ആഗസ്റ്റിൽത്തന്നെ ഗതാഗതത്തിന് തുറന്നുകൊടുത്തു. വി.ജെ.ടി.ഹാൾ-ഫ്ലൈഓവർ റോഡ് 01-02-2024-നും സ്പെൻസർ ജംങ്ഷൻ-എ.കെ.ജി.

ജംങ്ഷൻ റോഡ് 21-03-2024-നും സ്റ്റാച്ച്യു-ജനറൽ ആശുപത്രി റോഡ് 01-04-2024-നും നോർക്ക-ഗാന്ധിഭവൻ റോഡ് 03-04-2024-നും കിള്ളിപ്പാലം-അട്ടക്കുളങ്ങര റോഡ് രണ്ടുവരിപ്പാത 14-04-2024-നും തൈക്കാട് ഹൗസ്-കീഴേതമ്പാനൂർ-മോഡൽസ്കൂൾ മുതൽ ശാസ്താക്ഷേത്രം വരെ 15-04-2024-നും തുറന്നുകൊടുത്തു. ആൽത്തറ മുതൽ ചെന്തിട്ട വരെയുള്ള സി. വി. രാമൻപിള്ള റോഡ് മാർച്ച് മാസം മുതൽതന്നെ ഘട്ടം ഘട്ടമായി തുറന്നുകൊടുത്തു. നിലവിൽ ഈ റോഡിൽ ഗതാഗത നിയന്ത്രണമൊന്നുമില്ല. ജനറൽ ആശുപത്രി-വഞ്ചിയൂർ റോഡ്, ജനറൽ ആശുപത്രി മുതൽ മാതൃഭൂമി റോഡുവരെ 27-05-2024-നും ശേഷിക്കുന്ന ഭാഗം 19-06-2024-നും തുറന്നുകൊടുത്തു. ഓവർബ്രിഡ്ജ്-ഉപ്പിടാംമൂട് റോഡ് 170 മീറ്റർ ഒഴികെ ടാർ ചെയ്ത് ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. ബേക്കറി ജംങ്ഷൻ-ഫോറസ്റ്റ് ഓഫീസ് റോഡിൽ ഫോർമേഷൻ പണി പുരോഗമിക്കുന്നു. അന്ന് സംസ്ഥാന സർക്കാർ ആ കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്ന ഒരു നിലപാട് സ്വീകരിച്ചില്ലായിരുന്നെങ്കിൽ ഇന്ന് നമ്മൾ കുഴപ്പത്തിലാകുമായിരുന്നു. അങ്ങനെ മുഖം നോക്കാതെ ഒരു നിലപാട്

സ്വീകരിക്കാൻ സാധിച്ചത് എൽ.ഡി.എഫ്. സർക്കാർ കേരളം ഭരിക്കുന്നതുകൊണ്ടാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഈ റോഡുകൾ വ്യത്യസ്ത ടെൻഡറുകളായി നൽകിയില്ലായിരുന്നുവെങ്കിൽ എന്താകുമായിരുന്ന സ്ഥിതി? ഇന്നും ഇത് വലിയ ബുദ്ധിമുട്ടായി മാറുമായിരുന്നു. ടീം വർക്കിന്റെ ഭാഗമായി കഠിനാധ്വാനത്തോടുകൂടി സർക്കാർ നടത്തിയ ഇടപെടൽ തിരുവനന്തപുരത്തെ ജനങ്ങൾക്കറിയാം. മാധ്യമങ്ങൾ ഇതുമായി ബന്ധപ്പെട്ട് ചില റിപ്പോർട്ടുകൾ കൊടുക്കും. ഞാൻ ഇവിടെ പരാമർശിച്ച റോഡുകൾ സമയബന്ധിതമായി യുദ്ധകാല അടിസ്ഥാനത്തിൽ പൂർത്തീകരിച്ചതും ഗതാഗത യോഗ്യമാക്കിയതും മാന്യമായി മാധ്യമ പ്രവർത്തനം നടത്തുന്ന ചിലർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നുചോദിച്ചാൽ, റിപ്പോർട്ട് ചെയ്തിട്ടില്ല. കേരളത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന പ്രശ്നം വാട്ടർ അതോറിറ്റിക്കുവേണ്ടി കുടിവെള്ള പ്രശ്നത്തിന്റെ ഭാഗമായോ മറ്റോ ടാർ ചെയ്ത് റോഡ് കുഴിക്കുന്നുവെന്നുള്ളതാണ്. ഇതിന് പരിഹാരമാണ് സ്മാർട്ട് സിറ്റി റോഡ്. ഡക്ടുകൾ നിർമ്മിച്ചുകൊണ്ട് അതിലെല്ലാം കേബിളുകൾ ഉൾപ്പെടുത്തുന്ന അവസ്ഥ. സർക്കാർ ഇത്

സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്. അത് തുടർന്നും മുന്നോട്ടുപോകുന്ന സ്ഥിതിയുണ്ടാകും എന്ന് സഭയെ അറിയിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)

ശ്രീ. എം. വിൻസെന്റ്: സർ, (മൈക്ക് ഓഫ്).....

മി. സ്പീക്കർ: ചോദ്യോത്തര സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, (മൈക്ക് ഓഫ്) മൂന്ന് ചോദ്യങ്ങൾ പോലും ചോദിക്കാൻ സാധിക്കാത്ത തരത്തിൽ ദീർഘമായ മറുപടിയാണ് മന്ത്രിമാർ പറയുന്നത്.

മി. സ്പീക്കർ: മന്ത്രിമാർ മാത്രമല്ല, ചോദ്യകർത്താക്കളും വളരെ ദീർഘമായ ചോദ്യങ്ങളാണ് ഉന്നയിക്കാറുള്ളത്.

ശ്രീ. എം. വിൻസെന്റ്: സർ, (മൈക്ക് ഓഫ്) വലിയ മറുപടികളാണെങ്കിൽ രേഖാമൂലം നൽകാമെന്ന കാര്യം അവർക്ക് അറിയാമല്ലോ, മറുപടി മുഴുവനായി വായിക്കാൻ ശ്രമിക്കുന്നതിനാൽ മറ്റാർക്കും ചോദ്യങ്ങൾ ചോദിക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമാകുന്നുണ്ട്.

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്... ആ വിഷയത്തിൽ ചെയറുമായി എല്ലാവരും സഹകരിക്കണം. ശ്രീ. എം. വിൻസെന്റ് ഉന്നയിച്ച വിഷയം സംബന്ധിച്ച് എല്ലാ അംഗങ്ങളോടും ചെയർ റിക്വസ്റ്റ് ചെയ്യുകയാണ്, മന്ത്രിമാരും ചോദ്യകർത്താക്കളും വിഷയത്തിനുള്ളിൽ നിന്ന് ചോദ്യങ്ങൾ ഉന്നയിച്ചാൽ കൂടുതൽ ചോദ്യങ്ങൾ സഭയിൽ കൊണ്ടുവരാൻ സാധിക്കും. ഭാവിയിലെങ്കിലും ഇക്കാര്യത്തിൽ തിരുത്തൽ വരുത്താൻ എല്ലാവരും തയ്യാറാകണം. ശ്രീ. എം. വിൻസെന്റ് പറഞ്ഞതിലെ സാരാംശം വളരെ വ്യക്തമാണ്.

10.00 am

II. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

അവശ്യ സാധനങ്ങളുടെ വില വർദ്ധനവ്

മി. സ്പീക്കർ: പച്ചക്കറിയും പലവ്യഞ്ജനവും ഉൾപ്പെടെയുള്ള അവശ്യ സാധനങ്ങളുടെ വിലവർദ്ധനമൂലം ജനജീവിതം ദുസ്സഹമായതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ചചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്ന്

ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ റോജി എം. ജോൺ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഇവിടെ ഉന്നയിക്കപ്പെട്ട വിഷയം ഒരു ദേശീയ പ്രശ്നമാണ്. ഭക്ഷ്യധാന്യങ്ങൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ വിലക്കയറ്റത്തിന്റെ സ്വാധീനം ഏറ്റവുമധികം അനുഭവപ്പെടുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ, സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമായ വിപണി ഇടപെടൽകൊണ്ട് വിലക്കയറ്റത്തിന്റെ രൂക്ഷത ഉൽപാദന സംസ്ഥാനങ്ങളെക്കാൾ കുറഞ്ഞ തോതിൽ മാത്രമേ സംസ്ഥാനത്ത് അനുഭവപ്പെടുന്നുള്ളൂ. സപ്ലൈകോ, കൺസ്യൂമർ ഫെഡ്, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്ന ശക്തമായ പൊതുവിതരണ സമ്പ്രദായത്തിലൂടെ സർക്കാർ നടത്തുന്ന വിപണി ഇടപെടലാണ് സംസ്ഥാനത്തുണ്ടാകേണ്ടിയിരുന്ന വൻതോതിലുള്ള വിലക്കയറ്റം തടഞ്ഞുനിർത്താൻ സഹായകമായത്. നമ്മുടെ തൊട്ടടുത്തുള്ള

ഉൽപാദക സംസ്ഥാനങ്ങളായ കർണ്ണാടക, ആന്ധ്ര, തെലങ്കാന, ഒഡീഷ എന്നിവിടങ്ങളിലെ പണപ്പെരുപ്പനിരക്ക് യഥാക്രമം 6.11, 5.87, 5.97, 6.25 എന്നിങ്ങനെയാണ്. എന്നാൽ കേരളത്തിലെ പണപ്പെരുപ്പനിരക്ക് 5.47 ശതമാനം മാത്രമാണ്. കാലാവസ്ഥാ വ്യതിയാനം, പ്രകൃതിക്ഷോഭം എന്നിവ ഉൾപ്പെടെയുള്ള കാരണങ്ങൾ സംസ്ഥാനത്തെ പച്ചക്കറി ലഭ്യതയെ ബാധിച്ചിട്ടുണ്ട്. ചിലയിനം പച്ചക്കറികളുടെ വിലയിൽ താൽകാലികമായ വർദ്ധനവിന് ഇത് കാരണമായിട്ടുണ്ട്. എന്നാൽ മറ്റ് നിത്യോപയോഗ സാധനങ്ങളുടെ കാര്യത്തിൽ കാര്യമായ വില വ്യത്യാസമുണ്ടായിട്ടില്ല. സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് 23-11-2023-ലെ സർക്കാർ ഉത്തരവ് നം. 470/2023/ ഭക്ഷ്യ-പൊതുവിതരണം പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലെയും കളക്ടർമാർ, ഭക്ഷ്യ-കൃഷി വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ എല്ലാമാസവും യോഗംചേർന്ന് അവരുടെ ശിപാർശ സഹിതമുള്ള റിപ്പോർട്ട് ഭക്ഷ്യ-പൊതുവിതരണ കമ്മീഷണർക്ക് നൽകിവരുന്നു. ഇപ്രകാരം ലഭിക്കുന്ന

റിപ്പോർട്ടിന്മേൽ, ഭക്ഷ്യ-പൊതുവിതരണ കമ്മീഷണറുടെ ശിപാർശകൾ സഹിതം തുടർനടപടി സ്വീകരിച്ചുവരുന്നതോടൊപ്പം ഗവൺമെന്റ് ഇക്കാര്യങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്തുവരുന്നുണ്ട്.

ശ്രീ. റോജി എം. ജോൺ: സർ, സംസ്ഥാനത്ത് പച്ചക്കറിക്കും പലവ്യഞ്ജനങ്ങൾക്കും മറ്റ് അവശ്യസാധനങ്ങൾക്കും തീവിലയാണ്. വിലക്കയറ്റംകൊണ്ട് ജനങ്ങൾ പൊറുതിമുട്ടുകയാണ്. പക്ഷെ, ഈ സർക്കാരിനുമാത്രം അക്കാര്യം അറിയില്ലെന്നതാണ് യാഥാർത്ഥ്യം. വെണ്ടക്കയും തക്കാളിയുമില്ലാത്ത സാമ്പാറും മുരിങ്ങക്കയില്ലാത്ത അവിയലും കഴിക്കേണ്ട ദുരവസ്ഥയിലാണ് ഇന്ന് ഒരു സാധാരണ മലയാളിയെന്നത് കാണാതെപോകാൻ സാധിക്കുമോ? കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ എല്ലാത്തരം സാധനങ്ങളുടെയും വില വർദ്ധിച്ചിരിക്കുകയാണ്. തിരുവനന്തപുരത്ത് ഒരു മാസം മുമ്പ് 50-60 രൂപയ്ക്ക് ലഭിച്ചിരുന്ന പച്ചക്കറി കിറ്റ് ഇപ്പോൾ കിട്ടണമെങ്കിൽ 100 രൂപയിൽ കൂടുതൽ കൊടുക്കേണ്ടതുണ്ട്. വരും ദിവസങ്ങളിൽ വില ഇനിയും ഉയരുമെന്നാണ് പറയപ്പെടുന്നത്. പക്ഷേ, ഇക്കാര്യങ്ങളൊന്നും സർക്കാർ മാത്രം അറിഞ്ഞിട്ടില്ലെന്നതാണ്

യാഥാർത്ഥ്യം. 20-06-2024-ൽ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഉൾപ്പെടെയുള്ള അംഗങ്ങളുടെ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടി ഞാൻ വായിക്കാം. 'സംസ്ഥാനത്ത് പച്ചക്കറിയുടെ വില അനിയന്ത്രിതമായി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ' എന്ന ചോദ്യത്തിന് 'കഴിഞ്ഞ വർഷം ഇതേസമയത്തുള്ള വിലയുമായി താരതമ്യം ചെയ്യുമ്പോൾ വിപണിയിൽ പച്ചക്കറിയുടെ വിലവർദ്ധനവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല' എന്നാണ് വകുപ്പുമന്ത്രിതന്നെ പറയുന്നത്. നിത്യോപയോഗ സാധനങ്ങൾ വാങ്ങാനായി മാർക്കറ്റിലേയ്ക്ക് പോകുന്ന സാധാരണക്കാർക്ക് അനുഭവപ്പെടുന്ന ദുരവസ്ഥയെന്താണ്? മാർക്കറ്റിലെ എല്ലാ സാധനങ്ങളുടെയും ഇപ്പോഴത്തെ വിലയെക്കുറിച്ച് ഞാൻ എടുത്തുപറയുന്നില്ല. പൊതുവിപണിയിൽ ഓരോ സാധനത്തിനും നൽകേണ്ട വിലയെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഒരു മാസത്തിനുള്ളിൽ വിലയിൽ സംഭവിച്ചിരിക്കുന്ന വ്യതിയാനത്തെക്കുറിച്ച് പരിശോധിക്കുകയാണെങ്കിൽ ഒരു കിലോ തക്കാളിക്ക് കഴിഞ്ഞമാസം 40 രൂപയായിരുന്നെങ്കിൽ ഇന്നത് 80 രൂപയായി

വർദ്ധിച്ചു. ബീൻസിന്റെ വില 80-ൽനിന്നും 130 ആയും അച്ചിങ്ങ 50-ൽനിന്നും 80 ആയും കാരറ്റ് 40-ൽനിന്നും 70 ആയും വെണ്ട 25-30-ൽനിന്നും 60 ആയും വില വർദ്ധിച്ചിരിക്കുകയാണ്. പച്ചമുളകിന്റെ വിലപോലും 60 രൂപയിൽനിന്നും 140 രൂപയായി വർദ്ധിച്ചുകഴിഞ്ഞു. പലവ്യഞ്ജനങ്ങളുടെ കണക്ക് നോക്കിയാലോ, ഒരു കിലോയ്ക്ക് 58 രൂപയായിരുന്ന മട്ടയരിയുടെ വില ഇപ്പോൾ 64 രൂപയായി വർദ്ധിച്ചു. വൻപയറിന്റെ വില 130 ആയും ചെറുപയറിന്റെ വില 160 രൂപയായും വർദ്ധിച്ചു. ഓരോ സാധനമായി പരിശോധിച്ചാൽ വില വർദ്ധനയെ സംബന്ധിച്ച് മനസിലാക്കാൻ സാധിക്കും. പരിപ്പ് 130 രൂപയായും തുവരപ്പരിപ്പ് 160-ൽനിന്നും 190 രൂപയായും പഞ്ചസാരയ്ക്ക് 43 രൂപയായും വില ഉയർന്നുകഴിഞ്ഞു. മറ്റ് ഭക്ഷ്യ ഇനങ്ങളുടെ കാര്യമാണെങ്കിലോ; മത്സ്യത്തിന്റെ വില നോക്കുകയാണെങ്കിൽ, സാധാരണക്കാരൻ ഏറ്റവും കൂടുതൽ കഴിക്കുന്ന മത്തിയുടെ വില ഇപ്പോൾ എത്രയാണ്? ഒരു കിലോ മത്തിയുടെ വിലപോലും 300 രൂപയിൽ അധികമായി എന്നത് ചിന്തിക്കേണ്ട കാര്യമാണ്. കാരണം, സാധാരണക്കാരൻ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന സാധനമാണത്.

അയല മത്സ്യത്തിന്റെ വില വർദ്ധനയും അതുപോലെതന്നെയാണ്. ഏതുതരം മത്സ്യത്തിന്റെ വില പരിശോധിച്ചാലും സ്ഥിതി ഇതൊക്കെത്തന്നെയാണ്. അതുമാത്രമാണോ, കാളാഞ്ചിയും കരിമീനും നെയ്മീനുമൊന്നും സാധാരണക്കാരന്റെ തീൻമേശയിൽ സ്വപ്നം കാണാൻപോലും സാധിക്കില്ല, അത്തരത്തിൽ വില വർദ്ധിച്ചിരിക്കുകയാണ്. കോഴിയിറച്ചിക്ക് ഇന്നത്തെ മാർക്കറ്റ് വില കിലോയ്ക്ക് 170 രൂപയാണ്. 85 രൂപയ്ക്ക് കെ-ചിക്കൻ നൽകുമെന്ന് പറഞ്ഞ ഒരു മന്ത്രി ഈ സഭയിലുണ്ടായിരുന്നു. എന്നാൽ ഇന്ന് 85 രൂപയ്ക്ക് ചിക്കന്റെ കാലുപോലും കിട്ടാത്ത അവസ്ഥയായി. ഇത് പൊതുമാർക്കറ്റിലെ വിലയാണ്. സർക്കാരിന്റെതന്നെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ കണക്കുകളും എന്റെ കൈയിലുണ്ട്. ഓരോ സാധനങ്ങളുടെയും മാർച്ച് മാസത്തെയും ജൂൺ മാസത്തെയും വിലവിരങ്ങൾ സംബന്ധിച്ച് സർക്കാരിന്റെ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്ക് ഞാൻ പറയാം. പഞ്ചസാര കിലോയ്ക്ക് 42 രൂപ എന്നത് 44 രൂപയായി ഉയർന്നു. വെളിച്ചെണ്ണയുടെ വില 167 രൂപയിൽനിന്നും 175 ആയും ഉരുളക്കിഴങ്ങിന്റെ വില 35-ൽനിന്നും 48 ആയും സവാളയുടെ വില

32-ൽനിന്നും 42 ആയും വർദ്ധിച്ചു. അങ്ങനെ ഓരോ സാധനത്തിന്റെയും വില വർദ്ധിച്ചിരിക്കുകയാണ്. ഇത് സർക്കാരിന്റെതന്നെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ കണക്കാണ്. എല്ലാ സാധനങ്ങൾക്കും അടിക്കടി വില വർദ്ധിച്ചിട്ടും സർക്കാരുമായി ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും യാതൊന്നും സംഭവിച്ചിട്ടില്ലെന്ന തരത്തിലാണ് സംസാരിക്കുന്നത്. ദൈനംദിനം മാർക്കറ്റിലേയ്ക്ക് പോകുന്നവർ എങ്ങനെയാണ് തിരിച്ചുവരുന്നതെന്ന് നമുക്കറിയാം. നിത്യോപയോഗ സാധനങ്ങളുടെ കാര്യത്തിൽ മാത്രമാണോ വിലക്കയറ്റമുള്ളത്? നിർമ്മാണ സാമഗ്രികളുടെ വിലയും വർദ്ധിച്ചിരിക്കുകയാണ്. സിമെന്റിന്റെയും കമ്പിയുടെയും മണലിന്റെയും എം-സാന്റിന്റെയും വില വർദ്ധിച്ചു. മനുഷ്യൻ കഴിക്കുന്ന സാധനങ്ങളുടെ കാര്യംപോകട്ടെ, മൃഗങ്ങൾ ഭക്ഷിക്കുന്ന സാധനങ്ങളുടെ വിലയാണെങ്കിലോ? കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയ്ക്കൊക്കെ വില വർദ്ധിച്ചിരിക്കുന്നു. കെ.എഫ്. കാലിത്തീറ്റയുടെ വില 1500 -ഓളം രൂപയായി, കോഴിത്തീറ്റയുടെ വില 2500 രൂപയായി. ഇതെല്ലാം സി.പി.ഐ. ഭരിക്കുന്ന വകുപ്പുകളാണ്. ഈ വകുപ്പിന് കീഴിലെ എല്ലാ

സ്ഥാപനങ്ങളിലെയും സാധനങ്ങളുടെ വില വർദ്ധിച്ചു. എന്നാൽ വില വർദ്ധിച്ച കാര്യങ്ങളൊന്നും ഈ സർക്കാർ അറിയുന്നില്ല! അത്തരത്തിൽ എല്ലാ സാധനങ്ങൾക്കും വില വർദ്ധിച്ചുകൊണ്ടേയിരിക്കുന്നതിനാൽ ജനം പൊറുതിമുട്ടി നിൽക്കുകയാണ്. അങ്ങ് വിലക്കയറ്റ സൂചികയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞമാസത്തെ അവസ്ഥ നോക്കിയാൽ ദേശീയതലത്തിൽ Retail inflation 12 മാസത്തിനിടയ്ക്ക് ഏറ്റവും താഴ്ചയിലേയ്ക്ക് എത്തിയിട്ടും സംസ്ഥാനത്ത് അതിന് കടകവിരുദ്ധമായ പ്രവണതയാണ് കാണുന്നത്. അതായത് ദേശീയതലത്തിൽ Retail inflation കുറയുമ്പോഴും കേരളത്തിന്റെ കാര്യമെടുക്കുമ്പോൾ Retail inflation വർദ്ധിക്കുന്നു. ചില സംസ്ഥാനങ്ങളിലെ കാര്യങ്ങളെക്കുറിച്ചും അങ്ങ് സൂചിപ്പിച്ചു. മുമ്പൊരിക്കൽ ഇത്തരം വിഷയത്തിൽ മറുപടി പറഞ്ഞപ്പോൾ രാജസ്ഥാനിലേയ്ക്ക് നോക്കൂ.., കർണ്ണാടകയിലേയ്ക്ക് നോക്കൂ.... എന്നൊക്കെയാണ് പറഞ്ഞത്. എന്തായാലും ഇത്തവണത്തെ മറുപടിയിൽ രാജസ്ഥാനിലേയ്ക്ക് നോക്കാൻ പറഞ്ഞിട്ടില്ല. കർണ്ണാടകയിലേയ്ക്കും തെലങ്കാനയിലേയ്ക്കും നോക്കാനാണ് അദ്ദേഹം പറഞ്ഞത്. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിലെ വില

വർദ്ധനയെക്കുറിച്ച് അദ്ദേഹത്തിന് ഒന്നും പറയാനില്ല. നമ്മുടെ സംസ്ഥാനത്തുനിന്നും കർണ്ണാടകയിലും തെലങ്കാനയിലുംപോയി ആരെങ്കിലും സാധനങ്ങൾ വാങ്ങുമോ; ആ സംസ്ഥാനത്തുള്ളവർ ഇവിടെ വന്ന് നിത്യവും സാധനം വാങ്ങുമോ? പണപ്പെരുപ്പത്തിന്റെ ദേശീയ ശരാശരി 4.83-ൽ നിൽക്കുമ്പോൾ കേരളത്തിൽ അത് 5.47 ശതമാനമായി നിൽക്കുകയാണ്. ഇതൊന്നും ഈ നാട്ടിലല്ലേ സംഭവിക്കുന്നത്? സർക്കാർ ഇതൊന്നും അറിയുന്നില്ലെങ്കിലും സാധാരണക്കാരൻ ദൈനംദിനം ഇതിന്റെ ചൂടും വേദനയും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. സാധാരണയായി ഇങ്ങനെയൊരു വിഷയമുണ്ടാകുമ്പോൾ സർക്കാർ എന്താണ് ചെയ്യുന്നത്? 1964-ൽ ശ്രീ. ആർ. ശങ്കറിന്റെ കാലത്ത് ഇന്ത്യയിൽ ആദ്യമായി സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് നടപ്പിലാക്കിയ ഒരു സംസ്ഥാനമാണിത്. അതിനുശേഷം സർക്കാരുകൾ മാറി വന്നപ്പോഴും കൃത്യമായ വിപണി ഇടപെടൽ നടത്തുന്നതിനായി സപ്ലൈകോ, കൺസ്യൂമർ ഫെഡ്, മറ്റ് സഹകരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള നിരവധി സ്ഥാപനങ്ങളാരംഭിച്ചു. എന്നാൽ, ഇന്ന് ആ സ്ഥാപനങ്ങളുടെ അവസ്ഥ എന്താണ്? ചീഫ് സെക്രട്ടറിയുടെ

നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ച് കാര്യങ്ങൾ കൃത്യമായി വിലയിരുത്തി വിപണിയിൽ ആവശ്യമായ ഇടപെടൽ നടത്തുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ഇതേ വിഷയത്തിന്മേൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടി എന്റെ കൈവശമുണ്ട്. 10-06-2024-ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. അനൂപ് ജേക്കബിന്റെ ചോദ്യത്തിന് നൽകിയ മറുപടിയുടെ അവസാനഭാഗം ഞാൻ വായിക്കാം. 'പൊതുവിപണിയിൽ ഇടപെടുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന് ധനസഹായം നൽകിവരുന്നുണ്ടോ, വ്യക്തമാക്കാമോ?' എന്ന ചോദ്യത്തിന് 2020-21 വർഷത്തിൽ ഒന്നുമില്ല (zero), 2021-22 വർഷത്തിൽ 75 കോടി രൂപ, 2022-23 വർഷത്തിൽ ഒന്നുമില്ല (zero), 2023-24 വർഷത്തിൽ 375 കോടി രൂപ. ചോദ്യത്തിന്റെ അവസാനത്തെ പിരിവായ 'എങ്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് ഈ സാമ്പത്തികവർഷം എത്ര തുക നൽകാനാണ് പ്രഖ്യാപനം നടത്തിയത്; അതിൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കാമോ? എന്നതിന് '2024-25 സാമ്പത്തികവർഷത്തെ വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റ് വിഹിതമായി സപ്ലൈകോയ്ക്ക് 205 കോടി

രൂപയാണ് വകയിരുത്തിയിട്ടുള്ളത് എന്നാണ് ബഹുമാനപ്പെട്ട മന്ത്രിതന്നെ നിയമസഭയിൽ മറുപടി പറഞ്ഞിരിക്കുന്നത്. 'ഈ സാമ്പത്തികവർഷം തുക വിതരണം ചെയ്ത് തുടങ്ങിയിട്ടില്ല.' ഇതുവരെ അനുവദിക്കപ്പെട്ട തുകയിൽനിന്നും ഒരു രൂപപോലും വിനിയോഗിച്ച് തുടങ്ങിയിട്ടില്ലെന്ന് അങ്ങ് തന്നെ നിയമസഭയിൽ പറയുകയാണ്. അപ്പോൾ എന്താണ് സ്ഥിതി? വിപണി ഇടപെടൽ നടത്തേണ്ട സപ്ലൈകോയുടെ അവസ്ഥയാണ് ഇവിടെ പറഞ്ഞത്. കഴിഞ്ഞദിവസം മുഖ്യമന്ത്രി സപ്ലൈകോയുടെ 50-ാം വാർഷികം ഉദ്ഘാടനം ചെയ്തു. 13 അവശ്യ സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കില്ലെന്നുപറഞ്ഞ് അധികാരത്തിൽ വന്ന സർക്കാർ 13 സാധനങ്ങൾക്കും നൽകിവന്നിരുന്ന സബ്സിഡി 55 ശതമാനത്തിൽനിന്നും 35 ശതമാനമായി കുറച്ചു. അങ്ങനെ സബ്സിഡി 55 ശതമാനത്തിൽനിന്നും 35 ശതമാനത്തിലേയ്ക്ക് കുറച്ചശേഷം 50-ാം വാർഷികം ആഘോഷിക്കുന്ന ഒരു സർക്കാരാണ് ഇന്ന് കേരളത്തിൽ അധികാരത്തിലിരിക്കുന്നത്. വില വർദ്ധനവ് ജനങ്ങളെ ബാധിക്കില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അത് ശരിയാണ്. കാരണം, സപ്ലൈകോയിലെ വിലവർദ്ധനവ് ഇപ്പോൾ

കേരളത്തിലെ ജനങ്ങളെ ബാധിക്കില്ല, കാരണം സപ്ലൈകോയിൽ ഒരു സാധനവുമില്ല. സപ്ലൈകോയിൽ പോയി ആരെങ്കിലും എന്തെങ്കിലും വാങ്ങിച്ചാലല്ലേ വിലവർദ്ധനവ് ജനങ്ങളെ ബാധിക്കേണ്ട കാര്യമുള്ളൂ. മാസങ്ങളായി സപ്ലൈകോ ഔട്ട്ലെറ്റിൽ പഞ്ചസാര, തുവരപരിപ്പ്, വൻപയർ തുടങ്ങിയ സാധനങ്ങളില്ല. യഥാർത്ഥത്തിൽ സപ്ലൈ ഇല്ലാത്ത സപ്ലൈകോയായി കേരളത്തിലെ സംവിധാനം മാറി. ഞങ്ങൾ ഇത് നേരത്തെ നിയമസഭയിൽ പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പ്രതിപക്ഷത്തെ വെല്ലുവിളിച്ച് ഏത് ഔട്ട്ലെറ്റിൽ വേണമെങ്കിലും നേരിട്ടുപോയി പരിശോധിക്കാമെന്ന് പറഞ്ഞു. ഇന്ന് കേരളത്തിലെ ഏത് സപ്ലൈകോ ഔട്ട്ലെറ്റിൽ മാധ്യമങ്ങൾ പോയി പരിശോധിച്ചാലും അവിടെ ഒഴിഞ്ഞുകിടക്കുന്ന റാക്കുകളാണ് കാണാൻ സാധിക്കുക. അക്കാര്യം നിരവധി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്? സപ്ലൈകോയ്ക്ക് 600 കോടിയിലധികം രൂപ കുടിശ്ശികയായി കൊടുക്കാനുള്ളതുകൊണ്ട് കരാറുകാർ ആരും സഹകരിക്കുന്നില്ല. സപ്ലൈകോയ്ക്ക് ഇൻഡന്റ് കൊടുത്ത് ടെൻഡർ

ക്ഷണിക്കുമെങ്കിലും ഒരാളും ടെൻഡറിൽ പങ്കെടുക്കാൻ തയ്യാറാകുന്നില്ല എന്നതാണ് യാഥാർത്ഥ്യം. വകുപ്പിന്റെ ഡിമാന്റ് ചർച്ചയിൽ തുക പാസ്സാക്കിത്തരണമെന്നും പാസ്സാക്കുന്ന തുക സമയത്ത് കിട്ടാനുള്ള നടപടിയുണ്ടാകണമെന്നും ബഹുമാനപ്പെട്ട മന്ത്രിതന്നെ കഴിഞ്ഞദിവസം നിയമസഭയിൽ പറഞ്ഞിരുന്നു.

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... അങ്ങ് അവസാനിപ്പിക്കു.

ശ്രീ. റോജി എം. ജോൺ: ഞാൻ അവസാനിപ്പിക്കുകയാണ്. ഇത് നമ്മുടെ നാട്ടിലെ സാധാരണക്കാരെ ബാധിക്കുന്ന വിഷയമാണ്. ഞാൻ മറ്റൊന്നും പറഞ്ഞുപോകുന്നില്ല; ഇക്കാര്യങ്ങളൊക്കെ ഈ സഭയിലല്ലാതെ വേറെ എവിടെ പറയാൻ സാധിക്കും? ഇന്നത്തെ കേരള കൗമുദി പത്രത്തിൽ വന്ന ഒരു വാർത്തയാണിത്. 'പലവ്യഞ്ജനത്തിനും വില കുതിക്കുന്നു - ഇടപെടാതെ സർക്കാർ' എന്നാണ് ആ വാർത്തയുടെ തലക്കെട്ട്. സപ്ലൈകോയ്ക്ക് 3500 കോടി രൂപ കിട്ടാനുണ്ടെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. സംസ്ഥാന സർക്കാർ വിപണി ഇടപെടലിനായി കൊടുക്കാനുള്ള സബ്സിഡി 1475 കോടി രൂപയാണെങ്കിൽ കേന്ദ്രസർക്കാർ

നെല്ല് സംഭരണത്തിനായി കൊടുക്കാനുള്ളത് 1079 കോടി രൂപയാണ്. ചേട്ടൻ ബാവയും കൊള്ളാം, അനിയൻ ബാവയും കൊള്ളാം. സ്കൂൾ ഉച്ചഭക്ഷണ ഇനത്തിലെ കുടിശ്ശിക 150 കോടി രൂപയാണ്. ഹെലികോപ്റ്ററിന് ചെലവാക്കുന്ന വാടകയെങ്കിലും സ്കൂൾ ഉച്ചഭക്ഷണത്തിന് ചെലവഴിച്ച തുകയുള്ള കുടിശ്ശികയിനത്തിൽ കൊടുക്കാൻ സർക്കാർ തയ്യാറായെങ്കിൽ കൊള്ളായിരുന്നു. സപ്ലൈകോയിൽ സാധനങ്ങൾ സ്റ്റോക്കില്ലെന്നത് വസ്തുതയാണ്. പ്രതിപക്ഷം നിയമസഭയിൽ ഈ വിഷയങ്ങൾ ഉന്നയിച്ചതുകൊണ്ടാണ് സപ്ലൈകോയുടെ വരുമാനത്തിൽ ഇടിവുണ്ടായിരിക്കുന്നത് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. സപ്ലൈകോ സ്റ്റോറുകളിൽ ആവശ്യത്തിനുള്ള സാധനങ്ങൾ ലഭ്യമായാൽ അത് വാങ്ങാൻ ആളുകൾ അവിടെ എത്തും. സാധനങ്ങളില്ലാത്ത സ്റ്റോറുകളിലേയ്ക്ക് ആളുകൾ കയറാതെ വരുമ്പോൾ വീണ്ടും അവിടെ വിലയിടിവുണ്ടാവുകയാണ്. സപ്ലൈകോയിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം നൽകുന്നില്ല. ഓരോ ഔട്ട്ലെറ്റിലും മാസം 6 ലക്ഷം രൂപയുടെ ടാർജറ്റ് തികഞ്ഞാൽ

മാത്രമെ താൽകാലിക ജീവനക്കാർക്ക് ദിവസവും 575 രൂപ കൂലി കിട്ടുകയുള്ളുവെന്നതാണ് വ്യവസ്ഥ. ഇപ്പോൾ പല ഔട്ട്ലെറ്റുകളിലെയും മാസ വിറ്റുവരവ് 3 ലക്ഷം രൂപയിൽ താഴെയാണ്. മൂന്ന് തൊഴിലാളികളുള്ള ഒരു സപ്ലൈകോയിൽ 24 ദിവസം പണിയെടുത്താൽ അവർക്ക് ആകെ കിട്ടുന്ന ശമ്പളം 13800 രൂപയാണ്. അത് മൂന്നായി വീതിച്ചെടുത്താൽ ഒരാൾക്ക് മാസം കിട്ടുന്നത് 4600 രൂപ മാത്രമാണ്. സപ്ലൈകോയിൽ താൽകാലികമായി പണിയെടുക്കുന്ന സാധാരണ ജീവനക്കാരന് ഒരു ദിവസം കിട്ടുന്ന കൂലി ശരാശരി 167 രൂപ മാത്രമാണ്. 167 രൂപ ദിവസക്കൂലി വേതനത്തിൽ തൊഴിലെടുക്കേണ്ടിവരുന്ന സാധാരണക്കാരായ തൊഴിലാളികളുടെ ദുരവസ്ഥ ഈ സർക്കാർ കാണുന്നില്ലേ? ആ ദുരവസ്ഥയിൽ നിന്നുകൊണ്ടാണ് സപ്ലൈകോയുടെ 50-ാം വാർഷികം ആഘോഷിക്കുന്നത്. കോവിഡ് കാലത്ത് സൗജന്യ കിറ്റ് വിതരണത്തിന് സാധനങ്ങൾ നിറച്ചുതന്ന സാധാരണക്കാരായ ജീവനക്കാരുടെ ദുരിതം കാണാതെ പോകരുതെന്നാണ് എനിക്ക് ഈ സർക്കാരിനോട് പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: പ്ലീസ്..... പ്ലീസ്..... അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ അവസാനിപ്പിക്കാം. സാധാരണക്കാരായ ആളുകളെയാണ് വിലക്കയറ്റം ഏറ്റവും കൂടുതലായി ബാധിക്കുന്നത്. ദിവസക്കൂലിക്ക് പണിയെടുക്കുന്ന തൊഴിലാളികൾ, ഓട്ടോറിക്ഷാ ഡ്രൈവർമാർ തുടങ്ങിയ സാധാരണക്കാരായ ആളുകൾ അവരുടെ ജീവിതം രണ്ടറ്റം കൂട്ടിമുട്ടിക്കാനായി പ്രയാസപ്പെടുകയാണ്. ഇങ്ങനെ ജനങ്ങൾ പൊറുതിമുട്ടുമ്പോൾ അവരുടെ പർച്ചേസിംഗ് പവർ കൂട്ടാനുള്ള എന്തെങ്കിലും നടപടി സർക്കാർ സ്വീകരിക്കണ്ടേ? സർക്കാർ അവർക്ക് കൊടുക്കാനുള്ള ക്ഷേമ പെൻഷൻ കൊടുക്കുന്നില്ല. ആറുമാസമായി ക്ഷേമ പെൻഷൻ കുടിശ്ശികയാണ്. ക്ഷേമനിധി ബോർഡുകളിലെ പെൻഷനും വർഷങ്ങളായി കുടിശ്ശികയാണ്. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കൊടുക്കാനുള്ള കുടിശ്ശികയും കൊടുത്ത് തീർക്കുന്നില്ല. ഒരുവശത്ത് നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നു. അവരുടെ പർച്ചേസിംഗ് പവർ കൂട്ടുന്നതിനുവേണ്ടി കുടിശ്ശികപോലും കൊടുക്കാത്ത അവസ്ഥയാണുള്ളത്. ഒരു വശത്ത് സർക്കാർ വരുത്തിയിരിക്കുന്ന കുടിശ്ശികയുടെ ദുരിതം ജനങ്ങൾ അനുഭവിക്കുമ്പോൾ

മറുവശത്ത് വിലക്കയറ്റംകൊണ്ട് ജനങ്ങൾ പൊറുതിമുട്ടുകയാണ്. ഈ നാട്ടിൽ ഒരു കാരണവശാലും ജീവിക്കാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് സാധാരണക്കാരൻ നിത്യജീവിതം മുന്നോട്ടുവയ്ക്കുമ്പോൾ അതിനെതിരെ കണ്ണടച്ചുനിൽക്കുന്ന ഒരു സർക്കാരാണിത്. കേവലം ആഘോഷം നടത്തിയതുകൊണ്ടുമാത്രം ജനങ്ങളുടെ പ്രശ്നത്തിന് പരിഹാരമാകില്ല. ഇത്രയും ഗുരുതരമായിട്ടുള്ള വിഷയം ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തി വയ്ക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ വിശദീകരിച്ച ചില കാര്യങ്ങളിൽ ഗവൺമെന്റ് ഫലപ്രദമായ ഇടപെടൽ നടത്തുന്നുണ്ട്. സംസ്ഥാനത്തെ പച്ചക്കറി വില വർദ്ധനയുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിച്ച വിഷയങ്ങളിന്മേൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നതതല യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി പ്രശ്ന പരിഹാരത്തിനാവശ്യമായ നടപടികളിലേയ്ക്ക് നീങ്ങുന്നതാണ്. പൊതുവിതരണ സംവിധാനത്തെയും സപ്ലൈകോയെക്കുറിച്ചുമെല്ലാം

അദ്ദേഹം ഇവിടെ വാചാലനാവുകയുണ്ടായി. വിലക്കയറ്റം എന്നത് കേരളത്തിന്റെ മാത്രം വിഷയമല്ല, രാജ്യമൊട്ടാകെയുള്ള ഒരു പ്രശ്നമാണെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ നേതാവ് ശ്രീ. പി. ചിദംബരം കേന്ദ്ര മന്ത്രിയായിരിക്കുമ്പോൾ പാർലമെന്റിൽ ഈ വിഷയത്തെക്കുറിച്ച് നടന്ന ചർച്ചയ്ക്ക് മറുപടിയായി പറഞ്ഞ കാര്യവും അദ്ദേഹത്തിന് അറിയാമായിരിക്കും. നമ്മൾ പലപ്പോഴും പല പൊതുവേദികളിലും ചർച്ച ചെയ്യുന്ന ഒരു വിഷയം കൂടിയാണത്. വിലക്കയറ്റം നിയന്ത്രിക്കാൻ തന്റെ കയ്യിൽ മാന്ത്രികവടിയൊന്നുമില്ലെന്ന് പറഞ്ഞ അന്നത്തെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയാണ് ശ്രീ. പി. ചിദംബരം എന്ന കാര്യം മറന്നുപോകരുത്. ഇവിടെ ശ്രീ. അനൂപ് ജേക്കബ് മന്ത്രിയായിരുന്ന കാലയളവിൽ പല സമ്മേളനങ്ങളിലെയും അടിയന്തരപ്രമേയത്തിന് നൽകിയ മറുപടികളും ഞാനൊന്ന് ഓടിച്ചുനോക്കുകയുണ്ടായി; അതിന്റെ തർക്കത്തിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല ...(ബഹളം)... ഇത്തരം വിഷയങ്ങളിൽ നാം കൂട്ടായി ഇടപെടേണ്ടതുണ്ട്. കേന്ദ്ര സർക്കാർ അനുവർത്തിച്ചുവരുന്ന വികലമായ സാമ്പത്തിക നയങ്ങളാണ് ഇത്തരം

സാഹചര്യങ്ങളിലേയ്ക്കെത്തിക്കുന്നത്. കേന്ദ്ര സർക്കാർ കേരളത്തോട് സ്വീകരിക്കുന്ന സമീപനമെന്താണ്? അത് സംബന്ധിച്ച് ഈ സഭ പലതവണ ചർച്ച ചെയ്തതാണ്. സംസ്ഥാനത്തിനാവശ്യമായ അരി ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങൾ നൽകുന്ന കാര്യത്തിൽ കേന്ദ്രം പിന്തുടരുന്ന വിവേചനപരമായ നിലപാടിനെ ചോദ്യം ചെയ്യാൻ നമുക്ക് വേണ്ടത്ര യോജിച്ച് നീങ്ങാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്തിന് രണ്ട് ലക്ഷം മെട്രിക് ടൺ അരി വെട്ടിക്കുറച്ചത് ആരാണ്? അത് പുനഃസ്ഥാപിക്കണമെന്ന ആവശ്യം ഈ സഭയല്ലേ ഏകകണ്ഠമായി പാസ്സാക്കിയത്? കേരളത്തിലെ റേഷൻ വിതരണ രംഗത്ത് സർക്കാർ ഫലപ്രദമായി ഇടപെട്ടതിന്റെ ഭാഗമായി 97-98 ശതമാനം കുടുംബങ്ങൾ റേഷൻ കടകളിൽനിന്നും ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്ന സാഹചര്യമുണ്ടായി. ഓരോ മാസത്തെയും ശരാശരി എടുത്തുനോക്കിയാൽ 82-83 ശതമാനം കുടുംബങ്ങൾ പൊതുവിതരണ കേന്ദ്രങ്ങളിൽനിന്നും കൃത്യമായി അരി വാങ്ങുന്നുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. ഈ മാസം ഇതുവരെ 5,533,526 കുടുംബങ്ങൾ അതായത്, 59% കുടുംബങ്ങളാണ് സംസ്ഥാനത്തെ പൊതുവിതരണ

കേന്ദ്രത്തെ ആശ്രയിച്ചിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് അർഹമായ ഭക്ഷ്യധാന്യം നൽകാത്ത നിലപാട് സ്വീകരിക്കുമ്പോഴും ഈ സർക്കാർ ജനങ്ങളെ ചേർത്തുനിർത്തുകയാണ് ചെയ്യുന്നത്. മാത്രമല്ല, ആറ് മാസത്തെ റേഷൻ വിതരണത്തിന്റെ തോത് പരിശോധിച്ചാൽ, മഞ്ഞ കാർഡുകാർ 97-98 ശതമാനവും പിങ്ക് കാർഡുകാർ 94 ശതമാനവും നീല കാർഡുകാർ 82 ശതമാനവും വെള്ള കാർഡുകാർ 64 ശതമാനവും തങ്ങൾക്ക് അർഹമായ വിഹിതം വാങ്ങുന്നതായി കാണാൻ കഴിയും. ശരാശരി പരിശോധിച്ചാൽ ഡിസംബർ 82.7%, ജനുവരി 83.47%, ഫെബ്രുവരി 83.3%, മാർച്ച് 81.98%, ഏപ്രിൽ 80%, മേയ് 81.26% എന്നിങ്ങനെയാണ് റേഷൻ ഉപഭോഗം. റേഷൻ വിതരണത്തിന്റെ ചെലവ് കേന്ദ്ര ഗവൺമെന്റിന്റെ ബാധ്യതയാണോ? ഈ സർക്കാർ ഓരോ വർഷവും ഇതിനുവേണ്ടി ചെലവഴിക്കുന്ന തുക പരിശോധിച്ചാൽ സർക്കാർ അതിനാവശ്യമായ ഇടപെടൽ നടത്തുന്നുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. കേന്ദ്ര ഗവൺമെന്റിൽനിന്നും 8.30 രൂപയ്ക്ക് സർക്കാർ വാങ്ങുന്ന അരി നീല കാർഡുകാർക്ക് 4 രൂപ, വെള്ള കാർഡുകാർക്ക് 10.90 രൂപ എന്നീ നിരക്കിൽ

വിതരണം ചെയ്യുകയാണ്. ഭക്ഷ്യധാന്യങ്ങളുടെ വിലയിനത്തിൽ പ്രതിവർഷം 336 കോടി രൂപയും റേഷൻ വ്യാപാരികളുടെ കമ്മീഷൻ ഇനത്തിൽ 324 കോടി രൂപയും ഗതാഗത കൈകാര്യ ചെലവ്, ഗോഡൗൺ വാടക, ജീവനക്കാർക്കുള്ള ശമ്പളം, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി 254 കോടി രൂപയും സംസ്ഥാന സർക്കാർ ചെലവഴിക്കുകയാണ്. അതായത്, ഈ ഇനത്തിൽ ഒരു വർഷം 914 കോടി രൂപ സർക്കാർ ചെലവഴിക്കുകയാണ്. ഇതിൽ 96 കോടി രൂപ മാത്രമാണ് കേന്ദ്ര ഗവൺമെന്റ് നൽകുന്നത്. ഈ വിഷയത്തിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടിനെ ചോദ്യം ചെയ്യാൻ ഏതെങ്കിലുമൊരു ഘട്ടത്തിൽ യു.ഡി.എഫ്. എം.പി.മാർ തയ്യാറായിട്ടുണ്ടോ? കേരളത്തിന് അർഹമായത് നൽകണമെന്ന് അവർ കേന്ദ്രത്തോട് ആവശ്യപ്പെടുന്നുണ്ടോ? അത് കേരളത്തിന്റെ ഒരു പൊതുതാൽപര്യമല്ലേ; അന്യ സംസ്ഥാനങ്ങളിലെ അരിവിലയുമായി താരതമ്യം ചെയ്യുമ്പോൾ ഇവിടത്തെ അരിയുടെ വില വ്യത്യാസം മനസ്സിലാക്കാൻ സാധിക്കും. ഒരു കിലോ അരിക്ക് കർണ്ണാടകയിൽ 54.71 രൂപയും തെലങ്കാനയിൽ 47 രൂപയുമാണ് വില. കേരളത്തിൽ ശരാശരി

അരി വില 45 രൂപയാണ്. എന്താണ് അതിന് കാരണം? നാം ഉപയോഗിക്കുന്ന അരി ന്യായവിലയ്ക്ക് പൊതുവിതരണ കേന്ദ്രങ്ങളിലൂടെ കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്നതുകൊണ്ടാണ് കേരളത്തിൽ ശരാശരി അരി വില 45 രൂപയായിരിക്കുന്നത്. മുൻകാലങ്ങളിൽ ഒ.എം.എസ്. (ഓപ്പൺ മാർക്കറ്റ് സെയിൽസ്) സ്കീമനുസരിച്ച് സംസ്ഥാനത്തിന് ആവശ്യമുള്ള അരി വാങ്ങാൻ സാധിക്കുമായിരുന്നു. എന്നാൽ കേന്ദ്ര ഗവൺമെന്റ് പ്രസ്തുത സ്കീം നിർത്തലാക്കുന്ന നിലപാട് സ്വീകരിച്ച ഘട്ടത്തിൽപോലും കിലോയ്ക്ക് 41 രൂപ നിരക്കിൽ വാങ്ങുന്ന അരി 30 രൂപയ്ക്കാണ് സപ്ലൈകോ വഴി സർക്കാർ വിതരണം ചെയ്തത്. എന്നുപറഞ്ഞാൽ ഒരു കിലോ അരിക്ക് 11 രൂപ നഷ്ടം സഹിച്ചുകൊണ്ട് ജനങ്ങൾക്ക് ആശ്വാസം പകരാനുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. നാല് മാസങ്ങളിലായി ശബരി കെ റൈസിന് 41 കോടി രൂപയുടെ വിൽപന നടന്നിട്ടുണ്ട്. അതായത്, 1,38,000 ക്വിന്റൽ അരി 30 ലക്ഷം കുടുംബങ്ങൾ വാങ്ങിയതായാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഈ സർക്കാരിന്റെ ഫലപ്രദമായ വിപണി ഇടപെടലിന്റെ ഭാഗമായാണ്

അതൊക്കെ നടന്നത്. ഇവിടെ സപ്ലൈകോയെക്കുറിച്ച് പറഞ്ഞു: 2022-23 സാമ്പത്തികവർഷം സപ്ലൈകോ ഔട്ട്‌ലെറ്റുകളിലൂടെ 5302.48 കോടി രൂപയുടെ വിൽപന നടത്താൻ കഴിഞ്ഞു. കുറച്ച് പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ടെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്ന നിലപാടാണ് കേന്ദ്രം സ്വീകരിക്കുന്നത്; എല്ലാ മേഖലയെയും അത് കുറേശ്ശെ ബാധിക്കുകയും ചെയ്തു. സപ്ലൈകോയുടെ വിൽപനയുമായി ബന്ധപ്പെട്ട് പൊതുവിതരണ രംഗത്ത് നൽകുന്ന സബ്സിഡിയുടെ കാര്യത്തിൽ കുറച്ച് തടസ്സമുണ്ടായി എന്നുള്ളത് സത്യമായ കാര്യമാണ്. എന്നാൽ അതിനെ അതിജീവിക്കാനുള്ള നടപടിയുമായിട്ടാണ് സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. സപ്ലൈകോയുടെ അൻപതാം വാർഷികം നടത്തുന്നതിനെ ബഹുമാനപ്പെട്ട അംഗം ഇവിടെ വിമർശിക്കുകയുണ്ടായി. സപ്ലൈകോയിലെ സബ്സിഡി ഉൽപന്നങ്ങൾ മാത്രമല്ല, നോൺ സബ്സിഡി ഉൽപന്നങ്ങളുടെ വിൽപനയെക്കുറിച്ചും ഞാൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സപ്ലൈകോയിലൂടെ നാലിലൊന്ന് ശതമാനം സബ്സിഡി ഉൽപന്നങ്ങളുടെ

വിൽപനയാണ് നടക്കുന്നതെങ്കിൽ നാലിൽമൂന്ന് ശതമാനം സബ്സിഡി ഇതര ഉൽപന്നങ്ങളുടെ വിൽപനയാണ് നടക്കുന്നത്. അതായത് സബ്സിഡി ഇതര ഉൽപന്നങ്ങൾക്കുപോലും 5 മുതൽ 30 ശതമാനംവരെ വിലക്കുറവുണ്ട്. ആളുകൾക്ക് ന്യായവിലയ്ക്ക് ഭക്ഷ്യോൽപന്നങ്ങൾ ലഭ്യമാക്കാനുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. കേരളത്തിലെ ഒരു പൊതുമേഖലാ സ്ഥാപനത്തിലൂടെ വർഷംതോറും നാലായിരവും അയ്യായിരവും ആറായിരവും കോടി രൂപയുടെ വിൽപനയാണ് നടക്കുന്നത്. അൻപത് വർഷക്കാലം ഇതുപോലൊരു പൊതുമേഖലാ സ്ഥാപനത്തിന് നിലനിൽക്കാൻ കഴിഞ്ഞതുതന്നെ നാം അഭിമാനമായി കാണേണ്ടതാണ്. കേരളത്തിലെ ജനങ്ങളുടെ വിശ്വാസമാർജിച്ച ഈ സ്ഥാപനത്തെ പിന്തുണയ്ക്കാനും സംരക്ഷിക്കാനുമുള്ള നടപടി സ്വീകരിക്കുന്നതിനുപകരം ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളുടെ ഭാഗത്തുനിന്നും അതിനെ തകർക്കുന്ന സമീപനമുണ്ടാകുന്നത് ഖേദകരമാണെന്നു മാത്രമെ എനിക്ക് പറയാനുള്ളൂ. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഈ രീതിയിൽ ഫലപ്രദമായ ഇടപെടൽ നടത്തുന്ന സ്ഥാപനങ്ങളെ വളരെ മോശമായി

ചിത്രീകരിച്ചതുകൊണ്ട് എന്താണ് ഗുണം? ഇവിടെ ബഹുമാനപ്പെട്ട അംഗം കേരള കൗമുദി പത്രത്തിൽ വന്ന ഒരു വാർത്തയെപ്പറ്റി സൂചിപ്പിച്ചു, ഞാനത് വായിച്ചതാണ്. 'മഴ കുറഞ്ഞതും ഉത്തരേന്ത്യയിൽ ചൂട് കൂടിയതുമാണ് വില വർദ്ധനയ്ക്ക് കാരണമായതെന്ന്' അതിൽ ലേഖകൻ വളരെ വ്യക്തമായി പറയുന്നുണ്ട്; എന്നാൽ ആ വാചകം ബഹുമാനപ്പെട്ട അംഗം വായിച്ചില്ല. മാത്രമല്ല, 'തമിഴ്നാട്ടിൽനിന്നുള്ള പച്ചക്കറിയുടെ വരവും കുറഞ്ഞു, ട്രോളിംഗ് നിരോധനവും ശക്തമായ തിരമാലയും കാരണം മത്സ്യലഭ്യത കുറഞ്ഞതോടെ മത്സ്യത്തിന്റെ വിലയും വർദ്ധിച്ചുതുടങ്ങി എന്നാണ് പറയുന്നത്. മത്തിയുടെ വില വർദ്ധനയെപ്പറ്റിയും പ്രസ്തുത പത്ര റിപ്പോർട്ടിൽ പറയുന്നുണ്ട്. അദ്ദേഹം ആ പോയിന്റ് പറയാതെ മറ്റ് കാര്യങ്ങളാണ് പറഞ്ഞത്. അത് വാസ്തവമല്ലേ; മാധ്യമങ്ങൾപോലും അംഗീകരിക്കുന്ന കാര്യമെന്താണ്? താൽകാലികമായി ഉണ്ടായ ഒരു വിഷയമാണ് പച്ചക്കറിക്കുണ്ടായ വിലക്കയറ്റം. 'വീക്ഷണം' പത്രത്തിലും അത് എഴുതിയിട്ടുണ്ട്. അതൊക്കെ യാഥാർത്ഥ്യമാണ്. അത് പരിഹരിക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കും, അല്ലാതെ കാഴ്ചക്കാരായി നിൽക്കുന്ന നിലപാടല്ല സർക്കാർ സ്വീകരിക്കുന്നത്. ഇത്തരം

ഘട്ടങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾ മാറാതെ വിലക്കയറ്റം ഒഴിവാക്കാൻ കഴിയില്ലെന്ന യാഥാർത്ഥ്യം നമുക്കെല്ലാവർക്കും അറിയാം. അത്തരം നയങ്ങൾ തിരുത്താനുള്ള ശക്തമായ ഇടപെടലാണ് നമുക്കെല്ലാം ചെയ്യാൻ കഴിയുന്ന കാര്യം. ആ വിഷയത്തിന്റെ മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഇവിടെ ഇന്ത്യയിലെ ശരാശരി നിരക്കിനെക്കുറിച്ച് അദ്ദേഹം പറഞ്ഞത് ശരിയാണ്, രാജസ്ഥാനെക്കുറിച്ച് പറയുന്നില്ല, എന്നാൽ നമ്മുടെ തൊട്ടടുത്ത് കിടക്കുന്ന കർണ്ണാടക, തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളായ തെലങ്കാന, ഒഡീഷ എന്നിവ പരിശോധിച്ചാൽ വിലക്കയറ്റത്തിന്റെ കാര്യത്തിൽ അവർ കേരളത്തെക്കാളും വളരെ മുന്നിലാണ് എന്ന് മനസ്സിലാകും. വിലക്കയറ്റത്തിന്റെ കാര്യത്തിൽ കേരളം അപ്പോഴും പുറകിലാണ്. ഇതുവരെയുള്ള കണക്കുകൾ നോക്കുമ്പോൾ, ഇന്ത്യാ രാജ്യത്ത് മാതൃകാപരമായ ഒരു നിലപാടും അവസ്ഥയും സൃഷ്ടിച്ച സംസ്ഥാനം കേരളമാണെന്ന കാര്യം പ്രതിപക്ഷവും ഭരണപക്ഷവും ഒരുപോലെ സമ്മതിക്കേണ്ടതുണ്ട്. അത് ഒരു യാഥാർത്ഥ്യമല്ലേ? അതിനെ നാം എന്തിനാണ് തള്ളിക്കളയുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ മോണിട്ടറി

നയങ്ങളാണ് വിലക്കയറ്റം നിയന്ത്രിക്കുന്നത്. നാണ്യപെരുപ്പത്തിന്റെ കാര്യം ഞാനിവിടെ സൂചിപ്പിച്ചു. പണപ്പെരുപ്പവും വിലക്കയറ്റവും ഇരട്ടസഹോദരങ്ങളാണ്. വിലനിലവാരത്തിൽ പണപ്പെരുപ്പത്തിന്റെ സ്വാധീനം പ്രതിഫലിപ്പിക്കേണ്ടത് അനിവാര്യമാണ്. അതുകൊണ്ട് എല്ലാ മേഖലയിലും ഫലപ്രദമായ വിപണി ഇടപെടൽ നടത്താൻ ഗവൺമെന്റ് പരിശ്രമിക്കുന്നുണ്ട്. സാമ്പത്തികമായ പ്രയാസങ്ങൾ സംസ്ഥാനത്തെ ബാധിച്ചുവെന്നത് ഒരു വസ്തുത തന്നെയാണ്; അക്കാര്യത്തിൽ തർക്കിക്കുന്നില്ല. ആ വിഷയങ്ങൾ പരിഹരിച്ച് വളരെ വേഗത്തിൽ മുന്നോട്ടുപോകാനുള്ള നിലപാടിലാണ് കേരള ഗവൺമെന്റും പൊതുവിതരണ മേഖലയും എന്നുള്ള കാര്യം സൂചിപ്പിക്കുന്നു. അത്തരമൊരു സാഹചര്യത്തിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കേണ്ടതില്ല.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സപ്ലൈകൊയെയും പൊതുവിതരണ സമ്പ്രദായവുമായി ബന്ധപ്പെട്ടുള്ള മറ്റ് കാര്യങ്ങളെയുംപറ്റി ബഹുമാനപ്പെട്ട മന്ത്രി വിശദമായി പറഞ്ഞു കഴിഞ്ഞു.

ബഡ്ജറ്റിൽ ഇതിനായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും അതിനെക്കാൾ കൂടുതൽ തുക നൽകിയാണ് എപ്പോഴും ഇത്തരം കാര്യങ്ങൾ ചെയ്യുന്നത്. സർക്കാരിന്റെ പ്രത്യേക ശ്രദ്ധ ആവശ്യമുള്ള മേഖല തന്നെയാണിത്. അതിനാൽ സർക്കാരിന്റെയും ധനകാര്യ വകുപ്പിന്റെയും ഭാഗത്തുനിന്ന് പ്രത്യേക ശ്രദ്ധയുണ്ടാകുമെന്ന് പറയാൻ ഈ അവസരം ഉപയോഗിക്കുകയാണ്. വിലക്കയറ്റം സംബന്ധിച്ച് നേരത്തെ ബഹുമാനപ്പെട്ട അംഗം റോജി എം. ജോൺ ഇവിടെ സൂചിപ്പിച്ച ചാർട്ട് ഒന്നുകൂടി പരിശോധിക്കണം. കേരളത്തിൽ 5.47 ശതമാനം വിലക്കയറ്റം ഉള്ളപ്പോൾ അതിനെക്കാളും വളരെയധികമാണ് തൊട്ടടുത്ത സംസ്ഥാനങ്ങളിലെ വില എന്നുള്ളത് ജൂൺ 12-ന് പ്രസിദ്ധീകരിച്ചിട്ടുള്ള അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള കണക്കുകളിൽനിന്നും വ്യക്തമാണ്. ഞാൻ ഒരു സംസ്ഥാനത്തെയും എടുത്തു പറയുന്നില്ല; കർണ്ണാടകയിലായാലും തെലുങ്കാനയിലായാലും അതുപോലെ മറ്റേത് സംസ്ഥാനങ്ങളിലായാലും വില അധികംതന്നെയാണ്. വർഷം തോറുമുള്ള പണപ്പെരുപ്പവും വിലക്കയറ്റവും പരിശോധിക്കുമ്പോൾ കേരളത്തിൽ താരതമ്യേന വില കുറഞ്ഞാണ്

നിൽക്കുന്നത് എന്നുള്ള ജൂൺ 12-ലെ റിപ്പോർട്ടിന്റെ കോപ്പി ബഹുമാനപ്പെട്ട അംഗത്തിന് ആവശ്യമുണ്ടെങ്കിൽ ഞാൻ തരാം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, പച്ചക്കറിയുമായി ബന്ധപ്പെട്ട രണ്ട് കാര്യങ്ങൾ മാത്രം ശ്രദ്ധയിൽപ്പെടുത്തുകയാണ്. കഴിഞ്ഞ ദിവസം യോഗം ചേർന്ന കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കേണ്ടതും കൂടി ഇതിനാവശ്യമായ ഘടകമാണ്. തക്കാളിയുടെയും മറ്റുംകാര്യം ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു. അട്ടപ്പാടിയിലും വടകരപ്പതിയിൽനിന്നുമെല്ലാം തക്കാളി കർഷകർക്ക് നല്ല വില നൽകി സംഭരിച്ച് വിലക്കയറ്റം കൂടുതൽ അനുഭവപ്പെടുന്ന തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം ജില്ലകളിലേയ്ക്ക് വിതരണം ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. ചില പച്ചക്കറികൾ കേരളത്തിന് പുറത്തുനിന്ന് ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് സംഭരിച്ച് വിപണനം നടത്താനുള്ള

സംവിധാനവും ഏർപ്പാടാക്കിയിട്ടുണ്ട്. ഹോർട്ടികോർപ്പിന്റെയും VFPCK-യുടെയും മൊബൈൽ യൂണിറ്റുകൾ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, (മൈക്ക് ഓഫ്)....

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കേരള സ്റ്റേറ്റ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ കണക്കാണ് അങ്ങും പറയുന്നത്. ആ സംവിധാനം കേരളത്തിലുണ്ട്. അവർ പോയി മാർക്കറ്റിലെ വില നോക്കിയാണ് കണക്ക് കൂട്ടുന്നത്. ആ വിലയെ അടിസ്ഥാനപ്പെടുത്തിയാണ് വില കുറച്ചുകൊടുക്കുന്നതിനുള്ള സമീപനം സ്വീകരിച്ചിരിക്കുന്നത്. അത്തരത്തിൽ തുടർന്നും ഫലപ്രദമായ ഇടപെടൽ നടത്തും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച നോട്ടീസിൽ പറഞ്ഞിരുന്നത് എന്താണ്? കേരളത്തിൽ പച്ചക്കറി, പഴവർഗ്ഗങ്ങൾ, മുട്ട, മീൻ, ഇറച്ചി, പലചരക്ക്-പലവ്യഞ്ജന വസ്തുക്കൾ എന്നിവയ്ക്കെല്ലാം 50 ശതമാനം മുതൽ 200 ശതമാനം വരെ വിലക്കയറ്റമുണ്ടായിരിക്കുകയാണ് എന്നാണ്. എന്നാൽ കേരളത്തിലെ Public Distribution System (PDS)-നെക്കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. പൊതുവിതരണ സമ്പ്രദായത്തിലൂടെ റേഷൻ കടയിൽ അരി കൊടുക്കുന്ന കാര്യമാണ് അദ്ദേഹം പറഞ്ഞത്. അതാണോ ഞങ്ങൾ ഇവിടെ കൊണ്ടുവന്ന നോട്ടീസ്? അദ്ദേഹത്തിന്റെ മറുപടിയുടെ 75 ശതമാനവും റേഷൻ കടയിലൂടെ അരി വിതരണം ചെയ്യുന്നതിനെ കുറിച്ചായിരുന്നു. അതല്ല വിഷയം. വിഷയത്തിന് മറുപടി പറയാനില്ലാതായപ്പോഴാണ് PDS-നെക്കുറിച്ച് പറയുന്നത്. PDS-നെക്കുറിച്ചല്ല ഇവിടത്തെ ചർച്ച. ഞങ്ങൾ കൊണ്ടുവന്ന നോട്ടീസ് PDS-നെക്കുറിച്ചല്ല. ഇത്രയും രൂക്ഷമായ വിലക്കയറ്റം സംസ്ഥാനത്തുണ്ടായിരിക്കുന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. കഴിഞ്ഞ മാസത്തെയും ഈ മാസത്തെയും

വിലകളിലുണ്ടായ വ്യത്യാസവും വിലവിവരവും ശ്രീ. റോജി എം. ജോൺ ഇവിടെ പറഞ്ഞു. അപൂർവമായ തരത്തിലുള്ള വിലക്കയറ്റം ഈ സംസ്ഥാനത്തുണ്ടായി എന്നത് യാഥാർത്ഥ്യമാണ്. ഈ വിലക്കയറ്റത്തിന് എതിരായി എന്ത് നടപടി സർക്കാർ സ്വീകരിച്ചുവെന്നതാണ് ചോദ്യം. വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ആദ്യം നിയമസഭയിൽ ഉത്തരം നൽകി. വില കയറിയത് നിങ്ങൾ അറിഞ്ഞില്ലേ? ഞങ്ങൾ ഓപ്പൺ മാർക്കറ്റിൽനിന്നാണ് കണക്കെടുത്തത്. പേയാട് - ചാല മാർക്കറ്റിൽനിന്നും ഹോർട്ടികോർപ്പിന്റെ ഔട്ട്ലെറ്റിൽനിന്നുമാണ് ഞങ്ങൾ ഈ വിലയെടുത്തത്. വില കൂടിയത് ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും അറിഞ്ഞില്ലേ? വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് കഴിഞ്ഞ ആഴ്ച നിയമസഭയിൽ ഉത്തരം നൽകിയിരിക്കുകയാണ്. നിങ്ങൾ എന്ത് ചെയ്തുവെന്നാണ് ഞങ്ങളുടെ ചോദ്യം. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി, അതിൽ എന്ത് നടപടിയെടുത്തു? ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു യോഗം കൂടി, അതിൽ എന്ത് നടപടിയെടുത്തു? കൃഷി വകുപ്പുമന്ത്രി ഹോർട്ടികോർപ്പിന്റെ കാര്യം പറഞ്ഞു.

ഹോർട്ടികോർപ്പിലെ പല ഐറ്റത്തിനും പൊതുമാർക്കറ്റിലേതിനെക്കാൾ വില കൂടുതലാണ്, എല്ലാറ്റിനുമല്ല. ഹോർട്ടികോർപ്പിന്റെ ഒരു ഔട്ട്‌ലെറ്റിൽ പോയി സാധനത്തിന്റെ വില ചോദിച്ചിട്ട് എതിർവശത്തുള്ള ഒരു പച്ചക്കറി കടയിൽ പോയി വില ചോദിച്ചാൽ ആ പച്ചക്കറി കടയിലെ വിലയെക്കാൾ കൂടുതലാണ് ഗവൺമെന്റ് ഏജൻസിയായ ഹോർട്ടികോർപ്പിലെ വില എന്ന് മനസ്സിലാകും. കേരളത്തിൽ ഏറ്റവും കൂടുതൽ പച്ചക്കറി ഉല്പാദിപ്പിക്കപ്പെടുന്ന സ്ഥലമേതാണ്? ഇടുക്കി ജില്ലയിലെ വട്ടവട. ആ വട്ടവടയിലെ പച്ചക്കറി ഉല്പന്നങ്ങൾ ഹോർട്ടികോർപ്പ് ഇപ്പോൾ സംഭരിക്കുന്നുണ്ടോ? കഴിഞ്ഞ ഓണക്കാലത്ത് സംഭരിച്ചതിന്റെ തുകയായ 50 ലക്ഷം രൂപ അവർക്ക് കൊടുക്കാനുണ്ട്. ഞാൻ രണ്ട് മാസം മുമ്പ് ഇടുക്കിയിൽ പോയപ്പോഴും അവിടെയുള്ളവർ ആ പരാതിയുമായി വന്നു. തുക ഇതുവരെ കൊടുത്തിട്ടില്ല. അതുകൊണ്ട് അവർ ഇടനിലക്കാർ വഴി വില കുറച്ച് വിൽക്കുകയാണ്. ഇടനിലക്കാരെ ഒഴിവാക്കി ഗവൺമെന്റ് ഏജൻസി വരുന്നത് മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടിയാണ്. ഗവൺമെന്റ് മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുമ്പോഴാണ് രണ്ട് തരത്തിലുള്ള വിലക്കയറ്റം ഉണ്ടാകുന്നത്. ഒന്ന്,

സ്വാഭാവികമായ വിലക്കയറ്റം; രണ്ട്, ആർട്ടിഫിഷ്യലായി ഇടനിലക്കാരും കച്ചവടക്കാരും കൂടിയുണ്ടാക്കുന്ന കൃത്രിമ വിലക്കയറ്റം. കൃത്രിമ വിലക്കയറ്റത്തെ ഭംഗിയായി നിയന്ത്രിക്കാൻ വേണ്ടിയാണ് ഗവൺമെന്റ് ഏജൻസി മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്നത്. സപ്ലൈകോയുടെ 50-ാം വാർഷികം ആഘോഷിച്ചിട്ട് ബഹുമാനപ്പെട്ട മന്ത്രി സപ്ലൈകോയുടെ ചരിത്രം പറയുകയാണ്. ചരിത്രമൊക്കെ നല്ലതാണ്; മാറിമാറി വന്ന ഗവൺമെന്റുകൾ സപ്ലൈകോയെ ചേർത്തുപിടിച്ചു. 13 ഐറ്റത്തിനാണ് സബ്സിഡി കൊടുക്കുന്നത്. അതിനെ essential commodities എന്ന് പറയും. 13 ഐറ്റം സെലക്ട് ചെയ്ത് അതിന് സബ്സിഡി കൊടുത്ത് സപ്ലൈകോ ഔട്ട്ലെറ്റിലൂടെ വിതരണം ചെയ്താൽ പൊതുമാർക്കറ്റിലെ വില നിയന്ത്രിക്കാൻ സാധിക്കും. 2022-23-ൽ സബ്സിഡി സാധനങ്ങൾ വാങ്ങിയതിൽ ഗ്രാന്റായി സർക്കാർ സപ്ലൈകോയ്ക്ക് ഒരു രൂപപോലും കൊടുത്തിട്ടില്ല. ആ വർഷം സപ്ലൈകോ ചെലവാക്കിയത് 1427 കോടി രൂപയാണ്. സർക്കാർ പണം കൊടുക്കാത്തതുകൊണ്ട് 586 കോടി രൂപയുടെ നഷ്ടമാണ് അവർക്കുണ്ടായത്. ഞാൻ കഴിഞ്ഞ വർഷത്തെ കാര്യമാണ് പറയുന്നത്. സർക്കാർ ഈ

സ്ഥാപനത്തിന് ഗ്രാന്റായി ഒരു രൂപ പോലും കൊടുത്തില്ല. കഴിഞ്ഞ വർഷം 1427 കോടി രൂപ ചെലവഴിച്ച സപ്ലൈകോ ഇപ്രാവശ്യം 565 കോടി രൂപയാണ് ചെലവഴിച്ചത്. അതായത് സപ്ലൈകോ കഴിഞ്ഞ വർഷത്തെക്കാൾ 862 കോടി രൂപ കുറച്ചാണ് ചെലവഴിച്ചത്. ഈ ക്രിസ്തുമസ് കാലത്ത് സോഷ്യൽ മീഡിയയിൽ ബിവറേജസ് ഔട്ട്ലെറ്റിന്റെയും മാവേലിസ്റ്റോറിന്റെയും ഒരു പോസ്റ്റ് കാണാനിടയായി. അതിൽ ആദ്യം കാണിച്ചത് ബിവറേജസ് ഔട്ട്ലെറ്റാണ്. അവിടെ എല്ലാം നിറഞ്ഞു കവിഞ്ഞ കുപ്പികളാണ്. എക്സൈസ് വകുപ്പുമന്ത്രിക്ക് അതിൽ അഭിമാനിക്കാൻ സാധിക്കും. ഔട്ട്ലെറ്റിൽ മുഴുവൻ കുപ്പികളാണ്. അതിന്റെ നേരെ താഴെ മാവേലി സ്റ്റോറിന്റെ അലമാരകൾ കാണിച്ചിരിക്കുന്നു. അതിൽ ഒരു സാധനവുമില്ല. രസികനായ ഒരാൾ ഇട്ടതാണെങ്കിലും അത് അർത്ഥവത്തായ ഒരു പോസ്റ്റായിരുന്നു. മാവേലി സ്റ്റോറിന്റെ ഔട്ട്ലെറ്റിൽ ഒരു സാധനവുമില്ല; സപ്ലൈകോയുടെ മാർക്കറ്റ് ഇന്റർവെൻഷനിലൂടെ പലവ്യഞ്ജനം, അരി തുടങ്ങിവയുടെ വില വർദ്ധന തടയാൻ വേണ്ടി നിലകൊണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാപനത്തിന്റെ ഇടപെടൽ ഇല്ലാതായി.

സപ്ലൈകോയുടെ 50-ാം വാർഷികത്തിൽ, അതിന്റെ അന്തകരായി മാറിയ സർക്കാരെന്നാണ് ചരിത്രത്തിൽ നിങ്ങൾ അറിയപ്പെടാൻ പോകുന്നത്. ഏകദേശം 3500-4000 കോടി രൂപയാണ് സർക്കാർ കൊടുക്കാനുള്ളത്. ഞാൻ വകുപ്പിനെ കുറ്റം പറയുന്നതല്ല. സർക്കാർ സപ്ലൈകോയ്ക്ക് 4000 കോടിയോളം രൂപ കൊടുക്കാനുണ്ട്. 50-ാം വാർഷികത്തിൽ സപ്ലൈകൊ-യെ കുഴിച്ചുമൂടിയെന്ന പേരായിരിക്കും ഈ സർക്കാരിന് ചരിത്രത്തിലുണ്ടാകാൻ പോകുന്നത്. ഇവിടെ ഇൻഫ്ലേഷനെപ്പറ്റി പറഞ്ഞു. കേരളത്തിൽ സാധാരണ ഇൻഫ്ലേഷൻ കുറവാണ്. അത് നമ്മൾ അഭിമാനത്തോടെ പറയാറുള്ളതുമാണ്. എപ്പോഴും നാഷണൽ ആവറേജിന്റെ താഴെയോ തൊട്ടടുത്തോ നമ്മൾ നിന്നുപോകാറുണ്ട്. അത് നിങ്ങൾ വേറെ സംസ്ഥാനവുമായിട്ടല്ല താരതമ്യം ചെയ്യേണ്ടത്. സാധാരണ ഗതിയിൽ കേരളത്തിന്റെ ഇൻഫ്ലേഷൻ കൂടാറില്ല. അത് ഒരു അത്ഭുതകരമായ കാര്യംകൂടിയാണ്. നമുക്ക് ലൈഫ് ഇൻഡക്സ് വളരെ കൂടുതലും പെർക്യാപിറ്റാ ഇൻകം കുറവുമാണെങ്കിലും വലിയതോതിൽ ഇൻഫ്ലേഷനുണ്ടാകാറില്ല. പക്ഷെ അപ്രതീക്ഷിതമായി ദേശീയ

ആവറേജിനെക്കാൾ ഇപ്രാവശ്യം ഇൻഫ്ലേഷൻ വളരെ കൂടുതലാണ്. ദേശീയ ആവറേജ് ഇപ്പോൾ നന്നായി കുറഞ്ഞു. നാഷണൽ ലെവലിൽ ഇൻഫ്ലേഷൻ റേറ്റ് കുറഞ്ഞു. റിസർവ് ബാങ്കിന്റെ ഇടപെടലും മറ്റ് കാരണങ്ങളുംകൊണ്ടാണ് കുറഞ്ഞത്. പക്ഷെ കേരളത്തിന്റെ സ്വാഭാവികമായ സാഹചര്യത്തിൽ ഇൻഫ്ലേഷൻ കൂടി. ഗവൺമെന്റ് മനസ്സിലാക്കേണ്ടത് ഇൻഫ്ലേഷൻ എന്നത് indirect tax (പരോക്ഷ നികുതി) പോലെയാണ്, regressive ആണ്. ഇത് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെപ്പോലും ബാധിക്കുന്ന തരത്തിൽ അപകടകരമായിപ്പോകും. ശ്രീ. റോജി എം. ജോൺ ആളുകൾക്ക് പർച്ചേയ്സിംഗ് പവറില്ലെന്ന പ്രധാനപ്പെട്ട ഒരു പോയിന്റ് പറഞ്ഞു. ആളുകൾക്ക് പർച്ചേയ്സിംഗ് പവറില്ലാത്തതിന് കാരണം എന്താണ്; എത്ര ആയിരം കോടി രൂപയാണ് സർക്കാർ മാർക്കറ്റിൽ നൽകാനുള്ളത്; കരാറുകാർക്ക് പതിനായിരക്കണക്കിന് കോടി രൂപയാണ് നൽകാനുള്ളത്. പെൻഷനും ക്ഷേമനിധി പെൻഷനും നൽകാൻ പതിനായിരത്തോളം കോടി രൂപ ആവശ്യമാണ്. ആറ് മാസത്തെ സോഷ്യൽ സെക്യൂരിറ്റി പെൻഷനും ക്ഷേമനിധി പെൻഷനും വിവിധ

വകുപ്പുകളിലെ ആനുകൂല്യങ്ങളുമുൾപ്പെടെ സർക്കാർ കോടിക്കണക്കിന് രൂപ നൽകാനുണ്ട്. ആ കാശ് അവരുടെ കൈയിലില്ലാതെ പോകുമ്പോൾ അവരുടെ പർച്ചേയ്സിംഗ് പവർ ഇല്ലാതാകുകയാണ്. കേരളത്തിലെ ഇൻഫ്ലേഷനും പർച്ചേയ്സിംഗ് പവർ ഇല്ലാതാകുന്നതും ധനകാര്യ മേഖലയിൽ ഒരിക്കലും പ്രതീക്ഷിക്കാത്ത തരത്തിലുള്ള തിരിച്ചടികളുണ്ടാക്കുകയും അത് വിലക്കയറ്റത്തിന് കാരണമാകുകയും ചെയ്യും. പാവങ്ങൾ എന്ത് ചെയ്യും; അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതെന്താണ്? ഏറ്റവും പാവപ്പെട്ടവരുടെ/സാധാരണക്കാരുടെ ജീവിതങ്ങളിലാണ് ഏറ്റവും കൂടുതൽ ഇംപാക്ട് എന്ന് ശ്രീ. റോജി എം. ജോൺ പറഞ്ഞല്ലോ; ഓരോ മാസത്തെയും ഓരോ ദിവസത്തെയും ഓരോ ആഴ്ചത്തെയും ചെലവ് എഴുതിവച്ച് ജീവിക്കുന്ന ആളുകളുണ്ട്. ആ പണംപോലും അവർക്ക് ലഭിക്കുന്നില്ല; ചെലവാക്കാനും സാധിക്കുന്നില്ല. അത്തരം സാഹചര്യത്തിലാണ് സാധനങ്ങളുടെ വില കൂടുന്നത്. സ്വാഭാവികമായും കഴിഞ്ഞ രണ്ടുമാസംകൊണ്ട് ഇടത്തരം കുടുംബത്തിന്റെ ചെലവ് വർദ്ധിച്ചിട്ടുണ്ട്. അതീവ ദാരിദ്ര്യ നിർമ്മാർജനമെന്നെല്ലാം

പറയുന്നുണ്ടെങ്കിലും നമുക്ക് മനസ്സിലാക്കാൻ കഴിയാത്ത നാല് കാര്യങ്ങളുണ്ട്. ഈ വിലക്കയറ്റത്തിന്റെ ഇംപാക്ട് അതാണ്. അക്കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിൽ ആദ്യത്തേത് Insular Poverty-യാണ്. മത്സ്യമേഖലയിൽ/തീരദേശ മേഖലയിൽ ഒരു വിഷയം വന്നാൽ അവർ ഒരു ദ്വീപുപോലെയായി മാറുകയും ദാരിദ്ര്യം പിടിമുറുക്കുകയും ചെയ്യും. അല്ലെങ്കിൽ പട്ടികജാതി നഗറുകൾ സ്ഥിതിചെയ്യുന്ന ഏതെങ്കിലുമൊരു ഭൂപ്രദേശത്തുണ്ടാകുന്ന പ്രത്യേകമായ ദാരിദ്ര്യത്തെയാണ് Insular Poverty എന്നുപറയുന്നത്. അടുത്തത്, Case Poverty-യാണ്; അതായത്, differentlly abled ആയിട്ടുള്ളവർക്കും തളർന്നു കിടക്കുന്നവർക്കും നിവൃത്തിയില്ലാത്തതുകൊണ്ടും വരുമാനമില്ലാത്തതുകൊണ്ടും വരുന്ന ദാരിദ്ര്യമാണിത്. അടുത്തത് Invisible Poverty-യാണ്. സാധാരണഗതിയിൽ നോക്കുമ്പോൾ ആ കുടുംബത്തിന് വരുമാനമുണ്ട്; പക്ഷേ, പെട്ടെന്ന് ക്യാൻസർപോലെയുള്ള മാരക രോഗം ആ വീട്ടിലേയ്ക്ക് വരുന്നു, അല്ലെങ്കിൽ കുട്ടികളുടെ പഠനച്ചെലവ് ഗൗരവമായി വർദ്ധിക്കുന്നു; ഒരു ലോൺ ലഭിക്കുന്നില്ല; അല്ലെങ്കിൽ മദ്യത്തിന്റെ ഉപയോഗംകൊണ്ടും

ലഹരിമരുന്നിന്റെ ഉപയോഗംകൊണ്ടും ആ കുടുംബത്തിലുണ്ടാകുന്ന സാമ്പത്തികമായ പ്രശ്നങ്ങൾ എന്നിങ്ങനെയുള്ളതാണ് Invisible Poverty. നാലാമത്തേത്, Climate Poverty, ഇത് നമുക്ക് ബാധകമാണ്. കാലാവസ്ഥാ വ്യതിയാനംമൂലം അപകടകരമായ നിലയിലുണ്ടാകുന്ന ദാരിദ്ര്യം. നമ്മുടെ സംസ്ഥാനത്ത് ദാരിദ്ര്യം ഇല്ലാതാക്കുന്നുവെന്ന് നമ്മൾ പറയുകയും എന്നാൽ നമ്മൾ കാണാതെ പോകുന്നതുമായ ഈ നാല് ഡിവിഷനുകളെയും നമ്മുടെ സംസ്ഥാനം അഡ്രസ് ചെയ്തേ മതിയാകൂ. ഇതുവച്ചുകൊണ്ടാണ് ഇന്ന് ലോകത്തെല്ലായിടത്തും ദാരിദ്ര്യത്തെ അഡ്രസ് ചെയ്യുന്നത്. ശ്രുക്ഷമായതും ഒരു തരത്തിലും നിയന്ത്രിക്കാൻ കഴിയാത്തതുമായ വിലക്കയറ്റം, പർച്ചേസിംഗ് പവർ ഇല്ലാതാകുന്നത്, സാധാരണഗതിയിൽ ഒരു വെൽഫയർ സ്റ്റേറ്റ് നൽകേണ്ട ആനുകൂല്യങ്ങൾ സാധാരണക്കാർക്ക് നൽകാതെവരുന്ന സാഹചര്യം തുടങ്ങി ഇന്ന് കേരളത്തിലെ ഏറ്റവും പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആളുകൾ അതീവ ഗുരുതരമായ പ്രശ്നമാണ് നേരിടുന്നത്. അതിനെ ഇങ്ങനെ ലാഘവത്തോടുകൂടിയാണോ നേരിടുന്നത്; വിലക്കയറ്റത്തെക്കുറിച്ചും പലവ്യഞ്ജനങ്ങളുടെ വിലക്കയറ്റത്തെക്കുറിച്ചും

പറയുമ്പോൾ അരി വിതരണത്തെക്കുറിച്ചാണ് പറയുന്നത്. അരി എത്രയെന്ന് ചോദിച്ചാൽ പയർ അഞ്ഞാഴിയെന്നാണോ മറുപടി പറയേണ്ടത്? സംസ്ഥാനം അഭിമുഖീകരിക്കുന്ന ധന പ്രതിസന്ധി നമ്മുടെ സംസ്ഥാനത്തെ എത്രവർഷം പുറകോട്ടുകൊണ്ടുപോകുമെന്ന യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കുന്നില്ല. സർക്കാർ ഏജൻസികൾ മുഴുവൻ തകരുകയാണ്; സപ്ലൈകോ തകർന്നു, ഹോർട്ടികോർപ്പ് മോശമായി, സംഭരണമെല്ലാം പാളുന്നു, കാർഷിക മേഖലയിലും മത്സ്യത്തൊഴിലാളി മേഖലയിലും പട്ടികജാതി-പട്ടികവർഗ്ഗ പ്രദേശങ്ങളിലുമെല്ലാമായി ഉണ്ടാകുന്ന ഗുരുതരമായ സ്ഥിതിവിശേഷം, അതിനുമുകളിൽ കുനിൻമേൽ കുരുവെന്നതുപോലെയാണ് ഗുരുതരമായ ഈ വിലക്കയറ്റമുണ്ടായിരിക്കുന്നത്. ഇക്കാര്യം മനസ്സിലാക്കണമെന്നാണ് ഞങ്ങൾക്ക് സർക്കാരിനോട് പറയാനുള്ളത്. എല്ലാ ദിവസവും രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മേശപ്പുറത്ത് എല്ലാ സാധനങ്ങളുടെയും വില സംബന്ധിച്ച വിവരം ലഭിക്കുമെന്നാണ് എന്റെ അറിവ്. കഴിഞ്ഞ ആഴ്ചയിൽനിന്നും അല്ലെങ്കിൽ കഴിഞ്ഞ മാസത്തിൽനിന്നും ഈ മാസമുണ്ടായിരിക്കുന്ന വിലക്കയറ്റം എന്തുകൊണ്ടാണ് ഉണ്ടായതെന്ന്

അന്വേഷിക്കുന്നതിനുള്ള ഒരു മെക്കാനിസം മുഖ്യമന്ത്രിയുടെ ഓഫീസിൽ ഉണ്ടാകണം. നിങ്ങളുടെ സർക്കാരിൽ അങ്ങനെയൊരു ഏകോപനവും സംവിധാനവുമില്ല. നിങ്ങളുടെ പ്രയോറിറ്റിയല്ല ഇത്. ഞാൻ എപ്പോഴും ചോദിക്കുന്ന ചോദ്യമാണ്, നിങ്ങളുടെ പ്രയോറിറ്റി എന്താണ്; മറ്റെന്തെങ്കിലുമൊക്കെയാണ് നിങ്ങളുടെ പ്രയോറിറ്റി. പാവങ്ങളൊന്നും നിങ്ങളുടെ പ്രയോറിറ്റിയിലില്ലെന്ന കാര്യം നിങ്ങൾ ഇതുവരെ മനസ്സിലാക്കിയിട്ടില്ല. നിങ്ങൾ തെറ്റ് തിരുത്താൻ പോകുന്നുവെന്ന് പറയുന്നു. ഇതൊക്കെയാണ് നിങ്ങൾ തിരുത്തേണ്ട തെറ്റുകൾ. അതുകൊണ്ട് സംസ്ഥാനത്തുണ്ടായിരിക്കുന്ന ശ്രുക്ഷമായ വിലക്കയറ്റത്തിൽ ഇടപെടുന്നതിൽ സർക്കാരും സർക്കാരിന്റെ എല്ലാ ഏജൻസികളും ഗുരുതരമായി പരാജയപ്പെട്ടതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട റോജി എം. ജോൺ അവതരിപ്പിച്ച നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് ബഹുമാനപ്പെട്ട മന്ത്രി ആദ്യംതന്നെ മറുപടി പറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നാണ്. ഇക്കാര്യം ശ്രദ്ധയിൽപ്പെടാത്തത് വലിയൊരു അത്ഭുതമാണ്. മാധ്യമങ്ങൾ മുഴുവൻ ഓരോ സാധനവും എടുത്തുവച്ച് ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്ന വിലക്കയറ്റം സംബന്ധിച്ച് സാധാരണക്കാരുടെ പ്രയാസങ്ങൾ നിരന്തരം സംപ്രേക്ഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. മാർക്കറ്റിലെ വിലക്കയറ്റത്തെ സംബന്ധിച്ച് ആദ്യം പറഞ്ഞശേഷം ബഹുമാനപ്പെട്ട മന്ത്രി പിന്നീട് പറഞ്ഞത് അവർക്കെല്ലാം പലതരത്തിലുള്ള കാർഡ് ഇല്ലേ എന്നാണ്. വെള്ള കാർഡ്, നീല കാർഡ്, പച്ച കാർഡ് എന്നിങ്ങനെ ഓരോ കാർഡുണ്ടല്ലോ; അത് കൊടുക്കുന്നില്ലേ; അതുപോരേ എന്ന രീതിയിലാണ് അദ്ദേഹം സംസാരിച്ചത്. ഇവിടെ സമീപനത്തിന്റെ പ്രശ്നമുണ്ട്. സംസ്ഥാനത്ത് ഇന്ന് അനുഭവിക്കുന്ന ദുരവസ്ഥയെക്കുറിച്ച് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി മറുപടി പറഞ്ഞതിനുശേഷം കുറച്ച് സമയം കഴിഞ്ഞ് ബഹുമാനപ്പെട്ട

ധനകാര്യ വകുപ്പുമന്ത്രി എഴുന്നേറ്റ് മറുപടി പറഞ്ഞത് കുറ്റബോധം കൊണ്ടായിരിക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ എല്ലാ മന്ത്രിമാരും നിസ്സഹായരാകുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സഭയിൽ ഏതെങ്കിലുമൊരു കാര്യത്തിൽ ഇടപെട്ട് സംസാരിക്കുന്നത് കുറ്റബോധം കൊണ്ടാണോ; പ്രതിപക്ഷവും ഭരണപക്ഷവുമെല്ലാംകൂടി ചർച്ച ചെയ്ത വിഷയത്തെ സംബന്ധിച്ച് ഗൗരവമായി പറയുന്നത് കുറ്റബോധംകൊണ്ടാണോ; പറയുന്ന കാര്യം നല്ലരീതിയിൽ ചെയ്യുന്നതിനല്ലേ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അങ്ങനെയാണെങ്കിൽ ഞാൻ ഇങ്ങനെ തിരുത്താം, 'ആ പാവം അങ്ങനെ പറയുന്നത് ഞാൻ കാശ് നൽകാത്തതുകൊണ്ടാണ് എന്ന ബോധ്യം അങ്ങേയ്ക്ക് വന്നതുകൊണ്ട് ആയിരിക്കാം'. കാശ് ഇല്ലാത്തതാണ് പ്രശ്നം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങനെ വ്യക്തിപരമായി പറയുന്ന രീതി ശരിയല്ല. ഞങ്ങൾ കളക്ടീവായാണ് ബഡ്ജറ്റ് ഡിസ്കഷന്റെ

ഭാഗമായി കണക്കുകൾ ചർച്ച ചെയ്യുന്നത്. എന്നാൽ സപ്ലൈകോ പോലെയുള്ള മേഖലകളിലെ നിലവിലുള്ള വിലക്കയറ്റം ഇന്ത്യയിലെ പല സംസ്ഥാനങ്ങളെയും അപേക്ഷിച്ച് വളരെ കുറവാണ്. അതിനകത്ത് ഞങ്ങൾ കൂടുതലായി ശ്രദ്ധിക്കുമെന്ന് പറഞ്ഞത് പ്രതിപക്ഷം പറഞ്ഞ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുകൂടി സഹായകരമല്ലേ; .....(മൈക്ക് ഓഫ്).....

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി എഴുന്നേറ്റ് പ്ലസ് ടു-വിന് സീറ്റുകൾ നൽകേണ്ടത് ആവശ്യമാണ്, പക്ഷെ നൽകാൻ സാധിക്കുന്നില്ല. ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി എഴുന്നേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനുകൾക്ക് കുറച്ചുകൂടി കാശ് നൽകേണ്ടതാണ്, എന്നാൽ നൽകാൻ കഴിയുന്നില്ല. റോഡുകളുടെ സ്ഥിതിയെകുറിച്ച് പറയുമ്പോൾ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി വേണ്ടത്ര കാശ് ഇല്ലെന്ന് പറയുന്നു. അതുകൊണ്ട് ഞങ്ങൾക്ക് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് പറയാതിരിക്കാൻ കഴിയില്ല. ധനകാര്യ വകുപ്പുമന്ത്രി കാശുണ്ടാക്കുന്നതിനുള്ള ഏതെങ്കിലും മാർഗം കാണണ്ടേ?

എല്ലാം നിശ്ചലമായിക്കൊണ്ടിരിക്കുകയാണ്; പ്രവർത്തിക്കാത്ത ഗവൺമെന്റ് എന്ന നിലയിലേയ്ക്ക് വരികയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഈ സ്ഥിതിയിലെത്തിയതിനാലും വിപണി ഇടപെടൽ തീരെ നടക്കാതെയായതിനാലും നമുക്ക് പരമ്പരാഗതമായിട്ടുണ്ടായിരുന്ന ആ ഗ്രണം, മിഡിൽ ക്ലാസ്സുകാരും തൊഴിലാളികളും സാധാരണക്കാരും അംഗപരിമിതരുമെല്ലാം ഒരുവിധം അനുഭവിച്ചുകൊണ്ടിരിക്കുന്ന ജീവിത നിലവാരം ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവരോടാണ് നിങ്ങൾക്ക് പി.ഡി.എസ്. ഇല്ലേ എന്നും പല കാർഡുകളുമില്ലേ എന്നും അരിയും അത്യാവശ്യ സാധനങ്ങളും ലഭിക്കുന്നത് പോരേ എന്നും മറ്റും ചോദിക്കുന്ന സ്ഥിതിയിലെത്തിയിരിക്കുന്നത്. അതിൽ അങ്ങേയ്ക്ക് കുറ്റബോധം തോന്നിയെങ്കിൽ, അതിന് പരിഹാരമാർഗം കാണാതിരുന്നാൽ കേരളം കൂടുതൽ അപകടത്തിലേയ്ക്ക് പോകും. ഞാൻ കുറ്റം പറയുന്നതല്ല. പണം എങ്ങനെ കണ്ടെത്തണമെന്നത് ധനകാര്യ വകുപ്പുമന്ത്രിയുടെ ഉത്തരവാദിത്വമാണ്. അതുസംബന്ധിച്ച് ആലോചിക്കുന്നതിനുള്ള സമയമായി. ഒന്നിനും കാശില്ലെന്ന് പറഞ്ഞുകൊണ്ടിരുന്നാൽ ഷോ

എങ്ങനെ നടക്കും? എല്ലാവരും വലിയ ബുദ്ധിമുട്ടിലാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ സംസ്ഥാനം പട്ടിണിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതിന് ഗവൺമെന്റാണ് സംരക്ഷണം നൽകേണ്ടത്. ഗവൺമെന്റ് സംരക്ഷണം നൽകണമെന്നുണ്ടെങ്കിൽ ഭക്ഷ്യ വകുപ്പുമന്ത്രി പറയുന്നതുപോലെയുള്ള നല്ല വാക്കുകൾ പറഞ്ഞിട്ട് കാര്യമില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷനെക്കുറിച്ച് എല്ലാവരും ഇടയ്ക്കിടെ നല്ലത് പറഞ്ഞുകൊണ്ടിരുന്നാൽ ആളുകൾ സിവിൽ സപ്ലൈസിൽ കയറുമോ; കയറുമ്പോൾ എന്തെങ്കിലും സാധനങ്ങൾ വാങ്ങാൻ കഴിയണ്ടേ? സാധനങ്ങൾ വാങ്ങാൻ കഴിയാതെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നമ്മുടേതാണ്, പൊതുമേഖലയാണ് എന്നൊക്കെ പറഞ്ഞുകൊണ്ടിരുന്നാൽ ആളുകൾ അവിടേയ്ക്ക് പോകുമോ? ഒന്നുരണ്ട് പ്രാവശ്യം പോകും, പിന്നെ പോകുമോ? അതുകൊണ്ട് ഈ ഷോ നടക്കണമെന്നുണ്ടെങ്കിലും എല്ലാ വകുപ്പുകളിലും ഞങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്ന ദയനീയാവസ്ഥ ഇല്ലാതിരിക്കണമെങ്കിലും അതിനെക്കുറിച്ച് ഒരു വാക്കെങ്കിലും നല്ലതായി പറയണമെന്നുണ്ടെങ്കിലും കാശിന് കാശ്രുതന്നെ വേണം. എന്നാൽ മാത്രമേ

വിലക്കയറ്റമെന്ന പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ എന്നാണ് ഞാൻ പറഞ്ഞത്. വളരെ ദയനീയമായ അവസ്ഥയാണിതെന്ന് പറയാതിരിക്കാൻ കഴിയില്ല. ഇതാണ് ചർച്ച ചെയ്യേണ്ടത്. സർക്കാർ ഇത് ശ്രദ്ധയിൽപ്പോലുംപെട്ടിട്ടില്ലെന്ന് പറയുന്നതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിൽ സർക്കാരിന്റെ പരാജയം മൂടിവയ്ക്കാൻ ശ്രമിക്കുകയാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, പച്ചക്കറികളടക്കമുള്ള പലവ്യഞ്ജനങ്ങളുടെ വിലക്കയറ്റം അതിരൂക്ഷമായി നിലകൊള്ളുന്നുവെന്നത് യാഥാർത്ഥ്യമാണ്. രണ്ട് വർഷം മുമ്പ് ഹോർട്ടികോർപ്പിന്റെ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. അവിടെ സംഭരണം കാര്യക്ഷമമായി നടക്കുന്നില്ല, സംഭരിക്കുന്നതിന്റെ തുകയും ലഭിക്കുന്നില്ല. അതാണ് ഇപ്പോഴിവിടെ സൂചിപ്പിച്ചത്. വട്ടവടയിൽ കർഷകർക്ക് ഏകദേശം 50 ലക്ഷം രൂപയുടെ കുടിശ്ശിക കൊടുക്കാനുണ്ട്. അങ്ങിപ്പോൾ അതില്ലെന്ന് പറയുന്നതുകേട്ടു. പക്ഷേ ഈ ഓണക്കാലത്തെടുത്ത പച്ചക്കറികൾക്ക് 50 ലക്ഷം രൂപയുടെ കുടിശ്ശിക നൽകാനുണ്ട്. അതോടൊപ്പംതന്നെ മറ്റ് സ്റ്റേറ്റുകളിൽ നിന്ന് പച്ചക്കറികളെടുത്ത് ഹോർട്ടികോർപ്പ് വിപണനം നടത്തുന്നുവെന്ന ആക്ഷേപവും കാലാകാലങ്ങളായുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ ഇടപെടണം. സംഭരണ കേന്ദ്രത്തെ സംബന്ധിച്ച് ധാരാളം പരാതികൾ നിലനില്ക്കുകയാണ്. പച്ചക്കറി ഉൽപാദന മേഖലയിലെ വിഷയമാണ് ഞങ്ങൾ പ്രധാനമായും ഇവിടെ ചൂണ്ടിക്കാട്ടിയത്. പച്ചക്കറികളുടെ

വിലക്കയറ്റം ഒരു ഭാഗത്ത് രൂക്ഷമായി നിലനിൽക്കുമ്പോൾ അതിനെ സംരക്ഷിക്കാൻ കഴിയുന്ന ഒരു ഇടപെടൽ ഹോർട്ടികോർപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. മാവേലിസ്റ്റോറുകളുടെ അവസ്ഥയും സമാനമായ നിലയിൽ പോകുന്നു. ഈ വിഷയം ഇതിന് മുമ്പും ചർച്ച ചെയ്തതാണ്. ഞാൻ അതൊന്നും ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. ഗവൺമെന്റ് ആവശ്യമായ തുക കോർപ്പറേഷന് നൽകിയാൽ മാത്രമേ ഈ ദുഃസ്ഥിതിയിൽ നിന്ന് രക്ഷപ്പെടാനുള്ള സാഹചര്യമുണ്ടാകുകയുള്ളൂ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് സ്വാഗതാർഹമാണ്. പക്ഷേ, അങ്ങ് പറയുന്നതുപോലുള്ള കാര്യങ്ങൾ പ്രായോഗികതലത്തിലുണ്ടാകുന്നില്ലെന്നത് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.

സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

III. ശ്രദ്ധ ക്ഷണിക്കൽ

(1) വന്യമൃഗശല്യംമൂലമുള്ള കൃഷി നാശത്തിന് നഷ്ടപരിഹാരം

ശ്രീ. പി. എസ്. സുപാൽ: സർ, മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചുവരികയാണ്. ജനങ്ങൾ വനമേഖലയോടു ചേർന്ന് ഭീതിയോടെയാണ് കഴിയുന്നത്. വന്യമൃഗങ്ങൾ നാട്ടിൽ സ്വൈരവിഹാരം നടത്തുകയാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന നൂറ് കണക്കിന് സംഭവങ്ങളാണ് റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുന്നത്. മലയോര മേഖലയിൽ തൊഴിലാളികൾക്ക് ജോലി ചെയ്യാൻ കഴിയുന്ന സാഹചര്യമില്ല. വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോകാൻ കഴിയുന്നില്ല. പലയിടത്തും വന്യമൃഗങ്ങളെ പേടിച്ച് പുറത്തിറങ്ങാൻ കഴിയാത്ത സാഹചര്യമാണുള്ളത്. സംസ്ഥാനത്ത് കഴിഞ്ഞ എട്ട് വർഷത്തിനിടെ 909 പേരാണ് വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടത്. 7492 പേർക്ക് ആക്രമണത്തിൽ പരിക്കേല്ക്കുകയും ചെയ്തു. 68 കോടിയോളം രൂപയുടെ നാശനഷ്ടമാണുണ്ടായിട്ടുള്ളത്. അവരുടെ ജീവിതമാർഗ്ഗമായ വളർത്തുമൃഗങ്ങളെ വന്യമൃഗങ്ങൾ കൊന്നതിന്നുന്നു. മലയോര മേഖലയിൽ കൃഷി ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. പൂർണ്ണമായും വിളവെടുക്കേണ്ട വിളകൾ നശിക്കുമ്പോൾ കർഷകർക്ക് ഭീമമായ

നഷ്ടവും അതുവഴി കടക്കെണിയിലേയ്ക്ക് പോകുന്ന അവസ്ഥയുമാണുള്ളത്. മലയോര മേഖലയിൽ മാത്രമല്ല മറ്റ് പ്രദേശങ്ങളിലും കർഷകർക്ക് ഭക്ഷ്യയോഗ്യമായ കാർഷിക ഉൽപന്നങ്ങൾ കൃഷിചെയ്യാൻ കഴിയാത്ത ദയനീയാവസ്ഥയാണുള്ളത്. ഇത് കേരളത്തിന്റെ ഭക്ഷ്യോൽപാദനത്തെയും ബാധിക്കുന്നു. അടിയന്തരമായി വന്യജീവികൾ നാട്ടിലിറങ്ങുന്നത് തടയാനാവശ്യമായ നടപടികൾ സ്വീകരിക്കണം. കിടങ്ങുകൾ കൂഴിക്കുകയും റെയിൽ ഹാങ്ങിംഗ്, ഫെൻസിങ് സംവിധാനം എന്നിവ ഏർപ്പെടുത്തുകയും ആർ.ആർ.ടി. സംവിധാനം ശക്തിപ്പെടുത്തുകയും വേണം. വന്യജീവികളെ തുരത്താനുള്ള നടപടി സ്വീകരിക്കണം. അപകടകാരികളായ മൃഗങ്ങളെ കൊല്ലാനുള്ള നടപടി സ്വീകരിക്കണം. മറ്റ് ശാസ്ത്രീയ മാർഗ്ഗങ്ങളും സ്വീകരിക്കേണ്ടതായിട്ടുണ്ട്. സർക്കാർ ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുകയും ശക്തമായ നടപടികൾ സ്വീകരിക്കുകയും വേണം. കേരള സർക്കാർ മനുഷ്യ-വന്യജീവി സംഘർഷം പ്രത്യേക ദുരന്തമായി പ്രഖ്യാപിക്കുകയുണ്ടായി. ഇത് വളരെ സ്വാഗതാർഹമായ കാര്യമാണ്. ഈ സാഹചര്യത്തിന് വഴിയൊരുക്കുന്ന വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് ഭേദഗതി ചെയ്യണം. കേന്ദ്രഗവൺമെന്റാണ് ഇക്കാര്യത്തിൽ ആവശ്യമായ നടപടി

സ്വീകരിക്കേണ്ടത്. അതിന് കേന്ദ്രസർക്കാരിന്മേൽ സമ്മർദ്ദം ചെലുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കണം. പന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടെങ്കിലും കേന്ദ്ര ഗവൺമെന്റ് അനുകൂല നിലപാടല്ല സ്വീകരിച്ചത്. കേന്ദ്രഗവൺമെന്റ് അനുമതി നൽകാത്ത സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് പഞ്ചായത്ത് പ്രസിഡന്റുമാർക്ക് വൈൽഡ് ലൈഫ് വാർഡന്റെ ചുമതല കൊടുത്തുകൊണ്ട് പന്നിയെ വെടിവച്ച് കൊല്ലാനുള്ള അനുവാദം നൽകുകയുണ്ടായി. ഇത്തരത്തിൽ സംസ്ഥാനത്ത് കുറച്ച് കാര്യങ്ങളൊക്കെ നടക്കുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. എങ്കിലും ഇതിനാവശ്യമായ ഫണ്ട് വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ ഈ നിലയിലുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്താൻ കഴിയുകയുള്ളൂ. 2020-ലാണ് കൃഷി നാശത്തിന് നൽകുന്ന നഷ്ടപരിഹാരത്തുക അവസാനമായി വർദ്ധിപ്പിച്ചത്. ഈ തുക പര്യാപ്തമല്ല. തുച്ഛമായ നഷ്ടപരിഹാരമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. കർഷകർക്കുള്ള, കൃഷിനാശവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വനാതിർത്തികളിൽ ജീവിക്കുന്ന കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വന്യജീവികൾ വലിയ തോതിൽ നാട്ടിലേയ്ക്കിറങ്ങുമ്പോൾ, അവയ്ക്കാവശ്യമായ ഭക്ഷണം കാട്ടിൽ ലഭിക്കുന്നുണ്ടോ, കുടിവെള്ളം ലഭിക്കുന്നുണ്ടോ എന്നീ കാര്യങ്ങൾ പരിശോധിക്കുന്നതിന് വനം വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് അല്ലെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നുകൂടി പരിശോധിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ധനകാര്യ വകുപ്പിന്റെ മുൻകൂർ അനുമതിയില്ലാതെ എസ്.എഫ്.ഡി.എ. ഫണ്ട് അടിയന്തരമായി ഉപയോഗിക്കാവുന്ന തരത്തിലുള്ള നടപടികളുണ്ടാകണം. പെട്ടെന്നൊരു വന്യജീവി ആക്രമണമുണ്ടായാൽ അല്ലെങ്കിൽ ആളുകൾ മരണപ്പെടുമ്പോൾ അടിയന്തരമായി ധനസഹായം കൊടുക്കേണ്ടതുണ്ട്. എന്നാൽ ഇതിന് ധനകാര്യ വകുപ്പിന്റെ മുൻകൂർ അനുമതി വേണമെന്ന വാദഗതിയോട് യോജിക്കാൻ കഴിയില്ല. അടിയന്തരമായി ധനസഹായം അനുവദിച്ചുകൊണ്ട് റാറ്റിഫൈ ചെയ്യുന്ന നടപടി സ്വീകരിക്കുന്നതായിരിക്കും ഏറ്റവും നല്ലത്. വനസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഫോറസ്റ്റ് വാച്ചർമാർക്ക് തുച്ഛമായ വരുമാനമാണ് ലഭിക്കുന്നത്. നാല് മുതൽ ആറ് മാസംവരെയുള്ള ശമ്പളം കുടിശ്ശികയാണ്. അങ്ങനെയുള്ള വാച്ചർമാർ ശമ്പളം കൂടാതെ എങ്ങനെയാണ് ഈ ജോലി ചെയ്യുന്നത്? അവരുടെ കുടുംബം പട്ടിണിയിലാണ്. അതുകൊണ്ട് ഈ വാച്ചർമാർക്ക് കൊടുക്കാനുള്ള ശമ്പള

കുടിശ്ശിക അടിയന്തരമായി കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കണം. അതുപോലെ വനാശ്രിത സമൂഹത്തിന് വനത്തിനുള്ളിൽ പരമാവധി തൊഴിലവസരങ്ങൾ ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം. ആദിവാസി വിഭാഗമടക്കമുള്ള, വനത്തിനുള്ളിൽ താമസിക്കുന്ന ആളുകൾക്ക് വരുമാനമുണ്ടാക്കുന്നതിന് ഗൗരവമായ നടപടി അനിവാര്യമാണ്. ആ വിഭാഗത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തുക 10 ലക്ഷമായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രഗവൺമെന്റ് പറയുന്നു. വർദ്ധിപ്പിച്ച തുകയാണ് സംസ്ഥാന ഗവൺമെന്റ് നൽകുന്നത്. പക്ഷേ, സംസ്ഥാന ഗവൺമെന്റ് മാത്രമാണ് പണം കൊടുക്കുന്നത്. അടുത്ത സമയത്ത് വയനാട്ടിൽ വന്യജീവി ആക്രമണമുണ്ടായ അവസരത്തിൽ കേന്ദ്രമന്ത്രി കേരളത്തിൽ വന്ന് ചില പ്രഖ്യാപനങ്ങൾ നടത്തി. പക്ഷെ, ഒരു നയാപൈസ പോലും കേന്ദ്ര സർക്കാർ നൽകുന്നില്ല.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...

ശ്രീ. പി. എസ്. സുപാൽ: സർ, ഇത് വളരെ ഗൗരവമേറിയ വിഷയമാണ്. മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. ഇക്കാര്യത്തിൽ അനിവാര്യമായ നടപടിയുണ്ടാകണം. വനമേഖലയിൽ താമസിക്കുന്ന ജനങ്ങളെ സംരക്ഷിക്കാനും അവരുടെ കൃഷി സംരക്ഷിക്കാനും സർക്കാരിന്റെ അടിയന്തര ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കേരളത്തിലെ വനമേഖലയിൽ ജീവിക്കുന്ന കർഷക സമൂഹത്തിന്റെ പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട പുനലൂർ എം.എൽ.എ. ഇവിടെ വളരെ വ്യക്തമായി സൂചിപ്പിച്ചത്. അദ്ദേഹം ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ എഡിറ്റ് ചെയ്താൽ അഞ്ച് ആവശ്യങ്ങളിൽ അത് ചുരുക്കാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്. അതിൽ ഒന്ന്, വന്യമൃഗശല്യം ഒഴിവാക്കുന്നതിലേയ്ക്കായി പ്രതിരോധ നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ്. നാം കാലാകാലങ്ങളായി സ്വീകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ പ്രതിരോധ പ്രവർത്തനങ്ങളും മുടക്കം വരാതെ നടത്തിക്കൊണ്ടിരിക്കുകയാണ്. പക്ഷേ

അത് വേണ്ടത്ര ഫലപ്രദമാകുന്നില്ലെന്നതാണ് നമ്മുടെ അനുഭവം. അതിനാൽ പുതിയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വന്യമൃഗങ്ങളുടെ സാന്നിധ്യം മുൻകൂറായി ജനങ്ങളെ അറിയിക്കുന്നതിനുവേണ്ടി വനത്തോട് ചേർന്നുള്ള ജനവാസമേഖലകളിൽ 'ഏർലി വാണിംഗ് സിസ്റ്റം' നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. അദ്ദേഹം സൂചിപ്പിച്ചതുപോലെ, കാട്ടുപന്നികളെ ഉപാധികളില്ലാതെ വെടിവയ്ക്കുന്നതിനുള്ള ഉത്തരവുകളും നൽകിയിട്ടുണ്ട്. കഴിഞ്ഞ ദിവസം ഇക്കാര്യം സഭയിൽ സൂചിപ്പിച്ചതാണ്. വെടിവയ്ക്കാൻ പരിശീലനം സിദ്ധിച്ചവരോ ലൈസൻസ് ലഭിച്ചവരോ ആയ ആളുകളുടെ എണ്ണം വളരെ കുറവായതിനാൽ വനം വകുപ്പും ആഭ്യന്തര വകുപ്പും ചേർന്ന് പോലീസിന്റെ സഹായത്തോടുകൂടി പരിശീലനം നൽകാനുള്ള ശ്രമങ്ങൾ ആലോചിച്ചിരുന്നു. എല്ലാ കാര്യത്തിലുമെന്നതുപോലെ അതിനെയും ചില പ്രകൃതിസ്നേഹികൾ കോടതിയിൽ ചോദ്യം ചെയ്തു. അതെന്തിനാണെന്ന് എനിക്ക് ഇപ്പോഴും മനസ്സിലായിട്ടില്ല. അവർക്ക് നല്ല പരിശീലനം നൽകേണ്ടതല്ലേ; കോടതി അത് സ്റ്റേ ചെയ്തു. സർക്കാർ ആ സ്റ്റേ നീക്കം

ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതുണ്ടായിരുന്നെങ്കിൽ കാട്ടുപന്നികളുടെ ആക്രമണത്തിൽനിന്ന് കർഷകരുടെ മരണവും കൃഷിനാശവും ഒരളവോളം ഒഴിവാക്കാൻ കഴിയുമായിരുന്നു. അവിടെ വേണ്ടത്ര രീതിയിൽ വിജയിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പരമ്പരാഗത ശൈലിയിൽനിന്ന് വ്യത്യസ്തമായി കൂടുതൽ കാര്യക്ഷമതയോടെ ആർ.ആർ.ടി. (റാപ്പിഡ് റെസ്പോൺസ് ടീം) പ്രവർത്തിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ നേരത്തെയുണ്ടായിരുന്നതിന് പുറമെ 9 ആർ.ആർ.ടി.-കൾകൂടി അനുവദിക്കാനും പ്രവർത്തിക്കാനുമുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പുമന്ത്രി വനമേഖലയിലെ ജനങ്ങളോട് വളരെയധികം താല്പര്യം കാണിച്ചതിന് എല്ലാവരുടെയും പേരിൽ നന്ദി പറയാൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്. 28 ആർ.ആർ.ടി.-കളും സ്പെഷ്യൽ ടീമുകളും

11.00 am] ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും എണ്ണത്തിന്റെ കുറവുകാരണം അവർക്ക് യഥാസമയം എല്ലായിടത്തും

എത്തിച്ചേരാൻ കഴിയുന്നില്ല. ഇപ്പോൾ വനം വകുപ്പിനോട് കാണിച്ചിട്ടുള്ള ഉദാരമായ നിലപാട് ആർ.ആർ.ടി.-കളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യത്തിലുമുണ്ടായാൽ ഒരളവുവരെ ഈ പരാതികൾക്ക് പരിഹാരം കാണാൻ കഴിയുമെന്നാണ് ഞാൻ കരുതുന്നത്. അതിനുള്ള അപേക്ഷ ധനകാര്യ വകുപ്പിന്റെ മുമ്പിലാണുള്ളത്. പരമ്പരാഗത രീതിയിൽനിന്ന് വ്യത്യസ്തമായി ആധുനിക സാങ്കേതിക വിദ്യകൾ സ്വീകരിക്കണമെന്ന നിർദ്ദേശം ഇന്നലെയും മിനിഞ്ഞാന്നുമായി ഈ സഭയിൽ ഉന്നയിച്ചിരുന്നു. ഇതിന് ഞങ്ങൾ പരീക്ഷണാടിസ്ഥാനത്തിലുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. വയനാട് ജില്ലയിലെ ഇരുളം, പാമ്ര, ചേലക്കൊല്ലി വനഭാഗത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് സ്മാർട്ട് ഫെൻസിംഗിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. ഫലപ്രദമായ ആശയ വിനിമയ സംവിധാനം സംബന്ധിച്ച് നിരവധി നിർദ്ദേശങ്ങൾ മുന്നോട്ടുവന്നതിന്റെ ഭാഗമായാണ് എ.ഐ.-സ്മാർട്ട് ഫെൻസിംഗ് നടത്തുന്നത്. അത് വിജയിക്കുകയാണെങ്കിൽ ചെലവ് ചുരുക്കി എല്ലായിടത്തും വ്യാപിപ്പിക്കാൻ കഴിയുമെന്നാണ്

കരുതുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ മറ്റൊരു കാര്യം നഷ്ടപരിഹാരം സംബന്ധിച്ചുള്ളതാണ്. അത് രണ്ട് തരത്തിലാണ് നൽകുന്നത്. വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണപ്പെട്ടാൽ 10 ലക്ഷം രൂപയും അല്ലെങ്കിൽ നിശ്ചിത സ്ലാബ് അടിസ്ഥാനത്തിലുമാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇന്നലെയും ഇന്നുമായി ഇവിടെ പറഞ്ഞെങ്കിലും അങ്ങ് കുറച്ചുകൂടി യാഥാർത്ഥ്യ ബോധത്തോടെയാണ് കാര്യങ്ങൾ പറഞ്ഞിരിക്കുന്നത്. കേന്ദ്ര സർക്കാർ 10 ലക്ഷം രൂപ നൽകുന്നുവെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചു. കേന്ദ്രം 10 ലക്ഷം രൂപ വീതം ഒരാൾക്ക് നൽകുകയാണെങ്കിൽ അങ്ങ് കാണിച്ച സൂചന പ്രകാരം 747 മരണങ്ങളുണ്ടായാൽ എത്ര ലക്ഷം രൂപ നമുക്ക് ലഭിക്കണമെന്ന് കണക്കുകൂട്ടി നോക്കിയാൽ മതിയാകും. അത്തരത്തിലുള്ള ഒരു തുകയും നമുക്ക് ലഭ്യമായിട്ടില്ല. നമുക്ക് 23 വന്യജീവി സങ്കേതങ്ങളാണുള്ളത്. അവ ഓരോന്നിനും ഓരോ പ്രോജക്ടാണ്. ആ പ്രോജക്ടുകളിലെ പലതരം കണ്ടന്റുകളിൽ ഒന്നുമാത്രമാണ് നഷ്ടപരിഹാരം. ഇക്കാലമത്രയും 1 കോടി 71 ലക്ഷം രൂപ മാത്രമാണ് ലഭിച്ചതെന്ന് ഞാൻ ഇന്നലെ വ്യക്തമാക്കിയതാണ്.

കഴിഞ്ഞ സാമ്പത്തിക വർഷം 34 ലക്ഷം രൂപയാണ് ലഭിച്ചത്. തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് രണ്ടുമാസം മുമ്പ്, 22-12-2023-ൽ കേന്ദ്ര മന്ത്രിമാർ വയനാട്ടിൽ വന്ന് പ്രഖ്യാപിച്ച ശേഷമാണ് ഒരു ഉത്തരവ് ഇറക്കുന്നത്. കേന്ദ്ര സർക്കാരിന്റെ 22-12-2023-ലെ ഓഫീസ് മെമ്മോറാണ്ടം അനുസരിച്ച്, വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് മാത്രമായി Integrated Development of Wildlife Habitats എന്ന ശീർഷകത്തിൽനിന്നും പണ ലഭ്യതയനുസരിച്ച് പരമാവധി 10 ലക്ഷം രൂപ വരെ നഷ്ടപരിഹാരം നൽകാവുന്നതാണെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ മാത്രമാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. അത് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട പ്രശ്നമാണ്. നമുക്ക് ഇവിടെ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ഫലപ്രദമായി ചെയ്യാൻ കഴിയണം. കേന്ദ്ര സർക്കാരിനോട് പറയേണ്ടത് പറയാനുള്ള ശ്രമങ്ങൾ ഞങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകുന്നതാണ്. നേരത്തെ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നൽകുന്നത്. എന്നാൽ ആ നിരക്കനുസരിച്ച്

കൊടുക്കുന്നതിന് പണത്തിന്റെ ലഭ്യതക്കുറവുണ്ടെന്ന് ചൂണ്ടിക്കാണിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് കേരളത്തിലെ വന്യജീവി ആക്രമണം സ്പെസിഫൈഡ് ദുരന്തമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ വകുപ്പുകളുടെ ഏകോപനത്തോടുകൂടി ഇതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ പരമാവധി കഴിയുന്നുണ്ട്. അത്തരം കാലതാമസം ഒഴിവാക്കാനുള്ള ശ്രമങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ കഴിയുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. നിരക്കുകളിൽ വർദ്ധനവുണ്ടാകണമെന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ചർച്ചയിൽ സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് സംസാരിക്കാനായി സമയം അധികമെടുത്തിരിക്കുകയാണ്. ഉത്തരം ദീർഘമാണെങ്കിൽ മേശപ്പുറത്തുവയ്ക്കാം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഒന്നുരണ്ടു വാക്കുകൾ പറഞ്ഞ് അവസാനിപ്പിക്കാം. ഇത് പലപ്പോഴായി സഭയിൽ പറയുന്ന

വിഷയമായതുകൊണ്ടാണ് വ്യക്തമാക്കുന്നത്. വനാശ്രിത സമൂഹത്തിൽ കൂടുതൽ തൊഴിൽ സാധ്യതകളുണ്ടാകണമെന്നതാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച മറ്റൊരാവശ്യം. വനാശ്രിത സമൂഹത്തിന്റേതായ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വനവിഭവങ്ങൾ ശേഖരിച്ച് 'വനശ്രീ പദ്ധതി'യിലൂടെ വില്പന നടത്തുന്നുണ്ട്. ഏറ്റവും വലിയ ടൂറിസ്റ്റ് സാധ്യതയുള്ള മേഖല വനമേഖലയാണെന്ന കാര്യം സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. 71 ഇക്കോ ടൂറിസ്റ്റ് സെന്ററുകളെ വനം വകുപ്പ് ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ടൂറിസം വകുപ്പുമായി സഹകരിച്ച് ആ മേഖലയിൽ കൂടുതലായുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിന്റെ പ്രായോഗികതയെയും ഫലപ്രദമായ നിലനിൽപ്പിനെയുംകുറിച്ച് സഗൗരവം ചിന്തിക്കണമെന്നാണ് ടൂറിസം വകുപ്പിനോടും ഞങ്ങളെയെല്ലാം നയിക്കുന്ന മുഖ്യമന്ത്രിയോടും അഭ്യർത്ഥിക്കാനുള്ളത്. അത് കേരളത്തിലെ വനവാസി മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ സഹായിക്കുകയും കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് ശക്തിപകരുകയും ചെയ്യുന്നതായിരിക്കും. ബഹുമാനപ്പെട്ട പുനലൂർ

എം.എൽ.എ. പി. എസ്. സുപാൽ നല്ലൊരു പ്രശ്നമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. വസ്തുനിഷ്ഠമായി കാര്യങ്ങളുന്നയിക്കുകയും വിശദീകരണം നൽകുകയും ചെയ്യുമ്പോഴാണ് സർക്കാരിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയുന്നത്. അതിന് ശക്തിപകരുന്ന വിധത്തിലുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചതിന് ഒരിക്കൽക്കൂടി നന്ദി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ: സർ, സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ടെന്നത് വസ്തുതയാണെങ്കിലും ഇവിടെ പലപ്പോഴും വില്ലനായി വരുന്നത് കേന്ദ്ര ഗവൺമെന്റാണ്. വന്യജീവി സംരക്ഷണ നിയമം ശാസ്ത്രീയമല്ലാത്തതിനാൽ അത് മാറ്റേണ്ടതുണ്ടെന്നുള്ള രീതിയിൽ വലിയ ചർച്ചകൾ ഉണ്ടാവുകയാണ്. വന്യജീവി സംരക്ഷണ നിയമത്തിന്റെ പിന്തുണയുള്ളതിനാലാണ് ഇപ്പോൾ മൃഗങ്ങളെ പ്രതിരോധിക്കാൻ നമുക്ക് കഴിയാതെ പോകുന്നത്. അതുകൊണ്ട് അതിൽ ആവശ്യമായ മാറ്റം വരുത്തണം. കേന്ദ്ര ഗവൺമെന്റിന്റെ സഹായം സംസ്ഥാനത്തിന് ലഭിക്കാത്തതും വളരെ ഗൗരവമുള്ള വിഷയമാണ്.

വന്യജീവി ആക്രമണംമൂലം നമ്മുടെ നാട്ടിൻപുറങ്ങളിലടക്കം കൃഷി ചെയ്യാൻ കഴിയാത്ത സാഹചര്യമാണ്. ഇത് ധാരാളം കർഷകരുടെ ജീവിതത്തെ ദോഷകരമായി ബാധിക്കുന്നു. അങ്ങ് കുറെ കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. പക്ഷേ കേരളത്തിന്റെ പൊതുവായിട്ടുള്ള താല്പര്യം പരിഗണിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന്റെ മുമ്പാകെ ഈ വിഷയം ഗൗരവമായി കൊണ്ടുവരുന്നതിന് അങ്ങയുടെ നേതൃത്വത്തിൽ ഒരു സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയെയും കേന്ദ്ര വനം വകുപ്പുമന്ത്രിയെയും കാണുന്നത് സംബന്ധിച്ച് ആലോചിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഈ വിഷയം പലപ്പോഴായി ചർച്ച ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസാക്കി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. അങ്ങ് സൂചിപ്പിച്ചതുപോലെ, നിയമത്തിലുള്ള കാലോചിതമായ പരിഷ്കാരം ആവശ്യപ്പെട്ടുകൊണ്ട് പ്രമേയം പാസാക്കി അയച്ചുകൊടുക്കുക മാത്രമല്ല മന്ത്രിമാർ നേരിട്ട് കേന്ദ്ര മന്ത്രിയെ കാണുകയും ഇക്കാര്യം ആവശ്യപ്പെടുകയും ചെയ്തു. പക്ഷെ അനുകൂലമായ നിലപാടല്ല അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്.

സർവകക്ഷി സംഘത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര നേതാക്കന്മാരുമായി കേരളത്തിന്റെ ആവശ്യങ്ങൾ സംബന്ധിച്ച ചർച്ചകൾ നടത്തുന്ന ഘട്ടത്തിൽ ഈ പ്രശ്നവും ഉയർത്തിക്കൊണ്ടുവരുമെന്നാണ് എനിക്ക് തോന്നുന്നത്. ഇക്കാര്യം നമ്മുടെ 20 എം.പി.-മാരിലൂടെ പാർലമെന്റിലോ മറ്റ് ഉചിതമായ സ്ഥലത്തോ ശ്രദ്ധയിൽപ്പെടുത്താൻ കഴിയുമോ എന്ന ഒരു പരിശോധനയും നടത്തേണ്ടതുണ്ട്. ഗവൺമെന്റ് ഇക്കാര്യത്തിൽ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(2) കോട്ടയം നഗരത്തിലെ സ്കൈ വാക് പദ്ധതി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു നാടിന്റെ ദുഃഖമായി നിൽക്കുന്ന ഒരു നിർമ്മാണ പ്രവർത്തനം, അത് 10 വർഷത്തോളമായി നിശ്ചലമായിരിക്കുകയാണ്. കേരളത്തിൽ റോഡ് സുരക്ഷയെയും ഗതാഗതക്കുരുക്കിനെയും കുറിച്ച് പഠനം നടത്തുന്ന സർക്കാർ ഏജൻസിയായ NATPAC 2014-15-ൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് പതിനായിരത്തിലധികം ആളുകൾ യാത്ര ചെയ്യുന്നതും ഒരു ലക്ഷത്തിലധികം

വാഹനങ്ങൾ കടന്നുപോകുന്നതുമായ റോഡുകളിലെ ഗതാഗതം നിയന്ത്രിക്കുന്നതിന് നടപടിയെടുക്കണമെന്ന് തീരുമാനിച്ചത്. എം.സി. റോഡിൽ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് അനുഭവിക്കുന്ന കോട്ടയത്തിന്റെ ഹൃദയഭാഗത്ത്, അഞ്ച് റോഡുകൾ വന്നുചേരുന്ന സ്ഥലത്ത് മേൽപ്പാലം വേണമെന്ന് NATPAC പറഞ്ഞുവെങ്കിലും അവിടെയൊരു 'സ്കൈ വാക്ക്' കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചു. പ്രതിദിനം ഒരു ലക്ഷത്തിലധികം വാഹനങ്ങളും പതിനായിരത്തിലധികം ആളുകളും ആ ജംഗ്ഷൻ വഴി കടന്നുപോകുന്നുണ്ട്. ആദ്യം അതിന് അഞ്ച് കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുടർന്ന് utility shifting അടക്കം 5.18 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി, കിറ്റ്കോ-യ്ക്ക് ഗവൺമെന്റ് കരാർ കൊടുക്കുകയും ചെയ്തു. രണ്ട് കോടി രൂപയുടെ പ്രവൃത്തി ഏകദേശം പൂർത്തിയാക്കി. തുടർന്ന് പല ഘട്ടങ്ങളിലായി അന്നത്തെ ഗതാഗത വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രവൃത്തി പുനരാരംഭിക്കുന്നതിന്റെ ചർച്ചകൾ നടന്നിട്ടുണ്ട്. അന്നത്തെ ഗതാഗത വകുപ്പുമന്ത്രിയും തുറമുഖ-സഹകരണ വകുപ്പുമന്ത്രിയും ഇതിന്റെ പുരോഗതി വിലയിരുത്തുന്നതിനുവേണ്ടി രണ്ട് ചർച്ചകളിൽ

പങ്കെടുത്തിട്ടുള്ളതുമാണ്. സാംങ്ഷൻഡ് തുകയായ 5.18 കോടി രൂപയ്ക്കുപുറമേ 1,65,01,843 രൂപ അധികമായി വേണ്ടിവരുമെന്നും അത് എം.എൽ.എ. ഫണ്ടിൽനിന്നും നൽകാമോ എന്നും ചോദിച്ച് ജില്ലാ കളക്ടർ എനിക്കൊരു കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ, എങ്ങനെയും പണി പൂർത്തിയാകട്ടെ എന്ന ആഗ്രഹത്താൽ പ്രസ്തുത തുക നൽകാമെന്ന് ഞാൻ എഴുതിക്കൊടുത്തു. തുടർന്ന് അത് ഉൾപ്പെടുത്തിയ പ്രൊപ്പോസൽ അംഗീകാരത്തിനായി ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നൽകുകയും ചെയ്തു. എന്നാൽ പ്രസ്തുത വർക്കിൽ പുരോഗതിയില്ലാത്തതിനാൽ അവിടെയുള്ള ഒരു മാധ്യമ പ്രവർത്തകൻ ഹൈക്കോടതിയിൽ പൊതുതാല്പര്യ ഹർജി കൊടുത്തു. എന്നെക്കൂടി കേൾക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അതിൽ ഞാൻ കക്ഷിചേരാൻ അഭ്യർത്ഥിച്ചതനുസരിച്ച് ഹൈക്കോടതി അനുവദിക്കുകയും ചെയ്തു. 01-11-2022-ൽ ജില്ലാ കളക്ടർ അനുകൂലമായി കോടതിയിൽ കൊടുത്ത സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് 04-11-2022-ൽ ബഹുമാനപ്പെട്ട കോടതി ഒരു ഒബ്സർവേഷൻ നടത്തുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ വിവിധ

ഘട്ടങ്ങളിലായി കോടതി 6 ഉത്തരവുകൾ കൊടുത്തിട്ടുണ്ട്. സ്കൈ വാക്ക് പ്രോജക്ടിന് സ്ട്രക്ചറൽ സ്റ്റെബിലിറ്റിയുണ്ടെന്ന് പി.ഡബ്ല്യു.ഡി.-യിലെ സ്ട്രക്ചറൽ എഞ്ചിനീയർ, തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെയുള്ളവർ റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. ഇതിന്മേൽ പാലക്കാട് ഐ.ഐ.ടി.-യുടെ റിപ്പോർട്ട് വേണമെന്ന് പിന്നീട് ആവശ്യപ്പെട്ടതനുസരിച്ച് അതും കൊടുത്തിട്ടുണ്ട്. ഈ കാലഘട്ടത്തിൽ തുടങ്ങിയ കോട്ടയം സ്കൈ വാക്ക് ഒഴിച്ചുള്ള എല്ലാ ആകാശപ്പാതകൾക്കും ഗവൺമെന്റ് സാങ്ഷൻ കൊടുത്ത് ഉദ്ഘാടനവും നടത്തി. ഇതിന്റെ നിർമ്മാണം മാത്രം മന്ദീഭവിച്ച് കിടക്കുകയാണ്. നമ്മുടെ സാംസ്കാരിക കേന്ദ്രമായ കോട്ടയത്തിന്റെ ഏറ്റവും സുപ്രധാനമായ സ്ഥലത്ത് നിർമ്മാണം പാതിവഴിയിൽ നിൽക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു വാക്ക് പറയാനുണ്ട്. അങ്ങേയ്ക്ക് ഇതുസംബന്ധിച്ച് കൃത്യമായി അറിയാം. അങ്ങ് ഇതുവഴി പലപ്രാവശ്യം പോയിട്ടുണ്ട്. ഇതെന്താ പണി പൂർത്തിയാകാതെ നിൽക്കുന്നതെന്ന് സ്വാഭാവികമായും അങ്ങും ആലോചിച്ചിട്ടുണ്ടാകുമെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് ഇതിന്റെ പണി പൂർത്തീകരിക്കണം. അതിന് എം.എൽ.എ.

ഫണ്ട് നൽകണമെന്ന് പറഞ്ഞതനുസരിച്ച് അതും കൊടുത്തു. എം.എൽ.എ. ഫണ്ട് എത്രയുണ്ടാകുമെന്ന് അങ്ങേയ്ക്കറിയാമല്ലോ? ഒരു വർഷത്തെ എം.എൽ.എ. ഫണ്ടിലെ മൂന്നിലൊന്നിൽ കൂടുതൽ തുക കൊടുക്കാമെന്നും പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് പദ്ധതി പൂർത്തീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി പോസിറ്റീവായി മറുപടി പറയുമെന്നാണ് എന്റെ വിശ്വാസം. ഇതിനെ ഫിനിഷിംഗ് പോയിന്റിൽ എത്തിക്കുന്നതിന് ബഹുമാനപ്പെട്ട പിണറായി വിജയൻ ഗവൺമെന്റിന്റെ നല്ല രൂപത്തിലുള്ള ശ്രമമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, സഭയിലെ മുതിർന്ന അംഗമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ കാര്യങ്ങളിൽ, അദ്ദേഹം പറഞ്ഞത് NATPAC-ന്റെ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് തുടങ്ങിയതെന്നാണ്. അതിൽ ചെറിയൊരു മിസ്റ്റേക്കുണ്ട്. സ്കൈ വാക്ക് പദ്ധതി തുടങ്ങിയിരിക്കുന്നത് ലിയോ ചങ്ങനാശ്ശേരി എന്ന സ്വകാര്യ സ്ഥാപനം തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ്. അതിന്റെ മറ്റൊരു ഘട്ടത്തിലാണ് NATPAC

പരിശോധന നടത്തിയത്. ഇതിനായി 2015-ൽ ലിയോ ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിന് 36000 രൂപ കൈമാറി. റോഡ് സേഫ്റ്റി അതോറിറ്റി മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഈ പദ്ധതിയും റോഡ് സേഫ്റ്റി അതോറിറ്റിയും തമ്മിൽ യാതൊരു ബന്ധവുമില്ല. ഇതിലെ റെക്കറിംഗ് എക്സ്പെൻഡിച്ചർ വഹിക്കാൻ റോഡ് സേഫ്റ്റി അതോറിറ്റി നിയമം അനുവദിക്കില്ല. ഒറ്റത്തവണയായി ചില കാര്യങ്ങൾ സെറ്റിൽ ചെയ്യാനും റോഡിലെ അപകടങ്ങൾ ഒഴിവാക്കാനുള്ള പദ്ധതികൾക്കുമായാണ് റോഡ് സേഫ്റ്റി അതോറിറ്റി പ്രവർത്തിക്കുന്നത്. ആ മാനദണ്ഡത്തിൽനിന്നും അടിസ്ഥാനപരമായി വ്യതിചലിച്ചുകൊണ്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയിൽ, ഒരു ഓവർ ബ്രിഡ്ജ് എന്നതിനപ്പുറം ചില വ്യാപാര സ്ഥാപനങ്ങളും വിഭാവനം ചെയ്തിരുന്നു. പിന്നീടത് റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ഏല്പിക്കണമെന്ന് ഫണ്ട് നൽകുന്ന ഡിപ്പാർട്ട്മെന്റ് എന്ന നിലയിൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് അറിയിച്ചു. അന്നത്തെ ഗവൺമെന്റ് ഓർഡർ അനുസരിച്ച് ഈ ആകാശപ്പാത നിർമ്മിക്കാനുള്ള

അധികാരം കിറ്റ്കോയ്ക്ക് കൊടുക്കാൻ കഴിയില്ലായിരുന്നു. ഓവർബ്രിഡ്ജുകൾ, റോഡുകൾ, ബ്രിഡ്ജുകൾ എന്നിവ നിർമ്മിക്കാനുള്ള അധികാരം നൽകിയിരുന്നത് റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനാണ്. പി.ഡബ്ല്യു.ഡി.-യുടെ ജനറൽ വർക്സ് മാത്രമേ കിറ്റ്കോയ്ക്ക് നൽകാൻ കഴിയൂ. എന്നാൽ അത് ലംഘിച്ചുകൊണ്ടാണ് അന്നത്തെ മന്ത്രിയുടെ ഉത്തരവുപ്രകാരം ഇത് കിറ്റ്കോയ്ക്ക് കൈമാറിയത്. അതിനുശേഷം കിറ്റ്കോ പണി ആരംഭിച്ചു. അദ്ദേഹം പറഞ്ഞത് ശരിയാണ്, കോട്ടയം ജില്ലയിലൂടെ കടന്നുപോകുന്നവരെല്ലാം ഇതെന്താണെന്ന് ആലോചിക്കും. എറണാകുളത്ത് ബിനാലെയ്ക്ക് വന്ന ഒരു കലാകാരൻ സ്ഥലം എം.എൽ.എ.-യോടുള്ള ബന്ധം കൊണ്ടുണ്ടാക്കി നൽകിയ ശില്പമാണെന്നാണ് ഞാനും കരുതിയിരുന്നത്. തുടർന്ന് ഗതാഗത വകുപ്പുമന്ത്രിയായി ചുമതലയേറ്റപ്പോഴാണ് ഇതൊരു സ്കൈ വാക്കാണെന്ന് അറിയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതു കണ്ടോ എന്നൊക്കെ എല്ലാവരും ചോദിക്കുന്നു. സാധാരണ കാണുന്നവർ ചിന്തിക്കുന്നത് ഇപ്രകാരമാണ്. പക്ഷേ ഇത് പൊളിച്ചുമാറ്റണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്

ഒരാൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽനിന്നും നോട്ടീസ് വന്നു. ഇതിന് സ്ഥലം ഏറ്റെടുക്കണമായിരുന്നു. എന്നാൽ സ്വകാര്യ സ്ഥലമോ മറ്റ് സ്ഥലങ്ങളോ ഏറ്റെടുക്കേണ്ട ആവശ്യമില്ലെന്നാണ് അന്നത്തെ ജില്ലാ കളക്ടർ ആദ്യം പറഞ്ഞിരുന്നത്. കോടതിയിൽനിന്നും നോട്ടീസ് വന്നപ്പോൾ ഞങ്ങൾ കളക്ടർക്ക് കത്ത് കൊടുത്തു. അവിടെ YMCA-യുടെ സ്ഥലമുണ്ട്, മുനിസിപ്പാലിറ്റിയുടെ സ്ഥലം മാത്രമാണ് അവർ നൽകിയിട്ടുള്ളത്. ബാക്കി സ്ഥലങ്ങൾ ഏറ്റെടുക്കണമെങ്കിൽ കോടിക്കണക്കിന് രൂപ ആവശ്യമാണ്. സ്വകാര്യ വ്യക്തികളുടേതും ചർച്ചിന്റെയും സ്ഥലമെല്ലാം സൗജന്യമായി നൽകുമെന്നാണ് അന്ന് പറഞ്ഞിരുന്നത്. ഇപ്പോൾ സി.എസ്.ഐ. ചർച്ച്, ഭൂവുടമകൾ, കേന്ദ്ര സർക്കാരിന്റെ തപാൽ വകുപ്പ് എന്നിവർ ഭൂമി വിട്ടുനൽകാൻ വിസമ്മതിച്ചിരിക്കുകയാണ്. ഇനി അവർ ഭൂമി നൽകാൻ സാധ്യതയില്ലെന്നാണ് ജില്ലാ കളക്ടർ അറിയിച്ചിരിക്കുന്നത്. അവർ സ്ഥലം നൽകാത്തതിനാൽ കാശ് കൊടുത്ത് സ്ഥലമേറ്റെടുക്കാൻ റോഡ് സേഫ്റ്റി അതോറിറ്റിക്ക് അധികാരമില്ല. ഇതുകൂടാതെ അവിടെ ലിഫ്റ്റ്

സ്ഥാപിക്കുന്നതുപോലെയുള്ള ആവർത്തന ചെലവുകളുമുണ്ട്. ഇതു സംബന്ധിച്ച് പാലക്കാട് ഐ.ഐ.ടി. സമർപ്പിച്ച ഒരു റിപ്പോർട്ടിലെ ചില കാര്യങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് മനസ്സിലാക്കുന്നതിനായി ഞാൻ പറയാം. 'നിർദ്ദിഷ്ട സ്കൈ വാക്ക് ഘടനയിൽ മതിയായ ഭിത്തിയില്ല എന്നും അപര്യാപ്തമായ സ്ട്രക്ചർ ശക്തിപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണെന്നും ഫൗണ്ടേഷൻ അപര്യാപ്തമാണെന്നും സൈസ് കൂട്ടേണ്ടതാണെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്'. ഇക്കാര്യം ബഹുമാനപ്പെട്ട കോടതിയെയും അറിയിച്ചിട്ടുണ്ട്. അതോടൊപ്പം സ്കൈ വാക്കിന്റെ ഡി.പി.ആർ.-ൽ അഞ്ച് റോഡുകൾക്കുമായി അഞ്ച് സ്റ്റെയർകേസുകൾ തീരുമാനിച്ചിരുന്നു. എന്നാൽ ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ 6.5 മീറ്റർ ഉയരമുള്ള സ്കൈ വാക്കിന് 6 ലിഫ്റ്റും 3 സ്റ്റെയർകേസും നിർബന്ധമാക്കണമെന്ന് NATPAC പിന്നീട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ലിഫ്റ്റുംകൂടി ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കുന്നതിന് കിറ്റ്കോ തയ്യാറാക്കിയ പുതിയ എസ്റ്റിമേറ്റ് പ്രകാരം 17 കോടി 85 ലക്ഷം രൂപ വേണ്ടിവരും. അദ്ദേഹം പറഞ്ഞതുപോലെ ഒരു

കോടി രൂപ അങ്ങയുടെ ഫണ്ടിൽനിന്നും നൽകിയതുകൊണ്ട് ഇതിന്റെ നിർമ്മാണം പൂർത്തിയാകില്ല. 17 കോടി 85 ലക്ഷം രൂപയാണ് ഇതിന്റെ ഇപ്പോഴുള്ള എസ്റ്റിമേറ്റ്. ഈ പ്രവൃത്തിക്ക് ആദ്യം 5 കോടി രൂപ അനുവദിക്കുകയും പിന്നീട് അത് 5.18 കോടി രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. അങ്ങ് പറഞ്ഞത് ശരിയാണ്. ഒരു തിരഞ്ഞെടുപ്പ് വിജ്ഞാപനം നിലനിൽക്കുന്ന സമയത്താണ് ഇങ്ങനെ ചെയ്തത്. ഇതിനിടയിൽ കിറ്റ്കോയിൽ ചില ക്രമക്കേടുകൾ നടക്കുന്നുവെന്ന് വിജിലൻസ് വകുപ്പിലും പരാതി ലഭിച്ചു. വിജിലൻസ് ഈ വിഷയം പഠിക്കുകയും അന്വേഷണം നടത്തുകയും ചെയ്തപ്പോൾ എഞ്ചിനീയറിംഗിൽ ചില പാളിച്ചകൾ പറ്റിയിട്ടുണ്ടെന്നും അതുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കൈയിൽനിന്നും തുക പിടിച്ചെടുക്കണമെന്നുമാണ് വിജിലൻസ് റിപ്പോർട്ടിൽ പറയുന്നത്. ചില ഉദ്യോഗസ്ഥരുടെ പേരുകളും അതിൽ പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, ഹൈക്കോടതിയിൽ കേസ് നൽകിയതുമായി ബന്ധപ്പെട്ട് അവസാനം വന്ന നോട്ടീസിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കാൻ സാധിക്കുമോ; ഇതിന്റെ തുടർ

പരിപാലനം ആരാണ് ചെയ്യുന്നത്; വൈദ്യുതി ചാർജ്ജ് ആരാണ് നൽകുന്നത്; ഇതിനകത്ത് വിഭാവനം ചെയ്തിരിക്കുന്ന കടകളുടെ വാടക ആര് ശേഖരിക്കും എന്നിങ്ങനെയുള്ള ഒരു ചോദ്യാവലി കളക്ടർക്ക് അയച്ചുകൊടുത്തു. ഇതൊന്നും റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഭരണഘടനയിൽപ്പെടുന്ന കാര്യമല്ല. അങ്ങനെ ചെയ്യാൻ അവർക്ക് അധികാരവുമില്ല; അത് ചെയ്യുകയുമില്ല. റെക്കറിംഗ് എക്സ്പെൻഡിചറും ഇൻകവും എടുക്കാനുള്ള അധികാരം റോഡ് സേഫ്റ്റി അതോറിറ്റിയുടെ നിയമത്തിലില്ല. ആര് ഇത് ചെയ്യുമെന്ന് കളക്ടറോട് ചോദിച്ചപ്പോൾ ഇത് പരിപാലിക്കാനും സ്ഥലമേറ്റെടുത്ത് നൽകാനും ഞങ്ങളെക്കൊണ്ട് സാധിക്കില്ലെന്നാണ് ജില്ലാ കളക്ടർ മറുപടി നൽകിയത്. ആ മറുപടിയുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ കാര്യങ്ങൾ നിൽക്കുന്നത്. കോടതിയിൽ നൽകാനുള്ളതായതിനാൽ ഒരു നിശ്ചിത തീയതിക്കകം മറുപടി നൽകണമെന്നു പറഞ്ഞാണ് അവസാനം കളക്ടർക്ക് കത്ത് നൽകിയത്. വൈകിയാണെങ്കിലും അദ്ദേഹം കൃത്യമായ മറുപടി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കാൻ പറ്റില്ലെന്നും ഇതിൽ ഒരു സ്ഥലം കേന്ദ്ര ഗവൺമെന്റിന്റേതും

മറ്റൊന്ന് സി.എസ്.ഐ. ചർച്ചിന്റേതുമാണെന്നും അവർ സ്ഥലം വിട്ടുനൽകില്ലെന്നുമാണ് ആ മറുപടിയിൽ പറയുന്നത്. സ്ഥലം ഏറ്റെടുക്കാതെ ചെയ്താൽ റോഡിലായിരിക്കും നിർമ്മിക്കേണ്ടിവരുന്നത്. അങ്ങനെ ചെയ്താൽ കോട്ടയം നഗര വികസനത്തിന്റെ ഭാഗമായി വരുന്ന മാറ്റങ്ങളിൽ ഇത് പിന്നീട് പൊളിച്ചുമാറ്റേണ്ടി വരും. 17 കോടി രൂപ ചെലവാക്കി അതിന്റെ സ്ട്രക്ചർ മൊത്തത്തിൽ പൂർത്തിയാക്കാൻ തീരുമാനിച്ചാൽ അത് പിന്നീട് പൊളിച്ച് കളയേണ്ടിവരും. സ്ഥലം ഏറ്റെടുക്കാതെ റോഡിൽനിന്നും ചെയ്താൽ അതിന് 17 കോടി 85 ലക്ഷം രൂപ വേണമെന്നാണ് കിറ്റ്കോ പറയുന്നത്. സ്ട്രെങ്തൻ ചെയ്ത്, സ്ഥലം എടുത്താൽ മാത്രമെ അതറിയാൻ സാധിക്കുകയുള്ളൂ. അങ്ങനെ ചെയ്താലും ആ റോഡിൽ കൂടുതൽ വികസനങ്ങൾ വരുമ്പോൾ തീർച്ചയായും ഇത് പൊളിച്ചുമാറ്റേണ്ടിവരുമെന്നാണ് അവസാനമായി കിട്ടിയ റിപ്പോർട്ട്. ചെയ്യാൻ പാടില്ലാത്ത ഒരു കാര്യമാണ് ഇതിൽ ചെയ്തിരിക്കുന്നത്. റോഡ് സേഫ്റ്റി അതോറിറ്റിയുടെ ലക്ഷ്യങ്ങളിൽപ്പെട്ട ഒരു കാര്യമല്ല ഇത്. അങ്ങ് പറഞ്ഞതുപോലെ പോസിറ്റീവായ ഒരു മറുപടി പറയണമെന്ന്

ആഗ്രഹമുണ്ടെങ്കിലും 5 കോടി രൂപയ്ക്ക് പുറത്ത് പന്ത്രണ്ട് കോടി രൂപ കൂടി ചെലവാക്കുന്നത് സാധ്യമായ കാര്യമല്ലെന്നാണ് പറയാനുള്ളത്. ഇക്കാര്യത്തിൽ ഒരു പോസിറ്റീവായ മറുപടി പറയാൻ സാധിക്കില്ല. കാരണം നിലവിൽ സ്കൈ വാക്ക് പദ്ധതി പൂർത്തീകരിക്കണമെങ്കിൽ കിറ്റ്കോയുടെ പുതുക്കിയ എസ്റ്റിമേറ്റുപ്രകാരം 17.85 കോടി രൂപ കൂടാതെ ഐ.ഐ.ടി. നിർദ്ദേശപ്രകാരം സ്റ്റെബിലിറ്റി വർദ്ധിപ്പിക്കാനും സ്ഥലം ഏറ്റെടുക്കുന്നതിനും തുടർ പരിപാലനത്തിനുമുള്ള തുകയും ചേർത്ത് വലിയൊരു തുക കണ്ടെത്തേണ്ടിവരും. ഇപ്രകാരം പണിയുന്ന സ്കൈ വാക്ക് ഗതാഗതക്കുരുക്ക് വർദ്ധിച്ചുവരുന്ന കോട്ടയം നഗരത്തിൽ ഭാവിയിൽ റോഡ് വികസനമുണ്ടായാൽ പൊളിച്ചുമാറ്റേണ്ടിയും വരും. അതിനാൽ കേരള റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ടുപയോഗിച്ച് കോട്ടയം സ്കൈ വാക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടരുവാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന് വളരെ ദൗർഭാഗ്യത്തോടെ അറിയിക്കുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങയുടെ അഭിപ്രായം ഇതായിരിക്കുമെന്ന് എനിക്ക് നേരത്തെ അറിയാമായിരുന്നു.

അതുകൊണ്ടാണ് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണമെന്ന് ഞാൻ പറഞ്ഞത്. അദ്ദേഹം വ്യക്തിപരമായി ചിലകാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അത് ഞാൻ പറയുന്നില്ല. ഇവിടത്തെ പ്രധാനപ്പെട്ട വിഷയം എന്താണ്; അഞ്ച് മെയിൻ റോഡുകൾ വന്നുചേരുന്ന സ്ഥലമാണിത്. അവിടെനിന്നും മനുഷ്യന് മുന്നോട്ടുപോകണ്ടേ; അതിനുവേണ്ട എന്തെങ്കിലും സംവിധാനമുണ്ടാക്കണ്ടേ; ആ സംവിധാനം കഴിഞ്ഞ 8 വർഷത്തോളമായി നോക്കുകുത്തിയായി നിൽക്കുകയാണ്. ഈ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ജനങ്ങളെ നോക്കാൻ സാധിക്കാത്ത രൂപത്തിലേയ്ക്ക് ഗവൺമെന്റും വരികയാണ്. ഈ ഗവൺമെന്റ് ഇത് എന്തുകൊണ്ട് പൂർത്തിയാക്കുന്നില്ല എന്നൊരു ചോദ്യം നിലനിൽക്കുകയാണ്. ഒരു പ്രദേശത്തെ മുഴുവൻ ജനങ്ങളെയും ആക്ഷേപിക്കുന്ന രൂപത്തിലേയ്ക്ക് അവിടെ ഒരു കാഴ്ച നിലനിർത്താൻ പറ്റുമോ? അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് അവിടെയുള്ള സഞ്ചാര സൗകര്യം വർദ്ധിപ്പിച്ച് നാട്ടുകാരെ രക്ഷിക്കണം. അത് പൊളിച്ചുമാറ്റേണ്ടിവരുമെന്നാണ് അദ്ദേഹം പറയുന്നത്. ഇത് പൊളിച്ച് മാറ്റുകയാണെങ്കിൽ വിദ്യാർത്ഥി മിത്രവും

സി.എസ്.ഐ. ചർച്ചിന്റെ കൂറേ ഭാഗങ്ങളും മുനിസിപ്പൽ ആഫീസും പൊളിച്ചുമാറ്റേണ്ടിവരും. അതൊന്നുമല്ല ഞാൻ പറഞ്ഞത്, ഞാൻ ചെറിയ ഒരു കാര്യം മാത്രമെ പറഞ്ഞുള്ളൂ, നടത്തിക്കൊണ്ടിരിക്കുന്ന ഒരു നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുകയും അവിടെയുള്ള ജനങ്ങളുടെ വേദനയും ദുഃഖവും അവസാനിപ്പിക്കുകയും വേണം. ഇതുസംബന്ധിച്ച് എല്ലാ മാധ്യമങ്ങളിലും വാർത്തകൾ വന്നിട്ടുണ്ട്. ദീപിക പത്രം എഡിറ്റോറിയൽ എഴുതിയിട്ടുണ്ട്. മലയാള മനോരമ പത്രവും അതിനെക്കുറിച്ച് ശക്തമായി വാദിച്ചു. ഇത്രയും പ്രാധാന്യമുള്ള ഒരു നിർമ്മാണത്തിന് ഈസിയായി ഒരു മറുപടി പറഞ്ഞത് വളരെ കഷ്ടമായിപ്പോയി. ഇതിൽ ഞാൻ എന്റെ ദുഃഖം രേഖപ്പെടുത്തുകയാണ്. ഈ പ്രവൃത്തി പൂർത്തിയാക്കുന്നതിനുവേണ്ടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിന്നീട് മറുപടി പറയും. ബഹുമാനപ്പെട്ട അങ്ങ് പറഞ്ഞ കാര്യത്തിൽ ഒളിച്ചുവയ്ക്കാനൊന്നുമില്ല. ഞാൻ ഗതാഗത വകുപ്പുമന്ത്രിയായി ചുമതലയേറ്റെടുത്തപ്പോൾ അങ്ങ് പറഞ്ഞതുപ്രകാരമാണ് ഈ ഫയൽ

പരിശോധിക്കുന്നത്. അതോടൊപ്പം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നോട്ടീസും വന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ഫയൽ പരിശോധിക്കുന്നതുകൊണ്ട് തെറ്റൊന്നുമില്ല. ഞാൻ പറഞ്ഞിടത്ത് കാര്യങ്ങൾ നിൽക്കില്ലെന്നതാണ് അദ്ദേഹം ഫയൽ പരിശോധിച്ചാലുണ്ടാകാൻ പോകുന്ന ഭവിഷ്യത്ത്. ബഹുമാനപ്പെട്ട അംഗത്തോട് എനിക്ക് വ്യക്തിപരമായി വിരോധമൊന്നുമില്ല. ഇക്കാര്യം സംബന്ധിച്ച് എന്നോട് പറഞ്ഞപ്പോൾ ഞാൻ തമാശ രൂപത്തിൽ പറഞ്ഞത്..... ഞാൻ വനം വകുപ്പുമന്ത്രിയായിരിക്കുമ്പോൾ എന്റെ മണ്ഡലത്തിൽ വനം വകുപ്പിന്റെ ശബരി കുടിവെള്ള പദ്ധതി തുടങ്ങാൻവേണ്ടി നാൽപ്പത്തിയഞ്ച് ലക്ഷം രൂപയോളം ചെലവുവരുന്ന വലിയൊരു ഫാക്ടറി വന്നു. അതിന്റെ മെഷീൻ വാങ്ങുന്നതിനുവേണ്ടി 40 ലക്ഷം രൂപ വേണമായിരുന്നു. ഞാൻ അദ്ദേഹത്തെ സമീപിച്ചപ്പോൾ നിഷ്കരുണം അതു വേണ്ടെന്നുവച്ചു. അത് പൊതുമുതലാണ്. അത് ഇന്നും കാടുകയറി കിടക്കുകയാണ്. ഇക്കാര്യം മലയാള മനോരമ പത്രം റിപ്പോർട്ട് ചെയ്യുന്നില്ലെങ്കിലും നാൽപ്പത്തിയഞ്ച് ലക്ഷം രൂപയോളം ചെലവാക്കിയിട്ടും

ഇത് നശിച്ച് കിടക്കുന്നതിനെക്കുറിച്ച് നാട്ടുകാർ ചോദിക്കുന്നുണ്ട്. അങ്ങയുടെ നിലപാടല്ല, എന്റേത്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട കോടതി മുമ്പാകെ സർക്കാർ അറിയിച്ചിട്ടുണ്ട്. ഇതിൽ ക്രമക്കേടാണ് നടന്നിരിക്കുന്നത്, ചെയ്യാൻ പാടില്ലാത്ത ഒരു വകുപ്പിനെക്കൊണ്ട് ആവശ്യമില്ലാത്ത പണി ചെയ്യിച്ചിരിക്കുകയാണ്. അങ്ങ് പറഞ്ഞത് ഇത് ചെറിയ ഒരു കാര്യമാണെന്നാണ്. ഈ കാര്യം എന്താണെന്ന് എന്റെ മറുപടിയിൽനിന്നും ജനങ്ങൾക്ക് മനസ്സിലാകും. കോട്ടയത്ത് എന്താണ് സ്കൈ വാക്ക് ഇങ്ങനെ നിൽക്കുന്നതെന്ന് മലയാള മനോരമ, ദീപിക പത്രങ്ങൾക്ക് സംശയമുണ്ടെങ്കിലും ഈ മറുപടിയിൽനിന്നും ജനങ്ങൾക്ക് കാര്യം മനസിലാകും. കാരണം ഈ മറുപടി റെക്കോർഡിക്കലാണ്. ഈ മറുപടിയിൽ പറഞ്ഞ ഒരു കാര്യവും അസത്യമല്ല. സത്യം മാത്രമെ വെളിപ്പെടുത്തിയിട്ടുള്ളൂ. ഈ ഫയൽ അങ്ങേയ്ക്കും പരിശോധിക്കാവുന്നതാണ്. ഇത് മൂന്നുകെട്ടുള്ള വലിയ ഫയലാണ്, ഇതുസംബന്ധിച്ച് കുറച്ച് നാളുകളായി നടക്കുന്ന വ്യവഹാരങ്ങളാണ്, വിജിലൻസ് കണ്ടെത്തിയിരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളെ സംബന്ധിച്ചുള്ളതാണ് ഈ ഫയൽ. ഇലക്ഷൻ

കമ്മീഷന്റെ പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന സമയത്താണ് 5 കോടി രൂപ എന്നത് 5.18 കോടി രൂപയാക്കി കൊടുത്തത്. അതുതന്നെ തെറ്റായ നടപടിയാണ്. അങ്ങേയറ്റം സാങ്കേതിക പിഴവുകളുള്ള കാര്യമാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണമെന്ന് അങ്ങേയ്ക്ക് ആഗ്രഹമുണ്ടെങ്കിൽ, ഇന്നുതന്നെ ഫയൽ കൊണ്ടുവരണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയാണെങ്കിൽ, അദ്ദേഹത്തിന്റെ ഓഫീസിൽ എത്തിക്കുന്നതാണ്. അത് പരിശോധിച്ചാൽ ഞാൻ പറഞ്ഞതിന്റെ സത്യം മനസ്സിലാകും. ഇത് ഒന്നേകാൽ കോടി രൂപയ്ക്കൊന്നും പൂർത്തിയാകില്ല. 17 കോടി 85 ലക്ഷം രൂപ ചെലവഴിക്കണം. കൂടാതെ അത് സ്ട്രെങ്തൻ ചെയ്യണം, സ്ഥലം ഏറ്റെടുക്കണം. അങ്ങ് പറഞ്ഞതുപോലെ സ്ഥലം അക്വയർ ചെയ്യണമെങ്കിൽ വിദ്യാർത്ഥിമിത്രം പൊളിക്കേണ്ടിവരും. കോട്ടയത്ത് അടുത്ത കാലത്തൊന്നും വികസനം വരാൻ പോകുന്നില്ല. എം. ജി. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്ത പി. ടി. ചാക്കോയുടെ പ്രതിമയുടെ പുറത്തായിരിക്കും ഇത് പൊട്ടിവീഴാൻ പോകുന്നത്. കോട്ടയം നഗരത്തിൽ വികസനം വന്നാൽ വിദ്യാർത്ഥിമിത്രം പൊളിക്കേണ്ടതായും മുനിസിപ്പാലിറ്റി

സ്ഥലം നൽകേണ്ടതായും വരും. അങ്ങനെ വരുമ്പോൾ ഇത് അവിടെ നിലനിൽക്കുമെന്ന് അങ്ങ് പറയുന്നത് ശരിയല്ല. വികസനം വേണമെങ്കിൽ അങ്ങനെയെല്ലാം ചെയ്യേണ്ടിവരുന്നതാണ്. അങ്ങ് തെറ്റിദ്ധരിക്കരുത്. അങ്ങയോട് വ്യക്തി വിരോധമൊന്നുമില്ല. അങ്ങ് ചെയ്തതുപോലെ ചെയ്യുന്ന ആളല്ല ഞാൻ. പക്ഷേ ഇത് ചെയ്യാൻ പറ്റുന്നതാണോ എന്ന് അറിയുന്നതിനുവേണ്ടി ഈ ഫയലെടുത്ത് ആർക്കുവേണമെങ്കിലും പരിശോധിക്കാവുന്നതാണ്. ഏതായാലും സർക്കാരിന്റെ പൊതുമുതൽ ഇത്തരം അനാവശ്യ കാര്യങ്ങൾക്ക് ദുർവ്യയം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കാൻ പാടില്ലെന്നുള്ളതാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് തുടങ്ങാൻ പറയുകയാണെങ്കിൽ ഞാൻ തുടങ്ങാം. 17 കോടി രൂപയല്ല 20 കോടി രൂപ വേണമെങ്കിലും നൽകാം. പക്ഷേ അങ്ങ് പറഞ്ഞ കാര്യത്തിന്റെ പോക്ക് നീതിപൂർവ്വമല്ല. ഇത് പൊളിക്കണമെന്നും പൊളിക്കരുതെന്നും പറഞ്ഞ് ബഹുമാനപ്പെട്ട കോടതിയിൽ കേസ് നൽകിയതിൽ ചില ജനപ്രതിനിധികളും കക്ഷി

ചേർന്നിട്ടുണ്ട്. എന്റേത് അങ്ങനെയൊരു നിലപാടല്ല. ഞാൻ സത്യമാണ് പറയുന്നത്.

IV. സബ്മിഷൻ

1. സഫീർ, ഷുഹൈബ് എന്നിവരുടെ മോചനം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മങ്കട നിയോജകമണ്ഡലത്തിലെ കൂട്ടിലങ്ങാടി പഞ്ചായത്തിൽ വള്ളിക്കാപ്പറ്റ, കാഞ്ഞമണ്ണ സ്വദേശികളായ കുരിമണ്ണിൽ പുളിക്കാമത്ത് സഫീർ, കുറ്റീരി ഹൗസിൽ അബൂബക്കറിന്റെ മകൻ ഷുഹൈബ് എന്നിവർ നാട്ടിൽനിന്ന് സന്ദർശക വിസയിൽ അബുദാബിയിൽ എത്തി അവിടെനിന്നും ജോലി ലഭിച്ച് തായ്ലാന്റിലേയ്ക്ക് പോയതായി ആദ്യം കുടുംബത്തിന് വിവരം ലഭിച്ചിരുന്നു. എന്നാൽ അവർ വിസാ തട്ടിപ്പിൽ കുടുങ്ങി കബളിപ്പിക്കപ്പെട്ടതാണെന്നും തായ്ലാന്റ്-മ്യാൻമാർ അതിർത്തിയിൽ സായുധ സംഘങ്ങളുടെ തടവിലാണ് ഇപ്പോൾ കഴിയുന്നതെന്നുമാണ് കുടുംബത്തിന് ലഭിച്ചിട്ടുള്ള വിവരം. ഇവർ വലിയൊരു ക്രിമിനൽ സംഘത്തിന്റെ പിടിയിലാണെന്നും ഭീകരമായ പീഡനങ്ങൾ ഏൽക്കേണ്ടിവരുന്നുവെന്നുമാണ് അറിയുന്നത്. നിയമവിരുദ്ധ കമ്പ്യൂട്ടർ

ഹാക്കിംഗ് പോലുള്ള പ്രവർത്തനങ്ങൾക്ക് ഇവരെ ഉപയോഗിക്കുന്നുവെന്നും വഴങ്ങാത്തതിന് ഭീകരമായി മർദ്ദിക്കുകയും മുറിവേൽപ്പിക്കുകയും പൊള്ളലേൽപ്പിക്കുകയും ഷോക്കടിപ്പിക്കുകയും ചെയ്യുന്നുവെന്നും ഇവരുടെ ഫോട്ടോഗ്രാഫ് ബന്ധുക്കൾക്ക് ലഭിച്ചിട്ടുള്ളതായും പറയുന്നു. ഇപ്രകാരം ബന്ദികളാക്കപ്പെട്ടവരിൽ 60-ഓളം ഇന്ത്യാക്കാരും അതിൽ 15-ഓളം മലയാളികളും ഉള്ളതായാണ് അവിടെനിന്നും ലഭിച്ച വിവരം. ഇവരുടെ മോചനത്തിനാവശ്യമായ ഇടപെടൽ നടത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനോടും എംബസി അധികൃതരോടും ബന്ധുക്കൾ അപേക്ഷിച്ചിരുന്നെങ്കിലും നാളിതുവരെ യാതൊരു വിവരവും ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് മുഖ്യമന്ത്രിക്കും അപേക്ഷ നൽകിയിരുന്നു. ബന്ദികളാക്കപ്പെട്ട് വളരെയധികം പീഡനങ്ങൾ ഏൽക്കേണ്ടിവരുന്ന സഫീറിന്റെയും ഷുഹൈബിന്റെയും മോചനം നീണ്ടുപോകുന്നത് വളരെയധികം ആശങ്കപ്പെടുത്തുകയാണ്. അതുകൊണ്ട് എത്രയും വേഗം അവരുടെ മോചനത്തിനാവശ്യമായ ഇടപെടൽ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഗൗരവമായ വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ അവതരിപ്പിച്ചത്. ഓൺലൈൻ വിസാ തട്ടിപ്പിൽ കുടുങ്ങി മലപ്പുറം വള്ളിക്കാപ്പറ്റ കൂട്ടിലങ്ങാടി പഞ്ചായത്തിലെ സഫീർ, ഷുഹൈബ് എന്നിവർ അബുദാബിയിൽനിന്നും തായ്ലാന്റ്-മ്യാൻമാർ അതിർത്തിയിലെത്തപ്പെട്ട് സായുധ സംഘങ്ങളുടെ തടവിൽ കഴിയുകയാണ്. ഇവരുടെ മോചനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള പരിമിതി എല്ലാവർക്കും അറിയാവുന്നതാണ്. എങ്കിലും ബാങ്കോക്കിലെ ഇന്ത്യൻ അംബാസിഡറുമായും വിദേശകാര്യ മന്ത്രാലയവുമായും ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരികയാണ്. ഇവരെ വിദേശത്ത് എത്തിച്ച ആരോപണ വിധേയരായ ഏജന്റുമാർക്കെതിരെ നിയമനടപടി സ്വീകരിക്കാനും ആയതിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാനും സംസ്ഥാന പോലീസ് മേധാവി, NRI Cell എസ്.പി. എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2. ശക്തൻ തമ്പുരാൻ പ്രതിമയുടെ പുനരുദ്ധാരണം

ശ്രീ. പി. ബാലചന്ദ്രൻ: സർ, കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമാണ് തൃശ്ശൂർ. ശക്തൻ തമ്പുരാനെ തൃശ്ശൂർ നഗരം സംവിധാനം ചെയ്തിട്ടുള്ള വ്യക്തി എന്ന നിലയിലാണ് കേരളം കാണുന്നത്. അദ്ദേഹത്തിന്റെ നാമധേയത്തിൽ തൃശ്ശൂർ ശക്തൻ ബസ് സ്റ്റാൻഡിനുസമീപം വർഷങ്ങൾക്കുമുമ്പ് ഒരു പ്രതിമ സ്ഥാപിച്ചിരുന്നു. രണ്ടാഴ്ചമുമ്പ് ആ പ്രതിമയിൽ ഒരു ടാൻസ്പോർട്ട് ബസ് ഇടിക്കുകയും പ്രതിമ തകരുകയും ചെയ്തു. അതിനെത്തുടർന്ന് കോർപ്പറേഷനും മറ്റ് സന്നദ്ധ സംഘടനകളും പ്രതിമ പുനഃസ്ഥാപിക്കണമെന്ന ആവശ്യമുയർത്തി. ആ പ്രതിമ സ്ഥാപിക്കുന്നത് ആ നഗരത്തിന്റെ കൾച്ചറൽ ഹെറിറ്റേജുമായി ബന്ധപ്പെട്ട് ഏറ്റവുമധികം അറിയപ്പെടുന്ന ശക്തൻ തമ്പുരാന്റെ ഓർമ്മകളോട് ചെയ്യുന്ന നീതിയായിരിക്കും. അതുകൊണ്ട് എം.എൽ.എ.-യുടെ വികസന ഫണ്ടിൽനിന്നും പത്തുലക്ഷം രൂപ നീക്കിവയ്ക്കുകയാണ്. റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജനും എം.എൽ.എ. എന്ന നിലയിൽ ഞാനും ഗതാഗത വകുപ്പു മന്ത്രിയായ ശ്രീ. കെ. ബി. ഗണേഷ് കുമാറുമായി ബന്ധപ്പെട്ടപ്പോൾ, പ്രതിമ പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ഗതാഗത

വകുപ്പിന്റെ ഭാഗത്തുനിന്നും എല്ലാവിധത്തിലുമുള്ള സഹായ സഹകരണങ്ങളുമുണ്ടാകുമെന്നും അത് ജനങ്ങളോടും പത്രപ്രതിനിധികളോടും പ്രഖ്യാപിച്ചോളൂ എന്നുമാണ് അദ്ദേഹം പറഞ്ഞത്. അതുമായി ബന്ധപ്പെട്ട് കാര്യങ്ങൾ നീങ്ങുകയാണ്. മറ്റ് തൽപര കക്ഷികളിൽ ചിലർ ദുർവ്യാഖ്യാനങ്ങൾ നടത്തി രാഷ്ട്രീയ മുതലെടുപ്പിന് ശ്രമിക്കുന്നുണ്ടുള്ള കാര്യംകൂടി കണക്കിലെടുത്തുകൊണ്ട് ആ പ്രതിമ എത്രയും വേഗം സ്ഥാപിക്കുന്നതിനുള്ള എല്ലാവിധ സാങ്കേതികവും ധനപരവുമായ സഹായങ്ങളും ട്രാൻസ്പോർട്ട് വകുപ്പിന്റെ ഭാഗത്തുനിന്നും മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട തൃശ്ശൂർ അംഗം പി. ബാലചന്ദ്രൻ ഉന്നയിച്ച വിഷയം സർക്കാർ വളരെ ഗൗരവത്തോടെയാണ് കണ്ടത്. കെ.എസ്.ആർ.ടി.സി. ഡ്രൈവറുടെ തെറ്റുകൊണ്ടാണ് തൃശ്ശൂരിന്റെ വികാരമായ ശക്തൻ തമ്പുരാന്റെ പ്രതിമ തകർന്നത്. അപകടം സംഭവിച്ച് പ്രതിമ തകർന്നുവീണയുടൻതന്നെ ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി കെ. രാജനും സ്ഥലം

എം.എൽ.എ. ശ്രീ. പി. ബാലചന്ദ്രനും അവിടെ എത്തുകയും കാര്യങ്ങൾ അറിയിക്കുകയും ചെയ്തപ്പോൾ തൃശ്ശൂരിലെ ജനങ്ങളുടെ മാനസികാവസ്ഥ മനസ്സിലാക്കിക്കൊണ്ട് എത്ര രൂപയായാലും കെ.എസ്.ആർ.ടി.സി. അത് നന്നാക്കിത്തരുമെന്നാണ് അറിയിച്ചത്. ശ്രീ. കെ. രാജൻ അവിടെവച്ചുതന്നെ അത് അനൗൺസ് ചെയ്യുകയും ചെയ്തു. കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി മോശമാണെങ്കിലും ഡ്രൈവറുടെ ഭാഗത്തുനിന്നും സംഭവിച്ച തെറ്റായതുകൊണ്ട് അത് ചെയ്യേണ്ടത് നമ്മുടെ ധർമ്മമാണ്. കാരണം ഇത്രയും വികാരപരമായി കാണുന്ന പഴയൊരു പ്രതിമ തകർന്നുവീഴുമ്പോൾ നാട്ടുകാരുടെ മനസ്സിലുണ്ടാകുന്ന മുറിവ് മുതലെടുക്കാൻ കുറേ ആളുകൾ നടക്കുന്നുണ്ട്. പ്രതിമ നന്നാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ശില്പി അധിക തുകയാണ് ആവശ്യപ്പെട്ടതെങ്കിലും പ്രതിമയുടെ പ്രൊപ്രൈറ്ററി റൈറ്റുള്ള ശില്പി തിരുവനന്തപുരത്തുള്ള ശ്രീ. കുന്നുവിള എം. മുരളിയോട് കെ.എസ്.ആർ.ടി.സി.-യുടെ സി.എം.ഡി.-യും ഞാനും സംസാരിച്ചു. അദ്ദേഹം 19,75,000/- രൂപയ്ക്ക് ഇത് പൂർത്തിയാക്കാമെന്ന് പറഞ്ഞതനുസരിച്ച് വർക്ക് ഓർഡർ കൊടുക്കുകയും

ബഹുമാനപ്പെട്ട മന്ത്രി, എം.എൽ.എ., മേയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 18-06-2024-ൽ കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരും മറ്റും ചേർന്ന് ഈ പ്രതിമ അവിടെ നിന്നെടുക്കുകയും തിരുവനന്തപുരത്ത് ശില്പിയുടെ സ്റ്റുഡിയോയിൽ എത്തിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം ബഹുമാനപ്പെട്ട എം.എൽ.എ. 10 ലക്ഷം രൂപ അദ്ദേഹത്തിന്റെ ആസ്തി വികസന ഫണ്ടിൽനിന്ന് നൽകാമെന്ന് വാഗ്ദാനം ചെയ്തിട്ടുള്ളതുമാണ്. വളരെ സന്തോഷമുള്ള കാര്യമാണ്. എത്രയുംപെട്ടെന്ന് പ്രതിമയുടെ പണി പൂർത്തീകരിച്ച് ചുറ്റും ചെറിയൊരു പൂന്തോട്ടത്തോടൊപ്പം മുമ്പിരുന്നതിനെക്കാൾ മനോഹരമായി പുനഃസ്ഥാപിക്കുമെന്ന് ശില്പിതന്നെ ഉറപ്പുനൽകിയിട്ടുണ്ട്.

3. കോടതി ഫീസ് വർദ്ധനവ്

ശ്രീമതി കെ. കെ. രമ: സർ, ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിൽവരുത്തിയിട്ടുള്ള കോടതി ഫീസുകളുടെ വർദ്ധനവുമൂലം സമൂഹത്തിലെ താഴെക്കിടയിലുള്ളവർക്കും സ്ത്രീകൾക്കും ദുർബല വിഭാഗങ്ങൾക്കും നീതിപീഠം അപ്രാപ്യമാകുന്ന

സാഹചര്യമുണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് ഈ സബ്മിഷൻ. ബജനാവിലേയ്ക്ക് 101.41 കോടി രൂപയുടെ അധിക വരുമാനം ലക്ഷ്യമിട്ടുകൊണ്ടാണ് കോടതി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട ഫീസുകൾ സർക്കാർ വർദ്ധിപ്പിച്ചിട്ടുള്ളത്. 10 രൂപ അടച്ചാൽ കോടതിയിൽ ഫയൽ ചെയ്യാമായിരുന്ന ചെക്ക് കേസിന്റെ ഫീസ്, ചെക്ക് തുകയുടെ വലിപ്പത്തിനനുസരിച്ച് 250 രൂപ മുതൽ മൂന്നുലക്ഷം രൂപ വരെയാണ് വർദ്ധിപ്പിച്ചത്. കുടുംബ കോടതിയിൽ വസ്തു സംബന്ധമായ കേസുകൾ ഫയൽ ചെയ്യുന്നതിന് 50 രൂപയായിരുന്നത് 200 രൂപ മുതൽ രണ്ടുലക്ഷം രൂപ വരെ വർദ്ധിപ്പിച്ചിട്ടുണ്ട്. കുടുംബ കോടതികളിലെ ഫീസും ഇതുപോലെ വർദ്ധിപ്പിച്ചിരിക്കുകയാണ്. നമ്മുടെ നാട്ടിലെ കുടുംബ കോടതികളിൽ എത്തുന്നവരിൽ ഏറെയും സാധാരണക്കാരാണ്. അതിനാൽ ഈ വർദ്ധനവ് നീതി തേടി കോടതികളിലെത്തുന്ന സാധാരണക്കാർക്ക്, പ്രത്യേകിച്ചും സ്ത്രീകൾക്ക് നീതി നിഷേധിക്കുന്നതിന് തുല്യമാണ്. കുടുംബ കോടതികളിൽ വരുന്ന കേസുകളിൽ ഭൂരിഭാഗവും വിവാഹ മോചനവുമായി ബന്ധപ്പെട്ടും സ്വർണ്ണവും പണവുമുൾപ്പെടെയുള്ള

ഇടപാടുകളിൽ ഇരകളാക്കപ്പെടുന്നവരുടേതുമാണ്. അത്തരം ആളുകൾ ഇനി വലിയ ഫീസ് കെട്ടിവയ്ക്കണമെന്ന നിബന്ധന വരുമ്പോൾ കേസുകളിൽനിന്നും പിന്മാറാൻ നിർബന്ധിതരാവും. സാമാന്യ ജനത്തിന് ഭാരമില്ലാതെ നീതി നിർവ്വഹണ സംവിധാനത്തെ നിലനിർത്തേണ്ടത് ഏതൊരു ഭരണകൂടത്തിന്റെയും ചുമതലയാണ്. സംസ്ഥാന സർക്കാർ കോർട്ട് ഫീസ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചതിനാൽ നീതിക്കുവേണ്ടി കോടതിയെ സമീപിക്കുന്നതിൽനിന്നും സാധാരണക്കാർ വിട്ടുനിൽക്കാൻ നിർബന്ധിതരാകുന്നു. അത് നീതി നിഷേധത്തിന് കാരണമാകുകയാണ്. അതുമാത്രമല്ല സമൂഹം പ്രതികരണശേഷി നഷ്ടപ്പെട്ടവരായി തീരുകയും ചെയ്യും. വരും നാളുകളിൽ അതിജീവനത്തിന് നാം വലിയ വില നൽകേണ്ടി വരികയും ചെയ്യും. ഈ സാഹചര്യത്തിൽ കോടതി ഫീസുകളിൽ വരുത്തിയിട്ടുള്ള വർദ്ധനവ് പൂർണ്ണമായും ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2023-24-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കോർട്ട് ഫീ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പെട്ടിരുന്നു. അതിൻപ്രകാരം കോടതി ഫീസ് പരിഷ്കരണത്തെ

സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജസ്റ്റിസ് വി. കെ. മോഹൻ (റിട്ട.) അദ്ധ്യക്ഷനായി സർക്കാർ ഒരു വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. ഈ സമിതി 27-01-2024-ൽ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചു. ടി റിപ്പോർട്ടിലെ ശിപർശകളുടെ അടിസ്ഥാനത്തിൽ 2024-25-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 1881-ലെ Negotiable Instruments Act- ഉം 138-ാം വകുപ്പിനുകീഴിൽ ഫയൽ ചെയ്യപ്പെടുന്ന പെറ്റീഷൻ, അപ്പീൽ, റിവിഷൻ ഹർജികൾ എന്നിവയും 1984-ലെ Family Court Act-ന്റെ കീഴിൽ സംസ്ഥാനത്തെ കുടുംബ കോടതികൾ വകുപ്പ് 7(1), വിശദീകരണം 'സി' പ്രകാരമുള്ള വസ്തു സംബന്ധമായ കേസുകൾ, അതിന്മേലുള്ള അപ്പീലുകൾ എന്നിവയും ഫയൽ ചെയ്യുമ്പോൾ നിലവിൽ ഈടാക്കിവരുന്ന കോടതി ഫീസ് പരിഷ്കരിക്കുന്നതിന് 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്ടിന്റെ പട്ടിക 2-ൽ ഭേദഗതി വരുത്താൻ, നിയമസഭയുടെ ബിൽ 193 ആയി കേരള ഫിനാൻസ് ബിൽ, 2024 പ്രസിദ്ധീകരിച്ചിരുന്നു. കോടതി ഫീസുമായി ബന്ധപ്പെട്ട് ആയതിലെ വ്യവസ്ഥകൾ The Kerala Provisional Collection of Revenues Act, 1985

പ്രകാരം 01-04-2024 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. കുടുംബകോടതിയിൽ ഫയൽ ചെയ്യപ്പെടുന്ന നിരവധി പെറ്റീഷനുകളിൽ, വസ്തു സംബന്ധമായ അവകാശവാദം ഉന്നയിച്ചുകൊണ്ട് സമർപ്പിക്കുന്ന പെറ്റീഷനുകളിൽ മാത്രമാണ് നിലവിലുള്ള നാമമാത്രമായ 50 രൂപ പെറ്റീഷൻ ഫീസിൽ കാലാനുസൃതമായ വർദ്ധനവ് വരുത്താൻ തീരുമാനിച്ചിട്ടുള്ളത്. നിലവിൽ 50 രൂപ മാത്രമുണ്ടായിരുന്ന പെറ്റീഷൻ ഫീസ് അവകാശവാദ തുക ഒരു ലക്ഷം രൂപ വരെയുള്ള കേസുകളിൽ 200 രൂപയായും അഞ്ച് ലക്ഷം രൂപ വരെയുള്ള കേസുകൾക്ക് അവകാശവാദ തുകയുടെ 0.5 ശതമാനവും അതിനും മുകളിലോട്ടുള്ള തുകയ്ക്ക് അവകാശവാദ തുകയുടെ രണ്ട് ശതമാനവും അല്ലെങ്കിൽ പരമാവധി രണ്ട് ലക്ഷം രൂപ വരെയുമാണ് കോടതി ഫീസ് വർദ്ധിപ്പിച്ചിരിക്കുന്നത്. ഇതുകൂടാതെ ചെക്ക് കേസ്സുകൾ ഫയൽ ചെയ്യുമ്പോൾ നിലവിൽ പെറ്റീഷൻ ഫീസ് പത്ത് രൂപ മാത്രമാണ്. അത് പതിനായിരം രൂപ വരെയുള്ള ചെക്കുകളുടെ കാര്യത്തിൽ 200 രൂപയായും പതിനായിരം രൂപയ്ക്ക് മുകളിലുള്ളവയ്ക്ക് തുകയുടെ അഞ്ച് ശതമാനവും അല്ലെങ്കിൽ പരമാവധി മൂന്ന് ലക്ഷം രൂപയുമായാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. കുടുംബകോടതികളിൽ

ഫയൽ ചെയ്യുന്ന മറ്റ് കേസുകൾക്കൊന്നും ഫീസ് വർദ്ധിപ്പിച്ചിട്ടില്ല. വസ്തുക്കളിന്മേൽ അവകാശവാദം ഉന്നയിക്കുന്ന കേസുകളിലും ചെക്ക് കേസുകളിലും മാത്രമാണ് കാലാനുസൃതമായി കോർട്ട് ഫീസ് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത്. ഇത് സബ്മിഷനിൽ ഉന്നയിച്ചതുപോലെ നീതിക്കുവേണ്ടി കോടതിയെ സമീപിക്കുന്നതിൽനിന്നും സാധാരണക്കാരനെ പിൻതിരിപ്പിക്കുമെന്ന് കരുതുന്നില്ല. ഇത് സംബന്ധിച്ച് ജസ്റ്റിസ് വി. കെ. മോഹൻ കമ്മീഷൻ റിപ്പോർട്ടിന്റെ പരിശോധന നടക്കുകയാണ്. അവർ ബാക്കി കാര്യങ്ങളിലും പൂർണ്ണമായ റിപ്പോർട്ട് തരേണ്ടതുണ്ട്. ഈ വിഷയം സംബന്ധിച്ച് ലോയേഴ്സ് യൂണിയനും മഹിളാ സംഘടനകളുമൊക്കെ ചില പരാതികൾ നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം ജസ്റ്റിസ് വി. കെ. മോഹൻ കമ്മീഷന്റെ മുമ്പിലുണ്ട്. ഇത് സംബന്ധിച്ച് ചില കാര്യങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. തുടർന്ന് സഭ ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്ന വേദികളിലും പുതിയ നിർദ്ദേശങ്ങൾ വരുന്ന സമയത്തുമൊക്കെ പരിശോധിക്കാം. എന്തായാലും സാധാരണക്കാർക്ക് കോടതിയിൽ പോകാൻ തടസമാകുന്ന തരത്തിലുള്ള ഒരു നിലപാടുമുണ്ടാകില്ല. പൊതുവിൽ സഭ അംഗീകരിച്ചതിന്റെ

ഭാഗമായാണ് ഫീസ് വർദ്ധനവ് നടപ്പാക്കിയത്. അതുകൊണ്ട് മറ്റ് തടസ്സങ്ങൾ വരാതെ പരിഹരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

4. കരകൗശല വിദഗ്ധർക്ക് നൈപുണ്യ പരിശീലനം

ശ്രീ. ഐ. ബി. സതീഷ്: സർ, പരമ്പരാഗത തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കണമെന്നും കാലോചിതമായി സാങ്കേതികവിദ്യ നടപ്പാക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. നമ്മുടെ ജനസംഖ്യയിൽ 6.7 ശതമാനം വിശ്വകർമ്മജരുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പകരമില്ലാത്ത തൊഴിലറിവുകൾ ആർജിക്കപ്പെട്ട സമൂഹമാണവർ. നമ്മുടെ നാട്ടിലെ പല നിർമ്മിതികളും തച്ചുശാസ്ത്രവും ലോകശ്രദ്ധ ആർജിച്ചതാണ്. ഗൃഹോപകരണ നിർമ്മാണം ഉൾപ്പെടെയുള്ള വ്യവസായങ്ങൾക്ക് ആവശ്യമായ തടി ലഭ്യമാക്കുന്നതിന് എൻ.ഒ.സി. ലഭ്യമാക്കുന്നതിൽ നിലനിൽക്കുന്ന തടസങ്ങൾ പരിഹരിക്കണം. ഇന്റീരിയർ, ഫൈൻ ആർട്സ് തുടങ്ങിയ സ്കിൽ കോഴ്സുകൾ പരിചയപ്പെടുത്തുകയും സ്റ്റാർട്ടപ് സംരംഭങ്ങൾക്ക് ഗ്രാന്റ് നൽകുകയും വിപണിമൂല്യം ഉയർത്താൻ സാങ്കേതിക പിന്തുണ നൽകുകയും

ചെയ്താൽ തൊഴിലവസരങ്ങളുടെ കാര്യത്തിലും തൊഴിൽ വരുമാനത്തിന്റെ കാര്യത്തിലും വലിയ വർദ്ധനവുണ്ടാകും. ഇക്കാര്യത്തിൽ സർക്കാർ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ ഗൗരവമായ ഒരു പ്രശ്നമാണ് ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. പരമ്പരാഗത കരകൗശല വിദഗ്ധരുടെ തൊഴിലുകളും തനത് സംരംഭങ്ങളും സംരക്ഷിക്കുന്നതിനും നവ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സംരംഭകർക്ക് ആവശ്യമായ നൈപുണ്യ പരിശീലനവും അടിസ്ഥാന സൗകര്യങ്ങളും ആർജിക്കുന്നതിനുമുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കിവരുന്നുണ്ട്. കരകൗശല മേഖലയിൽ ഏർപ്പെട്ടിരിക്കുന്നതും സംസ്ഥാനത്ത് സ്ഥാപിതവുമായ എല്ലാ സൂക്ഷ്മ സംരംഭങ്ങളും ഉദ്യം രജിസ്ട്രേഷനോ അല്ലെങ്കിൽ എം.എസ്.എം.ഇ.

മന്ത്രാലയം കാലാകാലങ്ങളിൽ വ്യക്തമാക്കുന്ന മറ്റേതെങ്കിലും രജിസ്ട്രേഷനോ ഉള്ള യൂണിറ്റുകൾക്ക് 'ആശ' പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു. പരമ്പരാഗത കൈത്തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന ആർട്ടിസാൻമാരുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി പ്രവർത്തിക്കുന്ന കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരളത്തിലെ ആർട്ടിസാൻമാരെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി ആർട്ടിസാൻസ് ലേബർ ഡാറ്റാ ബാങ്ക് എന്ന വിവര ശേഖരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി 19612 ആർട്ടിസാൻസ് രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ആർട്ടിസാൻസിനെ വാർഡ്തലത്തിൽ ന്യായമായ വേതന വ്യവസ്ഥകളോടെ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനും അതുവഴി അവരവരുടെ താമസ സ്ഥലത്തിനടുത്തുതന്നെ തൊഴിൽ ലഭ്യത പരമാവധി ഉപയോഗപ്പെടുത്തുന്നതിനുമുള്ള പദ്ധതിയായാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. പരമ്പരാഗത മരപ്പണിക്കാർക്ക് ആധുനിക തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിപ്രകാരം വിവിധതരം ടൂൾ കിറ്റുകൾ വിതരണത്തിന് ലഭ്യമാക്കിവരുന്നു. കേരള ആർട്ടിസാൻസ്

ഡെവലപ്മെന്റ് കോർപ്പറേഷൻ സംസ്ഥാന സർക്കാരിന്റെ റേറ്റ് കോൺട്രാക്ട് അക്രഡിറ്റേഷൻ, സിവിൽ കോൺട്രാക്ട് ലൈസൻസ് എന്നിവയ്ക്ക് അർഹമാകുകയും അതുവഴി ഒരു വർഷം ശരാശരി ഒരു ലക്ഷത്തോളം തൊഴിൽദിനങ്ങൾ ആർട്ടിസാൻസിന് ലഭ്യമാക്കുകയും ചെയ്യുന്നു. കഴിഞ്ഞ മൂന്ന് വർഷമായി ആർട്ടിസാൻസിന് ലോണുകൾ നൽകുക വഴി 89 ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കാനും അതുവഴി 178 പേർക്ക് തൊഴിൽ ലഭ്യമാക്കാനും സാധിച്ചു. 2021-22 മുതൽ 2023-24 വരെ ആർട്ടിസാൻസിന് അഡ്വാൻസ് വർക്കിംഗ് ക്യാപിറ്റൽ ഇനത്തിൽ 11.54 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഉമയനല്ലൂരിൽ മരപ്പണിക്കാർക്കുള്ള കോമൺ ഫെസിലിറ്റി സെന്റർ, Cadco Ltd., സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ കേരളത്തിലെ 14 ജില്ലകളിലും കോമൺ ഫെസിലിറ്റി സെന്ററുകളും ആർട്ടിസാൻസ് ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള ഷോപ്പിംഗ് സെന്ററും സ്ഥാപിക്കുന്നതിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പരമ്പരാഗത സ്വർണ്ണ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഗോൾഡ് അപ്രൈസ് ടെയിനിംഗിനുള്ള പദ്ധതികൾ Cadco Ltd., ആവിഷ്കരിച്ചിട്ടുണ്ട്. വിശ്വകർമ്മജർ ഉൾപ്പെടെയുള്ള കരകൗശല

വിദഗ്ധരുടെ ക്ഷേമത്തിനായി കരകൗശല വികസന കോർപ്പറേഷൻ നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കിവരുന്നു. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കുന്നതിനുമുള്ള പരിശീലനം നൽകാൻ 20 ഡിസൈൻ ആൻഡ് ടെക്നോളജി വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുകയും ടൂൾ കിറ്റുകൾ സൗജന്യമായി നൽകുകയും ചെയ്തു. കോർപ്പറേഷൻ ഉൽപന്നങ്ങൾ നേരിട്ടുവാങ്ങി വിൽപന നടത്തിവരുന്നു. ബെൽ മെറ്റൽ ക്രാഫ്റ്റുകൾക്കായി കണ്ണൂർ കുഞ്ഞിമംഗലത്തും മരാധിഷ്ഠിത ക്രാഫ്റ്റുകൾക്കായി തൃശ്ശൂർ ചേർപ്പിലും കൊല്ലം കടവൂരിലും പൊതുസേവന കേന്ദ്രങ്ങൾ (കോമൺ ഫെസിലിറ്റി സെന്റർ) സ്ഥാപിച്ചിട്ടുണ്ട്. കരകൗശല മേഖലയിൽ മികവുള്ളവരെ കണ്ടെത്തി സംസ്ഥാന സർക്കാർ അവാർഡുകൾ നൽകിവരുന്നു. മുളയിലുള്ള കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിന് അടിസ്ഥാന പരിശീലനം നൽകുക, നൈപുണ്യ വികസനം, ഡിസൈൻ ഡെവലപ്മെന്റ്

വർക് ഷോപ്പുകൾ, ദേശീയ-അന്തർദേശീയ വിപണന മേളകളിൽ കരകൗശല വിദഗ്ധരെ പങ്കെടുപ്പിക്കുക, ആവശ്യമായ സഹായ സഹകരണം നൽകുക, സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, മുള ഉൽപന്നങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുക എന്നീ കാര്യങ്ങളോടൊപ്പം കേരള ബാംബൂ ഫെസ്റ്റ് എന്നിവയാണ് ബാംബൂ മിഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ. പരിശീലനം പൂർത്തിയാക്കുന്ന മുള കരകൗശല വിദഗ്ധർക്ക് ആവശ്യമായ തൊഴിൽ ഉപകരണങ്ങളും നൽകിവരുന്നു. പ്രാഥമിക കരകൗശല വ്യവസായ സഹകരണ സംഘങ്ങളുടെ കരകൗശല ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് സംസ്ഥാനത്തിനകത്തും പുറത്തുമായി സുരഭി ആറ് വിൽപന കേന്ദ്രങ്ങൾ നടത്തിവരുന്നു. ഇതോടൊപ്പം വിശ്വകർമ്മജരുടെ ഉന്നമനം ലക്ഷ്യമാക്കി ആവിഷ്കരിച്ചിട്ടുള്ള 'പി.എം. വിശ്വകർമ്മ' എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് പ്രത്യേക നോഡൽ ഓഫീസർ ഉൾപ്പെടെയുള്ളവരെ നിയമിച്ചുകൊണ്ട് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

5. മാരിയിൽകല്യങ്ക് പാലം നിർമ്മാണം

ശ്രീ. പി. ജെ. ജോസഫ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ 2016-ൽ നിർമ്മാണം പൂർത്തിയായ മാരിയിൽ കല്വങ്ക് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണമാണ് നടക്കാനുള്ളത്. കാഞ്ഞിരമറ്റം ഭാഗത്തുനിന്നുള്ള അപ്രോച്ച് റോഡിന്റെ പ്രവർത്തനം ആരംഭിക്കാനായിട്ടില്ല. പാലം നിർമ്മാണത്തിന്റെ ബാക്കി നിൽക്കുന്ന ഫണ്ടുകൊണ്ട് അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുന്നതാണ്. 2023 ഫെബ്രുവരിയിൽ സർക്കാരിലേയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് അയച്ചെങ്കിലും ഒന്നര വർഷമായി പെൻഡിംഗിലാണ്. ആ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകി നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതിന്റെ മറുഭാഗമായ ഒളമറ്റം ഭാഗത്ത് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് 1,80,00,000 രൂപ മുടക്കി അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റിന് ഏറ്റവും വേഗം അംഗീകാരം നൽകി നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാന്യനായ പി. ജെ. ജോസഫ് ഇവിടെ ഉന്നയിച്ച വിഷയത്തിൽ, അഞ്ചരക്കോടി രൂപ ചെലവഴിച്ച് പാലം നിർമ്മിക്കുന്നതിന് 2013 ജൂൺ ഒന്നിന് കരാർ നൽകിയിരുന്നതാണ്. 2017 ജൂൺ 16-ന് പാലം നിർമ്മാണം പൂർത്തികരിക്കുകയും ചെയ്തു. പാലത്തിന്റെ ഇരുകരയിലുമുള്ള അപ്രോച്ച് റോഡുകൾക്കായി ആദ്യഘട്ടത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അദ്ദേഹം ഇക്കാര്യം പൊതുമരാമത്ത് വകുപ്പുമന്ത്രി എന്ന നിലയിൽ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഞാൻ നേരിട്ട് അവിടെ സന്ദർശിക്കുകയും അന്നുതന്നെ പാലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജില്ലാ കളക്ടറുമായി സംസാരിക്കുകയും സ്ഥലമെടുപ്പ് വേഗത്തിലാക്കാൻ തത്വത്തിൽ തീരുമാനിക്കുകയും ചെയ്തു. 27-09-2022-ൽ സ്ഥലമേറ്റെടുക്കൽ പൂർത്തീകരിച്ച് റവന്യൂ വകുപ്പിൽനിന്ന് പി.ഡബ്ല്യൂ.ഡി.-ക്ക് കൈമാറിയിരുന്നു. പാലം നിർമ്മാണത്തിനുശേഷമുള്ള ബാക്കി തുക ഉപയോഗിച്ച് അപ്രോച്ച് റോഡ് നിർമ്മിക്കാനാണ് തീരുമാനിച്ചത്. ഇതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് 2023

ഫെബ്രുവരി 18-ന് സർക്കാരിൽ ലഭിക്കുകയും ധനകാര്യ വകുപ്പിന്റെ അനുമതിക്കായി നൽകുകയും ചെയ്തു. ധനകാര്യ വകുപ്പിന്റെ ചീഫ് ടെക്നിക്കൽ എക്സാമിനർ സ്ഥലം സന്ദർശിച്ച് വേണ്ട കൂട്ടിച്ചേർക്കലുകൾ വരുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. ഇത് വേഗത്തിലാക്കാൻ ധനകാര്യ വകുപ്പുമായി സംസാരിക്കാൻ പി.ഡബ്ല്യു.ഡി. സെക്രട്ടറിയെത്തന്നെ ചുമതലപ്പെടുത്താം. എം.എൽ.എ. ഫണ്ടിൽ നിന്നും 1,80,00,000 രൂപ ചെലവഴിച്ച് ഒളമറ്റം ഭാഗത്തെ അപ്രോച്ച് റോഡുകളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. അത് എത്രയും വേഗത്തിൽ നടപ്പിലാക്കാനുള്ള ഇടപെടലുകൾ നടത്തുന്നതാണ്.

6. പെരുവ-പിറവം-പെരുവാമൂഴി റോഡ് നിർമ്മാണം

ശ്രീ. അനൂപ് ജേക്കബ്: സർ, പിറവം നിയോജകമണ്ഡലത്തിലെ പെരുവ-പിറവം-പെരുവാമൂഴി റോഡ് കോട്ടയം ജില്ലയിൽ നിന്നാണ് ആരംഭിക്കുന്നത്. ഞാൻ ഈ വിഷയം ചോദ്യോത്തരവേളയിലും സബ്മിഷനിലുമായി നാലാമത്തെ തവണയാണ് സഭയിൽ ഉന്നയിക്കുന്നത്.

ബഹുമാനപ്പെട്ട മന്ത്രിയെ നേരിൽകണ്ടും ഈ വിഷയം അവതരിപ്പിച്ചിട്ടുണ്ട്. നിർമ്മാണത്തിലുണ്ടായിരിക്കുന്ന അപാകതയും കാലതാമസവും പലതവണ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. മന്ത്രിതന്നെ നേരിട്ട് ഒരു മീറ്റിംഗ് വിളിച്ചുചേർക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും അങ്ങത് വിളിച്ചുചേർത്തിട്ടില്ല. വകുപ്പുസെക്രട്ടറിയെ ചുമതലപ്പെടുത്തിയതുപ്രകാരം അദ്ദേഹമാണ് യോഗം വിളിച്ചുചേർത്തത്. പക്ഷെ പ്രത്യേകിച്ച് കാര്യങ്ങളൊന്നും ഉണ്ടായില്ല. ഒരു എം.എൽ.എ. എന്ന നിലയിൽ ഒരേ വിഷയംതന്നെ പലതവണ നിയമസഭയിൽ കൊണ്ടുവരുമ്പോൾ അതിലെന്തെങ്കിലും കാര്യമായ പ്രശ്നമുണ്ടെന്ന് അങ്ങേയ്ക്ക് മനസ്സിലാക്കാൻ കഴിയും. നിലവിൽ നിർമ്മാണ പ്രവൃത്തി പൂർണ്ണമായും നിശ്ചലമായിരിക്കുകയാണ്. ടി പ്രവൃത്തി റീ-ടെണ്ടർ ചെയ്ത് പുതിയ കമ്പനിയെ ഏൽപിക്കാൻ പോകുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. നേരത്തേ ഉണ്ടായിരുന്നതിനെക്കാൾ ഗുരുതരമായ സാഹചര്യമാണ് ഇപ്പോഴുള്ളത്. റോഡിന്റെ നിർമ്മാണം പാതി വഴിയിൽ നിർത്തിവച്ചിരിക്കുന്ന സാഹചര്യത്തിൽ വലിയ കട്ടിംഗുകൾ രൂപപ്പെടുകയും സൈഡ് പ്രൊട്ടക്ഷനില്ലാതെ വാഹനങ്ങൾ

അപകടത്തിൽപ്പെടുകയും ചെയ്യുന്നുണ്ട്. റോഡ് വീതി കൂട്ടലിന്റെ ഭാഗമായി സർക്കാരിന് സ്വമേധയാ സ്ഥലം വിട്ടുനൽകിയ അനവധിയായ ജനങ്ങൾക്ക് മതിൽകെട്ടാൻപോലും കഴിയാത്ത സാഹചര്യമാണുള്ളത്. കോട്ടയം ജില്ലയിലെ പെരുവയിൽ നിന്ന് ആരംഭിച്ച് എറണാകുളം ജില്ലയിലെ പെരുവാമൂഴിയിൽ അവസാനിക്കുന്ന റോഡിന്റെ പ്രവൃത്തി നിശ്ചലമാണ്. സർക്കാർ ഇതിന്റെ ഗൗരവം ഉൾക്കൊള്ളണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വർക്ക് ആരംഭിച്ചപ്പോൾ ആ പ്രദേശത്തിന്റെ വികസന കാഴ്ചപ്പാട് സംബന്ധിച്ച് നല്ല പ്രതീക്ഷയായിരുന്നു. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ആരംഭിച്ച 98 കോടി രൂപയുടെ പദ്ധതിയാണ് മുടങ്ങിക്കിടക്കുന്നത്. ഇതു സംബന്ധിച്ച് ഒരു മീറ്റിംഗ് വിളിച്ചുചേർത്ത് കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കി നിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കേരള സർക്കാരിന്റെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തുന്ന കുമരകം-നെടുമ്പാശ്ശേരി

റോഡ് എറണാകുളം ജില്ലയിലെ പിറവം, കോട്ടയം ജില്ലയിലെ കടുത്തുരുത്തി എന്നീ നിയോജകമണ്ഡലങ്ങളിലൂടെയാണ് കടന്നുപോകുന്നത്. പ്രസ്തുത റോഡ് കോട്ടയം ജില്ലയിലെ പെരുവ ജംഗ്ഷനിൽ നിന്ന് ആരംഭിച്ച് പെരുവാമൂഴി ജംഗ്ഷനിൽ അവസാനിക്കുന്നു. 21.40 കിലോമീറ്റർ ദൈർഘ്യമുള്ള കുമരകം-നെടുമ്പാശ്ശേരി റോഡിന് 107 കോടി 64 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 97 കോടി 88 ലക്ഷം രൂപയ്ക്ക് കരാർ ഏറ്റെടുക്കുകയും ചെയ്തു. 2021 ഓഗസ്റ്റ് അഞ്ചിന് കരാറുകാരന് പ്രവൃത്തിയുടെ സൈറ്റ് കൈമാറി. പതിനെട്ട് മാസമായിരുന്നു പൂർത്തീകരണ കാലാവധി. 2023 ഡിസംബർ 31-ാം തീയതിവരെ അത് ദീർഘിപ്പിച്ചു നൽകി. ബി.എം.&ബി.സി. നിലവാരത്തിൽ ഉപരിതല നവീകരണം, പാലം, കലുങ്കുകൾ, ഡ്രെയിനേജിന്റെയും സംരക്ഷണ ഭിത്തിയുടെയും പുനർനിർമ്മാണം, റോഡ് ജംഗ്ഷനുകളുടെ നവീകരണം, റോഡ് സുരക്ഷാ ക്രമീകരണങ്ങൾ എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ കരാറുകാരൻ തയ്യാറായില്ല. പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനായി നോട്ടീസുകൾ നൽകിയെങ്കിലും

പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തിയുടെ മുപ്പത്തിരണ്ട് ശതമാനം മാത്രമാണ് പൂർത്തീകരിച്ചത്. 2024 ജനുവരി 11-ന് PWD സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. PWD സെക്രട്ടറി 140 നിയോജകമണ്ഡലങ്ങളിലെയും യോഗങ്ങളിൽ പങ്കെടുക്കാറില്ല. ഈ യോഗത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയതുകൊണ്ടാണ് അദ്ദേഹത്തെ ചുതലപ്പെടുത്തിയത്. യോഗത്തിൽ പ്രവൃത്തിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കി. തുടർന്ന് പദ്ധതി ടെർമിനേറ്റ് ചെയ്യുന്നതിന് പി.ഡബ്ല്യു.ഡി., കെ.എസ്.ടി.പി.-യെ ചുമതലപ്പെടുത്തി. പ്രോജക്ട് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന അവലോകന യോഗത്തിന്റെ തീരുമാനപ്രകാരം കരാറുകാരനെ ടെർമിനേറ്റ് ചെയ്തു. ഇക്കാര്യം സർക്കാർ വളരെ ഗൗരവത്തോടെയാണ് കണ്ടിട്ടുള്ളത്. ഒരു കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്നത് ഗൗരവമുള്ള കാര്യമാണ്. അവസാന ഘട്ടത്തിലാണ് അത്തരമൊരു കാര്യം ചെയ്യുന്നത്. PWD വകുപ്പ് സെക്രട്ടറി ഒരു യോഗത്തിൽ പങ്കെടുത്താൽ അതിന്റെ വിവരങ്ങൾ മന്ത്രിയുമായി ചർച്ച ചെയ്യാറുണ്ട്. അതേതുടർന്നാണ് ഇത്തരമൊരു തീരുമാനം കൈക്കൊണ്ടത്. നിലവിൽ

റീടെൻഡർ ചെയ്യാനാവശ്യമായ പുതുക്കിയ ഡി.പി.ആർ. സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ ഗ്രൗണ്ട് ട്രൂത്തിംഗ് നടന്നുവരികയുമാണ്. ഇത് പൂർത്തിയാക്കി അന്തിമ ഡി.പി.ആർ.-ന് Rebuild Kerala Initiative-ന്റെയും KfW-യുടെയും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി റീടെൻഡർ ചെയ്യുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതാണ്. മൺസൂൺ കാലയളവിൽ റോഡ് യാത്രക്കാർക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ട് കുറയ്ക്കുന്നതിനായി 25 ലക്ഷം രൂപയുടെ അടിയന്തര പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്; ഇതിന്റെ ടെൻഡർ നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ പ്രവൃത്തി അടിയന്തരമായി ആരംഭിച്ച് പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ നിയോജകമണ്ഡലങ്ങളിലെയും എം.എൽ.എ.-മാർ ഒരു പ്രത്യേക റോഡിന്റെ പരാതി ശ്രദ്ധയിൽപ്പെടുത്താറുണ്ട്. എല്ലാ യോഗങ്ങളിലും വകുപ്പുമന്ത്രി നേരിട്ട് പങ്കെടുക്കുക പ്രായോഗികമല്ല. അത്തരം ഘട്ടങ്ങളിൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും റിപ്പോർട്ടുപ്രകാരം എന്ത് ചെയ്യണമെന്ന തീരുമാനം കൈക്കൊള്ളുകയുമാണ് ചെയ്യുന്നത്. ഏറ്റവും ഉയർന്ന ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെയാണ് ഈ യോഗത്തിൽ

പങ്കെടുപ്പിച്ചിട്ടുള്ളത്. പ്രസ്തുത വിഷയത്തെ സർക്കാർ വളരെ ഗൗരവത്തോടെയാണ് സമീപിച്ചത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം നിരാശനാകേണ്ട പ്രശ്നം വരുന്നില്ലെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

7. പെരുമ്പാവൂരിലെ റോഡുകൾ ടാർ ചെയ്യുന്നത് സംബന്ധിച്ച്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂരിലെ റോഡുകളുടെ കാര്യത്തിൽ ഞാൻ വളരെ നിരാശനാണ്. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് നേരിട്ട് ബോധിപ്പിക്കുകയും അടിയന്തരപ്രമേയമായി സഭയിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മൂന്ന് വർഷമായി അങ്ങയോട് നിരന്തരം റിക്വസ്റ്റ് ചെയ്തിട്ടും ബഡ്ജറ്റിലല്ലാതെ ഒരു റോഡുപോലും ചെയ്യു തന്നിട്ടില്ല. നൂറ് കിലോമീറ്ററിലധികം റോഡുകൾ തകർന്ന് തരിപ്പണമായി കിടക്കുകയാണ്. അവിടെ പ്ലൈവുഡ് വ്യവസായമുണ്ട്, അരി വ്യവസായമുണ്ട്, തടി വ്യവസായവുമുണ്ട്. ഭാരം വഹിച്ച വണ്ടികൾ ഏറ്റവും കൂടുതൽ വരികയും സർക്കാരിന് ഏറ്റവും കൂടുതൽ ജി.എസ്.ടി. ലഭിക്കുകയും ചെയ്യുന്ന സ്ഥലമാണ് പെരുമ്പാവൂർ. പക്ഷെ റോഡുകളിലെ കുഴി ആർ.സി. വർക്കിലൂടെ അടയ്ക്കാൻ

കഴിയില്ല, വലിയ കുഴികളാണ്. വണ്ടികൾ മറിഞ്ഞ് അപകടം സംഭവിച്ച് ആളുകൾക്ക് പരിക്ക് പറ്റുന്നത് സ്ഥിരം കാഴ്ചയാണ്. അങ്ങയുടെ സ്നേഹനിധികളായ പാർട്ടിക്കാർ എല്ലായിടത്തും എന്റെ ഫ്ലക്സുകൾ അടിച്ചുവച്ചിരിക്കുകയാണ്. ഞാനാണ് പദ്ധതികളുടെ ഭരണാനുമതി നൽകാത്തതെന്നാണ് അവർ പറയുന്നത്. കേരളത്തിൽ പെരുമ്പാവൂരിലാണ് ഏറ്റവും കൂടുതൽ തകർന്ന റോഡുകളുള്ളത്. ദയവായി അങ്ങത് പരിശോധിക്കണം. അങ്ങയുടെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ വന്ന് പരിശോധിച്ച് റിപ്പോർട്ടും എസ്റ്റിമേറ്റും തന്നു; പക്ഷെ ഭരണാനുമതി കിട്ടിയില്ല. മുപ്പത് റോഡുകൾ മോശമാണ്. എന്നാൽ ഇപ്പോൾ നാല് റോഡുകൾക്ക് മാത്രമാണ് ഫണ്ട് ചോദിക്കുന്നത്. അതുമാത്രമെങ്കിലും അനുവദിക്കണം. ഓണംകുളം-ഊട്ടിമറ്റം റോഡ്, തോട്ടപ്പാടം-ഉളിയാമ്പിള്ളി-ശാലയം റോഡ്, അറയ്ക്കപ്പടി-വലിയകുളം-പോഞ്ഞാശ്ശേരി റോഡ്, പെരുമാനി-ചീനിക്കുഴി റോഡ്. ഇവ വെങ്ങോല ഗ്രാമപഞ്ചായത്തിലുള്ള റോഡുകളാണ്. അങ്ങ് ദയവായി, പരിഗണിക്കാം എന്ന വാക്ക് പറയാതെ പരിഗണിക്കും നടപ്പാക്കും എന്ന് ഉറപ്പ് നൽകണമെന്ന് അപേക്ഷിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ ഈ നാല് റോഡുകളുടെ സാഹചര്യം സംബന്ധിച്ച് പരിശോധിക്കുന്നതിന് റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിച്ചിരുന്നു. ഇതിൽ ചിലയിടങ്ങളിൽ ബേസ്, സബ് ബേസ് എന്നിവ തകർന്ന് കിടന്ന സാഹചര്യമുണ്ട്. നിലവിൽ റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തിയാണ് ഇവ പരിപാലിക്കുന്നത്. മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തി ഇവ നവീകരിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാവുന്നതാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലത്തിലെ ഒരു പ്രവൃത്തികളും പരിഗണിച്ചില്ലെന്ന് പറയുന്നത് ശരിയല്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഹെഡ്ഡുകളിലായി എസ്.ആർ.എസ്, ഒ.ആർ.എസ്, ആർ.സി.എസ്, ശബരിമല പ്രവൃത്തി, ബഡ്ജറ്റ് പ്രവൃത്തി, ഓവർ ലേ, എസ്.എൽ.റ്റി.എഫ്., ട്രാഫിക് സേഫ്റ്റി തുടങ്ങിയവയിലെല്ലാമായി 41 കോടി 86 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. നിരത്ത് വിഭാഗത്തിൽ മാത്രം വിവിധ ഹെഡ്ഡുകളിലായി 20 കോടി 79 ലക്ഷം രൂപയുടെ പ്രവൃത്തി

പുരോഗമിക്കുന്നുണ്ട്. കിഫ്ബിയിൽ 12 കോടി രൂപയുടെയും പാലങ്ങൾ വിഭാഗത്തിൽ 27 കോടി രൂപയുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചു. പാലങ്ങൾ വിഭാഗത്തിൽ 39 കോടി 12 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. റോഡ് മെയിന്റനൻസ് വിഭാഗം റണ്ണിംഗ് കോൺട്രാക്ടിൽ 64,69,000 രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചു. 78 ലക്ഷം രൂപയുടെ പ്രവൃത്തി തുടരുന്നുമുണ്ട്. 27 കോടി 26 ലക്ഷം രൂപ ചെലവഴിക്കുന്ന പെരുമ്പാവൂർ ബൈപ്പാസിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞു. എം.സി. റോഡിൽ നടപ്പാക്കുന്ന ഒ.പി.ബി.ആർ.സി. പദ്ധതിയുടെ ഒരു ഭാഗം പെരുമ്പാവൂർ നിയോജകമണ്ഡലത്തെ സ്പർശിക്കുന്നതാണ്. ഈ നിലയിൽ പെരുമ്പാവൂർ നിയോജകമണ്ഡലത്തിന് മികച്ച പരിഗണനയാണ് നൽകിയിട്ടുള്ളത്. ഇപ്പോൾ അദ്ദേഹം സൂചിപ്പിച്ച നാല് റോഡുകളുടെ കാര്യം പരിശോധിക്കാം. റോഡുകളുടെ കാര്യത്തിൽ സർക്കാർ സ്വീകരിച്ച സമീപനംകൂടി അദ്ദേഹം ഈ അവസരത്തിൽ പറയണമായിരുന്നുവെന്ന് സൂചിപ്പിക്കുകയാണ്.

12.00 Noon

8. കുത്തുപറമ്പ് താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. കെ. പി. മോഹനൻ: സർ, കുത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ ദിനംപ്രതി രണ്ടായിരത്തിലധികം ഒ.പി.-യും അത്യാഹിത വിഭാഗത്തിൽ നൂറിലധികം രോഗികളും എത്താറുണ്ട്. ഇവിടെ മാസത്തിൽ എൺപതിലധികം സർജറിയും നൂറ്റിയമ്പതു മുതൽ ഇരുനൂറുവരെ ആക്സിഡന്റ് കേസുകളും മൂന്നൂറിലധികം minor procedure-ഉം നടത്തുന്നുണ്ട്. മെയിൽ വാർഡ്, ഫീമെയിൽ വാർഡ്, ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ്, ലേബർ വാർഡ്, ലേബർ റൂം, ഡയാലിസിസ് യൂണിറ്റ് എന്നിവയെല്ലാമുള്ള ഈ സ്ഥാപനം 2009 ആഗസ്റ്റിലാണ് താലൂക്ക് ആശുപത്രിയായി ഉയർത്തിയത്. പതിനഞ്ച് ഡോക്ടർമാർ മാത്രമാണ് ഇവിടെയുള്ളത്. ദിനംപ്രതി രണ്ടായിരത്തിലധികം രോഗികൾ ഒ.പി.-യിൽ ചികിത്സ തേടിവരുന്ന ആശുപത്രിയാണിത്. സ്പെഷ്യലിസ്റ്റ് ഒ.പി.-യിൽ എട്ടുമണി മുതൽ ഒരു മണിവരെ പരിശോധിക്കാൻ സാധിക്കുന്നതിലധികം രോഗികളെയാണ് പരിശോധിച്ചുവരുന്നത്. ഇവിടെ ജനറൽ ഒ.പി.-യിൽ പരിശോധിക്കാൻ

ഡോക്ടർമാരില്ലാത്തതിനാൽ സ്പെഷ്യലിസ്റ്റ് ഒ.പി. ടിക്കറ്റ് ലഭിക്കാത്ത രോഗികളെ ചികിത്സിക്കേണ്ടത് അത്യാഹിത വിഭാഗത്തിലെ ഡോക്ടറാണ്. ഇവിടെ അസിസ്റ്റന്റ് സർജന്റെ പോസ്റ്റ് ഒന്നുംതന്നെ ഇല്ലാത്തതിനാൽ മെഡിക്കൽ ഓഫീസർ തന്നെയാണ് ജനറൽ ഒ.പി.-യും കാഷ്വാലിറ്റിയും കൈകാര്യം ചെയ്യേണ്ടിവരുന്നത്. ഒരു ഷിഫ്റ്റിൽ ഒരു കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ മാത്രമെ ഡ്യൂട്ടിയിൽ ഉണ്ടാകുകയുള്ളൂ. ദിനംപ്രതി എഴുന്നൂറിലധികം രോഗികളെയാണ് അത്യാഹിത വിഭാഗത്തിലെ ഡോക്ടർ പരിശോധിക്കേണ്ടിവരുന്നത്. അത്യാഹിത വിഭാഗത്തിലെത്തുന്ന അത്യാസന്ന രോഗികളെയും പോലീസ് സ്റ്റേഷൻ, കോടതി, പോക്സോ കേസുകൾ എന്നിവിടങ്ങളിൽനിന്ന് വരുന്ന രോഗികളെയും പരിശോധിക്കേണ്ടത് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറാണ്. ആയതിനാൽ അത്യാഹിത വിഭാഗത്തിലെത്തുന്ന ഒ.പി. രോഗികൾ കുറെ നേരം ക്യൂ നിൽക്കേണ്ട അവസ്ഥയാണുള്ളത്. രാവിലെ ഒ.പി. ടിക്കറ്റ് എടുക്കുന്നവർക്ക് ഉച്ചയ്ക്കുശേഷമാണ് ഡോക്ടറെ കാണാൻ സാധിക്കുന്നത്. കുത്തുപറമ്പ് താലൂക്ക് ആശുപത്രിയുടെ പന്ത്രണ്ട് നിലകളുള്ള പുതിയ

കെട്ടിടത്തിന്റെ നിർമ്മാണം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഏറ്റെടുത്തതിനുശേഷം വളരെ വേഗത്തിൽ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഈ കെട്ടിടത്തിലേയ്ക്ക് ആശുപത്രി പൂർണ്ണതോതിൽ കൂടുതൽ സൗകര്യത്തോടെ പ്രവർത്തിക്കുന്നതിന് സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള തസ്തികകൾ സൃഷ്ടിക്കണമെന്നും ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കണമെന്നും മറ്റ് അനുബന്ധ കാര്യങ്ങളിൽകൂടി നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. അങ്ങ് അവിടെ സന്ദർശിച്ചിട്ടുമുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കണ്ണൂർ ജില്ലയിൽ സാധാരണ ജനങ്ങൾ ധാരാളമായി ആശ്രയിക്കുന്നതും തിരക്കുള്ള നഗരമധ്യത്തിൽ സ്ഥിതിചെയ്യുന്നതുമായ ആശുപത്രിയാണ് കൂത്തുപറമ്പ് താലൂക്ക് ആശുപത്രി. ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ ചില ദിവസങ്ങളിൽ ശരാശരി ആയിരത്തിഅഞ്ഞൂറും ചിലപ്പോൾ അതിലും കൂടുതൽ രോഗികൾ വരുന്ന സ്ഥിതിയുണ്ട്. അവിടെ ഒ.പി.-യും 153 അംഗീകൃത കിടക്കകളുമാണുള്ളത്.

രണ്ട് ഘട്ടങ്ങളിലായി നബാർഡ് ആദ്യം പതിമൂന്ന് കോടി അഞ്ച് ലക്ഷം രൂപയും പിന്നീട് 46.18 കോടി രൂപയും അനുവദിച്ചതുകൊണ്ടാണ് രണ്ട് ബേസ്മെന്റ് ഉൾപ്പെടെ പന്ത്രണ്ട് നിലകളുള്ള അതിമനോഹരമായ കെട്ടിടം പൂർത്തീകരണത്തിലേയ്ക്ക് അടുക്കുന്നത്. ബേസ്മെന്റും ഗ്രൗണ്ട് ഫ്ലോറും ഒമ്പത് നിലകളും ഉൾപ്പെടെ പന്ത്രണ്ട് നിലകളാണുള്ളത്. പതിനൊന്ന് ഒ.പി.-കൾ ഉള്ളതിൽ ഗൈനക്, പീഡിയാട്രിക്, ജനറൽ സർജറി, ഇ.എൻ.ടി., ജനറൽ മെഡിസിൻ, ത്വക് രോഗ വിഭാഗം, സൈക്യാട്രി, ഫിസിക്കൽ മെഡിസിൻ, ജനറൽ ഒ.പി., ഈവനിംഗ് ഒ.പി., എൻ.സി.ഡി. ക്ലിനിക് ഇവയെല്ലാം ഉൾപ്പെടുന്നുണ്ട്. ഇവയെല്ലാം ഒന്നാം നിലയിലാണുള്ളത്. ലേബർ റൂം, antenatal ward, ലേബർ ഓപ്പറേഷൻ തിയേറ്റർ, ന്യൂബോൺ ഐ.സി.യു., എച്ച്.ഡി.യു. എന്നിവ രണ്ടാം നിലയിൽ ഉണ്ടാകും. ജനറൽ ഓപ്പറേഷൻ തിയറ്റർ, ഓർത്തോ ഓപ്പറേഷൻ തിയറ്റർ, റിക്കവറി റൂം, സർജിക്കൽ ഐ.സി.യു. തുടങ്ങിയവയാണ് മൂന്നാം നിലയിലുള്ളത്. ഒഫ്താൽമോളജി, മെയിൽ ആൻഡ് ഫീമെയിൽ വാർഡ്, മെഡിക്കൽ ഐ.സി.യു. എന്നിവ ഉൾക്കൊള്ളുന്നത് നാലാം നിലയിലാണ്. Postnatal Ward-ഉം പീഡിയാട്രിക്

വാർഡും അഞ്ചാം നിലയിലും പോസ്റ്റ്-ഓപ്പറേറ്റീവ് മെയിൽ ആൻഡ് ഫീമെയിൽ വാർഡ് ആറാം നിലയിലും സർജിക്കൽ മെയിൽ ആൻഡ് ഫീമെയിൽ വാർഡ് ഏഴാം നിലയിലും ജനറൽ മെയിൽ ആൻഡ് ഫീമെയിൽ വാർഡ് എട്ടാം നിലയിലുമാണുള്ളത്. അഡ്മിനിസ്ട്രേറ്റീവ് ഓഫീസും മെഡിക്കൽ റിക്കോർഡ്സ് ലൈബ്രറിയും ഒമ്പതാം നിലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഒന്നും രണ്ടും ഘട്ടങ്ങളിലായി ഭരണാനുമതി നൽകിയ ഈ പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. സിവിൽ പ്രവൃത്തികളുടെയും

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

എം.ഇ.പി. (mechanical, electrical and plumbing) പ്രവൃത്തികളുടെയും എഴുപതുശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ഗ്യാസ് പൈപ്പ് ലൈൻ സിസ്റ്റം സ്ഥാപിക്കുന്നതിന് സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനായി നിർമ്മാണ ഏജൻസിയായ യു.എൽ.സി.സി.എസ്. (ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി) ഒരു കോടി അഞ്ചുലക്ഷം രൂപയുള്ള എസ്റ്റിമേറ്റ് കെ.എം.എസ്.സി.എൽ.-ന്റെ ശിപാർശ സഹിതം പൊതുമരാമത്ത് വകുപ്പ് മുഖാന്തരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

അക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇതുകൂടാതെ NHM-ന്റെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കുത്തുപറമ്പ് താലൂക്ക് ആശുപത്രിയിലേയ്ക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 57.21 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉപകരണങ്ങളുടെ വിതരണം നടന്നുവരുന്നു. ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ സൂപ്രണ്ട് ഉൾപ്പെടെ പതിനാറ് ഡോക്ടേഴ്സ് മാത്രമാണ് നിലവിലുള്ളത്. കൺസൾട്ടന്റ് പീഡിയാട്രിക്സ്, കൺസൾട്ടന്റ് ഗൈനക്കോളജി, ജൂനിയർ കൺസൾട്ടന്റ്, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) എന്നിങ്ങനെ പതിനാറ് ഡോക്ടർമാരും അതിൽ CMO-യും ഉൾപ്പെടുന്നുണ്ട്. അസിസ്റ്റന്റ് സർജൻ ഇല്ല എന്നുള്ളത് ഒ.പി.-യിൽ എത്തുന്ന രോഗികൾക്ക് സേവനം നൽകുന്നതിനുള്ള പരിമിതിയായി കണ്ടുകൊണ്ട് NHM-ൽനിന്നും രണ്ട് അസിസ്റ്റന്റ് സർജൻമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. അവിടെ അസിസ്റ്റന്റ് സർജൻന്മാരുടെ തസ്തിക സൃഷ്ടിക്കേണ്ടതുണ്ട്. ബഹുമാന്യനായ അംഗത്തിനൊപ്പം നേരിട്ട് സന്ദർശനം നടത്തി കൃ ഉൾപ്പെടെയുള്ള

കാര്യങ്ങൾ ഞാൻ കണ്ടിരുന്നു. ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുള്ള തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയലിൽ കുത്തുപറമ്പ് ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. അത് എത്രയുംവേഗം സാധ്യമാക്കുന്നതോടൊപ്പം ആശുപത്രി പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിനുള്ള ധനലഭ്യതയ്ക്കുള്ള അനുമതികൂടി ഇതിനു സമാന്തരമായി നൽകി ഉപകരണങ്ങൾ ഉൾപ്പെടെ കൂടുതൽ ലഭ്യമാക്കുന്നതിന് സർക്കാർ ശ്രമിക്കുകയാണ്.

9. വർക്കല ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം

ശ്രീ. വി. ജോയി: സർ, ഒരു പ്രധാനപ്പെട്ട കാര്യം വീണ്ടും ശ്രദ്ധയിൽപ്പെടുത്താൻവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഓരോ ജില്ലയ്ക്കും ഓരോ സ്റ്റേഡിയം ഉണ്ടാക്കുമെന്ന് തീരുമാനിച്ചതിന്റെ ഭാഗമായി വർക്കല ഇടവ പ്രദേശത്തെ നാട്ടുകാർ പിരിവെടുത്ത് ഏതാണ്ട് അഞ്ചേക്കർ ഭൂമി വാങ്ങി സംഭാവന ചെയ്ത സ്റ്റേഡിയമാണ് തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം. 2018-ൽ കിറ്റ്കോയെ എസ്.പി.വി. ആയി നിശ്ചയിച്ച് ടെൻഡർ

നടപടികളിലേയ്ക്ക് പോയിരുന്നു. 2018-ൽ പ്രവൃത്തി ആരംഭിച്ച് ആറ് വർഷമായിട്ടും ഇന്നും പണി എങ്ങുമെത്താതെ നിൽക്കുകയാണ്. വർക്ക് ടെൻഡർ ചെയ്ത് കോൺട്രാക്ട് എടുത്ത ആൾ എസ്.പി.വി.-യുമായുള്ള നിരന്തരമായ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ വർക്ക് ഉപേക്ഷിച്ചു പോകുകയുണ്ടായി. മന്ത്രിമാരുമായി വീണ്ടും നിരന്തരം ബന്ധപ്പെട്ടിന്റെ അടിസ്ഥാനത്തിൽ എസ്.പി.വി.-യെ മാറ്റി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിശ്ചയിച്ചുവെങ്കിലും നിലവിലുണ്ടായിരുന്ന എസ്.പി.വി. ആയ കിറ്റ്കോ ആവശ്യമായ രേഖകൾ കൈമാറിയിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി 2024 വരെയുള്ള കാലയളവിൽ നാല് മീറ്റിംഗുകൾ അറേഞ്ച് ചെയ്തെങ്കിലും കിറ്റ്കോ ആവശ്യമായ രേഖകൾ കൈമാറാൻ കൂട്ടാക്കിയില്ല. ഒരു പ്രദേശത്തെ ജനങ്ങൾ മുഴുവൻ വല്ലാതെ ആഗ്രഹിച്ച സ്റ്റേഡിയം ആറ് വർഷമായിട്ടും പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. കിറ്റ്കോ എന്നുപറയുന്ന എസ്.പി.വി. നമുക്ക് ചെയ്യുന്ന ദ്രോഹം ചെറുതല്ല. അവരെക്കൊണ്ട് ഒരു കാര്യവും ചെയ്യിക്കാൻ പറ്റില്ല; ചെയ്യുന്നതിലെല്ലാം അഴിമതിയുമാണ്; വല്ലാത്തൊരു പ്രശ്നമാണ് നമുക്ക് അവരിൽനിന്ന്

അനുഭവിക്കേണ്ടി വരുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ അങ്ങ് കർശനമായ നിലപാട് സ്വീകരിക്കണം. ഇതൊരു ഗൗരവമേറിയ വിഷയമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഇടപെടണം. എങ്ങനെയെങ്കിലും സ്റ്റേഡിയത്തിന്റെ നിർമ്മാണം പുനരാരംഭിക്കാനുള്ള ശ്രമം നടത്തണമെന്നാണ് ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച സബ്മിഷൻ വളരെ പ്രധാനപ്പെട്ടതുതന്നെയാണ്. KITCO-യുമായി ബന്ധപ്പെട്ട് ധാരാളം കേസുകൾ നിലനിൽക്കുകയാണ്. പല ജില്ലാ സ്റ്റേഡിയങ്ങളുടെയും നിർമ്മാണം, തൃശ്ശൂർ ജില്ലാ സ്റ്റേഡിയം, വയനാട് ജില്ലാ സ്റ്റേഡിയം അടക്കം KITCO-യുടെ ഇത്തരത്തിലുള്ള നിലപാടുകാരണം സ്തംഭിച്ചിരിക്കുകയാണ്. KITCO-യുടെ പ്രവർത്തനത്തിന്റെ പോരായ്മകൊണ്ട് കായിക വകുപ്പിൽതന്നെ ഇരുപത്തിമൂന്നോളം പദ്ധതികൾ തടസ്സപ്പെടുന്ന രീതി നിലവിലുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന തിരുവനന്തപുരം ജില്ലാ

സ്റ്റേഡിയമായ ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയത്തിന് 58.47 കോടി രൂപയ്ക്ക് ഭരണാനുമതിയും തുടർന്ന് കിഫ്ബിയിൽനിന്നും 34.26 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചതാണ്. KITCO-യെയാണ് ഈ പ്രവൃത്തിയുടെ Special Purpose Vehicle (SPV) ആയി ചുമതലപ്പെടുത്തിയത്. KITCO മുഖാന്തരം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ കിഫ്ബിയുടെ പരിശോധനയിൽ ഇൻഡോർ സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ ഡിസൈനിൽ ചില പോരായ്മകൾ കണ്ടെത്തിയതിനെ തുടർന്ന് 01-10-2019-ൽ Stop Memo നൽകിയിരുന്നു. പ്രവൃത്തി പുനരാരംഭിക്കുന്ന വിഷയത്തിൽ തീരുമാനമുണ്ടാകുന്നതിന് കാലതാമസമുണ്ടായതിനാൽ കരാറുകാരൻ പ്രവൃത്തിയിൽനിന്നും ഒഴിവാക്കണമെന്ന് കിറ്റ്കോയോട് ആവശ്യപ്പെടുകയും ചെയ്തു. ഇത്തരത്തിൽ പദ്ധതിയിൽ പുരോഗതിയൊന്നും കാണാത്ത സാഹചര്യത്തിൽ സർക്കാർ 20-04-2024-ലെ 56/2024 ഉത്തരവ് പ്രകാരം ഇടവ തോമസ് സ്റ്റേഡിയത്തിൽ അവശേഷിക്കുന്ന പ്രവൃത്തികളുടെ SPV ആയി കേരള സ്പോർട്സ് ഫൗണ്ടേഷനെ ചുമതലപ്പെടുത്തി

ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകൾ കൈമാറാൻ KITCO-യോട് ആവശ്യപ്പെട്ടെങ്കിലും KITCO രേഖകൾ കൈമാറാൻ തയ്യാറായില്ല. തുടർന്ന് 24-04-2024-ന് കായിക യുവജനകാര്യ ഡയറക്ടറുടെ അദ്ധ്യക്ഷതയിലും 08-05-2024-ൽ കായിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ചേർന്ന യോഗങ്ങളുടെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന പ്രവൃത്തികളുടെ ഡ്രോയിംഗ്, എസ്റ്റിമേറ്റ്, ബിഡ് ഡോക്യുമെന്റ്സ്, പ്രവൃത്തിയുടെ മെഷർമെന്റ് ബുക്ക് എന്നിവ 18-05-2024-ൽ KITCO സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികളുടെ അംഗീകാരം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് KITCO മുൻകരാറുകാരനെ ഒഴിവാക്കികൊണ്ടുള്ള എഗ്രിമെന്റ് കേരള സ്പോർട്സ് ഫൗണ്ടേഷന് ലഭ്യമാക്കേണ്ടതായിട്ടുണ്ട്. കിഫ്ബിയുടെ സി.ഇ.ഒ.-യുടെ അദ്ധ്യക്ഷതയിൽ 20-05-2024-ൽ ചേർന്ന യോഗത്തിൽ പ്രസ്തുത രേഖകൾ ഒരാഴ്ചക്കകം ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ബഹുമാനപ്പെട്ട വർക്കല എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ 05-05-2024-ൽ ചേർന്ന യോഗത്തിൽ എല്ലാ രേഖകളും

കേരള സ്പോർട്സ് ഫൗണ്ടേഷന് കൈമാറുന്നതിന് KITCO-യോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത രേഖകൾ ഇതുവരെ ലഭ്യമായിട്ടില്ല. KITCO-ൽ നിന്നും രേഖകൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് കേരള സ്പോർട്സ് ഫൗണ്ടേഷൻ നടപടി സ്വീകരിച്ചുവരികയാണ്. KITCO Special Purpose Vehicle (SPV) ആയിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിൽ ഗുരുതരമായ വീഴ്ച സംഭവിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇടവ സ്റ്റേഡിയം നിർമ്മാണം ഉൾപ്പെടെ 23 പദ്ധതികളുടെ SPV സ്ഥാനത്തുനിന്നും KITCO-യെ മാറ്റി കേരള സ്പോർട്ട്സ് ഫൗണ്ടേഷനെ പുതിയ SPV-ആയി നിശ്ചയിച്ച് ഉത്തരവിറക്കിയത്. KITCO രേഖകൾ നൽകുന്നതിൽ കാലാതാമസം ഉണ്ടാക്കുന്നതിനാൽ ആവശ്യമായ നിയമ നടപടിയിലേയ്ക്ക് വകുപ്പ് നീങ്ങുകയാണ്. വകുപ്പ് സെക്രട്ടറിയോട് ഇത്തരം കേസുകൾ പരിശോധിച്ച് നടപടിയെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. KITCO-ൽ നിന്ന് എഗ്രിമെന്റ് ലഭ്യമാകുന്ന മുറയ്ക്ക് ശേഷിക്കുന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്ന കാര്യത്തിൽ കേരള സ്പോർട്സ് ഫൗണ്ടേഷൻ നടപടി സ്വീകരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

V. റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭാനേതാവും കാര്യോപദേശക സമിതി അംഗവുമായ ഞാൻ സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തിയെട്ട് മുതൽ അറുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സണ്ണി ജോസഫ്: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ നാൽപ്പത്തിയെട്ട് മുതൽ അറുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

VI. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

VII. വ്യക്തിപരമായ വിശദീകരണം

അപകീർത്തികരമായ പരാമർശം

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ശ്രീമതി കെ. കെ. രമയ്ക്ക് റൂൾ 288 പ്രകാരമുള്ള വ്യക്തിപരമായ വിശദീകരണം നൽകാവുന്നതാണ്.

ശ്രീമതി കെ. കെ. രമ: സർ, 12-06-2024-ന് നടന്ന ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട ചർച്ചയിൽ ബഹുമാനപ്പെട്ട കൊയിലാണ്ടി അംഗം ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുന്ന സമയത്ത്, 'ഇത് പറയുമ്പോൾ ആർ.എം.പി. നേതാവ് കൂടിയായ നമ്മുടെ എം.എൽ.എ.

കൂടി കൈകൊട്ടി ചിരിക്കുന്ന രീതിയിലായിരുന്നു.' എന്ന് ആരോപിക്കുകയുണ്ടായി. ലോകസഭാ തിരഞ്ഞെടുപ്പിനുശേഷം വടകരയിൽ നടന്ന ഒരു പരിപാടിയുമായി ബന്ധപ്പെട്ട ഒരു കാര്യത്തിലാണ് ഇത്തരത്തിലൊരു സംസാരമുണ്ടായത്. ആ പരിപാടിയിൽ ഞാൻ പങ്കെടുത്തിട്ടില്ലെന്ന് മാത്രമല്ല, അസുഖം കാരണം ഞാൻ ആ സ്ഥലത്തുപോലും ഉണ്ടായിരുന്നില്ല. ഈ ആരോപണം ഒരു വനിത നിയമസഭാംഗം എന്ന നിലയിലുള്ള എന്റെ സൽസ്വഭാവത്തെ ചോദ്യം ചെയ്യുന്നതാണ്. അതുകൊണ്ടാണ് ഒരു പൊതുപ്രവർത്തക എന്ന നിലയിലും വടകര നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ പ്രതിനിധി എന്ന നിലയിലും ഈ അപകീർത്തിപരമായ പ്രസ്താവനയിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 288 പ്രകാരമുള്ള വ്യക്തിപരമായ വിശദീകരണം നടത്തിയത്. ടി പ്രസ്താവന ചട്ടം 307 പ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

മി. സ്പീക്കർ : അത് പരിശോധിക്കാം.[+]

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 11092/ ഇ.ബി./2024/ലെജി. തീയതി 27-06-2024) സഭാരേഖകളിൽ നിലനിർത്തി.

VIII. ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

നീറ്റ് പരീക്ഷാ നടത്തിപ്പിലെ ക്രമക്കേട്

ശ്രീ. എം. വിജിൻ: സർ, "നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) നടത്തിയ NEET, NET പരീക്ഷകളുമായി ബന്ധപ്പെട്ടുണ്ടായ ഞെട്ടിപ്പിക്കുന്ന ക്രമക്കേടുകൾ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പ്രതീക്ഷകളും സ്വപ്നങ്ങളും തകർത്ത ഗുരുതരമായ സാഹചര്യം സംബന്ധിച്ച് ഈ സഭ ചർച്ച ചെയ്യണം" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. എം. വിജിൻ: സർ, മെച്ചപ്പെട്ട രീതിയിലുള്ള വിദ്യാഭ്യാസം, ജോലി, വരുമാനം എന്നിവയിലൂടെ മെച്ചപ്പെട്ട ജീവിതമെന്നത് ഒരു ശരാശരി ഇന്ത്യൻ കുടുംബത്തിന്റെ സ്വപ്നമാണ്. മത്സര പരീക്ഷയ്ക്കുവേണ്ടി വർഷങ്ങളോളം നീണ്ട തയ്യാറെടുപ്പ് നടത്തി ഒരു വിദ്യാർത്ഥി പരീക്ഷ എഴുതുമ്പോൾ കുടുംബത്തിന്റെ മനസ്സ് കൂടി ഒപ്പം സഞ്ചരിക്കുകയാണ്. നീറ്റ് പരീക്ഷയുടെ ചോദ്യപേപ്പർ ചോർച്ച ലക്ഷക്കണക്കിന് മനസ്സുകളിൽ തീകോരിയിടുന്ന അനുഭവമായി

മാറിയിരിക്കുകയാണ്. മെഡിക്കൽ പഠനത്തിന് അർഹത നേടാനുള്ള മത്സര പരീക്ഷയുമായി ബന്ധപ്പെട്ട് പുറത്തുവന്ന അഴിമതി കഥകളും ഉന്നതങ്ങളിലെ മാഫിയ ബന്ധങ്ങളും പൊതു സമൂഹത്തെയാകെ ഞെട്ടിപ്പിക്കുന്നതാണ്. വിദ്യാർത്ഥികളുടെ പങ്കാളിത്തംകൊണ്ട് ഇന്ത്യയിൽ നടക്കുന്ന ഏറ്റവും വലിയ പൊതു പരീക്ഷയാണ് 'നീറ്റ്'. എം.ബി.ബി.എസ്., ഡെന്റൽ, ആയുഷ്, വെറ്ററിനറി തുടങ്ങിയ മെഡിക്കൽ ബിരുദ കോഴ്സുകൾക്കുള്ള യോഗ്യതാ പരീക്ഷയാണ്. ഒരു ശരി ഉത്തരത്തിന് 4 മാർക്കും ഒരു തെറ്റിന് ഒരു നെഗറ്റീവ് മാർക്കുമായി 180 ചോദ്യങ്ങൾക്ക് (-180) മുതൽ 720 (+720) വരെയാണ് നീറ്റ് പരീക്ഷയിൽ നേടാൻ കഴിയുന്ന സ്കോർ. ഈ പരീക്ഷ ആരംഭിച്ച 2013 മുതൽ 2018 വരെ സി.ബി.എസ്.ഇ.-ക്കായിരുന്നു ഇതിന്റെ നടത്തിപ്പ് ചുമതല. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ വളരെ മാതൃകാപരമായി കുറ്റമറ്റ രീതിയിൽ നടത്തിയ പരീക്ഷയാണ് കേന്ദ്ര ഗവൺമെന്റിന്റെ ഇടപെടലിലൂടെ കേന്ദ്രീകരിക്കുകയും 2019 മുതൽ ഏകീകരിച്ച് ദേശീയതലത്തിലുള്ള പൊതുപരീക്ഷകളുടെ നടത്തിപ്പിന്റെ ചുമതല സ്വതന്ത്ര ഏജൻസിയായ National Testing Agency ഏറ്റെടുക്കുന്ന

സാഹചര്യമുണ്ടാകുകയും ചെയ്തത്. നീറ്റ് പരീക്ഷ ആരംഭിച്ച 2013-ൽ 717127 വിദ്യാർത്ഥികളാണ് അപേക്ഷിച്ചത്. 2024-ൽ വിദ്യാർത്ഥികളുടെ എണ്ണം 2,406,079 ആയി. 2013-ൽനിന്നും 2024-ൽ എത്തുമ്പോൾ വിദ്യാർത്ഥികളുടെ എണ്ണത്തിൽ മൂന്നിരട്ടി വർദ്ധനവാണുണ്ടായത്. ഏറെ പ്രതീക്ഷയോടെ 2,406,079 വിദ്യാർത്ഥികൾ എഴുതിയ നീറ്റ് പരീക്ഷയുടെ നടത്തിപ്പിലും റിസൾട്ടിലും ഉത്തരവാദിത്വപ്പെട്ട NTA-യ്ക്കുണ്ടായ ഗുരുതരമായ വീഴ്ച മാപ്പ് അർഹിക്കുന്നതല്ല. കഴിഞ്ഞ വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ, കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്വതന്ത്ര സംവിധാനമായ NTA-യുടെ വിവിധ പരീക്ഷകൾ എഴുതിയത് ഒരു കോടി ഇരുപത്തിമൂന്ന് ലക്ഷം വിദ്യാർത്ഥികളാണ്, ഒരു കോടി ഇരുപത്തിമൂന്ന് ലക്ഷം സ്വപ്നങ്ങളാണ്. എന്നാൽ ഈ ഏജൻസി നടത്തുന്ന പല പരീക്ഷകളിലും പിഴവുകളും ക്രമക്കേടുകളും നേരത്തെതന്നെ കണ്ടെത്തിയിട്ടുണ്ട്. ദേശീയ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ (JEE) മെയിൻ പരീക്ഷയിൽ ഒന്നാം സെഷന്റെ percentile നിർണ്ണയത്തിലും നോർമലൈസേഷൻ രീതിയിലുമുണ്ടായ പിഴവുകൾ സംബന്ധിച്ച്

നേരത്തെതന്നെ വിമർശനം ഉയർന്നതാണ്. മേയ് 15-ന് ദേശീയ ബിരുദ പ്രവേശന പരീക്ഷ നടത്താൻ തീരുമാനിച്ചെങ്കിലും തൊട്ടു തലേന്ന് ഡൽഹിയിൽ പരീക്ഷ മാറ്റിവച്ചു. കാൺപൂരിൽ തെറ്റായ ചോദ്യക്കടലാസ് നൽകിയതുമൂലം വീണ്ടും പരീക്ഷ നടത്തുന്ന സാഹചര്യമുണ്ടായി. നീറ്റ് പരീക്ഷപോലെ നെറ്റ് പരീക്ഷ എഴുതാൻ തയ്യാറായത് പതിനൊന്ന് ലക്ഷം വിദ്യാർത്ഥികളാണ്. ഈ വർഷത്തെ നെറ്റ് പരീക്ഷയ്ക്ക് ഒരു പ്രത്യേകതയുണ്ടായിരുന്നു. പി.എച്ച്.ഡി. പ്രവേശനത്തിനുള്ള യോഗ്യതയായി നെറ്റ് വന്നതോടുകൂടി ഈ പരീക്ഷയുടെ പ്രാധാന്യം വർദ്ധിക്കുന്ന സാഹചര്യമാണുണ്ടായത്. ചോദ്യപേപ്പർ ചോർന്നതിന്റെ പേരിൽ നെറ്റ് പരീക്ഷകൂടി റദ്ദാക്കുന്ന സാഹചര്യമുണ്ടായി എന്ന വസ്തുത നാം കാണണം. ബീഹാറിലാണ് ചോദ്യപേപ്പർ ചോർച്ചയുണ്ടായത്. ടെലിഗ്രാം ആപ്ലിക്കേഷനിൽ ചോദ്യങ്ങൾ വന്നതിന്റെ ഫലമായി വൻ മാഫിയകൾ ആറ് ലക്ഷം രൂപ വരെയാണ് ചോദ്യങ്ങൾക്ക് വാങ്ങിയതെന്ന വാർത്തകളാണ് പുറത്തുവരുന്നത്. അതോടൊപ്പം ഈ വർഷത്തെ നെറ്റ് പരീക്ഷയെ കാവിവൽകരിക്കാനുള്ള ശ്രമവും നടന്നു. അതിൽ ചില ചോദ്യങ്ങൾ നമ്മൾ

കണ്ടിട്ടുള്ളതും ചർച്ച ചെയ്തതുമാണ്. ഒരു ചോദ്യം അയോധ്യയിൽ പുതുതായി നിർമ്മിച്ച രാമക്ഷേത്രത്തിൽ പ്രാണപ്രതിഷ്ഠ നടന്ന തീയതിയാണ്. മറ്റൊരു ചോദ്യം തല അറ്റിട്ടും കുരുക്ഷേത്ര യുദ്ധം കണ്ട മഹാഭാരതത്തിലെ യോദ്ധാവ് ആരാണെന്നായിരുന്നു. അടുത്ത ചോദ്യം രാമചരിത മാനസത്തിൽ ഹനുമാൻ പ്രത്യക്ഷപ്പെടുന്ന ഖണ്ഡം ഏതാണെന്നാണ്? ഇത്തരത്തിലുള്ള നിരവധി ചോദ്യങ്ങളുണ്ട്. നെറ്റ് പരീക്ഷയെ കാവിവൽകരിക്കാൻ നടത്തുന്ന ശ്രമങ്ങളാണ് ഇത്തവണത്തെ പരീക്ഷയുമായി ബന്ധപ്പെട്ട് നാം കണ്ടത്. മറ്റൊരു പരീക്ഷയാണ് Integrated Teacher Education Programme- ലേയ്ക്കുള്ള പ്രവേശന പരീക്ഷയായ National Common Entrance. ഇവിടെയും ക്രമക്കേടുകളുണ്ടാകുകയും വീണ്ടും പരീക്ഷ നടത്തേണ്ടിവരുന്ന സാഹചര്യമുണ്ടാകുകയും ചെയ്തു. നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് 6 സെന്ററുകളിലായി പരീക്ഷയെഴുതിയ ആയിരത്തി അഞ്ഞൂറോളം വിദ്യാർത്ഥികൾക്ക് പരീക്ഷയെഴുതാൻ അനുവദിക്കപ്പെട്ട സമയം ലഭിച്ചില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് കോടതിയെ സമീപിച്ചതോടുകൂടിയാണ് വിവാദങ്ങൾക്ക് തുടക്കം കുറിച്ചത്. പരാതിക്കാർക്ക് ഗ്രേസ് മാർക്ക് നൽകാൻ

കോടതി ഉത്തരവിടുകയും റിസൾട്ട് വന്നപ്പോൾ 720-ൽ 720 മാർക്ക് വാങ്ങി 67 പേർ ഒന്നാം റാങ്കിലെത്തുകയും ചെയ്തു. ശരിയുത്തരത്തിന് 4 മാർക്ക്, തെറ്റായ ഉത്തരത്തിന് ഒരു നെഗറ്റീവ് മാർക്ക് എന്നിങ്ങനെ കണക്കാക്കിയാൽ 720 മാർക്കിനുശേഷം ലഭിക്കാവുന്ന ഏറ്റവും ഉയർന്ന മാർക്ക് 716 ആണ്. എന്നാൽ പലർക്കും നീറ്റ് പരീക്ഷയിൽ 718, 719 എന്നീ മാർക്കുകൾ ലഭിച്ചുവെന്നത് ഗൗരവമായ ഒരു കുംഭകോണമാണ് ഇതുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ളതെന്നതിന് തെളിവാണ്. നീറ്റ് 2024-ന്റെ മറവിൽ വ്യാപകമായ ക്രമക്കേടുകളും അഴിമതിയും പണമിടപാടുകളും നടന്നിട്ടുണ്ട്. രാഷ്ട്രീയത്തിലും അധികാര കേന്ദ്രത്തിലുമുള്ള ഉന്നതരും വൻകിട ട്യൂഷൻ സെന്ററുകളും ചേർന്നുനടത്തിയ കൊള്ളയാണ് നീറ്റ് 2024-ലെ അഴിമതിയിലൂടെ പുറത്തുവരുന്നത്. പ്രധാനമായും കുംഭകോണത്തിന്റെ രണ്ട് പ്രത്യക്ഷ പ്രഭവ കേന്ദ്രങ്ങളായി നമുക്ക് കാണാൻ സാധിക്കുന്നത് ഗുജറാത്തിലെ ഗോധ്രയും (Godhra) ബീഹാറിലെ പട്നയുമാണ്. ഗോധ്രയിലെ പരീക്ഷാകേന്ദ്രമായ Jay Jalaram School-ൽ വലിയ അഴിമതിയും തട്ടിപ്പുമാണ് നടന്നത്. വൻകിട കോച്ചിംഗ് സെന്ററുകളും പരീക്ഷാ കേന്ദ്രങ്ങളിലെ

ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു സംഘം നടത്തിയ തട്ടിപ്പ് പുറത്തുവരികയുണ്ടായി. ലക്ഷങ്ങൾ മുടക്കാൻ താൽപര്യമുള്ള രക്ഷിതാക്കളോടും വിദ്യാർത്ഥികളോടും ഈ മാഫിയ പറഞ്ഞത് പരീക്ഷയ്ക്കുശേഷം ബ്ലാങ്ക് ഉത്തരപേപ്പർ മേശപ്പുറത്തുവച്ച് പോകാനാണ്. വിദ്യാർത്ഥികൾ പുറത്തുപോയശേഷം ഈ മാഫിയയിലെ അദ്ധ്യാപകർതന്നെ ഉത്തരക്കടലാസിൽ കൃത്യമായ ഉത്തരം അടയാളപ്പെടുത്തി വിദ്യാർത്ഥികളെ വിജയിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം. 2 കോടി രൂപ വരെ ഇതിനായി പ്രതിഫലം കൈപ്പറ്റിയെന്ന വാർത്തകളാണ് പുറത്തുവന്നിരിക്കുന്നത്. മറ്റൊരു അഴിമതിയുടെ കേന്ദ്രമായ പട്ന (Patna)- യിൽ പരീക്ഷയുടെ തലേദിവസംതന്നെ ചോദ്യപേപ്പർ ചോർന്നതായി വാർത്ത വരികയുണ്ടായി. ഒരു ക്രിമിനൽ സംഘം 35 പരീക്ഷാർത്ഥികളെ സമീപത്തുള്ള ഒരു പ്ലേ സ്കൂളിൽ കൊണ്ടുപോയി ചോദ്യപേപ്പർ നൽകി പരിശീലനം നൽകുകയായിരുന്നു. 30 ലക്ഷം രൂപ വീതമാണ് രക്ഷിതാക്കൾ ഇവർക്ക് നൽകിയതെന്നും ഇതുമായി ബന്ധപ്പെട്ട് 7 പേരെ കസ്റ്റഡിയിലെടുത്തുവെന്നുമുള്ള വാർത്തയും പുറത്തുവരികയുണ്ടായി.

ഇവിടെ എൻ.ടി.എ.-യോ കേന്ദ്ര സർക്കാരോ ഉത്തരം പറയേണ്ട നിരവധി ചോദ്യങ്ങൾ ഉയർന്നുവരുന്നുണ്ട്. അതുപോലെ നീറ്റ് യു.ജി. പരീക്ഷയിൽ ഹരിയാനയിലെ ഒരു പരീക്ഷാ കേന്ദ്രത്തിൽനിന്ന് മുഴുവൻ മാർക്കും നേടിയ 6 പേരും ബി.ജെ.പി. നേതാവിന്റെ കുടുംബത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളിലായിരുന്നു പരീക്ഷയെഴുതിയത്. ഈ കേന്ദ്രത്തിലെ 2 പരീക്ഷാർത്ഥികൾക്ക് ഒരിക്കലും ലഭിക്കാൻ സാധ്യതയില്ലാത്ത 718, 719 എന്നീ മാർക്കുകൾ എങ്ങനെ ലഭിച്ചുവെന്ന വസ്തുതയിന്മേൽ ബി.ജെ.പി.-യും കേന്ദ്രസർക്കാരും മറുപടി പറയേണ്ടതുണ്ട്. മറ്റൊരു ഗൗരവമേറിയ കാര്യമാണ് ജൂൺ 4-ാം തീയതിയിലെ നീറ്റ് പരീക്ഷയുടെ ഫല പ്രഖ്യാപനം. നീറ്റ് ഫലപ്രഖ്യാപനം നേരത്തെ തീരുമാനിച്ചിരുന്നത് 10 ദിവസത്തിനുശേഷം ജൂൺ 14-ാം തീയതിയായിരുന്നു. ജൂൺ 4, നമുക്കെല്ലാവർക്കും നേരത്തെ അറിയാമായിരുന്ന രാജ്യത്തെ പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ ഫലം പ്രഖ്യാപിക്കുന്ന തീയതിയാണ്. എന്തിനാണ് നീറ്റ് ഫല പ്രഖ്യാപനം ആ തീയതിയിലേയ്ക്ക് മാറ്റിയത്? ജൂൺ 4-ാം തീയതി ധൃതി പിടിച്ച് ഫലം പ്രഖ്യാപിച്ചു. തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം നടക്കുന്ന

ദിവസത്തെ ചർച്ചയിൽ നീറ്റ് പരീക്ഷാ ഫലം മുങ്ങിപ്പോകണമെന്ന ഒരു വലിയ ഗൂഢാലോചനയുണ്ടായിരുന്നുവെന്ന കാര്യത്തിൽ കേന്ദ്ര സർക്കാർ കൃത്യമായ മറുപടി നൽകേണ്ടതായിവരുന്നു. ഫല പ്രഖ്യാപന തീയതി ജൂൺ മാസം 4-ാം തീയതിയായത് മുൻകൂട്ടി നിശ്ചയിച്ച അജണ്ടയാണെന്ന് തെളിയിക്കുന്നതിനുള്ള ഏറ്റവും പ്രധാന ഉദാഹരണമാണിത്. നീറ്റ് പരീക്ഷയിൽ 2023-ൽ രണ്ട് ഒന്നാം റാങ്കുകാരും 2019, 2020, 2022 എന്നീ വർഷങ്ങളിൽ ഒരാൾ വീതവുമാണ് ഒന്നാം റാങ്കിലെത്തിയത്. ഇത്തവണ 67 ഒന്നാം റാങ്കുകാർ വരുന്നുവെന്നത് മുമ്പെങ്ങും കേട്ടുകേൾവിയില്ലാത്ത ഒരു കാര്യംതന്നെയാണ്. ഝാർഖണ്ഡിലെ പരീക്ഷാ കേന്ദ്രത്തിൽ വിദ്യാർത്ഥികൾക്ക് നൽകുന്നതിനുമുമ്പുതന്നെ ചോദ്യപേപ്പർ ചോർന്നുവെന്ന വാർത്തകളാണ് പുറത്തുവരുന്നത്. മറ്റൊന്ന് ഝാർഖണ്ഡിലെ പരീക്ഷാ കേന്ദ്രത്തിലേയ്ക്ക് നീറ്റ് പരീക്ഷയുടെ ചോദ്യപേപ്പർ കൊണ്ടുപോയത് ഓട്ടോറിക്ഷയിലാണെന്നതാണ്. ഇത്രയും ഗുരുതരമായ വീഴ്ചകളുണ്ടായിട്ടും എൻ.ടി.എ.-യും കേന്ദ്രസർക്കാരും ഒരു തരത്തിലുമുള്ള ക്രമക്കേടുകളുമുണ്ടായിട്ടില്ല എന്നാണ് ആദ്യഘട്ടം മുതൽ പ്രചരിപ്പിക്കാൻ

ശ്രമിച്ചത്. നീറ്റ് പുനഃപരീക്ഷ നടത്തിയപ്പോൾ 1563-ൽ 813 വിദ്യാർത്ഥികളാണ് പങ്കെടുത്തത്, ഹാജർ 52 ശതമാനം മാത്രമായിരുന്നു. എന്തുകൊണ്ടാണ് എൻ.ടി.എ. ഈ വിഷയത്തിൽ മറുപടി നൽകാത്തത്? ഇവിടെ പരീക്ഷാ മാഫിയയ്ക്ക് കൂട്ടുനിൽക്കുന്നത് ബി.ജെ.പി.-സർക്കാരാണ്. രാജ്യത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പൂർണ്ണമായും സ്വകാര്യ മേഖലയ്ക്ക് തീറെഴുതി വൻകച്ചവടത്തിന് സാധ്യത തുറന്നുവച്ചത് ബി.ജെ.പി.-സർക്കാരാണ്. ദേശീയ വിദ്യാഭ്യാസ നയം 2020-ന്റെ ഉള്ളടക്കങ്ങളിലേയ്ക്ക് ഞാൻ ഈ ഘട്ടത്തിൽ കടക്കുന്നില്ല. എന്നാൽ ദേശീയ വിദ്യാഭ്യാസ നയം 2020-നെതിരായി രാജ്യത്ത് വലിയ പ്രക്ഷോഭം നടക്കുകയുണ്ടായി. ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ശക്തമായ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകി. ഈ നയം വർഗ്ഗീയ സ്വകാര്യവൽകരണത്തിലേയ്ക്ക് നയിക്കുമെന്ന് സമരങ്ങളിൽ മുദ്രാവാക്യമുയർത്തി. ആ കാഴ്ചതന്നെയാണ് നീറ്റ്, നെറ്റ് എന്നീ പരീക്ഷകളുടെ റിസൾട്ടിലുണ്ടായ ക്രമക്കേടുകളിലൂടെ ഈ രാജ്യത്ത് തുറന്നുകാണിക്കുന്നത്. രാജ്യത്തിന്റെ വിദ്യാഭ്യാസ മേഖല കാവിവൽകരിക്കുന്നതിനും ചരിത്രങ്ങൾ മാറ്റിമറിക്കാനുമുള്ള ശ്രമങ്ങൾ

നടത്തുകയുണ്ടായി. അങ്ങനെ എല്ലാ തലങ്ങളിലും രാജ്യത്തിന്റെ വിദ്യാഭ്യാസ മേഖലയെ കാവിവൽകരിക്കാനും സ്വകാര്യ കുത്തകകൾക്ക് വിദ്യാഭ്യാസത്തെ തീറെഴുതിക്കൊടുക്കാനുമുള്ള കേന്ദ്രസർക്കാരിന്റെ നയത്തിന്റെ ഭാഗമായുണ്ടായ പ്രതിസന്ധി തന്നെയാണ് ഇവിടെയുമുണ്ടായിട്ടുള്ളത്. വിദ്യാഭ്യാസ രംഗത്ത് അഭിമാനകരമായ നേട്ടം കൈവരിച്ച ഒരു സംസ്ഥാനമാണ് കേരളം. കേരളത്തിലെ നിരവധി കുട്ടികളുടെ ജീവിത പ്രതീക്ഷകൂടിയാണ് അട്ടിമറിക്കപ്പെടുന്നത്. ഇന്നലെ ശ്രീ. എച്ച്. സലാം എം.എൽ.എ.-യ്ക്ക് ഒരു വിദ്യാർത്ഥി കത്തയയ്ക്കുകയും അദ്ദേഹം ആ കത്ത് എനിക്ക് നൽകുകയുമുണ്ടായി. കത്ത് ഇപ്രകാരമാണ്, "ഞാൻ ഈ വർഷത്തെ നീറ്റ് പരീക്ഷയെഴുതി 680 മാർക്ക് നേടിയ വിദ്യാർത്ഥിയാണ്. ഫലപ്രഖ്യാപനത്തിനുശേഷം വളരെ സന്തോഷത്തോടെ മുമ്പോട്ടുള്ള 5 വർഷത്തെ എം.ബി.ബി.എസ്. പഠനം സ്വപ്നം കണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഗ്രേസ് മാർക്ക്, ചോദ്യപേപ്പർ ചോർച്ച മുതലായ പ്രശ്നങ്ങൾ ആളിക്കത്തിയത്. നല്ല മാർക്ക് ലഭിച്ചിട്ടും സമാധാനമായിരിക്കാൻ ഞങ്ങൾക്കോ ഞങ്ങളുടെ കുടുംബങ്ങൾക്കോ ഇതുവരെ സാധിച്ചിട്ടില്ല. നല്ല

മാർക്ക് ലഭിച്ച ഞങ്ങൾക്ക് ഒരിക്കൽക്കൂടി പരീക്ഷയെഴുതുന്ന കാര്യം ചിന്തിക്കാൻപോലും സാധിക്കില്ല. ആഘോഷങ്ങളിലൊന്നും പങ്കെടുക്കാതെയും ഭക്ഷണവും ഉറക്കവുമൊഴിവാക്കിയും കഷ്ടപ്പെട്ടുനേടിയ മാർക്കായതിനാൽ ഞങ്ങളുടെ മാനസിക വിഷമംകൂടി പരിഗണിച്ചുകൊണ്ട് അങ്ങ് ഞങ്ങൾക്കുവേണ്ടി സംസാരിക്കുമെന്ന് പ്രതീക്ഷിക്കുന്നു." നീറ്റ് പരീക്ഷയിൽ 680 മാർക്കുനേടിയ കേരളത്തിലെ ഒരു വിദ്യാർത്ഥിയുടെ പ്രശ്നമാണ് ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് ലഭിച്ചത്. ഞാൻ ഒരു ചോദ്യം കൂടി ചോദിക്കുകയാണ്, ഇത്രയും ഗൗരവമായ കുംഭകോണം നടന്നിട്ട് കേരളത്തിലെ ഉൾപ്പെടെ രാജ്യത്തെ മാധ്യമങ്ങൾ അർഹതപ്പെട്ട രീതിയിൽ ഈ വിഷയം ചർച്ചയായി ഉയർത്തിയിട്ടുണ്ടോ? പ്ലസ് വൺ സീറ്റുമായി ബന്ധപ്പെട്ട് ഒരു കുട്ടിക്കും സീറ്റില്ലാതാകുന്ന സാഹചര്യമുണ്ടാകില്ലെന്ന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി നിയമസഭയിൽ അറിയിച്ചിട്ടുണ്ട്. നീറ്റ് പരീക്ഷയിൽ അർഹതപ്പെട്ട മാർക്ക് വാങ്ങിയിട്ടും പ്രയാസമനുഭവിക്കുന്നവരുടെ കണ്ണുനീർ ചർച്ചയാക്കാൻ ഇവിടത്തെ മാധ്യമങ്ങൾ തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ് ? സംഘ്പരിവാർ

സർക്കാരിനായി വായ് പൊത്തി, നീറ്റ് പരീക്ഷയിൽ ആരാണ് നീചനെന്ന ചോദ്യം ചോദിക്കാതെ നിങ്ങൾ നിൽക്കുന്നത് എന്തുകൊണ്ടാണ് ? അത് ചോദിച്ചാൽ രാജ്യത്തിന്റെ പ്രധാനമന്ത്രിയിലേയ്ക്കുൾപ്പെടെ ഉത്തരം എത്തിക്കേണ്ടിവരുമെന്നിടത്ത് എന്തിന് മൗനം പാലിച്ചുവെന്ന ചോദ്യത്തിനുകൂടി കേരളത്തിലെ മാധ്യമങ്ങൾ മറുപടി പറയേണ്ടിവരും. നിറംകെട്ടുപോകുന്ന രാജ്യമായി ഇന്ത്യ മാറുകയാണ്, ലോകത്തിനുമുമ്പിൽ ഇന്ത്യ നാണം കെടുകയാണ്. ശാസ്ത്രത്തിനുപകരം അന്ധവിശ്വാസങ്ങളെ പ്രതിഷ്ഠിച്ചുകൊണ്ടും ഭക്ഷണത്തിന്റെ പേരിൽ മനുഷ്യനെ കൊലപ്പെടുത്തിയും മനുഷ്യവെറിയുടെ വർദ്ധിച്ചുവരുന്ന വാർത്തയുടെ പേരിലും വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും ഈ കുംഭകോണത്തിലും ലോകത്തിനുമുമ്പിൽ ഇന്ത്യ നാണം കെടുകയാണ്. ഒരു മത്സര പരീക്ഷ സുരക്ഷാ ക്രമീകരണങ്ങളോടെ നടത്താൻ കഴിയാത്തവർ എങ്ങനെയാണ് രാജ്യത്തിന് സുരക്ഷ ഉറപ്പുവരുത്തുന്നത്. ഈ വിഷയത്തെ അടിയന്തര പ്രാധാന്യത്തോടെ കണ്ട് സഭ ചർച്ച ചെയ്യണം.

മി. സ്പീക്കർ: ഈ ചർച്ചയ്ക്ക് രണ്ട് മണിക്കൂർ സമയം മാത്രമെ അനുവദിക്കുകയുള്ളൂ.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ബഹുമാനപ്പെട്ട അംഗം എം. വിജിൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. നിരവധി വിദ്യാർത്ഥികൾ പങ്കെടുക്കുന്ന, ഇന്ത്യയിലെ ഏറ്റവും വലിയ പൊതു പ്രവേശന പരീക്ഷയാണ് നീറ്റ് (National Eligibility cum Entrance Test-NEET). വിദ്യാർത്ഥികളുടെ സ്വപ്നത്തെയും പ്രതീക്ഷകളെയും തകർക്കുന്ന കിരാതമായ നടപടിയാണ് നീറ്റ് പരീക്ഷാ നടത്തിപ്പിലൂടെ ഇപ്പോൾ വെളിവാക്കപ്പെട്ടിട്ടുള്ളത്. എം.ബി.ബി.എസ്., ഡെന്റൽ, ആയുഷ്, വെറ്ററിനറി തുടങ്ങിയ മെഡിക്കൽ ബിരുദ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ എന്ന നിലയിൽ എല്ലാവരും വളരെ ഗൗരവത്തോടെയാണ് ഈ പരീക്ഷയെ കാണുന്നത്. ശരി ഉത്തരത്തിന് നാല് മാർക്കും തെറ്റുത്തരത്തിന് ഒരു നെഗറ്റീവ് മാർക്കുമെന്ന രീതിയിൽ ആകെയുള്ള 180 ചോദ്യങ്ങൾക്ക് കുറഞ്ഞത് 180 മുതൽ കൂടിയത് 720 വരെ മാർക്കുവരെ നേടാവുന്ന വിധത്തിലാണ് പരീക്ഷ ക്രമീകരിച്ചിട്ടുള്ളത്. 2013-ലാണ് നീറ്റ്

പൊതുപരീക്ഷ ആരംഭിക്കുന്നത്. 2018 വരെ ആ പരീക്ഷയുടെ നടത്തിപ്പിന്റെ ചുമതല സി.ബി.എസ്.ഇ.-ക്ക് ആയിരുന്നു. 2019 മുതൽ ഈ പൊതു പരീക്ഷയുടെ നടത്തിപ്പ് ചുമതല നാഷണൽ ടെസ്റ്റിംഗ് ഏജൻസി ഏറ്റെടുക്കുകയുണ്ടായി. 2013-ൽ 717123 വിദ്യാർത്ഥികൾ അപേക്ഷകരായി ഉണ്ടായിരുന്നെങ്കിൽ പത്തുവർഷം കഴിഞ്ഞപ്പോൾ അത് മൂന്നുമടങ്ങായി വർദ്ധിച്ച് 2087462 ആയി ഉയരുകയാണുണ്ടായത്. 2024 ആയപ്പോൾ അപേക്ഷകരായ വിദ്യാർത്ഥികളുടെ എണ്ണം മൂന്നരമടങ്ങ് വർദ്ധിച്ച് 2406079 ആയി വീണ്ടുമുയർന്നു. എന്നാൽ അപേക്ഷകരായ വിദ്യാർത്ഥികളുടെ അനുപാതത്തിന് അനുയോജ്യമായ വിധത്തിൽ ഇന്ത്യയിൽ വൈദ്യ ബിരുദ പഠന സീറ്റുകൾ ഇല്ലാതിരുന്നത് ഗൗരവമേറിയ നിരവധി പ്രശ്നങ്ങൾക്കിടയാക്കി. 2024-ലെ നീറ്റ് പരീക്ഷയിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നത് സംബന്ധിച്ച് ഇപ്പോൾ നിരവധി വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. നീറ്റ് പരീക്ഷാ നടത്തിപ്പിന്റെ മറവിൽ വ്യാപകമായ അഴിമതിയും പണമിടപാടും നടന്നിട്ടുണ്ട്. ദേശീയ മാധ്യമങ്ങൾ വേണ്ടത്ര പ്രാധാന്യത്തോടുകൂടി ഈ വാർത്തകൾ നൽകിയിട്ടില്ലെങ്കിലും

പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ അനുഭവങ്ങളിലൂടെ ഇക്കാര്യങ്ങൾ വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയ അധികാരം ഉപയോഗിച്ച് വഴിവിട്ട നിലയിലുള്ള കച്ചവട താൽപര്യം മുൻനിർത്തി പൊതുപരീക്ഷയുടെ വിശ്വാസ്യത തകർത്തുകൊണ്ടാണ് ഈ വർഷം നീറ്റ് പരീക്ഷ നടന്നത്. നമ്മുടെ രാജ്യത്തെ ഗൗരവമേറിയ ഒരു പ്രവേശന പരീക്ഷയുടെ ചോദ്യപേപ്പർ കൊണ്ടുപോയത് ഓട്ടോറിക്ഷയിലാണെന്ന വാർത്ത നമ്മളിൽ വലിയരീതിയിലുള്ള ഞെട്ടലുണ്ടാക്കി. വൻകിട സ്വകാര്യ കോച്ചിംഗ് സ്ഥാപനങ്ങൾ പണമൊഴുക്കി പരീക്ഷാ നടത്തിപ്പ് ഏജൻസിയെ സ്വാധീനിച്ചാണ് വിദ്യാർത്ഥികളെ വഞ്ചിച്ചിരിക്കുന്നത്. പരീക്ഷാ നടത്തിപ്പിൽ ഉൾപ്പെടെ ഈ നിലയിൽ അഴിമതി തുടർന്നാൽ നമ്മുടെ രാജ്യത്തെ സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് എങ്ങനെ പഠിക്കാൻ കഴിയും? അവരുടെ പ്രതീക്ഷകൾ അസ്തമിക്കുന്ന സാഹചര്യമുണ്ടാകും. മെരിറ്റും സാമൂഹ്യനീതിയും സംരക്ഷിക്കുക എന്ന വളരെ പ്രധാനപ്പെട്ട കാര്യംപോലും നടപ്പാക്കാത്ത സാഹചര്യമാണ് സമീപകാല അനുഭവങ്ങളിലൂടെ കാണാൻ കഴിയുന്നത്. ഈ പ്രശ്നത്തിൽ സി.ബി.ഐ.

അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഒന്നാം റാങ്ക് ലഭിച്ചവരുടെ ഇതുവരെയുള്ള പഠന നിലവാരം സംബന്ധിച്ചും അന്വേഷിക്കുന്നുണ്ട്. ചോദ്യപേപ്പർ എവിടെയെങ്കിലും ചോർന്നിട്ടുണ്ടോ എന്നും ഏതെങ്കിലും പ്രദേശത്ത് മാത്രമായി പരീക്ഷയെഴുതിയ വിദ്യാർത്ഥികളുടെ മാർക്ക് വർദ്ധിച്ചിട്ടുണ്ടോ എന്നും ഏതെങ്കിലും കോച്ചിംഗ് സെന്ററുകളിൽ പഠിച്ചവർക്ക് റാങ്ക് ലഭിച്ചതിൽ അസ്വാഭാവികതയുണ്ടോ എന്നും ചോദ്യപേപ്പർ ലളിതമാക്കിയതിൽ അസാധാരണത്വമുണ്ടോ എന്നും പരിശോധിക്കാൻ സി.ബി.ഐ. സന്നദ്ധരാകുകയാണ്. സി.ബി.ഐ. പോലുള്ള ഏജൻസികളുടെ അന്വേഷണം ആരംഭിച്ചിരിക്കുന്ന എന്ന കാര്യം ഈ സന്ദർഭത്തിൽ തിരിച്ചറിയേണ്ടതായിട്ടുണ്ട്. നീറ്റ് ചോദ്യപേപ്പർ ചോർത്തി നൽകി എന്ന ഗുരുതരമായ കുറ്റകൃത്യം നടന്നതിനെ തുടർന്ന് 13 പേർ ബീഹാറിൽ അറസ്റ്റുചെയ്യപ്പെട്ടു. അവർ 35 പേർക്ക് ചോദ്യക്കടലാസ് വിറ്റുവെന്നാണ് പോലീസ് കണ്ടെത്തിയിട്ടുള്ളത്. എന്നാൽ ഇതൊന്നും നടന്നിട്ടില്ലെന്നാണ് ഇപ്പോഴും കേന്ദ്രസർക്കാർ പറഞ്ഞുകൊണ്ടിരിക്കുന്നത്. കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ധർമേന്ദ്ര പ്രധാൻ, ഉയർന്നുവരുന്ന

എല്ലാ വസ്തുതകളെയും നിഷേധിച്ചുകൊണ്ടാണ് സംസാരിച്ചിട്ടുള്ളത്. ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ, ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഫലംവരുന്ന ദിവസമായിരുന്നു നീറ്റ് പരീക്ഷാ ഫലം പ്രഖ്യാപിക്കുന്ന ദിവസമായി തിരഞ്ഞെടുത്തത്. തിരഞ്ഞെടുപ്പ് ഫലം വരുന്ന സന്ദർഭത്തിൽ ഉണ്ടാകാവുന്ന കോലാഹലങ്ങൾക്കിടയിൽ നീറ്റ് പരീക്ഷാ ഫലം വരുമ്പോൾ സ്വാഭാവികമായും പരീക്ഷയുമായി ബന്ധപ്പെട്ട വാർത്തകൾ അപ്രസക്തമായിപ്പോകും എന്ന ധാരണയുടെ ഭാഗമായിട്ടാണ് ഫല പ്രഖ്യാപനത്തിന് ആ തീയതിതന്നെ നിശ്ചയിച്ചതെന്ന് ബലമായി സംശയിക്കുകയാണ്. വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന കേന്ദ്രസർക്കാർ നടപടിയുടെ ഭാഗമായാണ് നീറ്റ് ഉൾപ്പെടെയുള്ള, രാജ്യത്തെ ഏറ്റവുമുയർന്ന പ്രവേശന പരീക്ഷാ സംവിധാനങ്ങൾ അട്ടിമറിക്കപ്പെടുന്ന സാഹചര്യമുണ്ടാകുന്നത്. രാജ്യത്തിന്റെ വിദ്യാഭ്യാസ മേഖലയെ കേന്ദ്ര സർക്കാരിന്റെ വരുതിയിൽ നിർത്തുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായിട്ടാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയം ആരംഭിച്ചിരിക്കുന്നത്. രാഷ്ട്രീയ താൽപര്യത്തിനനുസരിച്ച് രാജ്യത്തെ മുന്നോട്ടു നയിക്കണമെങ്കിൽ

പ്രൊഫഷണൽ മേഖലകളിൽ ഉൾപ്പടെ മെരിറ്റ് അട്ടിമറിച്ചുകൊണ്ട് ആഗ്രഹിക്കുന്നവരെ തിരുകിക്കയറ്റുന്നതിനുള്ള ഇടപെടലുകൾ നടത്തണമെന്നാണ് കേന്ദ്രസർക്കാർ ആഗ്രഹിക്കുന്നത്. കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയ ഇടപെടലിന്റെ ഭാഗമായി നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസ മേഖലയുടെ വിശ്വാസ്യതയെപ്പോലും തകർക്കുന്ന ഒരു സമീപനമാണുണ്ടായിരിക്കുന്നത്. പുതിയ വിദ്യാഭ്യാസ നയം അംഗീകരിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയുടെ വർഗീയവൽകരണം നടപ്പിലാക്കാൻ കേന്ദ്രസർക്കാർ സന്നദ്ധമാകുന്നു. വിദ്യാഭ്യാസ മേഖലയിൽ വാണിജ്യവൽകരണം നടപ്പിലാക്കുക, കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായ നിലയിൽ വിദ്യാഭ്യാസ സംവിധാനത്തെ പൂർണമായും നിയന്ത്രിക്കുക എന്ന രാഷ്ട്രീയ അജണ്ടയാണ് കേന്ദ്രസർക്കാർ വിഭാവനം ചെയ്തുകൊണ്ടിരിക്കുന്നത്. NCERT-യെ ഉപയോഗപ്പെടുത്തിക്കൊണ്ട് പാഠഭാഗങ്ങളിൽ മാറ്റം വരുത്തുന്നു; ചരിത്ര വസ്തുതകളെപ്പോലും നിഷേധിക്കുന്ന വിധത്തിൽ അല്ലെങ്കിൽ അപ്രസക്തമാക്കുന്ന വിധത്തിലുള്ള ചോദ്യങ്ങളും പാഠഭാഗങ്ങളും

സിലബസുകളും നമ്മുടെ രാജ്യത്ത് നടപ്പിലാക്കാൻ ശ്രമിക്കുന്ന രീതിയും സമീപകാലത്ത് കാണുകയുണ്ടായി. നീറ്റ് പരീക്ഷയുടെ വിശ്വാസ്യത, ദേശീയ പരീക്ഷകളും ദേശീയതലത്തിലുള്ള പ്രത്യേക കോഴ്സുകളുമെല്ലാം ആർ.എസ്.എസ്./സംഘ്പരിവാർ രാഷ്ട്രീയത്തിന്റെ അജണ്ടയ്ക്ക് വിധേയമാക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരികയാണ്. നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് ഈ പ്രശ്നങ്ങൾ ഉയർന്നുവന്നപ്പോൾ വിദ്യാർത്ഥികൾ സുപ്രീം കോടതിയെ സമീപിക്കുന്ന സാഹചര്യമുണ്ടായി. കോടതിപോലും ഗുരുതരമായ ഈ വീഴ്ചയെ വിമർശന ബുദ്ധിയോടുകൂടിയാണ് ചൂണ്ടിക്കാണിച്ചത്. പരീക്ഷ റദ്ദ് ചെയ്യണമെന്ന് കോടതി അഭിപ്രായപ്പെട്ടു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ദീർഘകാലം പ്രയാസങ്ങളനുഭവിച്ച്, എങ്ങനെയെങ്കിലും ഉന്നതമായ റാങ്കോടുകൂടി പാസ്സാകണമെന്ന് ആഗ്രഹിച്ച് പരീക്ഷയെഴുതിയ കുട്ടികളുടെ സ്വപ്നങ്ങളുടെ നിറംപോലും മങ്ങിപ്പോകുന്ന അവസ്ഥ സംജാതമാകുകയാണ്. അതുമേൽ പ്രയാസകരമായ സാഹചര്യത്തിലേക്ക് ഈ രാജ്യത്തിന്റെ നീറ്റ് പരീക്ഷാ നടത്തിപ്പ് മാറി എന്ന പ്രശ്നം ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്.

അതിശക്തമായ വിദ്യാർത്ഥി പ്രക്ഷോഭങ്ങൾ നടക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ ഇടപെടുന്നവരും വിദ്യാഭ്യാസ വിചക്ഷണന്മാരും ഈ പ്രശ്നം സജീവമായി ചർച്ച ചെയ്യുകയാണ്. എസ്.എഫ്.ഐ. ഉൾപ്പെടെയുള്ള വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ രാജ്യത്തിന്റെ തലസ്ഥാനത്ത് സംഘടിപ്പിക്കുന്ന ഉജ്ജ്വലമായ സമര പ്രക്ഷോഭങ്ങൾപോലും ഭീകരമായി വേട്ടയാടപ്പെടുന്നു. ഈ പ്രശ്നത്തെ രാജ്യത്തിനുമുന്നിൽ അവതരിപ്പിക്കാൻ ശ്രമിക്കുന്ന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ സമരത്തെപ്പോലും കേന്ദ്രസർക്കാരിന്റെ അധികാരവും സ്വാധീനവും മർദ്ദനോപാധികളും ഉപയോഗപ്പെടുത്തി അടിച്ചമർത്തുന്ന സമീപനമാണ് കാണുന്നത്. വിദ്യാർത്ഥികളുടെ സ്വപ്നത്തിൽ കരിനിഴൽ വീഴ്ത്തിയ ഈ പ്രശ്നത്തിൽ ശക്തമായ പ്രതികരണങ്ങൾ ഉയർത്തേണ്ടതായ മാധ്യമങ്ങൾ നിർഭാഗ്യവശാൽ ഇക്കാര്യങ്ങളെക്കുറിച്ച് യാതൊന്നും പറയുന്നില്ല. കഴിഞ്ഞ ദിവസങ്ങളിൽ കേരളത്തിലെ പ്രധാനപ്പെട്ട മാധ്യമങ്ങൾ നടത്തിയ ചർച്ചകൾ വിശകലനം ചെയ്താൽ, ആ ചർച്ചകളിലൊന്നും നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടില്ലെന്ന് മനസ്സിലാക്കാൻ സാധിക്കും. നമ്മുടെ

സമൂഹത്തിൽ ഒരുപാട് പ്രതീക്ഷയർപ്പിച്ച് വിദ്യാഭ്യാസ പ്രവർത്തനവുമായി മുന്നോട്ടുപോകുന്ന വിദ്യാർത്ഥികളുടെ പ്രതീക്ഷയെ സംരക്ഷിക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. ആ നിലയിൽ കേരള നിയമസഭയിൽ ഉൾപ്പെടെ ഇതിന്റെ പ്രതികരണങ്ങൾ ഉയർന്നുവരണമെന്ന് ആഗ്രഹിച്ചുകൊണ്ടും ഈ ഉപക്ഷേപത്തെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗം എം. വിജിൻ അവതരിപ്പിച്ച ഉപക്ഷേപത്തോട് പൊതുവെ ഞാൻ യോജിക്കുകയാണ്. ഒരുകാര്യത്തിൽ മാത്രമാണ് വിയോജിപ്പ് രേഖപ്പെടുത്തുന്നത്. നമ്മുടെ രാജ്യത്ത് നടന്ന ഏറ്റവും ഗുരുതരമായ ഈ കുംഭകോണം പൊതു സമൂഹത്തിന്റെ മുന്നിൽകൊണ്ടുവന്നത് മാധ്യമങ്ങളാണ്. ആ മാധ്യമങ്ങളെ കരിവാരിതേയ്ക്കുന്നതും അപമാനിക്കുന്നതുമായ ചില വാക്കുകൾ ഒരു കാരണവശാലും ഉപക്ഷേപത്തിൽ ഉൾപ്പെടുത്താൻ പാടില്ലായിരുന്നു. അത് ഏറ്റവും ദൗർഭാഗ്യകരമാണ്. ഇത്തരത്തിലുള്ള കുംഭകോണങ്ങളെയും അഴിമതികളെയും സ്വജന പക്ഷപാതത്തെയും പൊതുസമൂഹത്തിൽ

ഉയർത്തിക്കൊണ്ടുവരുന്ന പത്രമാധ്യമങ്ങളെ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കുവേണ്ടി അനുമോദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. പതിനായിരക്കണക്കിന് വിദ്യാർത്ഥികളും രക്ഷിതാക്കാളും നീതിക്കുവേണ്ടി തെരുവിലിറങ്ങിയ അസാധാരണമായ ഒരു ദശാസന്ധിയിലൂടെയാണ് നമ്മുടെ രാജ്യം കടന്നുപോകുന്നത്. പരീക്ഷകളെ സധൈര്യം നേരിട്ടുവെങ്കിലും ഒരു ഫാസിസ്റ്റ് സർക്കാരിന്റെ ജുഗുപ്സാവഹമായ പരീക്ഷണങ്ങളിൽ നിർന്നിമേഷരായി നോക്കിനിൽക്കുന്ന വിദ്യാർത്ഥികളുടെ ദൈന്യത കേരള നിയമസഭ ഏറെ ഗൗരവത്തോടെ കാണുകയാണ്. നീതിക്കുവേണ്ടി തെരുവുകളിൽ പോരാടുന്ന എല്ലാ വിദ്യാർത്ഥികളെയും അവരുടെ രക്ഷിതാക്കളെയും അഭിവാദ്യം ചെയ്യാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. വിദ്യാർത്ഥികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പ്രിയങ്കരനായ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസും പ്രതിപക്ഷവും നടത്തുന്ന ജനകീയ പോരാട്ടങ്ങൾക്ക് നമ്മുടെ നാട് കക്ഷി രാഷ്ട്രീയത്തിനപ്പുറം പിന്തുണ

പ്രഖ്യാപിക്കേണ്ടതാണ്. ഇന്ത്യയിലെ ലക്ഷക്കണക്കിന് യുവാക്കളുടെ ജീവിതത്തിൽ വഴിത്തിരിവാകുന്ന പ്രവേശന പരീക്ഷകൾ വിദ്യാർത്ഥികളുടേത് മാത്രമല്ല എത്രയോ കുടുംബങ്ങളുടെകൂടി ഭാവി നിർണ്ണയിക്കുന്നതാണ്. ഉറക്കമൊഴിച്ച് കഠിനാധ്വാനം ചെയ്ത് ഓരോ വിദ്യാർത്ഥിയും മത്സരപരീക്ഷകളിൽ മാറ്റുരയ്ക്കുകയാണ്. നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടത്തിയതും 24 ലക്ഷം പേർ എഴുതിയതുമായ യു.ജി.-നീറ്റ് പരീക്ഷയിലും യു.ജി.സി.-നെറ്റ് പരീക്ഷയിലും നടന്ന ക്രമക്കേടുകൾ രാജ്യത്തെ പരീക്ഷാ സമ്പ്രദായത്തിന്റെ വിശ്വാസ്യതയും പവിത്രതയും തകർത്തിരിക്കുകയാണ്. 2024 മേയ് 5-നാണ് നീറ്റ് പരീക്ഷ നടന്നത്. 4750 കേന്ദ്രങ്ങളിലായി 24 ലക്ഷം വിദ്യാർത്ഥികളാണ് പരീക്ഷ എഴുതിയത്. ജൂൺ മാസം 14-ാം തീയതിയാണ് പരീക്ഷാഫലം പ്രതീക്ഷിച്ചതെങ്കിലും അസാധാരണമായി ലോക്സഭാ തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച ജൂൺ 4-ാം തീയതിതന്നെ നീറ്റ് പരീക്ഷാഫലവും പ്രഖ്യാപിച്ചു. അതാണ് ഇതിന്റെ ദുരൂഹത വർദ്ധിക്കാൻ കാരണമായത്. അസാധാരണമാംവിധം 67 വിദ്യാർത്ഥികൾ നീറ്റ് പരീക്ഷയിൽ മുഴുവൻ മാർക്കും നേടി. ഇതിൽ ആറ്

പേർ ഹരിയാനയിലെ ഒരേ കേന്ദ്രത്തിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികളാണ്. 720-ൽ 718-ഉം 719-ഉം സ്കോറോടെ ചില വിദ്യാർത്ഥികൾ നേടിയിട്ടുള്ള അസാധാരണമായ വിജയം സംശയം വർദ്ധിപ്പിച്ചു. ഇത്രയും മാർക്ക് നേടുന്നത് അസാധാരണമാണെന്ന ചിന്തയും ചർച്ചയുമാണ് പിന്നീട് ഈ അഴിമതിയും ക്രമക്കേടുമെല്ലാം പുറത്തുകൊണ്ടുവരാനിടയായത്. ഇതുസംബന്ധിച്ച ക്രമക്കേടുകളും ചോദ്യപേപ്പർ ചോർച്ചയും സംബന്ധിച്ച ആശങ്ക പ്രകടിപ്പിച്ച് നിരവധി പരീക്ഷാർഥികൾ രംഗത്തുവന്നു. സമയക്കുറവിന്റെ പേരിൽ 1563 പേർക്ക് യാതൊരു മാനദണ്ഡവും പാലിക്കാതെ ഗ്രേസ് മാർക്കും ഉയർന്ന റാങ്കും നൽകി മുന്നോട്ടുപോയി. ഇത്തരത്തിൽ അനധികൃതമായി ഗ്രേസ് മാർക്ക് നൽകിയ നടപടി രാജ്യത്ത് കോളിളക്കം സൃഷ്ടിക്കുകയും വിവാദമാകുകയും ചെയ്തപ്പോൾ മാത്രമാണ് അത് പിൻവലിച്ചത്. ഗ്രേസ് മാർക്ക് പിൻവലിച്ച വിദ്യാർത്ഥികൾക്കുവേണ്ടി പുനഃപരീക്ഷ നടത്തിയപ്പോൾ 813 കുട്ടികൾ മാത്രമാണ് പരീക്ഷയെഴുതിയത്. ഈ ഹാജർ കുറവുതന്നെ ആരോപണങ്ങൾ കൂടുതൽ ശരിവയ്ക്കുന്ന നിലയിലേയ്ക്കെത്തിച്ചു. നിയമവും ചട്ടവും പറഞ്ഞ്

പരീക്ഷ എഴുതാനെത്തിയ വിദ്യാർത്ഥികളുടെ അടിവസ്ത്രംപോലും പരിശോധിച്ച് ക്രൂരമായി ആനന്ദിച്ചവരാണ് ഇപ്പോൾ പ്രതിക്കൂട്ടിൽ നിൽക്കുന്നത്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആർ.എസ്.എസ്.-ന്റെ രഹസ്യ അജണ്ട നടപ്പിലാക്കുന്നതോടൊപ്പം ആ സംവിധാനത്തെ മുഴുവൻ അഴിമതിയുടെയും സ്വജനപക്ഷപാതത്തിന്റെയും ഉപകരണമാക്കി മാറ്റിയിരിക്കുകയാണ്. പരീക്ഷാ അട്ടിമറികളിലൂടെ രണ്ട് കോടിയോളം വരുന്ന വിദ്യാർത്ഥികളെയും ഉദ്യോഗാർത്ഥികളെയും രക്ഷിതാക്കളെയുമാണ് ഈ സർക്കാർ കണ്ണീരിലാഴ്ത്തിയിരിക്കുന്നത്. പരീക്ഷകളിലെ ക്രമക്കേടുകൾ മാത്രമല്ല, ഇതിനായി ഭരണകൂടത്തിന്റെ ഒത്താശയോടെ അസൂത്രിതമായി പല നീക്കങ്ങളും നടന്നുവെന്ന് അറസ്റ്റിലായവരുടെ കൂറ്റസമ്മത മൊഴിയിൽനിന്നും വ്യക്തമായിരിക്കുകയാണ്. നെറ്റ് പരീക്ഷയും ചോദ്യപേപ്പർ ചോർച്ച കാരണം റദ്ദാക്കിയിരിക്കുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഒരു പ്രവേശന പരീക്ഷപോലും നടത്താൻ കഴിയാത്ത മോദി സർക്കാർ രാജ്യത്ത് അരാജകത്വമാണ് സൃഷ്ടിക്കുന്നത്. ഈ ഗുരുതരമായ സാഹചര്യം മുന്നിൽ കണ്ടുകൊണ്ടാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ

പ്രകടന പത്രികയിൽ പ്രവേശന പരീക്ഷകൾ സുതാര്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നത്. ശ്രീ. രാഹുൽ ഗാന്ധി ഭാരത് ജോഡോ യാത്ര നടത്തിയപ്പോൾ വിദ്യാർത്ഥികൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് കോൺഗ്രസിന്റെ പ്രകടന പത്രികയിൽ അത് ഉൾപ്പെടുത്തിയത്. പലപ്പോഴും ശ്രീ. രാഹുൽഗാന്ധിയെ 'പപ്പു' എന്നുവിളിച്ച് ആക്ഷേപിക്കുന്ന ശ്രീ. നരേന്ദ്ര മോദിയും പലപ്പോഴും അതിനെ ഏറ്റുപിടിക്കുന്ന കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിയും ചില ഇടത് നേതാക്കളും ഈ രാജ്യം എങ്ങോട്ട് പോകുന്നുവെന്നത് സംബന്ധിച്ച ശ്രീ. രാഹുൽഗാന്ധിയുടെ ദീർഘവീക്ഷണവും ചിന്തയും ഇനിയെങ്കിലും ഉൾക്കൊള്ളണമെന്ന് ഈ സന്ദർഭത്തിൽ അവശ്യപ്പെടാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: യെസ്....യെസ്..... പ്ലീസ്...പ്ലീസ്.....

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. (...മൈക്ക് ഓഫ്....) ഈ കാവിവൽകരണതിനെതിരെ രാജ്യത്ത് അതിശക്തമായ പ്രക്ഷോഭം സംഘടിപ്പിക്കുമ്പോൾ കേരളത്തിലെ മുഴുവൻ

ജനങ്ങൾക്കൊപ്പം ഒറ്റക്കെട്ടായി നിൽക്കാൻ, നീറ്റ് പരീക്ഷ എഴുതിയ കേരളത്തിലെ പതിനായിരക്കണക്കിനുവരുന്ന വിദ്യാർത്ഥികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ ഈ സഭ (.....മൈക്ക് ഓഫ്.....) തയ്യാറാകണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ശ്രീ. എം. വിജിൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. വൈദ്യ പഠനത്തിന് അർഹത നേടാനുള്ള മത്സര പരീക്ഷ എന്ന നിലയിലാണ് നീറ്റ് പരീക്ഷ നടത്തുന്നത്. എം.ബി.ബി.എസ്. പഠിക്കാൻ അർഹത നേടുക എന്നതാണ് എൻട്രൻസ് പരീക്ഷ എഴുതുന്നവരുടെ ഏറ്റവും പ്രധാന ലക്ഷ്യം. അത് ലഭിക്കാതെ പോകുമ്പോൾ ഇതേ പരീക്ഷ എഴുതിയിട്ടുള്ള ആളുകൾക്ക് ബി.ഡി.എസ്.-ഉം ബി.എ.എം.എസ്.-ഉം ബി.എച്ച്.എം.എസ്.-ഉം ബി.വി.എസ്സി.&എ.എച്ച്.-മെല്ലാം പിന്നീട് ലഭിക്കുന്ന ഒരു സാഹചര്യം നമുക്ക് കാണാൻ കഴിയും. 2024-ലെ കണക്കനുസരിച്ച് ഇന്ത്യയിലെ 707 മെഡിക്കൽ കോളേജുകളിലായി ഒരു ലക്ഷത്തി പതിനായിരത്തോളം എം.ബി.ബി.എസ്. സീറ്റുകൾ മാത്രമാണുള്ളത്. പക്ഷെ പരീക്ഷ എഴുതിയവരുടെ എണ്ണം 24

ലക്ഷമാണ്. ഈ രാജ്യത്ത് ലക്ഷക്കണക്കിനാളുകളെ ഇത്തരം മത്സര പരീക്ഷയ്ക്ക് എത്തിച്ചുകൊണ്ട് അവരിൽനിന്നും ധാരാളം പണം തട്ടിയെടുക്കാൻ അല്ലെങ്കിൽ അഴിമതി നടത്താനുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിൽ നമ്മുടെ കോച്ചിംഗ് സെന്ററുകളും അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരും വലിയ പങ്ക് വഹിക്കുന്നുണ്ടെന്ന് കാണാൻ കഴിയും. 2013-ൽ നീറ്റ് പരീക്ഷ ആരംഭിക്കുമ്പോൾ ആകെ ഏഴ് ലക്ഷം വിദ്യാർത്ഥികൾ മാത്രമായിരുന്ന ഇവിടെ ഉണ്ടായിരുന്നത്. അതാണ് ഇപ്പോൾ 24 ലക്ഷമായി വർദ്ധിച്ചിരിക്കുന്നത്. 10 വർഷത്തിനിടയിൽ ഇക്കാര്യത്തിൽ കാര്യമായ വർദ്ധനവുണ്ടായിരിക്കുന്നു. അതിനനുസരിച്ച് കോച്ചിംഗ് സെന്ററുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും അവരുമായി ബന്ധപ്പെട്ട് നിൽക്കുന്നവരുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും വലിയതോതിൽ മാഫിയ സംഘങ്ങളെപ്പോലെ ഇത്തരം പരീക്ഷാർത്ഥികളെ കണ്ടെത്തി അവരിൽനിന്നും പണം കൈക്കലാക്കുകയുമാണ് ചെയ്യുന്നത്. വൻകിട ട്യൂഷൻ സെന്ററുകളും അധികാര കേന്ദ്രങ്ങളിലെ ഉന്നതരും ചേർന്ന് വലിയ കൊള്ളയാണ് നടത്തിയിട്ടുള്ളതെന്ന് 2024-ലെ നീറ്റ് പരീക്ഷാഫലവുമായി

ബന്ധപ്പെട്ട വാർത്തകൾ ശ്രദ്ധിക്കുന്ന ഏതൊരാൾക്കും കാണാൻ കഴിയും. ഈ വാർത്തകളിൽ നമുക്ക് കാണാൻ കഴിഞ്ഞ പ്രധാന വിഷയം ഉപക്ഷേപം അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചിരുന്നു. 2024 മേയ് 5-ാം തീയതിയാണ് ഈ പരീക്ഷ നടക്കുന്നത്. ഏപ്രിൽ 14-ാം തീയതി വരേണ്ട പരീക്ഷാഫലം 10 ദിവസം നേരത്തെ വന്നു. ആ ദിവസത്തിന്റെ പ്രത്യേകത എല്ലാവർക്കും അറിയാവുന്നതാണ്. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഫലം വരുന്ന ദിവസം തന്നെ ഈ പരീക്ഷാഫലവും പ്രസിദ്ധീകരിച്ചാൽ തിരഞ്ഞെടുപ്പിന്റെ വിജയാഹ്ലാദത്തിനിടയിൽ നീറ്റ് പരീക്ഷാ ഫലം ആരും ശ്രദ്ധിക്കാതെ പോകുമെന്ന് കരുതി വളരെ ബോധപൂർവം ചെയ്തതാണെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഒരു മറുപടിയും പറയാൻ കഴിയാത്തവിധത്തിലാണ് കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയുൾപ്പെടെയുള്ളവർ ചോദ്യങ്ങളെ സമീപിക്കുന്നത്. അവർ അതിന് മറുപടി പറയാൻ തയ്യാറാകുന്നില്ല. ഫല പ്രഖ്യാപനത്തിന് നിശ്ചയിച്ചിരുന്നതിനും പത്ത് ദിവസം മുമ്പ് പാർലമെന്റ് തിരഞ്ഞെടുപ്പ് ഫലം വരുന്ന അതേ ദിവസംതന്നെ ഈ പരീക്ഷാഫലം പ്രസിദ്ധീകരിച്ചത്

എന്തിനാണെന്നും അതിൽ 67 പേർക്ക് എങ്ങനെയാണ് മുഴുവൻ മാർക്കും ലഭിച്ചതെന്നുമുള്ള ചോദ്യങ്ങൾക്ക് അവർക്ക് മറുപടിയില്ല. ഈ പരീക്ഷയിൽ ഒരു ശരി ഉത്തരത്തിന് നാല് മാർക്കും നെഗറ്റീവ് വന്നിട്ടുണ്ടെങ്കിൽ അതിന് ഒരു മാർക്ക് മൈനസും വരുന്ന സന്ദർഭത്തിൽ ചില കുട്ടികൾക്ക് എങ്ങനെയാണ് 718-ഉം 719-ഉം മാർക്കുകൾ ലഭിക്കുന്നത്? മികച്ച മാർക്ക് നേടിയ 67 വിദ്യാർത്ഥികളിൽ തെറ്റായ ഉത്തരം എഴുതിയ 44 പേർക്ക് ഫുൾ മാർക്ക് ലഭിച്ചതായി തെളിയിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേസെടുത്തിരിക്കുകയാണ്. പരീക്ഷയ്ക്ക് വൈകി എത്തിയവർക്ക് ഗ്രേസ് മാർക്ക് നൽകാൻ തീരുമാനിക്കുന്നത് എന്തിനാണ്? ആ ഗ്രേസ് മാർക്കിന്റെ അടിസ്ഥാനത്തിലാണ് ഒരുപാടുപേർക്ക് 720 മാർക്ക് ലഭിച്ചതും കൂടുതൽ വിദ്യാർത്ഥികൾ (67 പേർ) ഒന്നാം റാങ്കുകാരായി മാറിയതും. ഒരേ സെന്ററിലെ 6 പേർക്ക് ഒന്നാം റാങ്ക് ലഭിച്ചു. അട്ടിമറി കേന്ദ്രങ്ങളിൽ പ്രധാനം ഗുജറാത്തിലെ ഗോധ്രയും ബീഹാറിലെ പട്നയുമാണ്. വഡോദരയിൽ പ്രവർത്തിക്കുന്ന Roy Overseas Services എന്ന കോച്ചിംഗ് സ്ഥാപനവുമായി ബന്ധപ്പെട്ടവരാണ് പ്രതിപട്ടികയിൽ മുന്നിൽ നിൽക്കുന്നത്. ഇതിനായി

ലക്ഷങ്ങൾ മുടക്കാൻ തയ്യാറാകുന്ന രക്ഷിതാക്കളെ കണ്ടെത്തി അവരിൽനിന്നും കാശ് വാങ്ങി ചോദ്യപേപ്പർ നൽകുകയാണ് ചെയ്യുന്നത്. അങ്ങനെ നൽകുമ്പോൾ ഉത്തരം എഴുതാൻ കഴിയാത്തവരുണ്ടെങ്കിൽ ഉത്തരകടലാസ് ബ്ലാങ്കായി മേശപ്പുറത്ത് വച്ചാൽമതിയെന്ന് വിദ്യാർത്ഥികളോട് പറയുകയും അതിനായി അദ്ധ്യാപകർ ഉൾപ്പെടെയുള്ളവരുടെ ഒത്താശയോടെ ശരി ഉത്തരമെഴുതി അവരെ രക്ഷിച്ചെടുക്കുകയും ചെയ്യുന്ന ശ്രമമാണ് ഇത്തരം കേന്ദ്രങ്ങളിലെ ആളുകൾ ചെയ്തുവരുന്നത്. ഈ കേന്ദ്രങ്ങൾ പത്തുലക്ഷം രൂപ മുതൽ കോടിക്കണക്കിന് രൂപ വരെ വിദ്യാർത്ഥികളുടെ രക്ഷിതാക്കളിൽനിന്നും വാങ്ങാൻ ശ്രമിച്ചിട്ടുണ്ട്. അങ്ങനെ കോടാനുകോടി രൂപയുടെ അഴിമതിയാണ് നടന്നിട്ടുള്ളത്. നിലവിൽ ഈ കോച്ചിംഗ് സെന്ററിന്റെ ഉടമയും അവിടത്തെ അദ്ധ്യാപകരും 12 വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളുമടക്കം പ്രതിപ്പട്ടികയിൽ അകപ്പെട്ടിരിക്കുകയാണ്. പട്നയിലും വിശദമായ അന്വേഷണം നടക്കുന്നുണ്ട്. ഒരു ക്രിമിനൽ സംഘം 35-ഓളം പരീക്ഷാർത്ഥികളെ ഒരു പ്രത്യേക കേന്ദ്രത്തിലെത്തിച്ച് ചോദ്യപേപ്പർ നൽകുകയായിരുന്നു.

കുറ്റവാളികളെന്ന് സംശയിക്കുന്ന ഏഴ് വിദ്യാർത്ഥികളും പോലീസ് അറസ്റ്റുചെയ്തവരുടെ കൂട്ടത്തിൽപ്പെടുന്നു. ഇതൊക്കെ സംഘടിതമായി ചെയ്യുന്ന കാര്യങ്ങളാണ്. പ്രവേശന പരീക്ഷ നടത്തിയ നാഷണൽ ടെസ്റ്റിംഗ് ഏജൻസി (എൻ.ടി.എ.) ഇതിനാവശ്യമായ ഒത്താശകൾ ചെയ്തുകൊടുത്തതിന്റെ ഫലമായാണ് ഇത്തരം കാര്യങ്ങളൊക്കെ സംഭവിച്ചതെന്നാണ് മനസ്സിലാക്കുന്നത്. ഇത്തരത്തിൽ അനർഹരായവരായിരിക്കും യോഗ്യതയുടെ അടിസ്ഥാനത്തിൽ പിന്നീട് ഡോക്ടർമാരായി ആരോഗ്യ രംഗത്തേയ്ക്ക് കടന്നുവരുന്നത്. പണമുണ്ടായാൽ മാത്രംമതി പഠിപ്പുണ്ടാകണമെന്നോ യോഗ്യത നേടണമെന്നോ ഇല്ല. അത്തരക്കാർക്കും ഈ മേഖലകളിലേക്ക് കടന്നുവരാൻ കഴിയുന്ന അവസ്ഥയുണ്ടാകുന്നു. കോച്ചിംഗ് സെന്ററുകളിൽ എത്തുന്നവർക്ക് വർഷങ്ങളോളം അവിടെ ചെലവഴിക്കേണ്ടിവരികയും വലിയതോതിൽ പണം മുടക്കേണ്ടിവരികയും ചെയ്യുന്നു. സാധാരണക്കാർക്ക് ഇത് അപ്രാപ്യമായ കാര്യമാണ്. വൈദ്യശാസ്ത്ര പഠനം വലിയ കച്ചവടമായി മാറുകയാണ്. ഇന്നത്തെ രീതിയിലുള്ള മത്സര പരീക്ഷകൾ വൻ സാമൂഹിക

പ്രത്യാഘാതങ്ങളുണ്ടാക്കും എന്നതിൽ യാതൊരു സംശയവുമില്ല. പരീക്ഷാ സമ്പ്രദായത്തിന്റെ ഇന്നത്തെ രീതിയിൽ ശാസ്ത്രീയമായ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ചിന്തിക്കുകയും അനിവാര്യമായ നടപടികളിലേക്ക് നീങ്ങുകയും ചെയ്യേണ്ടത് ആവശ്യമായിരിക്കുകയാണ്. രാജ്യത്തിന്റെ ഭാവി തീരുമാനിക്കുന്ന വിദ്യാർത്ഥി സമൂഹം ഇന്ന് അക്കാദമികേതര ഏജൻസികൾ നടത്തുന്ന ചൂഷണങ്ങൾക്ക് വിധേയരാകുന്നതും അവരുടെ കഴിവും സാമർത്ഥ്യവും പണത്തിനുമുന്നിൽ കീഴടങ്ങുന്നതും നിത്യകാഴ്ചയായി മാറുകയാണ്. ഇത്തരം സാഹചര്യത്തിലാണ് രാജ്യത്തെ വിദ്യാർത്ഥി സംഘടനകളും അവരെ പിന്തുണയ്ക്കുന്ന ജനവിഭാഗങ്ങളും വലിയ തോതിൽ പ്രക്ഷോഭത്തിന്റെ പാതയിലേക്ക് വന്നിട്ടുള്ളത്. എന്നിട്ടും കേന്ദ്ര ഭരണകർത്താക്കൾ, പ്രത്യേകിച്ചും കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവർ ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് മറുപടി പറയാതെ ഒഴിഞ്ഞുമാറുന്ന ലജ്ജാകരമായ അവസ്ഥയാണ് കാണാൻ കഴിയുന്നത്. ഈ പരീക്ഷ മാത്രമല്ല; തൊട്ടുമുമ്പ് നടന്നതും പതിനൊന്ന് ലക്ഷത്തോളം പേർ പങ്കെടുത്തതുമായ കോളേജ് അദ്ധ്യാപക യോഗ്യത നേടുന്നതിനുള്ള നെറ്റ്

പരീക്ഷയിലും ഇതുതന്നെ സംഭവിച്ചുവെന്നതാണ് പിന്നീടുവന്ന വാർത്തകളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. അതുപോലെ നീറ്റ് (പി.ജി.) പരീക്ഷ മാറ്റിവയ്ക്കേണ്ട സാഹചര്യമുണ്ടായിരിക്കുന്നു. ആ ചോദ്യപേപ്പറും ചോർന്നുവെന്നുള്ള വിവരം നേരത്തെ അറിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് പരീക്ഷ മാറ്റിവച്ചത്. നീറ്റ് പരീക്ഷയിൽ 1316164 വിദ്യാർത്ഥികളാണ് യോഗ്യത നേടിയത്. എന്നാൽ ഇത്രയും വിദ്യാർത്ഥികൾക്ക് പഠിക്കാനാവശ്യമായ കോളേജുകൾ നമ്മുടെ രാജ്യത്തില്ല. 23 ലക്ഷത്തിൽപരം വിദ്യാർത്ഥികൾ പരീക്ഷയിൽ പങ്കെടുത്തു. ഈ പ്രശ്നത്തെതുടർന്ന് രാജ്യത്തുടനീളം ശക്തമായ വിദ്യാർത്ഥി പ്രക്ഷോഭം വളർന്നുവന്നിരിക്കുകയാണ്. രാജ്യത്തിന്റെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് നല്ല തിരിച്ചറിവുള്ള പൊതുസമൂഹവും അവരുടെ രക്ഷകർത്താക്കളും ഈ പ്രക്ഷോഭത്തോടൊപ്പം നിൽക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, പല കാര്യങ്ങളിലും അമിതമായ താൽപര്യത്തോടുകൂടി വാർത്തകൾ സൃഷ്ടിക്കുന്ന നമ്മുടെ മാധ്യമങ്ങളിൽ ചിലതെങ്കിലും അത് കണ്ടില്ലെന്ന് നടിക്കുന്നു അല്ലെങ്കിൽ അത് തമസ്കരിക്കുന്ന സമീപനം സ്വീകരിച്ചുവെന്ന് നമുക്ക്

കാണാൻ കഴിയും. ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ അവരുടെ ഭാവി കരുപിടിപ്പിക്കാനായി വലിയ പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ബൃഹത്തായ ഒരു രാജ്യത്തിന്റെ വിദ്യാഭ്യാസവും യോഗ്യതാ പരീക്ഷകളും ഒറ്റ ഏജൻസിയിൽ കേന്ദ്രീകരിച്ചതിന്റെ പരിണതഫലമാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. വ്യത്യസ്തങ്ങളായ മേഖലകളിൽ/വ്യത്യസ്ത സംസ്ഥാനങ്ങളിൽ എങ്ങനെയൊക്കെയാണ് ഈ പരീക്ഷ നടത്തുന്നതെന്നത് സംബന്ധിച്ച് പരിശോധനകൾ നടത്തി ആവശ്യമായ രീതിയിലുള്ള തീരുമാനമെടുക്കേണ്ടതുണ്ട്. അതുസംബന്ധിച്ച് കമ്മിറ്റി വച്ചിട്ടുണ്ട്, അന്വേഷണം നടക്കുന്നു, സി.ബി.ഐ. അന്വേഷിക്കുന്നു എന്നൊന്നും പറഞ്ഞിട്ട് കാര്യമില്ല. ഇവിടെ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടും പരീക്ഷകളുടെയും അവയുടെ നടത്തിപ്പിന്റെയും സുതാര്യതയും പവിത്രതയും ഉറപ്പുവരുത്താൻ കഴിയുംവിധത്തിലുള്ള നീക്കവുമുണ്ടാകണം. നമ്മുടെ രാജ്യത്തെ ആരോഗ്യ മേഖലയെ രക്ഷിക്കണമെന്ന് ആഗ്രഹമുള്ളവരുടെ വലിയ ഇടപെടൽ ആവശ്യമാണെന്നാണ് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്;

ഇല്ലെങ്കിൽ രാജ്യത്തിന്റെ ഭാവി ഇരുളടഞ്ഞതാകും. ഇന്നത്തെ സാഹചര്യത്തിൽ യോഗ്യതാ പരീക്ഷയ്ക്ക് ഒറ്റ കേന്ദ്രമെന്ന രീതി തിരുത്തുകയാണ് അനിവാര്യം. ഈ വിഷയം സംബന്ധിച്ച് രാജ്യവ്യാപകമായി വളർന്നുവരുന്ന പ്രക്ഷോഭത്തെ കണ്ടെങ്കിലും കേന്ദ്ര ഭരണകർത്താക്കൾ അവരുടെ പിടിപ്പുകേടും ഇക്കാര്യത്തിൽ അവർ കാണിച്ചിട്ടുള്ള കൊള്ളരുതായ്മയും തിരിച്ചറിഞ്ഞുകൊണ്ട് ആവശ്യമായ തിരുത്തലുകൾ വരുത്താൻ തയ്യാറാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ബഹുമാന്യനായ അംഗം എം. വിജിൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുകയാണ്. ദക്ഷിണാഫ്രിക്കൻ സർവകലാശാലയുടെ പ്രവേശന കവാടത്തിൽ നെൽസൺ മണ്ടേലയുടെ മനോഹരമായ ഒരു പ്രസ്താവന പ്രദർശിപ്പിച്ചിട്ടുണ്ട്. അത് തുടങ്ങുന്നത്, "Destroying any nation does not require the use of atomic bombs or the use of long range missiles. It only requires lowering the quality of education and allowing cheating in the examinations by the students" എന്നിങ്ങനെയാണ്. ഇവിടെ അവതരിപ്പിച്ച ഉപക്ഷേപവുമായി

ബന്ധപ്പെട്ട് ഇതിലെ അവസാനത്തെ വാചകമായ, '.....cheating in the examinations by students....,' എന്നത് വളരെ പ്രസക്തമാണ്. അതിന്റെ അവസാനം, '.....The collapse of education is the collapse of the nation' എന്ന് അദ്ദേഹം അർത്ഥശങ്കയില്ലാതെതന്നെ പറഞ്ഞുനിർത്തുന്നുണ്ട്. ഏകദേശം 10900 സീറ്റുകൾക്കുവേണ്ടി 706 മെഡിക്കൽ കോളേജുകളിലേക്ക് നടന്നതും ഒരുപക്ഷെ ലോകത്തിലെതന്നെ ഏറ്റവും വലിയ പരീക്ഷയെന്ന് പറയാവുന്നതുമായ മെഡിക്കൽ എൻട്രൻസ് പരീക്ഷ സംബന്ധിച്ച വിഷയമാണ് ഇന്ന് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. മൂന്ന് മണിക്കൂർ ഇരുപത് മിനിട്ടുകൊണ്ട് അവസാനിപ്പിക്കുന്ന മൾട്ടിപ്പിൾ ചോയിസ് ക്വസ്റ്റ്യൻ രീതിയിലുള്ള ഈ പരീക്ഷയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസങ്ങളിൽ നമ്മുടെ മാധ്യമങ്ങളിലൂടെയും മറ്റും നിരവധി ചർച്ചകൾ കടന്നുവരികയുണ്ടായി. യഥാർത്ഥത്തിൽ നീറ്റ് (NEET) എന്ന വാക്കിന് മറ്റൊരു പര്യായം പറയേണ്ട സാഹചര്യമാണ് ഇപ്പോഴുള്ളത്. നമ്മൾ പലപ്പോഴും ഇവിടെ പറയുന്നതുപോലെ, എല്ലാ മേഖലകളിലേക്കുമുള്ള കേന്ദ്ര ഗവൺമെന്റിന്റെ ബോധപൂർവ്വമായുള്ള കടന്നുകയറ്റംകൂടി ഞാൻ ഇതിന്റെ പിന്നിൽ

കാണുകയാണ്; കാരണം കേരളം പോലുള്ള സംസ്ഥാനങ്ങൾ വളരെ ഭംഗിയായി എൻട്രൻസ് പരീക്ഷ നടത്തിയിരുന്ന സന്ദർഭത്തിൽ നമ്മുടെ നാടിന്റെ ഫെഡറൽ സംവിധാനത്തെ ഇല്ലാതാക്കുക എന്ന ബോധപൂർവ്വമായ ശ്രമത്തിന്റെ ഭാഗമായാണ് നീറ്റ് പരീക്ഷ ഉൾപ്പെടെ കേന്ദ്രത്തിന്റെ കീഴിലേക്ക് കൊണ്ടുവന്ന് അതിനൊരു പ്രത്യേക ഏജൻസിയെ നിയമിച്ച് പരീക്ഷകൾ നടപ്പാക്കാൻ തീരുമാനിച്ചത്. ഇത് കേന്ദ്രത്തിന്റെ മറ്റൊരു കടന്നുകയറ്റത്തിന്റെ പ്രതീകമായി കാണാതിരിക്കാൻ കഴിയില്ല. ഇതുമായി ബന്ധപ്പെട്ട രണ്ടാമത്തെ വിഷയം, വിദ്യാർത്ഥികൾക്ക് സംസ്ഥാന സിലബസ്, കേന്ദ്ര സിലബസ് എന്നിങ്ങനെ രണ്ടുതരത്തിലുള്ള സിലബസുകളുണ്ട്. ഇത്തരം പരീക്ഷകളിൽ വരുന്ന ചോദ്യങ്ങൾ പലപ്പോഴും കേന്ദ്ര സിലബസ് അനുസരിച്ചാണ് തയ്യാറാക്കുന്നത്. അത് സംസ്ഥാന സിലബസിൽ പഠിക്കുന്ന കുട്ടികൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ പരീക്ഷകൾ ക്രമമായും കൃത്യമായും നടത്തുന്നതിനായി ഒരു ഫോറൻസിക് ആൻഡ് ടെക്നിക്കൽ ഓഡിറ്റ് നടപ്പാക്കുക എന്നത് വളരെ പ്രധാനമാണ്. അക്കാര്യത്തിലുള്ള ആശങ്ക ഞാൻ പങ്കുവയ്ക്കുകയാണ്. സമയക്കുറവുകൊണ്ട്

ദീർഘമായ കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല. മെഡിക്കൽ എൻട്രൻസ് എക്സാമിനേഷൻ കോച്ചിംഗ് സെന്ററുകളുടെ അമിതമായ കടന്നുവരവാണ് ഈ മേഖലയിലെ പ്രധാന പ്രശ്നം. ഇതുമായി ബന്ധപ്പെട്ട സ്വകാര്യ ബിൽ അവതരിപ്പിക്കുന്നതിനുവേണ്ടി ഞാൻ നിയമസഭയിൽ പ്രസന്റ് ചെയ്തിട്ടുണ്ട്. വളരെ ഗുരുതരമായ ഒരു വിഷയം ഇതിന്റെ പിന്നിലുണ്ടെന്നുള്ളതിനാൽ ഇതിനൊക്കെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം. നമ്മുടെ കുട്ടികളുടെ ഭാവി സംബന്ധിച്ച പ്രശ്നത്തിൽ സുതാര്യവും നിഷ്പക്ഷവും നീതിപൂർവ്വവുമായ പരിഹാരമുണ്ടാക്കണം. അതിന് ഈ ഉപക്ഷേപം ഉപയോഗപ്രദമാകട്ടെ എന്ന ആഗ്രഹത്തോടെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

1.00 pm]

ശ്രീ. തോമസ് കെ. തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിജിൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു.

2024-ലെ NEET, NET പരീക്ഷാ ചോദ്യപേപ്പറുകളുടെ ചോർച്ച നമ്മുടെ രാജ്യത്തെ ഞെട്ടിച്ച പരീക്ഷാ കുംഭകോണമെന്നതന്നെ വിശേഷിപ്പിക്കാവുന്ന

ഒന്നാണ്. NEET പരീക്ഷാ ചോദ്യപേപ്പർ പരീക്ഷ നടക്കുന്നതിനുമുമ്പുതന്നെ ചോർന്നിരുന്നുവെന്ന ആരോപണമുയർന്നിരുന്നു. ലക്ഷക്കണക്കിന് രൂപ കൈക്കൂലി വാങ്ങിയാണ് ചോദ്യപേപ്പറുകൾ ചോർത്തി നൽകിയതെന്നാണ് പുറത്തുവന്നുകൊണ്ടിരിക്കുന്ന വിവരം. ബീഹാറിലെ പറ്റ്നയിൽനിന്നാണ് ചോദ്യപേപ്പർ ചോർന്ന വിവരം ആദ്യം റിപ്പോർട്ട് ചെയ്തത്. രാജ്യത്ത് ഏറ്റവുമധികം വിദ്യാർഥികൾ പങ്കെടുക്കുന്ന എഴുത്തുപരീക്ഷയെന്ന പ്രത്യേകതകൂടി ഇതിനുണ്ട്. മുൻ നിശ്ചയിച്ച തീയതിക്കുമുമ്പ് പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തിയത് ഇതിലെ ക്രമക്കേടിന്റെ തെളിവാണ്. നിരവധി പേർക്ക് ഒരേ സ്കോർ ലഭിച്ചത് വിദ്യാർഥികളിൽ ആശങ്കയും സംശയങ്ങളുമുളവാക്കി. ഇത്തരം ക്രമക്കേടുകൾക്ക് കൂട്ടുനിന്നത് കേന്ദ്ര ഗവൺമെന്റാണെന്നുള്ളത് വ്യക്തമാണ്. രാജ്യത്ത് പെരുകിവരുന്ന കോച്ചിംഗ് സെന്ററുകളുടെ സാമ്പത്തിക താൽപര്യങ്ങൾ മാത്രം തൃപ്തിപ്പെടുത്തുന്ന പരീക്ഷകൾ വൻ സാമൂഹിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ശ്രീ. കെ. എം. സച്ചിൻദേവ് ഇവിടെ സൂചിപ്പിച്ചതുപോലെ ആദ്യമൊന്നും ഇത് സംബന്ധിച്ച വാർത്തകൾ

മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തില്ലെങ്കിലും പിന്നീടുള്ള ദിവസങ്ങളിലെ എല്ലാ ദിനപത്രങ്ങളിലും താഴെപ്പറയുന്ന തലക്കെട്ടുകളോടെ വളരെ പ്രാധാന്യത്തോടുകൂടിയാണ് ഇതുസംബന്ധിച്ച വാർത്തകൾ പ്രസിദ്ധീകരിച്ചത്. മാധ്യമം പത്രത്തിൽ- 'കാവിയണിഞ്ഞ അഴിമതി പരീക്ഷകൾ', ദേശാഭിമാനിയിൽ 'നീറ്റ് കുംഭകോണം പരീക്ഷാ മാഫിയകൾക്ക് കൂട്ട് കേന്ദ്രം', മലയാള മനോരമ 'നീറ്റ് വിശ്വാസ്യത വീണ്ടെടുത്തേ തീരൂ', കേരള കൗമുദി 'നീറ്റ് പരീക്ഷാ ചോദ്യപേപ്പർ എന്തുകൊണ്ട്?', മാതൃഭൂമി 'ചോദ്യപേപ്പർ ചോർന്ന നീറ്റ് പരീക്ഷാ കേന്ദ്രം: കുറ്റം എൻ.ടി.എ.-യുടെ തലയിൽ കെട്ടിവയ്ക്കാൻ ശ്രമം'. ഇന്ന് ഈ വിഷയം വളരെ ഗൗരവത്തോടുകൂടിയാണ് ലോകം കാണുന്നത്. NEET (UG) പരീക്ഷാ ചോദ്യപേപ്പർ ചോർന്നതിനെ തുടർന്ന് പ്രസ്തുത പരീക്ഷ റദ്ദാക്കിയത് നിരവധി പരീക്ഷാർഥികളെ വെട്ടിലാക്കിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ പരീക്ഷയെഴുതുന്നവർ നേരത്തെതന്നെ പുറപ്പെട്ടിരുന്നു. ചോദ്യപേപ്പർ ചോർച്ചയെത്തുടർന്ന് പുറത്തുവരുന്ന വിവരങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്. രാജ്യത്ത് ഏറ്റവും വലിയ പരീക്ഷകളിലൊന്നായ NEET പരീക്ഷാ

ചോദ്യപേപ്പർ വളരെ ലാഘവത്തോടെ ഓട്ടോറിക്ഷയിലാണ് കൊണ്ടുപോയതെന്നതാണ് ലഭ്യമായ വിവരം. ഇതേത്തുടർന്ന് പല പരീക്ഷകളുടെയും സാധുത ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. ഇത് സാധാരണക്കാരായ, മിടുക്കരായ വിദ്യാർഥികളുടെ ആത്മവിശ്വാസം തകർക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. രാജ്യത്തെ പ്രമുഖ കോച്ചിംഗ് സെന്ററുകളെ കേന്ദ്രീകരിച്ച് അന്വേഷണം നടത്തേണ്ടതുണ്ട്. സമഗ്രാന്വേഷണം നടത്തി കുറ്റക്കാരെ നിയമത്തിന്റെ മുന്നിലെത്തിച്ച് പരമാവധി ശിക്ഷ നൽകണം. ഇത്തരം കുറ്റകൃത്യങ്ങളെ രാജ്യദ്രോഹ നടപടിയായി കണക്കാക്കണമെന്നാണ് എന്റെ അഭിപ്രായം. ഈ അന്വേഷണവുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന കർശന നിലപാടുകൾ ദേശീയ പരീക്ഷകളുടെ വിശ്വാസ്യത വീണ്ടെടുക്കാൻ സഹായകമാകുകയും വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസത്തോടെ പരീക്ഷ എഴുതാൻ പ്രേരകമാകുകയും ചെയ്യുമെന്ന വസ്തുതയും കേന്ദ്ര ഭരണാധികാരികൾ മനസ്സിലാക്കണം. നമ്മൾ എന്തെല്ലാം പറഞ്ഞാലും കേരളത്തെപ്പോലെയുള്ള ഒരു സംസ്ഥാനത്തിനുമാത്രമെ ഇത്രമാത്രം ശക്തിയോടുകൂടി ഇതിനെതിരെ

പ്രതികരിക്കാൻ കഴിയൂ. ജനാധിപത്യ രീതിയിൽ എല്ലാ കാര്യങ്ങളും മുന്നോട്ടുകൊണ്ടുപോകുന്ന ഒരു സംസ്ഥാനമായതുകൊണ്ടാണ് അങ്ങനെ ചെയ്യാൻ സാധിക്കുന്നത്. ശ്രീ. എം. വിജിൻ ഇവിടെ ഉന്നയിച്ചത് കേരളത്തിലെ മാത്രമല്ല ഇന്ത്യയിലെ മുഴുവൻ വിദ്യാർഥികളെയും ബാധിക്കുന്ന വിഷയമാണ്. വിദ്യാഭ്യാസ സമ്പ്രദായം എപ്പോഴും വിദ്യാർഥി സൗഹൃദവും വിദ്യാർഥികൾക്ക് കൂട്ടുനിൽക്കുന്നതുമായ രൂപത്തിലുള്ളതുമായിരിക്കണം. ഇന്ത്യ ഭരിച്ചുകൊണ്ടിരിക്കുന്ന ആർ.എസ്.എസ്. മാഫിയ ഇതിന്റെ പിന്നിൽ പ്രവർത്തിച്ചുകൊണ്ട് പണം സമ്പാദിക്കാൻ ശ്രമിക്കുന്ന രീതിയിലാണ് മുന്നോട്ടുപോകുന്നതെന്ന് നമുക്കറിയാം. ഒരു പൊതു പ്രവേശന പരീക്ഷ നടത്താൻപോലും കഴിയാത്ത സർക്കാരായി കേന്ദ്രസർക്കാർ മാറിയിരിക്കുന്നു. ക്രമക്കേട് നടന്ന പരീക്ഷയിലൂടെ ഒരാൾ ഡോക്ടറായാൽ, അത് സമൂഹത്തിനുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെപ്പറ്റി ശ്രീ. ഇ. ചന്ദ്രശേഖരൻ ഇവിടെ സൂചിപ്പിച്ചു. ദേശീയ മെഡിക്കൽ പ്രവേശന പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്ന പശ്ചാത്തലത്തിൽ പരീക്ഷ റദ്ദാക്കണമെന്നാവശ്യപ്പെട്ട് ഏതാനും

രക്ഷകർത്താക്കൾ സുപ്രീംകോടതിയിൽ സമർപ്പിച്ച റിട്ട് ഹർജി പരിഗണിക്കവെ ജസ്റ്റിസ് വിക്രം നാഥ് പരാമർശിച്ചത് "ഇത്തരം പ്രവേശന പരീക്ഷകളിൽ 0.001 ശതമാനമാണ് പിഴവെങ്കിൽപ്പോലും അത് തിരുത്താനുള്ള ജാഗ്രത സർക്കാരിനും പരീക്ഷ നടത്തുന്ന ഏജൻസികൾക്കുമുണ്ട്" എന്നാണ്. പ്രസ്തുത പരീക്ഷ റദ്ദാക്കാൻ തൽക്കാലം കോടതി വിസമ്മതിച്ചെങ്കിലും പരീക്ഷാ ഏജൻസിയായ നാഷണൽ ടെസ്റ്റിംഗ് ഏജൻസിയുടെ (എൻ.ടി.എ.) ജാഗ്രതക്കുറവിനെ കോടതി രൂക്ഷമായി വിമർശിച്ചു. ഈ കേസ് പരിഗണിക്കുമ്പോൾ ചോദ്യ പേപ്പർ ചോർച്ച കേവലം ആരോപണവും ഏതാനും വിദ്യാർഥികളുടെ ഗ്രേസ് മാർക്കിനെച്ചൊല്ലിയുള്ള തർക്ക വിഷയവുമായിരുന്നു. എന്നാൽ അത് ഇപ്പോഴാണ് രാജ്യത്തെ അന്താരാഷ്ട്ര സമൂഹത്തിനുമുമ്പിൽ നാണംകെടുത്തുന്ന ഒന്നായി മാറിയത്. ഇക്കാലമത്രയും കേട്ടിട്ടില്ലാത്ത വലിയൊരു അഴിമതിയായി ദേശീയ പ്രവേശന പരീക്ഷകളും അവയുടെ നടത്തിപ്പും മാറിയിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഹിന്ദുത്വ അജണ്ട നടപ്പാക്കുന്നതോടൊപ്പം അഴിമതിയുടെയും സ്വജന പക്ഷപാതത്തിന്റെയും

കുത്തരങ്ങാക്കി മാറിയ മോദി ഭരണകൂടം, പരീക്ഷാ അഴിമതിയിലൂടെ അര കോടിയോളം വരുന്ന വിദ്യാർഥികളെയും രക്ഷാകർത്താക്കളെയുമാണ് പൊരിവെയിലിൽ നിർത്തിയിരിക്കുന്നത്. 23 ലക്ഷത്തിലധികം വിദ്യാർഥികൾ എഴുതിയ NEET പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നുവെന്നത് മാത്രമല്ല ഇതിനായി ഭരണകൂടത്തിന്റെ ഒത്താശയോടുകൂടി ആസൂത്രിതമായ പല നീക്കങ്ങളും നടന്നുവെന്നതും ഇതിനോടകം അറസ്റ്റിലായ വിദ്യാർഥികളുടെയും ഇടനിലക്കാരുടെയും കുറ്റസമ്മത മൊഴികളിൽനിന്നും വ്യക്തമാകുന്നു. ഈ പരീക്ഷാ ക്രമക്കേടിനെതിരെയുള്ള ഒരു വലിയ കൂട്ടായ്മ അല്ലെങ്കിൽ ഒരഭ്യർത്ഥന കേന്ദ്രത്തെ അറിയിച്ചുകൊണ്ട് പരീക്ഷയുടെ സുതാര്യത ഉറപ്പാക്കുന്നതിനുള്ള ശ്രമം നമ്മുടെ ഭാഗത്തുനിന്നുമുണ്ടാകണം. അതിനുവേണ്ടി ശ്രീ. എം. വിജിൻ ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തെ ഒന്നുകൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ഡോ. സുജിത് വിജയൻപിള്ള: സർ, ശ്രീ. എം. വിജിൻ ചട്ടം 130 അനുസരിച്ച് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

കേരളത്തിലേതടക്കമുള്ള വിദ്യാർത്ഥി സമൂഹവും NEET

പരീക്ഷയെഴുതിയ കുട്ടികളും അവരുടെ രക്ഷകർത്താക്കളും ഇപ്പോൾ വലിയ ആശങ്കയിലും നിരാശയിലുമാണ്. NEET പോലുള്ള പരീക്ഷകൾക്കായി പല കുട്ടികളും തയ്യാറെടുക്കുന്നത് ഒന്നും രണ്ടും വർഷമല്ല. അവർ മാത്രമല്ല അവരുടെ അച്ഛനമ്മമാരും അവരോടൊപ്പം വളരെ നേരത്തെതന്നെ അതിനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നത് നിത്യവും നാം കാണുന്ന കാഴ്ചകളാണ്. പല കുട്ടികളും ദിവസവും 12 മുതൽ 18 മണിക്കൂർ വരെയാണ് ഇത്തരം പരീക്ഷകൾക്കുവേണ്ടി മാറ്റിവയ്ക്കുന്നത്. ചിലർ റിപീറ്റഡ് ബാച്ചിൽ ഒന്നോ രണ്ടോ വർഷം തുടർച്ചയായി തയ്യാറെടുപ്പ് നടത്തിയതിനുശേഷമാണ് ഇത്തരം പരീക്ഷകൾ എഴുതുന്നത്. അവരെയെല്ലാം ആശങ്കയിലാക്കുന്ന ഒരു നടപടിയാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങളാണുണ്ടായിട്ടുള്ളത്. പ്രത്യേകിച്ച്, കുട്ടികൾക്ക് ആത്മവിശ്വാസം നൽകുന്ന രീതിയിലുള്ള പ്രവൃത്തികളുമായി, കഴിഞ്ഞ ദിവസങ്ങളിലെല്ലാം കാമ്പസ് ഇൻഡസ്ട്രീസിനെപ്പറ്റി ചർച്ച ചെയ്തിരുന്നു. കുട്ടികൾ യൂണിവേഴ്സിറ്റികളിൽ നിന്ന് വിദ്യാഭ്യാസത്തിന്റെ സർട്ടിഫിക്കറ്റുകളുമായി മാത്രം പുറത്തുപോകാൻ പാടില്ല; അവർക്ക്

നൈപുണികളും ആത്മവിശ്വാസവും ഉണ്ടായിരിക്കണമെന്ന രീതിയിലുള്ള പ്രവൃത്തികൾ നമ്മൾ ചെയ്യുമ്പോഴും നോർക്കയുമായും മറ്റ് ഏജൻസികളുമായും സഹകരിച്ച് നഴ്സിംഗ് വിദ്യാർഥികളെ വിദേശ ഭാഷകൾ പഠിപ്പിക്കുമ്പോഴും എവിടെയെല്ലാം സാധ്യതകളുണ്ടോ അവിടെയെല്ലാം നമ്മുടെ വിദ്യാർഥികൾക്ക് കയറിപ്പറ്റാൻ സാധിക്കണം എന്നതാണ് ലക്ഷ്യം. കേരള സമൂഹം ഇതിനുള്ള സമഗ്ര സംഭാവനകളാണ് നൽകിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കൊപ്പം നാലാം ലോക കേരള സഭയിൽ 'നോളഡ്ജ് എക്കോണമി വിഷൻ' എന്ന സെഷനിൽ ഞാൻ പങ്കെടുത്തിരുന്നു.വകേരള യൂണിവേഴ്സിറ്റിയടക്കമുള്ള നമ്മുടെ യൂണിവേഴ്സിറ്റികളിൽ പഠനം നടത്തി വിദേശ രാജ്യങ്ങളിലെ വിവിധ സർവ്വകലാശാലകളിൽ റിസർച്ച് ചെയ്യുന്ന, പല ഡിപ്പാർട്ടുമെന്റുകളുടെയും ഹെഡ്ഡായിരിക്കുന്ന വ്യക്തികൾ അവരുടെ അനുഭവങ്ങൾ ഞങ്ങളുമായി പങ്കുവച്ചു. അവർ നമ്മുടെ യൂണിവേഴ്സിറ്റികളുമായി പല രീതിയിലും സഹകരിക്കാൻ തയ്യാറാണ്. അങ്ങനെയുള്ള ഒരു സഹകരണമാണ് ഈ മേഖലകളിലെല്ലാം, പ്രത്യേകിച്ച് വിദ്യാഭ്യാസ രംഗത്ത് നമുക്കുണ്ടാകേണ്ടത്.

ഡിജിറ്റൽ യൂണിവേഴ്സിറ്റിയും അതിന്റേതായ പങ്കുവഹിച്ചുകൊണ്ട് DWMS (DIGITAL WORKFORCE MANAGEMENT SYSTEM) വഴി ലോകത്ത് എവിടെയൊക്കെ സാധ്യതകളുണ്ടോ അവയെപ്പറ്റിയെല്ലാം നമ്മുടെ കുട്ടികളെ അറിയിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. സ്കൂൾതലം മുതൽ നമ്മുടെ കുട്ടികൾക്ക് ഇത്തരത്തിലുള്ള ഇൻഡസ്ട്രിയൽ പരിശീലനവും അതുപോലെ എക്സ്പെർട്ട് എക്സ്പോഷറുമുണ്ടാകണം. പൊതുവിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള പല കുട്ടികളും ഇന്റർനാഷണൽ യൂണിവേഴ്സിറ്റികളിൽനിന്നും ഫുൾ സ്കോളർഷിപ്പോടുകൂടി പൊതുപരീക്ഷ ജയിച്ച് മുന്നേറുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. അതിനാൽ പ്രൊഫഷണൽ കോഴ്സുകളിൽ അഡ്മിഷൻ നേടുന്ന വിദ്യാർഥികൾക്ക് ഓറിയന്റേഷൻ കൊടുക്കേണ്ടതായിട്ടുണ്ട്. നാഷണൽ മെഡിക്കൽ കൗൺസിൽ വെർട്ടിക്കൽ ഇന്റഗ്രേഷൻ പ്രോഗ്രാമിന് ആദ്യവർഷം വരുന്ന വിദ്യാർഥികൾ 'എന്തിന് നിങ്ങൾ ഹാർട്ടിനെപ്പറ്റി പഠിക്കണം' എന്നതുമായി ബന്ധപ്പെട്ട് ആദ്യ വർഷം അതിന്റെ പ്രവർത്തനം അല്ലെങ്കിൽ അനാട്ടമി മാത്രം പഠിക്കുന്നു. എന്നാൽ അവസാന വർഷം മാത്രമെ അതിന്റെ രോഗാവസ്ഥയെപ്പറ്റി സാധാരണ പഠിക്കാറുള്ളൂ. അത്

ആദ്യംതന്നെ മനസ്സിലാക്കുന്നതിനായി വെർട്ടിക്കൽ ഇന്റഗ്രേഷൻ എന്നൊരു പ്രോഗ്രാം നടത്താറുണ്ട്. പക്ഷെ പത്താം ക്ലാസ്സിലേയ്ക്ക് കടക്കുമ്പോഴാണ് അത് ശരിക്കും പഠിപ്പിക്കേണ്ടത്. പത്താം ക്ലാസിൽ പഠിക്കുന്ന കുട്ടികൾ അവർ ഏത് വിഷയത്തിലാണ് തുടർന്ന് പഠിക്കാൻ ഉദ്ദേശിക്കുന്നത് ഉദാഹരണത്തിന് ഇപ്പോൾ നഴ്സിംഗാണ് പഠിക്കാനുദ്ദേശിക്കുന്നതെങ്കിൽ അവിടെ ഒരു ഒബ്സർവർഷന് ഒരവസരമുണ്ടാകും. അങ്ങനെ ചെയ്താൽ അവർക്ക് എന്താണ് ഈ ജോലിയെന്നുള്ളത് മനസ്സിലാക്കാനും അതിലധിഷ്ഠിതമായി പഠിക്കാനും സാധിക്കും. ഇത്തരം സാഹചര്യങ്ങൾ മനസ്സിലാക്കി മുന്നോട്ടുപോകുന്നതായിരിക്കും കുറച്ചുകൂടി ഉത്തമമെന്ന് സന്ദർഭവശാൽ ഞാൻ സൂചിപ്പിക്കുകയാണ്. കഴിഞ്ഞ കാലഘട്ടങ്ങളിലെല്ലാം സംസ്ഥാന സർക്കാരുകളും കേന്ദ്ര സർക്കാരും രണ്ട് എൻട്രൻസ് പരീക്ഷകൾ നടത്തിയിരുന്നു. അന്നും വിഷയങ്ങളൊക്കെ ഉണ്ടായിരുന്നു. സെൻട്രൽ ഗവൺമെന്റിന്റെ പരീക്ഷകൾ പാസ്സായി ഗുജറാത്ത് അടക്കമുള്ള സംസ്ഥാനങ്ങളിൽ അഡ്മിഷനായി പോകുമ്പോൾ പലപ്പോഴും കായികമായി ഉപദ്രവിച്ചുകൊണ്ട് അഡ്മിഷനെടുക്കാൻ സാധിക്കാത്ത അവസ്ഥ

ഉണ്ടായിട്ടുണ്ട്. അന്നും ഈ പറഞ്ഞതുപോലെ പ്രാദേശികവാദം ഉന്നയിച്ച് സീറ്റുകൾ കൈക്കലാക്കുന്ന സന്ദർഭങ്ങളൊക്കെ ഉണ്ടായിട്ടുണ്ട്. പക്ഷേ, ഇപ്പോഴും ആ വിഷയങ്ങളൊക്കെ ഇങ്ങനെയുള്ള സംസ്ഥാനങ്ങളിലാണ് ഉണ്ടാകുന്നതെന്ന് കാണുമ്പോൾ അവർക്ക് ഇപ്പോഴും നേരം വെളുത്തിട്ടില്ല എന്നാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഒന്നാം നരേന്ദ്ര മോദി സർക്കാരിന്റെ കാലത്ത് നാഷണൽ ടെസ്റ്റിംഗ് ഏജൻസിയെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പല മത്സര പരീക്ഷകളുടെയും നടത്തിപ്പ് ചുമതല ഏൽപ്പിച്ചിരുന്നതിനാൽ ക്രമക്കേടുകൾ നടന്നുകൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ സ്ഥാപനവൽകരിക്കുകയാണ് ചെയ്തത്, വ്യാപകമായ അഴിമതിയാണ്. 2024-ലെ NEET-UG പരീക്ഷയിലുണ്ടായ ക്രമക്കേടുകൾ സംബന്ധിച്ച് വളരെ വിശദമായി ഇവിടെ സൂചിപ്പിച്ചു. ഇതിൽ ക്രമ നമ്പർ 62 മുതൽ 69 വരെയുള്ള കുട്ടികളിൽ 6 പേർക്ക് ഫുൾ മാർക്ക് ലഭിച്ചു (720 മാർക്ക്). പിന്നീടുള്ള രണ്ട് കുട്ടികൾക്ക് 718, 719 എന്നീ മാർക്കുകളാണ് ലഭിച്ചത്. ഈ മാർക്കുകളെക്കുറിച്ചാണ് നേരത്തെ സൂചിപ്പിച്ചത്. സാധാരണ 720 അല്ലെങ്കിൽ 716 ആണ് വരിക. ഒരു ക്വസ്റ്റ്യൻ അറ്റംപ്റ്റ് ചെയ്തില്ലെങ്കിൽ

4 മാർക്ക് കുറയും തെറ്റായ ഉത്തരമാണെങ്കിൽ സ്കോർ 715 ആകും. ഗ്രേസ് മാർക്ക് നൽകിയതുകൊണ്ടാണ് ഇങ്ങനെ വന്നതെന്നാണ് അവർ നൽകിയ വിശദീകരണം. കഴിഞ്ഞ വർഷം രണ്ട് വിദ്യാർഥികൾക്കാണ് 720 മാർക്ക് ലഭിച്ചത്. അതിന് മുമ്പത്തെ വർഷം ഫസ്റ്റ് റാങ്കുകാരായ 3 പേർക്കും 715 മാർക്കാണ് ലഭിച്ചത്. എന്നാൽ ഇപ്പോൾ 67 പേർക്കാണ് 720 മാർക്ക് ലഭിച്ചിരിക്കുന്നത്. മൊത്തത്തിൽ പരിശോധിക്കുമ്പോൾ ഇതിന്റെ ആഘാതം എവിടെയാണ് വരുന്നതെന്ന് ചോദിച്ചാൽ, മുൻവർഷങ്ങളിൽ 700 മാർക്ക് ലഭിച്ച കുട്ടിക്ക് ഏകദേശം 324, 325 എന്ന നിലയിലാണ് റാങ്ക് ലഭിച്ചതെങ്കിൽ ഈ വർഷം 700 മാർക്ക് ലഭിക്കുന്ന കുട്ടിക്ക് റാങ്ക് ഏതാണ്ട് 2000-ന് അടുത്ത് വരും. നേരത്തെ ശ്രീ. എച്ച്. സലാം സൂചിപ്പിച്ചതുപോലെ, 638 മാർക്ക് ലഭിക്കുന്ന ഒരു കുട്ടിക്ക് ഇപ്പോൾ ലഭിക്കുന്ന റാങ്ക് എത്രയാകുമെന്ന് predict ചെയ്യാൻപോലും കഴിയില്ല. അവർ MBBS അഡ്മിഷനാണ് ആഗ്രഹിക്കുന്നതെങ്കിൽ അത് ലഭിക്കുമോ എന്നുപോലും പറയാൻ പറ്റാത്തൊരു അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിയിരിക്കുകയാണ്. ഇത്രത്തോളം വികലമായ ഒരു പരീക്ഷ നടത്തിയ

നാഷണൽ ടെസ്റ്റിംഗ് ഏജൻസി പൊതുജന മധ്യത്തിൽ പരീക്ഷയുടെ വിശ്വാസ്യതയെത്തന്നെ ഇല്ലാതാക്കിയിരിക്കുകയാണ്. 24 ലക്ഷം കുട്ടികളുടെ ഭാവിയാണ് ഇവർ അനിശ്ചിതത്വത്തിലാക്കിയിരിക്കുന്നത്. MBBS-ന് ഏകദേശം ഒന്നര ലക്ഷം കുട്ടികൾക്കാണ് സാധ്യതയുള്ളത്. ഇവരെല്ലാം വളരെ ടെൻഷനോടെയാണ് പരീക്ഷയ്ക്കുവേണ്ടി തയ്യാറെടുത്തത്. ഇവിടെ പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകൾ വളരെ കുറവാണ്. കേരളത്തിന് ഒരു AIIMS എന്നുള്ള ആഗ്രഹം ഇപ്പോഴും അങ്ങനെതന്നെ നിൽക്കുകയാണ്. പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിക്കാനൊന്നും കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. സീറ്റുകളുടെ എണ്ണത്തിലും കാര്യമായ വർദ്ധനയില്ല. ഇത് പൂർണ്ണമായും അട്ടിമറിക്കപ്പെട്ടു എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. മൂന്ന് പ്രാവശ്യമാണ് ഇവർ പരീക്ഷാ രജിസ്ട്രേഷൻ മാറ്റി വച്ചത്. അവസാനമായി വെറും 15 പേർക്ക് വേണ്ടിയാണ് ഏപ്രിൽ മാസം 15-ാം തീയതിയിലേയ്ക്ക് രജിസ്ട്രേഷന്റെ തീയതി നീട്ടി കൊടുത്തത്. ഇപ്രാവശ്യം കഴിഞ്ഞ വർഷത്തെക്കാൾ ഏതാണ്ട് മൂന്ന് ലക്ഷം കുട്ടികൾ അധികമായി പരീക്ഷ എഴുതിയതിനാലും ചോദ്യപേപ്പർ വളരെ എളുപ്പമായിരുന്നതിനാലുമാണ്

ഇത്തരം പ്രശ്നങ്ങൾ ഉണ്ടായതെന്നതാണ് എൻ.ടി.എ. പറഞ്ഞ ന്യായം. ചോദ്യപേപ്പർ കഠിനമായിരുന്നു എന്നാണ് വിദ്യാർത്ഥികളും എക്സ്പെർട്ട് ടീച്ചേഴ്സും പറയുന്നത്. പിന്നീട് ഗ്രേസ് മാർക്ക് കൊടുത്തതുകൊണ്ടാണ് എന്ന് പറഞ്ഞു; വൈകി വന്നവർക്ക് സമയം നീട്ടിക്കൊടുത്തതുകൊണ്ടും മൾട്ടിപ്പിൾ ഉത്തരങ്ങൾ ഉള്ളതുകൊണ്ടുമൊക്കെയാണ് ഗ്രേസ് മാർക്ക് കൊടുത്തതെന്ന് പറഞ്ഞു. ഇതെല്ലാം തെറ്റാണെന്ന് പിന്നീട് തെളിഞ്ഞു. പിന്നീട് വരുന്ന വാർത്തകളിൽ 30, 40 ലക്ഷം രൂപയുടെയും കോടികളുടെയുമൊക്കെ കണക്കുകളാണ് വരുന്നത്. എന്തുതന്നെയായാലും പൊതുജന മധ്യത്തിൽ ഈ പരീക്ഷകളുടെ വിശ്വാസ്യത വീണ്ടെടുക്കേണ്ടതുണ്ട്. അതിനുവേണ്ടി യുവജന പ്രസ്ഥാനങ്ങളുടെ ഭാഗത്തുനിന്നും സമഗ്രമായ സമരമുറകൾ വരുന്നുണ്ട്. ബഹുമാനപ്പെട്ട കേന്ദ്ര ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ധർമ്മേന്ദ്ര പ്രധാന്റെ രാജി ആവശ്യപ്പെടുന്നതടക്കമുള്ള നടപടികളുമായി മുന്നോട്ട് പോകണം. അതിനുശേഷം ഇതിൽ സമഗ്രമായ അന്വേഷണം നടത്തണം. അസിസ്റ്റന്റ് പ്രൊഫസർ, പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് തുടങ്ങിയ തസ്തികകളിലേയ്ക്കുള്ള UGC-NET പരീക്ഷയുടെ ചോദ്യപേപ്പറും

ചോർന്നു. അങ്ങനെ അതും ക്യാൻസൽ ചെയ്യേണ്ടിവന്നു. 'വ്യാപം' അഴിമതിയെ കുറിച്ച് നമുക്കറിയാം. മധ്യപ്രദേശിൽ ഇതിനുമുൻപ് വ്യാപകമായ അഴിമതി നടന്നു. അന്നും കുട്ടികളുടെ ഭാവി തുലച്ചു. ഇത്തരത്തിൽ നിരന്തരം വീഴ്ചകൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഇലക്ടറൽ ബോണ്ടിന്റെ കാര്യം പറഞ്ഞു. നമ്മുടെ നാട്ടിൽ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ ട്രേഡുകളിൽ പ്രധാനമന്ത്രിയൊക്കെ ഇടപടുമെന്ന് നമ്മൾ ചിന്തിച്ചിട്ടുപോലുമില്ല. ഇപ്പോൾ അതെല്ലാം പ്രത്യക്ഷത്തിൽ കണ്ടുകൊണ്ടിരിക്കുകയാണ്. അഴിമതി സ്ഥാപനവൽകരിക്കുക എന്ന അജണ്ടയുമായി ബി.ജെ.പി. ഗവൺമെന്റ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. വിറ്റുവിറ്റ് രാജ്യത്ത് വിൽക്കാവുന്നതെല്ലാം വിറ്റു. ഇപ്പോൾ കുട്ടികളുടെ ചോദ്യപേപ്പറും അവരുടെ അഡ്മിഷനുകളും വിറ്റ് കാശാക്കുന്ന തരംതാഴ്ന്ന നിലപാടിലേയ്ക്ക് പോകുന്ന കേന്ദ്ര ഭരണത്തിനെതിരെ ജനരോഷമുണ്ടാകണം. മാധ്യമങ്ങളും മതേതര ജനാധിപത്യ വിശ്വാസികളും ഒരുമിച്ച് നിന്നുകൊണ്ട് ഇത് പൊതുജനമധ്യത്തിൽ കൊണ്ടുവരിക എന്നുള്ള

അനിവാര്യതയ്ക്കുവേണ്ടി ഒരിക്കൽക്കൂടി ഈ ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, അഴിമതി പരീക്ഷകൾ കണ്ട് ഞെട്ടിത്തരിച്ച് നിൽക്കുന്ന ഇന്ത്യൻ വിദ്യാർഥി സമൂഹത്തിന്റെ ആശങ്കയുടെ നടുവിൽ കേരള നിയമസഭ ഇപ്രകാരം ഈ വിഷയത്തെക്കുറിച്ച് സുപ്രധാനമായ ഒരു ചർച്ച നടത്താൻ മുന്നോട്ടുവന്നതിന് ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കറെ ആദ്യംതന്നെ ഞാൻ അഭിനന്ദിക്കുന്നു. ഈ വിഷയത്തിന്റെ ഗൗരവം പരിശോധിക്കുമ്പോൾ, ഒരു പൊതു പ്രവേശന പരീക്ഷ നടത്താൻപോലും കഴിയാത്ത കേന്ദ്രസർക്കാർ ഉന്നതവിദ്യാഭ്യാസ രംഗത്ത് തികഞ്ഞ പരാജയമാണെന്ന് തെളിഞ്ഞിരിക്കുന്നു. ഈ വിഷയത്തിൽ സുപ്രീംകോടതി നടത്തിയ പരാമർശങ്ങൾ എനിക്കുമുമ്പ് സംസാരിച്ച പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. രാജ്യത്തെ അന്താരാഷ്ട്ര സമൂഹത്തിന് മുമ്പിൽ നാണംകെടുത്തുന്നതും ഇക്കാലമത്രയും കേട്ടിട്ടില്ലാത്തതുമായ വലിയൊരു അഴിമതിയായി ദേശീയ പ്രവേശന പരീക്ഷകൾ മാറിയിരിക്കുന്നു. എൻ.ടി.എ.-യുടെ പരീക്ഷാ പിഴവുകളുടെയും

അഴിമതി പരീക്ഷകളുടെയും കെടുതികൾ ലക്ഷക്കണക്കിന് വിദ്യാർഥികളെയാണ് വലച്ചിരിക്കുന്നത്. എല്ലാ നിർണ്ണായക പരീക്ഷകളും പുതിയ തലമുറയ്ക്ക് ഭാവിയിലേയ്ക്കുള്ള വാതിലാണ്. എന്നാൽ പരീക്ഷാ നടത്തിപ്പിലെ കള്ളക്കളികൾ ലക്ഷക്കണക്കിന് വിദ്യാർഥികളെ കണ്ണീരിലാഴ്ത്തുന്ന കാഴ്ചയാണ് ഇന്ന് നാം കാണുന്നത്. ദേശീയ പരീക്ഷാ ഏജൻസിയുടെ പിഴവുകൾ പല പരീക്ഷകളെയും ബാധിക്കുമ്പോഴും കേന്ദ്ര സർക്കാർ മൗനം പാലിക്കുകയാണ്. ഈ ദുരവസ്ഥയുടെ മുമ്പിൽ രാജ്യത്ത് കുറ്റമറ്റ നിലയിൽ ഈ പരീക്ഷാ സംവിധാനങ്ങളെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്ന ശക്തമായ ഇടപെടലുകളാണ് ഉണ്ടാകേണ്ടത്. സി.ബി.ഐ. അന്വേഷണത്തിലൂടെ അഴിമതിയുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം പുറത്ത് വരുമെന്ന് പ്രതീക്ഷിക്കുന്നു. കുറ്റമറ്റ നിലയിൽ പരീക്ഷാ സംവിധാനം മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്വതന്ത്ര സംവിധാനമായ എൻ.ടി.എ. ലോകത്തിലെ രണ്ടാമത്തെ ഏറ്റവും വലിയ പരീക്ഷാ ഏജൻസിയായാണ്

അറിയപ്പെടുന്നത്. ഈ പെരുമയ്ക്ക് ചേരും വിധത്തിലുള്ള ഉത്തരവാദിത്വം ആ ഏജൻസിക്ക് ഇല്ലാതെ പോയതിന്റെ കെടുതിയാണ് ഇന്ന് രാജ്യം കണ്ടുകൊണ്ടിരിക്കുന്നത്. രാജ്യത്തെ അക്കാദമിക് കലണ്ടറിനെതന്നെ തകിടം മറിക്കുന്ന പിഴവുകളാണ് സംഭവിച്ചിരിക്കുന്നത്. പുതുതലമുറയുടെ ഭാവിയുടെ ദിശാസൂചികയാണ് ഉന്നത വിദ്യാഭ്യാസ മേഖലയെന്ന തിരിച്ചറിവ് ഉണ്ടായിരുന്നുവെങ്കിൽ ഈ പരീക്ഷാ സംവിധാനം ഇത്തരത്തിലുള്ള ക്രമക്കേടുകളിലേയ്ക്ക് ഒരിക്കലും പോകുമായിരുന്നില്ല. നേർവഴിയിലൂടെ മാത്രം സഞ്ചരിക്കുകയും നന്നായി പഠിച്ച് പരീക്ഷ എഴുതുകയും ചെയ്യുന്ന വിദ്യാർത്ഥികളെ ആശങ്കയുടെ മുൾമുനയിലാക്കുകയും പരാജയത്തിന്റെ പടുകുഴിയിലേയ്ക്ക് വലിച്ചെറിയുകയും ചെയ്യുന്ന പരീക്ഷാ നടത്തിപ്പായി നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട പരീക്ഷ മാറി എന്നുള്ളത് രാജ്യത്തിനുതന്നെ അപമാനകരമാണ്. എൻ.ടി.എ. നടത്തിയ വിവിധ പരീക്ഷകളിൽ ചെറുതും വലുതുമായ പിഴവുകൾ ഇതിനുമുമ്പും സംഭവിച്ചിട്ടുണ്ട്. എന്നാൽ രാജ്യത്ത് ഏറ്റവുമധികം വിദ്യാർഥികൾ എഴുതുന്ന മത്സര പരീക്ഷയായ NEET-UG-യുമായി ബന്ധപ്പെട്ട് ഇക്കുറിയുണ്ടായ

വിവാദങ്ങളാണ് ഈ പിഴവുകൾ പുറത്ത് കൊണ്ടുവരാനും രാജ്യം കൂടുതൽ ശ്രദ്ധിക്കാനും ഇടയാക്കിയത്. ഗുരുതരമായ ക്രമക്കേടുകൾക്ക് വഴിയൊരുക്കിയ പിഴവുകൾ പരിശോധിക്കുമ്പോൾ ഇതിന്റെ ഭാഗമായി എന്തെല്ലാം പ്രശ്നങ്ങളാണ് സംഭവിച്ചിട്ടുള്ളത്; എൻ.ടി.എ.-യുടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യകൾ ശാസ്ത്രീയമായി പരിഷ്കരിക്കേണ്ടതിന്റെ അനിവാര്യതയാണ് ഇപ്പോൾ വിദ്യാഭ്യാസ മേഖലയിലെ വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്. ചോദ്യ കടലാസ് തയ്യാറാക്കുന്നതിലും രഹസ്യാത്മകത സൂക്ഷിക്കുന്നതിലും പരീക്ഷാ കേന്ദ്രങ്ങൾ സജ്ജമാക്കുന്നതിലും മൂല്യനിർണ്ണയം തുടങ്ങിയ വിവിധ ഘട്ടങ്ങളിൽ പലയിടത്തും എൻ.ടി.എ.-ക്ക് വീഴ്ച സംഭവിച്ചതായിട്ടാണ് കാണാൻ കഴിയുന്നത്. പരീക്ഷയ്ക്ക് പഠിച്ചില്ലെങ്കിലും പണമുണ്ടെങ്കിൽ അഴിമതിയിലൂടെ മുഴുവൻ മാർക്കും ലഭ്യമാക്കുന്ന തട്ടിപ്പുകാരുടെ ശൃംഖലകൾ ഈ പരീക്ഷകളുടെ പിതൃത്വം ഏറ്റെടുത്തിരിക്കുന്നു എന്നുള്ളത് ആശങ്കയോടെയാണ് നമ്മൾ നോക്കിക്കാണുന്നത്. അതുകൊണ്ടുതന്നെ ഇത്രയും ഗുരുതരമായ ഈ പ്രശ്നത്തിന്റെ മുമ്പിൽ കേന്ദ്ര

സർക്കാരിന്റെ കണ്ണ് തുറപ്പിക്കാൻ കഴിയുംവിധത്തിലുള്ള ശക്തമായ ഇടപെടൽ പ്രക്ഷോഭങ്ങളിലൂടെ രാജ്യത്തെമ്പാടും ഉയർന്നു വന്നിരിക്കുകയാണ്. ഇപ്പോഴത്തെ സാഹചര്യം രാജ്യത്തെ ലക്ഷക്കണക്കിന് വിദ്യാർഥികളുടെ ഭാവിയെയാണ് തുലാസിലാക്കുന്നത് എന്ന യാഥാർത്ഥ്യം കേന്ദ്ര സർക്കാരിന്റെ കണ്ണ് തുറപ്പിക്കേണ്ടതായിട്ടുണ്ട്. നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും വിദ്യാർഥികളുടെ ആശങ്കകൾക്ക് മറുപടി നൽകാനും സാധിച്ചില്ലെങ്കിൽ എൻ.ടി.എ.-യുടെ വിശ്വാസ്യതതന്നെ തകരുമെന്ന കാര്യത്തിൽ സംശയമില്ല. രാജ്യത്തെ മത്സര പരീക്ഷകളുടെ മാത്രമല്ല, ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിൽനിന്നും പുറത്തിറങ്ങുന്ന വിദ്യാർഥികളുടെ മികവും ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയാണ് ഇതിലൂടെ സംജാതമാകുന്നത്. ഇത്തരമൊരു ദുരന്തപൂർണ്ണമായ സാഹചര്യത്തിന് പരിഹാരം കാണാൻ കേന്ദ്ര സർക്കാരിന്റെ അടിയന്തര ഇടപെടലുണ്ടാകണം. പുതിയ തലമുറയോടുള്ള പ്രതിബദ്ധതയോടെ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കേന്ദ്രസർക്കാരിനും കേന്ദ്ര പരീക്ഷാ ഏജൻസിക്കും കഴിയണമെന്ന്

ശക്തമായി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

ശ്രീമതി യു. പ്രതിഭ: സർ, ശ്രീ. എം. വിജിൻ അവതരിപ്പിച്ച ഉപക്ഷേത്തെ പിന്താങ്ങുന്നു. 2022-ൽ പത്രത്തിൽ വന്ന ഒരു വാർത്ത ഇങ്ങനെയായിരുന്നു 'നീറ്റ് പരീക്ഷ, പെൺകുട്ടിയുടെ അടിവസ്ത്രമഴിപ്പിച്ചു.,' കേരളത്തിൽ നമ്മൾ എല്ലാവരും നാണംകെട്ടുപോയ ഒരു വാർത്തയായിരുന്നു. പ്രസ്തുത വിഷയത്തിൽ നടപടി സ്വീകരിക്കാൻ മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടിരുന്നു. സംസ്ഥാന വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ സംഭവത്തിലുള്ള അതൃപ്തി കേന്ദ്രത്തെ അറിയിക്കുകയും അഭിപ്രായപ്രകടനം നടത്തുകയും ചെയ്തിരുന്നു. നമ്മുടെ പെൺകുഞ്ഞുങ്ങൾ ഉൾപ്പെടെ ധാരാളം കുട്ടികൾ ഇതുപോലെയുള്ള മത്സര പരീക്ഷകൾ എഴുതുന്നുണ്ട്. NEET പരീക്ഷാ നടത്തിപ്പ് ഉൾപ്പെടെ ദേശീയതലത്തിൽ മത്സര പരീക്ഷകൾ ഭംഗിയായി നടത്തുന്നതിനായി കേന്ദ്ര സർക്കാർ കൊട്ടിഘോഷിച്ച് NTA എന്നൊരു സംവിധാനമുണ്ടാക്കുന്നു. National Testing Agency എന്ന NTA ഇന്ന് 'നാഷണൽ തട്ടിപ്പ് ഏജൻസി' ആയും Non Trust Agency ആയും

മാറിക്കഴിഞ്ഞിരിക്കുന്നു. ഉപക്ഷേപം അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗം മുതൽ സംസാരിച്ച എല്ലാവരും കണക്കുകൾ നിരത്തിക്കൊണ്ട് വിഷയം ചർച്ച ചെയ്തിരിക്കുകയാണ്, ഞാൻ മറ്റുചില കാര്യങ്ങൾ പറയാനാണ് ആഗ്രഹിക്കുന്നത്. കേന്ദ്രഗവൺമെന്റ് വിദ്യാഭ്യാസ മേഖലയെ പൂർണ്ണമായും സ്വകാര്യവൽകരണത്തിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുകയാണ്. വിദേശ സർവ്വകലാശാലകൾ ഉൾപ്പെടെ സ്വാശ്രയ-സ്വയംഭരണ സർവ്വകലാശാലകൾക്ക് യഥേഷ്ടം അനുമതി നൽകിക്കൊണ്ടിരിക്കുകയാണ്. എല്ലാ മേഖലയിലും കോർപ്പറേറ്റ്വൽകരണം നടത്തുന്ന കേന്ദ്ര ഗവൺമെന്റിൽനിന്നും ഇതിൽക്കൂടുതൽ നീതി പ്രതീക്ഷിക്കാനുണ്ടോ എന്ന ആശങ്കയും ഈ സഭയെ അറിയിക്കുകയാണ്. കോർപ്പറേറ്റ് ദാസന്മാർതന്നെ രാജ്യം ഭരിക്കുമ്പോൾ ഇതൊക്കെ സ്വാഭാവികമായും പ്രതീക്ഷിക്കാം. കോവിഡ് മഹാമാരിക്കാലത്ത് പ്ലേറ്റ് കൊട്ടാൻ പറഞ്ഞ ഭരണാധികാരി തന്നെയാണ് ഇന്നും രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്നത്, പന്തംകൊളുത്തി വച്ചാൽ കൊറോണ വൈറസ് ഓടിപ്പോകുമെന്നും പാണ്ഡവ-കൗരവ യുദ്ധത്തിൽ ഇന്റർനെറ്റ് ഉപയോഗിച്ചിരുന്നുവെന്ന് പുതിയ തലമുറയോട്

പറഞ്ഞവരുമാണ് രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്നത്. ഗണപതിയുടെ തല പ്ലാസ്റ്റിക് സർജറി ചെയ്തതാണെന്ന് പ്രധാനമന്ത്രിതന്നെ വിളിച്ചുപറഞ്ഞിരിക്കുന്നു; ലിംഗമാറ്റ ശസ്ത്രക്രിയ 'ശിഖണ്ഡിയുടെ' കാലത്തേ തുടങ്ങിയെന്ന് പറയുന്നു; മയിൽ ഗർഭം ധരിക്കുന്നത് കണ്ണുനീരിൽ നിന്നാണെന്ന് പറയുന്നു! ഇത്തരത്തിലുള്ള അന്ധവിശ്വാസവും അനാചാരവും പ്രചരിപ്പിക്കുകയും ഒരുതരത്തിലും തിരിച്ചറിവ് തൊട്ടുതീണ്ടാത്ത സ്റ്റേറ്റ്മെന്റുകൾ ഉത്തരവാദപ്പെട്ടവർതന്നെ രാജ്യമാകെ വിളിച്ചുപറഞ്ഞു കൊണ്ടിരിക്കുകയുമാണ്. ലക്ഷ്യം തിരിച്ചറിഞ്ഞ്, ആക്രമണം നടത്തിയശേഷം തിരിച്ചെത്തുന്ന മിസൈലുകളെ വിഷ്ണുചക്രം എന്നും രാവണന് ഇരുപത്തിനാല് തരം വിമാനങ്ങളുണ്ടായിരുന്നുവെന്ന ബ്രഹ്മാവാണ് ദിനോസറുകളെ കണ്ടുപിടിച്ചതെന്നും മറ്റും പ്രചരിപ്പിക്കുന്നു. 'ആൽബർട്ട് ഐൻസ്റ്റീനും ഐസക് ന്യൂട്ടണും' ഹിന്ദുത്വാകർഷണത്തെക്കുറിച്ച് പറഞ്ഞതെല്ലാം തെറ്റായിരുന്നുവെന്ന് അവർ വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്നു. 'ഹിന്ദുത്വ തരംഗങ്ങളുടെ' പേര് 'നരേന്ദ്രമോദി തരംഗങ്ങൾ' എന്നാക്കണമെന്ന് ശാസ്ത്ര കോൺഗ്രസിൽ പറയുന്നു; ഇന്ത്യാ മഹാരാജ്യത്തിന്റെ നിലവിലെ

അവസ്ഥ നാം ഓർക്കണം. പശുവിന്റെ ചാണകം, പാല്, മൂത്രം തുടങ്ങിയ വിഷയങ്ങളാണ് ഇന്ന് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഇവയിൽനിന്നും ഉണ്ടാക്കുന്ന മരുന്നുകൊണ്ട് കാൻസർ രോഗം സുഖപ്പെടുമെന്ന്, ആധുനിക വൈദ്യശാസ്ത്രത്തെ തള്ളിക്കൊണ്ട് ഇവർ വിളിച്ചുപറഞ്ഞുകൊണ്ടേയിരിക്കുന്നു. അന്തരീക്ഷ മലിനീകരണം തടയാനായി യാഗംചെയ്യുന്നു! ഇത്തരമൊരു കാലത്താണ് ഇരുപത്തിനാല് ലക്ഷത്തോളം വരുന്ന കുഞ്ഞുങ്ങൾ, നാളെ ആരോഗ്യ രംഗത്ത് സ്തുത്യർഹമായ സേവനം ചെയ്യുക എന്ന അവരുടെ ഏറ്റവും വലിയ സ്വപ്നത്തിനായി മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നത്. ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം എം. വിജിൻ സംസാരിക്കുമ്പോൾ, ശ്രീ. എച്ച്. സലാം എം.എൽ.എ.യുടെ അമ്പലപ്പുഴ മണ്ഡലത്തിൽപ്പെട്ട ഒരു കുഞ്ഞ് പറഞ്ഞ വാക്കുകൾ ഇവിടെ എടുത്തുപറയുകയുണ്ടായി. എന്റെ സഹോദരിയുടെ മകളും എൻട്രൻസ് പരീക്ഷ എഴുതി. ആറ് വർഷംകൊണ്ട് എം.ബി.ബി.എസ് പഠനം പൂർത്തിയാക്കി മിടുക്കിയായ ഡോക്ടറായി പ്രാക്ടീസ് ചെയ്തുകൊണ്ടിരിക്കുമ്പോൾ, കുറേക്കൂടി നന്നായി തുടർപഠനം നടത്തണമെന്ന്

കരുതിയാണ് 'നീറ്റ് പി.ജി. ' പരീക്ഷ എഴുതാൻ അപേക്ഷിച്ചത്. അവൾ വളരെ വേദനയോടെ എന്നോട് പങ്കുവച്ച ഒരു കാര്യമുണ്ട്, 'നീറ്റ് പി.ജി.' പരീക്ഷ എഴുതുന്നത് പ്രൊഫണലുകളാണെന്ന കാര്യം നമ്മൾ ഓർക്കണം. 'നീറ്റ് യു.ജി.' പരീക്ഷ എഴുതുന്നത് പ്ലസ് ടു കഴിഞ്ഞ കുട്ടികളാണ്. എന്നാൽ ഏഴ് വർഷത്തോളമുള്ള കഠിനമായ പഠനം കഴിഞ്ഞ് അവരുടെ ജീവിതം കരുപ്പിടിപ്പിച്ച പ്രൊഫഷണലുകളാണ് പി.ജി. എൻട്രസ് എഴുതുന്നത്. ഇതിൽത്തന്നെ കുറേയേറെ പണം ഇൻവെസ്റ്റ് ചെയ്ത് പഠിക്കുന്നവരുണ്ട്; മെറിറ്റടിസ്ഥാനത്തിൽ സീറ്റ് കിട്ടി പഠിക്കുന്നവരുണ്ട്; കടമെടുത്ത് പഠനം നടത്തിയവരുണ്ട്; വിദേശത്ത് പഠിക്കുന്നവരുണ്ട്; ഇവരെല്ലാം അവരുടെ പഠനത്തിന്റെ അടുത്ത ഘട്ടത്തിലേയ്ക്ക് കടക്കാനുള്ള ശ്രമമാണ് നടത്തിയത്. ആരോഗ്യ രംഗത്ത്, അതായത് നമ്മുടെ നാട്ടിൽ ധാരാളം എക്സ്പെർട്ടുകളെ ആവശ്യമുള്ള മേഖലകളിലേയ്ക്ക് ജോലി ലഭിക്കാനുള്ള പഠനത്തിനായാണ് ഇത്തരത്തിലുള്ള പരീക്ഷകൾ എഴുതുന്നത്. 'നീറ്റ് പി.ജി.' പരീക്ഷ മേയ് 5-ാം തീയതി നടത്തുമെന്ന് പറഞ്ഞിരുന്നു; പെട്ടെന്ന് അത് മാറ്റിവച്ചുവെന്ന് പറയുന്നു. ഏറ്റവും ആദ്യം പറഞ്ഞ തീയതി മാർച്ച് 3 എന്നായിരുന്നു. മേയ്

മാസം 5-ന് എന്നും പിന്നീട് ജൂൺ 23-ന് നടക്കുമെന്നും പറയുന്നു. കേന്ദ്ര സർക്കാരിന്റെ എല്ലാതരത്തിലുമുള്ള ജനദ്രോഹ കലാപരിപാടികളും നടക്കുന്നത് അർദ്ധരാത്രിയിലാണ്. അതുപോലെതന്നെ ജൂൺ 23-ാം തീയതി അർദ്ധരാത്രി, 'നീറ്റ് പി.ജി. പരീക്ഷ റദ്ദ് ചെയ്തിരിക്കുന്നു' എന്ന് ഒരു മടിയുമില്ലാതെ വിളിച്ചുപറയുകയാണ്. കൊട്ടിഘോഷിക്കപ്പെടുന്ന, 56 ഇഞ്ച് നെഞ്ചളവുള്ള ആൾ രാജ്യം ഭരിക്കാൻ വരുമ്പോൾ, മാറ്റങ്ങൾ ഉണ്ടാകും എന്ന് പ്രചരിപ്പിക്കപ്പെടുമ്പോൾ, എനിക്ക് പ്രിയപ്പെട്ട മാധ്യമ സുഹൃത്തുക്കളോട് പറയാനുള്ളത് നേരത്തെ സംസാരിച്ച അംഗങ്ങൾ പറഞ്ഞതുതന്നെയാണ്. ഒരുവിധം എല്ലാ മാധ്യമങ്ങളിലും ഇത് സംബന്ധിച്ച വാർത്തകൾ വന്നിട്ടുണ്ട്. ഇവിടെ പ്ലസ്-ടു സീറ്റ് കുറഞ്ഞാൽ മാധ്യമങ്ങൾ പറയുന്നത് കേരളത്തിലെ വിദ്യാഭ്യാസ മേഖല ഇതാ തകർന്നടിഞ്ഞിരിക്കുന്നു എന്നാണ്. എല്ലാവർക്കും വിദ്യാഭ്യാസം ഉറപ്പാക്കും; ജനിച്ചുവീണ് പഠിക്കാൻ പ്രായമായ എല്ലാ കുട്ടികൾക്കും സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുമെന്ന് ഭരണഘടന പറയുന്നത് കൃത്യമായി പാലിക്കപ്പെടുന്ന നാടാണ് നമ്മുടെ കേരളം. ഇവിടെയുള്ള ഒരു ചെറിയ കാര്യംപോലും വലിയ

രീതിയിൽ കൊട്ടിഘോഷിക്കുന്ന പ്രിയപ്പെട്ട മാധ്യമ സുഹൃത്തുക്കളെ, നിങ്ങൾ മാധ്യമങ്ങളിൽ നീറ്റ് സംബന്ധിച്ച വാർത്തകൾ എഴുതിയിട്ടുണ്ടെങ്കിലും ഒരിടത്തുപോലും കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയെയോ കേന്ദ്ര ഗവൺമെന്റിനെയോ കുറിച്ച് ഒരു വാക്കുപോലും പറയാൻ തയ്യാറായിട്ടില്ല എന്നത് നമ്മെയെല്ലാം ഭയപ്പെടുത്തുന്ന ഒരു കാര്യമാണ്. ആലപ്പുഴയിൽ, പ്രളയകാലത്ത് ഒരു ഓട്ടോറിക്ഷക്കാരന് 70 രൂപ കൊടുത്തത് സംബന്ധിച്ച തർക്കംകൊണ്ടുണ്ടായ കേസിൽ ഞങ്ങളുടെ ഒരു പാവം സഖാവായ ഓമനക്കുട്ടനെ വേട്ടയാടിക്കൊണ്ട് മാധ്യമങ്ങൾ കൊടുത്ത വാർത്തകണ്ട് ഞങ്ങളൊക്കെ ഭയന്നുപോയിരുന്നു. എന്നാൽ ഇന്ന് ഞങ്ങൾ അഭിമാനത്തോടെ പറയട്ടെ, ആ പാവം മനുഷ്യന്റെ മകളും എൻട്രസ് എഴുതി വിജയിച്ച് പഠിച്ച് ഇന്ന് ഡോക്ടറായിക്കഴിഞ്ഞിരിക്കുന്നു. നേരത്തെയുണ്ടായിരുന്ന മത്സര പരീക്ഷയുടെ വിശ്വാസ്യത അതായിരുന്നു. നമ്മുടെ പെൺമക്കളുടെ വസ്തും അഴിച്ച് പരിശോധിച്ച, അത്രയധികം ക്രിയാത്മകമാണ് പരീക്ഷാ നടത്തിപ്പെന്ന് വരുത്തിത്തീർത്തവരാണ് ഇന്ന് വലിയ തട്ടിപ്പിന്, അഴിമതിക്ക് കൂട്ടുനിൽക്കുന്നത്. എന്നാൽ കേന്ദ്രം

അതിനെയെല്ലാം വളരെ നിസ്സാരമായി കാണുകയാണ്. ഈ വിഷയത്തിൽ വലിയ ഒരപകടം നടന്നുവെന്ന ധാരണപോലും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വരുന്നില്ല. ഈ വിഷയത്തോട് അൽപമെങ്കിലും നീതി പുലർത്തിയതും കൃത്യമായ വാർത്തകൾ കൊടുത്തതും 'ദീപിക' ദിനപത്രം മാത്രമാണ്. ദേശാഭിമാനി ദിനപത്രം എഴുതുമ്പോൾ പ്രതിപക്ഷാംഗങ്ങൾ സ്വാഭാവികമായും വിമർശിക്കുമല്ലോ. മാധ്യമങ്ങളിൽ വാർത്ത വന്നുവെന്ന രീതിയിലാണ് പ്രതിപക്ഷാംഗങ്ങൾ സംസാരിച്ചത്. മാധ്യമങ്ങൾ സത്യം മറച്ചുവച്ച് മധുരതരമായി വാർത്തകൊടുത്തിട്ട് കാര്യമില്ല. ഏത് വിഷയമായാലും കൃത്യമായി ഐഡന്റിഫൈ ചെയ്ത്, അഡ്രസ് ചെയ്തായിരിക്കണം വാർത്തകൾ കൊടുക്കേണ്ടത്. 'നീറ്റ് പി.ജി.' 'നീറ്റ് യു.ജി.' 'നെറ്റ്' പരീക്ഷകളിലെല്ലാം സംഭവിച്ച പ്രശ്നങ്ങളെക്കുറിച്ച് എല്ലാവരും സംസാരിച്ചു, 'നെറ്റ്' പരീക്ഷ റദ്ദ് ചെയ്തിരിക്കുകയാണ്. നമ്മുടെ കോളേജ് അദ്ധ്യയന രംഗത്തേയ്ക്ക് കടന്നുവരേണ്ട, പിഎച്ച്.ഡി. ബിരുദധാരികളായിത്തീരേണ്ട, മിടുക്കരായ അദ്ധ്യാപകരെ വാർത്തെടുക്കേണ്ട പരീക്ഷയാണിത്. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട

ആർ. ബിന്ദു സഭയിൽ ഉണ്ട്; ഈ ജൂലൈ മാസത്തിൽ കേരളത്തിൽ നാല് വർഷ ബിരുദ കോഴ്സുകൾ തുടങ്ങാനിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ മേഖലയെ നമ്മൾ പുതിയ രീതിയിൽ വാർത്തെടുക്കുകയാണ്. വൈജ്ഞാനിക സമൂഹത്തെ സൃഷ്ടിക്കുന്നതിനായി ബഡ്ജറ്റിൽപ്പോലും വലിയ പദ്ധതികൾ പ്രഖ്യാപിച്ച് അവ ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള പരിപാടികളുമായി മുമ്പോട്ടുപോകുകയാണ്. ഈ കുഞ്ഞുങ്ങൾ തങ്ങളുടെ ജീവിതത്തിലെ സന്തോഷങ്ങൾ ത്യജിച്ചവരാണ്. കഴിഞ്ഞ എത്രയോ കാലമായി പഠനത്തിൽ മാത്രം ശ്രദ്ധകൊടുക്കുന്നതിനാൽ ഒരു ആഘോഷത്തിൽപ്പോലും ഈ മക്കൾക്ക് പങ്കെടുക്കാൻ സാധിക്കാറില്ല. അവർ ഒരു ഉന്നത ലക്ഷ്യത്തിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിക്കുകയാണ്. പരീക്ഷയെഴുതിയ ഒരു കുട്ടി എന്നോട് പറഞ്ഞത് 'ഞങ്ങൾ ശരിക്കും ഈ രാജ്യത്തിന്റെ ഇൻവിസിബിൾ പില്ലേഴ്സ് അല്ലേ, ഞങ്ങളല്ലേ ഈ രാജ്യത്തെ ആരോഗ്യ കാര്യങ്ങൾ ശ്രദ്ധിക്കുന്നത്, കഷ്ടപ്പെട്ട് പഠിച്ച് നിങ്ങളുടെ ആരോഗ്യം നോക്കാൻ ഞങ്ങൾ വരുന്നില്ലേ' എന്നാണ്. അതിനായി അവർ ഊണും ഉറക്കവും ആഘോഷങ്ങളും മറ്റെല്ലാ കാര്യങ്ങളും ഒഴിവാക്കിയാണ്

ഇതിലേയ്ക്ക് വരുന്നത്. ആ കുട്ടികൾക്ക് രാജ്യത്തെ ഗവൺമെന്റിൽ പ്രതീക്ഷയില്ലാതായിരിക്കുന്നു. എന്നെ മാത്രമല്ല, നിങ്ങളെ എല്ലാവരെയുംതന്നെ അതിശയിപ്പിച്ച കാര്യം ഈ ക്രമക്കേട് കണ്ടെത്തിയത് കുട്ടികൾ തന്നെയാണ് എന്നതാണ്; ഇതിലെ ഏറ്റവും രസകരമായ കാര്യവും അതുതന്നെയാണ്. നമ്മുടെ രാജ്യത്ത് വലിയ ഏജൻസികളുണ്ട്, നമ്മുടെ കേരളത്തിലേയ്ക്ക് എന്നും ഏജൻസികളുടെ വരവാണ്. ഈ അന്വേഷണ ഏജൻസികളൊന്നും ഈ ക്രമക്കേട് കണ്ടില്ലെന്നതാണ് ഏറ്റവും നാണംകെട്ട കാര്യം. കുഞ്ഞുങ്ങൾ തന്നെയാണ് സംശയം പ്രകടിപ്പിച്ചത്. ഇവിടെ എന്തൊക്കെയോ നടന്നിട്ടുണ്ടെന്ന് കുട്ടികൾക്ക് തോന്നലുണ്ടായി; ഫുൾ മാർക്ക് കിട്ടിയതിൽ അവർ സംശയം പ്രകടിപ്പിച്ചു; ആ വിഷയവും എല്ലാവരും പറഞ്ഞ് കഴിഞ്ഞതാണ്. ഒരിക്കലും ഇത്തരം പരീക്ഷകളിൽ ഫുൾ മാർക്ക് കിട്ടാൻ സാധ്യതയില്ലാത്തതാണ്. കുട്ടികൾ എന്നോട് പറഞ്ഞത്, "ഫുൾ മാർക്ക് ലഭിച്ചെങ്കിൽ ഒന്നുകിൽ മരമണ്ടന്മാർ മാർക്കിടണം, അതല്ലെങ്കിൽ അവിടെ തീർച്ചയായും ഏതെങ്കിലും തരത്തിലുള്ള അഴിമതി നടന്നിട്ടുണ്ടാകുണം" എന്നാണ്. കോപ്പിയടിച്ചും ചോദ്യപേപ്പർ ചോർത്തിയും

മെഡിക്കൽ ഫീൽഡിൽ കുട്ടികളെ കൊണ്ടുവരുന്നതിന്റെ അപകടം നമ്മൾ കാണാതെ പോകരുത്. കാരണം ഇവരാണ് ഭാവിയിൽ നമ്മെ ചികിത്സിക്കേണ്ടത്; അങ്ങനെയുള്ളവർ കോപ്പിയടിച്ചും ചോദ്യപേപ്പർ ചോർത്തിയും മുന്നോട്ടു വരാൻ പാടില്ല. അതുപോലെതന്നെ പ്രധാനമാണ് കുട്ടികളുടെ മെന്റൽ ഹെൽത്ത്. ആരാണ് ഇതിനൊക്കെ സമാധാനം പറയുക; കുട്ടികളുടെ മാനസികാരോഗ്യത്തെ ഈ പ്രശ്നങ്ങൾ ബാധിക്കില്ലേ; പരീക്ഷയ്ക്കായി അവർ അത്രയധികം പ്രിപ്പറേഷൻസ് നടത്തിയതല്ലേ? പതിനായിരക്കണക്കിന് രൂപ ചെലവഴിച്ചാണ് എൻട്രസ് പരീക്ഷ എഴുതാനായി വിദേശത്തുനിന്നും പല കുട്ടികളും നാട്ടിലേയ്ക്ക് വരുന്നത്. അപ്പോഴാണ് കേന്ദ്രസർക്കാർ ഇത്തരത്തിൽ കുഞ്ഞുങ്ങളോട് വിവേചനം കാണിച്ചിരിക്കുന്നത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഈ ദേശീയ ഏജൻസിയുടെ വിശ്വാസ്യത തകർന്നുപോയിരിക്കുന്നു. തനതായും സുസജ്ജമായും ഇത്തരം പരീക്ഷകൾ നടത്താനുള്ള മിടുക്ക് സംസ്ഥാനങ്ങൾക്കുണ്ട്, അതെല്ലാം പുനർവിചിന്തനം ചെയ്യേണ്ട കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. കേന്ദ്ര സർക്കാരിന്

മൊത്തത്തിൽ ചോർച്ചയുടെ കാലമാണെന്ന് തോന്നുന്നു. ജൂൺ 4-ാം തീയതി ആയപ്പോഴേയ്ക്കും നന്നായി വോട്ട് ചോർന്നിട്ടുണ്ട്; 400 സീറ്റ് ലഭിക്കുമെന്ന് പറഞ്ഞെങ്കിലും അതും ചോർന്നു; അതിനുശേഷം ഇന്നലെ പുറത്തുവന്ന വാർത്തയിൽ പറഞ്ഞിരിക്കുന്നത് 1800 കോടി രൂപ ചെലവഴിച്ച് കൊട്ടിഘോഷിച്ച് നിർമ്മിച്ച രാമക്ഷേത്രത്തെക്കുറിച്ചാണ്. ഇന്ത്യയിലെ പാവപ്പെട്ട ജനങ്ങളുടെ കണ്ണിൽ വർഗീയതയുടെ പൊടിയിട്ടുകൊണ്ട്, ഒരു ഏകാധിപതിയെപ്പോലെ, ഇലക്ഷനുമുമ്പ് കൊട്ടിഘോഷിച്ച് നിർമ്മിച്ച രാമക്ഷേത്രം ചോരുന്നുവെന്ന വാർത്തയാണ് ഇന്നലെ പുറത്തുവന്നിരിക്കുന്നത്; അങ്ങനെ നോക്കുമ്പോൾ മൊത്തത്തിൽ ചോർച്ചയുടെ കാലമാണ്. കള്ളങ്ങൾ പറഞ്ഞ് കെട്ടിപ്പൊക്കിയ ഏത് സാമ്രാജ്യവും തകർന്നുവീഴുകതന്നെ ചെയ്യും. കർഷകർക്ക് പിന്നാലെ ഇന്ത്യയിലെ വിദ്യാർഥി-യുവജന പ്രസ്ഥാനങ്ങളും ശക്തമായി തെരുവിലിറങ്ങുന്ന ഒരു കാലമാണ് കേന്ദ്ര ഗവൺമെന്റിനെ കാത്തിരിക്കുന്നത്. ശ്രീ. എം. വിജിൻ അവതരിപ്പിച്ച ഉപക്ഷേപത്തെ പിന്താങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു.

ഡോ. എം. കെ. മുനീർ: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഇവിടെ പറഞ്ഞ കാര്യങ്ങളൊന്നും ആവർത്തിക്കുന്നില്ല. കേരളത്തിലാണ് ആദ്യമായി മെഡിക്കൽ പ്രവേശന പരീക്ഷ എന്നൊരു സിസ്റ്റം വരുന്നത്. പിന്നീട് മറ്റ് പല സംസ്ഥാനങ്ങളിലും ഈ സിസ്റ്റം വരികയുണ്ടായി. അതിനുശേഷം സെൻട്രൽ ക്വാട്ട നിശ്ചയിച്ച് പൊതു പൂൾ ഉണ്ടാക്കിയ സമയത്താണ് സി.ബി.എസ്.ഇ. സംഘടിപ്പിക്കുന്ന ആൾ ഇന്ത്യാ പ്രീ-മെഡിക്കൽ ടെസ്റ്റ് എന്ന പരീക്ഷ വന്നത്. ആ സമയത്ത് സംസ്ഥാന പ്രവേശന പരീക്ഷയുണ്ടായിരുന്നെങ്കിലും AIIMS-ലേയ്ക്കും JIPMER-ലേയ്ക്കും വെവ്വേറെ പരീക്ഷകളാണ് ഉണ്ടായിരുന്നത്. അപ്പോൾ കുട്ടികൾക്ക് ആകെ 9 പരീക്ഷകൾ എഴുതണം. അങ്ങനെ വന്നപ്പോഴാണ് ഇവ ഏകീകരിച്ചുകൊണ്ട് നീറ്റ് എന്ന സിസ്റ്റം വന്നത്. നീറ്റ് നിലവിൽ വരുന്ന സമയത്ത് AIIMS-നെയും JIPMER-നെയും അതിൽ ഉൾപ്പെടുത്തിയിരുന്നില്ല. 2020-ൽ ഇതിനെയെല്ലാം ഏകീകരിച്ചുകൊണ്ടാണ് പുതിയൊരു സിസ്റ്റമുണ്ടാക്കി നാഷണൽ ടെസ്റ്റിംഗ് ഏജൻസി നിലവിൽ വന്നത്. അങ്ങനെയാണ് നീറ്റ് പരീക്ഷ ആരംഭിച്ചത്. നിലവിൽ ഏകദേശം 24 ലക്ഷം കുട്ടികളാണ് പരീക്ഷ എഴുതിയത്.

എല്ലാവരെയും ആശയക്കുഴപ്പത്തിലാക്കിക്കൊണ്ട് കുട്ടികളുടെ ഭാവി ഇരുളടഞ്ഞതാക്കുന്ന രീതിയിൽ പ്രവർത്തിച്ചവരാണ് നീറ്റ് പരീക്ഷാ നടത്തിപ്പ് ക്രമക്കേടിന്റെ പിന്നിലുള്ളത്. അതിലെ മുഖ്യപ്രതി നാഷണൽ ടെസ്റ്റിംഗ് ഏജൻസി തന്നെയാണ്. ചോദ്യപേപ്പറുകൾ ചോരുക മാത്രമല്ല 6 ലക്ഷം രൂപയ്ക്ക് ചോദ്യ പേപ്പറുകൾ കിട്ടുമെന്ന അവസ്ഥയും വന്നു. ഏതൊക്കെ സംസ്ഥാനങ്ങളിലാണ് ഇത് സംഭവിച്ചതെന്ന് പരിശോധിച്ചപ്പോൾ, ചില പ്രത്യേക ഏരിയകളിലാണ് ഈ ക്രമക്കേട് സംഭവിച്ചതെന്ന് കണ്ടെത്തി. പട്നയിലും ഗോദ്രയിലും തട്ടിപ്പ് കണ്ടെത്തി. ഹരിയാനയിലെ Jhajjar-ലെ ഹർദയാൽ പബ്ലിക് സ്കൂളിലെ സെന്ററിൽ അഞ്ഞൂറോളം പേർ പരീക്ഷ എഴുതിയതിൽ 6 പേർക്ക് ഫുൾമാർക്കും (720), 2 പേർക്ക് 718-ഉം 719-ഉം മാർക്കുമാണ് ലഭിച്ചത്. നെഗറ്റീവ് മാർക്ക് വരുന്നതുകൊണ്ട് 718-ഉം 719-ഉം മാർക്ക് ലഭിക്കുകയെന്നത് mathematically impossible-ആയ കാര്യമാണ്. ഗ്രേസ് മാർക്ക് കൊടുത്തതുകൊണ്ടാണ് അത്രയും മാർക്ക് വരാനിടയായതെന്നാണ് NTA പറയുന്നത്. എന്തിനാണ് ഗ്രേസ് മാർക്ക് കൊടുത്തത്? ടൈം ലോസിന്റെ പേരിലാണ് ഗ്രേസ് മാർക്ക്

കൊടുത്തിരിക്കുന്നതെന്നാണ് പറയുന്നത്. അങ്ങനെയൊരു വിധി ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുണ്ടെന്ന് പറഞ്ഞാണ് ഗ്രേസ് മാർക്ക് കൊടുത്തിരിക്കുന്നത്. എന്നാൽ 2018-ലെ CLAT (Common Law Admission Test)-മായി ബന്ധപ്പെട്ടാണ് സുപ്രീംകോടതിയുടെ വിധിയുണ്ടായിട്ടുള്ളത്. അത് ഓൺലൈൻ പരീക്ഷയാണ്. ഓൺലൈനിൽ ടെക്നിക്കൽ ഡിഫെക്ട് വരുന്ന സമയത്ത് ടൈം ലോസ് ഉണ്ടാകും. എത്ര സെക്കന്റാണ് ടൈം ലോസ്സെന്ന് ആ സോഫ്റ്റ്വെയറിൽ കൃത്യമായി കാണാൻ കഴിയും. എന്നാൽ ഓഫ്ലൈൻ പരീക്ഷയിൽ ടൈം ലോസ് വരുന്നില്ല, മാത്രമല്ല, ഓഫ്ലൈൻ പരീക്ഷ എഴുതുന്നവരുടെ ടൈം ലോസ് കണ്ടുപിടിക്കാൻ സോഫ്റ്റ്വെയറുമില്ല. അല്ലെങ്കിൽ സി.സി.ടി.വി. ഫൂട്ടേജ് പരിശോധിക്കേണ്ടി വരും. ഇത് വലിയ ചർച്ചയായതുകൊണ്ട് ഗ്രേസ് മാർക്ക് കൊടുത്തവർക്ക് വീണ്ടും ടെസ്റ്റ് നടത്താനും ടെസ്റ്റ് എഴുതുന്നില്ലെങ്കിൽ ഗ്രേസ് മാർക്ക് കുറച്ചുള്ള മാർക്ക് പരിഗണിക്കാനും അവസാനം തീരുമാനിച്ചു. ഇത്തരത്തിൽ മണ്ടത്തരം കാണിക്കുന്ന ഇവരെയാണോ ഏജൻസിയാക്കി വച്ചിരിക്കുന്നത് എന്നതാണ് ആദ്യത്തെ ചോദ്യം. ഇതുമായി ബന്ധപ്പെട്ട

അന്വേഷണങ്ങൾ വരുന്നുണ്ട്. മുൻകാലങ്ങളിലും ഇതുപോലെയായിരുന്നു. Jhajjar-എന്ന സ്ഥലത്തെ ഹർദയാൽ പബ്ലിക് സ്കൂൾ നടത്തുന്ന ആളുടെ പേര് ശ്രീമതി അനുരാധ യാദവ് എന്നാണ്. അവർ അവിടത്തെ ബി.ജെ.പി. നേതാവായ ശേഖർ യാദവിന്റെ കുടുംബത്തിൽപ്പെട്ടയാളാണ്. കൂടാതെ Rohtak-ലെ എം.പി.-യുടെ അടുത്ത സുഹൃത്തുമാണ്. എവിടെ നോക്കിക്കഴിഞ്ഞാലും ഇതുമുഴുവൻ ബി.ജെ.പി.യുമായി ബന്ധപ്പെട്ടുതന്നെയാണ് നടന്നിട്ടുള്ളതെന്ന് മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ട് സെൻട്രൽ ഏജൻസി ഈ അന്വേഷണം നടത്തുമ്പോൾ അതിൽ എത്രമാത്രം വ്യക്തതയുണ്ടാകുമെന്ന് നമുക്ക് പറയാൻ കഴിയില്ല. പണ്ട് 'വ്യാപം' അഴിമതി നടന്നിരുന്നല്ലോ; അതിൽ അന്നത്തെ മുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാനും അദ്ദേഹത്തിന്റെ ഭാര്യയും കുടുംബാംഗങ്ങളുമെല്ലാം ഉൾപ്പെട്ടിരുന്നു. ഈ കേസിന്റെ അന്വേഷണം നടന്നുകൊണ്ടിരുന്നപ്പോൾ, അന്വേഷണം നടത്തിയ പോലീസ് ഉദ്യോഗസ്ഥൻ, തെളിവ് കൊടുത്തവർ, പരാതിക്കാർ ഉൾപ്പെടെ അമ്പതോളം പേർ ദുരൂഹ സാഹചര്യത്തിൽ കൊല്ലപ്പെട്ടു. അത്രയും വലിയ ലോബിയാണ്

ഇതിൽ ഉൾപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ എന്തും സംഭവിക്കാമെന്ന സാഹചര്യം നമ്മുടെ മുന്നിലുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ട് കൃത്യമായ അന്വേഷണം വേണമെന്ന് പ്രതിപക്ഷം ശക്തമായി ഉന്നയിക്കേണ്ടതുണ്ട് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 2021-ൽ തമിഴ്നാട്ടിൽ എ. കെ. രാജൻ എന്ന ജഡ്ജിനെ വച്ച് അവർ അവിടത്തെ നീറ്റ് പരീക്ഷയുടെ ഇംപാക്ട് പരിശോധിച്ചു. അവിടെ കണ്ടെത്തിയ രണ്ട് കാര്യങ്ങൾ, അത് കേരളത്തിന് ബാധകമാണോ എന്നത് ഞാൻ പറയുന്നില്ല. ഗ്രാമീണരായ കുട്ടികളും പാവപ്പെട്ട കുടുംബത്തിലെ കുട്ടികളും ഈ പരീക്ഷയിൽ വളരെ പിന്നിലാണെന്നും അവർക്ക് സാധ്യതകൾ കുറഞ്ഞിരിക്കുന്നുവെന്നും അവിടെ കണ്ടെത്തി. അതുകൊണ്ട് തമിഴ്നാട് സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷൻ വഴി NTA-യ്ക്ക് അവർ ഒരു കത്ത് എഴുതി. 2017 മുതൽ 2020 വരെയുള്ള സോഷ്യോ ഡെമോഗ്രാഫിക് പ്രൊഫൈൽ എന്താണെന്നും പാവപ്പെട്ടവർക്കും ഗ്രാമീണർക്കും എത്രത്തോളം നീറ്റ് പ്രവേശനം കിട്ടുന്നുണ്ടെന്ന് അറിയണമെന്നുമാണ് അതിൽ പറയുന്നത്. The Wire Magazine-ൽ എഴുതിയിട്ടുള്ളത് NEET exam is Anti-Poor, Anti-Minority, Anti-Federal and

Anti-Constitution എന്നാണ്. അതുകൊണ്ട് ശ്രീ. ധർമ്മേന്ദ്ര പ്രധാൻ എന്ന പ്രധാനിയെയാണ് നമ്മൾ പുറത്താക്കേണ്ടത് എന്നാണ് ഇതു സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. കാരണം ബി.ജെപി. നിലനിൽക്കുന്ന കാലത്തോളം ഇതിൽ എന്തെങ്കിലും തരത്തിലുള്ള നീതി ലഭിക്കുമെന്നതിനെക്കുറിച്ച് നമുക്കൊരു തരത്തിലും വിശ്വാസിക്കാനാവില്ല. ശ്രീ. രാഹുൽ ഗാന്ധി ഈ കാര്യം വളരെ മുൻകൂട്ടി പറഞ്ഞിരുന്നുവെന്ന് മാത്രമല്ല, അവരുടെ പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ളത് 'We will revisit the policy of centrally-conducted qualifying examinations such as NEET, CUET etc. and make it optional for state Governments to adopt these examinations for admissions or conduct their own examinations meeting the prescribed standards to state-funded and state-approved higher educational institutions" എന്നാണ്. നമ്മുടെ മെഡിക്കൽ കോളേജുകളിൽ, നമ്മൾ ഫണ്ട് ചെയ്യുന്ന സ്ഥലത്ത് നമ്മുടെ എക്സാം സിസ്റ്റംതന്നെ വരണമെന്ന് പറയുന്നിടത്തേയ്ക്ക് തിരിച്ചുപോകേണ്ടതുണ്ട്. സെൻട്രൽ ഗവൺമെന്റിന് കീഴിൽ വരുന്ന AIIMS-ലും JIPMER-ലും പ്രവേശനം കിട്ടണമെങ്കിൽ നീറ്റ്

പരീക്ഷയിൽ പുതിയൊരു സിസ്റ്റമുണ്ടാക്കി, പുതിയൊരു മോണിറ്ററിംഗ് സിസ്റ്റത്തിലൂടെ ആ പരീക്ഷയും എഴുതാൻ കഴിയുന്ന സംവിധാനമുണ്ടാകണം. നമ്മുടെ സ്റ്റേറ്റ് നമ്മുടെ കാര്യം നോക്കണമെന്ന് പറയുന്ന ഒരു സിസ്റ്റത്തിലേയ്ക്ക് വരാൻ സാധിക്കണം. സെൻട്രൽ പൂൾ വരുന്ന സമയത്ത് അധികവും നോർത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിലെ കുട്ടികൾക്കാണ് നീറ്റ് പരീക്ഷയിലൂടെ അഡ്മിഷൻ ലഭിക്കുന്നത്. കഴിഞ്ഞ കാലങ്ങളിലെ കാര്യം പരിശോധിക്കുകയാണെങ്കിൽ, സംസ്ഥാനം സ്വന്തമായി പ്രവേശന പരീക്ഷ നടത്തിയിരുന്ന സമയത്ത് പ്രവേശനം ലഭിച്ച കുട്ടികളുടെ എണ്ണവും ഇപ്പോഴത്തെ എണ്ണവും നോക്കിയാൽ എത്രമാത്രം വ്യത്യാസം ഉണ്ടെന്ന് നമുക്ക് അറിയാൻ കഴിയും. അതുകൂടി നാം പരിശോധിക്കേണ്ടതുണ്ട്. ഇത് ഗൗരവമായ വിഷയമായതുകൊണ്ടുതന്നെ ഒറ്റക്കെട്ടായി നിന്നുകൊണ്ട് നേരിടേണ്ട കാര്യമാണ്. ചോദ്യ പേപ്പർ ചോർച്ച വരുന്നുണ്ടെന്ന് ബി.ജെ.പി. ഗവൺമെന്റുതന്നെ ഈ തിരഞ്ഞെടുപ്പിന് മുമ്പ് പറയുന്നുണ്ട്, അവർ അത് സമ്മതിക്കുന്നുമുണ്ട്. ചോദ്യ പേപ്പർ ലീക്കേജ് ഇല്ലാതാക്കുമെന്ന് മോദി ഗ്യാരന്റിയിൽ പറയുന്നുണ്ട്. ഒരു ചോദ്യ പേപ്പറിന് 6 ലക്ഷം രൂപയാണ്

വില പറഞ്ഞിരിക്കുന്നത്; ഇതൊരു കച്ചവടമാണ്. ട്യൂട്ടോറിയൽ കോളേജുകളെല്ലാം എൻട്രൻസ് കോച്ചിംഗ് സെന്ററുകളായി മാറുന്നത്, വടക്കേ ഇന്ത്യയിൽ വലിയ മത്സരം നടക്കുന്നുണ്ടെന്നതിന്റെ സൂചനയായി ഇതിനെ കാണേണ്ടതുണ്ട്. ഇത്തവണ 67 പേർക്കാണ് 720 മാർക്ക് ലഭിച്ചിരിക്കുന്നത്. സ്കൂൾ ലെവലിൽ ഫിസിക്സിലും കെമിസ്ട്രിയിലും തോറ്റ കുട്ടിക്ക് എൻട്രൻസ് പരീക്ഷയ്ക്ക് എഴുന്നൂറിലധികം മാർക്കാണ് കിട്ടിയിരിക്കുന്നത്. ഈ പ്രമേയത്തെ ശക്തമായി അനുകൂലിക്കുന്നു എന്നതിനപ്പുറം നമ്മൾ ഒരുമിച്ചുനിന്നുകൊണ്ട് ഇക്കാര്യത്തിൽ പാർലമെന്റിനകത്തും പ്രശ്നങ്ങളുണ്ടാക്കി മന്ത്രി രാജിവയ്ക്കുന്നതുവരെ പോരാട്ടം തുടരണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ബഹുമാന്യനായ എം. വിജിൻ എം.എൽ.എ. അവതരിപ്പിച്ച ചട്ടം 130 പ്രകാരമുള്ള ഈ ഉപക്ഷേപത്തെ പിന്തുണയ്ക്കുന്നു. ശ്രീ. എം. വിജിൻ മുതൽ ഡോ. എം. കെ. മുനീർ സാഹിബ് വരെ ഈ വിഷയത്തിൽ ഉന്നയിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുന്നു. അതോടൊപ്പംതന്നെ സഭാനാഥനായ അങ്ങയേയും

സഭാനേതാവായ മുഖ്യമന്ത്രിയെയും ബഹുമാന്യനായ പ്രതിപക്ഷ നേതാവിനെയും ഇത്തരത്തിൽ ഒരു ഉപക്ഷേപം ചർച്ച ചെയ്യാൻ മുൻകൈയെടുത്തതിന് പ്രത്യേകമായി അഭിനന്ദിക്കുന്നു. ഒരു വ്യക്തിയുടെ വളർച്ചയിലും വികാസത്തിലും ജീവിതത്തിലും ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന ഒന്നാണ് വിദ്യാഭ്യാസം. നാം വളർന്നുവരുന്ന വിദ്യാർത്ഥികളുടെ, കുഞ്ഞുങ്ങളുടെ ഭാവി അങ്ങേയറ്റം പ്രതീക്ഷയോടെ നോക്കിക്കാണുന്നവരാണ്. ഇവിടെ ഇന്ന് ഈ ചർച്ച അനുവദിച്ചതിനുശേഷം ഏഷ്യാനെറ്റ് ന്യൂസിൽ ഞാൻ ഒരു വാർത്ത കാണുകയുണ്ടായി. അത് നീറ്റ് പി.ജി. മെരിറ്റ് എക്സാമിനുവേണ്ടി തയ്യാറായ വിദ്യാർത്ഥികളുടെ ഒരു ഇന്റർവ്യൂ ആയിരുന്നു. അതിൽ ചിലർ വളരെ വൈകാരികമായാണ് പ്രതികരിക്കുന്നത്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പറഞ്ഞതുപോലെ, മാസങ്ങളോളം കഠിനമായി കഷ്ടപ്പെട്ട്, ഉറക്കമൊഴിഞ്ഞ് പഠിച്ച് ജീവിതത്തിൽ ഒരു ഡോക്ടറാകണം എന്ന ആഗ്രഹവുമായാണ് അവർ ഇതിനൊക്കെ പോകുന്നത്. അപ്പോഴാണ് അറിയുന്നത് ചോദ്യ പേപ്പർ ചോർച്ചയെ തുടർന്ന് ആ പരീക്ഷ മാറ്റിവച്ചിരിക്കുന്നുവെന്ന്. ദൂരസ്ഥലങ്ങളിൽപ്പോയി ഹോട്ടലിൽ റൂമെടുത്ത്

താമസിച്ച് കൈയിൽ കാശ്തുപോലുമില്ലാതെ കഷ്ടപ്പെടുന്ന സാധാരണക്കാരായ വിദ്യാർഥികളാണവർ. ഇത് ആ വിദ്യാർഥികളുടെ മാത്രം അനുഭവമല്ല. അവർ അനുഭവിക്കുന്ന മാനസിക ബുദ്ധിമുട്ട് വളരെ വലുതാണ്. ഡോ. എം. കെ. മുനീർ സാഹിബ് ഉൾപ്പെടെ എല്ലാവരും ഇവിടെ സൂചിപ്പിച്ച കാര്യമുണ്ട്, നമ്മുടെ നാട്ടിലെ സാധാരണക്കാരായ വിദ്യാർഥികൾക്ക് നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടത്തുന്ന നീറ്റ് എക്സാമിന്റെ ഭാഗമായി നീതി ലഭ്യമാകുന്നില്ല എന്നതാണ് ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ബി.ജെ.പി. ഗവൺമെന്റ് ദേശീയ വിദ്യാഭ്യാസത്തെ ഒരു political weapon-ആയി ഉപയോഗിക്കുന്നുവെന്ന് നാം മനസ്സിലാക്കണം. 2020-ൽ പാസ്സാക്കിയ ദേശീയ വിദ്യാഭ്യാസ നയത്തെ അങ്ങേയറ്റം കച്ചവടവൽകരണത്തിനും കാവിവൽകരണത്തിനും ഇരയാക്കുകയാണ്. പ്രധാനമായും മൂന്ന് 'C' എന്നുവേണമെങ്കിൽ നമുക്ക് പറയാം. Communalism, Commercialisation, Centralisation എന്നിവയാണ് ആ നയത്തിലെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. അടുത്തിടെയാണ് 11, 12 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽനിന്നും ഗാന്ധിയെ കൊലപ്പെടുത്തിയ സംഘ്പരിവാറിനെക്കുറിച്ച് പരാമർശിക്കുന്ന ഭാഗം നീക്കം

ചെയ്തത്. നാം അമ്പരന്നുപോയില്ലേ? അതോടൊപ്പംതന്നെ ബാബറി മസ്ജിദിന്റെ തകർച്ച ഇന്ത്യയിലുണ്ടാക്കിയ അനന്തര ഫലങ്ങൾ വിദ്യാർത്ഥികൾ പഠിക്കേണ്ട എന്ന് തീരുമാനിച്ചു. എന്താണ് ലക്ഷ്യം? സംഘ്പരിവാർ വിഭാവനം ചെയ്യുന്ന, അവരുടെ ആശയത്തെ ഇന്ത്യയിൽ നടപ്പിലാക്കുകയാണ് ലക്ഷ്യം. ഉന്നത വിദ്യാഭ്യാസ മേഖലയിലും പൊതുവിദ്യാഭ്യാസ രംഗത്തും വർഗീയ അജണ്ട നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. നീറ്റ് എക്സാമിന്റെ ഭാഗമായി ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പേജ് 24-ൽ PARAKH എന്ന് പറയുന്നുണ്ട്. അത് Performance Assessment, Review and Analysis of Knowledge of Holistic Development എന്നാണ് പറയുന്നത്. മൂല്യനിർണ്ണയത്തിന്റെ കാര്യങ്ങൾ നിശ്ചയിക്കുന്നതിന് ഒരു അമേരിക്കൻ ഏജൻസിയെ അവർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതൊരു വലിയ മാർക്കറ്റാണ്. നാം മനസ്സിലാക്കേണ്ട കാര്യം, നിലവിൽ 28 കോടി വിദ്യാർഥികളുണ്ടെങ്കിൽ 2028 ആകുമ്പോഴേയ്ക്കും ഒരു ലക്ഷം കോടിയായി അത് വളരും. ഈ പരീക്ഷ ഒരു മാർക്കറ്റായി മാറുകയാണ്. നീറ്റ് എക്സാമിൽ സംഭവിക്കുന്നതെന്താണ്? ഒരു വിദ്യാർഥിക്ക് മെരിറ്റ് സീറ്റിലൂടെ ഒരു

ഗവൺമെന്റ് കോളേജിൽ അഡ്മിഷൻ കിട്ടിയാൽ പത്ത് ലക്ഷം രൂപ വരെയാണ് ചെലവാകുക. എന്നാൽ സാധാരണ ഒരു മാനേജ്മെന്റ് സീറ്റിൽ സ്വകാര്യ കോളേജിൽ അഡ്മിഷൻ കിട്ടിയാൽ ഒരു വിദ്യാർഥിക്ക് ഒന്നര കോടി രൂപ മുതൽ രണ്ട് കോടി രൂപ വരെ ചെലവാകും. മെരിറ്റ് ലിസ്റ്റിലേയ്ക്ക് വരാനാണ് ഈ തട്ടിപ്പ് മുഴുവൻ നടത്തുന്നത്. ഇവിടെ ഡോ. എം. കെ. മുനീർ ഉൾപ്പെടെയുള്ളവർ സംസാരിച്ചപ്പോൾ 'ഇതിൽ ബി.ജെ.പി.ക്ക് വലിയ പങ്കുണ്ട്. മുഖ്യപ്രതിയായ സഞ്ജീവ് മുഖിയയുടെ ഭാര്യ ബീഹാറിൽ മത്സരിച്ചിരുന്നു' എന്ന് പറഞ്ഞിരുന്നു,. ബി.ജെ.പി.യുടെ ഭാഗമായി നിൽക്കുന്നവർ ഇതിനെ ഒരു സാമ്പത്തിക തട്ടിപ്പ് കേന്ദ്രമായി മാറ്റുകയാണ്. പഠിച്ചുവരുന്ന വിദ്യാർഥിക്ക് മെരിറ്റ് സീറ്റ് ലഭ്യമാകുന്നു എന്നതിൽനിന്നും വ്യത്യസ്തമായി തട്ടിപ്പിലൂടെ മെരിറ്റ് സീറ്റ് കരസ്ഥമാക്കുക എന്ന ഗുരുതരമായ പ്രശ്നമാണ് നീറ്റ് തട്ടിപ്പിന്റെ ഭാഗമായിട്ടുള്ളത്. ഒരു വിദ്യാർഥിക്ക് 8 മുതൽ 10 ലക്ഷം രൂപ വരെ കൊടുത്ത് പഠിക്കാവുന്ന മെരിറ്റ് സീറ്റിലേയ്ക്ക് അതിസമ്പന്നരായ ആളുകൾ തട്ടിപ്പിലൂടെ കടന്നുവരികയാണ്. ഇതാണ് ഇതിൽ സംഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നം. 'ഗോധ്രയിലെ പരീക്ഷാ

കേന്ദ്രത്തിലേയ്ക്ക് എട്ട് സംസ്ഥാനങ്ങളിലുള്ള വിദ്യാർഥികളാണ് പോകുന്നത് എന്ന് നേരത്തെ സംസാരിച്ച എല്ലാവരും ഇവിടെ പറഞ്ഞു. ലക്ഷ്യം എന്താണ്? പട്നയിൽ പോകുന്നത് എന്തിനാണ്? അടുത്തുള്ള സംസ്ഥാനങ്ങളിലുള്ള ആളുകൾ അവിടെപ്പോയി പരീക്ഷയെഴുതുകയാണ്. നമുക്കുതന്നെ അറിയാമല്ലോ, നമ്മുടെ നാട്ടിലുള്ള സാധാരണക്കാരായ രക്ഷാകർത്താക്കൾ വീട് പണയം വച്ചും സ്വത്ത് വിറ്റും എൻട്രൻസ് കോച്ചിംഗ് കേന്ദ്രങ്ങളുള്ള സ്ഥലങ്ങളിൽ നിർത്തി പഠിപ്പിച്ചാണ് കുട്ടികളെ പരീക്ഷയെഴുതിപ്പിക്കുന്നത്. പഠിച്ച് നന്നായി വരുന്ന വിദ്യാർഥികൾക്ക് മെരിറ്റ് ലിസ്റ്റിൽ സീറ്റ് കിട്ടാത്ത നിലയിലേയ്ക്ക് ഈ തട്ടിപ്പ് മാറുകയാണ്. ഈ പരീക്ഷയുടെ ഭാഗമായി ഭീകരമായ കച്ചവടമാണ് നടക്കുന്നത്. ബി.ജെ.പി. നടപ്പിലാക്കുന്ന പോളിസിയും അതിന്റെ ഭാഗമായുണ്ടാകുന്ന പ്രശ്നങ്ങളുമാണ് അതിനു കാരണം. വർഗ്ഗീയവൽകരിക്കുന്നതിനുപരി ഈ പരീക്ഷകളെ വലിയൊരു മാർക്കറ്റായി കാണുകയാണ്. നാഷണൽ ടെസ്റ്റിംഗ് ഏജൻസി പത്ത് പരീക്ഷകളാണ് നടത്തുന്നത്. അതിൽ 2028 ആകുമ്പോഴേയ്ക്കും ഒരുലക്ഷം കോടിയോളം വിദ്യാർഥികൾ പരീക്ഷയെഴുതാനുണ്ടാകും. ഇവിടെ

എല്ലാവരും പറഞ്ഞതുപോലെ വിദ്യാഭ്യാസം എന്നത് സ്റ്റേറ്റ് ലിസ്റ്റിൽ ഉൾപ്പെട്ട കാര്യമാണ്. 'വൺ നേഷൻ വൺ എക്സാം' എന്ന നിലയിലേയ്ക്കാണ് കേന്ദ്ര ഗവൺമെന്റ് പോകുന്നത്. വൺ നേഷൻ വൺ ടാക്സ്, വൺ നേഷൻ വൺ പോലീസ് എന്നതുപോലെ ആർ.എസ്.എസ്.ന്റെ 'വൺ നേഷൻ വൺ എക്സാം' എന്ന അജണ്ടയിലേയ്ക്ക് വിദ്യാഭ്യാസത്തെ കൊണ്ടുപോകുകയും അതിനെ വലിയൊരു മാർക്കറ്റായി മാറ്റുകയും ആ മാർക്കറ്റ് ബി.ജെ.പി.യുടെ ഭാഗമായി നിൽക്കുന്ന ഒട്ടേറെപേർക്ക് വരുമാനമുണ്ടാക്കാനുള്ള സംവിധാനമായി മാറുകയും ചെയ്യുന്നുവെന്ന ഗുരുതരമായ പ്രശ്നമാണ് ഇതിലുള്ളത്. പ്രധാനമന്ത്രി ഇതിനോട് പ്രതികരിച്ചില്ലല്ലോ; കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇതിനോട് ശക്തമായി പ്രതികരിച്ചില്ലല്ലോ; ഇവിടെ എല്ലാവരും പറഞ്ഞതുകൊണ്ട് വിഷയങ്ങൾ ആവർത്തിക്കുന്നില്ല. ഗുരുതരമായ അലംഭാവം, അങ്ങേയറ്റം കെടുകാര്യസ്ഥത, തെറ്റായ രീതി എന്നിവ ഇതിന്റെ നടത്തിപ്പിൽ ഉണ്ടെന്ന് ശ്രദ്ധിച്ചാൽ മനസ്സിലാകും. രണ്ട് സ്കൂളുകളുണ്ട്, ഹർദയാൽ പബ്ലിക് സ്കൂളും അതിന് തൊട്ടടുത്തുള്ള വിജയ സീനിയർ സെക്കൻഡറി സ്കൂളും. ഒരു സ്കൂളിൽ ബാക്ക്-അപ്പ് ക്വസ്റ്റ്യൻ പേപ്പർ എടുത്തു;

ആദ്യത്തെ ക്വസ്റ്റ്യനിൽ പ്രശ്നം വന്നാൽ എടുക്കുന്നതിനുവേണ്ടി സൂക്ഷിക്കുന്ന രണ്ടാമത്തെ ക്വസ്റ്റ്യനാണത്. ഹർദയാൽ പബ്ലിക് സ്കൂളിൽ രണ്ട് ക്വസ്റ്റ്യനും കൊടുത്തു. അപ്പോൾ അവർക്ക് സമയം നീട്ടിക്കൊടുത്തു. തൊട്ടടുത്ത വിജയ സീനിയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾക്ക് ഈ അവസരം ലഭ്യമായില്ല. രണ്ടാമതായി കരുതിവച്ച ക്വസ്റ്റ്യൻ പേപ്പറും ആദ്യംതന്നെ കൊടുക്കുകയാണ്. എന്താണെന്ന് അറിയാമോ? 30 ലക്ഷം രൂപ കൈക്കൂലി, 10 ലക്ഷം രൂപ തരുന്ന ആൾക്ക് അങ്ങനെ ആകെ 40 ലക്ഷം രൂപയേ മെരിറ്റ് സീറ്റിന് ആവശ്യമായി വരികയുള്ളൂ. അല്ലെങ്കിൽ ഒന്നരക്കോടി രൂപ കൊടുക്കേണ്ടിവരും. 30 ലക്ഷം രൂപയാണ് ഒരു ക്വസ്റ്റൻ പേപ്പറിന് കൊടുക്കുന്നത്. മെരിറ്റ് സീറ്റ് കിട്ടിയാൽ പത്ത് ലക്ഷം രൂപയേ ചെലവാകൂ. കൃത്യമായി പഠിച്ചുവരുന്ന സാധാരണ വിദ്യാർഥിക്ക് ആകെ പത്ത് ലക്ഷം രൂപയേ വേണ്ടിവരുന്നുള്ളൂ. ഇതിൽ ഗുരുതരമായ പ്രശ്നം അടങ്ങിയിട്ടുണ്ട്. നാം ഏറ്റവും ശക്തമായി കാണേണ്ട ഒരു കാര്യമാണിത്. ഇന്ന് 'The Hindu'-ൽ പ്രൊഫസർ രാജീവ് എന്നുപറയുന്നയാൾ നീറ്റ് എക്സാമിന്റെ തട്ടിപ്പ് സംബന്ധിച്ച് ഒരു ലേഖനം എഴുതിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പി.

രാജീവാണ് അത് എന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. ഐ.ഐ.റ്റി. എക്സാം SOPs അനുസരിച്ചാണ് നടത്തുന്നത്. ഒരു പഴുതുമില്ലാതെയാണ് ആ പരീക്ഷ നടക്കുന്നത്. കേരളത്തിൽതന്നെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നാം നടത്തിക്കൊണ്ടിരിക്കുന്ന ശ്രദ്ധേയമായ ഒട്ടേറെ എക്സാമുകളുണ്ട്. അതൊക്കെ വളരെ ഭംഗിയായി നടത്താൻ നമുക്ക് കഴിയുന്നുണ്ട്. സംസ്ഥാനങ്ങളുടെ ലിസ്റ്റിൽപ്പെടുന്ന വിദ്യാഭ്യാസത്തെ കേന്ദ്രീകൃതമാക്കി, വർഗ്ഗീയവൽകരിച്ച്, കച്ചവടവൽകരിച്ച്, വാണിജ്യ താൽപര്യങ്ങൾക്കുവേണ്ടി തട്ടിപ്പിന്റെ കേന്ദ്രമായി മാറ്റുകയാണ്. ബി.ജെ.പി. ഭരിക്കുന്ന കേന്ദ്ര ഗവൺമെന്റിന് ഇതിന്റെ ഉത്തരവാദിത്വത്തിൽനിന്നും ഒരു കാരണവശാലും ഒഴിഞ്ഞുമാറാൻ പറ്റില്ലെന്നുമാത്രമല്ല, നാട്ടിലെ മെരിറ്റിൽ വിശ്വസിക്കുന്ന കുടുംബങ്ങൾ, രക്ഷകർത്താക്കൾ, നന്നായി പഠിക്കുന്ന വിദ്യർഥികൾ എന്നിവരുടെ ഭാവിജീവിതത്തെ തകർക്കുന്ന നീറ്റ് തട്ടിപ്പിൽ ഒറ്റക്കെട്ടായി നിന്ന് അതിശക്തമായി ഇടപെടാൻ നമുക്ക് കഴിയണം. ബി.ജെ.പി.യെ അനുകൂലിക്കുന്ന മാധ്യമങ്ങൾ സ്വീകരിക്കുന്ന നിലപാടിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട എം. വിജിൻ പറഞ്ഞത്. പൊതുവിൽ ആ വിഷയങ്ങൾ ആ

അർത്ഥത്തിൽതന്നെ കണ്ടുപോകാനും ഇത് ചർച്ച ചെയ്യാനും മുൻകൈയെടുത്ത സഭാ നാഥനെയും സഭാനേതാവിനെയും ഇതിന്റെ ഭാഗമായി നിന്ന എല്ലാവരെയും ഒരിക്കൽക്കൂടി പ്രത്യേകമായി പ്രശംസിച്ചുകൊണ്ട് നീറ്റ് തട്ടിപ്പിനെതിരായി ശക്തമായ നിലപാട് സ്വീകരിച്ച് ഒരുമിച്ച് നിൽക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ഈ ഉപക്ഷേപത്തിന്റെ അന്ത:സത്തയോട് യോജിക്കുകയും ഇവിടെ പങ്കുവച്ച വികാരം ഷെയർ ചെയ്യുകയും ചെയ്യുന്നു. ഇവിടെ എല്ലാവരും പറഞ്ഞു, നാം മനസ്സിലാക്കുന്നതുപോലെ ബി.ജെ.പി. സർക്കാരിന്റെ ഏറ്റവും ഒടുവിലത്തെ വലിയൊരു അഴിമതിയും സ്വജനപക്ഷപാതമടക്കമുള്ള കാര്യങ്ങളുടെ ഒരു ഉദാഹരണവുമായിട്ടാണ് ഇത് കാണുന്നത്. എനിക്ക് ഇതിൽ വലിയ അത്ഭുതം തോന്നുന്നില്ല. കാരണം ബി.ജെ.പി. അധികാരത്തിൽ വന്ന് പത്ത് വർഷമാകുമ്പോഴേയ്ക്കും ഇന്ത്യാരാജ്യത്തെ എല്ലാ ഇൻസ്റ്റിറ്റ്യൂഷൻസിനെയും ദുർബലപ്പെടുത്തിയിരിക്കുന്നു. ഭരണഘടനാ സ്ഥാപനങ്ങളാണെങ്കിലും സ്റ്റാറ്റ്യൂട്ടറിയായി രൂപീകൃതമായതാണെങ്കിലും ഏത് നിലയ്ക്കുള്ള

സ്ഥാപനങ്ങളെയും ദുർബലപ്പെടുത്തുകയും അവയെ സ്വാധീനിക്കാനും കൈപിടിയിലൊതുക്കാനും അവരുടെ താൽപര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാനും കഴിയുന്ന നിലയിലേയ്ക്ക് ദുർബലപ്പെടുത്തി ഓവർ പവർ ചെയ്ത്, ടേക്ക് ഓവർ ചെയ്യുന്ന ഒരു സമീപനമാണ് ബി.ജെ.പി. സ്വീകരിച്ചുവന്നത്. അതിന്റെ ഒരു extended version ആയിട്ടാണ് ഞാൻ ഇതിനെ കാണുന്നത്. ലക്ഷക്കണക്കിന് അല്ലെങ്കിൽ കോടിക്കണക്കിന് കുട്ടികളുടെ ഭാവി തുലാസ്സിലാക്കി അവരെ അരക്ഷിതാവസ്ഥയിലേയ്ക്ക് തള്ളിവിടുന്ന നിലയിലാണ് ഇത് കൈകാര്യം ചെയ്യപ്പെട്ടിട്ടുള്ളത്. ഈ വിഷയം ചർച്ചയ്ക്കെടുത്തതിനെ ഞാൻ അഭിനന്ദിക്കുകയാണ്. കാരണം ഇതുപോലെ പൊതു പ്രാധാന്യമുള്ള വിഷയം നമ്മൾ ചർച്ച ചെയ്യേണ്ടതാണ്. ഇവിടെ പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ ഇന്ന് കേരള നിയമസഭ ഈ വിഷയം ചർച്ച ചെയ്യുമ്പോൾ ഇത് കാണുന്ന കേരള സമൂഹം ആഗ്രഹിക്കുന്നത്, നമ്മൾ ഇതിൽനിന്ന് എന്താണ് പഠിക്കുന്നത്? What lesson we are going to learn. ഇതുപോലെയുള്ള സാധ്യതകൾ മനസ്സിലാക്കി കാര്യങ്ങൾ കണ്ട് എങ്ങനെയാണ്

ഇതുപോലെയുള്ള situation/context-നെ അഡ്രസ് ചെയ്യാൻ കഴിയുക എന്നുള്ളത് കണ്ടെത്തണം. 'പാപം ചെയ്യാത്തവർ കല്ലെറിയട്ടെ' എന്ന ബൈബിളിലെ ഒരു വാചകം നാം കേട്ടിട്ടുണ്ട്. നമ്മൾ നമ്മളിലേയ്ക്ക് തിരിഞ്ഞുനോക്കണം. ഇനി നമുക്ക് ചെയ്യാൻ പറ്റുന്നതെന്താണ്? നമ്മുടെ സിസ്റ്റത്തെ കുറ്റമറ്റതാക്കുക, non-compromising ആക്കുക എന്നുള്ളതാണ്. ഇത് പറയുമ്പോൾ നേരത്തെയുള്ള ഒന്നുരണ്ട് സംഭവങ്ങൾ എന്റെ മനസ്സിലേയ്ക്ക് വരികയാണ്. 2008-ൽ കേരള യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട് നടന്ന ഒരു പരീക്ഷാതട്ടിപ്പ് വളരെ വിവാദമായി. അധികാരത്തിലിരുന്നവർ അതിനെ എങ്ങനെ കൈകാര്യം ചെയ്തുവെന്നത് വളരെ പ്രധാനമാണ്. ഇതുപോലെയുള്ള കാര്യങ്ങളോട് zero tolerance-ഉള്ള ഒരു ഗവൺമെന്റാകണം അധികാരത്തിൽ വരേണ്ടതെന്നാണ് എന്റെ അഭിപ്രായം. യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട ഒരു പരീക്ഷയിൽ ക്രമക്കേട് നടന്നാൽ അതിന്റെ ഉത്തരവാദി വൈസ് ചാൻസലറാണെങ്കിൽ ആ സ്പോട്ടിൽ, he should move out. ഇതൊരു പബ്ലിക് സിസ്റ്റമാണ്. ഒരു ഗവൺമെന്റിനും ഒരു ഭരണാധികാരിക്കും എല്ലാം കൺട്രോൾ ചെയ്യാൻ

സാധിക്കില്ല. നൂറുകണക്കിന് ആളുകൾ ചെയ്യുന്ന കാര്യങ്ങളിൽ ഒരാൾക്ക് വീഴ്ച വന്നാൽ, that should happen. അതിനെ സംരക്ഷിക്കുന്ന കാര്യങ്ങൾ ചെയ്യരുത്. അസിസ്റ്റന്റ് നിയമനം സംബന്ധിച്ച കാര്യത്തിൽ പരീക്ഷ എഴുതാത്തവർപോലും നിയമനം നേടിയെന്നതാണ് കേസ്. പരീക്ഷയ്ക്ക് വരാത്തവർ ഇന്റർവ്യൂവിൽ പങ്കെടുത്ത് നിയമനം നേടി. പരീക്ഷ എഴുതിയവരുടെ മുഴുവൻ ഫലവും പുറത്തുവന്നില്ല. ഉത്തര പേപ്പർ മൂല്യനിർണ്ണയത്തിന് അയച്ചപ്പോൾതന്നെ 46 എണ്ണം കുറവായിരുന്നു. എന്നിട്ട് അതിനെന്ത് സംഭവിച്ചു; പിന്നീട് ആ കേസ്സിനെ sabotage ചെയ്യുകയും അതിലെ കുറ്റക്കാർ രക്ഷപ്പെടുകയുമാണ് ചെയ്തത്. ആരെയും ഉത്തരവാദികളാക്കാൻ പറ്റില്ല. കേരളത്തിലെ ലക്ഷോപലക്ഷം ചെറുപ്പക്കാർ അവരുടെ ഭാവിക്കുവേണ്ടി പരീക്ഷ എഴുതി ജോലിക്ക് കാത്തിരിക്കുന്ന സ്ഥാപനമാണ് പി.എസ്.സി.; ആ പി.എസ്.സി. പരീക്ഷയിൽ നടന്ന വലിയൊരു തട്ടിപ്പ് നമ്മുടെ മനസ്സാക്ഷിയെ ഇളക്കിയതാണ്. ഇത് പറയുമ്പോൾ ഞാൻ രാഷ്ട്രീയം പറയുകയാണെന്ന് നിങ്ങൾ വിചാരിക്കും. രാത്രി മുഴുവൻ ഇരുന്ന് പഠിച്ച് പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്ന ഒരു

പി.എസ്.സി. ഉദ്യോഗാർത്ഥിയുടെ മുന്നിലേയ്ക്ക് വരുന്ന വാർത്തയെന്ന് പറയുന്നത്.... പരീക്ഷാ തട്ടിപ്പിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. ആദ്യ അഞ്ച് റാങ്കുകാർ..... (...ബഹളം...).....

മി. സ്പീക്കർ: ചട്ടം 130 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് നീറ്റ് എക്സാമാണ്. ഡോ. മാത്യു കുഴൽനാടൻ, നിങ്ങളുടെ കുഴപ്പമിതാണ്. നിങ്ങൾ playing to the gallery ആണ്. നീറ്റ് എക്സാമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. (...ബഹളം...)

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ വിഷയം പറയാൻ പാടില്ലേ? ഇതിൽനിന്നും നമ്മൾ പാഠം പഠിക്കേണ്ടത്, ആത്മപരിശോധനയാണ്. കാരണം നീറ്റ് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ കാര്യം തെറ്റാണെന്ന് പറയാം. (...ബഹളം...)

മി. സ്പീക്കർ: നീറ്റ് എക്സാമിനെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ചട്ടം 130-ൽ വിഷയം ക്ലിയറായി പറയുന്നുണ്ട്. എന്താണ് നിങ്ങൾ ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നത്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പറയുന്നത് കേൾക്കൂ. (...ബഹളം...) എസ്.എഫ്.ഐ.-ക്കാരായ അഞ്ചുപേരുടെ റാങ്ക്.....

അതിനുശേഷം ആ കേസ് അന്വേഷിച്ച ക്രൈം ബ്രാഞ്ച്, ആ കേസിന്റെ അന്വേഷണ ഏജൻസി അതിൽ കേവലം റാങ്ക് കിട്ടിയ ഈ അഞ്ചുപേരെ മാത്രം പ്രതിയാക്കി ബാക്കിയുള്ളവരെ മുഴുവൻ പോകാൻ അനുവദിച്ചു. അതിൽ മറ്റാർക്കും പങ്കില്ലെന്നുവേണം കരുതാൻ.

മി. സ്പീക്കർ: ചട്ടം 130-ൽ വളരെ ക്ലിയറായി പറയുന്നുണ്ട്.... സ്പെസിഫിക് ടോപ്പിക്കുണ്ട്. നിങ്ങൾ എപ്പോഴും out of syllabus സംസാരിക്കുന്ന ഒരാളാണ്. അതാണ് നിങ്ങളുടെ കുഴപ്പം.

ഡോ. മാത്യു കുഴൽനാടൻ: സർ, നീറ്റ് പരീക്ഷയുടെ പശ്ചാത്തലത്തിൽ നമ്മുടെ സംസ്ഥാനത്തും സമാന നിലയിലുള്ള കാര്യങ്ങൾ നടക്കുന്നുണ്ടോ ഇല്ലയോ എന്നതാണ് നമ്മൾ പരിശോധിക്കേണ്ടത്. അങ്ങനെയുണ്ടെങ്കിൽ നമ്മൾ അതിനെ എങ്ങനെ അഡ്രസ് ചെയ്യണമെന്ന് നോക്കണ്ടേ; അത് പറയണ്ടേ; (...ബഹളം...)

മി. സ്പീക്കർ: ഇതുവരെ സംസാരിച്ചവരെല്ലാം ടോപ്പിക്കിൽ ഒതുങ്ങിനിന്നാണ് സംസാരിച്ചത്. ഇത് ആരോപണ-പ്രത്യാരോപണത്തിന്റെ വേദിയല്ല. ചട്ടം 130-ൽ എങ്കിലും ഹെൽത്തി ഡിസ്കഷനുണ്ടാകണം.

ഡോ. മാത്യൂ കുഴൽനാടൻ: സർ, ഞാൻ സംസാരിക്കുമ്പോൾ എപ്പോഴും അങ്ങ് ഇന്റർഫിയർ ചെയ്യുകയാണ്. I don't know why. ഞാൻ ഇവിടെ തെറ്റും കുറ്റവുമായ ചീത്ത വാക്കൊന്നും പറഞ്ഞില്ലല്ലോ.

മി. സ്പീക്കർ: നിങ്ങളുടെ സംസാരം എപ്പോഴും ഒരു കോമൺ സ്പിരിറ്റിലല്ല, അതാണ് പ്രശ്നം.

ഡോ. മാത്യൂ കുഴൽനാടൻ: സർ, പരീക്ഷാ തട്ടിപ്പെന്ന് പറയുന്നത് ഏതെങ്കിലും ഒരു സ്ഥലത്ത് മാത്രം നടക്കുന്നതോ ഒരു സർക്കാരിന്റെ കീഴിൽ മാത്രം നടക്കുന്നതോ അല്ല. (...ബഹളം...) We should learn lesson from this. കേരളത്തിൽ ഇത് നടന്നിട്ടില്ലെന്ന് പറയാൻ കഴിയുമോ. കേരളത്തിൽ നടന്നതിനെ എങ്ങനെ അഡ്രസ് ചെയ്യുവെന്ന് ആത്മ പരിശോധന നടത്തണം. (...ബഹളം...)

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്. സമയമായി കൺക്ലൂഡ് ചെയ്യൂ.

ഡോ. മാത്യൂ കുഴൽനാടൻ: സർ, ഈ ഉപക്ഷേപം അവതരിപ്പിച്ചവരും അതിനെ പിന്തുണച്ചവരും എന്തിനാണ് പരീക്ഷാ തട്ടിപ്പുകളെ ന്യായീകരിക്കുന്നത്. (...ബഹളം...) ഈ ഉപക്ഷേപം കൊണ്ടുവന്നവരും

ഇതിനെ അനുകൂലിച്ചവരും പരീക്ഷാതട്ടിപ്പിന്റെ കാര്യം പറയുമ്പോൾ അതിനെ ന്യായീകരിക്കുന്നത് ശരിയല്ല. കേരളത്തിലെ പ്രവേശന പരീക്ഷകളിൽ ക്രമക്കേട് ഉണ്ടോ ഇല്ലയോ എന്ന് പരിശോധിക്കാൻ നമ്മൾ തയ്യാറാകണം. പി.എച്ച്.ഡി. പ്രവേശന പരീക്ഷയടക്കം ഇവിടെ നടക്കുന്ന നിരവധി പരീക്ഷകളെക്കുറിച്ച് ആരോപണങ്ങൾ ഉയരുന്നുണ്ട്. അതുകൂടി പരിശോധിക്കാനുള്ള ഒരു അവസരമാക്കി മാറ്റാനും നമ്മുടെ സംവിധാനത്തിൽ കുറ്റമറ്റ സിസ്റ്റം കൊണ്ടുവരാനും മുൻകൈയെടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ഉപക്ഷേപത്തിന്റെ അന്തഃസത്തയെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള അഖിലേന്ത്യാ പരീക്ഷകളുടെ നടത്തിപ്പ് ചുമതലയുള്ള NTA-യുടെ ഭാഗത്തുനിന്ന് അതീവ ഗുരുതരമായ കൃത്യവിലോപവും ക്രമക്കേടുമാണുണ്ടായിട്ടുള്ളത്. വലിയതോതിലുള്ള അഴിമതിക്ക് കാരണമായിട്ടുള്ള ഈ ക്രമക്കേട് അത്യന്തം അപലപനീയമാണ്. NEET, NET പരീക്ഷകളുമായി ബന്ധപ്പെട്ടുണ്ടായ

ക്രമക്കേടുകൾ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം എം. വിജിനും ബഹുമാന്യരായ മറ്റ് അംഗങ്ങളും ഉന്നയിച്ച ആശങ്കയിലും ഉത്കണ്ഠയിലും പങ്കുചേരുകയാണ്. അതോടൊപ്പംതന്നെ വർഷങ്ങളോളം കഠിനാധ്വാനം ചെയ്ത് പരീക്ഷകൾക്ക് തയ്യാറാകുന്ന വിദ്യാർഥികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും വേദനയിൽ പങ്കുചേരുകയും ചെയ്യുന്നു. നീറ്റ് പരീക്ഷാക്രമക്കേട് ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള വ്യക്തിയെന്ന നിലയിൽ വിദ്യാർഥികളുടെ ആകാംക്ഷയും ഉത്കണ്ഠയും പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിലെ ഉന്നത വിദ്യാഭ്യാസ മന്ത്രിക്കും വകുപ്പ് സെക്രട്ടറിക്കും കത്തുകൾ അയയ്ക്കുകയുണ്ടായി. 2013-ലാണ് സി.ബി.എസ്.ഇ.-യുടെ കീഴിലുള്ള നാഷണൽ ടെസ്റ്റിംഗ് ഏജൻസി ദേശീയ തലത്തിൽ മെഡിക്കൽ പ്രവേശനത്തിനുള്ള പ്രവേശന പരീക്ഷ നടത്തിത്തുടങ്ങുന്നത്. 2016 വരെ കേരളമടക്കം വിവിധ സംസ്ഥാനങ്ങൾ പ്രത്യേക മെഡിക്കൽ പ്രവേശന പരീക്ഷകൾവഴി നടത്തിയിരുന്ന ടെസ്റ്റുകളാണ് ഇത്തരത്തിൽ ഏകോപിതമായി ഒരു

ഏജൻസിക്ക് കീഴിൽ നടപ്പാക്കാൻ ആരംഭിച്ചത്. 2016 വരെ All India Pre-Medical Test-ഉം സംസ്ഥാനതലത്തിൽ KEAM ഉൾപ്പെടെയുള്ള പരീക്ഷകളുമാണ് നടത്തിവന്നിരുന്നത്. ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിലേയ്ക്ക്, സംസ്ഥാനത്ത് കുറ്റമറ്റ നിലയിലാണ് എൻട്രൻസ് പരീക്ഷകൾ നടക്കാറുള്ളതെന്ന കാര്യം എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഹിന്ദി, ഇംഗ്ലീഷ് എന്നുതുടങ്ങി എട്ട് പ്രാദേശിക ഭാഷകൾ ഉൾപ്പെടെ പത്ത് ഭാഷകളിലാണ് നീറ്റ് പരീക്ഷ നടത്തുന്നത്. 24 ലക്ഷത്തിനുമേലുള്ള അപേക്ഷകരിൽ 996393 ആൺകുട്ടികളും 1331321 പെൺകുട്ടികളും 17 ട്രാൻസ്ജെൻഡറുകളും ഉൾപ്പെടെ 2327731 അപേക്ഷകരാണ് നീറ്റ് പരീക്ഷ എഴുതിയിട്ടുള്ളത്. ഈ വിദ്യാർഥികൾക്കുണ്ടായ മനോവിഷമം പരിഹരിക്കപ്പെടണം. നീറ്റുമായി ബന്ധപ്പെട്ട് പ്രധാനമായും മൂന്ന് ആരോപണങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. പണം വാങ്ങി പരീക്ഷ ജയിപ്പിക്കലും ചോദ്യപേപ്പർ ചോർത്തലും ഉൾപ്പെടെ വിവിധതലങ്ങളിൽ അനധികൃതവും അവിഹിതവുമായ പ്രവർത്തനങ്ങൾ നടന്നതായി വ്യാപക പരാതികൾ ഉയർന്നുവന്നു കഴിഞ്ഞു. കൺസൾട്ടൻസി

ഏജൻസികളും കോച്ചിംഗ് സെന്ററുകളും ഇൻവിജിലേഷൻ ചുമതലയുള്ള അദ്ധ്യാപകരുമെല്ലാം ഇതിൽ പങ്കാളികളാണെന്ന വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇതൊന്നും നടന്നതായി യൂണിയൻ ഭരണ സംവിധാനത്തിന്റെ ഭാഗമായ ഉത്തരവാദപ്പെട്ടവർ നടിക്കുന്നില്ലെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. രാജസ്ഥാൻ, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ സാമൂഹ്യ മാധ്യമങ്ങൾവഴി പോലും ചോദ്യപേപ്പറുകൾ ചോരുകയുണ്ടായി. യൂട്യൂബിൽ വരെ ചോദ്യപേപ്പർ പ്രത്യക്ഷപ്പെട്ടു. എന്നിട്ടും ഇങ്ങനെയൊന്നും സംഭവിച്ചിട്ടില്ലെന്ന നിലപാടാണ് കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ധർമ്മേന്ദ്ര പ്രധാൻ സ്വീകരിക്കുന്നത്. നീറ്റിന്റെ ഫലം പുറത്തുവന്നപ്പോൾ ചരിത്രത്തിൽ ഇതുവരെ നടന്നിട്ടില്ലാത്ത തരത്തിലുള്ള ക്രമക്കേടുകളാണ് കാണപ്പെട്ടത്.

2.00 pm]

67 വിദ്യാർഥികൾക്ക് 720-ൽ 720 മാർക്കും ലഭിച്ചുവെന്ന് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ഈ വിദ്യാർഥികളിൽ അധികം പേരും ഹരിയാനയിലെ ഒരു പ്രത്യേക പരീക്ഷാ കേന്ദ്രത്തിൽ പരീക്ഷ എഴുതിയിട്ടുള്ളവരാണ്. നെഗറ്റീവ് മാർക്ക് സമ്പ്രദായം

നിലനിൽക്കുന്ന പരീക്ഷയിൽ ഒരിക്കലും ലഭിക്കാനിടയില്ലാത്ത 718, 719 എന്നീ മാർക്കുകൾ ലഭിച്ച വിദ്യാർഥികളുമുണ്ടായി. പരീക്ഷാസമയം നഷ്ടപ്പെട്ടത് നികത്തുന്നതിന് ഗ്രേസ് മാർക്ക് നൽകുന്നതിന്റെ ഭാഗമായിട്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന വാദമാണ് എൻ.ടി.എ. (നാഷണൽ ടെസ്റ്റിംഗ് ഏജൻസി) ഉന്നയിക്കുന്നത്. ആരോപണങ്ങൾ ഉയർന്ന സാഹചര്യത്തിൽ ലിസ്റ്റിൽ ഉൾപ്പെട്ട 1563 വിദ്യാർഥികളുടെ മാത്രം പുനഃപരീക്ഷ നടത്താനാണ് നിശ്ചയിച്ചിട്ടുള്ളത്. ഇവരിൽ ആരെങ്കിലും പരീക്ഷ എഴുതിയില്ലെങ്കിൽ ഗ്രേസ് മാർക്ക് കുറച്ചുള്ള മാർക്ക് മാത്രം പരിഗണിച്ച് പ്രവേശനം നൽകാനും തീരുമാനിച്ചിരിക്കുന്നു. വിചിത്രമായ ഒരു തീരുമാനം തന്നെയാണിത്. ഈ വിഷയത്തിൽ ശാസ്ത്രീയമായ ഒരു പരിഹാരം കാണുന്നതിന് എൻ.ടി.എ.-യ്ക്കും യൂണിയൻ സർക്കാരിനും സാധിച്ചിട്ടില്ല. വിദ്യാർഥികളുടെ ഭാവിയും സ്വപ്നങ്ങളുമെല്ലാം പാടെ തകർത്തുകളയുന്ന ഒരു സമീപനമാണ് കേന്ദ്ര ഗവൺമെന്റിന്റെയും എൻ.ടി.എ.-യുടെയും ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. അതുപോലെ തന്നെ ബ്രേക്കിംഗിനെ സംബന്ധിച്ച് അവതരിപ്പിച്ചിട്ടുള്ള പുതിയ മാർഗ്ഗം എൻ.ടി.എ.-യിലെ ഉദ്യോഗസ്ഥരുടെ ബുദ്ധിസ്ഥിരതയെ കുറിച്ചുതന്നെ

സംശയം ജനിപ്പിക്കുന്നതാണ്. അപേക്ഷകന്റെ ആപ്ലിക്കേഷൻ നമ്പറിന്റെ അടിസ്ഥാനത്തിൽ ടൈ ബ്രേക്കർ നടപ്പാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. അവ്യക്തമായ രീതിയിൽ ഗ്രേസ് മാർക്ക് നൽകിയതിനെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ട കേസിൽ 70-80 വരെ ഗ്രേസ് മാർക്ക് നൽകിയതായി ആരോപിക്കപ്പെട്ടിട്ടുണ്ട്. ചോദ്യപേപ്പർ ചോർന്നുവെന്ന കാരണത്താൽ നീറ്റ് പരീക്ഷയും മറ്റും വീണ്ടും നടത്തണമെന്നാവശ്യപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെട്ട കേസിൽ 1563 വിദ്യാർഥികളുടെ പരീക്ഷ വീണ്ടും നടത്താനുള്ള സർക്കാർ തീരുമാനം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഇടക്കാല വിധിയിലൂടെ അംഗീകരിക്കുകയാണ് ചെയ്തത്. ഇത്തരം പരീക്ഷാ ക്രമക്കേടുകൾ വെളിപ്പെടുന്ന സാഹചര്യത്തിൽ തന്നെയാണ് യു.ജി.സി. നെറ്റ് പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്ന വിവരവും പുറത്തുവന്നത്. ചരിത്രത്തിലാദ്യമായി എൻ.ടി.എ.-യ്ക്ക് പുനഃപരീക്ഷ നടത്താൻ തീരുമാനിക്കേണ്ടതായി വന്നിരിക്കുന്നു. സി.എസ്.ഐ.ആർ. നെറ്റിന്റെ ചോദ്യപേപ്പർ ചോർന്നതായി വിവരം പുറത്തുവന്നതോടെ ആ പരീക്ഷയും റദ്ദാക്കി. നെറ്റ് പരീക്ഷ,

ഗവേഷണത്തിനുള്ള നിർബന്ധിത മുൻ ഉപാധിയായി മാറിയിരിക്കുന്ന സാഹചര്യത്തിൽ ഗുരുതരമായ പിഴവാണ് ഇതുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ളത്. നീറ്റ് യു.ജി.-ക്ക് പിന്നാലെ നീറ്റ് പി.ജി.-യുടെ ചോദ്യ പേപ്പറും ചോർന്നു. അങ്ങനെ ക്രമക്കേടുകളുടെ പേരിൽ തുടർച്ചയായി നാല് പ്രധാന ദേശീയ പ്രവേശന പരീക്ഷകൾ റദ്ദാക്കേണ്ടതായി വരുകയെന്ന ദയനീയമായ അവസ്ഥയിലാണ് എൻ.ടി.എ.-യും യൂണിയൻ സർക്കാരും എത്തിച്ചേർന്നിട്ടുള്ളത്. അതിനോടാപ്പംതന്നെ നാഷണൽ കോമൺ എൻട്രൻസ് ടെസ്റ്റ് അതായത്, നാലു വർഷത്തെ ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമിലേയ്ക്കുള്ള പ്രവേശന പരീക്ഷയും റദ്ദ് ചെയ്യപ്പെട്ടിരിക്കുകയാണ്. 25 പ്രധാന പ്രവേശന പരീക്ഷകൾ നടത്താൻ എൻ.ടി.എ.-യ്ക്ക് 25 സ്ഥിര ജീവനക്കാർ പോലുമില്ലാത്ത അവസ്ഥയാണ് ഇന്നുള്ളത്. ടി സാഹചര്യത്തിൽ ഇൻഹൗസ് എക്സ്പെർട്ടൈസിന്റെ അഭാവത്തിൽ പേപ്പർ സെറ്റിംഗ്, പേപ്പർ ഡിസ്ട്രിബ്യൂഷൻ, ഡാറ്റാ സെക്യൂരിറ്റി പ്രോട്ടോക്കോൾസ് തുടങ്ങിയ പരീക്ഷ അനുബന്ധ പ്രവർത്തനങ്ങളും പ്രൈവറ്റ് ടെക്നിക്കൽ സർവ്വീസ് പ്രൊവൈഡേഴ്സിന് ഔട്ട്സോഴ്സ് ചെയ്ത

നൽകുന്ന സമീപനമാണ് എൻ.ടി.എ. സ്വീകരിച്ചിരിക്കുന്നത്. എൻ.ടി.എ.-യുടെ സെക്യൂരിറ്റി പ്രോട്ടോക്കോൾ ഡാർക്ക് വെബ് ശക്തികൾ ഹാക്ക് ചെയ്തിരിക്കുന്നുവെന്നാണ് ഇപ്പോൾ അറിയാൻ സാധിക്കുന്നത്. 24 ലക്ഷം കുട്ടികളിൽനിന്ന് 1500 രൂപ വീതം 360 കോടി രൂപ ഫീസിനത്തിൽ സമാഹരിച്ചിട്ടും ആവശ്യത്തിന് ജീവനക്കാരെപ്പോലും നിയോഗിക്കാതെ കേന്ദ്ര സർക്കാർ എൻ.ടി.എ.-യെ അനാഥാവസ്ഥയിലാക്കിയിരിക്കുകയാണ്. എൻ.ടി.എ.-യുടെ ചെയർമാനായ ശ്രീ. സുബോധ് കുമാർ സിംഗിനെ തൽസ്ഥാനത്തുനിന്നും മാറ്റി മുഖം രക്ഷിക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. ലക്ഷക്കണക്കിന് വിദ്യാർഥികളുടെയും അവരുടെ രക്ഷകർത്താക്കളുടെയും സ്വപ്നവും കഠിനാദ്ധ്വാനവും നിഷ്ഭ്രമായി പ്രവേശന പരീക്ഷയുടെ വിശ്വാസ്യത തകർക്കുകയും തകിടംമറിക്കുകയും ചെയ്തിട്ടും കേന്ദ്ര സർക്കാർ ഒരു സി.ബി.ഐ. അന്വേഷണത്തിലും കേവലം ഒരു ചെയർമാനെ നീക്കുന്നതിലുംമാത്രം തങ്ങളുടെ പ്രതികരണം ഒതുക്കുകയാണ് ചെയ്തത്. ഇത് ഭാവി തലമുറയോടും രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖലയോടും ചെയ്യുന്ന ക്ഷമിക്കാനാകാത്ത തെറ്റാണ്. ഈ വിഷയവുമായി

ബന്ധപ്പെട്ട് തനിക്ക് പങ്കില്ലെന്ന രീതിയിൽ കേന്ദ്ര ഉന്നത വിദ്യാഭ്യാസ മന്ത്രി ശ്രീ. ധർമ്മേന്ദ്ര പ്രധാൻ കൈകഴുകി നിഷ്കളങ്കതയുടെ മൂടുപടമണിഞ്ഞ് നിൽക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ആതുര സേവന രംഗത്തേയ്ക്ക് കടന്നുവരേണ്ട പ്രതിഭാശാലികളായ വിദ്യാർത്ഥികളെയും സർവ്വകലാശാലകളിലും കോളേജുകളിലും അദ്ധ്യാപകരും ഗവേഷകരുമായി പ്രവർത്തിക്കേണ്ടവരെയും തെരഞ്ഞെടുക്കേണ്ട സുപ്രധാന പ്രവേശന പരീക്ഷകളാണ് അവധാനതയില്ലാതെ അലക്ഷ്യമായി കൈകാര്യം ചെയ്തകൊണ്ട് വിശ്വാസ്യത നഷ്ടപ്പെട്ട നിലയിലാക്കിയിട്ടുള്ളത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, രാജ്യത്തിന്റെ ധൈഷണിക പ്രതിഭയെ ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള വളരെ ബോധപൂർവ്വമായ ശ്രമമാണ് ഇവിടെ നടന്നിട്ടുള്ളത്. പൊതു പ്രവേശന സമ്പ്രദായം ഒരു തട്ടിപ്പാണെന്ന യാഥാർത്ഥ്യത്തിന്റെ മുന്നിൽ ജനങ്ങൾ നടുക്കത്തിലാണ്. ഈ സാഹചര്യത്തിൽ നാം നേരിടുന്ന പ്രധാനപ്പെട്ട ഒരു വിഷയം കൂടിയുണ്ട്; അതായത്, പരീക്ഷ എഴുതി റിസൾട്ട് വന്ന കുട്ടികൾ

ഇപ്പോൾ വലിയ മാനസിക സമ്മർദ്ദത്തിലൂടെയാണ് കടന്നുപോകുന്നത്. ഈ ഒരു ഭീതിയിലൂടെയും ഉത്കണ്ഠയിലൂടെയും കടന്നുപോകുന്ന കുട്ടികൾ വാഷ്റൂമിൽ പോകുമ്പോൾപോലും കൂടെപോകേണ്ട സാഹചര്യമാണുള്ളതെന്ന് പല മാതാപിതാക്കളും പറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ആരോഗ്യ വകുപ്പ് 'ടെലിമനസ്' എന്ന പദ്ധതിയിലൂടെ ഇത്തരം കുട്ടികൾക്ക് പ്രത്യേക കൗൺസിലിംഗ് നൽകേണ്ട ഒരു സാഹചര്യമുണ്ടാക്കിയിരിക്കുകയാണ്; അത് നൽകുന്നുമുണ്ട്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, ആതുര സേവന രംഗത്ത് പ്രവർത്തിക്കേണ്ടവർ മനുഷ്യ ജീവനുകളുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കേണ്ടത് എന്നതുകൊണ്ടുതന്നെ ഈ പരീക്ഷയുടെ വിശ്വാസ്യത ഉറപ്പുവരുത്തുകയെന്നത് രാജ്യത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ബഹുമാനപ്പെട്ട അംഗം വിജിൻ ഇവിടെ ചൂണ്ടിക്കാട്ടിയ മറ്റൊരു വിഷയം വളരെ ഗൗരവമേറിയ ഒന്നാണ്. തങ്ങളുടെ പ്രഖ്യാപിത രാഷ്ട്രീയ അജണ്ടയുടെ ഭാഗമായി നെറ്റ് പരീക്ഷയിൽ

പ്രാണപ്രതിഷ്ഠയുടെ തീയതിയും രാമായണത്തിലെയും മഹാഭാരതത്തിലെയും അപ്രസക്ത ഭാഗങ്ങളിൽനിന്നുള്ള ചോദ്യങ്ങളും ഇടംപിടിക്കുന്നുവെന്നത് അപലപനീയമാണ്. നമ്മുടെ രാജ്യത്തിന്റെ സെക്കുലർ ഫാബ്രിക്കിനെ എങ്ങനെയാണ് ഇവർ കൈകാര്യം ചെയ്യുന്നത് എന്നതിന്റെ സൂചനയാണിത്. പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ അന്ധവിശ്വാസവും അശാസ്ത്രീയതയും നിയമാനുസൃതമാക്കുന്നതിനുള്ള ശക്തമായ നീക്കങ്ങൾ ഇതിലൂടെ കാണാൻ സാധിക്കും. ചരിത്രത്തിന്റെ തമസ്കരണവും വക്രീകരണവും എങ്ങനെയാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് അനുദിനം പാഠപുസ്തകങ്ങളിലൂടെ നാം കാണുകയാണ്. പാഠപുസ്തകങ്ങൾ ഇല്ലാതാക്കികൊണ്ടും സുപ്രധാന സംഭവങ്ങൾ തമസ്കരിച്ചുകൊണ്ടുമുള്ള നിലപാടുകളാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുപോരുന്നത്. കോച്ചിംഗ് സെന്ററുകളും വാണിജ്യ താല്പര്യങ്ങളുള്ള കുത്ത ശക്തികളും ചേർന്ന് നടത്തുന്ന അട്ടിമറികൾ ഈ ചോദ്യപേപ്പർ ചോർച്ചകളുമായി ബന്ധപ്പെട്ട് കാണാൻ സാധിക്കും. ബീഹാറിൽ ചില പരീക്ഷാർത്ഥികളുടെ റോൾ നമ്പർതന്നെ നിലവിലില്ലാത്തതാണെന്നും ചില പരീക്ഷാർത്ഥികളുടെ

പേരുകളും റോൾ നമ്പരും യോജിക്കുന്നില്ലെന്നും കണ്ടെത്തിയിരിക്കുന്നു. ഡിജിറ്റൽ ലോക്കറുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് വ്യാപകമായി തിരിമറികൾ നടത്തിയിരിക്കുന്നു. 'One Nation, One Exam' എന്നതിന് നാം വലിയ വില കൊടുത്തുകഴിഞ്ഞിരിക്കുന്നു. ബീഹാർ, ഹരിയാന, രാജസ്ഥാൻ, ഗുജറാത്ത്, മഹാരാഷ്ട്ര തുടങ്ങിയ എല്ലാ സംസ്ഥാനങ്ങളിലും കൃത്രിമങ്ങളും ക്രമക്കേടുകളും നടന്നിരിക്കുന്നു. ഈ വിഷയത്തിൽ വിദ്യാർഥികളുടെയും യുവാക്കളുടെയും പ്രതിഷേധ സമരങ്ങൾ രാജ്യമെമ്പാടും ഇരമ്പിയാർക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. ധർമ്മേന്ദ്ര പ്രധാനെപോലെയുള്ള ആളുകൾ നിരുത്തരവാദപരമായ നിലപാടോടുകൂടി നിഷ്ക്രിയത്വം പുലർത്തുന്നത് തീർച്ചയായും പ്രതിഷേധാർഹമായ കാര്യമാണ്. പരീക്ഷകളുടെ വിശ്വാസ്യതയും വിശുദ്ധിയും നഷ്ടപ്പെടുത്തി അഴിമതി കുംഭകോണങ്ങളുടെ ചെളിക്കുണ്ടിലേയ്ക്ക് ചവിട്ടി താഴ്ത്തിയ കേന്ദ്ര ഗവൺമെന്റിന്റെ പിടിപ്പുകേടിനെയും അപഭ്രംശങ്ങളെയും ശക്തമായി അപലപിക്കുന്നു. ഇക്കാര്യത്തിൽ കേരളത്തിലെ മാധ്യമങ്ങൾ അവലംബിക്കുന്ന കുറ്റകരമായ

മൗനവും അതേ രീതിയിൽ അപലപനീയമാണെന്നുകൂടി സൂചിപ്പിക്കുന്നു. സഭയിൽ ഇന്ന് അംഗങ്ങൾ പ്രകടിപ്പിച്ച അഭിപ്രായങ്ങളെല്ലാംതന്നെ പൊതുവികാരത്തെ പിൻപറ്റിയുള്ളതാണ്. നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ ഇവിടെ പൊതുവികാരത്തിന് വിരുദ്ധമായ ചില അഭിപ്രായ പ്രകടനങ്ങൾ നടത്തിയിരിക്കുകയാണ്. '0+0=428' എന്ന ഫോർമുല ആരുടെ കാലത്താണ് ഉണ്ടായതെന്ന് അദ്ദേഹം മറക്കാൻ പാടില്ലെന്നാണ് ഇതുമായി ബന്ധപ്പെട്ട് അദ്ദേഹത്തോട് സൂചിപ്പിക്കാനുള്ളത്. അതുപോലെ, ഈയിടെ വിവിധ സംസ്ഥാനങ്ങളിൽ പി.എസ്.സി. നടത്തുന്ന തൊഴിൽ മത്സരപരീക്ഷകളിലെ ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച് (.....ബഹളം.....)

മി. സ്പീക്കർ: യെസ്..... പ്ലീസ്.....പ്ലീസ്.....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, മന്ത്രിക്ക് എന്തും പറയാമോ? .....(മൈക്ക് ഓഫ്)....

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... മിനിസ്റ്റർ പ്ലീസ്...

ഡോ. ആർ. ബിന്ദു: സർ, അത് സംബന്ധിച്ച് ഇന്ത്യൻ എക്സ്പ്രസ് ഒരു വാർത്ത പുറത്തുവിടുകയുണ്ടായി. (.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... മിനിസ്റ്റർ പറയൂ. യെസ്... യെസ്... ചെയർ പറഞ്ഞുകൊള്ളാം പ്ലീസ്...

ഡോ. ആർ. ബിന്ദു: സർ, കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയിൽ ഒന്നര കോടി ഉദ്യോഗാർഥികൾ പങ്കെടുത്ത 41 തൊഴിൽ പരീക്ഷകളിലെ ചോദ്യപേപ്പറുകൾ ചോർന്നിട്ടുണ്ട്. (.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... മിനിസ്റ്റർ കൺക്ലൂഡ് ചെയ്യാൻ പോകുകയാണ്. പ്ലീസ്... പ്ലീസ്. മിനിസ്റ്റർ. വിഷയത്തിലേയ്ക്ക് വരൂ.

ഡോ. ആർ. ബിന്ദു: സർ, തമിഴ്നാടും കേരളവുമൊഴികെ ഏതാണ്ട് എല്ലാ സംസ്ഥാനങ്ങളിലും ഒരു തവണയെങ്കിലും ചോദ്യപേപ്പർ ചോർന്നിട്ടുണ്ട്. പക്ഷേ, കേരളത്തെ സംബന്ധിച്ചിടത്തോളം അത്തരമൊരു ആരോപണം ആർക്കെങ്കിലും ഉന്നയിക്കാൻ സാധിക്കുമോ എന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... മിനിസ്റ്റർ കൺക്ലൂഡ്.

ഡോ. ആർ. ബിന്ദു: സർ, അതുപോലെ കേരളാ യൂണിവേഴ്സിറ്റി ലാസ്റ്റ് ഗ്രേഡ് സെർവന്റ് പരീക്ഷയിൽ ആൾമാറാട്ടം നടത്തിയവരെ അറസ്റ്റ് ചെയ്യുകയും ബഹുമാനപ്പെട്ട കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

മി. സ്പീക്കർ: യെസ്... യെസ്... പോയിന്റ് ക്ലിയർ ആണ്.

ഡോ. ആർ. ബിന്ദു: സർ, പരീക്ഷകളിൽ ആളുകൾ കോപ്പിയടിക്കുകയും പിന്നീട് അവർ സാമൂഹിക അംഗീകാരങ്ങൾ നേടുകയുമൊക്കെ ചെയ്യുന്നത് തീർച്ചയായും അപലപനീയമായ കാര്യമാണെന്ന് തന്നെയാണ് ഈ സഭയിൽ പറയാനുള്ളത്.

മി. സ്പീക്കർ: യെസ്... ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങേയ്ക്ക് ചട്ടം 275 അനുസരിച്ചുള്ള സബ്സ്റ്റാന്റീവ് മോഷൻ അവതരിപ്പിക്കാവുന്നതാണ്.

ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് മോഷൻ

ഉന്നത വിദ്യാഭ്യാസ-സമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സഭയിൽ അംഗങ്ങൾ പൊതുവിൽ പങ്കുവച്ചിട്ടുള്ള പൊതുവികാരം മുൻനിർത്തി ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് ഉപക്ഷേപമെന്ന നിലയിൽ ഒരു

പ്രമേയം ഞാൻ ഇവിടെ അവതരിപ്പിക്കുകയാണ്. സർ, "ദേശീയ തലത്തിൽ പ്രവേശന പരീക്ഷകൾക്കായി യൂണിയൻ ഗവൺമെന്റ് ചുമതലപ്പെടുത്തിയ നാഷണൽ ടെസ്റ്റിംഗ് ഏജൻസി (എൻ.ടി.എ.) ഏറ്റെടുത്ത് നടത്തുന്ന രണ്ട് ദേശീയ പരീക്ഷകളുമായി ബന്ധപ്പെട്ടുണ്ടായ വ്യാപക ക്രമക്കേടുകൾ ഞെട്ടിപ്പിക്കുന്നതാണ്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ ബിരുദ കോഴ്സുകളിലേയ്ക്ക് പ്രവേശനം നടത്തുന്നതിനുള്ള നീറ്റ് യു.ജി. പരീക്ഷയിലും കോളേജ് സർവ്വകലാശാല അദ്ധ്യാപക നിയമന യോഗ്യതയ്ക്കും ഗവേഷണ സ്കോളർഷിപ്പിനും വേണ്ടിയുള്ള യു.ജി.സി. നെറ്റ് പരീക്ഷയിലുമാണ് ക്രമക്കേടുകൾ നടന്നിട്ടുള്ളത്.

ലക്ഷക്കണക്കിന് വിദ്യാർഥികൾ മാസങ്ങൾ നീണ്ട കഠിനാധ്വാനത്തിലൂടെ പഠിച്ചെഴുതുന്ന നീറ്റ് പരീക്ഷയിലെ ക്രമക്കേട് വിദ്യാർഥികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പ്രതീക്ഷകളും സ്വപ്നങ്ങളുമാണ് തകർത്തത്. വിവിധ ബാച്ചുകളിലായി നടത്തിയ പരീക്ഷകളിൽ സമയ നഷ്ടമുണ്ടായത് നികത്തുന്നതിന്റെ ഭാഗമായി അശാസ്ത്രീയമായി ഗ്രേസ് മാർക്ക് നൽകിയതിലൂടെ കുറച്ച് വിദ്യാർഥികൾക്ക്

അനർഹമായി മാർക്ക് ലഭിക്കാനിടയായി. ഹരിയാനയിലെ ഒരു സെന്ററിൽ പരീക്ഷയെഴുതിയ വിദ്യാർഥികൾ 720-ൽ 720 മാർക്ക് സ്കോർ ചെയ്തതും പ്രവേശന പരീക്ഷയിൽ അസാധ്യമായ 718, 719 എന്നീ മാർക്കുകൾ നേടാനിടയായതും രാജസ്ഥാൻ, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ ചോദ്യപേപ്പർ സാമൂഹിക മാധ്യമങ്ങൾ വഴി ചോർന്നതും അപേക്ഷകളുടെ ആപ്ലിക്കേഷൻ നമ്പറിന്റെ അടിസ്ഥാനത്തിൽ ടൈ ബ്രേക്കിംഗിന്റെ രീതി ആവിഷ്കരിച്ചതും പരീക്ഷയുടെ വിശ്വാസ്യതയെത്തന്നെ ചോദ്യം ചെയ്യുന്നതായിരുന്നു. ഇതിനെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ട കേസിൽ ഗ്രേസ് മാർക്ക് ഒഴിവാക്കുന്നതിന് അവർ ആവശ്യപ്പെട്ടാൽ പുനഃപരീക്ഷ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ടെന്ന് യൂണിയൻ സർക്കാർ ബഹുമാനപ്പെട്ട കോടതിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ ചോദ്യപേപ്പർ ചോർച്ചയ്ക്ക് തെളിവില്ലെന്ന നിലപാടാണ് യൂണിയൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രഖ്യാപിച്ചത്. ഇതിന്റെ പിന്നാലെ നെറ്റ് പരീക്ഷയിലും ക്രമക്കേടുണ്ടായതായി കണ്ടെത്തിയ സാഹചര്യത്തിൽ പരീക്ഷ റദ്ദ് ചെയ്ത് പുനഃപരീക്ഷ നടത്തുന്നതിന് എൻ.ടി.എ. (National Testing

Agency) തീരുമാനിച്ചു. അതോടൊപ്പം സി.എസ്.ഐ.ആർ. നെറ്റ് പരീക്ഷയും(Council of Scientific and Industrial Research National Eligibility Test) നീറ്റ് മെഡിക്കൽ പി.ജി. പ്രവേശന പരീക്ഷയും നിശ്ചയിച്ച സമയത്ത് നടത്താതെ റദ്ദ് ചെയ്യുകയുണ്ടായി. കഠിനാധ്വാനം ചെയ്ത് പരീക്ഷയ്ക്ക് തയ്യാറെടുക്കുകയും ദീർഘദൂരം യാത്ര ചെയ്ത് അന്യ സംസ്ഥാനങ്ങളിലെ പരീക്ഷാ കേന്ദ്രങ്ങളിലെത്തുകയും ചെയ്ത പരീക്ഷാർഥികൾക്ക് പരീക്ഷ റദ്ദ് ചെയ്ത നടപടി കനത്ത മാനസിക സമ്മർദ്ദവും ധനനഷ്ടവുമുണ്ടാക്കിയിട്ടുണ്ട്.

രാജ്യത്തെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി നിർണ്ണയിക്കുന്ന പരീക്ഷകൾ കുറ്റമറ്റരീതിയിൽ, വിശ്വാസ്യതയോടെ നടത്താൻ ചുമതലപ്പെട്ട എൻ.ടി.എ. തങ്ങൾക്കതിന് സാധിക്കില്ലെന്ന് ആവർത്തിച്ച് തെളിയിച്ച് കഴിഞ്ഞു. മുമ്പ് സംസ്ഥാനതലത്തിൽ കുറ്റമറ്റ രീതിയിൽ നടത്തിപ്പോന്നിരുന്ന മെഡിക്കൽ പ്രവേശന പരീക്ഷകൾ നിർത്തലാക്കിയാണ് ദേശീയതലത്തിൽ നീറ്റ് പരീക്ഷ ഏർപ്പെടുത്തിയത്. കേരളത്തിൽ പരീക്ഷ എഴുതിയ ലക്ഷക്കണക്കിന് വിദ്യാർഥികളെയും രക്ഷിതാക്കളെയും ആശങ്കയുടെ മുൾമുനയിൽ നിർത്തുകയും കുട്ടികളുടെ ഭാവിയെ

അനിശ്ചിതത്വത്തിലാക്കുകയും ചെയ്യുന്ന എൻ.ടി.എ.-യുടെ നടപടികളെയും അതിനെ പിന്തുണയ്ക്കുന്ന യൂണിയൻ ഗവൺമെന്റിന്റെ നയങ്ങളെയും സഭ ശക്തമായി അപലപിക്കുന്നു. അതോടൊപ്പം മെഡിക്കൽ പ്രവേശനത്തിനായി കാത്തിരിക്കുന്ന, സംസ്ഥാനത്തെ വിദ്യാർഥികളുടെയും അവരുടെ രക്ഷിതാക്കളുടെയും ഭീതിയും ഉത്കണ്ഠയും ദൂരീകരിക്കുന്നതിന് അടിയന്തരവും വിശ്വാസയോഗ്യവുമായ നടപടികൾ സ്വീകരിക്കണമെന്ന് യൂണിയൻ ഗവൺമെന്റിനോട് സഭ ആവശ്യപ്പെടുന്നു." എന്ന സബ്സ്റ്റാന്റീവ് മോഷൻ ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, മഹാരാഷ്ട്ര, തമിഴ്നാട് എന്നീ സംസ്ഥാന സർക്കാരുകൾ ഒരു നിലപാട് പറഞ്ഞിട്ടുണ്ട്. ഡോ. എം. കെ. മുനീർ ഇവിടെ പറഞ്ഞതുപോലെ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ മുമ്പ് കൂറ്റമറ്റ രീതിയിലാണ് പരീക്ഷകൾ നടത്തിക്കൊണ്ടിരുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇവിടെ പറയുകയുണ്ടായി. നാളിതുവരെ അതിന് യാതൊരു പരാതിയുമുണ്ടായിട്ടില്ല. അത്തരത്തിൽ പരീക്ഷ നടത്താനുള്ള അധികാരം

സംസ്ഥാന സർക്കാരിന് തിരിച്ചേല്പിക്കണം എന്ന ഒരു ഡിമാൻഡ് കൂടി ഈ ഉപക്ഷേപത്തിൽ ഉൾപ്പെടുത്തണ്ടേ? അല്ലാത്തപക്ഷം കാര്യമാത്ര പ്രസക്തമല്ലാത്ത ഒരു ഉപേക്ഷപമാണെന്ന തോന്നലുണ്ടാകുന്നതാണ്. പ്രസ്തുത ഉപക്ഷേപത്തിലൂടെ കേന്ദ്ര സർക്കാരിനോട് അത്തരമൊരു ആവശ്യംകൂടി ഉന്നയിച്ചുകൂടേ?

തദ്ദേശസ്വയംഭരണ– എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, അംഗങ്ങൾ പരസ്പരം ചർച്ച ചെയ്തശേഷമാണ് പ്രമേയത്തിന്റെ ഉള്ളടക്കം അംഗീകരിച്ചിട്ടുള്ളത്. തൽക്കാലം ഇങ്ങനെയൊരു നിലപാടിൽത്തന്നെ നിൽക്കുന്നതായിരിക്കും ഉചിതം.

ശ്രീ. ടി. സിദ്ദിഖ്: സർ, പി.ജി. നെറ്റ് കൂടി ഉൾപ്പെടുത്തണമായിരുന്നു.

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ്, ഇത് സമവായത്തിലൂടെ അംഗീകരിച്ച് വന്നിട്ടുള്ളതാണ്. ഇക്കാര്യങ്ങളൊക്കെ നേരത്തെ സൂചിപ്പിക്കേണ്ടതായിരുന്നു.

ശ്രീ. എം. ബി. രാജേഷ്: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി അവതരിപ്പിച്ച സബ്സ്റ്റാന്റീവ് ഉപക്ഷേപത്തെ അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

സബ്സ്റ്റാന്റീവ് ഉപക്ഷേപം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

IX. ധനകാര്യം

2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം.
ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും
ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാംനമ്പർ ധനാഭ്യർത്ഥനയുടെയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും

എന്ന XXIV-ാംനമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2024-25 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2024-25				
		15-02-2024-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക		
		റവന്യൂ (₹)	മൂലധനം (₹)	റവന്യൂ (₹)	മൂലധനം (₹)	ആകെ (₹)
(1)	(2)	(3)	(4)	(5)	(6)	(7)
XVII	വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം.	7986,13,23,000	148,21,34,000	16050,52,47,000	296,42,68,000	16346,95,15,000

XXIV	തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും	350,25,35,000	63,00,01,000	700,50,73,000	126,00,01,000	826,50,74,000
XXIX	കൃഷി	1007,68,67,000	126,46,16,000	2015,37,35,000	252,92,32,000	2268,29,67,000

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാംനമ്പർ ധനാഭ്യർത്ഥനയേയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാംനമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: മൂന്ന് ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്. താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XVII

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. അനൂപ് ജേക്കബ്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഉച്ചഭക്ഷണ പദ്ധതിക്ക് സമയബന്ധിതമായി ഫണ്ട് അനുവദിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മലബാർ മേഖലയിൽ പുതിയ പ്ലസ് ടു ബാച്ചുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റുകളുടെ കുറവ് പരിഹരിക്കുന്നതിന് മറ്റ് പ്രദേശങ്ങളിലെ കുട്ടികൾ കുറഞ്ഞ ബാച്ചുകൾ മലബാറിലേക്ക് മാറ്റണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർവ്വകലാശാലകളിൽ നാലുവർഷ കോഴ്സുകൾ നടപ്പിലാക്കുമ്പോൾ അധ്യാപകരുടെ ജോലിഭാരം വർദ്ധിക്കുന്നത് ഒഴിവാക്കാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താതിരിക്കുന്നതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എയ്ഡഡ് വിദ്യാലയങ്ങളിലെ നിയമന അംഗീകാരം, തസ്തിക നിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട ഫയലുകളിൽ രണ്ടുവർഷമായിട്ടും തീർപ്പുകൽപ്പിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഹയർസെക്കന്ററി സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിക്കുന്നതിന് പകരം, ക്ലാസുകളിൽ അധിക സീറ്റുകൾ അനുവദിക്കുന്നതുവഴി ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന പ്രതിസന്ധി

സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്കൂളുകളിലെ സൗജന്യ ഉച്ചഭക്ഷണ പദ്ധതിക്കുള്ള ഫണ്ടിന്റെ കുടിശ്ശികയടക്കം വിതരണം ചെയ്യുന്നതിനും ഭക്ഷ്യസാധനങ്ങളുടെ വിപണി വിലയ്ക്ക് അനുസൃതമായി നിരക്ക് പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മലബാർ മേഖലയിൽ പ്ലസ് വൺ പ്രവേശനത്തിൽ

പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭിന്നശേഷി സംവരണം സമയബന്ധിതമായി നടപ്പാക്കിക്കൊണ്ട് സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുവാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സുകൾ

നിർത്തലാക്കാൻ തീരുമാനം കൈക്കൊണ്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അക്കാദമിക വർഷം ആരംഭിക്കുന്നതിനുമുമ്പ് സ്കൂളുകളിലെ കുടിവെള്ള സ്രോതസ്സുകൾ മാലിന്യമുക്തമാണെന്ന് പരിശോധിച്ച് ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കൗമാരക്കാരായ വിദ്യാർഥികളിലെ ആത്മഹത്യാ പ്രവണത തടയുന്നതിനും മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിനും

പാഠ്യപദ്ധതിയിൽ പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്കൂൾ ഏകീകരണം നടപ്പാക്കുന്നത് സംബന്ധിച്ച് അദ്ധ്യാപകരും പൊതുസമൂഹവും ഉയർത്തിയിട്ടുള്ള ആശങ്കകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്കൂൾ പാചക തൊഴിലാളികളുടെ വേതന കുടിശ്ശിക

അടിയന്തരമായി വിതരണം ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്ലസ് വൺ അഡ്മിഷനുവേണ്ടിയുള്ള മൂന്നാം ഘട്ട അലോട്ട്മെന്റും അവസാനിച്ചപ്പോൾ മലപ്പുറം ജില്ലയടക്കമുള്ള മലബാർ മേഖലയിൽ ഇഷ്ടപ്പെട്ട സ്കൂളുകളിലേയ്ക്കോ കോഴ്സുകളിലേയ്ക്കോ അഡ്മിഷൻ ലഭിക്കാതെ ആയിരക്കണക്കിന് വിദ്യാർഥികളും രക്ഷിതാക്കളും കടുത്ത ആശങ്കയിലാണെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,63,46,95,15,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച

ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്

2. ശ്രീ. ടി. വി. ഇബ്രാഹിം

3. ഡോ. എം. കെ. മുനീർ

4. ശ്രീ. കെ. പി. എ. മജീദ്

5. ശ്രീ. എൻ. ഷംസുദ്ദീൻ

6. ശ്രീ. പി. ഉബൈദുള്ള

7. ശ്രീ. സനീഷ്കുമാർ ജോസഫ്

8. ശ്രീ. സജീവ് ജോസഫ്

9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ധനാഭ്യർത്ഥന നമ്പർ XXIV

തൊഴിലും തൊഴിലാളിക്ഷേമവും

പ്രവാസി ക്ഷേമവും

ഡോ. എം. കെ. മുനീർ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപ ഒരു രൂപയായി കുറവ്

ചെയ്യേണ്ടതാണ് (ഐ.ടി. മേഖലയിലെ ചൂഷണം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (രജിസ്റ്റർ ചെയ്തിട്ടുള്ളതിനേക്കാൾ കൂടുതൽ അതിഥി തൊഴിലാളികൾ സംസ്ഥാനത്ത് ജോലി ചെയ്യുന്നതായുള്ള പരാതിയിന്മേൽ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിമാനയാത്രക്കൂലി അടിക്കടി വർദ്ധിപ്പിക്കുന്നതുമൂലം ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവർ നേരിടുന്ന ബുദ്ധിമുട്ടുകൾ

പരിഹരിക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രവാസി ക്ഷേമപദ്ധതികൾ ക്രിയാത്മകമായി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഗിഗ് തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത

സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും ഉടമകൾ ഉപേക്ഷിച്ചുപോയ തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമത്തിനും നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അതിഥി തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം അടക്കമുള്ള വിവരശേഖരണം നടത്തുന്നതിൽ പരാജയപ്പെട്ടതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിവിധ ക്ഷേമനിധി ബോർഡുകളിൽനിന്നും നല്കിവന്നിരുന്ന പെൻഷൻ ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ മുടങ്ങിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്:സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (യുവാക്കൾക്ക് വിദ്യാഭ്യാസ യോഗ്യതയുടെയും നൈപുണ്യത്തിന്റെയും അടിസ്ഥാനത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ

സൃഷ്ടിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം:സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികളെ ഒഴിവാക്കിക്കൊണ്ട് യൂണിവേഴ്സിറ്റികളിലും സ്കൂളുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും താൽക്കാലിക അടിസ്ഥാനത്തിൽ സ്വന്തക്കാരെയും പാർട്ടിക്കാരെയും നിയമിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,26,50,74,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച

ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. ടി. ജെ. വിനോദ്

2. ശ്രീ. അനൂപ് ജേക്കബ്

3. ശ്രീ. ടി. വി. ഇബ്രാഹിം

4. ഡോ. എം. കെ. മുനീർ

5. ശ്രീ. കെ. പി. എ. മജീദ്

6. ശ്രീ. എൻ. ഷംസുദ്ദീൻ

7. ശ്രീ. പി. ഉബൈദുള്ള

8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

9. ശ്രീ. അൻവർ സാദത്ത്

10. ശ്രീ. ടി. സിദ്ദിഖ്

11. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

12. ശ്രീ. എം. വിൻസെന്റ്

13. ശ്രീ. സി. ആർ. മഹേഷ്

ധനാഭ്യർത്ഥന നമ്പർ XXIX –കൃഷി

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ഡോ. എം. കെ. മുനീർ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കനത്ത ചൂടിലും വരൾച്ചയിലും സംസ്ഥാനത്തെ കർഷകർക്കുണ്ടായ നഷ്ടം നികത്തുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭം, കാലാവസ്ഥാ വ്യതിയാനം എന്നിവമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് യഥാസമയം നഷ്ടപരിഹാരം നൽകാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (കർഷകരിൽനിന്നും നെല്ല് സംഭരിച്ച ഇനത്തിൽ കൊടുത്ത് തീർക്കാനുള്ള തുക നൽകുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാർഷികോൽപന്നങ്ങളുടെ വിലയിടിവ് തടയുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വരൾച്ചമൂലം സംസ്ഥാനത്ത് ഈ വർഷമുണ്ടായ കൃഷിനാശത്തിലൂടെ ദുരിതത്തിലായ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കാത്തതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നെല്ല് സംഭരണത്തിൽ ക്രമക്കേടുകൾ നടന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നെല്ലിന്റെ സംഭരണവില ഉൾപ്പെടെ നെൽക്കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ്

ചെയ്യേണ്ടതാണ് (നാളികേരത്തിന്റെ താങ്ങുവില ഉയർത്തുന്നതിനും കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റബ്ബർ വിലസ്ഥിരത ഉറപ്പാക്കുന്നതിനും കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കർഷക ക്ഷേമനിധി ബോർഡിന്റെ സ്കീം അംഗീകരിച്ച് പ്രവർത്തനമാരംഭിക്കുന്നതിനും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും സാധിക്കാത്തതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കർഷകരിൽനിന്നും നെല്ല് സംഭരിച്ചതിനുള്ള പ്രതിഫലത്തുക പി.ആർ.എസ്. ആയി നൽകി അവരുടെ പേരിലുള്ള വായ്പയാക്കി മാറ്റിയ നടപടി കർഷകരുടെ സിബിൽ സ്കോറിനെ ദോഷകരമായി ബാധിച്ചതായും അതുമൂലം അവർക്ക് കാർഷിക വായ്പകൾ എടുക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാര വിതരണത്തിന് സമയബന്ധിതമായി

നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റബ്ബർ കർഷകർ നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പച്ചക്കറികൾക്ക് താങ്ങുവില പ്രഖ്യാപിക്കുക വഴി പച്ചക്കറികളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (മത്സ്യ കർഷകർക്ക് പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാർഷികോല്പന്നങ്ങൾക്ക് അടിസ്ഥാന വിലയും കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരവും അവകാശമാക്കി മാറ്റുന്നതിന് നിയമനിർമ്മാണം നടത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പഴം-പച്ചക്കറി ഉല്പന്നങ്ങൾ കോഴിക്കോട് വിമാനത്താവളം വഴി കയറ്റുമതി ചെയ്യുന്നതിന് പ്രത്യേക പദ്ധതികളും നടപടികളും ആവിഷ്കരിക്കണമെന്ന

ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,68,29,67,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്
2. ഡോ. എം. കെ. മുനീർ
3. ശ്രീ. കെ. പി. എ. മജീദ്
4. ശ്രീ. എം. ഷംസുദ്ദീൻ
5. ശ്രീ. നജീബ് കാന്തപുരം
6. ശ്രീ. പി. ഉബൈദുള്ള
7. ശ്രീ. സി. ആർ. മഹേഷ്
4. ശ്രീ. ടി. ജെ. വിനോദ്

മി. സ്പീക്കർ: പൊതുചർച്ച ആരംഭിക്കുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ സമയകൃത്യത പാലിക്കേണ്ടതാണ്.

ഡോ. കെ. ടി. ജലീൽ: സർ, ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഉന്നത വിദ്യാഭ്യാസരംഗത്ത് ഇന്നോളം അനുവർത്തിച്ചു വന്നിരുന്ന രീതിയിൽനിന്ന് വ്യത്യസ്തമായി ഈ അധ്യയന വർഷംമുതൽ നാം ഒരു നവപാതയിലൂടെ സഞ്ചരിക്കാൻ പോവുകയാണ്. മൂന്ന് വർഷത്തെ ഡിഗ്രി കോഴ്സ് നാലുവർഷ കോഴ്സാകുന്നതോടെ ഡിഗ്രിയുടെ ഘടനയും സിലബസുമെല്ലാം മാറുകയാണ്. പ്രൊഫഷണൽ കോഴ്സുകൾക്ക് മാത്രം പരിചിതമായിരുന്ന തൊഴിൽ പരിശീലനം ആർട്സ് ആൻഡ് സയൻസ് കോളേജുകളിലേയ്ക്കുകൂടി ഒരുപക്ഷെ വ്യാപിച്ചേക്കാം. യു.ജി.സി. മുന്നോട്ടുവയ്ക്കുന്ന എല്ലാ നിർദ്ദേശങ്ങളും സംസ്ഥാനങ്ങൾ അതേപടി പകർത്തേണ്ടതില്ല. ഒരു വർഷം പഠനം പൂർത്തിയാക്കി പോകുന്ന കുട്ടികൾക്ക് സർട്ടിഫിക്കറ്റ് കൊടുക്കണമെന്നാണ് പുതിയ ഡിഗ്രി കോഴ്സുകളെക്കുറിച്ച് യു.ജി.സി. പറയുന്നത്. രണ്ടാം വർഷം പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന കുട്ടികൾക്ക് ഡിപ്ലോമ സർട്ടിഫിക്കറ്റും മൂന്നാം

വർഷം ഡിഗ്രി പഠനം പൂർത്തിയാക്കി പുറത്തുപോകുന്ന കുട്ടികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റും നാല് വർഷം ഡിഗ്രി പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന കുട്ടികൾക്ക് Honours Degree സർട്ടിഫിക്കറ്റും നൽകുമെന്നതാണ് യു.ജി.സി.-യുടെ നിർദ്ദേശം. കേരളം അതിൽ രണ്ട് നിർദ്ദേശങ്ങൾ മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്. ഒന്നാം വർഷ പഠനം പൂർത്തിയാക്കി പോകുന്ന കുട്ടികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതും രണ്ട് വർഷത്തെ പഠനം പൂർത്തിയാക്കി പോകുന്ന കുട്ടികൾക്ക് ഡിപ്ലോമ സർട്ടിഫിക്കറ്റ് നൽകുന്നതും കേരളം നിരാകരിച്ചിരിക്കുകയാണ്. എന്നാൽ, മൂന്നാം വർഷം പഠനം പൂർത്തിയാക്കി പോകുന്ന കുട്ടികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റും നാലാം വർഷം പഠനം പൂർത്തിയാക്കി പോകുന്ന കുട്ടികൾക്ക് Honours Degree സർട്ടിഫിക്കറ്റും നൽകും. വിദേശ സർവ്വകലാശാലകളിൽ നാലുവർഷം Honours Degree കോഴ്സെടുക്കുന്ന കുട്ടികൾക്ക് പോസ്റ്റ് ഗ്രാജ്യുവേഷൻ ഒരു വർഷംകൊണ്ട് പൂർത്തിയാക്കാനാകും. അവിടെ എം.എസ്. (മാസ്റ്റർ ഓഫ് സയൻസ്) പോസ്റ്റ് ഗ്രാജ്യുവേഷന് ഒരു വർഷത്തെ കാലാവധി മാത്രമേയുള്ളൂ. തത്വത്തിൽ പ്ലസ് ടു കഴിഞ്ഞാൽ നാലുവർഷത്തിനുപുറമെ ഒരുവർഷം കൂടി

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. ടി. സിദ്ദിഖ്]

ചേർത്ത് അഞ്ച് വർഷമെന്നതാണ് പുതുതായി നിലവിൽ വന്നിരിക്കുന്ന സംവിധാനം. സമാനമായ രീതിതന്നെ കേരളത്തിലും നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള ആലോചനകൾ സഗൗരവം മുന്നോട്ടുപോകേണ്ടതുണ്ട്. രണ്ട് വർഷത്തെ പി.ജി. കോഴ്സുകൾ എന്നത് ഒരു വർഷത്തെ പി.ജി. കോഴ്സെന്ന നിലയിലേയ്ക്ക് മാറേണ്ടതായി വരും. സിലബസ്സിന്റെ ഉള്ളടക്കത്തെക്കുറിച്ച് യു.ജി.സി. മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശം കേരളത്തിൽ എത്രത്തോളം പ്രായോഗികമാണെന്ന കാര്യം ഗൗരവത്തോടെ കാണേണ്ടതുണ്ട്. നാലുവർഷത്തെ ഡിഗ്രി കോഴ്സുകൾക്ക് കുട്ടികൾ മൂന്ന് വിഷയങ്ങൾ തിരഞ്ഞെടുക്കുന്നു. ഒരു വർഷം പൂർത്തിയാകുമ്പോൾ അതിൽ കുട്ടികൾക്ക് ആഭിമുഖ്യമില്ലാത്ത ഒരു വിഷയം ഒഴിവാക്കപ്പെടുന്നു. അതായത്, മൈനർ വിഷയമായി മാറുന്നു. രണ്ടാം വർഷം പൂർത്തിയായാൽ കുട്ടികൾക്ക് ഇതേ രീതി അവലംബിക്കാവുന്നതാണ്, അതായത്, അവർക്ക് താല്പര്യമില്ലാത്ത രണ്ടാമത്തെ വിഷയവും ഡ്രോപ് ചെയ്താൽ അതും മൈനർ വിഷയമായി മാറും. മൂന്നാം വർഷവും നാലാം വർഷവും കുട്ടികൾ മെയിൻ

സബ്ജക്ടാണ് പഠിക്കുന്നത്. നിലവിൽ ഈ രീതി IISER (Indian Institute of Science Education and Research)-ൽ മാത്രമാണ് നിലനിൽക്കുന്നത്. ഒരു കൂട്ടി ഡിഗ്രിക്ക് ഫിസിക്സ്, ബയോളജി, കെമസ്ട്രി എന്നീ വിഷയങ്ങൾ പഠിക്കാനായി തിരഞ്ഞെടുത്താൽ ആദ്യവർഷം ഈ മൂന്ന് വിഷയങ്ങളും ഒരുമിച്ച് പഠിക്കണം. ഒന്നാം വർഷം പൂർത്തിയാകുമ്പോൾ ഈ മൂന്നിൽനിന്ന് ഏതെങ്കിലുമൊരു സബ്ജക്ട് അവർക്ക് മൈനർ സബ്ജക്ടാക്കി മാറ്റാം. രണ്ടാമത്തെ വർഷം ബാക്കി രണ്ട് വിഷയങ്ങൾ മാത്രമെ പഠിക്കേണ്ടതുള്ളൂ. രണ്ടാം വർഷം പൂർത്തിയായാൽ ആ രണ്ട് വിഷയങ്ങളിലൊന്ന് ഡ്രോപ്പ് ചെയ്ത് ഒരു വിഷയം പ്രധാന വിഷയമാക്കി മാറ്റേണ്ടതായി വരും. മൂന്നാം വർഷവും നാലാം വർഷവും ഈ പ്രധാന വിഷയം മാത്രമായിരിക്കും പഠിക്കേണ്ടത്. ഇത്തരമൊരു സംവിധാനം നമ്മുടെ നാട്ടിൽ നിലവിൽ വരുമ്പോൾ ഇവിടത്തെ ഗവൺമെന്റ് കോളേജുകളിലും എയ്ഡഡ് കോളേജുകളിലും അതിനുള്ള ഇൻഫ്രാസ്ട്രക്ചർ ഉണ്ടോ എന്ന കാര്യം പരിശോധിക്കപ്പെടണം. കേരളത്തിലെന്ന് മാത്രമല്ല, ഇന്ത്യയിൽതന്നെ വളരെ പ്രശസ്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നായ IISERs-ലെ പഠന

സൗകര്യങ്ങൾ എങ്ങനെ ഇവിടത്തെ കോളേജുകളിൽ ഒരുക്കാൻ സാധിക്കുമെന്നത് സംബന്ധിച്ച് ഗഹനമായ ചർച്ചകൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇന്ത്യയിലെ സ്വാതന്ത്ര്യാനന്തര പഠന സമ്പ്രദായത്തെ പലരും വിമർശിക്കുന്നത് കണ്ടിട്ടുണ്ട്. ലോകത്തിലെ പ്രശസ്തമായ സ്ഥാപനങ്ങളോ കമ്പനികളോ പരിശോധിച്ചാൽ അവിടെയൊക്കെ നമ്മുടെ പരമ്പരാഗത രീതിയിൽ പഠനം പൂർത്തീകരിച്ച നിരവധി കുട്ടികളെയും പ്രഗത്ഭരെയും കാണാൻ കഴിയും. അടിസ്ഥാനപരമായ പരിഷ്കാരങ്ങൾ കൊണ്ടുവരുമ്പോൾ അതിന്റെ അനന്തര ഫലങ്ങളെക്കുറിച്ചുകൂടി നാം ബോധവാന്മാരാകേണ്ടതുണ്ട്. ഒന്നുമുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിൽ സിലബസ്സിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം. പ്ലസ് ടു പഠന സൗകര്യം, മലബാറിൽ പ്രത്യേകിച്ചും മലപ്പുറത്ത് ഹയർ സെക്കൻഡറി സംവിധാനം നിലവിൽ വന്ന അന്നുമുതൽ ഒരു പ്രശ്നമായി നിലനിൽക്കുകയാണ്. കഴിഞ്ഞ 8 വർഷമായി ഉയർന്നുവന്നിട്ടുള്ള പ്ലസ് ടു-വിന് സീറ്റ് കുറവ് എന്ന രീതിയിലുള്ള പ്രചാരണം ദുരുപദിഷ്ടമാണ്. എന്നാണോ പ്ലസ് ടു ആരംഭിച്ചത് അന്നുമുതൽ ഈ പ്രശ്നം മലബാറിലും

മലപ്പുറത്തും നിലനിൽക്കുന്നുണ്ട്. കോളേജുകളിൽനിന്നും പ്രീഡിഗ്രി ഡീലിങ്ക് ചെയ്തത് ആര് ഭരിക്കുന്ന സമയത്താണ്; അന്നുമുതൽ ഈ പ്രശ്നം നിലനിൽക്കുന്നു. കേരളത്തിൽ ഇക്കാലമത്രയും യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം മാറിമാറി ഭരിക്കുന്ന പതിവാണ് നിലനിന്നിരുന്നത്. എന്നാൽ 2021-ലാണ് അതിന് ഒരു മാറ്റമുണ്ടായത്. 2015-16-ൽ യു.ഡി.എഫ്. ഭരണത്തിന്റെ അവസാന വർഷത്തിൽ മലപ്പുറത്ത് പ്ലസ് ടു-ന് പ്രവേശനം കിട്ടാതെ SCOLE-Kerala (State Council for Open and Life Long Education)-ൽ സ്വകാര്യ പഠനത്തിന് രജിസ്റ്റർ ചെയ്തിരുന്ന കുട്ടികളുടെ എണ്ണം 25000-ൽ അധികമാണ്. 2023-24 അദ്ധ്യയന വർഷത്തിൽ മലപ്പുറത്ത് SCOLE-കേരളയിൽ രജിസ്റ്റർ ചെയ്ത കുട്ടികളുടെ എണ്ണം 12000 ആയി ചുരുങ്ങിയിരിക്കുകയാണ്. പ്രതിപക്ഷം വിമർശിക്കുന്നതിൽ തെറ്റില്ല; പക്ഷേ യാഥാർത്ഥ്യവുംകൂടി അവർ പറയണ്ടേ? 25000-ൽ നിന്നും സീറ്റ് കിട്ടാത്ത കുട്ടികളുടെ എണ്ണം 12000 ആയി കുറച്ച ബഹുമാനപ്പെട്ട മന്ത്രി വി. ശിവൻകുട്ടിയെ അഭിനന്ദിക്കുന്നതിന് പ്രതിപക്ഷം തയ്യാറാകണ്ടേ? 185 പ്ലസ് ടു സ്കൂളുകൾ മലബാറിൽ മാത്രമായി അനുവദിച്ച മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി

ശ്രീ. എം. എ. ബേബിയെ മറക്കാൻ എങ്ങനെ മലബാറുകാർക്കും മലപ്പുറത്തുകാർക്കും സാധിക്കും? ചരിത്രത്തിൽ ആദ്യമായിട്ടായിരുന്ന അന്നത്തെ വി. എസ്. സർക്കാരിന്റെ ഭരണകാലത്ത് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. എ. ബേബി ആ പ്രദേശത്ത് അത്തരത്തിൽ സ്കൂളുകൾ അനുവദിച്ചത്. മലപ്പുറത്തെ കുട്ടികൾ പതിനൊന്നും പന്ത്രണ്ടും ക്ലാസുകളിൽ മാത്രം സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പഠിച്ചാൽ മതിയോ? ഇവിടെ ചില ആളുകൾ പറയുന്നത് കേട്ടാൽ പതിനൊന്നും പന്ത്രണ്ടും ക്ലാസിൽ ഫീസ് കൊടുത്ത് പഠിക്കാൻ കഴിയില്ലെന്ന് തോന്നും. അൺ എയ്ഡഡ് സ്കൂളുകളിൽ സീറ്റുകൾ വർധിപ്പിക്കാനേ പാടില്ല. മലപ്പുറം ജില്ലയിൽ അൺ എയ്ഡഡ് സ്കൂളുകളിൽ ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾ 93000-ൽ അധികമാണ്. ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ സൗജന്യ വിദ്യാഭ്യാസമാണ്. നമ്മുടെ കുട്ടികൾ ഫീസ് കൊടുത്ത് അൺ എയ്ഡഡ് സ്കൂളുകളിൽ എന്തിന് പോകണം? ആ കുട്ടികളെ പൊതു വിദ്യാലയങ്ങളിലേക്ക് കൊണ്ടുവരാൻ വേണ്ടിയാണ് ഈ സർക്കാർ പൊതുവിദ്യാഭ്യാസ യജ്ഞം തുടങ്ങിയത്. പൊതുവിദ്യാഭ്യാസ

യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ നന്നാക്കുന്നതിനും കൂടുതൽ കുട്ടികൾ വരുമെന്നുള്ള പ്രതീക്ഷയിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും പണം അനുവദിക്കപ്പെട്ട ജില്ല മലപ്പുറമാണെന്ന കാര്യം മറക്കരുത്. മലപ്പുറം ജില്ലയിലെ സി.ബി.എസ്.ഇ. സ്കൂളുകളിൽ മുപ്പതിനായിരത്തിലധികം കുട്ടികൾ പഠിക്കുന്നു. സി.ബി.എസ്.ഇ. അൺ എയ്ഡഡ് സ്കൂളുകളിലെ ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ ഒന്നേകാൽ ലക്ഷം കുട്ടികളാണ് പഠിക്കുന്നത്. ഇക്കഴിഞ്ഞ അധ്യയന വർഷം പതിനായിരത്തിലധികം കുട്ടികളാണ് അൺ എയ്ഡഡ്/ സ്റ്റേറ്റ് സ്കൂളുകളിൽനിന്നും സി.ബി.എസ്.ഇ. സ്കൂളുകളിൽ നിന്നുമായി പത്താം ക്ലാസ് പാസായത്. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ ഭാഷയിൽ പറഞ്ഞാൽ, ഈ പതിനായിരത്തിലധികം കുട്ടികൾ ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ 'കേക്ക്' തിന്ന് വളർന്നവരാണ്. എന്നാൽ പതിനൊന്നും പന്ത്രണ്ടും ക്ലാസുകളിൽ കഴിക്കാൻ 'ബ്രെഡ്' മതിയെന്നാണ് അവർ പറയുന്നത്. ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ ഫീസ് കൊടുത്ത് പഠിക്കേണ്ട വല്ല കാര്യവുമുണ്ടോ ശ്രീ. ടി. വി. ഇബ്രാഹിം? നമ്മുടെ ജില്ലയിൽ അപ്രകാരം പഠിക്കുന്ന

ഒന്നേകാൽ ലക്ഷം കുട്ടികളെ പൊതു വിദ്യാലയങ്ങളിലേക്ക് കൊണ്ടുവരുന്നതിന് ഒരു ക്യാമ്പയിൻ നടത്താൻ ഇത്തരം സമരങ്ങൾക്ക് നേതൃത്വം നൽകുന്ന സംഘടനകൾ തയ്യാറുണ്ടോ? തയ്യാറാകില്ല; കാരണം അവരെല്ലാം ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള അൺ എയ്ഡഡ് സ്കൂളുകളിൽ വിദ്യാഭ്യാസ കച്ചവടം നടത്തുന്നവരാണ്. ഏത് സംഘടനയ്ക്കാണ് വിദ്യാഭ്യാസ കച്ചവടം ഇല്ലാത്തത്; മുസ്ലീം ലീഗിനോട് അഫിലിയേറ്റ് ചെയ്തുനിൽക്കുന്ന, ഇന്ന് സമരത്തിന്റെ മുൻപന്തിയിലുള്ള എല്ലാ സംഘടനകൾക്കും അൺ എയ്ഡഡ് സ്കൂളുകളില്ലേ; ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ 'കേക്ക്' തിന്നാം, എന്നാൽ പതിനൊന്നാം ക്ലാസിലും പന്ത്രണ്ടാം ക്ലാസിലും നമുക്ക് 'ബ്രെഡ്' മതി എന്നുപറയുന്നതിൽ എന്ത് ന്യായമാണുള്ളത്? ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നതിന് സൗകര്യം ഒരുക്കണമെന്നതാണ് എന്റെ അഭിപ്രായം. അത് ഏതെങ്കിലും ഒന്നോരണ്ടോ ക്ലാസുകളിൽ മാത്രം പോരാ; എല്ലാ ക്ലാസുകളിലും ആ സൗകര്യം വേണം. ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ ഒന്നേകാൽ ലക്ഷത്തിലധികം

കുട്ടികൾ മലപ്പുറത്ത് ഫീസ് കൊടുത്ത് പഠിക്കുന്ന സാഹചര്യം ഒഴിവാക്കണം. മലപ്പുറം ജില്ലയിൽ പതിനായിരമോ പതിനയ്യായിരമോ കുട്ടികൾക്കല്ല, പ്ലസ് വണ്ണിനും പ്ലസ് ടുവിനും ഫീസ് കൊടുത്ത് പഠിക്കേണ്ടിവരുന്ന സാഹചര്യമുള്ളതെന്ന കാര്യം ആരും മറന്നുപോകരുത്. അതിനുവേണ്ടി ഒരു ക്യാമ്പയിൽ നടത്തുന്നതിന് മുസ്ലീം ലീഗിന്റെ സുഹൃത്തുക്കൾ തയ്യാറാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. പ്ലസ് വണ്ണിനും പ്ലസ് ടുവിനും ഫീസ് കൊടുത്ത് പഠിക്കുന്നത് സംബന്ധിച്ച് ഘോരഘോരം പ്രസംഗിക്കുന്ന ആരും ഒന്നാം ക്ലാസുമുതൽ പത്താം ക്ലാസുവരെ ഫീസ് കൊടുത്ത് പഠിക്കുന്ന സംവിധാനത്തെക്കുറിച്ച് പറയുന്നില്ല. സൗജന്യ വിദ്യാഭ്യാസം ലഭിക്കുന്നതിനായി സർക്കാർ പുതുതായി നിർമ്മിച്ച കെട്ടിടങ്ങളിലേയ്ക്ക് നമ്മുടെ കുട്ടികളെ അയച്ചുകൂടേ? അതിനെതിരായി ഒരു ചെറുവിരൽപോലും അനക്കാൻ ഇവർക്കാർക്കും ഇന്നുവരെയും കഴിഞ്ഞിട്ടില്ല. മലബാറിന്റെയും മലപ്പുറത്തിന്റെയും പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണ്. ഇരുപതോളം വരുന്ന ഗവൺമെന്റ് ഹൈസ്കൂളുകളെ മുഴുവനും പ്ലസ് ടു സ്കൂളുകളായി ഉയർത്തി ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതോടൊപ്പം മലപ്പുറം ജില്ലയിൽ പുതിയ

ബാച്ചുകൾ അനുവദിച്ചുകൊണ്ട് കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യം ഒരുക്കണം. ഐ.ടി.സി./-ഐ.ടി.ഐ. പഠനം രണ്ടുവർഷംകൊണ്ട് അവസാനിക്കുന്ന സ്ഥിതിയിൽനിന്നും മാറ്റമുണ്ടായത് ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ്. സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായി ഐ.ടി.ഐ.-യിൽ പഠിച്ച ഒരു കുട്ടിക്ക് രണ്ട് വർഷത്തെ ഐ.ടി.ഐ. പഠനം കഴിഞ്ഞാൽ പോളിടെക്നിക്കിൽ ലാറ്ററൽ എൻട്രിയിൽ ഡിപ്ലോമയ്ക്ക് ചേരാനുള്ള സാഹചര്യമൊരുക്കിയ സർക്കാരാണിത്. ഡിപ്ലോമയ്ക്കുശേഷം അവർക്ക് ലാറ്ററൽ എൻട്രിയിലൂടെ എഞ്ചിനീയറിംഗിന് ചേരാൻ സാധിക്കും. മുസ്ലീം ലീഗിന്റെ കൈയിൽ എല്ലാ അധികാരങ്ങളും ഉണ്ടായിരുന്ന കാലത്ത് ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ തടസ്സം നിന്നതും സ്കൂളുകൾ മലബാറിലും മലപ്പുറത്തും മാത്രമായി കൊടുക്കരുതെന്ന് പറഞ്ഞതും കോൺഗ്രസ് നേതാക്കന്മാരാണ്. അഞ്ചാം മന്ത്രി സ്ഥാനം ലീഗിന് നൽകിയപ്പോൾ അത് വലിയ പ്രശ്നങ്ങളുണ്ടാക്കുമെന്നും സാമുദായിക സന്തുലിതത്വം നഷ്ടപ്പെടുത്തുമെന്നും പറഞ്ഞത് ഇടതുപക്ഷമല്ല. സ്വന്തം കഴിവുകേട് മറച്ചുവയ്ക്കാൻ മറ്റുള്ളവരെ പഴി ചാരുന്നത് എന്തിനാണ്? ഇപ്പോൾ നടന്നാൽ

നടന്നു; ഇനിയൊരിക്കലും നടക്കില്ലെന്ന് ലീഗിന് അറിയാം. നിങ്ങൾക്കൊരിക്കലും നടത്താൻ സാധിക്കാത്തത് ഇടതുപക്ഷത്തിനേ കഴിയൂ എന്ന ഉത്തമ ബോധ്യമുള്ളതുകൊണ്ടാണ് ഇടതുപക്ഷം ഭരിക്കുമ്പോൾ നിങ്ങൾ സമരാഭാസവുമായി രംഗത്തുവരുന്നത്. 2015-ലും 2016-ലും 25000 കുട്ടികൾ മലപ്പുറം ജില്ലയിൽ പ്ലസ് വണ്ണിനും പ്ലസ് ടുവിനും SCOLE-കേരളയിൽ രജിസ്റ്റർ ചെയ്തപ്പോൾ ഈ സമരം നടത്തിയവർ എവിടെയായിരുന്നു?

വിശുദ്ധ ഖുറാനിൽ വിഖ്യാതമായ ഒരു വചനമുണ്ട് -

"ലിമ തഖൂലൂന മാലാ തഫ്അലൂൻ കബുറ മഖ്തൻ ഇന്തല്ലാഹ്!"

"നിങ്ങൾ ചെയ്യാത്തതാണോ നിങ്ങൾ മറ്റുള്ളവരോട് കല്പിക്കുന്നതും പറയുന്നതും; അതിനെക്കാൾ വലിയ പാപം മറ്റൊന്നില്ല." അതാണ് എനിക്ക് എന്റെ സുഹൃത്ത് ശ്രീ. ടി. വി. ഇബ്രാഹിമിനെ ഓർമ്മിപ്പിക്കാനുള്ളത്.

<u>ശ്രീ. മാണി സി. കാപ്പൻ</u>: സർ, കേരള സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2024-25 സാമ്പത്തിക വർഷം അവതരിച്ചിച്ച തീർത്തും നിരാശാജനകമായ ബഡ്ജറ്റിനെയും അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെയും ഞാൻ

ശക്തമായി എതിർക്കുകയാണ്. ഈ സർക്കാരിന്റെ ഓരോ ബഡ്ജറ്റ് കഴിയുമ്പോഴും കർഷക ആത്മഹത്യയുടെ എണ്ണം കൂടിവരുന്നു. ഈ അടിസ്ഥാന പ്രശ്നം പരിഹരിക്കുന്നതിന് ഈ ബഡ്ജറ്റിൽ എന്ത് നിർദ്ദേശമാണുള്ളത്? റബ്ബർ കർഷകർക്ക് 250 രൂപ അടിസ്ഥാന വില കൊടുക്കുമെന്ന മോഹന സുന്ദര വാഗ്ദാനം നൽകി അധികാരത്തിലെത്തിയവർ ബഡ്ജറ്റിൽ കേവലം 10 രൂപ മാത്രം വർദ്ധിപ്പിച്ച് റബ്ബർ കർഷകരെ പരസ്യമായി അവഹേളിക്കുകയാണ്. കേന്ദ്രസർക്കാർ നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് ആനുപാതികമായി വില വർദ്ധിപ്പിക്കാൻ കഴിയാത്ത സർക്കാരാണ് ഭക്ഷ്യരംഗത്തെ സ്വയംപര്യാപ്തത സംബന്ധിച്ച് സംസാരിക്കുന്നത്. ഭക്ഷ്യവിളകൾ വ്യാപകമായി കൃഷി ചെയ്യുന്ന സ്ഥലമാണ് കോട്ടയം ജില്ലയിലെ പാല. സീസണിൽ മാത്രം ലഭ്യമാകുകയും വളരെ പെട്ടെന്ന് കേടാകുകയും ചെയ്യുന്ന ധാന്യങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, തോട്ടവിളകൾ എന്നിവ ഇവിടെ വ്യാപകമായി കൃഷി ചെയ്തുവരുന്നു. ഈ അവസ്ഥ പരിഹരിക്കുന്നതിന് പാല കേന്ദ്രമാക്കി

ഭക്ഷ്യവിളകൾ സംഭരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണനം ചെയ്യുന്ന ഒരു കോൾഡ് സ്റ്റോറേജും ഫുഡ് പാർക്കും സ്ഥാപിക്കുകയാണെങ്കിൽ ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനും എല്ലാ സീസണിലും ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിനും നിരവധി ആളുകൾക്ക് തൊഴിലവസരം നൽകുന്നതിനും സാധിക്കും. ലോകബാങ്കിന്റെ സഹായത്തോടെ കേരളസർക്കാർ 1400 കോടി രൂപ മുടക്കി 'കേരള അഗ്രോ ബിസിനസ്സ് കമ്പനി' രൂപീകരിച്ച് സർക്കാർ-സ്വകാര്യ സംയുക്ത സംരംഭമായ കേരള അഗ്രോ ബ്രാൻഡിൽ കൃഷി-മൃഗസംരക്ഷണ-ക്ഷീര വകുപ്പുകളുടെ നേതൃത്വത്തിൽ Value Added Agriculture Mission (VAAM) ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും പിന്നീട് അതുസംബന്ധിച്ച് യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഗവൺമെന്റ് ഉടമസ്ഥതയിൽ യാതൊരു വ്യവസായ സ്ഥാപനങ്ങളും സംരംഭങ്ങളുമില്ലാത്ത പാലായിൽ ഭക്ഷ്യവിളകളുടെ സംഭരണ-സംസ്കരണ ശാലയും ഫുഡ് പാർക്കും സ്ഥാപിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. പ്രകടന പത്രികയിൽക്ഷേമ പെൻഷനുകളുടെ തുക പ്രതിമാസം 2500 രൂപയായി വർദ്ധിപ്പിക്കുമെന്ന് വാഗ്ദാനം നൽകി

അധികാരത്തിലേറിയവർ പെൻഷൻ കാലാനുസൃതമായി വർദ്ധിപ്പിച്ചില്ലെന്ന് മാത്രമല്ല; ഇപ്പോൾ ആറ് മാസത്തിലധികം കുടിശ്ശികയുമാണ്. സർക്കാർ കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ ഇത് പൗരന്റെ അവകാശമല്ലെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഒരു ഇടതുപക്ഷ സർക്കാരിന് എങ്ങനെയാണ് ഇത്തരത്തിൽ സത്യവാങ്മൂലം നൽകാൻ സാധിക്കുന്നത്? കുടിശ്ശിക നൽകുന്നതിനുള്ള ഒരു മാർഗ്ഗവും ബഡ്ജറ്റിൽ പറയുന്നില്ല. ബഡ്ജറ്റിലെ 'പ്ലാൻ ബി' എന്തെന്ന് ധനകാര്യവകുപ്പ് വ്യക്തമാക്കിയിട്ടില്ലെങ്കിലും ഇടുക്കിയിലെ മറിയക്കുട്ടി അത് പ്രാവർത്തികമാക്കിയിരിക്കുന്നു. ഈ മാതൃക കേരളത്തിലെ മുഴുവൻ ജനങ്ങളും പിന്തുടരണമെന്നാണോ സർക്കാർ ആഗ്രഹിക്കുന്നതെന്ന ചോദ്യം ബഡ്ജറ്റിലൂടെ കണ്ണോടിക്കുമ്പോൾ ഒരു സാധാരണക്കാരന്റെ മനസ്സിൽ ഉണ്ടാകുന്നു. മികച്ച വിദ്യാഭ്യാസവും തൊഴിലും തേടി യുവജനങ്ങൾ വിദേശങ്ങളിലേക്ക് കൂട്ടപലായനം നടത്തുകയാണ്. വിദ്യാഭ്യാസത്തിനായി ഫീസിനത്തിലും മറ്റ് ചെലവിനങ്ങളിലുമായി ലക്ഷക്കണക്കിന് രൂപ മുടക്കിയാണ് ഓരോ കുട്ടിയുടെയും മാതാപിതാക്കൾ അവരെ

വിദേശങ്ങളിലേയ്ക്ക് അയയ്ക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഒരേസമയം മസ്തിഷ്കശോഷണവും ധനശോഷണവും സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇത് എത്രനാൾ കണ്ടില്ലെന്ന് നടിക്കാനാകും; അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളെ ജനിച്ച മണ്ണിൽ നിലനിർത്താൻ ഈ സർക്കാരിന് എന്ത് പദ്ധതിയാണുള്ളത്? എന്റെ നിയോജകമണ്ഡലത്തിൽ പാലാ സെന്റ് ജോസഫ് എഞ്ചിനീയറിംഗ് കോളേജും പാലാ സെന്റ് ജോസഫ് കാറ്ററിംഗ് കോളേജുമുണ്ട്. അവിടെ ഒരു ലോ കോളേജിനുവേണ്ടി അവർ അപേക്ഷ നൽകിയിരുന്നു. ഇവിടത്തെ വിദ്യാർഥി/വിദ്യാർഥിനികൾ പൂനെയിലും ബോംബെയിലും ഡൽഹിയിലും മറ്റും പോയാണ് ലോ പഠിക്കുന്നത്. എന്തുകൊണ്ട് പാലായിൽ ഒരു ലോ കോളേജ് അനുവദിച്ചുകൂടാ? ബി.എസ്.സി. നഴ്സിംഗിന്റെ അഡ്മിഷനുവേണ്ടി കുട്ടികൾ നെട്ടോട്ടം ഓടുകയും മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുകയുമാണ്. ബി.എസ്.സി. നഴ്സിംഗ് സീറ്റുകൾ പത്ത് ശതമാനം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. കുട്ടികൾക്ക് ഉച്ചക്കഞ്ഞി നൽകാൻ മാർഗ്ഗമില്ല. ഇതുമായി ബന്ധപ്പെട്ട് പ്രധാന

അദ്ധ്യാപകർക്കുണ്ടായിട്ടുള്ള സാമ്പത്തിക ബാധ്യതമൂലം ആ സ്ഥാനം ഏറ്റെടുക്കാൻ ആരും തയ്യാറാകാത്ത അവസ്ഥയാണുള്ളത്. ഭാവിതലമുറയോട് പ്രതിബദ്ധതയുള്ള ഒരു സർക്കാരിന് ഇത് ഭ്രഷണമാണോ; വിദ്യാഭ്യാസ രംഗത്തെ മേന്മക്കുറവിന്റെയും തകർച്ചയുടെയും ഉത്തമ ഉദാഹരണങ്ങളല്ലേ ഇത്? സാമ്പത്തിക പുരോഗതിയുണ്ടെങ്കിൽ ഏത് സംസ്ഥാനത്തിനും വികസനമുണ്ടാക്കാൻ സാധിക്കും. കൃത്യമായ നികുതി പിരിവിലൂടെ മാത്രമേ അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ ഫണ്ട് സ്വരൂപിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ സാധാരണക്കാരനെ ഞെക്കിപ്പിഴിയുന്ന സർക്കാർ, സർക്കാരിന്റെ ധൂർത്ത് പദ്ധതികളിലൂടെ വൻകിട നികുതിദായകരെ സ്പോൺസർമാരാക്കി നികുതി പിരിവിൽ പൂർണ്ണ പരാജയമെന്ന് തെളിയിച്ചിരിക്കുകയാണ്. മദ്യത്തിന് വില കൂട്ടിയും ദിവസംപ്രതി അച്ചടിക്കുന്ന ലോട്ടറികളുടെ എണ്ണം വർദ്ധിപ്പിച്ചും നാടുനീളെ എ.ഐ. ക്യാമറകൾ സ്ഥാപിച്ചും പെട്രോളിയം ഉല്പന്നങ്ങൾക്ക് സെസ് ഏർപ്പെടുത്തിയും സമസ്ത മേഖലകളിലും നികുതികൾ വർദ്ധിപ്പിച്ചിട്ടും സർക്കാരിന്റെ ധൂർത്തും കെടുകാര്യസ്ഥതയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

സാമ്പത്തിക ബുദ്ധിമുട്ട് നേരിടുമ്പോൾ കേന്ദ്ര അവഗണന എന്ന പല്ലവി പാടാനാണെങ്കിൽ എന്തിനാണ് ഇങ്ങനെയൊരു ബഡ്ജറ്റ്? കടത്തിൽനിന്നും കടത്തിലേക്ക് കൂപ്പുകുത്തുന്ന ബഡ്ജറ്റിലെ പദ്ധതികളൊക്കെ നടപ്പാക്കാൻ എവിടെ നിന്നാണ് പണം കണ്ടെത്തുന്നതെന്ന ചോദ്യം അതീവ ഗൗരവമുള്ളതാണ്. കടം വാങ്ങി കൃഷിയോ, വ്യവസായമോ, കച്ചവടമോ, നടത്തി അതിൽനിന്നുള്ള ആദായംകൊണ്ട് കടം തിരിച്ചടച്ച് ആസ്തികൾ വർദ്ധിപ്പിക്കുന്നത് നാട്ടിലെ സാധാരണക്കാർ ചെയ്യുന്ന കാര്യമാണ്; അത് നാട്ടുനടപ്പുമാണ്. എന്നാൽ കടം വാങ്ങി ധൂർത്തടിച്ച് പൗര പ്രമുഖകർക്ക് വിരുന്നൊരുക്കുന്ന ഒരു സർക്കാരിന് വികസനത്തെപ്പറ്റി പറയാൻപോലും അർഹതയില്ല. പ്രഖ്യാപനങ്ങൾ ഒരു വഴിക്കും, നടപ്പാക്കൽ വേറൊരു വഴിക്കും പോകുന്നത് എക്കാലവും നമ്മൾ കണ്ടുവരുന്നതാണ്. മുൻ ബഡ്ജറ്റിലെ പദ്ധതികൾ എത്രകണ്ട് മുന്നേറിയെന്നും എത്ര പാഴായി എന്നുമുള്ള അവലോകനവും ആത്മപരിശോധനയും നല്ലതാണ്. മുൻകാല കായികതാരമെന്ന നിലയിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കുവേണ്ടി കളിക്കുകയും യൂണിവേഴ്സിറ്റി ക്യാപ്റ്റനാകുകയും ഈ സ്റ്റേറ്റിനുവേണ്ടി

മൂന്നുവർഷം കളിക്കുകയും കെ.എസ്.ഇ.ബി.-യിൽ സേവനമനുഷ്ഠിക്കെ ഒന്നരവർഷം വോളിബോൾ പ്ലേയറായിരിക്കുകയും ചെയ്ത എനിക്ക് 1975 മുതൽ 1990 വരെയുള്ള കാലഘട്ടം സ്പോർട്സിന്റെ പുഷ്കലകാലമായിരുന്നു. ആ കാലഘട്ടത്തിൽ മുഖ്യമന്ത്രിമാരായിരുന്ന സി. അച്യുതമേനോനും കെ. കരുണാകരനും പി. കെ. വാസുദേവൻ നായർക്കും ഇ. കെ. നായനാർക്കുമൊക്കെ സ്പോർട്സിനോട് താല്പര്യമുണ്ടായിരുന്നു. അന്ന് സ്പോർട്സ് ക്വാട്ടയുണ്ടായിരുന്നു; എന്തുകൊണ്ട് അത് തിരിച്ചുകൊണ്ടുവന്നുകൂടാ? ഈ കാലഘട്ടത്തിന്റെ പ്രതിസന്ധികളെ കരുത്തോടെ നേരിട്ട് കൂടുതൽ ശക്തമായി മുന്നേറാനുള്ള നിർദ്ദേശങ്ങളൊന്നുമില്ലാത്ത, പൊള്ളയായ പ്രഖ്യാപനങ്ങൾ മാത്രം ആവർത്തിച്ചിട്ടുള്ള ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. രാജ്യം കണ്ട ഏറ്റവും വലിയ തട്ടിപ്പ്, ബി.ജെ.പി. സർക്കാരിന്റെ നേതൃത്വത്തിൽ നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് നടത്തിയ കുംഭകോണത്തെ ഞാൻ അപലപിക്കുകയാണ്. ബി.ജെ.പി.-യുടെ

പോളിസിയായ 'വൺ നേഷൻ വൺ ടാക്സ്', 'വൺ നേഷൻ വൺ ഇലക്ഷൻ', 'വൺ നേഷൻ വൺ ലാംഗ്വേജ്', 'വൺ നേഷൻ വൺ കൾച്ചർ' എന്ന പോളിസിയുടെ ഭാഗമായിതന്നെയാണ് 'വൺ നേഷൻ വൺ ടെസ്റ്റ്' എന്ന രീതിയിൽ എല്ലാ ടെസ്റ്റുകളും ഒന്നിച്ച് ഒരു ഏജൻസിക്ക് നൽകിക്കൊണ്ട് നാഷണൽ ടെസ്റ്റിംഗ് ഏജൻസിയെ (NTA) ചുമതലപ്പെടുത്തി രാജ്യവ്യാപകമായി പരീക്ഷ നടത്താൻ തീരുമാനിച്ചത്. ബി.ജെ.പി.-യുടെ ആ പോളിസിയിലെ പൊള്ളത്തരങ്ങൾ, അതിന്റെ പിന്നിലുള്ള യഥാർത്ഥ താല്പര്യമെന്താണെന്ന് വിളിച്ചോതുന്ന, ചരിത്രത്തിലെ ഏറ്റവും വലിയ കുംഭകോണത്തിനാണ് നാം സാക്ഷിയായത്. മത്സര പരീക്ഷകളുടെ വിശ്വാസ്യത നഷ്ടപ്പെടുത്തിക്കൊണ്ട്, ഈ നാട്ടിലെ അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ ഭാവിയുടെ ആരാച്ചാർമാരായാണ് NTA മാറിയത്. തിരഞ്ഞെടുപ്പുഫലം വരുന്ന ദിവസംതന്നെ നീറ്റ് പരീക്ഷയുടെ ഫലം പ്രഖ്യാപിക്കാൻ കാണിച്ച തിടുക്കം ഈ അഴിമതി നടന്നത് ബോധപൂർവ്വമാണെന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. ബി.ജെ.പി. സർക്കാർ ഈ തിരഞ്ഞെടുപ്പിനെ നേരിടുമ്പോൾ, അതിന് ഫണ്ട്

കണ്ടെത്തുന്നതിനുള്ള തന്ത്രംകൂടി ഇതിന്റെ പിന്നിലുണ്ടായിരുന്നോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇതൊരു ഓർഗനൈസ്ഡ് ക്രൈമും കറപ്ഷനുമാണ്. അതുകൊണ്ട് കേന്ദ്രമന്ത്രി ശ്രീ. ധർമ്മേന്ദ്ര പ്രധാൻ രാജിവയ്ക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 5000 രൂപ മുതൽ 50 ലക്ഷം രൂപവരെ വാങ്ങി ഡാർക്ക് നെറ്റിൽ ചോദ്യ പേപ്പറുകൾ വിതരണം ചെയ്തതിലൂടെ വിദ്യാർഥികൾക്കും ഉദ്യോഗാർഥികൾക്കും വലിയ മാനസിക ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുന്നു. നീറ്റ്/നെറ്റ് പരീക്ഷകളുടെ സമയം എന്നുപറഞ്ഞാൽ, പ്രായത്തിന്റെയും കരിയറിന്റെയും ഏറ്റവും പ്രധാനപ്പെട്ട ഡിസിഷൻ രൂപപ്പെടുത്തേണ്ട സമയമാണ്. വിദ്യാർഥികളെ സംബന്ധിച്ചിടത്തോളം ജീവിതത്തിലെ ഏറ്റവും വലിയ ആശങ്കയുള്ള സമയമാണത്. ആ സമയത്ത് വിദ്യാർഥികളുടെ കരിയറിനെ എത്തിപ്പിടിക്കാൻ നടത്തുന്ന പരീക്ഷ, ഇത്തരത്തിൽ അഴിമതിയിലൂടെ അവരുടെ പ്രതീക്ഷകളെ ഇല്ലാതാക്കിയിരിക്കുകയാണ്. ഒരു വിദ്യാർഥിയെ സംബന്ധിച്ചിടത്തോളം പി.ജി. കഴിഞ്ഞ് കരിയർ തിരഞ്ഞെടുക്കാനുള്ള പ്രധാന ഘട്ടമാണ് നെറ്റ് എക്സാം എന്ന് നമുക്കെല്ലാവർക്കും അറിയാം. ഞാനും

പി.ജി. കഴിഞ്ഞ സമയത്ത് വല്ലാത്തൊരു മാനസിക സംഘർഷത്തിലൂടെയാണ് കടന്നുപോയത്. വലിയൊരു ഡിപ്രഷന്റെ സമയത്താണ് ഞാൻ നെറ്റിന്റെ പരീക്ഷ എഴുതുന്നത്. വളരെ കഷ്ടപ്പെട്ട് തയ്യാറെടുത്താണ് പരീക്ഷ എഴുതിയത്. ആ പരീക്ഷയിൽ നെറ്റ് ക്വാളിഫൈഡ് ആയാൽ അല്ലെങ്കിൽ ജെ.ആർ.എഫ്. ലഭിച്ചാൽ തുടർന്ന് പഠിക്കാൻ സാധിക്കും. ആ പ്രതീക്ഷയോടുകൂടി പരീക്ഷയെഴുതി നെറ്റും, ജെ.ആർ.എഫും. ലഭിച്ച ഒരാളാണ് ഞാൻ. അത് ലഭിച്ചപ്പോഴാണ് അതുവരെയുണ്ടായിരുന്ന മാനസിക സംഘർഷത്തിന് അവസാനമുണ്ടായത്. ഏകദേശം 9 ലക്ഷംപേർ ഇതിലും വലിയ ആശങ്കയിലാണ്. തൊഴിലില്ലായ്മ രൂക്ഷമായ, ആ കഷ്ടപ്പാടിന്റെ സമയത്ത് പരീക്ഷ എഴുതിയ 9 ലക്ഷംപേർ റിസൾറ്റ് കാത്തിരിക്കുമ്പോഴാണ് അവർക്ക് ഇത്തരമൊരു അവസ്ഥ വന്നത്. ജോലിയില്ലാതെ, തുടർന്ന് പഠിക്കാനുള്ള ആശങ്കയിൽ നിൽക്കുന്ന വിദ്യാർഥികളെയെല്ലാം വഴിയാധാരമാക്കി. 23 ലക്ഷത്തോളം വരുന്ന വിദ്യാർഥികളിൽ നീറ്റ് എക്സാമിന്റെ ഫീസ് ജനറൽ കാറ്റഗറിക്ക് 1700 രൂപയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും ഒ.ബി.സി.-ക്കും 1600

രൂപയുമാണ്. 23 ലക്ഷത്തിലധികംവരുന്ന വിദ്യാർഥികൾ പണം നൽകി എഴുതിയ ആ പരീക്ഷയിൽ വലിയ ക്രമക്കേട്, കുംഭകോണമാണ് നടന്നിരിക്കുന്നത്. എയർ ഇന്ത്യ വിറ്റു; അതുപോലെ ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം വിൽപനയ്ക്കുവച്ചു. രാജ്യത്തിന്റെ പ്രതിരോധത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വകുപ്പായ ഡിഫൻസിലെ പൊതുമേഖലാ സ്ഥാപനങ്ങളടക്കം വിൽപന ചരക്കാക്കിയിട്ടുള്ള ബി.ജെ.പി. സർക്കാർ ഈ രാജ്യത്തെ യുവജനങ്ങളുടെ/വിദ്യാർഥികളുടെ പ്രതീക്ഷയായ ചോദ്യപേപ്പർപോലും തെരുവിൽ വിൽപനയ്ക്ക് വച്ചുവെന്ന അപകടകരമായ സാഹചര്യത്തിലേയ്ക്കാണ് വന്നിട്ടുള്ളത്. എല്ലാം വിൽപനയ്ക്കാണ് വച്ചിരിക്കുന്നത്; ഇതിൽ അത്ഭുതപ്പെടേണ്ട കാര്യമില്ല. ഈ രാജ്യത്തെ സംരക്ഷിക്കുന്ന സൈനികർ മരണപ്പെട്ടപ്പോൾ അവർക്കുവേണ്ടി കൊണ്ടുവന്ന ശവപ്പെട്ടിയിൽപ്പോലും കുംഭകോണം നടത്തിയവരാണ് ഇന്ന് രാജ്യത്തെ വിദ്യാർഥികളുടെ പ്രതീക്ഷകൾക്ക് ശവപ്പെട്ടിയൊരുക്കിക്കൊണ്ട് ഇത്തരത്തിലുള്ള കുംഭകോണം നടത്തിയിരിക്കുന്നത്. അതുകൊണ്ട് ഇതിനെ അപലപിക്കുന്നതോടൊപ്പം കേന്ദ്രമന്ത്രി മാപ്പ് പറയുക മാത്രമല്ല

രാജിവയ്ക്കണം; ബി.ജെ.പി. രാജ്യത്തോട് മാപ്പ് പറയണം എന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. ചട്ടം 130 പ്രകാരം ഇതുസംബന്ധിച്ച് വളരെ വിശദമായി ചർച്ച ചെയ്തതുകൊണ്ട് അതിലേയ്ക്ക് ഞാൻ കൂടുതലായി കടക്കുന്നില്ല. നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖല വലിയ പരിവർത്തനത്തിന്റെ പാതയിലാണ്. കേരളത്തിലെ 8 സർവകലാശാലകൾക്കും 359 കോളേജുകൾക്കും NAAC (National Assessment and Accreditation Council) അക്രഡിറ്റേഷൻ ലഭിച്ച സമയത്താണ് കേരള യൂണിവേഴ്സിറ്റിയും എം.ജി. യൂണിവേഴ്സിറ്റിയും എ പ്ലസ് പ്ലസ് ഗ്രേഡും കാലിക്കറ്റ്, കൊച്ചിൻ, ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റികൾ എ പ്ലസ് ഗ്രേഡും കരസ്ഥമാക്കി ദേശീയതലത്തിൽ നമുക്ക് അഭിമാനകരമായ നേട്ടമുണ്ടാക്കിയത്. കേരളത്തിലെ 21 കോളേജുകൾ എ പ്ലസ് പ്ലസ് നേടിയിട്ടുണ്ട്. അഖിലേന്ത്യാതലത്തിൽ എ പ്ലസ് പ്ലസ് ഗ്രേഡ് കരസ്ഥമാക്കിയ 147 കോളേജുകളിൽ 21 എണ്ണവും കേരളത്തിലാണെന്നതിൽ നമുക്ക് അഭിമാനിക്കാം. അതിനുകാരണം ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചിട്ടയായ പ്രവർത്തനങ്ങളാണ്. എ പ്ലസ് നേടിയ 39 ഉം എ ഗ്രേഡ് നേടിയ

62 ഉം കോളേജുകളുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ക്വാളിറ്റി വർദ്ധിപ്പിച്ചുകൊണ്ട് വിജ്ഞാന സമൂഹത്തെ കെട്ടിപ്പടുക്കാനുള്ള നിരന്തരമായ പ്രവർത്തനങ്ങൾ നടക്കുകയാണ്. കേന്ദ്ര പോളിസിയുടെ ഭാഗമായിട്ടാണെങ്കിൽ പോലും കേരളത്തിന്റേതായ രീതിയിലാണ് 4 വർഷ ബിരുദ പഠനം ഇവിടെ നടപ്പാക്കുന്നത്; അതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഡോ. കെ. ടി. ജലീൽ ഇവിടെ പറഞ്ഞു. എന്നാൽ മൈനർ കോഴ്സ് തിരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് ചെറിയൊരു ആശങ്ക നിലനിൽക്കുന്നുണ്ട്. അതായത് സബ്സിഡിയറി അല്ലെങ്കിൽ ഓപ്ഷണൽ കോഴ്സ് തിരഞ്ഞെടുക്കുമ്പോൾ അതേ ഡിപ്പാർട്ടുമെന്റിൽനിന്നും തിരഞ്ഞെടുക്കാൻ പറ്റില്ല എന്നൊരു വ്യവസ്ഥയുണ്ടെന്നാണ് പലരും പറയുന്നത്. അങ്ങനെയൊരു സാധ്യതയുണ്ടെങ്കിൽ അതേ ഡിപ്പാർട്ടുമെന്റിൽതന്നെ, ഇലക്ടീവ് കോഴ്സുകൾ അനുസ്യൂതമായി വരികയാണെങ്കിൽ അത് തിരഞ്ഞെടുക്കാനുള്ള അവകാശംകൂടി നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്. അല്ലെങ്കിൽ അത് വലിയ ചർച്ചയ്ക്ക് വഴിവയ്ക്കും. സെയിം സബ്ജക്ടുമായി ബന്ധപ്പെട്ട് സെയിം

ഡിപ്പാർട്ടുമെന്റ് വ്യത്യസ്തങ്ങളായ കോഴ്സുകൾ നൽകുന്നുണ്ടെങ്കിൽ അത് ഉൾപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. കേന്ദ്ര സർക്കാർ സ്കോളർഷിപ്പുകൾ വെട്ടിക്കുറയ്ക്കുമ്പോൾ കേരളത്തിൽ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്, മുഖ്യമന്ത്രിയുടെ പ്രതിഭാ സ്കോളർഷിപ്പ്, ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ ഇപ്പോഴും നൽകുന്നുണ്ട്; ഈ വർഷവും അത് തുടരണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ വിദ്യാഭ്യാസ മേഖല കച്ചവടവൽകരിക്കപ്പെടുകയും സ്വകാര്യവൽകരിക്കപ്പെടുകയും ചെയ്യുന്ന ഒരു കാലഘട്ടമാണിത്. നമ്മൾ ഇതിനെ അഡ്രസ് ചെയ്യേണ്ടതുണ്ട്. കാരണം കേരളത്തിലെ വിദ്യാർഥികൾ പുറത്തുപോയി പഠിക്കുകയാണ്. 2022-23 കാലഘട്ടത്തിൽ ഇന്ത്യയിലെ നിയമസഭകൾ പാസ്സാക്കിയ ബില്ലുകളിൽ അധികവും വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടതാണ്. സ്വകാര്യ സർവകലാശാലകളും വിദേശ സർവകലാശാലകളും ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടവയാണ് ആ ബില്ലുകൾ. തമിഴ്നാട്ടിൽ മാത്രം 6 ഗ്രീൻഫീൽഡ് യൂണിവേഴ്സിറ്റികൾക്കാണ് 2022-ൽ അംഗീകാരം നൽകിയത്. 100 ഏക്കർ ഭൂമിയും 50 കോടി രൂപ നിക്ഷേപവുമുണ്ടെങ്കിൽ

ആർക്കും സ്ഥാപനങ്ങൾ തുടങ്ങാൻ കഴിയുമെന്ന രീതിയാണിന്നുള്ളത്. തമിഴ്നാട്ടിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കോഴ്സും ഫീസും അവർക്കുതന്നെ തീരുമാനിക്കാവുന്ന രീതിയാണുള്ളത്. അത്തരത്തിൽ 31 പുതിയ കോളേജുകൾ അവിടെ ആരംഭിച്ചു. ആന്ധ്രാപ്രദേശ്, ഛത്തീസ്ഗഡ്, ഗോവ ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളിൽ ഇത്തരത്തിലുള്ള നിരവധി കോളേജുകൾ വന്നുകൊണ്ടിരിക്കുകയാണ്. ആന്ധ്രാപ്രദേശിൽ മാത്രമാണ് മെഡിക്കൽ, ഡെന്റൽ, അലൈഡ് സബ്ജക്ടുകൾക്ക് 50 ശതമാനം സർക്കാർ ക്വാട്ട നിശ്ചയിച്ചിട്ടുള്ളത്. മറ്റ് യൂണിവേഴ്സിറ്റികളിൽ 35 ശതമാനം സർക്കാർ ക്വാട്ടയാണ് നിശ്ചയിച്ചിട്ടുള്ളത്. ഗോവയിലും മറ്റ് ചില സംസ്ഥാനങ്ങളിലും സ്ഥിരം ഭൂമിയില്ലെങ്കിൽപ്പോലും ലീസിനെടുത്ത ഭൂമിയിൽ കോഴ്സ് തുടങ്ങാൻ സാധിക്കുമെന്ന അവസ്ഥയിൽ എത്തിച്ചേർന്നിട്ടുണ്ട്. തെലുങ്കാനയിലെ ബ്രൗൺഫീൽഡ് യൂണിവേഴ്സിറ്റിയുടെയും ഗ്രീൻഫീൽഡ് യൂണിവേഴ്സിറ്റിയുടെയും നടത്തിപ്പുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടന്നിട്ടുണ്ട്. അതിൽ ഗ്രീൻഫീൽഡ് യൂണിവേഴ്സിറ്റിയിൽ റിസർവേഷനും മറ്റും വേണ്ട, പൂർണ്ണമായും മാനേജ്മെന്റിനുതന്നെ കാര്യങ്ങൾ തീരുമാനിക്കാം. ഇതിനെതിരെ

പ്രതികരിക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് കേരളം മാറിയില്ലെങ്കിൽ വരും നാളുകളിൽ നമ്മുടെ കുട്ടികൾ വലിയ ഫീസ് നൽകി പുറത്ത് പഠിക്കേണ്ട അവസ്ഥയിലേക്ക് സംസ്ഥാനം മാറും. മറ്റ് സംസ്ഥാനങ്ങൾ വിദേശ യൂണിവേഴ്സിറ്റികളുമായി ടൈ-അപ് ഉണ്ടാക്കുന്നതിന് നിരന്തരമായി പരിശ്രമിക്കുകയാണ്. അതുകൊണ്ട് അതിനെ അഡ്രസ് ചെയ്യുന്ന രീതിയിൽ കേരളത്തിൽ സ്ഥാപനങ്ങൾ ആരംഭിച്ച് മറ്റുള്ള സംസ്ഥാനങ്ങളിൽനിന്നും ആളുകളെ ഇവിടേക്ക് കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ പ്രോ-ആക്ടീവായി ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. വിദ്യാഭ്യാസ വകുപ്പ് പാഠ്യപദ്ധതി പരിഷ്കരണം, മൂല്യനിർണയം എന്നിവയുമായി ബന്ധപ്പെട്ട് നിരന്തരമായ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. പത്താം ക്ലാസിൽ കുട്ടികൾക്ക് മിനിമം മാർക്ക് നൽകി ജയിപ്പിക്കുന്ന രീതി അധ്യാപകർ ചെയ്യുന്ന പ്രവർത്തനമായി മാറരുതെന്നാണ് എനിക്ക് പറയാനുള്ളത്. പഠനത്തിൽ പിന്നോട്ട് നിൽക്കുന്ന കുട്ടികൾക്ക് ലേണിംഗ് ഡിസ്എബിലിറ്റിയോ മറ്റ് പ്രശ്നങ്ങളോ ഉണ്ടോ എന്ന് തിരിച്ചറിഞ്ഞുകൊണ്ട് എട്ടാം ക്ലാസ് മുതൽതന്നെ ക്വാളിറ്റി വർദ്ധിപ്പിക്കാനുള്ള പ്രത്യേക

പരിപാടികൾ നടത്തണമെന്നാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്. വിദ്യാർഥികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെ എല്ലാ സ്കൂളുകളിലും കൗൺസിലർമാരെ നിയമിക്കണം. ഉപജില്ലാ തലത്തിലെങ്കിലും റഫറൻസ് സർവീസിലൂടെ ആഴ്ചയിൽ ഒരിക്കലെങ്കിലും ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ് എന്നിവരുടെ സേവനങ്ങൾ ലഭിക്കുന്ന രീതിയിലേയ്ക്ക് മാറ്റേണ്ടതുണ്ട്. ഡിജിറ്റൽ ഡീ-അഡിക്ഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ അഡ്രസ് ചെയ്യാനുള്ള പദ്ധതികൾ നടപ്പാക്കണം. സാക്ഷരതാ മിഷൻ ലേണിംഗ് സൊസൈറ്റിയായി മാറുമ്പോൾ ലൈഫ് ലോംഗ് ലേണിംഗ് ഫെസിലിറ്റേറ്റർ അല്ലെങ്കിൽ കോ-ഓർഡിനേറ്റർ എന്ന് പ്രേരക്മാരുടെ പേര് മാറ്റുകയും തുല്യതയുടെകൂടെ വൈവിധ്യങ്ങളായ കോഴ്സുകൾ വിദ്യാർഥികൾക്ക് പഠിക്കാൻ കഴിയുന്ന അന്തരീക്ഷത്തിലേയ്ക്ക് മാറുകയും വേണം. പ്രേരക്മാർക്ക് നൽകുന്ന തുച്ഛമായ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി അറിയിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഈ സർക്കാരിനെതിരെ ജനവിധിവന്ന സാഹചര്യത്തിൽ, ഈ സർക്കാർ കൊണ്ടുവരുന്ന ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു. തിരഞ്ഞെടുപ്പിൽ ജനങ്ങൾ തിരസ്കരിച്ച ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളെ എങ്ങനെ ഞങ്ങൾ പിന്തുണയ്ക്കും? എന്റെ നിയോജകമണ്ഡലത്തിൽ ഉണ്ടായ ഒരു കാര്യം സൂചിപ്പിക്കാം. ശക്തമായ മഴയെതുടർന്ന് കഴിഞ്ഞ ദിവസം അവിടെ വലിയൊരു ചുഴലിക്കാറ്റുണ്ടായി. വില്ലേജ് ഓഫീസർ നൽകിയ കണക്കനുസരിച്ച് ആ ചുഴലിക്കാറ്റിൽ ചെങ്ങമനാട് പഞ്ചായത്തിലെ 9, 10 വാർഡുകളിലെ വെണ്ണിപ്പറമ്പ്, നെടുവന്നൂർ പ്രദേശങ്ങളിലെ 20 വീടുകൾക്ക് നാശനഷ്ടം സംഭവിച്ചു. 2 വീടുകൾ പൂർണ്ണമായും നശിക്കുകയും 18 എണ്ണത്തിന് ഭാഗികമായ കേടുപാടുകൾ സംഭവിക്കുകയും കൃഷിനാശം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. പ്രാഥമികമായ കണക്കെടുത്താൽ ഇപ്പോൾ 4 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. വാഴകൾ (കുലച്ചവാഴ, കുലയ്ക്കാത്ത വാഴ), ജാതി തുടങ്ങിയവ നശിച്ചു. നിരവധി കർഷകർ ധർമസങ്കടത്തിലാണ്. അവർക്ക് അടിയന്തര

സഹായം നൽകുന്നത് കൂടാതെ, അതിന്റെ കണക്കെടുത്ത് സമയബന്ധിതമായി ആ പാവപ്പെട്ടവരെ സഹായിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഡിസാസ്റ്ററുമായി ബന്ധപ്പെട്ട വിഷയം റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്നതിനാൽ ഈ വിഷയം ബഹുമാനപ്പെട്ട റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രിയായ ശ്രീ. കെ. രാജന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എസ്.ഡി.ആർ.എഫ്. (State Disaster Response Force)-ൽനിന്ന് സാധാരണ കുറച്ച് പണം അനുവദിക്കുകയാണ് ചെയ്യുന്നത്. രണ്ട് വീടുകൾ പൂർണ്ണമായും തകർന്നിട്ടുള്ളതിനാൽ ഈ നാശനഷ്ടത്തിന്റെ ഗൗരവം കണക്കിലെടുത്ത് സി.എം.ഡി.ആർ.എഫ്.-ൽനിന്നുകൂടി ഫണ്ടനുവദിച്ച് അവർക്ക് തക്കതായ നഷ്ടപരിഹാരം നൽകണമെന്ന കാര്യം ഈ സഭയുടെയും ഗവൺമെന്റിന്റെയും മന്ത്രിമാരുടെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. കൃഷി വകുപ്പിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായ KAMCO (Kerala Agro Machinery Corporation Limited)-യുടെ അവസ്ഥ വളരെ ദയനീയമാണ്. 37 വർഷം തുടർച്ചയായി ലാഭത്തിലായിരുന്ന Kerala Agro Machinery Corporation എന്ന പൊതുമേഖലാ സ്ഥാപനം കഴിഞ്ഞ രണ്ടുവർഷമായി

നഷ്ടത്തിലാണ്. കഴിഞ്ഞ രണ്ടുമാസമായി KAMCO-ൽ കാർഷിക ഉപകരണങ്ങളുടെ ഉല്പാദനം പൂർണമായും നിലച്ചിരിക്കുകയാണ്. ഉല്പാദനം എത്രയുംവേഗം പുനരാരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. കാരണം ഇവിടെനിന്നാണ് മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് ട്രാക്ടർ ഉൾപ്പെടെയുള്ള മെഷീനുകൾ കയറ്റിയയ്ക്കുന്നത്. കഴിഞ്ഞ 8 വർഷമായി KAMCO തൊഴിലാളികൾക്ക് ശമ്പള വർദ്ധനവുണ്ടായിട്ടില്ലെന്ന് മാത്രമല്ല, ഉണ്ടായിരുന്ന പല ആനുകൂല്യങ്ങളും നിർത്തലാക്കുകയും ചെയ്തു. 2020 ജൂലൈ 1 മുതലുള്ള ദീർഘകാല കരാറിന്റെ 4 വർഷക്കാലാവധി കഴിയാൻ ദിവസങ്ങൾ മാത്രമേയുള്ളൂ. ചർച്ചയ്ക്കുള്ള ഗ്രേഡ് ലൈസൻസുപോലും ഈ സർക്കാർ കൊടുത്തിട്ടില്ല. ഈ സ്ഥാപനം ഒരു കാരണവശാലും കെ.എസ്.ആർ.ടി.സി.-യുടെ അവസ്ഥയിലേയ്ക്ക് പോകാൻ പാടില്ല. കെടുകാര്യസ്ഥതയും ഒരു സ്ഥിരം എം.ഡി. ഇല്ലാത്തതും KAMCO-യുടെ സുഗമമായ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. സ്ഥാപനത്തെ പുനരുദ്ധരിക്കുന്നതിനായി സർക്കാർ അടിയന്തരമായി ഇടപെടണം. രണ്ടുവർഷമായി KAMCO 45 കോടി രൂപയോളം കടമെടുത്തിട്ടുണ്ട്.

3.00 pm]

1984 മുതൽ 2022 വരെ 37 വർഷം ലാഭത്തിൽ പ്രവർത്തിച്ച സ്ഥാപനമായിരുന്നു KAMCO. ഈ സ്ഥാപനം സർക്കാരിന് കോടിക്കണക്കിന് രൂപയാണ് ലാഭവിഹിതമായി കൈമാറിയിട്ടുള്ളത്. ആയതിനാൽ ഈ പ്രതിസന്ധി ഘട്ടത്തിൽ സർക്കാർ KAMCO-യ്ക്ക് കുറഞ്ഞത് 30 കോടി രൂപയോളം പ്രവർത്തന മൂലധനമായി നൽകണം. അവിടെ ജനാധിപത്യ രീതിയിൽ പ്രതിഷേധിച്ച തൊഴിലാളികൾക്ക് മാനേജ്മെന്റ് നോട്ടീസ് നൽകിയിരിക്കുകയാണ്. മാനേജ്മെന്റ് സമരത്തോട് അത്ര വലിയ അസഹിഷ്ണുതയാണ് കാണിക്കുന്നത്. അവിടത്തെ തൊഴിലാളി നേതാവും മുൻ എം.എൽ.എ.യുമായ ശ്രീ. പി. ജെ. ജോയി ഈ വിഷയം പലപ്പോഴും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. KAMCO-യുടെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നത് വെസ്റ്റ് ബംഗാൾ, ത്രിപുര, തമിഴ്നാട്, അസം എന്നീ സംസ്ഥാനങ്ങളിലാണ്. KAMCO ഉൽപാദിപ്പിക്കുന്ന ഉപകരണങ്ങൾ വിറ്റഴിക്കുന്നതിന് ഈ വർഷത്തെ സബ്സിഡി നൽകാത്തത് ഒരു പ്രധാന പ്രശ്നമാണ്. അതുകൊണ്ട് സർക്കാരും ബഹുമാനപ്പെട്ട മന്ത്രിയും

താൽപര്യമെടുത്ത് ഇതിനൊരു പരിഹാരം കാണണമെന്നാണ് ഇത്തരുണത്തിൽ ഓർമ്മപ്പെടുത്താനുള്ളത്. നെൽകർഷകർക്ക് താങ്ങുവില വർദ്ധനവിന്റെ ഗുണഫലം നൽകാൻ സർക്കാർ തയ്യാറാകണം. കർഷക വിരുദ്ധ സമീപനം അവസാനിപ്പിച്ചുകൊണ്ട് കേന്ദ്ര വിഹിതത്തിലുണ്ടായ വർദ്ധനവിന് ആനുപാതികമായി സംസ്ഥാന വിഹിതവും വർദ്ധിപ്പിച്ച് നെൽകർഷകർക്ക് മാന്യമായ സംഭരണവില നൽകുവാൻ തയ്യാറാകണമെന്നാണ് സർക്കാരിനോടും ബഹുമാനപ്പെട്ട മന്ത്രിയോടും അഭ്യർത്ഥിക്കാനുള്ളത്. പ്ലസ് ടു വിഷയത്തിൽ വലിയ ചർച്ചകൾ നടന്നു. ബഹുമാനപ്പെട്ട മന്ത്രി ഇടപെടുന്ന സാഹചര്യമുണ്ടായി. ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ. ഇന്ന് രാവിലെ പറഞ്ഞ വാദം തന്നെയാണ് എനിക്കും ഉന്നയിക്കാനുള്ളത്. എറണാകുളം ജില്ലയിൽ പ്ലസ് ടുവിന് ആവശ്യത്തിന് സീറ്റുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി അവകാശപ്പെടുന്നുണ്ട്. ചിലപ്പോൾ നമ്മുടെ കുട്ടികൾക്ക് പ്ലസ് ടുവിന് സീറ്റ് ലഭിക്കുന്നത് രണ്ടും മൂന്നും ബസ് കയറി പോകേണ്ട ദൂരത്തിലുള്ള സ്കൂളുകളിലാണ്. പ്രത്യേകിച്ച് പെൺകുട്ടികളെ ഇത്രയും ദൂരത്തുള്ള സ്കൂളുകളിലേയ്ക്ക് വിടാൻ

മാതാപിതാക്കൾക്ക് ഭയമുണ്ട്. മലപ്പുറം ജില്ലയിൽ മാത്രമല്ല; ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സർ പറഞ്ഞതുപോലെ ഇതുപോലെയുള്ള പ്രശ്നങ്ങൾ കേരളത്തിൽ എവിടെയൊക്കെയാണുള്ളതെന്ന് ഈ കമ്മിറ്റി പരിശോധിച്ച് പരിഹാരം കണ്ടെത്തണം. പ്ലസ് ടു സീറ്റുകൾ അനുവദിച്ചതിനെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട ഡോ. കെ. ടി. ജലീൽ പറഞ്ഞു. യു.ഡി.എഫ്.-ന്റെ കാലത്ത് എത്രയോ സ്കൂളുകളിൽ പ്ലസ് ടു അനുവദിച്ചു. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ എല്ലാ പഞ്ചായത്തിലും പ്ലസ് ടു അനുവദിച്ചത് ഉമ്മൻ ചാണ്ടി സർക്കാരായിരുന്നു. ഇതെല്ലാം മറച്ചുവച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം സഭയെ തെറ്റിധരിപ്പിച്ചത് ശരിയായില്ലെന്നാണ് എനിക്ക് പറയാനുള്ളത്. സർക്കാർ പ്ലസ് ടുവിന് അധിക ബാച്ച് അനുവദിച്ച സാഹചര്യത്തിൽ കെ.എസ്.യു., എം.എസ്.എഫ്., എസ്.എഫ്.ഐ. അടക്കമുള്ള പല സംഘടനകളും സമരം ചെയ്തത് ന്യായമാണെന്ന് വന്നിരിക്കുകയാണ്. വിദ്യാർത്ഥി സംഘടനകൾ നടത്തിയ സമരത്തിനെതിരെ സ്വാഭാവികമായും കേസെടുക്കും. അങ്ങനെ കേസ്സെടുത്ത് ജയിലിൽവരെ പോയിട്ടുണ്ട്. അങ്ങ് വിദ്യാർഥി നേതാവായി വളർന്നുവന്ന ആളല്ലേ? അങ്ങ് എസ്.എഫ്.ഐ.-

യുടെ പ്രസിഡന്റുമായിരുന്നു. വലിയ മനസ്സുള്ള പ്രിയങ്കരനായ മന്ത്രി ഇന്ന് രാവിലെ എല്ലാത്തിനും പോസിറ്റീവായ മറുപടിയാണ് നൽകിയത്. അതുകൊണ്ട് അങ്ങ് ഇടപെട്ട് ഈ വിദ്യാർഥി നേതാക്കന്മാർക്കെതിരെയുള്ള കേസ് പിൻവലിക്കാനുള്ള സാഹചര്യമുണ്ടാക്കണമെന്നാണ് ഇത്തരുണത്തിൽ എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്. പാവപ്പെട്ട പാചക തൊഴിലാളികൾക്ക് എല്ലാ മാസവും കൃത്യമായി ശമ്പളം ലഭിക്കുന്നില്ല. നമ്മുടെ വിദ്യാർഥികൾക്ക് സർക്കാർ നടപ്പിലാക്കുന്ന പദ്ധതി പ്രാവർത്തികമാക്കുന്ന പാചകത്തൊഴിലാളികൾക്കാണ് ശമ്പളം ലഭിക്കാതിരിക്കുന്നത്. എറണാകുളം ജില്ലയിൽ മാത്രമല്ല, ഒട്ടുമിക്ക ജില്ലകളിലെയും പാചകത്തൊഴിലാളികൾക്ക് ശമ്പളം ലഭിക്കുന്നില്ല. അത് പരിഹരിക്കാൻ സർക്കാർ തയ്യാറാകണം. കഴിഞ്ഞ ദിവസം ശ്രീ. എ. പി. അനിൽ കുമാർ ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. ഈ മന്ത്രിസഭയിൽ എസ്.സി. വിഭാഗത്തിൽപ്പെട്ട ഒരു മന്ത്രിയില്ല. അത് ഒരു ഗൗരവമുള്ള വിഷയമാണ്. മുന്നോക്കക്കാരെയും പിന്നാക്കക്കാരെയും ദളിതരെയും മാത്രമല്ല എല്ലാവരെയും ചേർത്തുപിടിക്കുന്ന ഒരു സമീപനമാണ് ഇന്ന് കേരളത്തിലുണ്ടായിട്ടുള്ളത്. പക്ഷേ, എസ്.സി.

വിഭാഗത്തിൽനിന്നും ഒരു മന്ത്രിയില്ലാത്ത സാഹചര്യമുണ്ടായിരിക്കുകയാണ്. സർക്കാർ അത് ഗൗരവമായി കാണണം. അതിനൊരു പരിഹാരം കണ്ടെത്തേണ്ടത് ഈ സർക്കാരും ഇവിടത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇടതുപക്ഷവുമാണ്. അതിന് പരിഹാരം കാണണമെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർക്കുകയാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. മുന്തിരിയിൽനിന്ന് വീഞ്ഞും കൽക്കരിയിൽനിന്ന് തീയും വെള്ളത്തിൽനിന്ന് വെളിച്ചവും ഉണ്ടാകുന്നതുപോലെ എന്നെഴുതിയ ഫ്രഞ്ച് കവി Paul Eluard-ന്റെ വരികളിൽ വിരിയുംവണ്ണം ഈ ഭൂമിയിൽ അത്ഭുതംകൂറി പിറക്കുന്ന ഒരു ശിശുവിനെ മനുഷ്യൻ എന്ന മഹാ പ്രകാശമാക്കി പരിവർത്തനം ചെയ്യുന്ന ചേതോഹരമായ പ്രക്രിയയാണ് വിദ്യാഭ്യാസം. ഈ നാടിന്റെ വിദ്യാഭ്യാസത്തെ മതനിരപേക്ഷവും പുരോഗമനാത്മകവുമായ അടിത്തറയിൽ നിന്നുകൊണ്ട് വിശ്വോത്തര മാതൃകയാക്കിത്തീർക്കാൻ പ്രതിബദ്ധതയോടെ

പ്രവർത്തിക്കുന്ന കേരളത്തിന്റെ മഹനീയ പാരമ്പര്യത്തിൽ അർത്ഥവത്തായി തുടരുന്ന ഇടതുപക്ഷ സർക്കാരിനെ അഭിവാദ്യം ചെയ്യാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിന്റെ വിദ്യാഭ്യാസ പരിഷ്കരണത്തിലെ ചരിത്രപരമായ ചുവടുവയ്പ്പ് പാഠ്യപദ്ധതി പരിഷ്കരണമാണ്. 2007-നുശേഷം ആദ്യമായുണ്ടായ പാഠ്യപദ്ധതി പരിഷ്കരണത്തിൽ ശ്രീ. വി. ശിവൻകുട്ടി എന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇക്കാലത്തിന്റെ എല്ലാ ജ്ഞാനധാരകളെയും സന്നിവേശിപ്പിച്ചുവെന്നത് മാത്രമല്ല പ്രത്യേകത. പാഠപുസ്തകത്തിൽ വർഗീയത തിരുകിക്കയറ്റാനും ചരിത്രത്തെ വളച്ചൊടിക്കാനും ശ്രമിക്കുന്ന ഇക്കാലത്ത് ശ്രീനാരായണ ഗുരുദേവൻ ലോകത്തിന് സമ്മാനിച്ച 'സോദരത്വേന' എന്ന ആശയത്തിൽനിന്നും സ്ഫുടം ചെയ്തെടുത്ത 'മനുഷ്യൻ സമം മനുഷ്യൻ' എന്ന സമഭാവന ദർശനത്തെ കേരളത്തിന്റെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ആധാര പ്രേരണയാക്കിത്തീർത്ത ശ്രീ. വി. ശിവൻകുട്ടി എന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ഒരിക്കൽക്കൂടി ആദരവോടെ അഭിനന്ദിക്കുകയാണ്. മൂന്ന് വയസ് മുതൽ എട്ട് വയസ് വരെയുള്ള കാലയളവാണ് ഒരു മനുഷ്യൻ

രൂപപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട ഘട്ടമെന്ന് നമുക്കറിയാം. അങ്കണവാടികൾ, കിൻഡർ ഗാർട്ടനുകൾ, പ്ലേ സ്കൂളുകൾ എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്ന അറിവിന്റെ ആദ്യ പരിലാളനകളാണ് ആജീവനാന്ത മുദ്രകളായി തീരുന്നത്. 1926-ൽ Bertrand Russell എഴുതിയ 'On Education' എന്ന പുസ്തകത്തിൽ, അരുതുകളുടെ അതിരുകൾ തീർത്ത അച്ചടക്കമാണ് കുട്ടികളെ പഠിപ്പിക്കേണ്ടതെന്ന നമ്മുടെ അബദ്ധ ധാരണകളെക്കുറിച്ച് പറയുന്നുണ്ട്. ഇപ്പോഴും 'A' for apple, 'B' for boy എന്ന് മാത്രം പഠിപ്പിക്കുന്ന അദ്ധ്യാപകന്റെ വാമൊഴികളെ അതുപോലെ അനുകരിക്കേണ്ടവരാണ് വിദ്യാർഥികൾ എന്ന് നാം ചിന്തിക്കുമ്പോൾ ഒരു പുതിയ വാക്ക് അന്വേഷിക്കാനുള്ള കുരുന്നുകളുടെ സ്വാതന്ത്ര്യത്തെപ്പോലും അരിഞ്ഞുകളയുകയാണ്. കുഞ്ഞുങ്ങളുടെ happiness index ആധാരമാക്കുന്ന വിദ്യാഭ്യാസ സമ്പ്രദായമാണ് 'മോണ്ടിസോറി'. അങ്കണവാടി വേറൊരു വകുപ്പിന്റെ തണലിലായിരിക്കാം. പക്ഷേ കേരളത്തിൽ പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിന് സമഗ്രമായതും ആഴമുള്ളതും സർഗ്ഗാത്മകവുമായ ഒരു നയം രൂപീകരിക്കാൻ ഈ സർക്കാർ മുൻകൈയെടുക്കണമെന്ന് ഞാൻ

അഭ്യർത്ഥിക്കുന്നു. രണ്ട് ഇടതുപക്ഷ സർക്കാരുകളും കേരളത്തിലെ സ്കൂളുകളിൽ 5,000 കോടിയോളം രൂപ നിക്ഷേപിച്ചു. അദ്ധ്യാപകർ സമർപ്പിത മനസുള്ളവരാണ്. ചില സ്കൂളുകൾ മാത്രം മികച്ചതാകുന്നത് എന്തുകൊണ്ടാണെന്നതിന് ഉത്തരം ഒന്നേയുള്ളൂ. ഒരു സ്ഥാപനത്തെ നയിക്കേണ്ടതും നടത്തേണ്ടതും എങ്ങനെയാണെന്നത് സംബന്ധിച്ചും സ്കൂൾ മാനേജ്മെന്റിന് ആവശ്യമായ പ്ലാനിംഗ്, റിസോഴ്സ് മാനേജ്മെന്റ്, ഓർഗനൈസേഷണൽ ബിഹേവിയർ എന്നിവ സംബന്ധിച്ചും അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകുന്നുണ്ടോ; Data-Driven Decisions എടുക്കാൻ നമ്മുടെ അദ്ധ്യാപകരെ പ്രാപ്തരാക്കുന്നുണ്ടോ? സീമാറ്റ് പോലെയുള്ള സ്ഥാപനങ്ങളുണ്ട്. സ്കൂൾ മാനേജ്മെന്റ് സ്ട്രാറ്റജിയുടെ അടിസ്ഥാനത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലെയുള്ള ടെക്നോളജികൾ ഉപയോഗിച്ചുകൊണ്ട് നമ്മുടെ സ്കൂളുകളെ നന്നായി നടത്താൻ അവരെ പരിശീലിപ്പിക്കാനാകണം. ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ കുറിച്ച് പറയുമ്പോൾ മനസ്സിലേയ്ക്കുവരുന്നത് Matt Miller-ുടെ Artificial Intelligence for Educators (AI for Educators) എന്ന പുസ്തകമാണ്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതയിലേറി മനുഷ്യർ ഭൂമിയുടെ കുറുകെ പറക്കുകയാണ്. വരും കാലഘട്ടങ്ങളിൽ വലയം ചെയ്യനിൽക്കുന്നത് ആർട്ടിഫിഷ്യൽ ഇന്റലിജൻസായിരിക്കുമെന്നതിനാൽ ക്ലാസ് മുറികളിൽ നിന്ന് ആ സാങ്കേതിക വിദ്യയെ മാറ്റിനിർത്താൻ സാധിക്കുന്നത് എങ്ങനെയാണ്? പേഴ്സണലൈസ്ഡ് ലേണിംഗിന്റെ കാര്യത്തിൽ അദ്ധ്യാപകന്റെ ബോധന പ്രക്രിയയെ/പെഡഗോഗിയെ സർഗ്ഗാത്മകമാക്കുന്ന കാര്യത്തിനപ്പുറം നാം തന്നെ പറയുന്നത് ഓരോ പഠിതാവിനെയും വിലയിരുത്തേണ്ടത് ഏറ്റവും ആഴത്തിലും സമഗ്രവുമായിട്ടാകണമെന്നാണ്. ആ വിലയിരുത്തലിന്റെയും ഇവാല്യൂവേഷന്റെയും കാര്യത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്താൻ നമുക്കാകണമെന്നുള്ള ഒരു നിർദ്ദേശം കൂടി ഞാൻ വയ്ക്കുകയാണ്. ഓരോ കുട്ടിയും സൃഷ്ടിയുടെ മഹത്തായ മാതൃകയാണ്. ഓരോ കുഞ്ഞും യുണീക്കാണെന്ന് നാം പറയുന്നു. നിർഭാഗ്യവശാൽ വിദ്യാഭ്യാസത്തിൽ ഇതുയും മാറ്റമുണ്ടാക്കുമ്പോഴും ഓരോ കുട്ടിയിലും അന്തർലീനമായ അഭിരുചികളും അലിഞ്ഞുചേർന്നിട്ടുള്ള ആഭിമുഖ്യങ്ങളും ശാസ്ത്രീയമായി

കണ്ടുപിടിക്കാൻ ഇപ്പോഴുമാകുന്നില്ല. അതുകൊണ്ട് കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും ഒരു ഇൻഡിവിഡ്വൽ മാസ്റ്റർ പ്ലാൻ ഉണ്ടാകണമെന്ന നിർദ്ദേശമാണുള്ളത്. ഇക്കാര്യത്തിൽ ലോകത്ത് ഒരുപാട് മാതൃകകളുണ്ട്. നമ്മുടെ കുഞ്ഞുങ്ങൾ, പി.ജി. കഴിഞ്ഞിട്ടും എന്താകണമെന്ന ഒരു സങ്കോചം ഉണ്ടായിരുന്നതായി ശ്രീ. മുഹമ്മദ് മുഹസിൻ പ്രസംഗിച്ചപ്പോൾ പറയുകയുണ്ടായി. അതായത് ശരിയായ ഒരു തീരുമാനമെടുക്കാൻ കഴിയുന്നില്ല. Aptitude mapping പ്രധാനമാണ്. കേരളത്തിലെ കുഞ്ഞുങ്ങളുടെ അഭിരുചികളെ നിർണ്ണയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മികച്ച സ്ഥാപനങ്ങളുമായും വിദഗ്ധരുമായും അവരെ കണക്ട് ചെയ്യുകയും വേണം. ഒരു കുഞ്ഞിന് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് മാത്രമല്ല കൊടുത്തുവിടേണ്ടത്, കുഞ്ഞുങ്ങളുടെ അഭിരുചി അടങ്ങിയ ഇൻഡിവിഡ്വൽ മാസ്റ്റർ പ്ലാൻകൂടി നൽകണം. ആ കുഞ്ഞിനൊപ്പം, ഉന്നം പിഴയ്ക്കാത്ത സ്വപ്നങ്ങൾക്കൊപ്പം മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് സഞ്ചരിക്കാൻ സഹായിക്കണമെന്ന നിർദ്ദേശംകൂടി മുന്നോട്ടുവയ്ക്കുന്നു. റാന്നി എം. എൽ. എ. എന്ന നിലയിൽ എന്റെ നിയോജകമണ്ഡലത്തിൽ 'നോളജ് വില്ലേജ് ' പദ്ധതി നടപ്പാക്കുകയാണ്.

ചെയർപേഴ്സൺ: യെസ്.....

ശ്രീ. പ്രമോദ് നാരായൺ: സർ, എനിക്കുമുമ്പ് സംസാരിച്ച അംഗത്തിന് രണ്ട് മിനിട്ട് അധികം അനുവദിച്ചു. അങ്ങ് പ്രസംഗം പൂർത്തിയാക്കാൻ അനുവദിക്കണം. അങ്കണവാടികൾ മുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരെയുള്ള മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മികവ് ലക്ഷ്യമാക്കുന്ന ആ പദ്ധതിയുടെ ഭാഗമായി 'Skills and Innovation Hub' റാന്നിയിൽ സ്ഥാപിക്കാൻ ശ്രമിക്കുകയാണ്. കേരളത്തിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ക്യാപിറ്റലായി, അതോടൊപ്പം സൈബർ സെക്യൂരിറ്റിയുടെ ഭാഗമായി, ഡിസൈൻ വാല്യൂ എന്നിവ ഉൾപ്പെടുന്ന ഒരു വലിയ പദ്ധതി, ആ മാതൃകാ പദ്ധതിക്ക് കേരള സർക്കാർ നൽകുന്ന അംഗീകാരത്തിനും വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകുന്ന പിന്തുണയ്ക്കും ഞാൻ നന്ദി പറയുന്നു. മുതിർന്നവർ ജാതിയുടെ ഭേദങ്ങളുടെ അതിർത്തികൾ വരയുകയാണ്. കുഞ്ഞുങ്ങൾക്കാണ് അത് മായ്ക്കാൻ കഴിയുന്നത്; കുഞ്ഞുങ്ങൾ ഭൂമിയെ ഒരു ഉദ്യാനം പോലെ സുന്ദരമാക്കും. ഏത് പദ്ധതിയും നടപ്പിലാക്കുമ്പോൾ കുഞ്ഞുങ്ങളുടെ ചിരിക്കുന്ന മുഖവും അവരുടെ ആനന്ദവും അവരെ മികച്ച

മനുഷ്യരാക്കുക എന്ന ലക്ഷ്യവുമായിരിക്കണം നമ്മുടെ ചിന്തകളും സ്വപ്നങ്ങളും എന്നുപറഞ്ഞുകൊണ്ട് ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. യാതൊരു യാഥാർത്ഥ്യ ബോധവുമില്ലാത്ത ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. അതിന്റെ ധനാഭ്യർത്ഥനയാണ് ഈ അവസരത്തിൽ നടക്കുന്നത്. കടം കിട്ടാത്തതിന്റെ പേരിൽ പരിതപിക്കുന്ന ഒരു സർക്കാരായി കേരളത്തിലെ സർക്കാർ മാറിയിട്ടുണ്ട്. കടം വാങ്ങിയതിന്റെ പലിശ കൊടുക്കാൻ വീണ്ടും കടം ചോദിക്കേണ്ട ഗതികേടിലേയ്ക്ക് നമ്മുടെ സംസ്ഥാനം മൂക്കുകുത്തി വീഴുകയാണ്. കടം കിട്ടിയാൽ മാത്രമേ വികസനം നടത്തുകയുള്ളുവെന്ന രീതിയിലേയ്ക്കാണ് കാര്യങ്ങൾ എത്തിയിട്ടുള്ളത്. വിദ്യാഭ്യാസ വകുപ്പിന്റെയും മറ്റെല്ലാ വകുപ്പുകളുടെയും അധിക തുകയുടെ കണക്ക് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ചാണ് ഞാൻ ആമുഖമായി സൂചിപ്പിക്കുന്നത്. കേരളത്തിലെ അനവധി സ്കൂളുകളുടെയും കോളേജുകളുടെയും

കെട്ടിടങ്ങളുടെ അവസ്ഥ പരിതാപകരമാണ്. പ്രത്യേകിച്ച് സർക്കാർ പ്രൈമറി സ്കൂളുകളിലെ ധാരാളം കെട്ടിടങ്ങൾ വളരെ മോശമായ അവസ്ഥയിലാണ്. അവർക്ക് കൂടുതൽ തുക അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നു. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. പ്രമോദ് നാരായൺ അദ്ധ്യാപകരുടെ സമർപ്പണത്തെക്കുറിച്ച് സാക്ഷ്യപ്പെടുത്തുകയുണ്ടായി. ഇന്ന് ആയിരക്കണക്കിന് അദ്ധ്യാപകരുടെ നിയമസഭാ മാർച്ചിനെ ഞങ്ങൾ അഭിവാദ്യം ചെയ്യുകയുണ്ടായി. അദ്ധ്യാപക സമൂഹത്തോടും വിദ്യാഭ്യാസ മേഖലയോടും കേരള സർക്കാർ അനുവർത്തിച്ചുകൊണ്ടിരിക്കുന്ന നിഷേധാത്മക സമീപനം തിരുത്താൻ തയ്യാറാകണം. ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി രണ്ടുദിവസം മുമ്പുവരെ പറഞ്ഞ ഒരു കാര്യം ഇന്ന് തിരുത്തിയത് ഏറെ സന്തോഷകരമാണ്. അദ്ദേഹം യാഥാർത്ഥ്യ ബോധം ഉൾക്കൊള്ളുന്ന ഒരു വ്യക്തിയാണ്. വ്യക്തിപരമായി അദ്ദേഹത്തോട് സംസാരിക്കുമ്പോൾ നമുക്കത് ബോധ്യമാകും. മലപ്പുറം ജില്ലയടക്കമുള്ള മലബാർ മേഖലകളിൽ സീറ്റ് അധികമാണെന്നായിരുന്നു വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞിരുന്നത്. എന്നാൽ, മലപ്പുറത്ത് ഏഴായിരത്തിലധികം

സീറ്റുകളുടെയും പാലക്കാട്ട് ആയിരത്തി എഴുന്നൂറിൽപ്പരം സീറ്റുകളുടെയും കാസർഗോഡ് ഇരുന്നൂറ്റി അൻപത്തിരണ്ട് സീറ്റുകളുടെയും കുറവുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതിൽ നന്ദിയുണ്ട്. പ്ലസ് വൺ സീറ്റ് അപര്യാപ്തതയുമായി ബന്ധപ്പെട്ട് സമരം ചെയ്ത എം.എസ്.എഫ്. സംസ്ഥാന പ്രസിഡന്റ് പി. കെ. നവാസും ജനറൽ സെക്രട്ടറി സി. കെ. നജാഫ് അടക്കമുള്ള കുട്ടികളും ജയിലിലാണ്. ഇവിടെ ശ്രീ. അൻവർ സാദത്ത് സൂചിപ്പിച്ചതുപോലെ അവരെ എന്തിനാണ് ജയിലിലടച്ചത്; അവർ സമരം ചെയ്തതുകൊണ്ടാണ് ഇപ്പോൾ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുപോലും കണ്ണ് തുറക്കേണ്ടിവന്നത്. ഞങ്ങളുടെ സമരം അസ്ഥാനത്താണെന്നാണ് ഡോ. കെ. ടി. ജലീൽ സൂചിപ്പിച്ചത്. അങ്ങനെയാണെങ്കിൽ എസ്.എഫ്.ഐ. സമരം ചെയ്തത് എന്തിനാണ്; എം.എസ്.എഫ്.-ന്റെയും കെ.എസ്.യു.-ന്റെയും സമരം കണ്ട് പൊതുസമൂഹത്തിലും വിദ്യാർത്ഥി സമൂഹത്തിലും പിടിച്ചുനിൽക്കാൻ കഴിയാത്തതുകൊണ്ടാണ് രണ്ട് ദിവസം മുമ്പ് മലപ്പുറം കളക്ടറേറ്റിലേയ്ക്ക് എസ്.എഫ്.ഐ. നേതാക്കളുടെ നേതൃത്വത്തിൽ സമരം ചെയ്തത്.

എസ്.എഫ്.ഐ.-യ്ക്കും കെ.എസ്.ടി.എ.-യ്ക്കുപോലും സമരം ചെയ്യേണ്ട ഗതികേടിലേയ്ക്ക് ഈ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ വകുപ്പ് മാറിക്കൊണ്ടിരിക്കുകയാണ്. രണ്ടംഗ കമ്മിറ്റിയെ നിയോഗിച്ച് പഠനം നടത്തി മലപ്പുറത്തും മലബാർ മേഖലയിലും പുതിയ ബാച്ചുകൾ അനുവദിക്കുമെന്നാണ് മന്ത്രി അറിയിച്ചിട്ടുള്ളത്. ആവശ്യമുള്ളത്ര ബാച്ചുകൾ അനുവദിക്കണം. ഒരു ക്ലാസിൽ അറുപത്തഞ്ച് മുതൽ എഴുപത് കുട്ടികളെവരെ ഇരുത്തി പഠിപ്പിക്കുന്ന അവസ്ഥ നമുക്കറിയാം. നാൽപത് മുതൽ അൻപത് ശതമാനം വരെ മാർജിനൽ ഇൻക്രീസ് കൊടുത്താൽ സീറ്റ് മിച്ചമാണെന്ന് വീണ്ടും പറയും. അതുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി എത്ര സീറ്റുകളുടെ കുറവുണ്ടെന്ന് യാഥാർത്ഥ്യ ബോധത്തോടുകൂടി പറയണം. മാർജിനൽ ഇൻക്രീസ് പാടില്ല. KER (Kerala Education Rules)-ന്റെ ഹയർ സെക്കൻഡറി സ്പെഷ്യൽ റൂൾസ് പ്രകാരം ഒരു ക്ലാസിൽ പരമാവധി അൻപത് കുട്ടികളെയാണ് ഇരുത്തേണ്ടത്. കുട്ടികളുടെ എണ്ണം കൂടുതലായാൽ പഠിപ്പിക്കാൻ കഴിയില്ല. പഠിപ്പിച്ചാലും കുട്ടികളുടെ വിദ്യാഭ്യാസം ഗുണമേന്മയുള്ളതാകില്ല. ഇത് സംബന്ധിച്ച് ധാരാളം പഠന റിപ്പോർട്ടുകളും

പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുകൊണ്ട് യാഥാർത്ഥ്യബോധം ഉൾക്കൊണ്ട് പുതിയ ബാച്ചുകൾ ആരംഭിക്കുകയും സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയും വേണം. അപ്ഗ്രേഡ് ചെയ്യുമ്പോൾ സർക്കാർ സ്കൂളുകൾക്ക് മാത്രമായി നിജപ്പെടുത്തരുത്. കൂടുതൽ വിദ്യാർഥികളും ഹയർ സെക്കൻഡറിയിൽ സയൻസ് ഗ്രൂപ്പ് പഠനത്തിനായി എയ്ഡഡ് സ്കൂളുകളിലാണ് ചേരുന്നത്. കഴിഞ്ഞ വർഷവും സീറ്റ് ഒഴിഞ്ഞ് കിടക്കുന്നുവെന്ന് പറഞ്ഞതിന്റെ യാഥാർത്ഥ്യം എന്താണ്; സർക്കാർ സ്കൂളുകളിൽ സയൻസ് ബാച്ച് തിരഞ്ഞെടുക്കാൻ കുട്ടികൾ തയ്യാറല്ല; കാരണം അവിടെ ലാബ്, ലൈബ്രറി തുടങ്ങിയ സൗകര്യങ്ങൾ പരിമിതമാണ്. അക്കാര്യം പറയുമ്പോൾ നിങ്ങൾ കൊഞ്ഞനം കുത്തിയിട്ട് കാര്യമില്ല. അതാണ് യാഥാർത്ഥ്യം. മലപ്പുറത്ത് സയൻസ് ഗ്രൂപ്പിൽ ആവശ്യത്തിന് സീറ്റുകളുണ്ടെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സൂചിപ്പിച്ചിരുന്നു. അത് തെറ്റാണ്. മുഴുവൻ വിഷയങ്ങൾക്കും A+ കിട്ടിയ കുട്ടികളുടെ എണ്ണം ഞാൻ തരാം. അതുകൊണ്ട് സയൻസ് ബാച്ച് അനുവദിക്കില്ലെന്ന നിലപാട് സ്വീകരിക്കരുത്. സർക്കാർ സ്കൂളുകളിൽ മാത്രമേ ബാച്ച് അനുവദിക്കുകയുള്ളൂവെന്ന തീരുമാനവും ഉണ്ടാകരുതെന്നാണ്

സൂചിപ്പിക്കാനുള്ളത്. കൂടാതെ അപ്ഗ്രേഡ് ചെയ്യാത്ത എല്ലാ ഹൈസ്കൂളുകളും അപ്ഗ്രേഡ് ചെയ്യണമെന്നും ഞാൻ ആവശ്യപ്പെടുന്നു. ഡോ. കെ. ടി. ജലീൽ ഇവിടെ ഒരു കള്ളക്കണക്ക് പറഞ്ഞിട്ടുണ്ടായിരുന്നു. ഞങ്ങൾ ഭരിക്കുന്ന സമയത്താണ് സീറ്റുകളുടെ അസന്തുലിതാവസ്ഥ വന്നത് എന്നാണ് അദ്ദേഹം പറഞ്ഞത്. 1990-91 കാലഘട്ടത്തിൽ ഇ. കെ. നായനാർ ഭരിക്കുമ്പോഴാണ് ആദ്യമായി +2 സമ്പ്രദായം ആരംഭിക്കുന്നത്. ഞങ്ങളാണ് ആരംഭിച്ചതെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. സത്യത്തിൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ടി. എം. ജേക്കബ് പ്രീഡിഗ്രി ബോർഡ് കൊണ്ടുവന്നപ്പോൾ അതിനെ എതിർത്ത് സമരം ചെയ്ത് തോൽപ്പിച്ചവരാണ് എസ്.എഫ്.ഐ. മാർക്സിസ്റ്റ് പാർട്ടിക്കും എസ്.എഫ്.ഐ.-യ്ക്കും വൈകി മാത്രമേ ബുദ്ധിയുണ്ടാകൂ എന്നുള്ളതുകൊണ്ട് അഞ്ചോ എട്ടോ വർഷം കഴിഞ്ഞപ്പോൾ അവർക്കുതന്നെ ഹയർ സെക്കൻഡറി ബാച്ച് തുടങ്ങേണ്ടിവന്നു. 1990-ൽ ഹയർ സെക്കൻഡറി ആരംഭിച്ചപ്പോൾ 31 ബാച്ചുകൾ അനുവദിച്ചു. അതിൽ ഇരുപത്തൊന്ന് എണ്ണവും തെക്കൻ മേഖലയിലാണ് കൊടുത്തത്. പത്തെണ്ണം മാത്രമാണ് മലബാർ മേഖലയ്ക്ക് ലഭിച്ചത്. പിന്നീട് 1991-ൽ അൻപത്തി നാല്

ബാച്ചുകൾ അനുവദിച്ചു. അപ്പോൾ 33 ബാച്ചുകൾ തെക്കൻ മേഖലയിൽ നൽകി. 23 ബാച്ചുകൾ മാത്രമാണ് പാലക്കാട് മുതലുള്ള മലബാർ മേഖലയിൽ നൽകിയത്. എന്റെ 1448-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ 217 പേജുള്ള മറുപടി എന്റെ കൈവശമുണ്ട്. ഏതൊക്കെ കാലഘട്ടത്തിൽ ആരെല്ലാം എവിടെയെല്ലാമാണ് +2 ബാച്ച് അനുവദിച്ചതെന്ന് അതിൽനിന്നും മനസ്സിലാക്കാൻ കഴിയും. കണക്കുകൾ വ്യക്തമാണ്. 1998-ൽ ഇടതുപക്ഷമാണ് ഭരിക്കുന്നത്. മലബാറിലും മലപ്പുറത്തും വളരെ ചുരുക്കം സ്കൂളുകളും ബാച്ചുകളും അനുവദിച്ചതാണ് ഈ അസന്തുലിതാവസ്ഥ വർധിക്കാൻ കാരണം. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്ത് 236 സർക്കാർ സ്കൂളുകളിൽ ഹയർ സെക്കൻഡറി ബാച്ച് അനുവദിക്കുകയും അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു. പിന്നീട് 2011-16 കാലഘട്ടത്തിൽ ഉമ്മൻ ചാണ്ടി സർക്കാർ 1412 ബാച്ചുകൾ അനുവദിക്കുകയും 226 സ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് ഹയർ സെക്കൻഡറി ബാച്ചുകൾ ആരംഭിക്കുകയും ചെയ്തു. അതുസംബന്ധിച്ച എല്ലാ കണക്കുകളും ഇവിടെയുണ്ട്.

സമയം അനുവദിക്കാത്തതിനാൽ ഞാൻ സുദീർഘമായി സംസാരിക്കുന്നില്ല. കഴിഞ്ഞ മന്ത്രിസഭയിലെ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ഡോ. കെ. ടി. ജലീൽ ഇവിടെ അൺഎയ്ഡഡ്-സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളെക്കുറിച്ച് വിരോധം പറയുകയുണ്ടായി. അദ്ദേഹം ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഗവൺമെന്റ്, എയ്ഡഡ് കോളേജുകൾ തുടങ്ങുന്നതിനുപകരം മുഴുവൻ സെൽഫ് ഫിനാൻസിംഗ് കോളേജുകളാണ് തുടങ്ങിയതെന്ന കാര്യം നിഷേധിക്കാൻ കഴിയില്ല. മാത്രമല്ല, ഈ സഭയിൽ തന്നെയുള്ള ഇടതുപക്ഷത്തിലെ എത്ര അംഗങ്ങൾ അൺഎയ്ഡഡ് സ്ഥാപനങ്ങൾ നടത്തുന്നുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം, ഞാൻ പേര് പറയുന്നില്ല. അതുകൊണ്ട് സെൽഫ് ഫിനാൻസിംഗ് കോളേജുകളോടുള്ള വിരോധമൊന്നും ഇവിടെ പറയേണ്ട. പൊതുവിദ്യാഭ്യാസ രംഗത്തെ കാലാകാലങ്ങളിൽ ശക്തിപ്പെടുത്തിയത് യു.ഡി.എഫ്. ആണ്. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഞങ്ങൾ അതേ തീരുമാനവുമായി ഇനിയും മുന്നോട്ടുപോകും. ഉന്നതവിദ്യാഭ്യാസ മേഖല വളരെ പ്രയാസം നേരിടുകയാണ്. നിലവിൽ

നാലുവർഷത്തെ ബിരുദ കോഴ്സ് ആരംഭിക്കാൻ പോകുകയാണ്. ഇതുവരെ സിലബസ് തയ്യാറാക്കുകയോ എന്താണ് അതിലെ ഉള്ളടക്കമെന്ന് പറയുകയോ ചെയ്യുന്നില്ല. നാലുവർഷത്തെ കോഴ്സാകുമ്പോൾ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്നുപോലും പറയാതെയാണ് കോഴ്സ് ആരംഭിക്കാൻ പോകുന്നത്.

ചെയർപേഴ്സൺ: യെസ്.... പ്ലീസ് കൺക്ലൂഡ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഉന്നത വിദ്യാഭ്യാസ മേഖലയിലടക്കം കുത്തഴിഞ്ഞ രീതിയിലാണ് വിദ്യാഭ്യാസ വകുപ്പ് മുന്നോട്ടുപോകുന്നത്. മലപ്പുറത്തെ പ്ലസ് വൺ സീറ്റിന്റെ അനുപാതം ഇവിടെ പറയുകയുണ്ടായി. കേരളത്തിലെ വിദ്യാർഥികളുടെ എണ്ണം പരിശോധിച്ചാൽ അതിൽ 20% വിദ്യാർഥികളും മലപ്പുറത്താണ് പഠിക്കുന്നത്. എന്നാൽ 11.2 % വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാത്രമേ മലപ്പുറത്ത് നിലവിലുള്ളൂ. എന്നാൽ 2.3 % കുട്ടികൾ പഠിക്കുന്ന മറ്റൊരു ജില്ലയിൽ 5.5% വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. പ്രാദേശിക വിഷയമാക്കി മാറ്റരുതെന്നുള്ളതുകൊണ്ട് ഞാൻ ആ ജില്ലയുടെ പേര് പറയുന്നില്ല. ഈ അസന്തുലിതാവസ്ഥ തിരുത്തണം. ഒരുകാര്യംകൂടി

പറഞ്ഞ് അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മുസ്ലീം ലീഗിന് മുഖം നഷ്ടപ്പെട്ടുവെന്ന് ഇവിടെ പറയുകയുണ്ടായി. നഷ്ടപ്പെടാൻ മുഖമെങ്കിലുമുള്ള പാർട്ടിയാണ് ഇന്ന് മുസ്ലീം ലീഗ് എന്നുള്ളതാണ് മുസ്ലീം ലീഗിന്റെ ഗുണം. എന്നാൽ മാർക്സിസ്റ്റ് പാർട്ടി മുഖം പോലുമില്ലാതെ ശിരസ്സറ്റ കബന്ധമായി ഇന്ത്യയിലെ രാഷ്ട്രീയ മ്യൂസിയത്തിൽ രാഷ്ട്രീയ വിദ്യാർഥികൾക്ക് പഠിക്കാനുള്ള പഠന ഗവേഷണ വിഷയമായി മാറിയിട്ടുണ്ടെന്നതാണ് വസ്തുത. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ സി.പി.ഐ.(എം.) വീണ്ടും രാഷ്ട്രീയ ധ്രുവീകരണത്തിന് ശ്രമിച്ചു. 1987-ലെ മുല്ല-മുക്രി പെൻഷൻ വിഷയത്തിൽ അവർ സംസാരിച്ചത് എല്ലാവർക്കുമറിയാം. 2016-ൽ മുസ്ലീം പഞ്ചായത്ത് രൂപീകരിക്കുന്നുവെന്ന രാഷ്ട്രീയ വർഗീയ ധ്രുവീകരണമാണ് നടന്നത്. കേരളത്തിൽ അടുത്ത തിരഞ്ഞെടുപ്പിലും മാർക്സിസ്റ്റ് പാർട്ടി ആ രീതിയിലേയ്ക്ക് പോകുന്നുവെന്നതിന്റെ വ്യക്തമായ തെളിവുകളാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. ഞങ്ങൾക്ക് പറയാനുള്ളത് സി.പി.ഐ(എം.) അങ്ങനെയുള്ള രീതികളിലേയ്ക്ക് പോകാതെ യാഥാർത്ഥ്യ ബോധത്തോടുകൂടി രാഷ്ട്രീയത്തെ സമീപിക്കണമെന്നാണ്. ബി.ജെ.പി.-യുടെ സ്വരത്തിൽ

വർഗ്ഗീയത സംസാരിച്ച് രാഷ്ട്രീയനേട്ടം കൊയ്ത് അടുത്ത തിരഞ്ഞെടുപ്പിൽ വിജയിക്കാനുള്ള തന്ത്രം മെനയുകയെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. എം. മുകേഷ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ജനാധിപത്യം കരുത്തുകാട്ടിയ ദേശീയതലത്തിലുള്ള വിധിയെഴുത്തിന്റെ ആഹ്ലാദം പങ്കുവച്ചുകൊണ്ടാണ് ഞാൻ ഈ സഭയിൽ നിൽക്കുന്നത്. നമ്മുടെ രാജ്യം പിന്തുടർന്നുപോന്ന നാനാത്വത്തിൽ ഏകത്വമെന്ന ആശയത്തെ തകർത്തുകൊണ്ട് എല്ലാം ഏകത്വത്തിൽ എന്ന പ്രതിലോമ നിലപാട് സ്വീകരിച്ചതിനുള്ള തിരിച്ചടിയാണ് ബി.ജെ.പി. നേതൃത്വം ഏറ്റുവാങ്ങിയിട്ടുള്ളത്. ഏക സിവിൽ കോഡ്, ഏക തിരഞ്ഞെടുപ്പ്, ഏകീകൃത നികുതി തുടങ്ങി രാജ്യത്ത് ഏകകക്ഷി ഭരണമെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിയപ്പോൾ ജനങ്ങൾ ഇടപെടുകയായിരുന്നുവെന്ന് നമുക്കറിയാം. ഞാൻ ഇക്കാര്യം പറയുമ്പോൾ കൊല്ലത്ത് ലോക്സഭാ സ്ഥാനാർത്ഥിയായ ഞാൻ പരാജയപ്പെട്ട കാര്യമാകും നിങ്ങൾ കൂട്ടിച്ചേർക്കാൻ ശ്രമിക്കുന്നത്. അതെ, ജനവിധിയെ ഞാൻ

അംഗീകരിക്കുന്നു. രാജ്യത്തെ നയിക്കാൻ ശ്രീ. നരേന്ദ്ര മോദിയല്ല വേണ്ടതെന്ന ചിന്ത ജനങ്ങൾക്കുണ്ടായപ്പോൾ രൂപപ്പെട്ട മുന്നേറ്റമായിരുന്നു നാം കണ്ടത്. ഞാനും എന്റെ മുന്നണിയും രാജ്യത്തിന്റെ ഐക്യത്തിനും സാംസ്കാരിക വൈവിധ്യത്തിന്റെ സംരക്ഷണത്തിനും വേണ്ടിയാണ് വോട്ട് തേടിയത്. ഇക്കാര്യമാണ് ജനങ്ങളെ ബോധ്യപ്പെടുത്താൻ ശ്രമിച്ചത്. നമ്മുടെ രാജ്യത്തിന്റെ സാംസ്കാരിക വൈവിധ്യം നിലകൊള്ളുന്നത് നമ്മുടെ ഭരണഘടന നൽകുന്ന ഉറപ്പിലാണ്. ആ ഭരണഘടനയിൽ മാറ്റം വരുത്താൻ നാന്നൂറിലധികം സീറ്റുകൾവേണ്ടി വരുമെന്നായിരുന്നു ബി.ജെ.പി. സഖ്യം ജനങ്ങളോട് പറഞ്ഞത്. നാന്നൂറ് സീറ്റ് കിട്ടിയാൽ ഭരണഘടന ഭേദഗതി ചെയ്യുമെന്ന് ബി.ജെ.പി. എം.പി. അനന്ത് കുമാർ ഹെഗ്ഡെ പരസ്യമായി പ്രഖ്യാപിക്കുകയുണ്ടായി. ഇത്തരം പ്രഖ്യാപനങ്ങൾ കേട്ട് ന്യൂനപക്ഷങ്ങളും ദളിതരും അരക്ഷിതരായി. ഇടതുപക്ഷമാകട്ടെ ഭരണഘടന മുൻനിർത്തിയുള്ള പ്രചാരണത്തിന് തുടക്കമിടുകയും ചെയ്തു. ഇന്ത്യൻ ഭരണഘടന മുൻനിർത്തി പ്രചരണം നടന്ന രാജ്യത്തെ ആദ്യ തിരഞ്ഞെടുപ്പാണിത്. ഭരണഘടന സംരക്ഷണത്തിനായി ജനങ്ങൾ വിധിയെഴുതുകയും ചെയ്തു. ഭരണഘടനയെ

മുൻനിർത്തിയുള്ള പ്രചാരണത്തിന് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി തിരഞ്ഞെടുപ്പിനും എത്രയോകാലം മുമ്പുതന്നെ തുടക്കംകുറിച്ചുവെന്ന് ഓർക്കണം. ഭരണഘടനാ നിർമ്മാണ സഭയിൽ പ്രതിപക്ഷത്തിന്റേതാണ് പാർലമെന്റെന്ന് ഡോ. ബി. ആർ. അംബേദ്കർ പ്രഖ്യാപിച്ച കാര്യം ഈ സന്ദർഭത്തിൽ ഓർത്തുപോകുകയാണ്. ഡോ. ബി. ആർ. അംബേദ്കറിന്റെ ജനാധിപത്യത്തെക്കുറിച്ചുള്ള ആ സങ്കൽപ്പം യാഥാർത്ഥ്യമാക്കുന്നതിൽ ഇടതുപക്ഷ പാർട്ടികളും അവരുടേതായ പങ്കുവഹിച്ചുവെന്ന് പറയുന്നതിൽ ചാരിതാർത്ഥ്യമുണ്ട്. ഇതിന്റെ പ്രതിഫലനം സംസ്ഥാന ബഡ്ജറ്റിലും കാണുവാൻ കഴിഞ്ഞു. ഭരണഘടനാ സാക്ഷരത വ്യാപനത്തിനാണ് ബഡ്ജറ്റ് ഊന്നൽ നൽകുന്നത്. നമ്മുടെ രാജ്യം റിപ്പബ്ലിക് ആയതിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന 2025 ജനുവരി 26-നകം കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി ഭരണഘടനാ സാക്ഷരത കൈവരിക്കാനുള്ള പദ്ധതി നടപ്പിലാക്കാനുള്ള ബഡ്ജറ്റ് നിർദ്ദേശത്തെ അഭിനന്ദിക്കുന്നു. ഈ ബഡ്ജറ്റിൽ എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത് പൊതുവിദ്യാഭ്യാസ

മേഖലയ്ക്ക് 1032 കോടി രൂപ വകയിരുത്താനുള്ള തീരുമാനമാണ്. വിദ്യാഭ്യാസ മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് ഭാവി തലമുറയ്ക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താൻ പ്രതിജ്ഞാബദ്ധമാണെന്ന് ഇടതുസർക്കാർ ഈ നടപടിയിലൂടെ ബോധ്യപ്പെടുത്തുന്നു. ഒരുകാലത്ത് സാക്ഷരതയെന്നാൽ എഴുത്തും വായനയും അറിയുക എന്നായിരുന്നു. ഇന്ന് ആ സ്ഥിതി മാറിയിരിക്കുന്നു. വ്യാജ വാർത്തകൾ ഉയർത്തുന്ന വെല്ലുവിളികളെ തിരിച്ചറിയേണ്ടത് സാക്ഷരതയുടെ ആദ്യപടിയായി തീർന്നിരിക്കുന്നു. പൊതുവിദ്യാലയങ്ങളിലെ വിദ്യാർഥികൾക്കായി മാധ്യമ വിവരസാക്ഷരത പരിപാടി നടപ്പിലാക്കികൊണ്ട് സർക്കാർ ഇതിന് തുടക്കം കുറിച്ചിരിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസും അതിന്റെ അനുബന്ധ സാങ്കേതികവിദ്യകളും നമ്മുടെ രാഷ്ട്രീയത്തിലും സമൂഹത്തിലും ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ പരിശീലനം തുടരുന്നതിന് 1 കോടി രൂപയാണ് വിദ്യാഭ്യാസ വകുപ്പിന്റെ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. 2014-ൽ അഴിമതി വിരുദ്ധത, 2019-ൽ ദേശസുരക്ഷ, 2024-ൽ മോദി ഗ്യാരണ്ടി. ഒരു ജനാധിപത്യ രാജ്യം എങ്ങനെ ഒരു വ്യക്തിയിലേയ്ക്ക് കേന്ദ്രീകരിക്കപ്പെട്ടുവെന്ന് തിരിച്ചറിയാൻ മുൻ

കാലഘട്ടങ്ങളിൽ ബി.ജെ.പി. ഉയർത്തിയ മേൽപറഞ്ഞ മുദ്രാവാക്യങ്ങൾ ശ്രദ്ധിച്ചാൽ മതിയാകും. ഇടതുപക്ഷം വ്യത്യസ്തമാകുന്നത് ഇവിടെയാണ്. ഞങ്ങൾ സംസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടി, രാജ്യത്തിന്റെ ഐക്യത്തിനുവേണ്ടിയാണ് പ്രചാരണം നടത്തിയത്. ഇനിയും ഈ നിലപാട് മുന്നോട്ട് കൊണ്ടുപോകുകയും ചെയ്യും. ഇപ്പോൾ യൂറോ കപ്പ് ഫുട്ബോൾ മത്സരം നടന്നുവരികയാണ്. ഫുട്ബോൾ പ്രേമികൾ അതിന്റെ ലഹരിയിലാണ്. മുമ്പ് ഒരു പ്രമുഖ ഫുട്ബോൾ ടീം, മത്സരം കഴിഞ്ഞുവന്നപ്പോൾ മാധ്യമങ്ങളുടെ വിമർശനങ്ങളോടും ചോദ്യങ്ങളോടും പ്രതികരിച്ചത് ഞാൻ ഈ സന്ദർഭത്തിൽ ഓർത്തുപോകുകയാണ്. എന്തുകൊണ്ട് തോറ്റുവെന്നായിരുന്നു ചോദ്യം. എതിരാളികളായ പതിനൊന്ന് പേരോടുമാത്രമല്ല നിഷ്പക്ഷരായി നിൽക്കേണ്ട റഫറിമാരോടും ഞങ്ങൾക്ക് എതിരിടേണ്ടിവന്നു എന്നതായിരുന്നു പരാജിതരായ ആ ടീമിന്റെ മറുപടി. അതേ മറുപടി ഞാൻ ഇവിടെ ആവർത്തിക്കുന്നു. നിഷ്പക്ഷത പുലർത്തേണ്ട ഉത്തരവാദിത്വമുള്ള പല മാധ്യമങ്ങളുടെയും നിലപാടിനെയാണ് ഞാൻ ഉദ്ദേശിച്ചത്. എന്നാൽ നാല് വോട്ടിനുവേണ്ടി വേഷം കെട്ടുന്നവരെ

നിഷ്പക്ഷത പാലിക്കേണ്ടവർ അകമഴിഞ്ഞ് പിന്തുണയ്ക്കുന്നതും കാണാം. വേഷം കെട്ടുകാർ ഇന്നുമാത്രമല്ല, മുമ്പുമുണ്ടായിരുന്നു. കവി വൈലോപ്പിള്ളി ശ്രീധരമേനോൻ ഇത്തരം വേഷം കെട്ടലുകൾ കണ്ടുമടുത്തിട്ടാവണം 'അരിയില്ലാഞ്ഞിട്ട്' എന്ന കവിത എഴുതിയതെന്ന് തോന്നുന്നു. പട്ടിണി കാരണം ഒരു സാധുമനുഷ്യൻ മരിച്ചുപോയി. മരണ വിവരം അറിഞ്ഞെത്തിയ അയൽവാസികളിൽ ചില പ്രമാണിമാരും ശവദാഹം നടത്താൻ മുന്നിട്ടുനിൽക്കുകയാണ്. അവരെ ആരെയും അതുവരെ അവിടെ കണ്ടിട്ടില്ല. ചിലർ മാവ് വെട്ടുന്നു, ചിലർ വേലി തട്ടുന്നു, മുറുക്കാൻ പൊതിയുമായി മുറ്റത്തുനിൽക്കുന്ന കരക്കാരൻ പട്ടിണി കാരണം മരിച്ച ആളിന്റെ വിധവയോട് ശവദാഹ ചടങ്ങിന് ചുറ്റും വിതറാൻ കുറച്ച് ഉണക്കലരി വേണമെന്ന് ആവശ്യപ്പെട്ടു. അരി ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം അന്തരിക്കുമായിരുന്നില്ലല്ലോ എന്നായിരുന്നു മരിച്ച ആളുടെ ഭാര്യയുടെ മറുപടി. വൈലോപ്പിള്ളിയുടെ ഈ കവിത ഞാൻ പ്രതിപക്ഷത്തിനായി സമർപ്പിക്കുകയാണ്. എവിടെ ഒരു ദുരന്തമുണ്ടായാലും അവിടെയെത്തി ബഹളം കാണിച്ച് മാധ്യമ വാർത്ത ഉറപ്പുവരുത്തുന്ന രീതിയെ

പതിറ്റാണ്ടുകൾക്ക് മുമ്പ് വിഭാവനം ചെയ്തുകൊണ്ട് വൈലോപ്പിള്ളി ഇങ്ങനെ എഴുതിയതാവണമെന്നാണ് അനുമാനിക്കുന്നത്. ആ പാവം മനുഷ്യൻ ജീവിച്ചിരുന്ന കാലത്ത് അയാളെ തിരിഞ്ഞുനോക്കാത്തവർ അയാളുടെ ജീവൻ പോയപ്പോൾ കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കാൻ ഓടിയെത്തിയിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ടാണ് വൈലോപ്പിള്ളി കവിത അവസാനിപ്പിക്കുന്നത്. ഈ കവിത ഓർക്കുമ്പോൾ ഒരു നാടകം കൂടി എന്റെ ഓർമ്മയിൽ വരാറുണ്ട്. ചങ്ങനാശ്ശേരി ഗീഥാ നാടക സമിതി ചാച്ചപ്പന്റെ സംവിധാനത്തിൽ അവതരിപ്പിച്ച നാടകമാണ്. ഒരാൾ 14 ദിവസം പട്ടിണി കിടന്ന് മരിച്ചുവെന്ന പത്രവാർത്ത കാണുന്ന ചാച്ചപ്പന്റെ കഥാപാത്രം ആ വാർത്ത എഴുതിയ വ്യക്തിയോട് ഇതിത്ര ക്രൂരമായി എങ്ങനെ അറിഞ്ഞുവെന്ന് ചോദിക്കുന്നു. താൻ ഓരോ ദിവസവും ആ പട്ടിണിക്കാരനെ സന്ദർശിക്കുമായിരുന്നെന്ന് പത്രക്കാരൻ മറുപടി പറഞ്ഞു. അയാൾ ജീവിച്ചിരിപ്പുണ്ടോ എന്ന് അറിയുന്നതിനുവേണ്ടി 14 ദിവസവും അയാളെ അന്വേഷിച്ച നിങ്ങൾ ഒരു നേരം അയാൾക്ക് ഭക്ഷണം വാങ്ങി നൽകിയിരുന്നെങ്കിൽ അയാൾ മരിക്കില്ലായിരുന്നല്ലോ എന്ന് നാടകത്തിലെ മുഖ്യ കഥാപത്രം ആ

പത്രക്കാരനോട് ചോദിച്ചു. ബ്രേക്കിംഗ് ന്യൂസ് എവിടെ കിട്ടും? പത്രം മുന്നോട്ട് പോകണമെങ്കിൽ ബ്രേക്കിംഗ് ന്യൂസ് വേണം. ഇപ്പോൾ സോഷ്യൽ മീഡിയ എന്ന ഓമനപ്പേരിലാണ് ഇവയെല്ലാം അറിയപ്പെടുന്നത്. ഇലക്ഷനിൽ അവരെല്ലാം പൂത്തുവിളയാടി. വിവാദ വിഷയങ്ങളിൽ സംസ്ഥാനത്തെ പ്രതിപക്ഷവും മാധ്യമങ്ങളിലെ ഒരു വിഭാഗവും പിന്തുടരുന്ന ശൈലിയെ സമർഥിക്കുവാൻ ചങ്ങനാശ്ശേരി ഗീഥയുടെ നാടകത്തിലെ ഈ ചോദ്യം ധാരാളമാണ്. ഒരു കാലത്ത് കേരളീയ സമൂഹം ചർച്ച ചെയ്തിരുന്ന ഒരു തർക്ക വിഷയമുണ്ട്. കല കലയ്ക്കുവേണ്ടിയോ കല ജീവിതത്തിനുവേണ്ടിയോ; സാഹിത്യ നിരൂപകരും കലാകാരൻമാരും രണ്ട് പക്ഷത്തായി അണിനിരന്ന കാലഘട്ടമായിരുന്നു. രണ്ട് വാദഗതികളുടെയും സമന്വയമാണ് കൂടുതൽ സത്യം. കല ജീവിതം തന്നെ എന്ന തിരിച്ചറിവോടെയാണ് കലാ സാംസ്കാരിക മേഖലയുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്കായി 170 കോടി രൂപ വകയിരുത്തിയത്. കലയുടെ ശക്തിയെക്കുറിച്ച് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് ഏറ്റവും ആധികാരികമായി പറയാൻ സാധിക്കും. കലാ സാഹിത്യ പ്രസ്ഥാനങ്ങൾ എക്കാലത്തും മതേതരത്വത്തിനും പുരോഗമന

നിലപാടുകൾക്കും ഒപ്പം നിന്ന ചരിത്രമാണ് നമുക്കുള്ളത്. മതം വ്യക്തിയുടെ സ്വകാര്യതയാണെന്നും അതിൽ രാഷ്ട്രം ഇടപെടേണ്ടതില്ലെന്നുമുള്ള ധീരമായ പ്രഖ്യാപനം നടത്തിയ ജവഹർലാൽ നെഹ്റുവിന്റെ പാരമ്പര്യമാണ് നമ്മുടെ ദേശീയത. സി.പി.ഐ.(എം) ഇത്തരം ദേശീയ കാഴ്ചപ്പാടുകളിലൂടെയാണ് പ്രവർത്തിക്കുന്നത്. തന്റെ ചിതാഭസ്മം ഗംഗയിൽ ഒഴുക്കുന്നത് സംബന്ധിച്ച് മഹാനായ ജവഹർലാൽ നെഹ്റു 1954-ൽ അദ്ദേഹത്തിന്റെ മരണപത്രത്തിൽ ഇങ്ങനെയാണ് രേഖപ്പെടുത്തിയത്, ചിതാഭസ്മത്തിൽ ഒരു ഭാഗം അലഹബാദിൽവച്ച് ഗംഗയിൽ ഒഴുക്കണം, അതിന് മതസംബന്ധമായ യാതൊരു പ്രാധാന്യവുമില്ല, ബാക്കി വിമാനത്തിൽനിന്ന് വയലേലകളിൽ വിതറണം. ഇത്തരം മതേതര കാഴ്ചപ്പാടിനെ തകർക്കാനുള്ള നീക്കത്തെയാണ് സി.പി.ഐ.(എം) ഈ തിരഞ്ഞെടുപ്പിലും എതിർത്തത്. നെഹ്റു മാത്രമല്ല ആദരണീയരായ നമ്മുടെ പല നേതാക്കളും ഇത്തരം കാഴ്ചപ്പാടുള്ളവരായിരുന്നു. വ്യത്യസ്ത കാലങ്ങളിൽ ശക്തിപ്പെട്ട ദേശീയതയ്ക്ക് വിഭിന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽപ്പെട്ട നേതാക്കന്മാർ ആശയപരമായ പിന്തുണ നൽകിയ ചരിത്രമാണ് നമ്മുടെ നാട്ടിലുള്ളത്. ഈ പാരമ്പര്യത്തെ

തകർക്കാനാണ് സംഘ്പരിവാർ ശക്തികൾ ശ്രമിക്കുന്നത്. അതിനെ ഉറച്ച മനസ്സോടെ എതിർക്കുന്നതിൽ ഇടതുപക്ഷം ഒരിക്കലും പിന്നോട്ടുപോയിട്ടില്ല. ഇത്തരം എതിർപ്പ് കാരണമാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെതിരെ കേന്ദ്രം പകപോക്കൽ നയം പിന്തുടരുന്നത്. കേന്ദ്ര അവഗണനയ്ക്കെതിരെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ ജനപ്രതിനിധികൾ ഡൽഹിയിൽ പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. പല മുഖ്യമന്ത്രിമാരും ദേശീയ നേതാക്കളും ആ പ്രതിഷേധ യോഗത്തിൽ അഭിസംബോധന ചെയ്ത് സംസാരിക്കുകയുണ്ടായി. അക്കൂട്ടത്തിൽ കാശ്മീർ മുൻ മുഖ്യമന്ത്രി ശ്രീ. ഫാറൂഖ് അബ്ദുല്ല നടത്തിയ പ്രസംഗത്തിനായിരുന്നു കൂടുതൽ കൈയടി ലഭിച്ചത്. ദേശീയ രാഷ്ട്രീയത്തിന്റെ ഗതിവിഗതികൾ നിയന്ത്രിച്ചിട്ടുള്ള 86-കാരനായ ശ്രീ. ഫാറൂഖ് അബ്ദുല്ല ഇങ്ങനെയാണ് പ്രസംഗം ഉപസംഹരിച്ചത്, "ജനാധിപത്യ ക്രമത്തിൽ തിരഞ്ഞെടുപ്പിൽ ജയവും തോൽവിയും സാധാരണമാണ്. ജയത്തിൽ അഹങ്കാരം പാടില്ല, ഇന്ന് ജയിക്കുന്നവർ നാളെ തോൽക്കേണ്ടി വരും എന്ന് ഓർത്തുകൊള്ളണം." ജാതി പറഞ്ഞും

വർഗീയത പ്രചരിപ്പിച്ചും വിജയിക്കാമെന്ന് കരുതുന്നവർക്ക് അടിതെറ്റുമെന്ന മുന്നറിയിപ്പായിരുന്നു ജീവിതം ഒരുപാട് കണ്ട ശ്രീ. ഫാറൂഖ് അബ്ദുല്ലയുടെ അന്നത്തെ പ്രസംഗം. ഈ പ്രസംഗവും എന്റെ പ്രതിപക്ഷ സ്നേഹിതർക്കായി സമർപ്പിച്ചുകൊണ്ട്, ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. പൊതുവിദ്യാഭ്യാസം നഷ്ട കച്ചവടമാണെന്ന് പറഞ്ഞ് സർക്കാർ സ്കൂളുകൾ അടച്ചുപൂട്ടാൻ തയ്യാറായവരാണ് ഇപ്പോൾ വിദ്യാഭ്യാസത്തെക്കുറിച്ച് ഗീർവാണ പ്രസംഗങ്ങൾ നടത്തുകയും മുതലക്കണ്ണീർ ഒഴുക്കുകയും ചെയ്യുന്നത്. എന്തായാലും അവർ കഴിഞ്ഞ കാലത്തേയ്ക്ക് ഒന്ന് തിരിഞ്ഞുനോക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. കുട്ടികൾക്ക് സുഖമായി ഇരുന്ന് പഠിക്കാനാവശ്യമായ പുതിയ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുകയും 45000-ൽ അധികം സ്മാർട്ട് ക്ലാസ് റൂമുകൾ സജീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂൾ അന്തരീക്ഷം തന്നെ മാറുന്ന അവസ്ഥയാണ് എൽ.ഡി.എഫ്.

ഗവൺമെന്റിന്റെ കാലത്തുണ്ടായിരിക്കുന്നത്. ഇതൊന്നും കണ്ടില്ലെന്ന് നടിച്ചുകൊണ്ട് വിദ്യാഭ്യാസം ആകെ കുഴപ്പത്തിലാണെന്ന് വരുത്തിത്തീർക്കാൻ വേണ്ടിയുള്ള പ്രവർത്തനം നടത്തുന്നത് സത്യത്തിൽ ഈ കേരളത്തിലെ ജനങ്ങളെ അപമാനിക്കുന്നതിന് തുല്യമാണ്. കൃഷിക്കാർ വല്ലാത്ത ബുദ്ധിമുട്ടിലും പ്രയാസത്തിലുമാണ്. കേന്ദ്ര സർക്കാർ നെല്ല് സംഭരിച്ച വകയിൽ ആയിരത്തി ചില്വാനം കോടി രൂപ ബാക്കിവച്ചു; എന്നാൽ ഇപ്പോഴും ആ തുക കൊടുത്തു തീർക്കാൻ സാധിച്ചില്ല, ഇനിയും തുക ലഭിക്കാത്തവർക്ക് അത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ അവരുടെ കാര്യം ബുദ്ധിമുട്ടിലാകുമെന്ന വസ്തുത ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും നൽകാത്ത ഉയർന്ന താങ്ങുവില കേരളത്തിൽ നൽകുന്നുണ്ട്. എന്നാൽ നെല്ലിന്റെ ഉൽപാദനച്ചെലവ് വർദ്ധിച്ചതോടൊപ്പം ഫെർട്ടിലൈസറിന്റെ വിലയിലും ഉഴവ് കൂലിയിലും വല്ലാത്ത വർദ്ധനവുണ്ടായി. ഈ പ്രതിസന്ധികളുടെ നടുവിൽനിന്നുകൊണ്ട്, കൃഷിക്കാരെ സഹായിക്കാനായി താങ്ങുവില കുറച്ചുകൂടി വർദ്ധിപ്പിക്കുവാൻ തയ്യാറാകണമെന്ന് ഞാൻ ഈ അവസരത്തിൽ

അഭ്യർത്ഥിക്കുകയാണ്. മുമ്പ് തമിഴൻ പറഞ്ഞ ഒരു ചൊല്ലുണ്ട്, 'കാഞ്ചിട്ടും പോച്ച് പേഞ്ചിട്ടും പോച്ച്' അതുപോലെയാണ് ഇപ്പോഴത്തെ സ്ഥിതി. കഴിഞ്ഞ വർഷമുണ്ടായ കൊടിയ വരൾച്ചയുടെ ഭാഗമായി കൃഷിക്കാരന്റെ വിളയെല്ലാം നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടായതിനെയാണ് കാഞ്ചി പോച്ച് എന്നതുകൊണ്ട് ഉദ്ദേശിച്ചത്. ഇപ്പോൾ ധാരാളം മഴ പെയ്തുകൊണ്ടിരിക്കുന്ന കാലയളവാണ്, അതുമൂലം വിള തേഞ്ഞുപോകുന്നു (നഷ്ടപ്പെടുന്നു) അതിനെയാണ് പേഞ്ചി പോച്ച് എന്നുപറഞ്ഞത്. അങ്ങനെ വരൾച്ചയിലും കനത്ത മഴയിലും കൃഷിക്കാരന് വിള നഷ്ടം സംഭവിക്കുകയാണ്. അതിനാൽ നിർത്തിവച്ചിരിക്കുന്ന വിള ഇൻഷ്വറൻസ് പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. എം. മുകേഷ് പത്രങ്ങളെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ എനിക്ക് ഒരു കാര്യം ഓർമ്മ വരികയാണ്. കേരള ബാങ്ക് രൂപീകരണം എന്നത് ഇന്ത്യാ രാജ്യത്ത് ഒരു സംസ്ഥാനത്തും ഇല്ലാത്ത പരീക്ഷണമാണ്. ഇന്ന് ഏഷ്യയിലെതന്നെ ഒന്നാമത്തെ ധനകാര്യ സ്ഥാപനമാണ് കേരള ബാങ്ക്. ഇന്നലെ വാർത്താ മാധ്യമങ്ങൾ കേട്ടതിൽ പാതി കേൾക്കാത്തതിൽ പാതി

റിസർവ് ബാങ്ക് കേരള ബാങ്കിനെ ഡീ ഗ്രേഡ് ചെയ്യുവെന്ന് നാട്ടിലാകെ ഒരു പ്രചരണം നടത്തി. റിസർവ് ബാങ്ക് അങ്ങനെ ഒരു ഗ്രേഡിംഗ് നടത്തിയിട്ടില്ല. സാധാരണ ഗതിയിൽ എല്ലാ വർഷവും നബാർഡ് ഇൻസ്പെക്ഷൻ നടത്തുകയും അപാകതകൾ കണ്ടാൽ തിരുത്താൻ മാർഗ്ഗം ഉപദേശിക്കുകയും ചെയ്യും. ഇക്കാര്യത്തിനാണ് ഡീഗ്രേഡ് ചെയ്യുവെന്ന വാർത്ത സകല പത്രങ്ങളും ഉണ്ടാക്കിയത്. ഞാൻ ഇക്കാര്യം സൂചിപ്പിക്കാനുള്ള കാരണം പ്രൈമറി അഗ്രികൾചറൽ ക്രെഡിറ്റ് സൊസൈറ്റികളും അതിനോട് അനുബന്ധിച്ചുള്ള കേരള ബാങ്കും കാർഷിക മേഖലയ്ക്ക് താങ്ങും തണലുമായി പ്രവർത്തിക്കുന്നവയാണ്. എന്തെങ്കിലും കേട്ടതിന് പിന്നാലെ, കാള പെറ്റുവെന്ന് പറഞ്ഞ് കയർ എടുത്ത് പ്രചരണം നടത്തുന്നത് എത്രമാത്രം ദോഷഫലങ്ങൾ രാജ്യത്തുണ്ടാക്കും എന്നതിനെക്കുറിച്ച് പത്രങ്ങൾ ആലോചിക്കുന്നത് നന്നായിരിക്കുമെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. കായികരംഗവുമായി ബന്ധപ്പെട്ട് പറയുമ്പോൾ, 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' എന്ന പദ്ധതി നല്ല ആശയമാണ്. 50 ശതമാനം എം.എൽ.എ. ഫണ്ടും 50 ശതമാനം സ്പോർട്സ് വകുപ്പും

ചെലവഴിക്കുന്ന തരത്തിൽ പദ്ധതി പ്രാവർത്തികമാക്കിയാൽ ഗുണം ചെയ്യും. എനിക്ക് മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, ക്രിക്കറ്റിനും ഫുട്ബോളിനുമുള്ള സംവിധാനങ്ങൾ നാട്ടിലുണ്ട്. പാലക്കാട് ജില്ലയിലെ ചില ഗ്രാമങ്ങളായ ബറളിക്കാട്, കാടാംകോട് എന്നീ പ്രദേശങ്ങളിൽ അവരായി വളർത്തികൊണ്ടുവന്നതാണ് ഖോ ഖോ ഗെയിം; ഇന്നിപ്പോൾ അത് കേരളത്തിൽ പല സ്ഥലത്തുമുണ്ട്. ഒളിമ്പിക്സിൽ സ്ഥാനം പിടിച്ചിട്ടില്ലെങ്കിലും ഏഷ്യാഡിലും ഏഷ്യൻ ഗെയിംസിലും ഖോ ഖോ ഗെയിം ഉൾപ്പെടുത്തിയിട്ടുണ്ട്. കാവുശ്ശേരി, പല്ലശ്ശന എന്നീ പ്രദേശങ്ങളിൽ നീന്തലിന് പ്രത്യേക പരിഗണന നൽകുന്നുണ്ട്. അത്തരം കായിക വിനോദങ്ങൾക്ക് പ്രത്യേക പരിഗണന നൽകി വളർത്തിയെടുക്കാൻ കായിക വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. വി. കെ. പ്രശാന്ത്]

തൊഴിലാളിക്ഷേമവുമായി ബന്ധപ്പെട്ട് സംസാരിക്കാനുള്ളത് ക്ഷേമനിധിയുടെ കാര്യമാണ് . ബുദ്ധിമുട്ടും പ്രയാസവും അനുഭവിച്ച് സൂര്യന് താഴെയുള്ള എല്ലാ

ജോലിയും ചെയ്യുന്നവരാണ് അങ്കണവാടി ജീവനക്കാർ. അവർ സർവ്വീസിൽനിന്ന് വിരമിക്കുമ്പോൾ പത്ത് പൈസയുടെ ആനുകൂല്യം ലഭിക്കുന്നില്ല. എന്തൊക്കെ പ്രതിസന്ധികളുണ്ടെങ്കിലും പാവങ്ങളിൽ പാവങ്ങളായ ആ വിഭാഗത്തിന് ക്ഷേമനിധി ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കാൻ തൊഴിൽ വകുപ്പ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കർഷകർക്ക് താങ്ങുവില കൂട്ടിനൽകണമെന്നും ഇൻഷ്വറൻസ് നടപ്പാക്കണമെന്നും വിദ്യാഭ്യാസ മേഖലയിൽ പരിഷ്കാരം കൊണ്ടുവരണമെന്നും അങ്കണവാടി ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യം നൽകണമെന്നും ആവശ്യപ്പെടുന്ന സന്ദർഭത്തിലും നമ്മുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദമായി കാര്യങ്ങൾ അവതരിപ്പിച്ചു. ഈ വസ്തുതകൾ പ്രതിപക്ഷത്തിന് അറിയാമെങ്കിലും അവർ എല്ലാ കാര്യങ്ങളെയും എതിർക്കുകയാണ്. മുഖ്യമന്ത്രിയുടെ ധാർഷ്ട്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കുകയുണ്ടായി. എന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ പറയുകയാണെങ്കിൽ ഇവിടെ അങ്ങയുടെ അത്ര ധാർഷ്ട്യം മുഖ്യമന്ത്രി

പ്രകടിപ്പിച്ചിട്ടേയില്ല. താങ്കൾ എല്ലാ കാര്യങ്ങളെയും എതിർക്കുകയാണ്, എന്ത് രീതിയാണ് ഇത്? കേരളത്തിൽ കോൺഗ്രസും ബി.ജെ.പി.-യും തമ്മിൽ എന്താണ് വ്യത്യാസം? കോൺഗ്രസ് അധികാരത്തിൽ വന്നപ്പോഴും കേരളത്തോട് അവഗണന കാണിച്ചിരുന്നല്ലോ; കേന്ദ്ര നിക്ഷേപത്തിന്റെ തോത് സംബന്ധിച്ച് ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇക്കാര്യം മനസ്സിലാകും. കോൺഗ്രസ് എത്ര കാലം അധികാരത്തിലിരുന്നു, അവർ കേരളത്തിന് ആവശ്യമായ പരിഗണന നൽകിയിട്ടുണ്ടോ? നൽകിയിട്ടില്ലല്ലോ. അതുമാത്രമല്ല, ഇപ്പോൾ ബി.ജെ.പി കേന്ദ്രം ഭരിക്കുമ്പോൾ കേരളത്തെ അവഗണിക്കുന്നു, ബുദ്ധിമുട്ടിക്കുന്നു, സാമ്പത്തികമായി ഞെരുക്കുന്നു. മലയാളികളുടെ വോട്ടുവാങ്ങി ഇവിടെനിന്നും തിരഞ്ഞെടുക്കപ്പെട്ട് പാർലമെന്റിൽ പോയവർ ചെയ്ത പണി എന്താണ്; കേരളത്തിന്റെ അവകാശങ്ങൾ പിടിച്ചുവാങ്ങുന്നതിനുള്ള എന്തെങ്കിലും ശ്രമം നടത്തിയോ? നടത്തിയില്ലെന്ന് മാത്രമല്ല, അവരോടൊപ്പം ചേർന്ന് കേരളത്തെ ദ്രോഹിക്കുന്ന സമീപനമാണ് സ്വീകരിച്ചത്. ഈ സർക്കാരിനെ ആക്ഷേപിച്ചുകൊണ്ട്

പ്രസംഗങ്ങളിലൂടെയും മറ്റും ബി.ജെ.പി.ക്ക് പിന്തുണ നൽകുന്ന പ്രവർത്തനങ്ങളല്ലേ ഇവിടെ പ്രതിപക്ഷം സ്വീകരിക്കുന്നത്. ഇതൊക്കെ നിങ്ങൾ സ്വയം നെഞ്ചിൽ കൈവച്ചുകൊണ്ട് ആലോചിക്കേണ്ട കാര്യങ്ങളാണ്. ഇക്കഴിഞ്ഞ അഞ്ചുവർഷവും നിങ്ങൾ മലയാളികളുടെ വോട്ട് വാങ്ങി പാർലമെന്റിൽ പോയി ബി.ജെ.പി.-യോടൊപ്പം ചേരുകയല്ലേ ചെയ്തത്. ഇനിയും അതുതന്നെ ചെയ്യുമെന്നാണല്ലോ നിങ്ങളുടെ പ്രസംഗങ്ങളിൽനിന്നും ബോധ്യമാകുന്നത്. അധികാരം ലഭിക്കാൻ അല്ലെങ്കിൽ അധികാരം നിലനിർത്താൻ ഏതറ്റംവരെ പോകാനും എന്ത് വൃത്തികേട് കാണിക്കാനും ഒരു മടിയുമില്ലാത്ത പാർട്ടിയാണ് കോൺഗ്രസ്. ഇന്നത്തെ ദിവസത്തിന് ഒരു പ്രത്യേകതയില്ലേ, 1975 ജൂൺ 25 അർധരാത്രിയെക്കുറിച്ച് നിങ്ങൾക്ക് ഓർമ്മയുണ്ടാകുമെന്ന് ഞാൻ മനസ്സിലാക്കുന്നു. അർധരാത്രിയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച ദിവസമാണ്. നിങ്ങൾ പ്രഖ്യാപിത അടിയന്തരാവസ്ഥ നടപ്പാക്കി ജനാധിപത്യ മൂല്യങ്ങളെ ചവിട്ടിമെതിച്ചു. അവഗണനയുടെ കാര്യത്തെക്കുറിച്ച് ഞാൻ സൂചിപ്പിക്കട്ടെ. എന്റെ നിയോജകമണ്ഡലത്തിലെ കഞ്ചിക്കോട്

പ്രദേശത്തെ റെയിൽവെ കോച്ച് ഫാക്ടറിയുടെ കാര്യമാണ് നിങ്ങൾ പറഞ്ഞത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്ത് കഞ്ചിക്കോട്ട് ഏറ്റെടുത്ത 431 ഏക്കർ സ്ഥലം റെയിൽവെയെ ഏൽപിച്ചു. 2012 ഫെബ്രുവരി മാസം 21-ാം തീയതി പിറവം ഉപതിരഞ്ഞെടുപ്പിന് സമയമായപ്പോൾ നിങ്ങൾ കോട്ടമൈതാനത്ത് തറക്കല്ലിടുകയും ആ സ്ഥലത്ത് ഇപ്പോൾ ആന പെറ്റുകിടക്കുകയുമാണ്. കേരളത്തോട് ആത്മാർത്ഥതയില്ലാത്തവരാണ് നിങ്ങൾ എന്നുള്ളതിന്റെ ഏറ്റവും പ്രകടമായ ഉദാഹരണമാണിത്. 2012-ൽ ആയിരുന്നു തറക്കല്ലിട്ടത്. 2014-വരെ കേന്ദ്രം ഭരിച്ചിരുന്നത് കോൺഗ്രസായിരുന്നു, അന്ന് രണ്ട് ക്യാബിനറ്റ് മന്ത്രിമാരടക്കം 8 മന്ത്രിമാർ കേരളത്തിൽനിന്നുമുണ്ടായിരുന്നിട്ടും കോച്ച് ഫാക്ടറി നടപ്പാക്കിയോ? 50000 ആളുകൾക്ക് ജോലി ചെയ്യാനാകുന്ന കോച്ച് ഫാക്ടറി പാലക്കാട് ആരംഭിക്കുമെന്ന് ഇന്ദിരാ ഗാന്ധിയാണ് പ്രഖ്യാപിച്ചത്. എല്ലാ തിരഞ്ഞെടുപ്പുകാലത്തും മോഹന സുന്ദര വാഗ്ദാനങ്ങളായി ആകാശത്ത് കൂടെ കെട്ടിത്തരാം, അറബിക്കടലിൽ പാലം കെട്ടിത്തരാമെന്നൊക്കെ പറയുകയും തിരഞ്ഞെടുപ്പ് കഴിഞ്ഞ് അധികാരം ലഭിച്ചാൽ ജനങ്ങളെ

മറക്കുകയും ചെയ്യുന്ന പാരമ്പര്യമുള്ളവരാണ് കോൺഗ്രസ്. നിങ്ങൾക്ക് എന്തൊരു തൊലിക്കട്ടിയാണ്. കേരളത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; തിരിഞ്ഞുനോക്കിയാൽ ഒന്നും നടത്തിയിട്ടില്ലെന്ന് നിങ്ങൾക്കുതന്നെ മനസ്സിലാകും. കേരളം രൂപംകൊണ്ടത് 1956 നവംബർ മാസം 1-ാം തീയതിയാണ്. 1957-ലെ തിരഞ്ഞെടുപ്പ് മുതൽ ഇന്നുവരെ കേരളത്തോട് അവഗണനയും ശത്രുതാ മനോഭാവവും പകയും വച്ചുപുലർത്തിയ പാർട്ടിയാണ് കോൺഗ്രസ്. അതിനുശേഷം വന്ന ബി.ജെ.പി.യോടൊപ്പം ചേർന്ന് നിങ്ങൾ കേരളത്തിന്റെ താൽപര്യങ്ങളെ ചവിട്ടി മെതിക്കുന്നു. കേരളത്തിന്റെ ജനാധിപത്യ അവകാശങ്ങൾ പറയാനുള്ള മുഖം നഷ്ടപ്പെട്ട ഒരു വിഭാഗമാണ് കോൺഗ്രസ് എന്ന് ചരിത്രമെടുത്ത് പരിശോധിച്ചാൽ തെളിയുമെന്ന് ബോധ്യപ്പെടുത്തിക്കൊണ്ടും ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി ദെലീമ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. വർഷങ്ങൾക്കുമുമ്പ് ഒരു യാത്രയിൽ വഴിയോരത്ത് ഭക്ഷണം യാചിച്ചുനിൽക്കുന്ന ഒരു കുട്ടിയെ കണ്ടുമുട്ടിയതും ആ കുഞ്ഞിനെക്കുറിച്ച് ഒരു കവിത എന്റെ ഹൃദയത്തിൽ രൂപപ്പെട്ടതും ഇപ്പോൾ എന്റെ ഓർമ്മയിൽ വരികയാണ്. കവിതയുടെ രണ്ടുവരി ഞാൻ പാടാം.

'കാറ്റിനു കൗതുകം തീർക്കുന്നു
കുഞ്ഞിളം നേത്രത്താൽ പൈതലേ
നീയറിഞ്ഞില്ലല്ലോ
കാലത്തിൻ ക്രൂരമ്പ് ഏറ്റേറ്റ്
നിൻ മൃദു ദേഹമേനി ഇന്നതി
കാഠിന്യം പുൽകുന്നു.
ഏറും വിശപ്പിലായ് തേടുന്നു
നീയിന്ന് ക്രൂരകൾ കേറി
പെരുകിയ കോണീന്ന്
ആരോ ചതിച്ചൂഴി പുൽകുവാൻ
നിന്നെയീ പാതയോരത്തെ
ചേറിതിൽ തള്ളീലേ
ഇന്നു നിൻ ജീവൻ പിടിച്ചിടാൻ
നീ തന്നെ ചെല്ലുക ഉണ്ണീ
ശിലാഹൃത്തുപേറുക.'

ഇതായിരുന്നു എന്റെ കവിത. ഉത്തരേന്ത്യൻ സംസ്ഥാനത്ത് നിന്നെത്തിയ ആ കുട്ടി പഠിക്കാനും ഒരു നേരത്തെ ആഹാരത്തിനുമുള്ള അവകാശം നിഷേധിക്കപ്പെട്ട് യാചിച്ചുനിൽക്കുന്നത് ഓർത്താണ് ഈ കവിതയിലൂടെ ഞാൻ വിതുമ്പിയത്. എന്നാൽ നമ്മുടെ സംസ്ഥാനത്തെ ഒരു കുട്ടിക്കുപോലും ഇത്തരത്തിൽ ഒരു അവസ്ഥ ഇന്നില്ല. അന്യ സംസ്ഥാനത്തെ കുട്ടികൾക്കുപോലും വിദ്യാഭ്യാസവും ഭക്ഷണവും നൽകിക്കൊണ്ട് ചേർത്തുപിടിക്കുന്ന ഒരു സർക്കാരാണ് നമുക്കിന്നുള്ളതെന്ന് അഭിമാനത്തോടെ ഞാൻ പറയുന്നു. ലോക ജനസംഖ്യയുടെ നാലിലൊന്ന് കുട്ടികളാണ്. വിവിധ രാജ്യങ്ങളിലെ സമരമുഖങ്ങളിലും വിവേചനം നിലനിൽക്കുന്നയിടങ്ങളിലും അഭയാർത്ഥി ക്യാമ്പുകളിലും യുദ്ധഭൂമിയിലുമൊക്കെ എരിഞ്ഞുതീരുന്നത് ലോകത്തിന്റെ പ്രതീക്ഷകളാണ് എന്നിരിക്കെ വിദ്യാലയത്തിന്റെ ചരടുവലിക്കൊപ്പം ആടുകയും പാടുകയും പഠിക്കുകയും ചെയ്യുന്ന പാവകളായിട്ടോ കൃത്യമായി പ്രോഗ്രാം ചെയ്തുവിട്ട റോബോട്ടുകളെപ്പോലെയോ അല്ല നമ്മുടെ കുട്ടികൾ വളരേണ്ടത്. ജീവിതത്തിന്റെ പ്രതിസന്ധികളും പ്രതീക്ഷകളും ഒരുപോലെ

കൈകാര്യംചെയ്യംവിധം അവരെ ഒരുക്കുന്നതിലാണ് നമ്മൾ ശ്രദ്ധിക്കേണ്ടത്. ലോകം അതിവിശാലമാണെന്ന് അവർക്ക് ബോധ്യമാകണം. ഇന്ന് ഇന്ത്യയിൽ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും നിന്ന് കുട്ടികളുടെ നിസ്സഹായത നിറഞ്ഞ രോദനം ഉയരുന്നുണ്ട്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് നീറ്റ് പരീക്ഷ ഉൾപ്പെടെ മറ്റ് സംസ്ഥാനങ്ങളിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടക്കുന്ന അഴിമതി. രാജ്യത്താകമാനമുള്ള ഒരു ലക്ഷത്തിലേറെ എം.ബി.ബി.എസ്. സീറ്റുകളിലേയ്ക്ക് അതിന്റെ 24 ഇരട്ടിയോളം വിദ്യാർഥികൾ പങ്കെടുത്ത അഖിലേന്ത്യാ പ്രവേശന പരീക്ഷയാണ് നീറ്റ്. ഈ വർഷത്തെ നീറ്റ് പരീക്ഷയിൽ ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നത്. സമർഥരായ വിദ്യാർഥികൾ പിന്തള്ളപ്പെടുകയും അനർഹർ ആദ്യറാങ്കുകളിൽ കടന്നുകൂടുകയും ചെയ്തിരിക്കുന്നുവെന്ന ഗുരുതരമായ ആരോപണമാണ് കേന്ദ്രസർക്കാരിനെതിരെ ഉയർന്നിരിക്കുന്നത്. ഇത് ഇന്ത്യയിലെ മനുഷ്യജീവന്റെ വിഷയമാണ്, ലാഘവത്തോടെ കൈകാര്യം ചെയ്യേണ്ട ഒന്നല്ല. എന്നാൽ കേന്ദ്രസർക്കാരും എൻ.ഡി.എ.-യും ഇതിനെ ലാഘവത്തോടെ കാണുന്നുവെന്നുള്ളത് എത്ര ഹീനമാണ്?

അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ഇടയിൽ നീന്തുന്ന കേന്ദ്രസർക്കാർ കുഞ്ഞുങ്ങളുടെ മനസ്സിൽ തീ കോരിയിടുകയാണ്. ഇതിൽനിന്നും വ്യത്യസ്തമായി കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ കുട്ടികൾക്കുവേണ്ടി എത്രയെത്ര മാറ്റങ്ങൾക്കാണ് വഴിതുറന്നത്. അതിനുവേണ്ടി സംസ്ഥാന സർക്കാർ മുന്നോട്ട് കുതിക്കുകയാണ്. ഇത് ഇവർ കണ്ടു പഠിക്കട്ടെ. നമ്മുടെ സംസ്ഥാനത്തെ ഒട്ടനവധി സ്കൂളുകൾ ഇന്ന് ഹൈടെക് നിലവാരം പുലർത്തുന്നവയാണ്. ഈ സർക്കാർ അധികാരത്തിൽവന്നശേഷം എന്റെ മണ്ഡലത്തിൽതന്നെ സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾക്കായി ഏകദേശം 20 കോടിയിലധികം രൂപയാണ് അനുവദിച്ചത്. കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിൽ ഒരു കുറവും വരുത്താതെ പ്രവർത്തിക്കുന്ന ഈ സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. എന്റെ മണ്ഡലത്തിലെ സ്കൂളുകളിൽ നടത്തിയ വികസന പ്രവർത്തനം ഞാൻ ഇവിടെ പ്രതിപാദിക്കുകയാണ്.

തിരുനെല്ലൂർ ഹയർ സെക്കൻഡറി സ്കൂളിന്റെ
പുതിയ കെട്ടിടം -3 കോടി രൂപ

ഒറ്റപ്പുന്ന ഗവൺമെന്റ് എൽ.പി. സ്കൂൾ - 1.5 കോടി രൂപ

പല്ലവേലിൽ ഗവൺമെന്റ് യു.പി. സ്കൂൾ - 2 കോടി രൂപ

തേവർവട്ടം ഗവൺമെന്റ് ഹൈസ്കൂൾ - 1 കോടി രൂപ

ഓടംപള്ളി ഗവൺമെന്റ് യു.പി. സ്കൂൾ - 1 കോടി രൂപ

പെരുമ്പളം എച്ച്.എസ്.എൽ. പി. സ്കൂൾ - 60 ലക്ഷം രൂപ

പെരുമ്പളം ഗവൺമെന്റ് എച്ച്.എസ്.എസ്. - 1 കോടി രൂപ

മറ്റത്തിൽ ഭാഗം ഗവൺമെന്റ് എൽ.പി. സ്കൂൾ - 1 കോടി രൂപ

അരൂർ ഗവൺമെന്റ് എച്ച്.എസ്. - 1 കോടി രൂപ

ചന്തിരൂർ ഗവൺമെന്റ് എച്ച്.എസ്.എസ്. - 2 കോടി രൂപ

വി.വി.എച്ച്.എസ്.എസ്. കോടംതുരുത്ത് - 2 കോടി രൂപ

ഗവൺമെന്റ് എൽ.പി. സ്കൂൾ, കോടംതുരുത്ത് - 1 കോടി രൂപ

തുറവൂർ വെസ്റ്റ് യു.പി. സ്കൂൾ - 3 കോടി രൂപ

എരമല്ലൂർ എൻ.എസ്.എസ്.എൽ.പി. സ്കൂൾ -55 ലക്ഷം രൂപ

തളിയാപറമ്പ് ജി.എൽ.പി. സ്കൂൾ -55 ലക്ഷം രൂപ

എന്റെ മണ്ഡലത്തിലെ സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾ ഇങ്ങനെ പോകുന്നു. ഇതിൽ എനിക്ക് സംസ്ഥാന സർക്കാരിനോടും

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും വളരെ നന്ദിയുണ്ട്. ഇത് എന്റെ മണ്ഡലത്തിൽ മാത്രമല്ല, എല്ലാ മണ്ഡലങ്ങളിലും നടക്കുന്ന വികസന പ്രവർത്തനങ്ങളാണ്. രാഷ്ട്രീയ രംഗത്ത് കടന്നുവന്ന സമയത്ത് ഒരു കലാകാരിയെന്ന നിലയിൽ എനിക്ക് വലിയ ഉത്കണ്ഠയായിരുന്നു, കലാകാരന്മാരെ ചേർത്തുപിടിക്കാൻ നമ്മുടെ സർക്കാരിന് സാധിക്കുമോ എന്ന ഉത്കണ്ഠ. എന്നാൽ നമ്മുടെ സർക്കാർ ഈ രംഗത്ത് അത്ഭുതകരമായ മാറ്റങ്ങളാണ് നടപ്പിലാക്കിയത്. എല്ലാവർക്കും കലാകാരന്മാരാകാൻ സാധിക്കുകയില്ല. കല അപൂർവ്വങ്ങളിൽ അപൂർവ്വമാണ്. അങ്ങനെയുള്ള കലാകാരന്മാരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുമ്പോൾ നാടിന്റെ നന്മയുടെ വളർച്ചയ്ക്ക് അത് കാരണമാകുന്നു. കേരളത്തിലെ തനത് കലാരൂപങ്ങളെ പരിപോഷിപ്പിക്കുന്നതിനും കലാകാരന്മാരെ സംരക്ഷിക്കുന്നതിനും കല ജീവനോപാധിയാക്കി മാറ്റുന്നതിനും കഴിഞ്ഞ മൂന്നുവർഷങ്ങളിലായി ഈ സർക്കാർ ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നു. കലാ പ്രവർത്തനങ്ങളെയും സാംസ്കാരിക സംഘടനകളെയും പ്രോത്സാഹിപ്പിക്കുകയും വിവിധ വിഭാഗത്തിൽപ്പെടുന്ന പാവപ്പെട്ട

കലാകാരന്മാരെ സംരക്ഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ സർക്കാർ മുന്നോട്ടുനീങ്ങുന്നത്.

മി. ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്....

ശ്രീമതി ദെലീമ: എനിക്ക് സംസാരിക്കാൻ അല്പം സമയംകൂടി നൽകണം. അന്യംനിന്നുപോകുന്ന കലാരൂപങ്ങളെ സംരക്ഷിച്ച് നിർത്തുന്നതിനും അവയെ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനുമായി സർക്കാർ വൈവിധ്യമാർന്ന പരിപാടികൾ നടപ്പാക്കിവരുന്നു. ഇതിനെല്ലാം ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയോട് വളരെയധികം നന്ദിയുണ്ട്. നമ്മുടെ കലാകാരന്മാർ അഭിമാനത്തോടെ ജീവിക്കാൻ ശ്രമിക്കുന്നവരാണ്. പൊതുവിൽ കലാകാരന്മാർക്ക് ഭരിക്കുന്ന സർക്കാരിനോട് യാതൊരു പരിഭവവും ഉണ്ടാകാറില്ല. പല കലാകാരന്മാരും തങ്ങളുടെ കഴിവുകൾ സമൂഹത്തിന് സംഭാവന ചെയ്താണ് കടന്നുപോകുന്നത്. അങ്ങനെയുള്ള നിർധനരായ കലാകാരന്മാരെയാണ് ഈ സർക്കാർ കരുണയോടെ ചേർത്തുപിടിക്കുന്നത്. വാർദ്ധക്യത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന നിരവധി കലാകാരന്മാർ നമ്മുടെ സംസ്ഥാനത്തുണ്ട്.

ഇവർക്ക് ആശ്വാസം പകരുന്നതിനായി സർക്കാർ നടപ്പാക്കിവരുന്ന പെൻഷൻ പദ്ധതിയാണ് 'കലാകാര പെൻഷൻ' പദ്ധതി. കലാകാരന്മാർക്ക് ഇത്തരത്തിൽ പെൻഷൻ ലഭ്യമാക്കുന്നതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. അവരുടെ പെൻഷൻ തുക മൂവായിരം രൂപയാക്കി വർധിപ്പിച്ചുകൊടുക്കുക എന്നത് എന്റെ സ്വപ്നമാണ്. നിലവിൽ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് അംഗങ്ങളായ കലാകാരന്മാർക്ക് നാലായിരം രൂപ നിരക്കിൽ പെൻഷൻ നൽകിവരുന്നുണ്ട്. ഇതിലും വളരെ അഭിമാനം തോന്നുന്നുണ്ട്. വിദ്യാഭ്യാസവും കലയും സാഹിത്യവും എന്നതുപോലെ കായിക രംഗത്തും ഈ സർക്കാർ വലിയ മുന്നേറ്റമാണ് കാഴ്ചവയ്ക്കുന്നത്. സർക്കാർ പ്രോഗ്രാമുകൾ നടത്തുന്ന വേദികളിൽ ഭിന്നശേഷി കലാകാരന്മാർക്ക് കൂടി പ്രാധാന്യം കൊടുക്കുകയും അവർക്ക് പ്രോഗ്രാം നടത്താനുള്ള അവസരം നൽകുകയും വേണം. കൂടാതെ, ഒരുപാട് ഉയരങ്ങളിലേയ്ക്ക് പോകാത്ത ചില കലാകാരന്മാർ നമ്മുടെ പിന്നാമ്പുറങ്ങളിലുണ്ട്. സർക്കാർ മുൻകൈയെടുത്ത് പ്രോഗ്രാമുകൾ നടത്താനുള്ള അവസരം കൊടുക്കുകവഴി ലഭിക്കുന്ന സാമ്പത്തിക സഹായം

അവർക്ക് ലഭിക്കുന്ന ഏറ്റവും മികച്ച അംഗീകാരമാണ്. അവർ സമൂഹത്തിന് നൽകുന്ന വലിയൊരു സംഭാവനയാണ് കല. അവരെയും പ്രത്യേകമായി പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി ഒരു സ്പോർട്സ് ഹബ്ബാകാൻ കുതിക്കുകയാണ്. ലോകകപ്പ് ക്രിക്കറ്റിനും ഫുട്ബോളിനും രാജ്യാന്തര സ്റ്റേഡിയങ്ങൾ വേദിയാകുന്നതോടെ കേരളത്തിന്റെ കായിക രംഗത്തിന്റെ മഹത്വം ലോക ശ്രദ്ധയാകർഷിക്കും. കായിക സംരംഭങ്ങൾക്ക് വ്യവസായ പദവി നൽകുന്നതോടെ കായിക രംഗത്തേയ്ക്കുള്ള പുതിയ സംരംഭക ചുവടുവയ്പ് നാടിന് ഉണർവേകും. ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി എല്ലാ നിയോജകമണ്ഡലങ്ങളിലും ഭിന്നശേഷി സൗഹൃദ സ്റ്റേഡിയങ്ങളും റീഹാബിലിറ്റേഷൻ സെന്ററുകളും അനുവദിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട് നടത്തപ്പെടുന്ന മാറ്റങ്ങളെ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. അതിനൊരു

ഉദാഹരണമാണ് തിരുവനന്തപുരത്ത് ആരംഭിച്ച 'ബുക്ക്മാർക്ക് കഫേ'. നമ്മുടെ നാടിനെ നവീകരിക്കുന്നതിൽ നാടകങ്ങളുടെ പങ്ക് വളരെ വലുതാണ്. സമൂഹത്തിലെ എല്ലാ ദുഷിപ്പുകൾക്കുമുള്ള ദിവ്യൗഷധമായിരുന്ന മലയാളത്തിലെ നാടകങ്ങൾ. 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന ഒറ്റ നാടകം ഒരു സർക്കാരുണ്ടാകാൻ നിമിത്തമായ കഥ നാട്ടിലെ കമ്മ്യൂണിസ്റ്റുകാർ മറന്നാലും മലയാളികളും നാടക പ്രേമികളും ഒരുകാലത്തും മറക്കില്ല. അതുകൊണ്ടുതന്നെ ഈ സർക്കാരിന് നാടകത്തെയും നാടക പ്രവർത്തകരെയും സംരക്ഷിക്കാനുള്ള ബാധ്യത കൂടുതലായി ഉണ്ടെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. സംഗീത നാടക അക്കാദമിയുടെ ഈ വർഷത്തെ നാടക മത്സരം കഴിഞ്ഞു. അവാർഡിന് അർഹരായ മുഴുവൻ കലാകാരന്മാരെയും ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. ഒരു വർഷം കേരളത്തിൽ പുതുതായി നൂറിൽ കൂടുതൽ നാടക സമിതികളാണ് രംഗത്തുവരുന്നത്. പക്ഷേ, ഇതിൽ പത്ത് നാടകങ്ങൾക്ക് മാത്രമാണ് മത്സരത്തിൽ പങ്കെടുക്കാൻ കഴിയുന്നത്. അവസരങ്ങൾ അവാർഡുകളായി കാണുന്നവരാണ് കലാകാരന്മാർ. കാലത്തിനനുസരിച്ച് നാടക മത്സരങ്ങൾ

പരിഷ്കരിച്ച് മേഖലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും സംഘടിപ്പിച്ചാൽ ധാരാളം നാടക സംഘങ്ങൾക്കും നാടക കലാകാരന്മാർക്കും അവസരം ലഭിക്കുമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. സംഗീത നാടക അക്കാദമി അവാർഡ് നിർണ്ണയത്തിന് പത്ത് നാടകങ്ങൾ എന്നുള്ളത് ഇരുപത് നാടകങ്ങളെങ്കിലുമാക്കി ഉയർത്തണമെന്ന് ആവശ്യപ്പെടുകയാണ്. കഴിഞ്ഞ വർഷം മുതലാണ് മികച്ച ശബ്ദ ലേഖകനുള്ള അവാർഡ് കൊടുക്കാൻ ആരംഭിച്ചത്. ആ അവാർഡിന് അർഹനായത് എന്റെ പ്രിയപ്പെട്ട സുഹൃത്തും കരുനാഗപ്പള്ളിക്കാരനുമായ ശ്രീ. റജി ശ്രീരാഗാണ്. അദ്ദേഹത്തെ ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. നാടകരംഗത്തെ പാർശ്വവൽകരിക്കപ്പെട്ട വിഭാഗം എന്ന് പറയാവുന്നവരാണ് സെറ്റ് വർക്കർമാരും ടെക്നീഷ്യന്മാരും. അതായത് ശബ്ദവും വെളിച്ചവും നിയന്ത്രിക്കുന്നവർ. ഇവരൊക്കെ പിന്നണിയിൽ ജോലി ചെയ്യുന്നവരാണ്. സംഗീത നാടക അക്കാദമി ഒരിക്കൽപോലും ഇവരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള നിലപാട് സ്വീകരിച്ചിട്ടില്ല. ഈ മേഖലയിൽകൂടി അവാർഡ് പ്രഖ്യാപിക്കണമെന്ന് ഞാൻ

ആവശ്യപ്പെടുകയാണ്. ഏറ്റവും മികച്ച ഹാസ്യതാരത്തിന് നേരത്തെ അക്കാദമി അവാർഡ് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഇപ്പോൾ ആ അവാർഡും നിർത്തലാക്കി. അക്കാദമിയുടെ ഈ പരിഷ്കാരങ്ങൾക്കൊക്കെ സർക്കാർ അധിക ഫണ്ട് മാറ്റിവയ്ക്കേണ്ടതുണ്ട്. നാടക അവാർഡ് പ്രഖ്യാപിക്കുമ്പോൾ മന്ത്രിയുടെ സാന്നിദ്ധ്യമുണ്ടാകുന്നത് ഈ മേഖലയിലുള്ള ആളുകൾക്ക് പ്രോത്സാഹനവും സന്തോഷവും അംഗീകാരവും ലഭിക്കുന്നതിന് തുല്യമാണ്. നൂറുകണക്കിന് കലാകാരന്മാർ പ്രവർത്തിക്കുന്ന മേഖലയാണ് നൃത്തനാടകങ്ങൾ. നാളിതുവരെ കേരളത്തിൽ നൃത്തനാടകത്തിന് മത്സരമോ അവാർഡോ സംഘടിപ്പിച്ചിട്ടില്ല. അടുത്ത വർഷം നൃത്തനാടക വിഭാഗത്തിന് മത്സരവും അവാർഡും സംഘടിപ്പിക്കാൻ സർക്കാർ തയ്യാറായാൽ അത് ഏറെ അഭിമാനകരമായിരിക്കും. നേരത്തെ ഒരംഗം ഇവിടെ പെൻഷൻ തുകയെക്കുറിച്ച് പരാമർശിച്ചു. പെൻഷൻ തുക പരിമിതമാണ്. കലാകാര പെൻഷൻ വർദ്ധിപ്പിക്കുകയും കുടിശ്ശികയുണ്ടെങ്കിൽ അത് കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം. മുഖത്ത് ചായം തേച്ച് ഉറക്കമൊഴിഞ്ഞ് നമ്മെ ചിരിപ്പിക്കുകയും

ചിന്തിപ്പിക്കുകയും ചെയ്യുന്നവരാണ് കലാകാരന്മാർ. അടുത്തകാലത്ത് സംസ്ഥാന പ്രൊഫഷണൽ നാടകമത്സരത്തിൽ മികച്ച നടനുള്ള അവാർഡ് ലഭിച്ച ചെറായി സ്വദേശിയായ ശ്രീ. ഗിരീഷ് രവിയുടെയും കഴിഞ്ഞ വർഷത്തെ മികച്ച നടനുള്ള അവാർഡ് ലഭിച്ച ശ്രീ. ബിജു ജയാനന്ദന്റെയും ഭവനങ്ങൾ ഞാൻ സന്ദർശിച്ചിരുന്നു. അവർ നാടക അഭിനയത്തിനുശേഷം ലഭിക്കുന്ന സമയം ഓട്ടോറിക്ഷ ഓടിച്ചും മത്സ്യബന്ധനം നടത്തിയും പെയിന്റിംഗ് തൊഴിൽ ചെയ്തും ജീവിക്കുന്ന പാവപ്പെട്ട കലാകാരന്മാരാണ്. അതുകൊണ്ട് അവരെ പ്രോത്സാഹിപ്പിക്കാൻ അവരുടെ പെൻഷൻ തുക വർധിപ്പിക്കുകയും പ്രോത്സാഹന സമ്മാനങ്ങൾ ഉൾപ്പെടെയുള്ള പരിരക്ഷ ഏർപ്പെടുത്തുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് പ്ലസ്-വൺ അഡ്മിഷൻ. അത് മലബാറിന്റെ മാത്രം വിഷയമല്ല. എന്റെ നിയോജകമണ്ഡലമായ കരുനാഗപ്പള്ളിയിലെ ചില രക്ഷകർത്താക്കൾ സങ്കടത്തോടുകൂടി എഴുതിത്തന്ന പരാതിയും മാർക്ക് ലിസ്റ്റിന്റെ

കോപ്പിയുമാണ് എന്റെ കൈയിലുള്ളത് (പരാതി ഉയർത്തി കാണിക്കുന്നു). അൻപതോളം വിദ്യാർഥികൾക്ക് എല്ലാ വിഷയങ്ങൾക്കും A+ ലഭിച്ചിട്ടും അഡ്മിഷൻ ലഭിച്ചിട്ടില്ല. ഇത് പരീക്ഷയുടെ വിശ്വാസ്യത തന്നെ തകർക്കുന്നതാണ്. പത്താം ക്ലാസിൽ പത്ത് വിഷയത്തിനും A+ ലഭിച്ച വിദ്യാർത്ഥിക്ക് തൊട്ടടുത്ത സ്കൂളിൽ അവൻ ആഗ്രഹിച്ച വിഷയത്തിന് അഡ്മിഷൻ ലഭിച്ചില്ലെങ്കിൽ പരീക്ഷാ സംവിധാനത്തെ ആര് വിശ്വസിക്കും? അതുകൊണ്ട് പ്രദേശിക പരിഗണനയും മറ്റ് പക്ഷഭേദങ്ങളും കൂടാതെ, മികച്ച വിജയം നേടിയ മുഴുവൻ വിദ്യാർഥികൾക്കും അവർ ആഗ്രഹിക്കുന്ന വിഷയങ്ങളിൽ അഡ്മിഷൻ ലഭിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കണം. കണക്ക് പറഞ്ഞതുകൊണ്ടോ ഇരുട്ടുകൊണ്ട് ഓട്ടയടച്ചിട്ടോ കാര്യമില്ല; ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി എല്ലാ വിദ്യാർഥികൾക്കും അഡ്മിഷൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ശ്രീമതി ദെലീമയുടെ പാട്ട് വളരെ മനോഹരമായിരുന്നു, അഭിനന്ദിക്കുകയാണ്. അന്യ സംസ്ഥാനത്തുനിന്നുള്ള കുട്ടികൾ ഇവിടെ പഠിക്കുന്നു എന്ന് അവർ സൂചിപ്പിച്ചു. അത് വളരെ

സന്തോഷകരമായ കാര്യമാണ്. അങ്ങനെ കണക്കെടുക്കുമ്പോൾ പത്തുമുപ്പത് വർഷം നിങ്ങൾ ഭരിച്ച ബംഗാളിൽനിന്നുള്ള കുട്ടികളാണ് 90 ശതമാനവും ഇവിടെ പഠിക്കുന്നത്. ഇപ്പോൾ പതിനെട്ട് നിയോജകമണ്ഡലങ്ങളിലെയും പരാജയത്തിന്റെ കണക്കെടുക്കുന്ന വാർത്തകളും വിശദാംശങ്ങളും വരുന്നുണ്ട്, അതിനാൽ ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പതിനെട്ട് നിയോജകമണ്ഡലങ്ങളിലെ പരാജയത്തെക്കുറിച്ച് പഠിക്കുന്നതിനെക്കാൾ എളുപ്പം ഒരിടത്ത് എങ്ങനെ ജയിച്ചു എന്ന് പഠിക്കുന്നതായിരിക്കും. കഴിഞ്ഞ മൂന്ന് വർഷമായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ ഞങ്ങളെല്ലാവരും നിങ്ങളോട് പറഞ്ഞ കാര്യങ്ങൾ തന്നെയാണ്, പാർട്ടി ജില്ലാ കമ്മിറ്റി കൂടുമ്പോൾ ജില്ലാ കമ്മിറ്റി അംഗങ്ങളും യഥാർത്ഥ പാർട്ടി അണികളും നിങ്ങളുടെ മുഖത്തുനോക്കി ചോദിക്കുന്നത് എന്ന വസ്തുത ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. ഈ സർക്കാരിനെ ഇത്രയും വെട്ടിലാക്കിയത് ആരാണ്; അത് നിങ്ങളാണ്. ആവശ്യമുള്ളിടത്തും ഇല്ലാത്തിടത്തുമെല്ലാം പൂട്ടിന് പീരയിടുന്നതുപോലെ സർക്കാരിനെയും മുഖ്യമന്ത്രിയെയും പുകഴ്ത്തി, പുകഴ്ത്തി, 'കുളിപ്പിച്ച് കുളിപ്പിച്ച് കൊച്ചിനെ

ഇല്ലാതാക്കി' എന്ന പ്രയോഗം പോലെ ഇടതുപക്ഷ പ്രസ്ഥാനത്തെ വെറും ഭക്തി പ്രസ്ഥാനമാക്കി നിങ്ങൾ മാറ്റി. അകമ്പടിക്കാർ, പക്കമേളക്കാർ, വാഴ്ത്തിപ്പാടലുകാർ, പാദസേവകർ, കുഴലൂത്തുകാർ, പുകഴ്ത്തലുകാർ, ഡെസ്കിലടിച്ചു താളം പിടിക്കുന്നവർ, നിങ്ങളാണ് ഈ സർക്കാരിനെ ഇത്രയേറെ കുഴപ്പത്തിലാക്കിയത്. പ്രതിപക്ഷ ശബ്ദങ്ങളെ കേൾക്കാൻ മനസ്സില്ലാത്തവരാണ് നിങ്ങൾ. അസഹിഷ്ണുതയുടെ ആൾരൂപങ്ങളായി നിങ്ങൾ മാറി. നിങ്ങൾ ഓർക്കുക നിങ്ങളെങ്ങനെ നിങ്ങളല്ലാതായെന്ന്. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

4.00 pm]

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. 2002-ൽ 86-ാം ഭരണഘടനാ ഭേദഗതിയോടുകൂടിയാണ് വിദ്യാഭ്യാസം നമ്മുടെ മൗലികാവകാശമായി മാറുന്നത്. നമ്മുടെ വിദ്യാഭ്യാസ വകുപ്പ് കഴിഞ്ഞ കുറെനാളുകളായി, പ്രത്യേകിച്ച് ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ നടത്തിയ നിരവധി ശ്രദ്ധേയമായ പദ്ധതികളുണ്ട്. ഏകദേശം 5000-6000 കോടി രൂപയുടെ പദ്ധതികളാണ്

പൊതുവിദ്യാഭ്യാസ രംഗത്തെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടിമാത്രം ഒരുക്കിക്കൊടുത്തത്. അതിന്റെ ഭാഗമായി ഏകദേശം പത്ത് ലക്ഷം കുട്ടികളാണ് ഇന്ന് സ്വകാര്യ മേഖലയിൽനിന്ന് പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് കടന്നുവന്നിട്ടുള്ളത്. അതിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയെയും സർക്കാരിനെയും ഞാൻ ഈ അവസരത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. പൊതു വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട റഫറൻസിനുവേണ്ടി ഞാൻ എസ്.സി.ഇ.ആർ.ടി.-യുടെ ഡയറക്ടർ ഡോ. ജയകുമാറിനെ വിളിക്കുകയുണ്ടായി. ആയതിലേയ്ക്കായി ആറാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള സാമൂഹ്യപാഠത്തിന്റെ ടെക്സ്റ്റ് ബുക്കുകൾ ഞാൻ റഫർ ചെയ്യുകയുണ്ടായി. അതിൽ പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും, എനിക്ക് തോന്നുന്നു, ഞാൻ സ്കൂളിൽ പഠിച്ചിട്ടുള്ള കാര്യങ്ങൾപോലും ആ പാഠ്യഭാഗത്ത് ഇപ്പോഴും കടന്നുവരുന്നുണ്ട്. ആ ടെക്സ്റ്റ് ബുക്കുകളെല്ലാം എന്റെ കൈവശമുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുടി ശ്രദ്ധിക്കാനായി ഞാൻ ഏഴാം ക്ലാസിലെ സാമൂഹ്യശാസ്ത്രം ഭാഗം ഒന്ന്, പാഠം 4, പേജ് നമ്പർ 57-ലെ ഒരു

ഭാഗം ഇങ്ങനെയാണ്. 'താഴ്ന്ന ജാതി എന്ന് കരുതപ്പെടുന്നവർക്ക് ചരിത്രപരമായി ഉയർന്ന ജാതി എന്ന് കരുതപ്പെടുന്നവർ വിദ്യാഭ്യാസ അവസരങ്ങൾ നിഷേധിച്ചിരുന്നു'. അതായത് താഴ്ന്ന ജാതിക്കാർക്ക് ഉയർന്ന ജാതിക്കാർ വിദ്യാഭ്യാസ അവസരങ്ങൾ നിഷേധിച്ചിരുന്നു. ഇത് ടെക്സ്റ്റ് ബുക്കിലുള്ള കുറിപ്പുകളാണ്. ആരാണ് ഈ ചരിത്രമെഴുതിയത്? ആർക്കുവേണ്ടിയാണ് ഈ ചരിത്രമെഴുതിയത്? അത് ഇപ്പോഴും നമ്മുടെ കുട്ടികളെ പഠിപ്പിക്കുകയാണ്. ഞാൻ സർക്കാർ സ്കൂളിൽ പഠിച്ച ഒരാളാണ്. ഞങ്ങൾ അഞ്ചാം ക്ലാസിലോ ആറാം ക്ലാസിലോ ആയിരുന്ന സമയത്ത് തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും എന്ന് ഞങ്ങളെ പറഞ്ഞ് പഠിപ്പിച്ച് അടുത്ത ക്ലാസിലേയ്ക്ക് അയയ്ക്കുമ്പോൾ ദളിതരായിട്ടുള്ള കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് വന്നിട്ടുണ്ടെന്ന് പറഞ്ഞ് ഞങ്ങളെ ക്ലാസിൽ എഴുന്നേൽപ്പിച്ച് നിർത്തും. അവിടെനിന്നും തുടങ്ങി, ഞങ്ങളുടെ മനസ്സിലേയ്ക്ക് അപകർഷതാബോധം വളർത്തുന്ന ആ പാഠ്യ പദ്ധതിക്കെതിരെ ഇന്ന് ഈ ഫ്ലോറിൽ വന്ന് സംസാരിക്കാൻ എനിക്ക് അവസരമുണ്ടാക്കിയത്, കാലാകാലങ്ങളിൽ ഇവിടെ ഭരിച്ച, പ്രത്യേകിച്ച് ഇടതുപക്ഷ പ്രസ്ഥാനങ്ങളാണെന്ന്

അഭിമാനത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ പുതിയ പാഠ്യപദ്ധതിയുടെ കരട് പാഠ്യപദ്ധതി പരിഷ്കരണ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി, ഇത്തരം കാലഹരണപ്പെട്ട ചരിത്രങ്ങൾ ആർക്കുവേണ്ടിയാണ്? എ. എൽ. ബാഷാമിന്റെ 'ഇന്ത്യ എന്ന വിസ്മയം' എന്ന റഫറൻസ് പുസ്തകത്തിൽ, ആര്യവൽകരണത്തിന്റെ ഭാഗമായി ബി.സി. 2000-മാണ്ട് കാലഘട്ടത്തിൽ കിഴക്കൻ പോളണ്ടിൽനിന്നടക്കമുള്ള ആട്ടിടയന്മാർ അഫ്ഗാനിസ്ഥാൻ വഴി ഇന്ത്യയിലേയ്ക്ക് കടന്നുവരികയും അവരാണ് പിന്നീട് ആര്യന്മാരായി തീരുകയും ചെയ്തതെന്ന ഒരു ചരിത്രമുണ്ട്. അത്തരം കാര്യങ്ങളൊന്നും പറയാതെ, മധ്യകാല ഇന്ത്യയുടെ ചരിത്രമായ ആര്യന്മാർ വന്നതിനുശേഷമുള്ള ചാതുർവർണ്യ വ്യവസ്ഥയെക്കുറിച്ചാണ് ഇവിടെ പഠിപ്പിക്കുന്നത്. അതിനുമുമ്പ് ഒരു ചരിത്രമുണ്ട്. ഈ നാടിന്റെ മക്കളായിരുന്ന, കാവലാളായിരുന്ന ആളുകൾ ചരിത്രപരമായി പല കാരണങ്ങളാൽ അടിമകളാക്കപ്പെട്ട ഒരു ചരിത്രം. അത് എന്തുകൊണ്ട് നമ്മുടെ സ്കൂളുകളിൽ പഠിപ്പിക്കുന്നില്ല? അവിടെയാണിത് പുനർവിചിന്തനം ചെയ്യേണ്ട സാഹചര്യം

നിലനിൽക്കുന്നത്. അതുകൂടാതെ ഒമ്പതാം ക്ലാസിലെ സാമൂഹിക പാഠപുസ്തകത്തിൽ പേജ് 53-ൽ "ചാതുർവർണ്യ വ്യവസ്ഥയ്ക്ക് പുറത്തായിരുന്ന അന്ത്യജർ എന്ന വിഭാഗത്തെ തൊട്ടുകൂടാത്തവരായി കാണക്കാക്കിയിരുന്നു. ചണ്ഡാളരും ചർമകാരും ഇതിൽപ്പെടുന്നു," എന്നാണ് നൽകിയിരുന്നത്. ആ പേജിന്റെ അവസാനമായി ഒരു പട്ടികയിൽ 'ചണ്ഡാളർ എന്ന് ഫാഹിയാന്റെ വിവരണത്തിൽ' എന്ന തലക്കെട്ടോടുകൂടി ഒരു കാര്യം എഴുതിയിട്ടുണ്ട്. 'നഗരത്തിലേയ്ക്കോ കമ്പോളത്തിലേയ്ക്കോ പ്രവേശിക്കുന്ന ചണ്ഡാളർ ഒരു മരപലകയിൽ അടിച്ച് ശബ്ദമുണ്ടാക്കണമെന്നായിരുന്നു അന്നത്തെ നിയമം.' ഉയർന്ന ജാതികാർക്ക് വഴി മാറി പോകുന്നതിനുവേണ്ടിയാണ് അങ്ങനെയൊരു നിയമമുണ്ടാക്കിയത്. ഇത്തരം കാര്യങ്ങളാണോ പഠിപ്പിക്കേണ്ടത്? എന്റെ നിയോജകമണ്ഡലത്തിലെ പല സ്കൂളുകളിലും പോകുമ്പോൾ അദ്ധ്യാപകർ നമുക്ക് റപ്രസന്റേഷൻ നൽകും. ഫണ്ട് പാസ്സാക്കി തരണം അല്ലെങ്കിൽ സ്കൂളിന് ഫണ്ട് അനുവദിക്കണമെന്നൊക്കെ പറയും. ഞാൻ ഒരു സ്കൂളിൽ പോയപ്പോൾ ഇതുപോലെ ഒരു അദ്ധ്യാപകൻ ഫണ്ടിനെക്കുറിച്ച് ചോദിക്കുകയുണ്ടായി. ഒരു ചോദ്യത്തിന് ഉത്തരം

പറയുകയാണെങ്കിൽ അൻപത് ലക്ഷം രൂപ നൽകാമെന്ന് ഞാൻ പറഞ്ഞു. നമ്മുടെ ഗാലക്സി എന്നത് മിൽക്കിവേയാണ്. ഈ മിൽക്കിവേയുടെ തൊട്ടടുത്ത ഗാലക്സിയുടെ പേര് ആർക്കെങ്കിലും പറയാൻ കഴിയുമോ എന്ന് ഞാൻ കുട്ടികളോട് ചോദിച്ചു. എന്നെപ്പോലും അത്ഭുതപ്പെടുത്തിക്കൊണ്ട് ഒരു ഏഴാം ക്ലാസ് വിദ്യാർത്ഥി 'ആൻഡ്രോമിഡ ഗാലക്സി'യെന്ന് ഉത്തരം പറഞ്ഞു. ഞാൻ തന്നെ അത്ഭുതപ്പെട്ടു. ആ സന്തോഷത്തിൽ അൻപത് ലക്ഷം രൂപ ആ സ്കൂളിന് പ്രഖ്യാപിക്കുകയും ചെയ്തു. നമ്മുടെ വിദ്യാർഥികൾ അത്ര അഡ്വാൻസ്ഡായിട്ടാണ് പഠിക്കുന്നത്. ഇപ്പോൾ നാസയുടെ ജെയിംസ് വെബ് സ്പെയ്സ് ടെലസ്കോപ്പ് വന്നതിനുശേഷം ലോകത്തെക്കുറിച്ചുള്ള പുതിയ കാഴ്ചപാടുകൾ വരികയാണ്. സൂര്യന് തൊട്ടടുത്ത് നിൽക്കുന്ന, ഭൂമിയെപോലെയിരിക്കുന്ന ഒരു ഗ്രഹമാണ് Proxima Centauri b; ജീവനുണ്ടെന്ന് കരുതുന്ന ഗ്രഹംകൂടിയാണത്. അറിവിന്റെ പുതിയ ലോകത്തേയ്ക്ക് യാത്ര ചെയ്യുമ്പോൾ, ഈ ജാതിവ്യവസ്ഥയെക്കുറിച്ച് ഇൻഡയറക്ടായി കുട്ടികളോട് പറയുകയാണ്. നമുക്ക് വഴി മാറി പോകേണ്ട ഒരു ചരിത്രം ഇനി സ്കൂളുകളിൽ പഠിപ്പിക്കേണ്ടതില്ലെന്നുള്ളതാണ് വിദ്യാഭ്യാസ

വകുപ്പിനോടും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും പറയാനുള്ളത്. വേണമെങ്കിൽ അത്തരം കാര്യങ്ങൾ ഡിഗ്രി പഠനകാലത്ത് പഠിച്ചോട്ടെ. ഉയർന്ന ചിന്താഗതി വരുമ്പോൾ തൊട്ടുകൂടായ്മയെക്കുറിച്ചും അതുസംബന്ധിച്ച പഴയ ചരിത്രത്തെക്കുറിച്ചും പഠിക്കുന്നതിൽ ആർക്കും എതിർപ്പില്ല. പക്ഷേ ഈ ചെറിയ ക്ലാസുകളിൽ, പ്രത്യേകിച്ച് അഞ്ചാം ക്ലാസിലോ ആറാം ക്ലാസിലോ പഠിക്കുന്ന കുട്ടികൾക്ക് ഈ തെറ്റായ ചരിത്രം പഠിപ്പിക്കുന്നതിന് ഒരുകാരണവശാലും മുൻകൈയെടുക്കരുത്. ചരിത്രം നമുക്ക് വഴിമാറി; പുതുചരിത്രം എഴുതേണ്ട സാഹചര്യമാണ് ഇപ്പോഴുള്ളത്. നേരത്തെ ഇവിടെ ആരോഗ്യത്തെയും നല്ല കായിക വിദ്യാഭ്യാസത്തെയും സംബന്ധിച്ച് സൂചിപ്പിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിന്റെ പുസ്തകങ്ങളിലൂടെ ഞാൻ കടന്നുപോയപ്പോൾ, നിർഭാഗ്യകരമെന്ന് പറയട്ടെ, എട്ടാം ക്ലാസിലെ പുസ്തകത്തിൽ കായിക വിദ്യാഭ്യാസത്തെക്കുറിച്ച് കേവലം ഒരു പരാമർശം മാത്രമാണുള്ളത്. അത് കായിക ക്ലബ്ബുകൾ രൂപീകരിക്കുക എന്നതാണ്. ആരോഗ്യ വകുപ്പിന്റെ ബഡ്ജറ്റ് പരിശോധിച്ചപ്പോൾ ഏകദേശം പതിനായിരം കോടി രൂപയാണ് ആ വകുപ്പിനുവേണ്ടി മാറ്റിവച്ചിരിക്കുന്നത്.

പക്ഷെ കായിക വിദ്യാഭ്യാസത്തിനുവേണ്ടി മാറ്റിവച്ചിരിക്കുന്നത് 130 കോടി രൂപ മാത്രമാണ്. സ്വാഭാവികമായും ഇവിടെ പണം കുറയുമ്പോൾ അവിടെ കൂടും. കാരണം, നല്ല വിദ്യാഭ്യാസമെന്ന് പറയുന്നത് നല്ല കായിക സംസ്കാരംകൂടി ഉൾപ്പെട്ടതാണ്. കായിക വകുപ്പിന് കൂടുതൽ പണം അനുവദിച്ചുകഴിഞ്ഞാൽ സ്വാഭാവികമായും ആരോഗ്യ മേഖലയിൽ പണം കുറയ്ക്കാൻ നമുക്ക് കഴിയും. അത്തരത്തിൽ കായിക വകുപ്പും വിദ്യാഭ്യാസ വകുപ്പും കൂടിയാലോചിച്ചുകൊണ്ട് നല്ലൊരു കായിക സംസ്കാരം വളർത്തിയെടുക്കാൻ നമുക്ക് കഴിയണം. കായിക വകുപ്പ് മികച്ച രീതിയിലുള്ള പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. പക്ഷെ അതിനനുസരിച്ച് സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് എനിക്ക് സംശയമുണ്ട്. കാരണം, മുഖ്യമന്ത്രിയുടെ നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തിക്കൊണ്ട് Under-14 girls-ന്റെ ഒരു ടീം സംസ്ഥാനത്ത് രൂപീകരിക്കുകയുണ്ടായി. നിർഭാഗ്യവശാൽ പ്ലസ്വൺ കഴിഞ്ഞപ്പോൾ ടീമിലെ ഗോൾകീപ്പർമാരായ രണ്ട് കുട്ടികൾക്ക് തിരുവല്ല മാർത്തോമയിലേയ്ക്കും രണ്ട് കുട്ടികൾക്ക് എറണാകുളത്തേയ്ക്കുമാണ് സീറ്റ്

അനുവദിച്ചിരിക്കുന്നത്. ഫോർവേർഡായിട്ടുള്ള കുട്ടികൾക്ക് പാലക്കാടും തൃശ്ശൂരുമാണ് അനുവദിച്ചിരിക്കുന്നത്. ഇപ്പോൾ ആ സ്കീം തന്നെ നിന്നുപോകുന്ന അവസ്ഥയാണ്. ഇക്കാര്യം പലപ്രാവശ്യം കായിക വകുപ്പുമന്ത്രിയുടെയും സ്പോർട്സ് കൗൺസിലിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇക്കാര്യത്തിൽ ഒരു കൂട്ടായ തീരുമാനമെടുക്കേണ്ടതുണ്ട്. സ്പോർട്സ് കൗൺസിലിന്റെ തലപ്പത്തിരിക്കുന്നവർ കുറച്ചുകൂടി കാര്യക്ഷമായി പ്രവർത്തിക്കേണ്ട സാഹചര്യമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തീർച്ചയായും ഇത്തരം കാര്യങ്ങൾകൂടി ചർച്ചയുടെ ഭാഗമായി പോസീറ്റിവായി എടുത്തുകൊണ്ട് ബഹുമാനപ്പെട്ട കായികം- വിദ്യാഭ്യാസം-ആരോഗ്യം എന്നീ വകുപ്പുമന്ത്രിമാർ ചേർന്നുകൊണ്ട് ഒരു പുതിയ നയത്തിന് രൂപം നൽകാൻ കഴിയണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. വി. അൻവർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കഴിഞ്ഞ എട്ട് വർഷമായി സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ

രംഗത്തുണ്ടായ മാറ്റം നേർക്കുനേരെ അറിയുന്ന എം.എൽ.എ.-മാരാണ് ഇവിടെ ഇരിക്കുന്നത്. 140 എം.എൽ.എ.- മാർക്കും കിഫ്ബി പദ്ധതിവഴി 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി കോടിക്കണക്കിന് രൂപ ലഭിക്കുകയും നമ്മുടെ വിദ്യാഭ്യാസ മേഖല വലിയ മാറ്റത്തിന് വിധേയമാകുകയും ചെയ്തു. സർക്കാർ സ്കൂളുകളിൽനിന്ന് കുട്ടികൾ കൊഴിഞ്ഞുപോകുകയും ഡിവിഷൻ ഫാൾ ഉണ്ടാകുകയും അതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെടുകയും ചെയ്യുന്ന അവസ്ഥാ വിശേഷത്തിൽനിന്ന് ഇന്ന് പൊതുവിദ്യാഭ്യാസത്തെ ഇവിടെ എത്തിച്ചത് ഈ ഇടതുപക്ഷ സർക്കാരാണ്. അതൊന്നും ആർക്കും ചോദ്യം ചെയ്യാൻ കഴിയില്ല. മലബാറിലുണ്ടായ സീറ്റ് പരിമിതിയുടെ വിഷയം കഴിഞ്ഞ കുറെ ദിവസങ്ങളായി ചർച്ച ചെയ്യപ്പെടുമ്പോഴും അത് പരിഹരിക്കപ്പെടേണ്ട വിഷയമാണെന്ന കാര്യത്തിൽ തർക്കമില്ലെങ്കിലും പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായ വലിയ മാറ്റങ്ങൾ സംബന്ധിച്ച് ചർച്ചചെയ്യപ്പെടാതെ പോകുന്നത് ഇന്നത്തെ പ്രത്യേക രാഷ്ട്രീയത്തിന്റെ ഒരു ഭാഗമാണെന്നാണ് ഞാൻ മനസിലാക്കുന്നത്. ഇടതുപക്ഷ ഗവൺമെന്റ് കഴിഞ്ഞ എട്ടുവർഷമായി

കേരളം ഭരിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്തെ വിവിധ സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്നതരത്തിൽ, അവർ ചെയ്യണമെന്നാഗ്രഹിക്കുന്നതും എന്നാൽ ഒരുകാലത്തും ചെയ്യാൻ സാധിക്കാത്തതുമായ ഒരുപാട് നല്ലകാര്യങ്ങൾ സാമൂഹ്യ പ്രതിബദ്ധതയോടുകൂടി ചെയ്തിട്ടുള്ള ഒരു ഗവൺമെന്റാണ് ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. സാമൂഹ്യ മേഖലയിൽ മനുഷ്യർ ഏറ്റവും പ്രയാസപ്പെടുന്ന മേഖലകളെ മുഴുവൻ അഡ്രസ് ചെയ്തിട്ടുള്ള ഗവൺമെന്റാണിത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തകർന്നടിഞ്ഞുകിടന്നിരുന്ന സർക്കാർ ആശുപത്രികളിലും ഹെൽത്ത് സെന്ററുകളിലുമുണ്ടായ മാറ്റങ്ങൾ കാണാതെ പോകരുത്. ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി മെച്ചപ്പെട്ട ചികിത്സാ സംവിധാനങ്ങൾ ഒരുക്കിയതും ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന ക്ഷേമപെൻഷനുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കപ്പെട്ടതുമെല്ലാം ശ്രദ്ധേയമാണ്. ഏകദേശം 28 ലക്ഷം ആളുകൾക്ക് സാമൂഹ്യക്ഷേമ പെൻഷൻ കൊടുത്തിരുന്ന ഉമ്മൻ ചാണ്ടി

സർക്കാർ അധികാരത്തിൽ നിന്നിറങ്ങുമ്പോൾ 18 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടായിരുന്നു. ആ പെൻഷൻ 1600 രൂപയാക്കി ഉയർത്തി അന്നുണ്ടായിരുന്ന 28 ലക്ഷത്തിന്റെ സ്ഥാനത്ത് 62 ലക്ഷത്തോളം ആളുകൾക്ക് സ്ഥിരമായി പെൻഷൻ നൽകിവരുന്ന സർക്കാരാണിത്. നാഷണൽ ഹൈവേയും ഗെയിൽ പൈപ്പ്‌ലൈനുമടക്കം ഒട്ടനവധി മേഖലകൾ, ഒരുകാലത്തും കേരളത്തിൽ നടക്കില്ലെന്ന് ജനങ്ങൾ കണക്കുകൂട്ടിയത് മുഴുവൻ മാറ്റിമറിച്ച് ജനങ്ങൾക്ക് ആശ്വാസം നൽകി മുന്നോട്ടുപോകുകയാണ്. 2016 മുതൽ 2021 വരെയുള്ള 5 വർഷക്കാലം ഒരു ഗവൺമെന്റിനെ സംബന്ധിച്ച് നേരിടാവുന്ന ഏറ്റവും വലിയ പ്രതിസന്ധികളെ നേരിട്ട ഗവൺമെന്റായിരുന്നു ഇത്. ഓഖി ഉൾപ്പെടെയുണ്ടായ പ്രകൃതി ദുരന്തങ്ങൾ, അതിനുശേഷമുണ്ടായ കോവിഡ് മഹാമാരി തുടങ്ങിയ പ്രതിസന്ധി ഘട്ടങ്ങളിലെല്ലാം കേരളത്തിലെ മുഴുവൻ ജനങ്ങളെയും ചേർത്തുപിടിച്ച് അവർക്ക് ആശ്വാസം നൽകി, വീടില്ലാത്ത നാല് ലക്ഷം ജനങ്ങൾക്ക് വീട് നിർമ്മിച്ചുകൊടുത്ത് വളരെ ജനകീയമായി മുന്നോട്ടുപോയ ഒരു സർക്കാർ ലോക്സഭാ തിരഞ്ഞെടുപ്പിൽ എങ്ങനെ തോറ്റു? ഞങ്ങൾ

തോറ്റിട്ടില്ല, തോറ്റുവെന്ന് അംഗീകരിക്കാൻ ഞങ്ങൾ തയ്യാറല്ല. ഞങ്ങളെ തോൽപ്പിച്ചതാണ്. ഞങ്ങളെ തോൽപ്പിച്ചതിൽ ഒരു വലിയ വിഭാഗം പ്രതിപക്ഷവും മറ്റൊരു വിഭാഗം കേന്ദ്ര ഗവൺമെന്റുമാണ്. ഈ സർക്കാർ എങ്ങനെയാണ് പരാജയപ്പെട്ടത്? ഈ സർക്കാരിനുമേൽ ഇന്ന് സാമ്പത്തികവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ആരോപിക്കുന്നത്. പെൻഷൻ കൊടുക്കാനും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾക്ക് കോൺട്രാക്ടർമാർക്കുള്ള തുക കൊടുക്കാനും ഉദ്യോഗസ്ഥർക്ക് ഡി.എ., മറ്റ് അലവൻസുകൾ എന്നിവ കൊടുക്കാനും ഫണ്ടില്ല. എന്തിനേറെ പറയുന്നു, നിത്യനിദാന ചെലവ് നടത്താൻപോലും കഴിയാത്ത ഒരു സാമ്പത്തിക പ്രതിസന്ധിയിൽ ഗവൺമെന്റിനെ അകപ്പെടുത്തിയിട്ട് ഇതൊന്നും സർക്കാർ നൽകുന്നില്ലെന്നുപറഞ്ഞ് കേരളത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് വോട്ട് വാങ്ങി അധികാരത്തിൽ വന്നവരാണ് നിങ്ങൾ. കേന്ദ്രം നൽകാനുള്ള എഴുപത്തിനാലായിരം കോടി രൂപയ്ക്ക് 2023 ഡിസംബറിൽ സുപ്രീംകോടതിയിൽ കേസ് കൊടുത്ത ഒരു ഗവൺമെന്റാണിത്. കേന്ദ്രത്തിൽനിന്നും തുകയൊന്നും കിട്ടാനില്ലെന്നും ഞങ്ങൾ നടത്തിയ

ധൂർത്തിന്റെ അടിസ്ഥാനത്തിലാണ് വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടായതെന്നും പ്രതിപക്ഷം ആവർത്തിച്ചുകൊണ്ടിരുന്നപ്പോൾ നിവൃത്തിയില്ലാതെ ഗവൺമെന്റിന് സുപ്രീംകോടതിയിൽ കേസ് കൊടുക്കേണ്ടിവന്നു. പ്രഥമദൃഷ്ട്യാ സംസ്ഥാന ഗവൺമെന്റിന്റെ ഈ പെറ്റീഷനിൽ കാര്യമുണ്ടെന്ന് മനസ്സിലാക്കിയ സുപ്രീംകോടതി ഇത് പരിഗണിക്കപ്പെടേണ്ട വിഷയമാണെന്നും അടിയന്തരമായി പതിമൂവായിരം കോടി രൂപ നൽകണമെന്നും ഉത്തരവിട്ടു. ആ പതിമൂവായിരം കോടി രൂപ ലഭ്യമായ സമയത്താണ് ഒന്നരണ്ട് മാസത്തെ പെൻഷൻ നൽകാൻ കഴിഞ്ഞത്. കേസ് സുപ്രീംകോടതിയുടെ പരിഗണനയിലാണ്. കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള തുക സംബന്ധിച്ച് പറഞ്ഞത് ഇന്നത്തെ കണക്കുപ്രകാരമല്ല, ഇത് ഡിസംബറിലെ കണക്കാണ്. ഈ ജൂണിലെ കണക്ക് പരിശോധിച്ചാൽ ഏകദേശം ഒരു ലക്ഷത്തി ചില്വാനം കോടി രൂപ കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിക്കാനുണ്ട്. അത് ലഭിക്കാൻവേണ്ടി എന്തെങ്കിലുമൊരു സമ്മർദ്ദം ചെലുത്താൻ കേരളത്തിലെ പ്രതിപക്ഷം ഇന്നുവരെ തയ്യാറായിട്ടില്ല. ഡൽഹിയിലേയ്ക്ക് സമരത്തിന് പോകുമ്പോൾ

കേരളത്തിന്റെ മുഖ്യമന്ത്രി ആദ്യം ക്ഷണിച്ചത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെയായിരുന്നു. പക്ഷെ പ്രതിപക്ഷം ആ സമരം ബഹിഷ്കരിച്ചു. ശ്രീ. കപിൽ സിബൽ അടക്കമുള്ള കോൺഗ്രസിന്റെ ഉന്നത നേതാക്കളും രാജ്യത്തിലെ വിവിധ പ്രതിപക്ഷ മുഖ്യമന്ത്രിമാരും ഉൾപ്പെടെ എല്ലാവരും കേരളത്തിന്റെ ആവശ്യം ന്യായമാണെന്ന് പറഞ്ഞു. പക്ഷെ കേരളത്തിലെ കോൺഗ്രസ് അത് അംഗീകരിക്കാൻ തയ്യാറാകാതെ ഇപ്പോഴും ആ വാദഗതി ഉന്നയിച്ചുകൊണ്ടും കേന്ദ്ര സർക്കാരിന് സഹായകമായ നിലപാട് സ്വീകരിച്ചുകൊണ്ടും മുന്നോട്ടുപോകുകയാണ്. ആ ഒരു അവസ്ഥാവിശേഷം ഈ സംസ്ഥാനത്തുണ്ടാക്കിയത് നേരത്തെ സൂചിപ്പിച്ച വളഞ്ഞവഴിയിലൂടെ വോട്ട് വാങ്ങി വന്നവരാണ്. പക്ഷെ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ എടുത്ത നിലപാടുകളുമായി മുന്നോട്ടുപോകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 'ധാർഷ്ട്യം' എന്നാണ് ഇപ്പോൾ പറയുന്നത്. ഈ ധാർഷ്ട്യമാണ് ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പരാജയകാരണമായി ചൂണ്ടിക്കാണിക്കുന്നത്. ആ മുഖ്യമന്ത്രിയുടെ ധാർഷ്ട്യത്തിന്റെ ഭാഗമായിട്ടാണ് ഇക്കാര്യങ്ങൾ മുഴുവൻ ഈ നാട്ടിൽ നടന്നത്. കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന ജനങ്ങളെ

കോവിഡ് മഹാമാരിയിൽനിന്നും രക്ഷപ്പെടുത്തിയെടുത്തത് ഈ മുഖ്യമന്ത്രിയുടെ ധാർഷ്ട്യമാണ്. വീടില്ലാത്ത നാല് ലക്ഷത്തിലധികം ജനങ്ങൾക്ക് വീട് നിർമ്മിച്ച് കൊടുത്തത് ശ്രീ. പിണറായി വിജയന്റെ ധാർഷ്ട്യമാണ്. ആ ധാർഷ്ട്യം ഞങ്ങൾ തുടരും; ആശുപത്രികളിൽ മരുന്നില്ലാതെ ഈ നാട്ടിലെ പ്രൈവറ്റ് ആശുപത്രികളെ മാത്രം സമീപിച്ചിരുന്ന ഇടത്തരക്കാരും പാവപ്പെട്ടവരുമായ മനുഷ്യർക്ക് എല്ലാവിധ ചികിത്സാ സൗകര്യങ്ങളും നൽകിയതാണ് ധാർഷ്ട്യമെങ്കിൽ ഇനിയും ആ ധാർഷ്ട്യം ഞങ്ങൾ തുടരും. ഞങ്ങളുടെ വിദ്യാഭ്യാസ മേഖലയിൽ പുതിയ ബാച്ച് അനുവദിക്കുകയും ഒരുപാട് സ്കൂളുകൾ ആരംഭിക്കുകയും അതിലൂടെ ഉന്നതവിദ്യാഭ്യാസം ഉയർത്തിക്കൊണ്ടുവരികയും ചെയ്യും. അങ്ങനെ സാധാരണക്കാർക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യും. അതാണ് ശ്രീ. പിണറായി വിജയന്റെ ധാർഷ്ട്യമെങ്കിൽ ആ ധാർഷ്ട്യം ഞങ്ങൾ തുടരുകതന്നെ ചെയ്യും. ഒരുപക്ഷെ, ഇനിയും ഞങ്ങളെ തോൽപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞേയ്ക്കും. എന്നാലും ഞങ്ങൾ നിലപാടിൽനിന്നും മാറുന്ന പ്രശ്നമില്ല. ഈ തിരഞ്ഞെടുപ്പിൽ ന്യൂനപക്ഷ

പ്രീണനം നടത്തി, അതുകൊണ്ട് ഭൂരിപക്ഷത്തിന്റെ വോട്ട് പോയി എന്ന് പറഞ്ഞു. ന്യൂനപക്ഷത്തിന്റെ വോട്ട് ആർക്കാണ് ലഭിച്ചത്? ഞങ്ങൾക്ക് ഇപ്പോൾ ന്യൂനപക്ഷവുമില്ല, ഭൂരിപക്ഷവുമില്ല. എന്തുതെറ്റാണ് ഞങ്ങൾ ചെയ്തത്? ഈ പാർട്ടി എടുത്ത നിലപാടെന്താണ്; മതേതരത്വ നിലപാടിനോടൊപ്പം ഉറച്ചുനിന്നു, സി.എ.എ. (സിറ്റിസൺഷിപ്പ് അമെന്റ്മെന്റ് ആക്ട്), എൻ.ആർ.സി. (നാഷണൽ രജിസ്റ്റർ ഓഫ് സിറ്റിസൺസ്) എന്നീ വിഷയങ്ങളിൽ അതിശക്തമായ നിലപാടെടുത്തു. ഒരു ഇടതുപക്ഷ പ്രസ്ഥാനത്തിന് അത്തരം നിലപാടുകളെടുക്കാതെ മുന്നോട്ടുപോകാൻ കഴിയുമോ? ആ നിലപാടാണോ ന്യൂനപക്ഷ പ്രീണനം; അവരോടൊപ്പം നിന്നതാണോ പ്രീണനം? അത് വിശദീകരിക്കപ്പെടേണ്ട കാര്യമാണ്. പക്ഷെ ഇതൊന്നുമല്ല, ഞങ്ങൾക്കുണ്ടായ സാമ്പത്തിക പ്രതിസന്ധി തന്നെയാണ് ഈ തിരഞ്ഞെടുപ്പിൽ ഞങ്ങളെ പരാജയപ്പെടുത്തിയത്. അതുപോലെ മുഖ്യമന്ത്രിക്ക് മൈക്കിനോട് ധാർഷ്ട്യമെന്ന് പറഞ്ഞു. പ്രസംഗം നടക്കുന്ന ഒരു വേദിയിൽ മൈക്ക് പ്രവർത്തിച്ചില്ലെങ്കിൽ സ്വാഭാവികമായും ഞാനായാലും ഇവിടെയിരിക്കുന്ന

ആരായാലും, എന്താണ് ഈ മൈക്കെന്ന് ദേഷ്യത്തിൽ ചോദിക്കും. അത് ഒരു മനുഷ്യന്റെ റിഫ്ലക്സ് ആക്ഷനാണ്. അല്ലാതെ വാ മോനേ, എവിടെ മൈക്കിന്റെ ഓപ്പറേറ്റർ, ഒന്നു വിളിക്കൂ എന്ന് പറയുമോ? പക്ഷെ ഇവിടെ ഇത്രയും മതി, ആ പറഞ്ഞത് അദ്ദേഹത്തിന്റെ അഹങ്കാരമായി നിങ്ങൾ പറഞ്ഞു. എത്ര കാലമായി നിങ്ങൾ ഇതൊക്കെ പറഞ്ഞ് നടക്കുന്നു. അതുപോലെ മാധ്യമങ്ങൾ കയറി വരാൻ പാടില്ലാത്ത ഒരു ഹാളിലേയ്ക്ക് കയറിവന്നപ്പോൾ, നിങ്ങൾ എന്താണ് ഇവിടെ; കടക്ക് പുറത്ത് എന്നുപറഞ്ഞു. ആ പത്രക്കാർ ആരാണെന്ന് ഞാൻ പറഞ്ഞ് തരേണ്ടല്ലോ; പത്രക്കാരിലെ ഒരു വിഭാഗത്തെക്കുറിച്ച് ഞാൻ പറയുന്നില്ല. ഇത്തരം പ്രതികരണങ്ങളെ വലിയ സംഭവമാക്കുകയാണ്. പത്തിരുപത്തിമൂന്ന് മന്ത്രിമാരെയുംകൊണ്ട് കേരളത്തിലെ ജനങ്ങളെ മുഴുവൻ കാണാൻ പോയപ്പോൾ 'കോടാനുകോടി രൂപയുടെ ഒരു ബസ്' എന്ന് നിങ്ങൾ പറഞ്ഞു. കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള ബസ്സായിരുന്നു അത്. ഈ ഇരുപത്തിമൂന്ന് മന്ത്രിമാർക്കും കാറിൽ യാത്ര ചെയ്ത് ജനങ്ങളെ കാണാൻ സാധിക്കില്ലായിരുന്നോ; എങ്ങനെയൊക്കെ ചെലവ് ചുരുക്കാൻ കഴിയുമെന്ന് സർക്കാർ

ആലോചിച്ചതിന്റെ ഭാഗമായാണ് ആ ബസ്സിൽ പോകാൻ തീരുമാനിച്ചത്. അതാണ് നിങ്ങൾ ധൂർത്തെന്ന് പറഞ്ഞ് വലിയ വിഷയമാക്കിയത്. അതുസംബന്ധിച്ച കണക്ക് ഇവിടെ പറഞ്ഞിട്ടുണ്ടല്ലോ; നവകേരള സദസ്സിൽ എന്ത് ധൂർത്താണ് നടന്നത്? നവകേരള സദസ്സിലൂടെ എന്ത് നേട്ടമാണുണ്ടായിട്ടുള്ളതെന്നത് സംബന്ധിച്ച് ചോദ്യങ്ങളുണ്ടായി. നവകേരള സദസ്സിലൂടെ ധാരാളം പരാതികൾക്ക് പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ അതുസംബന്ധിച്ച മൂന്ന് മാസത്തെ കണക്ക് ഇവിടെ നൽകിയിട്ടുണ്ട്. ബി.പി.എൽ. കാർഡിനായി സമർപ്പിച്ച 863 അപേക്ഷകളിൽ അറുന്നൂറിലധികം പാസ്സായി. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് പരിഹരിക്കാൻ കഴിയാത്ത ധാരാളം പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു. 'പൂരം കലക്കി പിണറായി' അതായിരുന്നു നിങ്ങളുടെ മറ്റൊരു ആരോപണം. ആരാണ് തൃശ്ശൂർപൂരം കലക്കിയത്; ശ്രീ. പിണറായി വിജയനാണോ? ആ ജില്ലാ പോലീസ് കമ്മീഷണർ ആരുടെ നിർദ്ദേശപ്രകാരമാണ് അങ്ങനെ ചെയ്തത്? പൂരം കലക്കിയതിന് നേതൃത്വം നൽകിയത് പോലീസ് സേനയിലെ ആർ.എസ്.എസ്. നിയന്ത്രണത്തിലുള്ള

വലിയൊരു സംഘടനയാണ്. റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ ഉൾപ്പെടെ ഇടപെട്ടിട്ടും പൂരം നടത്താൻ സാധിച്ചില്ല. പിന്നീട് സിനിമാ സ്റ്റൈലിൽ ശ്രീ. സുരേഷ് ഗോപി അവിടെ വരുന്നു, 'മാറിനിൽക്കെടാ അങ്ങോട്ട്, ഇങ്ങോട്ട് നിൽക്ക്, പൂരം അവിടെ നടക്കട്ടെ, ഇവിടെ നടക്കട്ടെ' എന്നൊക്കെ നിർദ്ദേശിച്ചപ്പോൾ ഒരു പ്രശ്നവുമുണ്ടാക്കാതെ ആ കമ്മീഷണർ അവിടെനിന്നും തിരികെപ്പോകുകയാണ് ചെയ്തത്. മുസ്ലീങ്ങൾക്കുവേണ്ടി പിണറായി സർക്കാർ ഹിന്ദുക്കളുടെ ആഘോഷം കലക്കി എന്ന് നിങ്ങൾ പ്രചരിപ്പിച്ചില്ലേ; പിന്നീട് എന്തുണ്ടായി? അതിന്റെ ഭാഗമായി നിങ്ങൾ ബി.ജെ.പി.-ക്ക് ഒരു സീറ്റ് നേടിക്കൊടുത്തു. ഉദ്യോഗസ്ഥരിൽ വലിയൊരു വിഭാഗം ഈ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അവരെ നിലയ്ക്കുനിർത്താൻ സാധിക്കണം. ഭരണവിരുദ്ധ വികാരമാണ് ഞങ്ങളുടെ പരാജയത്തിന്റെ കാരണമെങ്കിൽ മുഖ്യമന്ത്രി മാത്രമല്ല അതിനുത്തരവാദി, ഇവിടെയിരിക്കുന്ന മന്ത്രിമാരുൾപ്പെടെ ഞങ്ങൾക്കെല്ലാവർക്കും അതിൽ ഉത്തരവാദിത്വമുണ്ട്. ഒരു ഗവൺമെന്റിനെതിരാണെങ്കിൽ ആ ഉത്തരവാദിത്വം ഏറ്റെടുക്കണം. ഒരു പിണറായിയെ മാത്രം ലക്ഷ്യംവച്ചുള്ള നീക്കമാണ് നിങ്ങൾ നടത്തുന്നത്.

കാര്യങ്ങൾ നടക്കുമ്പോൾ അത് നമ്മുടെ നേട്ടമെന്നും കോട്ടം വരുമ്പോൾ അത് മുഖ്യമന്ത്രിയുടെ കുഴപ്പമാണെന്നുമുള്ള രീതിയിൽ പറഞ്ഞ് ഈ മുഖ്യമന്ത്രിയെയും സർക്കാരിനെയും തകർക്കാമെന്ന് പ്രതിപക്ഷം വിചാരിക്കുന്നെങ്കിൽ അത് നടക്കില്ല.

ചെയർപേഴ്സൺ: അങ്ങയുടെ സമയം അതിക്രമിച്ചു... പ്ലീസ്... കൺക്ലൂഡ്.

ശ്രീ. പി. വി. അൻവർ: സർ, എനിക്ക് ഒരു മിനിട്ടുകൂടി അനുവദിക്കണം. നമ്മുടെ മുഖ്യമന്ത്രിയെക്കുറിച്ച് ഇങ്ങനെ പറയുമ്പോൾ, തിരഞ്ഞെടുപ്പിന് മൂന്നുമാസം മുമ്പ് ഈ പറയുന്ന ചാനലുകാരെല്ലാം ഒരു സർവ്വെ നടത്തിയിരുന്നു. എല്ലാ സർവ്വെകളിലും അമ്പത് ശതമാനത്തിലധികം അംഗീകാരം നേടിയ ഏറ്റവും നല്ല മുഖ്യമന്ത്രി ആരാണെന്ന ചോദ്യത്തിന് ശ്രീ. പിണറായി വിജയൻ എന്നായിരുന്നു ഉത്തരം. കേന്ദ്ര ഗവൺമെന്റിനൊപ്പം നിന്ന് ജനങ്ങളെ പറ്റിച്ച്, സാമ്പത്തികമായി ഞെരുക്കി, ഈ അവസ്ഥയിലെത്തിച്ചതിന്റെ ഉത്തരവാദിത്വം പ്രതിപക്ഷത്തിനാണെന്ന് പറഞ്ഞുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ടും ഞാൻ നിർത്തുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഞാൻ വരുന്നത് ഏറ്റവും കൂടുതൽ കൃഷിയുള്ള ഒരു പ്രദേശത്ത് നിന്നായതുകൊണ്ട് കൃഷി, തൊഴിലാളിക്ഷേമം, പ്രവാസി ക്ഷേമം, വിദ്യാഭ്യാസം എന്നീ ധനാഭ്യർത്ഥനകളിൽ ആദ്യം കൃഷിയെക്കുറിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് നമ്മുടെ കാർഷിക മേഖല ഇപ്പോൾ കുതിപ്പിന്റെ പാതയിലാണ്. ആയിരക്കണക്കിന് ഹെക്ടർ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കി കൃഷിക്കാരെയും കാർഷിക മേഖലയെയും നല്ല രീതിയിൽ പരിപോഷിപ്പിച്ച നല്ലൊരു മന്ത്രിയും ഗവൺമെന്റുമാണ് നമുക്കുള്ളത്. എന്ത് വിഷയമുണ്ടായാലും അതിൽ ഇടപെടുകയും വളരെ നല്ല രീതിയിൽ അതിനെ അതിജീവിക്കാൻ ഉത്തേജനം നൽകുകയും ചെയ്യുന്ന ഒരു പ്രത്യേകതയാണ് ഞങ്ങളുടെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്കുള്ളത്. അതുകൊണ്ട് ഈ സന്ദർഭത്തിൽ അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്. പ്രത്യേകിച്ച് കുട്ടനാട്ടിൽ ഒരുപാട് തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കിത്തീർക്കാൻ അദ്ദേഹം വളരെയധികം സഹായിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ തെറ്റായ

കാർഷിക നയങ്ങൾമൂലം രാജ്യവ്യാപകമായി കൃഷിക്കാർ വലിയ പ്രതിസന്ധിയിലാണ്. രാജ്യത്ത് ആയിരക്കണക്കിന് കർഷകരാണ് ആത്മഹത്യയുടെ വക്കിൽനിൽക്കുന്നത്. എന്നാൽ കേരളം കർഷകരെ ചേർത്തുപിടിക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. കർഷകർ ഉൾപ്പെടെയുള്ള അടിസ്ഥാന ജനവിഭാഗങ്ങളുടെ സമഗ്ര പുരോഗതിയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. രണ്ട് മഹാപ്രളയത്തിലും കോവിഡ് മഹാമാരി സമയത്തും ഈ കരുതൽ നാം കണ്ടതാണ്. ഫെഡറൽ സംവിധാനത്തിന്റെ എല്ലാ തത്വങ്ങളും ലംഘിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് നടത്തുന്ന കടന്നാക്രമണങ്ങൾമൂലം സംസ്ഥാനത്ത് കടുത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടായി എന്നത് വസ്തുതതന്നെയാണ്. ഈ സർക്കാരും സംസ്ഥാനത്തുള്ള ജനങ്ങളും അതിലെല്ലാം വളരെ പോസിറ്റീവായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഈ കാലം കടന്നുപോകും, ഭാവി കേരളത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നീങ്ങുന്ന ഈ സർക്കാരിന്റെ ദീർഘവീക്ഷണം തീർച്ചയായും കേരളത്തെ ഉന്നതിയിലെത്തിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇവിടെ പ്രസംഗിച്ച പല അംഗങ്ങളും വളരെ

നല്ലരീതയിൽ പല കാര്യങ്ങളും സംസാരിച്ചു. പ്രിയങ്കരനായ കരുനാഗപ്പള്ളി അംഗം ശ്രീ. സി. ആർ. മഹേഷിന് എന്തുപറ്റിയെന്ന് അറിയില്ല, കാരണം ഈ ഇരിക്കുന്ന അംഗങ്ങളെല്ലാം സ്തുതിപാഠകരാണെന്നോ എല്ലാവരും കൈകൊട്ടുന്നുണ്ടെന്നോ ഡെസ്കിൽ അടിക്കുന്നുണ്ടെന്നോ ഒക്കെയാണ് അദ്ദേഹത്തിന്റെ പരാതി. നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ നല്ലതെന്ന് പറയാൻ നിങ്ങൾക്കാർക്കും മനസ്സില്ല. നിങ്ങൾ ഒരു മനുഷ്യന്റെ തെറ്റ് എന്താണെന്ന് നോക്കി നടക്കുകയാണ്. അതുകൊണ്ടാണ് നിങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെത്തന്നെ ഇങ്ങനെ ലക്ഷ്യംവയ്ക്കുന്നത്. കാരണം അദ്ദേഹത്തെ ലക്ഷ്യംവച്ചാൽ മാത്രമെ കാര്യം നടക്കുകയുള്ളൂ. അദ്ദേഹത്തിന്റെ തെറ്റുകളെന്താണ്; അദ്ദേഹം തിരിയുന്നത് തെറ്റ്, മൈക്കിൽ തൊട്ടാൽ തെറ്റ്, നടന്നാൽ തെറ്റ്, എന്തെങ്കിലും ചെയ്താൽ തെറ്റ്. തെറ്റിന്റെ വലിയൊരു ഘോഷയാത്രയല്ലാതെ ഇന്നുവരെ അദ്ദേഹം ചെയ്ത ഒരു നല്ല കാര്യത്തെക്കുറിച്ച് നല്ല മനസ്സോടെ പറയാൻ നിങ്ങൾ ആരെങ്കിലും ആർജ്ജവം കാണിച്ചിട്ടുണ്ടോ? ഒരു കാലത്ത്, അതായത് 2020-21 കാലഘട്ടങ്ങളിൽ വൈകുന്നേരം 6 മണിക്ക് ഞാൻ ഉൾപ്പെടെയുള്ളവർ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വരവും കാത്ത് ടി.വി.-യുടെ മുന്നിൽ ഇരിക്കുമായിരുന്നു. ഈ ദേശത്തുണ്ടാകുന്ന കാര്യങ്ങൾ പറഞ്ഞുകഴിയുമ്പോൾ ഹൃദയത്തിനകത്ത് വലിയൊരു ആശ്വാസം കടന്നുവരുന്ന പ്രതീതിയാണ്. എന്താണ് കോവിഡ്; എന്താണ് നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്; ഏതൊക്കെ രീതിയിൽ ഇതിനെ അതിജീവിക്കാൻ സാധിക്കും; എന്തെല്ലാം കാര്യങ്ങൾ ചെയ്ത് നമുക്ക് മുന്നോട്ടുപോകാൻ സാധിക്കും തുടങ്ങിയ കാര്യങ്ങൾ അദ്ദേഹം പറയുമായിരുന്നു. ഈ നന്മയെപ്പറ്റി ആരും ഒന്നും പറയില്ല. ഈ ഒരു കാര്യം ഹൈലൈറ്റ് ചെയ്യാൻ ഒരു പ്രതിപക്ഷ പാർട്ടിയും ആഗ്രഹിക്കില്ല. എന്ത് കുറ്റമുണ്ടെന്ന് കണ്ടുപിടിച്ച് അത് നിങ്ങൾ പൊക്കിപ്പിടിച്ച് നടക്കും. ആരാധ്യനായ അംഗം ശ്രീ. പി. വി. അൻവർ അക്കാര്യങ്ങൾ ഹൈലൈറ്റ് ചെയ്തുകൊണ്ട് സംസാരിച്ചതിനാൽ ആ വിഷയങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. നിങ്ങൾ ഇതെല്ലാം മാറ്റിപ്പിടിച്ച്, വളരെ നല്ല രീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കാനുള്ള മനസ്സ് കാണിക്കണം; നിങ്ങൾ ആൾക്കാരെ ഉൾക്കൊള്ളണം; നല്ലതാണെങ്കിൽ നല്ലതെന്ന് പറയണം. ഞങ്ങൾ ഇതുവരെയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മോശമാണെന്ന രീതിയിൽ

ഒരു പ്രസംഗത്തിലും പറഞ്ഞിട്ടില്ല. വളരെ നല്ല രീതിയിൽ പ്രതിപക്ഷത്തെ നയിക്കാൻ കഴിവുള്ള ഒരംഗമാണ് അദ്ദേഹം. ഭരണപക്ഷവും പ്രതിപക്ഷവും ശക്തമാകുമ്പോഴാണ് നല്ല ഭരണം കാഴ്ചവയ്ക്കാൻ സാധിക്കുന്നത്. ആ രീതിയിൽ കാര്യങ്ങൾ മുന്നോട്ടുപോകണം. നമുക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതാരാണ്; പ്രിയങ്കരനായ ശ്രീ. പി. വി. അൻവർ സൂചിപ്പിച്ചതുപോലെ, കേന്ദ്ര ഗവൺമെന്റ് നമ്മുടെ പണം പിടിച്ചുവച്ചിരിക്കുകയാണ്. എല്ലാ വീടുകളിലും പ്രശ്നമുണ്ടാകുന്നത് എപ്പോഴാണ്; ഈ വീടുകളിൽ ഭാര്യയും ഭർത്താവും തമ്മിൽ അടിയുണ്ടാകുന്നത് എപ്പോഴാണ്; കുഞ്ഞുങ്ങളുമായി പ്രശ്നമുണ്ടാകുന്നത് എപ്പോഴാണ്? സാമ്പത്തികമില്ലാതാകുമ്പോഴാണ് പ്രശ്നങ്ങളുണ്ടാകുന്നത്. സാമ്പത്തിക ഭദ്രതയുണ്ടെങ്കിൽ എല്ലാ കാര്യങ്ങൾക്കും ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും. സാമ്പത്തികമാണ് ഏറ്റവും വലിയ വിഷയം; അതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ തലയിൽകയറിയിട്ട് ഒരു കാര്യവുമില്ല. ആ പാവം മന്ത്രി എന്തുചെയ്യാനാണ്? കഴിയുന്ന രീതിയിൽ അദ്ദേഹം എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്. ഞാൻ

സൂചിപ്പിക്കുന്നത്, നമുക്ക് കിട്ടാനുള്ള തുക കേന്ദ്രത്തിൽനിന്നും നേടിയെടുക്കാൻ ഇപ്പോൾ നല്ല അവസരമാണുള്ളത്. വളരെ നല്ല രീതിയിൽ കാര്യങ്ങൾ ചെയ്ത് എങ്ങനെ മുന്നോട്ടുപോകാൻ സാധിക്കും; ഏതൊക്കെ രീതിയിൽ നമുക്ക് ഡൽഹിയിൽ സമരം ചെയ്ത് കേന്ദ്ര ഗവൺമെന്റിനെ സമ്മർദ്ദത്തിലാക്കാൻ സാധിക്കും തുടങ്ങിയ കാര്യങ്ങൾ ചെയ്യാനുള്ള ആർജ്ജവം കാണിക്കേണ്ടത് കോൺഗ്രസുകാരാണ്. അതിന് മുൻകൈയെടുക്കേണ്ടത് ശ്രീ. രാഹുൽ ഗാന്ധിയുമാണ്. കേരളത്തെക്കൂടി സംരക്ഷിക്കേണ്ട ചുമതല അദ്ദേഹത്തിനുണ്ട്. കാരണം കഴിഞ്ഞ ഇലക്ഷനിൽ അമേഠിയിൽ തോറ്റപ്പോൾ അദ്ദേഹത്തെ വിജയിപ്പിച്ച സ്ഥലം

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

കേരളമാണ്. അതുകൊണ്ട് കേരളത്തോട് അദ്ദേഹത്തിന് പ്രതിബദ്ധതയുണ്ടായിരിക്കണം. ഒരു കാരണവശാലും കേരളത്തെ തള്ളിക്കളയാൻ അദ്ദേഹത്തിന് സാധിക്കില്ല. അദ്ദേഹം കേരളത്തിന്റെ എം.പി.-യാണ്, ഇപ്പോൾ രാജി സമർപ്പിച്ചിട്ടേയുള്ളൂ. എന്തായാലും വളരെ നല്ല രീതിയിൽ കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കാനുള്ള

അവസരമാണുള്ളത്. ഇതെല്ലാം പറഞ്ഞുകൊണ്ടിരുന്നാൽ വിഷയത്തിലേയ്ക്ക് കടക്കാൻ കഴിയില്ല. കുട്ടനാട്ടിൽ ആകെ 420 പാടശേഖരങ്ങളാണുള്ളതെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. എല്ലാ പാടശേഖരങ്ങളും അങ്ങ് സന്ദർശിച്ചിട്ടുമുണ്ട്. മുൻ കൃഷി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. എസ്. സുനിൽകുമാറും വളരെ നല്ല രീതിയിൽ മുൻകൈയെടുത്ത് പ്രവർത്തിച്ച വ്യക്തിയാണ്. ഈ 420 പാടശേഖരങ്ങളും കല്ലുകെട്ടി ബലപ്പെടുത്തി, മൂന്ന് മീറ്റർ റോഡ് നിർമ്മിച്ച്, അതിന്റെ നടുവിൽക്കൂടി ട്രാക്ടർ റോഡ് കൊണ്ടുവന്നാൽ മാത്രമെ നല്ല രീതിയിൽ കൃഷി ചെയ്യാൻ കഴിയുകയുള്ളൂ. ഒരുപാട് പ്രതിബദ്ധതകളും പ്രതിസന്ധികളുമുണ്ട്. ട്രാക്ടർ റോഡുകളെന്ന് പറയുമ്പോൾ എല്ലാവർക്കും വലിയ പ്രശ്നമാണ്. അത്തരം റോഡ് നിർമ്മിക്കുന്നതിന് വലിയ ബുദ്ധിമുട്ട് നേരിടേണ്ടിവരും. കാരണം കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം എന്ന ഒരു കീറാമുട്ടി നിയമമുണ്ട്. കുട്ടനാടിനെ ഏറ്റവും കൂടുതൽ വലയ്ക്കുന്ന ഒരു നിയമമാണിത്. പണ്ട്, എന്റെ കുട്ടിക്കാലത്ത് കൊയ്ത്തുജോലിക്കായി വരുന്നവർക്ക് ടിക്കറ്റ് കൊടുത്തുകൊണ്ടാണ്

പാടത്തേയ്ക്കിറക്കുന്നത്. പോലീസിന്റെ സാന്നിധ്യവുമുണ്ടായിരുന്നു. ഇന്ന് കൊയ്ത്തുജോലിക്കായി ആളുകളെ ലഭിക്കാത്ത സാഹചര്യത്തിൽ യന്ത്രം ഉപയോഗിച്ചുള്ള കൃഷിപ്പണികൾ നടത്തണമെങ്കിൽ ട്രാക്ടർ റോഡുകൾ അനിവാര്യമാണ്. അതുകൊണ്ട് ആവശ്യമായ രീതിയിൽ ട്രാക്ടർ റോഡുകൾ നൽകി, എല്ലാ പാടശേഖരങ്ങളും കല്ലുകെട്ടി ബലപ്പെടുത്തി മൂന്ന് മീറ്റർ കോൺക്രീറ്റ് റോഡുകൾ കൊണ്ടുവരേണ്ടതുണ്ട്; കാരണം കുട്ടനാടും പാലക്കാടും കേരളത്തിന്റെ നെല്ലറയാണ്. ഈയൊരു സംവിധാനത്തിൽ വളരെ നല്ല രീതിയിൽ കാര്യങ്ങൾ ചെയ്തെങ്കിൽ മാത്രമേ ഫലപ്രദമായ രീതിയിൽ കൃഷി ചെയ്യാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഈ വിഷയത്തിൽ അങ്ങയുടെ നല്ലൊരു ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഏറ്റവും ഹൃദയ ശുദ്ധിയുള്ള മന്ത്രി ആരാണെന്ന് എന്നോട് ചോദിച്ചാൽ ഞാൻ പറയും ശ്രീ. വി. ശിവൻകുട്ടിയാണെന്ന്. അതിൽ യാതൊരു സംശയവുമില്ല, ഉള്ളകാര്യം ഉള്ളതുപോലെ പറയുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് അദ്ദേഹം. ഇന്നത്തെ ചോദ്യോത്തരവേളയിലും അങ്ങയുടെ മറുപടി കേട്ടപ്പോൾ ഞങ്ങൾക്ക് വളരെയധികം സന്തോഷം

തോന്നി. അങ്ങനെ പറയാൻ ആർജ്ജവമുള്ള ഒരു മന്ത്രിയാണ് അങ്ങ്. ഞങ്ങളുടെ പ്രദേശമായ കൂട്ടനാട്ടിൽ രണ്ടും മൂന്നും അഞ്ചും കോടി രൂപയൊക്കെ നൽകി ഒരുപാട് സ്കൂളുകൾ ഉദ്ഘാടനം ചെയ്യാൻ അങ്ങ് വന്നിട്ടുണ്ട്. അവിടെയുള്ള എല്ലാ ഗ്രൗണ്ടുകളും വെള്ളത്തിനടിയിലാണെന്നുള്ളതാണ് കൂട്ടനാട്ടിലെ ഏറ്റവും വലിയ പ്രശ്നം. അതിനാൽ ആ ഗ്രൗണ്ടുകളെ ഉയർത്തി, വെള്ളമില്ലാത്ത രീതിയിൽ, ഞങ്ങളുടെ കുട്ടികൾക്ക് ഷൂ ഇട്ട് കളിക്കത്തക്ക രീതിയിലുള്ള ഒരു സംവിധാനം ഒരുക്കിത്തരണം. അതായത് കൂട്ടനാട്ടിന് നല്ല സ്കൂളുകളും ഗ്രൗണ്ടുകളും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. വളരെ നല്ല രീതിയിൽ ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നുണ്ട്. ഞങ്ങളുടെ പ്രിയങ്കരനായ സഖാവ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ മറ്റ് 20 മന്ത്രിമാരും വളരെ ശക്തിയോടുകൂടി പ്രവർത്തിച്ച് നല്ല രീതിയിൽ മുന്നോട്ടുപോകുന്നതിന് എല്ലാവിധ അഭിവാദ്യങ്ങളും അർപ്പിക്കുന്നു. ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഡോ. എം. കെ. മുനീർ: സർ, കോഴിക്കോട് ജില്ലയിൽ ഏറ്റവുമധികം കുട്ടികൾ പരീക്ഷ എഴുതിയ ചക്കാലക്കൽ ഹയർ സെക്കൻഡറി സ്കൂൾ എന്റെ

നിയോജകമണ്ഡലത്തിലാണ്. 943 വിദ്യാർഥികളെ പരീക്ഷയ്ക്ക് ഇരുത്തിയതിൽ 183 വിദ്യാർഥികൾക്കും ഫുൾ എ പ്ലസ് ലഭിച്ചു. ഈ കുട്ടികൾക്കുപോലും തുടർന്ന് പഠിക്കാൻ സാധിക്കാത്തവിധം കുറച്ച് ബാച്ചുകൾ മാത്രമേ ആ സ്കൂളിലുള്ളൂ. അലോട്ട്മെന്റുകൾ പൂർത്തിയായാലും കോഴിക്കോട് ജില്ലയിൽ ഏകദേശം 7500 കുട്ടികൾ പ്ലസ് വണ്ണിന് സീറ്റ് ലഭിക്കാതെ പുറത്ത് നിൽക്കേണ്ട അവസ്ഥയാണുള്ളത്. 48156 വിദ്യാർഥികളാണ് കോഴിക്കോട് ജില്ലയിൽ പ്ലസ് വൺ പ്രവേശനത്തിനായി അപേക്ഷിച്ചിട്ടുള്ളത്. ഇതിനുപുറമെ സമീപ ജില്ലയിലെ വിദ്യാർഥികൾകൂടി ഈ ജില്ലയിൽ അപേക്ഷിക്കുന്നുണ്ട്. പ്ലസ് വൺ സീറ്റ് ക്ഷാമത്തെക്കുറിച്ച് പഠിക്കാൻ രണ്ടംഗ സമിതിയെ നിയോഗിച്ചിട്ടുണ്ടെന്നാണ് മന്ത്രി പറഞ്ഞത്. മലപ്പുറം ജില്ലയിലാണ് ഏറ്റവും സങ്കീർണ്ണമായ പ്രശ്നമുള്ളത്. പക്ഷേ, സമാനപ്രശ്നം നേരിടുന്ന മലബാറിലെ രണ്ടാമത്തെ ജില്ല കോഴിക്കോടാണ്. അതുപോലെ കണ്ണൂരിലും കാസർഗോട്ടും വയനാട്ടിലും പാലക്കാട്ടുമൊക്കെ ഈ വിഷയം വരുന്നുണ്ട്. മേൽസൂചിപ്പിച്ച ജില്ലകളിലെ സീറ്റ് ക്ഷാമത്തെക്കുറിച്ചുള്ള വിഷയം പരിശോധനയ്ക്ക് വിധേയമാക്കണമെന്നാണ്

സൂചിപ്പിക്കാനുള്ളത്. ഇന്ന് പല സ്കൂളുകളും പ്രധാന അധ്യാപകർ ഇല്ലാത്തതിന്റെ ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ പ്രശ്നം ഏതുവിധേനയും പരിഹരിക്കപ്പെടേണ്ടതാണ്. പ്രധാനാദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളുടെ പ്രവർത്തനം താളം തെറ്റിയിരിക്കുകയാണ്. ഹയർ സെക്കൻഡറി അധ്യാപകരുടെ സ്ഥലംമാറ്റം വിചിത്രമായ കാര്യമായി മാറിയിരിക്കുകയാണ്. 2024-ലെ പൊതുപരീക്ഷയ്ക്ക് മുമ്പാണ് സ്ഥലം മാറ്റ ഉത്തരവ് വന്നത് എങ്കിലും ഇതുസംബന്ധിച്ച് വ്യാപക പരാതികളുണ്ടായതിനെത്തുടർന്ന് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ടി ഉത്തരവ് സ്റ്റേ ചെയ്തു. കോടതിയലക്ഷ്യത്തിന് പാവം ഡി.ജി.ഇ (Director of General Education)-യെകൊണ്ട് ട്രൈബ്യൂണലിൽ മാപ്പും പറയിപ്പിച്ചു. എന്നിട്ടും ഇപ്പോഴും സ്ഥലംമാറ്റം നടത്താൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് സത്യം. ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പറയുമ്പോൾ, ബിരുദ പഠനം 4 വർഷ കോഴ്സാക്കാൻ പോകുകയാണ്. ഇത് നടപ്പാക്കുന്നതോടുകൂടി കേരളത്തിൽ നിലവിലുള്ള സംവരണ സാധ്യതകൾ ഇല്ലാതാകുകയാണ്. എസ്.സി./എസ്.ടി., ഒ.ബി.സി. വിഭാഗങ്ങളിൽപ്പെട്ടവർ 4 വർഷം ഡിഗ്രി

കോഴ്സിന്റെ പടിക്ക് പുറത്തുനിൽക്കുന്ന സാഹചര്യമാണ് ഉണ്ടാകാൻ പോകുന്നത്. പിന്നാക്കം നിൽക്കുന്ന ഏറ്റവും അധഃസ്ഥിതരായ ആളുകളെയും മുന്നോട്ട് കൊണ്ടുവന്നിട്ടുള്ള പ്രസ്ഥാനമാണ് ഇടതുപക്ഷമെന്ന് ഇവിടെ എന്റെ പ്രിയ സുഹൃത്ത് പറയുകയുണ്ടായി. എന്നാൽ യാതൊന്നും നോക്കാതെ ഇത്തരം നടപടികളുമായി മുന്നോട്ട് പോകുകയാണെങ്കിൽ ഏറ്റവും അധഃസ്ഥിതരായ ആളുകൾ വീണ്ടും പടിക്ക് പുറത്തുനിൽക്കുന്ന സാഹചര്യത്തിലേക്ക് കാര്യങ്ങൾ നീങ്ങും. ഇതുമായി ബന്ധപ്പെട്ട് ചോദിക്കുമ്പോൾ NEP (National Education Policy) പ്രകാരം ചെയ്യുകയാണെന്നാണ് പറയുന്നത്. NEP-യെ നമ്മൾ വളരെയധികം എതിർത്തതാണ്. ആ NEP-യെ അതുപോലെ ഇവിടെ പകർത്തിവയ്ക്കേണ്ട ആവശ്യമെന്താണ്?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, അങ്ങ് തെറ്റിദ്ധരിച്ചിരിക്കുകയാണ്. ഓണേഴ്സ് ബിരുദം നേടുന്നതിനാണ് 177 ക്രെഡിറ്റ് ആർജ്ജിക്കേണ്ടത്. കോഴ്സിന് ചേർന്നുകഴിഞ്ഞതിനുശേഷം 177

ക്രെഡിറ്റ് 4 വർഷംകൊണ്ട് ആർജ്ജിക്കുമ്പോഴാണ് വിദ്യാർഥിക്ക് ഓണേഴ്സ് ബിരുദം ലഭിക്കുന്നത്.

ഡോ. എം. കെ. മുനീർ: സർ, NEP ഇവിടെ നടപ്പിലാക്കില്ലെന്ന് ആദ്യം പറഞ്ഞു. പിന്നെ, അവിടെനിന്ന് പല ആനുകൂല്യങ്ങളും ലഭിക്കണമെങ്കിൽ ഇത് നടപ്പാക്കണമെന്ന് വന്നപ്പോൾ ഗവൺമെന്റ് NEP അതേപടി നടപ്പാക്കാനുള്ള തീരുമാനവുമായി മുന്നോട്ട് പോകുകയാണ്. ഇതുതന്നെയാണ് ഓരോ കാര്യത്തിലും സംഭവിക്കുന്നത്. National Register of Citizens (NRC) വിഷയം വന്നപ്പോഴും നമ്മൾ പറഞ്ഞു: NRC എന്നതും ഇതുപോലെ അംഗീകരിച്ചുകൊടുക്കേണ്ട അവസ്ഥയുണ്ടാകും: അതുകൊണ്ട് നമ്മൾ അത് ഇല്ലാതാക്കുകയാണ് വേണ്ടത്. കേന്ദ്രത്തിൽ അധികാരത്തിൽ വന്നാൽ മാത്രമേ അത് ഇല്ലാതാക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ നമ്മൾ ബംഗാളിൽ നോക്കിയില്ലേ; ബംഗാളിൽ നടപ്പാക്കില്ലെന്ന് ശ്രീമതി മമതാ ബാനർജി പറഞ്ഞല്ലോ; എന്നിട്ട് അവിടെ എത്രപേർക്ക് പുതിയ പൗരത്വം നൽകി? അതുകൊണ്ട് അങ്ങനെയൊന്നും വെറുതെ പറഞ്ഞതുകൊണ്ട് കാര്യമില്ല. അത് എങ്ങനെ യാഥാർഥ്യമാക്കാൻ സാധിക്കുമെന്നാണ്

പരിശോധിക്കേണ്ടത്. ഇവിടെ അടിയന്തരാവസ്ഥ എന്ന കറുത്ത കാലഘട്ടത്തെക്കുറിച്ച് പറയുകയുണ്ടായി. അത് കഴിഞ്ഞയുടൻ മറ്റൊരു കറുത്ത അധ്യായം തുടങ്ങി. ഇന്ത്യയിലെ ഇടതുപക്ഷം ഭാരതീയ ജനസംഘവുമായി ചേർന്ന് തിരഞ്ഞെടുപ്പിൽ മത്സരിച്ച കാലമാണത്. അന്നാണ് ബി.ജെ.പി.-യുടെ തുടക്കം. അന്ന് ജനതാ പാർട്ടിയായി, പിന്നീട് അതിൽനിന്ന് ബി.ജെ.പി. ഉണ്ടായി. ആ ഗവൺമെന്റിൽ അടൽ ബിഹാരി വാജ്പേയി ഉണ്ടായിരുന്നു. കേരളത്തിൽ നിങ്ങൾ ഒരുമിച്ചുനിന്ന് പ്രചാരണം നടത്തി. എന്നിട്ട് എപ്പോൾ പറഞ്ഞാലും കോൺഗ്രസ്സാണ് ബി.ജെ.പി. വരാൻ കാരണം എന്നും ബി.ജെ.പി.-യും കോൺഗ്രസും ഒറ്റക്കെട്ടാണെന്നും പറയുന്നു. ഞാൻ ചോദിക്കട്ടെ, ഉത്തർപ്രദേശിൽ ഫൈസാബാദ് എന്ന നിയോജകമണ്ഡലമുണ്ട്. ഏറ്റവും വലിയ പ്രശ്നമുണ്ടായിരുന്ന സ്ഥലവും ബി.ജെ.പി. അവരുടെ പ്രചാരണ ആയുധമാക്കിയിട്ടുള്ള അയോധ്യ ഉൾപ്പെടുന്ന നിയോജകമണ്ഡലവുമാണ് ഫൈസാബാദ്. അവിടെ ഇന്ത്യാ മുന്നണിയുടെ സ്ഥാനാർഥി ശ്രീ. അവദേശ് പ്രസാദും ബി.ജെ.പി.-യുടെ സ്ഥാനാർത്ഥി ശ്രീ. ലല്ലു സിംഗുമാണ്. ആ ഇന്ത്യാ മുന്നണിക്കെതിരെ

സി.പി.ഐ.-യുടെ സ്ഥാനാർഥിയായ ശ്രീ. അരവിന്ദ് സെന്നിനെ നിങ്ങൾ നിർത്തിയത് എന്തിനാണ്; ആരെ തോൽപ്പിക്കാനാണ്; ഇന്ത്യാ മുന്നണിയും ബി.ജെ.പി.-യും തമ്മിൽ നേരിട്ട് മത്സരിക്കുന്ന സ്ഥലത്ത് എന്തിനാണ് അദ്ദേഹത്തെ നിർത്തിയത്? ഉത്തർപ്രദേശിൽ അഞ്ച് സ്ഥലത്താണ് ഇടതുപക്ഷം ഇന്ത്യാ മുന്നണിക്കെതിരെ സ്ഥാനാർഥികളെ നിർത്തിയത്. ഈ കളി കാരണമാണ് നിങ്ങൾക്ക് ആളുകൾ ചോർന്ന് പൊയ്ക്കൊണ്ടിരിക്കുന്നത്. രാജസ്ഥാൻ, ഗുജറാത്ത്, മധ്യപ്രദേശ് എന്നിവിടങ്ങളിലൊക്കെ കോൺഗ്രസ് പലപ്പോഴും തോറ്റിട്ടുണ്ടെങ്കിലും അവർക്ക് ഇപ്പോഴും 30 ശതമാനത്തിലധികം വോട്ടുണ്ട്. എന്നാൽ കേരളത്തിൽ ഇപ്പോൾ ബി.ജെ.പി. 15 ശതമാനമായി. എത്രയോ കാലം ഭരിച്ച ബംഗാളിൽ നിങ്ങളുടെ പിന്തുണ 7 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. ത്രിപുരയിൽ ഇവർ വരുന്നതിന് മുമ്പ് നിങ്ങൾക്കുണ്ടായിരുന്ന പിന്തുണ 42 ശതമാനത്തിൽനിന്ന് 17 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. കോൺഗ്രസിൽനിന്നും ബി.ജെ.പി.-യിലേക്ക് ചിലപ്പോൾ ഒന്നോ രണ്ടോ വ്യക്തികൾ പോകും. പക്ഷേ, മുഴുവൻ അണികളും വോട്ടർമാരും പാർട്ടി ഓഫീസുമടക്കം പോകുന്ന ഏതെങ്കിലും

പാർട്ടിയുണ്ടെങ്കിൽ അത് ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) ആണ്. പക്ഷേ, ഇവിടെ നിങ്ങൾ കോൺഗ്രസ് വോട്ട് അങ്ങോട്ട് മറിച്ചു ഇങ്ങോട്ട് മറിച്ചു എന്നൊക്കെ പറയുമ്പോൾ വോട്ട് ചോർന്നുകൊണ്ടിരിക്കുകയാണെന്ന യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ പ്രധാനപ്പെട്ട പാർട്ടി കേന്ദ്രങ്ങളിൽ, എങ്ങനെ വോട്ട് ചോരുന്നു എന്നതിനെക്കുറിച്ച് നിങ്ങൾ ആലോചിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ബൂത്തിൽ ബി.ജെ.പി.-യുടെ വോട്ട് ഇരട്ടിയായി. മുഖ്യമന്ത്രിയുടെ ബൂത്തിൽ കോൺഗ്രസിന്റെ വോട്ടാണോ മാറുന്നത്? മുഖ്യമന്ത്രിയുടെ സ്വന്തം ബൂത്തിൽ ബി.ജെ.പി.-ക്ക് 50 വോട്ടുണ്ടായിരുന്നത് 100 വോട്ടായി ഉയർന്നിട്ടുണ്ടെങ്കിൽ അവിടെ കുറഞ്ഞിരിക്കുന്നത് സി.പി.ഐ. (എം.)-ന്റെ വോട്ടാണ്. ശ്രീ. വെള്ളാപ്പള്ളി നടേശനും ശ്രീ. സി. പി. സുഗതനുമൊക്കെ വർഗ്ഗീയ മതിലാണ് ഉണ്ടാക്കിയതെന്ന് അന്ന് ഞാൻ പറഞ്ഞപ്പോൾ നിങ്ങൾ അതെല്ലാം സഭാരേഖയിൽനിന്നും മാറ്റി. പക്ഷേ ഇപ്പോൾ മനസ്സിലായില്ലേ; ഏറ്റവും കൂടുതൽ വർഗ്ഗീയത സംസാരിക്കുന്നത് ഈ ആളുകളാണെന്ന്. അവരെവച്ച് കളിച്ചതിന്റെ ദുരന്തമാണ് നിങ്ങൾ

ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. Citizenship Amendment Act (CAA) എന്നൊക്കെ പറഞ്ഞുകൊണ്ട് ആളുകളെ പ്രീണിപ്പിക്കുന്നതിനുവേണ്ടിയുള്ള കാപട്യമാണ് നടത്തിയതെന്ന് ജനങ്ങൾക്ക് ബോധ്യമായതുകൊണ്ടാണ് നിങ്ങൾക്ക് വോട്ട് കുറഞ്ഞത്. പ്രിയപ്പെട്ട പി. വി. അൻവർ ഒരു സത്യസന്ധമായ കാര്യം പറഞ്ഞു, അദ്ദേഹം ചില സമയത്ത് തുറന്ന് പറയും. 'ഞങ്ങൾക്ക് അവസാനം ന്യൂനപക്ഷവോട്ടും കിട്ടിയില്ല, ഭൂരിപക്ഷ വോട്ടും കിട്ടിയില്ല' എന്നാണ് അദ്ദേഹം പറഞ്ഞത്. അതിന്റെ കാരണമെന്താണെന്ന് നിങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അന്വേഷിച്ചാൽ മനസ്സിലാകും. .ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർത്തുകൊണ്ട് നിർത്തുന്നു

ശ്രീ. വാഴൂർ സോമൻ: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെക്കുറിച്ചാണ് ഇന്ന് ചർച്ച ചെയ്യുന്നത്. സമയക്കുറവുമൂലം ഇടുക്കി ജില്ലയിലെയും സംസ്ഥാനത്തെയും തോട്ടം മേഖലയിലെ തൊഴിലാളികളുടെ സങ്കീർണ്ണമായ പ്രശ്നങ്ങളെക്കുറിച്ചാണ് കൂടുതലായി

സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. തോട്ടം തൊഴിലാളികളുടെ വിരമിക്കൽ പ്രായം 58 വയസ്സിൽനിന്നും 60 വയസ്സിലേക്ക് ഉയർത്തിയതിനും വിവിധ ക്ഷേമനിധി ബോർഡുകൾ മുഖാന്തരം തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ഇതുവരെ 2764.37 കോടി രൂപ നൽകിയതിനും എൽ.ഡി.എഫ്. സർക്കാരിനെ ഈ അവസരത്തിൽ അഭിവാദ്യം ചെയ്യുന്നു. ഗ്രാമീണ തൊഴിലാളികളുടെ പ്രതിദിന വേതനത്തിൽ കേരളം ഒന്നാമതാണെന്നതും കാർഷിക-കാർഷികേതര-നിർമ്മാണ മേഖലകളിൽ ദേശീയ ശരാശരിയെക്കാൾ ഇരട്ടിയിലധികം കൂലി നൽകുന്നുണ്ടെന്നതും രാജ്യത്ത് ഏറ്റവും കൂടുതൽ മേഖലകളിൽ മിനിമം വേതനം പ്രഖ്യാപിച്ച സംസ്ഥാനം കേരളമാണെന്നതും, തൊഴിലാളികളുടെ ക്ഷേമത്തിന് എൽ.ഡി.എഫ്. സർക്കാർ ഇച്ഛാശക്തിയോടെ പ്രവർത്തിക്കുന്നുവെന്നതിന്റെ തെളിവാണ്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനത്തിനായി രൂപീകരിച്ചിട്ടുള്ള 'പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി' മുഖേന അത്തരം തോട്ടങ്ങളിലെ തൊളിലാളികൾക്ക് വിവാഹ-വിദ്യാഭ്യാസ- മരണാനന്തര ധനസഹായവും ഭാഗികമായോ പൂർണ്ണമായോ അംഗവൈകല്യം സംഭവിച്ച തൊഴിലാളികൾക്ക് നൽകുന്ന ധനസഹായവും ചികിത്സാ ധനസഹായവും പൂട്ടിക്കിടക്കുന്ന

തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് മെരിറ്റടിസ്ഥാനത്തിൽ നൽകുന്ന വിദ്യാഭ്യാസ ധനസഹായവും തൊഴിലാളികളുടെ മക്കൾ സ്വാശ്രയാടിസ്ഥാനത്തിൽ പഠിക്കുന്നുണ്ടെങ്കിൽ ഒറ്റത്തവണയായി നൽകുന്ന വിദ്യാഭ്യാസ ധനസഹായവും നൽകാൻ മുൻകൈയെടുത്ത സംസ്ഥാന സർക്കാരിനും വകുപ്പുമന്ത്രിക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ ലേബർ ലയങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി ആരംഭിച്ചത് ഈ സർക്കാരിന്റെ കാലത്താണ്. തോട്ടം മേഖലയിലെ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾ പലതും കാലപ്പഴക്കംമൂലം വാസയോഗ്യമല്ലാതായതിനാൽ മേപ്പടി ലയങ്ങൾ പൊളിച്ചുമാറ്റി രണ്ട് കിടപ്പുമുറികളുള്ള കെട്ടിടങ്ങൾ നിർമ്മിക്കണമെന്ന് റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷന്റെ ശിപാർശ പരിഗണിച്ചുകൊണ്ട് സർക്കാർ അംഗീകരിച്ച പ്ലാന്റേഷൻ നയത്തിൽ, തോട്ടം ഉടമകളുടെ സഹകരണത്തോടെ തോട്ടം തൊഴിലാളികൾക്ക് സ്വന്തം വീട് എന്നത് യാഥാർത്ഥ്യമാക്കാനും വിഭാവന ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തോട്ടം മേഖലയിലെ ഭവനരഹിതരായ എല്ലാ തൊഴിലാളികളെയും സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ LIFE-ൽ ഉൾപ്പെടുത്തി ഭവനം ഫൗണ്ടേഷന് 32452 തൊഴിലാളികളുടെ ലിസ്റ്റ്

സമർപ്പിച്ചത് ഈ സർക്കാരിന്റെ കാലത്താണ്. 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ പുനരുദ്ധാരണത്തിനായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി ലയങ്ങൾ നവീകരിക്കുന്നതിനും തോട്ടം ഉടമയുടെ സഹായത്തോടെ ലയങ്ങളുടെ പുനരുദ്ധാരണം നടത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കഴിഞ്ഞ ദിവസമാണ് ഹാരിസൺസ് മലയാളം കമ്പനിയുടെ അധീനതയിലുള്ള വാളാടി എസ്റ്റേറ്റ് ഒന്നാം ഡിവിഷനിൽ 6 തൊഴിലാളി കുടുംബങ്ങളുടെ വീടുകൾ നിലംപൊത്തിയത്. അവർക്ക് മറ്റൊരു താമസസൗകര്യം ഒരുക്കേണ്ട ഉത്തരവാദിത്വം മാനേജ്മെന്റിനുണ്ട്. കാലങ്ങളായി അറ്റകുറ്റപ്പണികൾ നടത്താതെ ലയങ്ങൾ തകർന്നുവീണുകൊണ്ടിരിക്കുന്ന പ്രശ്നത്തിൽ സർക്കാർ ഗൗരവമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു. ബോണക്കാട് എസ്റ്റേറ്റിൽ പുതുക്കിപ്പണിയേണ്ട നിലയിലുള്ള 42 ലയങ്ങളുടെ പുനരുദ്ധാരണം നടത്തുന്നതിനുവേണ്ടി ജില്ലാകളക്ടർ മുഖേന നൽകിയിട്ടുള്ള റിപ്പോർട്ടും ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ പൂട്ടിക്കിടക്കുന്ന കോട്ടമല, വാഗമൺ, ബോണാമി എന്നീ തോട്ടങ്ങളിലെ ലയങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും പുതിയവ

നിർമ്മിക്കുന്നതിനുമായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം-മുട്ടം മുഖേന നൽകിയിട്ടുള്ള റിപ്പോർട്ട് പരിശോധിച്ച് ശിപാർശ അംഗീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. അടച്ചിട്ട തോട്ടങ്ങൾ തുറന്നു പ്രവർത്തിക്കുന്നത് സംബന്ധിച്ച ചർച്ചകൾ സജീവമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 2000 ഡിസംബർ 23 മുതൽ തോട്ടം ഉടമകൾ ഉപേക്ഷിച്ചുപോയവയാണ് ഇപ്പോഴും അടഞ്ഞുകിടക്കുന്ന ഈ നാല് തോട്ടങ്ങൾ. ഇത്തരം തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് ഏതെങ്കിലും ഏജൻസിയെക്കൊണ്ടോ സഹകരണ സംഘങ്ങൾ മുഖേനയോ തുറന്ന് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഭൂപരിഷ്കരണ നിയമപ്രകാരം തോട്ടം ഭൂമിയുടെ പരിരക്ഷ നേടിയിട്ടുള്ള എം.എം.ജെ. പ്ലാന്റേഷൻസ്, പീരുമേട്-ന്റെ അധീനതയിലുണ്ടായിരുന്ന ബോണാമി, കോട്ടമല എസ്റ്റേറ്റുകളും പീരുമേട് ടീ കമ്പനിയുടെ ചീന്തലാർ, ലോൺട്രി എസ്റ്റേറ്റുകളും ഇവിടെയുള്ള ആയിരക്കണക്കിന് ഏക്കർ തോട്ടഭൂമിയും കഴിഞ്ഞ 24 വർഷമായി യാതൊരുവിധ കൃഷിയും ചെയ്യാനോ തൊഴിലാളികൾക്കുതന്നെ നൽകാനോ നടപടി സ്വീകരിക്കാതെ ഉപേക്ഷിച്ചുപോയവയാണ്. നിലവിലെ പല തോട്ടങ്ങളും ഉടമകൾ ഭൂമി കൈവശപ്പെടുത്തിയതും വർഷങ്ങളായി കൃഷി ചെയ്യാത്തതിനാൽ തരിശ്

ഭ്രമിയായി കിടക്കുന്നവയുമാണ്. തോട്ടം ഉടമകളുടെ ഇത്തരം തെറ്റായ നടപടികളിലൂടെ സർക്കാരിന് ലഭിക്കേണ്ട നികുതി ലഭിക്കാതെ വരികയും കാർഷിക മേഖലയുടെ ഉൽപാദനക്ഷമത കുറയാനിടയാകുകയും രാജ്യത്തെ ജനങ്ങൾക്ക് തൊഴിലവസരങ്ങൾ ലഭിക്കാതെ വരികയും ചെയ്യുന്ന സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. ആയതിനാൽ ഇത്തരം ഭ്രമി സർക്കാർ ഏറ്റെടുക്കുകയോ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് നടത്തിപ്പിനുള്ള ചുമതല അവരെ എൽപ്പിക്കുകയോ ചെയ്യുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ സ്കൂളുകളുടെ നവീകരണത്തെക്കുറിച്ചും മറ്റുമുള്ള നിരവധിയായ നിർദ്ദേശങ്ങൾ ഇവിടെ വന്നുകഴിഞ്ഞു. ഞങ്ങളുടെ നാട്ടിൽ സാധാരണയായി കഞ്ഞിയമ്മയെന്ന് വിളിക്കപ്പെടുന്ന, സ്കൂളുകളിലെ പാചകത്തൊഴിലാളികളായി ജോലിചെയ്യുന്ന ആയമാർക്ക് കൃത്യസമയത്ത് ശമ്പളം നൽകുന്നതിനോ മറ്റ് ആനുകല്യങ്ങൾ നൽകുന്നതിനോ തയ്യാറാകുന്നില്ല. പട്ടിണിപ്പാവങ്ങളായ അവരുടെ ആവശ്യം അടിയന്തരമായി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. തോട്ടം മേഖലകളിൽ വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ തോട്ടം

മാനേജ്മെന്റിനെയും തൊഴിലാളി സംഘടനകളെയും വിളിച്ചുചേർത്ത് ഗൗരവതരമായ രീതിയിലുള്ള ചർച്ചകൾ നടത്തണമെന്നും അല്ലാത്തപക്ഷം വളരെ ഗുരുതരമായ സാഹചര്യം തോട്ടം മേഖലയിൽ സംജാതമാകുമെന്നും ഞാൻ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ താല്പര്യമെടുത്ത് പ്രവർത്തിക്കുമെന്ന് കരുതുന്നു. കാർഷിക മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് ദീർഘമായി സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ മേഖലയിൽ സമൂലമായ മാറ്റം കൊണ്ടുവരാൻ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ശ്രീ. പി. പ്രസാദിന് കഴിഞ്ഞിട്ടുണ്ടെന്നത് എടുത്തുപറയേണ്ട കാര്യമാണ്. ഞാൻ കൂടുതലായി സംസാരിക്കുന്നില്ല. ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. രാജ്യത്തെ കർഷകരെ നന്ദിയോടെ സ്മരിക്കുകയാണ്. രാജ്യത്തിന് ഭക്ഷ്യസുരക്ഷ നൽകിയ വിഭാഗമെന്ന നിലയിൽ മാത്രമല്ല, ഇന്ത്യൻ ജനാധിപത്യവും ഭരണഘടനയും സംരക്ഷിക്കുന്നതിൽ ധീരോജ്വലമായി പടപൊരുതിയ പടയാളികളെന്ന നിലയിലും കൂടിയാണ് ഞാൻ അവരെ സ്മരിക്കുന്നത്. ഫാസിസത്തിന്റെ

തരിശുഭൂമിയിൽ കർഷകർ എറിഞ്ഞ സമരവിത്തിന് നൂറുമേനി വിളവ് നേടാൻ കഴിഞ്ഞില്ലെങ്കിലും ഇന്ത്യൻ പാർലമെന്റിൽ പരിമിതമായ രൂപത്തിൽ വിളഞ്ഞുനിൽക്കുന്നുവെന്ന് നമുക്ക് കാണാൻ കഴിയും. കഴിഞ്ഞ പത്ത് വർഷക്കാലമായി ഇന്ത്യയുടെ നട്ടെല്ലായ കർഷകരോട് എത്ര ക്രൂരമായിട്ടാണ് നരേന്ദ്ര മോദി സർക്കാർ പെരുമാറിയിട്ടുള്ളതെന്ന് നമുക്ക് അറിയാവുന്നതാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ആവിഷ്കരിച്ച കാർഷിക നയങ്ങൾ അട്ടിമറിച്ച് 1991-ൽ നരസിംഹറാവു സർക്കാർ കൊണ്ടുവന്ന പുത്തൻ സാമ്പത്തിക നയമാണ് ഇന്ത്യാ രാജ്യത്തിന്റെ നട്ടെല്ലൊടിച്ചതെന്ന് നമുക്കെല്ലാം അറിയാം. ആ മാതൃകയാണ് ശ്രീ. നരേന്ദ്ര മോദി പിന്തുടരുന്നത്. കാർഷിക നയത്തിൽ മാത്രമല്ല കോൺഗ്രസ് കഴിഞ്ഞ കാലഘട്ടങ്ങളിൽ അവലംബിച്ച പല നയങ്ങളിലും ശ്രീ. നരേന്ദ്ര മോദി കോൺഗ്രസിനെ മാതൃകയാക്കി മുന്നോട്ടുപോകുന്ന ചിത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇന്നലെ ജൂൺ 25 ആയിരുന്നു. അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ട് 49 വർഷം തികയുകയാണ്. അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതോടുകൂടി പ്രതിപക്ഷ നേതൃത്വത്തെ മുഴുവനും ജയിലടച്ചു.

അടിയന്തരാവസ്ഥ പ്രഖ്യാപനത്തിനുശേഷം പ്രധാനമന്ത്രിയുടെ തിരഞ്ഞെടുപ്പിനെ അസാധുവാക്കാൻ ബഹുമാനപ്പെട്ട സുപ്രീംകോടതിക്ക് അധികാരമില്ലെന്ന ഭേദഗതിയാണ് ആദ്യമായി കൊണ്ടുവന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ സീനിയർ ജഡ്ജിമാരെ മുഴുവനും മറികടന്നുകൊണ്ട് ജസ്റ്റിസ് എ. എൻ. റേ-യെ ചീഫ് ജസ്റ്റിസായി നിയമിച്ച കാര്യവും നമ്മുടെ മുന്നിലുണ്ട്. 'നാവടക്കൂ പണിയെടുക്കൂ' അതായിരുന്നു ആ കാലത്ത് ഉയർന്നുവന്ന ഏറ്റവും പ്രധാന മുദ്രാവാക്യം. 'ഇന്ദിരയാണ് ഇന്ത്യ, ഇന്ത്യയാണ് ഇന്ദിര' എന്ന മുദ്രാവാക്യം എ.ഐ.സി.സി.-യുടെ പ്രസിഡന്റുതന്നെ ഉയർത്തിക്കൊണ്ടുവന്ന കാലഘട്ടമായിരുന്നു അത്. 116806 പേരെ അറസ്റ്റ് ചെയ്ത് വിചാരണ കൂടാതെ തടവിലിട്ടിരുന്ന കാലഘട്ടമായിരുന്നു അതെന്നറിയാം. ഇന്ദിരാഗാന്ധിയുടെ ഏകാധിപത്യ പ്രവണതകളിൽ പ്രതിഷേധിച്ചുകൊണ്ട് അഡീഷണൽ സോളിസിറ്റർ ജനറൽ പദവി ഫാലി സാം നരിമാൻ രാജിവയ്ക്കുകയുണ്ടായി. റിസർവ് ബാങ്ക് ഉപദേശകനായി തുടരാൻ എം. എൽ. ദന്തേവാല വിസമ്മതിച്ച സന്ദർഭവുമുണ്ടായി. അടിയന്തരാവസ്ഥയിൽ പ്രതിഷേധിച്ചുകൊണ്ട് ശിവറാം

കാരന്ത് തനിക്ക് കിട്ടിയ പത്മവിഭ്രഷൻ തിരികെ നൽകി. ജോർജ് ഫെർണാണ്ടസിനെ രാജ്യം മുഴുവനും തിരഞ്ഞുകൊണ്ട് ഇന്ദിരാഗാന്ധിയുടെ പോലീസ് ചുറ്റിത്തിരിയുകയായിരുന്നു. അവസാനം അദ്ദേഹത്തിന്റെ സുഹൃത്തും നടിയുമായ സ്നേഹലത റെഡ്ഡിയെ മൃഗീയമായി പീഡിപ്പിച്ച് കൊന്ന സംഭവവും അടിയന്തരാവസ്ഥക്കാലത്തുണ്ടായി. ഇനിയൊരിക്കലും ഇന്ത്യാ രാജ്യത്ത് ജനാധിപത്യം തിരികെ വരില്ലെന്ന അവസ്ഥയായിരുന്നു അന്നുണ്ടായിരുന്നതെന്ന് കാണാം. ഇന്ദിരാഗാന്ധിയുടെ മകൻ സഞ്ജയ് ഗാന്ധിയുടെ ചുറ്റും അമിതാധികാര പ്രവണതകൾ മുഴുവൻ നടപ്പിലാക്കി മുന്നോട്ടുപോകുന്ന കാഴ്ച നമ്മൾ കണ്ടു. കരുനാഗപ്പള്ളി അംഗം നേരത്തെ ഇവിടെ പുകഴ്ത്തലിനെ സംബന്ധിച്ച് വിശേഷിപ്പിക്കുന്നത് കേട്ടു. അടിയന്തരാവസ്ഥയുടെ കാലഘട്ടത്തിൽ സഞ്ജയ് ഗാന്ധിയെ പുകഴ്ത്തുന്നതിനുവേണ്ടി കോൺഗ്രസ് നേതാക്കൾ എന്തെല്ലാം ചെയ്തുവെന്ന് പഴയ ചരിത്രം ചികഞ്ഞ് നോക്കിയാൽ മതി. സഞ്ജയ് ഗാന്ധിയുടെ അപ്രീതിക്ക് വിധേയനായ ഐ. കെ. ഗുജറാളിനെ വാർത്താവിനിമയ വകുപ്പുമന്ത്രി സ്ഥാനത്തുനിന്നും നീക്കം ചെയ്തു. സഞ്ജയ് ഗാന്ധിയുടെ

പെട്ടിയെടുപ്പുകാരായ വി. സി. ശുക്ലയ്ക്കും ബൻസിലാലിനും സുപ്രധാന പദവികൾ ലഭിച്ചത് അടിയന്തരാവസ്ഥക്കാലത്ത് നാം കണ്ടതാണ്. ആൾ ഇന്ത്യ റേഡിയോയിൽ മുഴുവനും സഞ്ജയ് ഗീതം മാത്രമേ അക്കാലത്തുണ്ടായിരുന്നുള്ളൂവെന്ന വസ്തുതയും നാം മനസ്സിലാക്കേണ്ടതാണ്. ലഖ്നൗ വിമാനത്താവളത്തിൽ സഞ്ജയ് ഗാന്ധി വന്നിറങ്ങിയപ്പോൾ അദ്ദേഹത്തിന്റെ ചെരുപ്പ് അൽപ്പം തെന്നിപ്പോയി. സംസ്ഥാന മുഖ്യമന്ത്രിയാണ് ആ ചെരുപ്പെടുത്ത് കൊണ്ടുപോയി കൊടുത്തതെന്ന ലജ്ജാകരമായ അവസ്ഥയും അക്കാലത്ത് ഇന്ത്യൻ ജനത കാണുകയുണ്ടായി. രാജ്യത്തിന്റെ ക്ഷേമത്തിനായി ഇന്ദിരാഗാന്ധി ഇരുപതിന പരിപാടി പ്രഖ്യാപിച്ചു; മകന്റെ അഞ്ചിന പരിപാടിയുമുണ്ടായിരുന്നു. അതായിരുന്നു അക്കാലത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രകടനവും പരിപാടികളുമെന്ന് കാണാം. കോൺഗ്രസ്സിന്റെ കാർഷിക നയം മാത്രമല്ല ശ്രീ. നരേന്ദ്ര മോദി പിന്തുടർന്നത്. ഉത്തർപ്രദേശിൽനിന്ന് ആരംഭിച്ച് ഡൽഹിയിൽ അവസാനിപ്പിച്ച് കഴിഞ്ഞിരിക്കുന്ന ബുൾഡോസർ ഭരണത്തിന്റെ മാതൃകയും കോൺഗ്രസിന്റേതാണെന്നറിയാം. സഞ്ജയ് ഗാന്ധിയുടെ നേതൃത്വത്തിൽ

ഡൽഹിയിലെ Turkman Gate-ൽ ആയിരക്കണക്കിന് കുടുംബങ്ങളെ കുടിയൊഴിപ്പിക്കുകയും എതിർത്തവരെ മുഴുവൻ വെടിവയ്ക്കുകയും നൂറിലധികം പേർ മരണപ്പെടുകയും ചെയ്തു. യഥാർത്ഥത്തിൽ ഇന്ത്യാ രാജ്യത്ത് ആ മാതൃക നടപ്പാക്കിയാണ് മുന്നോട്ടുപോകുന്നത്. 1977-ൽ അടിയന്തരാവസ്ഥയ്ക്ക് അയവുവരുത്തിക്കൊണ്ട് തിരഞ്ഞെടുപ്പ് നടന്നപ്പോൾ അന്ന് Turkman Gate-ലെ കുടിയൊഴിപ്പിക്കലും ബുൾഡോസർ ഭരണവും ഏറ്റവും പ്രധാനപ്പെട്ട ചർച്ചയായിരുന്നു. അക്കാലത്ത് മുസ്ലീം ലീഗിന്റെ ചില നേതാക്കന്മാർ Turkman Gate തുർക്കിയിലാണെന്ന് പ്രസംഗിച്ച കാര്യം ഞാൻ ഇപ്പോഴും ഓർമ്മിക്കുകയാണ്. ആ ഘട്ടത്തിൽ തിരഞ്ഞെടുപ്പ് രംഗത്ത് ഏറ്റവും പ്രധാനപ്പെട്ട വിഷയമായിരുന്നുവെന്ന് നമുക്ക് കാണാൻ കഴിയും. ശ്രീ. നരേന്ദ്ര മോദി മറ്റൊരു കാര്യത്തിൽക്കൂടി കോൺഗ്രസ്സിനെ മാതൃകയാക്കാൻ പോകുന്നു. ഇന്ത്യാ രാജ്യത്ത് മതന്യൂനപക്ഷങ്ങളുടെ ജനസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഇനി എന്ത് തുടരാൻ പോകുന്നുവെന്ന് നമ്മൾ കാണാൻ പോകുകയാണ്. അടിയന്തരാവസ്ഥ കാലഘട്ടത്തിലാണ് സഞ്ജയ് ഗാന്ധിയുടെ

നേതൃത്വത്തിൽ ഇന്ത്യയിൽ നിർബന്ധ വന്ധ്യംകരണ നടപടികൾ ആരംഭിച്ചത്. 80 ലക്ഷം പേരെയാണ് വന്ധ്യംകരിച്ചത്. യുവാക്കളും യുവതികളും ഉൾപ്പെടെയുള്ളവർ അതിന് വിധേയരായി എന്നതാണ് വസ്തുത. ആ മാതൃക ശ്രീ. നരേന്ദ്ര മോദി നാളെ ആരംഭിച്ചാൽ അത്ഭുതപ്പെടാനില്ല. ഇതിനെല്ലാം മാതൃക കോൺഗ്രസാണെന്ന് നമുക്ക് കാണാൻ കഴിയും. വന്ധ്യംകരണത്തിന് പണം കണ്ടെത്താൻവേണ്ടി മഹാഗായകനായ കിഷോർ കുമാറിനോട് ഒരു പരിപാടിയിൽ പങ്കെടുക്കണമെന്ന് സഞ്ജയ് ഗാന്ധി ആജ്ഞാപിച്ചു. അദ്ദേഹം അത് സ്നേഹപൂർവ്വം നിരസിച്ചതിന്റെ ഭാഗമായി അദ്ദേഹത്തിന്റെ ഗാനങ്ങൾ ആൾ ഇന്ത്യ റേഡിയോയിൽ ഒരു ഘട്ടത്തിലും പിന്നീട് പ്രക്ഷേപണം ചെയ്യാറുണ്ടായിരുന്നില്ല. ആ രൂപത്തിലുള്ള നടപടികളാണ് ആ കാലത്ത് നടന്നതെന്ന് കാണാൻ കഴിയും. അടിയന്തരാവസ്ഥക്കാലത്ത് ലക്ഷക്കണക്കിന് പാവപ്പെട്ട ജനങ്ങളെ മുഴുവനും തെരുവാധാരമാക്കി മുന്നോട്ടുപോയതിന്റെ ചരിത്രം നമ്മുടെ മുമ്പിൽ തുറന്നുകിടക്കുന്നുണ്ട്. ആ സ്മരണകളുടെ 49 വർഷം പൂർത്തിയാകുന്ന ഘട്ടം കൂടിയാണ് ഇതെന്ന് നാം കാണേണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി

പിണറായി വിജയൻ ഉൾപ്പെടെയുള്ളവരെ അറസ്റ്റുചെയ്ത് കൽത്തുറങ്കിൽ കൊണ്ടുപോയി കാൽ തല്ലിയൊടിച്ചത് ആ കാലഘട്ടത്തിലായിരുന്നുവെന്ന് നമ്മൾ ഓർമ്മിക്കേണ്ടതാണ്. അത് പീഡനത്തിന്റെയും ക്രൂരതയുടെയും എല്ലാ അവകാശങ്ങളുടെയും നിഷേധത്തിന്റെയും കാലഘട്ടമായിരുന്നുവെന്ന് അറിയാം. മഹാപ്രളയം വന്നുകഴിഞ്ഞാൽ പ്രളയത്തിൽ കുടുങ്ങിയ ജീവജാലങ്ങൾ മുഴുവനും കാണുന്ന തുരുത്തിൽ രക്ഷ നേടും. അവിടെ കീരിയും പാമ്പും തേളും മറ്റ് ജീവജാലങ്ങളുമുണ്ടാകും. ആ അവസ്ഥയായിരുന്നു അടിയന്തരാവസ്ഥ കാലങ്ങളിലുണ്ടായിരുന്നത്. അടിയന്തരാവസ്ഥയെ വലിച്ച് താഴെയിറക്കുന്നതിനുവേണ്ടി ആരൊക്കെ സഹായിക്കുമോ അവരെയെല്ലാം യോജിപ്പിച്ച് മുന്നോട്ടുപോകുകയെന്ന നിലപാടാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യാ മാർക്സിസ്റ്റും ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനവും ഇന്ത്യാ രാജ്യത്ത് സ്വീകരിച്ചതെന്നുകൂടി മനസ്സിലാക്കേണ്ടതുണ്ട്. അന്ന് ആ രൂപത്തിലുള്ള നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്. ഞങ്ങൾ അന്ന് കോൺഗ്രസ്സിനെ നഖശിഖാന്തം എതിർത്തവരാണ്. ഒരു പ്രത്യേക സാഹചര്യത്തിലാണ് ഇന്ത്യാ മുന്നണിയിൽ ഭാഗഭാക്കായിക്കൊണ്ട്

ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രസ്ഥാനം മുന്നോട്ടുപോകുന്നത്. ആ സാഹചര്യം തന്നെയാണ് അടിയന്തരാവസ്ഥയിലുമുണ്ടായിരുന്നതെന്ന് നാം മനസ്സിലാക്കണം. അന്ന് ഇന്ദിരാഗാന്ധിയെ റായ്ബറേലിയിലും സഞ്ജയ് ഗാന്ധിയെ അമേഠിയിലും വലിച്ചുതാഴെയിട്ടതും കോൺഗ്രസിനെ പരാജയപ്പെടുത്തിയതും ഇന്ത്യാ രാജ്യത്തെ കർഷകരും ദരിദ്രരും ഇടത്തരക്കാരും ദളിതരും ന്യൂനപക്ഷങ്ങളുമായിരുന്നു. അതേ സന്ദർഭം തന്നെയാണ് ഇപ്പോഴും നമുക്ക് കാണാൻ കഴിയുന്നത്. നരേന്ദ്രമോദിയുടെ കിരാത ഭരണം അവസാനിപ്പിക്കാൻവേണ്ടിയുള്ള പോരാട്ടത്തിൽ ഏറ്റവും ഉജ്ജ്വലമായ പങ്കുവഹിച്ചത് ഇന്ത്യൻ കർഷകരാണ്. കർഷക സമരത്തെ മുഴുവൻ ക്രൂരമായി അടിച്ചമർത്താൻ ശ്രമിച്ചു. അതിനെതിരായി ധീരമായി പോരാടിക്കൊണ്ട് അവർ മുന്നോട്ടുപോയി. എവിടെയെല്ലാം കർഷക സമരം ശക്തിപ്രാപിച്ചുവോ അവിടെയെല്ലാം ഇന്ത്യാ മുന്നണി വിജയിച്ചതായി കാണാം. പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ, മഹാരാഷ്ട്ര, പടിഞ്ഞാറൻ യു.പി. എന്നീ മേഖലകളിലാണ് ഇന്ത്യാ മുന്നണിക്ക് ഉജ്ജ്വലമായ വിജയം കരസ്ഥമാക്കാൻ കഴിഞ്ഞത്. ബി.ജെ.പി.-യും കോൺഗ്രസും നേർക്കുനേർ

ഏറ്റുമുട്ടിയ ഗുജറാത്ത്, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, കർണ്ണാടക എന്നിവിടങ്ങളിലെല്ലാം കോൺഗ്രസ്സ് പരാജയപ്പെടുകയാണുണ്ടായത്. ബി.ജെ.പി.-യെ നേരിടാൻ കെൽപ്പുള്ള പാർട്ടിയല്ല കോൺഗ്രസെന്ന് ഈ തിരഞ്ഞെടുപ്പിൽ ഒരിക്കൽകൂടി തെളിയിക്കുകയുണ്ടായി. ഈ ശ്രപത്തിൽ നല്ല നിലയിൽ ഇന്ത്യാ രാജ്യത്തെ കർഷകർ പ്രതികരിച്ചതിന്റെ ഫലമായാണ് ഈ അവസ്ഥയുണ്ടായത്. ഉൽപന്നങ്ങളുടെ വിലയിടിവും ഉൽപാദന ചെലവിന്റെ വർദ്ധനവും കടക്കെണിയിൽ കുടുങ്ങിയ കൃഷിക്കാർ പിടിച്ചുനിൽക്കാൻ കഴിയാതെ ആത്മഹത്യയിലേക്ക് പോകുന്ന ചിത്രവും നമ്മൾ കണ്ടു. 2012-2013 വർഷത്തിൽ ഇന്ത്യാ രാജ്യത്തെ കാർഷികോൽപാദന രംഗം 9.4 ശതമാനമായി ഉയർന്നു. എന്നാൽ 2023-24-ൽ വളർച്ചാനിരക്ക് 3.7 ശതമാനമായി താഴ്ന്നു. മാത്രമല്ല, പണ്ട് കോൺഗ്രസ്സുകാർ ഭരണത്തിലുവച്ച സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് മോദിയുടെ കാലത്ത് തട്ടിയെടുത്ത് നടപ്പിലാക്കുമെന്ന് ഞങ്ങൾ പറഞ്ഞു. എന്നാൽ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടും നടപ്പാക്കില്ലെന്ന അവസ്ഥ വന്നപ്പോഴാണ് മറ്റൊരു ഗതിയുമില്ലാതെ കൃഷിക്കാർ

സമരാങ്കണത്തിലിറങ്ങിയതെന്ന് നാം കാണേണ്ടതാണ്. ഭീകരമായ അടിച്ചമർത്തലിനെയാണ് അവർക്ക് നേരിടേണ്ടിവന്നതെന്ന് നാം മനസ്സിലാക്കണം. ഈ ഘട്ടത്തിൽ ബി.ജെ.പി-ക്കെതിരെ ഉജ്ജ്വല പോരാട്ടം നടത്തിക്കൊണ്ട് കർഷകർ മുന്നോട്ടുപോയ പ്രദേശങ്ങളിൽ മുഴുവനും ജനാധിപത്യ പ്രസ്ഥാനത്തിന് പിടിച്ചുനിൽക്കാനും ഉയർന്നു നിൽക്കാനും കഴിഞ്ഞുവെന്നതാണ് വസ്തുത. കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന കർഷക വിരുദ്ധ ജനവിരുദ്ധ നിലപാടുകൾക്ക് ബദൽ നയം തീർത്തുകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരാണ് കേരളത്തിലുള്ളതെന്ന് അഭിമാനപൂർവ്വം പറയാൻ ആഗ്രഹിക്കുകയാണ്. ബദൽ കാർഷിക നയരേഖയാണ് നേരത്തെ ഈ സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ് എന്നത് അഭിമാനപൂർവ്വം പറയാൻ ആഗ്രഹിക്കുന്നു. കേരളം നാളികേരത്തിന്റെ നാടാണ്. നാളികേര ഉൽപാദന രംഗത്ത് ഒരു ഘട്ടത്തിൽ കേരളം മുൻപന്തിയിലുണ്ടായിരുന്നു. ഇന്ത്യാരാജ്യത്ത് ഉൽപാദന രംഗത്തും ഉൽപാദനക്ഷമതയിലുമെല്ലാം കേരളമാണ് മുന്നിൽ നിന്നിരുന്നത്. എന്നാൽ ഇന്ന് നമ്മൾ വളരെ പുറകോട്ടുപോയിരിക്കുന്നു എന്നതാണ് വസ്തുത.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കൊച്ചിയിൽനിന്നും വിയറ്റ്നാമിൽനിന്നും കുരുമുളകും നിലവിൽ ബർമ്മയിൽനിന്നും അടയ്ക്കയും ഇറക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുകൊണ്ടാണ് കാർഷിക മേഖല ഇത്രയും തകർച്ചയിലെത്തിയത്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കോൺഗ്രസ് ആവിഷ്കരിച്ച പുത്തൻ സാമ്പത്തിക നയവും ഇറക്കുമതി നയവുമാണ് നാളികേരത്തിന്റെയും റബ്ബറിന്റെയുമെല്ലാം വിലത്തകർച്ചയ്ക്ക് പ്രധാന കാരണം. അതിന്റെ ഭാഗമായാണ് ഇന്ത്യൻ വിപണിയിൽ ഇതുപോലുള്ള ഉൽപന്നങ്ങൾ വന്നുകൊണ്ടിരിക്കുന്നതെന്നതാണ് വസ്തുത. കേരളത്തിലെനാളികേരത്തിന്റെ

5.00 pm] ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനുവേണ്ടി ശാസ്ത്രീയമായ കൃഷിരീതി ആരംഭിക്കണം. ദൗർഭാഗ്യകരമെന്ന് പറയട്ടെ, കേരളത്തിൽ ശാസ്ത്രീയമായ തെങ്ങ് കൃഷി ഇല്ല എന്നതാണ് വസ്തുത. ബഹുമാന്യനായ മന്ത്രി കെ. കൃഷ്ണൻകുട്ടിയുടെ പ്രദേശത്ത് ഇക്കാര്യം നടപ്പിലാക്കിയിട്ടുണ്ടെന്ന് അഭിമാനപൂർവ്വം പറയാൻ ഞാനാഗ്രഹിക്കുകയാണ്. മണ്ണ് പരിശോധിച്ച്

ശാസ്ത്രീയമായ വളപ്രയോഗവും ഡ്രിപ്പ് ഇറിഗേഷനുള്ള ക്രമീകരണവും ഏർപ്പെടുത്തിയാൽ നാളികേര ഉൽപാദനം ഇരട്ടിയാക്കി മാറ്റാൻ കഴിയും. ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി അത്തരമൊരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. 'മണ്ണ് ആരോഗ്യ കാർഡ്' അതിന്റെ ഭാഗമാണ്. 2023-24-ൽ 165088 കാർഡുകൾ കൊടുത്തിട്ടുണ്ട്. കേരളത്തിൽ 42 ലക്ഷം കൃഷിക്കാരുണ്ട്. അവർക്കെല്ലാവർക്കും മണ്ണ് ആരോഗ്യ കാർഡ് കൊടുക്കുന്നതിന് ജില്ലാടിസ്ഥാനത്തിലുള്ള മണ്ണ് പരിശോധനാ കേന്ദ്രങ്ങൾ അപര്യാപ്തമാണ്. അതുകൊണ്ട് താലൂക്കടിസ്ഥാനത്തിൽ മണ്ണ് പരിശോധനാ കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ട് സമയബന്ധിതമായി എല്ലാവർക്കും മണ്ണ് ആരോഗ്യ കാർഡ് നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഒരു കാര്യംകൂടി പറയാൻ ആഗ്രഹിക്കുകയാണ്. ഏറ്റവും ഗുണനിലവാരമുള്ള നാളികേരം ഉൽപാദിപ്പിക്കുന്ന കോഴിക്കോട് ജില്ലയിലെ മലയോര മേഖലകളിൽനിന്നാണ് കഴിഞ്ഞ 65 വർഷമായി വിത്ത് നാളികേരം ശേഖരിക്കുന്നത്. 'കുറ്റ്യാടി തേങ്ങ' എണ്ണയുടെ അംശത്തിലും രുക്കത്തിലും ഏറ്റവും മെച്ചപ്പെട്ടതാണ്. രോഗബാധ, കീടബാധ, തെങ്ങുകയറ്റ

തൊഴിലാളികളുടെ ക്ഷാമം, വിലയിടിവ് എന്നിവമൂലം വിത്ത് നാളികേര മേഖല വലിയ പ്രതിസന്ധി നേരിടുകയാണ്. വില നിലവാരം പിടിച്ചുനിർത്തുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ അടിസ്ഥാന വില 32-ൽ നിന്നും 34 ആയി വർദ്ധിപ്പിച്ചത് സ്വാഗതാർഹമായ നടപടിയാണ്. നാഫെഡ് (നാഷണൽ അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്) ഇവിടെ ഏജൻസിയായി തീരുമാനിച്ചത് കേര ഫെഡിനെ(കേരള കേരകർഷക സഹകരണ ഫെഡറേഷൻ ലിമിറ്റഡ്) ആയിരുന്നു. കേരഫെഡും 912 അംഗങ്ങളും ചേർന്നുകൊണ്ടാണ് നേരത്തെ കേരളത്തിലെ ഗ്രാമാന്തരങ്ങളിൽനിന്നും നാളികേരം സംഭരിച്ചിരുന്നത്. എന്നാൽ ദൗർഭാഗ്യകരമെന്ന് പറയട്ടെ, നാഫെഡ് കേരഫെഡിനെ കൊപ്ര ശേഖരിക്കുന്ന സ്ഥാപനമെന്ന രൂപത്തിൽ ഒഴിവാക്കിയിരിക്കുകയാണ്. കേന്ദ്രത്തിന്റെ ഈ ദ്രോഹ നടപടികൾ കാണാൻ അപ്പുറത്തുള്ളവർ തയ്യാറല്ല. എൽ.ഡി.എഫ്. സർക്കാരിനെ കുറ്റം പറയുന്നതിലാണ് അവർക്ക് വിനോദം. യഥാർത്ഥത്തിൽ കേന്ദ്രത്തിന്റെ ദ്രോഹ നടപടികളുടെ ഫലമായിട്ടാണ് ഇത്തരത്തിൽ നാളികേരത്തിന്

വിലയിടിവുണ്ടായതും സംഭരണം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാതെ പോയതെന്നതും വസ്തുതയാണ്. തകർന്നുകൊണ്ടിരിക്കുന്ന വിത്ത് നാളികേര മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, എന്റെ ബഹുമാന്യനായ സ്നേഹിതൻ ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ഇവിടെ പ്രസംഗം അവസാനിപ്പിച്ചപ്പോൾ കേരളത്തിലെ കർഷകരുടെ, പ്രത്യേകിച്ച് നാളികേര കർഷകരുടെ ദയനീയ അവസ്ഥയെക്കുറിച്ച് സംസാരിക്കാൻ നിർബന്ധിതനായി. കേരളത്തിലെ കാർഷിക മേഖല ആന കയറിയ കരിമ്പിൻതോട്ടം പോലെയാണ്. സമസ്ത മേഖലകളിലും സർക്കാരിന്റെ അനാസ്ഥയും അവഗണനയും വാശാനലംഘനവുമാണ് അരങ്ങേറിക്കൊണ്ടിരിക്കുന്നത്. കടബാധ്യതമൂലമുള്ള കർഷക ആത്മഹത്യകളാണ് നാം കേൾക്കുന്ന വാർത്തകൾ. എന്റെ നിയോജകമണ്ഡലത്തിൽ ക്ഷീരകർഷക സൊസൈറ്റി പ്രസിഡന്റ്

കൂടിയായിരുന്ന എം. ആർ. ആൽബർട്ട് എന്ന ക്ഷീര കർഷകൻ കേരള ബാങ്കിന്റെ പേരാവൂർ ശാഖയിൽനിന്നുവന്ന ജപ്തി നോട്ടീസിന്റെ മറുവശത്ത് ആത്മഹത്യ കുറിപ്പ് എഴുതിവച്ചുകൊണ്ടാണ് ആത്മഹത്യ ചെയ്തത്. നമുക്കറിയാം, ആലപ്പുഴയിലെ നെൽകർഷകന്റെ ആത്മഹത്യാ വാർത്തയിൽ നാം കേട്ടതെന്താണ്? താനൊരു പരാജയപ്പെട്ട കൃഷിക്കാരനാണെന്ന് സുഹൃത്തിനോട് സംസാരിച്ചാണ് നെൽകർഷകൻ ആത്മഹത്യ ചെയ്തതെങ്കിൽ വന്യമൃഗ ശല്യത്തിന്റെ ഭീഷണിമൂലമാണ് സുബ്രഹ്മണ്യൻ എന്നയാൾ ആത്മഹത്യ ചെയ്തത്. അദ്ദേഹത്തിന് രണ്ട് ഏക്കർ കൃഷി സ്ഥലവും താമസിക്കാൻ വീടുമുണ്ടെങ്കിലും വനാതിർത്തിയോട് ചേർന്നതായതിനാൽ ആന ശല്യംകൊണ്ട് താമസിക്കാൻ കഴിയില്ല. അദ്ദേഹവും ഭാര്യയും മക്കളും രണ്ട് വർഷമായി മറ്റൊരു സ്ഥലത്തേയ്ക്ക് മാറി താമസിക്കുകയായിരുന്നു. എന്നാൽ ആ വീട്ടുടമസ്ഥൻ വീട് ഒഴിഞ്ഞുകൊടുക്കാൻ ആവശ്യപ്പെട്ടതിനെത്തുടർന്ന് താമസിക്കാൻ സ്ഥലമില്ലാതെ വന്ന സാഹചര്യത്തിലാണ് സുബ്രഹ്മണ്യൻ ആത്മഹത്യ ചെയ്തത്. നാളികേര കർഷകരുടെ യഥാർത്ഥ പ്രശ്നം സർക്കാർ പച്ചത്തേങ്ങ

സംഭരിക്കുന്നില്ല എന്നതാണ്. പച്ചത്തേങ്ങയ്ക്ക് 34 രൂപ സംഭരണ വില പ്രഖ്യാപിച്ചെങ്കിലും മാർക്കറ്റിൽ 28 രൂപയ്ക്ക് തേങ്ങ വിൽക്കാൻ കൃഷിക്കാർ നിർബന്ധിതരാകുകയാണ്. സർക്കാർ സംവിധാനത്തിൽ ഒരു തേങ്ങയും സംഭരിക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം. റബ്ബറിന് 250 രൂപ വില നൽകുമെന്ന വാഗ്ദാനം നൽകിക്കൊണ്ടാണ് എൽ.ഡി.എഫ്. വോട്ടുപിടിച്ചതെങ്കിലും 150 രൂപയാണ് അവസാനം പ്രഖ്യാപിച്ചത്. അതിലും കൂടുതൽ തുക മാർക്കറ്റിൽ കിട്ടും. അതുകൊണ്ട് വിലസ്ഥിരതാ ഫണ്ടിന്റെ അടിസ്ഥാനത്തിൽ ഒരു കിലോ റബ്ബർ ഉൽപാദിപ്പിക്കുന്ന കൃഷിക്കാരന് സർക്കാർ ഒരു രൂപയും കൊടുക്കേണ്ട ആവശ്യം വരുന്നില്ല. അതുകൊണ്ട് സർക്കാർ റബ്ബർ കർഷകരെയും വഞ്ചിക്കുക തന്നെയാണ് ചെയ്തത്. കൃഷി നാശം, പ്രകൃതിക്ഷോഭം, രോഗങ്ങൾ തുടങ്ങിയവയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടിയുണ്ടായില്ല. പേരാവൂരിലെ കണിച്ചാർ പഞ്ചായത്തിലെ പൂളക്കുറ്റിയിൽ മുപ്പതിലേറെ ഉരുൾപ്പൊട്ടലുകൾ നടന്നിട്ടുണ്ട്. അവിടത്തെ കൃഷിക്കാർക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ഭൂമി പൂർണ്ണമായും ഒഴുകിപ്പോയവർക്കോ കൃഷി

പൂർണ്ണമായും നശിച്ചവർക്കോ ഗവൺമെന്റ് നഷ്ടപരിഹാരമായി പത്ത് പൈസപോലും നൽകിയില്ല. ഇതിനെയാണ് ഈ ബഡ്ജറ്റിലൂടെ അല്ലെങ്കിൽ രാഷ്ട്രീയ പ്രസംഗങ്ങളിലൂടെ എൽ.ഡി.എഫ്. ന്യായീകരിക്കുന്നതെങ്കിൽ അങ്ങനെ ചെയ്യാൻ ഞങ്ങൾക്ക് കഴിയില്ല. രാജ്യത്തെ തിരഞ്ഞെടുപ്പ് ഫലത്തെ എൽ.ഡി.എഫ്.-ന് സത്യസന്ധമായി വിലയിരുത്താൻ സാധിക്കുന്നില്ല. ലോകത്തെ മുഴുവൻ മതേതര ശക്തികൾക്കും ജനാധിപത്യവാദികൾക്കും ആവേശവും ആശ്വാസവും പങ്കാളിത്തവും നൽകിയ തിരഞ്ഞെടുപ്പാണ് ഇന്ത്യയിലെ തിരഞ്ഞെടുപ്പ്. അതിൽ നിഷ്ക്രിയരും നിസംഗരുമായി നിൽക്കുന്നത് കേരളത്തിലെ സി.പി.ഐ. (എം) ആണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും ഇന്ത്യാ മുന്നണിയുടെയും മുന്നേറ്റത്തിന്റെ ഭാഗമായി അഖിലേന്ത്യാ അടിസ്ഥാനത്തിnd] സി.പി.ഐ. (എം) നിൽക്കുമ്പോൾ കേരളത്തിലെ സി.പി.ഐ. (എം) മാത്രമാണ് പിന്തിരിഞ്ഞ് നിൽക്കുന്നത്. ജനാധിപത്യത്തിന്റെ തിരിച്ചുവരവിലുള്ള മതേതര സംരക്ഷണത്തിൽ കേരളത്തിലെ സി.പി.ഐ. (എം)-ന്റെ പങ്ക് തീർത്തും നാമമാത്രമായിരുന്നു.

തെരഞ്ഞെടുപ്പിൽ ബി.ജെ.പി. സ്വപ്നം കണ്ടതും ലക്ഷ്യം വച്ചതും കോൺഗ്രസ് മുക്തഭാരതമായിരുന്നു. കേരളത്തെ കോൺഗ്രസ് ശക്തമല്ലാത്ത സംസ്ഥാനമാക്കുക എന്നതായിരുന്നു ഇവിടെ സി.പി.ഐ. (എം)-ന്റെ ആവശ്യം. എന്നാൽ ഈ രണ്ട് ലക്ഷ്യങ്ങളെയും ജനങ്ങൾ അവരുടെ വിധിയിലൂടെ പരാജയപ്പെടുത്തുകയും കോൺഗ്രസ്സ് ശക്തഭാരതമായി ഇന്ത്യാ രാജ്യത്തെ മാറ്റുകയും ചെയ്തു എന്നതാണ് യാഥാർത്ഥ്യം. ഇന്ത്യാ മുന്നണിയുടെ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ സി.പി.ഐ. (എം)-ന്റെ പ്രതിനിധികൾ ആദ്യം പങ്കെടുത്തില്ല, അതിന് സി.പി.ഐ.(എം) പറഞ്ഞ മുടന്തൻ ന്യായമെന്താണ്? AICC(All India Congress Committee) സംഘടനാ ചുമതലയുള്ള സെക്രട്ടറി ശ്രീ. കെ. സി. വേണുഗോപാൽ ആ കമ്മിറ്റിയിലെ കോൺഗ്രസിന്റെ പ്രതിനിധിയാണ് എന്നുള്ളതുകൊണ്ടാണ് കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടിയുടെ നിർബന്ധപ്രകാരം ഇന്ത്യാ മുന്നണിയുടെ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ഇന്ത്യയിലെ മാർക്സിസ്റ്റ് പാർട്ടി പങ്കെടുക്കാതിരുന്നത് എന്നത് ഒരു ചരിത്രയാഥാർത്ഥ്യമായി നിൽക്കുകയാണ്. സി.പി.ഐ.ക്കാർ പങ്കെടുത്തു, എന്നിട്ടും സി.പി.ഐ. (എം)

പങ്കെടുത്തില്ല. ഇന്ന് ജനാധിപത്യ ഇന്ത്യയുടെ കാവൽക്കാരനായി നിൽക്കുന്ന ശ്രീ. രാഹുൽ ഗാന്ധി നയിച്ച ഭാരത് ജോഡോ യാത്രയെ എൽ.ഡി.എഫ്. കണ്ടെയ്നർ യാത്രയെന്നാണ് ആക്ഷേപിച്ചത്. ആ യാത്രയുടെ സമാപനത്തിൽ സി.പി.ഐ.യുടെ അഖിലേന്ത്യാ സെക്രട്ടറി ഉൾപ്പെടെ ജനലക്ഷങ്ങൾ പങ്കെടുത്തപ്പോൾ കേരള ഘടകത്തിലെ സി.പി.ഐ. (എം) പാർട്ടി പ്രതിനിധികൾ മാത്രം നിർബന്ധപൂർവ്വം അതിൽനിന്നും മാറിനിൽക്കുകയായിരുന്നു. ഈ സഭയിൽ സി.പി.ഐ. (എം)-കാർ എന്താണ് പറഞ്ഞത്? ശ്രീ. രാഹുൽ ഗാന്ധി വയനാട്ടിൽ മത്സരിച്ചത് തെറ്റായിപ്പോയി എന്ന്. സത്യത്തിൽ ശ്രീ. രാഹുൽ ഗാന്ധിക്കെതിരെ വയനാട്ടിൽ ഇടതുപക്ഷം സ്ഥാനാർത്ഥിയെ നിർത്തിയതാണ് തെറ്റായിപ്പോയതെന്നാണ് വയനാട്ടിലെ ജനങ്ങൾ വിധിയെഴുതിയത്. അതാണ് ജനവിധി, എൽ.ഡി.എഫ്. അത് മനസ്സിലാക്കണം. രണ്ട് പ്രാവശ്യം ശ്രീ. രാഹുൽ ഗാന്ധി വയനാട്ടിൽ മത്സരിച്ച് ലക്ഷങ്ങളുടെ ഭൂരിപക്ഷത്തിന് സി.പി.ഐ. (എം) അനുഭാവികളുടെയും അണികളുടെയും പിന്തുണയോടെ അവിടെനിന്നും ജയിക്കുന്നുവെങ്കിൽ, സത്യത്തിൽ

എൽ.ഡി.എഫ്. ശ്രീ. രാഹുൽ ഗാന്ധിയുടെ സ്ഥാനാർത്ഥിത്വത്തെ എതിർത്തതാണ് തെറ്റ്. ആ തെറ്റ് തിരുത്താൻ എൽ.ഡി.എഫ്.-ന് അവസരം നൽകുന്നു. ശ്രീമതി പ്രിയങ്കാ ഗാന്ധി വയനാട്ടിൽ മത്സരിക്കുമ്പോൾ എൽ.ഡി.എഫ്. അവരെ പിന്തുണയ്ക്കാൻ തയ്യാറാകണം. ഇന്ത്യയിലെ ഇടതുപക്ഷം അത് ആഗ്രഹിക്കുന്നു. സി.പി.ഐ.യുടെയും സി.പി.ഐ. (എം)ന്റെയും അഖിലേന്ത്യാ നേതാക്കന്മാർക്ക് ശ്രീമതി പ്രിയങ്കാ ഗാന്ധിക്കുവേണ്ടി വോട്ട് ചോദിക്കാൻ ആഗ്രഹമുണ്ട്. ഇവിടത്തെ ഇടതുപക്ഷം അനുവദിച്ചാൽ അവർ വരും. അതിനുള്ള അവസരം കേരളത്തിലെ ഇടതുപക്ഷം ഒരുക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. ശ്രീ. പി. വി. അൻവറിന്റെ പ്രസംഗത്തിൽ മുഖ്യമന്ത്രിയെ പൂർണ്ണമായും ന്യായീകരിക്കുന്നതിനോടൊപ്പം മുഖ്യമന്ത്രി മാത്രം രാജി വച്ചാൽ പോരാ, രാജി വയ്ക്കുകയാണെങ്കിൽ എല്ലാവരും രാജി വയ്ക്കണമെന്ന് പറയുകയുണ്ടായി. അദ്ദേഹത്തെ അയയ്ക്കേണ്ടത് എങ്ങോട്ടാണ്? സഭയിൽ ഞങ്ങൾക്ക് രാഷ്ട്രീയ ക്ലാസ്സ് എടുക്കാനല്ല, സി.പി.ഐ.(എം), സി.പി.ഐ. ജില്ലാ കമ്മിറ്റി യോഗങ്ങളിൽ പാർട്ടി നയം വിശദീകരിക്കാൻ അദ്ദേഹത്തെ

അയയ്ക്കയാണെങ്കിൽ ശ്രീ. എം. എ. ബേബിയെയും ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ-നെയും ശ്രീമതി കെ. കെ. ശൈലജ ടീച്ചറിനെയും അധികം ബുദ്ധിമുട്ടില്ലാതെ അദ്ദേഹം ന്യായീകരിച്ചോളും. ഈ സർക്കാരിന്റെ പിടിപ്പുകേടുകളെ ന്യായീകരിക്കാൻ പറ്റിയ ഏറ്റവും നല്ല നേതാവ് ശ്രീ. പി. വി. അൻവർ തന്നെയാണ്. ഈ സർക്കാരിന്റെ മുഖമുദ്ര എന്താണ്? ബോംബ് നിർമ്മാണം നടത്തുന്ന എതിരാളികളെ കൊല്ലുന്ന, കൊലക്കേസ് പ്രതികളെ രക്ഷിക്കുകയും ആദരിക്കുകയും ചെയ്യുന്ന, ബോംബ് നിർമ്മാണത്തിൽ മരിക്കുന്നവരെ രക്തസാക്ഷികളായി പ്രഖ്യാപിക്കുന്ന ഈ സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെയാണ് ജനങ്ങൾ വിധിയെഴുതിയത്. കണ്ണൂരിലെ പരാജയം മാത്രം എൽ.ഡി.എഫ്.-നെ പാഠം പഠിപ്പിക്കാൻ പര്യാപ്തമല്ലേ? ബഹുമാന്യനായ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. സുധാകരൻ 108000 വോട്ടുകളുടെ ഭൂരിപക്ഷത്തിന് ജയിക്കുമ്പോൾ അവിടെ വോട്ട ചെയ്തത് ആരൊക്കെയാണ്? കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ, എൽ.ഡി.എഫ്. കൺവീനർ ശ്രീ. ഇ. പി.

ജയരാജൻ, കേന്ദ്ര കമ്മിറ്റി അംഗം ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി എന്നിവർ കണ്ണൂർ പാർലമെന്റ് മണ്ഡലത്തിലെ വോട്ടർമാരാണ്. ഇവരെല്ലാം വോട്ട് ചെയ്ത, പ്രസംഗിച്ച, പ്രവർത്തിച്ച, പ്രചാരണങ്ങൾ നടത്തിയ ആ സ്ഥലത്താണ് കോൺഗ്രസ് സ്ഥാനാർത്ഥി 108000 വോട്ടുകളുടെ ഭൂരിപക്ഷത്തിന് ജയിച്ചതെങ്കിൽ അത് എൽ.ഡി.എഫ്.ന്റെ നയങ്ങൾക്കെതിരെയുള്ള ഒരു വിധിയെഴുത്താണ്. അത് മനസ്സിലാക്കാൻ സാധിക്കണം. തെറ്റ് തിരുത്താൻ എൽ.ഡി.എഫ്.-ന് സാധിച്ചാൽ അവർക്കുതന്നെയാണ് നല്ലതെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു. നന്ദി, നമസ്കാരം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം ഏഴ് മന്ത്രിമാർ സംസാരിക്കേണ്ടതുള്ളതിനാൽ മന്ത്രിമാർ സമയക്രമം പാലിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പിന് കീഴിലുള്ള കൈറ്റ്, എസ്.സി.ഇ.ആർ.ടി., എസ്.എസ്.കെ., സ്കോൾ-കേരള, എസ്.ഐ.ഇ.ടി.,

എസ്.ഐ.എം.സി., എസ്.ആർ.സി. മഹിളാ സമഖ്യ, സാക്ഷരതാ മിഷൻ, വിദ്യാകിരണം മിഷൻ, ലേബർ വകുപ്പിൽ Kerala Academy for Skills Excellence (KASE), ODEPC, ഐ.ടി.ഐ., എംപ്ലോയ്മെന്റ്, ഇ.എസ്.ഐ., ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്, Kerala Institute of Local Administration (KILA) എന്നിവയെപ്പറ്റി ഓരോ വാക്കെങ്കിലും പറയണ്ടേ. ഏറ്റവും അവസാനം സംസാരിച്ച കോൺഗ്രസിന്റെ സുഹൃത്ത് രാജ്യത്താകെ കോൺഗ്രസ് വൻഭ്രരിപക്ഷം നേടിയെന്ന തരത്തിലാണ് പ്രസ്താവന നടത്തിയിരിക്കുന്നത്. പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് പരാജയമുണ്ടായിട്ടുണ്ട്. ജനാധിപത്യ സംവിധാനത്തിൽ ആ പരാജയത്തെ ഞങ്ങൾ അംഗീകരിക്കുന്നു. ഞങ്ങൾ തിരിച്ചുവരും, അതിന് ഒരു തർക്കവുമില്ല. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കും പരാജയമുണ്ടായിട്ടും അതിൽനിന്നും തിരിച്ചുവന്ന കാലഘട്ടം കേരളത്തിലുണ്ടായിട്ടുണ്ട്. തെറ്റ് തിരുത്തുമെന്ന് പറഞ്ഞാൽ, ഞങ്ങൾക്കുണ്ടായ കുറവുകളും പോരായ്മകളും ഞങ്ങളുടെ കമ്മിറ്റികളിൽ ചർച്ച ചെയ്യുന്നുണ്ട്. പത്രങ്ങളിൽ വരുന്ന വാർത്തകളുമായി യാതൊരു ബന്ധവുമില്ല.

ചില പത്രങ്ങളിൽ എത്രയോ നാളുകളായി കരുതിക്കൂട്ടി പടച്ചുകൂട്ടുന്ന വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. കോൺഗ്രസ് വലിയ നേട്ടമുണ്ടാക്കിയെന്ന് പറഞ്ഞല്ലോ. ഹിമാചൽ പ്രദേശിൽ ആരാണ് ഭരിക്കുന്നത്? കോൺഗ്രസല്ലേ. അവിടെ നിങ്ങൾക്ക് വട്ടപൂജ്യമാണ് ലഭിച്ചത്. അത് ഭരണ വിരുദ്ധ വികാരമാണോ; ഇന്ത്യാരാജ്യത്തിലെ 12 സംസ്ഥാനങ്ങളിൽ കോൺഗ്രസിന് ആനമുട്ടയായിരുന്നു ലഭിച്ചത്. കോൺഗ്രസ് അടക്കമുള്ള ഇന്ത്യാമുന്നണിക്ക് കോൺഗ്രസിന്റെ മാത്രം വോട്ടല്ല ലഭിച്ചത്. ഇന്ത്യാരാജ്യത്തിലെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റെ കൂടി വോട്ടുകൊണ്ടാണ് കോൺഗ്രസിന് ഇന്ന് ഈ നിലയിൽ നിൽക്കാൻ കഴിഞ്ഞതെന്ന കാര്യം മറക്കേണ്ട. ബി.ജെ.പി.-യെ കേരളത്തിൽ കൊണ്ടുവന്നതും ബി.ജെ.പി.-ക്ക് സ്ഥാനമുണ്ടാക്കി കൊടുത്തതും ആരാണ്? ഞാൻ നേമം മണ്ഡലത്തിൽ മത്സരിക്കുന്ന അവസരത്തിൽ, യു.ഡി.എഫ്.-ന്റെ സ്ഥാനാർത്ഥി ശ്രീ. വി. സുരേന്ദ്രൻ പിള്ളയായിരുന്നു. അവിടെ ശ്രീ. ഒ. രാജഗോപാലും മത്സരിക്കുന്നുണ്ടായിരുന്നു. ത്രികോണമത്സരം നടന്നു. രണ്ടാമത്തെ പ്രാവശ്യം ഞാൻ അവിടെ മത്സരിച്ച കാര്യമാണ് പറയുന്നത്.

ആദ്യത്തെ പ്രാവശ്യം ഞാൻ ജയിച്ചു. ദേശീയ രാഷ്ട്രീയ പാർട്ടിയായ കോൺഗ്രസിന്റെ സ്ഥാനാർത്ഥി ശ്രീ. സുരേന്ദ്രൻ പിള്ളയ്ക്ക് ഒരു മണ്ഡലത്തിൽനിന്നും ആകെ പന്ത്രണ്ടായിരം വോട്ടാണ് ലഭിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ അവിടെ ബി.ജെ.പി. ജയിച്ചു; മതേതര ജനാധിപത്യ പ്രസ്ഥാനത്തിന്റെ പ്രതിനിധിയായ ഞാൻ തോറ്റു. ആരാണ് ഇവിടെ ബി.ജെ.പി.-യെ കൊണ്ടുവന്നത്; ഇടതുപക്ഷമാണോ കോൺഗ്രസാണോ? കോ.ലീ.ബി. സഖ്യം പണ്ടത്തെ ചരിത്രം. ശ്രീ. കെ. മുരളീധരനെ സ്ഥിരം ഓരോ മണ്ഡലത്തിൽ നിർത്തി നിങ്ങൾ കാലുവാരുകയാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ നേമത്ത് കൊണ്ടുവന്നു നിർത്തി. നേമത്ത് ആദ്യം ഉമ്മൻ ചാണ്ടിയുടെ പേര് ചർച്ച ചെയ്തു, പിന്നെ ശ്രീ. രമേശ് ചെന്നിത്തലയുടെയും ഇവിടെയിരിക്കുന്ന പലരുടെയും പേര് ചർച്ച ചെയ്തു. അവസാനം നേമത്ത് ബി.ജെ.പി.-യിൽനിന്നും സീറ്റ് പിടിച്ചെടുക്കാൻ ഒരു ശക്തനെ നിർത്താൻ പോകുകയാണെന്ന് പറഞ്ഞു. അങ്ങനെ ശക്തനായ ശ്രീ. കെ. മുരളീധരനെ നേമത്ത് മത്സരിപ്പിച്ചു. അവിടെയും അദ്ദേഹത്തെ നിങ്ങൾ കാലുവാരി, തോൽപിച്ചു. അവിടെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റെ

പ്രതിനിധിയായ ഞാൻ ജയിച്ചു. ശ്രീ. കെ. മുരളീധരനെ നിങ്ങൾ തൃശ്ശൂരും മത്സരിപ്പിച്ചു. മര്യാദയ്ക്ക് അദ്ദേഹം മറ്റേതെങ്കിലും മണ്ഡലത്തിൽ നിൽക്കുമായിരുന്നു. വടകരയിൽ നിൽക്കാനായിരുന്നു അദ്ദേഹത്തിന് താൽപര്യം. കാലുവാരലല്ല, വളഞ്ഞിട്ട് കാലുവാരലായിരുന്നു നടന്നത്. അതിന്റെ ഫലമായി 'ഒരു കോൺഗ്രസുകാരും മേലാൽ എന്റെ വീട്ടിൽ പ്രവേശിക്കാൻ പാടില്ല' എന്ന് ശ്രീ. കെ. മുരളീധരൻ വീട്ടിൽ ഒരു ബോർഡ് എഴുതി വച്ചിരിക്കുകയാണ്. ഈ വീടിന്റെ ഐശ്വര്യം ദേവിയാണ്, ആറ്റുകാൽ അമ്മയാണ് എന്ന് എഴുതുന്നതുപോലെ ഈ വീട്ടിൽ ഒരു കോൺഗ്രസുകാരും കയറാൻ പാടില്ലെന്ന് എഴുതിവച്ചിരിക്കുകയാണ്. അവിടെ ശ്രീ. സുരേഷ് ഗോപിയാണ് ജയിച്ചത്. കേരളത്തിൽ രണ്ട് സീറ്റുകളിലും കോൺഗ്രസ്സിന്റെ പിന്തുണയോടുകൂടിയാണ് ബി.ജെ.പി. ജയിച്ചത്. കേരളത്തിൽ ബി.ജെ.പി.-യെ കൊണ്ടുവന്നത് കോൺഗ്രസാണ്. ഒളിമ്പിക് ഡേയുടെ ഭാഗമായി ഇന്നലെ തിരുവനന്തപുരത്ത് ഒളിമ്പിക് റൺ നടന്നു. നോട്ടീസിൽ ശ്രീ. സുരേഷ് ഗോപിയുടെ പേരില്ലായിരുന്നെങ്കിലും കേന്ദ്ര സഹമന്ത്രിയെന്ന നിലയിൽ അദ്ദേഹം അതിൽ പങ്കെടുത്തു. അവിടെ എന്നോടൊപ്പം

ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. ആർ. അനിലുമുണ്ടായിരുന്നു. ബഹുമാനപ്പെട്ട ഗവർണ്ണറും പങ്കെടുത്തിരുന്നു. മഴ പെയ്തപ്പോൾ ശ്രീ. സുരേഷ് ഗോപി അവിടെയുള്ള കുട്ടികളുടെ ഇടയിലേയ്ക്കിറങ്ങി. അതോടുകൂടി ഗവർണ്ണറുടെ പ്രസംഗവും പോയി, ജനഗണമനയും പോയി. എല്ലാം അലങ്കോല സീനായി, പ്രോട്ടോകോൾ ലംഘനമായി. ഇത് ഞാനോ ശ്രീ. ജി. ആർ. അനിലോ ആണ് ചെയ്തിരുന്നതെങ്കിൽ ഇവിടുത്തെ മാധ്യമങ്ങളിൽ എന്തെല്ലാം വാർത്ത വരുമായിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് മാധ്യമങ്ങളിൽ ഒരു വാർത്തയുമില്ല. അതിൽ ഒരു കോൺഗ്രസുകാരും പ്രതിഷേധിച്ചില്ല. ജനഗണമനയെ ആക്ഷേപിച്ചു, പ്രോട്ടോകോൾ ലംഘിച്ചു എന്നിട്ടും ഒന്നും ചെയ്തില്ലല്ലോ.

ശ്രീ. എം. വിൻസെന്റ്: സർ, (മൈക്ക് ഓഫ്.)

ശ്രീ. വി. ശിവൻകുട്ടി: സർ, ശ്രീ. എം. വിൻസെന്റ്, ന്യൂസ് പേപ്പർ എടുത്ത് താങ്കളുടെ പേരുണ്ടോ എന്നുമാത്രം വായിച്ചാൽ പോരാ; എല്ലാം വായിക്കണം.

കിഫ്ബിയെയും ജനകീയാസൂത്രണ പ്രസ്ഥാനത്തെയും സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. നല്ല കാര്യം. എല്ലാ എം.എൽ.എ.-മാരും നന്നായി സഹകരിക്കുന്നവരാണ്. എല്ലാ മണ്ഡലങ്ങളിലും അവർ ഞങ്ങളെ വിളിക്കാറുണ്ട്. 1913-ൽ നമ്മുടെ തലസ്ഥാന നഗരിയിൽ, ശ്രീ. എം. വിൻസെന്റിന് അറിയാവുന്ന ഊരുട്ടമ്പലം ഗവൺമെന്റ് യു.പി. സ്കൂളിൽ ഒരു സംഭവം നടന്നു. അവിടെ പഞ്ചമി എന്ന ദളിത് വിഭാഗത്തിൽപ്പെട്ട കുട്ടി പഠിക്കാൻ പോകുകയും മുന്നാക്ക വിഭാഗത്തിൽപ്പെട്ട ആൾക്കാർ വന്ന് സ്കൂൾ തീയിടുകയും ചെയ്തു. അപ്പോൾ മഹാത്മ അയ്യങ്കാളി അതിലിടപെടുകയും ആദ്യത്തെ കർഷകതൊഴിലാളി പ്രക്ഷോഭത്തിന് അദ്ദേഹം ആഹ്വാനം ചെയ്യുകയും ചെയ്തു. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രസ്ഥാനം വന്നതിനുശേഷം ആ സ്കൂളിന് അയ്യങ്കാളി പഞ്ചമി സ്കൂൾ എന്ന് പേരിടുന്നതിന് തയ്യാറായെന്ന കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഒരു ഗവൺമെന്റ് ഇക്കാര്യങ്ങളിലെടുക്കുന്ന സമീപനമാണിത്. നാലേകാൽ കോടി രൂപ മുടക്കിയാണ് ആ സ്കൂളിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചത്. മറ്റൊരു കാര്യം നമുക്കെല്ലാവർക്കും

അറിയാവുന്നത്, ഇന്ന് പല സ്കൂളുകളിലും ലിഫ്റ്റുണ്ട്. അതൊക്കെ കേരളത്തിന്റെ ചരിത്രത്തിൽ വലിയ സംഭവമാണ്. ലോകത്ത് അപൂർവം ചില രാജ്യങ്ങളിൽ മാത്രമാണ് സ്കൂളിൽ ലിഫ്റ്റുള്ളത്. കഴിഞ്ഞ ദിവസം ഞാൻ തിരുവനന്തപുരം ജില്ലയിലെ കുളത്തുമ്മൽ ഹയർ സെക്കൻഡറി സ്കൂൾ സന്ദർശിച്ചു. 7.6 കോടി രൂപ മുടക്കി നിർമ്മിച്ച സ്കൂൾ കെട്ടിടത്തിൽ ലിഫ്റ്റുണ്ട്. ഒരു ഉത്സവം പോലെ കുട്ടികൾ അവിടത്തെ ലിഫ്റ്റിൽ കയറി മുകളിലോട്ടും താഴോട്ടും പോകുകയാണ്. വയനാട് ജില്ലയിൽ പാമ്പ് കടിയേറ്റ് ഒരു കുട്ടി മരിച്ച സ്കൂളിൽ ഞാനും ശ്രീ. ടി. സിദ്ദിഖ് എം.എൽ.എ.-യും കൂടി പോയി. ഇപ്പോൾ ആ സ്കൂളിൽ ലിഫ്റ്റും എയർകണ്ടീഷൻഡ് ക്ലാസ് റൂമുമുണ്ട്. ഞാനും ശ്രീ. ടി. സിദ്ദിഖുംകൂടിയാണ് അവിടത്തെ പരിപാടിയിൽ പങ്കെടുത്തത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ് കിഫ്ബി വഴി സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയത്. 5 കോടി രൂപയുടെ 111 സ്കൂൾ കെട്ടിടങ്ങൾ, 3 കോടി രൂപയുടെ 385 സ്കൂൾ കെട്ടിടങ്ങൾ, 1 കോടി രൂപയുടെ 446 സ്കൂൾ കെട്ടിടങ്ങൾ എന്നിങ്ങനെ 973 കെട്ടിടങ്ങൾക്കായി 2,595 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ആകെയുള്ള 973

സ്കൂളുകളിൽ 488 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. അതിൽ 386 കെട്ടിടങ്ങളുടെ നിർമ്മാണം ഈ സർക്കാരിന്റെ കാലത്താണ് പൂർത്തീകരിച്ചത്. 200 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, കെട്ടിട നിർമ്മാണ ചട്ടം പാലിക്കാൻ സാധിക്കാത്തതുകൊണ്ട് കിഫ്ബി പദ്ധതിയിൻകീഴിൽ അനുവദിച്ച ചില കെട്ടിടങ്ങൾ നിർമ്മിക്കാൻ സാധിക്കാത്തത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കിഫ്ബിയിലേത് മാത്രമല്ല പ്ലാൻ ഫണ്ടിൽനിന്നും കുറെ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അതുസംബന്ധിച്ച കണക്ക് എന്റെ കൈവശമുണ്ട്. സമയക്കുറവുമൂലം അത് വായിക്കുന്നില്ല. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം വകുപ്പുമന്ത്രിയും ഞാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി യോഗം ചേർന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ, ലൈസൻസ് നൽകാത്ത കെട്ടിടങ്ങൾക്ക് ലൈസൻസ് നൽകുന്നതിനും ഒരു വർഷത്തിനകം ലൈസൻസ് പുതുക്കി നിശ്ചയിക്കുന്നതിനും നടപടി

സ്വീകരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ആ പ്രശ്നത്തിന് അത്തരത്തിൽ പരിഹാരം കണ്ടെത്തിയിട്ടുണ്ട്. ഡോ. എം. കെ. മുനീർ, മുൻമന്ത്രിയും വളരെയധികം രാഷ്ട്രീയ പാരമ്പര്യവുമുള്ള ആളാണ്. എന്നാൽ

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

അദ്ദേഹം പറഞ്ഞതിൽ കുറച്ച് തെറ്റുണ്ട്. കോഴിക്കോട് ജില്ലയിൽ പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് 7500 സീറ്റിന്റെ കുറവുണ്ടെന്ന് ഡോ. എം. കെ. മുനീർ പറഞ്ഞത് തെറ്റാണ്. അതുസംബന്ധിച്ച വ്യക്തമായ കണക്ക് അങ്ങയെ ബോധ്യപ്പെടുത്തുന്നതിനായി ഞാൻ അവതരിപ്പിക്കാം. കോഴിക്കോട് ജില്ലയിൽ ആകെ അപേക്ഷകർ 48156 ആണ്. മറ്റ് ജില്ലകളിൽ പ്രവേശനം നേടിയത് 2573 പേർ. ബാക്കി അപേക്ഷകൾ 45583; അലോട്ട്മെന്റ് എടുക്കാത്തവർ 4525, ബാക്കിയുള്ള അപേക്ഷകൾ 41058, പ്രവേശനം ലഭിച്ചവർ 34362.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഈ കണക്കുകൾ രാവിലെ വായിച്ചതാണ്. വീണ്ടും വായിക്കേണ്ടതില്ല.

ശ്രീ. വി. ശിവൻകുട്ടി: സർ, സംശയം ഉന്നയിച്ചതിനാൽ.....

മി. സ്പീക്കർ: അങ്ങ് വഴങ്ങേണ്ടതില്ല..... അനുവദിച്ച സമയം മാത്രമേ ലഭിക്കുകയുള്ളൂ.

ശ്രീ. വി. ശിവൻകുട്ടി: സർ, പ്രസ്തുത മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കാം.[1] ഡോ. എം. കെ. മുനീറിന് ഇത് കൈമാറുകയും ചെയ്യാം. മറ്റെന്തെങ്കിലും കുറവുണ്ടെങ്കിൽ പരിഹാരം കാണുന്നതിനും പരിശ്രമിക്കാം.

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... ബഹുമാനപ്പെട്ട മന്ത്രി പ്രസംഗം അവസാനിപ്പിക്കാൻ പോകുകയാണ്..... പ്ലീസ്..... പ്ലീസ്..... മന്ത്രി യീൽഡ് ചെയ്യാൻ തയ്യാറല്ല, ദയവായി സഹകരിക്കണം.

ശ്രീ. വി. ശിവൻകുട്ടി: സർ, അധ്യാപകർ സമരം ചെയ്യുവെന്ന് ഇവിടെ ഉന്നയിക്കുകയുണ്ടായി. നീറ്റ് പരീക്ഷയുടെ ചർച്ച നടക്കുന്നതിനിടെ പൊതു പരീക്ഷയെ സംബന്ധിച്ച് ഡോ. മാത്യു കുഴൽനാടൻ ഒരു ആക്ഷേപം ഉന്നയിച്ചു. അധ്യാപകർ സമരം ചെയ്തത് എന്തിനാണെന്ന് എനിക്ക് മനസ്സിലായിട്ടില്ല. കേരളത്തിൽ 192000-ഓളം അധ്യാപകരുണ്ട്. അവർക്ക് ഒരു പ്രശ്നവുമില്ല. കൃത്യമായി പരീക്ഷ നടത്തുന്നുണ്ട്; സ്കൂളുകൾ കൃത്യമായി തുറക്കുകയും വെക്കേഷൻ സമയത്ത് അടയ്ക്കുകയും ചെയ്തു. മുഴുവൻ

1 അനുബന്ധമായി ചേർക്കുന്നു.

അധ്യാപകർക്കും പരിശീലനം നൽകി, ഈ വർഷം എൺപതിനായിരത്തോളം അധ്യാപകർക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.) ട്രെയിനിംഗ് നൽകി. 220 ദിവസമാണ് സ്കൂൾ പ്രവൃത്തി ദിവസമെന്ന് വിദ്യാഭ്യാസ അവകാശ നിയമത്തിൽ പറയുന്നു; കോടതി അത് സമ്മതിച്ചു. എങ്കിലും അധ്യാപക സംഘടനകളുടെ യോഗം വിളിച്ചുചേർത്ത് ഒന്നുമുതൽ എട്ടുവരെയുള്ള ക്ലാസ്സുകളുടെ പ്രവൃത്തി ദിവസം കുറയ്ക്കുന്നതിന് തയ്യാറായി. അവർക്ക് ശമ്പള കുടിശ്ശികയില്ല. യഥാർത്ഥത്തിൽ ഇന്ന് കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗവും അധ്യാപകരും വളരെ ശാന്തമാണ്. അങ്ങ് പറഞ്ഞതുപോലെയുള്ള യാതൊരു അസ്വസ്ഥതയും അധ്യാപകർക്കില്ലെന്ന കാര്യം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റെന്തെങ്കിലും അസ്വസ്ഥത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ നമുക്ക് പരസ്പരം സംസാരിച്ച് ആ പ്രശ്നം പരിഹരിക്കാം. നീറ്റ് പരീക്ഷയുടെ ചർച്ച നടന്ന കൂട്ടത്തിൽ ചോദ്യപേപ്പർ ചോർന്ന സംഭവവുമായി ബന്ധപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ കേരളത്തിലെ പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച് ആക്ഷേപം ഉന്നയിക്കുകയുണ്ടായി. മുഖ്യമായും എല്ലാവർഷവും

ഏറ്റവും വലിയ പരീക്ഷ നടത്തുന്നത് പൊതുവിദ്യാഭ്യാസ വകുപ്പാണ്. അങ്ങനെയൊരു ചോദ്യപേപ്പർ ചോർച്ച നടന്നിട്ടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രീ, പ്രസ്തുത വിഷയം സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറഞ്ഞു. അതിനാൽ വീണ്ടും ആവർത്തിക്കേണ്ടതില്ല.

ശ്രീ. വി. ശിവൻകുട്ടി: സർ, 2021 മേയ് മാസത്തിനുശേഷം സർക്കാർ എയ്ഡഡ് മേഖലയിലാകെ 30564 അധ്യാപകരെ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമിക്കാൻ സാധിച്ചു. ഇതിൽ പി.എസ്.സി. നിയമനങ്ങൾ 15050-ഉം എയ്ഡഡ് മേഖലയിലെ നിയമനങ്ങൾ 15514-ഉം ആണ്. ഇത് വലിയ നേട്ടമാണെന്നാണ് എനിക്ക് തോന്നുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, സമയം എക്സ്ടീഡ് ചെയ്യുന്നു. ഇന്ന് മുഖ്യമന്ത്രി ഉൾപ്പെടെ 7 മന്ത്രിമാരാണ് മറുപടി പറയാനുള്ളത്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ മറുപടി പറഞ്ഞ് പെട്ടെന്ന് അവസാനിപ്പിക്കാം. സ്കൂളുകളുടെ ആധുനികവൽകരണത്തിന് ഊന്നൽ നൽകുകയും അക്കാഡമിക് നിലവാരം മെച്ചപ്പെടുത്തുന്നതിന് വിവിധ

പദ്ധതികൾ തയ്യാറാക്കുകയും ചെയ്യും. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഒരു സ്കൂളിനെ മോഡൽ സ്കൂളായി ഉയർത്തും. സ്കൂളുകളുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തും. ആറ് മാസത്തിലൊരിക്കൽ അധ്യാപകർക്ക് റസിഡൻഷ്യൽ പരിശീലനം നൽകും. പൊതുവിദ്യാഭ്യാസ വകുപ്പിലെ ഡി.ഡി.ഇ., ഡി.ഇ.ഒ., എ.ഇ.ഒ., അധ്യാപകർ തുടങ്ങിയവരുടെ പെർഫോർമൻസ് വിലയിരുത്തും. വ്യാജ വാർത്തകൾ ഉയർത്തുന്ന വെല്ലുവിളികൾ തിരിച്ചറിഞ്ഞ ആദ്യ സംസ്ഥാനമാണ് കേരളം. പൊതുവിദ്യാലയങ്ങളിലെ വിദ്യാർഥികൾക്കായി സംസ്ഥാന വ്യാപകമായി മാധ്യമ വിവര സാക്ഷരത പരിപാടി നടത്തിക്കൊണ്ടാണ് ഇതിനെതിരെ പ്രതികരിച്ചത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഡീപ്ഫേക് സാങ്കേതിക വിദ്യയും നമ്മുടെ ഭ്രപ്രകൃതിയെ കൂടുതൽ സങ്കീർണ്ണമാക്കിയിരിക്കുന്നു. AI-ഉം അതിന്റെ അനുബന്ധ സാങ്കേതികവിദ്യകളും നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുവേണ്ടി തീരുമാനിച്ചിട്ടുണ്ടെന്ന വിവരം സഭയെ അറിയിക്കുകയാണ്. ഇന്ത്യാ രാജ്യത്ത് തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്ന

സംസ്ഥാനമാണ് കേരളം. ഏതാണ്ട് എൺപതോളം ഇനങ്ങളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, തൊഴിൽ വകുപ്പിന്റെ കീഴിൽ വിവിധ വകുപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് തൊഴിലാളി വിരുദ്ധ നിലപാടുകൾ സ്വീകരിക്കുകയും തൊഴിൽ നിയമങ്ങൾ റദ്ദാക്കുകയും ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ ഒരു സാഹചര്യത്തിൽ സംസ്ഥാനത്തെ തൊഴിലാളികളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. ഇന്ന് നമ്മുടെ സംസ്ഥാനത്തെ തൊഴിൽ മേഖലയുടെ അഭിഭാജ്യ ഘടകമായി മാറിക്കൊണ്ടിരിക്കുന്ന തൊഴിലാളി സമൂഹമാണ് ഗിഗ് ആൻഡ് പ്ലാറ്റ്ഫോം തൊഴിലാളികൾ. ഇവരിൽ ഏറിയപങ്കും യുവാക്കളാണ്. നിലവിൽ അവർക്ക് തൊഴിൽ നിയമങ്ങളോ തൊഴിലുടമ ബന്ധമോ ഇല്ല. ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനും നിയമനിർമ്മാണവും ക്ഷേമപദ്ധതികളും നടപ്പിലാക്കുന്നതിനുമുള്ള പദ്ധതിയുടെ അന്തിമ ഘട്ടത്തിലാണ് തൊഴിൽ വകുപ്പ്. ഇന്നത്തെ തൊഴിൽ മേഖലയിൽ ഏറെ അസംഘടിതരും കൂടുതൽ സ്ത്രീകൾ ജോലി

ചെയ്യുന്നതുമായ മേഖലയാണ് ഗാർഹിക മേഖല. ഗാർഹിക തൊഴിലാളികളുടെ ജോലി സുരക്ഷയും വിവിധ ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിനുമുള്ള നിയമനിർമ്മാണം അന്തിമഘട്ടത്തിലാണ്. ചുമട്ടു തൊഴിലാളി മേഖല ഇന്ന് ഏറെ വെല്ലുവിളികൾ നേരിടുന്ന മേഖലയായി മാറിക്കൊണ്ടിരിക്കുകയാണ്. യന്ത്രവൽകൃത സാഹചര്യത്തിൽ നിലവിൽ ചുമട്ടുതൊഴിലാളികൾക്ക് തൊഴിൽ നഷ്ടം സംഭവിക്കുന്നുവെന്നത് ഗൗരവമേറിയ പ്രശ്നമാണ്. ഇത് പരിഹരിക്കുന്നതിനായി ചുമട്ടുതൊഴിലാളി ക്ഷേമനിധി മുഖേന 'നവശക്തി' എന്ന പേരിൽ ഒരു പരിശീലന പരിപാടിക്ക് തുടക്കമിട്ടിട്ടുണ്ട്. തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളിൽ ഏകദേശം എഴുപതുലക്ഷത്തോളം തൊഴിലാളികൾ അംഗങ്ങളാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ക്ഷേമനിധി ബോർഡുകളിലൂടെ ഇതുവരെ 2764.37 കോടി രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. രാജ്യത്ത് ആദ്യമായാണ് ഒരു സംസ്ഥാനം മികച്ച തൊഴിലാളികൾക്കും മികച്ച തൊഴിലിടങ്ങൾക്കും പുരസ്കാരം ഏർപ്പെടുത്തുന്നത്. തൊഴിൽ മേഖലയിലെ മികവിന് തൊഴിൽ

വകുപ്പ് നൽകിവരുന്ന അംഗീകാരമാണ് 'തൊഴിലാളി ശ്രേഷ്ഠ പുരസ്കാരം'. തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം നൽകുന്ന കാര്യത്തിലും കേരളം ഒന്നാമതാണ്. കാർഷിക-കാർഷികേതര നിർമ്മാണ മേഖലയിൽ ദേശീയ ശരാശരിയെക്കാൾ ഇരട്ടിയിലധികം കൂലിയാണ് നൽകുന്നത്. രാജ്യത്ത് തൊഴിൽ മേഖലകളിൽ ഏറ്റവും കൂടുതൽ മിനിമം വേതനം പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. നേരത്തെ സൂചിപ്പിച്ചതുപോലെ 80 മേഖലകളിൽ മിനിമം വേതനം പ്രഖ്യാപിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിൽ മേഖലകളിൽ മിനിമം വേതനം ഉറപ്പാക്കാനായി നടപ്പിലാക്കിയിട്ടുള്ള ഇൻകം സപ്പോർട്ട് സ്കീമിനായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 90 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിഥി തൊഴിലാളികൾക്കുവേണ്ടി ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ അക്കാര്യങ്ങളൊന്നും സൂചിപ്പിക്കുന്നില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ രണ്ട് പ്രധാന വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഡിപ്പാർട്ടുമെന്റുകൾ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നുണ്ട്. പാവപ്പെട്ട പാചകത്തൊഴിലാളികളുടെ കാര്യംകൂടി സൂചിപ്പിക്കേണ്ടതുണ്ട്. ഉച്ചഭക്ഷണ

പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ജോലി ചെയ്യുവരുന്ന പാചകത്തൊഴിലാളികൾക്ക് 2024 മാർച്ച് മാസത്തെ കേന്ദ്ര-സംസ്ഥാന മാൻഡേറ്ററി വിഹിതത്തിൽനിന്നുള്ള ഓണറേറിയമായി ഏപ്രിൽ 22-ന് ആയിരം രൂപ വീതം വിതരണം ചെയ്തിരുന്നു. ഈ ഇനത്തിൽ ശേഷിക്കുന്ന ഓണറേറിയം വിതരണം ചെയ്യുന്നതിനാവശ്യമായ 12.99 കോടി രൂപ സർക്കാർ ഉത്തരവുപ്രകാരം 2024 ജൂൺ 15-ന് അനുവദിക്കുകയും അത് സംസ്ഥാനത്തെ മുഴുവൻ പാചക തൊഴിലാളികളുടെയും ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികളുടെ ഏപ്രിൽ-മേയ് മാസത്തെ 2000 രൂപ വീതമുള്ള അവധിക്കാല സമാശ്വാസം വിതരണം ചെയ്യുന്നതിനാവശ്യമായ അവസാനഘട്ട നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരുന്നു. സമാശ്വാസം അനുവദിക്കുവാൻ 5.2 കോടി രൂപ ഇനിയും ആവശ്യമുണ്ട്. ഈ തുക ഉടൻ തന്നെ പാചകത്തൊഴിലാളികൾക്ക് നൽകുന്നതാണെന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, സമരം ചെയ്തവരുടെ കേസ്സിന്റെ കാര്യം കൂടി പറയൂ.

ശ്രീ. വി. ശിവൻകുട്ടി: സർ, ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഇരുകൂട്ടരും സമരവും പിക്കറ്റിംഗുമൊക്കെ ചെയ്തിരുന്നവരും അതിന്റെ ഭാഗമായി അറസ്റ്റ് വരിച്ചവരും ജയിലിൽ പോയിട്ടുള്ളവരും ബെയിലബിൾ നോൺ-ബെയിലബിൾ കേസ്സുകളിൽ പ്രതികളായിട്ടുള്ളവരുമൊക്കെയാണ്. തുടർന്നുവരുന്ന സർക്കാരുകൾ ഇരുകൂട്ടരുടെയും ചില കേസ്സുകൾ പിൻവലിക്കാറുമുണ്ട്. കേസിന്റെ സ്വഭാവം പരിശോധിച്ചതിനുശേഷം മാത്രമേ അത് സംബന്ധിച്ച് ഗവൺമെന്റിന് എന്തെങ്കിലും തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. തീർച്ചയായും ഈ അഭിപ്രായം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാംനമ്പർ ധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാംനമ്പർ ധനാഭ്യർത്ഥനയും പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, നവകേരള സൃഷ്ടിയുടെ ഭാഗമായി കേരളത്തെ ഒരു ജനപക്ഷ വൈജ്ഞാനിക സമൂഹമാക്കി രൂപപ്പെടുത്താനുള്ള പരിശ്രമങ്ങളുടെ ഭാഗമായി പതാകവാഹകരായി മുന്നിൽ നടക്കേണ്ടുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിന് ഈ സർക്കാരിന്റെ കാലത്ത് ഗണ്യമായ പരിഗണനയാണ് നല്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ആർജ്ജിച്ച മികവാർന്ന നേട്ടങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിലും സ്വാഭാവിക തുടർച്ചയുണ്ടാക്കി മുന്നോട്ടുകൊണ്ടുപോകണമെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് പ്രഥമ പരിഗണന നല്കുന്നത്. കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനിടയ്ക്ക് ഈ രംഗത്ത് ജാഗ്രതാ പൂർണ്ണമായ ഇടപെടലുകളാണ് ഉണ്ടായിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാർഥികളുടെ Gross Enrolment Ratio അഥവാ പ്രവേശന അനുപാതം വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നല്കിക്കൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയിൽ 900 ബിരുദ പ്രോഗ്രാമുകളും 204 ബിരുദാനന്തര

പ്രോഗ്രാമുകളും അനുവദിച്ചു. സംസ്ഥാനത്ത് 36 കോളേജുകൾ പുതുതായി ഉണ്ടായി. സർവ്വകലാശാല കേന്ദ്രങ്ങളിൽ പ്രൊജക്ട് മോഡ് കോഴ്സുകൾ അനുവദിച്ചതിലൂടെ 30,000-ത്തിലധികം സീറ്റുകൾ പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. സർവ്വകലാശാല കാമ്പസുകളിൽ 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതോടെ വിദ്യാർഥികൾക്ക് സംസ്ഥാനത്ത് പഠനം നടത്തുന്നതിനുള്ള സൗകര്യം വർദ്ധിക്കുകയാണ്. കഴിഞ്ഞ 4 വർഷക്കാലത്തിനുള്ളിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളം 6000 കോടി രൂപ വിനിയോഗിച്ചിട്ടുണ്ടെന്നുള്ളത് കേന്ദ്ര ഗവൺമെന്റിന്റെ ഇക്കണോമിക് റിവ്യൂവിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യമാണ്. കിഫ്ബി, റൂസ (Rashtriya Uchchatar Shiksha Abhiyan (RUSA)), സംസ്ഥാന ഗവൺമെന്റിന്റെ പ്ലാൻ ഫണ്ട് വിഹിതം എന്നിവ ഉപയോഗിച്ചുകൊണ്ട് 2000 കോടിയിൽപ്പരം തുക വിനിയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിന് വ്യത്യസ്തങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. സ്മാർട്ട് ക്ലാസ് റൂമുകൾ, ആധുനിക ലാബുകൾ, മോഡേണൈസ്ഡ് ലൈബ്രറികൾ, അക്കാദമിക് ആൻഡ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകൾ എന്നിവ ഇതിന്റെ

ഭാഗമായി സർവ്വകലാശാലകളിലും കലാലയങ്ങളിലും പുതുതായി ആരംഭിച്ചിട്ടുണ്ട്. കേരള-എം.ജി. സർവ്വകലാശാലകളിലെ Centralised Laboratory Facilities രാജ്യത്തിനുതന്നെ മികച്ചവയായി മാറിയിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ഉടനെ നിയോഗിക്കപ്പെട്ട മൂന്ന് കമ്മീഷനുകൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കേണ്ട പരിഷ്കാരങ്ങളെ സംബന്ധിച്ച് സമർപ്പിച്ച നിർദ്ദേശങ്ങൾ ഓരോന്നായി നടപ്പാക്കിവരികയാണ്. അതിന്റെ ഭാഗമായാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമൂലവും സമഗ്രവുമായ പരിവർത്തനം സാധ്യമാക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന 4 വർഷ ബിരുദ കരിക്കുലം ഫ്രെയിം വർക്ക് തയ്യാറാക്കിയത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗുണമേന്മ വർദ്ധനവിനുവേണ്ടി സർക്കാർ നടത്തിയിട്ടുള്ള പരിശ്രമങ്ങൾ ദേശീയവും അന്തർദേശീയവുമായിട്ടുള്ള ഗുണനിലവാര പരിശോധനകളിൽ പ്രതിഫലിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 247 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ NAAC-ന്റെ അക്രഡിറ്റേഷൻ കരസ്ഥമാക്കിയിട്ടുണ്ട്. കേരള സർവ്വകലാശാലയും എം.ജി. സർവ്വകലാശാലയും A++ അംഗീകാരവും കാലിക്കറ്റ്-കാലടി

സർവ്വകലാശാലകളും കൊച്ചിൻ യൂണിവേഴ്സിറ്റിയും A+ അംഗീകാരവും നേടി. ഇതോടുകൂടി ആകെ 24 കോളേജുകൾ A++ അംഗീകാരവും 43 കോളേജുകൾ A+ അംഗീകാരവും 68 കോളേജുകൾ A ഗ്രേഡും നേടുകയുണ്ടായി. എൻ.ഐ.ആർ.എഫ്. (National Institutional Ranking Framework) റാങ്കിങ്ങിൽ ആദ്യ 200 സ്ഥാനങ്ങളിൽ കേരളത്തിലെ 42 കോളേജുകൾക്ക് ഇടം നേടാനായി. അതായത്, നമ്മുടെ രാജ്യത്തെ ഏറ്റവും മികച്ച ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 21 ശതമാനവും കേരളത്തിൽ നിന്നുള്ളവയാണ്. ടൈംസ് ഹയർ എഡ്യൂക്കേഷൻ റാങ്കിങ്ങിൽ 401, 500 റാങ്കുകളിലുൾപ്പെട്ട മഹാത്മാഗാന്ധി സർവ്വകലാശാല രാജ്യത്തെ സർവ്വകലാശാലകളിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയിരിക്കുകയാണ്. എൻ.ഐ.ആർ.എഫ്. റാങ്കിങ്ങിൽ കേരള സർവ്വകലാശാല 24-ാം സ്ഥാനത്തും മഹാത്മാഗാന്ധി സർവ്വകലാശാല 31-ാം സ്ഥാനത്തും കുസാറ്റ് 37-ാം സ്ഥാനത്തും കാലിക്കറ്റ് യൂണിവേഴ്സിറ്റി 70-ാം സ്ഥാനത്തുമാണ് ഇടം പിടിച്ചിട്ടുള്ളത്. ആദ്യ നൂറിൽ 26-ാം സ്ഥാനത്തുള്ള യൂണിവേഴ്സിറ്റി കോളേജ്, 30-ാം സ്ഥാനത്തുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്

എന്നിവയുൾപ്പെടെ 14 കോളേജുകൾ ഇടംപിടിച്ചിട്ടുണ്ട്. അതുപോലെ ആദ്യ 30 ആർക്കിടെക്ചർ കോളേജുകളിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് 17-ാം സ്ഥാനത്താണ്. ഇവയൊക്കെ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മയ്ക്ക് ഉദാഹരണങ്ങളായി, സെന്റർ ഓഫ് എക്സലൻസായി വളർന്നുകൊണ്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ സാങ്കേതിക മേഖലയിൽ ദേശീയ ഗുണനിലവാര പരിശോധനാ സംവിധാനമായ എൻ.ബി.എ. (National Board of Accreditation) അക്രഡിറ്റേഷന് കേരളത്തിലെ ആറ് സർക്കാർ പോളിടെക്നിക്കുകളിലെയും എഞ്ചിനീയറിംഗ് കോളേജുകളിലെയും വിവിധ പഠന വകുപ്പുകൾ അർഹരായത് ഈ സർക്കാരിന്റെ കാലത്താണ്. ഈ വർഷം കാലിക്കറ്റ്, എം.ജി, കെ.ടി.യു എന്നീ സർവ്വകലാശാലകൾ അവസാന വർഷത്തെ പരീക്ഷ നടത്തുകയും റെക്കോർഡ് വേഗതയിൽ ഫലം പ്രസിദ്ധീകരിക്കുകയും ചെയ്തു. വിവിധ സർവ്വകലാശാല പ്രതിനിധികൾ അംഗങ്ങളായ സമിതി 2024-25 അക്കാഡമിക് വർഷത്തേയ്ക്കുള്ള ഏകീകൃത അക്കാഡമിക് കലണ്ടർ തയ്യാറാക്കി നൽകുകയും അത് സർവ്വകലാശാലകൾ അംഗീകരിക്കുകയും

ചെയ്തിട്ടുണ്ട്. ഈ കലണ്ടറനുസരിച്ച് പഠന-പാഠ്യേതര പ്രവർത്തനങ്ങൾ ഏകോപിതമായ നിലയിൽ നടക്കുന്നതാണ്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ ബിരുദ വിദ്യാഭ്യാസം പൂർണ്ണമായും സമഗ്രമായും അടിസ്ഥാനപരമായും പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് കഴിഞ്ഞിരിക്കുന്നു. നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്ക് കരിക്കുലം രൂപീകരിച്ച് സർവ്വകലാശാലകൾക്ക് നൽകുമ്പോൾ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഇതപര്യന്തമുള്ള ചരിത്രത്തിൽ ആദ്യമായിട്ടാണ് ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കായി കരിക്കുലം ഫ്രെയിം വർക്ക് തയ്യാറാക്കിക്കൊടുക്കപ്പെടുന്നത്. നാലുവർഷ കരിക്കുലം നടപ്പിലാക്കുന്നതിനാവശ്യമായ റെഗുലേഷനുകളും മാതൃകാ സിലബസുകളുമെല്ലാം ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കി നൽകുകയുണ്ടായി. അധ്യാപകർക്കും അനധ്യാപകർക്കും ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ഒന്നര വർഷക്കാലം അവധാനതയോടെ കൃത്യമായി ഹോംവർക്ക് ചെയ്ത് വിവിധ പരിശീലനങ്ങൾ പൂർത്തീകരിച്ചുകൊണ്ടും എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സുമായി ചർച്ച

ചെയ്തുകൊണ്ടുമാണ് ഈ മാറ്റത്തിലേയ്ക്ക് നാം പ്രവേശിക്കുന്നത്. വിദ്യാർഥി കേന്ദ്രീകൃതമായ ബിരുദ വിദ്യാഭ്യാസം സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും നടപ്പാക്കുമ്പോൾ തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള വിടവ് നികത്തികൊണ്ട് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുന്നതോടൊപ്പംതന്നെ ഗവേഷണ താല്പര്യമുള്ള വിദ്യാർഥികൾക്ക് അതിനുവേണ്ടുന്ന എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുക എന്നതും ഈ മാറ്റത്തിന്റെ കേന്ദ്ര ബിന്ദുവായിട്ടുള്ള ആശയങ്ങളാണ്. കേന്ദ്രത്തിൽ നടപ്പാക്കുന്ന എൻ.ഇ.പി. (National Education Policy)-യുടെ അതേപടിയുള്ള ആവിഷ്കാരമല്ല ഇതെന്ന് ഡോ. എം. കെ. മുനീർ സാഹിബിനെ ബോധ്യപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഒന്നാം വർഷവും രണ്ടാം വർഷവും എക്സിറ്റ് നൽകിയാതൊന്നും കൈയിലില്ലാതെ തൊഴിൽ സേനയിലേയ്ക്ക് പോകേണ്ടിവരുന്ന അനാഥത്വത്തിൽനിന്ന് വിദ്യാർഥികളെ രക്ഷിക്കാൻ കഴിയുംവിധം മൂന്നാം വർഷം പൂർത്തീകരിച്ചശേഷം മാത്രമാണ് എക്സിറ്റ് നൽകുന്നത്. മാത്രമല്ല, ശാസ്ത്രീയ അവബോധവും സാമൂഹ്യനീതി സങ്കൽപനങ്ങളും കൃത്യമായ ചരിത്ര

ബോധവുമെല്ലാം ഉറപ്പിച്ചെടുക്കുംവിധമാണ് കരിക്കുലവും അതത് വിഷയത്തിന്റെ സിലബസും തയ്യാറാക്കുന്നത്. വികലമായ ചരിത്രബോധവും അശാസ്ത്രീയമായ കാഴ്ചപ്പാടും അന്ധവിശ്വാസങ്ങളുമൊക്കെ തിരിച്ചുകൊണ്ടുവരാൻ സഹായകരമായ രീതിയിൽ ഇന്ത്യൻ നോളജ് സിസ്റ്റംസിന് പ്രാധാന്യം നൽകുന്ന കേന്ദ്ര സമീപനം കേരളത്തിലെ കരിക്കുലത്തിനോ വിഷയങ്ങളുടെ സിലബസുകൾക്കോ ഉണ്ടായിരിക്കുകയില്ല. 148 യുവ ഗവേഷകരെ ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾക്കായി തിരഞ്ഞെടുക്കുകയും കഴിഞ്ഞ മൂന്ന് വർഷങ്ങളായി ആ മേഖലയിൽ ഗവേഷണ പ്രവർത്തനങ്ങൾ നടക്കുകയും ചെയ്യുകയാണ്. കേരളീയ സമൂഹത്തിനാവശ്യമായ വിഷയങ്ങളിന്മേലുള്ള പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗം നിർദ്ദേശിക്കാവുന്ന രീതിയിലാണ് ഈ യുവഗവേഷകർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതിനായി ഈ വർഷം 100 ഫെല്ലോഷിപ്പുകൾ കൊടുക്കാൻ സാധിക്കേണ്ടതുണ്ട്. K-REAP (Kerala Resource for Educational Administration and Planning) എന്ന പേരിൽ അഡ്മിനിസ്ട്രേഷനും അക്കാഡമിക് പ്രവർത്തനങ്ങൾക്കുമൊക്കെ

സംസ്ഥാനത്ത് ഏകോപിതമായ സോഫ്റ്റ്വെയർ സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി അഡ്മിഷൻ, അക്കാഡമിക് ആൻഡ് ക്ലാസ് മോണിറ്ററിംഗ്, എക്സാമിനേഷൻ, അഫിലിയേഷൻ തുടങ്ങിയ മോഡ്യൂളുകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി പ്രവർത്തന കാര്യക്ഷമത വർദ്ധിക്കുമെന്ന കാര്യം തർക്കരഹിതമാണ്. ഉന്നതവിദ്യാഭ്യാസ കൗൺസിലിൽ ഇതിന്റെ ഫലപ്രദമായ നടത്തിപ്പിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ കൗൺസിൽ രാജ്യത്തുതന്നെ ഏറ്റവും മികച്ച കൗൺസിലുകളിലൊന്നാണ്. 'ഉന്നത വിദ്യാഭവൻ' എന്ന പേരിൽ KSSTM (Kerala State Science and Technology Museum) -ന്റെ ക്യാമ്പസിൽ ആസ്ഥാനമന്ദിരം പണിയുന്നതിനുള്ള പദ്ധതിക്ക് 48.8 സെന്റ് സ്ഥലം അനുവദിച്ച് ലഭ്യമായ സാഹചര്യത്തിൽ പ്രവർത്തനങ്ങൾ വേഗത്തിൽ ആരംഭിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ ധിഷണാശാലികളായ പലരും വിദേശ സർവ്വകലാശാലകളിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുമ്പോൾ അവരുടെ വിപുലമായ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിന് സാധ്യമാകുന്ന തരത്തിലുള്ള പരിപാടിയാണ് ERUDITE-Scholar-in Residence Programme

and Brain Gain പദ്ധതി. അക്കാഡമിക് വിദഗ്ധരുടെ നെറ്റ്‌വർക്ക് വികസിപ്പിച്ച് വിദ്യാർഥികൾക്ക് അവരുമായി ആശയവിനിമയവും നോളജ് ട്രാൻസാക്ഷനും നടത്തുന്നതിനുള്ള പരിപാടിയാണ് തയ്യാറാക്കിയിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസത്തിന്റെ മുഖ്യധാരകളായ ഗവേഷണവും തൊഴിലും ഒരുപോലെ പ്രോത്സാഹിപ്പിച്ചുകൊണ്ട് സ്റ്റാർട്ടപ് സംവിധാനം ശക്തിപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടി എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇന്നവേഷൻ-ഇൻക്യുബേഷൻ സ്റ്റാർട്ടപ് അന്തരീക്ഷം വളർത്തിയെടുക്കുക എന്ന സമീപനത്തോടുകൂടി നിരവധി പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

മി. സ്പീക്കർ: യെസ്. മിനിസ്റ്റർ. പ്ലീസ്... പ്ലീസ്..

ഡോ. ആർ. ബിന്ദു: സർ, ഞാൻ അവസാനിപ്പിക്കാൻ പോകുകയാണ്. നോളജ് ട്രാൻസ്ലേഷണൽ ഗവേഷണ കേന്ദ്രങ്ങളും റിസർച്ച് ലബോറട്ടറികളും സ്ഥാപിച്ചുകൊണ്ട് സൈദ്ധാന്തികമായ അറിവിന്റെ പ്രായോഗിക തലത്തിലേക്കുള്ള പരാവർത്തനം സാധ്യമാക്കുകയാണ്. 24,63,75,316/- രൂപ ചെലവിൽ കേരള സർവ്വകലാശാലയിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. 20

കോടി രൂപ ചെലവിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിലും 25 കോടി രൂപ ചെലവിൽ കൊച്ചി സർവ്വകലാശാലയിലും 22.9 കോടി രൂപ ചെലവിൽ കണ്ണൂർ സർവ്വകലാശാലയിലും ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ സ്ഥാപിതമാകും. സാങ്കേതിക സർവ്വകലാശാലയിൽ 21.8 കോടി രൂപയാണ് ട്രാൻസ്ലേഷണൽ റിസർച്ചിനായി അനുവദിച്ചിട്ടുള്ളത്. അതുപോലെ ഇന്റർ ഡിസിപ്ലിനറി-ഇന്റർ യൂണിവേഴ്സിറ്റി റിസർച്ച് സെന്റേഴ്സ്, സെന്റേഴ്സ് ഓഫ് എക്സലെൻസ് എന്ന രീതിയിൽ വികസിപ്പിക്കുകയാണ്. ലോകോത്തര മലയാളി ശാസ്ത്രജ്ഞനായ ഡോ. താണു പത്മനാഭന്റെ അനുസ്മരണാർത്ഥം കേരള സർവ്വകലാശാലയിൽ 88 കോടി രൂപ ചെലവിട്ടുകൊണ്ട് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആസ്ട്രോണമി ആൻഡ് ആസ്ട്രോ ഫിസിക്സ് എന്ന പേരിൽ പഠന കേന്ദ്രം ആരംഭിക്കുകയാണ്. ആസ്ട്രോണമിയിലും ആസ്ട്രോഫിസിക്സിലും പോസ്റ്റ് ഗ്രാജ്വേറ്റ്, പി.എച്ച്.ഡി. തലങ്ങളിൽ ഈ കേന്ദ്രത്തിൽ പഠന സൗകര്യമൊരുക്കും. എം.ജി. സർവകലാശാലയിൽ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി ഗവേഷണത്തിന്, മികവിന്റെ കേന്ദ്രത്തിന് അനുമതി നൽകിയിരിക്കുകയാണ്. നാനോ

സയൻസ് പഠന ഗവേഷണ മേഖലയിലുള്ള എം.ജി. സർവകലാശാലയുടെ മികവിനുള്ള അംഗീകാരമാണത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ Centre for Excellence in Neuro degeneration and Brain Health (CENBH) സ്ഥാപിച്ച് മുന്നോട്ടുപോകുകയാണ്. വിളപ്പിൽശാലയിൽ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയോട് ചേർന്ന് തിരുവനന്തപുരം എഞ്ചിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി റിസർച്ച് പാർക്ക് സ്ഥാപിക്കുന്നതിന് 50 ഏക്കർ സ്ഥലമേറ്റെടുത്ത് കിഫ്ബി മുഖേന 190.60 കോടി രൂപ അനുവദിച്ചിരിക്കുകയാണ്. ഈ സ്ഥലം ഉപയോഗിച്ച് വിപുലമായ ഇൻകുബേഷൻ സ്റ്റാർട്ടപ് സൗകര്യങ്ങളുള്ള റിസർച്ച് പാർക്ക് സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കഴിഞ്ഞ മൂന്ന് വർഷമായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായി സർവ്വകലാശാലകളുടെ വികസനത്തിനായി 416.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള സർവ്വകലാശാലയിൽ 'PLEASE' സ്കീമിലുൾപ്പെടുത്തി Advanced Centre for Regenerative Medicine and Stem Cell Research സ്ഥാപിക്കുന്നതിനായി 4.44 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ

കീഴിലുള്ള പദ്ധതികൾക്കായി 287.66 കോടി രൂപയും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ വികസനത്തിനായി 373.19 കോടി രൂപയും ചെലവഴിച്ചു. മുഖ്യമന്ത്രിയുടെ പ്രതിഭാ പുരസ്കാരം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 20 കോടി രൂപ ചെലവിൽ 2000 വിദ്യാർത്ഥി പ്രതിഭകൾക്ക് പ്രതിവർഷം ഒരു ലക്ഷം രൂപയെന്ന നിലയ്ക്ക് സ്കോളർഷിപ് നൽകിയിട്ടുണ്ട്. 'വിശപ്പുരഹിത ക്യാമ്പസ് പദ്ധതി' യുടെ ഭാഗമായി 1.35 കോടി രൂപ ചെലവാക്കി 7859 പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ഇതിനായി 15.70 കോടി രൂപ ആവശ്യമുണ്ട്. കുട്ടികളുടെ മാനസിക ആകുലതകൾ പരിഹരിക്കുന്നതിനുള്ള പദ്ധതിയായ 'Jeevani Mental Wellbeing' -ന്റെ ഭാഗമായി 5 കോടി രൂപ ചെലവഴിച്ച് സംസ്ഥാനത്തെ എല്ലാ കോളേജുകളിലും കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഈ വർഷം രണ്ട് കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലും വിദ്യാഭ്യാസവും കണക്കു ചെയ്ത് പഠിച്ച് അതിലൂടെ തൊഴിൽ

ആഭിമുഖ്യം വളർത്താനും സഹായകരമായ 'Earn While You Learn' പദ്ധതിക്കായി 30 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

മി. സ്പീക്കർ: യെസ്. മിനിസ്റ്റർ പ്ലീസ്... ഇനി അഞ്ച് മന്ത്രിമാർ സംസാരിക്കാനുണ്ട്.

ഡോ. ആർ. ബിന്ദു: ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ അഭിമാനകരമായ പദ്ധതിയായി 'Industry On Campus' മുന്നോട്ട് കൊണ്ടുപോകുകയാണ്. കോഴിക്കോട് വെസ്റ്റ്ഹിൽ പോളിടെക്നിക് കോളേജിലെ കുട്ടികൾ അവിടത്തെ കോർപ്പറേഷന്റെ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾക്ക് ഇ-ഓട്ടോറിക്ഷകൾ നിർമ്മിച്ച് നൽകുകയുണ്ടായി. 'Industry On Campus' പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ മിനി ഫാബ് ലാബുകളും ഉല്പാദന പരിശീലന കേന്ദ്രങ്ങളും സ്ഥാപിച്ച് മുന്നോട്ടുപോകുകയാണ്. എൽ.ഇ.ഡി. ബൾബുകൾ, ട്യൂബുകൾ, ഇലക്ട്രോണിക് കിറ്റുകൾ, കാർഷിക മിഷനറികൾ, ഇലക്ട്രിക് വെഹിക്കിൾ എന്നിങ്ങനെ എല്ലാം ഇതിന്റെ ഭാഗമായിട്ടുണ്ട്.

മി. സ്പീക്കർ: 15 മിനിട്ട് കഴിഞ്ഞിരിക്കുകയാണ്. എല്ലാ വകുപ്പുമന്ത്രിമാർക്കുമായി 30 മിനിട്ട് സമയമാണ് അനുവദിച്ചിരിക്കുന്നത്. പ്ലീസ്.....പ്ലീസ്.....ബാക്കി ഭാഗം മേശപ്പുറത്ത് വച്ചാൽ മതിയാകും.

ഡോ. ആർ. ബിന്ദു: 116.92 ലക്ഷം രൂപ മുടക്കി മിനി ഇൻഡസ്ട്രിയൽ യൂണിറ്റുകൾ ആരംഭിക്കുകയും സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി 'SHE' പദ്ധതി നടപ്പാക്കുകയും ചെയ്യുന്നുണ്ട്. എഞ്ചിനീയറിംഗ് പഠന രംഗത്ത് ഇന്നവേഷൻ, പേറ്റന്റ്സ്, സാങ്കേതിക കൈമാറ്റം, ഗവേഷണ പിന്തുണ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ട് 'Kerala Transforming Engineering Education for Knowledge Economy' എന്ന പദ്ധതി നടപ്പാക്കുകയാണ്. വൈദ്യുത വാഹനങ്ങൾക്കായി തദ്ദേശീയ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിന് ഇ-മൊബിലിറ്റിയുടെ മികവിന്റെ കേന്ദ്രം ആരംഭിക്കുകയും തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ Robotics & Artificial Intelligence മികവിന്റെ കേന്ദ്രം വികസിപ്പിക്കുകയുമാണ്. ഇൻഡസ്ട്രീസ് വകുപ്പുമായി കൈകോർത്തുപിടിച്ച് Campus Industrial Park എന്ന ആശയം സാക്ഷാൽകരിക്കുന്നതോടൊപ്പം കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക്

കോളേജിൽ IHRD (Institute of Human Resources Development)-യുടെ ആദ്യത്തെ 'ഇൻഡസ്ട്രി ഓൺ ക്യാമ്പസ് ' പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: Please go to your last para. കൺക്ലൂഷനിലേയ്ക്ക് വരണം.

ഡോ. ആർ. ബിന്ദു: സർ, എൽ.ബി.എസ്. വനിതാ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർഥിനികൾ നിർമ്മിച്ച Very Small Aperture Terminal (VSAT) എന്ന ഉപഗ്രഹത്തിന് സർക്കാർ 31 ലക്ഷം രൂപയാണ് ധനസഹായം നൽകിയത്. വിദ്യാർഥികളുടെ ഭാഗത്തുനിന്നും പ്രവർത്തിച്ച അധ്യാപികമാരുടെ സാങ്കേതിക ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ച VSAT പദ്ധതി ഇന്ന് കേരളത്തിനാകെ അഭിമാനമായി മാറിയിരിക്കുകയാണ്. ASAP എന്ന സ്കിൽ എൻഹാൻസ്മെന്റ് ഏജൻസി ഹയർ എഡ്യൂക്കേഷന്റെ അഭിമാന സ്ഥാപനമായി മാറിയിരിക്കുകയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസും റോബോട്ടിക്സും ഉൾപ്പെടെ 140 സ്കിൽ കോഴ്സുകളിൽ മികച്ച പരിശീലനം നൽകുന്നതിന് സാധ്യമാകുന്ന വിധത്തിലാണ് ASAP ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സ്കിൽ ഇന്ത്യ

റിപ്പോർട്ടിൽ പരാമർശം ലഭിച്ച ഏജൻസി കൂടിയായ ASAP-ന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ശ്ലാഘനീയമായി സേവനം അനുഷ്ഠിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. മാണി സി. കാപ്പൻ പറഞ്ഞതുപോലെ, ബാർ കൗൺസിലിന്റെ NOC ലഭ്യമാക്കിയാൽ സ്വാശ്രയ മേഖലയിൽ ലാ കോളേജുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പറഞ്ഞതുപോലെ ദേശീയ വിദ്യാഭ്യാസ നയം ഒരു വ്യത്യാസവുമില്ലാതെയല്ല കേരളത്തിൽ നടപ്പാക്കുന്നത്. മറിച്ച് അതിന് നല്ല പ്രതിരോധം സൃഷ്ടിച്ചുകൊണ്ടുതന്നെ നടപ്പാക്കാൻ കഴിയുന്ന ഗുണപരമായിട്ടുള്ള അംശങ്ങൾ ഉൾക്കൊണ്ടും പ്രതിലോമകരമായ അംശങ്ങളെ പാടെ മാറ്റിക്കൊണ്ടുമാണ് കേരളത്തിൽ പുതിയ പരിഷ്കാരങ്ങൾ നടപ്പാക്കുന്നത്. നാം നിയോഗിച്ച ഉന്നതതല കമ്മീഷനുകളുടെ നിർദ്ദേശ പ്രകാരമുള്ള കാര്യങ്ങളാണ് സമഗ്രമായ മാറ്റം സൃഷ്ടിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നത്. ഒരു നവ വൈജ്ഞാനിക സമ്പദ്ഘടന കെട്ടിപ്പടുത്തുകൊണ്ടും കേരളത്തിന്റെ സാമ്പത്തിക ഘടനയുടെ വിപുലീകരണത്തിനും ജനങ്ങളുടെ ജീവിതനിലവാര വർദ്ധനവിനുമായി

ഉന്നത വിദ്യാഭ്യാസ മേഖലയെ കൈകോർത്തുപിടിച്ചുകൊണ്ട് മുന്നോട്ടുനയിക്കുന്നതിനാവശ്യമായ ഡിമാന്റ് അംഗീകരിച്ച് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, കേരളത്തിൽ കായികരംഗത്ത് വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ ഈ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ടെന്നുള്ള കാര്യം സഭയെ അറിയിക്കുകയാണ്. സംസ്ഥാനത്ത് 1200 കോടി രൂപയുടെ പുതിയ കളിക്കളങ്ങൾ നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പുതിയ കളിക്കളങ്ങൾ നിർമ്മിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചുവരികയുമാണ്. സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും കളിക്കളം നിർമ്മിക്കുക എന്നുള്ള ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യം പൂർത്തീകരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട അംഗങ്ങളുടെ ആസ്തി വികസന ഫണ്ടും സംസ്ഥാന സർക്കാരിന്റെ വിഹിതവും ചേർത്തുകൊണ്ട് 140 കളിക്കളങ്ങൾ നിർമ്മിക്കുന്ന പ്രവൃത്തി ഘട്ടം ഘട്ടമായി പുരോഗമിക്കുകയാണ്. സ്പോർട്സ് സ്കൂളുകളുടെ നവീകരണവുമായി

ബന്ധപ്പെട്ട് ധാരാളം പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കായിക കേരളത്തിന് അഭിമാനകരമായ ഒരു കായിക വിദ്യാലയമായി ജി.വി. രാജ സ്പോർട്സ് സ്കൂളിനെ ഉയർത്തുന്നതിനും അതിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുമായി ഏകദേശം 18 കോടിയോളം രൂപ ചെലവഴിച്ചു. 50-ാം വാർഷികത്തിലേയ്ക്ക് കടക്കുന്ന ജി.വി. രാജ സ്കൂളിന്റെ നിലവിലെ അക്കാഡമിക് നിലവാരം ഉയർത്തുന്നതിലേയ്ക്കായി ഈ വിദ്യാലയത്തിന് കായിക പാഠപുസ്തകങ്ങൾ പ്രത്യേകം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും ഫ്രെയിം വർക്ക് നടന്നുവരികയുമാണ്. ചരിത്രത്തിലാദ്യമായി ഇത്തവണ ജി.വി. രാജ ഹൈസ്കൂളിൽ എസ്.എസ്.എൽ.സി. പരീക്ഷയെഴുതിയ ഒമ്പത് വിദ്യാർത്ഥികൾക്ക് ഫുൾ 'എ പ്ലസ്' നേടാൻ കഴിഞ്ഞുവെന്നുള്ളത് കായിക പ്രവർത്തനങ്ങളോടൊപ്പം അക്കാഡമിക് നിലവാരത്തിലും വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞുവെന്നതിന് ഏറ്റവും വലിയ തെളിവാണ്. മൈക്രോ ലെവൽ സ്പോർട്സ് യൂണിവേഴ്സിറ്റി തലങ്ങളിൽ കായിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി യൂണിവേഴ്സിറ്റി ലീഗ് മത്സരങ്ങൾ

ആരംഭിക്കുന്ന കാര്യം ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തി അതിന്റെ പ്രവർത്തനങ്ങളെപ്പറ്റി പഠിക്കാൻ ചുമതലപ്പെടുത്തിയ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോളേജുകളും യൂണിവേഴ്സിറ്റികളും കേന്ദ്രീകരിച്ചിട്ടുള്ള ലീഗ് മത്സരങ്ങൾ ആരംഭിക്കുന്നതിലൂടെ കായിക രംഗത്ത് വലിയ മാറ്റങ്ങളുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. അടിസ്ഥാനതല കായിക വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള പഞ്ചായത്തുതല സ്പോർട്സ് കൗൺസിലുകളിലേയ്ക്ക് കൂടുതൽ ഫണ്ട് അനുവദിച്ചുകൊണ്ട് പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് കായിക വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റിതലങ്ങളിലെ കായിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി യൂണിവേഴ്സിറ്റി ലീഗ് മത്സരങ്ങൾ ആരംഭിക്കുന്ന കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയുടെയും അതിന്റെ പ്രവർത്തനങ്ങളെപ്പറ്റി പഠിക്കാൻ ചുമതലപ്പെടുത്തിയ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കോളേജുകളും യൂണിവേഴ്സിറ്റികളും കേന്ദ്രീകരിച്ചുള്ള ലീഗ് മത്സരങ്ങൾ ആരംഭിക്കുന്നതിലൂടെ കായിക രംഗത്ത്

വലിയ മാറ്റങ്ങളുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കായികമേഖലയെ മാറ്റിയെടുക്കുന്നതിന്റെയും സ്പോർട്സ് എക്കോണമി വിപുലപ്പെടുത്തുന്നതിന്റെയും ഭാഗമായി ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ കായിക ഉച്ചകോടി സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 5000 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. BCCI ഇതിനുവേണ്ടി 1200 കോടി രൂപയാണ് മുതൽ മുടക്കുന്നത്. അതിന്റെ ഒന്നാംഘട്ടമായി ആലുവയിൽ ക്രിക്കറ്റ് സ്റ്റേഡിയത്തിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. കായിക മേഖലയ്ക്ക് പുതിയ ഉണർവ് നൽകുന്ന സ്പോർട്സ് എക്കോണമി ആരംഭിക്കുന്ന ഏക സംസ്ഥാനമായി കേരളം മാറുകയാണ്. ലോകത്തുതന്നെ കായിക എക്കോണമിയെ വിപുലപ്പെടുത്തിയിട്ടുള്ള 5 രാജ്യങ്ങളിൽ ചൈന അടക്കമുള്ള രാജ്യങ്ങൾ കടന്നുവരികയുണ്ടായി. അടുത്തിടെ സൗദി അറേബ്യ ഇത്തരത്തിൽ കായിക എക്കോണമിയെ വളർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അങ്ങനെയാണ് റൊണാൾഡോയെപ്പോലെയുള്ള ഫുഡ്ബോൾ താരങ്ങൾ സൗദി അറേബ്യയിൽ എത്തപ്പെട്ടത്.

6.00 pm] ഏറ്റവും അനുയോജ്യമായ കായിക പ്രവർത്തനങ്ങൾ നടത്താൻ പറ്റിയൊരു മണ്ണാണ് കേരളം. ഇതിനനുസൃതമായാണ് കായിക എക്കോണമി കൊണ്ടുവന്നിട്ടുള്ളത്. ഈ സാമ്പത്തികവർഷം കായിക മേഖലയിൽ ആയിരത്തോളം പുതിയ തൊഴിലവസരങ്ങൾ കൊണ്ടുവരാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കായിക മേഖലയിൽ പതിനായിരത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യവുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പുതിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് ആരംഭിക്കുന്നതിനുവേണ്ട നടപടികൾ പൂർത്തീകരിച്ചിരിക്കുകയാണ്. ഇത്തരത്തിൽ നിരവധി പ്രവർത്തനങ്ങളുമായി കായിക വകുപ്പ് മുന്നോട്ടുപോവുകയാണ്. കേരളത്തിലെ പുതിയ തലമുറയ്ക്ക് കായിക വിദ്യാഭ്യാസം നൽകുന്നതോടൊപ്പം കായിക പ്രവർത്തനങ്ങൾ നടത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. 'കായികക്ഷമതാ മിഷൻ' എന്ന പദ്ധതിയുടെ പ്രവർത്തനം ഏറ്റവും നല്ല രീതിയിൽ നടന്നുവരികയാണ്. 'എല്ലാവർക്കും സ്പോർട്സ് എല്ലാവർക്കും ആരോഗ്യം' എന്ന

മുദ്രാവാക്യത്തോടുകൂടി കായികവകുപ്പ് ഏറ്റവും നല്ല പ്രവർത്തനങ്ങളാണ് നടത്തുന്നത്. ശ്രീ. പി. വി. ശ്രീനിജിൻ എം.എൽ.എ., ഉൾപ്പെടെയുള്ള അംഗങ്ങൾ പറഞ്ഞ പ്രസക്തമായ കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇക്കാര്യങ്ങളിൽ ധനകാര്യ വകുപ്പിന്റെ കൂടുതൽ സഹായമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ധനാഭ്യർത്ഥനയിന്മേലുള്ള വിഹിതം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, പ്രസ്തുത ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് വളരെ പ്രാധാന്യമുള്ള ചില പ്രശ്നങ്ങൾ ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അതിനുള്ള മറുപടിയായി ഒന്നുരണ്ട് കാര്യങ്ങൾ മാത്രം പറഞ്ഞ് അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ: സമയ കൃത്യത പാലിക്കണം.

ശ്രീ. സജി ചെറിയാൻ: സർ, അങ്ങ് പറയുന്നതിനെക്കാൾ മുമ്പ് നിർത്താനാണ് ഞാൻ ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: Thank you.

ശ്രീ. സജി ചെറിയാൻ: സർ, ശ്രീ. സി. ആർ. മഹേഷ് എം.എൽ.എ., കലാകാരന്മാരുടെ പെൻഷനുമായി ബന്ധപ്പെട്ട കാര്യം ഇവിടെ പറഞ്ഞു. കലാകാരൻമാർക്ക് നിലവിൽ ഒരു കുടിശ്ശികയുമില്ലാതെ 1600 രൂപ പെൻഷൻ നൽകുന്നുണ്ട്. സംഗീത നാടക അക്കാദമിയെ സംബന്ധിച്ച മൂന്ന് ഫെല്ലോഷിപ്പുകളെക്കുറിച്ച് പറഞ്ഞിരുന്നു. വിവിധ കലാ മേഖലയിലുള്ളവർക്ക് 17 അവാർഡുകളും മുതിർന്ന കലാകാന്മാർക്ക് 22 ഗുരുപൂജ അവാർഡുകളും ഉൾപ്പെടെ സംസ്ഥാന പ്രൊഫഷണൽ നാടക മത്സരത്തിൽ 20 വിഭാഗങ്ങളിലും അവാർഡുകൾ നൽകുന്നുണ്ട്. സംസ്ഥാന സർക്കാർ സംഗീത രംഗത്ത് ദേശീയ പുരസ്കാരമായി സ്വാതി പുരസ്കാരം നൽകുന്നുണ്ട്. രണ്ടുലക്ഷം രൂപയും ശില്പവും പ്രശസ്തി പത്രവുമാണ് നൽകുന്നത്. നാടകത്തിന് സമഗ്ര സംഭാവന നൽകിയവർക്ക് എസ്.എൽ. പുരം സദാനന്ദൻ പുരസ്കാരവും സംസ്ഥാന സർക്കാർ പുരസ്കാരവും നൽകുന്നുണ്ട്. ഒരു ലക്ഷം രൂപയും ശില്പവും പ്രശസ്തി പത്രവുമാണ് നൽകുന്നത്. നാടകത്തിന്റെ സെറ്റ് പ്രവർത്തകർക്ക് നിലവിൽ അവാർഡുകൾ

നൽകുന്നില്ല. അത് സംബന്ധിച്ച് മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും ശ്രീ. ഗോപിനാഥ് കോഴിക്കോട് ചെയർമാനും ശ്രീ. ജോൺ ഫെർണാണ്ടസ് അംഗവും സംഗീത നാടക അക്കാദമി സെക്രട്ടറി ശ്രീ. കരിവെള്ളൂർ മുരളി മെമ്പർ സെക്രട്ടറിയുമായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നാടക കലാകാരന്മാരെ സഹായിക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഒരു സ്ഥിരം നാടകവേദി നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്; കായംകുളം മണ്ഡലത്തിൽ തോപ്പിൽ ഭാസിയുടെ നാമധേയത്തിൽ ഇതിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. അഭിമാനകരമായ ഒരു പദ്ധതിയായി അത് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഭിന്നശേഷി കലാകാരന്മാർക്ക് വേണ്ടി നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് ശ്രീമതി ദലീമ ഇവിടെ സംസാരിച്ചു. കേരളത്തിൽ ഭിന്നശേഷിക്കാർക്കുവേണ്ടി രണ്ട് പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ ആദ്യത്തേത് ഭാരത് ഭവൻ വഴി നടപ്പിലാക്കിയ സർഗോത്സവവും രണ്ടാമത്തേത് കേരളീയം പരിപാടിയിൽ അവർക്ക് പ്രത്യേക വേദി നൽകി പ്രോത്സാഹിപ്പിക്കുക എന്നതുമാണ്. സാംസ്കാരിക വകുപ്പിന് കീഴിൽ ധാരാളം അക്കാഡമികളും സ്ഥാപനങ്ങളും

പ്രവർത്തിക്കുന്നുണ്ട്. എല്ലാ സ്ഥാപനങ്ങളെയും ഫലപ്രദമായി നയിക്കുന്ന നിലപാട് സ്വീകരിച്ചതിന്റെ ഭാഗമായി ഈ മൂന്നുവർഷക്കാലംകൊണ്ട് എല്ലാ സ്ഥാപനങ്ങളെയും മെച്ചപ്പെട്ട നിലയിലെത്തിക്കാൻ സാധിച്ചിട്ടുണ്ടെന്നാണ് സർക്കാർ വിലയിരുത്തുന്നത്. അതിൽ താരതമ്യേന പിന്നിൽനിന്ന കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന്റെ നേതൃത്വത്തിൽ എല്ലാ സ്ഥലങ്ങളിലും വായനാ പഠന കേന്ദ്രങ്ങൾ ആരംഭിച്ചുവരുന്നു. തിരുവനന്തപുരം നഗരത്തിൽ ഇത്തരത്തിലുള്ള രണ്ട് കേന്ദ്രങ്ങൾ ആരംഭിച്ചുകഴിഞ്ഞു. വാസ്തുവിദ്യാ ഗുരുകുലത്തെ ഒരു ലോകപ്രസിദ്ധ സ്ഥാപനമാക്കി വളർത്തുന്നതിന് വേണ്ടിയുള്ള പരിശ്രമം തുടങ്ങിയിട്ടുണ്ട്. കേരള ഫോക്‌ലോർ അക്കാദമിയുടെ പ്രവർത്തനം മുൻകാലങ്ങളിലേതിൽ നിന്നും വളരെയധികം മുന്നോട്ടുപോയിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായി കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ധാരാളം പുതിയ പദ്ധതികൾ ഏറ്റെടുത്തുവരികയാണ്. അതുപോലെതന്നെ, കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.എഫ്.ഡി.സി.) ഇപ്പോൾ 150 കോടി രൂപയുടെ പദ്ധതി നടപ്പാക്കുകയാണ്. കെ.എസ്.എഫ്.ഡി.സി.-യ്ക്കുപുറമെ ഭാരത് ഭവന്റെയും

മലയാള മിഷന്റെയും പ്രവർത്തനങ്ങളിൽ നല്ല രീതിയിൽ മാറ്റമുണ്ടായിട്ടുണ്ട്. നിലവിൽ ശാക്തീകരിക്കപ്പെട്ട സ്ഥാപനങ്ങളോടൊപ്പം പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന എല്ലാ സ്ഥാപനങ്ങളെയും മുന്നോട്ടുകൊണ്ടുവരുന്നതിനുള്ള സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഒരു ഭാഗത്ത് ഇത്തരത്തിലുള്ള സ്ഥാപനങ്ങളെ ശാക്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം വർത്തമാനകാലത്തെ സാമൂഹിക യാഥാർത്ഥ്യങ്ങൾകൂടി മനസ്സിലാക്കിക്കൊണ്ടുള്ള ചില പദ്ധതികൾ ഗവൺമെന്റ് ഏറ്റെടുക്കുന്നുണ്ട്. അതിലൊന്ന്, നവോത്ഥാനവുമായി ബന്ധപ്പെട്ട വിഷയമാണ്. അങ്ങേയ്ക്ക് അറിയാവുന്നതുപോലെ ശ്രീനാരായണ ഗുരുവിന്റെ നേതൃത്വത്തിൽ 1924 മാർച്ച് 13-ന് ആലുവയിൽ വച്ചുനടന്ന സർവ്വമത സമ്മേളനത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനം വളരെ വിപുലമായിട്ടാണ് കേരള ഗവൺമെന്റ് ഏറ്റെടുത്തത്. നവോത്ഥാന സന്ദേശങ്ങളുടെ ഭാഗമായുള്ള സർവ്വമത സമ്മേളനങ്ങൾ തിരുവനന്തപുരത്തെ ചെമ്പഴന്തിയിലും ആലപ്പുഴയിലും കൊല്ലത്തും നടത്തുകയുണ്ടായി. ബാക്കിയുള്ള മുഴുവൻ ജില്ലകളിലും നടത്താൻ സാധിക്കുന്ന വിധത്തിലുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

അതുപോലെ, വൈക്കം സത്യാഗ്രഹത്തിന്റെ 100-ാം വാർഷികവുമായി ബന്ധപ്പെട്ടും വിപുലമായ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങളുടെ ചരിത്രത്തെക്കുറിച്ച് പുതുതലമുറയെയും ജനങ്ങളെയും പഠിപ്പിക്കേണ്ട ഒരു സാഹചര്യം വർത്തമാനകാല രാഷ്ട്രീയത്തിൽ വന്നിട്ടുണ്ടെന്ന കാര്യം മനസ്സിലാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. അതുപോലെതന്നെ സർവ്വമേഖലാ സ്പർശിയായ കലാ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി ആദിവാസി മേഖലയിലെ ഗോത്രോൽസവങ്ങൾ വിപുലമായ രീതിയിൽ സംഘടിപ്പിക്കാൻ സാധിച്ചു. പാലക്കാട് ജില്ലയിൽ നടന്ന ഈ ഗോത്രോൽസവത്തിൽ ആയിരക്കണക്കിന് ആളുകളാണ് പങ്കെടുത്തത്. ഏതാണ്ട് ആയിരം കലാപ്രതിഭകൾക്ക് മൂവായിരം രൂപ വീതമാണ് ഗോത്ര കലോത്സവത്തിലൂടെ ചെലവഴിച്ചത്. ഭിന്നശേഷി സർഗോത്സവത്തിലൂടെ 645 കലാപ്രതിഭകൾക്ക് 3000 രൂപ വീതം വിതരണം ചെയ്യാനും മികച്ച കലാപ്രവർത്തനം നടത്താനും സാധിച്ചു. കോവിഡ് കാലത്തും അതിനുശേഷവും നടപ്പിലാക്കിയ 'മഴമിഴി'

പദ്ധതിയിലൂടെ ഏതാണ്ട് 1681 കലാപ്രതിഭകൾക്ക് 2500 രൂപ വീതം നൽകുകയുണ്ടായി. 2024 ജൂലൈ മാസത്തിൽ കേരളത്തിലെ 9 തീരമേഖലകളിലും 'കടലോര കലകളുടെ സമഗ്രോത്സവം' എന്ന പദ്ധതി നടപ്പിലാക്കുകയാണ്. കേരളത്തിൽ പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ കലാ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള ധാരാളം പദ്ധതികൾ സാംസ്കാരിക വകുപ്പ് ആവിഷ്കരിക്കുന്നുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള ഒ.ടി.ടി. പ്ലാറ്റ്ഫോമായ 'സി സ്പേസ്' ഇന്ത്യയിൽ ആദ്യമായി കൊണ്ടുവന്നത് കേരളത്തിലാണെന്ന് അഭിമാനത്തോടെ പറയാൻ സാധിക്കും; അതിന്റെ ഉദ്ഘാടനവും നടത്തിക്കഴിഞ്ഞു. 150 കോടി രൂപ ചെലവഴിച്ചുകൊണ്ട് ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ആയതിന്റെ 60 ശതമാനം പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് പട്ടികജാതി വിഭാഗത്തിനും വനിതകൾക്കുമുള്ള സിനിമ ആരംഭിച്ചത്. ഇപ്പോൾ രണ്ടുമൂന്ന് സിനിമകൾ നിർമ്മിച്ച് നല്ലരീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. എല്ലാ കാര്യങ്ങളും

ഞാനിവിടെ വിശദീകരിക്കുന്നില്ല; ഇതുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ പറയാനുണ്ട്. സാംസ്കാരിക സമുച്ചയങ്ങളുടെ കാര്യത്തെക്കുറിച്ച് ഞാൻ പറഞ്ഞല്ലോ; നവോത്ഥാന നായകൻ ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയം കൊല്ലത്ത് ഉദ്ഘാടനം ചെയ്യുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട്ടും കാസർഗോട്ടും സമുച്ചയത്തിന്റെ പണി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. ഇടുക്കി, കോട്ടയം, കണ്ണൂർ, ആലപ്പുഴ എന്നീ നാലിടങ്ങളിലും സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു. നിർമ്മാണ പ്രവർത്തനത്തിനുള്ള നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാരംഭിക്കാൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. രാഷ്ട്രീയം പറയരുതെന്ന് കരുതിയാണ് ഇവിടെ വന്നതെങ്കിലും അതുമായി ബന്ധപ്പെട്ട ഒരു പ്രശ്നം പറയാതിരിക്കാൻ സാധിക്കില്ല. ജനങ്ങളാകെ നിരാകരിച്ച ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയെ എന്തിനാണ് പിന്തുണക്കുന്നതെന്ന് ബഹുമാനപ്പെട്ട സണ്ണി ജോസഫും ശ്രീ. അൻവർ സാദത്തും പ്രസംഗമധ്യേ ഇവിടെ ചോദിക്കുകയുണ്ടായി. അതിന് ഒറ്റവാക്കിൽ

ഞാൻ മറുപടി പറയാം. കേരളത്തിൽ നടന്ന പാർലമെന്റ് തിരഞ്ഞെടുപ്പിന്റെയും നിയമസഭാ തിരഞ്ഞെടുപ്പിന്റെയും ടെൻഡ് വ്യത്യസ്തങ്ങളാണ്. 2004-ൽ 38.38-ൽനിന്ന് 2009-ൽ 47.73, 2014-ൽ 41.98, 2019-ൽ 47.48, 2024-ൽ 45.21. ഇതാണ് ലോക്സഭാ തിരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ലഭിച്ച വോട്ടിന്റെ പാറ്റേൺ. ഇന്ത്യ ഭരിക്കാൻ പോകുന്ന ഒരു രാഷ്ട്രീയ വികാരം ഈ തിരഞ്ഞെടുപ്പിനുണ്ട്. മുഴുവൻ ജനങ്ങളെയും വലയിട്ട് കോരിയതുപോലെ കിട്ടിയെന്ന് യു.ഡി.എഫ്. ധരിക്കരുത്. രണ്ടാമത്തെ ടെൻഡ് എന്താണെന്നതുകൂടി നിങ്ങൾ മനസ്സിലാക്കണം. ഇവിടെ നിങ്ങൾക്ക് 10 ശതമാനം വോട്ട് കുറയുമ്പോൾ നിയമസഭാ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന് 2001-ൽ 43.7-ഉം 2006-ൽ 48.63-ഉം 2013-ൽ 44.94-ഉം 2016-ൽ 43.48-ഉം 2021-ൽ 45.43-ഉം വോട്ടുകളാണ് ലഭിച്ചത്. ലോക്സഭ തിരഞ്ഞെടുപ്പുകളിലെ പാറ്റേൺ വച്ച് എൽ.ഡി.എഫ്-ന്റെ 12 ശതമാനം വോട്ട് കുറയുമ്പോൾ 2001 മുതലുള്ള നിയമസഭാ തിരഞ്ഞെടുപ്പുകളുടെ കണക്കെടുത്താൽ യു.ഡി.എഫ്-ന്റെ 11 ശതമാനം വോട്ട് കുറഞ്ഞു. ഇടതുപക്ഷത്തിന് കേരള നിയമസഭാ തിരഞ്ഞെടുപ്പിൽ തുടർച്ചയായ മുന്നേറ്റം

ഉണ്ടാകുകയും ലോക്സഭ തിരഞ്ഞെടുപ്പിൽ തുടർച്ചയായി വോട്ട് കുറയുകയും ചെയ്യുന്ന ട്രെൻഡാണ് ഇത് സൂചിപ്പിക്കുന്നത്. ഇത്തവണ ഇത്രയും സീറ്റ് ലഭിച്ചതുകൊണ്ട് അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിൽ ജയിക്കുമെന്ന് വിചാരിച്ച് യു.ഡി.എഫ്. അഹങ്കരിക്കേണ്ട. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ എൽ.ഡി.എഫ്-ന് തുടർഭരണമുണ്ടാകുമെന്ന് ഞാൻ ഈ സഭയിൽ പറഞ്ഞിരുന്നു. ഈ നിയമസഭാ സമ്മേളനത്തിൽ ഞാൻ വീണ്ടും പറയുകയാണ്; യു.ഡി.എഫ്-ന്റെ ഈ അഹങ്കാരത്തിന് തിരിച്ചടി നേരിടാൻ പോകുന്നു. തുടർച്ചയായ ഭരണത്തിലേയ്ക്ക് ഇടതുപക്ഷം വരുമെന്ന കാര്യംകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, പുരാവസ്തു, പുരാരേഖ, മ്യൂസിയം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങളെക്കുറിച്ച് നിരവധി കാര്യങ്ങൾ വിശദമായി സംസാരിക്കാനുണ്ടെങ്കിലും സമയപരിമിതിയുള്ളതിനാൽ വളരെ ചുരുക്കി സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. രാജ്യത്തിന്റെ ചരിത്രവും

സംസ്കാരവുമൊക്കെ മാറ്റിയെഴുതാനും ചരിത്രം സൃഷ്ടിച്ച ചരിത്ര നേതാക്കന്മാരെ തമസ്കരിക്കാനുമുള്ള ശ്രമങ്ങളും രാജ്യത്ത് നടക്കുമ്പോഴാണ് നമ്മുടെ മഹത്തായ പാരമ്പര്യത്തിന്റെയും പൈതൃകത്തിന്റെയും ശേഷിപ്പുകളും ചരിത്ര സ്മാരകങ്ങളും പുരാരേഖകളും സംരക്ഷിക്കുന്നതിനുള്ള കാര്യക്ഷമവും സമഗ്രവുമായ ഇടപെടലുകൾ അത്യാവശ്യമായി വരുന്നത്. നമ്മുടെ നിരവധി ചരിത്ര സൂക്ഷിപ്പുകളിൽ അടുത്ത കാലത്ത് നടന്നുകൊണ്ടിരിക്കുന്ന ചില അനഭിലഷണീയമായ കാര്യങ്ങൾ ഏറെ ഉത്കണ്ഠയുളവാക്കുന്നതാണ്. ലോകാരാധ്യനായ ഗാന്ധിജിയുടെ ഘാതകനെ ചരിത്ര പുരുഷനായി മാറ്റണമെന്നും നാട്ടിലുടനീളം ക്ഷേത്രങ്ങളും പ്രതിമകളും സ്ഥാപിക്കണമെന്നുമാണ് പാർലമെന്റിലെ ഒരു ഭരണകക്ഷിയംഗം സംസാരിച്ചത്. രാജ്യത്തെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ വിലപ്പെട്ട സംഭാവനയായ പഞ്ചവത്സര പദ്ധതിയെയും പ്ലാനിംഗ് കമ്മീഷനെയും കേന്ദ്ര സർക്കാർ പാടെ അവഗണിച്ചു. പക്ഷെ, ഈ രണ്ട് കാര്യങ്ങളും സംരക്ഷിച്ചുകൊണ്ട് എന്റെ സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമെന്ന് പറയാൻ ആത്മധൈര്യമുള്ള

ഇന്ത്യയിലെ ഏക മുഖ്യമന്ത്രി സഖാവ് പിണറായി വിജയനായിരുന്നു. താളിയോല ഗ്രന്ഥങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്രീയ പഠന ഗവേഷണങ്ങൾക്ക് വേണ്ടത്ര സൗകര്യം നിലവിലില്ലാത്തതിനാൽ ആയതിന് പരിഹാരമായി തിരുവനന്തപുരത്ത് അന്താരാഷ്ട്ര നിലവാരത്തിലൊരു ആർക്കൈവൽ സ്റ്റഡീസ് ആൻഡ് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരികയാണ്. കേരള സർവ്വകലാശാലയുമായി സഹകരിച്ച് കാര്യവട്ടം കാമ്പസിൽ സ്ഥാപിക്കപ്പെടുന്ന ഈ കേന്ദ്രം അന്താരാഷ്ട്ര സൗകര്യങ്ങളുള്ള ആധുനിക റിസർച്ച് സെന്ററാക്കി മാറ്റാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. 'തീമാറ്റിക് മ്യൂസിയങ്ങൾ അഥവാ കഥ പറയുന്ന മ്യൂസിയങ്ങൾ' എന്ന ആധുനിക മ്യൂസിയം സങ്കല്പങ്ങൾക്കനുസരിച്ച് സംസ്ഥാന മ്യൂസിയം വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങളെല്ലാം അന്താരാഷ്ട്ര നിലവാരത്തിൽ സജ്ജീകരിച്ചുവരികയാണ്. അതിന്റെ ഭാഗമായാണ് പയ്യന്നൂരിലെ ഗാന്ധിസ്മൃതി മ്യൂസിയം, വൈക്കം സത്യാഗ്രഹ ഗാന്ധിസ്മാരക മ്യൂസിയം, കൈത്തറി മ്യൂസിയം, രാജാ രവിവർമ്മ ആർട്ട് ഗ്യാലറി, എ.കെ.ജി. മ്യൂസിയം, കുടിയേറ്റ മേഖലയിലെ വെള്ളാപ്പിള്ളി പിതാവിന്റെ

സ്മാരകമായിട്ടുള്ള സ്മാരകമ്യൂസിയം ഇവയെല്ലാം പ്രാവർത്തികമാകുന്നത്. ഇതുപോലുള്ള നിരവധി സംഭാവനകൾ സൃഷ്ടിക്കപ്പെടണമെന്ന് ആഗ്രഹമുണ്ട്. അതിനാവശ്യമായ പിന്തുണ ബഹുമാനപ്പെട്ട അംഗങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായാൽ ഇവയൊക്കെ വേഗത്തിൽ പൂർത്തീകരിക്കാൻ സാധിക്കും. വ്യത്യസ്തമായ കഥ പറയുന്ന നിരവധി മ്യൂസിയങ്ങൾ സംസ്ഥാനത്ത് സ്ഥാപിക്കപ്പെടുകയാണ്. ഇവയെ അവലോകനം ചെയ്യുന്നതിനും മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുംവേണ്ടി മ്യൂസിയം കമ്മീഷൻ രൂപീകരിക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. ഓരോ പ്രദേശത്തെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നത്. നമ്മുടെ ചരിത്രത്തെയും ചരിത്ര നായകന്മാരെയും അവരുടെ മഹത്തായ സംഭാവനകളെയും തമസ്കരിക്കാനും വികലവും വികൃതവുമാക്കാനുള്ള ഗൂഢശ്രമങ്ങൾക്കെതിരെ ജീവസുറ്റ തെളിവായി ഈ ശേഷിപ്പുകൾ സംരക്ഷിക്കപ്പെടുകയും പരിരക്ഷിക്കപ്പെടുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ടുള്ള നിർദ്ദേശങ്ങളാണ് മ്യൂസിയം, പുരാവസ്തു, പുരാരേഖ എന്നീ വകുപ്പുകളുമായി

ബന്ധപ്പെട്ട് 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളത്. ആ ബഡ്ജറ്റ് നിർദേശങ്ങളെല്ലാംതന്നെ സ്വീകരിച്ചുകൊണ്ടും പ്രാവർത്തികമാക്കിക്കൊണ്ടും സർക്കാർ രൂപീകരിച്ചിട്ടുള്ള ബഹുമുഖമായ പരിപാടികൾ പ്രാവർത്തികമാക്കുമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കേരളത്തിന്റെ കാർഷിക മേഖലയിൽ വലിയ മുന്നേറ്റങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞ ഒരു കാലഘട്ടമാണിത്. സാധാരണഗതിയിൽ കാർഷികമേഖലയിലെ ഉല്പാദനത്തെക്കുറിച്ചാണ് എപ്പോഴും പറഞ്ഞിരുന്നത്; അത് പ്രൈമറി അഗ്രികൾച്ചർ ആണ്. പ്രൈമറി അഗ്രികൾച്ചറിനോടൊപ്പം സെക്കൻഡറി അഗ്രികൾച്ചറിനും പ്രാധാന്യം നൽകിയാൽ മാത്രമേ കാർഷിക മേഖലയിൽ കർഷകന് മെച്ചമുണ്ടാക്കാൻ കഴിയുകയുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ ഉല്പാദനം കഴിഞ്ഞാൽ പിന്നീട് വരുന്ന സംസ്കരണം, മൂല്യവർദ്ധനവ് എന്നിങ്ങനെയുള്ള സെക്കൻഡറി അഗ്രികൾച്ചറിനും പ്രാധാന്യം

നൽകിക്കൊണ്ടുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൊണ്ട്, ഉയർന്ന നിലവാരത്തിലുള്ള രുചിയും ഗുണമേന്മയുമുള്ള കാർഷികോല്പന്നങ്ങൾക്ക് ഈ നാട് ലോക ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. എന്നാലും കാർഷിക മേഖലയിൽ ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ഉല്പാദനത്തിന്റെ കുറവ്, വരുമാനത്തിന്റെ കുറവ്, കാലാവസ്ഥയിലുണ്ടാകുന്ന പ്രശ്നങ്ങൾ, പ്രകൃതിക്ഷോഭം, വന്യമൃഗശല്യം എന്നിവയെല്ലാം കാരണം കാർഷിക മേഖലയിൽനിന്നും ആളുകൾ പിന്തിരിയുന്ന പ്രവണത ഉണ്ടായിരുന്നു. ഇക്കാര്യത്തിൽ മാറ്റമുണ്ടാക്കാൻ കഴിഞ്ഞുവെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ടെക്കികൾ ഉൾപ്പെടെയുള്ളവർ കേരളത്തിന്റെ കാർഷിക മേഖലയിൽ സജീവമാകുന്നുവെന്ന് മുഖ്യധാരാ കാർഷിക പ്രസിദ്ധീകരണങ്ങളടക്കം നൽകുന്ന വാർത്തകളെപ്പറ്റി ഞാൻ പ്രത്യേകം പറയുന്നില്ല. കൃഷിയിൽ ജനകീയ പങ്കാളിത്തമുറപ്പാക്കാൻ വേണ്ടിയാണ് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി ഈ ഗവൺമെന്റ് ആവിഷ്കരിച്ചത്. അതിന്റെ ഭാഗമായി വ്യക്തമായ കാഴ്ചപ്പാടോടെ

നടപ്പിലാക്കപ്പെട്ട 'വിഷൻ 2026' ഏറെ പ്രാധാന്യമുള്ള ഒന്നായിത്തന്നെ കണക്കാക്കപ്പെടുകയാണ്. നെല്ല്, പച്ചക്കറി, നാളികേരം, പഴവർഗ്ഗങ്ങൾ എന്നിവ കേരളത്തിന്റെ പ്രധാനപ്പെട്ട വിളകളായതിനാൽ അവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലെല്ലാം കേരളത്തിൽ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കേരളത്തോടുള്ള വിവേചനത്തെ തുടർന്ന് കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും നേരത്തെ പരാമർശിച്ച കാർഷികയിനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ കാർഷിക മേഖലയ്ക്ക് വലിയ സഹായങ്ങൾ ചെയ്യുന്നുണ്ട്. നെൽകൃഷിയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചു; ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സമഗ്ര നെൽകൃഷി വികസന പദ്ധതിയിലൂടെ 269 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന ചരിത്രത്തിലാദ്യമായി നെല്ലിന്റെ ഉല്പാദന ക്ഷമത ഏറ്റവും ഉയർന്നതലത്തിൽ അതായത്, ഹെക്ടറിന് 4744 കിലോഗ്രാമായി മാറിയെന്നതും ഏറ്റവും പ്രധാനപ്പെട്ട നേട്ടം തന്നെയാണ്. തരിശുനിലത്തിലെ കൃഷി പ്രോത്സാഹിപ്പിച്ചും നെൽവയലുകൾ തരം മാറ്റുന്നത് തടഞ്ഞും

അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞതുകൊണ്ടും പ്രോത്സാഹന ബോണസ്, രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി പ്രകാരം വിത്തുകൾ ഉല്പാദിപ്പിച്ച് നൽകിയുമാണ് ഈ നേട്ടങ്ങളെല്ലാം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. നാളികേരത്തിന്റെ കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം കേരളത്തിൽ 232 കേരഗ്രാമങ്ങളാണ് സൃഷ്ടിച്ചെടുത്തത്. പദ്ധതിയുടെ ഭാഗമായി 202.1 കോടി രൂപ ചെലവിൽ 33486 ഹെക്ടറിൽ നാളികേരകൃഷി പ്രോത്സാഹിപ്പിക്കാനായി. ഉല്പാദനത്തിന്റെ കാര്യത്തിലും ഉല്പാദന ക്ഷമതയുടെ കാര്യത്തിലും പുറകിലോട്ട് പോയിരുന്ന ഒരു അനുഭവം കേരളത്തിലുണ്ടായിരുന്നു. എന്നാൽ കേരഗ്രാമങ്ങളുണ്ടായ ഇടങ്ങളിൽ ഹെക്ടറിന് 10739 തേങ്ങ ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ടെന്ന് അഗ്രികൾച്ചർ പ്രൈസസ് ബോർഡിന്റെ പഠനത്തിൽ കണ്ടെത്തിയത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഇടവിളകൾ ഉൾപ്പെടെ കൃഷി ചെയ്യുമ്പോൾ ഹെക്ടർ ഒന്നിന് 20927 രൂപ അധിക വരുമാനമുണ്ടാക്കാൻ കർഷകർക്ക് കഴിയുന്നുവെന്നതും

കണക്കുകൾ തെളിയിക്കുന്നുണ്ട്. നാളികേര സംഭരണത്തിന്റെ കാര്യത്തിൽ ചില പ്രയാസങ്ങളുണ്ടെന്ന് ബഹുമാനപ്പെട്ട അംഗങ്ങളിൽ ചിലർ ചൂണ്ടിക്കാണിച്ചു. എവിടെയെങ്കിലും നാളികേരം സംഭരിക്കേണ്ടതുണ്ടെങ്കിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചാൽ അവയൊക്കെ പരിഹരിക്കുന്നതാണ്. ആവശ്യപ്പെട്ടിരുന്നിടത്തെല്ലാം സംഭരണശാലകൾ തുറക്കാൻ തയ്യാറാണെന്ന് നേരത്തെയും സഭയിൽ പറഞ്ഞിട്ടുള്ളതാണ്. ചൂണ്ടിക്കാട്ടിയ ഇടങ്ങളിലെല്ലാം സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിന് 17.21 ലക്ഷം ടൺ പച്ചക്കറി ഉല്പാദനത്തിലേയ്ക്ക് എത്താൻ സാധിച്ചിട്ടുണ്ട്. 2015-16-ൽ പച്ചക്കറി ഉല്പാദനം 6.28 ലക്ഷം മെടിക് ടൺ ആയിരുന്നിടത്ത് നിന്നാണ് ഉല്പാദനം ഇരട്ടിയിലധികമാക്കി കേരളത്തിന് മുന്നേറാൻ കഴിഞ്ഞതെന്നത് ചെറിയൊരു കാര്യമല്ല. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. സാമ്പത്തിക ബുദ്ധിമുട്ടുകൾ നില നിൽക്കുന്ന അവസരത്തിലും പച്ചക്കറി വികസന പദ്ധതിക്ക് 21.48 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി ഘടകങ്ങൾക്കുള്ള കുടിശ്ശികയായ 17 കോടി രൂപയും അടുത്തിടെ അനുവദിച്ചിട്ടുണ്ട്. ഏകദേശം ഒരാഴ്ചയ്ക്കകം കർഷകർക്ക്

ആ പണം ലഭ്യമാകുന്ന തരത്തിലേയ്ക്കെത്തും. പച്ചക്കറിയുടെ കാര്യത്തിൽ ഇന്ന് രാവിലെയും ചർച്ച നടന്നതിനാൽ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കൂടുതലായി കടക്കുന്നില്ല. ഇടുക്കി ജില്ലയിലെ പച്ചക്കറി സംഭരണം സംബന്ധിച്ച് ആദരണീയനായ പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ചു. വളരെ ഗൗരവമായാണ് അക്കാര്യത്തിൽ ഇടപെട്ടത്. കർഷകരിൽനിന്ന് പച്ചക്കറി സംഭരിക്കുന്നതിന് തന്നെയാണ് സർക്കാർ പ്രാധാന്യം നൽകുന്നത്. കർഷകരെ മുന്നിൽനിർത്തി ചില ഇടനിലക്കാർ ഈ മേഖലയിൽ പ്രവർത്തിക്കുന്നത് സർക്കാർ സംവിധാനങ്ങളെയാകെ ദുർബലപ്പെടുത്താൻ നടത്തുന്ന നീക്കമായിട്ടുതന്നെയാണ് ബോധ്യപ്പെട്ടത്. ഇടുക്കി ജില്ലയിൽ ശീതകാല പച്ചക്കറികളുടെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രങ്ങൾ വട്ടവട, കാന്തല്ലൂർ മേഖലകളാണ്. അവിടെ കൃഷിഭവനിൽ അല്ലെങ്കിൽ ഹോർട്ടികോർപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ കർഷകരിൽനിന്നുള്ള മുഴുവൻ പച്ചക്കറിയും സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്റർ ചെയ്ത എന്ന ഒരു മാനദണ്ഡം പറയുമ്പോൾ, രജിസ്റ്റർ ചെയ്യാൻ മറ്റ് തടസ്സങ്ങളൊന്നുമില്ല; യഥാർത്ഥ കർഷകരാണെന്ന്

ഉറപ്പുവരുത്തുക മാത്രമെ ചെയ്യുന്നുള്ളൂ. ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ എന്നീ പ്രദേശങ്ങളിൽ ഉല്പാദിപ്പിക്കുന്ന മുഴുവൻ പച്ചക്കറിയും ഹോർട്ടികോർപ്പിലൂടെ സംഭരിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതായിരിക്കും. ഇന്ന് രാവിലെ ഇടുക്കി ജില്ലയിൽ നിന്നും പച്ചക്കറി സംഭരണം ചൂണ്ടിക്കാണിച്ചതുകൊണ്ടാണ് ഇക്കാര്യം പറയുന്നത്. കർഷകൻ ഉല്പാദിപ്പിക്കുന്ന മുഴുവൻ പച്ചക്കറിയും കർഷകരിൽനിന്ന് നേരിട്ട് സംഭരിക്കുന്നതിന് സർക്കാർ തയ്യാറാണെന്ന് അറിയിക്കുന്നു. കഴിഞ്ഞ വർഷം ഓണക്കാലത്ത് ഉൽപാദിപ്പിച്ച മുഴുവൻ പച്ചക്കറികളും സംഭരിച്ചിട്ടുണ്ട്. ഇക്കൊല്ലവും ഓണക്കാലത്ത് കർഷകർ ഉൽപാദിപ്പിക്കുന്ന മുഴുവൻ പച്ചക്കറികളും സംഭരിക്കുന്നതിന് കഴിഞ്ഞ ദിവസംകൂടിയ യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. പച്ചക്കറി സംഭരിച്ച വകയിൽ 2024 മാർച്ച് 31 വരെയുള്ള മുഴുവൻ തുകയും കർഷകർക്ക് കൊടുത്തുതീർത്തിട്ടുണ്ടെന്ന വിവരവും സഭയെ അറിയിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ സാധാരണക്കാരായ ആളുകളും ഇടത്തരം കർഷകരുമാണ് വട്ടവടയിൽ

പച്ചക്കറി കൃഷി നടത്തുന്നത്. അവർക്ക് ഓണത്തിനുശേഷം എത്രയോ മാസം കഴിഞ്ഞാണ് തുക നൽകിയത്; കുടിശ്ശികയും ലഭിക്കാനുണ്ട്. ആറുമാസം കഴിഞ്ഞിട്ടും പച്ചക്കറി സംഭരിച്ചതിന്റെ വില നൽകിയിട്ടില്ല. അതുകൊണ്ട് കൃഷിക്കാർ ഹോർട്ടികോർപ്പിന് പച്ചക്കറി നൽകുന്നത് അവസാനിപ്പിച്ച് ഇടനിലക്കാർവഴി വിലകുറച്ച് വിറ്റുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. പ്രസാദ്: സർ, ഈ പറയുന്ന കാര്യത്തിൽ യാഥാർത്ഥ്യമില്ല. കർഷകർക്ക് ഒരു മാസത്തിൽ കൂടുതൽ കുടിശ്ശികയുണ്ടാകില്ലെന്ന് ഞാൻ ഉറപ്പുതരുന്നു. അവിടെ ഇടനിലക്കാരുണ്ട്; അവർക്ക് ഒരുപാട് ഉദ്ദേശ്യങ്ങളുമുണ്ട്. അതിന് നിന്നുകൊടുക്കാൻ നമുക്കാർക്കും സാധിക്കില്ല. സംഭരണം സംബന്ധിച്ച പ്രശ്നങ്ങൾ ആര് ചൂണ്ടിക്കാണിച്ചാലും നേരിട്ടിടപെടുന്നതിന് ഞാൻ തയ്യാറാണെന്ന് സഭയെ അറിയിക്കുന്നു. 2024 മാർച്ച് 31 വരെ കർഷകരിൽനിന്ന് സംഭരിച്ച മുഴുവൻ പച്ചക്കറിയുടെയും തുക നൽകിയിട്ടുണ്ട്. പ്രത്യേകിച്ച് ഇടുക്കി ജില്ലയിലെ വട്ടവട പ്രദേശത്തെ വളരെ പാവപ്പെട്ടവരായ കർഷകരുടെ തുക മുഴുവനും നൽകിയിട്ടുണ്ട്. ഇതിനായി ഒരു റിവോൾവിംഗ് ഫണ്ട് ഏർപ്പാടാക്കുന്നകാര്യം രാവിലെ ചർച്ചയിൽ

പരാമർശിച്ചതിന്റെ ഭാഗമായി പ്രത്യേകം പരിഗണിക്കുമെന്ന് അറിയിക്കാൻ ആഗ്രഹിക്കുകയാണ്. 2023 ഇന്റർനാഷണൽ ഇയർ ഓഫ് മില്ലറ്റ്സ് ആയിരുന്നു. മില്ലറ്റിന്റെ പ്രാധാന്യം കൂടുതലായി പറയുന്നില്ല. അട്ടപ്പാടി കേന്ദ്രീകരിച്ച് 940 ഹെക്ടറിൽ മില്ലറ്റ് കൃഷി ചെയ്തിട്ടുണ്ട്. ഇത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. അവിടത്തെ ഉല്പന്നങ്ങൾ സെക്കൻഡറി അഗ്രികൾച്ചറിന്റെ ഭാഗമായി മൂല്യവർദ്ധിത ഉല്പന്നങ്ങളായി വിപണനം ചെയ്യുന്നതിന് തീരുമാനമായിട്ടുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ചുമായി ധാരണപത്രം ഒപ്പുവച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ വർഷംതന്നെ എല്ലാ ജില്ലകളിലും മില്ലറ്റ് കഫേകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന കാര്യം അറിയിക്കുന്നു. കേരളത്തിലെ ഫാമുകൾ ഏറ്റവും കൂടുതൽ ശക്തിപ്പെട്ട ഒരു കാലയളവാണിത്. തൈകളും വിത്തുകളും കൂടുതലായി ഉല്പാദിപ്പിക്കുന്ന കാര്യത്തിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ ഫാമുകൾക്ക് സാധിച്ചിട്ടുണ്ട്. നേരത്തെ ഓരോ വിളകളെ അടിസ്ഥാനപ്പെടുത്തിയുള്ള കൃഷിയായിരുന്നു ഉണ്ടായിരുന്നത്. അതിൽനിന്നും കൃഷിയിടത്തെ അടിസ്ഥാനപ്പെടുത്തിയ കൃഷിയിലേയ്ക്ക് മാറിയിരിക്കുകയാണ്.

ഇന്ന് കേരളത്തിൽ 21520 ഫാം പ്ലാന്തകളുണ്ടായിട്ടുണ്ട്. ഈ ഫാം പ്ലാന്തകളുടെ അടിസ്ഥാനത്തിൽ 100 എഫ്.പി.ഒ.-കൾ (Farmer Producer Organization) സൃഷ്ടിക്കാനായെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട നേട്ടം. 2026-ഓടെ മൂല്യവർദ്ധിത കൃഷി ഒരു ലക്ഷം ഹെക്ടറിലേയ്ക്ക് എത്തിക്കുന്നതിനും 3000 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടാക്കുന്നതിനും മേഖലയിൽ നേരിട്ടും അല്ലാതെയുമായി മൂന്ന് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് തീരുമാനിച്ചിരിക്കുന്നത്. 'സ്മാർട്ട് കൃഷി ഭവൻ' പദ്ധതിയെക്കുറിച്ച് ഈ സഭയിൽ ഞാൻ നേരത്തെതന്നെ പറഞ്ഞിട്ടുണ്ട്. 56 കൃഷി ഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. കർഷകർക്ക് ഐ.ടി. അധിഷ്ഠിത സേവനങ്ങൾ എത്തിച്ചുകൊടുക്കുന്നത് കണക്കിലെടുത്ത് സാങ്കേതിക വിദ്യകളിലൂടെ വളരെ വേഗത്തിൽ സേവനമെത്തിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിൽ നിലവിലുള്ള സോഫ്റ്റ്വെയറുകളെല്ലാം സംയോജിപ്പിച്ചുകൊണ്ട് 'കതിർ' സോഫ്റ്റ്വെയറും മൊബൈൽ ആപ്പും ജൂലൈ മാസത്തോടെ പൂർണ്ണമായും സജ്ജമാകുമെന്ന കാര്യംകൂടി അറിയിക്കുന്നു. വളരെ വേഗത്തിൽ ഈ സേവനങ്ങൾ ലഭ്യമാക്കാൻ സാധിക്കും. കൃഷി

വകുപ്പിലെ സാങ്കേതികവിഭാഗം ഉദ്യോഗസ്ഥരെ കൂടുതലായി കൃഷിയിടങ്ങളിലേയ്ക്കെത്തിക്കാൻ ഇതിലൂടെ സാധിക്കും. കേന്ദ്ര-സംസ്ഥാന പദ്ധതിയാണ് കാർഷിക യന്ത്രവൽകരണ ഉപപദ്ധതി (സ്മാം-SMAM). ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 96154 വ്യക്തിഗത ഗുണഭോക്താക്കൾക്കും 272 ഗ്രൂപ്പുകൾക്കും ആനുകൂല്യം നൽകുന്നതിനുവേണ്ടി 299.98 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കൂൺ ഗ്രാമത്തെക്കുറിച്ച് അംഗങ്ങൾ ഇവിടെ പറയുകയുണ്ടായി. 100 കൂൺ ഗ്രാമങ്ങൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂൺ ഗ്രാമം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം പുനലൂർ അഞ്ചലിലെ ഏരൂരിൽ വെള്ളിയാഴ്ച നടക്കാൻ പോകുകയാണ്. കൂണിന്റെ കാര്യത്തിൽ കൊല്ലം ജില്ല ഉൾപ്പെടെയുള്ള ജില്ലകൾ മുന്നോട്ടുവന്നിട്ടുണ്ട്. കൂണുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത ഉല്പന്നങ്ങൾ അന്താരാഷ്ട്ര വിപണികളിലേയ്ക്കെത്തിക്കാൻ സാധിക്കും. കണ്ണൂർ ജില്ലയിൽ ധാരാളം മികച്ച മാതൃകകളുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. വിവിധ വിളകളുടെ സംഭരണത്തിന്റെ കാര്യത്തിൽ ചില ആശങ്കകളും പ്രശ്നങ്ങളുമൊക്കെ ഇവിടെ പറയുകയുണ്ടായി.

നാളികേരത്തിന്റെ കാര്യം നേരത്തെ ഞാൻ പറഞ്ഞതാണ്. അരി മില്ലുകൾക്ക് കൊടുത്തുതീർക്കാനുള്ള തുക വേഗത്തിൽ കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സിവിൽ സപ്ലൈസ് സ്വീകരിക്കുന്നുണ്ട്. അതോടൊപ്പംതന്നെ നെല്ലിന്റെ വിലവർദ്ധനവിന്റെ കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും കേന്ദ്ര സർക്കാർ വില വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അതിനനുസരിച്ചുള്ള വിലയിലേയ്ക്ക് എത്തണമെന്ന കാര്യം ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ട്. അക്കാര്യത്തിൽ അനുഭാവപൂർണ്ണമായ പരിഗണന സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. വില നിലവാരം പിടിച്ചുനിർത്തുന്നതിനെക്കുറിച്ച് നേരത്തെ പറഞ്ഞതുകൊണ്ട് അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. കേരളത്തിന്റെ വിവിധയിടങ്ങളിൽനിന്ന് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സമാഹരിച്ച് മറ്റിടങ്ങളിലേയ്ക്കെത്തിക്കുകയാണ് വില നിയന്ത്രിക്കുവാൻ ഏറ്റവും പ്രധാന മാർഗമായി കണക്കാക്കുന്നത്. വടകരപ്പതി, അട്ടപ്പാടി എന്നിവിടങ്ങളിലെ തക്കാളി ഉൾപ്പെടെയുള്ള

ഉല്പന്നങ്ങൾ സംഭരിക്കുന്നതിനെക്കുറിച്ച് രാവിലെയും പരാമർശിച്ചതാണ്. വിലവർദ്ധനവുള്ള സ്ഥലങ്ങളിലേയ്ക്ക് ഇന്നുമുതൽ മൊബൈൽ സേവനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടെന്നും എവിടെയെല്ലാമാണോ ആവശ്യമായി വരുന്നത് അവിടങ്ങളിലേയ്ക്കെല്ലാം ഈ സേവനങ്ങൾ എത്തിക്കുന്നതാണെന്നും അറിയിക്കുന്നു. സെക്കൻഡറി അഗ്രികൾച്ചറിന്റെ ഭാഗമായി ഒരു കൃഷി ഭവനിൽനിന്ന് ഒരു ഉല്പന്നം എന്നതരത്തിലേയ്ക്ക് നമ്മൾ മാറിയിട്ടുണ്ട്. 'കേരളഗ്രോ' എന്ന ബ്രാൻഡ് നാമത്തിൽ 1000 മൂല്യവർദ്ധിത ഉൽപന്നങ്ങൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗുമായി ബന്ധപ്പെട്ട് 840 കർഷകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. 'കേരളഗ്രോ' ബ്രാൻഡ് ഷോപ്പുകൾ ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പ്രത്യേകം ആരംഭിക്കാൻ പോകുകയാണ്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി വന്യജീവി പ്രശ്നത്തെക്കുറിച്ച് പറയുകയുണ്ടായി. ഇതിലൂടെ കാർഷിക മേഖലയാണ് ഏറ്റവും വലിയ പ്രശ്നങ്ങൾ നേരിടുന്നത്. ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടത് വനം വകുപ്പാണെങ്കിലും കൃഷി വകുപ്പ് മുൻകൈയെടുത്ത് 2023-24-ൽ 1.88 കോടി

രൂപ ഇതിനായി വകയിരുത്തിയിരുന്നു. വനമേഖലയോട് ചേർന്നുള്ള പ്രദേശങ്ങളിൽ വന്യമൃഗശല്യം ഒഴിവാക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടിയാണ് തുക വകയിരുത്തിയത്. അതുകൂടാതെ, ആർ.കെ.വി.വൈ. പദ്ധതിവഴി കൃഷി വകുപ്പ് 25 കോടി രൂപ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. ഈ തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് കൃഷി-വനം വകുപ്പുകൾ ഏകോപിച്ച് പ്രൊപ്പോസൽ തയ്യാറാക്കി ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിൽ ആദ്യമായാണ് കൃഷി വകുപ്പ് വനമേഖലയിലെ കർഷകരെ സഹായിക്കാൻവേണ്ടി ഇത്തരം കാര്യങ്ങൾ നടപ്പിലാക്കുന്നത്. ഇൻഷ്വറൻസിന്റെ കാര്യം പറഞ്ഞപ്പോൾ, ഇൻഷ്വറൻസ് നിലച്ചുവെന്നൊക്കെ ബഹുമാനപ്പെട്ട എം.എൽ.എ. എ. പ്രഭാകരൻ ഇവിടെ പറഞ്ഞു; എന്നാൽ അങ്ങനെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പി.എം.എഫ്.ബി.വൈ. എന്നപേരിലുണ്ടായിരുന്ന ഇൻഷ്വറൻസ് പദ്ധതിയെക്കാൾ മെച്ചപ്പെട്ട തരത്തിലുള്ള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് എല്ലാ ജില്ലകളിലും

നടപ്പാക്കിയിരിക്കുന്നു. ഈ ഇൻഷ്വറൻസ് പദ്ധതി വഴി കർഷകർക്ക് ആനുകൂല്യങ്ങൾ കൂടുകയേയുള്ളൂ. മാത്രമല്ല, കർഷകർക്ക് കൂടുതൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിന് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ ഇനത്തിൽ 30 കോടി രൂപ കൂടിശ്ശികയുണ്ടായിരുന്നതിൽ ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽത്തന്നെ 22 കോടി രൂപ അനുവദിച്ചുവെന്ന വിവരം അറിയിക്കാൻ ആഗ്രഹിക്കുന്നു. ധനാഭ്യർത്ഥന പാസ്സാക്കുന്ന ഈ കാലയളവിൽ സാമ്പത്തിക പ്രതിസന്ധിക്കിടയിലും വിളനാശത്തിനെതിരായ ഇൻഷ്വറൻസ് പദ്ധതിക്കായി ധനകാര്യ വകുപ്പ് വലിയൊരു തുക അനുവദിക്കുകയും ആയത് വിതരണം ചെയ്തുതുടങ്ങിയിട്ടുണ്ടെന്നുമുള്ള കാര്യം സഭയെ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട പാല അംഗം പ്രസംഗിച്ചപ്പോൾ കാബ്കോയുടെ കാര്യം പരാമർശിച്ചതേയുള്ളൂ, അതിന്റെ നടപടികൾ ഒന്നുമായിട്ടില്ലെന്ന് സൂചിപ്പിക്കുകയുണ്ടായി. എന്നാൽ കാബ്കോ യാഥാർത്ഥ്യമായി കഴിഞ്ഞിരിക്കുന്നു. അതിന്റെ ഭാഗമായി 'അഗ്രോ പാർക്കുകൾ' കേന്ദ്രീകരിച്ചുള്ള വിപണന മാർഗ്ഗങ്ങൾ ആരംഭിക്കുകയാണ്.

പാലായിൽ സ്ഥലലഭ്യത ബഹു. എം.എൽ.എ. ഉറപ്പുവരുത്തിയാൽ പ്രദേശത്തുള്ള ഉല്പന്നങ്ങൾ ബന്ധപ്പെടുത്തിക്കൊണ്ട് 'അഗ്രോ പാർക്ക്' ആരംഭിക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. കാബ്കോ മുൻകൈയെടുത്താണ് അതെല്ലാം നടത്തുന്നത്. കർഷക സേവന കേന്ദ്രങ്ങളെ സംബന്ധിച്ച് നേരത്തെ ബഹുമാനപ്പെട്ട മലമ്പുഴ എം.എൽ.എ. സംസാരിച്ചിരുന്നു. കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് കൃഷി ഭവനുമായി ബന്ധപ്പെടുത്തി ഇക്കൊല്ലംതന്നെ നൂറിടങ്ങളിൽ കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതായിരിക്കും. ഇതുവരെ കാർഷിക മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്കുടി വിലയിരുത്തേണ്ടത് അനിവാര്യമാണ്. കൃഷി വകുപ്പിൽ നടപ്പാക്കുന്ന കാര്യങ്ങൾ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ വിലയിരുത്തുന്ന സോഷ്യൽ ഓഡിറ്റിംഗ് ആരംഭിച്ചിട്ടുണ്ട്. 82 കൃഷി ഭവനുകളിൽ സോഷ്യൽ ഓഡിറ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. മുഴുവൻ കൃഷി ഭവനുകളിലും സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുന്നതായിരിക്കും. കാർഷിക മേഖലയുമായി ബന്ധപ്പെട്ട നയങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ വന്നിട്ടുണ്ട്. കൃഷി ചെയ്യാൻ

ആഗ്രഹിക്കുന്ന കർഷകർക്ക് കൃഷി ഭൂമിയില്ലാത്ത പ്രശ്നമുണ്ട്. കൃഷി ചെയ്യുന്നതിനുവേണ്ടി കൃഷി ഭൂമി ലഭ്യമാക്കുന്നതിനും മറ്റ് തടസ്സങ്ങളില്ലാത്ത തരത്തിൽ കൃഷി ചെയ്യുന്നതിനുമുള്ള സംവിധാനമുണ്ടാകും. Crop Cultivator Rights Card നൽകുന്നതിനെക്കുറിച്ചാണ് സർക്കാർ ആലോചിക്കുന്നത്. കേരളത്തിന്റെ കാർഷിക മേഖലയിൽ ശക്തമായ ഇടപെടലുകൾ നടത്തുന്ന കാർഷിക സർവകലാശാലയെക്കുറിച്ചുകൂടി പറയേണ്ടത് അനിവാര്യമാണ്. ഇക്കാലയളവിനുള്ളിൽ കാർഷിക സർവകലാശാല 14 സാങ്കേതികവിദ്യകൾ വികസിപ്പിച്ച് കൈമാറിയിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷക്കാലമായി കേരളത്തിന്റെ കാർഷിക സർവകലാശാല വിവിധ മേഖലകളിൽ 15 പേറ്റന്റുകൾ കരസ്ഥമാക്കിയിട്ടുണ്ട്. അതോടൊപ്പം പഴങ്ങളിൽനിന്ന് വൈൻ ഉല്പാദിപ്പിക്കാനുള്ള അനുവാദം ലഭിച്ചാൽ കർഷകർക്ക് ഏറ്റവും ഗുണകരമാകുമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത്തരത്തിലൊരു നീക്കം ആരംഭിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ വൈൻ പെർമിറ്റ് സർവകലാശാലയ്ക്ക് ലഭിക്കുകയും ചെയ്തു. പൈനാപ്പിൾ, കശുമാങ്ങ,

പാളയൻകോടൻ പഴം എന്നിവയിൽനിന്ന് വൈൻ ഉല്പാദിപ്പിക്കാനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചു. ഉല്പാദനത്തിനായി എക്സൈസ് വകുപ്പിൽനിന്ന് ലൈസൻസ് ലഭ്യമായിട്ടുണ്ട്; ഉൽപന്നങ്ങളുടെ വില്പനയ്ക്ക് പെർമിറ്റ് ലഭിക്കുന്നതിന് എക്സൈസ് വകുപ്പിൽ അപേക്ഷ നൽകിയിട്ടുണ്ട്. സംരംഭകരായ കർഷകർക്ക് അതിന്റെ സാങ്കേതികവിദ്യ കൈമാറുന്നതിന് കേരള കാർഷിക സർവ്വകലാശാല തയ്യാറായിട്ടുണ്ട്. അതോടൊപ്പംതന്നെ Western Sydney University-യുമായി പി.ജി., പി.എച്ച്.ഡി. കോഴ്സുകൾക്ക് ധാരണപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര നയങ്ങൾ സംസ്ഥാനത്തിന് പ്രതിസന്ധിയും പ്രയാസവും സൃഷ്ടിക്കുന്നുണ്ട്. പതിനാല് സ്വതന്ത്ര വ്യാപാര കരാറുകളുമായി ബന്ധപ്പെട്ട് ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിന്റെ ഭാഗമായുള്ള പ്രതിസന്ധി ഇപ്പോഴുമുണ്ട്. ഇക്കാര്യങ്ങൾ നേരത്തെ ഇവിടെ സൂചിപ്പിച്ചതായതുകൊണ്ട് കൂടുതൽ വിശദീകരിക്കുന്നില്ല. 2033 ലക്ഷ്യംവച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി 107 പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

സഹായത്തോടുകൂടി 'കൃഷി സമൃദ്ധി' എന്ന പരിപാടി നടപ്പാക്കുന്നുണ്ട്. കേരളത്തിനാവശ്യമായ പച്ചക്കറി ഉല്പാദിപ്പിക്കാനുള്ള മണ്ണും മനുഷ്യരും ഇവിടെയുണ്ട്. കൃഷി നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്വമായി മാറേണ്ട ഒരു കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശാനുസരണം സമഗ്രമായ ഒരു ജനകീയ പച്ചക്കറി പദ്ധതി ജൂലൈ മാസത്തോടുകൂടി ആരംഭിക്കാൻ ശ്രമിക്കുകയാണ്. എല്ലാവരുടെയും പിന്തുണയും പിൻബലവും അക്കാര്യത്തിലുണ്ടാകണം. ബഡ്ജറ്റ് തുക അപര്യാപ്തമായ സാഹചര്യത്തിൽ പുറത്തുനിന്നുകൂടി ധനസമാഹാരണം ആവശ്യമായതിനാലാണ് 'കേര' എന്ന പദ്ധതിയിലേക്ക് നീങ്ങിയത്. ഐക്യരാഷ്ട്രസഭ 2026 വനിതാ കർഷക വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതുകൂടി കണക്കിലെടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാനാണ് കൃഷിവകുപ്പ് തീരുമാനിച്ചിരിക്കുന്നത്. റബ്ബർ മേഖലയിൽ പണം നൽകുന്നില്ലെന്ന് ഇവിടെ ചിലർ സൂചിപ്പിക്കുകയുണ്ടായി. റബ്ബറുമായി ബന്ധപ്പെട്ട പ്രൊഡക്ഷൻ ഇൻസെന്റീവിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം 150 കോടിയോളം രൂപ ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. ഒന്നും കൊടുക്കുന്നില്ലെന്ന് ചിലർ

പറയുന്നത് വളരെ രസകരമായി പറയുന്നതുപോലെ തോന്നുന്നു. അത് തീർത്തും ശരിയായ കാര്യമല്ലെന്ന് അറിയിക്കുകയാണ്. ആലുവയിലെ ചുഴലിക്കാറ്റിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പ്രാഥമിക കണക്കെടുപ്പിൽ ഏതാണ്ട് പതിനാറ് ലക്ഷത്തോളം രൂപയുടെ നഷ്ടമാണ് ഉണ്ടായിരിക്കുന്നത്. യഥാർത്ഥ കണക്കെടുപ്പിൽ ഇനിയും വ്യത്യാസമുണ്ടാകാൻ സാധ്യതയുണ്ട്. അതിനനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും. 'KAMCO' (Kerala Agro Machinery Corporation Ltd.)-യുടെ അവസ്ഥയെക്കുറിച്ചും പ്രതിസന്ധിയെക്കുറിച്ചും ചർച്ചയിൽ സൂചിപ്പിക്കുകയുണ്ടായി. ഉല്പാദനവുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ പ്രശ്നമുണ്ടായത് കോവിഡ് കാലഘട്ടത്തിലാണ്. ആ സമയത്ത് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേയ്ക്കാണ് നമ്മുടെ ഉല്പന്നങ്ങൾ കൂടുതലായും കയറ്റുമതി ചെയ്തിരുന്നത്. അവിടെയും ചില ബുദ്ധിമുട്ടുകളുണ്ടായിരുന്നു. തിരഞ്ഞെടുപ്പ് സമയത്തും ഉല്പാദന മേഖലയിൽ ചില പ്രതിസന്ധികളുണ്ടായി. അവയൊക്കെ തരണം ചെയ്ത് 'KAMCO' മെച്ചപ്പെട്ട നിലയിലെത്തുമെന്ന് ഞാൻ ഉറപ്പ് നൽകുന്നു. നെല്ലുമായി

ബന്ധപ്പെട്ട കാര്യം നേരത്തെ സൂചിപ്പിച്ചു. കേരളത്തിലാണ് നെല്ലിന് ഏറ്റവും ഉയർന്ന വില കിട്ടുന്നത്. ഇൻഷ്വറൻസിന്റെ കാര്യത്തിൽ യാതൊരു തരത്തിലുള്ള ബുദ്ധിമുട്ടുമുണ്ടാകുകയില്ല. കുട്ടനാട് മേഖലയിലെ വിവിധ പദ്ധതികളുടെ ഭാഗമായി സാധ്യമാകുന്ന കാര്യങ്ങൾ ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാം. 'നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം' കേരളത്തിന് അത്യന്താപേക്ഷിതമായ കാര്യമാണ്. അതിനെ അവഗണിച്ചുകൊണ്ട് യാതൊന്നും നടപ്പാക്കാൻ നമുക്ക് കഴിയില്ല. നാളികേര സംഭരണവുമായി ബന്ധപ്പെട്ട് കേരഫെഡിന് പ്രതിസന്ധികളും പ്രയാസങ്ങളുമുണ്ടാക്കിയത് കേന്ദ്ര നിലപാടുകളാണ്. ഇക്കാര്യങ്ങളെല്ലാം കേന്ദ്രമന്ത്രിയെ നേരിൽക്കണ്ട് ബോധ്യപ്പെടുത്തുന്നതിനുള്ള അവസരം ലഭിച്ചിട്ടുണ്ട്. ജൂലൈ മാസം രണ്ടാം തീയതിയാണ് കേന്ദ്രമന്ത്രിയുമായുള്ള കൂടിക്കാഴ്ച നിശ്ചയിച്ചിരിക്കുന്നത്. 'soil health card' ഘട്ടംഘട്ടമായി എല്ലാവർക്കും നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. താമസംവിനാ അത് നൽകുന്നതായിരിക്കും. കർഷക ആത്മഹത്യ കൂടിവരുന്നെന്ന് ശ്രീ. സണ്ണി ജോസഫ് ഇവിടെ പറയുകയുണ്ടായി. ഈ വൈകിയ വേളയിൽ, അക്കാര്യങ്ങൾ ഖണ്ഡിക്കാൻ

ഞാൻ വേറൊന്നും പറയുന്നില്ല. കഴിഞ്ഞ ഓരോ സർക്കാരിന്റെ കാലഘട്ടത്തിലും നടന്ന സംഭവങ്ങളുടെ കണക്ക് അങ്ങ് പരിശോധിച്ചതിനുശേഷം പറയുന്നതായിരിക്കും ഉചിതമെന്ന് തോന്നുന്നു. ഒരാളും ആത്മഹത്യ ചെയ്യാൻ പാടില്ലെന്നുതന്നെയാണ് നമ്മുടെ ഓരോരുത്തരുടെയും അഭിപ്രായം. കൃഷിക്കാർ ആത്മഹത്യ ചെയ്യാതിരിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കും. ഇതൊരു രാഷ്ട്രീയപ്രശ്നം മാത്രമാക്കി സർക്കാരിനുമേൽ പഴിചാരുമ്പോൾ മുൻകാലങ്ങളിലെ സർക്കാരുകളുടെ കാര്യംകൂടി അങ്ങ് ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. നിലവിൽ റബ്ബറിന്റെ വില 250 അല്ല, 180 രൂപയാണ്. ഈ മേഖലയിൽ 2000 കോടിയിലധികം രൂപ സർക്കാർ നൽകിയിട്ടുണ്ടെന്നുള്ളതും നമ്മൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് നടപടികളൊന്നുമില്ലെന്ന് പറയുന്നത് ശരിയല്ല. ബഹുമാനപ്പെട്ട നിരവധി അംഗങ്ങൾ കൃഷി വകുപ്പുമായി ചേർന്ന് അവരവരുടെ നിയോജകമണ്ഡലത്തിൽ ധാരാളം പദ്ധതികൾ നടപ്പാക്കുന്നുണ്ട്. 'ഹരിതം ഹരിപ്പാട്', 'സുസ്ഥിര തൃത്താല', 'കൃഷിക്കൊപ്പം

കളമശ്ശേരി', ഇരിങ്ങാലക്കുട-'പച്ചക്കുട', 'ഒല്ലൂർ കൃഷി സമൃദ്ധി', 'ചെങ്ങന്നൂർ സമൃദ്ധി', ചേർത്തല-'കരപ്പുറം വിഷൻ', 'കാർബൺ ന്യൂട്രൽ കാട്ടാക്കട', അടൂർ-'നിറപൊലിവ്', 'ഗ്രീൻ ഗുരുവായൂർ', കല്ല്യാശ്ശേരി-'ഔഷധഗ്രാമം', ചാത്തന്നൂർ-'പുനർജ്ജനി', ആലത്തൂർ- 'നിറ', കടുത്തുരുത്തി-'സമഗ്ര കാർഷിക വികസന പദ്ധതി', പുതുക്കാട്-'പൊലിമ, തൃശൂർ 'സമൃദ്ധി,' ചേലക്കര- 'സമഗ്ര പദ്ധതി', കയ്പമംഗലം-'തളിർ', വട്ടിയൂർക്കാവ്-'നമ്മുടെ ഓണം നമ്മുടെ പച്ചക്കറി' തുടങ്ങി തലശ്ശേരി നിയോജകമണ്ഡലത്തിലടക്കം നടത്തുന്ന പദ്ധതികളുണ്ട്. പ്രസ്തുത പദ്ധതികൾക്കെല്ലാം അതത് നിയോജകമണ്ഡലത്തിൽ വളരെ വിജയകരമായ കഥകളുണ്ട്. അതെല്ലാം നമ്മുടെ അനുഭവങ്ങളാണ്. കേരളത്തിൽ കൃഷിയുമായി ബന്ധപ്പെട്ട് പുറത്തിറങ്ങുന്ന നിരവധി പ്രസിദ്ധീകരണങ്ങളുണ്ട്. കർഷകശ്രീ, കർഷകൻ, കേരള കർഷകൻ തുടങ്ങിയവയെല്ലാം പരിശോധിക്കണം. കാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട വിജയകഥകളുടെ കാര്യമാണ് അതിലൊക്കെയുള്ളത്. ഈ യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞ് നാം മുന്നോട്ടുപോകേണ്ടതുണ്ട്. നമ്മൾ ഒത്തൊരുമിച്ച് കേരളത്തിന്റെ കാർഷിക

മേഖലയെ എല്ലാ അർത്ഥത്തിലും പിന്തുണയ്ക്കുകയും പിൻബലം നൽകുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. രാഷ്ട്രീയത്തിനപ്പുറം ജീവിതവുമായി ബന്ധപ്പെട്ട വിഷയമായി കണക്കാക്കി മുന്നോട്ടുപോയാൽ നല്ല മെച്ചമുണ്ടാക്കാൻ സാധിക്കും. ഓരോ സ്ഥലങ്ങളുമായും ബന്ധപ്പെട്ട് മെച്ചപ്പെട്ട ഇനം മൂല്യവർദ്ധിത ഉല്പന്നങ്ങൾ ലോകത്തിന്റെ വിവിധ ഇടങ്ങളിലേയ്ക്ക് എത്തിക്കേണ്ടതുണ്ടെന്ന കാര്യം കണക്കിലെടുക്കേണ്ടതുണ്ട്. വിദേശ രാജ്യങ്ങളിലേക്ക് കാർഷികോല്പന്നങ്ങൾ കയറ്റുമതിചെയ്യുന്നതിനെക്കുറിച്ചുള്ള വാർത്തകൾ മാധ്യമങ്ങളിൽ കണ്ടതാണ്. സത്യസന്ധമായ വാർത്തകൾ വളച്ചൊടിച്ചാണ് മാധ്യമങ്ങൾ ചിത്രീകരിക്കുന്നതെന്ന കാര്യം നമ്മൾ മനസ്സിലാക്കണം. ഈ മേഖലയിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ നമുക്ക് സാധിക്കും. നേരത്തെ സൂചിപ്പിച്ച പദ്ധതികളുമായി ബന്ധപ്പെട്ട് നിരവധി സ്ഥലങ്ങളിലേയ്ക്ക് കേരളത്തിലെ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുവെന്നത് യാഥാർത്ഥ്യമാണ്. കേന്ദ്രസർക്കാരിന്റെ നയങ്ങൾ സംസ്ഥാന സർക്കാരിന് പല തരത്തിലുള്ള ബുദ്ധിമുട്ടുകളുമുണ്ടാക്കുന്നുണ്ട്. അതുകൊണ്ട് നാം ഒരുമിച്ച് നിൽക്കേണ്ടതുണ്ട്. നമുക്ക് ഒരിക്കലും മാറ്റിനിർത്താൻ സാധിക്കാത്ത ഒരു

മേഖലയാണ് കാർഷിക മേഖല. അതുകൊണ്ട് ആ അർത്ഥത്തിലുള്ള എല്ലാ ഇടപെടലും ഉണ്ടാകണമെന്ന് ഒരിക്കൽക്കൂടി സൂചിപ്പിക്കുന്നു. ഇവിടെ ഉന്നയിച്ച രാഷ്ട്രീയ കാര്യങ്ങൾക്കൊന്നും ഞാൻ മറുപടി പറയുന്നില്ല. എല്ലാവരും തോറ്റ് തകിടം മറിഞ്ഞുവെന്ന് ചിന്തിച്ച് സായൂജ്യം കൊള്ളുന്നത് നല്ലതായിരിക്കും. വരുന്ന പഞ്ചായത്ത്/നിയമസഭാ തിരഞ്ഞെടുപ്പുകളിൽ ആരാണ് തഴയപ്പെടുന്നത്; ആരാണ് സ്വീകരിക്കപ്പെടുന്നതെന്നത് കണ്ടറിയേണ്ട കാര്യമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഉജ്ജ്വലമായ വിജയം നേടുമെന്ന കാര്യത്തിൽ ആർക്കും ഒരു തർക്കവും ഉണ്ടാകേണ്ടതില്ല. ഇന്ത്യാ മുന്നണിയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നിങ്ങൾ അങ്ങനെ മത്സരിച്ചില്ലേ; വയനാട് മത്സരിക്കുന്നില്ലേ; ആദരണീയനായ ഡോ. എം. കെ. മുനീർ ഹൈസാബാദിന്റെ കാര്യമുൾപ്പെടെ പറഞ്ഞു. ഇന്ത്യാ മുന്നണിയുടെ യോജിപ്പിനെക്കുറിച്ചും എല്ലാവരെയും കൂട്ടി യോജിപ്പിക്കുന്നതിനെ കുറിച്ചും അതിൽ കോൺഗ്രസും മറ്റുചില പാർട്ടികളും സ്വീകരിച്ച സമീപനത്തെക്കുറിച്ചുമൊക്കെ ആദരണീയനായ മുഖ്യമന്ത്രി സംസാരിക്കുകയുണ്ടായി. യു.പി.-യിലും ഇത്തരം കാര്യങ്ങൾ നടക്കുന്നുണ്ട്.

അയോദ്ധ്യ ഉൾപ്പെടുന്ന ഫൈസാബാദ് ഏറ്റവും പ്രധാനപ്പെട്ട നിയോജകമണ്ഡലമാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മിത്രാസെൻ യാദവ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്ന് മത്സരിച്ച് വിജയിച്ചയാളാണ്. എല്ലാവരെയും കൂട്ടിയോജിപ്പിക്കുന്നതിനപ്പുറം നമ്മൾ മാത്രം മതിയെന്ന സങ്കുചിതമായ ചിന്ത യു.പി.-ൽ അടക്കം തീരുമാനിച്ചപ്പോഴാണ് ഇടതുപക്ഷത്തെ വേണ്ടതില്ലെന്ന തീരുമാനത്തിലെത്തിയത്. അല്ലായിരുന്നെങ്കിൽ ഇതിനെക്കാൾ ഉജ്ജ്വലമായ ഫലം ഉണ്ടാകുമായിരുന്നെന്ന് അങ്ങയോടൊപ്പമിരിക്കുന്ന ആളുകളോടാണ് പറയേണ്ടത്. ഇടതുപക്ഷം എല്ലാ സ്ഥലങ്ങളിലും സഹകരിക്കാൻ കഴിയുന്ന തരത്തിലാണ് പ്രവർത്തിച്ചത്. കേരളത്തിൽ നമുക്ക് അങ്ങോട്ടുമിങ്ങോട്ടും മത്സരിക്കാം. മറ്റിടങ്ങളിലൊക്കെ അതല്ല, ആ യോജിപ്പിന്റെ രീതിയല്ല പലയിടങ്ങളിലും നിങ്ങൾ പിന്തുടർന്നത്. അതുകൊണ്ടുതന്നെ പല സംസ്ഥാനങ്ങളിലും നമുക്ക് അനോന്യം എതിർക്കുന്ന തരത്തിൽ എത്തേണ്ടിവന്നു. വോട്ടിന്റെ എണ്ണത്തിന്റെ കാര്യത്തിലല്ല, നിലപാടുകളുടെ പേരിൽ ഫാസിസത്തെ എതിർക്കാൻ ഇടതുപക്ഷത്തിനല്ലാതെ വേറെ

ആരെക്കൊണ്ട് സാധിക്കും; ആരെങ്കിലും അങ്ങനെ എതിർത്തിട്ടുണ്ടോ എന്നും ആലോചിക്കണം. ഓരോയിടത്തും അൽപംപോലും വിട്ടുവീഴ്ചയില്ലാതെ ഇന്ത്യൻ ഫാസിസത്തെ തുടക്കം മുതൽ എതിർക്കുന്നവരാണ് ഞങ്ങളെന്ന കാര്യത്തിൽ ഫാസിസത്തെക്കുറിച്ച് പുസ്തകമെഴുതിയ ഡോ. എം. കെ. മുനീറിനുപോലും സംശയമുണ്ടാകില്ലെന്ന് എനിക്ക് ഉറച്ചവിശ്വാസമുണ്ട്. ഫാസിസ്റ്റുകളെ എതിരിടുന്ന കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുന്നുവെന്നത് ഇടതുപക്ഷത്തിന്റെ പ്രത്യേകതയാണ്. ഇടതുപക്ഷം വേണ്ടെന്ന് തീരുമാനിക്കുന്നിടത്ത് നിങ്ങൾ ആർക്കാണ് പരിഗണന കൊടുത്തതെന്ന് ആലോചിച്ചുനോക്കുക. ഇത് ഇന്ത്യയുടെ ചുവരെഴുത്താണ്. അത് മനസ്സിലാക്കി ഇനിയെങ്കിലും അത്തരത്തിൽ തിരുത്തേണ്ടത് അനിവാര്യമാണ്. ഞാൻ നേരത്തെ സൂചിപ്പിച്ച കാര്യങ്ങളിൽ എല്ലാ അംഗങ്ങളുടെയും പിന്തുണയും പിൻബലവും ഉണ്ടാകണം. ഇതിലൂടെ നമ്മുടെ പ്രദേശങ്ങളിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കുന്നതാണ്. എല്ലാവരുടെയും സജീവമായ ഇടപെടൽ ഉണ്ടാകണം. ഇക്കാര്യങ്ങളിന്മേൽ നിങ്ങൾക്കൂടി മുൻകൈയെടുത്ത് അവലോകന യോഗങ്ങൾ

സംഘടിപ്പിക്കുന്നതിൽ അങ്ങേയറ്റം സന്തോഷമേയുള്ളൂ. മേൽ സൂചിപ്പിച്ച കാര്യങ്ങളിൽ ആവശ്യമായ ഇടപെടൽ നിങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകണം. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVII
വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

മി. സ്പീക്കർ: സർവ്വശ്രീ അനൂപ് ജേക്കബ്, കെ. പി. എ. മജീദ്, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, അൻവർ സാദത്ത്, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), എ. പി. അനിൽ കുമാർ, പി. സി. വിഷ്ണുനാഥ്, ടി. ജെ. വിനോദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. വിൻസെന്റ്, ടി. സിദ്ദിഖ്, സി. ആർ. മഹേഷ്, ടി. വി. ഇബ്രാഹിം, സനീഷ്കുമാർ ജോസഫ്, സജീവ് ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ XVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു.)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയ്ക്ക്, പോളിംഗിന് ബെൽ മുഴങ്ങിക്കഴിഞ്ഞാൽ ചെയറിൽനിന്നും നിർദ്ദേശം വരുന്നതാണ്. അതിനുശേഷം 'സ്റ്റാർട്ട് പോളിംഗ്' എന്ന് ചെയർ അറിയിക്കുമ്പോൾ മാത്രമേ ബഹുമാനപ്പെട്ട അംഗങ്ങൾ വോട്ട് രേഖപ്പെടുത്താൻ പാടുള്ളൂ. വോട്ടിംഗ് ആരംഭിക്കുമ്പോൾ സാമാജികർക്ക് വോട്ടിംഗിനുള്ള സ്ക്രീൻ ലഭിക്കും. അത്

ലഭിക്കാത്തവർക്ക് കമ്പ്യൂട്ടറിലെ വോട്ടിംഗ് ബട്ടൺ പ്രസ്സ് ചെയ്താൽ വോട്ടിംഗിനുള്ള സ്ക്രീൻ ലഭിക്കും.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. പി. വി. അൻവർ
8. ശ്രീ. എം. എസ്. അരുൺ കുമാർ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു (നെന്മാറ)
11. ശ്രീ. കെ. എൻ. ബാലഗോപാൽ
12. ഡോ. ആർ. ബിന്ദു
13. ശ്രീ. ഇ. ചന്ദ്രശേഖരൻ

14. ശ്രീമതി ജെ. ചിഞ്ചുറാണി

15. ശ്രീ. പി. പി. ചിത്തരഞ്ജൻ

16. ശ്രീമതി ദലീമ

17. ശ്രീ. കെ. ബി. ഗണേഷ് കുമാർ

18. ശ്രീ. ചിറ്റയം ഗോപകുമാർ

19. ഡോ. കെ. ടി. ജലീൽ

20. ശ്രീമതി കാനത്തിൽ ജമീല

21. ശ്രീ. ജി. എസ്. ജയലാൽ

22. ഡോ. എൻ. ജയരാജ്

23. ശ്രീ. കെ. യു. ജനീഷ് കുമാർ

24. ശ്രീ. ജോബ് മൈക്കിൾ

25. ശ്രീ. വി. ജോയി

26. ശ്രീ. ഒ. ആർ. കേളു

27. ശ്രീ. കെ. കൃഷ്ണൻകുട്ടി

28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

29. ശ്രീ. കോവൂർ കുഞ്ഞുമോൻ

30. ശ്രീ. ലിന്റോ ജോസഫ്

31. ശ്രീ. ടി. ഐ. മധുസൂദനൻ

32. ശ്രീ. പി. മമ്മിക്കുട്ടി

33. ശ്രീ. എം. എം. മണി

34. ശ്രീ. കെ. ജെ. മാക്സി

35. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

36. ശ്രീ. എ. സി. മൊയ്തീൻ

37. ശ്രീ. മുഹമ്മദ് മുഹസിൻ

38. ശ്രീ. സി. സി. മുകുന്ദൻ

39. ശ്രീ. പി. നന്ദകുമാർ

40. ശ്രീ. എ. പ്രഭാകരൻ

41. ശ്രീ. പ്രമോദ് നാരായൺ

42. ശ്രീ. പി. പ്രസാദ്

43. ശ്രീ. വി. കെ. പ്രശാന്ത്

44. ശ്രീ. കെ. ഡി. പ്രസേനൻ

45. ശ്രീമതി യു. പ്രതിഭ

46. ശ്രീ. കെ. പ്രേംകുമാർ

47. ശ്രീ. പി. ടി. എ. റഹീം

48. ശ്രീ. എം. രാജഗോപാലൻ

49. ശ്രീ. കെ. രാജൻ

50. ശ്രീ. പി. രാജീവ്

51. ശ്രീ. എം. ബി. രാജേഷ്

52. ശ്രീ. കെ. കെ. രാമചന്ദ്രൻ

53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

54. ശ്രീ. ടി. പി. രാമകൃഷ്ണൻ

55. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

56. ശ്രീ. റോഷി അഗസ്റ്റിൻ

57. ശ്രീ. കെ. എം. സച്ചിൻദേവ്

58. ശ്രീ. സജി ചെറിയാൻ

59. ശ്രീ. എച്ച്. സലാം

60. ശ്രീമതി ശാന്തകുമാരി കെ.

61. ശ്രീ. എ. കെ. ശശീന്ദ്രൻ

62. ശ്രീ. ഐ. ബി. സതീഷ്

63. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

64. ശ്രീ. വി. ശിവൻകുട്ടി

65. ശ്രീ. വാഴൂർ സോമൻ

66. ശ്രീ. പി. വി. ശ്രീനിജിൻ

67. ശ്രീ. ജി. സ്റ്റീഫൻ

68. ഡോ. സുജിത് വിജയൻപിള്ള

69. ശ്രീ. കെ. വി. സുമേഷ്

70. ശ്രീ. പി. പി. സുമോദ്

71. ശ്രീ. പി. എസ്. സുപാൽ

72. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

73. ശ്രീ. തോമസ് കെ. തോമസ്

74. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

75. ശ്രീ. വി. എൻ. വാസവൻ

76. ശ്രീമതി വീണാ ജോർജ്ജ്

77. ശ്രീ. ഇ. കെ. വിജയൻ

78. ശ്രീ. പിണറായി വിജയൻ

79. ശ്രീ. എം. വിജിൻ

80. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ:

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. ശ്രീ. മഞ്ഞളാംകുഴി അലി

3. ശ്രീ. എ. പി. അനിൽ കുമാർ

4. ശ്രീ. അൻവർ സാദത്ത്

5. ശ്രീ. എ. കെ. എം. അഷ്റഫ്

6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

7. ശ്രീ. പി. കെ. ബഷീർ

8. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

9. ശ്രീ. യു. എ. ലത്തീഫ്

10. ശ്രീ. സി. ആർ. മഹേഷ്

11. ശ്രീ. കെ. പി. എ. മജീദ്

12. ഡോ. മാത്യു കുഴൽനാടൻ

13. ഡോ. എം. കെ. മുനീർ

14. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

15. ശ്രീമതി കെ. കെ. രമ

16. ശ്രീ. സജീവ് ജോസഫ്

17. ശ്രീ. എൻ. ഷംസുദ്ദീൻ

18. ശ്രീ. സനീഷ്കുമാർ ജോസഫ്

19. ശ്രീ. വി. ഡി. സതീശൻ

20. ശ്രീ. ടി. സിദ്ദിഖ്

21. ശ്രീ. സണ്ണി ജോസഫ്

22. ശ്രീ. പി. ഉബൈദുള്ള

23. ശ്രീമതി ഉമ തോമസ്

24. ശ്രീ. എം. വിൻസെന്റ്

25. ശ്രീ. ടി. ജെ. വിനോദ്

26. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 80

പ്രതികൂലിക്കുന്നവർ - 26

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIV
തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും

മി.സ്പീക്കർ: സർവ്വശ്രീ കെ. പി. എ. മജീദ്, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, എൽദോസ് പി. കുന്നപ്പിള്ളിൽ, സജീവ് ജോസഫ്, സനീഷ് കുമാർ ജോസഫ്, എ. പി. അനിൽ കുമാർ, പി. സി. വിഷ്ണുനാഥ്, ടി. വി. ഇബ്രാഹിം, ശ്രീ. ടി. ജെ. വിനോദ്, അനൂപ് ജേക്കബ്, കെ. ബാബു (തൃപ്പൂണിത്തുറ), അൻവർ സാദത്ത്, ടി. സിദ്ദിഖ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ,

എം. വിൻസെന്റ്, സി. ആർ. മഹേഷ്, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ XXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. പി. വി. അൻവർ
8. ശ്രീ. എം. എസ്. അരുൺ കുമാർ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു (നെന്മാറ)
11. ശ്രീ. കെ. എൻ. ബാലഗോപാൽ
12. ഡോ. ആർ. ബിന്ദു
13. ശ്രീ. ഇ. ചന്ദ്രശേഖരൻ
14. ശ്രീമതി ജെ. ചിഞ്ചുറാണി
15. ശ്രീ. പി. പി. ചിത്തരഞ്ജൻ
16. ശ്രീമതി ദെലീമ

17. ശ്രീ. കെ. ബി. ഗണേഷ് കുമാർ

18. ശ്രീ. ചിറ്റയം ഗോപകുമാർ

19. ഡോ. കെ. ടി. ജലീൽ

20. ശ്രീമതി കാനത്തിൽ ജമീല

21. ശ്രീ. ജി. എസ്. ജയലാൽ

22. ഡോ. എൻ. ജയരാജ്

23. ശ്രീ. കെ. യു. ജനീഷ് കുമാർ

24. ശ്രീ. ജോബ് മൈക്കിൾ

25. ശ്രീ. വി. ജോയി

26. ശ്രീ. ഒ. ആർ. കേളു

27. ശ്രീ. കെ. കൃഷ്ണൻകുട്ടി

28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

29. ശ്രീ. കോവൂർ കുഞ്ഞുമോൻ

30. ശ്രീ. ലിന്റോ ജോസഫ്

31. ശ്രീ. ടി. ഐ. മധുസൂദനൻ

32. ശ്രീ. പി. മമ്മിക്കുട്ടി

33. ശ്രീ. എം. എം. മണി

34. ശ്രീ. കെ. ജെ. മാക്സി

35. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

36. ശ്രീ. എ. സി. മൊയ്തീൻ

37. ശ്രീ. മുഹമ്മദ് മുഹസിൻ

38. ശ്രീ. സി. സി. മുകുന്ദൻ

39. ശ്രീ. പി. നന്ദകുമാർ

40. ശ്രീ. എ. പ്രഭാകരൻ

41. ശ്രീ. പ്രമോദ് നാരായൺ

42. ശ്രീ. പി. പ്രസാദ്

43. ശ്രീ. വി. കെ. പ്രശാന്ത്

44. ശ്രീ. കെ. ഡി. പ്രസേനൻ

45. ശ്രീമതി യു. പ്രതിഭ

46. ശ്രീ. കെ. പ്രേംകുമാർ

47. ശ്രീ. പി. ടി. എ. റഹീം

48. ശ്രീ. എം. രാജഗോപാലൻ

49. ശ്രീ. കെ. രാജൻ

50. ശ്രീ. പി. രാജീവ്

51. ശ്രീ. എം. ബി. രാജേഷ്

52. ശ്രീ. കെ. കെ. രാമചന്ദ്രൻ

53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

54. ശ്രീ. ടി. പി. രാമകൃഷ്ണൻ

55. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

56. ശ്രീ. റോഷി അഗസ്റ്റിൻ

57. ശ്രീ. കെ. എം. സച്ചിൻദേവ്

58. ശ്രീ. സജി ചെറിയാൻ

59. ശ്രീ. എച്ച്. സലാം

60. ശ്രീമതി ശാന്തകുമാരി കെ.

61. ശ്രീ. എ. കെ. ശശീന്ദ്രൻ

62. ശ്രീ. ഐ. ബി. സതീഷ്

63. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

64. ശ്രീ. വി. ശിവൻകുട്ടി

65. ശ്രീ. വാഴൂർ സോമൻ

66. ശ്രീ. പി. വി. ശ്രീനിജിൻ

67. ശ്രീ. ജി. സ്റ്റീഫൻ

68. ഡോ. സുജിത് വിജയൻപിള്ള

69. ശ്രീ. കെ. വി. സുമേഷ്

70. ശ്രീ. പി. പി. സുമോദ്

71. ശ്രീ. പി. എസ്. സുപാൽ

72. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

73. ശ്രീ. തോമസ് കെ. തോമസ്

74. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

75. ശ്രീ. വി. എൻ. വാസവൻ

76. ശ്രീമതി വീണാ ജോർജ്ജ്

77. ശ്രീ. ഇ. കെ. വിജയൻ

78. ശ്രീ. പിണറായി വിജയൻ

79. ശ്രീ. എം. വിജിൻ

80. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ:

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. ശ്രീ. മഞ്ഞളാംകുഴി അലി

3. ശ്രീ. എ. പി. അനിൽ കുമാർ

4. ശ്രീ. അൻവർ സാദത്ത്

5. ശ്രീ. എ. കെ. എം. അഷ്റഫ്

6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

7. ശ്രീ. പി. കെ. ബഷീർ

8. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

9. ശ്രീ. യു. എ. ലത്തീഫ്

10. ശ്രീ. സി. ആർ. മഹേഷ്

11. ശ്രീ. കെ. പി. എ. മജീദ്

12. ഡോ. മാത്യു കുഴൽനാടൻ

13. ഡോ. എം. കെ. മുനീർ

14. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

15. ശ്രീമതി കെ. കെ. രമ

16. ശ്രീ. സജീവ് ജോസഫ്

17. ശ്രീ. എൻ. ഷംസുദ്ദീൻ

18. ശ്രീ. സനീഷ്കുമാർ ജോസഫ്

19. ശ്രീ. വി. ഡി. സതീശൻ

20. ശ്രീ. ടി. സിദ്ദിഖ്

21. ശ്രീ. സണ്ണി ജോസഫ്

22. ശ്രീ. പി. ഉബൈദുള്ള

23. ശ്രീമതി ഉമ തോമസ്

24. ശ്രീ. എം. വിൻസെന്റ്

25. ശ്രീ. ടി. ജെ. വിനോദ്

26. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 80

പ്രതികൂലിക്കുന്നവർ - 26

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIX

കൃഷി

മി.സ്പീക്കർ: സർവ്വശ്രീ കെ. പി. എ. മജീദ്, എൻ. ഷംസുദ്ദീൻ, നജീബ് കാന്തപുരം, പി. ഉബൈദുള്ള, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എ. പി. അനിൽകുമാർ, ടി. സിദ്ദിഖ്, സണ്ണി ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, ഡോ. മാത്യു കുഴൽനാടൻ, കെ. ബാബു (തൃപ്പൂണിത്തുറ), അൻവർ സാദത്ത്, സനീഷ്കുമാർ ജോസഫ്, പി. സി. വിഷ്ണുനാഥ്, എം. വിൻസെന്റ്, സജീവ് ജോസഫ്, ടി. വി. ഇബ്രാഹിം, അനൂപ് ജേക്കബ്, സി. ആർ. മഹേഷ്, ടി. ജെ. വിനോദ്, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ XXIX-ാം നമ്പർ

ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു.)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. പി. വി. അൻവർ
8. ശ്രീ. എം. എസ്. അരുൺ കുമാർ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു (നെന്മാറ)
11. ശ്രീ. കെ. എൻ. ബാലഗോപാൽ
12. ഡോ. ആർ. ബിന്ദു
13. ശ്രീ. ഇ. ചന്ദ്രശേഖരൻ
14. ശ്രീമതി ജെ. ചിഞ്ചുറാണി
15. ശ്രീ. പി. പി. ചിത്തരഞ്ജൻ
16. ശ്രീമതി ദലീമ
17. ശ്രീ. കെ. ബി. ഗണേഷ് കുമാർ

18. ശ്രീ. ചിറ്റയം ഗോപകുമാർ

19. ഡോ. കെ. ടി. ജലീൽ

20. ശ്രീമതി കാനത്തിൽ ജമീല

21. ശ്രീ. ജി. എസ്. ജയലാൽ

22. ഡോ. എൻ. ജയരാജ്

23. ശ്രീ. കെ. യു. ജനീഷ് കുമാർ

24. ശ്രീ. ജോബ് മൈക്കിൾ

25. ശ്രീ. വി. ജോയി

26. ശ്രീ. ഒ. ആർ. കേളു

27. ശ്രീ. കെ. കൃഷ്ണൻകുട്ടി

28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

29. ശ്രീ. കോവൂർ കുഞ്ഞുമോൻ

30. ശ്രീ. ലിന്റോ ജോസഫ്

31. ശ്രീ. ടി. ഐ. മധുസൂദനൻ

32. ശ്രീ. പി. മമ്മിക്കുട്ടി

33. ശ്രീ. എം. എം. മണി

34. ശ്രീ. കെ. ജെ. മാക്സി

35. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

36. ശ്രീ. എ. സി. മൊയ്തീൻ

37. ശ്രീ. മുഹമ്മദ് മുഹസിൻ

38. ശ്രീ. സി. സി. മുകുന്ദൻ

39. ശ്രീ. പി. നന്ദകുമാർ

40. ശ്രീ. എ. പ്രഭാകരൻ

41. ശ്രീ. പ്രമോദ് നാരായൺ

42. ശ്രീ. പി. പ്രസാദ്

43. ശ്രീ. വി. കെ. പ്രശാന്ത്

44. ശ്രീ. കെ. ഡി. പ്രസേനൻ

45. ശ്രീമതി യു. പ്രതിഭ

46. ശ്രീ. കെ. പ്രേംകുമാർ

47. ശ്രീ. പി. ടി. എ. റഹീം

48. ശ്രീ. എം. രാജഗോപാലൻ

49. ശ്രീ. കെ. രാജൻ

50. ശ്രീ. പി. രാജീവ്

51. ശ്രീ. എം. ബി. രാജേഷ്

52. ശ്രീ. കെ. കെ. രാമചന്ദ്രൻ

53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

54. ശ്രീ. ടി. പി. രാമകൃഷ്ണൻ

55. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

56. ശ്രീ. റോഷി അഗസ്റ്റിൻ

57. ശ്രീ. കെ. എം. സച്ചിൻദേവ്

58. ശ്രീ. സജി ചെറിയാൻ

59. ശ്രീ. എച്ച്. സലാം

60. ശ്രീമതി ശാന്തകുമാരി കെ.

61. ശ്രീ. എ. കെ. ശശീന്ദ്രൻ

62. ശ്രീ. ഐ. ബി. സതീഷ്

63. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

64. ശ്രീ. വി. ശിവൻകുട്ടി

65. ശ്രീ. വാഴൂർ സോമൻ

66. ശ്രീ. പി. വി. ശ്രീനിജിൻ

67. ശ്രീ. ജി. സ്റ്റീഫൻ

68. ഡോ. സുജിത് വിജയൻപിള്ള

69. ശ്രീ. കെ. വി. സുമേഷ്

70. ശ്രീ. പി. പി. സുമോദ്

71. ശ്രീ. പി. എസ്. സുപാൽ

72. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

73. ശ്രീ. തോമസ് കെ. തോമസ്

74. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

75. ശ്രീ. വി. എൻ. വാസവൻ

76. ശ്രീമതി വീണാ ജോർജ്ജ്

77. ശ്രീ. ഇ. കെ. വിജയൻ

78. ശ്രീ. പിണറായി വിജയൻ

79. ശ്രീ. എം. വിജിൻ

80. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ:

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. ശ്രീ. മഞ്ഞളാംകുഴി അലി

3. ശ്രീ. എ. പി. അനിൽ കുമാർ

4. ശ്രീ. അൻവർ സാദത്ത്

5. ശ്രീ. എ. കെ. എം. അഷ്റഫ്

6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

7. ശ്രീ. പി. കെ. ബഷീർ

8. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

9. ശ്രീ. യു. എ. ലത്തീഫ്

10. ശ്രീ. സി. ആർ. മഹേഷ്

11. ശ്രീ. കെ. പി. എ. മജീദ്

12. ഡോ. മാത്യു കുഴൽനാടൻ

13. ഡോ. എം. കെ. മുനീർ

14. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

15. ശ്രീമതി കെ. കെ. രമ

16. ശ്രീ. സജീവ് ജോസഫ്

17. ശ്രീ. എൻ. ഷംസുദ്ദീൻ

18. ശ്രീ. സനീഷ്കുമാർ ജോസഫ്

19. ശ്രീ. വി. ഡി. സതീശൻ

20. ശ്രീ. ടി. സിദ്ദിഖ്

21. ശ്രീ. സണ്ണി ജോസഫ്

22. ശ്രീ. പി. ഉബൈദുള്ള

23. ശ്രീമതി ഉമ തോമസ്

24. ശ്രീ. എം. വിൻസെന്റ്

25. ശ്രീ. ടി. ജെ. വിനോദ്

26. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 80

പ്രതികൂലിക്കുന്നവർ - 26

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും 2024 ജൂൺ 27 വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജൂൺ മാസം 27-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.42-ന് പിരിഞ്ഞു.)

*****

അനുബന്ധം–I

രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(I) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ആധാരങ്ങൾ സ്വന്തമായി തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നത് പ്രോസാഹിപ്പിക്കാൻ നടപടി

4(*244) ശ്രീമതി ഒ. എസ്. അംബിക:

ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) സദയം മറുപടി നൽകുമോ:

(എ) ആധാരങ്ങൾ സ്വന്തമായി തയ്യാറാക്കുവാൻ ആഗ്രഹിക്കുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ?

സ്വയം ആധാരം തയ്യാറാക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി 19 ഇനം ആധാരങ്ങളുടെ മാതൃക തയ്യാറാക്കി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാതൃകാ ആധാരങ്ങൾ അടിസ്ഥാനമാക്കി ആധാരങ്ങൾ തയ്യാറാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടി ക്രമങ്ങളും വ്യവസ്ഥകളും സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സ്വയം

ആധാരം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സംശയ ദൂരീകരണത്തിനായി 8547344357 എന്ന നമ്പരിൽ ഒരു ഹെൽപ്പ് ഡെസ്ക് സൗകര്യവും പ്രവർത്തിക്കുന്നുണ്ട്. മാതൃകാ പ്രമാണങ്ങൾ ഉപയോഗിച്ച് ആധാര കക്ഷികൾ നേരിട്ട് തയ്യാറാക്കി സമർപ്പിക്കുന്ന ആധാരങ്ങളുടെ കരട് രൂപം കക്ഷികൾ ആവശ്യപ്പെടുന്ന പക്ഷം പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ/ഉപദേശങ്ങൾ നൽകുന്നതിനും, ആധാരം തയ്യാറാക്കുമ്പോഴുണ്ടാകുന്ന സംശയങ്ങൾ പരിഹരിച്ചു നൽകുന്നതിനും എല്ലാ സബ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആധാരത്തോടൊപ്പം രജിസ്ട്രേഷനുവേണ്ടി നിർബന്ധമായും ഹാജരാക്കേണ്ട ഫയലിംഗ് ഷീറ്റിന്റെ വലിപ്പം A3 യിൽ നിന്നും A4 ആയി രൂപ മാറ്റം വരുത്തിയിട്ടുണ്ട്. ഈ സൗകര്യം കൂടുതൽ വിപുലമാക്കുന്നതിനായി ആധാരവിവരങ്ങൾ കമ്പ്യൂട്ടറിലൂടെ നല്കിക്കൊണ്ട് ആധാരങ്ങൾ കമ്പ്യൂട്ടർ മുഖാന്തരം തയ്യാറാക്കുന്നതിനുള്ള ടെംപ്ലേറ്റ് അധിഷ്ഠിത രജിസ്ട്രേഷൻ സൗകര്യം പരീക്ഷണ ഘട്ടത്തിലാണ്.

(ബി) ആധാരങ്ങൾ സ്വന്തമായി തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം പ്രയോജനപ്പെടുത്തുന്നതിലുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

ആധാരങ്ങൾ സ്വന്തമായി തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം നാളിതുവരെ 6463 പേർ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

(സി) മുദ്രവില നിർണ്ണയം കൂടുതൽ സുതാര്യവും നികുതിദായകവുമാക്കാൻ ഇ-സ്റ്റാമ്പിംഗ് സംവിധാനം വഴി കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

മുദ്രവില നിർണ്ണയം കൂടുതൽ സുതാര്യവും നികുതി ദായകവുമാക്കാൻ ഇ-സ്റ്റാമ്പിംഗ് സംവിധാനത്തിലൂടെ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലായാൽ മാത്രമേ മുദ്രപ്പത്ര ഭരണനിർവഹണം കൂടുതൽ സുതാര്യമാക്കുവാൻ കഴിയുകയുള്ളൂ. നിലവിൽ ആധാര രജിസ്ട്രേഷൻ ഇടപാടുകളിലൂടെ മാത്രമേ മുദ്രവില നിർണ്ണയം ശരിയാണോ എന്ന് വിലയിരുത്തുവാൻ കഴിയുന്നുള്ളൂ. ബാങ്കുകളുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ നിർബന്ധമല്ലാത്ത ധനകാര്യ ഇടപാടുകൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം ഏർപ്പെടുത്തിയിരുന്നു. സമാനമായി മറ്റ് മേഖലകളിലേക്കും കൂടി ഇ-സ്റ്റാമ്പിംഗ് സംവിധാനം വ്യാപിക്കുന്നതിനായി സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സംവിധാനം അനിവാര്യമാണ്.

രജിസ്ട്രേഷൻ ഇതര ഇടപാടുകൾക്കുകൂടി ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കിക്കൊണ്ട് ഉത്തരവായിരുന്നുവെങ്കിലും ആയതിന്റെ സാങ്കേതിക

സൗകര്യങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകാത്തതിനാൽ നടപ്പിലായിരുന്നില്ല. ഇതിനാവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ട്രഷറി വകുപ്പിന്റെ മേൽനോട്ടത്തിൽ നടന്നുവരികയാണ്.

വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ

5 (*245) ശ്രീ. എം. വിജിൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ തലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള വിദ്യാഭ്യാസ ഏകീകരണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ലോവർ പ്രൈമറി മുതൽ ഹയർ സെക്കണ്ടറിവരെയുള്ള ഓരോ ഘട്ടത്തിന്റെയും ഘടന വിശദമാക്കാമോ:

(സി) പ്രസ്തുത പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനനുസരിച്ച് അധ്യാപക യോഗ്യത പുനഃപരിശോധിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾക്ക് വേണ്ടിയുള്ള സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ-ഡി) ഹൈസ്കൂൾതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള വിദ്യാഭ്യാസ ഏകീകരണ നടപടികളാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, സ്കൂൾ വിദ്യാഭ്യാസം എന്നിവ ഒരു ഡയറക്ടറുടെ അധീനതയിലാക്കിയിട്ടുണ്ട്. ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളിന്റെയും റിപ്പോർട്ടിന്റെയും പരിശോധന നടന്നുവരികയാണ്. എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് മാത്രമേ ഘടന, അധ്യാപക യോഗ്യതാ പുനഃപരിശോധന എന്നിവ സംബന്ധിച്ച് വ്യക്തത കൈവരികയുള്ളൂ.

പൊതുനിരത്തുകൾ അപകടരഹിതമാക്കാൻ നടപടി

6(*246)ശ്രീ. നജീബ് കാന്തപുരം:

ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾ പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) പൊതുനിരത്തുകളോട് ചേർന്നുള്ള കാനകളിൽ മൂടി നിർബന്ധമായും വേണമെന്നത് കാൽനടക്കാരുടെ അവകാശമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മൂടിയില്ലാത്തതും പൊട്ടിത്തകർന്ന മൂടികളോടു കൂടിയതുമായ കാനകൾ അപകടങ്ങൾക്ക് കാരണമാകുന്നതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ?

(എ&ബി) പൊതുനിരത്തുകളോട് ചേർന്നുള്ള കാനകളിൽ, ജനസാന്ദ്രത കൂടിയ മേഖലകളിൽ മൂടി സ്ഥാപിക്കുന്നതിന് മുൻഗണന നൽകാറുണ്ട്. കാൽനട യാത്രക്കാർ കൂടുതലായി എത്തുന്ന പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ അവ പരിപാലിക്കുന്നതിനും നിലവിൽ സംവിധാനമുണ്ട്. റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയിലുൾപ്പെടുത്തി സ്ലാബ് കവറിംഗുകൾ സ്ഥാപിക്കുന്നതിന് റണ്ണിംഗ് കോൺട്രാക്ടിൽ അനുമതി നൽകിയിട്ടുണ്ട്. അത് അപകടങ്ങൾ കുറയ്ക്കാൻ സഹായകരമാകുന്നുണ്ട്.

(സി) പൊതുനിരത്തുകൾ അപകടരഹിതവും ജനസൗഹൃദവുമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

നിലവിൽ, കൂടുതൽ കാലം ഈടുനിൽക്കുന്നതും കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്നതുമായ BM&BC റോഡുകൾ പൊതുമരാമത്ത് വകുപ്പിൽ ഘട്ടംഘട്ടമായി നിർമ്മിച്ചുവരുന്നു. ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾ BM&BC നിലവാരത്തിൽ upgrade ചെയ്തുവരുന്നു. പൊതുനിരത്തുകൾ അപകടരഹിതമാക്കുന്നതുമായി ബന്ധപ്പെട്ട് റോഡുകളിൽ സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ, ക്രാഷ് ബാരിയർ, studs, OHM, അത്യാവശ്യമുള്ള ഇടങ്ങളിൽ കാനകൾക്ക് മൂടി എന്നിവ പ്രവൃത്തികളിൽ ഉൾപ്പെടുത്തി സ്ഥാപിച്ചുവരുന്നു. നിരത്തുകൾ ജനസൗഹൃദമാക്കുന്നതുമായി ബന്ധപ്പെട്ട്, മതിയായ സ്ഥലങ്ങളിൽ Pedestrian crossings, footpath, cycle track, ബസ് ഷെൽട്ടർ എന്നിവയും പ്രവൃത്തിയിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

യഥാസമയത്ത് റോഡുകളിൽ അറ്റകുറ്റപ്പണികൾ നടത്തുക, റോഡിൽ വെള്ളക്കെട്ട് ഒഴിവാക്കി കൂടുതൽ കാലം റോഡ് ഈട് നിൽക്കുന്നതിനായി ഓടകൾ, കാനകൾ തുടങ്ങിയവയിൽ നീരൊഴുക്ക് സുഗമമാക്കുന്നതിനായി മാലിന്യങ്ങൾ നീക്കം ചെയ്യുക, അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചു മാറ്റുക,

വെള്ളക്കെട്ട് ഒഴിവാക്കുക, കുഴികൾ അടയ്ക്കുക തുടങ്ങിയ ഇനങ്ങൾ ഉൾപ്പെടുത്തി റോഡ് അപകടരഹിതമാക്കുന്നതിനായി Running Contract, Pre-mansoon works-ൽ ഉൾപ്പെടുത്തി പരിപാലിച്ചുവരുന്നു. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതുവഴി റോഡുകളെ കൂടുതൽ അപകട രഹിതവും ജനസൗഹൃദവും ആക്കി മാറ്റാൻ കഴിയും.

കൂടാതെ, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളും സർക്കാർ സ്ഥാപനങ്ങളും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളും നിർദ്ദേശിക്കുന്ന പദ്ധതികൾക്ക് റോഡ് സുരക്ഷാ അതോറിറ്റി യോഗത്തിന്റെ തീരുമാനപ്രകാരം ഫണ്ട് നൽകി വരുന്നു.

വിദ്യാഭ്യാസത്തിന്റെയും നൈപുണ്യത്തിന്റെയും

അടിസ്ഥാനത്തിൽ തൊഴിൽ

7(*247) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ സമ്പദ് വ്യവസ്ഥ ഭാവികാലത്ത് നേരിടാൻ പോകുന്ന ഏറ്റവും വലിയ വെല്ലുവിളി വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയാണെന്ന അന്താരാഷ്ട്ര വാർത്താ ഏജൻസി റോയിട്ടേഴ്സിന്റെ സർവേ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികളുടെ എണ്ണത്തിലെ വർദ്ധനവും അനുയോജ്യമായ തൊഴിൽ ലഭിക്കാത്തതും മറ്റ് സംസ്ഥാനങ്ങളേക്കാൾ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ട്.

തൊഴിൽ വകുപ്പിന് കീഴിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 2024 മാർച്ച് 31 വരെ ആകെ 26,55,736 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ കണക്ക് മാത്രമാണ് എംപ്ലോയ്മെന്റ് വകുപ്പിൽ ലഭ്യമായിട്ടുള്ളത്.

സംസ്ഥാനത്തെ എല്ലാ തൊഴിൽരഹിതരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യണമെന്ന് നിയമംമൂലം

നിർബന്ധമാക്കിയിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരെല്ലാവരും തൊഴിൽരഹിതർ ആകണമെന്നുമില്ല.

2023-2024 സാമ്പത്തിക വർഷം (2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെ) സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ 14,713 ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുവാൻ സാധിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2021 ജൂൺ മുതൽ 2024 മാർച്ച് വരെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെട്ട ഒഴിവുകളിന്മേൽ 37,390 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ചെറുപ്പക്കാർക്ക് വിദ്യാഭ്യാസത്തിന്റെയും നൈപുണ്യത്തിന്റെയും അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം ജോലി എന്നത് പ്രാവർത്തികമാക്കുന്നതിനായി കർമ്മചാരി പദ്ധതി തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

ഗ്രാമീണ മേഖലയിലെ അഭ്യസ്തവിദ്യരായ വിദ്യാർത്ഥികളെയും തൊഴിൽരഹിതരെയും അവരുടെ അഭിരുചിക്ക് അനുസരിച്ച് ഉന്നത വിദ്യാഭ്യാസം

നേടുന്നതിനും തൊഴിൽ നേടുന്നതിനും പ്രപ്തരാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാന സർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് വകുപ്പ് മുഖേന കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി) പദ്ധതി നടപ്പിലാക്കിവരുന്നു. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കിവരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്കും പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള തൊഴിൽദായകർക്കും പ്രയോജനകരമാകുന്ന വിധത്തിൽ എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ 3289 ജോബ് ഡ്രൈവുകൾ നടത്തുകയും ആയതുവഴി 53128 പേർക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് മുഖേന സംസ്ഥാനത്തെ ചെറുപ്പക്കാർക്ക് വിദ്യാഭ്യാസത്തിന്റെയും നൈപുണ്യത്തിന്റെയും അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഉദ്യോഗാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ തെരെഞ്ഞെടുക്കുന്നതിനും തൊഴിൽപരമായ പുരോഗതി കൈവരിക്കുന്നതിനും ആവശ്യമായ തൊഴിൽ മാർഗ്ഗനിർദ്ദേശം നൽകി വരുന്നുണ്ട്.

കേന്ദ്ര/സംസ്ഥാന മേഖലകളിലെ സർക്കാർ ജോലി ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശാക്തീകരണം പദ്ധതി മുഖേന വിവിധ മത്സര പരീക്ഷാ പരിശീലന പരിപാടികൾ നടത്തി ഉദ്യോഗാർത്ഥികളെ വിവിധ തൊഴിലുകൾക്ക് പ്രാപ്തരാക്കി വരുന്നുണ്ട് .

സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് മേഖല/ജില്ലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകൾ നടത്തി വരുന്നുണ്ട്.

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്ന മോഡൽ കരിയർ സെന്റർ പദ്ധതിയുടെ ഭാഗമായി സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുന്നതിന് നിശ്ചിത ഇടവേളകളിൽ ജോബ് ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുകയും ഉദ്യോഗാർത്ഥികളുടെ തൊഴിൽപരമായ അഭിരുചി ശാസ്ത്രീയമായി കണ്ടെത്തി അവർക്കാവശ്യമായ തൊഴിൽ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുന്നു.

സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ തൊഴിൽ വികസനം ലക്ഷ്യംവച്ച് സമന്വയ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. മേൽ ഉദ്യോഗാർത്ഥികളുടെ കരിയർ വികസനവുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മികവാർന്ന പരിശീലനങ്ങളിലൂടെ വിവിധ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും പദ്ധതി ഊന്നൽ നൽകുന്നു. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എസ്.സി, എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടിയുള്ള കോച്ചിംഗ്-കം-ഗൈഡൻസ് സെന്ററുകൾ മുഖേന പത്ത് മാസം നീണ്ടു നിൽക്കുന്ന സ്റ്റെനോഗ്രാഫി പരിശീലനം നൽകി വരുന്നുണ്ട്.

വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ പുതിയ ഐ.ടി.ഐ.- കളും പുതിയ ട്രേഡുകളും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസിന്റെ (KASE) ആഭിമുഖ്യത്തിൽ വിവിധ മേഖലകളിൽ ലളിതവും വേഗത്തിലും കാര്യക്ഷമവുമായി മികവിന്റെ കേന്ദ്രങ്ങളും, അക്രെഡിറ്റഡ് സ്ഥാപനങ്ങളും സ്ഥാപിക്കുന്നതിന് വേണ്ടി ISTEP (International Skill Training and

Employability Programme) എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചു. അന്താരാഷ്ട്ര സ്ഥാപനങ്ങളും വ്യാവസായിക കൂട്ടായ്മകളും വിദഗ്ധരുമായി ചേർന്ന് നൈപുണ്യ വികസനത്തിനും തൊഴിൽ സാധ്യതയ്ക്കുമായി ദീർഘകാലം നിലനിൽക്കുന്ന ബന്ധം സ്ഥാപിക്കുക എന്ന ലക്ഷ്യം മുന്നിൽക്കണ്ട് വിവിധ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ചു. ഈ മികവിന്റെ കേന്ദ്രങ്ങൾ വഴി നാളിതുവരെ 5430 പേർക്ക് ജോലി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കെയ്സിന്റെ ജില്ലാ നൈപുണ്യവികസന കേന്ദ്രങ്ങൾ വഴി തൊഴിൽരഹിതരായ യുവാക്കൾക്ക് ഇംഗ്ലീഷ് ഭാഷാപരിജ്ഞാനവും, അഭിമുഖം നേരിടുന്നതിനും എസ്.ജി. ബി.എസ് ഉന്നതി ഫൗണ്ടേഷൻ വഴി സൗജന്യമായി പരിശീലനം നൽകിവരുന്നു.

വിദേശ ആരോഗ്യമേഖലയിൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരങ്ങൾ നേടിക്കൊടുക്കാൻ തൊഴിൽ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഒഡെപെകിന് കഴിഞ്ഞിട്ടുണ്ട്. ജർമ്മനി, ബെൽജിയം, യു.കെ തുടങ്ങിയ വിദേശരാജ്യങ്ങളിലേയ്ക്കാവശ്യമായ IELTS, OET, ജർമ്മൻ, ഡച്ച് തുടങ്ങിയ ഭാഷകൾ ഒഡെപെകിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഭാഷാ പരിശീലന കേന്ദ്രങ്ങളിൽ ഓൺലൈൻ/ഓഫ് ലൈൻ ക്ലാസ്സുകൾ വഴി നൽകിവരുന്നു. കൂടാതെ തുർക്കിയിലെ ഷിപ്പ്യാർഡിലേക്ക് വെൽഡർ, ഫിറ്റർ, പൈപ്പ് ഫാബ്രിക്കേറ്റർ ഒഴിവുകളിലേയ്ക്കും

യു.എ.ഇ-യിലെ വേൾഡ് സെക്യൂരിറ്റി ഗാർഡ്, ഐ.റ്റി.വി ഡ്രൈവർ, ഹെവി ബസ് ഡ്രൈവർ, ഇ.എൽ.വി ടെക്നീഷ്യൻ ഒഴിവുകളിലേയ്ക്കും സൗദി അറേബ്യയിലേയ്ക്ക് ഹൗസ് ഡ്രൈവർ, വെയർഹൗസ് അസോസിയേറ്റ് ഒഴിവുകളിലേയ്ക്കും ഒഡെപെക് മുഖേന ചെറുപ്പക്കാർക്ക് തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്.

(സി) തൊഴിൽ ലഭ്യതക്കുറവുമൂലം രാജ്യത്തുണ്ടാകുന്ന സാമ്പത്തിക തകർച്ചയുടെ ആഘാതങ്ങൾ കാര്യക്ഷമമായി പ്രതിരോധിക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

തൊഴിൽ ലഭ്യതക്കുറവുമൂലം ഉണ്ടാകുന്ന സാമ്പത്തിക തകർച്ചയുടെ ആഘാതങ്ങൾ കാര്യക്ഷമമായി പ്രതിരോധിക്കുവാനും വൈദഗ്ധ്യം ആവശ്യമില്ലാത്ത തൊഴിൽ മേഖലയിൽ പുരോഗതി കൈവരിക്കുന്നതിനും നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് കെസ്റ്റു, മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ് /ജോബ് ക്ലബ്, ശരണ്യ, കൈവല്യ, നവജീവൻ എന്നീ അഞ്ച് സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

തൊഴിൽ ലഭ്യതക്കുറവുമൂലം രാജ്യത്തിന്റെയും പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്തിന്റെയും സാമൂഹിക സാമ്പത്തിക വളർച്ച നിലനിർത്തുന്നതിന്

ഉണ്ടായേക്കാവുന്ന പ്രതിസന്ധികൾ മുന്നിൽ കണ്ടുകൊണ്ട് സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവാക്കളുടെ ലേബർ ഫോഴ്സ് പാർട്ടിസിപേഷൻ റേറ്റ് (LPR) വർദ്ധിക്കുന്നതിനായി വിവിധ മേഖലകളിൽ നൈപുണ്യ വികസന പരിശീലനം ലഭ്യമാക്കി ഇവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും അതുവഴി സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതി നിലനിർത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE), എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് സ്കിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഡിസ്ട്രിക്ട് സ്കിൽ കമ്മിറ്റികൾ പ്രാദേശിക പരിഗണന നൽകിക്കൊണ്ട് ഡിസ്ട്രിക്ട് സ്കിൽ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കും. ആയത് സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് സ്റ്റേറ്റ് സ്കിൽ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കുകയും ഈ പ്ലാനിൽ ഉൾപ്പെടുന്ന നൈപുണ്യ വികസന പ്രവർത്തനങ്ങൾക്ക് വിവിധ സർക്കാർ പദ്ധതികൾ വഴി സാമ്പത്തിക സഹായങ്ങൾ നൽകിവരുകയുമാണ്. ഈ നൈപുണ്യ വികസന പ്രവർത്തനങ്ങളിൽ 70% വരെ പ്ലേസ്മെന്റ് അസിസ്റ്റൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ഡി) നിർമ്മാണ മേഖലയിലും വൈദഗ്ധ്യം ആവശ്യമില്ലാത്ത തൊഴിൽ മേഖലയിലും രാജ്യത്തുണ്ടായിട്ടുള്ള തകർച്ച നേരിടുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

നിർമ്മാണമേഖലയിലും വൈദഗ്ധ്യം ആവശ്യമില്ലാത്ത തൊഴിൽ മേഖലയിലും രാജ്യത്തുടനീളം തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. ആയത് പരിഹരിക്കുന്നതിനായി വിവിധ പരമ്പരാഗത തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കായി 'പ്രതീക്ഷ' എന്നൊരു പ്രത്യേക നൈപുണ്യപദ്ധതി കെയ്സ് വഴി ആവിഷ്കരിച്ച് വിവിധ വകുപ്പുകളുടെ സഹായത്തോടെ നടപ്പിലാക്കിവരുന്നു.

ഇപ്രകാരം തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവരെയും പ്രവർത്തിച്ചിരുന്നവരെയും കണ്ടെത്തി നൂതന നൈപുണ്യപരിശീലനം നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി മേൽപ്പറഞ്ഞ തൊഴിൽ മേഖലയിൽ നിന്നുമുള്ള തൊഴിലാളികളെ കാലാനുസൃതമായ പരിശീലനം നൽകി വിവിധ മേഖലകളിൽ പുനർവിന്യസിപ്പിക്കുകയോ സ്കിൽ രജിസ്ട്രി എന്ന മൊബൈൽ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യിപ്പിച്ച് സ്ഥിരവരുമാനം കണ്ടെത്താൻ പ്രാപ്തരാക്കുകയോ ആണ്

പദ്ധതിയുടെ ലക്ഷ്യം. 2023-ൽ ആരംഭിച്ച ഈ പദ്ധതി വഴി കൈത്തറി മേഖലയിൽ 60 വനിതകൾക്ക് സ്ഥിര വരുമാനം ലഭ്യമാകുന്ന തരത്തിലുള്ള നൈപുണ്യ പരീശീലനം നൽകിക്കഴിഞ്ഞു.

പൊതുവിദ്യാലയങ്ങളിലെ താൽക്കാലിക-കരാർ നിയമനങ്ങൾ

8(*248) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾ പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) നടപ്പ് വിദ്യാഭ്യാസ വർഷത്തിൽ സർക്കാർ സ്കൂളുകളിൽ ഉണ്ടാകുന്ന അധ്യാപക തസ്തികകളിലെ ഒഴിവുകളിൽ താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിന് സ്കൂൾ പി.ടി.എ.കളെ അധികാരപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പി.ടി.എ. വഴി നടത്തുന്ന നിയമനങ്ങളിൽ സംവരണം പാലിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) ഇല്ല. പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപക തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിലുള്ള താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിന് നിലവിൽ 14-08-2002-ലെ സ.ഉ(അച്ചടിച്ചത്) 249/2002/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് ആണ് ബാധകമാക്കിയിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

ദിവസ വേതന നിയമനങ്ങൾക്ക്, 20-12-2004 ലെ സ.ഉ(അച്ചടിച്ചത്) 382/2004/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരമുള്ള സംവരണം ബാധകമാക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(സി) പൊതുവിദ്യാലയങ്ങളിലെ താൽക്കാലിക-കരാർ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ?

പൊതുവിദ്യാലയങ്ങളിലെ താൽക്കാലിക കരാർ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്നതിന് താഴെപ്പറയുന്ന പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാവർഷവും തസ്തികളുടെ ഏറ്റക്കുറച്ചിലുകൾ നിലനിൽക്കുന്നതിനാൽ സർക്കാർ സ്കൂളുകളിലെ അധ്യാപക ഒഴിവുകളുടെ കൃത്യമായ എണ്ണം സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയാക്കിയതിനുശേഷം മാത്രമേ കണക്കാക്കാൻ കഴിയൂ. സാധാരണ സർക്കാർ സ്കൂളുകളിൽ സ്റ്റാഫ് ഫിക്സേഷൻ ആരംഭിക്കുന്നത് എയ്ഡഡ് സ്കൂളുകളിൽ അത് പൂർത്തിയാക്കിയ ശേഷമാണ്. ആയതിനാൽ സ്വാഭാവികമായും സർക്കാർ സ്കൂളുകളിലെ തസ്തിക നിർണ്ണയം ഓഗസ്റ്റ് അല്ലെങ്കിൽ സെപ്തംബർ മാസങ്ങൾക്ക് മുമ്പ് കണക്കാക്കാൻ കഴിയില്ല. ഒഴിവുകൾ ഉടൻ പബ്ലിക് സർവീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്താലും, പബ്ലിക് സർവീസ് കമ്മീഷനിൽ നിന്ന് ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് കുറച്ച് സമയമെടുക്കും. മാത്രമല്ല, അങ്ങനെ പോസ്റ്റ് ചെയ്യപ്പെടുന്ന എല്ലാ ഉദ്യോഗാർത്ഥികളും വിവിധ കാരണങ്ങളാൽ ജോലി ഏറ്റെടുക്കാൻ വന്നേക്കില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പ്രൊവിഷണൽ അടിസ്ഥാനത്തിൽ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ പബ്ലിക് സർവീസ് കമ്മീഷനിൽ നിന്ന് നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് നേടിയശേഷം മാത്രമേ ചെയ്യാൻ കഴിയൂ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് ടി ജില്ലയിലെ മറ്റ് രജിസ്ട്രേഷൻ കേന്ദ്രങ്ങളിൽ നിന്ന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പട്ടിക

ശേഖരിക്കേണ്ടതുള്ളതിനാൽ പബ്ലിക് സർവീസ് കമ്മീഷനിൽ നിന്ന് നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായാലും ഉദ്യോഗാർത്ഥികളെ സ്പോൺസർ ചെയ്യുന്നതിൽ കാലതാമസം സംഭവിക്കുന്നു. ലിസ്റ്റ് ലഭിച്ചാൽത്തന്നെയും ഉദ്യോഗാർത്ഥികളെ പോസ്റ്റ് ചെയ്യാൻ ഒരു മാസത്തിലധികം സമയമെടുക്കും. ഇവിടെയും പബ്ലിക് സർവീസ് കമ്മീഷൻ നിയമനങ്ങൾക്കായി മാത്രം നീക്കിവച്ചിട്ടുള്ള ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്താം. തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾ ചേരാത്തതും സ്ഥിരം ജോലി ലഭിക്കുമ്പോൾ സ്ഥാനം ഒഴിയുന്നതും പ്രശ്നമാണ്. ഇത് ഒഴിവുകളിൽ അധ്യാപകരെ സമയബന്ധിതമായി നിയമിക്കുന്നതിനെയും അതുവഴി സർക്കാർ സ്കൂളുകളിലെ, പ്രത്യേകിച്ചും ഗ്രാമങ്ങളിലെയും വിദൂര പ്രദേശങ്ങളിലെയും കുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിക്കുന്നതിലേക്കും നയിക്കുന്നു.

മേൽ സാഹചര്യത്തിൽ ദിവസവേതന നിയമനങ്ങൾക്കാണ് മുൻഗണന നൽകിവരുന്നത്.

സംസ്ഥാനത്തെ സാഹസിക വിനോദസഞ്ചാര കേന്ദ്രമാക്കാൻ പദ്ധതി

9(*249) <u>ശ്രീമതി യു. പ്രതിഭ:</u>
<u>ശ്രീ ഒ. ആർ. കേളു:</u>
<u>ശ്രീ. പി. വി. അൻവർ:</u>

ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വൈവിധ്യപൂർണ്ണമായ ഭൂപ്രകൃതി ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ ആഗോള സാഹസിക വിനോദസഞ്ചാര കേന്ദ്രമായി മാറ്റിയെടുക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്; വ്യക്തമാക്കുമോ?

കേരളത്തിന്റെ വൈവിധ്യപൂർണ്ണമായ ഭൂപ്രകൃതി സാഹസിക വിനോദത്തിന് വളരെ അനുയോജ്യമാണ്. കടൽത്തീരം, കായലോരങ്ങൾ, പുഴകൾ, കുന്നുകളും മലകളും ഇങ്ങനെ വ്യത്യസ്തമായ സാഹസിക വിനോദസഞ്ചാര സാധ്യതകളുള്ള പ്രദേശമാണ് കേരളം. കേരളത്തിന്റെ ഭൂപ്രകൃതിക്കനുസരിച്ച് വ്യത്യസ്ത സാഹസിക പദ്ധതികൾക്ക് ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. പ്രധാനപ്പെട്ടത് ബീച്ച് സാഹസിക ടൂറിസമാണ്.

ഇന്ത്യയിലാദ്യമായി അഡ്വഞ്ചർ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക സംവിധാനം രൂപീകരിച്ചത് കേരളത്തിലാണ്. ഈ സൊസൈറ്റിയുടെ നേതൃത്തിൽ രാജ്യത്ത് ആദ്യമായി സാഹസിക ടൂറിസത്തിന് മാർഗരേഖയും കൊണ്ടുവന്നു. 60 യൂണിറ്റുകൾ സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാര

മേഖലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതോടൊപ്പം സാഹസിക വിനോദസഞ്ചാര മേഖലയിലെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് ഒരു വിദഗ്ധ സമിതിയേയും നിയോഗിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ വർക്കല ബീച്ച്, സർഫിംഗ് ആക്ടിവിറ്റികൾക്ക് അനുയോജ്യമായ ഏറ്റവും നല്ല ബീച്ചായി ISA (ഇന്റർനാഷണൽ സർഫിംഗ് അസോസിയേഷൻ) കണ്ടെത്തിയിട്ടുണ്ട്. സർഫിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ (SFI) കീഴിൽ 20-ഓളം സർഫിംഗ് സ്കൂളുകൾ വർക്കലയിൽ സർഫിംഗ് പരിശീലനം നടത്തിവരുന്നു. കേരളത്തെ സർഫിംഗ് ആക്ടിവിറ്റിയെ പ്രോത്സാഹിപ്പിക്കുന്നതിനും, വർക്കലയെ ഒരു അന്തർദേശീയ സർഫിംഗ് ഡെസ്റ്റിനേഷനായി വികസിപ്പിക്കുന്നതിനുമായി 2024 മാർച്ച് 28 മുതൽ 30 വരെ വർക്കലയിൽ അന്തർദേശീയ സർഫിംഗ് ഫെസ്റ്റിവൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മുഖേന സംഘടിപ്പിച്ചു. വിദേശികളും മറ്റു സംസ്ഥാനങ്ങളിൽ നിന്നുമുള്ള 65-ൽപ്പരം സർഫിംഗ് മത്സരാർത്ഥികൾ മത്സരത്തിൽ പങ്കെടുക്കുകയും നിരവധി വിദേശ ടൂറിസ്റ്റുകൾ മത്സരം വീക്ഷിക്കാൻ എത്തുകയും ചെയ്തു.

ഇടുക്കി ജില്ലയിലെ വാഗമൺ, കേരളത്തിലെ സാഹസിക ടൂറിസത്തിന്റെ ഹബ്ബ് ആണ്. വാഗമണ്ണിൽ പാരാഗ്ലൈഡിംഗ് ചെയ്യുന്നതിന് വിദേശ ടൂറിസ്റ്റുകൾ അടക്കം നിരവധി സഞ്ചാരികൾ വർഷംതോറും എത്തിച്ചേരുന്നുണ്ട്. കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയും പാരാഗ്ലൈഡിംഗ് അസോസിയേഷനുമായി (PAI) ചേർന്ന് അന്തർ ദേശീയ പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ 2024 മാർച്ച് 14 മുതൽ 18 വരെ വാഗമണ്ണിൽ സംഘടിപ്പിച്ചു. പ്രസ്തുത ഫെസ്റ്റിവലിൽ ലോകത്തിലാദ്യമായി ടോപ്പ് ലാൻഡിംഗ് പാരഗ്ലൈഡിംഗ് എന്ന ഇനം സംഘടിപ്പിക്കുകയും 8 വിദേശ രാജ്യങ്ങളിൽ നിന്നടക്കം 83 പേർ പങ്കെടുക്കുകയും ചെയ്തു.

ഏഷ്യയിലെ ഏറ്റവും വലിയ വൈറ്റ് വാട്ടർ കയാക്കിംഗ് ചാമ്പ്യൻഷിപ്പായ മലബാർ റിവർ ഫെസ്റ്റിവൽ എല്ലാ വർഷവും കോഴിക്കോട് ജില്ലയിലെ തുഷാരഗിരിയിൽ നടന്നുവരുന്നു. മലബാർ റിവർ ഫെസ്റ്റിവലിന്റെ പത്താം എഡിഷൻ 2024 ജൂലൈ മാസം 25 മുതൽ 28 വരെ സംഘടിപ്പിക്കുന്നു. ഇതിനോടകം 10 വിദേശരാജ്യങ്ങളിൽ നിന്നായി 12 വിദേശ കയാക്കർമാർ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. 150-ൽപ്പരം വൈറ്റ് വാട്ടർ കയാക്കർമാരെ 2024 മലബാർ റിവർ ഫെസ്റ്റിവലിൽ പ്രതീക്ഷിക്കുന്നു. വൈറ്റ് വാട്ടർ കയാക്കിംഗ്, റാഫ്റ്റിംഗ്

എന്നിവയുടെ പരിശീലനം ജൂലൈ മാസം മുതൽ ടൂറിസം വകുപ്പ് നിർമ്മിച്ച അന്തർദേശീയ കയാക്കിംഗ് സെന്ററിൽ ആരംഭിക്കും. ഒളിമ്പിക്സ് ഇനമായ വൈറ്റ് വാട്ടർ കയാക്കിംഗിന് കേരളത്തിൽ നിന്ന് കൂടുതൽ താരങ്ങളെ വാർത്തെടുക്കുകയാണ് ലക്ഷ്യം.

MTB Kerala (ഇന്റർനാഷണൽ മൗണ്ടെൻ സൈക്ലിംഗ് കോമ്പറ്റീഷൻ) വയനാട് ജില്ലയിലെ പ്രിയദർശിനി പ്ലാന്റേഷനിൽ വച്ച് വർഷംതോറും നടത്തിവരുന്നു. ഈ ട്രാക്ക് ലോക സൈക്ലിംഗ് അസോസിയേഷൻ (UCI) അംഗീകരിച്ച ഇന്ത്യയിലെ ഏക സൈക്ലിംഗ് ട്രാക്ക് ആണ്. മുപ്പതിൽപ്പരം വിദേശരാജ്യങ്ങളിൽ നിന്നുള്ള സൈക്ലിസ്റ്റുകളെ ഉൾപ്പെടുത്തി MTB Kerala - 2024 എഡിഷൻ ഒക്ടോബർ മാസം 18, 19, 20 തീയതികളിൽ നടത്തുവാൻ ആലോചിക്കുന്നു. കൂടാതെ പ്രിയദർശിനി എസ്റ്റേറ്റിലെ സൈക്ലിംഗ് ട്രാക്ക് ഒരു സ്ഥിരം MTB ട്രാക്ക് ആയി മാറ്റുവാനും അവിടം ഒരു പരിശീലന കേന്ദ്രമാക്കി മാറ്റുന്നതിനും ആലോചിക്കുന്നു. സംസ്ഥാനത്തെ ബീച്ചുകൾ കേന്ദ്രീകരിച്ച് ഫ്ലോട്ടിംഗ് ബ്രിഡ്ജ് ഉൾപ്പെടെയുള്ള സാഹസിക വിനോദസഞ്ചാര പദ്ധതികൾ നടപ്പിലാക്കി വരുന്നു. ട്രക്കിംഗ്, ഹൈക്കിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ഇതിനുള്ള മാപ്പിംഗ്കൂടി ടൂറിസം വകുപ്പിന്റെ

നേതൃത്വത്തിൽ സജ്ജമാക്കുന്നുണ്ട്. കൂടുതൽ സാഹസിക കേന്ദ്രങ്ങളും ടൂറിസം വകുപ്പ് വികസിപ്പിച്ചു വരുന്നു.

(ബി) നമ്മുടെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യമായ കായിക വിനോദങ്ങളും ഇത്തരത്തിൽ വികസിപ്പിക്കാൻ കഴിയുന്ന കേന്ദ്രങ്ങളും ഏതെല്ലാമാണെന്നതു വിശകലനം ചെയ്തിട്ടുണ്ടോ?

നമ്മുടെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുസരിച്ച് മാത്രമേ സാഹസിക ടൂറിസം ആക്ടിവിറ്റികൾ വികസിപ്പിക്കാൻ കഴിയൂ. മൺസൂൺ സമയത്താണ് വൈറ്റ് വാട്ടർ കയാക്കിംഗും റാഫ്റ്റിംഗും നടത്തുവാൻ അനുയോജ്യം. വൈറ്റ് വാട്ടർ റാഫ്റ്റിംഗ് പരിശീലനത്തിനായി കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി മണ്ഡലത്തിൽ പുളിക്കയത്ത് അന്തർ ദേശീയ കയാക്കിംഗ് സെന്റർ ആരംഭിച്ചു. അതിന്റെ പ്രവർത്തനം ഈ മൺസൂൺ കാലത്ത്, പുഴയിൽ അനുയോജ്യമായ വെള്ളത്തിന്റെ ഒഴുക്ക് ലഭിക്കുന്നതിനനുസരിച്ച് ആരംഭിക്കും.

എന്നാൽ സർഫിംഗ് ആക്ടിവിറ്റി കടൽത്തീരത്ത് പൊതുവേ ഒക്ടോബർ മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിലാണ് അനുയോജ്യം. കോഴിക്കോട് ജില്ലയിലെ ഗോദീശ്വരം ബീച്ചിൽ റെസ്പോൺസിബിൾ ടൂറിസത്തിന്റെ യൂണിറ്റ്, സർഫിംഗ് സ്കൂളായി പരിശീലനം നൽകിവരുന്നു.

ഭൂപ്രകൃതിയുടെയും കാലാവസ്ഥയുടെയും അനുകൂല്യം കൊണ്ടുമാത്രമേ പാരാഗ്ലൈഡിംഗ് ആക്ടിവിറ്റികൾ ചെയ്യാൻ കഴിയൂ, അതിന് ഏറ്റവും അനുയോജ്യമായ സ്ഥലമാണ് വാഗമൺ. അതുപോലെതന്നെ ഇടുക്കി ജില്ലയിലെ ചിന്നക്കനാലിൽ ഗ്യാപ്പ് റോഡിനോട് ചേർന്ന പ്രദേശം പാരഗ്ലൈഡിംഗിന് അനുയോജ്യമായ സ്ഥലമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ നിലയിൽ സാഹസിക വിനോദ സഞ്ചാരത്തിന് വ്യത്യസ്ത കേന്ദ്രങ്ങളെ അടയാളപ്പെടുത്തിയാണ് വിനോദസഞ്ചാര വകുപ്പ് മുന്നോട്ടുപോകുന്നത്.

പുതുക്കിയ പാഠ്യപദ്ധതിയും പാഠപുസ്തക വിതരണവും

10(*250) ശ്രീ. വാഴൂർ സോമൻ:
ശ്രീ വി. ശശി:
ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾ പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷം വിദ്യാലയങ്ങളിൽ പാഠപുസ്തകങ്ങൾ കൃത്യസമയത്ത് തന്നെ വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. മുൻ നിശ്ചയിച്ച പ്രകാരം പാഠ്യപദ്ധതി പരിഷ്കരിച്ച 1,3,5,7,9 എന്നീ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ, പ്രവർത്തന പുസ്തകങ്ങൾ ഒഴികെ ഒന്നാം വാല്യം പാഠപുസ്തകങ്ങൾ മദ്ധ്യവേനൽ അവധി കഴിഞ്ഞ് സ്കൂളുകൾ തുറക്കുംമുമ്പ് തന്നെ വിതരണം ചെയ്യുന്നത് സംബന്ധിച്ച നടപടികൾ കൃത്യമായ ഇടവേളകളിൽ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് വിലയിരുത്തുന്നുണ്ട്. 1, 5, 7, 9 ക്ലാസ്സുകളിൽ പുതുതായി ഏർപ്പെടുത്തിയ പ്രവർത്തന പുസ്തകങ്ങൾകൂടി ഇതിനോടകം കുട്ടികൾക്ക് ലഭ്യമായിരിക്കും.

(ബി) സമൂഹത്തിന്റെ വൈവിധ്യത്തെ ഇല്ലാതാക്കി അസമത്വങ്ങളും അനീതികളും വർദ്ധിപ്പിക്കാൻ വിദ്യാഭ്യാസത്തെ ഉപയോഗപ്പെടുത്തുന്ന കേന്ദ്രനയത്തിന് ശക്തമായ പ്രതിരോധം സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തിന്റെ പുതിയ പാഠ്യ പദ്ധതിക്കും പാഠപുസ്തകങ്ങൾക്കും കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ;

ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് അത് പഠിതാക്കളിൽ വിനിമയം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 തയ്യാറാക്കിയിട്ടുള്ളത്. പാഠ്യപദ്ധതി ചട്ടക്കൂടിനെ അടിസ്ഥാനമാക്കിയുള്ള പാഠപുസ്തകങ്ങൾ 2024-25 അധ്യയനവർഷത്തിൽ 1, 3, 5, 7, 9 ക്ലാസുകളിൽ

നടപ്പാക്കുകയാണ്. പരിഷ്കരിച്ച പാഠപുസ്തകങ്ങൾ ക്ലാസ് റൂമിൽ വിനിമയം ചെയ്ത് തുടങ്ങിയിട്ട് ഒരു മാസം പൂർത്തിയായിട്ടില്ല. കുട്ടികൾ അതിലെ മൂല്യങ്ങൾ ഉൾക്കൊണ്ട് എത്രകണ്ട് മുന്നേറുന്നുവെന്നത് വരുംനാളുകളിൽ നമുക്ക് മനസ്സിലാക്കാൻ കഴിയും.

എന്നാൽ പാഠപുസ്തക ഉള്ളടക്കം സംബന്ധിച്ച് പൊതുസമൂഹങ്ങളിലും മാധ്യമങ്ങളിലും ഉണ്ടായിട്ടുള്ള ചർച്ചകൾ പാഠ്യപദ്ധതി വിനിമയം ചെയ്യുന്ന ആശയങ്ങൾ ഫലപ്രദമായി കുട്ടികളിൽ എത്തിക്കുന്നതിന് സഹായകമാകും എന്നു കരുതുന്നു. പാഠ്യപദ്ധതി മുന്നോട്ടുവയ്ക്കുന്ന ലിംഗനീതി എന്ന ആശയത്തെ പാഠപുസ്തകങ്ങൾ ഉൾക്കൊണ്ടതായി സമൂഹത്തിൽ നടന്ന ചർച്ചകൾ സൂചിപ്പിക്കുന്നു.

(സി) പുതുക്കിയ പാഠ്യപദ്ധതിയിൽ അക്കാദമിക മികവുകൾ വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്ന അധ്യാപക ശാക്തീകരണം വിജയകരമായി പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ പശ്ചാത്തലത്തിൽ നടന്ന പാഠപുസ്തകങ്ങളുടെ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ സവിശേഷ പ്രാധാന്യത്താടെയാണ് ഈ വർഷത്തെ അവധിക്കാല അധ്യാപക

പരിശീലനങ്ങൾ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ നടന്നത്. പരിശീലനം ഫലപ്രദമാക്കുന്നതിനുവേണ്ടി രണ്ട് ഘട്ടങ്ങളിലായി സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിൽ നിന്നുമായി എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിൽ നിന്നുമായി 170 ഓളം അധ്യാപകരുടെ നേതൃത്വത്തിലാണ് എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലെ പരിശീലന മൊഡ്യൂളുകൾ രൂപീകരിച്ചത്.

തുടർന്ന്, നാല് ദിവസം നീളുന്ന സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് പരിശീലനങ്ങൾ നടന്നു. എൽ.പി. തലത്തിൽ ഒരു ജില്ലയിൽ നിന്നും നാലുപേർ എന്ന നിലയ്ക്ക് എല്ലാ ക്ലാസിലെയും അധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ട് 8 സംസ്ഥാന റിസോഴ്സ് ഗ്രൂപ്പുകളാണ് നടന്നത്. ഒന്ന്, രണ്ട്, മൂന്ന്, നാല് ക്ലാസിന് പുറമേ അറബിക്, കന്നട, തമിഴ്, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് പ്രത്യേകമായും എസ്.ആർ.ജി.-കൾ (State Resource Group) നടത്തി.

യു.പി. തലത്തിൽ 11 കേന്ദ്രങ്ങളിലായി എസ്.ആർ.ജി. നടത്തി. ഒരു വിഷയത്തിൽ മൂന്നുപേർ എന്ന നിലയ്ക്കാണ് എല്ലാ ജില്ലയിൽ നിന്നും അംഗങ്ങളെ ഉൾപ്പെടുത്തിയത്. മലയാളം, അറബിക്, സംസ്കൃതം, തമിഴ്, ഉറുദു, കന്നട, ഇംഗ്ലീഷ്, ഹിന്ദി, സോഷ്യൽ സയൻസ്, ബേസിക് സയൻസ്, ഗണിതം എന്നീ

വിഷയങ്ങളിൽ നാല് ദിവസങ്ങളിലായി യു.പി. തലത്തിലുള്ള സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനം നടത്തി.

ഹൈസ്ക്കൂൾ വിഭാഗത്തിൽ ഒരു ജില്ലയിൽ നിന്നും ഒരു വിഷയത്തിൽ രണ്ടുപേർ എന്ന നിലയിൽ അധ്യാപകരെ ഉൾപ്പെടുത്തി 16 കേന്ദ്രങ്ങളിലായാണ് സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനം നടത്തിയത്. മലയാളം, അറബിക്, സംസ്കൃതം, തമിഴ്, ഉറുദു, കന്നഡ, ഇംഗ്ലീഷ്, ഹിന്ദി, സോഷ്യൽ സയൻസ്, ഗണിതം, കലാവിദ്യാഭ്യാസം, കായികവിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ പതിനാറ് വിഷയങ്ങളിലായാണ് ഹൈസ്കൂൾ വിഭാഗം എസ്.ആർ.ജി. നടന്നത്. ഈ പരിശീലനങ്ങൾ എല്ലാം റസിഡൻഷ്യൽ രീതിയിലാണ് നടത്തിയത്.

ദീർഘകാലത്തിനുശേഷമാണ് അവധിക്കാല അധ്യാപക പരിശീലനം ഹയർ സെക്കണ്ടറി വിഭാഗത്തിൽ നടക്കുന്നത്. മൂന്ന് ഘട്ടങ്ങളിലായാണ് മൊഡ്യൂൾ നിർമ്മാണ ശില്പശാലകൾ ചേർന്നത്. ഓരോ വിഷയങ്ങളിൽ നിന്നും നാല് അധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ടാണ് ശില്പശാലകൾ സംഘടിപ്പിച്ചത്.

ആദ്യഘട്ടമായി പതിനാല് വിഷയങ്ങളിലാണ് എസ്.ആർ.ജി. നടത്തിയത്. സോഷ്യോളജി, ഗണിതം, കമ്പ്യൂട്ടർ സയൻസ്, ഹിസ്റ്ററി, കെമിസ്ട്രി, ബോട്ടണി,

സുവോളജി എന്നീ വിഷയങ്ങൾ ഓരോ ഘട്ടമായും മലയാളം, ഫിസിക്സ്, ഇംഗ്ലീഷ്, കൊമേഴ്സ്, ഇക്കണോമിക്സ്, പൊളിറ്റിക്സ് എന്നീ വിഷയങ്ങൾ രണ്ട് ഘട്ടമായും നടത്തി.

13 കേന്ദ്രങ്ങളിലായി മൂന്നാംഘട്ട ഹയർ സെക്കണ്ടറി തല എസ്.ആർ.ജി. പരിശീലനം ഇനി നടക്കാനുണ്ട്. ഈ പരിശീലനത്തിൽ ഗാന്ധിയൻ സ്റ്റഡീസ്, സൈക്കോളജി, ജിയോളജി, ഫിലോസഫി, ജ്യോഗ്രഫി, ജേർണലിസം, ഉറുദു, സോഷ്യൽ വർക്ക്, ഹോം സയൻസ്, തമിഴ്, അറബിക്, കന്നഡ എന്നീ വിഷയങ്ങൾ ഒറ്റ ഘട്ടമായും സംസ്കൃതവും സ്റ്റാറ്റിസ്റ്റിക്സും രണ്ട് ഘട്ടമായും നടക്കും.

ഫീൽഡുതല അധ്യാപക പരിശീലനത്തിന് സമഗ്ര ശിക്ഷ കേരള നേതൃത്വം കൊടുത്തു.

(ഡി) പൊതു വിദ്യാഭ്യാസം പിന്തുടരുന്ന എല്ലാ പാഠപുസ്തകങ്ങളുടെയും തുടക്കത്തിൽ ഇന്ത്യൻ ഭരണഘടനയുടെ ആമുഖം ഉൾപ്പെടുത്തിയിട്ടുള്ളത് കുട്ടികൾ ഭരണഘടന പഠിക്കുന്നതിനും അതിന്റെ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതിനും സഹായകമായിട്ടുണ്ടോ; വിശദമാക്കുമോ?

ഭരണഘടനയോടുള്ള ആദരവ് കുട്ടികളിൽ നിലനിർത്തുന്നതിന് ഇന്ത്യൻഭരണഘടനയുടെ ആമുഖം എല്ലാ പാഠപുസ്തകങ്ങളുടെയും ഉള്ളടക്കത്തിന്റെ

ഭാഗമാക്കിയിട്ടുണ്ട്. ഭരണഘടന മൂല്യങ്ങൾ കുട്ടികൾ കൈവരിക്കണമെന്ന ലക്ഷ്യത്തോടെയാണ് കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 തയ്യാറാക്കിയിട്ടുള്ളത്. ഇതിനെ അടിസ്ഥാനമാക്കിയിട്ടുള്ള പാഠപുസ്തകങ്ങളും അധ്യാപക സഹായിയും ഈ നിലപാടിൽ ഉറച്ചു നിന്നുള്ളതാണ്.

പുതിയ പാഠ്യപദ്ധതി അടിസ്ഥാനമാക്കിയുള്ള പാഠപുസ്തകങ്ങൾ സ്കൂൾതലത്തിൽ വിനിമയം ചെയ്യുവാൻ ആരംഭിച്ചിട്ട് ഒരുമാസം പൂർത്തിയാകുന്നതേയുള്ളൂ. കുട്ടികൾ അതിലെ മൂല്യങ്ങൾ എപ്രകാരം ഉൾക്കൊണ്ടു എന്നത് വരുംനാളുകളിൽ നമുക്ക് മനസ്സിലാക്കാൻ കഴിയും.

സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതികൾ

11(*251) ശ്രീ. ഒ. ആർ. കേളു:
ശ്രീമതി യു. പ്രതിഭ:
ശ്രീമതി കാനത്തിൽ ജമീല:

ശ്രീ. എ. പ്രഭാകരൻ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് ആസൂത്രണം ചെയ്ത പദ്ധതികൾ വിനോദസഞ്ചാര മേഖലയിൽ ഗുണപരമായ നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കേരളത്തെ സമ്പൂർണ്ണ സ്ത്രീ സൗഹൃദ വിനോദസഞ്ചാര കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി, യു.എ.ൻ വിമൻമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണ് 'സ്ത്രീ സൗഹൃദ ടൂറിസം പദ്ധതി'. 2022 ഒക്ടോബർ 26-ന് പദ്ധതിക്ക് തുടക്കമിട്ടു.

സ്ത്രീകളെ കൂടുതലായി ടൂറിസം രംഗത്തേയ്ക്ക് ആകർഷിച്ച് ടൂറിസം മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിനും സ്ത്രീ സൗഹാർദ്ദ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുമുള്ള വിവിധ അടിസ്ഥാന പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി മുഖേന നടത്തിവരുന്നു. ഇതിന്റെ ഭാഗമായി എക്സ്ക്ലൂസീവ് വിമൺ ടൂറുകൾ നടത്തുന്ന വിവിധ യൂണിറ്റുകൾ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ, സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി മുഖേന നടത്തി വരുന്നു.

പ്രാദേശിക ജനസമൂഹത്തിലെ സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിന്റെ ഭാഗമായി പ്രയോജനപ്പെടുത്തുന്ന വിവിധ ടൂളുകളിൽ ഒന്നായ ജൻഡർ ഓഡിറ്റ് ടൂറിസം ആദ്യമായി നടത്തുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനം ആണ് കേരളം. നിലവിൽ 6 കേന്ദ്രങ്ങളിൽ ജൻഡർ ഓഡിറ്റ് നടന്നു വരുന്നു, പുതുതായി 10 കേന്ദ്രങ്ങളിൽക്കൂടി ഈ സാമ്പത്തിക വർഷം ജൻഡർ ഓഡിറ്റ് നടപ്പിലാക്കും. ഇതിന് പുറമെ 68 കേന്ദ്രങ്ങളിൽ സേഫ്റ്റി ഓഡിറ്റ് പൂർത്തിയാക്കി.

കേരളത്തിൽ നടന്നുവരുന്ന സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി ആഗോള മാതൃകയായി വളരുകയാണ്. പ്രസ്തുത പ്രവർത്തനങ്ങൾ ലോക ശ്രദ്ധയിൽ എത്തിക്കുന്നതിന് യു.എൻ വുമൺ-ന്റെ കൂടി പങ്കാളിത്തത്തോടെ ഒരു ഗ്ലോബൽ വിമൺ കോൺഫറൻസ് ഓൺ റെസ്പോൺസിബിൾ & ജൻഡർ ഇൻക്ലൂസീവ് ടൂറിസം 2024 ഒക്ടോബറിൽ നടത്തുന്നതിന് ആലോചിക്കുന്നുണ്ട്.

(ബി) സ്ത്രീ സൗഹൃദ വിനോദസഞ്ചാര ശൃംഖല സൃഷ്ടിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതിയുമായി ബന്ധപ്പെട്ട് 2800 സ്ത്രീകൾ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. വിവിധ പരിശീലനങ്ങളിൽ 83 പേർക്ക് ടെയിനേഴ്സ് ഓഫ് ടെയിനിംഗ് കോഴ്സും 56

പേർക്ക് ഹോംസ്റ്റേ നടത്തുവാനുള്ള ട്രെയിനിംഗ്രം 34 കമ്മ്യൂണിറ്റി ലീഡർ ട്രെയിനിംഗ്രം അഗ്രി ടൂറിസത്തിൽ 48 പേർക്ക് ട്രെയിനിംഗ്രം നൽകുകയുണ്ടായി. 2300 ഓളം പേർക്ക് വിമൺ ഫ്രണ്ട്ലി ടൂറിസത്തെക്കുറിച്ച് ഓറിയന്റേഷൻ നൽകി. ജൻഡർ ഓഡിറ്റ് 5 സ്ഥലങ്ങളിൽ പൂർത്തിയായി. 11 സ്ഥലങ്ങളിൽ ഈ വർഷം പൂർത്തിയാക്കും. പദ്ധതിയുടെ ഭാഗമായി വിവിധ പരിശീലനങ്ങൾ നടത്തുന്നതിനുവേണ്ടി പരിശീലകരെ തെരഞ്ഞെടുക്കുന്നതിനുള്ള ട്രെയിനിംഗ്രം പൂർത്തിയായി. 73 പേർ പരിശീലനം പൂർത്തിയാക്കി സംസ്ഥാനതല റിസോഴ്സ് പേഴ്സൺമാരായി മാറി. ടൂർ ഗൈഡ്, ടൂർ ഓപ്പറേറ്റർ, ഡ്രൈവർമാർ, ഹോംസ്റ്റേകൾ, റെസ്റ്റോറന്റ് മേഖലകളിൽ സംരംഭങ്ങൾ തുടങ്ങാനുള്ള പ്രവർത്തനം സംഘടിപ്പിക്കും. ഇവയെല്ലാം ഏകോപിപ്പിച്ച്, ഒരു സ്ത്രീ സൗഹാർദ്ദ ടൂറിസം ശൃംഖല രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ചെയ്തുവരുന്നു. പദ്ധതിയുടെ ഭാഗമായി കമ്മ്യൂണിറ്റി ടൂർ ലീഡർ പരിശീലനം നടത്തി. ആദ്യ ബാച്ചിൽ നിന്നും 34 പേർ കമ്മ്യൂണിറ്റി ടൂർ ലീഡർ പരിശീലനം നേടി കഴിഞ്ഞു. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ആകെ യൂണിറ്റുകളിൽ 17631 (70%) യൂണിറ്റുകൾ സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ സ്ത്രീകൾ നയിക്കുന്നതോ ആണ്.

ഈ യൂണിറ്റുകൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ത്രീ സൗഹാർദ്ദ യാത്രകൾ നടത്തുന്ന സ്ത്രീകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടത്തി വരുന്നു.

(സി) സ്ത്രീ സൗഹൃദ വിനോദസഞ്ചാര മൊബൈൽ ആപ്പിന്റെ പ്രവർത്തനം വിവരിക്കാമോ; പ്രസ്തുത ആപ്പിന്റെ ഉപയോഗം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ടൂറിസം വകുപ്പിന്റെ നിലവിലുള്ള മൊബൈൽ ആപ് സഞ്ചാരികൾക്ക് എളുപ്പത്തിൽ വിവരങ്ങൾ നൽകുന്ന രീതിയിലാണ് വികസിപ്പിച്ചിരിക്കുന്നത്. പ്രസ്തുത ആപ് സ്ത്രീ സൗഹാർദ്ദമാക്കുന്ന രീതിയിൽ കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) വനിതാ യാത്രികർക്ക് വിവിധ സേവനങ്ങളും ഹോംസ്റ്റേയും സുരക്ഷാ ജീവനക്കാരെയും മറ്റും വനിതകളിൽ നിന്നുതന്നെ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വനിതാ യാത്രികർക്ക് വിവിധ സേവനങ്ങളും ഹോംസ്റ്റേയും സുരക്ഷാ ജീവനക്കാരെയും മറ്റും വനിതകളിൽ നിന്നുതന്നെ ലഭ്യമാക്കുന്നതിനുവേണ്ടി

എക്സ്ക്ലൂസീവ് വിമൺ ടൂറുകൾ നടത്തുന്ന വിവിധ യൂണിറ്റുകൾ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ, സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നുണ്ട് .

ആധാരങ്ങളുടെ ഡിജിറ്റൈസേഷനും ഡിജിറ്റൽ സ്കെച്ചും

12 (*252) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ .ഡി. പ്രസേനൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ നടപടികളുടെ പുരോഗതി അറിയിക്കാമോ?

2018-19-ൽ ആരംഭിച്ച ഡിജിറ്റൈസേഷൻ പദ്ധതി 8 ജില്ലകളിൽ ഒന്നാംഘട്ടം പൂർത്തിയാക്കുകയും ശേഷിച്ച 6 ജില്ലകളിലേക്കുംകൂടി പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്തിരുന്നു. സർക്കാർ സ്ഥാപനമായ സി-ഡിറ്റാണ് പദ്ധതിയുടെ ചുമതല വഹിച്ചുവരുന്നത്. തിരുവനന്തപുരം, കൊല്ലം,

പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽ സ്കാനിംഗ് ജോലികൾ പൂർത്തിയാക്കുകയും ഈ ജില്ലകളിൽ ഡിജിറ്റൽ ഒപ്പോടു കൂടിയ ആധാരപ്പകർപ്പുകൾ ഓൺലൈനായി നല്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കുകയും ചെയ്തിരുന്നു. നിലവിൽ കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ പദ്ധതി പുരോഗമിക്കുന്നു. ഈ പദ്ധതി 2025 -ഓടെ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) ഇടപാടുകൾ നടത്തുന്ന ഭൂമിയുടെ ഡിജിറ്റൽ സ്കെച്ചുകൾ രജിസ്ട്രേഷൻ വകുപ്പിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഡിജിറ്റൽ റീസർവ്വെ പദ്ധതിക്ക് തുടക്കം കുറിച്ച സാഹചര്യത്തിൽ ഇടപാടുകൾ നടത്തുന്ന ഭൂമിയുടെ ഡിജിറ്റൽ സ്കെച്ചുകളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഈ പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ റവന്യൂ - രജിസ്ട്രേഷൻ - സർവ്വെ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ നടന്നു വരുന്നു. ഇതിനായി 'എന്റെ ഭൂമി' എന്ന പോർട്ടൽ സജ്ജമാക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. രജിസ്ട്രേഷൻ വകുപ്പിന്റെ PEARL, റവന്യൂ വകുപ്പിന്റെ RELIS, സർവ്വെ വകുപ്പിന്റെ E MAP എന്നീ മൂന്ന്

സോഫ്റ്റ്വെയറുകളും കൂടി സംയോജിപ്പിച്ചു കൊണ്ടാണ് 'എന്റെ ഭൂമി' പോർട്ടൽ സൗകര്യം നടപ്പിലാക്കുന്നത്.

(സി) ഒരു ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും ആ ജില്ലയിലെ ആധാരം രജിസ്റ്റർ ചെയ്യുന്നത് സാധ്യമാക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള നിയമ ഭേദഗതി പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ?

ഒരു ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും ആ ജില്ലയിലെ ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം 2021 മുതൽ നടപ്പിലാക്കിയിരുന്നു. S.R.O.No.745/2020 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 30-10-2020-ലെ G.O. (P)No.146/2020/Taxes നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് ഈ സൗകര്യം നടപ്പിലാക്കിയിട്ടുള്ളത്. ഒരു ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർമാർക്കും ആ ജില്ലയിലെ എല്ലാ ഓഫീസുകളും അധികാര പരിധിയായി നിശ്ചയിച്ചുകൊണ്ടുള്ള നിയമ ഭേദഗതിയിലൂടെയാണ് ഈ പരിഷ്കാരം നടപ്പിലാക്കിയത്. 2021 മുതൽ നാളിതു വരെ ഈ സൗകര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് 17900 ആധാരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഡെസ്റ്റിനേഷൻ വെഡ്ഡിംഗ്

13(*253) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി:

ശ്രീ എം മുകേഷ്: പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് പദ്ധതി ആരംഭിച്ചതിന്റെ അനുഭവങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(ബി) പ്രസ്തുത പദ്ധതിക്ക് അനുയോജ്യമായ കേന്ദ്രങ്ങൾ കണ്ടെത്തിയതിന്റേയും വികസിപ്പിച്ചതിന്റേയും വിശദാംശം ലഭ്യമാക്കുമോ?

(എ)&(ബി) കേരളത്തെ മികച്ച വിവാഹ ഡെസ്റ്റിനേഷനാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ഡെസ്റ്റിനേഷൻ വെഡ്ഡിംഗ്". കേരളത്തിന്റെ സമാനതകളില്ലാത്ത പ്രകൃതി സൗന്ദര്യം, മനോഹരമായ സ്ഥലങ്ങൾ, കണക്ടിവിറ്റി, മികച്ച താമസസൗകര്യം, എന്നിവ മുൻനിർത്തിക്കൊണ്ട് കേരളത്തെ വെഡ്ഡിംഗ് ടൂറിസത്തിന്റെ മുൻനിര കേന്ദ്രമാക്കി മാറ്റാനാണ് വകുപ്പ് ലക്ഷ്യമിടുന്നത് .

മറ്റ് സംസ്ഥാനങ്ങളിൽ നിന്നും, വിദേശ രാജ്യങ്ങളിൽ നിന്നും വിവാഹങ്ങൾ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ വച്ച് നടത്തുകയും ഇത്തരത്തിൽ ആഭ്യന്തര

വിദേശ വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുവാനും അതിലൂടെ വിനോദസഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുവാനും ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് നടപ്പിലാക്കുന്നതിലൂടെ കഴിയുമെന്നാണ് വകുപ്പ് പ്രതീക്ഷിക്കുന്നത്.

ലോകത്തിലെ ഏറ്റവും ആകർഷകമായ ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് കേന്ദ്രങ്ങളിൽ ഒന്നെന്ന നിലയിൽ ശ്രദ്ധ നേടിയിട്ടുള്ള കേരളത്തിന്റെ മനോഹാരിത, പ്രശസ്ത ഇന്ത്യൻ അമേരിക്കൻ ഗായിക വിദ്യാവോക്ലിന്റെ കേരളം പശ്ചാത്തലമാകുന്ന "ശുഭമാംഗല്യം" എന്ന വീഡിയോഗാനത്തിലൂടെ അവതരിപ്പിച്ചിട്ടുണ്ട്. മലയാളികൾ അല്ലാത്ത വധൂവരന്മാർ കേരളത്തിൽ വിവാഹം ആഘോഷിക്കുന്നതാണ് പ്രസ്തുത വീഡിയോയിൽ ചിത്രീകരിച്ചിരിക്കുന്നത്. ആലപ്പുഴയിലെ കായൽ, വാഗമൺ, മാരാരി ബീച്ച് എന്നിവിടങ്ങളിൽ ചിത്രീകരിച്ച “ശുഭമാംഗല്യം” ഇതിനകം 20 ലക്ഷത്തിലധികം കാഴ്ചക്കാരെ നേടുകയുണ്ടായി. കേരളത്തിന്റെ പ്രകൃതി സൗന്ദര്യവും അനുയോജ്യമായ ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് എന്ന നിലയിലുള്ള കേരളത്തിന്റെ സ്ഥാനവും “ശുഭമാംഗല്യം”-ത്തിന് ലഭിച്ച സോഷ്യൽ മീഡിയ കാഴ്ചക്കാരുടെ എണ്ണം വെളിപ്പെടുത്തുന്നു.

കേരളത്തെ മികച്ച ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് കേന്ദ്രമായി ഉയർത്തുന്നതിനായി വിമാനത്താവളങ്ങളിലും സോഷ്യൽ മീഡിയ

പ്ലാറ്റ്ഫോമുകളിലും വിനോദസഞ്ചാര വകുപ്പ് പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഈ ക്യാമ്പയിനിനുശേഷം വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ എന്ന നിലയിൽ കേരളത്തെ പ്രയോജനപ്പെടുത്തുന്ന പ്രവണത വർദ്ധിച്ചിട്ടുണ്ടെന്നാണ് ടൂറിസം വകുപ്പിന്റെ വിലയിരുത്തൽ.

വിനോദസഞ്ചാര മേഖലയിലെ സ്വകാര്യ സംരംഭകരായ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവ കൂടാതെ വിനോദസഞ്ചാര കേന്ദ്രമായ ശംഖുമുഖം ബീച്ചിനോട് ചേർന്നുള്ള മുത്തുച്ചിപ്പി പാർക്കിൽ ഡി.ടി.പി.സി-യുടെ നേതൃത്വത്തിൽ സർക്കാർ മേഖലയിലും ഒരു ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കെ.ടി.ഡി.സി-യുടെ കോവളം സമുദ്ര, കുമരകം വാട്ടർ സ്കേപ്സ്, ബോൾഗാട്ടി പാലസ് എന്നിവയെ ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് കേന്ദ്രങ്ങളായി കണ്ടെത്തി വികസിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി നവീകരിച്ച കെ.ടി.ഡി.സി സമുദ്ര റിസോർട്ടിന്റെ ഉദ്ഘാടനം 30-01-2024-ന് നിർവ്വഹിച്ചിട്ടുണ്ട്.

(സി) പ്രസ്തുത കേന്ദ്രങ്ങൾ സ്വകാര്യ, പൊതുമേഖലകളിൽ വിവാഹങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി ഉപയോഗപ്പെടുത്തിയതിന്റെ വിശദാംശവും ഇതിലൂടെ ലഭ്യമായ വരുമാനവും കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

തിരുവനന്തപുരം, ശംഖുമുഖം ബീച്ചിന് എതിർവശം ഡി.റ്റി.പി.സി.-യുടെ അധീനതയിലുള്ള മുത്തുച്ചിപ്പി പാർക്കിൽ വെഡ്ഡിംഗ് ഡെസ്റ്റിനേഷനായി പത്രപരസ്യം മുഖാന്തരം ദർഘാസ് ക്ഷണിക്കുകയും നടപടിക്രമങ്ങളിലൂടെ തിരുവനന്തപുരം ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ഡെവലപ്പ്മെന്റ് ടൂറിസം സോസൈറ്റിയെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രതിവർഷം വാടകയിനത്തിൽ 12,50,000/-+GST രൂപയും, സെക്യൂരിറ്റി തുക 3,12,500/- രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് പദ്ധതിയുടെ ഭാഗമായി കെ.ടി.ഡി.സി-യുടെ ബോൾഗാട്ടി പാലസിൽ 289 വിവാഹങ്ങളും കോവളം സമുദ്രയിൽ 4 വിവാഹങ്ങളും കുമരകം വാട്ടർ സ്കേപ്സിൽ 20 വിവാഹങ്ങളും നടന്നു കഴിഞ്ഞു.

നിർമ്മാണ മേഖലയിൽ നവീന സാങ്കേതികവിദ്യകൾ

14 (*254) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. പ്രേംകുമാർ:

ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) റോഡുകളും പാലങ്ങളും ഈടുനിൽക്കുന്നതിനായി നവീന പദ്ധതികൾ ഉപയോഗപ്പെടുത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

നടപ്പിലാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഡിസൈൻ ചെയ്യുന്ന പാലങ്ങൾ IRC (Indian Road Congress) മാനദണ്ഡങ്ങൾ അനുസരിച്ചാണ് തയ്യാറാക്കുന്നത്. റോഡുകളും പാലങ്ങളും ഈടുനിൽക്കുന്നതിനായി നവീന സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിയാണ് പദ്ധതി രൂപരേഖ തയ്യാറാക്കുന്നത്. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിലും വിവിധ വിംഗുകളുടെ നേതൃത്വത്തിലും കേരളത്തിന് അനുയോജ്യമായ സാങ്കേതികവിദ്യ കണ്ടെത്തുകയും അവ നടപ്പിലാക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നു. നൂതനമായ സംവിധാനങ്ങൾ ഇവിടെ വികസിപ്പിച്ചെടുക്കുകയും ചെയ്യുന്നുണ്ട്. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പൈലറ്റ് പ്രോജക്ട് അടിസ്ഥാനത്തിൽ Madras IIT, Tirupati IIT എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് ചെലവ് കുറഞ്ഞ അൾട്രാ ഹൈ പേർഫോമൻസ് ഫൈബർ റീ ഇൻഫോർസ്ഡ് കോൺക്രീറ്റ് (UHPFRC) വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ മിശ്രിതം ഉപയോഗിച്ച് ഗർഡറുകൾ

പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിക്കുകയും ബലപരിശോധനയിൽ വിജയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിർമ്മാണ മേഖലയിൽ ഉപയോഗപ്പെടുത്തുന്ന നവീന സാങ്കേതികവിദ്യകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

നവീന സാങ്കേതിക വിദ്യകളായ Geocells & Geogrids, Full Depth Reclamation, Soil nailing Catholic protection, പ്രീ ഫാബ്രിക്കേറ്റഡ് സ്ട്രക്ചേഴ്സ് നിർമ്മാണം, ഡ്രോൺ അധിഷ്ഠിത സർവേയിംഗ് എന്നിവ നിർമ്മാണ മേഖലയിൽ ഉപയോഗപ്പെടുത്തി വരുന്നുണ്ട്. പാലം നിർമ്മാണ പ്രവർത്തിയുടെ പൂർത്തീകരണ സമയം ഗണ്യമായി കുറയ്ക്കുംവിധം Precast Girder ഡിസൈൻ ആണ് തയ്യാറാക്കുന്നത്.

പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന്റെ കീഴിൽ കാലാവസ്ഥയുടെയും ഭൂപ്രകൃതിയുടെയും പ്രത്യേകതകൾ കണക്കിലെടുത്ത് റോഡുകൾ ദീർഘകാലം നിലനിൽക്കാനായി റോഡ് നിർമ്മാണത്തിൽ നൂതന രീതിയിലുള്ള സാങ്കേതിക വിദ്യകളാണ് രൂപകല്പന ചെയ്തുവരുന്നത്. മഴക്കെടുതിയെ പ്രതിരോധിക്കുവാൻ ഉപരിതലത്തിലെ വൈറ്റ് ടോപ്പിംഗ്, സസ്റ്റൈനബിൾ മെറ്റീരിയലുകളായ modified Bitumen, Interlocking Concrete Blocks തുടങ്ങിയവ ഉൾപ്പെടുത്തിയാണ്

റോഡുകളുടെ രൂപരേഖ തയ്യാറാക്കി വരുന്നത്. റോഡുകൾ രൂപകല്പന ചെയ്യുമ്പോൾ embankment-നെ മണ്ണിടിച്ചിലിൽ നിന്ന് സംരക്ഷിക്കുന്നതിലേയ്ക്കായി ജിയോ ടെക്സ്റ്റൈൽ നൽകാറുണ്ട്. ദുർബ്ബലമായ Subgrade-കൾ ഉള്ള റോഡിന്റെ ഭാഗങ്ങളിൽ റോഡിനെ ശക്തിപ്പെടുത്തുന്നതിലേയ്ക്കായി geocells, geogrid Sabilisation method, Cement treated Base (CTB) തുടങ്ങിയവ നൽകിവരുന്നു. കാലാവസ്ഥാ മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്നതിലേക്കായി ഗാബിയോൺ സംരക്ഷണ ഭിത്തികൾ ആവശ്യാനുസരണം രൂപരേഖയിൽ ഉൾപ്പെടുത്തിവരുന്നു. ഗ്രൗണ്ട് ഇംപ്രൂവ്മെൻറ് ചെയ്യുന്നതിനും റോഡ് ഈടുനിൽക്കുന്നതിനും കയർ ഭ്രവസ്തം, PVD, Gabion Structure, friction Slab എന്നിവ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പ്രകൃതി സംരക്ഷണത്തിന്റെ ഭാഗമായി shredded plastic പുനരുപയോഗവും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഏതൊക്കെ റോഡ്-പാലം പ്രവൃത്തികളാണ് പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിംഗുകളിൽ നടക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ;

പൊതുമരാമത്ത് നിരത്ത് വിഭാഗം മുഖേന നടത്തുന്ന പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Name of Road	Modern Technology Adopted
Improvements to Cheeppunkal- Maniyaparambu (Maniyaparambu- Cheepunkal) road ch:0/000 to 5/500 km	Geo Textile and PVD
Construction of new road in Nedumudy Kuppapuram road ch:8/435 to 9/635- (1.200 km)	Geo Textile
Ambalappuzha Thottappalli -Kottaravalavu Bypass	Geo Textile
Improvement by providing DGBM and BG to Asramom Link Road 0/00 to 0/900	Geo Textile

കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

Name of Road	Modern Technology Adopted
Enathu-Pathanapuram road in Kollam District	FDR Technology
Pallimukku-Alimukku Road in Kollam District	FDR Technology
Peruman Mandrothuruthu bridge in Kollam District	Extradosed Type

ആർ. ബി. ഡി. സി. കെ. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

Name of Bridge	Modern Technology Adopted
Thirunavaya-Thavannur river Bridge	Ultra high Performance fibre Reinforced Concrete Technology
Guruvayoor ROB	Steel Concrete Composite Structure

8 ROB-കൾ പ്രവൃത്തി തുടരുന്നു.

KRFB-PMU മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

Name of Work	Modern Technology Adopted
Kecheri-Akkikkavu-(KRFB)	Jio cell
Alappuzha City Road	White topping, Milling
Malampuzha Bridge	Pre fabricated Technology

(ഡി) ഇത്തരം സാങ്കേതിക വിദ്യകൾ വ്യാപകമായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പൂർത്തിയായ പദ്ധതികളിൽ ഇത്തരം സാങ്കേതിക വിദ്യയുടെ പ്രയോജനങ്ങൾ വിശകലനം ചെയ്യാൻ നടപടികളുണ്ടോയെന്ന് വ്യക്തമാക്കുമോ?

പുതിയ സാങ്കേതിക വിദ്യ അനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നത് പരിശോധിച്ചുവരുന്നു.

വിദ്യാർഥികളുടെ വീടുകളിലെത്തി പഠനപിന്തുണ ഉറപ്പാക്കാൻ പദ്ധതി

15 (*255) ശ്രീ. കെ.കെ. രാമചന്ദ്രൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീമതി ഒ എസ് അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി)സദയം മറുപടി നൽകുമോ:

(എ) പഠനനിലവാരത്തിൽ പിന്നിലുള്ള വിദ്യാർത്ഥികളുടെ വീടുകളിലെത്തി പഠനപിന്തുണ ഉറപ്പാക്കുന്നതിനായി പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

പഠനനിലവാരത്തിൽ പിന്നിലുള്ള വിദ്യാർത്ഥികളുടെ വീടിനു സമീപമുള്ള പൊതുയിടങ്ങളിൽ വച്ച് പഠനപിന്തുണ ഉറപ്പാക്കുന്നതിനായുള്ള പദ്ധതി ആസൂത്രണം ചെയ്തിരുന്നു. പഠിതാക്കളുടെ കഴിവുകളും പരിമിതികളും വിശകലനം ചെയ്ത് അവരുടെ പഠനപ്രശ്നമേഖലകൾ ഏതെല്ലാമെന്ന് കണ്ടെത്തി ആവശ്യമായ പഠനപിന്തുണ നൽകുന്നതിനായുള്ള പ്രവർത്തനം ഓരോ

വിദ്യാലയങ്ങളിലും നടക്കേണ്ടതുണ്ട്. പ്രഥമാധ്യാപകന്റെ നേതൃത്വത്തിൽ എസ്.ആർ.ജി.-യിൽ കുട്ടികൾക്ക് പ്രയാസം നേരിടുന്ന മേഖലകൾ ചർച്ച ചെയ്യുകയും ഓരോ ക്ലാസിലെയും കുട്ടികളുടെ പഠനപ്രയാസങ്ങളെ പൊതുവായി ക്രോഡീകരിക്കുകയും ചെയ്യേണ്ടതുണ്ട്. പഠനപിന്തുണ ആവശ്യമുള്ള കുട്ടികളുടെ വീടുകൾ അധ്യാപകർ നേരിട്ട് സന്ദർശിക്കണം. കണ്ടെത്തിയ പഠനപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനപദ്ധതി സ്കൂൾ തലത്തിൽ തയ്യാറാക്കേണ്ടതാണ്.

പലവിധ കാരണങ്ങളാൽ പഠനലക്ഷ്യങ്ങൾ ആർജ്ജിക്കാത്ത കുട്ടികൾക്ക് കൈത്താങ്ങ് നൽകുകയും പഠനവേഗത കുറഞ്ഞ കുട്ടികൾക്ക് കൂടുതൽ സമയം ലഭ്യമാക്കുകയും ചെയ്ത്, ആർജ്ജിക്കേണ്ട ശേഷികളിലേക്ക് കുട്ടിയെ എത്തിക്കാൻ വിദ്യാലയവും സമൂഹവും അധ്യാപകരുടെ നേതൃത്വത്തിൽ നടത്തുന്ന ശ്രമങ്ങളാണ് ഈ പഠനപിന്തുണാ പരിപാടിയുടെ കാതൽ. ഇങ്ങനെ അതത് ക്ലാസിലെ പഠനലക്ഷ്യങ്ങൾ ഓരോ പഠിതാവും കൃത്യമായി നേടിയെന്ന് ഉറപ്പുവരുത്തുകയും തുടർപഠനം സുഗമാക്കുകയും ചെയ്യുക എന്നത് ഓരോ വിദ്യാലയവും ഓരോ അധ്യാപകരും ഏറ്റെടുക്കേണ്ട പ്രവർത്തനമാണ്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ മാർഗ്ഗരേഖ തയ്യാറാക്കുന്നതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) കേരളം.

(സി) ഇത്തരം വിദ്യാർത്ഥികളുടെ കഴിവുകളും പരിമിതികളും കണ്ടെത്തുന്നതിനായി പ്രത്യേക സംവിധാനങ്ങൾ വികസിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പഠനനിലവാരത്തിൽ പിന്നിലുള്ള വിദ്യാർത്ഥികളുടെ കഴിവുകളും പരിമിതികളും കണ്ടെത്തുന്നതിനായി പ്രത്യേക സംവിധാനങ്ങൾ വികസിപ്പിച്ചിട്ടില്ല. പഠനനിലവാരത്തിൽ പിന്നിലുള്ള വിദ്യാർത്ഥികളുടെ പരിമിതികളും കഴിവുകളും ടേമിനൽ ഇവാലുവേഷൻ ഫലങ്ങളും നിരന്തര വിലയിരുത്തലിന്റെ ഭാഗമായുള്ള കണ്ടെത്തലുകളും വിശകലനം ചെയ്താണ് തയ്യാറാക്കേണ്ടത്. ഓരോ വിഷയത്തിലും ഉള്ള പഠിതാവിന്റെ കഴിവുകളും പരിമിതികളും സംബന്ധിച്ച കുറിപ്പ് ക്ലാസ് അധ്യാപകർ തയ്യാറാക്കേണ്ടതുണ്ട്. അധ്യാപകരുടെ കണ്ടെത്തലുകൾ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ ചർച്ചയ്ക്ക് വിധേയമാക്കുകയും കണ്ടെത്തിയ പഠനപ്രയാസങ്ങൾ

പരിഹരിക്കുന്നതിനാവശ്യമായ പിന്തുണ പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ ആസൂത്രണം ചെയ്യേണ്ടതുമാണ്. 'ഒരു കുട്ടി ഒരു യൂണിറ്റ്' എന്ന കാഴ്ചപ്പാടിൽ ഊന്നിയായിരിക്കണം പ്രവർത്തനങ്ങൾ നൽകേണ്ടത്. അതായത് ഓരോ കുട്ടിക്കും വ്യക്തിഗതമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. ഓരോ കുട്ടിയുടെയും വ്യക്തിഗതമായ പ്ലാനുകൾ രക്ഷിതാവുമായി നടക്കുന്ന ചർച്ചയിൽ വിശദീകരിക്കുകയും ബോധ്യപ്പെടുത്തുകയും വേണം.

ഗുണാത്മകമായ നിർദ്ദേശങ്ങളിലൂടെ രക്ഷിതാവിന്റെ പിന്തുണ ഉറപ്പുവരുത്തുകയും ചെയ്യണം. തിരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ രക്ഷിതാക്കൾക്ക് ഒരു ബോധവൽക്കരണ ക്ലാസ് നടത്തുകയും പ്രവർത്തന പദ്ധതി വിശദീകരിക്കുകയും വേണം. ഒന്നാം ക്ലാസ് മുതൽ ഒമ്പതാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പ്രസ്തുത പ്രവർത്തനങ്ങൾ നൽകേണ്ടതാണ്. ഗൃഹാങ്കണ വിദ്യാലയത്തിന്റെ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സാധ്യമായ പൊതുയിടങ്ങളിൽ (അങ്കണവാടി, വായനശാല, സാമൂഹ്യ പഠനമുറി തുടങ്ങിയ സ്ഥലങ്ങളിൽ) അധ്യാപകർക്ക് കുട്ടികളെ ക്ലസ്റ്റർ ചെയ്ത് ക്ലാസുകൾ നൽകാവുന്നതാണ്. ഇത്തരം അവസരങ്ങളിൽ കുട്ടിക്ക് ആസ്വാദ്യകരമാകുന്ന ആകർഷകമായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തണം. അടിസ്ഥാന

പഠനലക്ഷ്യങ്ങൾ കൈവരിക്കാൻ ഉതകുന്ന പഠന പ്രവർത്തനങ്ങളാണ് ഈ ഘട്ടത്തിൽ ആവശ്യം. ഓരോ ആഴ്ചയിലും കുട്ടിയിൽ ഉണ്ടാകുന്ന പഠനവ്യത്യാസം കൃത്യമായി നിരീക്ഷിക്കേണ്ടതും ക്ലാസ് ടീച്ചറുടെ നോട്ട്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഓരോ ആഴ്ചയിലും രേഖപ്പെടുത്തുമ്പോൾ തൊട്ടു മുൻപേയുള്ള ആഴ്ചയിൽ നിന്ന് എത്രത്തോളം ഓരോ പഠനലക്ഷ്യത്തിനും കുട്ടി മുന്നോട്ടുപോയി എന്ന് കണ്ടെത്തുകയും അതിനനുസരിച്ച് ഗുണാത്മക നിരീക്ഷണങ്ങൾ/നിർദ്ദേശങ്ങൾ നൽകുകയും വേണം. മതിയായ പഠനപുരോഗതി കാണിക്കാത്ത കുട്ടികളെ സംബന്ധിച്ച് ക്രിയാഗവേഷണ താല്പര്യത്തോടെ അധ്യാപകർ ഇടപെടുകയും കാരണങ്ങൾ കണ്ടെത്തി എസ്.ആർ.ജി.-യിൽ ചർച്ച ചെയ്ത പരിഹാരങ്ങൾ നിർദ്ദേശിക്കുകയും വേണം.

പട്ടയ വിതരണവും പരിവേഷ് പോർട്ടലും

16(*256) ശ്രീ. പി. നന്ദകുമാർ :
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി.പി. സുമോദ്:
ശ്രീ ജി സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ)സദയം മറുപടി നൽകുമോ:

(എ) മലയോര മേഖലകളിൽ പട്ടയവിതരണത്തിന് പുതിയ അപേക്ഷകൾ സ്വീകരിക്കാനും സംയുക്തപരിശോധന നടത്തുന്നതിനും അനുമതി ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

മലയോര മേഖലകളിൽ പട്ടയവിതരണത്തിന് പുതിയ അപേക്ഷകൾ സ്വീകരിക്കാനും സംയുക്ത പരിശോധന നടത്തുന്നതിനും അനുമതി ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന റവന്യൂ - വനം വകുപ്പുമന്ത്രിമാർ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രിയുമായി നേരിട്ട് ചർച്ച നടത്തിയതിൽ ഇനിയും പട്ടയത്തിന് അപേക്ഷ നല്കിയിട്ടില്ലാത്ത അർഹരായ കുടിയേറ്റക്കാരുണ്ടെങ്കിൽ അവർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് തടസ്സമില്ലെന്ന് അറിയിച്ചിട്ടുള്ളതാണ്. 01-01-1977-ന് മുമ്പ് വന ഭൂമിയിൽ കുടിയേറി താമസിച്ച് വരുന്നവർക്കാണ് പട്ടയം ലഭിക്കാൻ അർഹതയുള്ളത്. ഈ സാഹചര്യത്തിൽ 01-01-1977-ന് മുമ്പ് വന ഭൂമിയിൽ കുടിയേറി താമസ്സിച്ച് വരുന്നവരിൽ നാളിതുവരെ പട്ടയം ലഭിക്കാത്തവരെ കണ്ടെത്തുന്നതിന് ഒരു സമഗ്ര വിവര ശേഖരണം നടത്തുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2024 മാർച്ച് 1 മുതൽ മാർച്ച് 30 വരെ നടത്തിയ വിവര ശേഖരണത്തിൽ 37,311 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. തുടർന്ന് സംയുക്ത പരിശോധന നടത്താനും വനം വകുപ്പിന്റെ NOC ലഭ്യമാക്കി അപേക്ഷ

സമർപ്പിക്കാനും സംസ്ഥാന റവന്യൂ-വനം വകുപ്പ് മന്ത്രിതലയോഗത്തിൽ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. വിവര ശേഖരണത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) 1997-ന് മുമ്പ് കുടിയേറിയവർക്ക് അപേക്ഷ സമർപ്പിച്ചിട്ടും പട്ടയം ലഭിക്കാത്തതായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

01-01-1977-ന് മുമ്പ് വന ഭൂമിയിൽ കുടിയേറി താമസിച്ച് വന്നവർക്ക് പട്ടയം ലഭിക്കാത്തതിന്റെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജോയിന്റ് വെരിഫിക്കേഷൻ നടത്തി പട്ടയത്തിനായി അപേക്ഷ സമർപ്പിച്ച് പരിവേഷ് പോർട്ടൽ വഴി കേന്ദ്രാനുമതിക്കായി അപേക്ഷിച്ചിട്ടും അനുമതി ലഭിക്കാത്ത കേസുകളിൽ അനുമതി ലഭ്യമാക്കുന്ന കാര്യത്തിൽ കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് മന്ത്രിയുമായി സംസ്ഥാന റവന്യൂ - വനം വകുപ്പുമന്ത്രിമാർ ചർച്ച നടത്തിയതിൽ ഇക്കാര്യം ഏകോപിപ്പിക്കുന്നതിനായി കേന്ദ്ര– വനം പരിസ്ഥിതി വകുപ്പിലെ റീജിണൽ ഡെപ്യൂട്ടി ഡയറക്ടറെ ലയ്സൺ ഓഫീസറായി ചുമതലപ്പെടുത്താൻ ധാരണയായിട്ടുള്ളതാണ്. സംസ്ഥാന റവന്യൂ - വനം വകുപ്പുകളിലും ഇതുപോലെ ഉദ്യോഗസ്ഥന്മാർക്ക് ചുമതല നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജോയിന്റ് വെരിഫിക്കേഷനുശേഷം പരിവേഷ് പോർട്ടൽ വഴി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കാത്ത കേസുകൾ സമർപ്പിക്കുന്നതിനും സാങ്കേതികമായ തെറ്റുകൾ മൂലം തിരിച്ചയച്ച കേസുകൾ പുന:സമർപ്പിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

സംയുക്ത പരിശോധന നടക്കാത്ത സ്ഥലങ്ങളിലെ താമസക്കാർ, സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെടാത്തവർ, ഇതുവരെ അപേക്ഷ നൽകാത്തവർ എന്നിവർക്കായി പുതിയ ജെ.വി.ആർ നടത്തുന്നതിന് നടപടികൾ സ്വീകരിക്കും. ഇത് പരിശോധിക്കാനായി 2024 മാർച്ച് 1 മുതൽ മാർച്ച് 30 വരെ നടത്തിയ വിവര ശേഖരണത്തിൽ 37,311 അപേക്ഷകൾ വിവിധ വില്ലേജോഫീസുകൾ മുഖേന ലഭിച്ചിട്ടുണ്ട്.

വിവരശേഖരണത്തിലൂടെ ലഭിച്ച അപേക്ഷകൾ വിശദമായി പരിശോധിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും റവന്യൂ വകുപ്പിന്റെ ഐ.റ്റി. സെൽ മുഖേന സോഫ്റ്റ്വെയർ തയാറാക്കുന്നതിനുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്. എല്ലാ അപേക്ഷകളും ഇത്തരത്തിൽ പരിശോധിച്ചശേഷം അടിയന്തരമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പരിവേഷ് പോർട്ടലിൽ നേരത്തെ പട്ടയത്തിന് അപേക്ഷ നൽകിയവർ രേഖയായി എസ്.എസ്.എൽ.സി. ബുക്കിന്റെ പകർപ്പ് ഹാജരാക്കണമെന്ന വ്യവസ്ഥ ഇളവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പരിവേഷ് പോർട്ടലിൽ നേരത്തെ പട്ടയത്തിന് അപേക്ഷ നൽകിയവർ എസ്.എസ്.എൽ.സി. ബുക്കിന്റെ പകർപ്പ് രേഖയായി ഹാജരാക്കണമെന്ന വ്യവസ്ഥ നിലവിലില്ല. 01-01-1977-ന് മുൻപായി വനഭൂമിയിൽ കുടിയേറി താമസിച്ചുവരുന്നു എന്ന് തെളിയിക്കാനുള്ള എന്ത് രേഖയും (Rubber Board certificates for rubber cultivation, Ration Card, Property Tax receipt from LSG, etc) പട്ടയം നൽകുന്നതിന് പരിഗണിക്കാറുണ്ട്.

റീസർവേ പ്രവർത്തനങ്ങൾ

17(*257) ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. എം. എം. മണി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ)സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വില്ലേജുകളുടെ റീസർവേ പ്രവർത്തനങ്ങൾ പൂർത്തിയാക്കി രേഖകൾ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 922 വില്ലേജുകളുടെ റീസർവെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി റീസർവ്വേ ചെയ്ത 116 വില്ലേജുകൾ ഒഴികെ ബാക്കി വരുന്ന 1550 വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വേ നടപടികൾക്ക് തുടക്കം കുറിക്കുകയും ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 200 വില്ലേജുകളിൽ 183 എണ്ണത്തിൽ ഫീൽഡ് സർവ്വേ പൂർത്തിയാക്കി 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് റവന്യൂ ഭരണത്തിന് റിക്കാർഡുകൾ കൈമാറുന്ന ഘട്ടത്തിലുമാണ്. കൂടാതെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട 14 വില്ലേജുകളുടെ 9(2) നോട്ടിഫിക്കനും പ്രസിദ്ധീകരിച്ചു. ആയതും റവന്യൂ ഭരണത്തിന് കൈമാറുന്ന ഘട്ടത്തിലാണ്.

(ബി) റീസർവേ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെയാണ് സംസ്ഥാനത്ത് ഡിജിറ്റൽ സർവെ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. പൊതുജനങ്ങളെ ബോധവൽകരിക്കുന്നതിനായി വിവിധ ഘട്ടങ്ങളിലുള്ള പരസ്യങ്ങൾ ദൃശ്യശ്രവണ

മാധ്യമങ്ങളിലൂടെ നൽകിയാണ് സർവെ നടപടികൾ ആരംഭിക്കുന്നത്. പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽകരിക്കുന്നതിനും ഡിജിറ്റൽ സർവെയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്നതിനും ഭൂമി സംബന്ധമായ ആശങ്കകൾ പരിഹരിക്കുന്നതിനും തെരഞ്ഞെടുത്ത വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി സർവെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവെ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ച് നൽകുന്നു. കൂടാതെ സർവെ സഭകളുടെ തുടർ നടപടികളുടെ ഭാഗമായി Micro ലെവലിൽ പ്രചാരണം നടത്തി എല്ലാ ഭൂവുടമസ്ഥരുടെയും സഹകരണവും പങ്കാളിത്തവും ഡിജിറ്റൽ സർവെ പദ്ധതിയിൽ ഉറപ്പാക്കുന്നതിന് സന്നദ്ധ പ്രവർത്തകരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിച്ചിട്ടുള്ള 'സർവെ ജാഗ്രതാ സമിതി ' മുഖേന ഓരോ വില്ലേജിലെയും മുഴുവൻ ജനങ്ങളിലേക്കും അറിയിപ്പ് നൽകുന്നു. കൂടാതെ സർവെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും സർവെ സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും "എന്റെ ഭൂമി "

എന്ന ഓൺലൈൻ പോർട്ടൽ സജ്ജീകരിച്ചിട്ടുള്ളതും സർവെ വിവരം ഭൂവുടമസ്ഥരുടെ മൊബൈൽ ഫോണിൽ SMS ആയി നൽകുന്നതിനുള്ള സംവിധാനം പദ്ധതിയുടെ ഭാഗമായി ഒരുക്കിയിട്ടുള്ളതുമാണ്.

ഡിജിറ്റൽ സർവെ പദ്ധതിയുടെ ആദ്യഘട്ടം മുതൽ എല്ലാ നടപടികളും ഏറ്റവും സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സോഫ്റ്റ്വെയർ അധിഷ്ഠിതമായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഡിജിറ്റൽ സർവെ ചെയ്ത വില്ലേജുകളുടെ മാപ്പുകളും അനുബന്ധ വിവരങ്ങളും "എന്റെ ഭൂമി" (https://entebhoomi.kerala.gov.in) പോർട്ടലിൽ ഓൺലൈനായോ, ബന്ധപ്പെട്ട ക്യാമ്പ് ഓഫീസ് സന്ദർശിച്ചോ റിക്കാർഡുകൾ പരിശോധിക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. കേരള സർവ്വെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരം നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട വില്ലേജുകളിലെ എല്ലാ വാർഡ് തലത്തിലും പൊതുജനങ്ങൾക്ക് റിക്കാർഡുകൾ പരിശോധിക്കുന്നതിനും ശ്രദ്ധയിൽപ്പെടുന്ന ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനും സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഡിജിറ്റൽ സർവെ പൂർത്തിയാകുന്ന വില്ലേജുകളിൽ സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും 9(2)

പ്രസിദ്ധീകരിച്ച ശേഷം ഒരു മാസക്കാലയളവിൽ പ്രസ്തുത റിക്കാർഡുകൾ പൊതുജനങ്ങൾക്ക് പരിശോധിക്കാവുന്നതുമാണ്.

(സി) ഡിജിറ്റൽ സർവേ നടത്തിയിട്ടുള്ള വില്ലേജുകളെ റവന്യൂ-രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങളുമായി ബന്ധപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഡിജിറ്റൽ സർവ്വേയെത്തുടർന്ന്, എല്ലാ ഭൂമി ഇടപാടുകളിലും ഭൂമിയുടെ സ്കെച്ച് കൂടി ഉൾപ്പെടുത്തിയുള്ള ഒരു ഏകജാലക സേവനം സാധ്യമാകുന്നതിനുള്ള ഒരു 'ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റവും' (ILIMS) കൂടി 'എന്റെ ഭൂമി' പോർട്ടലിന്റെ തുടർച്ചയായി ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിനായി സർവെ സ്കെച്ചുകൾ ആധാറുമായി ലിങ്ക് ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റ അനുമതി ലഭിച്ചിട്ടുള്ളതാണ്. ടി സ്കെച്ചുകൾ ILIMS -മായി ലിങ്ക് ചെയ്യുന്നത് വഴി ഭൂമിയിടപാടുകൾ സുതാര്യമാകും. സർവെ (Ente bhoomi portal), റവന്യൂ (Relis portal), രജിസ്ട്രേഷൻ (Pearl portal) എന്നീ വകുപ്പുകളിൽ നിലവിൽ കൈകാര്യം ചെയ്യുന്ന പോർട്ടലുകൾ ഒരു ഇന്റഗ്രേറ്റഡ് സംവിധാനത്തിലേക്ക് കൊണ്ടുവരിക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഇതിലൂടെ എല്ലാ ഭൂവുടമകൾക്കും ആധികാരികവും കൃത്യവും തുടർച്ചയായി

അപ്ഡേറ്റ് ചെയ്യുന്നതുമായ ഭൂരേഖ സേവനങ്ങൾ ലഭ്യമാക്കുന്നു. റവന്യൂ, രജിസ്ട്രേഷൻ, സർവെ എന്നീ വകുപ്പുകൾ സംയുക്തമായാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതി നടപ്പിലാകുന്ന മുറയ്ക്ക് കൃത്യമായ ഭൂരേഖകൾ ലഭിക്കാനും (Record of Rights) ഭൂവുടമയ്ക്ക് ഭൂമിയിടപാടുകൾ മുഴുവൻ ഡിജിറ്റലായി നടത്തുവാൻ കഴിയുകയും ലാൻഡ് റെക്കോർഡ് സംവിധാനം എല്ലായ്പ്പോഴും അപ്ഡേറ്റഡ് ആയിരിക്കുകയും ചെയ്യും.

നിലവിൽ സംസ്ഥാനത്തെ ചില വില്ലേജുകളിൽ NIC-യുടെ സഹകരണത്തോടെ ILIMS-ന്റെ ടയൽ വിജയകരമായി നടപ്പിലാക്കിവരുന്നു.

അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ

18 (*258) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ കൂടുതൽ അതിഥി തൊഴിലാളികൾ ജോലി ചെയ്യുന്നതായ കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 2017 മുതൽ ആവാസ് പദ്ധതി നിലവിലുണ്ട്. ടി പദ്ധതി പ്രകാരം 5,16,320 തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ നിയന്ത്രണത്തിലുള്ള കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി 2010 പ്രകാരം നിലവിൽ 1,64,761 അതിഥി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് അതിഥി പോർട്ടൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേക്ക് കുടിയേറുന്നതിന് മുമ്പുതന്നെ ടി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുവാനും സഹായിക്കുന്നു. അതിഥി പോർട്ടൽ അതിഥി ആപ്പ് ആക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. 20-06-2024

തീയതി വരെ 1,36,967 അതിഥി തൊഴിലാളികൾ അതിഥി പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) എങ്കിൽ അവരുടെ രജിസ്ട്രേഷൻ കൃത്യമായി നടത്തണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ?

ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സ്ക്വാഡ് പരിശോധനകൾ നടത്തുമ്പോൾ അതിഥി തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങൾ, ക്യാമ്പുകൾ, കെട്ടിട നിർമ്മാണ സൈറ്റുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തുകയും അതിഥി പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത തൊഴിലാളികളെ രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) വ്യവസ്ഥകൾ പാലിക്കാത്ത കരാറുകാർക്കെതിരെ സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കുമോ?

അഞ്ചോ അതിലധികമോ കുടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്നതോ അല്ലെങ്കിൽ കഴിഞ്ഞ 12 മാസങ്ങളിൽ ഏതെങ്കിലും ദിവസത്തിൽ ജോലി ചെയ്തിരുന്നതോ ആയ എല്ലാ സ്ഥാപനങ്ങൾക്കും അഞ്ചോ അതിലധികമോ

കൂടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്ന അല്ലെങ്കിൽ ചെയ്യിക്കുന്ന എല്ലാ കരാറുകാർക്കും 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് ബാധകമാണ്. ഇതര സംസ്ഥാന കൂടിയേറ്റ തൊഴിലാളികളെ നിയമിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനം രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. ഇതര സംസ്ഥാന കൂടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ ജോലിക്ക് നിയോഗിക്കാനോ ഉദ്ദേശിക്കുന്ന ഓരോ കരാറുകാരനും സർക്കാർ നിയമിച്ച നിർദ്ദിഷ്ട അതോറിറ്റിയിൽ നിന്ന് ബന്ധപ്പെട്ട ലൈസൻസ് നേടേണ്ടതുണ്ട്. സംസ്ഥാനത്തെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം പരിശോധനകൾ നടത്തുമ്പോൾ ഏജന്റുമാർ, കോൺട്രാക്ടർമാർ എന്നിവർ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തുന്നതാണ്. ഇത്തരത്തിൽ രജിസ്ട്രേഷൻ/ ലൈസൻസ് എടുത്തിട്ടില്ലാത്ത കരാറുകാർക്കെതിരെ നോട്ടീസ് നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ഡി) അതിഥി തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 2017 മുതൽ ആവാസ് പദ്ധതി നിലവിലുണ്ട്. ടി പദ്ധതി പ്രകാരം 5,16,320 തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി 2010 പ്രകാരം നിലവിൽ 1,64,761 അതിഥി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് അതിഥി പോർട്ടൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേക്ക് കുടിയേറുന്നതിന് മുമ്പുതന്നെ ടി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുവാനും സഹായിക്കുന്നു. തൊഴിലുടമയ്ക്കും കരാറുകാർക്കും തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരവരുടെ തൊഴിലാളികളുടെ വിശദാംശങ്ങൾ സമർപ്പിക്കുന്നതിനും പോർട്ടലിലൂടെ സാധിക്കുന്നു. ടി പോർട്ടൽ മൊബൈൽ ആപ്ലിക്കേഷൻ ആക്കുന്നതിനുള്ള അന്തിമ നടപടികൾ നടന്നുവരുന്നു. ഇതരസംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ ലഭ്യമാക്കുന്നതിന് രജിസ്ട്രേഷൻ നിർബന്ധമാക്കുന്നത് ഉദ്ദേശിച്ചുകൊണ്ട് Kerala Interstate Migrant

Workers Welfare Registration Ordinance കൊണ്ടുവരുന്ന വിഷയം പരിശോധിച്ചു വരുന്നു.

റവന്യൂ റിക്കവറി നടപടി നിയമ ഭേദഗതി

19 (*259) ശ്രീ. പി. എസ്. സുപാൽ:
ശ്രീ ഇ ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ)സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തശേഷം തിരിച്ചടവ് മുടങ്ങുന്നതിനെ തുടർന്നുള്ള ജപ്തി നടപടികളുടെ പേരിൽ ഉണ്ടാകുന്ന സമ്മർദ്ദവും പീഡനങ്ങളും നിമിത്തം ആത്മഹത്യ ചെയ്യേണ്ടി വരുന്ന സാധാരണക്കാരുടെ ബുദ്ധിമുട്ടുകൾ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള റവന്യൂ റിക്കവറി നിയമം 1968-ൽ റവന്യൂ റിക്കവറി കുടിശ്ശിക തവണകളായി സ്വീകരിക്കുവാൻ വ്യവസ്ഥയില്ല. എങ്കിലും മാനുഷിക പരിഗണന നല്കി തുക തവണകളായി ഒടുക്കുന്നതിന് അനുമതി നൽകാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് നടപടികൾ സ്വീകരിച്ചു പോരുന്നു.

ഇതിനെതിരെ ചില ബാങ്കുകൾ ബഹു. കോടതിയെ സമീപിക്കുകയും നിയമത്തിൽ വ്യവസ്ഥയില്ലാത്തതിനാൽ സർക്കാരിന് ഗഡുക്കൾ അനുവദിക്കാൻ കഴിയില്ല എന്ന് വിധി പുറപ്പെടുവിക്കുകയും ചെയ്തു. ഇതിനെതിരെ സർക്കാർ അപ്പീൽ സമർപ്പിച്ചെങ്കിലും ബഹു. ഹൈക്കോടതി വിധി ശരിവയ്ക്കുകയാണുണ്ടായത്. ഇക്കാരണത്താൽ സർക്കാരിന് കുടിശ്ശികകളിന്മേൽ ഗഡുക്കൾ അനുവദിക്കാൻ കഴിയാത്ത സാഹചര്യത്തിൽ നിയമഭേദഗതിക്കുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ ഗഡുക്കൾ അനുവദിക്കാൻ കഴിയാത്ത സാഹചര്യത്തിലും കാർഷിക മേഖലയിലെ പ്രതിസന്ധി കാരണവും വയനാട് ജില്ലയിലെ കർഷകർ വിവിധ ദേശസാത്കൃത സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പ തിരിച്ചടയ്ക്കുവാൻ കഴിയാതെ ജപ്തി നടപടി നേരിടുന്ന പ്രത്യേക സാഹചര്യം വയനാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. 2018-20 വർഷങ്ങളിലെ മഹാപ്രളയവും തുടർന്നുള്ള വർഷങ്ങളിലുണ്ടായ കോവിഡ് മഹാമാരിയും ഉണ്ടാക്കിയ പ്രതിസന്ധിയുടെ സാഹചര്യത്തിലും വളരെ തുച്ഛമായ ഭൂമിയിൽ വീട് വച്ച് താമസിക്കുന്ന പാവപ്പെട്ടവർക്കെതിരെ പ്രസ്തുത ഭൂമി ജപ്തി ചെയ്യുന്ന നടപടി സ്വീകരിച്ചാൽ പ്രസ്തുത കുടുംബങ്ങൾ വഴിയാധാരമാകുന്ന അവസ്ഥയും വയനാട്ടിലുണ്ടെന്നും റിക്കവറി നടപടികൾക്കെതിരെ ആത്മഹത്യാ

സ്കാഡ് രൂപീകരിക്കുന്നതിന് രഹസ്യ നീക്കങ്ങൾ നടക്കുന്നുണ്ടെന്നും പ്രശ്നം രമ്യമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പോലീസ് സ്പെഷ്യൽ ബ്രാഞ്ച് അറിയിപ്പ് നൽകിയിരുന്നതായും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. ആത്മഹത്യാ സ്കാഡ് രൂപികരിച്ചതായുള്ള വാർത്ത വന്നതിന്റെ അടിസ്ഥാനത്തിൽ കേരള ബാങ്ക് ഒഴികെയുള്ള National/Scheduled/Commercial ബാങ്കുകളുടെ റവന്യൂ റിക്കവറി നടപടികൾ കേരള റവന്യൂ റിക്കവറി (ഭേദഗതി) നിയമം നിലവിൽ വരുന്നതുവരെ നിർത്തി വയ്ക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർക്കും എല്ലാ ജില്ലാ കളക്ടർമാർക്കും 06-11-2023 ലെ എച്ച്3/196/2023/റവ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ റവന്യൂ വകുപ്പ് സെക്രട്ടറിയെ എതിർ കക്ഷിയാക്കി ഫെഡറൽ ബാങ്ക് ഫയൽ ചെയ്ത WPC 4673/24 -ാം നമ്പർ കേസിലെ 15-02-2024-ലെ ഇടക്കാല വിധിയിൽ 6-11-2023-ലെ കത്ത് സ്റ്റേ ചെയ്തിട്ടുള്ളതാണ്.

(ബി) ഇത്തരക്കാർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിന് സാവകാശം അനുവദിക്കുന്നതിനും മനുഷ്യത്വപരമായ ഇളവനുവദിക്കുന്നതിനും സർക്കാരിന് അധികാരം ലഭിക്കുന്ന വിധത്തിൽ

നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. 1968 ലെ റവന്യൂ റിക്കവറി ആക്ടിൽ, കുടിശ്ശിക അടയ്ക്കുന്നതിന് ഗഡുക്കൾ അനുവദിക്കുന്ന കാര്യം ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഗഡുക്കൾ അനുവദിച്ചുവന്നിരുന്നു. ആയത് ബഹുമാനപ്പെട്ട കോടതിയിൽ ചോദ്യം ചെയ്യപ്പെട്ട സാഹചര്യത്തിൽ നിലവിൽ Nationalized/scheduled/commercial ബാങ്കുകളുടെ റവന്യൂ റിക്കവറി കേസുകളിൽ നിയമ ഭേദഗതി വരുന്നതുവരെ ഗഡുക്കൾ അനുവദിക്കേണ്ടതില്ല എന്ന് ലാൻഡ് റവന്യൂ കമ്മീഷണർക്കും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകി. അപ്പോഴും കേരള ബാങ്ക് കുടിശ്ശികയ്ക്ക് തവണ നൽകിയിരുന്നു. കുടിശ്ശിക അടക്കുന്നതിന് ഒരു വർഷം വരെ സ്റ്റേ അനുവദിക്കുന്നതും തവണകൾ അനുവദിക്കുന്നതും മൊറട്ടോറിയം പ്രഖ്യാപിക്കുന്നതും ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി റവന്യൂ റിക്കവറി നിയമം ഭേദഗതി ചെയ്യുന്നതിനുള്ള ബിൽ മന്ത്രിസഭായോഗം 05-06-2024-ന് അംഗീകരിച്ചിട്ടുള്ളതും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.

(സി) സർക്കാർ ബാധ്യതകളിന്മേൽ റവന്യൂ റിക്കവറി നടപടികൾ പൂർത്തീകരിച്ച വ്യക്തിയുടെ ഭൂമി നിശ്ചിത കാലപരിധിക്കുള്ളിൽ തിരികെ ലഭിക്കുന്നതിന് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. റവന്യൂ റിക്കവറി നിയമ പ്രകാരം ജപ്തി ചെയ്ത ഭൂമി മതിയായ വിലയ്ക്ക് ആരും ലേലം കൊള്ളാൻ തയ്യാറാകാത്ത സാഹചര്യത്തിൽ പ്രസ്തുത ഭൂമി ഒരു രൂപയ്ക്ക് സർക്കാർ പേരിലോ സെക്ഷൻ 71 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച കുടിശ്ശിക ഉത്ഭവിച്ച സ്ഥാപനത്തിന്റെ പേരിലോ ബോട്ട്-ഇൻ-ലാൻഡ് ആക്കുന്നതിനും 5 വർഷത്തിനുള്ളിൽ കുടിശ്ശിക തീർത്ത് അപേക്ഷ സമർപ്പിക്കുന്ന പക്ഷം കുടിശ്ശികക്കാരന് പ്രസ്തുത ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകുന്നതിനുള്ള വ്യവസ്ഥയും റവന്യൂ റിക്കവറി ആക്ട് ഭേദഗതിയിൽ പുതുതായി കൊണ്ടുവരാൻ ഉദ്ദേശിച്ചിരിക്കുന്നു.

സ്കൂളുകളിലെ കലാപഠനത്തിന് പ്രത്യേക പാഠപുസ്തകങ്ങൾ

20(*260) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ.വി.സുമേഷ്:
ശ്രീ. ആന്റണി ജോൺ:

ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കലാ സാക്ഷരരായ സമൂഹത്തെ സൃഷ്ടിക്കുന്നതിലേയ്ക്ക് സ്കൂളുകളിലെ കലാപഠനത്തിന് പ്രത്യേക പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിനും പ്രത്യേകമായി വിഷയങ്ങൾ നിശ്ചയിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; അതിനായി കലാവിഭാഗം അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കലാസാക്ഷരതയുള്ള സമൂഹത്തിന്റെ സൃഷ്ടിക്കായി സ്കൂളുകളിൽ കലാപഠനത്തിന് പ്രത്യേകം പാഠപുസ്തകങ്ങൾ നിർമ്മിക്കുന്നതിന് കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 നിർദ്ദേശിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2024-25 അധ്യയന വർഷം 5, 7, 9 ക്ലാസുകളിൽ കലാപഠനത്തിന് ആക്ടിവിറ്റി ബുക്കുകൾ നിർമ്മിച്ച് വിതരണം ചെയ്തിട്ടുണ്ട്. ചിത്ര-ശിൽപ്പകല, പ്രയുക്ത കല (Applied Art), നാടകം, നൃത്തം, സിനിമ, തനതുകലകൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് മേൽ ആക്ടിവിറ്റി ബുക്കുകൾ തയാറാക്കിയിട്ടുള്ളത്.

കേരളത്തിലെയും ഇന്ത്യയിലെയും ലോകത്തിലെയും പ്രസ്തുത കലകളുമായി ബന്ധപ്പെട്ട അറിവുകളും കലാചരിത്രവും ഈ പുസ്തകങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കേരളത്തിലെ കലാധ്യാപകർക്ക് പ്രത്യേകം പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പ്രാഥമിക നടപടികൾ പൂർത്തിയായിട്ടുണ്ട്.

അവധിക്കാല പരിശീലനത്തിൽ പുതിയ പുസ്തകങ്ങളെപ്പറ്റിയും അത് എങ്ങനെ ക്ലാസ്റൂമുകളിൽ വിനിമയം ചെയ്യണം എന്നതിനെപ്പറ്റിയും വിശദമായ പരിശീലനം നൽകി. വിവിധ വിഷയങ്ങളിൽ പ്രാവീണ്യമുള്ള പ്രഗത്ഭരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനപദ്ധതിയും തയാറാക്കിയിട്ടുണ്ട്.

(ബി) പരിശീലനത്തിലുപരി ശിൽപ്പകലയുടെയും ചിത്രകലയുടെയും ദേശീയവും വൈദേശികവുമായ ചരിത്രവും സംസ്കാരവും പഠിപ്പിക്കുന്നതിന് പദ്ധതികളുണ്ടോ; പാഠപുസ്തകം തയ്യാറാക്കുന്നതിന് ഈ രംഗത്തെ വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തിയിരുന്നോ; വ്യക്തമാക്കാമോ?

പരിശീലനത്തിലുപരി കലാധ്യാപകർക്ക് പ്രത്യേകം ക്യാമ്പുകൾ സംഘടിച്ച് ദേശീയവും വൈദേശീയവുമായ ചരിത്രവും സംസ്കാരവും പഠിപ്പിക്കുന്നതിന് റസിഡൻഷ്യൽ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രത്യേകം പരിശീലനം നൽകും. പാഠപുസ്തകം തയാറാക്കിയപ്പോൾ ഈ രംഗത്ത് മികച്ച വിദ്യാഭ്യാസ യോഗ്യത

നേടിയവരും സ്കൂളുകളിൽ ദീർഘകാലം പഠിപ്പിച്ചു പ്രാഗത്ഭ്യം തെളിയിച്ചവരുമായ വിദഗ്ധരെയാണ് അതത് വിഷയങ്ങൾ സംബന്ധിച്ച പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിനുവേണ്ടി നിയോഗിച്ചത്. 6, 8, 10 ക്ലാസുകളിലേക്കും അത്തരം അധ്യാപകരുടെയും വിദഗ്ധരുടെയും സേവനം ഉപയോഗിച്ചുകൊണ്ട് പാഠപുസ്തകങ്ങൾ എഴുതിത്തയ്യാറാക്കും. എന്നാൽ കലാ വിദ്യാഭ്യാസത്തിന് പ്രത്യേകം ബി.എഡ്. ഇല്ലാത്തതുകൊണ്ട് ചൈൽഡ് സൈക്കോളജിയിലും ബോധനശാസ്ത്രത്തിലും പ്രത്യേകം പരിശീലനങ്ങൾ നൽകുവാനുള്ള തയാറെടുപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്നു.

വിനോദസഞ്ചാര മേഖലകളിലെ അപകടമരണങ്ങൾ

21(*261) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്: പൊതുമരാമത്ത്- വിനോദസഞ്ചാരം

വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്):

(എ) വിനോദസഞ്ചാര മേഖലകളിൽ അപകടമരണങ്ങൾ വർദ്ധിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി) അപകടമരണങ്ങളുടെ കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ?

(എ&ബി) ജലാശയങ്ങൾ, ബീച്ച് എന്നിവ ഉൾപ്പെടുന്ന കേന്ദ്രങ്ങളിലാണ് അപകടങ്ങൾ കൂടുതലായി സംഭവിച്ചിട്ടുള്ളത്. പരിചയമില്ലാത്ത ജലാശയങ്ങളിലും ബീച്ചുകളിലും ഇറങ്ങുമ്പോഴും പെട്ടെന്നുള്ള കാലാവസ്ഥ മാറ്റവും മൂലമാണ് ഇത്തരം അപകടങ്ങൾ കൂടുതലായി സംഭവിക്കുന്നത്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതും നീന്തൽ അറിയാതെ പരിചയമില്ലാത്ത ജലാശയങ്ങളിൽ ഇറങ്ങുമ്പോൾ ഉണ്ടായേക്കാവുന്ന അപകടങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയും മുന്നറിയിപ്പ് നിർദ്ദേശങ്ങൾ അവഗണിക്കുന്നതും അപകടങ്ങൾക്ക് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തെ ടൂറിസം വകുപ്പിന്റെ അധീനതയിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് സുരക്ഷയ്ക്കുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ ഭാഗമായുള്ള സാഹസിക ടൂറിസം പദ്ധതികളിലും ഇത്തരം സുരക്ഷാ സജ്ജീകരണങ്ങൾ ഏർപ്പെടുത്താനുള്ള മാർഗ്ഗരേഖ ഉണ്ടാക്കിയിട്ടുണ്ട്.

(സി) ഇത്തരത്തിലുള്ള അപകടമരണങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തെല്ലാമാണെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷാ മുൻകരുതലുകളെ സംബന്ധിച്ച് വിനോദ സഞ്ചാരികൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കാലാവസ്ഥാ മുന്നറിയിപ്പുകൾ ഉണ്ടാകുന്ന ഘട്ടത്തിൽ ഇത്തരം ടൂറിസം കേന്ദ്രങ്ങൾ അടയ്ക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇവ മാധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിക്കാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളിൽ കൂടുതൽ അപകടങ്ങൾ വരുത്തിവയ്ക്കുന്ന പ്രവൃത്തികളും രാത്രിയാത്രകളും ഒഴിവാക്കുന്നതിന് നവമാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വഴിയും അവബോധം നൽകിവരുന്നു. കേരളത്തിലെ 14 ജില്ലകളിലായി 180 ടൂറിസം പോലീസുകാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ

സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും ആവശ്യമായ ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 145 ലൈഫ് ഗാർഡുകൾ സേവനമനുഷ്ഠിച്ച് വരുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിവരുന്നു.

ഭവനനിർമ്മാണ ബോർഡിന്റെ പദ്ധതികൾ

22(*262) ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. മുഹമ്മദ് മുഹസിൻ:

ശ്രീ. പി. ബാലചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ)സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി വീട് നിർമ്മിക്കാൻ കഴിയാത്തവരുടെ പാർപ്പിടം എന്ന സ്വപ്നം സാക്ഷാത്കരിക്കുക എന്ന ലക്ഷ്യത്തോടെ ഭവനനിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഭവനനിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന പാർപ്പിട പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(i)സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന താഴ്ന്ന വരുമാനക്കാർക്കായി വീട് നിർമ്മിച്ചു നൽകുന്ന പദ്ധതി:

അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്ക് വീട്/ഫ്ലാറ്റ് നിർമ്മിച്ചു നൽകുന്നതാണ് പദ്ധതി. കണ്ണൂർ ജില്ലയിലെ പട്ടുവം, വയനാട് ജില്ലയിലെ തൃക്കൈപ്പറ്റ എന്നിവിടങ്ങളിൽ ഫ്ലാറ്റുകൾ/ വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും കോഴിക്കോട് ജില്ലയിലെ മുക്കം എന്ന സ്ഥലത്ത് ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

(ii) തണ്ടെയിടം പദ്ധതി:

സർക്കാർ നേരിട്ടോ/സർക്കാർ സാമ്പത്തിക സഹായത്തോടെയോ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് 18 വയസ് പൂർത്തിയാകുമ്പോൾ ഈ സ്ഥാപനങ്ങളിൽ നിന്ന് പുറത്തു പോകേണ്ടിവരുന്ന സാഹചര്യത്തിൽ സ്വന്തമായി വീടോ സ്ഥലമോ ബന്ധുക്കളോ ഇല്ലാത്ത ഇത്തരം കുട്ടികൾക്കും ഈ പദ്ധതിയിലൂടെ സുരക്ഷിതമായി താമസിക്കുന്നതിനായി പാർപ്പിടം ലഭ്യമാക്കുന്നതാണ്. 2022-23 സാമ്പത്തിക വർഷം മുതൽ ബോർഡ് ഈ പദ്ധതി വനിതാ ശിശു ക്ഷേമ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി രണ്ടു

കോടി രൂപ ബജറ്റിൽ വകയിരുത്തുകയും പദ്ധതിക്ക് ഭരണാനുമതി നല്കുകയുമുണ്ടായി.

(iii) ഗൃഹശ്രീ ഭവന പദ്ധതി

ഈ പദ്ധതിയിലൂടെ സ്വന്തമായി 2/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടനകൾ /എൻ.ജി.ഒ.-കൾ/ കാരുണ്യമുള്ള വ്യക്തികൾ തുടങ്ങിയവരുടെ സാമ്പത്തിക സഹായത്തോടെ വീടു നിർമ്മാണത്തിന് തിരിച്ചടവില്ലാതെ 3 ലക്ഷം രൂപ സബ്സിഡി നൽകുന്നു. നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 13.50 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും പദ്ധതിക്ക് ഭരണാനുമതി നല്കുകയുമുണ്ടായി.

(iv) ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം:

കുറഞ്ഞത് 3 സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള 3-12 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ഇടത്തരം വരുമാന വിഭാഗത്തിൽപ്പെട്ടവരാണ് (LIG/MIG1) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 100 ച.മീ. മുതൽ 160 ച.മീ. വരെ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് സർക്കാർ അംഗീകരിച്ച യൂണിറ്റ് ചെലവിന്റെ കുറഞ്ഞത് 75% ഗുണഭോക്താവിന്റെ വിഹിതമായും പരമാവധി 25%

സർക്കാരിന്റെ സബ്സിഡി തുകയായും കണക്കാക്കുന്നു. സർക്കാർ സബ്സിഡി പരമാവധി 3 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു. നടപ്പു സാമ്പത്തികവർഷം പ്രസ്തുത പദ്ധതിക്കായി 6 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും പദ്ധതിക്ക് ഭരണാനുമതി നല്കുകയുമുണ്ടായി.

(v) സർക്കാർ /അർദ്ധ സർക്കാർ ജീവനക്കാർക്ക് വേണ്ടിയുള്ള ഭവന വായ്പ പദ്ധതി:

സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഭവനരഹിതരായ ജീവനക്കാർക്ക് വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിലേയ്ക്കായി മാനദണ്ഡങ്ങൾക്ക് വിധേയമായി പരമാവധി 40 ലക്ഷം രൂപ വായ്പ അനുവദിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഭവന നിർമ്മാണ ബോർഡ് ലക്ഷ്യമിടുന്നത്. നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി 3 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും പദ്ധതിക്ക് ഭരണാനുമതി നല്കുകയുമുണ്ടായി.

(ബി) ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദവുമായ കെട്ടിട നിർമ്മാണ രീതികൾക്കൊപ്പം നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നിർമ്മിതി

കേന്ദ്രത്തിന്റെയും സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെയും നേതൃത്വത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ളതും പരിസ്ഥിതി ആഘാതം കുറയ്ക്കുന്ന രീതിയിലുള്ളതുമായ കെട്ടിട നിർമ്മാണം ബോർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹാർദവുമായ കെട്ടിട നിർമ്മാണ രീതികൾക്കൊപ്പം നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളും പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വർഷങ്ങളായി വിവിധ പദ്ധതികളും പരിശീലനങ്ങളും സംസ്ഥാന നിർമ്മിതി കേന്ദ്രം നടത്തിവരുന്നുണ്ട്.

ചെലവു കുറഞ്ഞ പരിസ്ഥിതി സൗഹാർദ്ദ കെട്ടിട നിർമ്മാണ രീതികളിൽ പരിശീലനം നൽകുന്നതിനായി നിർമ്മാണ മേഖലയിൽ വിവിധ പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ഗുണമേന്മയുള്ളതും ചെലവ് കുറഞ്ഞതുമായ നിർമ്മാണ രീതി പരിചയപ്പെടുത്തുകയും അതിനുവേണ്ട സാങ്കേതിക സഹായം നൽകുകയും ചെയ്തുവരുന്നു. നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കുമൊപ്പം നിർമ്മാണ സാമഗ്രികൾ ലഭ്യമാകുന്ന ഒരു Central

Housing Hub എന്ന പദ്ധതി എറണാകുളത്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന നിർമ്മിതി കേന്ദ്രം സ്വീകരിച്ചുവരുന്നു.

കെട്ടിട നിർമ്മാണ മേഖലയിൽ വികസിപ്പിച്ചെടുത്തിട്ടുള്ള നൂതന സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി കെസ്റ്റിക്കിന്റെ തന്നെ അക്കാഡമിക് സ്ഥാപനമായ Laurie Baker International School of Habitat Studies-ൽ ആധുനിക സൗകര്യങ്ങളോടുകൂടിയ Research & Development വിഭാഗം ആരംഭിക്കുന്നതാണ്.

നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട Promotion of modern Construction Technology, Research & Development Awareness Programme, 3D Printing Technology ഉപയോഗിച്ചുള്ള നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഇതിൽ പ്രധാന പ്രവൃത്തിയാണ് 3D Printing Building-ന്റെ നിർമ്മാണം. കേരളത്തിലെ ആദ്യത്തെ 3D Printed Building ആയ AMAZE-28 സംസ്ഥാന നിർമ്മിതി ക്രേന്ദ്രത്തിന്റെ campus-ൽ നിർമ്മിക്കുകയുണ്ടായി. അത് കണ്ടു മനസ്സിലാക്കുന്നതിനും ബോധവൽകരണത്തിനുമായി നിരവധി പരിശീലന പരിപാടികൾ സംസ്ഥാന നിർമ്മിതി കേന്ദ്രം നടത്തുകയുണ്ടായി. കൂടാതെ കെട്ടിട

നിർമ്മാണ രംഗത്തെ Startup-കൾ entrepreneurs എന്നിവർ വികസിപ്പിക്കുന്ന നൂതന ആശയങ്ങൾ പ്രദർശിപ്പിക്കുന്നതിനും പരിചയപ്പെടുത്തുന്നതിനുമുള്ള ഒരു വേദി ആയ CARNIVAL PTP Campus-ൽ സജ്ജമാക്കിയിട്ടുണ്ട്.

അതിനോടൊപ്പം പൊതുസമൂഹത്തിൽ നൂതന സാങ്കേതിക വിദ്യകളിൽ അവബോധം സൃഷ്ടിക്കുക, നിർമ്മാണ രീതികളിൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് Awareness Programmes നടത്തിവരുന്നു. പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മിതികൾ കണ്ടു മനസ്സിലാക്കുന്നതിനായി നിർമ്മിതി കാമ്പസിൽ വിവിധ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിർമ്മിച്ച മാതൃകകൾ സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ തിരുവല്ലത്ത് 20 കോടി രൂപ മുതൽ മുടക്കിൽ ഇന്ത്യയിലെ ആദ്യത്തെ National Housing Park-ന്റെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിവിധ സാങ്കേതിക വിദ്യകളിലും സൗകര്യങ്ങളോടും കൂടി നിർമ്മിച്ച ഭവനങ്ങളുടെ വ്യത്യസ്ത മോഡലുകൾ പ്രദർശിപ്പിക്കുന്ന ഹൗസിംഗ് പാർക്കിൽ School of Design, Project Management Consultancy, Start up & Incubation Centre, Housing Guidance Centre തുടങ്ങി നൂതനവും വ്യത്യസ്തവുമായ പദ്ധതികൾ

ആരംഭിക്കുന്നതാണ്. National Housing Park ന്റെ ഭാഗമായി HUDCO CSR ഫണ്ട് ഉപയോഗിച്ചുള്ള ട്രെയിനിംഗ് സെന്ററും കേന്ദ്ര സർക്കാരിന്റെ Ministry of Housing and Urban Affairs-ന്റെ ഭാഗമായി Demonstration Housing Project ഉം നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്.

(സി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടാത്ത ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വിശദമാക്കുമോ?

ഭവന നിർമ്മാണ ബോർഡ് നിലവിൽ നടപ്പിലാക്കിവരുന്ന ഭവന പദ്ധതികൾ ഭവന നിർമ്മാണത്തിനായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടാത്ത ഭവനരഹിതർക്ക് പ്രയോജനകരമാണ്.

സ്വന്തമായി 2/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടനകൾ/എൻ.ജി.ഒ.-കൾ/ കാരുണ്യവാന്മാരായ വ്യക്തികൾ തുടങ്ങിയവരുടെ സാമ്പത്തിക സഹായത്തോടെ വീട് നിർമ്മിച്ചു നൽകുന്ന ഗൃഹശ്രീ ഭവന പദ്ധതി, കുറഞ്ഞത് 3 സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള 3-12 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ഇടത്തരം വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് (LIG/MIG1) വീട് വയ്ക്കാൻ പരമാവധി

3 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്ന ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം:, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന താഴ്ന്ന വരുമാനക്കാർക്കായി വീട് നിർമ്മിച്ചു നൽകുന്ന പദ്ധതി, വനിതാ ശിശുക്ഷേമ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന തണ്ടെയിടം പദ്ധതി, സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഭവന രഹിതരായ ജീവനക്കാർക്ക് വീട് വയ്ക്കുന്നതിന് പരമാവധി 40 ലക്ഷം രൂപ വായ്പ അനുവദിക്കുന്ന പദ്ധതി തുടങ്ങിയവയാണ് പ്രധാന പദ്ധതികൾ.

(ഡി) നിർമ്മിതി കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ത്രീ ഡി പ്രിന്റിംഗ് സാങ്കേതികവിദ്യയ്ക്ക് കൂടുതൽ പ്രചാരം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദവുമായ കെട്ടിട നിർമ്മാണ രീതികൾക്കൊപ്പം നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളും പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന നിർമ്മിതി കേന്ദ്രം പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഏറ്റവും നൂതന സാങ്കേതിക വിദ്യയും പൂർണ്ണമായും തദ്ദേശീയമായി വികസിപ്പിച്ചെടുത്തതുമായ 3D Printing Technology ഉപയോഗിച്ചുള്ള സംസ്ഥാനത്തെ ആദ്യത്തെ കെട്ടിടം AMAZE 28, നിർമ്മിതി

കേന്ദ്രത്തിന്റെ പി.ടി.പി നഗറിലുള്ള ഹെഡ് ഓഫീസിൽ പൂർത്തീകരിച്ചിട്ടുണ്ട്. ടി സാങ്കേതികവിദ്യ പൊതുജനങ്ങൾക്കും സാങ്കേതിക വിദഗ്ധർക്കും കണ്ടു മനസ്സിലാക്കുന്നതിനുള്ള സൗകര്യവും കെസ്റ്റിക് കാമ്പസിൽ ലഭ്യമാണ്. 3D Printing സാങ്കേതികവിദ്യയ്ക്ക് കൂടുതൽ പ്രചാരം നൽകുന്നതിന്റെ ഭാഗമായി KIIFB-യുമായി സഹകരിച്ച് 3D Printing നിർമ്മിതമായ കെട്ടിടങ്ങൾ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ മൂന്ന് 3D Printing Production units-കൾ ആരംഭിക്കുന്നതിനുള്ള അംഗീകാരവും നൽകിയിട്ടുണ്ട്.

അധ്യയന ദിനങ്ങൾ വർദ്ധിപ്പിച്ച നടപടി

23(*263) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) അധ്യയന ദിനങ്ങൾ വർദ്ധിപ്പിച്ചതിൽ പ്രതിഷേധിച്ച് അധ്യാപകർ കൂട്ട അവധി എടുത്തതുമൂലം വിദ്യാഭ്യാസ മേഖലയിലുണ്ടായ പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

(എ&ബി)അധ്യയന ദിനങ്ങൾ വർദ്ധിപ്പിച്ചതിൽ പ്രതിഷേധിച്ച് ചില അധ്യാപകർ അവധി എടുത്തതുമൂലം വിദ്യാഭ്യാസ മേഖലയിൽ പ്രതിസന്ധി ഉണ്ടായിട്ടില്ല.

(സി) ഈ അധ്യയന വർഷം അധ്യയന ദിനങ്ങൾ വർദ്ധിപ്പിക്കാൻ ഇടയായ സാഹചര്യമെന്തെന്ന് വിശദമാക്കാമോ;

കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം VII ചട്ടം 3 പ്രകാരം ഓരോ സ്കൂൾ വർഷത്തിലും സാധാരണഗതിയിൽ ചുരുങ്ങിയത് പരീക്ഷാദിവസങ്ങൾ കൂടാതെ 220 സാദ്ധ്യായ ദിവസങ്ങൾ ഉണ്ടായിരിക്കണമെന്നും പ്രത്യേക സാഹചര്യങ്ങളിൽ ആവശ്യമെങ്കിൽ ഒരു അധ്യയന വർഷം 20 ദിവസം വരെ സാദ്ധ്യായ ദിവസങ്ങൾ എഡ്യൂക്കേഷണൽ ഓഫീസർക്കും അതിൽ കൂടുതലുള്ളത് ഡയറക്ടർക്കും ഇളവ് ചെയ്യാവുന്നതാണെന്നും ചട്ടം വ്യവസ്ഥ ചെയ്യുന്നു.

എറണാകുളം എബനേസർ സ്കൂൾ മാനേജരും പി.ടി.എ.-യും ചേർന്ന് 2023-24 അധ്യയന വർഷത്തിലെ വിദ്യാഭ്യാസ കലണ്ടറിൽ പ്രവൃത്തി ദിനങ്ങൾ 220 ആക്കണമെന്ന് ബഹു.കേരള ഹൈക്കോടതിയിൽ WP(C) 25120/2023 കേസ്

ഫയൽ ചെയ്തിരുന്നു. അതിൻ പ്രകാരം വരും വർഷങ്ങളിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം VII ചട്ടം 3 പ്രകാരമുള്ള പ്രവൃത്തി ദിനങ്ങൾ എത്തിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമെന്ന് 25-04-2024-ലെ എസ്2(എ) 1599098/ 2023/ഡി.ജി.ഇ. നമ്പർ ഉത്തരവ് പ്രകാരം 26-02-2024-ലെ വിധിന്യായം പാലിച്ച് ഉത്തരവിറക്കിയിരുന്നു. എന്നാൽ WP(C) 25120/2023 കേസിന്റെ 23-05-2024-ലെ Contempt Case (C) No. 1134/2024(S) പ്രകാരം 06-06-2024 തീയതിക്ക് മുമ്പായി 2024-25 വർഷത്തെ അക്കാദമിക് കലണ്ടർ സംബന്ധിച്ച നിർദ്ദേശം നൽകുവാൻ ബഹു. ഹൈക്കോടതി ഉത്തരവിടുകയും ചെയ്തിരുന്നു. ഇവയുടെ അടിസ്ഥാനത്തിലാണ് 220 പ്രവൃത്തി ദിനങ്ങൾ ഉൾപ്പെടുത്തി അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിച്ചത്.

ശബരിമല റോഡുകളുടെ നവീകരണം

24(*264) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ കെ. യു. ജനീഷ് കുമാർ:
ശ്രീ എം. എസ്. അരുൺ കുമാർ:
ശ്രീ ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ശബരിമല പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തികവർഷത്തിൽ എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ശബരിമല റോഡുകളുടെ നവീകരണത്തിനായി അനുവദിച്ചിട്ടുള്ള തുക എത്രയാണ്; വിശദാംശം നൽകുമോ?

(എ&ബി) ശബരിമലയിലേയ്ക്കുള്ള തീർത്ഥാടകർ സഞ്ചരിക്കുന്ന പ്രധാന പാതകളും ശബരിമല തീർത്ഥാടകർ എത്തിച്ചേരുന്ന പ്രധാന ഇടത്താവളങ്ങളായ ക്ഷേത്രങ്ങളിലേക്കും ശബരിമല തീർത്ഥാടകർ എത്തുന്ന മറ്റ് ക്ഷേത്രങ്ങളിലേക്കുമുള്ള പാതകൾ മികച്ച നിലവാരത്തിൽ സൂക്ഷിക്കുന്നതിനാണ് ശബരിമല പാക്കേജ് അനുവദിക്കുന്നത്. ശബരിമല പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി 2023-2024 സാമ്പത്തിക വർഷത്തിൽ 64 റോഡുകൾക്ക് 355.764 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ശബരിമല റോഡുകൾ ആധുനിക നിലവാരത്തിൽ നവീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ശബരിമലയിൽ തീർത്ഥാടനകാലം ആരംഭിക്കുന്നതിന് ഏറെ മുമ്പുതന്നെ ശബരിമല റോഡുകളെ സംബന്ധിക്കുന്ന പരിശോധന ആരംഭിക്കും. റോഡുകളുടെ നിലവിലുള്ള അവസ്ഥ പരിശോധിക്കുകയും പൂർണ്ണമായും ഗതാഗത യോഗ്യമാക്കുകയും ചെയ്യും. മന്ത്രിതല വിലയിരുത്തലും ചീഫ് എഞ്ചിനീയർതല പരിശോധനയും നടത്തുകയും ചെയ്യും. ശബരിമല റോഡുകൾ മികച്ച നിലവാരത്തിൽ നിർമ്മിക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് ഉയർന്ന പരിഗണനയാണ് നൽകുന്നത്. റോഡുകൾ ബി.എം-ബി.സി നിലവാരത്തിൽ ഉയർത്തുന്നതിന് മുൻഗണന നൽകി ശബരിമല പാക്കേജ് നടപ്പിലാക്കുന്നു. ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങളും ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നു. കിഫ്ബി, KSTP തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി ഇടറോഡുകൾ അടക്കം നവീകരിക്കുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിന് കീഴിൽ വരുന്ന റോഡുകളിലും നവീകരണ പ്രവൃത്തി നടന്നുവരുന്നു.

(ഡി) അധ്യാപകരുടെ കൂട്ട അവധി അപേക്ഷയിന്മേലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

കെ.ഇ.ആർ&കെ.എസ്.ആർ ചട്ടങ്ങൾ പ്രകാരം ബന്ധപ്പെട്ട അധികാരികൾ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ഫെയർവാല്യൂ നിർണ്ണയം

25 (*265) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എം.വിജിൻ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ ഫെയർവാല്യൂ നിർണ്ണയം നടത്തിയിട്ട് എത്ര കാലമായെന്ന് വ്യക്തമാക്കുമോ?

2010 എപ്രിൽ 1-ന് ഫെയർ വാല്യൂ നിലവിൽ വന്നതിനുശേഷം പുനർനിർണ്ണയം നടത്തിയിട്ടില്ല. എന്നാൽ, 2014, 2018, 2019, 2020, 2022, 2023 എന്നീ വർഷങ്ങളിലായി 6 തവണ ഫെയർവാല്യൂ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) കമ്പോള വിലയെക്കാൾ വളരെ താഴ്ന്ന നിരക്കിലാണ് നിലവിൽ ഫെയർ വാല്യൂ നിർണ്ണയിച്ചിരിക്കുതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കമ്പോള വിലയേക്കാൾ വളരെ താഴ്ന്ന നിരക്കിലാണ് നിലവിൽ ഫെയർവാല്യൂ നിർണ്ണയിച്ചിട്ടുള്ളതെന്ന് സർക്കാരിന്റെ

ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 6 തവണകളിലായി ഫെയർവാല്യൂ വർദ്ധിപ്പിക്കുകയുണ്ടായി.

(സി) ഭൂമിയുടെ ഫെയർ വാല്യൂ നിർണ്ണയവുമായി ബന്ധപ്പെട്ട് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കയാണെന്ന് വ്യക്തമാക്കുമോ?

1959-ലെ കേരള മുദ്രപത്രനിയമം വകുപ്പ് 28 A പ്രകാരം ആർ.ഡി.ഒ മാരാണ് ഫെയർവാല്യൂ നിർണ്ണയിക്കുന്നത്.

സംസ്ഥാനത്തൊട്ടാകെ ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കുവാൻ അനുമതി നൽകിയും അതിനായി സ്വീകരിക്കേണ്ട മാർഗനിർദേശങ്ങൾ അംഗീകരിച്ചും പുറപ്പെടുവിച്ച 14.08.2018-ലെ സ.ഉ(കൈ) നം.302/2018/റ.വ നമ്പർ സർക്കാർ ഉത്തരവ് പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുവാൻ സർക്കാരിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ, ലാൻഡ് റവന്യൂ ജോയിന്റ് കമ്മിഷണർ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, സർവ്വെ ആൻഡ് ലാൻഡ് റിക്കോർഡ്സ് ഡയറക്ടർ എന്നിവർ ചേർന്ന് ഒരു സബ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത കമ്മിറ്റി ടി വിഷയം പരിശോധിച്ച് വരുന്നതുമാണ്.

നിർമ്മാണ പ്രവൃത്തികൾക്ക് അത്യാധുനിക സാങ്കേതികവിദ്യ

26 (*266) ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) പാലങ്ങളുടെയും മേൽപാതകളുടെയും നിർമ്മാണം അത്യാധുനിക സാങ്കേതികവിദ്യയിലേയ്ക്ക് മാറേണ്ട സാഹചര്യം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

പാലങ്ങളുടെയും മേൽപാതകളുടെയും നിർമ്മാണത്തിൽ കാലോചിതമായി പുതിയ സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളിക്കുക എന്നതാണ് പൊതുമരാമത്ത് വകുപ്പിന്റെ നയം. പൊതുമരാമത്ത് വകുപ്പിൽ ഡിസൈൻ വിഭാഗം, പാലങ്ങൾ വിഭാഗം, KHRI തുടങ്ങിയവയുടെ നേതൃത്വത്തിൽ പാലങ്ങളുടെയും മേൽപ്പാലങ്ങളുടെയും നിർമ്മാണത്തിൽ പുതിയ സാങ്കേതികവിദ്യ അവലംബിക്കുന്നതിനുള്ള പരിശോധനകൾ സംഘടിപ്പിക്കുന്നു. കേരളത്തിന് അനുയോജ്യമായ നിർമ്മാണ രീതികൾ കണ്ടെത്തുകയും അവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കിഫ്ബി

പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് പ്രവൃത്തികൾ ഇത്തരത്തിൽ നടപ്പിലാക്കുന്നുണ്ട്. പാലങ്ങളുടെ നിർമ്മാണത്തിനായി ആധുനിക സാങ്കേതികവിദ്യയായ Segmental box girder launching ആണ് ഉപയോഗിച്ചുവരുന്നത്. ഇതോടൊപ്പം റെയിൽവേ മേൽപാലങ്ങളുടെ നിർമ്മാണത്തിന് സ്റ്റീൽ Composite Structure-ഉം ഉപയോഗിക്കുന്നു. ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച ഗുരുവായൂർ റെയിൽവേ മേൽപ്പാലം തുറന്നു നൽകി. 8 ROB കളുടെ നിർമ്മാണം പുരോഗമിക്കുന്നു.

(ബി) പാലങ്ങളും മേൽപാതകളും നിർമ്മിക്കുന്നതിന് അൾട്രാ ഹൈ പെർഫോമൻസ് ഫൈബർ റീ ഇൻഫോഴ്സ്ഡ് കോൺക്രീറ്റിംഗ് സാങ്കേതികവിദ്യ സംസ്ഥാനത്ത് ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കുമോ?

(സി) പ്രസ്തുത സാങ്കേതികവിദ്യ ഉപയോഗിച്ച് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(ബി&സി) ആർ.ബി.ഡി.സി.കെ മുഖാന്തരം കിഫ്ബി ഫണ്ട് ഉപയോഗിച്ച് മലപ്പുറം ജില്ലയിൽ നിർമ്മിക്കുന്ന തിരുനാവായ-തവനൂർ പുഴപ്പാലം Ultra High Performance Fibre Reinforced Concrete Technology ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ഡിസൈൻ ബിൽഡ് രീതിയിൽ നിർമ്മിക്കുന്ന ഈ പാലത്തിന്റെ

ഡിസൈൻ ബാഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്(IISC)-ന്റെ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. അത് ലഭിച്ചശേഷം നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

ഹെൽത്ത് കെയർ ടൂറിസം

27 (*267) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. വി. ജോയി:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് കെയർ ടൂറിസം വികസിപ്പിക്കുന്നതിന് സംസ്ഥാനത്തുള്ള അനുകൂല ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഹെൽത്ത് ടൂറിസം, വെൽനെസ് ടൂറിസം എന്നിവയുടെ പ്രധാന ഹബ്ബായി കേരളം ഇതിനോടകം മാറിക്കഴിഞ്ഞിട്ടുണ്ട്. വിദഗ്ധ ചികിത്സയ്ക്കും സുഖചികിത്സയ്ക്കുമായി വിദേശ രാജ്യങ്ങളിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ആളുകൾ കേരളത്തിൽ എത്തിച്ചേരാറുണ്ട്. മികച്ച ആശുപത്രികൾ, വിദഗ്ധ

ചികിത്സയ്ക്കുള്ള സൗകര്യം, താരതമ്യേന ചെലവ് കുറഞ്ഞ ചികിത്സ തുടങ്ങിയവ കേരളത്തെ ഹെൽത്ത് ടൂറിസം മേഖലയായി വളർത്തി.

കേരളം രാജ്യാന്തര തലത്തിൽ തനത് ഉൽപന്നമായി ആയുർവ്വേദത്തെ അവതരിപ്പിക്കുയും ആയുർവ്വേദത്തിന് വലിയ പ്രചരണം നൽകുകയും ചെയ്തു. ആയുർവ്വേദവും ആയുർവ്വേദ കേന്ദ്രങ്ങളും സഞ്ചാരികൾ എത്തുന്ന ഇടമായി മാറി. വെൽനസ് ടൂറിസത്തിനായി പ്രത്യേക ആയുർവ്വേദ കേന്ദ്രങ്ങളും കേരളത്തിൽ സജ്ജമായി. ഹെൽത്ത് ടൂറിസവും വെൽനസ് ടൂറിസവും കേരളത്തിന് കൂടുതൽ തൊഴിലും വരുമാനവും പ്രദാനം ചെയ്യുന്ന മേഖലയായി വളർന്നിട്ടുണ്ട്.

(ബി) ആയുർവേദം, പ്രകൃതി ചികിത്സ, പഞ്ചകർമ്മ, കളരി തുടങ്ങിയ പരമ്പരാഗത ചികിത്സാ സംവിധാനങ്ങൾ ഈ മേഖലയിൽ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് ആവശ്യമായ പഠനങ്ങളും ആസൂത്രണവും നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആയുർവേദം, പ്രകൃതി ചികിത്സ, പഞ്ചകർമ്മ, കളരി തുടങ്ങിയ പരമ്പരാഗത ചികിത്സാ സംവിധാനങ്ങൾ ഈ മേഖലയിൽ പ്രയോജനപ്പെടുത്തുന്നതിനായി വിനോദ സഞ്ചാര വകുപ്പും ആയുഷ് വകുപ്പും ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിനോദസഞ്ചാര വകുപ്പ്

പങ്കെടുക്കുന്ന ടൂറിസം ഫെയറുകളിലൂടെ ആയുർവ്വേദം പ്രചരിപ്പിക്കുന്നതിന് പുറമേ, ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന B2B Meet-കളിലും മെഡിക്കൽ ടൂറിസം ഒരു ഉത്പന്നം എന്ന നിലയിൽ ആയുർവ്വേദത്തെ പരിചയപ്പെടുത്തുന്നുണ്ട്. കൂടാതെ ഈ സാമ്പത്തികവർഷം ആസൂത്രണം ചെയ്യുന്ന എല്ലാ പ്രധാനപ്പെട്ട മാർക്കറ്റിംഗ് പ്രവർത്തനങ്ങളിലും മെഡിക്കൽ ടൂറിസം വികസനംകൂടി ലക്ഷ്യമിട്ടുകൊണ്ടുള്ള ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ആയുർവേദ രംഗത്തെ നൂതന ഉല്പന്നങ്ങൾ, സേവനങ്ങൾ, എന്നിവ ദേശീയ അന്തർദേശീയ തലത്തിൽ വിപണനം ചെയ്യുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

അന്തർദേശീയ തലങ്ങളിൽ ആയുർവ്വേദത്തിന് കേരളത്തിലെ തനത് ഉത്പന്നം എന്ന നിലയിലുള്ള പ്രചരണം നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് ആയുർവ്വേദ ടൂറിസം പ്രോത്സാഹിപ്പിക്കാനായി ഒരു പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിന് ടൂറിസം വകുപ്പ് രൂപം നൽകിവരുന്നുണ്ട്. കൂടാതെ അന്താരാഷ്ട്ര ടൂറിസം മേളകളിൽ സംസ്ഥാനത്തെ ആയുർവ്വേദത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്; അത് തുടരും.

സംസ്ഥാനത്തെ ആയുർവ്വേദ സെന്ററുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ വിനോദസഞ്ചാര വകുപ്പുവഴി ക്ലാസിഫിക്കേഷൻ നടപ്പാക്കിയിട്ടുണ്ട്. സെന്ററുകളുടെ നിലവാരം അനുസരിച്ച് സിൽവർ, ഗോൾഡ്, ഡയമണ്ട് എന്നിങ്ങനെയാണ് ക്ലാസിഫിക്കേഷൻ നടപ്പാക്കിയിട്ടുള്ളത്. ഏറ്റവും മികച്ച സെന്ററുകൾക്ക് ആയൂർ ഡയമണ്ട് എന്ന ക്ലാസിഫിക്കേഷൻ നൽകുന്നു. സംസ്ഥാനത്ത് നിലവിൽ 60-ഓളം ആയുർവ്വേദ സെന്ററുകൾ ടൂറിസം വകുപ്പിന്റെ ക്ലാസിഫൈഡ് ആയുർവ്വേദ സെന്ററുകളായി പ്രവർത്തിച്ചുവരുന്നു. മൂന്നു വർഷമാണ് ക്ലാസിഫിക്കേഷൻ കാലാവധി.

ക്ലാസിഫിക്കേഷൻ ലഭിക്കുന്ന ആയുർവ്വേദ സെന്ററുകളുടെ വിശദാംശങ്ങൾ ടൂറിസം വകുപ്പിന്റെ ബ്രോഷറുകൾ, വെബ്സൈറ്റ് എന്നിവ വഴി വിനോദസഞ്ചാരികളുടെ അറിവിലേയ്ക്കായി പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതിലൂടെ ടൂറിസം വകുപ്പ് അംഗീകരിച്ച ഗുണനിലവാരമുള്ള ആയുർവ്വേദ ടൂറിസം കേന്ദ്രങ്ങൾ തെരഞ്ഞെടുക്കാൻ വിനോദ സഞ്ചാരികൾക്ക് കഴിയുന്നു.

വർഷംതോറും നടന്നുവരുന്ന ഇന്ത്യ-ഇന്റർനാഷണൽ ട്രേഡ് ഫെയർ, വേൾഡ് ആയുർവേദ കോൺഗ്രസ്സ് തുടങ്ങിയ പരിപാടികളിൽ പങ്കെടുത്ത്

ആയുർവേദ ഉത്പന്നങ്ങളുടെ വിപണനം ദേശീയ-അന്തർദേശീയ തലത്തിൽ പ്രചരിപ്പിച്ചുവരുന്നുണ്ട്.

(ഡി) പ്രകൃതി ചികിത്സയുടെയും മറ്റ് പാരമ്പര്യ ചികിത്സയുടെയും വിപണന സാധ്യതകൾ വിലയിരുത്തി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

പരിശോധിക്കാവുന്നതാണ്.

മലയോര ഹൈവേ വികസന പദ്ധതി

28(*268) ശ്രീ. എ. രാജ:
ശ്രീ. എം. എം. മണി:
ശ്രീ. ടി.ഐ.മധുസൂദനൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നീളുന്ന മലയോര ഹൈവേ വികസന പദ്ധതിയുടെ സാമ്പത്തികാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമായതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഓരോ ജില്ലയിലും പൂർത്തിയായതും പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതുമായ ഭാഗങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) മലയോര ഹൈവേയുടെ ഏതെങ്കിലും ഭാഗങ്ങൾ ഗതാഗതത്തിന് തുറന്ന് കൊടുത്തിട്ടുണ്ടോയെന്നും പ്രസ്തുത പ്രവൃത്തി പൂർണ്ണമായും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

(എ-സി) കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലവരെ നീളുന്ന മലയോര ഹൈവേ പദ്ധതിക്ക് 10-07-2017-ലെ Go(Rt)No.942/2017/PWD ഉത്തരവുപ്രകാരം 3500 കോടി രൂപയ്ക്ക് തത്വത്തിലുള്ള ഭരണാനുമതി നൽകി. കിഫ്ബി ഫണ്ട് ഉപയോഗിച്ച് 793.68 കിലോമീറ്റർ റോഡാണ് കെ.ആർ.എഫ്.ബി-പി.എം.യു. മുഖേന ഈ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നത്. കിഫ്ബി മാനദണ്ഡപ്രകാരം 12 മീറ്റർ വീതിയിൽ റോഡ് വികസനത്തിനാവശ്യമായ സ്ഥലം പൊതുജനങ്ങളിൽ നിന്ന് സൗജന്യമായി ലഭ്യമാക്കി DBM & BC നിലവാരത്തിൽ ഡിസൈൻ റോഡ് നിർമ്മിക്കുകയാണ് മലയോര ഹൈവേ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കെ.ആർ.എഫ്.ബി-പി.എം.യു-വിന്റെ കീഴിൽ 488.63 കി.മീ സാങ്കേതികാനുമതി നൽകി ടെൻഡർ

ചെയ്തിട്ടുണ്ട്. അതിൽ 297.595 കി.മീ പ്രവൃത്തി പുരോഗമിക്കുന്നു. 149.175 കി.മീ റോഡിന്റെ പ്രവൃത്തി ഇതുവരെ പൂർത്തിയായി. ബാക്കിയുള്ള 305.05 കി.മീ സാമ്പത്തികാനുമതി നൽകി സാങ്കേതികാനുമതിക്കുള്ള നടപടികൾ പുരോഗമിക്കുന്നു. മലയോര ഹൈവേ പ്രവൃത്തികൾക്കായി ഇതുവരെ കിഫ്ബിയിൽ നിന്നും 3505 കോടി രൂപയുടെ സാമ്പത്തികാനുമതി അനുവദിച്ചിട്ടുണ്ട്. ഇതിൽ 1288 കോടി രൂപ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുമുണ്ട്. ഓരോ ജില്ലകളിലൂടെ കടന്നുപോകുന്ന മലയോര ഹൈവേ പ്രവൃത്തിയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം ജില്ല

1. കള്ളിക്കാട് പാറശ്ശാല – ഒന്നാം ഘട്ടം (15.5 കി.മീ) – പ്രസ്തുത പ്രവൃത്തിക്ക് 21-10-2018-ൽ 53.84 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്ന് നൽകുകയും 18-01-2021-ൽ 47.71 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 31-01-2024-ന് പ്രവൃത്തി പൂർത്തിയായി.

2. കള്ളിക്കാട് പാറശ്ശാല – രണ്ടാം ഘട്ടം (7.45 കി.മീ) – പ്രസ്തുത പ്രവൃത്തിക്ക് 30-06-2018-ൽ കിഫ്ബിയിൽ നിന്ന് 54.907 കോടി രൂപയുടെ സാമ്പത്തികാനുമതിയും 07-03-2019-ൽ 34.21 കോടി രൂപയുടെ

സാങ്കേതികാനുമതിയും നൽകുകയുണ്ടായി. പുറമ്പോക്ക് (800 മീറ്റർ) ഒഴികെയുള്ള എല്ലാ ഭാഗങ്ങളിലും ബി.സി പൂർത്തിയാക്കിയിട്ടുണ്ട്. പുനരധിവാസത്തിനായി ഭൂമി കണ്ടെത്തിയിട്ടുണ്ട്. പുതിയ വീടുകളുടെ നിർമ്മാണം പൂർത്തിയായതിനു ശേഷം പുനരധിവാസം നടത്തി പ്രവൃത്തി പൂർത്തിയാക്കാൻ കഴിയും.

3. കുടപ്പനമൂട്- വാഴിച്ചൽ (2.9 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് 09-08-2023-ൽ കിഫ്ബിയിൽ നിന്ന് 14.31 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 25-10-2022-ൽ 14.31 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 28-02-2024-ന് കരാറുകാരനുമായി പ്രവൃത്തിയുടെ എഗ്രിമെന്റിൽ ഏർപ്പെട്ടു. പ്രവൃത്തി പുരോഗമിക്കുന്നു(5%). 20-12-2024-നകം പ്രവൃത്തി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

4. കൊപ്പം - പെരിങ്ങമ്മല (9.45 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് 21-06-2018-ൽ കിഫ്ബിയിൽ നിന്ന് 45.25 കോടി രൂപയുടെ സാമ്പത്തികാനുമതിയും 16-07-2020-ൽ 47.98 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു (86%).

5. കൊല്ലായിൽ - ചല്ലിമുക്ക് (21.08 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് 26-05-2018-ൽ കിഫ്ബിയിൽ നിന്ന് 54.72 കോടി രൂപയുടെ

സാമ്പത്തികാനുമതി നൽകുകയും 03-12-2021-ൽ 54.72 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 30-06-2021-ന് പ്രവൃത്തി പൂർത്തിയായി.

6. പെരിങ്ങമ്മല – പാലോട് (പാലോട് ബ്രൈമോർ റോഡ് ഓവർലാപ്പ് ചെയ്യുന്നു) (3.5 കി.മീ) – പ്രസ്തുത പ്രവൃത്തിക്ക് 19-09-2017-ൽ കിഫ്ബിയിൽ നിന്ന് 49.69 കോടി രൂപയുടെ സാമ്പത്തികാനുമതിയും 30-11-2017-ൽ 48.85 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 20-09-2019-ന് പ്രവൃത്തി പൂർത്തിയായി.

കൊല്ലം ജില്ല

1. കൊല്ലായിൽ (ചല്ലിമുക്ക്) - പുനലൂർ കെ.എസ്.ആർ.ടി.സി (46.1 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് 01-01-2018-ൽ കിഫ്ബിയിൽ നിന്ന് 201.67 കോടി രൂപയുടെ സാമ്പത്തികാനുമതിയും 20-03-2018-ൽ 201.67 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 30-12-2020-ന് പ്രവൃത്തി പൂർത്തിയായി.

കോട്ടയം ജില്ല

1. പ്ലാച്ചേരി കരിങ്കല്ലുമൂഴി (7.5 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് 20-03-2022-ൽ കിഫ്ബിയിൽനിന്ന് 33.19 കോടി രൂപയുടെ സാമ്പത്തികാനുമതിയും 23-05-2022-ൽ 34.59 കോടി രൂപയുടെ

സാങ്കേതികാനുമതിയും നൽകി ടെൻഡർ ചെയ്തിട്ടുണ്ട്. 29-09-2022-ന് ടെൻഡർ അപ്രൂവൽ കമ്മിറ്റി അംഗീകാരം നൽകി. പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) കിഫ്ബിയുടെ TRC തയ്യാറാക്കിവരുന്നു. 10 വീടുകളുടെ പുനരധിവാസം നടത്തേണ്ടതായിട്ടുണ്ട്. കിഫ്ബിയിൽ നിന്നും PED അപ്രൂവൽ ലഭ്യമായാൽ ഉടനെ കരാറിൽ ഏർപ്പെടുവാൻ സാധിക്കും. വനഭൂമിയുടെ ഒന്നാംഘട്ട അംഗീകാരം ലഭിച്ചു. രണ്ടാംഘട്ട അംഗീകാരത്തിനായി സിഎ ലാൻഡിന്റെ വിശദാംശങ്ങൾ സഹിതം പരിവേഷ് പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നതിന് മൃട്ടേഷൻ സർട്ടിഫിക്കറ്റ് ജില്ലാകളക്ടറിൽ നിന്നും ലഭിക്കേണ്ടതുണ്ട്.

ഇടുക്കി ജില്ല

1. കുട്ടിക്കാനം - ചപ്പാത്ത് (19.0 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് 08-11-2023-ൽ കിഫ്ബിയിൽ നിന്ന് 109.67 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 24-09-2019-ൽ 80.53 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 28-02-2023-ന് പ്രവൃത്തി പൂർത്തിയായി.

2. പീരുമേട് – ദേവികുളം റോഡിന് ചപ്പാത്ത് മുതൽ പുളിയന്മല വരെയുള്ള ഭാഗത്ത് 144.09 കോടിരൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി **31-07-2022-ൽ**

നൽകി. ഈ പ്രവൃത്തി സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിൽ നാലായി തിരിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

a. പീരുമേട് - ദേവികുളം - ഒന്നാം ഘട്ടം (12.7 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് 10-11-2021-ൽ 56.71 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു (42%). 23-03-2025-നകം പ്രവൃത്തി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

b. പീരുമേട് - ദേവികുളം - രണ്ടാം ഘട്ടം (2.9 കി.മീ) - ഈ പ്രവൃത്തിക്ക് 01-04-2022-ൽ 21.64 കോടിരൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു(30%).

c. പീരുമേട് - ദേവികുളം - മൂന്നാം ഘട്ടം (5.45 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് 16-08-2022-ൽ 52.84 കോടിരൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു (30%).

d. പീരുമേട് - ദേവികുളം - നാലാം ഘട്ടം (6.66 കി.മീ) - ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് പുതുക്കിയ സാമ്പത്തികാനുമതി ആവശ്യമാണ്.

3. മൈലാടുംപാറ - പുളിയൻമല (25.78 കി.മീ) - കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

4. എല്ലക്കൽ പാലം - വലിയ മുല്ലക്കാനം (5.25 കി.മീ) - ഈ പ്രവൃത്തിക്ക് 20-03-2022-ൽ കിഫ്ബിയിൽനിന്ന് 39.79 കോടിരൂപയുടെ സാമ്പത്തികാനുമതിയും 25-04-2022-ൽ 39.46 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു (13%).

5. ഇരുട്ടുകാനം - എല്ലക്കൽ പാലം (12.87 കി.മീ) - കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

എറണാകുളം ജില്ല

1. ചേരങ്ങനാൽ - നേര്യമംഗലം (13.6 കി.മി) - പ്രസ്തുത പ്രവൃത്തിക്ക് 20-03-2022-ൽ 65.57 കോടിരൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്ന് നൽകിയിട്ടുണ്ട്. സൗജന്യമായി ഭൂമി വിട്ടുകിട്ടാനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു.

2. യൂക്കാലി ജംഗ്ഷൻ - ഇല്ലിത്തോട് (6.16 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് 08-08-2022-ൽ 34.84 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്ന് നൽകിയിട്ടുണ്ട്. സൗജന്യമായി ഭൂമി വിട്ടുകിട്ടാനുള്ള ശ്രമങ്ങൾ തുടരുന്നു.

3. ഇല്ലിത്തോട് - അഭയാരണ്യം (elevated റോഡ്) - പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് 04-08-2022-ൽ 32.09 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ചെട്ടിനട (1.895 കി.മീ) - സൗജന്യമായി ഭൂമി വിട്ടുകിട്ടാനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു.

4. വെറ്റിലപ്പാറ - മഞ്ഞപ്ര - യൂക്കാലി ജംഗ്ഷൻ (23.26 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് 05-04-2023-ൽ 105.02 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്ന് നൽകിയിട്ടുണ്ട്. സൗജന്യമായി ഭൂമി വിട്ടു കിട്ടാനുള്ള ശ്രമങ്ങൾ തുടരുന്നു.

5. ചെട്ടിനട - ചേരങ്ങനാൽ (23.26 കി.മി) - പ്രസ്തുത പ്രവൃത്തിക്ക് 08-08-2022-ൽ 76.26 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്ന് നൽകിയിട്ടുണ്ട്. സൗജന്യമായി ഭൂമി വിട്ടു ലഭിക്കാനുള്ള ശ്രമങ്ങൾ തുടരുന്നു.

തൃശ്ശൂർ ജില്ല

1. പട്ടിക്കാട് വിളങ്ങന്നൂർ (5.3 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് 20-03-2022-ൽ കിഫ്ബിയിൽ നിന്ന് 21.372 കോടി രൂപയുടെ സാമ്പത്തികാനുമതിയും 29-04-2022-ൽ 21.05 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു (28%).

2. വെള്ളിക്കുളങ്ങര - വെറ്റിലപ്പാറ പാലം (19.0 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് 31-03-2023-ൽ കിഫ്ബിയിൽ നിന്ന് 124.69 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 10-02-2022-ൽ 107.276 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കെട്ടിടം/ചുറ്റുമതിൽ തുടങ്ങിയവയുടെ നഷ്ടപരിഹാര തുക വിതരണം നടന്നുകൊണ്ടിരിക്കുന്നു. കരാറുകാരൻ എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. വനഭൂമി ഏറ്റെടുക്കുന്നതിനായി പുതിയ സിഎ ലാൻഡ് കണ്ടെത്തി സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. കുറച്ച് സ്ഥലത്തിന് സംസ്ഥാന ലാൻഡ് ബോർഡിന്റെ അനുമതികൂടി ആവശ്യമാണ്.

3. വിളങ്ങന്നൂർ- വെള്ളിക്കുളങ്ങര (30.804 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് 20-03-2022-ൽ കിഫ്ബിയിൽനിന്ന് 136.49 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വനഭൂമി ഏറ്റെടുക്കുന്നതിനായി പുതിയ സിഎ ലാൻഡ് കണ്ടെത്തി സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. കുറച്ച് സ്ഥലത്തിന് സംസ്ഥാന ലാൻഡ് ബോർഡിന്റെ അനുമതി കൂടി ആവശ്യമാണ്.

പാലക്കാട് ജില്ല

1. നെന്മാറ ബൈപാസ് - തങ്കം ജംഗ്ഷൻ (15.21 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് 27-04-2023-ൽ കിഫ്ബിയിൽനിന്ന് 75.83 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

2. പനങ്ങാട്ടിരി-വിത്തനശ്ശേരി (7.057 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് 30-03-2022-ൽ കിഫ്ബിയിൽ നിന്ന് 33.18 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

3. ഗോപാലപുരം-നെടുമണി- സ്ട്രെച്ച്-1 (14.86 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് 05-04-2023-ൽ 73.21 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. 3 പാലങ്ങൾക്കുള്ള TS എസ്റ്റിമേറ്റ് Part TS-1 ആയി 12-06-2024-ൽ 20.62 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഭാഗങ്ങളുടെ ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

4. ഗോപാലപുരം - നെടുമണി - സ്കെച്ച് 2 (15.73 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് 30-03-2023-ൽ 82.56 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ജലസേചന വകുപ്പിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിനായി വകുപ്പിന്റെ എൻ.ഒ.സി ലഭ്യമാക്കേണ്ടതുണ്ട്.

5. കാഞ്ഞിരംപാറ മസ്ജിദ് - കുമരംപുത്തൂർ (18.10 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് 05-04-2023-ൽ 91.41 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് PRICE വഴി തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധനയിലാണ്.

മലപ്പുറം ജില്ല

1. പൂക്കോട്ടുംപാടം കാളികാവ് - ഒന്നാം ഘട്ടം (8.7 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽനിന്ന് 19-09-2022-ൽ 131.61 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 26-12-2019-ൽ 49.96 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു (95%). പ്രവൃത്തി ഉടൻ തന്നെ പൂർത്തിയാക്കാനാകും.

2. പൂക്കോട്ടുംപാടം - കാളികാവ് - രണ്ടാം ഘട്ടം (18.10 കി. മീ.) - പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് 19-09-2022-ൽ 131.61 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 23-05-2022-ൽ 75.79 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു (28%).

3. പൂക്കോട്ടുംപാടം - മൈലാടി പാലം (10.9 കി. മീ.) - പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽനിന്ന് 07-06-2018-ൽ 49.50 കോടി രൂപയുടെ സാമ്പത്തികാനുമതിയും 23-05-2022-ൽ 49.35 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു(38%).

4. പൂക്കോട്ടുംപാടം - മൂലേപ്പാടം രണ്ടാം ഘട്ടം (മൈലാടി പാലം മുതൽ മൂലേപ്പാടം വരെ (11.5 കി. മീ.) - കിഫ്ബിയിൽനിന്നും പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

5. കക്കാടംപൊയിൽ - നിലമ്പൂർ (11.5 കി. മീ.) - പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് 28-08-2022-ൽ 80.02 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് PRICE വഴി തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധനയിലാണ്. വനഭൂമിയുടെ ഒന്നാംഘട്ട അംഗീകാരത്തിനായി പുതിയ സിഎ ലാൻഡ് കണ്ടെത്തേണ്ടതുണ്ട്.

6. ചിറക്കൽ - ഉച്ചാരക്കടവ്, ഉച്ചാരക്കടവ് - കാഞ്ഞിരംപാറ (12.28 കി. മീ.) - കിഫ്ബിയിൽ നിന്നും പുതുക്കിയ സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കോഴിക്കോട് ജില്ല

1. കോടഞ്ചേരി - കക്കാടംപൊയിൽ (35.35 കി. മീ) - പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് 23-05-2023-ൽ 198.35 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 13-07-2020-ൽ 158.35 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു (96%). ഉടൻ തന്നെ പ്രവർത്തി പൂർത്തിയാക്കാനാകും.

2. തലയാട് - മലപ്പുറം - കോടഞ്ചേരി - ഒന്നാം ഘട്ടം (9.99 കി. മീ) - പ്രസ്തുത പ്രവൃത്തിക്ക് 12-04-2023-ൽ കിഫ്ബിയിൽ നിന്ന് 106.08 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 13-04-2022-ൽ 55.06 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു (17%). വാട്ടർ അതോറിറ്റിയുടെ JJM പൈപ്പിടൽ പ്രവൃത്തികൾ ഇതുവരെ പൂർത്തിയായിട്ടില്ല.

3. 28-ാം മൈൽ - തലയാട് ടൗൺ (6.79 കി. മീ) - പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് 04-04-2023-ൽ 50.31 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 23-05-2022-ൽ 47.00 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു (20%). 06-02-2025-നകം പ്രവൃത്തി പൂർത്തിയാക്കാനാകും.

4. മരിപ്പുഴ - ആനക്കാംപൊയിൽ- പുല്ലുരാംപാറ (12.0 കി. മീ) - പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് 06-08-2020-ൽ 108.16 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 11-04-2023-ൽ 108.31 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു (2%). 24-02-2026-നകം പ്രവൃത്തി പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷ. വാട്ടർ അതോറിറ്റിയുടെ - JJM പൈപ്പിടൽ പ്രവൃത്തികൾ ഇതുവരെ പൂർത്തിയായിട്ടില്ല.

5. ചുങ്കംക്കുട്ടി - പൂതംപാറ പാലം (5.446 കി. മീ.) - പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് 11-08-2022-ൽ 38.47 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. സാമ്പത്തികാനുമതി revalidate ചെയ്തതിനുശേഷം സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് പുന:സമർപ്പിക്കുന്നതിനായി PRICE വഴി തിരികെ നൽകിയിട്ടുണ്ട്.

6. പെരുവണ്ണാമുഴി മുതൽ 28-ാം മൈൽ വരെ (15.65 കി.മീ.) - പ്രസ്തുത പ്രവൃത്തിക്ക് 20-03-2022-ൽ കിഫ്ബിയിൽ നിന്ന് 71.94 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. Part TS-1 (5.5 കി.മീ.) പ്രവൃത്തി പുരോഗമിക്കുന്നു (3%). 20-03-2025-നകം പ്രവൃത്തി പൂർത്തിയാക്കാനാകും എന്ന് പ്രതീക്ഷിക്കുന്നു. പാർട്ട് TS-II-ന്റെ എസ്റ്റിമേറ്റ് PRICE വഴി തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

7. മുള്ളൻകുന്ന് - പെരുവണ്ണാമുഴി (8.06 കി. മീ.) - പ്രസ്തുത പ്രവൃത്തിക്ക് 08-08-2022-ൽ കിഫ്ബിയിൽ നിന്ന് 38.39 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ജലസേചന വകുപ്പിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിനായി വകുപ്പിന്റെ എൻ.ഒ.സി ലഭിക്കേണ്ടതുണ്ട്.

8. തൊട്ടിൽപ്പാലം - മുള്ളൻകുന്ന് (6.4 കി. മീ.) - പ്രസ്തുത പ്രവൃത്തിക്ക് 08-08-2022-ൽ കിഫ്ബിയിൽ നിന്ന് 29.77 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

9. പൂതംപാറ പാലം - മൂന്നാംകൈ- തൊട്ടിൽപ്പാലം (7.225 കി.മീ.) - പ്രസ്തുത പ്രവൃത്തിക്ക് 27-02-2023-ൽ കിഫ്ബിയിൽ നിന്ന് 45.34 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

10. തലയാട് - മലപ്പുറം - കോടഞ്ചേരി - രണ്ടാം ഘട്ടം - (8.01 കി. മീ.) - പ്രസ്തുത പ്രവൃത്തിക്ക് 12-04-2023-ൽ കിഫ്ബിയിൽ നിന്ന് 106.08 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 13-04-2022-ൽ 55.06 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. വാട്ടർ അതോറിറ്റിയുടെ - JJM പൈപ്പിടൽ പ്രവൃത്തികൾ ഇതുവരെ പൂർത്തിയായിട്ടില്ല.

വയനാട് ജില്ല

1. കൽപ്പറ്റ ബൈപാസ് - മേപ്പാടി- കാപ്പൻകൊല്ലി -ചൂരൽമല (16.75 കി.മീ.)- പ്രസ്തുത പ്രവൃത്തിക്ക് 30-10-2023-ൽ കിഫ്ബിയിൽ നിന്ന് 63.78 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 30-01-2019-ൽ 57.02 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി ചെയ്യാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ കരാർ

അവസാനിപ്പിച്ചു. ബാലൻസ് വർക്ക് പുനഃക്രമീകരിച്ച് ടെൻഡർ ചെയ്തു. ഫിനാൻസ് ബിഡ് തുറന്നു. ULCCS-നുള്ള Price Preference-ന് എതിരെ L1 ബിഡ്ഡർ കോടതിയിൽ കേസ് നൽകിയിരുന്നു. ഇതിൽ L2 ബിഡ്ഡറിന് അനുകൂലമായി വിധി വരികയും തുടർന്ന് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാർ നടപടികൾ കൈകൊണ്ടുവരുകയും ചെയ്യുന്നു. വാട്ടർ അതോറിറ്റിയുടെ - JJM പൈപ്പിടൽ പ്രവൃത്തികൾ ഇതുവരെ പൂർത്തിയായിട്ടില്ല.

2. കൊട്ടിയൂർ-ബോയ്സ് ടൗൺ (43.0 കി. മീ.) - പ്രസ്തുത പ്രവൃത്തിക്ക് 18-11-2023-ൽ കിഫ്ബിയിൽനിന്ന് 186.65 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 01-01-2021-ൽ 123.60 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു(72%). വാട്ടർ അതോറിറ്റിയുടെ - JJM പൈപ്പിടൽ പ്രവൃത്തികൾ ഇതുവരെ പൂർത്തിയായിട്ടില്ല.

3. കുഞ്ഞോം - നിറവിൽപുഴ - ചുങ്കക്കുട്ടി (8.521 കി.മീ.) - പ്രസ്തുത പ്രവൃത്തിക്ക് 08-08-2022-ൽ കിഫ്ബിയിൽ നിന്ന് 36.52 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 24-08-2023-ൽ 26.638 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി ടെൻഡർ ചെയ്തു. ഫിനാൻസ് ബിഡ് തുറന്നു. ULCCS-നുള്ള price preference-ന് എതിരെ L1 ബിഡ്ഡർ

കോടതിയിൽ കേസ് നൽകിയിരുന്നു. ഇതിൽ L2 ബിഡ്ഡറിന് അനുകൂലമായി വിധി വരികയും തുടർന്ന് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാർ നടപടികൾ കൈക്കൊണ്ടുവരുകയും ചെയ്യുന്നു. വനഭൂമിയുടെ ഒന്നാംഘട്ട അംഗീകാരം ലഭിച്ചു. രണ്ടാംഘട്ട അംഗീകാരത്തിനായി സിഎ ലാൻഡിന്റെ വിശദാംശങ്ങൾ സഹിതം പരിവേഷ് പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നതിന് ജില്ലാ കളക്ടറിൽ നിന്നും മൃട്ടേഷൻ സർട്ടിഫിക്കറ്റ് ലഭിക്കേണ്ടതുണ്ട്. വാട്ടർ അതോറിറ്റിയുടെ - JJM പൈപ്പിടൽ പ്രവൃത്തികൾ ഇതുവരെ പൂർത്തിയായിട്ടില്ല.

കണ്ണൂർ ജില്ല

1. വള്ളിത്തോട് അമ്പായത്തോട് (25.3 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് 13-03-2024-ൽ കിഫ്ബിയിൽ നിന്ന് 83.16 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 24-08-2023-ൽ 26.638 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു(37%). വാട്ടർ അതോറിറ്റിയുടെ - JJM പൈപ്പിടൽ പ്രവൃത്തികൾ ഇതുവരെ പൂർത്തിയായിട്ടില്ല.

2. അമ്പായത്തോട് - ബോയ്സ് ടൗൺ (6.0 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് 30-03-2023-ൽ കിഫ്ബിയിൽ നിന്ന് 35.67 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് PRICE

വഴി തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വനഭൂമിയുടെ ഒന്നാംഘട്ട അംഗീകാരം ലഭിച്ചു. രണ്ടാംഘട്ട അംഗീകാരത്തിനായി സിഎ ലാൻഡിന്റെ വിശദാംശങ്ങൾ സഹിതം പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിന് മ്യൂട്ടേഷൻ സർട്ടിഫിക്കറ്റ് ജില്ലാ കളക്ടറിൽ നിന്നും ലഭിക്കേണ്ടതുണ്ട്.

കാസർകോട് ജില്ല

1. നന്ദാരപ്പടവ് - ചേവാർ (23 കീ.മീ) - പ്രസ്തുത പ്രവൃത്തിക്ക് 20-01-2018-ൽ കിഫ്ബിയിൽ നിന്ന് 54.76 കോടി രൂപയുടെ സാമ്പത്തികാനുമതിയും 14-03 -2018-ൽ 54.53 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 27-02-2021-ന് പ്രവൃത്തി പൂർത്തിയായി.

2. കോളിച്ചാൽ - ഇടപ്പറമ്പ് (24.4 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് 20-01-2018-ൽ കിഫ്ബിയിൽ നിന്ന് 85.15 കോടി രൂപയുടെ സാമ്പത്തികാനുമതിയും 14-03-2018-ൽ 85.15 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 21 കിലോമീറ്റർ പ്രവൃത്തി പൂർത്തിയാക്കി കരാർ അവസാനിപ്പിച്ചു. ബാക്കിയുള്ള 3 കിലോമീറ്റർ വനഭാഗമാണ് നടപ്പാക്കേണ്ടത്. വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരത്തിനായി പുതിയ സിഎ ലാൻഡ് കണ്ടെത്തേണ്ടതുണ്ട്.

3. കോളിച്ചാൽ ചെറുപുഴ (28.87 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് 18-08-2021-ൽ കിഫ്ബിയിൽ നിന്ന് 89.24 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 14-03-2018-ൽ 85.15 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു (90%). ഉടൻ തന്നെ പ്രവൃത്തി പൂർത്തിയാക്കാനാകും.

4. ചേവാർ - ഇടപ്പറമ്പ (27.97 കി.മീ) - പ്രസ്തുത പ്രവൃത്തിക്ക് 02-12-2022-ൽ കിഫ്ബിയിൽ നിന്ന് 86.63 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 08-03-2022-ൽ 83.84 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു (70%).

തിരുവനന്തപുരം ജില്ലയിലെ 40.075 കി.മീ, കൊല്ലം ജില്ലയിലെ 46.10 കി.മീ, ഇടുക്കി ജില്ലയിലെ 19 കി.മീ, കാസർഗോഡ് ജില്ലയിലെ 44 കി.മീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തിയായവ ഗതാഗതത്തിന് തുറന്നു നൽകിയിട്ടുമുണ്ട്.

ഒഡെപെക് പ്രവർത്തനങ്ങൾ

29(*269) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. മുരളി പെരുനെല്ലി:

ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഒഡെപെക് 2016 ജൂൺ മുതൽ ഏതൊക്കെ മേഖലകളിൽ എത്രത്തോളം വിദേശ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

2016 ജൂൺ മുതൽ നഴ്സ്, ഡോക്ടർ, പാരാമെഡിക്കൽ ജീവനക്കാർ, എഞ്ചിനീയർ, ടീച്ചർ തുടങ്ങി വിവിധ മേഖലകളിൽ ഗൾഫ് രാജ്യങ്ങൾ, മാൽദ്വീപ്, യു.കെ., അയർലണ്ട്, ജർമ്മനി, ബെൽജിയം തുടങ്ങി വിവിധ രാജ്യങ്ങളിലേക്ക് ഒഡെപെക് മുഖേന നിയമനം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഒഡെപെക് നടത്തിവരുന്ന പാക്കേജ് ടൂറുകളുടെയും എയർ ടിക്കറ്റിംഗിന്റെയും വിശദാംശം അറിയിക്കാമോ?

അയാട്ടാ അംഗീകാരമുള്ള ഒരു ട്രാവൽ ഡിവിഷൻ 1990 മുതൽ ഒഡെപെകിന്റെ കീഴിൽ പ്രവർത്തിക്കുന്നു. അന്തർദേശീയ യാത്രയ്ക്കുള്ള ടിക്കറ്റുകളും ലഭ്യമാക്കുന്നുണ്ട്. ഈ ട്രാവൽ ഡിവിഷൻ രാജ്യത്തെ മിക്കവാറും എല്ലാ പ്രധാന

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫ്ലൈറ്റ് കമ്പനികളുമായും കൈകോർത്ത് പ്രവർത്തിക്കുന്നുണ്ട്. മന്ത്രിമാർ, ഗവർണ്ണർ, സർക്കാർ മേഖലയിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഉയർന്ന ഉദ്യോഗസ്ഥർ, തുടങ്ങിയവർ ഈ സ്ഥാപനം വഴിയാണ് വിമാന ടിക്കറ്റുകൾ വാങ്ങുന്നത്. കഴിഞ്ഞ നാല് ദശാബ്ദങ്ങളായി വിദേശ തൊഴിലന്വേഷകർക്ക് അവരുടെ യാത്രാരേഖകളും ടിക്കറ്റുകളും സമയബന്ധിതമായി തയ്യാറാക്കിയും വിസ ഔപചാരികതകൾ, തൊഴിൽ നിയമങ്ങൾ, യാത്രാ നിയന്ത്രണങ്ങൾ എന്നിവയിൽ ഉചിതമായ മാർഗ്ഗനിർദ്ദേശം നൽകിയും പ്രവർത്തിക്കുന്നു.

പ്രമുഖ ടൂർ ഓപ്പറേറ്ററായ തോമസ് കുക്കുമായി ചേർന്ന് ടൂർപാക്കേജുകൾ നടപ്പിലാക്കുന്നതിനായി ട്രാവൽ ഡിവിഷന്റെ കീഴിൽ 2018-ലാണ് ടൂർ വിഭാഗം ആരംഭിക്കുന്നത്. സ്വദേശ/വിദേശ വിനോദയാത്രകൾ നടത്തുവാൻ ആഗ്രഹിക്കുന്നവർക്കായി വിവിധ തരത്തിലുള്ള ടൂർ പാക്കേജുകൾ ഓരോരുത്തരുടെയും അഭിരുചിക്കും ബജറ്റിനും അനുസരിച്ച് തെരഞ്ഞെടുക്കാനുള്ള സൗകര്യം ലഭ്യമാണ്. കൂടാതെ ആഡംബരകപ്പൽ (ക്രൂയിസ്) വിനോദസഞ്ചാര യാത്രാപാക്കേജുകളും സംഘടിപ്പിക്കുന്നുണ്ട്. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പ്രത്യേക ഇളവുകളും നൽകിവരുന്നുണ്ട്.

കാശ്മീർ, ഗോവ, ഹിമാചൽ (ഷിംല, കുളു, മണാലി), ഗോൾഡൻ ട്രയാങ്കിൾ (ഡൽഹി, ആഗ്ര, ജയ്പൂർ), ഹരിദ്വാർ-ഋഷികേശ് എന്നിവ ഒഡെപെക് ഒരുക്കിയിട്ടുള്ള ഏതാനും ചില ആഭ്യന്തര ടൂർ പാക്കേജുകളാണ്. അന്താരാഷ്ട്ര ടൂറുകൾ ഇഷ്ടപ്പെടുന്ന യാത്രക്കാരെ ആകർഷിക്കുന്ന ഏതാനും ചില ലക്ഷ്യസ്ഥാനങ്ങൾ ആണ് മൗറീഷ്യസ്, ദുബായ്, ടർക്കി, ബാങ്കോക്, പട്ടായ, ആസ്ട്രേലിയ, ബാലി, മാൽദീവ്സ് തുടങ്ങിയവ.

(സി) പരിശീലനത്തിനും വിദേശ പഠന രംഗത്തും ഒഡെപെക് നടത്തി വരുന്ന സേവനങ്ങൾ എന്തൊക്കെയാണ്?

2019-ലാണ് ഒഡെപെക് ആദ്യമായി വിദേശ ഭാഷാ പരിശീലനം ആരംഭിക്കുന്നത്. യു.കെ., അയർലണ്ട് തുടങ്ങിയ ഇംഗ്ലീഷ് സംസാരിക്കുന്ന രാജ്യങ്ങളിലേക്ക് നിയമനം ആഗ്രഹിക്കുന്ന നഴ്സുമാർക്ക് IELTS/OET പരീക്ഷയിൽ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം, എറണാകുളം, അങ്കമാലി, കോഴിക്കോട്, പത്തനംതിട്ട, ന്യൂഡൽഹി എന്നിവിടങ്ങളിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചു. ഏകദേശം ആയിരത്തോളംപേർ ഈ കേന്ദ്രങ്ങൾ മുഖേന പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. ഇതുകൂടാതെ കാസർഗോട്ട് ഒരു കേന്ദ്രം ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

ജർമ്മനിയിലേക്കുള്ള റിക്രൂട്ട്മെന്റിന്റെ ഭാഗമായി 2022-ൽ ജർമൻ ഭാഷാ പരിശീലനവും ഒഡെപെക് ആരംഭിച്ചിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റിയുടെ ജർമൻ ഡിപ്പാർട്ടുമെന്റുമായി സഹകരിച്ചാണ് തിരുവനന്തപുരത്ത് ജർമൻ ഭാഷാ പരിശീലനം നടത്തുന്നത്. ജർമനിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട നഴ്സുമാർക്കായി ആരംഭിച്ച ഈ പദ്ധതി മുഖേന ജർമൻ ഭാഷയിൽ A1, A2, B1, B2 എന്നിങ്ങനെ നാല് ലെവൽ പരിശീലനം തികച്ചും സൗജന്യമായാണ് നൽകുന്നത്. കൂടാതെ A2 ലെവൽ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് B1 ലെവൽ മുതൽ 10000 രൂപ വീതം പ്രതിമാസ സ്റ്റൈപെൻഡും നൽകിവരുന്നു. B2 ലെവൽ പൂർത്തിയാക്കിയാൽ ഇവർക്ക് വിസ നടപടികൾ പൂർത്തിയാക്കി ജർമനിയിലേക്ക് യാത്രയാകാം.

വിദേശ ഭാഷാ പരിശീലനത്തിന് പുറമെ ഗൾഫ് രാജ്യങ്ങളിലേയ്ക്കാവശ്യമായ യോഗ്യത നേടുന്നതിനുള്ള ട്രെയിനിംഗ് സൗകര്യങ്ങൾ, മറ്റുള്ള യൂറോപ്യൻ രാജ്യങ്ങളിലെ ഭാഷാപരിജ്ഞാനം എന്നിവയ്ക്ക് ആവശ്യാനുസരണം പരിശീലന സൗകര്യം ഏർപ്പെടുത്തുന്നുണ്ട്. കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് അവരുടെ സ്കോർ അനുസരിച്ച് വിവിധ രാജ്യങ്ങളിലേക്കുള്ള നിയമന സേവനങ്ങളും ഒഡെപെക് നൽകിവരുന്നു.

2021 ജനുവരിയിൽ കേരളത്തിൽ അങ്കമാലിയിൽ ഏഷ്യയിലെതന്നെ ഏറ്റവും വലിയ OET പരീക്ഷാകേന്ദ്രം ഒഡെപെക് ആരംഭിച്ചു. സർക്കാർ ഉടമസ്ഥതയിലുള്ള ഇന്ത്യയിലെ തന്നെ ആദ്യത്തെ പരീക്ഷാ കേന്ദ്രമാണിത്.

(ഡി) ഒഡെപെകിന്റെ നേതൃത്വത്തിലുള്ള ട്രാവൽ ഡിവിഷൻ നടത്തിവരുന്ന പ്രവർത്തനങ്ങളും അതുവഴി ലഭ്യമായ വരുമാനവും വെളിപ്പെടുത്തുമോ?

അയാട്ടാ അംഗീകാരമുള്ള ഒരു ട്രാവൽ ഡിവിഷൻ 1990 മുതൽ ഒഡെപെകിന്റെ കീഴിൽ പ്രവർത്തിക്കുന്നു. അന്തർദേശീയ യാത്രയ്ക്കുള്ള ടിക്കറ്റുകളും ഇവിടെ ലഭ്യമാക്കുന്നുണ്ട്. റഷ്യ-യുക്രൈൻ യുദ്ധ പശ്ചാത്തലത്തിൽ യുക്രൈനിൽ നിന്നും വിദ്യാർത്ഥികളെ തിരികെ നാട്ടിലെത്തിക്കുന്നതിനായി ഒഡെപെകിന്റെ ട്രാവൽവിഭാഗത്തിന്റെ സേവനമാണ് സംസ്ഥാന സർക്കാർ പ്രയോജനപ്പെടുത്തിയത്. ഈ ട്രാവൽ ഡിവിഷൻ രാജ്യത്തെ മിക്കവാറും എല്ലാ പ്രധാന ഫ്ലൈറ്റ് കമ്പനികളുമായും കൈകോർത്ത് പ്രവർത്തിക്കുന്നുണ്ട്. മന്ത്രിമാർ, ഗവർണ്ണർ, സർക്കാർ മേഖലയിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഉയർന്ന ഉദ്യോഗസ്ഥർ, തുടങ്ങിയവർ ഈ സ്ഥാപനം വഴിയാണ് വിമാന ടിക്കറ്റുകൾ വാങ്ങുന്നത്. കഴിഞ്ഞ നാല് ദശാബ്ദങ്ങളായി വിദേശ തൊഴിലന്വേഷകർക്ക് അവരുടെ യാത്രാ രേഖകളും ടിക്കറ്റുകളും

സമയബന്ധിതമായി തയ്യാറാക്കിയും വിസ ഔപചാരികതകൾ, തൊഴിൽ നിയമങ്ങൾ, യാത്രാ നിയന്ത്രണങ്ങൾ എന്നിവയിൽ ഉചിതമായ മാർഗ്ഗനിർദ്ദേശം നൽകിയും പ്രവർത്തിക്കുന്നു. 2016 മുതൽ ലഭ്യമായ വരുമാനത്തിന്റെ കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

മലബാറിലെ പ്ലസ് വൺ സീറ്റുകൾ സംബന്ധിച്ച ഹൈക്കോടതിയിലെ കേസ്

30 (*270) ശ്രീ. സജീവ് ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) മലബാറിലെ സ്കൂളുകളിൽ പ്ലസ് വൺ സീറ്റുകൾ സംബന്ധിച്ച പ്രതിസന്ധി പരിഹരിക്കുന്നതിന് പുതിയ ബാച്ചുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്കൂൾ അധികൃതർ ഹൈക്കോടതിയിൽ നൽകിയ കേസിൽ സർക്കാർ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ;

(ബി) പ്ലസ് വൺ സീറ്റില്ലെന്ന പരാതിയുമായി ഒരു വിദ്യാർഥിപോലും കോടതിയിൽ പോയിട്ടില്ലെന്നത് സീറ്റുകൾ ആവശ്യത്തിനുണ്ട് എന്നതിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തെളിവാണെന്ന വാദമാണോ സർക്കാർ കോടതിയിൽ ഉന്നയിച്ചത്; വ്യക്തമാക്കാമോ ?

(എ&ബി) 2023-24 അക്കാദമിക വർഷം 27-07-2023-ലെ സ.ഉ (കൈ) നം. 106/2023/പൊവിവ, 19-08-2023-ലെ സ.ഉ (കൈ) നം. 121/2023/പൊവിവ എന്നിവ പ്രകാരം സർക്കാർ താൽകാലിക ബാച്ചുകൾ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. മലബാർ ഭാഗത്തുനിന്നും അധിക സീറ്റുകൾ ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസലുകൾ ലഭിച്ചിരുന്നു. കൂടാതെ വിദ്യാർത്ഥികൾ കുറവുള്ള ബാച്ചുകൾ വിദ്യാഭ്യാസ ആവശ്യകത കൂടിയ സ്ഥലങ്ങളിലേക്ക് ഷിഫ്റ്റ് ചെയ്യുകയും ചെയ്തു. ആദ്യ സപ്ലിമെന്ററി അലോട്ട്മെന്റിനുശേഷം താലൂക്ക് അടിസ്ഥാനത്തിൽ ആവശ്യമായ സീറ്റുകളുടെ ലഭ്യതക്കുറവ് പരിശോധിക്കുകയും ചെയ്തു. ടി പരിശോധനയുടെ അടിസ്ഥാനത്തിലാണ് ടി അക്കാദമിക വർഷം താൽകാലിക ബാച്ചുകൾ അനുവദിച്ചത്. ടി ബാച്ചുകൾ താൽകാലിക ബാച്ചുകളായതിനാലാണ് മാനേജ്മെന്റുകളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുകയോ കമ്മിറ്റിയെ വച്ച് പരിശോധിക്കുകയോ ചെയ്യാതിരുന്നത്. 97 അധിക ബാച്ചുകൾ ഇപ്രകാരം അനുവദിക്കുകയുണ്ടായി. സ്കൂളുകൾ ഒരു യൂണിറ്റായി കണക്കാക്കാതെ

താല്കാലികടിസ്ഥാനത്തിലാണ് ബാച്ചുകൾ അനുവദിച്ചത്. പെറ്റീഷണർമാരുടെ സ്കൂളുകളിൽ പുതിയ ബാച്ചുകൾ അനുവദിക്കുന്നത് ടി പ്രദേശത്തെ മറ്റ് സ്കൂളുകളിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതിന് ഇടയാക്കിയേക്കും. സ്കൂളുകളിലെ സൗകര്യം മാത്രമല്ല, കോഴ്സ് കോമ്പിനേഷനിലെ വൈവിധ്യവും ഇക്കാര്യത്തിൽ കണക്കിലെടുക്കുകയുണ്ടായി. കൂടാതെ RTE പ്രകാരം എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് അടുത്ത സ്കൂളുകളിൽ പഠിക്കാനുള്ള അവസരം സർക്കാർ ഉറപ്പു വരുത്തിയിട്ടുണ്ട്. ഹയർസെക്കണ്ടറി RTE-യുടെ പരിധിയിൽ വരുന്നില്ലെങ്കിലും കുട്ടികൾക്ക് വി.എച്ച്. എസ്.ഇ, ഐടിഐ, പോളിടെക്നിക് തുടങ്ങി വിവിധ അവസരങ്ങൾ സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. പത്താംനിലവിൽ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണവും കൂടി കണക്കിലെടുത്താണ് അഡീഷണൽ ബാച്ചുകൾ അനുവദിച്ചിരിക്കുന്നത്. ആവശ്യകത അനുസരിച്ചാണ് താൽകാലിക ബാച്ചുകൾ അനുവദിച്ചിരിക്കുന്നത് എന്നതിനാൽ ആവശ്യകത കുറയുന്നതനുസരിച്ച് ബാച്ചുകൾ അവസാനിപ്പിക്കാനും കഴിയും. താൽകാലിക ബാച്ചുകൾ അനുവദിച്ചതിലൂടെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യകതയെ പൂർണ്ണമായും നിറവേറ്റാൻ സാധിച്ചു. പ്ലസ് വൺ സീറ്റില്ലെന്ന പരാതിയുമായി വിദ്യാർഥികൾ കോടതിയിൽ പോയതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

(സി) പ്രസ്തുത വാദം ഹൈക്കോടതി തള്ളി എന്നത് വസ്തുതയാണോ; വിശദാംശം നൽകുമോ?

താൽക്കാലിക ബാച്ചുകൾ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് കോടതി റദ്ദ് ചെയ്തിട്ടില്ല. കോടതി വിധിയിൽ നിർദ്ദേശിച്ച പ്രകാരം റീജിയണൽ ലവൽ കമ്മിറ്റികൾ ചേർന്ന് റിപ്പോർട്ട് സ്റ്റേറ്റ് ലെവൽ കമ്മിറ്റിക്ക് നൽകുന്നതിനും ആയത് പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) **നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

മഞ്ചേശ്വരം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ

1 (3130) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ (റോഡ്, കെട്ടിടം) വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും ഏത് ഘട്ടങ്ങളിലാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

(എ-സി) നിരത്തുകൾ വിഭാഗം

അനുബന്ധമായി ചേർക്കുന്നു.+

കെട്ടിട വിഭാഗം

അനുബന്ധമായി ചേർക്കുന്നു.+

നിരത്ത് പരിപാലന വിഭാഗം

റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തി - General RM-2023-24-Cluster 1 One Year Running Contract for various PWD Roads under Roads Section Manjeshwaram in Kasargod District: 8 Nos. Road Stretches, for a length of-19.69 km.

നിലവിൽ 85 ശതമാനം പൂർത്തീകരിച്ചിട്ടുള്ള പ്രസ്തുത പ്രവൃത്തി 18-08-2024-ൽ പൂർത്തീകരിക്കും.

കെ.ആർ.എഫ്.ബി.-പി.എം.യു.

അനുബന്ധമായി ചേർക്കുന്നു.+

കെ.എസ്.ടി.പി.

റീബിൽഡ് കേരള ഇനിഷ്യേറ്റീവ്-കുമ്പള ബദിയഡുക്ക-മുള്ളേരിയ റോഡ് പുനരുദ്ധാരണ പ്രവൃത്തിയിൽ (KM 0+000 മുതൽ KM 29.135 വരെ) മഞ്ചേശ്വരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മണ്ഡലത്തിൽ ഉൾപ്പെട്ട ഭാഗം KM 0+000 മുതൽ KM 7+200 വരെയാണ്. പ്രവൃത്തി 99.46 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

റിക്ക് ലിമിറ്റഡ്

കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം മണ്ഡലത്തിൽ ഉൾപ്പെടുന്ന ഉപ്പള-കന്യാന റോഡ് (15.6 Km) 13 വർഷത്തെ പരിപാലനവും ഉൾപ്പെടുത്തി 2017-ൽ പ്രവൃത്തി പൂർത്തീകരിച്ചു. നിലവിൽ ടി റോഡ് പ്രവർത്തന പരിപാലന കാലയളവിലാണ്.

അഴീക്കോട് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

2 (3131) ശ്രീ. കെ. വി.സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. വകുപ്പിന് കീഴിൽ നിർമ്മാണം പുരോഗമിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിലെ തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

(എ-സി) നിരത്ത് വിഭാഗം

അനുബന്ധമായി ചേർത്തിരിക്കുന്നു.+

കെട്ടിട വിഭാഗം

അനുബന്ധമായി ചേർത്തിരിക്കുന്നു.+

കെ.ആർ.എഫ്.ബി.-പി.എം.യു.

1. കല്ലരിക്കടവ് പാലം - കണ്ണൂർ ജില്ലയിലെ കല്ലരിക്കടവ് പാലത്തിന് 10-07-2017-ലെ GO (Rt) No.942/2017/PWD പ്രകാരം തത്വത്തിൽ 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു. പാലത്തിന് 34.8 കോടി രൂപയുടെ എസ്റ്റിമേറ്റ് തുക കണക്കാക്കി PWD ഡിസൈൻ വിഭാഗം DPR തയ്യാറാക്കി നൽകിയിരുന്നു. ആയത് സാമ്പത്തികാനുമതിക്കായി 13-12-2021-ൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ പാലത്തിന്റെ അപ്രോച്ച് റോഡുകളുടെ നീളം വർദ്ധിപ്പിക്കുകയും സർവെ പൂർത്തീകരിച്ച് കരട് തയ്യാറാക്കുകയും അതിൽ ബഹുമാനപ്പെട്ട എം.എൽ.എ. നിർദ്ദേശിച്ച മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി പുതുക്കിയ അലൈൻമെന്റ് നിർണ്ണയിക്കുകയും ചെയ്തതിൻ പ്രകാരം അപ്രോച്ച് റോഡ് നിർമ്മാണത്തിനുവേണ്ടി മാത്രമായി 16.113 കോടി രൂപയുടെ DPR, PWD ഡിസൈൻ വിഭാഗം 21-05-2024-ന് നൽകിയിട്ടുണ്ട്. പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+

പാലത്തിന്റെ DPR പുതുക്കുന്ന നടപടികൾ ഡിസൈൻ വിഭാഗം സ്വീകരിച്ചുവരുന്നു. പാലം നിർമ്മാണം ഉൾപ്പെടെയുള്ള പുതുക്കിയ DPR ലഭ്യമാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

2. തീരദേശ ഹൈവേ- പയ്യാമ്പലം മുതൽ നീർക്കടവ് വരെ (4.5 കി.മീ) ഈ റോഡിന്റെ അലൈൻമെന്റ് നിശ്ചയിക്കുന്നതിനായി NATPAC-നെ ആണ് നിയോഗിച്ചിരിക്കുന്നത്. സംയുക്ത സ്ഥല പരിശോധനക്ക് ശേഷം NATPAC തയ്യാറാക്കിയ അലൈൻമെന്റ് ടീം ലീഡർ നോർത്ത് സർക്കിൾ, കെ.ആർ.എഫ്.ബി.-പി.എം.യു., കോഴിക്കോട് അംഗീകാരത്തിനായി KRFB-PMU-ന് 22-05-2024-ന് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചതിനുശേഷം അംഗീകാരം നൽകി ലാൻഡ് അക്വിസിഷൻ പ്ലാൻ തയ്യാറാക്കി പദ്ധതിയുടെ ലാൻഡ് അക്വിസിഷന് വേണ്ടിയുള്ള സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

മീൻകുന്ന് മുതൽ ചാൽ ബീച്ച് വരെ (3.72 കി.മീ) 4(1) നോട്ടിഫിക്കേഷന് ശേഷം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് എന്ന സ്ഥാപനം സാമൂഹികാഘാത പഠനം നടത്തി 11-06-2024-ന് പബ്ലിക് ഹിയറിംഗ് പൂർത്തീകരിച്ചിട്ടുണ്ട്.

ഡിസൈൻ

അഴീക്കോട് മണ്ഡലത്തിൽ ഉൾപ്പെട്ട "ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, പള്ളിക്കുന്ന്, കണ്ണൂർ"-ന്റെ ആർക്കിടെക്ചറൽ ഡ്രോയിംഗും മണ്ണ് പരിശോധന റിപ്പോർട്ടും പരിശോധിച്ച് ടെൻഡേറ്റീവ് ഡ്രോയിംഗിനായി കെട്ടിട വിഭാഗത്തിന്റെ പരിഗണനയിലാണ്.

പുനലൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് പദ്ധതികളുടെ വിശദാംശങ്ങൾ

3 (3132) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് വിവിധ വിഭാഗങ്ങളുടെ കീഴിൽ കഴിഞ്ഞ സർക്കാരുകളുടെ കാലയളവിൽ അനുവദിച്ചതും എന്നാൽ 2021 മാർച്ചിന് മുമ്പ് പൂർത്തിയാക്കാൻ കഴിയാത്തതുമായ വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; അനുവദിച്ച പ്രവൃത്തികളിൽ/പദ്ധതികളിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

നിരത്ത് വിഭാഗം

അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെട്ടിട വിഭാഗം

പുനലൂർ ക്യാൻസർ കെയർ സെന്റർ

കെട്ടിട നിർമ്മാണത്തിന് 02-02-2018-ലെ GO (Rt) No. 396/2018/PWD. പ്രകാരം 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. സ്ഥലപരിമിതി കാരണം ആദ്യ എഗ്രിമെന്റ് അവസാനിപ്പിക്കുകയും പുതുക്കിയ പ്ലാൻ ഹോസ്പിറ്റൽ ആവശ്യകതയ്ക്കനുസരിച്ച് തയ്യാറാക്കി DHS അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ അനുവദിച്ച പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ചു.

കെ.ആർ.എഫ്.ബി - പി.എം.യു.

1. ആയൂർ-അഞ്ചൽ-പുനലൂർ റോഡ്:-

പ്രസ്തുത പ്രവൃത്തിക്കായി 10-07-2017-ലെ G.O(Rt) No. 942/2017/pwd പ്രകാരം 35 കോടി രൂപയ്ക്ക് തത്വത്തിലുള്ള ഭരണാനുമതിയും 15-03-2019-ൽ കിഫ്ബിയിൽ നിന്നും Order No. PWD015-19/APR-1/2019/KIIFB പ്രകാരം 123.37 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിരുന്നു. M/s Beogorra Infrastructure Pvt Ltd. എന്ന കരാറുകാരൻ 78.44 കോടി രൂപയ്ക്ക്

22-10-2020-ൽ കരാർ ഏറ്റെടുത്തു. നിലവിൽ 85 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

2. കുളത്തുപ്പുഴ അമ്പലക്കടവ് പാലം:

പ്രസ്തുത പദ്ധതിക്കായി 31-10-2016-ലെ G.O(Rt)No.1496/2016/PWD പ്രകാരം 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 14-08-2020-ൽ കിഫ്ബിയിൽ നിന്നും Order No.PWD001-52/APR-5/2020 KIIFB പ്രകാരം 11.22 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിരുന്നു. 04-03-2023-ലെ Order No.PWD/KR/EST-TS/94971/2021-5-1/RC 1 പ്രകാരം 7.925 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നു. ഈ പ്രവൃത്തി 7 പ്രാവശ്യം ടെൻഡർ ചെയ്യുകയും ഏഴാമത്തെ പ്രാവശ്യം Single Bid ലഭിക്കുകയും ചെയ്തു. കരാറുകാരൻ ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 39.7 ശതമാനം അധികമായതിനാൽ 25-08-2023-ൽ നടന്ന 46-ാംമത്തെ ടെൻഡർ കമ്മിറ്റി സർക്കാരിന്റെ അനുമതി തേടാൻ നിർദ്ദേശിച്ചിരിക്കുകയും നിലവിൽ ആയത് പരിശോധിച്ച് വരികയുമാണ്.

3. മെതുവിന്മേൽ കുന്നിക്കോട് കോക്കാട് തടിക്കാട് പൊലിക്കോട് റോഡ്:-

പ്രസ്തുത പ്രവൃത്തിക്കായി 01-11-2016-ലെ G.O(Rt) No. 1502/2016/PWD പ്രകാരം 30 കോടി രൂപയ്ക്ക് തത്വത്തിലുള്ള ഭരണാനുമതിയും 19-09-2017-ൽ

കിഫ്ബിയിൽ നിന്നും Order No. APR-1/174/2017/KIIFB പ്രകാരം 43.04 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിരുന്നു. ടി പ്രവൃത്തിയുടെ വർക്കുകൾ 90 ശതമാനം പൂർത്തീകരിച്ച് തുടർ പ്രവൃത്തികൾ നടത്തുന്നതിന് കരാറുകാരൻ തയ്യാറാകാത്ത സാഹചര്യത്തിൽ പ്രവൃത്തി 16-08-2022-ൽ foreclose ചെയ്യേണ്ടതായി വന്നു. ബാലൻസ് പ്രവർത്തികൾക്കായി 4.57 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

4.ഏരൂർ-ഇടച്ചാൽ റോഡ്

ഏരൂർ-ഇടച്ചാൽ റോഡ് നവീകരണം, വിളക്കുപാറ തടിക്കാട് റോഡ് നവീകരണം എന്നീ പ്രവൃത്തികൾക്ക് കിഫ്ബി ഫണ്ട് ലഭ്യമായിരുന്നു. എന്നാൽ സാങ്കേതികമായ കാരണങ്ങൾമൂലം പദ്ധതി നടപ്പിലാക്കിയിരുന്നില്ല. പ്രസ്തുത പദ്ധതികൾ PWD മുഖാന്തരം നടപ്പിലാക്കിയിട്ടുള്ളതാണ്.

(ബി) സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങളുടെ കീഴിൽ പുനലൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

നിരത്ത് വിഭാഗം

അനുബന്ധമായി ചേർക്കുന്നു.+

നിരത്ത് പരിപാലന വിഭാഗം

അനുബന്ധമായി ചേർക്കുന്നു.+

പാലങ്ങൾ

1. കുളത്തുപ്പുഴ ശ്രീശാസ്താ അമ്പലക്കടവ് പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി ഭരണാനുമതി 23-06-2022-ലെ G.O.(Rt) No. 668/2022/PWD പ്രകാരം 54.70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2. ഇത്തിക്കര പറയൻമൂല കടവിൽ പാലം - 2024-25 സംസ്ഥാന ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ളതാണ്.

ദേശീയപാത വിഭാഗം

പുനലൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+

1. NH 744- Relaying of Interlocking paver tiles with new tiles in berm to prevent water Stagnation between chain age 43/875to 44/000 LHS (opposite Ramraj Theater Punalur)

2. NH 744- Construction of new drain with coverslab, existing drain raising and shoulder protection work from Ch. 46/907 to 47/230 (Near Jeeva nursing home)

3. NH 744-Construction of Retaining wall at land sided portion near Edamon Ch. 55/515 to Ch55/550)

4. NH 744- Cutting branches of trees at dangerous condition between ch 45/000 to 81/250 (Punalur to Kottavasal)

5. Labour engaged for cutting trees from Ch 20/000 to 45/000 Ambalathumkala to Punalur

6. NH 744- Provision of RCC retaining wall in NH 744 near Pachilavalavu between Ch.33/729 and 33/759

7. NH 744- Construction of Irish drain from Ch. 32/900 to Ch. 33/200

8. NH 744- Cutting trees in dangerous condition from Ambalathumkala to Kottavasal

9.NH 744- Labour Engaging for removal of banyan tree growing under Punalur Bridge

കെട്ടിട വിഭാഗം

1. എഡ്യൂക്കേഷൻ കോംപ്ലക്സ് - പുനലൂർ

A.S. GO(Rt)No.336/2021/GEDN dated 14-01-2021 Thiruvananthapuram

Amount 500 ലക്ഷം.

2. ഇലക്ട്രിക്കൽ ലാബ്, പുനലൂർ പോളിടെക്നിക്

A.S. GO (Rt) No. 181/2020-21/H.Edn. dated 28-01-2022

Amount 124.61 ലക്ഷം.

3. തടിക്കാട് വെറ്ററിനറി ഡിസ്പെൻസറി

A.S. AHD/4402/2019/M3 dated 07-12-2020

Amount 60 ലക്ഷം

4.അച്ചൻകോവിൽ ഗവ. വി.എച്ച്.എസ്. സ്കൂൾ കെട്ടിടം

A.S. GO (Rt) No. 549/2023/ GEDN dated 23-01-2023

Amount 150 ലക്ഷം

5. എക്സൈസ് കോംപ്ലക്സ് പുനലൂർ

A.S. GO (Rt) No. 334/2024/PWD dated 10-03-2024

Amount 350 ലക്ഷം

6.സാം ഉമ്മൻ ടെക്നിക്കൽ സ്കൂൾ, കുളത്തുപ്പുഴ-ഫിനിഷിംഗ് പ്രവൃത്തികൾ

30-05-2022-ലെ സ.ഉ (സാധാ)/800/2022/H.Edn.

Amount 51.35 ലക്ഷം

(സി) ഓരോ പ്രവൃത്തിയുടെയും പേര്, അനുവദിച്ച തുക, പൊതുമരാമത്ത് വിഭാഗം, പദ്ധതി നിർവഹണ ഏജൻസി എന്നീ വിവരങ്ങളും ലഭ്യമാക്കാമോ?

നിരത്ത് വിഭാഗം

അനുബന്ധമായി ചേർക്കുന്നു.+

നിരത്ത് പരിപാലന വിഭാഗം

അനുബന്ധമായി ചേർക്കുന്നു.+

പാലങ്ങൾ വിഭാഗം

അനുബന്ധമായി ചേർക്കുന്നു.+

കെട്ടിട വിഭാഗം

1. എഡ്യൂക്കേഷൻ കോംപ്ലെക്സ് - പുനലൂർ

A.S.No. GO (Rt) No. 336/2021/GEDN dated 14-01-2021 Thiruvananthapuram

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+

Amount 500 ലക്ഷം.

2. ഇലക്ട്രിക്കൽ ലാബ്, പുനലൂർ പോളിടെക്നിക്

A.S. No. GO (Rt) No. 181/2020-21/H.Edn. dated 28-01-2022

Amount 124.61 ലക്ഷം.

3. തടിക്കാട് വെറ്റിനറി ഡിസ്പെൻസറി

A.S. No. AHD/4402/2019/M3 dated 07-12-2020

Amount 60 ലക്ഷം

4. അച്ചൻകോവിൽ ഗവ. വി.എച്ച്.എസ്. സ്കൂൾ കെട്ടിടം

A.S. No. GO (Rt) No. 549/2023/ GEDN dated 23-01-2023

Amount 150 ലക്ഷം

5. എക്സൈസ് കോംപ്ലക്സ് പുനലൂർ

A.S. No. GO (Rt) No. 334/2024/PWD dated 10-03-2024

Amount 350 ലക്ഷം

6. സാം ഉമ്മൻ ടെക്നിക്കൽ സ്കൂൾ, കുളത്തുപ്പുഴ - ഫിനിഷിംഗ് പ്രവർത്തികൾ

30-05-2022-ലെ സ.ഉ (സാധാ)/800/2022-21/H.Edn.

Amount 51.35 ലക്ഷം

പദ്ധതി നിർവ്വഹണ ഏജൻസി - പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം.

ദേശീയപാത വിഭാഗം

ഓരോ പ്രവൃത്തിയുടെയും പേര്, അനുവദിച്ച തുക, പൊതുമരാമത്ത് വിഭാഗം, പദ്ധതി നിർവഹണ ഏജൻസി എന്നീ വിവരങ്ങൾ

1. NH 744-Relaying of Interlocking paver tiles with new tiles in berm to prevent water Stagnation between chain age 43/875to 44/000 LHS (opposite Ramraj Theater Punalur)

AS Amount – 10,20,000.00 രൂപ

വിഭാഗം: ദേശീയപാത

2. NH 744 Construction of new drain with cover slab, existing drain raising and shoulder

Protection work from Ch. 46/907 to ch 47/230 (Near Jeeva nursing home)

A.S. Amount – 3639383.28 രൂപ

വിഭാഗം: ദേശീയപാത

3. NH 744 Construction of Retaining wall at land sided portion near Edamon Ch. 55/515 to ch 55/550)

AS Amount – 2928491.00 രൂപ

വിഭാഗം: ദേശീയപാത

4. NH 744 Cutting branches of trees at dangerous condition between 45/000 to 81/250

(Punalur to Kottavasal)

AS Amount – 5,36,000.00 രൂപ

വിഭാഗം: ദേശീയപാത

5. NH 744 Labour engaged for cutting trees from Ch 20/000 to 45/000 Ambalathumkala to Punalur

AS Amount – 5,43,000.00 രൂപ

വിഭാഗം: ദേശീയപാത

6. NH 744 Provision of RCC retaining wall in NH 744 near Pachilavalavu between

Ch.33/729 and Ch 33/759)

AS Amount – 65,77,834.00 രൂപ

വിഭാഗം: ദേശീയപാത

7. NH 744 Construction of Irish drain from Ch. 32/900 to Ch. 33/200

AS Amount – 33,75,700.00 രൂപ

വിഭാഗം: ദേശീയപാത

8. NH 744 Cutting trees in dangerous condition from Ambalathumkala to Kottavasal

AS Amount – 8,20,000.00 രൂപ

വിഭാഗം: ദേശീയപാത

9. Labour Engaging for removal of banyan tree growing under Punalur Bridge

AS Amount – 2,30,000.00 വിഭാഗം: ദേശീയപാത

(ഡി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശവും നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ?

നിരത്ത് വിഭാഗം

അനുബന്ധമായി ചേർക്കുന്നു.+

നിരത്ത് പരിപാലന വിഭാഗം

അനുബന്ധമായി ചേർക്കുന്നു.+

പാലങ്ങൾ വിഭാഗം

1. പുനലൂർ നിയോജകമണ്ഡലത്തിലെ കുളത്തുപ്പുഴ ശ്രീശാസ്താ അമ്പലക്കടവ് പാലത്തിന്റെ അറ്റകുറ്റപ്പണികൾ - ഭരണാനുമതി 23-06-2022-ലെ G.O.(Rt) No. 668/2022/PWD പ്രകാരം 54.70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 21-06-2023-ൽ പ്രവൃത്തി പൂർത്തീകരിച്ചു.

2. ഇത്തിക്കര പറയൻമൂല കടവിൽ പാലം-ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 4,36,700/- രൂപയുടെ ഭരണാനുമതി 15-02-2024 ലെ AS/59F/23/33274 പ്രകാരം നൽകിയിട്ടുണ്ട്. പോസ്റ്റ് ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

ദേശീയ പാത വിഭാഗം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തി പൂർത്തിയായവ:

1. NH 744 Relaying of Interlocking paver tiles with new tiles in berm to prevent water Stagnation between chain age 43/875to 44/000 LHS (opposite Ramraj Theater Punalur)

2. NH 744 Construction of new drain with coverslab, existing drain raising and shoulder protection work from Ch. 46/907 to 47/230 (Near Jeeva nursing home)

3. NH 744 Construction of Retaining wall at land sided portion near Edamon Ch. 55/515 to Ch55/550)

4. NH 744 Cutting branches of trees at dangerous condition between 45/000 to 81/250 (Punalur to Kottavasal)

5. NH 744 Labour engaged for cutting trees from Ch 20/000 to 45/000 Ambalathumkala to Punalur

6. NH 744 Provision of RCC retaining wall in NH 744 near Pachilavalavu between Ch.33/729 and 33/759

7. NH 744 Construction of Irish drain from Ch. 32/900 to Ch. 33/200

എസ്റ്റിമേറ്റ് നടപടി നടന്നുവരുന്നവ:

1. NH 744 Cutting trees in dangerous condition from Ambalathumkala to Kottavasal

2. NH 744 Labour Engaging for removal of banyan tree growing under Punalur Bridge

കെട്ടിട വിഭാഗം

പൂർത്തിയായ പ്രവൃത്തികൾ:

1.തടിക്കാട് വെറ്റിനറി ഹോസ്പിറ്റൽ കെട്ടിട നിർമ്മാണം, ചുറ്റുമതിൽ, കിണർ നിർമ്മാണം

Agt. No. 37/EE/2022-23 Dated 17-09-2022.

A.S. No. AHD/4402/2019/M3 Dated 07-12-2020

പൂർത്തീകരണ തീയതി 30-04-2024.

2. സാം ഉമ്മൻ ടെക്നിക്കൽ സ്കൂൾ, കുളത്തൂപ്പുഴ

Agt. No. 09/SEBC/2017-18 Dated 25-05-2017.

A.S. No. GO (Rt) No.1227/2015/H.Edn Dated 29-05-2015

Amount 2,64,00,000/-

പൂർത്തീകരണ തീയതി 17-09-2018

3. സാം ഉമ്മൻ ടെക്നിക്കൽ സ്കൂൾ, കുളത്തുപ്പുഴ ബ്ലോക്ക്-1 കെട്ടിടത്തിന്റെ ടൈൽ പൂർത്തീകരണ പ്രവൃത്തികൾ

Agt. No. 32/EE/2022-23 Dated 02-09-2022.

A.S. No. GO (Rt) No. 380/21/H.Edn Dated 26-02-2021

Amount 45,00,000/-

പൂർത്തീകരണ തീയതി 22-03-2023

നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ:

1. എഡ്യൂക്കേഷൻ കോംപ്ലെക്സ്- എഗ്രിമെന്റ് വച്ച് സൈറ്റ് കോൺട്രാക്ടർക്ക് കൈമാറി.

Agt. No. 74/SEBC/2023-24 Dated 14-02-2024.

A.S. No. GO (Rt) No. 336/21/ GEDN Dated 14-01-2021

Amount 500/- ലക്ഷം.

2. പുനലൂർ പോളിടെക്നിക്, ഇലക്ട്രിക് ലാബ് നിർമ്മാണം - പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ പുരോഗമിക്കുന്നു.

Agt. No. 62/SEBC/2022-23 Dated 14-02-2024.

A.S. No. GO (Rt) No. 181/2022 H.Edn Dated 28-01-2022

Amount 124.61/- ലക്ഷം.

3. അച്ചൻകോവിൽ വി.എച്ച്.എസ്. സ്കൂൾ നിർമ്മാണം- പ്രവൃത്തി ആരംഭിച്ചു.

Agt. No. 85/SEBC/2023-24 Dated 28-02-2024.

A.S. No. GO (Rt) No. 549/2023/GEDN Dated 23-01-2023

Amount 150 ലക്ഷം.

4. എക്സൈസ് കോംപ്ലെക്സ് പുനലൂർ - ഭരണാനുമതി ലഭിച്ചു. സ്ട്രക്ചറൽ ഡിസൈൻ പ്രവർത്തി പുരോഗമിക്കുന്നു.

A.S. No. GO (Rt) No. 334/2024/PWD Dated 10-03-2024

Amount 350 ലക്ഷം.

(ഇ) നിലവിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ?

നിരത്ത് വിഭാഗം

അനുബന്ധമായി ചേർക്കുന്നു.+

നിരത്ത് പരിപാലനം വിഭാഗം

അനുബന്ധമായി ചേർക്കുന്നു.+

പാലങ്ങൾ

ഇത്തിക്കര പറയൻമൂല കടവിൽ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആരംഭിച്ച് മൂന്നു മാസത്തിനുള്ളിൽ പൂർത്തീകരിക്കാവുന്നതാണ്.

കെട്ടിട വിഭാഗം

1. എഡ്യുക്കേഷൻ കോംപ്ലെക്സ് നിർമ്മാണം - 2025 ഡിസംബർ

2. പുനലൂർ പോളിടെക്നിക്, ഇലക്ട്രിക് ലാബ് - 2024 ഡിസംബർ

3. അച്ചൻകോവിൽ വി.എച്ച്.എസ്. സ്കൂൾ - 2025 ഡിസംബർ

കെ.ആർ.എഫ്.ബി.- പി.എം.യു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+

കിഫ്ബി പദ്ധതിയായ ആയൂർ-അഞ്ചൽ പുനലൂർ റോഡിന്റെ നിർമ്മാണം 2024 ഡിസംബറിനകം പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

ദേശീയപാത വിഭാഗം

Cutting trees in dangerous condition from Ambalathumkala to Kottavasal എന്ന പ്രവൃത്തി എഗ്രിമെന്റ് വെച്ചതിനുശേഷം മൂന്ന് മാസത്തിനുള്ളിലും Labour Engaging for removal of banyan tree growing under Punalur Bridge എന്ന പ്രവൃത്തി എഗ്രിമെന്റ് വച്ചതിനുശേഷം രണ്ട് മാസത്തിനുള്ളിലും പൂർത്തിയാക്കുന്നതാണ്.

(എഫ്) പൊതുമരാമത്ത് വകുപ്പ് മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ/പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

നിരത്ത് വിഭാഗം

അനുബന്ധമായി ചേർക്കുന്നു.+

കെട്ടിട വിഭാഗം

അനുബന്ധമായി ചേർക്കുന്നു.+

ദേശീയ പാത വിഭാഗം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+

പുനലൂർ മണ്ഡലത്തിൽ ദേശീയ പാത വിഭാഗം പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ

1. GENERAL-NH 744-Approach Road Maintenance- Murukanpanchal bridge Kazhuthuruthy Bridge

2. Road Safety Measures in NH 744 from Punalur to Kottavasal

മേൽ പ്രവൃത്തികൾക്ക് estimate തയ്യാറാക്കിയിട്ടുണ്ട്. NHA-യിൽ നിന്ന് തുക അനുവദിച്ചു കിട്ടേണ്ടതായിട്ടുണ്ട്.

മങ്കട മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ

4 (3133) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, ദേശീയ പാതകൾ എന്നീ വിഭാഗങ്ങളിലായി പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിവരുന്ന ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും ഭരണാനുമതി, സാങ്കേതികാനുമതി, ടെൻഡർ ചെയ്ത തീയതി, കരാർ നൽകിയ തീയതി, പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(എ&ബി)

നിരത്ത് വിഭാഗം

അനുബന്ധമായി ചേർക്കുന്നു.+

നിരത്ത് പരിപാലന വിഭാഗം

റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി കൂട്ടിലങ്ങാടി -വളളിക്കാപ്പറ്റ റോഡ് (കി. മീ 0/000 മുതൽ 1/000 വരെ), തിരൂർക്കാട് - ആനക്കയം (കി.മീ 13/000 മുതൽ 13/440), മങ്കട-കൂട്ടിൽ-പട്ടിക്കാട് (കി. മീ 4/500 മുതൽ 7/000 വരെ) എന്നീ റോഡുകൾ പരിപാലിച്ചുവരുന്നു. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കെട്ടിട വിഭാഗം

അനുബന്ധമായി ചേർക്കുന്നു.+

നാഷണൽ ഹൈവേ

അനുബന്ധമായി ചേർക്കുന്നു.+

RBDCK

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+

+

മലപ്പുറം ജില്ലയിലെ ഒരാടുംപാലം വൈലോങ്ങര ബൈപ്പാസ് നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 27-09-2016-ലെ സർക്കാർ ഉത്തരവ് G.O(Rt) No. 1324/2016/PWD പ്രകാരം ആർ.ബി.ഡി.സി.കെ.-യെ SPV ആയി നിയമിച്ചു. തുടർന്ന് പദ്ധതിയുടെ DPR തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും പദ്ധതി നിർവഹണത്തിനായി 22-05-2018-ൽ കിഫ്ബി 12.62 കോടി രൂപ അനുവദിക്കുകയുമുണ്ടായി. 12-07-2018-ന് പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ ഭൂമി ഏറ്റെടുക്കലിനെതിരെ ഭൂവുടമകൾ ശക്തമായ എതിർപ്പ് ഉയർത്തിയതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടികളിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല. സ്ഥലം എം.എൽ.എ.-യുടെ നേതൃത്വത്തിൽ ഭൂവുടമകളുടെയും പ്രാദേശിക ജന പ്രതിനിധികളുടെയും ഒരു യോഗം ചേർന്ന് പുതിയ അലൈൻമെന്റിന്റെ സാധ്യത വിലയിരുത്തുകയും വീടുകൾ ഇല്ലാത്ത വയലിലൂടെ കടന്നുപോകുന്ന രീതിയിൽ പുതുക്കിയ അലൈൻമെന്റ് സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് പുതുക്കിയ ഡി.പി.ആർ കിഫ്ബി-ക്ക് സമർപ്പിക്കുകയും കിഫ്ബി 22-05-2023-ന് ഈ പദ്ധതിക്ക് 16.10 കോടി രൂപ അനുവദിക്കുകയും ചെയ്തു. തുടർന്ന് പദ്ധതിയുടെ

ഭൂമി ഏറ്റെടുക്കൽ ആരംഭിക്കുന്നതിന് ജില്ലാ കളക്ടർക്ക് 29-05-2023-ന് അർത്ഥനാപത്രം നൽകി. 16-12-2023-ൽ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായ 4(1) വിജ്ഞാപനം പുറപ്പെടുവിക്കുകയും എസ്.ഐ.എ. പബ്ലിക് ഹിയറിംഗ് പൂർത്തിയാക്കി റിപ്പോർട്ടും എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ടും ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയാൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(സി) മങ്കട മണ്ഡലത്തിൽ നാളിതുവരെ ഭരണാനുമതി ലഭിക്കാത്തതും എന്നാൽ അടിയന്തരമായി നടപ്പിലാക്കേണ്ടതുമായ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, ദേശീയ പാതകൾ എന്നീ വിഭാഗങ്ങളിലുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

നിരത്ത് വിഭാഗം

അനുബന്ധമായി ചേർത്തിരിക്കുന്നു.+

കെട്ടിട വിഭാഗം

അനുബന്ധമായി ചേർക്കുന്നു.+

പാലങ്ങൾ വിഭാഗം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. വള്ളിക്കപ്പറ്റ പാലം - പാലം നിർമ്മാണ പ്രവൃത്തിക്കായി 3.492 കോടി രൂപയുടെ എസ്റ്റിമേറ്റ് 17-01-2024-ലെ CEPWD/2019/2022-AB4-BR പ്രകാരം ലഭ്യമായത് പരിശോധിച്ചുവരികയാണ്.

2. വെള്ളില-ചോഴി പാലം: പാലം നിർമ്മാണ പ്രവൃത്തിക്കായി 4.18 കോടി രൂപയുടെ എസ്റ്റിമേറ്റ് 04-05-2024-ലെ CEPWD/3011/2023-AB3-BR പ്രകാരം ലഭ്യമായത് പരിശോധിച്ചുവരികയാണ്.

നാഷണൽ ഹൈവേ

NH 966-ന്റെ km 17/506 മുതൽ 87/000 വരെയും km 27/500 മുതൽ 29/200 വരെയും one time maintenance-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി എസ്റ്റിമേറ്റ് NHAI-ക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഭരണാനുമതി ഇതുവരെയും ലഭ്യമായിട്ടില്ല.

നാദാപുരം മണ്ഡലത്തിലെ കല്ലാച്ചി ടൗൺ നവീകരണം

5 (3134) ശ്രീ. ഇ കെ വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കല്ലാച്ചി ടൗണിൽ വർഷകാലത്ത് വെള്ളം കയറി വാഹന ഗതാഗതം തടസ്സപ്പെടുന്ന സാഹചര്യത്തിൽ ടൗൺ നവീകരണത്തിന് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ 3 കോടി രൂപയുടെ നിർവഹണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

General Budget work 2022-23- Improvement work to Kallachi town between km 54/500 and 56/000 along SH 38 PUKC-General Civil work എന്ന പ്രവൃത്തി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി 3 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇപ്രകാരം അംഗീകരിച്ച Administrative Sanction Estimate-ൽ ചെയിഃ 54/500 മുതൽ 56/000 വരെ 2x1300 മീറ്റർ ഡ്രെയിൻ നിർമ്മാണം ഉൾപ്പെടുത്തിയിരുന്നു. എന്നാൽ സമർപ്പിച്ച Technical Sanction എസ്റ്റിമേറ്റിൽ ചെയിഃ 55/100 മുതൽ 55/650 വരെ 2x550 മീറ്റർ Drain നിർമ്മിക്കുവാൻ മാത്രമാണ് നൽകിയത്. Technical Sanction എസ്റ്റിമേറ്റിൽ scope change ഉള്ളതിനാൽ പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ (PS2/39/2024-PWD) ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് എത്ര ശതമാനം ഭൂമി ലഭ്യമാക്കി എന്ന് പറയാമോ?

പ്രവൃത്തിയിൽ Land Acquisition പ്രകാരം സ്ഥലമെടുപ്പ് നടപടികൾ ഉൾപ്പെടുന്നില്ല. എന്നാൽ Free surrender പ്രകാരം ഈ പ്രവൃത്തിയിൽ ഭൂമി ലഭ്യമാകേണ്ടതുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ നിലവിലുള്ള തടസ്സങ്ങൾ എന്തെന്ന് വിശദമാക്കാമോ; പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ടൗൺ നവീകരണത്തിനുവേണ്ടി ഡ്രെയിനേജ് വീതി കൂട്ടുന്നതിനായി ജനപ്രതിനിധികളുടെ തീരുമാനപ്രകാരം സ്വകാര്യ വ്യക്തികളിൽനിന്ന് free surrender പ്രകാരം സ്ഥലം വിട്ടുകിട്ടേണ്ടതുണ്ട്. പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ (PS2/39/2024-PWD) ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികൾ

6 (3135) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദ വിവരം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവ സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ?

(എ&ബി) ആലപ്പുഴ മണ്ഡലത്തിൽ 2017-18 മുതൽ 2019-20 വരെയുള്ള, നിരത്ത് വിഭാഗത്തിലെ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ 2016-17, 2021-22, 2022-23, 2023-24 സാമ്പത്തിക വർഷം നിരത്ത് വിഭാഗത്തിന് നബാർഡ് സ്കീമിൽ പ്രവൃത്തികളൊന്നും അനുവദിച്ചിട്ടില്ല. 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളൊന്നും പാലങ്ങൾ/കെട്ടിടങ്ങൾ വിഭാഗത്തിന്റെ കീഴിൽ ഇല്ല.

(സി) നബാർഡ് ഫണ്ടിൽ ആലപ്പുഴ മണ്ഡലത്തിലെ ഏതെങ്കിലും പ്രവൃത്തി പുതുതായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിൽ നബാർഡ് സ്കീമിൽ പുതിയ പദ്ധതികൾ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അതിഥി മന്ദിരത്തിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്

7 (3136) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പിന്റെ ആലപ്പുഴ അതിഥി മന്ദിരത്തിൽ നിലവിലെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മന്ദിരത്തിൽ എത്ര മുറികൾ വീതം ഉണ്ടെന്നും ഓരോ മുറികളിലും ടെലിവിഷൻ, ഇന്റർനെറ്റ്, എ.സി. എന്നിവ ഉറപ്പു വരുത്തിയിട്ടുണ്ടോ എന്നും വിശദമാക്കാമോ?

(എ&ബി) ആലപ്പുഴ സർക്കാർ അതിഥി മന്ദിരത്തിൽ ആകെ 23 (7 Suit Room, 16 എ.സി. ഡബിൾ റൂം) മുറികളാണുള്ളത്. എല്ലാ മുറികളിലും ടെലിവിഷൻ, എ.സി എന്നിവ ലഭ്യമാണ്. ആലപ്പുഴ ഗസ്റ്റ് ഹൗസിൽ കഴിഞ്ഞ വർഷം ലിഫ്റ്റ് സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. ബി.എസ്.എൻ.എൽ. മുഖേനയുള്ള നെറ്റ് സംവിധാനം നിലവിലുണ്ട്. ആലപ്പുഴ അതിഥി മന്ദിരത്തിൽ നിലവിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മുറികളിൽ ശീതീകരണ യൂണിറ്റുകൾ, ഇലക്ട്രിക്കൽ സംവിധാനം, മാലിന്യ നിർമ്മാർജനം എന്നിവ

സംബന്ധിച്ചുള്ള ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഡ്രെയിനേജ് നിർമ്മാണം

8 (3137) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽപ്പെട്ട പരപ്പനങ്ങാടി നഗരസഭയിലെ ഒട്ടുമ്മൽ ഡ്രെയിനേജ്, തിരൂർ കടലുണ്ടി റോഡിൽ പൂരപ്പുഴ ചിറമംഗലം ഡ്രെയിനേജ്, ചെട്ടിപ്പടി കുപ്പിവളവ് ഡ്രെയിനേജ്, വെന്നിയൂർ താനൂർ റോഡിൽ കൊടക്കല്ല് ഡ്രെയിനേജ്, തൃക്കുളം തെയ്യാല റോഡിൽ കൊടിഞ്ഞി സെൻട്രൽ ബസാർ ഡ്രെയിനേജ് എന്നീ പ്രവൃത്തികൾക്ക് നിർമ്മാണ അനുമതി നൽകുന്നതിന്റെ നടപടികൾ എന്തെല്ലാമായെന്ന് വിശദമാക്കാമോ?

1. തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽപ്പെട്ട അഞ്ചപ്പുര ചാപ്പപ്പടി റോഡിലെ-ഒട്ടുമ്മൽ -കി.മീ. 0/600 മുതൽ 0/900 വരെ തകർന്ന ഡ്രെയിനേജ് പുനർനിർമ്മിക്കുന്നതിനും റോഡിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനുമായി ഡ്രെയിനേജ് നിർമ്മാണത്തിനായി 21 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

2. ചേളാരി- പരപ്പനങ്ങാടി റോഡിൽ കി-മീ. 4/800-ൽം 5/000-ൽം ഇടയിൽ കുപ്പിവളവ് ഭാഗത്ത് പുതുതായി ഡ്രെയിനേജ് നിർമ്മിക്കുന്നതിന് 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

3. തൃക്കുളം-തെയ്യാല റോഡിൽ കി.മീ. 3/800-ൽം 4/000-ൽം ഇടയിൽ കൊടിഞ്ഞി സെൻട്രൽ ബസാർ ഭാഗത്ത് ഡ്രൈനേജ് നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു. തിരൂരങ്ങാടി എം.എ.ൽ.എ. പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തെ തുടർന്ന് സ്ഥല പരിശോധന നടത്തിയെങ്കിലും ഡ്രെയിനേജ് നിർമ്മിക്കാൻ ആവശ്യമായ ഔട്ട്ലെറ്റ് ലഭ്യമല്ലാത്തതിനാൽ ഈ ഭാഗത്തെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി ഇന്റർലോക്ക് ചെയ്യുന്നതിന് 14.6 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

4. വെന്നിയൂർപറമ്പ്-താനൂർ റോഡിൽ കി.മീ. 1/900-ൽം 2/200-ൽം ഇടയിൽ കൊടക്കല്ല് ഭാഗത്ത് പുതുതായി ഡ്രെയിനേജ് നിർമ്മിക്കുന്നതിന് 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിട്ടുണ്ട്.

5. തിരൂർ-കടലുണ്ടി റോഡിൽ കി.മീ. 14/700-15/000 ചിറമംഗലം-പൂരപ്പുഴ റോഡ് ജംഗ്ഷനിൽ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി 24.7 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധനയിലാണ്.

(ബി) ഒട്ടുമ്മൽ ഡ്രെയിനേജ് തകർന്നതിനാൽ റോഡ് വശത്തുള്ള പ്രദേശത്തെ പള്ളിയിൽ വിശ്വാസികൾക്ക് പ്രവേശിക്കുന്നതിന് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഒട്ടുമ്മൽ ഡ്രെയിനേജിനും പുരപ്പുഴ ഡ്രെയിനേജിനും നിർമ്മാണ അനുമതി ലഭ്യമാക്കാത്തതിനാലുള്ള നാട്ടുകാരുടെ പ്രതിഷേധം ശ്രദ്ധയിൽവന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഒട്ടുമ്മൽ ഡ്രെയിനേജിനും ചിറമംഗലം ഡ്രെയിനേജിനും നിർമ്മാണ അനുമതി ലഭ്യമാക്കുമോ; വിശദമാക്കാമോ?

(ബി-ഡി) ഒട്ടുമ്മൽ ഡ്രെയിനേജ് തകർന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശക്തമായ മഴ പെയ്യുന്ന സാഹചര്യങ്ങളിൽ പള്ളിയുടെ മുൻവശത്ത് രൂപപ്പെടുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി 21 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തിക്ക് ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വെഞ്ഞാറമൂട് ഇന്നർ റിംഗ് റോഡ്

9 (3138)ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ നെല്ലനാട് ഗ്രാപഞ്ചായത്തിൽ ഉൾപ്പെടുന്ന വെഞ്ഞാറമൂട് ഇന്നർ റിംഗ് റോഡിന്റെ സ്ഥലമേറ്റെടുപ്പ് പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ?

വെഞ്ഞാറമൂട് ഇന്നർ റിംഗ് റോഡിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ 99 ശതമാനം ഭൂമിയും ഏറ്റെടുത്തിട്ടുണ്ട്.

(ബി) എങ്കിൽ ഏറ്റെടുത്ത സ്ഥലത്തിന്റെ വിവരങ്ങളും ഓരോ ഭൂവുടമകൾക്ക് നൽകിയ തുകയും അവരുടെ പേരും വിലാസവും സഹിതം വിശദമാക്കാമോ?

പ്രസ്തുത വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.[+]

(സി) പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് 18-06-2024-ലെ കെ.ആർ.എഫ്.ബി.-പി.എം.യു. ടെക്നിക്കൽ കമ്മറ്റിയിൽ അവതരിപ്പിച്ചു. കമ്മറ്റി നിദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളിച്ച എസ്റ്റിമേറ്റ് സാമ്പത്തിക അനുമതിക്കായി KIIFB-യിൽ സമർപ്പിക്കേണ്ടതിന്റെ തുടർ നടപടികൾ നടന്നുവരുന്നു.

നെല്ലിയാമ്പതി റോഡ് പുനർനിർമ്മാണം

10 (3139) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന നെല്ലിയാമ്പതി റോഡ് പുനർനിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള കെ.എസ്.റ്റി.പി. മുഖേന ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തിയ നെന്മാറ-നെല്ലിയാമ്പതി റോഡിന്റെ പുനരുദ്ധാരണങ്ങൾക്ക് 105.48 കോടി രൂപയുടെ ഭരണാനുമതി 15-08-2020-ലെ GO (Rt) No. 317/2020/P&EA പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 16-06-2021-ൽ ടെൻഡർ ചെയ്തു. Lowest Bidder-ക്ക് വർക്ക് അവാർഡ് ചെയ്തുവെങ്കിലും അദ്ദേഹം അത് സ്വീകരിക്കാതിരിക്കുകയും Bid Security

കണ്ടുകെട്ടാതിരിക്കുന്നതിന് ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തു. കോടതി ഉത്തരവ് പ്രകാരം Bid Security അദ്ദേഹത്തിന് റിലീസ് ചെയ്തു. Bid കാലാവധി കഴിഞ്ഞതിനാൽ ബാക്കിയുള്ള Lowest Bidders Bid Validity ദീർഘിപ്പിക്കുന്നതിന് തയ്യാറായില്ല. ആയതിനാൽ പ്രവൃത്തിയുടെ എഗ്രിമെന്റ് വയ്ക്കാൻ സാധിച്ചില്ല. പ്രവൃത്തി വീണ്ടും ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് നിരത്തുകൾ വിഭാഗം പ്രസ്തുത റോഡിൽ കി. മീ. 19/400, 19/450 എന്നീ ചെയിനേജുകളിൽ തകർന്ന ഭാഗത്ത് 53.90 ലക്ഷം രൂപ ഉപയോഗിച്ച് പാർശ്വഭിത്തി പുനർനിർമ്മിച്ചിട്ടുള്ളതും കി. മീ. 13/150, 19/100 എന്നീ ചെയിനേജുകളിൽ തകർന്ന പാർശ്വഭിത്തി പുനർനിർമ്മിക്കുന്നതിനായി 45.30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുള്ളതും അത് സർക്കാരിൽ പരിശോധിച്ചുവരികയുമാണ്.

(ബി) പ്രസ്തുത റോഡിന്റെ ടെൻഡർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി നിലവിൽ പൂർത്തീകരിച്ചിട്ടുള്ള നപടികൾ വിശദമാക്കുമോ?

(ബി&സി) നിലവിലെ 30.47 Km-ൽ 7.5 Km de scope ചെയ്യേണ്ടതായുണ്ട്. പൊതുമരാമത്ത് നിരത്തുകൾ ഡിവിഷൻ, പാലക്കാട് 7.5 Km-ൽ പ്രവൃത്തികൾ ചെയ്തതിന്റെ DLP നിലനിൽക്കുന്നതിനാൽ 7.5 Km ഒഴിവാക്കി നിലവിൽ 22.97 Km ആണ് പുതുക്കിയ DPR-ൽ DPR Consultant (M/s Louis Berger International) നൽകിയിട്ടുള്ളത്. ആയത് ground truthing-നായി കെ.എസ്.റ്റി.പി. കറ്റിപ്പുറം ഡിവിഷന് നൽകിയിട്ടുണ്ട്. റിവൈസ്ഡ് ഡി.പി.ആർ. അംഗീകരിച്ചശേഷം ടെൻഡർ നടപടികൾ ആരംഭിക്കുവാൻ കഴിയും.

കുറ്റ്യാടി മണ്ഡലത്തിലെ റോഡുകളുടെ നവീകരണം

11 (3140) ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മാസം മുതൽ നാളിതുവരെ കുറ്റ്യാടി മണ്ഡലത്തിലെ എത്ര റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്; റോഡിന്റെ നീളം, പേര്, അനുവദിച്ച തുക എന്നിവ സഹിതം വ്യക്തമാക്കാമോ?

2021 ജൂൺ മാസം മുതൽ നാളിതുവരെ കുറ്റ്യാടി മണ്ഡലത്തിൽ ബി.എം. & ബി.സി. നിലവാരത്തിൽ ഉയർത്തിയ 13 റോഡുകൾ ഉണ്ട്. പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+] കിഫ്ബി പദ്ധതിയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തി കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന കുറ്റ്യാടി മണ്ഡലത്തിൽ 2021 ജൂൺ മാസം മുതൽ നാളിതുവരെ ബി.എം.&ബി.സി. നിലവാരത്തിൽ നടപ്പിലാക്കിയ ഒരു പ്രവൃത്തിയാണുള്ളത്.

മുട്ടങ്ങൽ-നാദാപുരം -പക്രാന്തളം റോഡ്.

11.85 കി.മീ ദൈർഘ്യമുള്ള പ്രസ്തുത റോഡിന് 41.5 കോടി രൂപ സാമ്പത്തികാനുമതി ലഭ്യമായതും പ്രവൃത്തിയുടെ 2.50 കി.മീ നീളം കുറ്റ്യാടി മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ളതുമാകുന്നു. കുറ്റ്യാടി മണ്ഡലത്തിൽ 2021 ജൂൺ മാസം മുതൽ CRF പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു റോഡ് ബി.എം.,ബി.സി. നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള ജോലികൾ നടന്നുവരുന്നു.

റോഡിന്റെ പേര്: CRIF 2022-23 Improvements to Kuttiyadi Valakkett – Kaipramkadavu Road

നീളം: 10 കി.മീ.

തുക: 16 കോടി

(ബി) പ്രസ്തുത നിലവാരത്തിലേക്ക് ഉയർത്താൻ ഇനി എത്ര റോഡുകൾ ശേഷിക്കുന്നുണ്ടെന്ന് റോഡിന്റെ പേര്, നീളം എന്നിവ സഹിതം വ്യക്തമാക്കാമോ?

ബി.എം. & ബി.സി. നിലവാരത്തിൽ ഉയർത്താൻ ഇനി കുറ്റ്യാടി മണ്ഡലത്തിലെ 9 റോഡുകൾ ഉണ്ട്. പ്രസ്തുത റോഡുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. നങ്ങേലിക്കണ്ടിമുക്ക് വളയന്നൂർ റോഡ് കി.മീ. 1/050

2. കടത്തനാടൻ കല്ല് ഞാളോറപ്പള്ളി റോഡ് 2.2 കി.മീ.

3. കുറ്റ്യാടിപ്പള്ളി ഊരത്ത് റോഡ്- 3.75 കി.മീ.

4. ചാലിൽമുക്ക് കോട്ടക്കമണ്ണിൽ തെക്കേടത്ത്കടവ് റോഡ്- 1.6 കി.മീ.

5. കക്കട്ടിൽ കൈവേലി റോഡ്-1.2 കി.മീ.

6. കളങ്ങരത്ത് അരൂർ ഗ്രളികപ്പുഴ റോഡ്- 2 കി.മീ.

7.എബ്രാംകണ്ടി ബരിതവയൽ റോഡ്- 3 കി.മീ.

8. പള്ളിയത്ത് പെരുവയൽ റോഡ്- 4.3 കി.മീ.

9. അപ്രോച്ച് റോഡ്-റസ്റ്റ്ഹൌസ്- 0.14 കി.മീ.

കുറ്റ്യാടി മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെ. ആർ. എഫ്.ബി.-പി.എം.യു. മുഖേന ബി.എം.&ബി.സി. നിലവാരത്തിൽ FDR സാങ്കേതിക വിദ്യയിൽ ഉയർത്തുന്ന പ്രവൃത്തികളും അവയുടെ നീളവും ചുവടെ ചേർക്കുന്നു.

1. വടകര-വില്ല്യാപ്പള്ളി-ചേലക്കാട് റോഡ്- 8.94 കി.മീ.

2. കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ്- 11.96 കി.മീ.

കെ.എസ്.ടി.പി. മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡിന്റെ നിർമ്മാണം

12 (3141) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത റോഡ് നിർമ്മാണം നിലവിൽ എത്ര ശതമാനം പൂർത്തിയായെന്നും പ്രവൃത്തി സംബന്ധിച്ച് ലഭിച്ച പരാതികളിൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ കെ.എസ്.റ്റി.പി.-യുടെ കീഴിൽ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്ന മേൽപ്രവൃത്തിയിൽ റോഡിന്റെ പുനരുദ്ധാരണം മാത്രമായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ജനപ്രതിനിധികളുടെയും മറ്റും താല്പര്യ പ്രകാരം റോഡിന് വീതി കൂട്ടണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആയത് പ്രകാരം ഫ്രീ സറണ്ടർ വഴി സ്ഥലം ഏറ്റെടുക്കുന്നത് പ്രവൃത്തിയുടെ കാലതാമസത്തിന് കാരണമായിട്ടുണ്ട്. കൂടാതെ സമയബന്ധിതമായി നിർമ്മാണ സാമഗ്രികൾ ലഭിക്കാത്തതും റോഡിന്റെ FRL മാറ്റം വരുത്തിയതും നിർമ്മാണ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. പിന്നീട് ഫണ്ടിംഗ്

ഏജൻസിയായ ജർമ്മൻ ബാങ്കിന്റെ സന്ദർശന വേളയിൽ പുതുതായി സ്ഥലം ഏറ്റെടുക്കേണ്ട എന്ന നിർദ്ദേശം വന്നതുമൂലം പിന്നീട് പുതുതായി സ്ഥലം ഏറ്റെടുക്കുന്നതിനോ റോഡ് വീതിക്കൂട്ടുന്നതിനോ സാധിച്ചിട്ടില്ല. ഇത് പ്രദേശവാസികളുടെ എതിർപ്പിന് കാരണമാവുകയും വർക്കിന്റെ പുരോഗതിയെ ബാധിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രവൃത്തിയുടെ 81.08 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികൾ പരിശോധിച്ച് സാധ്യമായ രീതിയിൽ പരിഹരിച്ചു വരികയാണ്.

(ബി) പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് നാളിതുവരെയായി എത്ര രൂപയാണ് നൽകിയതെന്നും ഇനി എത്ര തുക നൽകാനുണ്ടെന്നും വ്യക്തമാക്കാമോ; കെ.എസ്.ടി.പി. നിർമ്മാണം നടത്തുന്ന പ്രവൃത്തിയുടെ പുരോഗതിയും റോഡുകളുടെ പ്രശ്നങ്ങളും വിലയിരുത്തുന്നതിനും പരിശോധന നടത്തുന്നതിനും ചുമതലപ്പെടുത്തിയതിൻ പ്രകാരം പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി പ്രസ്തുത റോഡ് നിർമ്മാണം സംബന്ധിച്ച പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

നാളിതുവരെ പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് 40,78,58,673/- രൂപ നൽകിയിട്ടുണ്ട്. നിലവിൽ കരാറുകാരൻ സമർപ്പിച്ച എല്ലാ ബില്ലുകളും തീർപ്പാക്കിയിട്ടുണ്ട്. പ്രസ്തുത റോഡ് നിർമ്മാണം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അവലോകനം ചെയ്തിട്ടുണ്ട്. RKI പദ്ധതികളുടെ പുരോഗതി വകുപ്പുമന്ത്രിയും സെക്രട്ടറിയും നിശ്ചിത ഇടവേളകളിൽ പരിശോധിക്കുന്നുണ്ട്.

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണ പുരോഗതിയും മറ്റ് പരാതികളും പരിശോധിക്കുന്നതിന് വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം വിളിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

നാളിതുവരെ പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് 40,78,58,673/- രൂപ നൽകിയിട്ടുണ്ട്. നിലവിൽ കരാറുകാരൻ സമർപ്പിച്ച എല്ലാ ബില്ലുകളും തീർപ്പാക്കിയിട്ടുണ്ട്. പ്രസ്തുത റോഡ് നിർമ്മാണം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അവലോകനം ചെയ്തിട്ടുണ്ട്.

വാമനപുരം മണ്ഡലത്തിലെ റോഡുകൾ

13 (3142) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ആകെ നീളം എത്രയാണെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന് കീഴിൽ 244.265 കി.മീ. റോഡാണുള്ളത്. കെ.ആർ.എഫ്.ബി.-പി.എം.യു.-ന് കീഴിൽ 32.75 കി.മീ. റോഡും കെ.എസ്.റ്റി.പി.-യുടെ കീഴിൽ 22.75 കി.മീ റോഡും നിരത്ത് പരിപാലന വിഭാഗത്തിന് കീഴിൽ 14.6 കി.മീ റോഡുമാണുള്ളത്.

(ബി) പ്രസ്തുത റോഡുകളിൽ ബി.എം. & ബി.സി. നിലവാരത്തിൽ നിർമ്മാണം പൂർത്തിയാക്കിയ റോഡുകൾ ഏതൊക്കെയാണെന്നും അവയുടെ ദൈർഘ്യം എത്രയാണെന്നും ഓരോന്നിനും ചെലവാക്കിയ തുക എത്രയെന്നും വ്യക്തമാക്കാമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൻ കീഴിലുള്ള പ്രവൃത്തിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

കെ.ആർ.എഫ്.ബി.-യുടെ കീഴിലുള്ള 8.55 കി.മീ. വരുന്ന വെഞ്ഞാറമൂട് ഔട്ടർ റിംഗ് റോഡ് ബി.എം.-ബി.സി. നിലവാരത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും 32.77 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ച പദ്ധതിയുടെ കരാർ 22.67 കോടി രൂപയ്ക്കാണ് വച്ചത്. ഇതിന് പുറമെ 1.2 കോടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപ യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനും 4.7 കോടി രൂപ സ്ഥലം ഏറ്റെടുക്കുന്നതിനും ചെലവഴിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ ബി.എം.&ബി.സി. നിലവാരത്തിൽ CRIF പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച 17 കീ.മി. നീളമുള്ള വാമനപുരം മണ്ഡലത്തിലെ പഴയചന്ത-മുതുവിള-കല്ലറ -തുമ്പോട് - മുതുവിള -ചുള്ളളം റോഡിന് 2055.32 ലക്ഷംരൂപ ചൈലവഴിച്ചിട്ടുണ്ട്. കെ.എസ്.റ്റി.പി.-യുടെ കീഴിൽ എം.സി. റോഡ് മുതൽ കാരേറ്റ് വരെ 7.75 കി.മീ റോഡ് SCDP പ്രവൃത്തിയിൽ 16 കോടി രൂപക്ക് ബി.എം.& ബി.സി. നിലവാരത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത നിലവാരത്തിൽ നവീകരിക്കുന്നതിന് അനുമതി ലഭിച്ചതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ റോഡുകൾ ഏതൊക്കെയാണെന്നും അവയ്ക്ക് അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കാമോ?

വാമനപുരം മണ്ഡലത്തിൽ നിരത്ത് വിഭാഗത്തിന് കീഴിൽ ബി.എം.-ബി.സി. നിലവാരത്തിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതും പ്രവൃത്തിക്ക് അനുമതി ലഭിച്ചതുമായ റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ കെ.ആർ.എഫ്.ബി., പി.എം.യു. -വിന് കീഴിൽ വാമനപുരം മണ്ഡലത്തിൽ ബി.എം.-ബി.സി. നിലവാരത്തിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തിക്ക് അനുമതി ലഭിച്ചതുമായ റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. വാമനപുരം-ചിറ്റാർ റോഡ് - 15.55 കി മീ, സാമ്പത്തികാനുമതി തുക -31.70 കോടി രൂപ

2. മലയോര ഹൈവേ -പെരിങ്ങമ്മല വിതുര (കൊപ്പം) റോഡ് – 9.45 കി മീ, സാമ്പത്തികാനുമതി തുക -49.98 കോടി രൂപ

3. വെഞ്ഞാറമൂട് ഇന്നർ റിംഗ് റോഡ് - 1.2 കി. മീ., എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തിക അനുമതി നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കെ.എസ്.റ്റി.പി.-ക്ക് കീഴിൽ തിരുവനന്തപുരം പൊൻമുടി റോഡിൽ കല്ലാർ മുതൽ പൊൻമുടി വരെ 15 കി.മീ. ദൂരം ബി.എം. & ബി.സി. നിലവാരത്തിലും റോഡ് സുരക്ഷാ പ്രവൃത്തികളും ചെയ്യുന്നതിനുള്ള പ്രവൃത്തി നടന്നുവരുന്നു. പ്രവൃത്തിക്കായി ഏകദേശം 97.95 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

നെന്മാറ മണ്ഡലത്തിലെ സേത്തുമട-പറമ്പിക്കുളം റോഡ് പ്രവൃത്തി

14 (3143)ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ സേത്തുമട-പറമ്പിക്കുളം റോഡ് പ്രവൃത്തി പാതിവഴിയിൽ മുടങ്ങികിടക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തി തടസ്സപ്പെടുവാനുള്ള കാരണം വിശദമാക്കാമോ;

(സി) നിലവിലുള്ള തടസ്സങ്ങൾ നീക്കി പ്രസ്തുത റോഡ് പ്രവൃത്തി എന്നത്തേക്ക് തുടങ്ങുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

(എ-സി) നെന്മാറ നിയോജകമണ്ഡലത്തിലെ സേത്തുമട -പറമ്പിക്കുളം റോഡ് പ്രവൃത്തിക്ക് Improvements and urgent side protection works of slipped portion at Km 3/900 and construction dip/culverts at various chainages of Karappara road and urgent flood damage repair at work km 7/100 removed of slipped earth between km 8/000 to 9/000 and providing RP from 16/000 to 19/000 of Parambikulam-Sethumada road എന്ന പ്രവൃത്തിക്ക് 100 ലക്ഷം രൂപയുടെ ഭരണാനുമതിയും അതേ തുകയ്ക്കുതന്നെ സാങ്കേതികാനുമതിയും ലഭ്യമാക്കി കരാറുകാരന് കൈമാറി. ഈ പ്രവൃത്തിയിൽ ഉൾപ്പെട്ട പറമ്പിക്കുളം

സേതുമട റോഡിലെ പാർശ്വഭിത്തി, ടാറിംഗ് പ്രവൃത്തികൾ എന്നിവ പൂർത്തീകരിക്കുകയും ഇതോടൊപ്പമുള്ള കാരപ്പാറ റോഡിലെ പ്രവൃത്തികളുടെ പൂർത്തീകരണത്തിനുള്ള കാലാവധി കരാറുകാരന്റെ ആവശ്യപ്രകാരം പല തവണ ദീർഘിപ്പിച്ച് നൽകുകയും ചെയ്തു. എന്നിരുന്നാലും കാര്യമായ പുരോഗതി കരാറുകാരന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടില്ലാത്തതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രവൃത്തിയിൽ നിന്നും കരാറുകാരനെ സ്വന്തം നഷ്ടോത്തരവാദിത്തത്തിൽ ഒഴിവാക്കിവന്നു. ഒറിജിനൽ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച സമയത്ത് ജി.എസ്.ടി. ഇല്ലാത്തതിനാൽ നിലവിൽ ബാലൻസ് വർക്ക് അറേഞ്ച് ചെയ്യുവാൻ സാധിക്കുകയില്ല. അതിനാൽ 18 ശതമാനം ജി.എസ്.ടി. ഉൾപ്പെടുത്തിയ 56,28,000/- രൂപയുടെ ബാലൻസ് എസ്റ്റിമേറ്റും പൂർത്തീകരിച്ച പ്രവൃത്തിയുടെ തുകയും ബാലൻസ് പ്രവൃത്തിയുടെ തുകയും കൂടി കണക്കാക്കി 1,11,070,160/- രൂപയുടെ ബാലൻസ് വർക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

തൃപ്പൂണിത്തുറ ബൈപ്പാസിന് സ്ഥലം ഏറ്റെടുക്കൽ

15 (3144) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദ്യം ദേശീയപാത നിർമ്മാണത്തിനായും തുടർന്ന് തൃപ്പൂണിത്തറ ബൈപ്പാസിനായും മറ്റുഴി മുതൽ തിരുവാങ്കുളം വരെയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) തൃപ്പൂണിത്തറ ബൈപ്പാസ് നിർമ്മാണത്തിനായി ദേശീയപാത അതോറിറ്റിയോട് ഭൂമി ഏറ്റെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് നൽകിയ മറുപടി എന്താണെന്ന് വിശദമാക്കാമോ?

(എ&ബി) മധുര-കൊച്ചി ദേശീയപാത 85-ൽ തിരുവാങ്കുളം മറ്റുഴിയിൽ നിന്നും ആരംഭിച്ച് തൃപ്പൂണിത്തുറ മിനി ബൈപ്പാസ് ജംഗ്ഷനിൽ അവസാനിക്കുന്ന തൃപ്പൂണിത്തുറ ബൈപ്പാസിന് രണ്ടു ഘട്ടമായി ആകെ 34.05 ഹെക്ടർ സ്ഥലമായിരുന്നു ഏറ്റെടുക്കേണ്ടിയിരുന്നത്. ആദ്യ ഘട്ടത്തിലെ മറ്റുഴി മുതൽ തിരുവാങ്കുളം റെയിൽവേ ലൈൻ വരെ ഏറ്റെടുക്കേണ്ട 16.172 ഹെക്ടർ സ്ഥലത്തിൽ 4.4312 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന് original sanctioned estimate 6.57 കോടി രൂപയും Revised Estimate 558.82 കോടി രൂപയും ആയിരുന്നു. തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണത്തിനായി Land Acquisition Cost അനുവദിക്കുന്നതിനുള്ള revised estimate കേന്ദ്ര ഉപരിതല ഗതാഗത

മന്ത്രായത്തിൽ സമർപ്പിച്ചിരുന്നെങ്കിലും ഈ cost സംസ്ഥാന ഗവൺമെന്റ് വഹിച്ചാൽ മാത്രമേ തൃപ്പൂണിത്തുറ ബൈപ്പാസ് പ്രോജക്ടിനായുള്ള തുടർ നടപടികൾ സ്വീകരിക്കുകയുള്ളൂ എന്ന മറുപടി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും ലഭിക്കുകയുണ്ടായി. 12-05-2020-ലെ Gazette Notification No 1506 (E), 1507 (E) പ്രകാരം ദേശീയപാത 85 NHAI ഏറ്റെടുത്തിട്ടുള്ളതാണ്. എന്നാൽ ഗ്രീൻഫീൽഡ് പാതയിൽ തൃപ്പൂണിത്തുറ ബൈപാസ് ഉൾക്കൊള്ളിക്കുന്നത് സാങ്കേതികമായി പ്രായോഗികമല്ലെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(സി) ഭൂമി ഏറ്റെടുക്കാത്തതുമൂലം പതിറ്റാണ്ടുകളായി ഭൂവുടമകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

തൃപ്പൂണിത്തുറ ബൈപ്പാസുമായി ബന്ധപ്പെട്ട് നാളിതുവരെ ഏറ്റെടുത്ത സ്ഥലത്തിന്റെ തുടർ വിനിയോഗം സംബന്ധിച്ചും തുടർന്ന് ഏറ്റെടുക്കുന്നതിനായി മാർക്ക് ചെയ്തിട്ടുള്ള സ്ഥലം സംബന്ധിച്ചുമുള്ള ഉടമകളുടെ ആശങ്കകൾ പരാതി രൂപത്തിൽ പലപ്രാവശ്യം ലഭിച്ചിട്ടുള്ളതിനാൽ പദ്ധതി സംബന്ധിച്ചുള്ള അനിശ്ചിതത്വം അവസാനിപ്പിക്കണമെന്നും പദ്ധതി മുന്നോട്ട് കൊണ്ടുപോകണോ

എന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രഉപരിതല ഗതാഗത വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത ഭൂമി അടിയന്തരമായി ഏറ്റെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സ്ഥലമെടുപ്പിന് മതിയായ ഫണ്ട് കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമാക്കി പദ്ധതിയുമായി മുന്നോട്ടുപോകുന്നതിനുള്ള തീരുമാനം കേന്ദ്രം അറിയിച്ചാൽ മാത്രമേ തുടർനടപടി സാധ്യമാകുകയുള്ളൂ. ഇതിനായി സംസ്ഥാന സർക്കാർ കത്ത് നൽകിയിട്ടുണ്ട്.

റോഡ് നാമകരണത്തിനുള്ള നടപടി

16 (3145) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ തലയോലപ്പറമ്പിൽ നിന്നും കുത്താട്ടുകുളത്തിനുപോകുന്ന റോഡിന്റെ മുത്തോലിപുരം മൃഗാശുപത്രി ജംഗ്ഷനിൽ നിന്നും 2.2 കിലോമീറ്റർ ദൂരത്തിൽ ആച്ചിക്കൽ ഭാഗത്ത് ഉദയഗിരി പള്ളിക്കുസമീപം എം.സി. റോഡിലേക്ക് ചേരുന്ന പി.ഡബ്ല്യൂ.ഡി. റോഡിന് മാർ

ജോസഫ് പള്ളിക്കാപറമ്പിൽ റോഡ് എന്ന് നാമകരണം ചെയ്യണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ് വിഭാഗം) സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ട് ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

(എ-സി) പ്രസ്തുത റോഡ് പുനർനാമകരണവുമായി ബന്ധപ്പെട്ട് ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറിൽനിന്നും ജില്ലാ കളക്ടറിൽനിന്നും റിപ്പോർട്ട് തേടിയിരുന്നു. ഈ വിഷയത്തിൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറിൽ നിന്ന് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡ് നിർമ്മാണത്തിലെ കാലതാമസം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

17 (3146) ശ്രീ. എം. വിൻസെന്റ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡ് നിർമ്മാണം നീണ്ടുപോകുന്നത് കടുത്ത പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) 2024 മാർച്ചിൽ പ്രസ്തുത നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കണം എന്ന നിബന്ധന കരാർ കമ്പനിക്ക് ഇളവ് ചെയ്തുനൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി 2024 മെയ് 15 നുള്ളിൽ പൂർത്തീകരിക്കും എന്ന ഉറപ്പ് പാലിക്കുവാൻ സാധിക്കാത്തതിന്റ കാരണം വിശദമാക്കുമോ?

(എ-സി) കേരള റോഡ് ഫണ്ട് ബോർഡ് മുഖാന്തരം 12 സ്മാർട്ട് റോഡുകളും 28 റോഡുകളുടെ റീസർഫസിംഗ് പ്രവൃത്തികളുമാണ് സ്മാർട്ട് സിറ്റി പദ്ധതിയിൽ നടപ്പിലാക്കുന്നത്. കരാർ പ്രകാരം ഓരോ റോഡുകൾക്കും പൂർത്തീകരണ കാലാവധി വ്യത്യസ്തമായിരുന്നുവെങ്കിലും ഇതുവരെ 38 റോഡുകൾ ഗതാഗതത്തിന് തുറന്ന് കൊടുത്തിട്ടുണ്ട്. ഇതിൽ 27 റോഡുകൾ മാർച്ച് മാസത്തിനുള്ളിൽ തുറന്ന്

കൊടുത്തിരുന്നു. റീസർഫസിംഗിൽ ഉൾപ്പെട്ട 28 റോഡുകളിൽ 3 റോഡുകൾ സ്മാർട്ട് റോഡാക്കാൻ ആവശ്യം വന്നതിനാൽ ആ പ്രവൃത്തി നിലവിൽ ഏറ്റെടുത്തിട്ടില്ല. പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ റോഡുകളിലും ഓടകൾക്കുപുറമെ ടെഞ്ചും ചേംബറും നിർമ്മിക്കാൻ ആഴത്തിൽ എസ്കവേഷൻ നടത്തേണ്ടതാണ്. വീതി കുറഞ്ഞ റോഡുകളിൽ നിലവിലുള്ള ലൈവ് യൂട്ടിലിറ്റി ലൈനുകൾ തകരാറിലാകാതെ കുഴിയെടുക്കുക വളരെ വെല്ലുവിളിയായിരുന്നു. വ്യത്യസ്ത കാലഘട്ടങ്ങളിൽ മാനദണ്ഡങ്ങൾ പാലിക്കാതെ ഇട്ടിരിക്കുന്ന ലൈനുകളിൽ അപ്രതീക്ഷമായി തകരാറ് സംഭവിക്കുകയും തൻമൂലം പദ്ധതി നിർവ്വഹണം തടസമാകുന്നതും പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ ദുരന്ത നിവാരണ അധികാരിയുടെ നിർദേശപ്രകാരം അധിക പ്രവൃത്തികൾ നടപ്പിലാക്കേണ്ടിവന്നതും പദ്ധതി വൈകാനിടയാക്കി.

കടുത്തുരുത്തി വടക്കുംകൂർ ബൈപ്പാസ് അലൈൻമെന്റ്

18 (3147) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിഫ് എഞ്ചിനീയർ നിരത്ത് വിഭാഗം ഭരണാനുമതി നൽകിയിട്ടുള്ളതും ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമായ വടക്കുംകൂർ ബൈപ്പാസിന്റെ പുതിയ

അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള പ്രവൃത്തിക്ക് എഗ്രിമെന്റ് വച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

വടക്കുംക്കര ബൈപ്പാസിന്റെ പുതിയ അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള എഗ്രിമെന്റ് വച്ചിട്ടുള്ളതും പ്രവൃത്തി ആരംഭിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; അലൈൻമെന്റ് പുതുക്കി ഉത്തരവിറക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി അനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി എസ്റ്റിമേറ്റ് നൽകുകയും ആയതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെൻഡർ ചെയ്ത് എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കടുത്തുരുത്തി വടക്കുംക്കര ബൈപ്പാസിന് 2009-ൽ ഭരണാനുമതി നൽകിയ ശേഷം നിരവധി തവണ ഷെഡ്യൂൾ നിരക്ക് വ്യത്യാസംവരുകയും സ്ഥലത്തിന്റെ വിലയിൽ ഗണ്യമായ മാറ്റമുണ്ടാകുകയും ചെയ്തിട്ടുള്ളതിനാൽ അത് കൂടി കണക്കിലെടുത്ത് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

പുതുക്കിയ അലൈൻമെന്റ് അംഗീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്.

(ഡി) പുതിയ അലൈൻമെന്റ് പ്രകാരം കടുത്തുരുത്തി വടക്കുംക്കൂർ ബൈപ്പാസ് പദ്ധതി കടുത്തുരുത്തി ടൗൺ കണക്ടിംഗ് റോഡ് വികസന പദ്ധതി എന്ന് പേര് മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പിറവം കടുത്തുരുത്തി റോഡിൽ അലരി ജംഗ്ഷനിൽ നിന്നാരംഭിച്ച് കടുത്തുരുത്തി ടൗൺ ഒഴിവാക്കി ഏറ്റുമാനൂർ എറണാകുളം റോഡിൽ മുട്ടുചിറ ജംഗ്ഷനോട് ചേർന്നുവരുന്ന രീതിയിലായിരുന്നു വടക്കുംക്കൂർ ബൈപ്പാസ് വിഭാവനം ചെയ്തിരുന്നത്. നിലവിൽ കടുത്തുരുത്തി ടൗൺ കണക്ടിംഗ് റോഡ് വികസന പദ്ധതി എന്ന രീതിയിൽ പേര് മാറ്റണമെന്ന് ബഹു. കടുത്തുരുത്തി എം.എൽ.എ. CMT meeting-ൽ നിർദ്ദേശിക്കുകയും പ്രാദേശിക തലത്തിൽ ബഹു. എം.എൽ.എ.-യുടെ അധ്യക്ഷതയിൽ മീറ്റിംഗ് കൂടുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. ആയതിന് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) നിർദ്ദിഷ്ട കടുത്തുരുത്തി വടക്കംക്കൂർ ബൈപ്പാസിന്റെ അലൈൻമെന്റ് പുതുക്കി ഉത്തരവിറക്കുന്നത് സംബന്ധിച്ച് 05-09-2023-ൽ ചീഫ്

എഞ്ചിനീയർക്ക് നൽകിയിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെൻഡർ ചെയ്ത് എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി അംഗീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വള്ളിക്കുന്ന് മണ്ഡലത്തിലെ റോഡ് നിർമ്മാണം

19 (3148) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ തോട്ടശ്ശേരിയറ-ഇല്ലത്തുമാട്- പാത്തിക്കുഴി റോഡ് നിർമ്മാണത്തിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കിഫ്ബിയുടെ അംഗീകാരം ലഭിച്ച് വർഷങ്ങൾ കഴിഞ്ഞും പ്രസ്തുത റോഡിന്റെ നിർമ്മാണം ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണമായി ചൂണ്ടിക്കാട്ടുന്ന സ്റ്റാൻഡേർഡ് വിഡ്തിന്റെ കുറവ് പരിഹരിക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തോട്ടശ്ശേരിയറ-ഇല്ലത്തുമാട്-പാത്തിക്കുഴി റോഡ് കിഫ്ബി ധനസഹായത്തോടു കൂടി കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പാക്കുന്നതിന് 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകി. തുടർന്ന്, പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കുകയും പ്രവൃത്തിയുടെ വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി 06-03-2018-ൽ തയ്യാറാക്കി സമർപ്പിച്ചിരുന്നതുമാണ്. ഇതിൽ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള തുക ഉൾപ്പെടുത്തിയിരുന്നില്ല. DPR-ന്റെ പരിശോധനയുടെ ഭാഗമായി കിഫ്ബി ഉദ്യോഗസ്ഥർ 28-03-2019-ൽ സൈറ്റ് സന്ദർശിച്ചു, തുടർന്ന് കിഫ്ബി നൽകിയ സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം നിലവിൽ 10m ROW ഇല്ലാത്തതിനാൽ അതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുകകൂടി ഉൾപ്പെടുത്തി ആവശ്യമായ തിരുത്തലുകൾവരുത്തി ഡി.പി.ആർ. പുന:സമർപ്പിക്കാൻ നിർദേശിച്ചു. നിലവിൽ 7-10 മീറ്റർ വീതിയിലുള്ള റോഡ് കിഫ്ബി മാനദണ്ഡപ്രകാരം മിനിമം 10 മീറ്റർ Row-യിൽ നിർമ്മിക്കാൻ പല ഇടങ്ങളിലും സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട MLA -യുടെ 29-01-2024-ലെ കത്ത് പ്രകാരം ഈ പ്രവൃത്തിക്ക് ഫ്രീ സറണ്ടർ രീതിയിൽ

സ്ഥലം ഏറ്റെടുക്കാൻ ചർച്ചകൾ നടത്തിയെങ്കിലും ആയത് ലഭ്യമല്ലെന്നും ആയതിനാൽ സ്ഥലം ഏറ്റെടുപ്പിനുള്ള തുക DPR-ൽ ഉൾപ്പെടുത്തി പുതുക്കിയ DPR കിഫ്ബിക്ക് സമർപ്പിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. അതിൻ പ്രകാരം സ്ഥലം ഏറ്റെടുപ്പിനുള്ള തുക DPR-ൽ ഉൾപ്പെടുത്തി പുതുക്കിയ DPR തയ്യാറാക്കുന്ന നടപടികൾ ഡിസൈൻ വിഭാഗത്തിൽ പുരോഗമിക്കുന്നു.

(സി) കിഫ്ബിയുടെ തന്നെ എഫ്.ഡി.ആർ. പദ്ധതി പ്രകാരം പ്രസ്തുത റോഡ് നവീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സമർപ്പിച്ച നിവേദനത്തിൽ മേൽ കെ.ആർ.എഫ്.ബി. സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പദ്ധതിക്കാവശ്യമായ സ്ഥലം സൗജന്യമായി ഏറ്റെടുത്ത് പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ, FDR പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനുള്ള അനുമതിക്കായി കത്ത് നൽകിയെങ്കിലും കിഫ്ബിയുടെ സാമ്പത്തികാനുമതി ഇല്ലാത്ത പദ്ധതികൾ നിലവിൽ എഫ്.ഡി.ആർ. പദ്ധതിയിൽ ഉൾകൊള്ളിച്ചിട്ടില്ല എന്ന് 28-04-2022-ലെ കത്തുപ്രകാരം കിഫ്ബി അറിയിച്ചിട്ടുണ്ട്. കിഫ്ബി മാനദണ്ഡപ്രകാരം 10 മീറ്റർ RoW വീതി ലഭ്യമല്ലാത്തതിനാലും ഫ്രീ സറണ്ടർ രീതിയിൽ ഭൂമി ലഭ്യമല്ലാത്തതിനാലും ഈ

പ്രവൃത്തി FDR പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയില്ലെന്ന് കിഫ്ബി അറിയിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത റോഡിന്റെ നിർമ്മാണം ആരഭിക്കുവാൻവേണ്ട തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പദ്ധതിയുടെ പുതുക്കിയ ഡി.പി.ആർ. പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗത്തിൽ നിന്ന് ലഭ്യമാക്കിയ ശേഷം തുടർനടപടികൾ പരിശോധിക്കാം.

പൗഡിക്കോണം-മണ്ണന്തല റോഡ് വികസനം

20 (3149) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗഡിക്കോണം-മണ്ണന്തല റോഡ് വികസന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട മണ്ണന്തല-പൗഡിക്കോണം റോഡ് വികസന പദ്ധതിയുടെ പ്രവൃത്തി സ്ഥലം ഏറ്റെടുക്കൽ ഘട്ടത്തിലാണ്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള 19(1) നോട്ടിഫിക്കേഷൻ 19-09-2023-ന് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് നവീകരണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര തുകയുടെ ആദ്യ ഗഡുവായ 45 കോടി രൂപ കിഫ്ബിയിൽ നിന്നും ലഭ്യമാക്കി, 30 ശതമാനം ഭൂമി റവന്യൂ വകുപ്പ് ഏറ്റെടുത്ത് കെ.ആർ.എഫ്.ബി., പി.എം.യു.-വിന് കൈമാറിയിട്ടുണ്ട്.

(സി) എങ്കിൽ ഏറ്റെടുക്കുന്ന ഭൂമിയിൽ കെട്ടിടങ്ങളുടെ വാല്യേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഏറ്റെടുക്കേണ്ട ഭൂമിയിലെ കെട്ടിടങ്ങളുടെ വാല്യുവേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തിയാക്കിയ വാല്യുവേഷൻ അടിസ്ഥാനത്തിലാണ് റവന്യൂ വകുപ്പ് ഭൂമി കൈമാറ്റ നടപടികളുമായി മുന്നോട്ട് പോകുന്നത്.

പൊതുമരാമത്ത് റോഡുകളിൽ ഭരണാനുമതി ലഭിച്ച മെയിന്റനൻസ് പ്രവൃത്തികൾ

21 (3150) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ഭരണാനുമതി ലഭിച്ച മെയിന്റനൻസ് പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

(എ&ബി) ആലത്തൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മെയിന്റനൻസ് പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

വള്ളിത്തോട്– മണത്തണ മലയോര ഹൈവേ പുനർ നിർമ്മാണം

22 (3151) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വള്ളിത്തോട്-മണത്തണ മലയോര ഹൈവേ പുനർനിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത റോഡിലെ പാലങ്ങൾ പുനർനിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത റോഡ് നിർമ്മാണത്തിലെ കാലതാമസംമൂലം ജനങ്ങൾക്ക് ഉണ്ടാക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

മലയോര ഹൈവേയിലുൾപ്പെട്ട കണ്ണൂർ ജില്ലയിലെ വള്ളിത്തോട് അമ്പായത്തോട് റോഡ് പ്രവൃത്തിക്ക് കിഫ്ബിയിൽനിന്നും 50.47 കോടി രൂപയുടെ സാമ്പത്തികാനുമതിയും 12-11-2021-ന് 52.91 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി വർക്ക് ടെൻഡർ ചെയ്തിട്ടുണ്ട്. തുടർന്ന് M/s Irikkur Construction Company-ക്ക് 49.39 കോടി രൂപയ്ക്ക് കരാർ നൽകി. ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചതിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിസ്ഥാനത്തിൽ 13-03-2024-ന് കിഫ്ബിയിൽ നിന്നും 83.17 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. നിലവിൽ പ്രോജക്ടിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. ഈ പ്രവൃത്തിയിലുൾപ്പെടുത്തി 8.2 കി.മീ. ദൂരം DBM മെക്കാഡം ടാറിംഗ് ചെയ്തിട്ടുണ്ട്. കൂടാതെ ഓവുചാലിന്റെയും സംരക്ഷണഭിത്തിയുടെയും പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. അവ 80 ശതമാനം പൂർത്തിയായിട്ടുണ്ട്. മേൽ പ്രവൃത്തിയിലുൾപ്പെട്ട 3 പാലങ്ങളിൽ, വേമ്പുഴ, ചെന്തോട് എന്നീ പാലങ്ങളുടെ പ്രവൃത്തികൾ വേഗത്തിൽ നടന്നുവരികയാണ്. ആനപന്തി പാലത്തിന്റെ പ്രവൃത്തികൾ ആരംഭിക്കേണ്ടതുണ്ട്. പ്രവൃത്തി നടക്കുന്ന സമയത്ത് വാഹനങ്ങൾക്കും കാൽനട യാത്രക്കാർക്കും സുഗമമായ സഞ്ചാരം ഉറപ്പുവരുത്തുന്നതിന് വേണ്ടി സർവ്വീസ് റോഡുകളും ബൈപ്പാസ് റോഡുകളും സജ്ജമാക്കി നൽകിയിട്ടുണ്ട്.

കോതമംഗലം മണ്ഡലത്തിൽ മലയോര ഹൈവേ നിർമ്മാണം

23 (3152) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ മലയോര ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കുമോ?

കോതമംഗലം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ചേരംഗനാൽ-നേര്യമംഗലം (13.4 കി.മീ.) പ്രവൃത്തിക്ക് 20-03-2022-ൽ 65.57 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്ന് നൽകിയിട്ടുണ്ട്. റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി സൗജന്യമായി വിട്ടുനല്കാൻ ജനങ്ങൾ തയ്യാറാകാത്തതിനാൽ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റിന്റെ തുടർ നടപടികളെടുക്കുവാൻ കഴിഞ്ഞിട്ടില്ല. വനഭൂമിയുടെ ഒന്നാംഘട്ട അംഗീകാരത്തിനായി പുതിയ സി.എ. ലാൻഡ് കണ്ടെത്തേണ്ടതുണ്ട്.

(ബി) നിരന്തരമായി ഇടപെടലുകൾ നടത്തിയിട്ടും 12 മീറ്റർ വീതിയിൽ ഫ്രീ സറണ്ടറായി സ്ഥലം ലഭ്യമാകുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ലഭ്യമായ വീതിയിൽ മലയോര ഹൈവേയുടെ നിർമ്മാണം നടത്തുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മലയോര ഹൈവേ നിർമ്മാണത്തിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം മാത്രമേ നിർമ്മാണ പ്രവർത്തനം നടത്താൻ സാധിക്കുകയുള്ളൂ.

തൊടുപുഴ റിവർവ്യൂ റോഡ് നിർമ്മാണം

24 (3153) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ റിവർവ്യൂ റോഡ് (വെങ്ങല്ലൂർ-പാപ്പൂട്ടിഹാൾ) വികസനത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി ഏതുഘട്ടം വരെയായി എന്ന് വെളിപ്പെടുത്തുമോ?

തൊടുപുഴ റിവർവ്യൂ (വെങ്ങല്ലൂർ-പാപ്പൂട്ടിഹാൾ) റോഡിന്റെ നിർമ്മാണം 99 ശതമാനം പൂർത്തീകരിച്ചിട്ടുള്ളതാണ്. ഈ റോഡിന്റെ നിർമ്മാണത്തിന് വിട്ടുകിട്ടേണ്ടതായ 56 പ്ലോട്ടുകളിൽ 55 പ്ലോട്ടുകൾ റവന്യൂ വകുപ്പിൽനിന്നും വിട്ടുകിട്ടിയിട്ടുണ്ട്. ഇനിയും പൊതുമരാമത്ത് വകുപ്പിന് റവന്യൂ വകുപ്പിൽ നിന്നും കൈമാറി കിട്ടേണ്ട ഈ റോഡിന്റെ ആരംഭ ഭാഗത്തുള്ള 56-ാമത്തെ പ്ലോട്ടായ സർവെ നമ്പർ 271/231-ൽപ്പെട്ട 0.1118 ഹെക്ടർ സ്ഥലവും അതിലെ കെട്ടിടവും ഏറ്റെടുക്കുന്നതിനായി 29,47,575/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇടുക്കി) പ്രസ്തുത സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) തൊടുപുഴയ്ക്ക് കൈമാറിയിട്ടുമുണ്ട്. പ്രസ്തുത പ്ലോട്ട് ഏറ്റെടുക്കുന്നതിനെതിരെ സ്ഥലം ഉടമ ബഹു. മുൻസിഫ് കോടതി

തൊടുപുഴ മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുള്ളത് കോടതിയുടെ പരിഗണനയിലാണ്.

(ബി) പ്രസ്തുത റോഡിന്റെ അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

56-ാമത്തെ പ്ലോട്ട് കൂടി റവന്യൂ വകുപ്പ് ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്ന മുറയ്ക്ക് പൊതുലേല നടപടികളിലൂടെ ഈ പ്ലോട്ടിലുള്ള ചമയം പൊളിച്ച് മാറ്റി റോഡിന്റെ ബാലൻസ് പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതാണ്.

ഹിൽ ഹൈവേയുടെ പ്രവർത്തന പുരോഗതി

25 (3154) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാതൃക പദ്ധതികളിലൊന്നായ ഹിൽ ഹൈവേയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലവരെ നീളുന്ന 1166 കി.മീ. ദൈർഘ്യമുള്ള മലയോര ഹൈവേയ്ക്ക് 10-07-2017-ലെ Go(Rt)No942/2017/PWD പ്രകാരം 3500 കോടി രൂപയുടെ ഭരണാനുമതി

തത്വത്തിൽ നൽകി. കിഫ്ബി ഫണ്ട് ഉപയോഗിച്ച് 793.68 കി.മി. ആണ് കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പിലാക്കുന്നത്. കിഫ്ബി മാനദണ്ഡപ്രകാരം 12 മീറ്റർ വീതിയിൽ റോഡ് വികസനത്തിന് ആവശ്യമായ സ്ഥലം പൊതുജനങ്ങളിൽ നിന്ന് ലഭ്യമാക്കി DBM & BC നിലവാരത്തിൽ ഡിസൈൻ റോഡ് നിർമ്മിക്കുന്നതിനാണ് മലയോര ഹൈവേ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കെ.ആർ.എഫ്.ബി. - പി.എം.യു.-വിന്റെ കീഴിൽ 488.63 കി. മീ. റോഡിന് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്തിട്ടുണ്ട്. അതിൽ 297.595 കി. മീ. പ്രവൃത്തി പുരോഗമിക്കുന്നു. 149.175 കി.മീ. റോഡിന്റെ പ്രവൃത്തി ഇതുവരെ പൂർത്തിയായി. ബാക്കിയുള്ള 305.05 കി. മീ. റോഡിന് സാമ്പത്തികാനുമതി നൽകി സാങ്കേതികാനുമതിക്കുള്ള നടപടികൾ പുരോഗമിക്കുന്നു. മലയോര ഹൈവേ പ്രവൃത്തികൾക്കായി ഇതുവരെ 3505 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഇതിൽ 1288 കോടി രൂപ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുമുണ്ട്.

(ബി) ഹിൽ ഹൈവേയുടെ പ്രവൃത്തി പൂർത്തീകരണത്തിൽ നിലവിൽ ആവശ്യത്തിന് വീതി ലഭിക്കാത്ത പ്രദേശങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

മലയോര ഹൈവേയുടെ വികസനത്തിന് നിലവിൽ ആവശ്യത്തിന് വീതി ലഭിക്കാത്ത സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു:

1. തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് പാറശ്ശാല-രണ്ടാംഘട്ടം - 800 മീറ്റർ പുറമ്പോക്ക് ഭൂമി.

2. കോട്ടയം ജില്ലയിലെ പ്ലാച്ചേരി കരിങ്കല്ലുമൂഴി - 5.75 കി. മീ. - വനഭൂമി ലഭ്യമാകേണ്ടതുണ്ട്.

3. എറണാകുളം ജില്ല-81.124 കി.മീ.- ഫ്രീ സറണ്ടർ ആയി ഭൂമി വിട്ടു നൽകുവാൻ ജനങ്ങൾ തയ്യാറല്ലാത്തതിനാൽ പ്രവൃത്തികളൊന്നുംതന്നെ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. 19.30 കി.മീ. വനഭൂമിയും ലഭ്യമാകേണ്ടതുണ്ട്.

4. തൃശ്ശൂർ ജില്ലയിലെ വെള്ളിക്കുളങ്ങര-വെറ്റിലപ്പാറ പാലം സ്ട്രെച്ചും വിളങ്ങന്നൂർ-വെള്ളിക്കുളങ്ങര സ്ട്രെച്ചും 16.99 കി. മീ. വനഭൂമിയും ലഭ്യമാകേണ്ടതുണ്ട്. ഇതുകൂടാതെ പല സ്ഥലങ്ങളിലും ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാകണം.

5. കോഴിക്കോട് ജില്ലയിലെ ചുങ്കക്കുട്ടി - പൂതംപാറ പാലം സ്ട്രെച്ചിൽ 2.76 കി. മീ. വനഭൂമി ലഭ്യമാകേണ്ടതുണ്ട്. ഇതുകൂടാതെ കാവിലംപാറ പഞ്ചായത്തിലൂടെ

മലയോര ഹൈവെ കടന്നുപോകുന്ന സ്ഥലങ്ങളിൽ ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാകണം.

6. വയനാട് ജില്ലയിലെ കുഞ്ഞോം - നിറവിൽപുഴചുങ്കക്കുട്ടി സ്ട്രെച്ചിൽ 0.88 കി. മീ. വനഭൂമി ലഭ്യമാകേണ്ടതുണ്ട്.

7. കണ്ണൂർ ജില്ലയിലെ അമ്പായത്തോട്- ബോയ്സ് ടൗൺ സ്ട്രെച്ചിൽ 1.62 കി. മീ. വനഭൂമി ലഭ്യമാകേണ്ടതുണ്ട്.

8. കാസർകോട് ജില്ലയിലെ കോളിച്ചാൽ-ഇടപ്പറമ്പ സ്ട്രെച്ചിൽ 3.61 കി. മീ. വനഭൂമി ലഭ്യമാകേണ്ടതുണ്ട്.

(സി) ഹിൽ ഹൈവേ യാഥാർഥ്യമാകുന്നതോടെ സംസ്ഥാനത്തെ ഗതാഗത മേഖലയിലും വ്യാവസായിക, ടൂറിസം മേഖലകളിലും ഏതൊക്കെ തരത്തിലുള്ള മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലവരെ നീളുന്ന മലയോര ഹൈവേ പൂർത്തിയാകുന്നതോടെ കേരളത്തിലെ ഏറ്റവും നീളം കൂടിയ ഹൈവേയാകും. 14 ജില്ലകളിൽ ആലപ്പുഴ ജില്ല ഒഴികെ മറ്റ് 13 ജില്ലകളിലൂടെ ഈ ഹൈവേ കടന്നുപോകും. കേരളത്തിലെ മലയോര മേഖലകൾക്ക് ഏറെ പ്രയോജനം ചെയ്യുന്നതാണ് മലയോര ഹൈവേ. ഇത്

ടൂറിസം വർദ്ധിപ്പിക്കാനും കണക്റ്റിവിറ്റിയും ഗതാഗതവും മെച്ചപ്പെടുത്താനും മലയോര മേഖലകളിൽ നിന്നുള്ള കർഷകർക്ക് എളുപ്പമുള്ള വിപണി പ്രവേശനം, ദുരന്തസമയത്ത് ദുരിതാശ്വാസ നടപടികൾ തുടങ്ങിയവയ്ക്കും സഹായകമാകും. ഈ പദ്ധതി യാഥാർഥ്യമാകുന്നതോടെ ഹൈറേഞ്ച് പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ഇത് നൽകുന്ന നേട്ടങ്ങളും മൂല്യവും വളരെ വലുതാണ്.

ആനക്കാംപൊയിൽ – കള്ളാടി – മേപ്പാടി തുരങ്കപാത

26 (3155) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ ടെൻഡർ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത പ്രവൃത്തിയുടെ ടെൻഡർ വിജ്ഞാപനം രണ്ട് പാക്കേജായി പുറപ്പെടുവിച്ചിട്ടുണ്ട്. പാക്കേജ് I-93.12 കോടി രൂപയുടെതും പാക്കേജ് -II 1643.33 കോടി രൂപയുടെതുമാണ്. ടെക്നിക്കൽ ബിഡ് 19-04-2024-ന് തുറക്കുകയും ആയതിന്റെ സൂക്ഷ്മപരിശോധന പ്രോജക്ടിന്റെ SPV ഓഫീസിൽ നടന്നു വരികയുമാണ്. വേഗത്തിൽ ഫിനാൻഷ്യൽ ബിഡ് തുറന്ന് കരാർ നടപടികളിലേക്ക് കടക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

വേഗത്തിൽ ഫിനാൻഷ്യൽ ബിഡ് അന്തിമമാക്കിയശേഷം കരാർ കൈക്കൊള്ളുന്നതും പാരിസ്ഥിതിക അനുമതിക്കുടി ലഭിച്ച് കരാർ ഉടമ്പടി നൽകിയതിനുശേഷം (നാല് വർഷമാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി) പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതുമാണ്.

കീഴാറ്റൂർ ബൈപ്പാസിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ്

27 (3156) ശ്രീ. എം. വി.ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തളിപ്പറമ്പ് കീഴാറ്റൂർ ബൈപ്പാസിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് സംബന്ധിച്ച ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തളിപ്പറമ്പ് മണ്ഡലത്തിലെ 'Investigation Estimate for widening, Improvement and Extension of existing road from Keezhattoor Junction to NH -66 Km 0/000 to 1/200 in Kannur District' എന്ന പ്രവൃത്തിക്ക് 3.30 ലക്ഷം രൂപയുടെ Investigation work-നുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ Investigation പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിക്ക് വേണ്ടി

24-03-2022-ൽ നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച 1043.88 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിശോധിക്കുകയും അടുത്ത സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്ന് ധനവകുപ്പ് ഫയലിൽ രേഖപ്പെടുത്തുകയും ചെയ്തു. ഈ സാമ്പത്തിക വർഷം പ്രൊപ്പോസൽ നൽകാൻ ചീഫ് എഞ്ചിനീയർ നിരത്തു വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

വൈപ്പിൻ മണ്ഡലത്തിലെ തീരദേശ ഹൈവേ നിർമ്മാണം

28 (3157) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

വൈപ്പിൻ മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേ പുതുവൈപ്പ് - മുനമ്പത്തിന്റെ സ്ഥലമേറ്റെടുക്കലിനായി 238.66 കോടി രൂപയ്ക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി നൽകിയിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കുന്നതിനായി റവന്യൂ (ബി) ഉത്തരവ് നൽകിയിട്ടുള്ളതാണ്. പ്രസ്തുത തീരദേശ ഹൈവേയുടെ (റീച്ച്-2) സ്ഥലം ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്. 4(1) വിജ്ഞാപനം 16-01-2024-ന് പ്രസിദ്ധീകരിച്ച്

സെന്റർ ഫോർ സോഷ്യോ-എക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസ് (CSES) എന്ന ഏജൻസി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം പൂർത്തീകരിച്ച്, 2024 ജൂൺ 15, 19 തീയതികളിലായി വൈപ്പിൻ മണ്ഡലത്തിലെ പബ്ലിക് ഹിയറിംഗ് പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) സാമൂഹ്യാഘാത പഠനം പൂർത്തിയായോ; എങ്കിൽ ഇത് സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

CSES എന്ന ഏജൻസി നടത്തിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് റിപ്പോർട്ട് 25-05-2024-ൽ ആയതിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നൽകിയിട്ടുമുണ്ട്. പബ്ലിക് ഹിയറിംഗിലെ വിവരശേഖരണങ്ങളും ഉൾപ്പെടുത്തി അന്തിമ റിപ്പോർട്ട് CSES പ്രസിദ്ധീകരിക്കുന്നതാണ്.

(സി) വൈപ്പിൻ മണ്ഡലത്തിലെ എത്ര ഭൂമിയാണ് തീരദേശ ഹൈവേയ്ക്കായി ഏറ്റെടുക്കുന്നതെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

വൈപ്പിൻ മണ്ഡലത്തിൽ മുഴുവനായി 49.299 ഹെക്ടർ ഭൂമിയാണ് തീരദേശ ഹൈവേയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്നത്. ആയതിന്റെ വില്ലേജ് അടിസ്ഥാനത്തിലെ കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഭൂമിയും വീടും നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന തീരദേശ ഹൈവേ പദ്ധതിയുമായി ബന്ധപ്പെട്ട് ബാധിക്കപ്പെടുന്ന കുടുംബങ്ങളിൽ നഷ്ടപരിഹാരമായി ഫ്ലാറ്റ് ആവശ്യപ്പെടുന്നവർക്ക് സർക്കാർ നിശ്ചയിക്കുന്ന സ്ഥലത്ത് ഫ്ലാറ്റ് നിർമ്മിച്ചുനൽകുന്ന ചുമതല 25-10-2021-ലെ G.O.(Rt) No.952/2021/PWD പ്രകാരം തീരദേശ വികസന കോർപ്പറേഷനാണ്. ആയതുമായി ബന്ധപ്പെട്ട സർവെ പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 10-03-2023-ലെ G.O.(MS) No.50/2023/RD ഉത്തരവ് പ്രകാരമാണ് ആനുകൂല്യങ്ങൾ നിശ്ചയിച്ചിരിക്കുന്നത്.

കുളങ്ങരത്ത്-നമ്പ്യാത്താൻ കുണ്ട് റോഡിന്റെ നിർമ്മാണ പുരോഗതി

29 (3158) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖേനയുള്ള കുളങ്ങരത്ത്–നമ്പ്യാത്താൻ കുണ്ട് റോഡ് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്താമോ?

കോഴിക്കോട് ജില്ലയിലെ കുളങ്ങരത്ത്-നമ്പ്യത്താൻകുണ്ട്-വാളൂക്ക്-വിലങ്ങാട് റോഡ് നവീകരണ പ്രവൃത്തിക്ക് (Ch 0/000 മുതൽ 21/000 വരെ) 01-11-2016-ലെ GO(Rt)No. 1502/2016/PWD പ്രകാരം തത്വത്തിൽ 10 കോടി രൂപയുടെ ഭരണാനുമതിയും 12-11-2018-ൽ 41.31 കോടി രൂപയുടെ സാമ്പത്തികാനുമതിയും 24-04-2023-ൽ 48.41 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. 06-01-2022-ൽ 37.62 കോടി രൂപയ്ക്ക് M/s K.K Builders എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെടുകയും പ്രവൃത്തി പുരോഗമിക്കുകയുമാണ്. കിഫ്ബിയുടെ 04-09-2023-ലെ യോഗതീരുമാന പ്രകാരം Ch 18/160 മുതൽ 21/000 വരെയുള്ള സ്ഥലത്ത് രണ്ട് പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള FRL സംബന്ധിച്ച അന്തിമ തീരുമാനം ലഭ്യമല്ലാത്തതിനാൽ Ch 18/160 മുതൽ 21/000 വരെയുള്ള ഭാഗം പ്രസ്തുത പദ്ധതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. നിലവിൽ ഡ്രെയിൻ, കൾവർട്ട്, സബ് ഗ്രേഡ്, GSB, WMM, DBM പ്രവൃത്തികൾ പുരോഗമിക്കുന്നു. 45 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി വൈകുന്നതിനാൽ ജനങ്ങൾ നേരിടുന്ന പ്രയാസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ കി.മീ. 0/000 മുതൽ കി.മീ 5/000 വരെയുള്ള ഭാഗങ്ങളിലും ഇടവിട്ടുള്ള മറ്റ് സ്ഥലങ്ങളിലും പൊതുജനങ്ങളിൽ നിന്ന് സൗജന്യമായി ഭൂമി വിട്ടുകിട്ടുന്നതിന് തടസ്സം നേരിട്ടിരുന്നു. കൂടാതെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, റോഡ് പ്രവൃത്തികൾക്ക് തടസ്സമായി നിന്നിരുന്ന മരങ്ങൾ മുറിച്ചു കിട്ടുന്നതിനുണ്ടായ കാലതാമസം എന്നിവയും പ്രസ്തുത പ്രവൃത്തിക്ക് കാലതാമസം നേരിടുവാനുണ്ടായ കാരണങ്ങളാണ്. നിലവിൽ സ്ഥലലഭ്യത ഉറപ്പാക്കിയ സ്ഥലങ്ങളിൾ DBM വരെ പൂർത്തീകരിച്ചിട്ടുണ്ട്. തടസ്സങ്ങൾ നീക്കി ബാക്കി പ്രവൃത്തികൾ കൂടി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആദിക്കാട്ടുകുളങ്ങര–കുടശ്ശനാട് റോഡിന്റെയും ചങ്ങൻകുളങ്ങര–വാലുകുറ്റി റോഡിന്റെയും പുനരുദ്ധാരണം

30 (3159) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ആദിക്കാട്ടുകുളങ്ങര-കുടശ്ശനാട് റോഡിന്റെയും ചങ്ങൻകുളങ്ങര-വാലുകുറ്റി റോഡിന്റെയും പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കുടശ്ശനാട്-ആദിക്കാട്ടുകുളങ്ങര റോഡ് 2023-24 ശബരിമല ഉത്സവപാക്കേജിൽ ഉൾപ്പെടുത്തി ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിനായി 390 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായി ആയതിന്റെ എസ്റ്റിമേറ്റ് പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധനയിലാണ്. ആയതിന് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ചങ്ങൻകുളങ്ങര-വാലുകുറ്റി റോഡ് ബി.എം. & ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്.

കവിയൂർ-ചങ്ങനാശ്ശേരി റോഡ് നിർമ്മാണം

31 (3160)ശ്രീ. മാത്യൂ ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കവിയൂർ-ചങ്ങനാശ്ശേരി റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) പത്തനംതിട്ട ജില്ലയിലെ കിഫ്ബി പദ്ധതിയായ ചങ്ങനാശ്ശേരി കവിയൂർ റോഡ് പ്രവൃത്തിക്കായി 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 32.77 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി 29.54 കോടി രൂപയ്ക്ക് തെരുവത്ത് ബിൽഡേഴ്സ് ഏറ്റെടുക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രവൃത്തിയുടെ നിർവഹണത്തിൽ പുരോഗതിയില്ലാത്തതിനാൽ 23-06-2022-ൽ കരാർ റദ്ദ് ചെയ്തിട്ടുണ്ട്. ബാലൻസ് പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് DSR 2016 പ്രകാരം തയ്യാറാക്കി 01-02-2024-ലെ ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിച്ച് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ബാലൻസ് പ്രവൃത്തികൾക്ക് ടെൻഡർ ചെയ്യുന്ന സമയത്തെ DSOR നിരക്കിൽ തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ബാലൻസ് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രസ്തുത റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും.

റോഡുകളെപ്പറ്റി പൊതുജനങ്ങൾക്കുള്ള പരാതി അറിയിക്കാൻ സർക്കാർ മൊബൈൽ ആപ്പ്

32 (3161) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളെപ്പറ്റി പൊതുജനങ്ങൾക്കുള്ള പരാതി അറിയിക്കാൻ മൊബൈൽ ആപ്പ് നിർമ്മിച്ചിരുന്നോ; വിശദമാക്കുമോ?

പൊതുജനങ്ങൾ നേരിട്ട് പരാതിക്കാസ്പദമായ റോഡിന്റെയോ പാലത്തിന്റെയോ കെട്ടിടത്തിന്റെയോ അവസ്ഥ ഫോട്ടോയും വീഡിയോയും ഉൾപ്പെടെ അറിയിക്കാനായി 2021 ജൂൺ മാസം 7-ാം തീയതി PWD 4 U APP എന്ന മൊബൈൽ ആപ്പ് നിർമ്മിച്ച് Play store മുഖേന ലഭ്യമാക്കിയിട്ടുള്ളതാണ്.

(ബി) പ്രസ്തുത ആപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് മെയിന്റനൻസ് വിഭാഗവും കെ.എസ്.ടി.പി. പബ്ലിക് ഇൻഫർമേഷൻ സെൽ വിഭാഗവും ചേർന്ന് പ്രതിദിന പരാതികൾ പരിശോധിക്കുകയും പ്രസ്തുത പരാതികൾ കൃത്യമായി ഉദ്യോഗസ്ഥരിൽ എത്തുന്നുണ്ടോ എന്നും പരാതിക്കാരെ അതത് വകുപ്പിലെ ഉദ്യോഗസ്ഥർ ഫോണിൽ വിളിച്ചോ ആപ്പ് മുഖേനയോ, പരാതിയുടെ മേൽ എടുത്ത നടപടികളും അതിന്റെ പുരോഗതിയും നിരീക്ഷിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു.

(സി) പ്രസ്തുത ആപ്പിന്റെ പ്രവർത്തനം നിലച്ചു എന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അത് പ്രവർത്തനരഹിതമായതിന്റെ കാരണം വിശദമാക്കുമോ?

(സി&ഡി) പ്രതിദിനം പരാതികൾ ആപ്പിൽ രേഖപ്പെടുത്തി വരുന്നുണ്ട്. യാതൊരുവിധ തകരാറുകളും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മലമ്പുഴ മണ്ഡലത്തിലെ ആണ്ടിമഠം–കടുക്കാംകുന്ന് റോഡ്

33 (3162) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ സംസ്ഥാന ബജറ്റിൽ 3 കോടി രൂപ വകയിരുത്തി നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ ആണ്ടിമഠം-കടുക്കാംകുന്ന് റോഡ് നവീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

മലമ്പുഴ മണ്ഡലത്തിലെ ആണ്ടിമഠം-കടുക്കാംകുന്ന് റോഡ് നവീകരിക്കുന്നതിനായി Providing BM & BC to Andimadam-Kadakkamakunnam road from km0/000 to 2/060 എന്ന പ്രവൃത്തിക്ക് 300 ലക്ഷം രൂപയുടെ ഭരണാനുമതിയും അതേ തുകയ്ക്കുതന്നെ സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറുകയും ബി.എം. പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. ബി.സി. പ്രവൃത്തികൾ മഴക്കാലത്തിനുശേഷം പൂർത്തീകരിക്കാനാകും.

(ബി) നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ എത്ര ശതമാനം പണികൾ പൂർത്തിയായെന്നും ഈ പ്രവൃത്തി എന്നത്തേക്ക് പൂർണ്ണമായും പൂർത്തിയാക്കാൻ സാധിക്കുമെന്നും അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തി 75 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ 31-10-2024-നകം പൂർത്തീകരിക്കും.

റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകൾ

34 (3163) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പിലെ റോഡ് നിർമ്മാണം ഉൾപ്പെടെയുള്ള എല്ലാ നിർമ്മിതികളിലും ത്രിതല ഗുണനിലവാര പരിശോധനാ സംവിധാനം നിഷ്കർഷിച്ചിട്ടുണ്ട്. പ്രവൃത്തി നടത്തുന്നതിന് ഉപയോഗിക്കുന്ന മെറ്റീരിയൽസിന്റെയും പ്രവൃത്തി നടപ്പിലാക്കുന്നതിന്റെ ഗുണനിലവാരവും അളവുകളും സ്പെസിഫിക്കേഷൻ പ്രകാരമാണെന്ന് ഉറപ്പുവരുത്തിയാണ് പ്രവൃത്തി നടപ്പിലാക്കേണ്ടത്. ഉപയോഗിക്കുന്ന മെറ്റീരിയൽസിന്റെ ഗുണനിലവാരം, പ്രവൃത്തിക്കുവേണ്ടി ഉപയോഗിക്കുന്നതിന് മുൻപായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ഗുണനിലവാരത്തിലോ അളവുകളിലോ പോരായ്മകൾ

കണ്ടെത്തുന്ന പക്ഷം ജില്ലാതല ക്യൂ.സി. ലാബ് മുഖേന QC Manual നിഷ്കർഷിച്ച പ്രകാരമുള്ള ടെസ്റ്റുകൾ നടത്തിയാണ് ക്രമക്കേടുകളുണ്ടോ എന്ന് കണ്ടെത്തുന്നത്. കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള മൊബൈൽ ക്വാളിറ്റി ലാബ് സംവിധാനവും ഇതിനുവേണ്ടി ഉപയോഗിക്കുന്നുണ്ട്. റോഡുകളുടെ നിർമ്മാണത്തിന്റെ സാങ്കേതിക ഗുണമേന്മയും പ്രവൃത്തിയുടെ ഗുണനിലവാരവും പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ 3 ജില്ലകളിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും 11 ജില്ലകളിൽ ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനതലത്തിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിലും ജില്ലാതലത്തിൽ ജില്ലാ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. നിർമ്മാണത്തിലെ ക്രമക്കേട് കണ്ടെത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം, ചീഫ് ടെക്നിക്കൽ എക്സാമിനർ, വിജിലൻസ് വകുപ്പ് എന്നീ ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി വരുന്നുണ്ട്. ഇതുകൂടാതെ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ പരാതി പരിഹാര സെൽ, PWD 4 U ആപ്പ് തുടങ്ങിയ സംവിധാനങ്ങളും നിലവിലുണ്ട്. ഇതോടൊപ്പംതന്നെ Internal Audit, AG Audit, Performance study reporting എന്നിവയുമുണ്ട്.

(ബി) നിർമ്മാണം പൂർത്തിയാക്കി മാസങ്ങൾക്കകം റോഡുകളിൽ കുഴികൾ രൂപപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ?

നിർമ്മാണം പൂർത്തിയാക്കി മാസങ്ങൾക്കകം റോഡ് തകർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ റോഡ് നിർമ്മാണം കഴിഞ്ഞ ഉടനെ പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടും വിവിധ യൂട്ടിലിറ്റി ഏജൻസികളുടെ റോഡ് കട്ടിംഗുമായി ബന്ധപ്പെട്ടും റോഡിൽ കേടുപാടുകൾ സംഭവിച്ച് കുഴികൾ രൂപപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് അതത് ഏജൻസിയുടെ ചെലവിൽത്തന്നെ അറ്റകുറ്റപ്പണി ചെയ്ത് റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കരാറുകാരന്റെ ബാധ്യതാ കാലയളവിൽ കേടുപാടുകൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് നിലവിലെ കരാറുകാരന്റെ ചിലവിൽതന്നെ പരിഹരിക്കുന്നുണ്ട്.

(സി) റോഡ് നിർമ്മാണത്തിൽ ആവശ്യമായ അളവിൽ ടാർ ഉപയോഗിക്കാത്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ?

പ്രവൃത്തി പുരോഗമിക്കവെ ത്രിതല ഗുണനിലവാര പരിശോധന സംവിധാനത്തിൽ ടാറിന്റെ അളവ് സംബന്ധിച്ച് പരിശോധന നടത്തുന്നുണ്ട്.

ഇത്തരം പരിശോധനയിൽ ടാറിന്റെ അളവിൽ കുറവ് രേഖപ്പെടുത്തിയാൽ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകളും അപാകതകളും നിയന്ത്രിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകളും അപാകതകളും നിയന്ത്രിക്കുന്നതിന് നിലവിൽ പൊതുമരാമത്ത് വകുപ്പിൽ കാര്യക്ഷമമായ വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും ഗുണനിലവാരം പരിശോധിക്കുന്നതിനായി പി.ഡബ്ല്യു.ഡി.-ക്ക് ക്വാളിറ്റി കൺട്രോൾ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. Chief Technical Examiner പരിശോധന നടത്തി ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ rectification നടത്തുകയോ ശിക്ഷാ നടപടികളുടെ ഭാഗമായി കോൺട്രാക്ടറുടെ ബില്ലിൽനിന്നും റിക്കവറി ചെയ്യുകയോ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇവയ്ക്കെല്ലാമുപരി Inspection team-നെയും നിയോഗിച്ചിട്ടുണ്ട്. Running Contract, Pre monsoon പ്രവൃത്തികൾ എന്നിവയുടെ Inspection-നുവേണ്ടി IAS ഉദ്യോഗസ്ഥരുടെയും ചീഫ് എഞ്ചിനീയർമാരുടെയും നേതൃത്വത്തിൽ Inspection

Team-നെ നിയോഗിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ യഥാസമയം ഇൻസ്പെക്ഷൻ നടത്തി പ്രവൃത്തി വിശകലനം ചെയ്തുവരുന്നു.

റോഡുകളിലെ മഴക്കാലപൂർവ്വ ശുചീകരണം

35 (3164 ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പ്രധാന റോഡുകളിലെ ഓടകൾ വൃത്തിയാക്കുന്ന ചുമതല പൊതുമരാമത്ത് വകുപ്പിനാണോ?

പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഓടകൾ വൃത്തിയാക്കുന്ന ചുമതലയാണ് വകുപ്പിനുള്ളത്.

(ബി) ഓടകൾ വൃത്തിയാക്കുന്ന കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഇടപെടൽ ഫലപ്രദമായിരുന്നില്ലെന്നും മഴക്കാലത്തിന് മുൻപായി ഇവ പൂർത്തീകരിക്കാൻ വകുപ്പിന് കഴിഞ്ഞിട്ടില്ലെന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഓടകൾ വൃത്തിയാക്കുന്ന ജോലി പ്രീമൺസൂൺ പ്രവൃത്തികൾ/റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ മുഖേന കാര്യക്ഷമമായിതന്നെ നടപ്പിൽവരുത്താൻ സാധിച്ചിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ റണ്ണിംഗ് കോൺട്രാക്ടിൽ

ഉൾപ്പെടുത്തിയും നിലവിലുള്ള പ്രവൃത്തികളിൽ ഉൾപ്പെടുത്തിയും ഓട വൃത്തിയാക്കുന്ന പ്രവൃത്തി നടത്തിയിട്ടുണ്ട്.

(സി) മഴക്കാലപൂർവ്വ ശുചീകരണങ്ങളുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് സാധാരണയായി പൊതുമരാമത്ത് വകുപ്പ് നിർവ്വഹിക്കാറുള്ളത്?

നിരത്ത് വിഭാഗം /നിരത്ത് പരിപാലന വിഭാഗം

മഴക്കാല പൂർവ്വ ശുചീകരണങ്ങളുടെ ഭാഗമായി Pre monsoon works, Running Contract എന്നീ പ്രവൃത്തികളിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന ഇനങ്ങൾ നടപ്പിലാക്കിവരുന്നു.

a. കാനകൾ, ഓടകൾ എന്നിവയിലെ മാലിന്യങ്ങൾ നീക്കി നീരൊഴുക്ക് സുഗമമാക്കുക.

b. അപകടാവസ്ഥയിലുള്ള മരങ്ങൾ /ചില്ലകൾ മുറിച്ചുമാറ്റുക.

c. അപകട സാധ്യതയുള്ള മേഖലകളിലുള്ള കാനകൾ/ഓടകൾ തുടങ്ങിയവയുടെ മൂടികൾ സ്ഥാപിക്കുക, ഓടകളുടെ അറ്റകുറ്റപ്പണി എന്നിവ.

d. അപകട സാധ്യതയുള്ള കുഴികൾ മൂടുക.

e. റോഡിന്റെ വശങ്ങളിൽ അടിഞ്ഞു കൂടി കിടക്കുന്ന മണ്ണ് നീക്കം ചെയ്ത് പ്രതലത്തിലെ വെള്ളം സുഗമമായി ഓടയിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.

f. റോഡിന്റെ വശങ്ങളിലെ കാടുകളും മറ്റ് കുറ്റിച്ചെടികളും നീക്കം ചെയ്ത് വാഹനഗതാഗതത്തിന് വേണ്ടുന്ന Sight Distance ഉറപ്പാക്കി അപകട വിമുക്തമാക്കുക.

കെട്ടിട വിഭാഗം

മഴക്കാല പൂർവ്വ ശുചീകരണങ്ങളുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ അസെറ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലെ കാടുകൾ വൃത്തിയാക്കുകയും കെട്ടിടങ്ങളുടെ ടെറസുകളും റൂഫുകളും വൃത്തിയാക്കുകയും കൂടാതെ കെട്ടിടങ്ങളുടെ ചോർച്ച മാറ്റുന്നതിനും സമീപത്തുള്ള ഓടകൾ വൃത്തിയാക്കുന്നതുമായ പ്രവർത്തനങ്ങൾ, റണ്ണിംഗ് മെയിന്റനൻസ് കോൺട്രാക്ട് പ്രവൃത്തികളിലുൾപ്പെടുത്തി അപകടകരമായി നിൽക്കുന്ന മരങ്ങളുടെ ശിഖരങ്ങൾ മുറിക്കൽ, മേൽക്കൂര ശുചീകരണം, കോമ്പൗണ്ടിനുള്ളിലെ ഓട വൃത്തിയാക്കൽ, പരിസരം വൃത്തിയാക്കൽ എന്നീ പ്രവൃത്തികൾ നടത്തിവരുന്നുണ്ട്.

(ഡി) നാഷണൽ ഹൈവേ നിർമ്മാണത്തിന്റെ ഭാഗമായുള്ള ഓടകളുടെ നിർമ്മാണം അശാസ്ത്രീയമാണെന്നും ഇതുമൂലം മഴക്കാലത്ത് പല മേഖലകളിലും വെള്ളക്കെട്ടുകൾ രൂപപ്പെടുന്നതായും ഉള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കുന്നതിനായി എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്നറിയിക്കാമോ?

ദേശീയപാത അതോറിറ്റിയുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവൃത്തികളിൽ ലഭിക്കുന്ന പരാതികൾ യഥാസമയം NHAI-യ്ക്ക് കൈമാറുകയും പരാതി സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തത വരുത്തുകയും ചെയ്യുന്നുണ്ട്. റോഡ് സുരക്ഷിതമാക്കുന്നതിനും ഗതാഗതം സുഗമമാക്കുന്നതിനും ആവശ്യമായ കാര്യങ്ങൾ യഥാസമയം ചെയ്യുന്നതിന് NHAI-യ്ക്ക് നിർദേശങ്ങൾ നൽകാറുണ്ട്.

വിവിധ റോഡുകളുടെ നവീകരണം

36 (3165) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിട്ടി താലൂക്ക് ആസ്ഥാനവുമായി വിവിധ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മാടത്തിൽ-എടൂർ-കീഴ്പ്പള്ളി-ആറളം ഫാം-കാക്കയങ്ങാട്, ഇരിട്ടി-ഉളിക്കൽ-മാട്ടറ എന്നീ റോഡുകൾ നവീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

മാടത്തിൽ-എട്ടൂർ-കീഴ്പ്പള്ളി-ആറളം ഫാം-കാക്കയങ്ങാട് റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അസറ്റ് രജിസ്റ്റർ പ്രകാരം മാടത്തിൽ-കീഴ്പ്പള്ളി, പാലപ്പുഴ-കീഴ്പ്പള്ളി, കാക്കയങ്ങാട് - ഓടന്തോട് എന്നീ മൂന്നു റോഡുകളാണ്. ഇതിൽ മാടത്തിൽ-കീഴ്പ്പള്ളി വരെ 12 കി.മീ. ദൈർഘ്യം വരുന്ന റോഡാണ്. ഈ റോഡ് 2012-13 വർഷങ്ങളിൽ ദേശീയപാത വിഭാഗം ഏറ്റെടുക്കുകയും സി.ആർ.എഫ്. ഫണ്ടിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തി നടത്തുകയും ചെയ്തിട്ടുണ്ട്. പാലപ്പുഴ-കീഴ്പ്പള്ളി റോഡിന്റെ നീളം 9.78 കിലോമീറ്ററും, കാക്കയങ്ങാട്-ഓടന്തോട് റോഡിന്റെ നീളം 3.2 കിലോമീറ്ററുമാണുള്ളത്. മൂന്ന് റോഡുകളുടെയും ആകെ നീളം 24.98 കിലോമീറ്ററാണ്. ഈ റോഡുകൾ പുനരുദ്ധരിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

ഇരിട്ടി - ഉളിക്കൽ - മാട്ടറ റോഡ് കി.മീ. 0/000 മുതൽ കി.മി. 10/250 വരെ 5.5 മീറ്റർ വീതിയിൽ ബി.എം. & ബി.സി. നിലവാരത്തിൽ നവീകരിച്ചിട്ടുള്ളതാണ്. കി.മീ. 10/250 മുതൽ കി.മീ. 17/760 വരെയുള്ള റോഡ് എം.എസ്.എസ്. പ്രതലം ഉള്ളതാണ്. വട്ടിയംതോട് ജംഗ്ഷൻ മുതൽ മാട്ടറ വരെ

2.400 കി.മീ. (Ch.10/250 മുതൽ 12/650 വരെ) ബി.എം. & ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിന് 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

മലമ്പുഴ മണ്ഡലത്തിലെ മുട്ടിക്കുളങ്ങര-കമ്പ-കിണാവല്ലൂർ റോഡ് പ്രവൃത്തി

37 (3166) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ നാല് കോടി രൂപ വകയിരുത്തി നടപ്പിലാക്കുന്ന മുട്ടിക്കുളങ്ങര-കമ്പ-കിണാവല്ലൂർ റോഡ് നവീകരണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

മലമ്പുഴ മണ്ഡലത്തിലെ മുട്ടിക്കുളങ്ങര-കമ്പ-കിണാവല്ലൂർ റോഡ് നവീകരിക്കുന്നതിനായി Providing BM and BC to Muttikulangara Kamba Kinavallur road km 0/000 to 3/200 എന്ന പ്രവൃത്തിക്ക് 450 ലക്ഷം രൂപയുടെ ഭരണാനുമതിയും അതേ തുകയ്ക്കുതന്നെ സാങ്കേതികാനുമതിയും ലഭ്യമാക്കുകയും പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറുകയും ചെയ്തു. ടി പ്രവൃത്തിയുടെ culvert, drainage and side protection work പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ

പുരോഗമിച്ചുകൊണ്ടിരിക്കുന്ന Widening & Restoration പ്രവൃത്തികൾ തീരുന്നമുറക്ക് ടാറിംഗ് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കും.

(ബി) നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ എത്ര ശതമാനം ജോലികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും അറിയിക്കാമോ?

നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ 40 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട് ബാക്കി പ്രവൃത്തികൾ 31-2-2024-നകം പൂർത്തീകരിക്കാൻ സാധിക്കും.

അമല സമാന്തര ROB-യ്ക്കുവേണ്ടി സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച്

38 (3167) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ അടാട്ടു പഞ്ചായത്തിലെ അമല റെയിൽവെ മേൽപാലത്തിന് സമാന്തരമായി പുതുതായി നിർമ്മിക്കുന്ന അമല സമാന്തര ROB-യ്ക്കുവേണ്ടി സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

തൃശ്ശൂർ-കുറ്റിപ്പുറം സംസ്ഥാന പാതയിൽ നിലവിലുള്ള അമല റെയിൽവെ മേൽപ്പാലത്തിന് സമാന്തരമായി കിഫ്ബിയുടെ ധനസഹായത്തോടെ പുതിയ

രണ്ടുവരി പാലം നിർമ്മിക്കുന്നതിന് 16-08-2023-ലെ സ.ഉ. (സാധാ)നം.1109/2023/പി.ഡബ്ല്യു.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ അമല ആർ.ഒ.ബി.-യുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി 25-08-2023-ന് M/s Rites-നെ ചുമതലപ്പെടുത്തി. ആർ.ഒ.ബി.-യുടെ അലൈൻമെന്റും General Arrangement Drawing (GAD)-ഉം തയ്യാറാക്കി 20-02-2024-ന് റെയിൽവേയിൽ സമർപ്പിച്ചിട്ടുള്ളതും 30-05-2024-ന് റെയിൽവെയുമായുള്ള സംയുക്ത പരിശോധന നടത്തിയിട്ടുള്ളതുമാണ്. റെയിൽവേയിൽനിന്നും അലൈൻമെന്റിനും GAD-ക്കും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

പൊന്നരുക്കിപ്പാറ-കാരക്കുണ്ട്-മഠംതട്ട് റോഡിന്റെ നിർമ്മാണ പുരോഗതി

39 (3168) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ (സി.ആർ.ഐ.എഫ്.) ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി, തളിപ്പറമ്പ് മണ്ഡലത്തിലൂടെ

കടന്നുപോകുന്ന പൊന്നുരുക്കിപ്പാറ-കാരക്കുണ്ട്-മഠംതട്ട് റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

സി.ആർ.ഐ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന പൊന്നുരുക്കിപ്പാറ -കാരക്കുണ്ട്- മഠം തട്ട് റോഡ് നിർമ്മാണം നിലവിൽ 74 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

2024 ജൂലൈയിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ

40 (3169) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ഈ സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ എത്ര റോഡുകൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ

ഒറ്റത്തവണ നവീകരണത്തിന് പണം അനുവദിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകളുടെ ഒറ്റത്തവണ നവീകരണത്തിന് പണം അനുവദിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു.

വൈപ്പിൻ പള്ളിപ്പുറം പാരലൽ റോഡ്

41 (3170) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ വൈപ്പിൻ പള്ളിപ്പുറം പാരലൽ റോഡിലെ ചെയിനേജ് 0 മുതൽ 11 വരെയുള്ള പ്രവൃത്തിക്ക് ഭരണാനുമതി നൽകിയത് എന്നാണെന്നും തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) വൈപ്പിൻ മണ്ഡലത്തിലെ വൈപ്പിൻ പള്ളിപ്പുറം പാരലൽ റോഡിലെ ചെയിനേജ് 0/000 മുതൽ 11/000 വരെയുള്ള പ്രവൃത്തിക്ക് 06-11-2020-ൽ 10 കോടി രൂപയ്ക്ക് ഭരണാനുമതിയും അതേ തുകയ്ക്കുതന്നെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. M/s Deens Constructions എന്ന കമ്പനിക്ക് കരാർ നൽകി. കരാർ പ്രകാരം 15-05-2022 വരെയാണ് time of completion നിശ്ചയിച്ചിരുന്നത്. പിന്നീട് 31-03-2023 വരെ പൂർത്തീകരണ കാലാവധി നീട്ടി അനുവദിച്ച് നൽകിയിട്ടും മതിയായ progress പ്രവൃത്തിയിൽ ഉണ്ടാകാത്തതിനെ തുടർന്ന് കരാറുകാരനെ പ്രവൃത്തിയിൽനിന്ന് നഷ്ടോത്തരവാദിത്തത്തിൽ എഗ്രിമെന്റ് അതോറിറ്റി ടെർമിനേറ്റ് ചെയ്യുകയും ചെയ്തു. തുടർന്ന് ബാലൻസ് ഷെഡ്യൂൾ പ്രകാരം പ്രവൃത്തി റീടെൻഡർ ചെയ്യുകയും മനു ജെ. നായർ എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തു. 04-11-2023-ൽ സൈറ്റ് കരാറുകാരന് കൈമാറി. കരാർ പ്രകാരം 03-07-2024 വരെ time of completion അനുവദിക്കപ്പെട്ടിട്ടുണ്ട്. ബാലൻസ് പ്രവൃത്തി ഏർപ്പാട് ചെയ്യുന്നതിനിടയിൽ അവസാനിപ്പിച്ച പ്രവൃത്തിയിൽ ഉൾപ്പെടുത്തി ചെയ്ത wet mix macadam surfacing-ൽ വാഹന ഗതാഗതംമൂലം undulation സംഭവിച്ചതിനാൽ ബാലൻസ് പ്രവൃത്തിക്ക് വീണ്ടും 1 layer WMM കൂടി ചെയ്യേണ്ടതായിവന്നു. മാത്രമല്ല

ഈ പ്രവൃത്തിയിലെ 08/166 മുതൽ 10/500 വരെ കടലിനോട് ചേർന്നുകിടക്കുന്ന ഭാഗം കടൽ നിരപ്പിലുള്ള പ്രദേശമായതിനാലും കടൽഭിത്തി ഇല്ലാത്തതിനാലും ഇടവിട്ട് ഇടവിട്ട് കടൽ കയറുന്നതിനാൽ 2 മീറ്റർ മുതൽ 3 മീറ്റർ വരെ ഉയരത്തിൽ മണൽ അടിഞ്ഞുകൂടിയിട്ടുണ്ട്. വീണ്ടും മണൽ അടിഞ്ഞുകൂടാൻ സാധ്യതയുള്ളതിനാൽ ഈ റോഡ് ഭാഗം ചെയ്യുവാൻ കരാറുകാരൻ തയ്യാറല്ല. മാത്രമല്ല ഈ ഭാഗം പരിശോധിച്ചതിൽ നിന്നും നിലവിലെ estimate provision അനുസരിച്ച് പ്രവൃത്തി നടപ്പിലാക്കിയാൽ ആയത് നിലനിൽക്കുന്നതല്ല എന്ന് ബോധ്യപ്പെടുകയും ആയത് പരിശോധിച്ച് വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ 0/000 മുതൽ 08/166 വരെയും ബാലൻസ് പ്രവൃത്തിയുടെ ഭാഗമായി wetmix-ന്റെ ഒരു layer-ഉം Ch.3/140 മുതൽ 3/340 ഒഴികെയുള്ള ഭാഗത്ത് BM-ഉം ചെയ്തിട്ടുണ്ട്. 10/500 മുതൽ 11/000 വരെയുള്ള ഭാഗത്ത് ആവശ്യമുള്ള സ്ഥലങ്ങളിൽ ഓടയും കലുങ്കും നിർമ്മിച്ചിട്ടുണ്ട്. കോൺക്രീറ്റ് റോഡ് വരുന്ന Ch.3/140 മുതൽ 3/340 വരെയുള്ള ഭാഗത്തെ concrete surfacing -ഉം 10/500 മുതൽ 11/000 വരെയുള്ള BM work-ഉം ബാക്കി ഭാഗങ്ങളിലെ BC work-ഉം ചെയ്യാനുണ്ട്. മുകളിൽ പ്രതിപാദിച്ചിട്ടുള്ള ch.8/166 മുതൽ 10/500 വരെ ഒരു ഭാഗം ഒഴിവാക്കേണ്ടതുള്ളതിനാലും ബാക്കി ഭാഗത്തുള്ള പ്രവൃത്തിയിൽ മാറ്റം

അനിവാര്യമായി വന്നതിനാലും ആയതിലേയ്ക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനിടയിൽ ഉണ്ടായ അപ്രതീക്ഷിത മഴയും കരാറുകാരന്റെ ഭാഗത്തുനിന്നും സമയബന്ധിതമായി പ്രവൃത്തിയിൽ പുരോഗതി കൈവരിക്കുന്നതിലുണ്ടായ വീഴ്ചയും പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചു. പ്രവൃത്തിയിൽ വേണ്ടത്ര പുരോഗതി കൈവരിക്കുന്നത് സംബന്ധിച്ച് കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത റോഡിന്റെ എടവനക്കാട് ഗ്രാമപഞ്ചായത്തിലെ അണിയിൽ, പഴങ്ങനാട് പ്രദേശങ്ങൾ ഉൾപ്പെടുന്ന രണ്ടര കിലോ മീറ്റർ ഭാഗത്ത് റോഡ് നിർമ്മാണം അസാധ്യമാണെന്ന റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കുമോ?

വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിന്റെ 08/166 മുതൽ 10/500 വരെയുള്ള ഭാഗം ഒഴിവാക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഈ ഭാഗത്ത് മതിയായ കടൽ ഭിത്തി നിർമ്മിക്കുന്നതിന് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് കത്ത് നൽകിയിട്ടുണ്ട്. Ch.8/166 മുതൽ 10/500 വരെയുള്ള ഭാഗം സാങ്കേതികമായി ഡിസൈൻ ചെയ്ത്

നിർമ്മിച്ചാൽ മാത്രമേ റോഡ് നിലനിൽക്കുകയുള്ളൂ. PWD Design Wing വഴി Design ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത റോഡിന്റെ എടവനക്കാട് ഗ്രാമപഞ്ചായത്തിലെ അണിയിൽ, പഴങ്ങനാട് പ്രദേശങ്ങൾ ഉൾപ്പെടുന്ന രണ്ടര കിലോ മീറ്റർ ദൂരത്തെ റോഡ് നിർമ്മാണം തീരദേശ ഹൈവേയുടെ അലൈൻമെന്റിൽ ഉൾപ്പെട്ടിട്ടുള്ളതും കിഫ്ബിയിൽ നിന്ന് തുടർ അനുമതികൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതുമാണ്.

കണ്ണൂർ വിമാനത്താവളം-മാനന്തവാടി റോഡ്

42 (3171) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളം-മാനന്തവാടി റോഡിന്റെ അലൈൻമെന്റ് പൂർണ്ണമായും നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത അലൈൻമെന്റ് സംബന്ധിച്ച് ലഭിച്ച പരാതികൾക്ക് പരിഹാര നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

എയർപോർട്ട് കണക്റ്റിവിറ്റി റോഡ് 3-മാനന്തവാടി ബോയ്സ് ടൗൺ പേരാവൂർ ശിവപുരം മട്ടന്നൂർ റോഡ് പ്രവൃത്തിക്ക് 30-10-2017-ൽ തത്വത്തിൽ ഭരണാനുമതിയും 25-04-2023-ൽ കിഫ്ബിയിൽനിന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള

964.72 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ അലൈൻമെന്റ് പൂർണ്ണമായും നിശ്ചയിച്ചിട്ടുണ്ട്. പരാതികൾ ലഭിക്കുന്ന മുറയ്ക്ക് സ്ഥല പരിശോധന നടത്തുകയും പരിഹരിക്കാവുന്ന പരാതികൾക്ക് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുള്ളതും, പരാതിക്കാർക്ക് കൃത്യമായ മറുപടികൾ നല്കുകയും ചെയ്യുന്നുണ്ട്.

(ബി) പ്രസ്തുത റോഡിനുള്ള സ്ഥലമെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇല്ലെങ്കിൽ സ്ഥലമെടുപ്പ് നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

റോഡിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ ഫോം അടങ്ങുന്ന അപേക്ഷ 07-07-2022-ന് ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. 01-10-2022-ൽ 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയതിനെ തുടർന്ന് റവന്യൂ വിഭാഗവുമായി സംയുക്ത പരിശോധന ആരംഭിച്ചു. സംയുക്ത പരിശോധന 2024 ജൂൺ രണ്ടാം വാരത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. 4(1) നോട്ടിഫിക്കേഷന് മുന്നോടിയായുള്ള രേഖകൾ റവന്യൂ ഡിപ്പാർട്ട്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. 2024 ജൂൺ അവസാന വാരത്തോടെ 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുന്നതാണെന്ന റവന്യൂ ഡിപ്പാർട്ട്മെന്റ് അറിയിച്ചിട്ടുണ്ട്.

മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ബസാർ റോഡ്
ബി. സി. ഓവർലേ പ്രവൃത്തി

43 (3172) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 21-03-2023-ലെ സ.ഉ.(ആർ.ടി.) നം.332/2023/പൊ.മ.വ. പ്രകാരം എൺപത് ലക്ഷം രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ബസാർ റോഡ് ബി.സി. ഓവർലേയും ഡ്രെയിനേജ് സംവിധാനവും എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ബസാർ റോഡ് ബി.സി. ഓവർലേയും ഡ്രൈനേജ് സംവിധാനവും എന്ന പ്രവൃത്തി 23/02/2024-ന് പൂർത്തീകരിച്ചിട്ടുണ്ട്.

കുഴികളിൽ വീണ് അപകടങ്ങൾ ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് നടപടി

44 (3173) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:

ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളുടെ നവീകരണ പ്രവൃത്തികൾക്കായി എടുക്കുന്ന കുഴികളിൽ വീണ് ആളുകൾക്ക് അപകടങ്ങളുണ്ടാകുന്നത് വിശദ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ മേൽനോട്ട സംവിധാനങ്ങളുടെ നിരുത്തരവാദിത്വവും അനാസ്ഥയും കൊണ്ടാണ് ഇത്തരം അപകടങ്ങൾ ഉണ്ടാകുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരത്തും എടത്വയിലുമടക്കം പല സ്ഥലങ്ങളിലും നിരവധിപേർ റോഡുകളിലെ കുഴികളിൽ വീണ് മരണമടഞ്ഞ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

(എ-സി) പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാ പ്രവർത്തനങ്ങളെക്കുറിച്ച് കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പാക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ചീഫ് എഞ്ചിനീയർ നിരത്തുവിഭാഗം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് 05-11-2019-ലെ കത്ത് നമ്പർ GL(Tech)

/CE/R&B/ RSW/2018/-III മുഖാന്തരം നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുമ്പോൾ സ്ഥാപിക്കേണ്ട Road markings, Road Signs, Direction Board, Traffic Safety Barrier എന്നിവ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ മേൽ കത്തിലെ സർക്കുലറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിർമ്മാണ പ്രവൃത്തികളിൽ ഏർപ്പെടുന്ന കരാറുകാർക്ക് Standard bid document-ൽ ഇത് സംബന്ധിച്ച നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

കുന്നംകാട് റോഡ്-കൊന്നക്കൽ കടവ് റോഡ്

45 (3174) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി പഞ്ചായത്തിലെ നബാർഡ്-ആർ.ഐ.ഡി.എഫ്. XXIX പദ്ധതിയിൽ നിർമ്മാണത്തിലുള്ള കുന്നംകാട് റോഡ്-കൊന്നക്കൽ കടവ് റോഡ് (0/000-6/000) പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

കുന്നംകാട് കൊന്നൽകടവ് റോഡ് (0/000 to 6/000) എന്ന പ്രവൃത്തി നബാർഡ് ധനസഹായത്തോടെ 500 ലക്ഷം രൂപയുടെ ഭരണാനുമതിയും അതേ തുകയ്ക്കുതന്നെ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തി സ്ഥലം കരാറുകാരന്

കൈമാറുകയും ചെയ്തു. BM&BC പൂർത്തീകരിച്ച പ്രസ്തുത പ്രവൃത്തിയുടെ Line Marking, Road Furniture, ഏതാനും പാരപ്പെറ്റുകൾ എന്നിവ പൂർത്തിയാക്കാനുള്ളവയിൽ പാരപ്പറ്റ് പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തി 31-08-2024-ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മാവൂർ എൻ.ഐ.ടി.- കൊടുവള്ളി റോഡിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി

46 (3175) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണാനുമതി ലഭിച്ചിട്ടുള്ള മാവൂർ എൻ.ഐ.ടി. കൊടുവള്ളി റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

മാവൂർ എൻ.ഐ.ടി.-കൊടുവള്ളി റോഡ് പ്രവൃത്തിക്ക് 25 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 15-02-2020-ൽ ഭൂമി ഏറ്റെടുക്കുന്നതിനായി 7 കോടി രൂപ ഉൾപ്പെടെ 52.20 കോടി രൂപയുടെ സാമ്പത്തികാനുമതിയും

കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. നിലവിൽ പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. 01-08-2022-ലെ GO (Rt) No.3263/2022/RD പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള റവന്യൂ (ബി) ഓർഡർ ലഭിച്ചിട്ടുണ്ട്. അതിലേയ്ക്കുള്ള കണ്ടിജൻസി ചാർജിനത്തിൽ 13,53,377/- രൂപ 26-06-2023-ൽ കിഫ്ബിയിൽ നിന്നും നൽകിയത് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 17-01-2024-ൽ പൂർത്തീകരിച്ചു. റവന്യൂ അധികൃതരുമായുള്ള സംയുക്ത പരിശോധനക്ക് ശേഷം റവന്യൂ സർവേ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) 90 ശതമാനം ഭൂമി മുൻകൂർ ലഭ്യമായ സാഹചര്യത്തിൽ പ്രവൃത്തി ടെൻഡർ ചെയ്യുന്നതിന് കെ.ആർ.എഫ്.ബി.-ക്ക് തടസ്സമായി നിൽക്കുന്ന വിഷയം എന്താണെന്ന് വിശദമാക്കാമോ?

ലാൻഡ് അക്വിസിഷൻ നടപടികൾ നടന്നുവരുന്ന സാഹചര്യത്തിൽ പ്രസ്തുത റോഡിൽ അഡ്വാൻസ് പൊസ്സെഷൻ മുഖാന്തരം സ്ഥലം ലഭ്യമാക്കി പ്രവൃത്തി ആരംഭിച്ചാൽ, പ്രസ്തുത റോഡിലെ മുറിച്ചുമാറ്റേണ്ട മരങ്ങളും പൊളിച്ചുമാറ്റേണ്ട കോമ്പൗണ്ട് മതിലുകളും ഉൾപ്പെടെയുള്ള ചമയങ്ങളുടെ വിലനിർണ്ണയത്തിന് തടസ്സമാകാൻ സാധ്യതയുള്ളതിനാൽ അഡ്വാൻസ്

പൊസ്സെഷൻ എടുത്ത് പ്രവൃത്തി ടെൻഡർ ചെയ്യുകയും ചമയങ്ങൾ നീക്കം ചെയ്യുകയും ചെയ്യുന്നതിന് ഈ ഘട്ടത്തിൽ തടസങ്ങളുണ്ടാകുന്നതാണ്. അതിനാൽ ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തീകരണ ഘട്ടത്തിൽ എത്തിയെങ്കിൽ മാത്രമേ പ്രവൃത്തിയുടെ ടെൻഡർ നടപടികളിലേക്ക് കടക്കാൻ സാധിക്കുകയുള്ളൂ.

(സി) കെ.ആർ.എഫ്.ബി.-ക്ക് കൈമാറിയ പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മാവൂർ NIT കൊടുവള്ളി റോഡിൽ 2021-നും 2023-നും ഇടയിൽ 27 ലക്ഷം രൂപയുടെ മെയിന്റനൻസ് പ്രവൃത്തികൾ KRFB-PMU മുഖേന നടത്തിയിട്ടുണ്ട്. പ്രസ്തുത റോഡിൽ മാവൂരിനും കട്ടാങ്കലിനും ഇടയിൽ കൂടുതൽ കേടുപാടുകൾ വരുന്ന ഭാഗത്ത് MSS ഓവർലേ ചെയ്യുന്നതിന് 80 ലക്ഷം രൂപയുടെ റെക്ടിഫിക്കേഷൻ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് കിഫ്ബിയോട് അധികഫണ്ട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അറ്റകുറ്റ പണികൾക്കായി കിഫ്ബിയിൽ നിന്നും അധിക ഫണ്ട് ലഭ്യമായിട്ടില്ല. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത റോഡിലെ അടിയന്തര അറ്റകുറ്റ പണികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

തൊടുപുഴ മാരിയിൽ കല്വങ്ക് പാലം അപ്രോച്ച് റോഡ്

47 (3176) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മാരിയിൽ കല്വങ്ക് പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി നൽകുന്ന നടപടി ഏത് ഘട്ടംവരെയായി;

(ബി) പ്രസ്തുത അപ്രോച്ച് റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) തൊടുപുഴ മാരിയിൽ കല്വങ്ക് പാലത്തിന്റെ നിർമ്മാണത്തിനായി 5.50 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 01-06-2013-ൽ കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും പാലത്തിന്റെ നിർമ്മാണം 16-06-2017-ൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പാലത്തിന്റെ ഇരു കരയിലുമുള്ള അപ്രോച്ച് റോഡുകൾക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ 27-09-2022-ൽ പൂർത്തീകരിച്ച് റവന്യൂ വകുപ്പിൽനിന്നും പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതിക്കായുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് 18-02-2023-ൽ ചീഫ് എഞ്ചിനീയർ

സമർപ്പിച്ചതിനെത്തുടർന്ന് ധനകാര്യ വിഭാഗത്തിന്റെ ചീഫ് ടെക്നിക്കൽ എക്സാമിനർ സ്ഥലം സന്ദർശിക്കുകയും വേണ്ട കൂട്ടിച്ചേർക്കലുകൾ വരുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയുമുണ്ടായി. അതിൻപ്രകാരം വേണ്ട മാറ്റങ്ങൾ വരുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് 26-03-2024-ൽ വിണ്ടും സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളത് നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലാണ്.

കാട്ടാക്കട നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ ദൈർഘ്യം

48 (3177) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ ആകെ ദൈർഘ്യമെത്രയെന്ന് അറിയിക്കാമോ; ഓരോ റോഡിന്റെയും പേരു വിവരവും അവയുടെ ദൈർഘ്യവും പ്രത്യേകം ലഭ്യമാക്കാമോ?

നിരത്ത് വിഭാഗത്തിന് കീഴിലുള്ള റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ ദേശീയപാതാ വിഭാഗത്തിന് കീഴിൽ പ്രാവച്ചമ്പലം-കൊടിനട റോഡ് (5 കി.മീ) ഉണ്ട്. അവ കൂടാതെ കാട്ടാക്കട മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തിൽ നടപ്പിലാക്കുന്ന കെ.ആർ.എഫ്.ബി.-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പി.എം.യു. റോഡുകളുടെ ആകെ നീളം 18.14 കി.മീ ആണ്. റോഡുകളുടെ പേരും വിവരവും ചുവടെ ചേർക്കുന്നു.

1. പൊട്ടൻകാവ്-നെല്ലിക്കാട് - ചീനിവിള-തിരളിക്കുഴി - കണ്ടല – ഊന്നാംപാറ റോഡ് - ആകെ 5.5 കിലോമീറ്റർ

   നെല്ലിക്കാട് - ചീനിവിള-2.070 കിലോമീറ്റർ

   തിരളിക്കുഴി - കണ്ടല-1.400 കിലോമീറ്റർ

   പൊട്ടൻകാവ്-ഊന്നാംപാറ-2.008 കിലോമീറ്റർ

2. കിള്ളി - ഇ.എം.എസ്. അക്കാദമി റോഡ് - ആകെ 7.95 കി.മീ.

   കിള്ളി – മൂങ്ങോട് - 4.67 കി.മീ

   മേച്ചിറ -പുട്ടുമേൽക്കോണം - 3.28 കി.മീ

3. ചൊവ്വള്ളൂർ-മൈലാടി-നെടുംകുഴി-സി.എ.റ്റി. കോളേജ് റോഡ്– ആകെ 4.68 കി.മീ.

   മൈലാടി - ചൊവ്വള്ളൂർ റോഡ് - 0.930 മീറ്റർ,

   നെടുംകുഴി - മൈലാടി - 3.39 കി.മീ,

   സി.എ.റ്റി. കോളേജ് റോഡ് - 0.368 മീറ്റർ

(ബി) പ്രസ്തുത മണ്ഡലത്തിലെ ആകെയുള്ള ബി.എം.&ബി.സി. റോഡുകളുടെ ദൈർഘ്യം എത്രയാണ്; ഇനി ബി.എം.&ബി.സി. ചെയ്യാനുള്ള റോഡുകൾ എത്രയാണ്; വിശദാംശം ലഭ്യമാക്കാമോ?

നിരത്ത് വിഭാഗത്തിന് കീഴിൽ ബി. എം.& ബി.സി. നിലവാരത്തിലുള്ള റോഡുകളുടെ ദൈർഘ്യം 66.290 കി.മീ. ആണ്. ദേശീയപാതാ വിഭാഗത്തിന് കീഴിലുള്ള പ്രാവച്ചമ്പലം-കൊടിനട റോഡും (5 കി.മീ) BM&BC നിലവാരത്തിൽ ഉള്ളതാണ്. ബി.എം.&ബി.സി. ചെയ്യാനുള്ള റോഡുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

ചവറ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നവീകരണം

49 (3178) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ നിയോജകമണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. റോഡുകളുടെ നവീകരണത്തിനായി ഫണ്ടുകൾ അനുവദിച്ച് ഉത്തരവായിട്ടും പണികൾ ആരംഭിക്കാൻ കഴിയാത്ത റോഡുകൾ ഏതൊക്കെ ആണെന്നും എത്ര തുകയാണ് നവീകരണത്തിന് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികൾ ഇതുവരെയും ആരംഭിക്കാത്തതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ?

ചവറ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗം മുഖേന നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികളിൽ ഉൾപ്പെട്ട, പ്രവൃത്തികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരംഭിക്കാൻ കഴിയാത്ത റോഡുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

കെ.ആർ.എഫ്.ബി.-പി.എം.യു മുഖേന നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികളിൽ ഉൾപ്പെട്ടതും പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാത്തതുമായ റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

വെറ്റമുക്ക് –തേവലക്കര - മൈനാഗപ്പള്ളി –ശാസ്താംകോട്ട - മണപ്പള്ളി -കാഞ്ഞിരത്തുംമൂട് - താമരക്കുളം

പ്രസ്തുത പദ്ധതി പ്രവൃത്തിക്കായി 20-08-2016-ൽ 50 കോടി രൂപയ്ക്കുള്ള തത്വത്തിലുള്ള ഭരണാനുമതിയും 21-08-2017-ൽ കിഫ്ബിയിൽ നിന്നും 62.53 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. ഈ പ്രവൃത്തിയുടെ BM വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചശേഷം പ്രവൃത്തി 09-03-2022-ൽ foreclose ചെയ്തിരുന്നു. ബാലൻസ് പ്രവൃത്തിക്കുൾപ്പടെ 08-01-2024-ൽ കിഫ്ബിയിൽനിന്നും 68.45 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്. ബാക്കി പ്രവൃത്തിക്ക് M/s Beogorra Infrastructure Pvt Ltd എന്ന കരാറുകാരൻ 07-06-2024-ൽ എഗ്രിമെന്റ് വച്ചിട്ടുള്ളതാണ്. പ്രവൃത്തി ആരംഭിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു.

കോസ്റ്റൽ ഹൈവേ - റീച്ച് -3 (ഇടപ്പള്ളിക്കോട്ട മുതൽ അഴീക്കൽ വരെ)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോസ്റ്റൽ ഹൈവേയുടെ ഭാഗമായ, കൊല്ലം ജില്ലയിലെ ഇടപ്പള്ളിക്കോട്ട മുതൽ അഴീക്കൽ വരെയുള്ള റീച്ച്-3-ന്റെ നിർമ്മാണ പ്രവൃത്തിക്കായി 20-08-2022-ൽ കിഫ്ബിയുടെ ഭൂമി ഏറ്റെടുക്കുന്നത് ഉൾപ്പെടെ 122 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 30.19 ലക്ഷം രൂപയുടെ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. തദ്ദേശവാസികളുടെ എതിർപ്പിനെ തുടർന്ന് ഈ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

കാഞ്ഞാണി മുതൽ ചീരോത്ത് പടി വരെയുള്ള റോഡ് ബി.എം., ബി.സി.യാക്കുന്ന പ്രവൃത്തി

50 (3179) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ കാഞ്ഞാണി മുതൽ ചീരോത്ത്പടി വരെയുള്ള റോഡ് ബി.എം.ബി.സി. ആക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്?

കാഞ്ഞാണി മുതൽ ചീരോത്ത്പടി വരെയുള്ള ഭാഗം പൊതുമരാമത്ത് വകുപ്പിന്റെ ബജറ്റ് പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ളതും BM വരെയുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. BC പ്രവൃത്തി കോൺക്രീറ്റ് വർക്ക്, റോഡ് സേഫ്റ്റി

പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ഒരു പൊതുഫയൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലായതിനാൽ (G3/337/2023) ഈ ഫയലിന്റെ തീരുമാനത്തിനനുസൃതമായി തൃപ്രയാർ - കാഞ്ഞാണി-ചാവക്കാട് റോഡിൽ കാഞ്ഞാണി മുതൽ ചീരോത്ത്പടി വരെയുള്ള റോഡിന് ഭരണാനുമതി നൽകാവുന്നതാണ്.

(ബി) പ്രസ്തുത റോഡിൽ കുഴികൾ രൂപപ്പെടുകയും വെള്ളം കെട്ടി നിന്ന് അപകടങ്ങൾക്ക് കാരണമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

റോഡിൽ കുഴികൾ രൂപപ്പെടുന്ന സാഹചര്യത്തിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ മുഖാന്തരംതന്നെ കുഴികൾ അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വെള്ളക്കെട്ട് പരിഹരിക്കുന്നതിന് ആർ.സി./പ്രീമൺസൂൺ പ്രവൃത്തിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്തുന്നതാണ്. വെള്ളം ഒഴുകിപ്പോകുന്നതിന് കൃത്യമായി ഔട്ട്ലെറ്റില്ലാത്ത സ്ഥലങ്ങളിൽ അതത് തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി നടപടി സ്വീകരിച്ചുവരുന്നു.

വാണിയംകുളം– വല്ലപ്പുഴ പൊതുമരാമത്ത് റോഡിന്റെ പനയൂർ ഭാഗത്ത് റോഡിന്റെ പാർശ്വഭിത്തി തകർന്നത്

51 (3180) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിൽ വാണിയംകുളം-വല്ലപ്പുഴ പൊതുമരാമത്ത് റോഡിന്റെ പനയൂർ ഭാഗത്ത് റോഡിന്റെ പാർശ്വഭിത്തി തകർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പുനർനിർമ്മിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നും വിശദമാക്കാമോ?

ഷൊർണ്ണൂർ മണ്ഡലത്തിലെ വല്ലപ്പുഴ വാണിയംകുളം പൊതുമരാമത്ത് വകുപ്പ് റോഡിന്റെ പനയൂർ ഭാഗത്ത് കുളത്തിന് സമീപം കരിങ്കൽപടവിൽ നിർമ്മിച്ച റോഡിന്റെ പാർശ്വഭിത്തി കാലപ്പഴക്കംമൂലം ഭാഗികമായി തകർന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പുനർ നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറായിട്ടുള്ളത് പരിശോധനയിലാണ്.

പൂഴിത്തോട് പടിഞ്ഞാറത്തറ റോഡ് നിർമ്മാണം

52 (3181) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട്, വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന പൂഴിത്തോട് പടിഞ്ഞാറത്തറ റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച പ്രാരംഭ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കോഴിക്കോട് വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന പൂഴിത്തോട് പടിഞ്ഞാറത്തറ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് റോഡിന്റെ വിശദമായ സർവെ ആരംഭിക്കുന്നതിനായി 06-01-2024-ൽ പെരുവണ്ണാമൂഴി ഐ.ബി.-യിൽ വച്ച് ചേർന്ന റവന്യൂ, പൊതുമരാമത്ത്, വനം വകുപ്പുകളുടെ സംയുക്ത യോഗത്തിൽ ബഹു. പേരാമ്പ്ര എം.എൽ.എ. ശ്രീ.ടി.പി. രാമകൃഷ്ണൻ നിർദ്ദേശിച്ച പ്രകാരം പ്രസ്തുത റോഡുമായി ബന്ധപ്പെട്ട് റവന്യൂ, പൊതുമരാമത്ത്, വനം, പോലീസ് വകുപ്പുകളുടെ സംയുക്ത സ്ഥല പരിശോധന നടത്തുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തുകയും ചെയ്തു. തുടർന്ന് ജനറൽ ഇൻവെസ്റ്റിഗേഷൻ വർക്ക് 2023-2024 Improvements Poozhithode Padinjarathara road between Km 0/000 to 27/225 ഇൻവെസ്റ്റിഗേഷൻ വർക്ക് എന്ന പ്രവൃത്തിക്ക് 150 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ കോഴിക്കോട് നിരത്ത്

മേഖലാ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും പുരോഗമിച്ചുവരികയാണ്.

അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസ്

53 (3182) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസ് നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ ഏത് ഘട്ടം വരെയായെന്ന് വ്യക്തമാക്കാമോ?

അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസ് നിർമ്മാണത്തിനുള്ള ഡി.പി.ആർ. (വിശദമായ പദ്ധതിരേഖ) തയ്യാറാക്കൽ പുരോഗമിക്കുന്നു. ഡി.പി.ആർ.-ന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായശേഷം ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമിവിലയുടെ 25 ശതമാനം സംസ്ഥാനം വഹിക്കണമെന്ന നിബന്ധന കേന്ദ്ര സർക്കാർ ഒഴിവാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലെ നിർമ്മാണ സാമഗ്രികളുടേയും മണ്ണിന്റെയും ജി.എസ്.റ്റി. വിഹിതവും റോയൽറ്റിയും കേന്ദ്ര സർക്കാർ ഒഴിവാക്കി

നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(ബി&സി) സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുകയുടെ 25 ശതമാനം സംസ്ഥാനം വഹിക്കണമെന്ന നിബന്ധന കേന്ദ്രം ഒഴിവാക്കിയിട്ടുണ്ട്. പകരം കൊല്ലം-ചെങ്കോട്ട (ദേശീയപാത 744), എറണാകുളം ബൈപ്പാസ് (ദേശീയപാത 544) എന്നിവയുടെ നിർമ്മാണത്തിന് ആവശ്യമായ വസ്തുക്കളുടെ സംസ്ഥാന ചരക്ക് സേവന നികുതി ഒഴിവാക്കലും നിർമ്മാണ വസ്തുക്കളുടെ റോയൽറ്റി ഒഴിവാക്കലും സംസ്ഥാനം പരിഗണിക്കണമെന്ന് ദേശീയപാത അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

പുത്തൂർ-ചെനക്കൽ ബൈപ്പാസ് (മൂന്നാം ഘട്ടം) റോഡ് നിർമ്മാണം

54 (3183) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാംഘട്ട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനായി നഷ്ടപരിഹാര തുക നൽകുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ്

പ്രകാരം ആവശ്യമായി വരുന്ന തുകയ്ക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പുതുക്കിയ ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ച 31,15,00,000/- രൂപയുടെ പ്രപ്പോസൽ ലഭിച്ചിരുന്നു. പരിശോധിച്ച് പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കോട്ടക്കൽ-പുത്തൂർ-ചെനക്കൽ ബൈപ്പാസ് മൂന്നാംഘട്ടം പ്രവൃത്തിക്ക് പുതിയ നിരക്കിൽ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനായി സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ മേൽ ബൈപ്പാസ് ഡിസൈൻ ചെയ്യുന്നതിനായി എറണാകുളം റീജിയണൽ ഡിസൈൻ ഓഫീസിലേക്ക് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സഹിതം അയച്ചിരുന്നുവെങ്കിലും ഐ.ആർ.സി. മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഗ്രേഡിയന്റ് കൊടുത്തുകൊണ്ട് ടി റോഡ് ഡിസൈൻ ചെയ്യാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും അലൈൻമെന്റിൽ മാറ്റങ്ങൾ ആവശ്യമാണെന്നുമാണ് മറുപടി ലഭ്യമായത്. ആയതിന്റെ അടിസ്ഥാനത്തിൽ

നിലവിലെ അലൈൻമെന്റ് കണക്കിലെടുത്തുകൊണ്ട് തന്നെ പ്രായോഗികമായി വരുത്താവുന്ന ഗ്രേഡിയന്റിൽ നിർമ്മിക്കാവുന്ന രണ്ടു പ്രൊപ്പോസലുകൾ റീജിയണൽ ഡിസൈൻ ഓഫീസിലേക്ക് സമർപ്പിച്ചിരുന്നു. എന്നാൽ മേൽ രണ്ട് പ്രൊപ്പോസലുകളും ഐ.ആർ.സി. അനുശാസിക്കുന്ന ഗ്രേഡിയന്റ് പ്രകാരമല്ലാത്തതിനാൽ അംഗീകരിക്കാനാകില്ലെന്ന് റീജിയണൽ ഡിസൈൻ ഓഫീസിൽ നിന്നും അറിയിച്ചു. പിന്നീട് 16-09-2023-ന് ബഹു. കോട്ടക്കൽ എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ എം.എൽ.എ.-യും നാട്ടുകാരും കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നത് പ്രായോഗികമല്ലെന്നും പുതിയ അലൈൻമെന്റ് പ്രൊപ്പോസ് ചെയ്ത് സ്ഥലമെടുപ്പ് നടപടികളുമായി മുന്നോട്ട് പോകുക വളരെ ബുദ്ധിമുട്ടുള്ള കാര്യമാണെന്നും അറിയിക്കുകയുണ്ടായി. ഇതേതുടർന്ന് ഗ്രേഡിയന്റിന് ഇളവു നൽകിക്കൊണ്ട് അലൈൻമെന്റ് അംഗീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ നൽകിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ദേശീയപാത നാലുവരിയാക്കാൻ നടപടി

55 (3184) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർദ്ദിഷ്ട ആറ്റിങ്ങൽ ബൈപ്പാസ് ആരംഭിക്കുന്ന മാമം മുതൽ മണനൂർ ആഴാംകോണം വരെയുള്ള നിലവിലെ ദേശീയപാത നാലുവരിയാക്കി വികസിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ആറ്റിങ്ങൽ ബൈപ്പാസ് ആയ മണനൂർ മുതൽ മാമം വരെയുള്ള ഭാഗത്ത് ഉൾപ്പെട്ടുവരുന്ന നഗര ഹൃദയമായ പൂവമ്പാറ മുതൽ മൂന്നുമുക്ക് വരെയുള്ള ഗതാഗതക്കുരുക്ക് നിയന്ത്രിക്കുന്നതിനുവേണ്ടി ബജറ്റ് ഹെഡിൽ ഉൾപ്പെടുത്തി നാലുവരി പാതയായി വികസിപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത റോഡിന്റെ ഇരുഭാഗങ്ങളിലായി വരുന്ന മണനൂർ മുതൽ പൂവമ്പാറ വരെയുള്ള ഭാഗവും മൂന്നുമുക്ക് മുതൽ മാമം വരെയുള്ള ഭാഗവും നാലുവരി പാതയായി വികസിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ നിലവിലില്ല.

കൊടുവള്ളിയിൽ ഫ്ലൈ ഓവർ പ്രവൃത്തി

56 (3185) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 766-ൽ കൊടുവള്ളിയിൽ നിർമ്മിക്കാൻ ഭരണാനുമതി ലഭിച്ച ഫ്ലൈ ഓവർ പ്രവൃത്തി നിർത്തിവച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(ബി) എങ്കിൽ ആയതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

27-09-2016-ലെ സ.ഉ.(സാധാ).1324/2016/പൊ.മ.വ. ഉത്തരവ് പ്രകാരം കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മണ്ഡലത്തിൽ കൊടുവള്ളി-സിറാജ് മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള സർക്കാർ നിയോഗിച്ചിട്ടുണ്ടായിരുന്നു. പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്ബി 54.03 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ, ഈ പദ്ധതിക്കുപകരം നിലവിലെ റോഡ് നവീകരിക്കാൻ ബഹു. കൊടുവള്ളി എം.എൽ.എ. നിർദ്ദേശിച്ചതിനെത്തുടർന്ന് ഫ്ളൈഓവർ-കം-അണ്ടർപ്പാസിനായുള്ള സ്ഥലമെടുപ്പ് നടപടിക്രമങ്ങൾ റദ്ദാക്കാനും കൊടുവള്ളി നഗരസഭയും ബഹു. കൊടുവള്ളി എം.എൽ.എ.-യും നിർദ്ദേശിച്ചത് പ്രകാരം ആവശ്യമുള്ള സ്ഥല ലഭ്യത ഉറപ്പാക്കി കൊടുവള്ളി ജംഗ്ഷൻ മെച്ചപ്പെടുത്തി മുന്നോട്ട് പോകുന്നതിനും കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ട്. കൊടുവള്ളി ജംഗ്ഷൻ വികസനത്തിന്

NOC ലഭ്യമാക്കുവാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ദേശീയപാത 766-ന്റെ കോഴിക്കോട് പുതുപ്പാടി ഭാഗം വികസിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കി വരുന്നതിനാൽ ഇതേ സ്ട്രച്ചിലെ മറ്റൊരു പ്രവൃത്തിക്ക് NOC നൽകുന്നത് അഭികാമ്യമാകില്ലെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് റീജിയണൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

കുറവിലങ്ങാട് ബൈപ്പാസ് നിർമ്മാണം

57 (3186) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന പ്രവൃത്തികൾക്കായി നിലവിൽ 349 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലുള്ളതിന്മേൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള വിശദമായ ഡി.പി.ആർ. റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിനുള്ള കാലതാമസം എന്താണെന്ന് വിശദീകരിക്കാമോ; ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് അറിയിക്കാമോ?

(എ-സി) കുറവിലങ്ങാട് ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന പ്രവൃത്തികൾക്കായി പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച 349 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിന്റെ പരിശോധനക്കുശേഷം പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറോട് അധികവിവരം ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ പക്കലുണ്ട്.

അമ്പലപ്പുഴ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

58 (3187) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമ്പലപ്പുഴ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയത്; എത്ര രൂപയാണ് ഇതിന് ബജറ്റ് വിഹിതം ഉണ്ടായിരുന്നത്; എന്തൊക്കെ സൗകര്യങ്ങളാണ് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഇതിൽ ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ)-ൽ ക്രമ നമ്പർ.726-ൽ

അമ്പലപ്പുഴ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തുകയായ പത്ത് കോടി രൂപയുടെ 20 ശതമാനം തുകയായ 2,00,00,000/- (രണ്ട് കോടി) രൂപയുടെ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുള്ള രണ്ട് നിലകൾ മാത്രം ഉൾപ്പെടുത്തി അമ്പലപ്പുഴ മിനിസിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്റെ ഒന്നാംഘട്ടം എന്ന നിലയിൽ 10 കോടിയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ഈ എസ്റ്റിമേറ്റിൽ രണ്ടു നിലകളിലായി അമ്പലപ്പുഴ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, അമ്പലപ്പുഴ സബ്ട്രഷറി ഓഫീസ്, അമ്പലപ്പുഴ ജില്ലാ ലേബർ ഓഫീസ്, തോട്ടപ്പള്ളി കനാൽ ഓഫീസ്, തോട്ടപ്പള്ളി ഇറിഗേഷൻ സെക്ഷൻ ഓഫീസ്, അമ്പലപ്പുഴ വില്ലേജ് ഓഫീസ് എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവൃത്തിയുടെ 10 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കിനാനൂർ കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണം

59 (3188) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാന്നൂർ -കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കിനാന്നൂർ-കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കായി 01-12-2021-ലെ G.O(Rt)No.1070/2021/PWD പ്രകാരം 594 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ച ഏതെങ്കിലും പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിന്റെ ഭാഗമായി പ്രവൃത്തിയുടെ പേര് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്റെ കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) കിനാന്നൂർ- കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പേര് മാറ്റുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

തൊടുപുഴ മിനി സിവിൽ സ്റ്റേഷൻ അനക്സ്

60 (3189) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മിനി സിവിൽ സ്റ്റേഷൻ അനക്സിന്റെ നിർമ്മാണ പ്രവൃത്തികൾ ടെൻഡർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

തൊടുപുഴ മിനി സിവിൽ സ്റ്റേഷൻ അനക്സിന്റെ നിർമ്മാണ പ്രവൃത്തികൾ ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) മിനി സിവിൽ സ്റ്റേഷൻ അനക്സിന്റെ ഡിസൈൻ തയ്യാറായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ആകെ 4797 ച.മീറ്റർ വിസ്തീർണ്ണമുള്ള ബേസ്മെന്റ് ഫ്ലോർ ഉൾപ്പെട്ട 8 നിലകളുള്ള കെട്ടിടമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള Tentative structural design ലഭ്യമായിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

കടുത്തുരുത്തി ബസ്ബേ ടെർമിനൽ നിർമ്മാണം

61 (3190) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി വലിയപാലത്തോട് ചേർന്ന് ബസ്ബേ ടെർമിനൽ നിർമ്മിക്കുന്നതിനായുള്ള സ്ഥലമെടുപ്പ് നടപടികൾക്കായി റവന്യൂ വകുപ്പിന് റിക്വിസിഷൻ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത റിക്വിസിഷൻ നൽകേണ്ടത് ആരാണെന്ന് വിശദീകരിക്കാമോ; ഇതിനുണ്ടായിരിക്കുന്ന കാലതാമസം എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ?

കടുത്തുരുത്തി വലിയപാലത്തോട് ചേർന്ന് ബസ്ബേ ടെർമിനൽ നിർമ്മിക്കുന്നതിനായുള്ള സ്ഥലമെടുപ്പ് നടപടികൾക്കായി requisition റവന്യൂ വകുപ്പിന് നൽകിയിട്ടില്ല. പാലത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനായി Boundary stone fix ചെയ്യുന്നതിനായി സ്ഥലം ഉടമകളുമായി ചർച്ച നടത്തിയെങ്കിലും ആവശ്യമായ സ്ഥലം വിട്ടുനൽകുന്നതിന് ഉടമകൾ എതിർപ്പറിയിക്കുകയും ചെയ്തു. സ്ഥലം ഉടമകളുമായി ചർച്ച നടത്തി എതിർപ്പ് മാറി അംഗീകാരം നൽകുന്ന മുറയ്ക്ക് requisition നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത requisition തയ്യാറാക്കി നൽകേണ്ടത് പാലങ്ങൾ വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനീയർ ആണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ വൈകുന്നത് കാരണമാണ് പ്രസ്തുത പ്രവൃത്തിക്ക് കാലതാമസം ഉണ്ടായിരിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിക്ക് സ്ഥലമേറ്റെടുപ്പിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സ്ഥലമേറ്റെടുക്കുന്നതിനുള്ള തടസ്സം മാറുന്ന മുറയ്ക്ക് Requisition സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ?

ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 04-02-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം.121/2023/പൊ.മ.വ പ്രകാരം പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി സംബന്ധിച്ച് സി.ഇ./ആർ.ഡി./2073/2018 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് വ്യക്തമാക്കാമോ?

സി.ഇ/ആർ.ഡി/2073/2018 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

ഏറ്റുമാനൂർ-എറണാകുളം സംസ്ഥാന പാത 15-ൽ ചെയിനേജ് 13/300 കിലോമീറ്ററിൽ കടുത്തുരുത്തി പാലത്തിന് സമാന്തരമായി ബസ്ബേ

നിർമ്മിക്കുന്നതിനായി 2018-19-ലെ സംസ്ഥാന ബഡ്ജറ്റിൽ 11 കോടി രൂപ എസ്റ്റിമേറ്റ് തുകയുള്ള പ്രവൃത്തിക്കായി 2.20 കോടി (20%) വകയിരുത്തിയിരുന്നു. പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തിക്കായി 5,46,000/- രൂപയുടെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിരുന്നു. ഈ പദ്ധതിയുടെ നിർവഹണ ചുമതല പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം കോട്ടയം ആയതിനാൽ പിന്നീട് നിരത്തുകൾ വിഭാഗം മുഖേന 03-08-2019-ന് ശേഷം നടപടിയൊന്നും സ്വീകരിച്ചിരുന്നില്ല. നിലവിൽ പ്രസ്തുത ഫയൽ നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതാണ്. പാലങ്ങൾ വിഭാഗത്തിൽ പുതിയ ഫയൽ ആരംഭിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

തളിപ്പറമ്പ് കില കാമ്പസിന്റെ ഹോസ്റ്റൽ ബ്ലോക്ക് നിർമ്മാണം

62 (3191) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് കില കാമ്പസിലെ ഹോസ്റ്റൽ ബ്ലോക്ക് നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) തളിപ്പറമ്പ് കില കാമ്പസിലെ ഹോസ്റ്റൽ ബ്ലോക്കിന്റെ വിശദമായ ആർക്കിടെക്ചറൽ ഡ്രോയിംഗ് ലഭ്യമായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തി നിർവ്വഹിക്കുന്നതിന് ആവശ്യമായ ഫണ്ട് പൊതുമരാമത്ത് വകുപ്പിന് കൈമാറി ലഭിക്കേണ്ടതുണ്ട്.

കാട്ടാക്കട നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിന്റെ നിർമ്മാണം

63 (3192) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ കുളത്തോട്ട് മലയിൽ നിർമ്മിക്കുന്ന പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ സ്ഥിതി വിശദമാക്കാമോ; പദ്ധതി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിൽ, കുളക്കോട് മലയിൽ നിർമ്മാണം പുരോഗമിക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസിന്റെ ഒന്നാംഘട്ട പ്രവൃത്തികളിൽ തറയിടൽ പ്രവൃത്തികളും ജോയിനറി പ്രവൃത്തികളും

പൂർത്തീകരിച്ചുവരികയാണ്. റസ്റ്റ് ഹൗസ് പൂർണ്ണമായും ഉപയോഗപ്രദമാക്കുന്നതിലേയ്ക്കായി പാർക്കിംഗ് ഏര്യ, ഇന്റർ ലോക്കിംഗ്, ഫർണിച്ചർ, ഇലക്ട്രോണിക്സ് വർക്ക് തുടങ്ങിയ പ്രവൃത്തികൾക്കായി 140.7 ലക്ഷം രൂപയുടെ ഭരണാനുമതി 20-06-2024-ലെ G.O (Rt) No.606/2024/PWD പ്രകാരം നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

സി.എച്ച്.സി. കെട്ടിടം പണിയാൻ നടപടി

64 (3193) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ തൃപ്രങ്ങോട് സി.എച്ച്.സി. കെട്ടിടം പണിയുന്നതിന് തുക അനുവദിച്ചിരുന്നോ; എങ്കിൽ എത്ര രൂപയാണ് അനുവദിച്ചിരുന്നത്;

(ബി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ &ബി) തവനൂർ മണ്ഡലത്തിൽ തൃപ്പങ്ങോട് പി.എച്ച്.സി. കെട്ടിട നിർമ്മാണത്തിന് 09-10-2023-ലെ G.O(Rt) No. 1318/2023/ PWD പ്രകാരം 300

ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ആർക്കിടെക്ചറൽ ഡ്രോയിംഗ് പൂർത്തിയായി, സ്ട്രക്ചറൽ ഡ്രോയിംഗ് തയ്യാറാക്കിവരുന്നു.

കുന്നത്തുനാട് മണ്ഡലത്തിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ

65 (3194) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24-ലെ ബജറ്റിൽ തുക വകയിരുത്തിയ കുമാരപുരം കുടുംബാരോഗ്യ കേന്ദ്രം, മുടിക്കൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയുടെ കെട്ടിടനിർമ്മാണ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച് ഡിസൈൻ, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ടോയെന്നും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) 1. ഫാമിലി ഹെൽത്ത് സെന്റർ, കുമാരപുരം

കുമാരപുരം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കായുള്ള 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആരോഗ്യ വകുപ്പിന്റെ പരിഗണനയിലാണ്. ഈ പ്രവൃത്തിയെ സംബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള Tentative Architectural Drawing-ന് ക്ലയന്റ് ഡിപ്പാർട്ട്മെന്റിൽനിന്നും അംഗീകാരം ലഭിച്ചു. ഡീറ്റെയിൽഡ് Architectural Drawing തയ്യാറാക്കേണ്ടതുണ്ട്.

2. മുടിക്കൽ ഹയർ സെക്കൻഡറി സ്കൂൾ

മുടിക്കൽ ഹയർ സെക്കൻഡറി സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കായുള്ള 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഡയറക്ടറിന് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയെ സംബന്ധിച്ച് ഡീറ്റെയിൽഡ് Architectural Drawing തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പാണ് സ്വീകരിക്കുന്നത്.

പുതിയ ഇരിക്കൂർ പാലം നിർമ്മാണം

66 (3195) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ, ഇരിക്കൂർ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഇരിക്കൂർ പാലത്തിന്റെ ബലക്ഷയംമൂലം പുതിയ പാലം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. ഇരിക്കൂർ പാലത്തിന്റെ ബലക്ഷയംമൂലം പുതിയ പാലത്തിന്റെ നിർമ്മാണം നബാർഡ് ട്രാഞ്ച XXX (2024-25)-ൽ ഉൾപ്പെടുത്തുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

(ബി) പുതിയ പാലത്തിന്റെ നിലവിലെ പ്രവൃത്തിപുരോഗതി വ്യക്തമാക്കാമോ?

ഭരണാനുമതി ആയിട്ടില്ല.

പൊന്നാനി അഴിമുഖത്തിനുകുറുകെയുള്ള കേബിൾ സ്റ്റെയ്ഡ് സസ്പെൻഷൻ ബ്രിഡ്ജിന്റെ നിർമ്മാണം

67 (3196) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂർ, പൊന്നാനി താലൂക്കുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പൊന്നാനി അഴിമുഖത്തിന് കുറുകെയുള്ള കേബിൾ സ്റ്റെയ്ഡ് സസ്പെൻഷൻ ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തികൾ ഏതുവരെയായെന്നും എന്നത്തേയ്ക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

മലപ്പുറം ജില്ലയിൽ ഉൾപ്പെട്ട പൊന്നാനി തിരൂർ താലൂക്കുകളെ ബന്ധിപ്പിക്കുന്ന പൊന്നാനി അഴിമുഖത്തിന് കുറുകെ നിർമ്മിക്കുന്ന കേബിൾ സ്റ്റേയഡ് പാലം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ SPV ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ DPR തയ്യാറാക്കുവാൻ L&T എന്ന കമ്പനിയെ കൺസൾട്ടൻസിയായി ആർ.ബി.ഡി.സി.കെ. ചുമതലപ്പെടുത്തി. കൺസൾട്ടൻസി തയ്യാറാക്കിയ DPR ആർ.ബി.ഡി.സി.കെ. പരിശോധിച്ചതിന് ശേഷം കിഫ്ബിയിൽ സമർപ്പിക്കുകയും KIIFB പദ്ധതി നിർവഹണത്തിനായി 280.09 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി 11(1) വിജ്ഞാപനം 08-11-2022-ൽ പ്രസിദ്ധീകരിച്ചു. നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിന്റെ ഭാഗമായുള്ള സർവെ, building valuation എന്നിവ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. തീരപ്രദേശത്തുകൂടി കടന്നുപോകുന്നതിനാൽ പദ്ധതിക്ക് CRZ ക്ലിയറൻസ് അനിവാര്യമാണ്. ആയതിനാൽ CRZ ക്ലിയറൻസ് ലഭിക്കുന്നതിന് കേരള തീരദേശ പരിപാലന അതോറിറ്റിക്ക് സമർപ്പിക്കുകയും കേരള തീരദേശ പരിപാലന അതോറിറ്റിയിൽ നിന്ന് CRZ ക്ലിയറൻസ് 17-09-2022-ൽ ലഭിക്കുകയും ചെയ്തിട്ടുമുണ്ട്. തീരദേശ ഹൈവേയുടെ ഭൂമി ഏറ്റെടുക്കൽ നടപടിക്കുവേണ്ടി സർക്കാർ പുറത്തിറക്കിയ

സ്പെഷ്യൽ പാക്കേജ് ഈ പദ്ധതിക്കും ബാധകമാക്കാം എന്ന് കിഫ്ബി 25-04-2023-ൽ കത്ത് മുഖാന്തരം അറിയിച്ചിരുന്നു. എന്നാൽ ആയത് ഈ പദ്ധതിക്ക് ബാധകമാകുന്നതിന് പ്രത്യേകം സർക്കാർ ഉത്തരവ് ആവശ്യമാണെന്ന് എൽ.എ. വിഭാഗം ആവശ്യപ്പെട്ടതിനെ തുടർന്ന് സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതിന് 30-05-2023-ൽ ആർ.ബി.ഡി.സി.കെ. അപേക്ഷ സമർപ്പിച്ചു. തുടർന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ഈ പദ്ധതിക്കും മേൽ പറഞ്ഞ സ്പെഷ്യൽ പാക്കേജ് അനുവദിക്കാമെന്ന് നിർദ്ദേശത്തിൻമേൽ മലപ്പുറം ജില്ലാ കളക്ടർ ഇക്കാര്യത്തിൽ സ്പഷ്ടീകരണം ലഭ്യമാക്കുന്നതിന് റവന്യു വകുപ്പിന് സമർപ്പിച്ച അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. ഇതിൽ തീരുമാനമായി ഭൂമി ഏറ്റെടുക്കൽ നടപടിക്ക് വേണ്ട 19(1) നോട്ടിഫിക്കേഷൻ പബ്ളിഷ് ചെയ്യുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്.

തിരുരങ്ങാടി മണ്ഡലത്തിലെ നൂ കട്ട് പാലം നിർമ്മാണം

68 (3197) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി മണ്ഡലത്തിലെ നൂ കട്ട് പാലം നിർമ്മാണത്തിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള ഭൂമിയുടെ അനുമതി ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ഏത് ഓഫീസിലാണെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ?

(എ&ബി) തിരുരങ്ങാടി മണ്ഡലത്തിലെ നൂ കട്ട് പാലം നിർമ്മാണത്തിന്റെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടില്ല. പ്രസ്തുത പ്രവൃത്തിക്കായി സാങ്കേതികാനുമതി നൽകിയിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് കണ്ടെത്തിയ ഭൂമി കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ കൈവശമാണ്. 70 മീറ്റർ നീളവും 8 മീറ്റർ വീതിയുമുള്ള ഭൂമിയിൽ നിർമ്മാണം നടത്തുവാനായി നിരാക്ഷേപ പത്രത്തിനുവേണ്ടി 22-12-2023, 07-03-2024 തീയതികളിൽ കെ.എസ്.എസ്.ടി.എം. ഡയറക്ടർക്ക് കത്ത് നൽകുകയുണ്ടായി. നിരാക്ഷേപ പത്രം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള ഭൂമി കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ കൈവശമായതിനാൽ ആ കാര്യാലയത്തിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമാകുന്ന മുറയ്ക്ക് തടസ്സരഹിത ഭൂമി സർട്ടിഫിക്കറ്റ് നൽകി സാങ്കേതികാനുമതി നൽകിയ ശേഷം ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

മേൽപ്പാലങ്ങളുടെ നിർമ്മാണ പുരോഗതി

69 (3198) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ മാന്പ്രകുന്നേൽ റയിൽവേ മേൽപ്പാലം, കായംകുളം-തിരുവല്ല റോഡിലെ കാക്കനാട് മേൽപ്പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

1. <u>മാന്പ്രക്കുന്നേൽ റെയിൽവേ മേൽപ്പാലം</u>

ആലപ്പുഴ ജില്ലയിൽ കായംകുളത്തെ കൃഷ്ണപുരം മാന്പ്രകുന്നേൽ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് 10-07-2017-ലെ സ.ഉ(സാധാ)നം.

942/2017/പൊ.മ.വ ഉത്തരവ് പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി ആർ.ബി.ഡി.സി.കെ-യെ SPV ആയി നിയമിച്ചിട്ടുള്ളതും 31.211 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുള്ളതും കൃഷ്ണപുരം വില്ലേജിലെ വിവിധ സർവെ നമ്പറുകളിലായി 1.0840 Hect ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. സ്വകാര്യ വ്യക്തികളിൽ നിന്നുമുള്ള മുഴുവൻ ഭൂമിയും കായംകുളം കിഫ്ബി സ്പെഷ്യൽ തഹസിൽദാർ ഏറ്റെടുത്ത് കൈമാറിയിട്ടുള്ളതാണ്.

ആർ.ഒ.ബി.-യുടെ അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്ന കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ കൈവശമുള്ള 5.9 ആർ ഭൂമിയും കൃഷ്ണപുരം വില്ലേജ് ഓഫീസിന്റെ കൈവശമുള്ള ഭൂമിയിൽനിന്നും 13 sq.m ഭൂമിയും land transfer മുഖേന ഏറ്റെടുക്കുന്ന നടപടികൾ ജില്ലാ കളക്ടറുടെ ഓഫീസിൽ നിന്നും സ്വീകരിച്ചുവരുന്നു.

റെയിൽവേ ജി.എ.ഡി.-യുടെ അംഗീകാരം 09-11-2022-ൽ റെയിൽവേയിൽ നിന്നും ലഭ്യമായിട്ടുള്ളതും ആർ.ഒ.ബി. നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി 06-11-2023-ൽ നൽകിയിട്ടുമുണ്ട്. പദ്ധതിയുടെ ചെലവ് ചുരുക്കുന്നതിനും പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുമുള്ള സാധ്യതകൾ പരിശോധിക്കാൻ

കിഫ്ബി ആവശ്യപ്പെട്ടതിൻ പ്രകാരം ആർ.ബി.ഡി.സി.കെ. നടപടികൾ സ്വീകരിച്ചുവരുന്നു.

2. കാക്കനാട് റെയിൽവെ മേൽപ്പാലം

കാക്കനാട് റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണച്ചുമതല KRDCL-നെ ഏൽപ്പിച്ചിട്ടുള്ളതാണ്. ഇതിനായി 30 ആർ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. അതിനുള്ള അപേക്ഷ ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകുകയും സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുകയുമായിരുന്നു. എന്നാൽ പ്രദേശവാസികൾ ചേർന്ന് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)5224/2024 കേസിന്മേൽ കോടതി നടപടികൾ പുരോഗമിച്ചുവരികയാണ്. ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ താൽകാലികമായി സ്റ്റേ ചെയ്തിരിക്കുകയാണ്. ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

ചവറ നിയോജകമണ്ഡലത്തിലെ കാടൻമൂല-കൊച്ചുതുരുത്ത് പാലം നിർമ്മാണം

70 (3199)ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ മണ്ഡലത്തിലെ കാടൻമൂല-കൊച്ചുതുരുത്ത് പാലം നിർമ്മാണത്തിന് സാങ്കേതിക അനുമതി ലഭിച്ച് മാസങ്ങളായിട്ടും ടെൻഡർ ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പാലം നിർമ്മാണ പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ചവറ നിയോജകമണ്ഡലത്തിലെ തെക്കുംഭാഗം കൊച്ചുതുരുത്ത് പാലം നിർമ്മാണത്തിനായി 07-06-2023-ലെ സ.ഉ(സാധാ) നം.743/2023/ പൊ.മ.വ ഉത്തരവ് പ്രകാരം 14.33 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഇരുകരകളിലെയും ഭൂമി ഫ്രീ സറണ്ടറായി ലഭിക്കുമെന്ന ഉറപ്പിന്മേലാണ് പ്രവൃത്തിക്കുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ തെക്കുംഭാഗം കാടൻമൂല ഭാഗത്ത്-പാലത്തിന്റെ അലൈൻമെന്റിൽ വരുന്ന രണ്ട് വ്യക്തികളുടെ ഭൂമിയിൽ ഒരു വ്യക്തി മാത്രമേ ഭൂമി ഫ്രീ സറണ്ടറായി നൽകാൻ സമ്മതിച്ചിട്ടുള്ളൂ. ശ്രീ.രാജശേഖരൻ എന്ന വ്യക്തിയുടെ ഭൂമി LA നടപടികളിലൂടെ മാത്രമേ വിട്ടുനൽകാൻ കഴിയുകയുള്ളൂവെന്ന് അറിയിച്ചിട്ടുണ്ട്. അതിൻ പ്രകാരം LR തഹസിൽദാരുടെ ഓഫീസിന് കൊച്ചുതുരുത്തിലെയും തെക്കുംഭാഗത്തെയും അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്ന ഭൂമി അളന്ന് തിട്ടപ്പെടുത്താൻ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ തെക്കുംഭാഗം ഭാഗത്ത്

19-01-2024-ലും കൊച്ചുതുരുത്ത് ഭാഗത്ത് 28-02-2024-ലും സർവെ നടപടികൾ പൂർത്തീകരിച്ചു. ശ്രീ. രാജശേഖരൻ എന്ന വ്യക്തിയുടെ വസ്തുവിൽ സർക്കാർ പുറമ്പോക്കുണ്ടെന്ന് പഞ്ചായത്ത് അധികൃതർക്ക് സംശയമുണ്ടായതിനാൽ പഞ്ചായത്ത് മുഖേന തന്നെ തഹസിൽദാരുടെ ഓഫീസുമായി ബന്ധപ്പെട്ട് പ്രസ്തുത ഭൂമിയുടെ സർവെ നടപടികൾ പൂർത്തീകരിച്ചു. എന്നാൽ നാളിതുവരെ കരുനാഗപ്പള്ളി LR തഹസിൽദാരുടെ ഓഫീസിൽ നിന്നും സർവ്വെ നടപടിയുമായി ബന്ധപ്പെട്ട റിപ്പോർട്ട് ലഭിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

മേലുകാവ് ഗ്രാമപഞ്ചായത്തിലെ കുരിശ്ശിങ്കൽ പാലം

71 (3200)ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അഞ്ച് കോടി രൂപ അനുവദിച്ച മേലുകാവ് ഗ്രാമപഞ്ചായത്തിലെ കുരിശ്ശിങ്കൽ പാലം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പാലം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

കുരിശ്ശിങ്കൽ പാലം പദ്ധതിക്ക് DPR തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായി. അതിന്റെ ജനറൽ ഡിസൈൻ ഡ്രോയിംഗ് 04-06-2024-ന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഡിസൈൻ അനുസരിച്ച് പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതിക അനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കികൊണ്ടിരിക്കുന്നു. മേൽ പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കുവാനുള്ള സമ്മതപത്രം ഭൂഉടമകളിൽനിന്നും ലഭ്യമായിട്ടില്ല. സമ്മതപത്രം ലഭ്യമായാലുടൻ തന്നെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി പാലം നിർമ്മാണം പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

72 (3201) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വാമനപുരം മണ്ഡലത്തിൽ പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും അതിനുവേണ്ടി ചെലവാക്കിയ തുക എത്രയാണെന്നും വ്യക്തമാക്കാമോ?

നിലവിലെ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ വാമനപുരം മണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗം നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ പറയുന്നവയാണ്.

ക്രമ നം.	പ്രവൃത്തി	പാലങ്ങളുടെ പേര്	ചെലവാക്കിയ തുക
1.	മണ്ണ് പരിശോധനയും സ്ഥല സർവെയും	ജവഹർ കോളനി പാലം	1,05,895/-
2.		വെള്ളയം ദേശം പാലം	1,08,181/-
3.		നീറമൺകടവ് പാലം	1,91,606/-

(ബി) ബലക്ഷയമുള്ളതോ പുതുക്കിപണിയേണ്ടതോ ആയ പാലങ്ങൾ മണ്ഡലത്തിലുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

വാമനപുരം മണ്ഡലത്തിൽ ബലക്ഷയമുള്ളതോ പുതുക്കിപ്പണിയേണ്ടതോ ആയ പാലങ്ങൾ ഒന്നും തന്നെയില്ല.

(സി) പ്രസ്തുത മണ്ഡലത്തിലെ പാങ്ങോട് പഞ്ചായത്തിലെ ജവഹർകോളനി പാലം, വെള്ളയംദേശം പാലം, പുല്ലമ്പാറ പഞ്ചായത്തിലെ

നീറമൺകടവ് പാലം എന്നിവ നിർമ്മിക്കാൻ തയ്യാറാക്കിയ ഡി.പി.ആർ.-ന്റെയും എസ്റ്റിമേറ്റിന്റെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

മേൽ പരാമർശിത പാലങ്ങൾ മൂന്നും രൂപകൽപ്പന നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തെ ഏൽപ്പിച്ചിരിക്കുന്നു. രൂപകൽപ്പന ലഭിച്ചാലുടൻ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

തിരുവല്ല നിയോജകമണ്ഡലത്തിലെ പാറക്കടവ് പാലം

73 (3202) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽനിന്ന് ഫണ്ട് അനുവദിച്ചിട്ടുള്ള തിരുവല്ല നിയോജകമണ്ഡലത്തിലെ പാറക്കടവ് പാലത്തിന്റെ നിർമ്മാണം തുടങ്ങുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ?

പത്തനംതിട്ട ജില്ലയിലെ തിരുവല്ല നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തിയായ പാറക്കടവ് പാലത്തിന് 31-10-2016-ലെ സ.ഉ(സാധാ)നം.1496/2016/പൊ.മ.വ ഉത്തരവ് പ്രകാരം 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 19-09-2017-ൽ 9.35 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് 30-10-2019-ൽ

9.32 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നു. പ്രവൃത്തി 4 തവണ ടെൻഡർ ചെയ്തിരുന്നു. ആദ്യ തവണ ബിഡുകൾ ഒന്നും ലഭിച്ചില്ല. രണ്ടാം തവണയും മൂന്നാം തവണയും ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയെക്കാൾ 10 ശതമാനവും 12.95 ശതമാനം അധികമായതിനാൽ ബിഡിന് ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായില്ല. തുടർന്ന് നാലാം തവണ ടെൻഡർ ചെയ്തപ്പോൾ ഒരു ബിഡ് ലഭിച്ചു. ശ്രീ.ശിവസാമി എന്ന കരാറുകാരൻ 9.59 കോടി രൂപയ്ക്ക് സമർപ്പിച്ച ബിഡ് 19-11-2021-ൽ കൂടിയ 28-ാം ടെൻഡർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിരുന്നു. 27-01-2022-ൽ കരാറുകാരന് LoA നൽകിയെങ്കിലും കരാറുകാരൻ ബിഡിന്റെ കാലാവധി നീട്ടി നൽകുകയോ എഗ്രിമെന്റ് വയ്ക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ ടെൻഡർ റദ്ദ് ചെയ്തിരുന്നു. തുടർന്ന് ബ്രിഡ്ജിന്റെ ഡിസൈൻ പരിഷ്കരിച്ചുകൊണ്ട് 11.78 കോടി രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഉപാധികളോടെയാണ് 13-03-2024-ൽ കിഫ്ബിയുടെ 11.78 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമായിട്ടുള്ളത്. ചെലവ് ചുരുക്കുന്നതിനും എസ്റ്റിമേറ്റ് അപ്രൈസൽ വിഭാഗത്തിന്റെ പുനഃപരിശോധനയ്ക്ക് സമർപ്പിക്കുന്നതിനും കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ട്. കിഫ്ബിയുടെ അന്തിമ

സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

പാലങ്ങളുടെ വികസനത്തിൽ വന്ന മാറ്റങ്ങൾ

74 (3203) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021-ന് ശേഷം പാലങ്ങളുടെ വികസനത്തിൽ വന്ന മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. പാലങ്ങളുടെ ഡിസൈൻ ഐ.ആർ.സി. മാനദണ്ഡങ്ങൾ പ്രകാരവും നൂതന സാങ്കേതിക വിദ്യകളായ കേബിൾ സ്റ്റേ ബ്രിഡ്ജസ്, കോംപസിറ്റ് ബ്രിഡ്ജ് എന്നിവയും കൂടാതെ extradosed type എന്നിവയും ഉപയോഗിക്കുന്നു. Ultra High Performance Grade Reinforced Concrete പോലുള്ള നൂതന രീതികൾ ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ വന്നശേഷം എത്ര പാലങ്ങളുടെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; പാലം നിർമ്മാണ രംഗത്ത് ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് നിർമ്മാണം പൂർത്തീകരിച്ച പാലങ്ങളുടെ പേര് വിവരം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന പാലങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന പാലങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) പാലങ്ങളുടെ നിർമ്മാണത്തിലും സൗന്ദര്യവത്കരണത്തിലും സർക്കാരിന്റെ ഡിസൈൻ പോളിസി ഗുണകരമായിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ കാര്യാലയത്തിന് കീഴിൽവരുന്ന പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളെല്ലാം തന്നെ പൊതുമരാമത്ത് വകുപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡിസൈൻ വിഭാഗത്തിൽ നിന്ന് ലഭിക്കുന്ന ഡിസൈൻ പ്രകാരവും നിർദ്ദേശാനുസരണവുമാണ് നടന്നുവരുന്നത്. നവീന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിത്തന്നെയാണ് ഡിസൈൻ വിഭാഗം ഡിസൈനുകൾ രൂപകല്പന ചെയ്യുന്നത്. പാലങ്ങളുടെ നിർമ്മാണത്തിലും സൗന്ദര്യവൽകരണത്തിലും സർക്കാരിന്റെ ഡിസൈൻ പോളിസി ഗുണകരമായിട്ടുണ്ട്. നിലവിലെ ഡിസൈനുകൾ നിർമ്മാണ ചെലവുകൾ കുറക്കുന്നതും പഴയ രീതിയിൽനിന്നും വ്യത്യസ്തത പുലർത്തുന്നവയുമാണ്. പ്രീ-സ്ട്രസ്സിംഡ് ബീമുകൾ Bow String, Void-slab, Submersible Bridge എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുവരുന്നുണ്ട്.

കുന്നംകുളം മണ്ഡലത്തിലെ ആലുക്കൽ പാലം പുനർനിർമ്മാണം

75 (3204) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ വേലൂർ പോസ്റ്റ് ഓഫീസ്-തയ്യൂർ-എരുമപ്പെട്ടി റോഡിലെ ആലുക്കൽ പാലം പുനർനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് പുറമ്പോക്ക് ഭൂമി നിർണ്ണയിക്കേണ്ടതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 20 ശതമാനം പ്രൊവിഷൻ അനുവദിച്ചിട്ടുള്ള പ്രവൃത്തിയായ കുന്നംകുളം മണ്ഡലത്തിലെ ആളുക്കൽ പാലത്തിന്റെ നിർമ്മാണത്തിനായി 09-10-2023-ലെ സ.ഉ (സാധാ) നം.1318/2023/ പൊ.മ.വ പ്രകാരം 512 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൈയേറ്റം ഒഴിപ്പിക്കുന്നതിന് 3 ലക്ഷം രൂപയും പുറംമ്പോക്ക് സർവെയ്ക്ക് 2 ലക്ഷം രൂപയും ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്. നിലവിലെ പാലത്തിന് അപ്രോച്ച് സ്ലാബ് ഉൾപ്പെടെ 30 മീറ്റർ നീളവും 5 മീറ്റർ വീതിയുമാണുള്ളത്. 36 മീറ്റർ നീളത്തിലും ഒരു ഭാഗത്ത് നടപ്പാതയോടുകൂടി 9.75 മീറ്റർ വീതിയിലുമായാണ് പാലത്തിന്റെ താൽക്കാലിക ഡിസൈൻ (TGD) പൊതുമരാമത്ത് ഡിസൈൻ വിഭാഗം തിരുവനന്തപുരം തയ്യാറാക്കിയിരുന്നത്. ഇത് പ്രകാരമാണ് ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത്. TGD പ്രകാരമുള്ള വീതിയിൽ പാലം ചെയ്യുവാൻ വേണ്ട സ്ഥലത്തിന്റെ ലഭ്യത അറിയുവാൻ പുറമ്പോക്ക് ഭൂമി നിർണ്ണയിക്കേണ്ടതുണ്ട്. അതിനുവേണ്ടി റവന്യൂ വകുപ്പിന് അപേക്ഷകൾ നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ

പുറമ്പോക്ക് ഭൂമി നിർണ്ണയിച്ച് നൽകിയിട്ടില്ല. അതിനാൽ ഈ പാലത്തിന്റെ സാധ്യതാപഠന റിപ്പോർട്ട് ഇതുവരെ തയ്യാറാക്കുവാൻ സാധിച്ചിട്ടില്ല. പുതുക്കിയ ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കൂ.

(സി) എങ്കിൽ അതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പുറമ്പോക്ക് ഭൂമി നിർണ്ണയിച്ച് പാലം നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

(സി&ഡി) തയ്യൂർ വില്ലേജിൽ സർവെ നമ്പർ 476, 477 എന്നിവയിലാണ് ഈ പാലം സ്ഥിതി ചെയ്യുന്നത്. 13-10-2023-ൽ തയ്യൂർ വില്ലേജ് ഓഫീസർക്ക് സ്ഥലത്തിന്റെ സ്കെച്ച് ലഭ്യമാക്കുന്നതിന് കത്ത് നൽകിയിരുന്നു. പാലത്തിന്റെ വീതി കൂട്ടിയെടുക്കുമ്പോൾ വേണ്ട സ്ഥലത്തിന്റെ ലഭ്യത അറിയാൻ സർവെ സ്കെച്ച് ലഭിക്കുന്നതിനുവേണ്ടി തൃശ്ശൂർ ബ്രിഡ്ജസ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ജില്ലാ സർവെ സൂപ്രണ്ടിന് 21-10-2023-ലും കുന്നംകുളം ഭൂരേഖ തഹസിൽദാർക്ക് 13-11-2023-ലും കത്ത് നൽകിയിരുന്നു. ഈ വിഷയം ഉന്നയിച്ചുകൊണ്ട് ഡെപ്യൂട്ടി കളക്ടർ, എൽ. ആർ., തൃശ്ശൂരിന് 12-02-2024, 03-06-2024 എന്നീ തീയതികളിൽ

പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും കത്ത് നൽകുകയുണ്ടായി. ഈ വിഷയം CMT മീറ്റിംഗിൽ പലതവണ ചർച്ച ചെയ്തിരുന്നു. 26-12-2023, 24-01-2024 എന്നീ തീയതികളിൽ കുന്നംകുളം റസ്റ്റ് ഹൗസിൽവച്ച് നടന്ന CMT യോഗപ്രകാരം നിലവിലെ സ്ഥലലഭ്യതക്കനുസരിച്ചുള്ള പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ അറിയിച്ചിരുന്നു. 27-02-2024-ലെ DlCC മീറ്റിംഗിൽ ഈ വിഷയം അവതരിപ്പിക്കുകയും 01-03-2024-ൽ ജില്ല സർവെ സൂപ്രണ്ട്, അയ്യന്തോൾക്ക് ഓർമ്മക്കുറിപ്പ് നൽകുകയും ചെയ്തു. പുറമ്പോക്ക് ഭൂമി എത്രയുംവേഗം അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് 12-03-2024-ൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ കാര്യാലയത്തിൽനിന്നും കുന്നംകുളം ഭൂരേഖ തഹസിൽദാർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ നാളിതുവരെയും പുറമ്പോക്ക് നിർണ്ണയിച്ച് നൽകിയിട്ടില്ല. 24-01-2024-ലെ CMT യോഗപ്രകാരം നിലവിലെ സ്ഥലലഭ്യതക്കനുസരിച്ചുള്ള വീതിയിലായി പാലം പുനർനിർമ്മിക്കുന്നതിനുള്ള പുതിയ ഡിസൈൻ ഡ്രോയിംഗ് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗത്തിൽ നിന്നും പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് 08-06-2024-ന് നൽകിയിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക്

സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതാണ്. അതിനുമുൻപായി പുറമ്പോക്ക് ഭൂമി അളന്ന് നിർണ്ണയിച്ചുകിട്ടിയാൽ പഴയ ഡ്രോയിംഗ് പ്രകാരം സ്ഥലലഭ്യതയ്ക്ക് അനുസരിച്ച് സാങ്കേതികാനുമതി നൽകുവാൻ സാധിക്കും.

കായംകുളം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

76 (3205) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ മാർക്കറ്റ് പാലം, കനീസാകടവ് പാലം, കോയിക്കൽ പടിഞ്ഞൽ പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

മാർക്കറ്റ് പാലം

പാലം നിർമ്മാണത്തിനായി 03-08-2023-ലെ സ.ഉ(സാധാ)നം. 1066/2023/പൊ.മ.വ ഉത്തരവ് പ്രകാരം 645 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കലിന് വേണ്ടി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു. ജലാശയത്തിനുകുറുകെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ജലവിഭവ വകുപ്പിന്റെ അംഗീകാരം വാങ്ങണമെന്നുള്ള

നിർദേശത്തെ തുടർന്ന് നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിനായി ചീഫ് എഞ്ചിനീയക്ക് (ഇൻലാന്റ് നാവിഗേഷൻ ആൻഡ് കുട്ടനാട് പാക്കേജ്) 22-11-2023-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്കും NOC ലഭിക്കുന്ന മുറയ്ക്കും ടെൻഡർ ചെയ്ത് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്.

കന്നിസകടവ് പാലം

പാലം നിർമ്മാണത്തിനായി 27-04-2018-ലെ സ.ഉ(സാധാ)നം. 781/2018 പൊ.മ.വ ഉത്തരവ് പ്രകാരം 1120 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു. ജലാശയത്തിനുകുറുകെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ജലവിഭവ വകുപ്പിന്റെ അംഗീകാരം വാങ്ങണമെന്നുള്ള നിർദേശത്തെ തുടർന്ന് നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിനായി ചീഫ് എഞ്ചിനീയർക്ക് (ഇൻലാന്റ് നാവിഗേഷൻ ആൻഡ് കുട്ടനാട് പാക്കേജ്) 22-11-2023-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്കും NOC ലഭിക്കുന്ന മുറയ്ക്കും ടെൻഡർ ചെയ്ത് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

കോയിക്കൽപ്പടി പാലം

പാലം നിർമ്മാണത്തിനായി 08-02-2022-ലെ സ.ഉ(സാധാ)നം. 138/2022/പൊ.മ.വ ഉത്തരവ് പ്രകാരം 459.65 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായുള്ള സാമൂഹ്യ ആഘാത പഠനം പൂർത്തീകരിച്ച് സർവെ നടപടികൾ പുരോഗമിക്കുന്നു, ജലാശയത്തിനുകുറുകെ നിർമ്മാണ പ്രവൃത്തികൾ നടത്തുമ്പോൾ ജലവിഭവ വകുപ്പിന്റെ അംഗീകാരം വാങ്ങണമെന്നുള്ള നിർദ്ദേശത്തെ തുടർന്ന് നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിനായി ചീഫ് എഞ്ചിനീയർക്ക് (ഇൻലാന്റ് നാവിഗേഷൻ ആൻഡ് കൂട്ടനാട് പാക്കേജ്) 22-11-2023-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്കും NOC ലഭിക്കുന്ന മുറയ്ക്കും ടെൻഡർ ചെയ്ത് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

ഇരിക്കൂർ പാലത്തിന് പകരം പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ

77 (3206) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ, ഇരിക്കൂർ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇരിക്കൂർ പാലത്തിന് പകരം പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

ഇരിക്കൂർ പാലത്തിന്റെ ബലക്ഷയംമൂലം പുതിയ പാലത്തിന്റെ നിർമ്മാണം നബാർഡ് ട്രാഞ്ച XXX (2024-25)-ൽ ഉൾപ്പെടുത്തുന്നതിനുള്ള ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തുക 12 കോടി രൂപയാണ്.

(ബി) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തിയുടെ വിശദാംശങ്ങളും പാലങ്ങൾ വിഭാഗത്തിന് കീഴിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങളും കെട്ടിടങ്ങൾ വിഭാഗത്തിന് കീഴിൽ വരുന്ന പ്രവൃത്തികളും പ്രോജക്ട് ഡയറക്ടർ, പി.എം.യു.-കെ.ആർ.എഫ്.ബി.-യുടെ കീഴിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികളും അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കരുവാറ്റക്കടവ് പാലം നിർമ്മാണം

78 (3207) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ കരുവാറ്റക്കടവ് പാലം പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പാലത്തിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ കരുവാറ്റക്കടവ് പാലത്തിനുവേണ്ടി 09-10-2023-ൽ 3.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു. പാലത്തിന് വിലങ്ങനെ മണ്ണിനടിയിൽ GAIL Pipe line കടന്നുപോകുന്നതിനാൽ GAIL അധികൃതരുമായി സംയുക്ത സ്ഥല പരിശോധനയ്ക്കുശേഷം സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി 29-05-2024-ൽ 3.50 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 01-06-2024-ൽ പ്രവൃത്തി ടെൻഡർ ചെയ്യുകയും ഏറ്റവും കുറഞ്ഞ തുകയ്ക്ക് ക്വാട്ട് ചെയ്ത് ULCCS Ltd എന്ന സ്ഥാപനവുമായി കരാർ ഉടമ്പടിവച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

(ബി) പ്രസ്തുത പാലത്തിന് എത്ര മീറ്റർ അപ്രോച്ച് റോഡാണ് നിർമ്മിക്കാനുദ്ദേശിക്കുന്നതെന്നും പാലം പ്രവൃത്തിയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

പ്രസ്തുത പാലത്തിന് ഉണ്ണികുളം ഭാഗത്ത് 125 മീറ്ററും താമരശ്ശേരി ഭാഗത്ത് 67 മീറ്ററും അപ്രോച്ച് റോഡ് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. 12.50 മീറ്ററുള്ള മൂന്ന് സ്പാനുകളോടുകൂടി 7.20 മീറ്റർ വീതിയിലും ഒരു വശത്ത് 1.20 മീറ്റർ വീതിയിലും ഫുട്പാത്തോടുകൂടിയാണ് പാലം വിഭാവനം ചെയ്തിരിക്കുന്നത്.

പനയ്ക്കപാലം ജംഗ്ഷനിലെ അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി

79 (3208) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ മണ്ഡലത്തിലെ പനയ്ക്കപാലം ജംഗ്ഷനിൽ നിരന്തരമായുണ്ടാകുന്ന അപകടവും അപകട സാധ്യതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ റോഡ് ഉയർത്തി വളവ് നിവർത്തി പാലം വീതി കൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പനയ്ക്കപ്പാലം പുനർനിർമ്മിക്കേണ്ടതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പാലം ഉയർത്തി നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിന് കൈമാറുന്നതാണ്.

കോങ്ങാട് മണ്ഡലത്തിലെ മൂന്നാംതോട് പാലം നിർമ്മാണം

80 (3209) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ മൂന്നാംതോട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) കല്ലാർ നദിക്ക് കുറുകെയുള്ള മൂന്നാം തോട് പാലത്തിന്റെ നിർമ്മാണത്തിനായി 560 ലക്ഷം രൂപയുടെ ഭരണാനുമതിക്കായി സമർപ്പിച്ച എസ്റ്റിമേറ്റ്, ബജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രം ഉണ്ടായിരുന്നതിനാൽ ഭരണാനുമതി നൽകിയിട്ടില്ല.

തവനൂർ മണ്ഡലത്തിലെ നായർ തോട് പാലം നിർമ്മാണം

81 (3210) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തവനൂർ മണ്ഡലത്തിലെ പുറത്തൂർ പഞ്ചായത്തിലെ കാവിലക്കാട് ജംഗ്ഷനിൽ നായർ തോട് പാലം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിരുന്നോ; എങ്കിൽ എത്ര രൂപയാണ് അനുവദിച്ചിരുന്നതെന്നും ഇതിന്റെ പ്രവൃത്തി ഏതുവരെയായെന്നും വിശദമാക്കാമോ?

തവനൂർ മണ്ഡലത്തിലെ നായർ തോട് പാലം പുനർനിർമ്മാണത്തിനായി 22-12-2022-ലെ സ.ഉ(സാധാ) നം.1250/2022/പൊമവ പ്രകാരം 974 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ ആവശ്യമാണ്. 21-05-2024-ൽ ചീഫ് എഞ്ചിനീയർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം സമർപ്പിച്ചത് നിലവിൽ റവന്യു വകുപ്പിന്റെ പരിഗണനയിലാണ്.

അങ്കമാലി മണ്ഡലത്തിലെ പാലങ്ങളും കൽവർട്ടുകളും

82 (3211) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെയായി അങ്കമാലി മണ്ഡലത്തിലെ ഏതെല്ലാം പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണത്തിനാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2016-17 മുതൽ നാളിതുവരെ അങ്കമാലി മണ്ഡലത്തിലെ Rehabilitation to Old Kalady Sreesankara Bridge എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 2016-17 മുതൽ നാളിതുവരെയായി പ്രസ്തുത മണ്ഡലത്തിലെ പാലങ്ങളുടെയും കൽവർട്ട് നിർമ്മാണങ്ങളുടെയും ഇൻവെസ്റ്റിഗേഷന് ഭരണാനുമതി ലഭിച്ചതിന്റെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണത്തിന് ഭരണാനുമതി നൽകിയവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

2016-17 മുതൽ ഇതുവരെ അങ്കമാലി മണ്ഡലത്തിൽ ഇൻവെസ്റ്റിഗേഷൻ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

Sl No.	പ്രവൃത്തി	AS വിവരങ്ങൾ	തുക
1.	പരിപ്പിൻതോട് പാലം നിർമ്മാണം	AS No-AS/59C/23/ 33447 Dated, 20-02-2024	2.6 ലക്ഷം
2.	അങ്ങാടിക്കടവ് പാലം നിർമ്മാണം	AS No- AS/59C/20/ 11816 Dated 15-02-2021	3.93 ലക്ഷം
3.	തിരുപ്പറമ്പ് പാലം നിർമ്മാണം	AS No-BRDREKM/BK2019/3888 Dated, 30-08-2019	9.04 ലക്ഷം

മേൽ പരാമർശിത പാലങ്ങളുടെ നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടില്ല.

ചാത്തന്നൂർ ആനാഞ്ചാൽ കടവിൽ നടപ്പാലം നിർമ്മാണം

83 (3212) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 1.25 കോടി രൂപ വിനിയോഗിച്ച് പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ വിഭാഗം) കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ നിർവഹണ ചുമതലയിൽ ചാത്തന്നൂർ ഗ്രാമ പഞ്ചായത്തിലെ ഇത്തിക്കര ആറിലെ ആനാഞ്ചാൽ കടവിൽ നടപ്പാലം നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും പാലത്തിന്റെ പ്രാഥമിക ഡിസൈൻ ഡ്രോയിംഗ്, ഡിസൈൻ വിഭാഗത്തിൽ നിന്ന് ലഭിക്കുകയും ചെയ്തു. എന്നാൽ രൂപകൽപ്പനയിൽ നിർമ്മാണത്തിനാവശ്യമായ

മാറ്റങ്ങൾ വരുത്തേണ്ടതിനാൽ ആയത് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം വഴി ലഭ്യമാക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

പരവൂർ ഒല്ലാൽ മേൽപ്പാലം നിർമ്മാണം

84 (3213) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ ഒല്ലാൽ റെയിൽവേ ലെവൽ ക്രോസിൽ മേൽപ്പാലം നിർമ്മിക്കുന്നതിനായി ആർ.ബി.ഡി.സി.കെ.-യുടെ നിർവഹണ ചുമതലയിൽ നടന്നുവരുന്ന നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

(ബി) മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട ജി.എ.ഡി.-ക്ക് അന്തിമാനുമതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അനുമതി ലഭിച്ചുകഴിഞ്ഞാൽ മേൽപ്പാലം നിർമ്മാണം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കുവാനുള്ളത്; വിശദമാക്കാമോ?

(എ&ബി) ചാത്തന്നൂർ മണ്ഡലത്തിലെ ഒല്ലാൽ റെയിൽവേ ലെവൽ ക്രോസിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് മേൽപ്പാലം നിർമ്മിക്കാൻ 2018-ൽ ഉത്തരവാകുകയും ആർ.ബി.ഡി.സി.കെ. സമർപ്പിച്ച പദ്ധതിരേഖ കിഫ്ബി

അംഗീകരിച്ച് 36.75 കോടി രൂപ അനുവദിക്കുകയും ചെയ്തു. തുടർന്ന് 11-08-2023-ന് ഈ പദ്ധതി 2023-24 റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തിയെന്ന് റെയിൽവേ അറിയിച്ചതനുസരിച്ച് 18-12-2023-ന് General Arrangement Drawing ആർ.ബി.ഡി.സി.കെ റെയിൽവെയിൽ സമർപ്പിച്ചു. എന്നാൽ 22-02-2024-ന് മേൽപ്പാലം സ്പെഷ്യൽ വെഹിക്കിൾ (SV) ലോഡിംഗിന് അനുസൃതമായ ഡിസൈൻ പ്രകാരം General Arrangement Drawing പുതുക്കി സമർപ്പിക്കുവാൻ റെയിൽവേ അറിയിക്കുകയുണ്ടായി. കൂടാതെ ടെയിൻ പാളം തെറ്റുമ്പോൾ, മേൽപ്പാലത്തിനുണ്ടാകാവുന്ന ആഘാതം കുറയ്ക്കുവാൻവേണ്ടി മേൽപ്പാലത്തിന്റെ ഡിസൈനിൽ വേണ്ട മാറ്റങ്ങൾ വരുത്തുവാൻ 19-03-2024-ന് റെയിൽവേ അറിയിച്ചു. റെയിൽവേ മേൽപാലത്തിന്റെ General Arrangement Drawing തയ്യാറാക്കേണ്ടത് RDSO അംഗീകൃത റെയിൽവേ GAD പ്രകാരമാണ്. എന്നാൽ SV Loading പ്രകാരമുള്ള RDSO അംഗീകൃത GAD ഡ്രോയിംഗ് ഇപ്പോൾ ലഭ്യമല്ല. ആയത് ലഭ്യമാക്കാൻ 14-03-2024-നും 03-05-2024-നും റെയിൽവേയ്ക്ക് കത്ത് നൽകിയിരിക്കുകയാണ്. റെയിൽവേയിൽനിന്നും ഡ്രോയിംഗ് ലഭ്യമായാൽ ഉടനെ തന്നെ General Arrangement Drawing തയ്യാറാക്കി റെയിൽവേയിൽ സമർപ്പിക്കുന്നതാണ്. General Arrangement

Drawing-ന് റെയിൽവേയിൽനിന്നും അംഗീകാരം ലഭ്യമായാൽ ഉടനെതന്നെ ഭൂമി ഏറ്റെടുക്കാൻ ആരംഭിക്കുന്നതുമാണ്.

തുരുത്തിമുക്ക് പാലം നിർമ്മാണം

85 (3214) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ്, കോഴിക്കോട് ജില്ലയിലെ നാദാപുരം എന്നീ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന തുരുത്തിമുക്ക് പാലം പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ?

കണ്ണൂർ ജില്ലയിലെ കിടഞ്ഞി തുരുത്തിമുക്ക് പാലത്തിന് 31-10-2016-ലെ G.O(Rt) No.1496/2016/PWD പ്രകാരം 15 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബിയിൽ നിന്നും 11.791 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. 25-10-2019-ൽ 12.98 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്തു. M/s ULCCS Pvt Ltd-ന് 12.32 കോടി രൂപയ്ക്ക് കരാർ നൽകി. പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ വൈകിയതുകാരണം പ്രവൃത്തി വൈകിയതിനെ തുടർന്ന് കരാറുകാരൻ Price Escalation ആവശ്യപ്പെട്ടിരുന്നു. ആയതിന് കിഫ്ബിയിൽനിന്ന് അംഗീകാരം

ലഭിക്കാത്തതിനെ തുടർന്ന് കരാറുകാരനെ ഒഴിവാക്കി പ്രവൃത്തി foreclose ചെയ്തു. നിലവിൽ ULCCS പാലത്തിന്റെ നിർമ്മാണം 7% മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. അപ്രോച്ച് റോഡുകളുടെ സ്ഥലം ഏറ്റെടുപ്പ് പൂർത്തീകരിച്ച് സ്ഥലം ലഭ്യമായതിനെത്തുടർന്ന് ബാലൻസ് എസ്റ്റിമേറ്റിന്, 08-05-2023-ൽ 14.8 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്തു. മൂന്നുതവണ പ്രവൃത്തി ടെൻഡർ ചെയ്തു. ആദ്യത്തെ ടെൻഡറിൽ സിംഗിൾ ബിഡ് ആയതിനാലും രണ്ടാമത്തെ ടെൻഡറിൽ അപ്രൂവൽ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരവും റീ-ടെണ്ടർ ചെയ്തു. മൂന്നാമത്തെ ടെൻഡറിൽ ULCCS ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയെക്കാൾ 27% അധികമായതിനാൽ എസ്റ്റിമേറ്റ് പുനഃപരിശോധിച്ച് വീണ്ടും ടെൻഡർ ചെയ്യുവാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആയതുപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്ത് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ബ്ലാവനക്കടവ്, മണികണ്ഠൻ ചാൽ പാലങ്ങളുടെ നിർമ്മാണം

86 (3215) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ ബ്ലാവനക്കടവ്, മണികണ്ഠൻ ചാൽ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(ബി) ആദിവാസി സമൂഹം ഉൾപ്പെടെ നിരവധിപേരുടെ ഏക യാത്രാമാർഗ്ഗമായ പ്രസ്തുത പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി)

<u>ബ്ലാവനക്കടവ് പാലം</u>: എറണാകുളം ജില്ലയിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ പെരിയാർ നദിക്ക് കുറുകെ ബ്ലാവന കല്ലേലിമേട് എന്നിവ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ബ്ലാവന പാലം നിർമ്മിക്കുന്നതിന് കേന്ദ്രവന (സംരക്ഷണ) നിയമം, 1980 പ്രകാരം കേന്ദ്രത്തിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആൻഡ് ഫോറസ്റ്റിന്റെ വെബ് സൈറ്റിൽ സമർപ്പിച്ചിരുന്നു. തുടർന്ന് ബന്ധപ്പെട്ട അതോറിറ്റി പ്രസ്തുത അപേക്ഷ സൂക്ഷ്മപരിശോധന നടത്തുകയും തുടർ നിർദ്ദേശപ്രകാരം Certificate of Authorisation ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പാലം 2018-19, 2022-23, 2023-24 വർഷങ്ങളിലെ ബജറ്റിൽ

ഉൾപ്പെട്ട് വന്നിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത പാലം റിസർവ് വനത്തിന്റെ ഭാഗമായതിനാൽ ഇവിടെ സർവെ ചെയ്യുന്നതിനും ബോർഹോൾ എടുക്കുന്നതിനും മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽനിന്നും അനുമതി ലഭ്യമാകേണ്ടതുണ്ട്. പൊതുമരാമത്തുവകുപ്പ് പാലം വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അതിനാവശ്യമായ അപേക്ഷ വനം വകുപ്പിന് നൽകിയിട്ടുണ്ട്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അനുമതി ലഭ്യമായാൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. കേന്ദ്രത്തിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ വീണ്ടും മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആൻഡ് ഫോറസ്റ്റിന്റെ വെബ്സൈറ്റിൽ (PARIVESH) സമർപ്പിക്കുകയും തുടർന്ന് ബന്ധപ്പെട്ട അതോറിറ്റി പ്രസ്തുത അപേക്ഷ സൂക്ഷ്മപരിശോധന നടത്തുകയും Compensatory Levies Payment 8,93,520/- രൂപ ലഭ്യമാക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പേയ്മെന്റ് ഒഴിവാക്കുന്നതിനുവേണ്ടി ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചുവെങ്കിലും ഗവൺമെന്റിന്റെ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി വനഭൂമികൾ, വനരഹിത ആവശ്യങ്ങൾക്കായി മാറ്റുന്നതിന് Compensatory Levies നിർബന്ധമാണെന്നും ആയതിനാൽ സർക്കാർ വകുപ്പുകൾ ഉൾപ്പെടെ ഏതെങ്കിലും

ഉപയോക്തൃ ഏജൻസിക്ക് Compensatory Levies ഒഴിവാക്കാനാവില്ലെന്നും അറിയിച്ചതിനാൽ അത് ലഭ്യമാക്കുന്നതിന് 13-06-2024-ൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലാണ്.

മണികണ്ഠൻചാൽ പാലം: എറണാകുളം ജില്ലയിലെ കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ പൂയംകുട്ടി മണികണ്ഠൻചാൽ റോഡിലെ മണികണ്ഠൻചാൽ പാലത്തിന്റെ പുനർനിർമ്മാണത്തിന് 0.75 ഹെക്ടർ വനഭൂമി അനുവദിക്കുന്നതിനായി കേന്ദ്രവന (സംരക്ഷണ)നിയമം, 1980 പ്രകാരം കേന്ദ്രത്തിന്റെ അനുമതി ലഭ്യമാക്കുന്നതിനായി മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് & ഫോറസ്ട്രിയുടെ വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലെ ബന്ധപ്പെട്ട ഓഫീസറുടെ നിർദ്ദേശപ്രകാരം കുട്ടമ്പുഴ റേഞ്ച് ഫോറസ്റ്റ് ഓഫീസറുമായി 27-07-2022-ൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും തുടർന്ന് അലൈൻമെന്റ് ഡ്രോയിംഗ് പ്രകാരം മുറിക്കേണ്ടതായിവരുന്ന മരങ്ങൾ മാർക്ക് ചെയ്ത്, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് തന്നെ പ്രസ്തുത പാലത്തിന്റെ ഇരുഭാഗത്തുമുള്ള മരങ്ങളുടെ ലിസ്റ്റ് എടുത്ത് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതുമാണ്.

അതുപ്രകാരം പാലം പണിയുന്നതിനായി ലാൻഡ് അക്വിസിഷൻ നടപടികൾ ആരംഭിക്കുന്നതിനുവേണ്ടി Boundary Stone Fix ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എന്നാൽ നിലവിൽ ലിസ്റ്റ് ചെയ്ത 52 മരങ്ങളിൽ ഫോറസ്റ്റ് ആഫീസിന് മുൻപിലുള്ള ഒരു മരം ഒഴിവാക്കിക്കൊണ്ട്, ഭൂമി ഏറ്റെടുത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുക എന്ന ആവശ്യവുമായി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് വീണ്ടും ഒരു ജോയിന്റ് ഇൻസ്പെക്ഷൻ ആവശ്യപ്പെടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 25-05-2023-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വീണ്ടും സ്ഥലം സന്ദർശിച്ചിരുന്നു. എന്നാൽ അപ്രോച്ച് റോഡിലെ കൂടുതൽ മരങ്ങൾ സംരക്ഷിച്ചുകൊണ്ട് പാലം നിർമ്മിക്കുന്നതിനായി അലൈൻമെന്റ് പുനഃപരിശോധിക്കുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ 13-09-2023, 14-09-2023 തീയതികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വീണ്ടും സ്ഥലം സന്ദർശിച്ചിരുന്നു. ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി വിശദമായി നടത്തിയ ചർച്ചയിലൂടെയും പരിശോധനയിലൂടെയും പഴയ പാലം നിലനിർത്തിക്കൊണ്ട്, മറ്റൊരു അലൈൻമെന്റിലൂടെ കൂടുതൽ മരങ്ങൾ സംരക്ഷിച്ചുകൊണ്ട് നിർമ്മാണ

പ്രവൃത്തികൾ നടത്താൻ അഭിപ്രായപ്പെടുകയുണ്ടായി. അതുപ്രകാരം പുതിയ അലൈൻമെന്റ് അംഗീകാരത്തിനായി നൽകുന്ന നടപടി സ്വീകരിച്ചുവരുന്നു.

സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്ഥാനക്കയറ്റം

87 (3216) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് യഥാസമയം സ്ഥാനക്കയറ്റം നൽകുന്നതിൽ വീഴ്ച സംഭവിക്കുന്നത് കാരണം പദ്ധതി നിർവ്വഹണത്തിൽ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പദ്ധതി നിർവ്വഹണം തടസ്സപ്പെട്ടിട്ടില്ല.

(ബി) 01-06-2024-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ), അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ), ഫസ്റ്റ് ഗ്രേഡ് ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), സെക്കൻഡ് ഗ്രേഡ് ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) എന്നീ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ?

01-06-2024-ൽ പ്രാബല്യത്തിൽ നിലവിലുണ്ടായിരുന്ന ഒഴിവുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തസ്തിക	ഒഴിവ്
എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)	11
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)	12
അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)	58
ഫസ്റ്റ് ഗ്രേഡ് ഓവർസിയർ/ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)	31
സെക്കൻഡ് ഗ്രേഡ് ഓവർസിയർ/ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)	19

(സി) പ്രസ്തുത ഒഴിവുകളിൽ സ്ഥാനക്കയറ്റം മുഖേന നികത്തേണ്ട ഒഴിവുകളുടെ എണ്ണവും ആയത് പ്രബല്യത്തിൽ വന്ന തീയതികളും അറിയിക്കാമോ; ഈ ഒഴിവുകൾ എന്നത്തേയ്ക്ക് നികത്തുമെന്ന് വ്യക്തമാക്കാമോ?

01-06-2024-ൽ നിലവിൽ വന്ന വിരമിക്കൽ ഒഴിവും സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയതിന്റെ ഫലമായി വന്ന 3 ഒഴിവുകളും അടക്കം 14 എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒഴിവുകൾ 12-06-2024-ലെ സ.ഉ(സാധാ)നം.575/2024/പൊ.മ.വ ഉത്തരവ് പ്രകാരം നികത്തിയിട്ടുണ്ട്. 01-06-2024-ൽ നിലവിൽവന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ 12 ഒഴിവുകളും എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയതുവഴി വന്ന ഒഴിവുകളടക്കം 24

ഒഴിവുകൾ 14-06-2024-ലെ സ.ഉ(സാധാ)നം.590/2024/പൊ.മ.വ ഉത്തരവ് പ്രകാരവും നികത്തിയിട്ടുണ്ട്.

സ്ഥാനക്കയറ്റം മുഖേന നികത്തേണ്ട തസ്തികകളിലെ ഒഴിവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ

ഒഴിവുകൾ പ്രാബല്യത്തിൽ വന്ന തീയതി	ഒഴിവുകളുടെ എണ്ണം
12-12-2023	9
04-01-2024	1
01-02-2024	2
10-02-2024	1
01-03-2024	3
01-04-2024	1
01-05-2024	4
01-06-2024	12
ആകെ	**33**

അസിസ്റ്റന്റ് എഞ്ചിനീയർ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ച് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

ഫസ്റ്റ് ഗ്രേഡ് ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ

ഒഴിവുകൾ പ്രാബല്യത്തിൽ വന്ന തീയതി	ഒഴിവുകളുടെ എണ്ണം
01-04-2024	1
01-05-2024	4
01-06-2024	12
ആകെ	17

സെക്കന്റ് ഗ്രേഡ് ഓവർസിയർ/ ഡ്രാഫ്റ്റ്സ്മാൻ

ഒഴിവുകൾ പ്രാബല്യത്തിൽ വന്ന തീയതി	ഒഴിവുകളുടെ എണ്ണം
09-04-2024	1
01-05-2024	1
01-06-2024	2
ആകെ	**4**

ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോഴിക്കോട് പൊതുമരാമത്ത് നിരത്ത് വിഭാഗം ഓഫീസിലെ ഓഫീസ് അറ്റൻഡന്റിന്റെ സ്ഥലംമാറ്റം

88 (3217) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം കോഴിക്കോട് ഓഫീസിൽ

ജോലി ചെയ്യുന്ന ഓഫീസ് അറ്റൻഡന്റ് ശ്രീ. ഉണ്ണി. കെ. ആർ.(പെൻ നം.759254) എന്നയാളുടെ സ്ഥലംമാറ്റ അപേക്ഷയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്രസ്തുത ജീവനക്കാരനെ സ്വന്തം ജില്ലയായ വയനാട്ടിലേയ്ക്ക് സ്ഥലം മാറ്റുന്നതിന് എന്ത് തടസ്സമാണ് നിലവിലുള്ളത്; പ്രസ്തുത ജീവനക്കാരന്റെ അപേക്ഷ ലഭ്യമായിട്ടുണ്ടോ?

(എ&ബി) പൊതുമരാമത്ത് വകുപ്പ്, നിരത്തു വിഭാഗം, കോഴിക്കോട് കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റായ ശ്രീ. ഉണ്ണി. കെ. ആർ (PEN 759254) വയനാട് ജില്ലയിലേയ്ക്ക് സ്ഥലം മാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും ടിയാന്റെ DRB കോഴിക്കോട് ജില്ല ആയതിനാലും ടിയാൻ സ്ഥലംമാറ്റം ആവശ്യപ്പെട്ട വയനാട് ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിന് ആനുപാതികമായ ഒഴിവുകൾ ഇല്ലാതിരുന്നതിനാലും ചട്ടപ്രകാരം ടിയാന്റെ അപേക്ഷ അനുവദനീയമായിരുന്നില്ല. അതിനാൽ ടിയാന്റേത് അനുകമ്പാർഹമായ ഒരു കേസായി പരിഗണിച്ച് ചട്ടങ്ങളിൽ ഇളവ് വരുത്തി സർക്കാർ പുറപ്പെടുവിച്ച 20-05-2024-ലെ സ.ഉ.(കൈ) നം. 25/2024/PWD ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം, ചീഫ് എഞ്ചിനീയർ 21-

06-2024-ലെ നം. CEPWD/4572/2024-ED3 നടപടിക്കുറിപ്പ് പ്രകാരം നിരത്തു വിഭാഗം, കൽപ്പറ്റ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേയ്ക്ക് ടിയാന് സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥലംമാറ്റം നടപ്പിലാക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സ്ഥാനപ്പേരും ഓഫീസും വ്യക്തമാക്കാമോ?

ചീഫ്എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, ഭരണവിഭാഗം, തിരുവനന്തപുരം.

കിഴക്കമ്പലം-പട്ടിമറ്റം-നെല്ലാട് റോഡ് നിർമ്മാണം

89 (3218) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കിഴക്കമ്പലം-പട്ടിമറ്റം-നെല്ലാട് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ടെൻഡർ അപ്രൂവൽ നടപടികൾക്ക് (ഫയൽ നം. ജി2/07/2024-പി.ഡബ്ല്യു.ഡി.) കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

കിഫ്ബി 2017-2018 പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടിമറ്റം - കിഴക്കമ്പലം മനക്കടവ് റോഡ് നവീകരണ പ്രവൃത്തികൾക്ക് 20 കോടി രൂപയ്ക്ക് തത്വത്തിൽ

ഭരണാനുമതിയും കിഫ്ബിയിൽ നിന്നും 32.63 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും നൽകിയിട്ടുള്ളതാണ്. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ച് കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തിക്ക് മൂന്ന് സ്പെച്ചുകളാണുള്ളത്. കരാറുകാരൻ സ്പെച്ച് (1&3) പൂർത്തീകരിച്ചെങ്കിലും സ്പെച്ച് 2-ൽ പ്രവൃത്തികൾ ആരംഭിക്കാതിരുന്നതിനെ തുടർന്ന് കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തു. കിഴക്കമ്പലം അന്ന ജംഗ്ഷൻ മുതൽ നെല്ലാട് വരെയുള്ള (സ്പെച്ച്-2) 13.65 Km റോഡിന്റെ ബാലൻസ് പ്രവൃത്തിക്ക് 01-11-2023-ൽ സാങ്കേതികാനുമതി നൽകുകയും 07-11-2023-ന് ടെൻഡർ ചെയ്യുകയും ചെയ്തു. 27-11-2023-ന് ചേർന്ന 48-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റി പ്രസ്തുത പ്രവൃത്തി DSoR 2018-ൽ ടെൻഡർ ചെയ്തതിനുള്ള വിശദീകരണവും വിശദമായ റിപ്പോർട്ടും സർക്കാരിലേയ്ക്ക് സമർപ്പിക്കാൻ നിർദ്ദേശിച്ച പ്രകാരം ആയത് 16-12-2023-ന് സർക്കാരിൽ സമർപ്പിച്ചിരുന്നു. സർക്കാരിൽനിന്നും 21-06-2024-ന് ടെൻഡറിന് അംഗീകാരം ലഭിച്ചതിനെ തുടർന്ന് ടെൻഡർ ഫയൽ അംഗീകാരത്തിനായി 21-06-2024-ൽ കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയാണ്.

(ബി) ടെൻഡർ നടപടികൾ പൂർത്തിയാക്കി റോഡ് നിർമ്മാണം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കിഫ്ബിയിൽ നിന്ന് ടെൻഡർ ഫയലിന് അംഗീകാരം ലഭ്യമാക്കി. LoA നമ്പർ, Unique agreement നമ്പർ ലഭിച്ചതിനുശേഷം Letter of Acceptance നൽകി, കരാറിൽ ഏർപ്പെട്ട് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാലക്കാട് ജില്ലയിലെ മലയോര ഹൈവേ

90 (3219)ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ മലയോര ഹൈവേ പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ 5 സ്ട്രെച്ചുകളിലൂടെയാണ് മലയോര ഹൈവേ കടന്നുപോകുന്നത്.

(1) കാഞ്ഞിരംപാറ മസ്ജിദ് - കുമരംപുത്തൂർ (18.10 കി.മീ) - മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുന്നത് പൊതുജനങ്ങളിൽ നിന്ന്

സൗജന്യമായി ഭൂമി വിട്ടുകിട്ടുന്നത് പ്രകാരമാണ്. ഈ സ്കെച്ചിൽ നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ട്. പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകുന്ന നടപടികൾ പുരോഗമിക്കുന്നു. തുടർന്ന് കുമരംപുത്തൂർ മുതൽ ചന്ദ്രനഗർ വരെ പാലക്കാട് കോഴിക്കോട് ദേശീയപാതയിലും ചന്ദ്രനഗർ മുതൽ കൂട്ടുപാത വരെ കൊച്ചിൻ സേലം ദേശീയപാതയിലും കൂട്ടുപാത മുതൽ ഗോപാലപുരം വരെ കിഫ്ബിയുടെ മറ്റൊരു പദ്ധതിയായ പാറ പൊള്ളാച്ചി റോഡിലും ഉൾപ്പെട്ടിട്ടുള്ളതാണ്.

(2) ഗോപാലപുരം മുതൽ കന്നിമാരിമേട് വരെ (14.86 കി.മീ), (3) കന്നിമാരിമേട് മുതൽ നെടുമണി വരെ (15.73 കി.മീ), (4) പനങ്ങാട്ടിരി-വിത്തനശ്ശേരി (7.057 കി.മീ), (5) നെന്മാറ ബൈപാസ് - തങ്കം ജംഗ്ഷൻ (15.21 കി.മീ) എന്നീ ബാക്കി നാലു സ്ട്രെച്ചുകളിൽ നിലവിലെ റോഡിന്റെ അതിരുകൾ തിട്ടപ്പെടുത്തുന്നതിനുള്ള താലൂക്ക് റവന്യു സർവെ നടന്നുവരികയാണ്.

ദേശീയപാതയുടെ ഡി.പി.ആർ. തയ്യാറാക്കിയതിലെ അപാകത

91 (3220)ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലൂടെ കടന്നുപോകുന്ന ദേശീയപാതയുടെ ഡി.പി.ആർ. തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിലേയ്ക്കുള്ള വഴിയും തീരദേശ ഹൈവേ കടന്നുപോകേണ്ട വഴിയും അടഞ്ഞുപോകുന്ന രീതിയിലാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് അമ്പലപ്പുഴ എം.എൽ.എ. നൽകിയ കത്തിലെ നിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ആലപ്പുഴയിലൂടെ കടന്നുപോകുന്ന ദേശീയപാത 66-ൽ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിലേയ്ക്കുള്ള വഴിക്ക് സമീപത്ത് അണ്ടർപാസുകളും സർവീസ് റോഡുകളും നൽകിയിട്ടുള്ളതിനാൽ വാഹനങ്ങൾക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. തോട്ടപ്പള്ളി സ്പാനുകളുടെ എണ്ണം കൂട്ടുന്നതിനും സർവീസ് റോഡുകൾ എക്സ്റ്റെന്റ് ചെയ്യുന്നതിനുമുള്ള തുറമുഖ വകുപ്പിന്റെ പ്രൊപ്പോസൽ ദേശീയപാത അതോറിറ്റിയുടെ പരിഗണനയിലാണ്.

(ബി) തീരദേശ ഹൈവേ തോട്ടപ്പള്ളി നാഷണൽ ഹൈവേയിലേയ്ക്ക് കയറുന്നതിനും പായൽക്കുളങ്ങരയിൽ നിന്ന് തിരിച്ച് തീരദേശ ഹൈവേയിലേക്ക് പോകുന്നതിനും അണ്ടർപാസ് ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തീരദേശ ഹൈവേ തോട്ടപ്പള്ളി നാഷണൽ ഹൈവേയിലേയ്ക്ക് കയറുന്നതിനും പായൽക്കുളങ്ങരയിൽ നിന്ന് തിരിച്ച് തീരദേശ ഹൈവേയിലേയ്ക്ക് പോകുന്നതിനും അണ്ടർപാസ് ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെയിനേജ് 430+ 850-ൽ അണ്ടർ പാസ് (LVUP) നൽകിയിട്ടുള്ളതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(സി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ, പായൽക്കുളങ്ങര, അമ്പലപ്പുഴ കച്ചേരിമുക്ക് ജംഗ്ഷൻ, മെഡിക്കൽ കോളേജ് ആശുപത്രി ജംഗ്ഷൻ എന്നീ സ്ഥലങ്ങളിലെ അണ്ടർപാസ്, ഫ്ലൈ ഓവർ എന്നിവയുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ദേശീയപാത 66-ൽ അമ്പലപ്പുഴ ഭാഗത്ത് വാഹനങ്ങൾക്ക് ക്രോസ് ചെയ്യുന്നതിന് വിവിധ ഭാഗങ്ങളിൽ ഫ്ലൈഓവറുകളും അണ്ടർപാസുകളും നൽകിയിട്ടുണ്ട്. സർവീസ് റോഡുകളുടെ ഈ ക്രോസിംഗ് സൗകര്യങ്ങളും

പ്രയോജനപ്പടുത്തി അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ, പായൽക്കുളങ്ങര, അമ്പലപ്പുഴ കച്ചേരിമുക്ക് ജംഗ്ഷൻ, മെഡിക്കൽ കോളേജ് ആശുപത്രി ജംഗ്ഷൻ എന്നീ ഭാഗങ്ങളിലേയ്ക്ക് സുഗമമായി എത്തിച്ചേരാവുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

മലയോര ഹൈവേയുടെ നിർമ്മാണം

92 (3221)ശ്രീ. ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലവരെ നീളുന്ന 1166 കി. മീ ദൈർഘ്യമുള്ള മലയോര ഹൈവേയ്ക്ക് 10-07-2017-ലെ Go(Rt)No.942/2017/PWD പ്രകാരം തത്വത്തിൽ 3500 കോടി രൂപയുടെ ഭരണാനുമതി നൽകി. കിഫ്ബി ഫണ്ടുപയോഗിച്ച് കെ.ആർ.എഫ്.ബി-പി.എം.യു. മുഖേന 793.68 കി.മീ ആണ് നടപ്പിലാക്കുന്നത്. കിഫ്ബി മാനദണ്ഡപ്രകാരം 12 മീറ്റർ വീതിയിൽ റോഡ് വികസനത്തിന് ആവശ്യമായ സ്ഥലം പൊതുജനങ്ങളിൽ നിന്ന് ലഭ്യമാക്കി DBM & BC നിലവാരത്തിൽ ഡിസൈൻ

റോഡ് നിർമ്മിക്കുന്നതിനാണ് മലയോര ഹൈവേ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കെ.ആർ.എഫ്.ബി - പി.എം.യു.-വിന്റെ കീഴിൽ 488.63 കി.മീ സാങ്കേതികാനുമതി നൽകി, ടെൻഡർ ചെയ്തിട്ടുണ്ട്. അതിൽ 297.595 കി.മീ പ്രവൃത്തി പുരോഗമിക്കുന്നു. 149.175 കി.മീ റോഡിന്റെ പ്രവൃത്തി ഇതുവരെ പൂർത്തിയായി. ബാക്കിയുള്ള 305.05 കി.മീ സാമ്പത്തികാനുമതി ലഭ്യമാക്കി, സാങ്കേതികാനുമതിക്കുള്ള നടപടികൾ പുരോഗമിക്കുന്നു. മലയോര ഹൈവേ പ്രവൃത്തികൾക്കായി ഇതുവരെ കിഫ്ബിയിൽനിന്നും 3505 കോടി രൂപയുടെ സാമ്പത്തികാനുമതി അനുവദിച്ചിട്ടുണ്ട്. ഇതിൽ 1288 കോടി രൂപ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുമുണ്ട്.

(ബി) നിർമ്മാണം പൂർത്തിയായ സ്ഥലങ്ങളിൽ അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(സി) അപകടസാധ്യത കൂടിയ മേഖലകളിലൂടെ കടന്നു പോകുന്നുവെന്നത് പരിഗണിച്ച് പ്രസ്തുത ഹൈവേ നിർമ്മാണത്തിൽ എന്തെല്ലാം പ്രത്യേക നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

(ബി &സി) ഓരോ പ്രവൃത്തിയുടെയും ഡി.പി.ആർ. നിർമ്മാണ വേളയിൽത്തന്നെ IRC മാനദണ്ഡപ്രകാരമുള്ള റോഡിന്റെ സേഫ്റ്റിക്ക് ആവശ്യമായ

ഘടകങ്ങൾ റോഡിന്റെ ഡിസൈനിലും റോഡ് ഫർണിച്ചറുകളിലും ഉൾപ്പെടുത്തുകയും അതുപ്രകാരംതന്നെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്യുന്നു. റോഡിൽ അപകടസാധ്യത കൂടിയ മേഖലകൾ പ്രത്യേകം അറിയുന്നതിനായി അപകടസൂചന ബോർഡുകളും റിഫ്ലക്ടറുകളും ദിശാസൂചക ബോർഡുകളും Object Hazard marker ബോർഡുകൾ Delineators metal beam crash barrier പോലുള്ളവയും സ്ഥാപിക്കുന്നു. കൂടാതെ റോഡ് പൂർത്തീകരിച്ചതിനുശേഷം കിഫ്ബിയുടെ നേതൃത്വത്തിൽ NATPAC-നെ കൊണ്ട് റോഡ് സേഫ്റ്റി ഓഡിറ്റും നടത്തിവരുന്നു.

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലൂടെയുള്ള തീരദേശ ഹൈവേ

93 (3222) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ അലൈൻമെന്റ് നടപടികൾ പൂർത്തിയായോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേയുടെ അലൈൻമെന്റ് നിശ്ചയിക്കുന്ന ഘട്ടത്തിൽ കല്യാശ്ശേരി മണ്ഡലത്തിലെ ഭാഗങ്ങൾ NHAI-യുടെ അഴീക്കൽ പോർട്ട്

കണക്ടിവിറ്റി പദ്ധതിയിൽ പരിഗണിച്ചിരുന്നു. എന്നാൽ പോർട്ട് കണക്ടിവിറ്റി പദ്ധതിയുടെ അലൈൻമെന്റിൽ ഈ ഭാഗം വരില്ല എന്ന് ഉറപ്പായ സാഹചര്യത്തിൽ പ്രസ്തുത റീച്ചിന്റെ അലൈൻമെന്റ് തയ്യാറാക്കുന്നതിന് NATPAC-നെ ചുമതലപ്പെടുത്തുകയും നിലവിൽ പ്രസ്തുത റീച്ചിന്റെ അലൈൻമെന്റ് തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. കിഫ്ബിയിൽ നിന്നും സ്ഥലമേറ്റെടുക്കുന്നതിനുള്ള സാമ്പത്തികാനുമതി ലഭിക്കുന്നതിനായി തയ്യാറാക്കിയ അലൈൻമെന്റ് പ്ലാനോടൊപ്പം LA പ്ലാനും കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

കാസർകോട് ജില്ലയിലെ ദേശീയപാതാ വികസന നിർമ്മാണം

94 (3223) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ദേശീയപാത വികസന നിർമ്മാണ പ്രവർത്തനം എത്ര ശതമാനം പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിലെ ദേശീയപാത നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

(എ &ബി) കാസർഗോഡ് ജില്ലയിൽ ദേശീയപാത വികസനത്തിന്റെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം+ ആയി ചേർക്കുന്നു.

(സി) ദേശീയ പാത വികസനത്തിനിടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ എത്ര കേസുകളാണ് കോടതിയിലുള്ളതെന്ന് വ്യക്തമാക്കാമോ?

(ഡി) പ്രസ്തുത കേസുകളിൽ തീർപ്പായവയും തീർപ്പാകാത്തതുമായവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(സി & ഡി) ദേശീയപാത വികസനത്തിനിടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ 1504 ആർബിട്രേഷൻ കേസുകൾ ഉൾപ്പെടെ ആകെ 1795 കേസുകൾ ഉള്ളതാണ്. കേസുകളുടെ വിശദവിവരങ്ങൾ അനുബന്ധം + ആയി ചേർക്കുന്നു.

(ഇ) കേസുകൾ തീർപ്പാകാത്തത് കാരണം ദേശീയപാത വികസനവുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവർത്തനങ്ങൾ എവിടെയെല്ലാം മുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് ജില്ലയിൽ 3 കേസുകൾ തീർപ്പാക്കാത്തത് കാരണം ദേശീയപാത വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മുടങ്ങിയിട്ടുള്ളതാണ്. ഈ കേസുകൾ മൊഗ്രാൽ, കാസർഗോഡ്, കാഞ്ഞങ്ങാട് എന്നീ വില്ലേജുകളിലാണ്.

(എഫ്) ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ നിർമ്മിച്ച അടിപ്പാതകളുടെയും സർവീസ് റോഡിന്റെയും അശാസ്ത്രീയ നിർമ്മാണംമൂലം ജനങ്ങൾ ദുരിതത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് എന്ത് പരിഹാര നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; ഇല്ലെങ്കിൽ ഇതേക്കുറിച്ച് പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താൻ സംവിധാനം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

IRC 87-2019 ക്ലോസ് 2.3 പ്രകാരം, ആറുവരി ഹൈവേയുടെ വികസനത്തിന് 60 മീറ്റർ ROW ലഭ്യമായിരിക്കണം. എന്നാൽ, NH 66 ആറുവരിപ്പാതയായി വികസിപ്പിക്കുന്നതിന് കേരളത്തിൽ 45 മീറ്റർ ROW മാത്രമാണ് ലഭ്യമായിട്ടുള്ളത്. സ്ഥലപരിമിതി കാരണം IRC മാനദണ്ഡങ്ങളിൽ ചില വ്യതിയാനങ്ങൾ

ഉണ്ടായിട്ടുള്ളത് ഒഴികെ അത്തരം അശാസ്ത്രീയമായ നിർമ്മാണങ്ങളൊന്നും ഉണ്ടായിട്ടില്ലെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

റസ്റ്റ് ഹൗസുകളിലെ ജീവനക്കാർക്ക് ഹോസ്പിറ്റാലിറ്റി പരിശീലനം

95 (3224) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലെ റസ്റ്റ് ഹൗസുകളിലെ ജീവനക്കാർക്ക് ഹോസ്പിറ്റാലിറ്റി പരിശീലനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലെ റസ്റ്റ് ഹൗസുകളിലെ ജീവനക്കാർക്ക് - KITTS-ന്റെ നേതൃത്വത്തിൽ ഹോസ്പിറ്റാലിറ്റി പരിശീലനം നൽകിയിട്ടുണ്ട്. തുടർ പരിശീലനങ്ങൾ നൽകുന്നതാണ്.

(ബി) പൊതുജനങ്ങൾക്ക് കൂടി സേവനം നൽകുന്ന എല്ലാ വിശ്രമകേന്ദ്രങ്ങളിലും മികവാർന്ന അമിനിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

പൊതുജനങ്ങൾക്ക് പൊതുമരാമത്ത് വിശ്രമ കേന്ദ്രങ്ങളിൽ മികവാർന്ന അമിനിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വളരെയധികം ശ്രദ്ധ

പുലർത്തുന്നുണ്ട്. റസ്റ്റ്ഹൗസ് നവീകരണത്തിനുള്ള പ്രത്യേക പദ്ധതിയും നടപ്പിലാക്കിവരുന്നു.

മരാമത്ത് വർക്കിംഗ് കലണ്ടർ

96 (3225) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് പണികൾക്കായി വർക്കിംഗ് കലണ്ടർ തയ്യാറാക്കുന്ന പ്രഖ്യാപനം നാളിതുവരെ നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) വർക്കിംഗ് കലണ്ടർ സംബന്ധിച്ച പ്രഖ്യാപനം നടത്തിയത് എന്നാണെന്നും നാളിതുവരെ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും അറിയിക്കാമോ; സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി വർക്കിംഗ് കലണ്ടർ നടപ്പാക്കുന്നതിനെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ &ബി) സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് സമയക്രമം നിശ്ചയിക്കുക എന്ന ലക്ഷ്യത്തോടെയാണ് വർക്കിംഗ് കലണ്ടറിന് രൂപം നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് തീരുമാനിച്ചത്. ഭരണാനുമതി, സാങ്കേതിക

അനുമതി, ടെൻഡർ പ്രവൃത്തി ആരംഭിക്കൽ തുടങ്ങിയ നടപടിക്രമങ്ങൾ സമയബന്ധിതമാക്കുകയാണ് വർക്കിംഗ് കലണ്ടറിലൂടെ ഉദ്ദേശിക്കുന്നത്. ധനകാര്യവകുപ്പിന്റേത് ഉൾപ്പെടെയുള്ള അനുമതി ലഭ്യമാകുന്ന മുറയ്ക്ക് വർക്കിംഗ് കലണ്ടർ പ്രസിദ്ധീകരിക്കും. എന്നാൽ വർക്കിംഗ് കലണ്ടറുമായി ബന്ധപ്പെട്ട് നിലവിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ക്രമീകരണം നടത്തിത്തുടങ്ങി. പ്രധാനമായും നിരത്ത് വിഭാഗം പ്രവൃത്തികളിലാണ് ഈ ക്രമീകരണം സാധ്യമാകുന്നത്. ബജറ്റിൽ പ്രഖ്യാപിച്ച നിരത്ത് വിഭാഗത്തിലെ പദ്ധതികൾക്ക് നിശ്ചിത സമയത്തിനകം നിലവിൽ ഭരണാനുമതി നൽകുന്നുണ്ട്. ഇവയുടെ സാങ്കേതിക അനുമതിയും കൃത്യമായി നൽകുന്നുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാക്കി നിശ്ചിത സമയത്ത് പ്രവൃത്തി ആരംഭിക്കാനും സാധിക്കുന്നുണ്ട്. എന്നാൽ കാലാവസ്ഥ വ്യതിയാനം സൃഷ്ടിക്കുന്ന തടസ്സങ്ങൾ പ്രവൃത്തി നടത്തിപ്പിനെ ബാധിക്കാറുണ്ട്.

പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് നൽകാനുള്ള തുക

97 (3226) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് 2024 മെയ് മാസം വരെ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശികത്തുക എത്രയാണ് എന്നതിന്റെ വിശദാംശം നൽകുമോ;

(ബി) കുടിശ്ശികത്തുക നൽകാത്തതുമൂലം കോൺട്രാക്ടർമാർ ടെൻഡർ നടപടികളിൽ പങ്കെടുക്കാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; പൂർത്തിയായ പ്രവൃത്തികളുടെ തുക അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) പൊതുമരാമത്ത് നിരത്തുകൾ, പാലങ്ങൾ, നിരത്തു പരിപാലനം എന്നീ വിഭാഗങ്ങളിൽ (01-10-2023 മുതൽ 30-04-2024 വരെ) 868.97 കോടി രൂപയും കെട്ടിട വിഭാഗത്തിൽ (01-12-2023 മുതൽ 31-03-2024 വരെ) 226,15,20,395/- രൂപയും ദേശീയപാത വിഭാഗത്തിൽ 2024 മെയ് മാസം വരെ 5,04,59,083/- രൂപയും കരാറുകാർക്ക് വിതരണം ചെയ്യാനുണ്ട്.

കുടിശ്ശികത്തുക നല്കാത്തതുമൂലം കോൺട്രാക്ടർമാർ ടെൻഡർ നടപടികളിൽ പങ്കെടുക്കാത്ത സാഹചര്യം നിലവിൽ ഇല്ല. പൊതുമരാമത്ത് വകുപ്പിലെ കരാറുകാരുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് തീർപ്പാക്കിവരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് നിശ്ചിത സമയത്ത്

തീർപ്പാക്കിവരുന്നുണ്ട്. കൂടാതെ കരാറുകാരുടെ ബില്ലുകൾക്ക് ബി.ഡി.എസ്. സംവിധാനവും നിലവിലുണ്ട്. കൃത്യമായ സമയക്രമത്തിൽ മാത്രം ബില്ലുകൾ തീർപ്പാക്കുമ്പോൾ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായാണ് സർക്കാർ ബി.ഡി.എസ്. സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്.

റോഡുകളുടെ വശങ്ങളിൽ നിൽക്കുന്ന അപകടകരമായ വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള ലേല നടപടിയിലെ കാലതാമസം

98 (3227) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിൽ നിൽക്കുന്ന അപകടകരമായ വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള ലേലനടപടികൾ എം.എസ്.ടി.സി.ലിമിറ്റഡ് (മെറ്റൽ സ്ക്രാപ്പ് ട്രേഡിംഗ് കോർപ്പറേഷൻ) വഴി നടത്തുന്നതുമൂലമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം.എസ്.ടി.സി. വഴി ലേലം ചെയ്യുമ്പോൾ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് കാലതാമസംവരുന്ന സാഹചര്യത്തിൽ അടിയന്തരഘട്ടങ്ങളിലെങ്കിലും മുൻപുണ്ടായിരുന്നതുപോലെ സൈറ്റിൽ വച്ച് തന്നെ പരസ്യമായി ലേലം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ& ബി) 17-04-2012-ലെ G.O(Ms)No.223/2012/fin പ്രകാരവും ചീഫ് എഞ്ചിനീയർ തലത്തിലെ സർക്കുലറുകൾ പ്രകാരവും ലേല നടപടികൾ MSTC വഴിയാണ് നടത്തേണ്ടത്. അതിനാൽ മുൻപ് ഉണ്ടായിരുന്നതുപോലെ site-ൽ വച്ച് പരസ്യമായി ലേലം ചെയ്യുന്ന രീതി അവലംബിക്കാൻ നിലവിൽ സാധ്യമല്ല. അടിയന്തരഘട്ടങ്ങളിൽ MSTC മുഖേനതന്നെ ആവശ്യമെങ്കിൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അധികാര പരിധിക്കുള്ളിൽ നിന്ന് ലേലത്തുകയിൽ കുറവ് വരുത്തി എത്രയും പെട്ടെന്നുതന്നെ മുറിച്ചുമാറ്റുന്നതിനുള്ള നിർദ്ദേശം നൽകാറുണ്ട്. അപകടകരമായ സാഹചര്യമാണെങ്കിൽ മരങ്ങൾ മുറിച്ചുമാറ്റിയശേഷം ലേല നടപടികൾ സ്വീകരിക്കേണ്ടതായും വരുന്നുണ്ട്.

സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

99 (3228) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിലെ പ്രവർത്തനരഹിതമായ സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ പിലാത്തറ-പാപ്പിനിശ്ശേരി റോഡിലെ പ്രവർത്തനരഹിതമായ സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പാപ്പിനിശ്ശേരി റെയിൽവേ ഓവർ ബ്രിഡ്ജിലെ കേടായ സോളാർ ലൈറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് പഞ്ചായത്ത് പദ്ധതികളിലും മറ്റും ഉൾപ്പെടുത്തി ചെയ്യുന്നതിന് അനുമതി നൽകാൻ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന് നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ, 'നിലാവ്' പദ്ധതിയിൽ ഉൾപ്പെട്ട തെരുവുവിളക്ക് അറ്റകുറ്റപ്പണി കെ.എസ്.ഇ.ബി. മുഖാന്തരം നടപ്പിലാക്കുന്നു. അല്ലാത്തത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എ.എം.സി. വച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു.

കാട്ടാക്കട നിയോജകമണ്ഡലത്തിലെ ഇ.എം.എസ്. ലൈബ്രറിയുടെ നിർമ്മാണം

100 (3229) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടും പ്രത്യേക വികസന ഫണ്ടും ഉപയോഗിച്ച് അനുമതി ലഭിച്ച ഇ.എം.എസ്. ലൈബ്രറിയുടെ നിർമ്മാണത്തിന്റെയും കുറ്റിക്കാട് കുളം പാർക്ക് നിർമ്മാണത്തിന്റെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

ബഹുമാനപ്പെട്ട കാട്ടാക്കട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 30 ലക്ഷം രൂപയുടെയും എസ്.ഡി.എഫിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപയുടെയും ഭരണാനുമതി യഥാക്രമം കുറ്റിക്കാട് കുളം പാർക്ക് നിർമ്മാണം, ഇ.എം.എസ്. ലൈബ്രറി നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് നൽകിയിരുന്നു. കുറ്റിക്കാട് കുളത്തിനോട് ചേർന്ന് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ഇ.എം.എസ്. ലൈബ്രറിയുടെ സിറ്റിംഗ് ഏര്യയുടെ തൂണുകൾ കുളത്തിലേയ്ക്ക് ഇറക്കിയാണ് നിർമ്മിക്കേണ്ടത്. അതിനായി കുളം വറ്റിക്കാതെ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുമായിരുന്നില്ല. കുറ്റിക്കാട് കുളത്തിൽ കാട്ടാക്കട ഗ്രാമ പഞ്ചായത്ത് മത്സ്യകൃഷി നടത്തിയിരുന്നതിനാൽ വിളവെടുപ്പ് കഴിഞ്ഞാൽ മാത്രമെ കുളം വറ്റിക്കുവാൻ കഴിയുമായിരുന്നുള്ളൂ. ഇപ്പോൾ വിളവെടുപ്പ് കഴിഞ്ഞെങ്കിലും നിർമ്മാണ സാമഗ്രികളുടെ വില ടെൻഡർ സമയത്തുണ്ടായിരുന്നതിനെക്കാൾ വർദ്ധിച്ചതു കാരണം കരാർ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ഇരു പ്രവൃത്തികളുടെയും കരാറുകാർ അപേക്ഷ സമർപ്പിച്ച സാഹചര്യത്തിൽ, ഇ.എം.എസ്. ലൈബ്രറിയുടെ നിർമ്മാണ കരാർ റദ്ദ് ചെയ്യുകയും കുറ്റിക്കാട് കുളം പാർക്ക് നിർമ്മാണ പ്രവൃത്തിയുടെ കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ കുളത്തിൽ ചെളി അടിഞ്ഞുകൂടി കിടക്കുന്നതിനാൽ വിശദമായ ഇൻവെസ്റ്റിഗേഷനും ഡിസൈനും ചെയ്ത് എസ്റ്റിമേറ്റ് പുതുക്കേണ്ടതുണ്ട്. ആയതിനാൽ സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് വേണ്ടിയുള്ള പാർട്ട് റ്റി.എസ്. ലഭ്യമാക്കുന്നതിനും മണ്ണ് പരിശോധന നടത്തുന്നതിനുമുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരുന്നു.

നബാർഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

101 (3230) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഒറ്റപ്പാലം നിയോജകമണ്ഡത്തിൽ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

11-02-2019-ലെ സ.ഉ(സാ.ധാ)നം. 202/2019/പൊമവ പ്രകാരം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ " ഇംപ്രൂവ്മെന്റ് ടു അമ്പലപ്പാറ - മണ്ണൂർ റോഡ് കീ.മി. 0/000-10/726 എന്ന പ്രവൃത്തിക്ക് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി 2018-2019

വർഷം, 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-17, 2017-18, 2019-20, 2020-21, 2021-22, 2023-24 വർഷങ്ങളിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിന് നബാർഡ് സ്കീമിൽ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

(ബി) പ്രസ്തുത മണ്ഡലത്തിൽ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി പുതുതായി ഏതെങ്കിലും പ്രവൃത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തിയ പുതിയ പ്രൊപ്പോസലുകൾ നിലവിൽ ഇല്ല.

സംസ്ഥാനത്തിന് പുറത്തുള്ള സ്ഥാവര വസ്തുക്കളുടെ പരിപാലനം

102 (3231) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ളതും എന്നാൽ സംസ്ഥാനത്തിന് പുറത്ത് സ്ഥിതി ചെയ്യുന്നതുമായ സ്ഥാവര വസ്തുക്കളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വസ്തുക്കളുടെ ഭരണവും പരിപാലനവും വകുപ്പ് നേരിട്ടാണോ നടത്തുന്നത്; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

(എ &ബി) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള തമിഴ്നാട് കുറ്റാലം കൊട്ടാരം ഉൾപ്പെടുന്ന 56.68 ഏക്കർ സ്ഥലം പൊതുമരാമത്ത് വകുപ്പ് പരിപാലിച്ചുവരുന്നു. കുറ്റാലം കൊട്ടാരത്തിന്റെ ഭരണവും പരിപാലനവും പൊതുമരാമത്ത് വകുപ്പ് നേരിട്ടാണ് നടത്തുന്നത്.

(സി) പൊതുമരാമത്ത് വകുപ്പ് നേരിട്ടല്ലാതെ മറ്റേതെങ്കിലും ഏജൻസികൾ വഴിയോ വ്യക്തികൾ വഴിയോ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥാവര വസ്തുക്കളുടെ മേൽനോട്ടവും ഭരണവും ഇപ്പോൾ നടത്തി വരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഇത്തരം സ്ഥാവര വസ്തുക്കളുടെ പരിപാലനത്തിനായി പ്രതിവർഷം ശരാശരി എത്ര തുക വകുപ്പിന് ചെലവഴിക്കേണ്ടി വരുന്നുവെന്നും ഇത്തരം സ്ഥാവര വസ്തുക്കളിൽ നിന്നും വകുപ്പിന് എത്ര തുക പ്രതിവർഷം ലഭിക്കുന്നുവെന്നും വ്യക്തമാക്കുമോ?

പരിപാലനത്തിനായി ശരാശരി 37,63,944/- രൂപ പ്രതിവർഷം ചെലവാകുന്നുണ്ട്, 12,72,348/- രൂപ വരവും ഉണ്ട്.

തിരുരങ്ങാടി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

103 (3232) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുരങ്ങാടി മണ്ഡലത്തിലെ ന്യൂക്കട്ട് ടൂറിസം പദ്ധതി, കൊടിഞ്ഞി ഇരുകുളം ടൂറിസം പദ്ധതി, തെന്നല പഞ്ചായത്തിലെ പെരുമ്പുഴ ടൂറിസം പദ്ധതി, പരപ്പനങ്ങാടി തീരദേശ ചാപ്പപ്പടി ടൂറിസം പദ്ധതി, പരപ്പനങ്ങാടി കെട്ടുങ്ങൽ ടൂറിസം പദ്ധതി എന്നിവയുടെ പുരോഗതി സംബന്ധിച്ച വിശദവിവരം ഓരോന്നും ഇനം തിരിച്ച് ലഭ്യമാക്കാമോ?

വിനോദസഞ്ചാര വകുപ്പിന്റെ പുതിയ പദ്ധതികളൊന്നും ഇവിടെ നിലവിലില്ല.

തീർത്ഥാടക ടൂറിസം പദ്ധതികൾ

104 (3233) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീർത്ഥാടന കേന്ദ്രങ്ങളെയും സാംസ്കാരിക കേന്ദ്രങ്ങളെയും ബന്ധിപ്പിച്ച് ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ പ്രധാനപ്പെട്ട ആരാധനാലയങ്ങളിൽ തീർത്ഥാടന സഞ്ചാരികൾക്കായി അമിനിറ്റി സെന്റർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് 'തത്വമസി' എന്ന പേരിലും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. അതോടൊപ്പം സാംസ്കാരിക കേന്ദ്രങ്ങളെ യോജിപ്പിച്ചുകൊണ്ട് ലിറ്ററി സർക്യൂട്ടിനും രൂപം നൽകിയിട്ടുണ്ട്.

(ബി) കേന്ദ്ര സഹായത്തോടെ കൂടുതൽ തീർത്ഥാടക ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി താഴെ പറയുന്ന 3 തീർത്ഥാടന ടൂറിസം പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.

- സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രയിൻ, മലയാറ്റൂർ അണ്ടർ പ്രസാദ് സ്കീം – പദ്ധതി തുക 29.91 കോടി രൂപ
- ചേരമൻ ജുമാ മസ്ജിദ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ -പദ്ധതി തുക 4.29 കോടി രൂപ
- ഡെവലപ്പ്മെന്റ് ഓഫ് റിലീജിയസ് സെന്റേഴ്സ് അറ്റ് പെരുമ്പാവൂർ ഇൻ എണാകുളം ഡിസ്ട്രിക്ട് – പദ്ധതി തുക 7 കോടി രൂപ

(സി) വിനോദസഞ്ചാരരംഗത്ത് ഏറെ സാധ്യതയുള്ള സ്പൈസ് റൂട്ട്, പൈതൃക ടൂറിസം എന്നിവ ബൃഹത് പദ്ധതികളായി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

സ്പൈസ് റൂട്ട്, പൈതൃക ടൂറിസം പദ്ധതികൾ വിപുലീകരിച്ച് നടപ്പിലാക്കുന്നത് പരിഗണനയിലാണ്.

(ഡി) സംസ്ഥാനത്തെ വിനോദസഞ്ചാര വ്യവസായം ചിലയിടങ്ങളിൽ മാത്രം കേന്ദ്രീകരിച്ചിരിക്കുന്നതിനുപകരം വികേന്ദ്രീകൃത രീതിയിൽ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേരളത്തെയാകെ ഒരു ടൂറിസം കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ടൂറിസം വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചുവരുന്നത്. വിനോദസഞ്ചാര വ്യവസായം സംസ്ഥാനത്തെ എല്ലാ ടൂറിസം കേന്ദ്രങ്ങളുടെയും വികസനത്തെ മുൻനിർത്തിയിട്ടുള്ളതാണ്. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളുടെ ടൂറിസം സാധ്യതയ്ക്ക് അനുസൃതമായാണ് ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. കൂടാതെ എല്ലാ പഞ്ചായത്തുകളിലും ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതിയും വകുപ്പ് നടപ്പിലാക്കിവരുന്നു.

കാരവൻ ടൂറിസം

105 (3234) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ പ്രദേശങ്ങളുടെ സൗന്ദര്യം വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച കാരവൻ ടൂറിസത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

കോവിഡാനാന്തരം സുരക്ഷിത ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കാരവൻ ടൂറിസം ആരംഭിച്ചത്. ഇതിനായി സമഗ്രമായി ഒരു നയം ടൂറിസം വകുപ്പ് ആവിഷ്കരിച്ചു. കാരവൻ ടൂറിസത്തിന് താല്പര്യം പ്രകടിപ്പിച്ചവരുമായി യോഗങ്ങൾ നടത്തി കാരവൻ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താൻ നീക്കം തുടങ്ങി. കാരവൻ ടൂറിസത്തിനായി സഞ്ചാരികളെ ആകർഷിക്കുന്നതിന് രാജ്യത്തിനകത്തും പുറത്തും വിപുലമായ പ്രചരണ പരിപാടികൾക്ക് രൂപം നൽകുകയും നടപ്പാക്കുകയും ചെയ്തു. വിദേശ സഞ്ചാരികൾ ഉൾപ്പെടെയുള്ളവരെ കാരവൻ ടൂറിസം മികച്ച നിലയിൽ ആകർഷിച്ചു. സംസ്ഥാനത്ത് ഇതിനകം 13 കാരവനുകൾ വിനോദ

സഞ്ചാരികൾക്കായി സർവ്വീസ് നടത്തുന്നുണ്ട്. വാഗമണ്ണിൽ ഒരു കാരവൻ പാർക്ക് സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിൽ കമ്മിഷൻ ചെയ്തിട്ടുണ്ട്. KTDC-യുമായി സഹകരിച്ച് കാസർഗോഡ് ബേക്കലിലും എറണാകുളത്ത് ബോൾഗാട്ടി പാലസ് ഹോട്ടലിലും കാരവൻ പാർക്കുകൾ തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കാരവൻ ടൂറിസം വികസനത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തിയിരുന്നു. നടപ്പ് സാമ്പത്തിക വർഷം കാരവൻ ടൂറിസത്തിന് സബ്സിഡികൾ നൽകാനായി 3.10 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നിലവിൽ കാരവൻ വാങ്ങുന്ന സംരംഭകർക്ക് ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകിവരുന്നു. നാളിതുവരെ 13 സംരംഭകർക്കായി സബ്സിഡി ഇനത്തിൽ ആകെ 97.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ 24-11-2022-ലെ GO(P) No. 34/2022/Trans പ്രകാരം ടൂറിസം വകുപ്പുമായി കരാറിലേർപ്പെട്ടിരിക്കുന്ന കാരവനുകൾക്ക് ത്രൈമാസ നികുതിയിൽ 50% ഇളവ് മോട്ടർ വാഹന വകുപ്പ് ലഭ്യമാക്കുന്നുണ്ട്.

(ബി) പദ്ധതിയുടെ പ്രവർത്തന പുരോഗതി ശാസ്ത്രീയമായി വിലയിരുത്തി ന്യൂനതകളുണ്ടെങ്കിൽ ആയത് പരിഹരിച്ച് കൂടുതൽ കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

കാരവൻ ടൂറിസം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും സംരംഭകരുടെ നിർദേശംകൂടി പരിശോധിച്ച് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നു.

(സി) കാരവൻ പാർക്കുകളിൽ സംരംഭകത്വം ആരംഭിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;?

08-10-2021-ലെ G.O(MS)18/2021/TSM ഉത്തരവ് പ്രകാരം സർക്കാർ കാരവൻ ടൂറിസം നയം പുറപ്പെടുവിച്ച് ഉത്തരവായിരുന്നു. ഉത്തരവിൽ കാരവൻ പാർക്കിന്റെ സൗകര്യങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. കാരവൻ പാർക്കുകൾ, സർക്കാർ അംഗീകരിച്ച കാരവൻ നയത്തിൽ പ്രതിപാദിക്കുന്ന വിധത്തിൽ സ്വകാര്യ സംരംഭകർക്ക് ആരംഭിക്കാവുന്നതാണ്. കാരവൻ പാർക്കുകളുടെ നിർമ്മാണ വേളയിൽ മറ്റു വകുപ്പുകളിൽനിന്നും ലഭിക്കേണ്ട അനുമതികളിൽ കാലതാമസം വരുന്നപക്ഷം സംരംഭകർ ടൂറിസം വകുപ്പിൽ അപേക്ഷ സമർപ്പിച്ചാൽ നിയമപ്രകാരമുള്ള സാധ്യമായ സഹായങ്ങൾ വകുപ്പ് ചെയ്തു നൽകുന്നതാണ്.

വിനോദസഞ്ചാരത്തോടൊപ്പം ഓൺലൈനായി തൊഴിൽ ചെയ്യാൻ സൗകര്യം

106 (3235) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലകളിലേയ്ക്ക് ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്നവരെ കൂടുതലായി ആകർഷിക്കുന്നതിനുള്ള സാധ്യതകൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. ഐ.ടി.മേഖലയിലെ ജീവനക്കാരെ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് കെ.ടി.ഡി.സി-യുടെ "വർക്കേഷൻ" പദ്ധതി. കെ.ടി.ഡി.സി. ടി പദ്ധതിക്കായി 10 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഐ.ടി. മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് വിനോദസഞ്ചാരത്തോടൊപ്പം ഓൺലൈനായി അവരുടെ തൊഴിൽ ചെയ്യുന്നതിനും സൗകര്യപ്പെടുന്നതരത്തിൽ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഒരു ഓഫീസ് പരിതസ്ഥിതിയിൽ സൃഷ്ടിക്കുന്ന ജോലി സമ്മർദ്ദം കുറയ്ക്കുന്നതിനായി ജോലിയും വിനോദവും ഒരുമിച്ച് കൊണ്ടുപോകുന്ന ഒരു പുതിയ ആശയമാണ് "വർക്കേഷൻ". വിനോദത്തിനുള്ള ഘടകങ്ങളോടൊപ്പം ജോലി ചെയ്യാനുള്ള സൗകര്യങ്ങളും ഒരുക്കിയാണ് "വർക്കേഷൻ" വിഭാവനം ചെയ്തിരിക്കുന്നത്. ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്നവരെയാണ് പ്രധാനമായും ലക്ഷ്യമിടുന്നതെങ്കിലും മറ്റ് സൃഷ്ടിപരമായ തൊഴിൽ ചെയ്യുന്നവർക്കും ഇത്തരം പദ്ധതികൾ ഉപകാരപ്പെടുന്നതാണ്.

ബൈപ്പാസ് റൂട്ട് പദ്ധതി

107 (3236) ശ്രീ. പി. നന്ദകുമാർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) പൈതൃക ടൂറിസം പദ്ധതിയെ ബന്ധിപ്പിക്കുന്ന സർക്യൂട്ട് വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ പൈതൃക ടൂറിസം കേന്ദ്രങ്ങൾ യോജിപ്പിച്ചുകൊണ്ട് പൈതൃക ടൂറിസം സർക്യൂട്ടുകൾ നിലവിലുണ്ട്. അതോടൊപ്പം സ്പൈസ് റൂട്ട്

ഹെറിറ്റേജ് പ്രോജക്ട് കേരളത്തിലെ എല്ലാ പ്രധാന പൈതൃക മേഖലയെയും കേന്ദ്ര ഹബ്ബായ മുസിരിസുമായി ബന്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു. വിഴിഞ്ഞം, കൊല്ലം, അഞ്ചുതെങ്ങ്, പുറക്കാട്, ആലപ്പുഴ, കൊച്ചി, കൊടുങ്ങല്ലൂർ, ചേറ്റുവ, പൊന്നാനി, പന്തലായനി, പരപ്പനങ്ങാടി, ബേപ്പൂർ, കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, കുമ്പള, ബേക്കൽ തുടങ്ങിയ പ്രാചീന ചരിത്ര പ്രധാനമായ സമുദ്ര വ്യാപാര കേന്ദ്രങ്ങളും ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, പുരാതന കേരളത്തിലെ ഉൾനാടൻ വ്യാപാര പാതകളുമായി ബന്ധം സ്ഥാപിക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

(ബി) വിദേശ രാജ്യങ്ങളുമായി ബന്ധമുണ്ടായിരുന്ന തുറമുഖങ്ങളെ ബന്ധിപ്പിച്ച് നടപ്പിലാക്കിവരുന്ന ബൈപ്പാസ് റൂട്ട് പദ്ധതി ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

വിദേശ രാജ്യങ്ങളുമായി ബന്ധമുള്ള തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന സ്പൈസസ് റൂട്ട് പദ്ധതി സംസ്ഥാനത്ത് വിപുലീകരിച്ചുകൊണ്ടിരിക്കുകയാണ്. കൊടുങ്ങല്ലൂർ-പറവൂർ പ്രദേശങ്ങളുടെ പൈതൃകശേഷിപ്പുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള മുസിരിസ് പദ്ധതിയാണ് ആദ്യഘട്ടം. രണ്ടാം ഘട്ടമായി ആലപ്പുഴയിലെയും പൈതൃക സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഈ പദ്ധതികൾക്കൊപ്പം കൊല്ലം, പൊന്നാനി, ബേപ്പൂർ

തുടങ്ങിയവയുടെയും പൈതൃക സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള പഠനം ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ പൈതൃക കേന്ദ്രങ്ങളും സമീപ പ്രദേശങ്ങളിലെ പൈതൃകശേഷിപ്പുകളും ആരാധനാലയങ്ങളും വികസിപ്പിക്കുന്നതിന് മുസിരിസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തലശ്ശേരി പൈതൃക ടൂറിസം പദ്ധതി, ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി എന്നിങ്ങനെ വിവിധ സർക്യൂട്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു.

1. മുസിരിസ് പൈതൃക പദ്ധതി

മുസിരിസിന്റെ ചരിത്രപരവും സാംസ്കാരികപരവുമായ നേർകാഴ്ചയെ പുനരുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപംകൊടുത്ത പദ്ധതിയാണ് മുസിരിസ് പൈതൃക പദ്ധതി. ലോക വ്യാപാരികളെ ആകർഷിച്ച മുസിരിസ്, നെല്ക്കിണ്ട, തിണ്ടിസ് പോലുള്ള ആദ്യകാല തുറമുഖങ്ങളും പൈതൃക അവശേഷിപ്പുകളും പുനരുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപം നൽകിയ ആദ്യത്തെ പൈതൃക സംരക്ഷണ പദ്ധതിയാണ് മുസിരിസ് പൈതൃക പദ്ധതി.

2. ആലപ്പുഴ പൈതൃക പദ്ധതി

വിശാലമായ അറബിക്കടലിന്റെയും അതിലേക്കൊഴുകുന്ന നദീശൃംഖലയുടെയും ഇടയിലായി സ്ഥിതി ചെയ്യുന്ന ആലപ്പുഴയിൽ തുറമുഖം, കടൽപ്പാലം, കനാലുകൾ, ചരിത്രം വിളിച്ചോതുന്ന നൂറ്റാണ്ടുകളുടെ കഥ പറയുന്ന സ്മാരകങ്ങൾ, ആരാധനാലയങ്ങൾ, കയർ ഫാക്ടറികൾ എന്നിവ നിലനിൽക്കുന്നു. ഇവയുടെ പുനരുദ്ധാരണവും തദ്വാര ആലപ്പുഴ പട്ടണത്തിന്റെ പഴയ പ്രതാപം വീണ്ടെടുക്കുവാനുള്ള സമഗ്രമായ ശ്രമവുമാണ് ആലപ്പുഴ പൈതൃക പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

3. തലശ്ശേരി പൈതൃക ടൂറിസം പദ്ധതി

പഴയ തലശ്ശേരി തുറമുഖത്തെ ഒരു പ്രഭവ കേന്ദ്രമാക്കി പൗരാണിക കേരളത്തിന്റെ സാമൂഹ്യവും സാംസ്കാരികവും ചരിത്രപരവുമായ മൂല്യങ്ങൾ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുക വഴി തലശ്ശേരിയെ ഒരു പൈതൃക കേന്ദ്രമാക്കുക എന്ന ലക്ഷ്യവുമായാണ് വിനോദസഞ്ചാര വകുപ്പ് തലശ്ശേരി പൈതൃക പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

4. ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി

തിരുവിതാംകൂറിന്റെ ചരിത്ര പ്രധാന്യം വ്യക്തമാക്കുന്ന സ്ഥലങ്ങളെ കൂട്ടിയിണക്കി പൈതൃക സർക്യൂട്ട് ആരംഭിക്കുന്നതിനാണ് ഈ പദ്ധതി കൊണ്ട്

ഉദ്ദേശിക്കുന്നത്. തലസ്ഥാനനഗരിയിലെ 30 പൈതൃക കെട്ടിടങ്ങളെ ഉൾപ്പെടുത്തി 5 സോണുകളായി തിരിച്ചാണ് ഈപദ്ധതി നടപ്പിലാക്കുന്നത്.

(സി) വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വിദ്യാർത്ഥികൾക്കായി സ്റ്റുഡന്റ് ഹെറിറ്റേജ് വാക്ക് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

2021-22 കാലഘട്ടങ്ങളിൽ കേരളത്തിലെ 14 ജില്ലകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് സ്റ്റുഡന്റ്സ് ഹെറിറ്റേജ് വാക്ക് എന്ന പ്രോഗ്രാം സംഘടിപ്പിച്ചിരുന്നു. വിദ്യാർത്ഥികൾക്ക് പൈതൃക പ്രദേശം സഞ്ചരിക്കുന്നതിന് ബോട്ട് ടൂർ ഉൾപ്പെടെ സൗജന്യ പ്രവേശനമാണ് മുസിരിസ് പൈതൃക പദ്ധതി നൽകിയിരുന്നത്. നിലവിൽ പൈതൃക ദിനാചരണത്തിനൊപ്പം അന്താരാഷ്ട്ര മ്യൂസിയം ദിനം തുടങ്ങിയ ദിവസങ്ങളിൽ മുസിരിസ് പൈതൃക പദ്ധതി പ്രദേശത്തും, ആലപ്പുഴ പൈതൃക പദ്ധതി പ്രദേശത്തും സ്റ്റുഡന്റ്സ് ഹെറിറ്റേജ് വാക്ക് സംഘടിപ്പിക്കാറുണ്ട്.

തീർത്ഥാടന ടൂറിസം

108 (3237) ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടന ടൂറിസം വ്യാപകമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വിനോദസഞ്ചാര വകുപ്പ് ആലപ്പുഴ ഹെറിറ്റേജ് പദ്ധതി, മുസിരിസ് ഹെറിറ്റേജ് പദ്ധതി, തലശ്ശേരി ഹെറിറ്റേജ് പദ്ധതി, ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കേരളത്തിലെ പൈതൃക ആരാധനാലയങ്ങളുടെ വികസനത്തിനും സന്ദർശന സൗകര്യങ്ങൾക്കുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മുസിരിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി വികസനവും നവീകരണവും നടത്തി വരുന്ന ആരാധനാലയങ്ങൾ

പദ്ധതി പൂർത്തീകരിച്ചവ

- ചേരമാൻ ജുമാമസ്ജിദ്
- മാള ജുതപ്പള്ളികൾ

- കൊട്ടക്കാവ് ക്രിസ്ത്യൻ പള്ളി
- കീഴ്ത്തളി ശിവ ക്ഷേത്രം
- ഐരാണിക്കുളം മഹാദേവ ക്ഷേത്രം
- ഹോളി ക്രോസ് പള്ളി
- ആറങ്കാവ് ക്ഷേത്രം
- ചേന്ദമംഗലം ഭഗവതി ക്ഷേത്രം
- ശ്രീകൃഷ്ണസ്വാമി ക്ഷേത്രം-പാലിയം
- കുന്നത്തുതാളി മഹാദേവ ക്ഷേത്രം
- പുതിയതൃക്കോവ് ശിവക്ഷേത്രം
- ശ്രീമൂകാംബിക ക്ഷേത്രം-പറവൂർ
- ചെറിയ പള്ളി - ഗോതുരുത്ത്

- വലിയപള്ളി - ഗോതുരുത്ത്
- ഹോളി ക്രോസ് പള്ളി - ചേന്ദമംഗലം
- ശിവക്ഷേത്രം - ടി.കെ.എസ്. പുരം
- ശ്രീകൃഷ്ണ ക്ഷേത്രം - എസ്.എൻ. പുരം
- അയ്യപ്പക്ഷേത്രം - പടക്കുളം
- ശിവക്ഷേത്രം - ശൃംഗപുരം
- ശ്രീകൃഷ്ണ ക്ഷേത്രം - ശ്രീനാരായണപുരം
- മഹാദേവ ക്ഷേത്രം - തൃപ്പേക്കുളം

പദ്ധതി ആരംഭിക്കാൻ ഉള്ളത്

- കുത്താട്ടുകുളം ശ്രീ മഹാദേവക്ഷേത്രം

ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തി വികസനവും നവീകരണവും നടത്തിവരുന്ന ആരാധനാലയങ്ങൾ.

തലസ്ഥാന നഗരിയിലെ വിവിധ 30 പൈതൃക കെട്ടിടങ്ങളെ ഉൾപ്പെടുത്തി 5 സോണുകളിലായി 35.60 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

പദ്ധതി പൂർത്തീകരിച്ച ആരാധനാലയങ്ങൾ

- സി.എസ്.ഐ. മാറ്റീർ മെമ്മോറിയൽ ചർച്ച്
- സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ച്
- സെന്റ്. ജോസഫ് ചർച്ച്
- പാളയം ജുമാ മസ്ജിദ്
- ശ്രീ ശക്തി വിനായക ടെംബിൾ

തലശ്ശേരി പൈതൃക ടൂറിസം രണ്ടാം ഘട്ട പദ്ധതിയുടെ ഭാഗമായി കണ്ണൂർ വയനാട് ജില്ലകളിലായി 11 പദ്ധതികൾക്ക് 2019-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

പദ്ധതി പൂർത്തീകരിച്ചവ

- കൊട്ടിയൂർ ടെമ്പിൾ - ടൂറിസം സ്പീരിയൻസ് സ്ട്രീറ്റ്
- സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് - സ്ട്രീറ്റ് ഡെവലപ്മെന്റ് & ലാൻഡ് സ്കേപ്പ് ഡിസൈൻ
- തൊടീക്കളം ടെമ്പിൾ ഡെവലപ്മെന്റ് ഓഫ് മ്യൂസിയം - ഓഫ് മ്യൂറൽസ് വിത്ത് ടൂറിസം അമിനിറ്റീസ് -

- മൃദംഗ ശൈലേശ്വരി ടെമ്പിൾ ഡെവലപ്മെന്റ് ഓഫ് - പഴശ്ശി മ്യൂസിയം & ഗ്യാലറി
- ഡെവലപ്മെന്റ് ഓഫ് മക്രേരി ടെമ്പിൾ - മ്യൂസിയം ഓഫ് മ്യൂസിക്

പദ്ധതി പുരോഗമിക്കുന്നവ

- ജഗന്നാഥ ടെമ്പിൾ - മ്യൂസിയം ഓഫ് ആർട്ട് & സോഷ്യൽ റിഫോംസ്

കിഫ്ബി മുഖാന്തരം തലശ്ശേരി പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി വികസനവും

നവീകരണവും നടത്തിവരുന്ന ആരാധനാലയങ്ങൾ

ഫേസ് I

പദ്ധതി പൂർത്തീകരിച്ചവ

- അണ്ടലൂർക്കാവ്
- കൊട്ടിയൂർ ശിവ ക്ഷേത്രം സ്ട്രീറ്റ്സ്കേപ്പ്
- മക്രേരി ക്ഷേത്രം (ടൂറിസ്റ്റ് അമിനിറ്റീസ് സ്ട്രീറ്റ്സ്കേപ്പ്)
- ജഗന്നാഥ ക്ഷേത്രം
- ലോകനാർക്ഷേത്രം

പദ്ധതി പുരോഗമിക്കുന്നവ

- പിണ്ടലി കളരി ഹൗസ്
- ഇല്ലിക്കുന്ന് ചർച്ച്
- കൊട്ടിയൂർ ശിവ ക്ഷേത്രം

- തിരുവങ്ങാട് രാമസ്വാമി ക്ഷേത്രം
- കക്കുളങ്ങര പള്ളി

ഫേസ് II

പൂർത്തീകരിച്ചവ

- ശ്രീ ചിറക്കൽ കാവ് ഭഗവതി ക്ഷേത്രം
- വള്ളിയൂർക്കാവ് ക്ഷേത്രം

പദ്ധതി പുരോഗമിക്കുന്നവ

- പുരളി മല ക്ഷേത്രം

- ശ്രീ ഊർപ്പഴച്ചിക്കാവ് ക്ഷേത്രം
- ശ്രീ പെരളശ്ശേരി ക്ഷേത്രം
- കൊട്ടിയൂർ സൂര്യ നാരായണ ക്ഷേത്രം
- ശ്രീ തച്ചോളി മാണിക്കോത്ത് ക്ഷേത്രം

കിഫ്ബി മുഖാന്തിരം ആലപ്പുഴ പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി വികസനവും നവീകരണവും നടത്തിവരുന്ന ആരാധനാലയങ്ങൾ

പൂർത്തീകരിച്ചവ

- കൺസർവേഷൻ ഓഫ് സൗക്കർ മസ്ജിദ്
- കൺസർവേഷൻ ഓഫ് മക്ക മസ്ജിദ്

പദ്ധതി പുരോഗമിക്കുന്നവ

- ബാലകൃഷ്ണ ക്ഷേത്രം

സംസ്ഥാനത്തെ പ്രധാനപ്പെട്ട ആരാധനാലയങ്ങളിൽ തീർത്ഥാടന സഞ്ചാരികൾക്കായി അമിനിറ്റി സെന്റർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി നടപ്പിലാക്കിയതും പൂർത്തിയാക്കിയതുമായ ആരാധനാലയങ്ങളുടെ പട്ടിക അനുബന്ധമായി+ ചേർക്കുന്നു. കൂടാതെ തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് തത്ത്വമസി എന്ന പേരിലും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു.

(ബി) പ്രസ്തുത പദ്ധതികൾക്കായി കേന്ദ്രസർക്കാരിൽ നിന്ന് സഹായം ലഭിച്ചിട്ടുണ്ടോ?

കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി "ശ്രീപത്മനാഭ-ആറന്മുള ആസ് എ സ്പിരിച്വൽ സർക്യൂട്ട്" (Development of Sree Padmanabha-Aranmula as a Spiritual Circuit) എന്ന പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്ന് ₹ 7807.92 ലക്ഷം രൂപയുടെയും "ശബരിമല – എരുമേലി - പമ്പ - സന്നിധാനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആസ് എ സ്പിരിച്വൽ സർക്യൂട്ട്" (Development of Sabarimala -Pamba-Sannidhanam as a Spiritual Circuit) എന്ന പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്ന് ₹4653.93 ലക്ഷം രൂപയുടെയും അനുമതി ലഭിച്ചിരുന്നു. ആയതിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) മുസ്ലീം-ക്രിസ്ത്യൻ-ഹിന്ദു തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്ന സർക്യൂട്ട് പദ്ധതികളിൽ ഉൾപ്പെടുത്തി മുസ്ലിം-ക്രിസ്ത്യൻ-ഹിന്ദു തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനത്തെ വിവിധ ആരാധനാലയങ്ങളെ പരിചയപ്പെടുത്തുകയും സംസ്ഥാനത്തിന്റെ സമ്പന്നവും വൈവിധ്യപൂർണ്ണവുമായ പൈതൃകം അനാവരണം ചെയ്യുന്നതിന് വ്യത്യസ്തങ്ങളായ മൈക്രോസൈറ്റുകൾ വിനോദസഞ്ചാര വകുപ്പ് തയ്യാറാക്കിവരുന്നു. കേരളത്തിലെ പ്രധാന തീർത്ഥാടന കേന്ദ്രമായ ശബരിമലയെ കുറിച്ച് ബഹുഭാഷാ മൈക്രോസൈറ്റാണ് തയ്യാറാക്കുന്നത്. യാത്ര, താമസ സൗകര്യങ്ങൾ, ബഹുഭാഷാ ഇ-ബ്രോഷറുകൾ തുടങ്ങി ശബരിമല തീർത്ഥാടകർക്ക് സഹായകമാകുന്ന നവീകരിച്ച മൈക്രോസൈറ്റാണ്

വികസിപ്പിക്കുന്നത്. ഇംഗ്ലീഷിന് പുറമേ ഹിന്ദി, തമിഴ്, കന്നഡ, തെലുങ്ക് ഭാഷകളിലും ഉള്ളടക്കം വികസിപ്പിച്ചുകൊണ്ടാണ് ശബരിമല മൈക്രോസൈറ്റ് വിപുലീകരിക്കുന്നത്. ശബരിമല തീർത്ഥാടനത്തെക്കുറിച്ചുള്ള ഇ-ബ്രോഷർ, പ്രൊമോഷണൽ ഫിലിം, ഓൺലൈൻ മാർക്കറ്റിംഗ് ക്യാമ്പയിനുകൾ എന്നിവയും ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നു. പ്രതിവർഷം ലക്ഷക്കണക്കിന് ഭക്തർ എത്തുന്ന ശബരിമല തീർത്ഥാടനം തടസ്സരഹിതവും സുഖപ്രദവുമായ അനുഭവമാക്കി മാറ്റാൻ ഇതുവഴി സാധിക്കും. ശബരിമല ദർശനത്തെക്കുറിച്ചുള്ള ഏറ്റവും പുതിയ വിവരങ്ങൾ, ഭൂമിശാസ്ത്രപരമായ വിശദാംശങ്ങൾ, സാംസ്കാരിക സ്ഥിതിവിവര കണക്കുകൾ, ക്ഷേത്രവുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകൾ എന്നിവ മൈക്രോസൈറ്റിൽ ഉൾക്കൊള്ളുന്നു. സമഗ്രമായ ഉള്ളടക്കത്തിനൊപ്പം തീർത്ഥാടകർക്ക് യാത്രാപദ്ധതി കൃത്യമായി ആസൂത്രണം ചെയ്യാനും മൈക്രോസൈറ്റ് സഹായിക്കും. ശബരിമല മൈക്രോസൈറ്റിനു പുറമേ "ശ്രീപദ്മനാഭസ്വാമി ക്ഷേത്രം ഓമെന്റഡ് റിയാലിറ്റി ഹെറിറ്റേജ് ടൂർ" എന്ന പദ്ധതിയും നടപ്പാക്കിവരുന്നു. ഇസ്ലാം മതത്തിലെ സവിശേഷമായ ആചാരങ്ങൾ, കലകൾ, ഉത്സവങ്ങൾ, ആരാധനാലയങ്ങൾ തുടങ്ങിയ സമഗ്ര വിവരങ്ങൾ അടങ്ങുന്ന മൈക്രോസൈറ്റും രൂപകൽപന ചെയ്യുന്നുണ്ട്. കേരളത്തിലെ ഇസ്ലാം

മതത്തിന്റെ സാമൂഹിക-സാംസ്കാരിക പരിണാമം പ്രദർശിപ്പിക്കുന്ന ഇ- ഡിജിറ്റൽ നിർമ്മാണ പദ്ധതിയും നടപ്പിലാക്കിവരുന്നു. നേരത്തെ കേരളത്തിലെ ക്ഷേത്രങ്ങൾ, ക്രിസ്തുമതം, ജൂതമതം എന്നിവയെക്കുറിച്ച് സമാനമായ മൈക്രോസൈറ്റുകൾ കേരള ടൂറിസം വികസിപ്പിച്ചിരുന്നു. ഈ പദ്ധതികളിലൂടെ തീർത്ഥാടന ടൂറിസത്തിന്റെ സമഗ്ര പുരോഗതിയാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

ടൂറിസം മേഖലയിൽ വിപണന പ്രചാരണം

109 (3238) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട വിപണന പ്രചാരണങ്ങളുടെ പ്രധാന്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കോവിഡിനുശേഷം വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കിയ പ്രചാരണങ്ങൾ വിശദമാക്കാമോ?

വിദേശ വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനായി നൂതനവും കാലികവുമായ നിരവധി വിനോദസഞ്ചാര പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

കൂടുതൽ ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുവാൻ നൂതന പദ്ധതികൾ ആവിഷ്കരിച്ചതുവഴി സാധിച്ചു. വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ സഞ്ചാരികൾക്ക് ലഭ്യമാക്കുവാൻ നവീകരിച്ച മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ട്. സോഷ്യൽ മീഡിയയുടെ പ്രയോജനം ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിന് നിരവധി നൂതന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കിവരുന്നു. കോവിഡിനുശേഷം ആഭ്യന്തര-വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി നടത്തിയ ചുവടെ ചേർക്കുന്ന പ്രചാരണ പരിപാടികളെല്ലാം തന്നെ ഈ മേഖലയുടെ പുനരുജ്ജീവനമാണ് ലക്ഷ്യമിട്ടത്.

സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാമ്പയിൻ
കേരള ഡ്രൈവ് ഹോളിഡെയ്സ്
ലോംഗ് സ്റ്റെയ്സ് ഇൻ കേരള
ഹോംസ്റ്റേ പ്രമോഷൻ
ഹണിമൂൺ ഹോളിഡെയ്സ്
കാരവൻ ടൂറിസം പ്രമോഷൻ

ചെയ്ഞ്ച് ഓഫ് എയർ ക്യാമ്പയിൻ
ഫാം ടിപ്പുകൾ
വിവിധ ദേശീയ അന്തർദേശീയ ഫെയറുകളിലെ പ്രാതിനിധ്യം

പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ മുഖേന സംസ്ഥാനം സുരക്ഷിതമാണെന്ന സന്ദേശം രാജ്യത്തും വിദേശത്തും എത്തിക്കാനായി ഒ.ടി.ടി. ചാനൽ, എഫ്.എം. റേഡിയോ, മ്യൂസിക് സ്ട്രീമിംഗ്, ഓൺലൈൻ ക്യാമ്പയിനുകൾ, നാഷണൽ ടിവി, സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ എന്നിവ ഏറെ ശ്രദ്ധിക്കപ്പെടുന്നുണ്ട്. ഗ്രാമീണ മേഖലയിലെ ടൂറിസം കേന്ദ്രങ്ങൾ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷനുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) സംസ്ഥാനത്തിന്റെ പ്രകൃതി സൗന്ദര്യവും സാംസ്കാരിക സമൃദ്ധിയും പ്രദർശിപ്പിക്കുന്നതിന് സോഷ്യൽ മീഡിയ, ടെലിവിഷൻ, റേഡിയോ തുടങ്ങിയ പ്ലാറ്റ്ഫോമുകളിലൂടെ എന്തെല്ലാം പ്രചാരണ പരിപാടികളാണ് നടത്തിവരുന്നത്; വിശദമാക്കാമോ?

വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളായ യൂട്യൂബ്, ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക് തുടങ്ങിയ നവ മാധ്യമങ്ങളിലൂടെ കേരളത്തിന്റെ തനതായ പ്രകൃതി സൗന്ദര്യം കാഴ്ചവയ്ക്കുന്ന ഷോർട്ട് വീഡിയോകൾ, റീലുകൾ എന്നിവ പ്രദർശിപ്പിച്ചുവരുന്നു. സമ്മർ ക്യാമ്പയിന്റെ ഭാഗമായി ഇന്ത്യയിലെ വിവിധ സിറ്റികളിൽ റേഡിയോ, സിനിമ ഹാൾ, OTT, പ്രിന്റ് ടെലിവിഷൻ തുടങ്ങിയ

മാധ്യമങ്ങളിൽ പരസ്യങ്ങൾ ചെയ്തുവരുന്നു. കൂടാതെ മിഡിൽ ഈസ്റ്റിലെ ദുബായ് ഇന്റർനാഷണൽ എയർപോർട്ട്, കിംഗ് ഖാലിദ് ഇന്റർനാഷണൽ എയർപോർട്ട് (റിയാദ്), മസ്കറ്റ് ഇന്റർനാഷണൽ എയർപോർട്ട് എന്നിവിടങ്ങളിൽ OOH-ലും ഫേസ്ബുക്ക്, യൂട്യൂബ്, ഇൻസ്റ്റഗ്രാം, ഗൂഗിൾ ആഡ്സ് എന്നീ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും പ്രചാരണം നടത്തി വരുന്നു.

(സി) ലോകമെമ്പാടുമുള്ള ബ്ലോഗർമാർക്ക് സംസ്ഥാനത്തെ അടുത്തറിയുവാനുള്ള സൗകര്യമൊരുക്കിക്കൊണ്ടുള്ള ക്യാമ്പയിൻ ടൂറിസം പ്രചാരണത്തെ ത്വരിതപ്പെടുത്തി എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്; കേരള ബ്ലോഗ് എക്സ്പ്രസ്, ഇൻഫ്ലുവൻസേർസ് ക്യാമ്പയിൻ ഉൾപ്പെടെയുള്ള പ്രചാരണ പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കിയതിന്റെ ഫലമായി 2022-നെ അപേക്ഷിച്ച് 2023 വർഷത്തിൽ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 87.83% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഡി) ആഭ്യന്തര വിനോദസഞ്ചാരികൾക്ക് വിനോദസഞ്ചാര കേന്ദ്രങ്ങളെക്കുറിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമാവുന്ന രീതിയിൽ വെർച്വൽ ട്രാവൽ ഗൈഡുകൾ പുറത്തിറക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

ആഭ്യന്തര വിനോദസഞ്ചാരികൾക്ക് കേരളത്തിലെ പ്രമുഖ വിനോദ സഞ്ചാര കേന്ദ്രങ്ങളെക്കുറിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നതിനായി കേരള ടൂറിസത്തിന്റെ ഒഫീഷ്യൽ വെബ് സൈറ്റായ keralatourism.org-യിൽ E-Brochure-കൾ ലഭ്യമാക്കിയിട്ടുണ്ട്. ഇവ ആവശ്യക്കാർക്ക് ഡൗൺലോഡ് ചെയ്യാവുന്നതാണ്. കൂടാതെ ശ്രീപദ്മനാഭസ്വാമി ക്ഷേത്രം സന്ദർശിക്കാൻ എത്തുന്നവർക്ക് ക്ഷേത്രത്തെയും ചുറ്റുപാടുമുള്ള ചരിത്ര നിർമ്മിതികളുടെയും ചരിത്രം ആഗ്മെന്റഡ് റിയാലിറ്റി (AR) സാങ്കേതികവിദ്യയിലൂടെ മൊബൈൽ ഫോൺ വഴി ഒരു ആപ്പിലൂടെ തത്സമയം പരിചയപ്പെടുത്തുന്ന പദ്ധതി നിലവിൽ നിർമ്മാണ ഘട്ടത്തിലാണ്.

ലിറ്ററി ടൂറിസം സർക്യൂട്ട് പദ്ധതി

110 (3239) ഡോ. കെ. ടി. ജലീൽ:
ശ്രീ. എ. രാജ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) ടൂറിസത്തെ വിജ്ഞാനവുമായി കൂട്ടിയിണക്കുന്ന ലിറ്റററി ടൂറിസം സർക്യൂട്ട് ഒരു പദ്ധതി എന്ന നിലയിൽ രൂപപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയിൽ ഏതൊക്കെ പ്രദേശങ്ങളെയും സാഹിത്യ കൃതികളെയും സാഹിത്യകാരന്മാരെയുമാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ പാരമ്പര്യ കലാരൂപങ്ങളെക്കൂടി ലിറ്റററി ടൂറിസം സർക്യൂട്ട് പദ്ധതിയുമായി ബന്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ചരിത്രത്തിലെ പ്രധാന സംഭവങ്ങളെയും വ്യക്തികളെയും പ്രദേശങ്ങളെയും പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(എ-ഡി) മലയാളത്തിലെ പ്രതിഭാ ശാലികളായ എഴുത്തുകാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ. വി. വിജയൻ, എം. ടി. വാസുദേവൻ നായർ, എസ്. കെ. പൊറ്റക്കാട്, കുഞ്ചൻ നമ്പ്യാർ, ഉറൂബ്, അക്കിത്തം തുടങ്ങിയവരുമായി ബന്ധപ്പെട്ട തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ നിളാതീരം, തൃത്താല, തസ്സറാക്, തുഞ്ചൻ

സ്മാരകം, പൊന്നാനി, ബേപ്പൂർ എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയാണ് മലബാർ ലിറ്റററി ടൂറിസം സർക്യൂട്ട് പദ്ധതി. ആദ്യഘട്ടം എന്ന നിലയിൽ ബേപ്പൂരിൽ ബഷീർ സ്മാരകത്തിന് 7.37 കോടി രൂപ അനുവദിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. പദ്ധതിയുടെ ഭാഗമായി 58.37 ലക്ഷം രൂപയുടെ പദ്ധതികൾക്കും തുടർന്ന് ഭരണാനുമതി നൽകുകയുണ്ടായി. പദ്ധതിയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റായി ഇൻഫ്രാസ്ട്രക്ച്ചർ (കർണ്ണാടക) എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ആദ്യ ഘട്ടത്തിൽ ബേപ്പൂർ മറീനയിൽ മലബാർ ലിറ്റററി സർക്യൂട്ടിന്റെ എൻട്രി ഗേറ്റ് നിർമ്മാണം, ചാലിയം റിസർവ് ഫോറസ്റ്റ് ഏരിയയിൽ സൈനേജ്, ബഷീർ മെമ്മോറിയൽ പ്രദേശത്ത് സൈനേജ്, ഡയറക്ഷൻ സൈനേജ് അറ്റ് ബേപ്പൂർ എന്നിവയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി

111 (3240) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിൽ സർക്കാർ നിക്ഷേപം വർദ്ധിപ്പിച്ചുകൊണ്ട് ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

വിനോദസഞ്ചാര മേഖലയിൽ സർക്കാർ മുതൽമുടക്കിൽ ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. കോവളം ടൂറിസം കേന്ദ്രം വികസനത്തിന് കിഫ്ബി വഴി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വർക്കല, മൂന്നാർ, മലമ്പുഴ എന്നിവടങ്ങളിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കി വരുന്നു.

(ബി) വിനോദസഞ്ചാര മേഖലയിൽ സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിനുവേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

കേരളത്തെ സമ്പൂർണ്ണ സ്ത്രീ സൗഹൃദ വിനോദസഞ്ചാര കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി, യു.എൻ. വിമനുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണ് 'സ്ത്രീ സൗഹൃദ ടൂറിസം പദ്ധതി'. 2022 ഒക്ടോബർ 26 - ന് പദ്ധതിക്ക് തുടക്കമിട്ടു. സ്ത്രീകളെ കൂടുതലായി ടൂറിസം

രംഗത്തേയ്ക്ക് ആകർഷിച്ച് ടൂറിസം മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിനും സ്ത്രീ സൗഹാർദ്ദ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുമുള്ള വിവിധ അടിസ്ഥാന പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി മുഖേന നടത്തിവരുന്നു. സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ, സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി മുഖേന നടത്തിവരുന്നു. പ്രാദേശിക ജനസമൂഹത്തിലെ സ്ത്രീകളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി പ്രയോജനപ്പെടുത്തുന്ന വിവിധ ടൂളുകളിൽ ഒന്നായ ജെൻഡർ ഓഡിറ്റ്, ടൂറിസം രംഗത്ത് ജെൻഡർ ഓഡിറ്റ് നടത്തുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. നിലവിൽ 6 കേന്ദ്രങ്ങളിൽ ജെൻഡർ ഓഡിറ്റ് നടന്നുവരുന്നു, പുതുതായി 10 കേന്ദ്രങ്ങളിൽക്കൂടി ഈ സാമ്പത്തിക വർഷം ജെൻഡർ ഓഡിറ്റ് നടപ്പിലാക്കും. ഇതിന് പുറമെ 68 കേന്ദ്രങ്ങളിൽ സേഫ്റ്റി ഓഡിറ്റ് പൂർത്തിയാക്കി.

ടൂറിസം വകുഷ് മുഖേന നടഷാക്കുന്ന പ്രവൃത്തികൾ

112 (3241) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ടൂറിസം വകുപ്പ് മുഖേന നടപ്പാക്കുന്ന, ഇരുപത് ശതമാനം ബജറ്റ് പ്രൊവിഷൻ ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന വിവരം വർഷം, മണ്ഡലം എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ ?

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം വകുപ്പ് മുഖേന നടപ്പാക്കുന്നതിനായി ഇരുപത് ശതമാനം ബജറ്റ് പ്രൊവിഷനിൽ അനുവദിച്ച പദ്ധതികളുടെ വിവരവും അതിൽ ഭരണാനുമതി ലഭിച്ച പദ്ധതി പ്രവൃത്തികളുടെ വിവരവും അനുബന്ധമായി[+] ചേർക്കുന്നു.

ബീച്ച് ഇക്കോ ടൂറിസം

113 (3242) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് ബീച്ച് ഇക്കോ ടൂറിസം പദ്ധതിയുടെ സാധ്യതകൾ സംബന്ധിച്ച് വകുപ്പ് പഠനങ്ങളും വിലയിരുത്തലുകളും നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ബീച്ച് ഇക്കോടൂറിസം പദ്ധതിയുടെ ഭാഗമായി ആലപ്പുഴ പുന്നപ്രയിലെ പുറക്കാട്ട് 'ആലപ്പുഴ പുറക്കാട് തീരമേഖലയിലെ കാറ്റാടിമരത്തോപ്പിൽ പരിസ്ഥിതി പഠന പരിപാടി' എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച വിലയിരുത്തൽ സാധ്യമാകുമെന്നാണ് പ്രതീക്ഷ.

(ബി) വനം-വന്യജീവി വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗവുമായി സഹകരിച്ച് വനത്തിന് പുറത്ത് ഇത്തരം പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് ഇത്തരം പദ്ധതികൾ ആരംഭിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; ഏതൊക്കെ ബീച്ചുകളിലും പരിസരങ്ങളിലുമാണ് ഇക്കോ ടൂറിസം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഉണ്ട്. 16-09-2023-ലെ സ.ഉ.(സാധാ.)477/2023/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം ആലപ്പുഴ പുന്നപ്രയിലെ പുറക്കാട്ട് 'ആലപ്പുഴ പുറക്കാട് തീരമേഖലയിലെ

കാറ്റാടിമരത്തോപ്പിൽ പരിസ്ഥിതി പഠന പരിപാടി'-ക്ക് 41 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. വനം, വന്യജീവി വകുപ്പിന്റെ സാമൂഹിക വനവൽകരണ വിഭാഗം (ആലപ്പുഴ) മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. എറണാകുളം ജില്ലയിലെ വൈപ്പിനിൽ ഇത്തരം പദ്ധതി നടപ്പാക്കാനുള്ള സാധ്യത പരിഗണനയിലുണ്ട്.

(സി) ടൂറിസം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചാണോ ഇത്തരം ബീച്ച് ഇക്കോ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

വിനോദ സഞ്ചാര വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചാണ് നിലവിൽ ബീച്ച് ഇക്കോടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നത്. വനമേഖലയ്ക്ക് പുറത്ത് സാമൂഹിക വനവൽകരണ വിഭാഗം പരിപാലിക്കുന്ന തോട്ടങ്ങൾ മാലിന്യ വിമുക്തമാക്കുക, വനസമ്പത്ത് വർദ്ധിപ്പിക്കുക, തദ്ദേശവാസികൾക്ക് തൊഴിലവസരം സൃഷ്ടിക്കുക, പ്രദേശവാസികളായ സ്ത്രീകൾക്ക് അധിക വരുമാനത്തിനുള്ള അവസരമൊരുക്കുക തുടങ്ങിയവയാണ് ബീച്ച് ഇക്കോടൂറിസം പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്.

പാലാ ടൗൺ സൗന്ദര്യവൽകരണ പദ്ധതി

114 (3243) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ ടൗൺ സൗന്ദര്യവൽകരണ പദ്ധതിയുടെ ഭാഗമായ ഗ്രീൻ ടൂറിസം സർക്യൂട്ടിന്റെയും ലണ്ടൻ ബ്രിഡ്ജ് പ്രോജക്ടിന്റെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഗ്രീൻ ടൂറിസം പദ്ധതിയുടെ ഭാഗമായ "പാല ടൗൺ ബ്യൂട്ടിഫിക്കേഷൻ പ്രവൃത്തി" നിർവഹണ ഏജൻസിയായ M/s കിറ്റ്കോ ലിമിറ്റഡ് മുഖേന പൂർത്തീകരിച്ചിരുന്നു. പദ്ധതി നടപ്പാക്കിയത് ആറ്റുപുറമ്പോക്ക് ഭൂമിയിലായതിനാൽ ഉപയോഗാനുമതി ലഭിക്കുന്നതിനായി ജില്ലാ കളക്ടറേറ്റ് മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ പദ്ധതിക്ക് കറന്റ് കണക്ഷൻ ലഭിച്ചിട്ടുള്ളതാണ്. ലണ്ടൻ ബ്രിഡ്ജ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നില്ല. എന്നാൽ ഗ്രീൻ ടൂറിസം പദ്ധതിയുടെ ഭാഗമായി പെഡസ്ട്രിയൻ ബ്രിഡ്ജ് എന്ന പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ പുതിയ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിൽ ഇല്ല.

നെല്ലിയാമ്പതിയിലെ ടൂറിസം പദ്ധതി

115 (3244) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ ടൂറിസം വികസനത്തിനായി അനുവദിച്ച ടൂറിസം പദ്ധതിയുടെ ടെൻഡർ നടപടിയും പ്രവൃത്തി ഉദ്ഘാടനവും കഴിഞ്ഞ് മൂന്നുവർഷം പിന്നിട്ടിട്ടും പ്രവൃത്തി തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ടൂറിസം വകുപ്പിന് കൈമാറി കിട്ടിയ സ്ഥലത്ത് പദ്ധതി തുടങ്ങുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ-സി) 17-08-2020-ലെ സ.ഉ.(സാധാ)നം.271/2020/ടൂറിസം പ്രകാരം, പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതിയിൽ വിനോദ സഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള പദ്ധതിക്ക് 5,13,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിയുടെ നോഡൽ ഏജൻസി KTIL-ഉം നിർവഹണ ഏജൻസി HITES-ഉം ആണ്. പദ്ധതി

നിർവഹണവുമായി ബന്ധപ്പെട്ട് കരാറുകാരന് സാധന സാമഗ്രികൾ കൊണ്ടുപോകാൻ വനം വകുപ്പിൽനിന്നും അനുമതിക്കായുള്ള അപേക്ഷ സമർപ്പിച്ചുവെങ്കിലും നെല്ലിയാമ്പതി റിസർവിൽപ്പെട്ട് ഡി-റിസർവ് ചെയ്യപ്പെടാത്ത വനഭൂമിയിൽ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനുള്ള അപേക്ഷ പരിഗണിക്കാൻ സാധിക്കില്ലെന്ന് വനം വകുപ്പ് അറിയിക്കുകയുണ്ടായി. പ്രസ്തുത വിഷയത്തിൽ നിരവധി ചർച്ചകൾ നടത്തിയെങ്കിലും നാളിതുവരെ വനം വകുപ്പ് അനുമതി നൽകിയിട്ടില്ല.

ഉദുമ മണ്ഡലത്തിലെ ബാവിക്കര തടയണ ടൂറിസം പദ്ധതി

116 (3245) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിലെ ബാവിക്കര തടയണ ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) തടയണ പ്രദേശത്ത് നിർമ്മാണ പ്രവൃത്തികൾ എന്ന് മുതൽ ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

(എ&ബി) 24-07-2023-ലെ സ.ഉ.(സാധാ)നം.364/2023/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം, 4.91 കോടി രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതിയുടെ

നിർവഹണ ഏജൻസിയായി ഹാബിറ്റാറ്റിനെ തിരഞ്ഞെടുക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് സാങ്കേതിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കിയോസ്കുകൾ, ഭിന്നശേഷി സൗഹൃദമായ ടോയ്ലെറ്റ് കോംപ്ലക്സ്, ടിക്കറ്റ് കൗണ്ടർ, കിഡ്സ് പ്ലേ ഏരിയ, ബോട്ടിംഗ് സൗകര്യം, വാക്ക് വേ, പാർക്കിംഗ് സൗകര്യം എന്നീ ഘടകങ്ങളാണ് ആദ്യ ഘട്ടത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്.

പുനലൂർ നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

117 (3246) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ സംസ്ഥാന ടൂറിസം വകുപ്പിന്റെ വിവിധ വിഭാഗങ്ങളുടെ കീഴിൽ മുൻ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചതും എന്നാൽ 2021 മാർച്ചിനുമുമ്പ് പൂർത്തിയാക്കാൻ കഴിയാത്തതുമായ വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; അനുവദിച്ച

പ്രവൃത്തികളിൽ/ പദ്ധതികളിൽ നടപ്പിലുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത മണ്ഡലത്തിൽ സംസ്ഥാന ടൂറിസം വകുപ്പിന്റെ വിവിധ വിഭാഗങ്ങളുടെ കീഴിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും പേരും അനുവദിച്ച തുകയും ടൂറിസം വിഭാഗം, പദ്ധതി നിർവഹണ ഏജൻസി എന്നിവ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ളവയുടെ വിശദാംശങ്ങളും നടപ്പിലുള്ളവയുടെ ഇപ്പോഴത്തെ സ്ഥിതിയും ലഭ്യമാക്കാമോ; നിലവിൽ നടപ്പിലുള്ള പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

(എ-ഡി) വിവരങ്ങൾ അനുബന്ധം+ ആയി ചേർക്കുന്നു.

(ഇ) മണ്ഡലത്തിൽ സംസ്ഥാന ടൂറിസം വകുപ്പ് പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തികൾ/പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ പദ്ധതികൾ തയ്യാറാക്കിയിട്ടില്ല.

തവനൂർ മണ്ഡലത്തിലെ സൺസെറ്റ് പാർക്ക് നിർമ്മാണം

118 (3247) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ പടിഞ്ഞാറെക്കര ടൂറിസം പ്രദേശത്ത് സൺസെറ്റ് പാർക്ക് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ച പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്?

(എ&ബി) രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകിയ തവനൂർ മണ്ഡലത്തിൽ പുറത്തൂർ പഞ്ചായത്തിലെ പടിഞ്ഞാറെക്കര സൺസെറ്റ് ബീച്ച് പാർക്ക് പദ്ധതിയുടെ 50% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ബയോ ഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട്

119 (3248) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വിവിധ ടൂറിസം ഡെസ്റ്റിനേഷനുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള ബയോ ഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആദ്യ ഘട്ടത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

07-08-2023-ലെ സ.ഉ.(സാധാ)398/2023/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം 'കൊല്ലം ജൈവവൈവിധ്യ വിനോദ സഞ്ചാര സർക്യൂട്ട് പദ്ധതി'-യുടെ ആദ്യഘട്ട പ്രവൃത്തികൾക്ക് 10,19,05,104/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയുടെ കൊല്ലം, കൊട്ടാരക്കര ക്ലസ്റ്ററുകളിലായി ഭരണാനുമതി ലഭിച്ച ഘടകങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും ടെൻഡർ നടപടികൾ ആരംഭിക്കുന്നതിനും സഹായകരമായ തുടർ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

'കൊല്ലം ജൈവവൈവിധ്യ വിനോദ സഞ്ചാര സർക്യൂട്ട് പദ്ധതി'-യുടെ നിർവഹണത്തിനായി കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനിയെ (KEL) ടെൻഡർ മുഖേന തിരഞ്ഞെടുത്ത് കരാർ ഒപ്പുവച്ചിട്ടുണ്ട്. പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പുരളിമല ഹെറിറ്റേജ് ടൂറിസം പദ്ധതി

120 (3249) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പുരളിമല ഹെറിറ്റേജ് ടൂറിസം പദ്ധതിയുടെ വിശദാംശം നൽകുമോ?

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പ്രവൃത്തി പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) കിഫ്ബി പദ്ധതിയായ തലശ്ശേരി ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഒരു ഘടകമാണ് പുരളിമല ഹെറിറ്റേജ് ടൂറിസം പദ്ധതി. പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി മുഖേന 65,26,536/- രൂപയുടെ

ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ SPV കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനാണ്. പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ നടത്തി കരാറുകാരന് പ്രവൃത്തി കൈമാറിയിരുന്നു. പദ്ധതി 47% പൂർത്തീകരിച്ചിട്ടുണ്ട്.

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

121 (3250) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ഏതൊക്കെ ടൂറിസം പദ്ധതികൾക്കാണ് 2021 ജൂൺ മാസം മുതൽ നാളിതുവരെയായി അംഗീകാരം നൽകിയിട്ടുള്ളതെന്ന് പദ്ധതിയുടെ നിലവിലെ സ്ഥിതി സഹിതം വിശദമാക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 2021 ജൂൺ മാസം മുതൽ നാളിതുവരെയായി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളും നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

1. <u>പിൽഗ്രിം ടൂറിസം ഡെവലപ്മെന്റ് അറ്റ് ലോകനാർകാവ് ടെമ്പിൾ</u>

ഭരണാനുമതി തുക:- 4.5 കോടി രൂപ

നിലവിലെ സ്ഥിതി:- നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തി.

2. ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി - ചൊവ്വ പുഴ ഇക്കോട്ടൂറിസം

ഭരണാനുമതി തുക:-99.70 ലക്ഷം രൂപ

നിലവിലെ സ്ഥിതി:- മണിയൂർ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിക്കുള്ള സാങ്കേതിക പ്രവർത്തനം നടക്കുന്നു.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ കുറ്റ്യാടി പൈതൃക ടൂറിസം പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം നൽകുമോ; വിശദമാക്കാമോ?

കുറ്റ്യാടി പൈതൃക ടൂറിസം പദ്ധതിയുടെ പരിഷ്കരിച്ച രൂപരേഖ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

അരൂർ മണ്ഡലത്തിലെ തുറവൂർ വേ സൈഡ് പാർക്കിന്റെ പരിപാലനം

122 (3251) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ വേ സൈഡ് പാർക്കിന്റെ പരിപാലന ചുമതല ആർക്കാണെന്ന് അറിയിക്കുമോ?

അരൂർ മണ്ഡലത്തിലെ തുറവൂർ വേ സൈഡ് പാർക്കിന്റെ പരിപാലന ചുമതല ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനാണ്.

(ബി) പ്രസ്തുത വിനോദസഞ്ചാര പദ്ധതിക്കായി ടൂറിസം വകുപ്പിന് കൈമാറി ലഭിച്ച ഭൂമിയുടെ അളവ് വ്യക്തമാക്കുമോ; പാർക്ക് നിർമ്മാണം നടക്കുമ്പോൾ പാർക്കിനോട് ചേർന്ന് എതു ചെറുകിട കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ?

പദ്ധതി പ്രദേശത്തെ റോഡിന് കിഴക്ക് ഭാഗത്ത് 3,362.59 ചതുരശ്ര മീറ്റർ സ്ഥാലവും പടിഞ്ഞാറ് ഭാഗത്ത് 4,120.25 ചതുരശ്ര മീറ്റർ സ്ഥലവും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലുണ്ട്. നിർമാണഘട്ടത്തിൽ പാർക്കിനോട് ചേർന്ന് പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത പാർക്കിൽ കായലിനോട് ചേർന്ന് ഡി.റ്റി.പി.സി. സ്ഥാപിച്ചിരുന്ന ഫെൻസിംഗ് പല പ്രദേശങ്ങളിലും പൊളിച്ചുമാറ്റി പുതിയ

കച്ചവട സ്ഥാപനങ്ങൾ ആരംഭിച്ചത് ഡി.റ്റി.പി.സി.-യുടെ അനുവാദത്തോടെയാണോ എന്ന് വ്യക്തമാക്കുമോ;

അല്ല.

(ഡി) അല്ലെങ്കിൽ പാർക്കിലെ ഫെൻസിംഗ് അനധികൃതമായി പൊളിച്ചു മാറ്റിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പാർക്കിനോട് ചേർന്ന് നിലവിൽ പ്രവർത്തിക്കുന്ന ചെറുകിട കച്ചവട സ്ഥാപനങ്ങളുടെ എണ്ണം വ്യക്തമാക്കുമോ?

തുറവൂർ വേ സൈഡ് പാർക്കിന്റെ ഭൂമി കൈയ്യേറാൻ സ്വകാര്യ വ്യക്തികൾ ശ്രമിക്കുന്നതും സംരക്ഷണ വേലി നശിപ്പിക്കപ്പെട്ടതും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 15-10-2023-ൽ തുറവൂർ തെക്ക് വില്ലേജിലും 18-11-2023-ൽ ജില്ലാ കളക്ടർക്കും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ പരാതി നൽകിയിരുന്നു. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ ചേർത്തല തഹസീൽദാരെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിരുന്നു. തുറവൂർ വേ സൈഡ് പാർക്കിനോടുചേർന്നുള്ള സ്വകാര്യ ഭൂമിയിൽ നിലവിൽ ഏഴ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ഇ) നട്ടുവളർത്തിയിരിക്കുന്ന പുല്ലിലൂടെയും നടപ്പാതയിലൂടെയും വാഹനങ്ങൾ ഓടിക്കുന്നതുൾപ്പെടെ പാർക്കിൽ നാശനഷ്ടങ്ങൾ വരുത്തുന്നവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നട്ടുവളർത്തിയിരിക്കുന്ന പുല്ലിലൂടെയും നടപ്പാതയിലൂടെയും വാഹനങ്ങൾ ഓടിച്ച് പാർക്കിൽ നാശനഷ്ടം വരുത്തിയതായി പരാതികൾ ലഭിച്ചിട്ടില്ല.

(എഫ്) അത്തൂർ മണ്ഡലത്തിൽ ഡി.റ്റി.പി.സി.-യുടെ നിയന്ത്രണത്തിലുള്ള മറ്റ് വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

അത്തുക്കുറ്റി ഹൗസ് ബോട്ട് ടെർമിനലും തഴപ്പ് മൈക്രോ ഡെസ്റ്റിനേഷനുമാണ് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് കീഴിൽ അത്തൂർ മണ്ഡലത്തിലുള്ള മറ്റു കേന്ദ്രങ്ങൾ. 2022-ൽ ഡി. ടി. പി. സി.-ക്ക് കൈമാറി ലഭിച്ച ഈ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കാൻ പലതവണ ടെൻഡർ/താൽപര്യപത്രം ക്ഷണിച്ചെങ്കിലും ഇവ ആരും ഏറ്റെടുത്തില്ല. ഈ കേന്ദ്രങ്ങൾക്കായി റീ-ടെൻഡർ/താൽപര്യപത്രം ക്ഷണിക്കാനുള്ള നടപടികൾ പുരോഗതിയിലാണ്.

കണ്ണൂർ ജില്ലയിലെ ജലടൂറിസം സ്പോട്ടുകൾ

123 (3252) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ജല ടൂറിസം മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ജില്ലയിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന രീതിയിലുള്ള പുതിയ ജലടൂറിസം സ്പോട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ഈ ജില്ലയിൽ വിവിധ ടൂറിസ്റ്റ് സ്പോട്ടുകളെ ബന്ധിപ്പിച്ച് ജല ടൂറിസ്റ്റ് പാതകൾ വിപുലപ്പെടുത്തുന്നതിനുള്ള സമഗ്രപദ്ധതികൾ ആലോചനയിലുണ്ടോ; വിശദമാക്കാമോ?

(എ-സി) മലബാർ റിവർക്രൂയിസ് പദ്ധതിക്കായി കേന്ദ്ര സഹായത്തോടെയും സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കണ്ണൂർ ജില്ലയിൽ 6 നിയോജകമണ്ഡലങ്ങളിലായി 14 പദ്ധതികളും (തലശ്ശേരി, ധർമ്മടം, കൂത്തുപറമ്പ്, പയ്യന്നൂർ, തളിപ്പറമ്പ്, കല്ല്യാശ്ശേരി) പൂർത്തീകരിച്ചിട്ടുണ്ട്. സ്വദേശ് ദർശൻ

പദ്ധതിയുടെ ഭാഗമായും ബോട്ട് ജെട്ടികൾ/ബോട്ട് ടെർമിനലുകൾ, ടൂറിസം ഇൻഫ്രാസ്ട്രക്ചർ എന്നിവ നിർമ്മിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പദ്ധതികൾ കണ്ണൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കൈമാറി നൽകിയിട്ടുണ്ട്.

തളിപ്പറമ്പ് മണ്ഡലത്തിലെ മുല്ലക്കൊടി ടൂറിസം പദ്ധതി

124(3253) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിലെ മുല്ലക്കൊടി ടൂറിസം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

26-12-2022-ലെ സ.ഉ.(സാധാ)നം.476/2022/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം 4,90,15,063/- (നാല് കോടി തൊണ്ണൂറു ലക്ഷത്തി പതിനയ്യായിരത്തി അറുപത്തി മൂന്ന് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതിയുടെ 29% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

(ബി&സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട റാൻഡം റബൽ വർക്ക്, എർത്ത് ഫില്ലിംഗ് തുടങ്ങിയവയുടെ അളവുകളിൽ ഉള്ള വ്യതിയാനം ഉൾപ്പെടുത്തി നിർവഹണ ഏജൻസി സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മുനക്കൽ ഡോൾഫിൻ ബീച്ച് നവീകരണം

125 (3254) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം നിയോജക മണ്ഡലത്തിലെ മുനക്കൽ ഡോൾഫിൻ ബീച്ച് ആഗോളതലത്തിൽ അറിയപ്പെടുന്ന വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത ബീച്ച് നവീകരണ പ്രവർത്തനങ്ങളുടെ തൽസ്ഥിതി വിവരങ്ങൾ ലഭ്യമാക്കാമോ?

(എ &ബി) കേരളത്തിലെ ഏറ്റവും ഭ്രവിസ്തൃതിയുള്ള ബീച്ചുകളിൽപ്പെടുന്ന അഴീക്കോട് മുനക്കൽ മുസിരിസ് ഡോൾഫിൻ ബീച്ച്, ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന വിനോദസഞ്ചാര കേന്ദ്രമാക്കാനും ബ്ലൂഫ്ലാഗ് സർട്ടിഫിക്കേഷൻ നേടാനുമുള്ള നടപടികൾ പുരോഗതിയിലാണ്. ഇതിനുള്ള നവീകരണ പ്രവൃത്തികളുടെ 90 ശതമാനത്തോളം പൂർത്തിയായി. സൈക്കിൾ ട്രാക്ക്, ഇന്റർലോക്ക് നടപ്പാതകൾ, വാട്ടർ ബോഡി, ഗ്രാനൈറ്റ് ബെഞ്ചുകൾ, ആംഫി തിയേറ്റർ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്.

ചെറുവത്തൂർ വീരമലക്കുന്ന് – ടൂറിസം വികസന പദ്ധതി

126 (3255) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ വീരമലക്കുന്ന് കേന്ദ്രീകരിച്ചുള്ള ടൂറിസം വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും കവ്വായി കായലും അനുബന്ധ ഗ്രാമങ്ങളും ഉൾപ്പെടുത്തി ടൂറിസം പദ്ധതികൾ നടപ്പിലാക്കുമോ എന്നും വ്യക്തമാക്കാമോ?

05-06-2024-ലെ സ.ഉ.(കൈ)നം.89/2024/RD നമ്പർ ഉത്തരവ് പ്രകാരം, വീരമലക്കുന്ന് ടൂറിസം പദ്ധതിക്കായി റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള കാസർഗോഡ് ജില്ല, ഹോസ്ദുർഗ്ഗ് താലൂക്കിലെ ചെറുവത്തൂർ വില്ലേജിൽ റീസർവ്വേ നമ്പർ 70/1 ഉൾപ്പെട്ട 3.6899 ഹെക്ടർ (9.1140 ഏക്കർ)എ.ഡബ്ല്യൂ വിഭാഗത്തിൽപ്പെടുന്ന സർക്കാർ ഭൂമി വിനോദസഞ്ചാര വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥലം ഏറ്റെടുത്ത് അടിയന്തര തുടർനടപടികൾ സ്വീകരിക്കാൻ വിനോദസഞ്ചാരവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കവ്വായി കായലും അനുബന്ധ ഗ്രാമങ്ങളും ഉൾപ്പെടുത്തി ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാം.

നിലമ്പൂർ നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

127 (3256) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഏതെങ്കിലും ടൂറിസം പദ്ധതികൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ പദ്ധതികളുടെ പേരും പ്രതീക്ഷിക്കുന്ന ചെലവും ഇതുവരെ ചെയ്ത നടപടികളും നിലവിലെ അവസ്ഥയും വിശദമാക്കാമോ?

നിലവിൽ പദ്ധതി രേഖകൾ ഒന്നും തയ്യാറാക്കിയിട്ടില്ല.

(ബി) 2016 ഏപ്രിൽ 1 മുതൽ നാളിതുവരെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പദ്ധതികളുടെയും പരിപാടികളുടെയും അവയ്ക്കായി ചെലവഴിച്ച തുകയുടെയും വിശദാംശം അറിയിക്കാമോ?

നടപ്പിലാക്കിയിട്ടില്ല.

(സി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളാണ് ടൂറിസം പദ്ധതികൾക്ക് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ളതെന്നും ഓരോ പ്രദേശത്തിനും യോജിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

നിലമ്പൂർ മണ്ഡലത്തിൽ ടൂറിസം സാധ്യതയുള്ള സ്ഥലങ്ങളിലധികവും വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളാണ്. നെടുങ്കയം, ഡി.എഫ്.ഒ. ബംഗ്ലാവ് തുടങ്ങിയവ ടൂറിസം സാധ്യതയുള്ള സ്ഥലങ്ങളാണ്. വനം വകുപ്പുമായി ചേർന്ന്

ടൂറിസം പദ്ധതികൾ നടപ്പിലാക്കുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) മലപ്പുറം ജില്ലയിൽ കാരവൻ ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഒരു കാരവന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നും അതിന്റെ വിശദാംശങ്ങളും അറിയിക്കാമോ?

മലപ്പുറം ജില്ലയിലെ M/s. Frontline Hospitality and Property Management (Frontline caravan) എന്ന സ്വകാര്യ സംരംഭകൻ കാരവൻ വാങ്ങി സഞ്ചാരികൾക്കായി സർവീസ് നടത്തുന്നുണ്ട്. ടിയാന് വകുപ്പ് കാരവൻ ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകിയിട്ടുള്ളതാണ്. 24-11-2022-ലെ സ.ഉ.(അച്ചടി)നം.34/2022/Trans പ്രകാരം, ടൂറിസം വകുപ്പുമായി കരാറിലേർപ്പെട്ടിരിക്കുന്ന കാരവനുകൾക്ക് ത്രൈമാസ നികുതിയിൽ 50% ഇളവ് മോട്ടോർ വാഹന വകുപ്പ് ലഭ്യമാക്കുന്നുണ്ട്. കാരവൻ പാർക്കുകൾ സർക്കാർ അംഗീകരിച്ച കാരവൻ നയത്തിൽ പ്രതിപാദിക്കുന്ന വിധത്തിൽ സ്വകാര്യ സംരംഭകർക്ക് ആരംഭിക്കാവുന്നതാണ്. ഇൻവെസ്റ്റ്മെന്റ് സബ്ഡിഡിക്കായി വകുപ്പിന് ലഭിച്ച വിവിധ അപേക്ഷ പരിശോധിച്ചതിൽനിന്നും ഒരു കാരവൻ വാങ്ങുന്നതിന് പ്രതീക്ഷിത ചെലവ് 50 ലക്ഷം രൂപയാണ്.

(ഇ) നിലമ്പൂരിനെയും പരിസരപ്രദേശങ്ങളിലെ ടൂറിസം കേന്ദ്രങ്ങളെയും ബന്ധിപ്പിച്ച് നിലമ്പൂർ ടൂറിസം സർക്യൂട്ട് പ്രഖ്യാപിച്ച് നിലമ്പൂർ ആസ്ഥാനമാക്കി ഏറെ സാധ്യതകളുള്ള കാരവൻ ടൂറിസം ആരംഭിക്കുമോ; വ്യക്തമാക്കാമോ?

പരിശോധിക്കാവുന്നതാണ്.

കടലുകാണിപ്പാറ ടൂറിസം പദ്ധതി

128 (3257) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പുളിമാത്ത് ഗ്രാമപഞ്ചായത്ത് പരിധിയിലെ കടലുകാണിപ്പാറ ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ?

ആറ്റിങ്ങൽ നഗരസഭയിലെ കടലുകാണിപ്പാറയുടെ ടൂറിസം പ്രാധാന്യം കണക്കിലെടുത്ത് രണ്ടാം ഘട്ട വികസനത്തിന് 1.87 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തിരുവനന്തപുരം ഡി.റ്റി.പി.സി. മുഖേന പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉത്തരവിട്ടിരുന്നത്. പദ്ധതിയുടെ നിർവഹണ ഏജൻസിയായി ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡിനെ തിരഞ്ഞെടുക്കുകയും ഏജൻസിയുമായി കരാർ ഒപ്പുവെയ്ക്കുകയും ചെയ്തിരുന്നു. ഇതേ തുടർന്ന് നിർവഹണ

ഏജൻസിയായ M/s ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് പ്രവൃത്തികൾ ടെൻഡർ ചെയ്യുകയും കരാറുകാരന് 1.66 കോടി രൂപയുടെ വർക്ക് ഓർഡർ നൽകുകയും ചെയ്തിരുന്നു. എന്നാൽ ബഹുമാനപ്പെട്ട എം.എൽ.എ., ഡെപ്യൂട്ടി ഡയറക്ടർ, ഡി.റ്റി.പി.സി. സെക്രട്ടറി എന്നിവർ പദ്ധതി പ്രദേശം സന്ദർശിക്കുകയും ചില ഘടകങ്ങൾ നടപ്പാക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടെന്ന് മനസ്സിലാക്കുകയും ചെയ്തു. ഇതേതുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ തീരുമാനിച്ചു. എന്നാൽ കരാറുകാരും ഏജൻസിയും പദ്ധതിയുമായി മുന്നോട്ടുപോകാനുള്ള അസൗകര്യം അറിയിക്കുകയാണ് ചെയ്തത്. ഇതോടെ കരാർ റദ്ദാക്കി. പിന്നീട് സിൽക്ക് ഏജൻസി വഴി 1.81 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. എന്നാൽ അനിശ്ചിതമായി വൈകുന്ന പദ്ധതികളുടെ തുക തിരിച്ചുപിടിക്കാനുള്ള സർക്കാർ തീരുമാനപ്രകാരം നേരത്തെ നൽകിയ ഫണ്ട് തിരിച്ചടക്കാൻ ഡി.റ്റി.പി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർന്ന് പുതിയ പദ്ധതിയായി ഈ നിർദ്ദേശം പരിഗണിക്കാനാകുമോയെന്ന് പരിശോധിക്കാം.

കാഞ്ഞങ്ങാട് മഞ്ഞംപൊതിക്കുന്ന് ടൂറിസം പദ്ധതി

129 (3258) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മഞ്ഞംപൊതിക്കുന്ന് ടൂറിസം പദ്ധതി ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

(എ&ബി) 03-03-2023-ലെ സ.ഉ.(സാധാ)നം. 94/2023/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം, ഇക്കോ സെൻസിറ്റീവ് ആസ്പോ ടൂറിസം പ്രോജക്ട് അറ്റ് മഞ്ഞംപൊതിക്കുന്ന് എന്ന പദ്ധതിക്ക് 3.60 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി.

പദ്ധതിയുടെ നിർവഹണ ചുമതല M/s SILK എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്. കരാറുകാരനെ തിരഞ്ഞെടുക്കുന്നതിൽ റീ-ടെൻഡർ നടപടികൾ ആവശ്യമായിവന്നിരുന്നു. നിലവിൽ സൈറ്റ് ലെവലിംഗ് ഉൾപ്പെടെയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. വെള്ളം ലഭിക്കുന്നതിന് ബോർ വെൽ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആക്കുളം ഗ്ലാസ് ബ്രിഡ്ജ് പരിപാലനം

130 (3259) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസ്റ്റ് വില്ലേജിൽ ഗ്ലാസ് ബ്രിഡ്ജ് സ്ഥാപിച്ചതിന് ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം ഇനങ്ങളിലാണ് ചെലവഴിച്ചത്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബ്രിഡ്ജിന്റെ പരിപാലന ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പരിപാലന ചുമതല ഏൽപ്പിച്ച് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഈ വിഷയം സംബന്ധിച്ച കരാറിന്റെ വിശദാംശം നൽകുമോ?

(എ&ബി) ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ് നിർമ്മിക്കുവാൻ ടൂറിസം വകുപ്പ് തുക ചെലവഴിച്ചിട്ടില്ല. ഡി.ടി.പി.സി.-യാണ് ടെൻഡർ വിളിച്ചത്. ടെൻഡർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം സ്വന്തം ചെലവിൽ ബ്രിഡ്ജ് നിർമ്മാണ പ്രവർത്തനം നടത്തണമെന്നായിരുന്നു ടെൻഡർ വ്യവസ്ഥ. വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡിയർ എന്റർപ്രണേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (Vybecos)-ക്കാണ് നിർമ്മാണ ചുമതല. O&M കരാർ നടപടിക്രമങ്ങൾ ഡി.ടി.പി.സി. തലത്തിൽ സ്വീകരിച്ചുവരുന്നു.

ജലടൂറിസം പദ്ധതികൾ

131 (3260) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിന് കീഴിൽ സംസ്ഥാനത്ത് ബോട്ടിംഗ് സ്പോട്ടുകൾ ഉണ്ടോ; എങ്കിൽ അവ എവിടെയൊക്കെയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

വിനോദസഞ്ചാര വകുപ്പിന് കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബോട്ടിംഗ് സ്പോട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ജലഗതാഗതവും ടൂറിസം വകുപ്പുമായി ചേർന്ന് ജലടൂറിസം പദ്ധതികൾ നിലവിലുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ?

ജലഗതാഗതവും വിനോദസഞ്ചാര വകുപ്പുമായി ചേർന്ന് നിലവിൽ ജലടൂറിസം പദ്ധതികൾ ഒന്നും തന്നെ പരിഗണനയിലില്ല.

(സി) ഈ മേഖലയിൽ പുതിയ പദ്ധതികൾ ആലോചനയിലുണ്ടോ; വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ കായലോര ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന അഞ്ചുതെങ്ങ് – കഠിനംകുളം ബാക്ക് വാട്ടർ ടൂറിസം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയിൽ ഉൾപ്പെടുത്തി ബോട്ട് ടെർമിനൽ, ബോട്ട് ജെട്ടി എന്നിവ വിഭാവനം ചെയ്തുവരുന്നു. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ബോട്ടിംഗ് ഉൾപ്പെടെയുള്ള പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത് പരിശോധിക്കാവുന്നതാണ്.

'മലബാർ റിവർ ക്രൂയിസ്' പദ്ധതിയുടെ ഭാഗമായി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി സോളാർ പവർ ബോട്ടുകൾ, ഷിക്കാര ബോട്ടുകൾ എന്നിവ നീറ്റിലിറക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു. മലനാട് മലബാർ റിവർ ക്രൂയിസ് പദ്ധതിയിൽ നിർമ്മിച്ച ബോട്ട് ടെർമിനലുകൾ/ജെട്ടികൾ എന്നിവിടങ്ങളിൽ ബോട്ടിംഗ് അടക്കമുള്ള ജലസാഹസിക പദ്ധതികൾ ആരംഭിക്കുന്നതിന് ടെൻഡർ നടപടികൾ സ്വീകരിച്ചുവരികയാണ്.

ഭൂതത്താൻകെട്ടിൽ ഇറിഗേഷൻ ടൂറിസം പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റിയുമായി ചേർന്ന് പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

പുതിയ മദ്യ നയ രൂപീകരണം

132 (3261) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 മാർച്ച് മാസത്തിൽ ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ പുതിയ മദ്യനയ മാറ്റം അടക്കമുള്ള കാര്യങ്ങൾ ടൂറിസം വകുപ്പ് ചർച്ച ചെയ്തിരുന്നോ;

(ബി) എല്ലാ മാസവും ഒന്നാം തീയതി ഡ്രൈഡേ ആചരിക്കുമ്പോൾ മദ്യ വിൽപ്പനയില്ലാത്തത് ടൂറിസം മേഖലയെ പ്രതികൂലമായി ബാധിക്കുന്നുവെന്ന ആശങ്ക പ്രസ്തുത യോഗത്തിൽ ടൂറിസം വകുപ്പ് പ്രകടിപ്പിച്ചിരുന്നോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് മദ്യ നയത്തിൽ ഉൾപ്പെടുത്താനായി എന്തൊക്കെ ശിപാർശകളാണ് പ്രസ്തുത യോഗത്തിൽ ടൂറിസം വകുപ്പ് അവതരിപ്പിച്ചതെന്ന് വ്യക്തമാക്കുമോ?

(എ-സി) ടൂറിസം വകുപ്പ് മദ്യനയ മാറ്റം ആവശ്യപ്പെടുകയോ, ആശങ്കകൾ അറിയിക്കുകയോ, നിർദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ്

133 (3262) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജിൽ രണ്ടാമതും പൊട്ടൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഭവം ഗൗരവമായി കാണുന്നുണ്ടോ എന്ന് വിശദമാക്കാമോ?

ആക്കുളം ഗ്ലാസ് ബ്രിഡ്ജിന്റെ നിർമ്മാണം നടത്തുന്നത് ഡി.റ്റി.പി.സി. തെരഞ്ഞെടുത്ത ഏജൻസിയാണ്. നിർമ്മാണത്തിനിടയിൽ ഗ്ലാസുകൾക്ക് കേടുപാട് സംഭവിച്ചുവെന്ന് ഡി.റ്റി.പി.സി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ അംഗീകാരവും NIT ഉൾപ്പെടെയുള്ള മറ്റ് പരിശോധനാ റിപ്പോർട്ടുകളുംകൂടി ലഭിച്ചതിനുശേഷം മാത്രമേ പാലത്തിൽ പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കുകയുള്ളൂ.

(ബി) പ്രസ്തുത ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണത്തിന് കരാർ നൽകിയ സ്ഥാപനത്തിന് മുൻ പരിചയമുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(സി) പ്രസ്തുത സ്ഥാപനത്തിന് മുൻപരിചയമില്ലെങ്കിൽ ജനങ്ങളുടെ സുരക്ഷ സുപ്രധാന ഘടകമാകുന്ന ഇത്തരമൊരു പദ്ധതിയുടെ നിർമ്മാണക്കരാർ ആ സ്ഥാപനത്തിനെ ഏല്പിച്ചതിന്റെ അടിസ്ഥാനമെന്താണെന്ന് അറിയിക്കുമോ?

(ബി &സി) നിർമ്മാണം ഏറ്റെടുത്തിരുന്ന സ്ഥാപനത്തിന് അഡ്വഞ്ചർ ടൂറിസത്തിൽ മുൻപരിചയമുണ്ട്. QCBS രീതിയിലാണ് നടത്തിപ്പ് സ്ഥാപനത്തെ തെരഞ്ഞെടുത്തത്. പ്രസ്തുത സ്ഥാപനത്തിന് അഡ്വഞ്ചർ ടൂറിസത്തിന്റെ അംഗീകാരം ലഭിച്ചിരുന്നു.

ഉത്തരവാദിത്ത ടൂറിസം

134 (3263) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിൽ വരുത്തിയശേഷം ടൂറിസം മേഖലയിൽ ഉണ്ടായ പുരോഗതി വിശദമാക്കാമോ?

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തിന്റെ അടിസ്ഥാന തത്വങ്ങളായ സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക ഉത്തരവാദിത്തങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് കേരളത്തിലെ ടൂറിസം മേഖലയിൽ പ്രാദേശിക

ജനപങ്കാളിത്തം ഉറപ്പാക്കുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്. ഉത്തരവാദിത്ത ടൂറിസം എന്ന ആശയം അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവെൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, ആക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ എല്ലാവിധ പരിശീലനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടത്തിവരുന്നു. ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട് നിലവിൽ ചെയ്തുവരുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

- പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക.
- ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക.

- ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുകയും പ്രയോഗവൽക്കരിക്കുന്നതിന് പ്രോത്സാഹനം നൽകുക.

- വില്ലേജ് ടൂർ, റൂറൽ ടൂർ, കൾച്ചറൽ ടൂർ, ഫെസ്റ്റിവൽ ടൂർ, എക്സ്പീരിയൻഷ്യൽ ടൂർ, ഫാം/അഗ്രി ടൂർ, പൈതൃക ടൂർ, ഫുഡ്/കൃസീൻ ടൂർ, ആക്സ്സസിബിൾ ടൂർ പാക്കേജുകൾ ആരംഭിക്കുകയും പ്രൊമോട്ട് ചെയ്യുകയും ചെയ്യുക

- ടൂറിസത്തിലൂടെ പ്രാദേശിക തൊഴിൽ ലഭ്യമാക്കുക.

- ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, ദാരിദ്ര്യ ലഘൂകരണം, പാർശ്വവൽകൃത ജനസമൂഹത്തിന്റെ ഉന്നമനം എന്നിവ സാധ്യമാക്കുക.

- പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും മാലിന്യ വിമുക്ത ടൂറിസം കേന്ദ്രങ്ങൾ എന്ന ആശയം ടൂറിസം സംരംഭകരുടെയും പ്രാദേശിക സമൂഹത്തിന്റെയും സഹകരണത്തോടെ നടപ്പാക്കുകയും തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻ സർട്ടിഫൈഡാക്കി മാറ്റുകയും ചെയ്യുക.

- തദ്ദേശീയരായ ജനസമൂഹത്തെ ടൂറിസം വ്യവസായവുമായി ബന്ധപ്പെടുത്തുന്നത്തിനുള്ള വിവിധ പരിശീലനങ്ങൾ, നൈപുണ്യ

വികസന, സംരഭകത്വ വികസന പരിശീലനങ്ങൾ എന്നിവ നടത്തി വരുന്നു.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനുശേഷം കേരളത്തിൽ എത്തുന്ന വിദേശ സഞ്ചാരികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് അറിയിക്കാമോ?

ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കിയതിനുശേഷം എക്സ്പീരിയൻഷ്യൽ ടൂറിസത്തിന്റെ ഭാഗമായിട്ടുള്ള വില്ലേജ് ലൈഫ്, കൾച്ചറൽ, എക്സ്പീരിയൻസ് എത്നിക് ക്യൂസീൻ തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കേരളത്തിൽ അനുഭവേദ്യ വിനോദസഞ്ചാരം ശക്തിപ്പെടുത്തുന്നതിന് ഉത്തരവാദിത്ത ടൂറിസം വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഏറ്റവുമധികം വിദേശ വിനോദ സഞ്ചാരികളാണ് ഈ പദ്ധതികൾ ആസ്വദിക്കാനെത്തിച്ചേരുന്നത്. 2023 കലണ്ടർ വർഷം സംസ്ഥാനത്ത് എത്തിയ വിദേശ സഞ്ചാരികൾ 6,49,057 ആണ്. മുൻ വർഷത്തെ അപേക്ഷിച്ച് 87.83% വർദ്ധനവാണ്

രേഖപ്പെടുത്തിയിട്ടുള്ളത്. വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ വന്ന ഈ വർദ്ധനവിന് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളും കാരണമായിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അപകടങ്ങൾ ഒഴിവാക്കാൻ നടപടി

135 (3264) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അപകടങ്ങൾ ഒഴിവാക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

(ബി) അപകട സാധ്യതയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മുന്നറിയിപ്പുകളും സുരക്ഷാ സംവിധാനങ്ങളും ഒരുക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ മുങ്ങിമരണങ്ങൾ ഉൾപ്പടെയുള്ള അപകടങ്ങൾ വർദ്ധിച്ചുവരുന്നത് തടയാൻ പ്രത്യേക നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷാ മുൻകരുതലുകളെ സംബന്ധിച്ച് വിനോദ സഞ്ചാരികൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ജലാശയങ്ങൾ, ബീച്ച് എന്നിവ ഉൾപ്പെടുന്ന കേന്ദ്രങ്ങളിലാണ് അപകടങ്ങൾ കൂടുതലായി സംഭവിച്ചിട്ടുള്ളത്. കാലാവസ്ഥാ മുന്നറിയിപ്പുകളുണ്ടാകുന്ന ഘട്ടത്തിൽ ഇത്തരം ടൂറിസം കേന്ദ്രങ്ങൾ അടയ്ക്കുന്നതുൾപ്പെടെ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇവ മാധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിക്കാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളിൽ കൂടുതൽ അപകടങ്ങൾ വരുത്തിവയ്ക്കുന്ന പ്രവൃത്തികളും രാത്രിയാത്രകളും ഒഴിവാക്കുന്നതിന് നവമാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വഴിയും അവബോധം നൽകിവരുന്നു. കേരളത്തിലെ 14 ജില്ലകളിലായി 180 ടൂറിസം പോലീസുകാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ കടലോരങ്ങൾ, കായലുകൾ,

നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും, ആവശ്യമായ ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 145 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിച്ചുവരുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിവരുന്നു.

സംസ്ഥാനം സന്ദർശിച്ച വിദേശ/ആഭ്യന്തര വിനോദ സഞ്ചാരികൾ

136 (3265) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2023-24 വർഷം എത്ര വിദേശ/ആഭ്യന്തര വിനോദസഞ്ചാരികൾ വിവിധ ജില്ലകളിലായി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2023-24 സാമ്പത്തിക വർഷം വിവിധ ജില്ലകളിലായി സന്ദർശനം നടത്തിയ വിദേശ/ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	വിദേശ സഞ്ചാരികളുടെ എണ്ണം	ആഭ്യന്തര സഞ്ചാരികളുടെ എണ്ണം
1	തിരുവനന്തപുരം	164807	3690629
2	കൊല്ലം	5953	461298
3	പത്തനംതിട്ട	765	434976
4	ആലപ്പുഴ	34943	692786
5	കോട്ടയം	42885	545852
6	ഇടുക്കി	126744	3645485
7	എറണാകുളം	279061	4432557
8	തൃശ്ശൂർ	17889	2554478
9	പാലക്കാട്	1235	569218
10	മലപ്പുറം	10506	782739
11	കോഴിക്കോട്	13557	1302651
12	വയനാട്	4517	1719347
13	കണ്ണൂർ	2370	856225
14	കാസർഗോഡ്	2704	284433
ആകെ		**707936**	**21972674**

(ബി) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം മേഖലയിലും അനുബന്ധ മേഖലകളിലുമായി ഈ കാലഘട്ടത്തിൽ എത്രപേർ സന്ദർശനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം മേഖലയിലും അനുബന്ധ മേഖലകളിലുമായി 2023-24 സാമ്പത്തിക വർഷം സന്ദർശനം നടത്തിയ വിദേശ/ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	**വിനോദസഞ്ചാര കേന്ദ്രം**	**വിദേശ സഞ്ചാരികളുടെ എണ്ണം**	**ആഭ്യന്തര സഞ്ചാരികളുടെ എണ്ണം**
1	ബേക്കൽ	1986	212886
2	കോട്ടപ്പുറം	91	7493
3	വലിയപറമ്പ്	134	13911
4	റാണിപുരം	0	5493
5	അഴീത്തല	403	8472
ആകെ		**2614**	**248255**

ഖാദർ കമ്മറ്റി റിപ്പോർട്ട്

137 (3266) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മറ്റി റിപ്പോർട്ടിനെ തുടർന്ന് പൊതുവിദ്യാഭ്യാസ വകുപ്പിനെ ഏകീകരിക്കുന്നതിനുവേണ്ടി പുറപ്പെടുവിച്ച 31-05-2019-ലെ

ഗവൺമെന്റ് ഉത്തരവിന് നിയമപ്രാബല്യം നൽകുന്നതിന് കേരള വിദ്യാഭ്യാസ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ എത്ര ഭേദഗതികളാണ് വരുത്തിയതെന്നും എന്തൊക്കെ ഭേദഗതികളാണ് വരുത്തിയതെന്നും വ്യക്തമാക്കാമോ?

ഒരു ഭേദഗതി ആക്ടിന്റെയും 11 ഭേദഗതി ചട്ടങ്ങളുടെയും പകർപ്പുകൾ അനുബന്ധമായി+ ഉൾപ്പെടുത്തിയിരിക്കുന്നു.

(സി) മേൽ ഭേദഗതികൾക്കെതിരെ കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ടോ?

ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) മേൽ വിഷയം ഹൈക്കോടതിയുടെ പരിഗണനയിലാണെങ്കിൽ സർക്കാർ എതിർ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നിയമിക്കപ്പെട്ട ജീവനക്കാരുടെ വിവരങ്ങൾ

138 (3267) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമനരീതി എങ്ങനെയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ, നിയമനരീതി എന്നിവ ചുവടെ ചേർക്കുന്നു.

തസ്തിക	**നിയമനരീതി (ഡെപ്യൂട്ടേഷൻ, പുനർനിയമന വ്യവസ്ഥ)**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ	പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അധികചുമതല
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ	പുനർനിയമനവ്യവസ്ഥ പ്രകാരം
മിഷൻ അണ്ടർ സെക്രട്ടറി	ഡെപ്യൂട്ടേഷൻ
മിഷൻ പ്രോജക്ട് ഓഫീസർ	ഡെപ്യൂട്ടേഷൻ
അക്കൗണ്ട്സ് ഓഫീസർ/ ഫിനാൻസ് ഓഫീസർ	ഡെപ്യൂട്ടേഷൻ

വിദ്യാഭ്യാസ വിദഗ്ധൻ (2)	പുനർനിയമനം/ ഡെപ്യൂട്ടേഷൻ
നിയമവിദഗ്ധൻ	പുനർനിയമന വ്യവസ്ഥ
ജില്ലാ കോർഡിനേറ്റർ (14)	ഡെപ്യൂട്ടേഷൻ
ദിവസവേതന	
ക്ലർക്ക് കം ടൈപ്പിസ്റ്റ്	
എൽ.ഡി. ടൈപ്പിസ്റ്റ്	
ഓഫീസ് അറ്റൻഡന്റ്	

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്ത് നിയമിക്കപ്പെട്ട ജീവനക്കാരുടെ പേരുവിവരം, നിയമനരീതി, നിയമനത്തിന്റെ സ്വഭാവം, പ്രസ്തുത ജീവനക്കാർക്ക് ഓരോരുത്തർക്കും ഇതുവരെ അനുവദിച്ച ശമ്പളം/പ്രതിഫലം, യാത്രാബത്ത, മറ്റ് അലവൻസുകൾ എന്നിവ എത്രയെന്ന് തരം തിരിച്ച് വിശദമാക്കുമോ?

24-11-2017 മുതൽ 01-06-2018 വരെ ഡോ. പി. കെ. ജയശ്രീ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ചാർജ് വഹിച്ചിരുന്നു. അതിനുശേഷം അതത് കാലഘട്ടങ്ങളിൽ പൊതുവിദ്യാഭ്യസ ഡയറക്ടറായിരുന്ന ഉദ്യോഗസ്ഥർക്കാണ്

സി.ഇ.ഒ.-യുടെ ചാർജ്ജ് നൽകിയിരുന്നത്. ദിവസവേതനക്കാരായ മൂന്ന് ഉദ്യോഗസ്ഥർക്ക് 2018 ജനുവരി മുതൽ 2022 മെയ് വരെ 21,00,000/- രൂപ വേതനമായി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിനായി പ്രവർത്തിച്ചുവന്നിരുന്ന ഏതെങ്കിലും ജീവനക്കാർ ഖാദർ കമ്മറ്റിയിൽ അംഗമായി പ്രവർത്തിച്ചുവന്നിരുന്നോ; എങ്കിൽ അവരുടെ വിശദാംശം ലഭ്യമാക്കാമോ?

അതെ.

1) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ വിദ്യാഭ്യാസ വിദഗ്ധനായി നിയമിതനായ ഡോ. സി. രാമകൃഷ്ണൻ (റിട്ട. ഹയർസെക്കണ്ടറി പ്രിൻസിപ്പൽ)

2) നിയമകാര്യ വിദഗ്ധനായ ശ്രീ. ജി. ജ്യോതിചൂഡൻ (റിട്ട. സ്പെഷ്യൽ സെക്രട്ടറി. ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലും ഖാദർ കമ്മറ്റി വിദഗ്ധ സമിതിയിലും അംഗങ്ങളായി പ്രവർത്തിച്ച് വന്നിരുന്നവർ ഉണ്ടെങ്കിൽ അത്തരം ജീവനക്കാർ ഖാദർ കമ്മറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൈപ്പറ്റിയ പ്രതിഫലം, യാത്രാബത്ത, മറ്റ് ആനുകൂല്യങ്ങൾ എന്നിവ തരം തിരിച്ച് ലഭ്യമാക്കാമോ?

നം.	**അംഗത്തിന്റെ പേര്**	**സിറ്റിംഗ് ഫീസ് (തുക രൂപയിൽ)**	**യാത്രബത്ത (തുക രൂപയിൽ)**
1.	ഡോ.സി. രാമകൃഷ്ണൻ	1,52,000	16,328/- (പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ നിന്നും വിടുതൽ ചെയ്തശേഷം നടന്ന സിറ്റിംഗുകൾക്കുള്ള യാത്രാബത്ത)
2.	ശ്രീ. ജ്യോതിച്ചൂഡൻ	1,40,000	----

സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

139 (3268) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തികവർഷം സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ?

2023-24 സാമ്പത്തിക വർഷത്തിൽ സർക്കാർ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 246.34 കോടി രൂപ വകയിരുത്തുകയും 226.06 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2023-24 സാമ്പത്തിക വർഷം സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി എത്ര തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ?

2023-24 സാമ്പത്തിക വർഷത്തിൽ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഭരണാനുമതി നൽകിയ തുകയുടെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭിന്നശേഷി കുട്ടികൾക്കായുള്ള സ്പെഷ്യൽ കെയർ സെന്ററുകൾ

140 (3269) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീമതി ശാന്തകുമാരി കെ.:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി കുട്ടികൾക്ക് അധിക പിന്തുണ ഉറപ്പാക്കാൻ സ്പെഷ്യൽ കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സെന്ററുകൾ പ്രവർത്തനമാരംഭിച്ചിട്ടുള്ള കേന്ദ്രങ്ങൾ ഏതെല്ലാമാണ്; ഇത്തരത്തിലുള്ള പുതിയ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. നിലവിലുള്ള സ്പെഷ്യൽ കെയർ സെന്ററുകൾ ഒരു ക്ലസ്റ്ററിൽ മിനിമം ഒന്ന് എന്ന ക്രമത്തിലാണ് പ്രവർത്തിക്കുന്നത്. എസ്.പി.സി. ഇനിയും ശക്തിപ്പെടുത്തേണ്ടതുണ്ട്. സ്ഥല ലഭ്യത, പഠനോപകരണങ്ങളുടെ ലഭ്യത, തെറാപ്പി സൗകര്യങ്ങൾ എന്നിവ ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇവ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങളോടൊപ്പം പുതിയ സെന്ററുകൾ

ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. സ്പെഷ്യൽ കെയർ സെന്ററുകളുടെ വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) ഭിന്നശേഷിക്കാരായ കുട്ടികൾക്കായി സമഗ്ര ശിക്ഷാ കേരള നടപ്പാക്കിവരുന്ന പദ്ധതികൾ വിശദമാക്കുമോ; കായിക ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കുമോ?

ഭിന്നശേഷിക്കാരായ കുട്ടികൾക്കായി സമഗ്രശിക്ഷാ കേരളം നടപ്പിലാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ നൽകുന്നു.

1. മെഡിക്കൽ ക്യാമ്പ്

2. സഹായ ഉപകരണങ്ങളുടെ വിതരണം

3. ഇൻസർവീസ് ട്രെയിനിംഗ് ഫോർ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ

4. ബ്രെയിലി മെറ്റീരിയലുകളുടെ വിതരണം

5. ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം

6. പെൺകുട്ടികളുടെ സ്റ്റൈപ്പന്റ്

7. എസ്കോർട്ട് അലവൻസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

8. റീഡർ അലവൻസ്

9. ട്രാൻസ്പോർട്ട് അലവൻസ്

10. ഓട്ടിസം സെന്ററുകൾ

11. തെറാപ്പി സേവനങ്ങൾ

12.എൻവയോൺമെന്റ് ബിൽഡിംഗ് പ്രോഗ്രാം

13. ഭിന്നശേഷി സൗഹൃദവിദ്യാഭ്യാസം

14. സോഷ്യൽ ഇൻക്ലൂഷൻ പ്രോഗ്രാം

15. രക്ഷാകർതൃ ശാക്തീകരണം

16. ഫിലിം ഫെസ്റ്റിവൽ

17. ചങ്ങാതിക്കൂട്ടം

18. ഇൻക്ലൂസീവ് സ്പോർസ്

19. എക്സ്പോഷർ വിസിറ്റ്

20. പഠന സാമഗ്രികൾ വികസിപ്പിച്ച് നൽകൽ. 2023-24 വർഷം ഇൻക്ലൂസീവ് കായികോത്സവത്തിന്റെ ഭാഗമായി ഓരോ ബി.ആർ.സി.-ക്കും കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് 20000/- രൂപ അനുവദിച്ചിരുന്നു.

(സി) ശ്രവണ പരിമിതി അഭിമുഖീകരിക്കുന്ന കുട്ടികൾക്കായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ വിശദമാക്കുമോ; ഈ മേഖലയിലുള്ള അധ്യാപകർക്ക് പ്രത്യേക പരിശീലനത്തിനുള്ള പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ?

മോഡൽ ഇൻക്ലൂസീവ് സ്കൂൾ നിർമ്മാണത്തിലൂടെ ശ്രവണ പരിമിതി നേരിടുന്ന കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ ലഭ്യമാക്കുന്നുണ്ട്. ഇവർക്കായി സ്പെഷ്യൽ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ശ്രവണ പരിമിതി അഭിമുഖീകരിക്കുന്ന കുട്ടികൾക്കായി മെഡിക്കൽ ക്യാമ്പിനുള്ള നടപടികൾ ആരംഭിച്ചു. മെഡിക്കൽ ക്യാമ്പ്, ഹിയറിംഗ് എയ്ഡ് സ്പീച്ച് തെറാപ്പി, സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ നേതൃത്വത്തിൽ/സ്കൂൾ/സ്പെഷ്യൽ കെയർ സെന്റർ/ഓട്ടിസം സെന്റർ എന്നിവിടങ്ങളിൽ അക്കാദമിക പിന്തുണ നൽകിവരുന്നുണ്ട്.

ശ്രവണപരമായ വെല്ലുവിളി നേരിടുന്ന സവിശേഷ വിദ്യാലയങ്ങളിലെ സ്പെഷ്യൽ ടീച്ചേഴ്സിന്റെ ശാക്തീകരണത്തിനായി എസ്.സി.ഇ.ആർ.ടി. ഓഗസ്റ്റ്/സെപ്റ്റംബർ മാസങ്ങളിലായി ദ്വിദിന ശാക്തീകരണ പരിപാടി സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഓരോ കുട്ടിയുടെയും ശ്രവണപരമായ വെല്ലുവിളിയുടെ തീവ്രത എത്രമാത്രം എന്ന് കണ്ടെത്താനുള്ള നൂതന സാങ്കേതികവിദ്യകളെക്കുറിച്ചും നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ശ്രവണ സഹായികളെക്കുറിച്ചും പ്രസ്തുത ശാക്തീകരണ പരിപാടിയിൽ പ്രതിപാദിക്കുന്നതായിരിക്കും.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

141 (3270) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് സംസ്ഥാനത്തെ മുഴുവൻ സ്കൂൾ കെട്ടിടങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത

കെട്ടിടങ്ങളുള്ള സ്കൂളുകൾ ഏതൊക്കെയാണെന്നുള്ള വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

ഇല്ല. വിശദാംശം ജില്ല തിരിച്ച് ചുവടെ പറയുന്നു.

1) തിരുവനന്തപുരം:- SCV ബോയ്സ് ചിറയിൻകീഴ്, SCV ഗേൾസ് ചിറയിൻകീഴ്, GLPS കഴക്കൂട്ടം, TKDM UPS പന്നിയോട്, LMS LPS തൊഴുക്കൽ, SCV LPS ചിറയിൻകീഴ്, വലിയ ഉദ്ദേശ്വരം UPS, LMS UPS മുട്ടക്കാട്.

2) കൊല്ലം :- GLPS ആയിലറ, LMS LPS മറനാട്, സെന്റ് ലെഗോറിയസ് LPS കോവിൽതോട്ടം, VSHS എഴുകോൺ, AEPM HS ഇരുമ്പനങ്ങാട്, GHS കുവക്കാട്, GHSS ചാത്തന്നൂർ, MEAEM HSS കരിക്കോട്.

3) പത്തനംതിട്ട :- ഇല്ല.

4) ആലപ്പുഴ:- ഇല്ല.

5) കോട്ടയം:-GHS പനമറ്റം, മംഗളം EMHS, ഏറ്റുമാനൂർ, വെളുത്തുരുത്തി GLPS, വെള്ളൂർ, CMS LPS വടകര, CMSLPS ഇരുമ്പയം, കാരുണ്യമാതാ LPS കരിപ്പടം, KHM LPS വരിക്കാംകുന്നു, KMHS മേവള്ളൂർ, DEE സ്കൂൾ നീർപ്പാറ HS&VHSS ബ്രഹ്മമംഗലം

6) ഇടുക്കി:- ഇല്ല

7) എറണാകുളം:- ഇല്ല

8) തൃശ്ശൂർ:- സെന്റ് മേരീസ് CLPS, മാട്ടം, HS തിരുവളയന്നൂർ, THS, കൊടുങ്ങല്ലൂർ.

9) പാലക്കാട് :- GHS, വെള്ളിനേഴി

10) മലപ്പുറം:- AMLPS താനൂർ Al-Irfan EMLPS വള്ളുവങ്ങാട്; PMSA VHSS ചാപ്പനങ്ങാടി, മലബാർ ഇ സ്കൂൾ കോട്ടയ്ക്കൽ, MMMHSS കുറ്റായി

11) കോഴിക്കോട്:- GLPS, തോപ്പയിൽ, ചോറോട് LP, കോട്ടക്കാപ്പുറം എൽ.പി.എസ്., ഇടച്ചേരി MLPS, നരിക്കുന്ന് UPS, പുതയങ്ങാടി MLPS, വരിശ്ശക്കുനി UPS, കനിങ്ങാട് LP, തുറയൂർ ALPS, ആത്മ വിദ്യാ സംഘം, ALPS കളരിക്കണ്ടി, AUPS പിലാശ്ശേരി, കരുമല AMLPS, ക്രസന്റ് HSS വാണിമേൽ, GHSS അഴിയൂർ. KRA HSS പുറമേരി, ഇരിങ്ങണ്ണൂർ HSS, GVHSS മടപ്പള്ളി, KPMSMHSS അരീക്കുളം, ALPS കക്കഞ്ചേരി

12) വയനാട്:- എരുമാക്കൊല്ലി GUPS വൈത്തിരി

13) കണ്ണൂർ:- ദേശമിത്രം UPS ഇരിക്കൂർ, ബ്രൈറ്റ് ഇംഗ്ലീഷ് മീഡിയം തലശ്ശേരി സൗത്ത്, മൗവ്വഞ്ചേരി UPS കണ്ണൂർ നോർത്ത്, വിളക്കൊട്ടൂർ UPD പാനൂർ.

14) കാസർഗോഡ്:- IIALPS ചെങ്ങള, GLPS പെരുമ്പള, GUPS Adkathbail, GUPS മുളിയാർ മാപ്പിള, GLPS ചെരിപാടി, GUPS മോഗ്രാൽപുത്തൂർ, GMUPS ചെർക്കള, TAIS GMLPS തളങ്ങര, GLPS കാവുഗോളി, GFUPS അട്ക്കത്ത് ബയിൽ, MIA LPS തളങ്ങര, ALPS കല്ലൻകായി

(ബി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിന്റെ പേരിൽ ഏതെങ്കിലും സ്കൂളുകൾക്ക് പ്രവർത്തനാനുമതി നിഷേധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്കൂളുകളാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

ഉണ്ട്, കരുമല AMLPS കോഴിക്കോട്

(സി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത സ്കൂൾ കെട്ടിടങ്ങളിൽ അധ്യയനം നടക്കുന്ന സാഹചര്യം സംസ്ഥാനത്ത് നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്കൂളുകളിലാണ് ഇപ്രകാരം അധ്യയനം നടക്കുന്നതെന്നും കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്ത്

ക്രമീകരണമാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്നുമുള്ള വിശദാംശം നൽകുമോ?

ഉണ്ട്. കോഴിക്കോട് ജില്ലയിലെ താഴെപറയുന്ന സ്കൂളുകൾ

1) തുറയൂർ ALPS (അധ്യയനം നടത്താൻ യോഗ്യമായ സ്കൂൾ ആണ്. റോഡിൽ നിന്നും സ്കൂൾ വരാന്തയിലേയ്ക്ക് നിശ്ചിത അകലം ഇല്ലാത്തതിനാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചില്ല. 2017-18 മുതൽ കോടതി ഉത്തരവിലൂടെ അധ്യയനം നടത്തി വരുന്നു.)

2) ആത്മ വിദ്യാ സംഘം (സാങ്കേതിക കാരണങ്ങളാൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.)

3) AUPS പിലാശ്ശേരി (ഭിന്നശേഷി സൗഹൃദ ടോയ്ലെറ്റ് ഇല്ല എന്ന കാരണത്താൽ അസിസ്റ്റന്റ് എഞ്ചിനീയർ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടില്ല.)

4) GHSS അഴിയൂർ (ഫിറ്റ്നസ് ലഭിച്ച കെടിടത്തിലേയ്ക്ക് ക്ലാസ് മുറികൾ മാറ്റുന്നതിന് ജില്ലാ വിദ്യാഭ്യാസ ആഫീസർ പ്രധാനാധ്യാപകന് നിർദേശം നൽകിയിട്ടുണ്ട്)

5) ക്രസന്റ് HSS വാണിമേൽ

6) KRA HSS പുറമേരി

7) ഇരിങ്ങന്നൂർ HSS.

8) GVHSS മടപ്പള്ളി

9) KPMSMHSS അരീക്കുളം

മുകളിൽ പറഞ്ഞ 5 മുതൽ 9 വരെ സ്കൂളുകളിൽ സുരക്ഷാ ഭീഷണി ഇല്ലാത്തതിനാൽ അധ്യയനം നടക്കുന്നുണ്ട്.

തിരുവനന്തപുരം ജില്ലയിലെ താഴെ പറയുന്ന സ്കൂളുകൾ

SCV ബോയ്സ് ചിറയിൻകീഴ്, SCV ഗേൾസ് ചിറയിൻകീഴ്, GLPS കുഴയ്ക്കാട്, TKDM UPS പന്നിയോട്, LMS LPS മുട്ടയ്ക്കാട്. ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലെങ്കിലും ഒട്ടും സുരക്ഷാഭീഷണി ഇല്ലാത്ത കെട്ടിടങ്ങളിലാണ് ക്ലാസുകൾ നടത്തുന്നതെന്ന് ഉറപ്പാക്കിയിട്ടുണ്ട്.

മറ്റു ജില്ലകളിൽ ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടങ്ങളിൽ ക്ലാസുകൾ നടത്തുന്നില്ല.

പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകാൻ നടപടി

142 (3271) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യൂ ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ തൊഴിലവസരം തേടുന്ന മലയാളികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കുന്നത് പരിഗണിച്ച് പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികൾ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ കേരള കരിക്കുലം ഫ്രെയിംവർക്ക് 2023 രൂപീകരിക്കുന്നതിനുവേണ്ടി നടത്തിയ ജനകീയ ചർച്ചകളിൽ ഇംഗ്ലീഷ് പഠനത്തിൽ പൊതു സമൂഹത്തിന്റെ താൽപര്യങ്ങൾ വ്യക്തമാക്കപ്പെട്ട ചർച്ചകളുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലാണ് ഭാഷാ സമീപന നിലപാട് രേഖ

തയ്യാറാക്കിയിരിക്കുന്നത്. ഈ നിലപാട് രേഖയെ അടിസ്ഥാനമാക്കി പാഠ്യപദ്ധതി ചട്ടക്കൂട് 2023 രൂപീകരിച്ചു. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി പുതിയ പാഠപുസ്തകങ്ങൾ 1, 3, 5, 7, 9 ക്ലാസ്സുകളിൽ 2024-25 അധ്യയനവർഷം നടപ്പിൽവരുത്തി. ഇംഗ്ലീഷ് പഠനരീതിയിൽ കാലാനുസൃതമായി ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ഉൾക്കൊള്ളുന്നതാണ് പരിഷ്കരിച്ച പാഠപുസ്തകങ്ങൾ.

2, 4, 6, 8, 10 ക്ലാസ്സുകളിൽ പരിഷ്കരിച്ച പുസ്തകങ്ങൾ അടുത്ത അധ്യയനവർഷം നടപ്പിലാക്കും. ഇംഗ്ലീഷ് ഭാഷയിൽ കഴിവുകൾ വർദ്ധിപ്പിക്കുന്നതിന് സമഗ്ര ശിക്ഷയുടെ നേതൃത്വത്തിൽ ഹലോ ഇംഗ്ലീഷ്, ഹലോ വേൾഡ് പോലെയുള്ള പ്രത്യേക പ്രവർത്തനങ്ങൾ കഴിഞ്ഞ അധ്യയന വർഷങ്ങളിൽ നടന്നിരുന്നു. ഈ വർഷവും ഇംഗ്ലീഷ് ഭാഷയിൽ എല്ലാ കുട്ടികളും മികച്ച നിലയിൽ എത്തുന്നതിന് പ്രത്യേക പ്രവർത്തന പരിപാടി സമഗ്ര ശിക്ഷാ കേരളം നടപ്പിലാക്കുന്നുണ്ട്.

ഡിസ്ട്രിക്ട് സെന്റർ ഫോർ ഇംഗ്ലീഷ് (DCE)എന്ന സ്ഥാപനം പതിനാല് ഡയറ്റുകളുടെ അനുബന്ധമായി ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നത്

മെച്ചപ്പെടുത്തുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു. കൈറ്റിന്റെ നേതൃത്വത്തിൽ 'ഇംഗ്ലീഷ് ക്യൂബ്' എന്ന പ്രത്യേക ഇംഗ്ലീഷ് പഠന പരിപാടിയും വിദ്യാലയങ്ങളിൽ നടന്നുവരുന്നു.

(ബി) ഒന്നാം ക്ലാസ്സ് മുതൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പഠനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

പരസ്പര ആശയവിനിമയം അഥവാ ഇന്ററാക്ഷന് പ്രാധാന്യം നൽകി തയ്യാറാക്കിയ കേരളാ പാഠ്യപദ്ധതി ചട്ടക്കൂട് 2023-നെ അടിസ്ഥാനമാക്കിയുള്ളതാണ് ഇംഗ്ലീഷ് പാഠ്യപദ്ധതി. പാഠപുസ്തകങ്ങളും, പ്രവർത്തന പുസ്തകങ്ങളും മറ്റ് പാഠ്യേതര പ്രവർത്തനങ്ങളും ഇതിന്റെ ചുവടുപിടിച്ചാണ് തയ്യാറാക്കുന്നത്. 1, 3, 5, 7, 9 ക്ലാസുകളിൽ 2024-25 അധ്യയനവർഷം നടത്തിയ പാഠപുസ്തക പരിഷ്കരണത്തിലൂടെ ഇത് ക്ലാസ് മുറിയിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. 2, 4, 6, 8, 10 ക്ലാസ്സുകളിൽ 2025-26 അധ്യയനവർഷം പരിഷ്ക്കരണം നടക്കും. പുതിയ പാഠ്യപദ്ധതി പ്രാവർത്തികമാകുന്നതോടുകൂടി പഠിതാക്കളുടെ ഇംഗ്ലീഷിലുള്ള ആശയവിനിമയ ശേഷിയിൽ ആശാവഹമായ പുരോഗതി ഉണ്ടാകുമെന്ന്

കരുതുന്നു. ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി കാര്യക്ഷമമാക്കുന്നതിനാണ് പ്രാധാന്യം നൽകുന്നത്. അതുകൊണ്ടുതന്നെ ആശയവിനിമയം പ്രത്യേകമായി പഠിപ്പിക്കേണ്ടതില്ല.

പൊതുവിദ്യാലയങ്ങളിൽ ഹെൽത്ത് ഫയൽ സംവിധാനം

143 (3272) ശ്രീമതി യു പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാലാവകാശ കമ്മീഷന്റെ ഉത്തരവ് പ്രകാരമുള്ള ഹെൽത്ത് ഫയൽ സംവിധാനം സംസ്ഥാനത്തെ എത്ര പൊതുവിദ്യാലയങ്ങളിൽ ഇതുവരെ നടപ്പാക്കിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

പൊതുവിദ്യാലയങ്ങളിൽ ഹെൽത്ത് ഫയൽ സംവിധാനം നടപ്പിലാക്കുന്നതിന് ആരോഗ്യവകുപ്പിന്റെ കൂടി സഹകരണം ആവശ്യമാണ്. ആയതിനാൽ ഈ വിഷയം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആരോഗ്യവകുപ്പിൽനിന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് ഇതിൽ തുടർ നടപടി സ്വീകരിക്കാൻ കഴിയും.

സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് ഉറപ്പാക്കുന്നതിനുള്ള നടപടികൾ

144 (3273) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയനവർഷം ആരംഭിക്കുന്നതിന് മുൻപ് സംസ്ഥാനത്തെ വിവിധ സ്കൂളുകളിലെ വാഹനങ്ങളുടെയും സ്കൂൾ കുട്ടികളുമായി യാത്ര ചെയ്യുന്ന സ്വകാര്യ വാഹനങ്ങളുടെയും ഫിറ്റ്നസ് ഉറപ്പാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; മേൽപ്പറഞ്ഞ രീതിയിൽ സർവീസ് നടത്തുന്ന മുഴുവൻ വാഹനങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഈ അധ്യയനവർഷം ആരംഭിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ വിദ്യാലയങ്ങളിൽ സന്ദർശനം നടത്തി വാഹനങ്ങൾക്ക് ഫിറ്റ്നസ്സ് ഉണ്ടെന്ന് ഉറപ്പുവരുത്താൻ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08-05-2024, 31-05-2024 തീയതികളിലെ സർക്കുലറുകൾ പ്രകാരം വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ബി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത ഏതെങ്കിലും വാഹനം ഈ രീതിയിൽ സർവീസ് നടത്തുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്കൂൾ ബസ്സുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ വാഹനം സർവീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്കൂൾ ബസ്സുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ചുവടെ പറയുന്ന നിർദേശങ്ങൾ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

1. വിദ്യാർഥികളെ കൊണ്ടുപോകുന്ന സ്കൂൾ/സ്വകാര്യ വാഹനങ്ങളിലെ ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുക.

2. റോഡരികിലും മറ്റും വാഹനങ്ങൾ അലക്ഷ്യമായി പാർക്ക് ചെയ്യുന്നതുമൂലം ഗതാഗത തടസ്സം ഉണ്ടാകാതിരിക്കാൻ പോലീസുമായി ചേർന്ന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

3. സ്കൂൾ ബസ്സുകളിൽ കയറ്റാവുന്ന കുട്ടികളുടെ എണ്ണം വാഹനത്തിന്റെ ഫിറ്റ്നസ് മുതലായവ സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് നിഷ്കർഷിച്ച

മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. കൂടാതെ ഓട്ടോ, ടാക്സി വാൻ, പ്രൈവറ്റ് ബസ് എന്നിവയിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുള്ള യാത്ര ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ/അസോസിയേഷനുമായി ബന്ധപ്പെട്ട് ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്കൂൾ കുട്ടികളുടെ യാത്രാസമയങ്ങളിൽ ചരക്ക് വാഹനങ്ങൾ ഉൾപ്പെടെയുള്ള ഹെവി വാഹനങ്ങളുടെ നിയന്ത്രണം ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.

വിദ്യാലയങ്ങളിലെ കുടിവെള്ള സ്രോതസ്സുകൾ അണുവിമുക്തമാക്കുന്നതിന് നടപടി

145 (3274) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയനവർഷം ആരംഭിക്കുന്നതിനുമുമ്പ് സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലെയും കുടിവെള്ള സ്രോതസ്സുകൾ അണുവിമുക്തമാണെന്ന് പരിശോധന നടത്തി ഉറപ്പാക്കുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലെയും കുടിവെള്ള സ്രോതസ്സുകൾ അണുവിമുക്തമാണെന്ന് പരിശോധന നടത്തി ഉറപ്പുവരുത്താൻ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08-05-2024, 31.05.2024 എന്നീ തീയതികളിലെ സർക്കുലറുകൾ പ്രകാരം വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കുട്ടികൾക്ക് ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇക്കാര്യത്തിൽ നടപ്പ് അധ്യയനവർഷം ആരംഭിക്കുന്നതിനുമുമ്പ് നടത്തിയ മുന്നൊരുക്കങ്ങളുടെയും പരിശോധനകളുടെയും വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

കുട്ടികൾക്ക് ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുവാൻ ചുവടെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു.

1) കുടിവെള്ള ടാങ്ക്, കിണറുകൾ, മറ്റു ജലസ്രോതസ്സുകൾ എന്നിവ നിർബന്ധമായും ശുചീകരിക്കേണ്ടതും അണുവിമുക്തമാക്കേണ്ടതുമാണ്. കുടിവെള്ള സാമ്പിൾ ലബോറട്ടറി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

2) കിണറുകൾ വൃത്തിയായി ക്ലോറിനേറ്റ് ചെയ്യുക

3) വെള്ളം ശേഖരിക്കുന്ന ടാങ്കുകൾ വെള്ളം ശുദ്ധീകരിക്കുന്ന ഫിൽറ്ററുകൾ എന്നിവ വൃത്തിയാക്കുക

4) ക്ലോറിനേഷൻ രജിസ്റ്റർ, വാട്ടർ ടാങ്ക് ക്ലീനിംഗ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുക

5) വല ഉപയോഗിച്ച് സംരക്ഷിക്കുക

6) കിണർ വെള്ളം അംഗീകൃത ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുക. മേൽ നിർദ്ദേശങ്ങളിന്മേൽ വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിച്ച നടപടി ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

ജില്ല	നടപടി
തിരുവനന്തപുരം	കിണറുകൾ, വാട്ടർ ടാങ്കുകൾ എന്നിവ വൃത്തിയാക്കി, ക്ലോറിനേറ്റ് ചെയ്തും കുടിവെള്ളത്തിന്റെ സാമ്പിൾ ലാബ് പരിശോധന നടത്തിയും ശുചിത്വം ഉറപ്പാക്കിയിട്ടുണ്ട്. 12

	ഉപജില്ലയിലെ എ.ഇ.ഒ-മാർ, 3 ഡി.ഇ.ഒ- മാർ, എൻ.എം.ഒ-മാർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തിയിട്ടുണ്ട്.
കൊല്ലം	2024 – 25 അധ്യയന വർഷത്തെ സ്കൂൾ പ്രവേശനത്തിന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമായി ജില്ലയിലെ എല്ലാ വിദ്യാലയങ്ങളും വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ പരിശോധന നടത്തുകയും സ്കൂളുകളുടെ ഭൗതിക സാഹചര്യം വിലയിരുത്തുന്നതിനായി 20 ഇനങ്ങൾ ഉൾക്കൊള്ളുന്ന ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിരുന്നു. പ്രസ്തുത ചെക്ക് ലിസ്റ്റിൽ ഓരോ വിദ്യാലയങ്ങളിലെയും കുടിവെള്ള ലഭ്യത പരിശോധിക്കുവാനും കുടിവെള്ള സാമ്പിൾ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാനും ആവശ്യപ്പെട്ടിരുന്നു. പരിശോധന വേളയിൽ എല്ലാ വിദ്യാലയങ്ങളിലും കുടിവെള്ള സാമ്പിളുകൾ പരിശോധന നടത്തിയിട്ടുള്ളതായി വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
പത്തനംതിട്ട	അണുവിമുക്തമാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ, പത്തനംതിട്ട ജില്ലാ കളക്ടറേറ്റ് ദുരന്ത നിവാരണ സെല്ലിന്റെ "മഴവെള്ള സംഭരണി" പത്തനംതിട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 11 സ്കൂളുകൾക്ക് നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്കായി തുക അനുവദിച്ച് നൽകിയിരുന്നു. വർഷാരംഭത്തിൽ കുടിവെള്ള ദൗർബല്യം നിലനിന്നിരുന്ന ജി.എച്ച്.എസ്.എസ്. ചിറ്റാർ സ്കൂളിൽ നിലവിൽ കുടിവെള്ള പ്രശ്നം ഇല്ല എന്ന് പ്രധാനാധ്യാപകൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ആലപ്പുഴ	സ്കൂൾ പ്രവേശനത്തോടനുബന്ധിച്ച് ജില്ലയിലെ എല്ലാ സ്കൂൾ വളപ്പിലെയും ജലസ്രോതസ്സുകൾ ആയ ടാങ്ക്, കിണർ എന്നിവ ക്ലീൻ ചെയ്തിട്ടുണ്ട്. ഇത് ഉറപ്പാക്കുന്നതിനായി വിദ്യാഭ്യാസ ഓഫീസർമാർ സ്കൂൾ സന്ദർശനം നടത്തിയിട്ടുണ്ട്.
കോട്ടയം	മഴക്കാല പൂർവ്വ രോഗങ്ങളുടെ പശ്ചാത്തലത്തിൽ സ്കൂളുകളിൽ തിളപ്പിച്ചാറിയ വെള്ളമാണ് വിതരണം ചെയ്യുന്നത്. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി കുടിവെള്ള സ്രോതസ്സുകൾ. കിണറുകൾ, വാട്ടർ ടാങ്കുകൾ എന്നിവ ക്ലോറിനേറ്റ് ചെയ്യുകയുണ്ടായി. മുൻ വർഷങ്ങളിലെ പോലെ ഫുഡ് & സേഫ്റ്റി ഡിപ്പാർട്ടുമെന്റിന്റെയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും നേതൃത്വത്തിൽ കുടിവെള്ള പരിശോധനയ്ക്ക് നടപടി ആരംഭിച്ചിട്ടുണ്ട്.
ഇടുക്കി	അധ്യയനവർഷം ആരംഭിക്കുന്നതിന് മുമ്പുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി മുഴുവൻ വിദ്യാലയങ്ങളിലെയും കിണറുകൾ ക്ലോറിനേറ്റ് ചെയ്തിട്ടുണ്ട്. വെള്ളം ശേഖരിക്കുന്ന ടാങ്കുകൾ, വെള്ളം ശുചീകരിക്കുന്ന ഫിൽറ്ററുകൾ എന്നിവ വൃത്തിയാക്കിയിട്ടുണ്ട്. ക്ലോറിനേഷൻ രജിസ്റ്റർ, വാട്ടർ ടാങ്ക് ക്ലീനിംഗ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്. വല ഉപയോഗിച്ച് കിണർ സംരക്ഷിക്കുന്നുണ്ട്. കിണർ വെള്ളം അംഗീകൃത ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുരുത്തുന്നുണ്ട്.
എറണാകുളം	പി.ടി.എ., എസ്.എം.സി. എന്നിവയുടെ നേതൃത്വത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യ വകുപ്പിന്റെയും സഹായത്തോടെയും സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളുകളിലെ വാട്ടർടാങ്കുകളും കിണറുകളും

	വൃത്തിയാക്കുന്നതിനും അണുവിമുക്തമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതും വാട്ടർ ടാങ്കുകൾ മാസത്തിലൊരിക്കൽ വൃത്തിയാക്കുന്നതിനും കിണറുകൾ ആറുമാസത്തിലൊരിക്കൽ ക്ലോറിനേറ്റ് ചെയ്യേണ്ടതും വർഷത്തിൽ ഒരിക്കൽ പൂർണ്ണമായി വൃത്തിയാക്കേണ്ടതാണെന്നും വിദ്യാലയങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും ഭൂഗർഭ ജല വകുപ്പ് ഓഫീസർമാരും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും സ്കൂൾ സന്ദർശനം നടത്തുകയും ചെയ്യുന്നു.
തൃശ്ശൂർ	കുടിവെള്ളം ലാബിൽ കൊടുത്ത് പരിശോധിച്ചതായി എല്ലാ ജില്ലാ/ഉപജില്ലാ ഓഫീസർമാരും അറിയിച്ചിട്ടുണ്ട്.
പാലക്കാട്	ജലജന്യ രോഗങ്ങൾ ചെറുക്കുന്നതിനും, വയറിളക്കം, പകർച്ചവ്യാധികൾ എന്നിവ പ്രതിരോധിക്കുന്നതിനും കുട്ടികൾക്ക് തിളപ്പിച്ചാറിയ കുടിവെള്ളം മാത്രമേ നൽകാവൂ എന്ന് സ്കൂൾ പ്രധാനാധ്യാപകർക്ക് കർശന നിർദേശം നൽകിയിട്ടുണ്ട്. സ്കൂൾ സന്ദർശന വേളകളിൽ കുട്ടികൾക്ക് ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നുവെന്ന് പരിശോധിച്ച് ഉറപ്പു വരുത്തുവാൻ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഭൂഗർ ഫീൽഡിംഗ് സൂപ്പർവൈസർ, ഭൂഗർ മീൽ ഓഫീസർമാർ എന്നിവർക്ക് നിർദേശം നൽകിയിട്ടുണ്ട്.
മലപ്പുറം	സ്കൂൾ അധ്യയന വർഷം ആരംഭിക്കുന്നതിന് മുന്നോടിയായി ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാർ എല്ലാ സ്കൂളുകളിലും സന്ദർശനം നടത്തുകയും സ്കൂളുകളിലെ ജലസ്രോതസ്സുകൾ അണുവിമുക്തമാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്.

കോഴിക്കോട്	കിണറുകളും പരിസരവും ശുചീകരിക്കുകയും ക്ലോറിനേഷൻ നടത്തി അണുവിമുക്തമാക്കുകയും ചെയ്തു.
വയനാട്	23 പഞ്ചായത്തുകളിലെയും 3 മുൻസിപ്പാലിറ്റികളിലെയും പ്രതിനിധികളെ ഉൾപ്പെടുത്തി ജില്ലയിലെ 305 വിദ്യാലയങ്ങളിലും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ സന്ദർശനം നടത്തി വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകി അപാകതകൾ പരിഹരിച്ചിട്ടുണ്ട്.
കണ്ണൂർ	പരിശോധനയിൽ ബാക്ടീരിയ സാന്നിധ്യമുള്ള സ്രോതസ്സുകൾ അണുവിമുക്തമാക്കിയിട്ടുണ്ട്. കുട്ടികൾക്ക് ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.
കാസർഗോഡ്	അധ്യയനവർഷം ആരംഭിക്കുന്നതിന് മുമ്പ് കിണറുകളും ടാങ്കുകളും വൃത്തിയാക്കുകയും അണുവിമുക്തമാക്കുകയും ചെയ്തിട്ടുണ്ട്. കുടിവെള്ളം ലാബിൽ പരിശോധിച്ച് ഉപയോഗയോഗ്യമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

കേരള വിദ്യാഭ്യാസ നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തിയ ഭേദഗതി

146 (3275) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മറ്റി റിപ്പോർട്ടിനെ തുടർന്ന് പൊതുവിദ്യാഭ്യാസ വകുപ്പിനെ ഏകീകരിക്കുന്നതിനുവേണ്ടി പുറപ്പെടുവിച്ച 31-05-2019-ലെ

സർക്കാർ ഉത്തരവിന് നിയമപ്രാബല്യം നൽകുന്നതിന് കേരള വിദ്യാഭ്യാസ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഭേദഗതികളാണ് വരുത്തിയെതെന്നും, എന്തൊക്കെ ഭേദഗതികളാണ് വരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉണ്ട്. ഒരു ഭേദഗതി ആക്ടിന്റെയും 11 ഭേദഗതി ചട്ടങ്ങളുടെയും പകർപ്പുകൾ അനുബന്ധമായി+ ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) പ്രസ്തുത ഭേദഗതികൾക്കെതിരെ കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ടോ; എങ്കിൽ സർക്കാർ അതിന് എതിർ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; പ്രസ്തുത സത്യവാങ്മൂലത്തിൽ ചൂണ്ടിക്കാണിച്ച വസ്തുതകൾ സ്കൂൾ ഏകീകരണ കോർകമ്മറ്റി റിപ്പോർട്ടിലെ നിർദേശങ്ങളുമായി പൊരുത്തപ്പെടുന്നുണ്ടോ; വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

2022-23, 2023-24 അധ്യയന വർഷങ്ങളിലെ എൻ.എം.എം.എസ്. പരീക്ഷ

147 (3276) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2022-23, 2023-24 അധ്യയന വർഷത്തിൽ സംസ്ഥാനത്ത് എൻ.എം.എം.എസ്. പരീക്ഷയ്ക്കുവേണ്ടി ആകെ എത്ര കുട്ടികളാണ് അപേക്ഷിച്ചത്; അതിൽ എത്ര കുട്ടികൾ പരീക്ഷ എഴുതി; പരീക്ഷയെഴുതിയവരിൽ എത്ര കുട്ടികൾ സ്കോളർഷിപ്പിന് അർഹത നേടി; പരീക്ഷ എഴുതിയവരിൽ യോഗ്യരായ കുട്ടികളുടെ എണ്ണം എത്ര; ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

അനുബന്ധം[+] ആയി ചേർത്തിരിക്കുന്നു.

(ബി) 2023-24 അധ്യയന വർഷത്തിൽ എൻ.എം.എം.എസ്. പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ ഓരോ ജില്ലയിലെയും ആദ്യ 15 വിദ്യാർത്ഥികളുടെ പേരും അവരുടെ സ്കൂളിന്റെ പേരും പ്രസ്തുത കുട്ടികളുടെ എസ്.എ.ടി., എം.എ.ടി. എന്നിവയുടെ മാർക്കും ലഭ്യമാക്കാമോ; ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ എൻ.എം.എം.എസ്. പരീക്ഷയ്ക്കിരുത്തിയ ഓരോ ജില്ലയിലെയും 15 സ്കൂളുകളുടെ ജില്ല തിരിച്ചുള്ള പട്ടിക നൽകാമോ?

2023-24 അധ്യയന വർഷത്തിൽ എൻ.എം.എം.എസ്. പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ ഓരോ ജില്ലയിലെയും ആദ്യ 15

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാർത്ഥികളുടെ പേരും സ്കൂളിന്റെ പേരും അനുബന്ധം+ ആയി ചേർത്തിരിക്കുന്നു. ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ എൻ.എം.എം.എസ്. പരീക്ഷയ്ക്കിരുത്തിയ ഓരോ ജില്ലയിലെയും 15 സ്കൂളുകളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം+ ആയി ചേർത്തിരിക്കുന്നു.

(സി) എൻ.എം.എം.എസ്. പരീക്ഷയിൽ കുട്ടികളെ വെയിറ്റിംഗ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന്റെ മാനദണ്ഡം എന്താണ്; ഈ കുട്ടികൾക്ക് സ്കോളർഷിപ്പിന് അർഹത ഉണ്ടാകുമോ എന്നത് വ്യക്തമാക്കുമോ; ഒരേ മാർക്ക് ലഭിച്ച കുട്ടികളിൽ കുറച്ചുപേർക്ക് സ്കോളർഷിപ്പ് ലഭിക്കുകയും കുറച്ചുപേർക്ക് ലഭിക്കാതെ വരുന്നതും എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

ഓരോ ജില്ലയ്ക്കും അനുവദിച്ചിട്ടുള്ള സ്കോളർഷിപ്പ് ക്വാട്ടയുടെ 10% കുട്ടികളെയാണ് വെയിറ്റിംഗ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്. മെരിറ്റ് ലിസ്റ്റിൽ ഉൾപ്പെട്ട ഏതെങ്കിലും കുട്ടി വെരിഫിക്കേഷൻ സമയത്ത് അയോഗ്യനാണെന്ന് കണ്ടെത്തുന്ന പക്ഷം വെയിറ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ട കുട്ടിക്ക് അവസരം നൽകുന്നതാണ്. ആകെ 3473 കുട്ടികൾക്കാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എൻ.എം.എം.എസ്. സ്കോളർഷിപ്പ് നൽകുന്നത്. എല്ലാ ജില്ലകൾക്കും കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രാതിനിധ്യം ലഭിക്കുന്നതിനുവേണ്ടി ഓരോ ജില്ലയ്ക്കും പ്രത്യേകം ക്വാട്ട അനുവദിച്ചിട്ടുണ്ട്. കൂടാതെ എസ്.സി, എസ്.ടി, ഭിന്നശേഷിക്കാരായ കുട്ടികൾ എന്നിവർക്ക് പ്രത്യേക സംവരണവും അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ഒരേ മാർക്ക് ലഭിച്ചവരിൽ നിന്നും നിശ്ചിത എണ്ണം കുട്ടികളെ മാത്രമേ മെരിറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂ. അത്തരം സന്ദർഭത്തിൽ കുട്ടിയുടെ പേര്, ജനന തീയതി, Mental Ability Test-ന് ലഭിച്ച മാർക്ക് എന്നിവയുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിക്കുന്നു.

(ഡി) 2023-24 അധ്യയന വർഷത്തിലെ എൻ.എം.എം.എസ്. പരീക്ഷയിൽ വിവിധ വിഭാഗങ്ങളുടെ ജില്ല തിരിച്ചുള്ള കട്ട് ഓഫ് മാർക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ; പരീക്ഷയിൽ ഡിലീറ്റ് ചെയ്യപ്പെട്ട ചോദ്യങ്ങളുടെ മാർക്ക് എല്ലാ കുട്ടികൾക്കും നൽകുമോ; അല്ലെങ്കിൽ ഡിലീറ്റ് ചെയ്ത ചോദ്യങ്ങൾ ഒഴിവാക്കിയിട്ടുള്ള മാർക്ക് അടിസ്ഥാനമാക്കിയാണോ കട്ട് ഓഫ് നിർണയിക്കുന്നത്; വിശദാംശം നൽകുമോ?

2023-24 അധ്യയന വർഷത്തിലെ എൻ.എം.എം.എസ്. പരീക്ഷയിൽ വിവിധ വിഭാഗങ്ങളുടെ ജില്ല തിരിച്ചുള്ള കട്ട് ഓഫ് മാർക്ക് അനുബന്ധം + ആയി ചേർത്തിരിക്കുന്നു. ഡിലീറ്റ് ചെയ്ത ചോദ്യങ്ങൾക്ക് മാർക്ക് നൽകിയിട്ടുണ്ട്.

പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

148 (3277) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സ്കൂളുകളിലായി ഈ വർഷം എസ്.എസ്.എൽ.സി. വിജയിച്ച കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

തിരുവനന്തപുരം - 34877, കൊല്ലം- 30252, പത്തനംതിട്ട - 10015, ആലപ്പുഴ – 21598, കോട്ടയം - 18827, ഇടുക്കി - 11555, എറണാകുളം -32540, തൃശ്ശൂർ - 35555, പാലക്കാട് - 39649, മലപ്പുറം - 79888, കോഴിക്കോട് - 43790, വയനാട് - 11576, കണ്ണൂർ - 36068, കാസർഗോഡ് - 20536

(ബി) ഈ അധ്യയനവർഷം വിവിധ സ്കൂളുകളിലായി പ്ലസ് വൺ പ്രവേശനത്തിന് ലഭ്യമായ സീറ്റുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയിട്ടും ഒന്നാമത്തെ അലോട്ട്മെന്റിൽ അപേക്ഷിച്ച കോഴ്സിന് പ്രവേശനം ലഭിക്കാത്ത വിദ്യാർഥികളുണ്ടോ; എങ്കിൽ അവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

(ബി& സി) അനുബന്ധം+ ആയി ചേർക്കുന്നു.

(ഡി) ഈ സർക്കാരിന്റെ കാലത്ത് പ്ലസ് വൺ പ്രവേശനത്തിന് ഓരോ വർഷവും അധികമായി അനുവദിച്ച സീറ്റുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

2021 അധ്യയനവർഷം, 02-09-2021-ലെ സ.ഉ.(കൈ)നം.119/2021/പൊ.വി.വ സർക്കാർ ഉത്തരവ് അനുസരിച്ച് തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലും 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. 28-10-2021-ലെ സ.ഉ(കൈ)നം. 241/2021/പൊ.വി.വ സർക്കാർ ഉത്തരവനുസരിച്ച് തിരുവനന്തപുരം പാലക്കാട്, കോഴിക്കോട്,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലപ്പുറം, വയനാട്, കണ്ണൂർ, കാസർകോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിലും 10% മാർജിനൽ വർദ്ധനവ് അനുവദിച്ചുകൊണ്ടും തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർകോഡ് എന്നീ ഏഴ് ജില്ലകളിലെ അടിസ്ഥാന സൗകര്യമുള്ള, അപേക്ഷിച്ച എയ്ഡഡ് സ്കൂളുകൾക്ക് നിബന്ധനകൾക്ക് വിധേയമായും (മാർജിനൽ വർദ്ധനവിന്റെ 20% മാനേജ്മെന്റ് സീറ്റ്) കൂടാതെ അടിസ്ഥാന സൗകര്യമുള്ള അപേക്ഷിച്ച അൺ-എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് 10% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. 28-10-2021-ലെ സ.ഉ(കൈ)നം.241/2021/പൊ.വി.വ സർക്കാർ ഉത്തരവ് അനുസരിച്ച് കൊല്ലം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, എറണാകുളം ജില്ലകളിലെ എല്ലാ സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിലും 20% മാർജിനൽ വർദ്ധനവ് അനുവദിച്ചുകൊണ്ടും കൊല്ലം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, എറണാകുളം ജില്ലകളിലെ അടിസ്ഥാന സൗകര്യമുള്ള അപേക്ഷിച്ച എയ്ഡഡ് സ്കൂളുകൾക്ക് നിബന്ധനകൾക്ക് വിധേയമായും (മാർജിനൽ വർദ്ധനവിന്റെ 20% മാനേജ്മെന്റ് സീറ്റ്) കൂടാതെ

അടിസ്ഥാന സൗകര്യമുള്ള അപേക്ഷിച്ച അൺ-എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. 22-12-2021-ലെ സ.ഉ(കൈ)നം. 287/2021/ പൊ.വി.വ സർക്കാർ ഉത്തരവ് അനുസരിച്ച് അധ്യയനവർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും 4 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത് സീറ്റ് ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

2022-23 അധ്യയനവർഷം, 07-07-2022-ലെ സ.ഉ.(കൈ) നം 119/2022/പൊ.വി.വ സർക്കാർ ഉത്തരവ് അനുസരിച്ച് തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിലും 30% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇതിനുപരിയായി ആവശ്യപ്പെടുന്ന എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് 10% മാർജിനൽ വർദ്ധനവ്

അനുവദിച്ചിട്ടുണ്ട്. 07-07-2022-ലെ സ.ഉ(കൈ)നം. 118/2022/പൊ.വി.വ സർക്കാർ ഉത്തരവ് അനുസരിച്ച് 2021-22 അധ്യയനവർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും അതേ പടി 2022-23 അധ്യയനവർഷവും തുടർന്നിരുന്നു.

27-05-2023-ലെ സ.ഉ.(കൈ)നം 63/2022/പൊ.വി.വ സർക്കാർ ഉത്തരവനുസരിച്ച് തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ സർക്കാർ ഹയർസെക്കൻഡറി സ്കൂളുകളിലും 30% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലും 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇതിനുപരിയായി ആവശ്യപ്പെടുന്ന എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് 10% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. 07-07-2022-ലെ സ.ഉ.(കൈ) നം 118/2022/പൊ.വി.വ സർക്കാർ ഉത്തരവ് അനുസരിച്ച് 2021-22 അധ്യയനവർഷം താൽകാലികമായി അനുവദിച്ച 75

ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും അതേ പടി 2023-24 അധ്യയനവർഷവും തുടർന്നിരുന്നു.

സീറ്റ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 08-05-2024-ലെ സ.ഉ.(കൈ) നം.45/2024/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽകാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനയും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനയും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും 2024-25 അധ്യയനവർഷം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ഇ) എസ്.എസ്.എൽ.സി.-ക്ക് ഉന്നത വിജയം നേടിയിട്ടും അപേക്ഷിച്ച വിഷയത്തിൽ ചേർന്ന് പ്ലസ് വൺ പഠനം നടത്താൻ കഴിയാത്ത സാഹചര്യം സംസ്ഥാനത്ത്, പ്രത്യേകിച്ച് മലബാർ മേഖലയിൽ ഉണ്ടായത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ

തീരുമാനിച്ചിട്ടുള്ളത്; ഈ വർഷം വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ള പ്ലസ് വൺ സീറ്റുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

സീറ്റ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 08-05-2024-ലെ സ.ഉ.(കൈ)നം.45/2024/ പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനയും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനയും, ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. മുഖ്യഘട്ട അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ ഹയർസെക്കൻഡറി മേഖലയിൽ ഒരു ജില്ലയിലും സീറ്റിന്റെ ലഭ്യതക്കുറവില്ല.

വിദ്യാർത്ഥികൾക്ക് മാലിന്യ സംസ്കരണം സംബന്ധിച്ച ബോധവൽകരണം

149 (3278) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിൽ മാലിന്യ സംസ്കരണം സംബന്ധിച്ച് ബോധവൽകരണം നടത്തുന്നതിന് അധ്യാപകരെ പ്രാപ്തരാക്കണമെന്ന കോടതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന വിശദാംശം നൽകുമോ?

അധ്യാപകരുടെ പരിശീലന പരിപാടികളിൽ പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തിയാണ് മാലിന്യ സംസ്കരണം എന്ന വിഷയവും ചർച്ച ചെയ്തിരുന്നത്. എന്നാൽ ഈ മേഖലയുടെ പ്രാധാന്യവും കൂടുതൽ പ്രായോഗികത ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് ഈ വിഷയത്തിൽ മാത്രമായി പ്രത്യേക പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന് എസ്.സി.ഇ.ആർ.ടി. മുൻകൈയെടുത്തു. 2021 മുതൽ ഇത്തരം പരിശീലനങ്ങൾ നടപ്പാക്കിവരുന്നുണ്ട്. മൈസൂർ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ പോലുള്ള ഈ മേഖലയിൽ വൈദഗ്ധ്യമുള്ള സ്ഥാപനങ്ങളുമായി സഹകരിച്ചാണ് ഈ പരിശീലന പരിപാടികൾ നടപ്പാക്കിയത്. അഞ്ച്, ആറ്, ഏഴ് ക്ലാസ്സുകളിലെ അടിസ്ഥാനശാസ്ത്രം പാഠപുസ്തകത്തിൽ മാലിന്യ സംസ്കരണവുമായി

ബന്ധപ്പെട്ട ധാരാളം ആശയങ്ങൾ ചേർത്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഇവയെ പ്രായോഗികതലത്തിൽ നടപ്പിലാക്കുന്നതിനുള്ള പരിശീലനമാണ് അധ്യാപകർക്കായി നൽകിയത്. അധ്യാപകർ നേരിട്ടും യു.പി. തലത്തിലുള്ള വിദ്യാർഥികളും രക്ഷിതാക്കളും പരോക്ഷമായും ഇതിന്റെ ഗുണഭോക്താക്കൾ ആയിരുന്നു. സ്കൂൾതലത്തിലും വീട്ടിലും പ്രായോഗികമായി നടപ്പിലാക്കാവുന്ന നിരവധി പ്രവർത്തനങ്ങൾ ഈ പരിശീലനത്തിന്റെ ഭാഗമായി അധ്യാപകരെ പരിചയപ്പെടുത്തിയിട്ടുണ്ട്. മാലിന്യമുക്തമായ ഭക്ഷണപ്പൊതിയും ആരോഗ്യകരമായ ഭക്ഷണവും കട്ടികളെ പരിശീലിപ്പിക്കാനുള്ള പ്രത്യേക പരിപാടി, മാലിന്യ നിർമ്മാർജ്ജനത്തെക്കുറിച്ച് രസകരമായി മനസ്സിലാക്കാൻ കഴിയുന്ന ഗെയിമിംഗ് ആപ്ലിക്കേഷനുകൾ, പലതരം കമ്പോസ്റ്റിംഗ് എന്നിവയെല്ലാം പരിശീലനത്തിന്റെ ഉള്ളടക്കത്തിൽപ്പെടുന്നുണ്ട്. തുടർന്ന്, ജൈവ വൈവിധ്യ ഉദ്യാനമൊരുക്കലും അതിനെ ക്ലാസ് റൂം പ്രവർത്തനവുമായി ബന്ധിപ്പിക്കലും ഉറപ്പാക്കുന്നതിനുള്ള Campus as a text Book എന്ന പരിപാടിയും നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെയെല്ലാം തുടർച്ചയായി പരിസ്ഥിതി

പ്രാധാന്യമുള്ള ദിനാചരണങ്ങളും ഒപ്പം മാലിന്യ നിർമ്മാർജ്ജന പരിപാടികളും വിദ്യാലയങ്ങളിൽ നടന്നുവരുന്നുണ്ട്.

(ബി) മാലിന്യ സംസ്കരണം പാഠ്യ വിഷയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഒരു പ്രത്യേക പാഠ്യവിഷയം എന്ന നിലയ്ക്കല്ല, എല്ലാ വിഷയങ്ങളിലും സന്ദർഭോചിതമായി ഉൾച്ചേർന്ന തരത്തിലാണ് പാഠ്യപദ്ധതിയിൽ മാലിന്യ നിർമ്മാർജ്ജനം എന്ന വിഷയം ഉൾപ്പെടുത്തിയിട്ടുള്ളത്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം, ഉറവിട മാലിന്യ സംസ്കരണം എന്നീ ആശയങ്ങൾ ചെറു പ്രായത്തിലെ കുട്ടികളിൽ ഉറപ്പിക്കാനുതകുന്ന തരത്തിലാണ് പുതിയ പാഠ്യപദ്ധതി രൂപകൽപന ചെയ്തിട്ടുള്ളത്.

പാഠ്യ പദ്ധതി പരിഷ്കരണം സംബന്ധിച്ച ജനകീയ ചർച്ചകൾ നടന്ന വേളയിൽത്തന്നെ മാലിന്യ സംസ്കരണം എന്ന ആശയത്തിന് വലിയ പ്രാധാന്യമാണ് ലഭിച്ചിട്ടുള്ളത്. ഇതിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം എന്നീ വിഷയങ്ങളിൽ മാത്രമല്ല ഭാഷാ വിഷയങ്ങളിലും പരിസ്ഥിതി സംരക്ഷണത്തിന്റെയും മാലിന്യ

നിർമ്മാർജ്ജനത്തിന്റെയും പ്രസക്തിയും പ്രാധാന്യവും ബോധ്യപ്പെടുന്ന തരത്തിലുള്ള ആശയങ്ങൾ ചേർത്തിട്ടുണ്ട്. ഉദാഹരണത്തിന്, മൂന്നാം ക്ലാസ് പരിസര പഠനം പുസ്തകത്തിൽ ഒരു യൂണിറ്റ് മാലിന്യ സംസ്കരണത്തിന്റെ അടിസ്ഥാന ആശയങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനാണ് മാറ്റി വച്ചിട്ടുള്ളത്. മാലിന്യം വലിച്ചെറിയുന്നതുകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ മുതൽ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കേണ്ടതിന്റെ ആവശ്യകത വരെ ഈ പാഠഭാഗം ചർച്ച ചെയ്യുന്നുണ്ട്. തുടർന്നങ്ങോട്ടുള്ള ക്ലാസുകളിൽ ഓരോ ക്ലാസിന്റെയും നിലവാരമനുസരിച്ച് ഈ ആശയത്തിന് വളർച്ചയും തുടർച്ചയും ഉറപ്പാക്കിയിട്ടുണ്ട്.

സ്കൂൾ വിദ്യാർത്ഥികൾക്കുള്ള യൂണിഫോം വിതരണം

150 (3279) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്കൂൾ വിദ്യാർഥികൾക്കുള്ള യൂണിഫോം വിതരണത്തിൽ ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

ക്രമ നം.	സാമ്പത്തിക വർഷം	ചെലവഴിച്ച തുക
1.	2021 - 22	129.40 കോടി
2.	2022 - 23	117.77 കോടി
3.	2023 - 24	121.03 കോടി

(ബി) 2024-25 അധ്യയനവർഷം സ്കൂൾ വിദ്യാർഥികളുടെ യൂണിഫോം വിതരണത്തിന് നീക്കിവെച്ച തുക എത്രയെന്ന് അറിയിക്കുമോ?

സൗജന്യ കൈത്തറി യൂണിഫോം - 75 കോടി രൂപ

സൗജന്യ യൂണിഫോം അലവൻസ് - 80.34 കോടി

(സി) എല്ലാ വർഷവും അധ്യയനം തുടങ്ങുന്ന വേളയിൽ പുസ്തക വിതരണത്തിനൊപ്പം യൂണിഫോമും വിതരണം ചെയ്യുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കാൻ നടപടി

151 (3280) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ പിന്തുണ നൽകുന്നതിന് സമഗ്ര ശിക്ഷ പദ്ധതിക്ക് കീഴിൽ കരാർ വ്യവസ്ഥയിൽ പ്രവർത്തിച്ചുവരുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ പ്രോജക്ട് അപ്രൂവൽ ബോർഡ് അംഗീകരിച്ച് നൽകുന്ന തുകയാണ് സമഗ്ര ശിക്ഷാ കേരള മുഖേന സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് വേതനമായി നൽകുന്നത്. നിലവിൽ എലിമെന്ററി സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 20,000/- രൂപയും സെക്കണ്ടറി സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 25,000/- രൂപയും നൽകി

വരുന്നു. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം നിശ്ചയിച്ച പ്രകാരം നൽകാവുന്ന പരമാവധി തുകയാണിത്. പ്രോജക്ടിന്റെ ഭാഗമായി അധിക ശമ്പളം ലഭ്യമാക്കണമെങ്കിൽ പുതിയ പദ്ധതി വർഷങ്ങളിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം വേതനം പുതുക്കി നിശ്ചയിച്ച് നൽകേണ്ടിവരും. 2024-25-ലെ പി.എ.ബി. മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്തിരുന്നുവെങ്കിലും വേതന വർദ്ധന സാധ്യമല്ല എന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചത്.

(ബി) എല്ലാ പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ഥിരമായി നിയമിക്കണമെന്ന് 28-10-2021-ന് പുറപ്പെടുവിച്ച സുപ്രീംകോടതി വിധി (ഡബ്ല്യു.പി.(സി.) 132/2016) സംസ്ഥാനത്ത് നടപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 28-10-2021-ലെ WP Civil 132/2016 നമ്പർ കേസിന്റെ വിധിന്യായത്തിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ പൊതുവിദ്യാലയങ്ങളിൽ സ്ഥിരമായി നിയമിക്കണമെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സമഗ്ര ശിക്ഷാ കേരളം ഒരു പ്രോജക്ട്

ആയതിനാൽ സ്ഥിരനിയമനം അപ്രായോഗികമാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്ന് നിർദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തിരുത്തലുകൾ

152 (3281) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ പേര്, ഇനിഷ്യൽ, മാതാപിതാക്കളുടെ പേര്, ജനന തീയതിയല്ലാത്ത മറ്റ് തിരുത്തലുകൾ എന്നിവ ശരിയാക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയാണെന്ന് വിശദമാക്കാമോ; അപേക്ഷ സമർപ്പിക്കേണ്ടത് സ്കൂൾ മുഖേനയാണോ അതോ വ്യക്തിപരമായാണോ നൽകേണ്ടതെന്ന് വ്യക്തമാക്കാമോ?

അപേക്ഷകൻ പരീക്ഷാഭവന്റെ വെബ് സൈറ്റിൽനിന്നും ജനനത്തീയതി തിരുത്തുന്നതിനൊഴിച്ചുള്ള (other than date of birth Correction) അപേക്ഷാ ഫോറം എടുത്ത് അപേക്ഷാ ഫോറത്തിലെ

നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പൂരിപ്പിച്ച് ബന്ധപ്പെട്ട സ്കൂളിലെ പ്രഥമാധ്യാപകൻ ആയത് സാക്ഷ്യപ്പെടുത്തി പരീക്ഷാഭവനിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഓൺലൈനായും അല്ലാതെയും നൽകാവുന്നതാണ്.

i) സ്കൂൾ രേഖയിൽ നിന്ന് വിഭിന്നമായി സർട്ടിഫിക്കറ്റിൽ പേര്, ഇനിഷ്യൽ എന്നിവ വന്നാൽ കൈപ്പിശക് (Clerical error) എന്ന പരിഗണനയിൽ സ്കൂൾ രേഖകൾ (അഡ്മിഷൻ രജിസ്റ്ററിന്റെ നിശ്ചിത പേജിന്റെ ഫോട്ടോ പകർപ്പ് ഹെഡ് മാസ്റ്റർ സാക്ഷ്യപ്പെടുത്തിയത് / ഒന്നാം ക്ലാസിൽ ചേർന്ന പ്രവേശന ഫോറത്തിന്റെ അസ്സൽ) പ്രകാരം തിരുത്തി നൽകും. ഗസറ്റ് വിജ്ഞാപന പ്രകാരമുള്ള പേരും ഇനിഷ്യലും ആയത് അപേക്ഷയോടൊപ്പം ഹാജരാക്കുന്ന പ്രകാരം തിരുത്തി നൽകും.

ii) മാതാപിതാക്കളുടെ പേരുകൾ തിരുത്തുന്നതിന് താഴെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

1. അപേക്ഷകന്റെ ജനന സർട്ടിഫിക്കറ്റ് അസ്സൽ.

2. ജനന സർട്ടിഫിക്കറ്റിലുള്ള പേരിലെ ആളും എസ്.എസ്.എൽ.സി.-യിലെ പേരിലുള്ള ആളും ഒരാളാണെന്ന സർട്ടിഫിക്കറ്റ്.

iii) 1) **ജാതി/ജാതി വിഭാഗം/മതം** - കൈപ്പിശക് (Clerical error) മാത്രമേ തിരുത്തി നൽകുകയുള്ളൂ. ഇതിനായി അപേക്ഷയോടൊപ്പം അഡ്മിഷൻ രജിസ്റ്ററിന്റെ നിശ്ചിത പേജ് ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തിയത് / ഒന്നാം ക്ലാസ്സിലെ പ്രവേശന ഫോറത്തിന്റെ അസ്സലും ജാതി സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. (ജാതിയും ജാതി വിഭാഗവും മതവും ക്ലറിക്കൽ എറർ എന്നിവ മാത്രമേ തിരുത്തി നൽകാൻ നിലവിൽ വ്യവസ്ഥയുള്ളൂ).

iv) **മേൽവിലാസം**- അഡ്മിഷൻ രജിസ്റ്റർ പ്രകാരവും അപേക്ഷകൻ എസ്.എസ്.എൽ.സി. എഴുതുന്നതിനുമുമ്പായി ബന്ധപ്പെട്ട പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയിൽ നിന്നും വാങ്ങിയിട്ടുള്ള ജനന സർട്ടിഫിക്കറ്റ് പ്രകാരമോ മാത്രമാണ് തിരുത്തി നൽകുന്നത്.

v) **ജനനസ്ഥലം**- ജനന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ.

vi) **നാഷണാലിറ്റി** - സ്കൂൾ രേഖകളുടെ അടിസ്ഥാനത്തിൽ.

Vii) **അഡ്മിഷൻ നമ്പർ**- അഡ്മിഷൻ രജിസ്റ്റർ പ്രകാരം.

viii) **തിരിച്ചറിയൽ അടയാളങ്ങൾ** - എസ്.എസ്.എൽ.സി. പരീക്ഷ കഴിഞ്ഞ് നിശ്ചിത സമയത്തിനകം അപേക്ഷിച്ചാൽ മാത്രമേ തിരുത്തി നൽകുകയുള്ളൂ.

ജനനത്തീയതി ഒഴികെയുള്ള എല്ലാ തിരുത്തലുകൾക്കും അപേക്ഷയോടൊപ്പം 30/-രൂപ (മുപ്പത് രൂപ മാത്രം) ചെലാൻ അടച്ച് രസീത് ഉൾപ്പെടെ അപേക്ഷ ബന്ധപ്പെട്ട സ്കൂൾ പ്രഥമാധ്യാപകൻ മുഖേനയാണ് സമർപ്പിക്കേണ്ടത്.

(ബി) പ്രസ്തുത അപേക്ഷ സമർപ്പിക്കേണ്ട ഓഫീസ്, ആയതിന്റെ അഡ്രസ്സ് എന്നിവ നൽകാമോ?

പരീക്ഷാകമ്മിഷണറുടെ കാര്യാലയം, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം - 12

(സി) അപേക്ഷയിൽ നടപടിയെടുക്കുന്ന ഓഫീസ്, സെക്ഷൻ ഏതെന്ന് കൃത്യമായി അറിയിക്കാമോ?

പരീക്ഷാകമ്മിഷണറുടെ കാര്യാലയം, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം - 12 അപേക്ഷ തപാൽ സെക്ഷനിൽ ലഭിക്കുന്ന മുറയ്ക്ക്

തിരുത്തൽ വിഭാഗങ്ങളായ ബി, ബി.എ, ബി.ബി, സി, സി.എ, ജെ, ജെ.എ. എന്നീ സെക്ഷനുകളിൽ ആണ് നടപടിയെടുക്കുന്നത്.

(ഡി) മതിയായ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചാൽ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കുന്ന സമയപരിധി അറിയിക്കാമോ?

അപേക്ഷകൻ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയത് 2000-ത്തിന് ശേഷമാണെങ്കിൽ 2 മാസത്തെ സമയപരിധിയും 2000-ത്തിന് മുമ്പാണെങ്കിൽ 3 മാസത്തെ സമയപരിധിയുമാണ് നിശ്ചയിച്ചിരിക്കുന്നത്. കൃത്യവും വ്യക്തവുമായ അപേക്ഷകളാണ് ലഭിക്കുന്നതെങ്കിൽ, മറ്റ് സാങ്കേതിക തടസ്സങ്ങൾ ഒന്നുമില്ലെങ്കിൽ പ്രസ്തുത അപേക്ഷകളിന്മേൽ 20 ദിവസത്തിനുള്ളിൽ തീർപ്പ്കൽപ്പിക്കുന്നതാണ്.

പ്ലസ് വൺ പ്രവേശനത്തിന് അൺഎയ്ഡഡ് മേഖലയെ ആശ്രയിക്കേണ്ട സാഹചര്യം

153 (3282) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പ്ലസ് വൺ സീറ്റുകളുടെ കുറവ് കാരണം പ്രവേശനം ആഗ്രഹിക്കുന്ന യോഗ്യരായ വിദ്യാർഥികൾ കൂടുതൽ ചെലവ് വഹിച്ച് അൺഎയ്ഡഡ് മേഖലയെ ആശ്രയിക്കേണ്ട അവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കാമോ?

സീറ്റ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി സ.ഉ.(കൈ) നം. 45/2024/പൊ.വി.വ തീയതി 08-05-2024 സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനയും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനയും ആവശ്യപ്പെടുന്ന ഏയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും അനുവദിച്ച് ഉത്തരവായിട്ടുള്ളത്. സപ്ലിമെന്ററി അലോട്ട്മെന്റിൽ ലഭിക്കുന്ന

അപേക്ഷകളെ അടിസ്ഥാനപ്പെടുത്തി സീറ്റിന്റെ കുറവുള്ള ജില്ലകളിൽ ആവശ്യമായ ക്രമീകരണങ്ങൾ സർക്കാർതലത്തിൽ സ്വീകരിക്കുന്നതാണ്.

(ബി) വിദ്യാഭ്യാസ ചെലവ് നേരിടാൻ കഴിവുള്ളവർ മാത്രം പഠിച്ചാൽ മതി എന്ന സർക്കാരിന്റെ നിലപാടാണ് പ്രസ്തുത സ്ഥിതിവിശേഷത്തിൽ പ്രതിഫലിക്കുന്നത് എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

അങ്ങനെ ഒരു നിലപാട് സർക്കാരിനില്ല. സപ്ലിമെന്ററി അലോട്ട്മെന്റിൽ ലഭിക്കുന്ന അപേക്ഷകളെ അടിസ്ഥാനപ്പെടുത്തി സീറ്റിന്റെ കുറവുള്ള ജില്ലകളിൽ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതാണ്.

സ്കൂൾ ബസ്സുകളുടെ ഫിറ്റ്നസ് ഉറപ്പാക്കാൻ നടപടി

154 (3283) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ബസ്സുകൾ ഓടുന്നതിനിടയിൽ തീ പിടിക്കുന്നതും വാഹനത്തിന്റെ തകരാർമൂലവും അലക്ഷ്യമായ ഡ്രൈവിംഗുമൂലവും

അപകടത്തിൽപ്പെടുന്നതും സംബന്ധിച്ച റിപ്പോർട്ടുകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ അക്കാദമിക വർഷവും ഇത്തരത്തിലുള്ള എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

സ്കൂൾ ബസ്സുകൾ ഓടുന്നതിനിടയിൽ തീപിടിക്കുന്നതും വാഹനത്തിന്റെ തകരാർമൂലവും അലക്ഷ്യമായ ഡ്രൈവിംഗ്മൂലവും അപകടത്തിൽപ്പെടുന്നതും സംബന്ധിച്ചുള്ള റിപ്പോർട്ടുകളെ തുടർന്ന് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ഊർജ്ജിത നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിക്കാറുണ്ട്. ഓരോ അധ്യയന വർഷത്തിനുമുൻപ് സ്കൂൾ കുട്ടികളുടെ സുരക്ഷ മുൻനിർത്തി സ്കൂൾ ബസ്സുകളുടെ ഫിറ്റ്നസ് പരിശോധന കർശനമാക്കുകയും വാഹനങ്ങൾ തീ പിടിക്കുന്നത് ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള സുരക്ഷാ ക്രമീകരണങ്ങളുടെ കൃത്യത ഉറപ്പ് വരുത്തുന്ന പരിശോധനയും ജി.പി.എസ്. സംവിധാനം ഘടിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുകയും ഡ്രൈവർമാർക്ക് സുരക്ഷാബോധവൽകരണ ക്ലാസുകൾ സംഘടിപ്പിക്കുകയും മദ്യപിച്ച് വാഹനമോടിച്ചതിനോ അമിത വേഗതയിൽ

വാഹനമോടിച്ചതിനോ ഇൻഡ്യൻ പീനൽ കോഡിലെ സെക്ഷൻ 279, 337, 338, 304 എ എന്നീ വകുപ്പുകൾ പ്രകാരം അപകടകരമായി വാഹനമോടിച്ചതിനോ ഒരിക്കലെങ്കിലും ശിക്ഷിക്കപ്പെട്ടവരെയും സ്കൂൾ വാഹനത്തിന്റെ ഡ്രൈവർമാരായി നിയമിക്കരുതെന്ന നിർദേശവും നൽകിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ അക്കാദമിക വർഷവും ഇത്തരത്തിലുള്ള എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തു എന്ന വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) സ്കൂൾ ബസ്സുകളുടെ ഫിറ്റ്നസ് ഉറപ്പാക്കുന്നതിനും സുരക്ഷിത ഡ്രൈവിംഗ് ഉറപ്പാക്കുന്നതിനും ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നതിനും ഉൾപ്പെടെ എന്തൊക്കെ നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സ്കൂൾ ബസ്സുകളിൽ കയറ്റാവുന്ന കുട്ടികളുടെ എണ്ണം, വാഹനത്തിന്റെ ഫിറ്റ്നസ് മുതലായവ സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് നിഷ്കർഷിച്ച മാനദണ്ഡങ്ങൾ പാലിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ ഓട്ടോ, ടാക്സി, വാൻ, പ്രൈവറ്റ് ബസ് എന്നിവയിൽ സുരക്ഷാ മാനദണ്ഡങ്ങൾ

പാലിച്ചുള്ള യാത്ര ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ/അസോസിയേഷനുമായി ബന്ധപ്പെട്ട് ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. കുട്ടികളുടെ ബസ് യാത്രയിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് കൃത്യമായ സ്റ്റോപ്പുകളിൽ കുട്ടികൾക്ക് ഇറങ്ങുന്നതിനും കയറുന്നതിനും ആവശ്യമായ സമയം നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു. ബസിന്റെ ഫുട്ബോഡിൽ നിന്ന് കുട്ടികൾ യാത്ര ചെയ്യുന്നുണ്ടെങ്കിൽ നടപടികളെടുക്കാൻ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾ സഞ്ചരിക്കുന്ന വാഹനങ്ങളിലെ ജീവനക്കാരുടെ സ്വഭാവം വിലയിരുത്തി, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ അധികാരികളുമായി ബന്ധപ്പെടാൻ നിർദേശിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികളുടെ യാത്രാസമയങ്ങളിൽ ചരക്ക് വാഹനങ്ങൾ ഉൾപ്പെടെയുള്ള ഹെവിവാഹനങ്ങളുടെ നിയന്ത്രണം ഉറപ്പുവരുത്താൻ ബന്ധപ്പെട്ട അധികാരികളോട് നിർദ്ദേശിച്ചിട്ടുണ്ട്.

അക്കാദമിക കലണ്ടർ പ്രകാരമുള്ള ആറാം പ്രവൃത്തി ദിനങ്ങൾ

155 (3284) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 അധ്യയനവർഷത്തിൽ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങൾ അക്കാദമിക കലണ്ടർ പ്രകാരം പ്രവർത്തിക്കുന്ന ശനിയാഴ്ചകളുടെ എണ്ണം എത്രയാണെന്ന വിവരം ലഭ്യമാക്കാമോ?

2024-25 അധ്യയനവർഷത്തിൽ അക്കാദമിക് കലണ്ടർ പ്രകാരം 25 ശനിയാഴ്ചകൾ പ്രവൃത്തിദിനമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ക്ലസ്റ്റർ പരിശീലനത്തിനായി നിക്കിവച്ചിട്ടുള്ള 6 ശനിയാഴ്ചകളും പരീക്ഷകൾക്കിടയിൽ വരുന്ന 3 ശനിയാഴ്ചകളും ആഴ്ചയിൽ 6 പ്രവൃത്തിദിനം വരാത്ത രീതിയിൽ ഉള്ള 9 ശനിയാഴ്ചകളും 6 പ്രവൃത്തിദിനം വരുന്ന 7 ശനിയാഴ്ചകളും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) അക്കാദമിക കലണ്ടർ പ്രകാരം ആറാം പ്രവൃത്തി ദിനമായി വരുന്ന ശനിയാഴ്ചകൾ എത്രയാണ് എന്ന് വിശദമാക്കാമോ?

അക്കാദമിക്ക് കലണ്ടർ പ്രകാരം ആഴ്ചയിൽ ആറാം പ്രവൃത്തി ദിനം വരുന്ന 7 ശനിയാഴ്ചകൾ ഉൾപ്പെട്ടിട്ടുണ്ട്.

(സി) കെ.ഇ.ആർ. പ്രകാരം ആറാം പ്രവൃത്തി ദിനമായ ശനിയാഴ്ച പൊതുവിദ്യാലയങ്ങൾക്ക് പ്രവൃത്തിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം VII ചട്ടം III-ൽ പരീക്ഷാ ദിനങ്ങൾ ഒഴികെ 220 പ്രവൃത്തി ദിനങ്ങൾ ഉൾപ്പെടുത്താൻ വ്യവസ്ഥ ചെയ്യുന്നു. 220 പ്രവൃത്തി ദിനങ്ങൾ തികയ്ക്കാനാണ് ആഴ്ചയിൽ ആറാം പ്രവൃത്തി ദിനം വരുന്ന 7 ശനിയാഴ്ചകൾ ഉൾപ്പെടുത്തിയത്. കെ.ഇ.ആർ. പ്രകാരം ആറാം പ്രവൃത്തി ദിനം വരുന്ന ശനിയാഴ്ചകളിൽ പൊതുവിദ്യാലയങ്ങൾക്ക് പ്രവൃത്തിക്കാൻ നിയമ തടസ്സമില്ല.

(ഡി) ശനിയാഴ്ച ആറാം പ്രവൃത്തി ദിനമായി വരുന്നതിനാൽ വിദ്യാർഥികൾക്കും അധ്യാപകർക്കും ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഗണിച്ച് ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് നടപടി ഉണ്ടാകുമോ; വിശദമാക്കാമോ?

220 പ്രവൃത്തി ദിനങ്ങളുള്ള വിദ്യാഭ്യാസ കലണ്ടറിൽ ആഴ്ചയിൽ ആറ് പ്രവൃത്തി ദിനം വരുന്ന തരത്തിലുള്ള 7 ശനിയാഴ്ചകൾ മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. 220 പ്രവൃത്തി ദിനത്തിൽ ഒന്നാം പാദവാർഷിക പരീക്ഷയ്ക്കായി എട്ട് പ്രവൃത്തി ദിനങ്ങളും രണ്ടാം പാദവാർഷിക പരീക്ഷയ്ക്കായി ആറ് പ്രവൃത്തി ദിനങ്ങളും വാർഷിക പരീക്ഷയ്ക്കായി 22 പ്രവൃത്തി ദിനങ്ങളും നീക്കിവച്ചിട്ടുണ്ട്. ഓണം, ക്രിസ്തുമസ് ആഘോഷങ്ങൾക്കായി രണ്ട് ദിവസം അടക്കം 38 ദിനങ്ങൾ 220 പ്രവൃത്തി ദിനങ്ങളിൽനിന്നും മാറ്റി വയ്ക്കേണ്ടതായി വരും. കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുള്ള ശനിയാഴ്ചകളിലെ ആറ് ക്ലസ്റ്റർ യോഗങ്ങൾക്ക് അവധി നൽകേണ്ടി വരുന്നതുമൂലം ആകെ 38 + 6 = 44 പ്രവൃത്തി ദിനങ്ങൾ ബോധന ദിനങ്ങൾ അല്ലാതായി മാറും. മഴക്കെടുതികൾ, മറ്റേതെങ്കിലും വിധത്തിലുണ്ടാകുന്ന പ്രാദേശിക അവധികൾ എന്നിവ കണക്കിലെടുത്ത് ശരാശരി ആറ് ദിവസം കൂടി പ്രവൃത്തി ദിനങ്ങളിൽനിന്ന് നഷ്ടപ്പെടുന്നുണ്ട്. തന്മൂലം ലഭിക്കാവുന്ന പ്രവൃത്തി ദിനങ്ങൾ 170 ആണ്. 2024-25 വർഷത്തെ അക്കാദമിക് കലണ്ടറിൽ 220 പ്രവൃത്തി ദിനങ്ങൾ ഉൾപ്പെടുത്തിയ കോടതി ഉത്തരവിനെതിരെ അധ്യാപക സംഘടനകൾ

പുന:പരിശോധനാ ഹർജി നൽകിയിട്ടുണ്ട്. അതിന്മേലുള്ള കോടതി നടപടിക്രമം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അന്തിമതീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ വിദ്യാലയങ്ങൾ

156 (3285) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കണ്ണൂർ ജില്ലയിൽ സ്വന്തമായി സ്ഥലമില്ലാത്ത വാടക കെട്ടിടത്തിലും മറ്റും പ്രവർത്തിക്കുന്ന എത്ര സർക്കാർ വിദ്യാലയങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ?

21 സ്കൂളുകൾ

(ബി) ഇത്തരം വിദ്യാലയങ്ങൾക്ക് പ്രാദേശികമായി സ്ഥലം ലഭ്യമാക്കിയാൽ പ്രത്യേക പരിഗണന നൽകി കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് സ്വന്തമായി സ്ഥലം ലഭ്യമാകുകയും, കെട്ടിട നിർമ്മാണത്തിന് എസ്റ്റിമേറ്റ് ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

നിലവിലെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ വരുത്തുവാനുദ്ദേശിക്കുന്ന മാറ്റങ്ങൾ

157 (3286) ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴിഅലി:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ വരുത്തുവാനുദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

വർഷങ്ങൾക്കുശേഷമാണ് കേരളത്തിൽ പ്രീപ്രൈമറി മുതൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം വരെയുള്ള പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ ആരംഭിച്ചത്. ആദ്യഘട്ടത്തിൽ 1, 3, 5, 7, 9 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ചു. 2, 4, 6, 8, 10 ക്ലാസുകളിലെ പുതുക്കിയ പാഠപുസ്തകങ്ങൾ 2025 ജൂൺ മാസത്തോടെ കുട്ടികളുടെ കൈകളിൽ

എത്തിച്ചേരും. കൂടാതെ ഹയർസെക്കൻഡറി പാഠപുസ്തകങ്ങളുടെ പരിഷ്കരണ പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്.

മാലിന്യ നിർമ്മാർജ്ജനം, ലിംഗനീതി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ട്രാഫിക് ബോധവൽകരണം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം എന്നിവ പുതിയ സ്കൂൾ കരിക്കുലത്തിന്റെ പ്രത്യേകതകളാണ്.

അധ്യാപക പരിശീലന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി റസിഡൻഷ്യൽ രീതികൾ ആരംഭിച്ചിട്ടുണ്ട്. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന മുഴുവൻ അധ്യാപകർക്കും റസിഡൻഷ്യൽ രീതിയിൽ ഏഴ് ദിവസത്തെ പരിശീലനം നൽകിവരുന്നു. സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സിനുവേണ്ടിയും മൂന്ന് ദിവസത്തെ പരിശീലന പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നുണ്ട്.

(ബി) എസ്.എസ്.എൽ.സി. പരീക്ഷയിലെ മൂല്യനിർണയ രീതിയിലും ചോദ്യരീതിയിലും എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ?

എസ്.എസ്.എൽ.സി. പരീക്ഷയിലെ മൂല്യനിർണയ രീതിയിലും ചോദ്യരീതിയിലും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നത് പരിഗണിച്ച് വരുന്നു.

(സി) പ്രസ്തുത വിഷയത്തിൽ വിദ്യാഭ്യാസ വിദഗ്ധരുടെ അഭിപ്രായം തേടാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

'ഗുണമേന്മ വിദ്യാഭ്യാസത്തിനായുള്ള മൂല്യനിർണയ പരിഷ്കരണം' എന്ന വിഷയത്തിൽ 2024 മേയ് 28-ന് തിരുവനന്തപുരത്ത് ഏകദിന വിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിച്ചിരുന്നു. നിയമസഭ സബ്ജക്ട് കമ്മിറ്റി (വിദ്യാഭ്യാസം) അംഗങ്ങൾ, കരിക്കുലം കമ്മിറ്റി അംഗങ്ങൾ, അധ്യാപക-വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ, പി.ടി.എ. ഭാരവാഹികൾ, മാധ്യമ പ്രവർത്തകർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. വിദ്യാഭ്യാസ വിദഗ്ധരുടെ ഉൾപ്പെടെ എല്ലാവരുടെയും അഭിപ്രായം തേടിയതിനുശേഷമാണ് പരിഷ്കരണത്തെക്കുറിച്ച് ആലോചിക്കുന്നത്.

സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് നൽകുന്ന വിഹിതം

158 (3287) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി നിലവിൽ നൽകുന്ന വിഹിതം പര്യാപ്തമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 07-06-2024-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 3676/2024/പൊ.വി.വ പ്രകാരം സ്കൂളുകൾക്ക് നൽകുന്ന തുക പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉച്ചഭക്ഷണ പദ്ധതിയിലെ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്ര വീതമാണെന്ന് അറിയിക്കുമോ?

കേന്ദ്ര നോംസ് പ്രകാരം നിശ്ചയിക്കപ്പെടുന്ന പദ്ധതി അടങ്കലിന്റെ 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന മാൻഡേറ്ററി വിഹിതവുമാണ്.

(സി) ഉച്ചഭക്ഷണത്തിനായി ഒരു കുട്ടിക്ക് എത്ര രൂപ നിരക്കിലാണ് തുക അനുവദിച്ചിരിക്കുന്നത്; ആയത് വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; എത്ര രൂപയായിട്ടാണ് വർദ്ധിപ്പിച്ചതെന്ന് വിശദമാക്കുമോ?

500-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂൾ, 151 മുതൽ 500 വരെ കുട്ടികൾ പഠിക്കുന്ന സ്കൂൾ, 150 വരെ കുട്ടികൾ പഠിക്കുന്ന സ്കൂൾ എന്നിവിടങ്ങളിലെ ഒരു കുട്ടിക്ക് പ്രതിദിനം യഥാക്രമം 6, 7, 8 രൂപ എന്നീ നിരക്കുകളിലാണ് തുക അനുവദിച്ചിരുന്നത്. ഇപ്രകാരം അനുവദിച്ചിരുന്ന തുകയിൽ നിന്ന് സപ്ലിമെന്ററി ന്യൂട്രീഷനുള്ള (പാൽ, മുട്ട എന്നിവ നൽകുന്നതിനുള്ള പദ്ധതി) ചെലവുകളും നടത്തിയിരുന്നു. എന്നാൽ സപ്ലിമെന്ററി ന്യൂട്രീഷൻ ഒഴികെയുള്ള ചെലവുകൾക്ക്, അതായത് ഉച്ചഭക്ഷണം നൽകുന്നതിന് മാത്രമായി, കുട്ടിയൊന്നിന് പ്രതിദിനം 6 രൂപ (പ്രൈമറി വിഭാഗം), 8.17 രൂപ (അപ്പർ പ്രൈമറി വിഭാഗം) എന്നിങ്ങനെ 07.06.2024 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം.3676/2024/പൊ.വി.വ പ്രകാരം നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര പദ്ധതി പ്രകാരം നല്കേണ്ട ഭക്ഷണ ഇനങ്ങൾ കൂടാതെ ഒരു ആഴ്ചയിൽ എന്തെല്ലാം ഭക്ഷണങ്ങൾ കുട്ടികൾക്ക് നല്കാനാണ് നിർദ്ദേശം നല്കിയിരിക്കുന്നത്; ഇതിനായി പ്രത്യേകം ഫണ്ട് കൂടുതലായി അനുവദിച്ച്

നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ തുക ഏത് രീതിയിൽ കണ്ടെത്താനാണ് നിർദ്ദേശം നൽകിയത് വ്യക്തമാക്കുമോ?

കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം പാലും (150 ml വീതം) ഒരു ദിവസം മുട്ട/ഏത്തപ്പഴം എന്നിവയും സപ്ലിമെന്ററി ന്യൂട്രീഷന്റെ ഭാഗമായി നൽകിവരുന്നു. ഇത് ഉൾപ്പെടെയുള്ള ചെലവുകൾക്കായി 232.14 കോടി രൂപ സംസ്ഥാന ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

(ഇ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിപ്രകാരം ഭക്ഷണം നൽകിയ ഇനത്തിൽ പൊതു വിദ്യാലയങ്ങളിലെ പ്രഥമ അധ്യാപകർക്ക് എത്ര രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; ഏത് കാലയളവിലെ തുകയാണ് കുടിശ്ശിക ആയിട്ടുള്ളത്; ആയത് നൽകുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി 2023-24 അധ്യയന വർഷം വരെ സ്കൂളുകൾക്ക് കുടിശ്ശികകൾ വിതരണം ചെയ്യുന്നതിനായി ഒന്നും തന്നെ നിലവിൽ ഇല്ല. എന്നാൽ ഇത്തരത്തിൽ അനുവദിച്ചിരുന്ന തുക സമയബന്ധിതമായി സ്കൂളുകൾ പിൻവലിക്കാത്തതിനാലും മറ്റ് ചില

സാങ്കേതിക പ്രശ്നങ്ങൾ കാരണവും അപൂർവ്വം ചില സ്കൂളുകൾക്ക് തുക മാറിയെടുക്കാൻ സാധിച്ചില്ല. ഇത്തരത്തിൽ സാധിക്കാതിരുന്ന സ്കൂളുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തുക അനുവദിച്ചുവരുന്നുണ്ട്.

സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ വർദ്ധിഷിക്കാൻ നടപടി

159 (3288) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥലസൗകര്യങ്ങൾ കുറവുള്ള പൊതുവിദ്യാലയങ്ങൾക്ക് സ്ഥല വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികളുണ്ടോ എന്ന് അറിയിക്കുമോ?

പദ്ധതി നിലവിലുണ്ട്.

(ബി) പുതിയ കെട്ടിടങ്ങളിൽ ഫർണിച്ചറുകൾ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

കണ്ടിൻജൻസി അസിസ്റ്റൻസ് ഫോർ സപ്ലൈനൻസ് ഓഫ് സ്കൂൾസ് ഫെസിലിറ്റീസ് എന്ന പദ്ധതിയിൽ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങുന്നതിനുള്ള തുക അനുവദിക്കുന്നുണ്ട്.

(സി) വിദ്യാലയങ്ങളിലെ ലാബ് സൗകര്യങ്ങളുടെ ലഭ്യത സംബന്ധിച്ച് വിശകലനങ്ങൾ നടത്തിയിട്ടുണ്ടോ; 2021 മുതൽ നവീകരിക്കുകയും പുതുതായി നിർമ്മിക്കുകയും ചെയ്ത ലാബുകളുടെ വിശദാംശം ലഭ്യമാക്കാമോ?

ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ ലാബ് സൗകര്യങ്ങളുടെ ലഭ്യത സംബന്ധിച്ച് വിശകലനങ്ങൾ നടത്തിയിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷം സംസ്ഥാനത്തെ 50 ഹയർ സെക്കൻഡറി വിദ്യാലയങ്ങളിലെ സയൻസ് ലാബുകൾ നവീകരിച്ചു. കൂടാതെ 2022-23 ൽ 60 സയൻസ് ലാബുകളും 2023-24-ൽ 8 സയൻസ് ലാബുകളും നവീകരിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുമ്പോൾ കളിസ്ഥലങ്ങൾ ചുരുങ്ങിപ്പോകുന്നതായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എങ്കിൽ അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വന്തമായി സ്ഥലമില്ലാത്തതും സ്ഥല പരിമിതിയാൽ ബുദ്ധിമുട്ടുന്നതുമായ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിന് പദ്ധതി നിലവിലുണ്ട്.

ഉപരി പഠനത്തിന് അർഹത നേടിയ വിദ്യാർത്ഥികൾ

160 (3289) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ എത്ര വിദ്യാർത്ഥികളാണ് ഉപരിപഠനത്തിന് അർഹത നേടിയതെന്ന് വ്യക്തമാക്കാമോ?

426726 വിദ്യാർത്ഥികൾ

(ബി) ഉപരി പഠനത്തിന് വിവിധ മേഖലകളിലായി എത്ര സീറ്റുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

ഉപരിപഠനത്തിന് ഹയർസെക്കൻഡറി മേഖലയിൽ പ്ലസ് വണ്ണിന് 433471 സീറ്റുകളും വൊക്കേഷണൽ ഹയർസെക്കൻഡറിയിൽ 33030 സീറ്റുകളും ഐ.റ്റി.ഐ മേഖലയിൽ 61429 സീറ്റുകളും പോളിടെക്നിക് മേഖലയിൽ 9990 സീറ്റുകളും ഉൾപ്പെടെ ആകെ 537820 സീറ്റുകൾ ലഭ്യമാണ്.

2024- 25 വർഷത്തെ സ്കൂൾ പ്രവേശന, അധ്യയന ദിന വിവരങ്ങൾ

161 (3290) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ 2024-25 അധ്യയന വർഷത്തെ പ്രവേശനം സംബന്ധിച്ച കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ക്ലാസ് അടിസ്ഥാനത്തിൽ പ്രവേശനത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ക്ലാസ് അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ഈ വർഷം പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടോ എന്നും തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ടോ എന്നും അറിയിക്കാമോ?

2024-25 അധ്യയന വർഷം പ്രവേശനം നേടിയ ആകെ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടില്ല. 2024-25 അധ്യയന വർഷം പൊതുവിദ്യാഭ്യാസ മേഖലയിൽ ഒന്നാം ക്ലാസിൽ ആകെ 781 കുട്ടികളുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

ഈ അധ്യയന വർഷം പുതുതായി വന്നുചേർന്ന കുട്ടികളുടെ എണ്ണം (2 മുതൽ 10 വരെ) കഴിഞ്ഞ വർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ സർക്കാർ വിദ്യാലയങ്ങളിൽ 8, 9, 10 ക്ലാസുകളിൽ വർദ്ധനവുണ്ടായിട്ടുണ്ട്. സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ 3, 10 ക്ലാസുകൾ ഒഴികെ എല്ലാ ക്ലാസുകളിലും വർദ്ധനവുണ്ടായിട്ടുണ്ട്. അംഗീകൃത അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ 2, 9, 10 ക്ലാസുകളിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

2024-25 അധ്യയന വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടില്ല.

(സി) ഈ വർഷം അധ്യയന ദിനങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വിശദമാക്കാമോ?

കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം-VII ചട്ടം-3 പ്രകാരം ഓരോ സ്കൂൾ വർഷത്തിലും സാധാരണ ഗതിയിൽ ചുരുങ്ങിയത് പരീക്ഷാ ദിവസങ്ങൾ കൂടാതെ 220 സാധ്യായ ദിവസങ്ങൾ ഉണ്ടായിരിക്കണമെന്നും പ്രത്യേക സാഹചര്യങ്ങളിൽ 20 ദിവസംവരെ സാധ്യായ ദിവസങ്ങളിൽ ഉണ്ടാകുന്ന കുറവ് എഡ്യൂക്കേഷണൽ ഓഫീസർക്കും അതിൽ കൂടുതലുള്ള കുറവ് ഡയറക്ടർക്കും ഇളവ് ചെയ്യാവുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നു.

എറണാകുളം എബനേസർ സ്കൂൾ മാനേജരും പി.ടി.എ.-യും ചേർന്ന് 2023-24 അധ്യയന വർഷത്തിലെ പ്രവൃത്തി ദിനങ്ങൾ 220 ആക്കണമെന്ന് ബഹു. കേരള ഹൈക്കോടതിയിൽ WP(C)25120/2023 കേസ് ഫയൽ ചെയ്തിരുന്നു. അതിൻപ്രകാരം വരും വർഷങ്ങളിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം-VII ചട്ടം-3 പ്രകാരമുള്ള പ്രവൃത്തി ദിനങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടി കൊക്കൊള്ളുമെന്ന് 25-04-2024-ലെ എസ്2 (എ) 1599098/2023/ഡി.ജി.ഇ. ഉത്തരവ് പ്രകാരം 26-02-2024-ലെ

വിധിന്യായം പാലിച്ച് ഉത്തരവാക്കിയിരുന്നു. എന്നാൽ ഹർജിക്കാരൻ ഫയൽ ചെയ്ത Contempt case (C) No.1134 of 2024(S) in WP(C) 25120/2023 23-05-2024-ലെ ഉത്തരവിൻ പ്രകാരം 06-06-2024-ന് മുമ്പായി 2024–25 വർഷത്തെ അക്കാദമിക് കലണ്ടർ സംബന്ധിച്ച നിർദ്ദേശം നൽകുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ടിരുന്നു. ഇവയുടെ അടിസ്ഥാനത്തിലാണ് സർക്കാർ 220 പ്രവൃത്തി ദിനങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള തീരുമാനം കൈക്കൊണ്ടത്.

ടി കോടതി ഉത്തരവിനെതിരെ അധ്യാപക സംഘടനകൾ പുന:പരിശോധനാ ഹർജി നൽകിയിട്ടുണ്ട്. അതിന്മേലുള്ള കോടതി നടപടിക്രമം പൂർത്തിയായിട്ടില്ല.

(ഡി) അധ്യയന ദിനങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ അധ്യാപകരുടെ അഭിപ്രായങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

25-05-2024-ൽ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിലും കൂടാതെ 28-05-2024, 14-06-2024, 20-06-2024 എന്നീ

തീയതികളിൽ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലും അധ്യാപക സംഘടന പ്രതിനിധികളുമായി അധ്യയന ദിനങ്ങൾ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച നടത്തുകയും അഭിപ്രായങ്ങൾ സർക്കാർ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

ഫയലുകളുടെ സമയബന്ധിതമായ തീർപ്പാക്കൽ

162 (3291) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. ടി. വി. ഇബ്രാഹിം:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഓഫീസുകളിലായി ഏകദേശം 8300 ഫയലുകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഫയലുകളിൽ തീരുമാനം എടുക്കുന്നതിൽ മന:പൂർവ്വമായി കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കൈപ്പമംഗലം മണ്ഡലത്തിലെ വിദ്യാലയങ്ങളിലെ ക്ലബ്ബുകളുടെ പ്രവർത്തനം

163 (3292) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ ഏതെല്ലാം ക്ലബ്ബുകളാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ; ഇതിന്റെ പട്ടിക വിദ്യാലയം തിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധമായി + ചേർത്തിരിക്കുന്നു.

(ബി) ഇത്തരം ക്ലബ്ബുകളിൽ പ്രസ്തുത മണ്ഡലത്തിലെ തനത് വിദ്യാഭ്യാസ പദ്ധതിയായ അക്ഷര കൈരളിയുമായി ചേർന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തിക്കുന്നവ ഏതൊക്കെയാണെന്ന വിവരം ഉൾക്കൊള്ളുന്ന പട്ടിക വിദ്യാലയം തിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധമായി +ചേർത്തിരിക്കുന്നു.

പാലക്കാട് ജില്ലയിലെ ബ്രെയ്ലി സാക്ഷരതാ, ഇ-മുറ്റം പദ്ധതികൾ

164 (3293) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നടത്തിവരുന്ന ബ്രെയ്ലി സാക്ഷരതാ പദ്ധതി, ഇ-മുറ്റം പദ്ധതി എന്നിവയുടെ വിശദാംശം നൽകുമോ; പ്രസ്തുത പദ്ധതികളുടെ ഭാഗമായി പാലക്കാട് ജില്ലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്ത് നടത്തി വരുന്ന ബ്രെയ്ലി സാക്ഷരതാ പദ്ധതി, ഇ-മുറ്റം പദ്ധതി എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി +ചേർക്കുന്നു.

പാലക്കാട് ജില്ലയിൽ കാഴ്ച പരിമിതർക്കായി നടത്തിവരുന്ന ബ്രെയിൽ സാക്ഷരത പദ്ധതിയുടെ ജില്ലാതല സംഘാടക സമിതി കൂടുകയും 13

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബ്ലോക്കുകളിലായി 13 ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുക്കുകയും ചെയ്തു. സാമൂഹ്യനീതി വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സഹകരണത്തോടെ സർവെ നടത്തി 617 പഠിതാക്കളെ കണ്ടെത്തുകയും തുടർന്ന് ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലന പരിപാടികൾ നടത്തുകയും ചെയ്തു. "ദീപ്തി" ബ്രെയിൽ സാക്ഷരതാ പാഠാവലിയുടെ പ്രകാശനം വായനദിനമായ ജൂൺ 19 ന് നടത്തുകയുണ്ടായി.

"ഇ-മുറ്റം" പദ്ധതി പാലക്കാട് ജില്ലയിൽ വിജയകരമായി പൂർത്തിയായിട്ടുണ്ട്. ജില്ലയിൽ മലമ്പുഴ ബ്ലോക്കിൽ മരുതറോഡ് ഗ്രാമപഞ്ചായത്തിലാണ് പദ്ധതി നടപ്പാക്കിയത്. സർവെയിലൂടെ 3600 പേരെ കണ്ടെത്തുകയും 2023 മേയ് 23-ന് ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു. സർവ്വേയിലൂടെ കണ്ടെത്തിയ 3600-ൽ 3247 പഠിതാക്കളെ സാക്ഷരരാക്കി. പാലക്കാട് ജില്ലയ്ക്ക് പദ്ധതിക്കായി 95,000/-രൂപ അനുവദിക്കുകയും ടി തുക മുഴുവനായും വിനിയോഗിക്കുകയും ചെയ്തു. 2023 ഡിസംബർ 5-ന് മരുതറോഡ് ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പഞ്ചായത്തായി പ്രഖ്യാപിക്കുകയുണ്ടായി.

പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി നിയമിച്ച വിദ്യാഭ്യാസ വിദഗ്ധന്മാരുടെ ശമ്പളം, മറ്റ് അലവൻസുകൾ

165 (3294) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വിദ്യാഭ്യാസ വിദഗ്ധനായി നിയമിതനായിരുന്ന ഡോ. സി. രാമകൃഷ്ണന് നിയമിക്കപ്പെട്ട കാലയളവിൽ നൽകിയ പ്രതിഫലം/ശമ്പളം, യാത്ര ബത്ത, മറ്റ് അലവൻസുകൾ എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ വിദ്യാഭ്യാസ വിദഗ്ധനായി നിയമിതനായിരുന്ന ഡോ.സി. രാമകൃഷ്ണന് സെപ്റ്റംബർ 2017 മുതൽ ഒക്ടോബർ 2021 വരെയുള്ള കാലയളവിൽ ശമ്പളമായി 24,32,266/- (ഇരുപത്തി നാല് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി ഇരുന്നൂറ്റി അറുപത്തി ആറ് രൂപ മാത്രം) രൂപയും യാത്രാബത്തയായി 1,15,986/- (ഒരു ലക്ഷത്തി പതിനയ്യായിരത്തി തൊള്ളായിരത്തി എൺപത്തി ആറ് രൂപ മാത്രം) രൂപയും നൽകിയിട്ടുണ്ട്. മറ്റ് അലവൻസുകൾ ഒന്നുംതന്നെ നൽകിയിട്ടില്ല.

(ബി) പ്രസ്തുത വ്യക്തി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വിദ്യാഭ്യാസ വിദഗ്ധനായിരിക്കെ ഖാദർ കമ്മിറ്റിയിൽ അംഗമായി നിയമിതനായിരുന്നോ എന്നറിയിക്കാമോ?

നിയമിതനായിരുന്നു.

(സി) എങ്കിൽ അദ്ദേഹത്തിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വിദ്യാഭ്യാസ വിദഗ്ധൻ എന്ന നിലയ്ക്കുള്ള ശമ്പളം/പ്രതിഫലം, യാത്ര ബത്ത, മറ്റ് അലവൻസുകൾ എന്നിവയ്ക്ക് പുറമെ ഖാദർ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിന് അനുവദിച്ച പ്രതിഫലം, യാത്ര ബത്ത, മറ്റ് അലവൻസുകൾ എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ?

ഖാദർ കമ്മിറ്റി അംഗങ്ങൾക്ക് ശമ്പളം നൽകിയിരുന്നില്ല. സമിതി സിറ്റിംഗ് നടത്തിയ ദിവസങ്ങളിൽ സിറ്റിംഗ് ഫീസാണ് അനുവദിച്ചത്. കൂടാതെ അർഹമായ യാത്രാബത്തയും അംഗങ്ങൾക്ക് നൽകിയിരുന്നു. ഡോ.രാമകൃഷ്ണന് സിറ്റിംഗ് ഫീസായി 1,52,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഡോ.സി.രാമകൃഷ്ണനെ 15-09-2021-ന് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ നിന്നും വിടുതൽ ചെയ്തു. തുടർന്ന് നടന്ന

സിറ്റിംഗുകൾക്കായി യാത്രാബത്ത ഇനത്തിൽ 16,838/- (പതിനാറായിരത്തി എണ്ണൂറ്റി മുപ്പത്തി എട്ട് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രവർത്തനങ്ങൾക്കായി നിലവിൽ ഏതെങ്കിലും വിദഗ്ധർ ഇപ്പോഴും സേവനമനുഷ്ഠിച്ചു വരുന്നുണ്ടോ; എങ്കിൽ സേവനത്തിന്റെ സ്വഭാവമെന്തെന്നും അത്തരം വിദഗ്ധർക്ക് നൽകുന്ന ശമ്പളം/ പ്രതിഫലം, യാത്ര ബത്ത, മറ്റ് അലവൻസുകൾ എന്നിവ എത്രയെന്നതും സംബന്ധിച്ച വിശദാംശം നൽകുമോ?

ഇല്ല

ഉദുമ മണ്ഡലത്തിലെ അടിസ്ഥാന സൗകര്യവികസനം നടക്കാത്ത സ്കൂളുകളുടെ വിശദാംശങ്ങൾ

166 (3295) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഉദുമ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവികസനം

നടക്കാത്ത എത്ര സ്കൂളുകളുണ്ട്; ഇവയ്ക്ക് ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉദുമ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവികസനം നടക്കാത്ത എട്ട് സ്കൂളുകളുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു.

1) GUPS വേലേശ്വരം

2) GLPS പനയാൽ

3) GLPS തിരുവക്കോളി

4) GHSS പാക്കം

5) GVHSS കണിയ

6) GWLPS അഡൂർ

7) GVHSS വേലംപാടി

8) GWLPS ബാര

ഈ സ്കൂളുകൾക്ക് പ്ലാൻ ഫണ്ടിൽ നിന്ന് തുക അനുവദിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിക്കുന്ന പക്ഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മാണം നടത്തുന്ന സ്കൂളുകൾ

167 (3296) ശ്രീമതി ശാന്തകുമാരി കെ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് കെട്ടിടനിർമ്മാണം നടത്തുന്ന സ്കൂളുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) നിർമ്മാണ പ്രവൃത്തി ഇനിയും ആരംഭിച്ചിട്ടില്ലാത്ത സ്കൂളുകളുടെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ടെൻഡർ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; നിർമ്മാണം പൂർത്തിയായ സ്കൂളുകളുടെ വിവരങ്ങൾ നൽകാമോ?

(എ & ബി) കോങ്ങാട് മണ്ഡലത്തിൽ അഞ്ചു കോടി, മൂന്നു കോടി, ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:-

5 കോടി കിഫ്ബി പദ്ധതി:-

5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.എച്ച്.എസ്.എസ്., പത്തിരിപ്പാല സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടി കിഫ്ബി പദ്ധതി:-

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.എച്ച്.എസ്., മങ്കര സ്കൂളിന് 19-04-2024-ന് കില സാങ്കേതിക അനുമതി നൽകിയിരുന്നു. Project Execution Document തയ്യാറാക്കി ഉടൻ കിഫ്ബിയുടെ അംഗീകാരത്തിനായി നൽകുന്നതാണ്.

ജി.എച്ച്.എസ്.എസ്., കാരക്കുറിശ്ശി സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

ജി.എച്ച്.എസ്. , കരിമ്പ സ്കൂളിന്റെ ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

ജി.എച്ച്.എസ്.എസ്., പൊട്ടശ്ശേരി സ്കൂളിന്റെ നിർമ്മാണം ആരംഭിച്ചു.

ജി.യു.പി.എസ്. കോങ്ങാട് സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

1 കോടി കിഫ്ബി പദ്ധതി:-

1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.യു.പി.എസ്., കരിമ്പ സ്കൂളിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്.

ജി.യു.പി.എസ്., ഇടത്തറ സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

മങ്കട മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പുരോഗതി

168 (3297) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന സ്കൂളുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മങ്കട മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പ്രസ്തുത യോഗത്തിൽ നിർദ്ദേശിച്ച് നാളിതുവരെയായിട്ടും പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന മങ്കട നിയോജക മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി ഫണ്ട്:-

5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട മക്കാരപ്പറമ്പ് ജി.എച്ച്.എസ്.എസിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടി കിഫ്ബി ഫണ്ട്:-

3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്. എസ്.എസ്.പാങ്ങ് സ്കൂളിന് 3.90 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

ജി.എച്ച്.എസ്.എസ്.മങ്കട, പള്ളിപ്പുറം സ്കൂളിന് 3.90 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. Project Execution Document അംഗീകാരത്തിനായി കിഫ്ബിക്ക് നൽകിയിട്ടുണ്ട്.

ജി.എച്ച്.എസ്.എസ്, മങ്കട സ്കൂളിന് 3.90 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. Project Execution Document അംഗീകാരത്തിനായി കിഫ്ബിക്ക് നൽകിയിട്ടുണ്ട്.

ജി.എച്ച്.എസ്.എസ്, കടുങ്ങാപുരം സ്കൂളിന് 3.90 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. Project Execution Document തയ്യാറാക്കിവരുന്നു.

1 കോടി കിഫ്ബി ഫണ്ട്:-

1 കോടി കിഫ്ബി ഫണ്ടിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.ചെറിയം മങ്കട, ജി.യു.പി.എസ്. മങ്കട പള്ളിപ്പുറം, ജി.യു.പി.എസ് കൂട്ടിലങ്ങാടി,

ജി.യു.പി.എസ് പാങ്ങ് എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ യോഗതീരുമാനം അനുസരിച്ച് മലപ്പുറം ജില്ലയിൽ ഡെപ്യൂട്ടി കളക്ടർ, ജില്ലാ കോർഡിനേറ്റർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിർവ്വഹണ ഏജൻസികളുടെ ഉദ്യാഗസ്ഥർ, പഞ്ചായത്ത്/ മുൻസിപ്പൽ സെക്രട്ടറിമാർ, ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പൽമാർ എന്നിവരെ ഉൾപ്പെടുത്തി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിരുന്നു. തുടർന്ന് DDC യോഗങ്ങളിലും പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിരുന്നു.

സംസ്ഥാന തലത്തിൽ, പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിലും നവകേരളം കർമ്മപദ്ധതി കോർഡിനേറ്ററുടെ നേതൃത്വത്തിലും കിഫ്ബി ഫണ്ടിലുൾപ്പെട്ട നിർമ്മാണ പുരോഗതി അവലോകനം ചെയ്യുകൊണ്ടുള്ള യോഗങ്ങൾ സംഘടിപ്പിച്ചിരുന്നു.

നിർമ്മാണ പ്രവർത്തനം നടന്നുവരുന്ന സ്കൂളുകളുടെ നിർമ്മാണം നിശ്ചിത കാലയളവിൽത്തന്നെ പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർമ്മാണം ആരംഭിക്കാത്ത

സ്കൂളുകളുടെ നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തീകരിച്ച് അംഗീകാരം ത്വരിതപ്പെടുത്തുന്നതിന് കിഫ്ബിയിലെ ഉദ്യോഗസ്ഥർക്കും ബന്ധപ്പെട്ട എസ്.പി.വി- കൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

വാമനപുരം മണ്ഡലത്തിലെ വിദ്യാകിരണം പദ്ധതിയിലെ പ്രവൃത്തികൾ

169 (3298) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിദ്യാകിരണം പദ്ധതിയുടെ കീഴിൽ കിഫ്ബി ഫണ്ടുപയോഗിച്ച് വാമനപുരം മണ്ഡലത്തിൽ നിർമ്മാണം പൂർത്തിയാക്കിയ സ്കൂൾ കെട്ടിടങ്ങളുടെ വിവരങ്ങളും അവയ്ക്ക് ചെലവാക്കിയ തുകയും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ടെന്നും അവയുടെ തൽസ്ഥിതിയും വിശദമാക്കാമോ?

(എ&ബി) വാമനപുരം നിയോജക മണ്ഡലത്തിലെ വിവിധ സ്കൂളുകൾക്കായി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി ഫണ്ട്:-

5 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭൗതിക സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്ത വെഞ്ഞാറമ്മൂട് ജി.എച്ച്.എസ്.എസിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടി കിഫ്ബി ഫണ്ട്:-

3 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭൗതിക സൗകര്യ വികസനത്തിനായി 4 സ്കൂളുകളെ തെരഞ്ഞെടുത്തിരുന്നു. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:-

ഭരതന്നൂർ ജി.എച്ച്.എസ്.എസ്, കല്ലറ ജി.വി.എച്ച്.എസ്.എസ് എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

വെഞ്ഞാറമ്മൂട് ജി.യു.പി.എസിന്റെ ഡി.പി.ആർ തയ്യാറാക്കിയെങ്കിലും പി.ഡബ്ള്യു.ഡി മുഖാന്തിരം നിർമ്മാണം നടത്തുന്ന കെട്ടിടത്തിന്റെ മുകളിലാണ് നിർമ്മാണം നടത്തേണ്ടതെന്നതിനാൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്തതുകൊണ്ട് ഡി.പി.ആർ അംഗീകരിക്കുന്നതിന് കിഫ്ബിക്ക് നൽകിയിട്ടില്ല. സ്കൂളിന് 47% കവറേജ് പ്രശ്നവുമുണ്ട്.

മിതൃമല ജി.ബി.എച്ച്.എസ്.എസിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

1 കോടി കിഫ്ബി ഫണ്ട്:- 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭൗതിക സൗകര്യ വികസനത്തിനായി 6 സ്കൂളുകളെ തെരഞ്ഞെടുത്തിരുന്നു. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:-

ജി.യു.പി.എസ്.പെരിങ്ങമ്മല, ആട്ടുകാൽ ജി.യു.പിഎസ്, ആനാട് ജി.എൽ.പി.എസ് എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.

മിതൃമല ജി.ജി.എച്ച്.എസ്.എസിന്റെ ഡി.പി.ആർ കിഫ്ബി അംഗീകരിച്ച് ടെൻഡർ നടപടി സ്വീകരിച്ചിട്ടുണ്ട്.

ജി.എച്ച്.എസ്. മടത്തറക്കാണി, ജി.എച്ച്.എസ്. ജവഹർ കോളനി എന്നീ സ്കൂളുകളുടെ ഡി.പി.ആർ കിഫ്ബി അംഗീകരിച്ച് ടെൻഡർ നടപടി സ്വീകരിച്ച് കരാർ ഒപ്പുവെച്ചിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

പൂഞ്ഞാർ മണ്ഡലത്തിലെ ചലഞ്ച് ഫണ്ട് വിനിയോഗം

170 (3299) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസന പ്രവൃത്തി പൂർത്തിയാക്കിയ ഏതൊക്കെ സ്കൂളുകൾക്കാണ് സർക്കാർ ഫണ്ട് നൽകാൻ ബാക്കിയുള്ളത്; പ്രസ്തുത സ്കൂളുകൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പൂഞ്ഞാർ മണ്ഡലത്തിൽ ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം തുക അനുവദിച്ച സ്കൂളുകളൊന്നും ഇല്ല.

പുനലൂർ മണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് അനുവദിച്ചതും നടപ്പാക്കിയതുമായ പ്രവൃത്തികൾ

171 (3300) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ പുനലൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് എസ്.എസ്.കെ. ഉൾപ്പെടെയുള്ള വിവിധ ഏജൻസികളുടെ കീഴിൽ അനുവദിച്ചതും എന്നാൽ മാർച്ച് 2021-ന് മുൻപ് പൂർത്തിയാക്കാൻ കഴിയാത്തതുമായ വിവിധ പ്രവൃത്തി/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; അനുവദിച്ച പ്രവൃത്തി/പദ്ധതികളിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

മുൻ സർക്കാരിന്റെ കാലയളവിൽ പുനലൂർ മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി [+]ചേർത്തിട്ടുണ്ട്.

എസ്.എസ്.കെ വഴിയുള്ള പദ്ധതികളെല്ലാം 2021 മാർച്ചിന് മുമ്പ് പൂർത്തീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പ്, എസ്.എസ്.കെ. ഉൾപ്പെടെയുള്ള വിവിധ ഏജൻസികളുടെ കീഴിൽ പുനലൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച വിവിധ പ്രവൃത്തി/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിലെ ഓരോ പ്രവൃത്തിയുടെയും പേര്, അനുവദിച്ച തുക, പദ്ധതി നിർവഹണ ഏജൻസിയുടെ വിവരം എന്നിവ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ; നിലവിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ബി-ഡി)ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുനലൂർ മണ്ഡലത്തിൽ അനുവദിച്ച കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അച്ചൻകോവിൽ സ്കൂളിന് സമഗ്രശിക്ഷ കേരള മുഖേന അനുവദിച്ച സ്കിൽ ഡവലപ്മെന്റ് സെന്ററിന്റെ നിർമ്മാണം ഭൂമിയുടെ ലഭ്യത കുറവുമൂലം നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. 2023-24 വർഷം വർണ്ണക്കൂടാരം ഗവ. എൽ.പി.എസ് തടിക്കാട്-ന് എസ്.എസ്.കെ മുഖേന 7,50,000/- അനുവദിക്കുകയും അതിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ഇ) പുനലൂർ മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തി/പദ്ധതികളുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തിലെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടില്ല.

സമഗ്രശിക്ഷാ കേരള 'സേവാസ്' എന്ന പദ്ധതി ആര്യങ്കാവ് പഞ്ചായത്തിന് മാത്രമായി നടപ്പിലാക്കിവരുന്നു. എസ്.എസ്.കെ-യുടെ മറ്റു പദ്ധതികൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

172 (3301) ശ്രീമതി ശാന്തകുമാരി കെ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോങ്ങാട് മണ്ഡലത്തിലെ സ്കൂളുകൾ ഭിന്നശേഷി സൗഹൃദമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം സ്കൂളുകളിലാണ് ബാരിയർ ഫ്രീ പ്രോജക്ട് നടപ്പിലാക്കാൻ ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

(എ&ബി) സർക്കാർ സ്കൂളുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി 'ബാരിയർ ഫ്രീ' പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കോങ്ങാട് മണ്ഡലത്തിലെ മങ്കര ഗവ.എച്ച്.എസ്-ന് 2022-23 സാമ്പത്തിക വർഷത്തിൽ 14.20 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർവഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ് പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാകിരണം പദ്ധതിക്കായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ

173 (3302) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിദ്യാകിരണം പദ്ധതിക്കായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ ഏതൊക്കെയെന്നും പ്രസ്തുത തസ്തികകളിലേക്കുള്ള നിയമന രീതി എങ്ങനെയെന്നും വിശദീകരിക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിദ്യാകിരണം പദ്ധതിക്കായി 3 തസ്തികകളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

1) അസിസ്റ്റന്റ് കോർഡിനേറ്റർ - 1 (അന്യത്ര സേവനം /കരാർ നിയമനം)

2) പ്രോഗ്രാം ഓഫീസർ - 1 (അന്യത്ര സേവനം /കരാർ നിയമനം)

3) യങ് പ്രൊഫഷണൽ - 1 (അന്യത്ര സേവനം /കരാർ നിയമനം)

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നിയമിക്കപ്പെട്ട ജീവനക്കാരുടെ പേരുവിവരം, നിയമന രീതി, നിയമനത്തിന്റെ സ്വഭാവം, മേൽജീവനക്കാർക്ക് ഓരോരുത്തർക്കും ഇതുവരെ അനുവദിച്ച ശമ്പളം/

പ്രതിഫലം, യാത്രാബത്ത, മറ്റ് അലവൻസുകൾ എന്നിവ എത്രയെന്ന് തരം തിരിച്ച് നൽകാമോ?

1) അസിസ്റ്റന്റ് കോർഡിനേറ്റർ - 1:-

പേര് - ഡോ. സി. രാമകൃഷ്ണൻ

നിയമനത്തിന്റെ സ്വഭാവം- കരാർ നിയമനം (18/10/2022 - ലെ ജി.ഒ.(ആർ.ടി)നം. 173/2022/പി.ഐ.ഇ & എം.ഡി പ്രകാരം)

ആകെ ശമ്പളം–12,42,000/- (ജോയിൻ ചെയ്തതു മുതൽ ഇതുവരെ)

യാത്രാബത്ത- 38180/-

2) പ്രോഗ്രാം ഓഫീസർ - 1:-

പേര്- ശ്രീമതി. ശ്രീരഞ്ജിനി. എസ്

നിയമനത്തിന്റെ സ്വഭാവം- അന്യത്ര സേവനം

ആകെ ശമ്പളം –11,90,000 /-(ജോയിൻ ചെയ്തതു മുതൽ ഇതുവരെ)

യാത്രാബത്ത- 3147/-

3) യങ് പ്രൊഫഷണൽ - 1:-

പേര്- ഡോ.കെ.ബീന

നിയമനത്തിന്റെ സ്വഭാവം - കരാർ നിയമനം

ആകെ ശമ്പളം- 6,72,349/-(ജോയിൻ ചെയ്തതു മുതൽ ഇതുവരെ)

(സി) വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചുവരുന്ന ഏതെങ്കിലും ജീവനക്കാർ സ്കൂൾ ഏകീകരണ കോർ കമ്മിറ്റിയിൽ അംഗമായി പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ജീവനക്കാരിൽ സ്കൂൾ ഏകീകരണ കോർ കമ്മിറ്റി അംഗങ്ങളായി പ്രവർത്തിച്ചുവരുന്നവർക്ക് കോർ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിന് അനുവദിച്ച തുക/പ്രതിഫലം, യാത്രാബത്ത, മറ്റ് ആനുകൂല്യങ്ങൾ എന്നിവ തരം തിരിച്ച് ലഭ്യമാക്കാമോ?

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 23-02-2022-ലെ സ.ഉ(സാധാ)നം. 1030/2022/പൊവിവ പ്രകാരം സർക്കാർ രൂപീകരിച്ച കോർ കമ്മിറ്റിയിൽ നിലവിൽ വിദ്യാകിരണം മിഷനിൽ അസിസ്റ്റന്റ് കോ- ഓർഡിനേറ്ററായ

ഡോ. സി. രാമകൃഷ്ണൻ അംഗമാണ്. 18-10-2022-ലെ ജി.ഒ.(ആർ.ടി)നം. 173/2022/പി.ഐ.ഇ & എം.ഡി പ്രകാരം ആണ് ഡോ.സി. രാമകൃഷ്ണൻ വിദ്യാകിരണം മിഷനിൽ നിയമിതനായത്. കോർ കമ്മിറ്റി അംഗങ്ങൾക്ക് ശമ്പളം നൽകിയിരുന്നില്ല. സിറ്റിംഗ് നടന്ന ദിവസങ്ങളിൽ സിറ്റിംഗ് ഫീസാണ് അനുവദിച്ചിരുന്നത്. 2022 മാർച്ച് മുതൽ 2023 ജൂലൈ വരെ വിവിധ ഘട്ടങ്ങളിലായി നടന്ന സിറ്റിംഗിന്റെ ഭാഗമായി കോർകമ്മിറ്റി അംഗങ്ങൾക്ക് അനുവദിച്ച സിറ്റിംഗ് ഫീസ്, യാത്രാബത്ത എന്നിവ ചുവടെ ചേർക്കുന്നു.

നം.	അംഗത്തിന്റെ പേര്	സിറ്റിംഗ് ഫീസ്	യാത്രബത്ത	അഭിപ്രായം
1	ഡോ.സി. രാമകൃഷ്ണൻ	1,96,000	61,476	വിദ്യാകിരണത്തിൽ ജോയിന്റ് ചെയ്യുന്നതിന് മുൻപ്
			9,431	വിദ്യാകിരണത്തിന്റെ ഭാഗമായശേഷം തിരുവനന്തപുരത്തിന് പുറത്തുനടന്ന സിറ്റിങ്ങുകളിൽ പങ്കെടുത്തതിന്

പൂഞ്ഞാർ മണ്ഡലത്തിൽ പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട് എന്നിവ വിനിയോഗിച്ച് നവീകരിക്കുന്ന സ്കൂളുകൾ

174 (3303) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട് എന്നിവ വിനിയോഗിച്ച് നവീകരിക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചു; പ്രവർത്തന പുരോഗതി വിശദമാക്കാമോ?

(എ&ബി) പൂഞ്ഞാർ മണ്ഡലത്തിൽ പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട് എന്നിവ വിനിയോഗിച്ച് നവീകരിക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി +ചേർത്തിട്ടുണ്ട്.

ഏകീകരിക്കപ്പെടുന്ന സ്കൂൾ സംവിധാനത്തിലെ പരീക്ഷകൾ

175 (3304) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകരിക്കപ്പെടുന്ന സ്കൂൾ സംവിധാനത്തിൽ എട്ടാം ക്ലാസിൽ പ്രവേശനം നേടുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഒരേ സ്കൂളിൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള പഠനം പൂർത്തീകരിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംവിധാനത്തിൽ എട്ട് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള സെക്കൻഡറി വിഭാഗത്തിൽ എത്ര പൊതു പരീക്ഷകളാണ് നിശ്ചയിച്ചതെന്നും ഏതൊക്കെ ക്ലാസുകളിലാണ് പൊതുപരീക്ഷകൾ നടത്തുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഏകീകരണത്തിന്റെ ഭാഗമായി എട്ടാം ക്ലാസ് സെക്കൻഡറി വിഭാഗത്തിൽ ഉൾപ്പെടുന്നത് കാരണം കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ആനുകൂല്യങ്ങൾ എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്ക് നഷ്ടപ്പെടുമോ എന്ന് വ്യക്തമാക്കാമോ?

(എ-സി) ഖാദർകമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ

കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളിന്റെയും റിപ്പോർട്ടിന്റെയും പരിശോധന നടന്നുവരികയാണ്. എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യങ്ങളിൽ വ്യക്തത കൈവരികയുള്ളൂ.

ചലഞ്ച് ഫണ്ട് പദ്ധതി

176 (3305) ശ്രീ. പി.പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിൽ ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം തുക അനുവദിച്ച സ്കൂളുകളുടെയും അവയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ മണ്ഡലത്തിലെ സ്കൂളുകൾ കെട്ടിട നിർമ്മാണത്തിന്റെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിന് ഭരണാനുമതിക്കായി ആലപ്പുഴ മണ്ഡലത്തിലെ സ്കൂളുകളൊന്നും നിലവിൽ പ്രൊപ്പോസൽ നൽകിയിട്ടില്ല.

നെന്മാറ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് സ്കൂൾ ബസ്

177 (3306) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18, 2021-22 വർഷത്തെ എം.എൽ.എ.-യുടെ മണ്ഡലം ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് നെന്മാറ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ സ്കൂൾ ബസ് വാങ്ങാൻ ഫണ്ട് അനുവദിച്ചുവെങ്കിലും ബസ് വാങ്ങിയിട്ടില്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

2017-18, 2021-22 വർഷത്തെ എം.എൽ.എ.-യുടെ നിയോജകമണ്ഡലം ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് നെന്മാറ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് സ്കൂൾ ബസ് വാങ്ങുന്നതിന് 28-07-2019-ലെ സ.ഉ. (സാധാ) നം.3071/2019/പൊ.വി.വ പ്രകാരം 18,56,842/- രൂപ അനുവദിച്ചിരുന്നു. എന്നാൽ ബസിന്റെ മോഡൽ (ഭാരത് സ്റ്റാൻഡേർഡ് BS4 ൽ നിന്നും BS6 ലേക്ക് മാറി) വ്യത്യാസം വന്നതിനെത്തുടർന്ന് വിലയിൽ വ്യത്യാസം ഉണ്ടാവുകയും ടി സാഹചര്യത്തിൽ അന്ന് ലഭിച്ച തുക വിനിയോഗിക്കാൻ കഴിയാതെ സറണ്ടർ ചെയ്യുകയും ചെയ്തിരുന്നു. അധിക വേണ്ട 8,02,783/- രൂപയുടെ പുതുക്കിയ ഭരണാനുമതി പാലക്കാട് ജില്ലാ ജില്ലാ കളക്ടർ പുറപ്പെടുവിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ 2021-22 വർഷത്തെ നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി 30.05.2022-ലെ സർക്കാർ ഉത്തരവ് (സാധാ) 3265/2022/പൊ.വി.വ പ്രകാരം ടി തുക അനുവദിച്ച് ഉത്തരവായി. എന്നാൽ സറണ്ടർ ചെയ്ത തുക തിരികെ

ലഭ്യമാകാതിരുന്നതിനാൽ Gem പോർട്ടലിൽ ബസ് ഓർഡർ ചെയ്യാൻ കഴിയാതെവന്നു.

(ബി) 2017-18, 2021-22 വർഷത്തിലായി അനുവദിച്ച ഫണ്ട് ഉപയോഗിച്ച് അടിയന്തരമായി സ്കൂൾ ബസ് അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ?

ആദ്യം ഭരണാനുമതി നൽകിയ തുകയായ 18,56,842/- രൂപയും അധികമായി ആവശ്യം വന്ന 8,02,783/- രൂപയും ചേർത്തുള്ള 26,59,625/- രൂപയുടെ പുതുക്കിയ ഭരണാനുമതി ഉത്തരവ് സർക്കാരിൽ ലഭ്യമായിരുന്നു.

ടി തുക അനുവദിക്കുന്ന വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ചലഞ്ച് ഫണ്ട്

178 (3307) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഏതെല്ലാം സ്കൂളുകളാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബി.വി.ബി.യു.പി.സ്കൂൾ, തൃക്കൊടിത്താനം

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ബി.വി.ബി. യു.പി.സ്കൂൾ, തൃക്കൊടിത്താനം-ന് ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം 30 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിൽ 23,58,136/-രൂപ മാറി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് 12,80,547/-രൂപയുടെ ബില്ലുകളും വൗച്ചറുകളും സ്കൂളിൽനിന്നും നൽകിയെങ്കിലും സർക്കാർ വിഹിതമായ 6,40,274/-രൂപ 2023-24-ൽ മാറി നൽകുവാൻ കഴിഞ്ഞില്ല. പ്രസ്തുത തുക 2024-25 സാമ്പത്തിക വർഷത്തിൽ മാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പുസ്തകങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി

179 (3308) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുസ്തകക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ എൻ.സി.ഇ.ആർ.ടി. പുസ്തകങ്ങൾ പ്രിന്റ് ചെയ്ത് വൻവിലയ്ക്ക് സ്കൂളുകൾക്ക് പുറത്ത് വിറ്റതിലൂടെ ചില പ്രസാധകരും ഏജൻസികളും വലിയ ലാഭം ഉണ്ടാക്കുകയും രക്ഷകർത്താക്കളെ കബളിപ്പിക്കുകയും ചെയ്തതായി പറയപ്പെടുന്ന റിപ്പോർട്ടുകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ദുഷ്പ്രവണതകൾ ഒഴിവാക്കുന്നതിനും പുസ്തകങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) കേരളത്തിലെ ഹയർ സെക്കൻഡറി കോഴ്സുകളിൽ സയൻസ്, ഹ്യൂമാനിറ്റീസ്, കോമേഴ്സ് എന്നീ വിഭാഗങ്ങളിലായി ഒന്നാം

വർഷം 20 ടൈറ്റിൽ പാഠപുസ്തകങ്ങളും രണ്ടാം വർഷം 24 ടൈറ്റിൽ പാഠപുസ്തകങ്ങളും ഉൾപ്പെടെ ആകെ 44 ടൈറ്റിലുകളിലായി എൻ.സി.ഇ.ആർ.ടി. തയ്യാറാക്കുന്ന പാഠപുസ്തകങ്ങളാണ് ഉപയോഗിക്കുന്നത്. ഈ പാഠപുസ്തകങ്ങൾ കുട്ടികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വിലയ്ക്ക് ലഭ്യമാകുന്നതിനുവേണ്ടി എൻ.സി.ഇ.ആർ.ടി- യുമായി റോയൽറ്റി വ്യവസ്ഥയിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ എസ്. സി.ഇ.ആർ.ടി- യുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രിന്റ് ചെയ്യുന്നത്. പ്രിന്റിംഗ് ജോലികൾ സി- ആപ്റ്റ് എന്ന പൊതുമേഖലാ സ്ഥാപനത്തെയാണ് ഏൽപിച്ചിട്ടുള്ളത്. സി - ആപ്റ്റ് പ്രിന്റ് ചെയ്ത സ്കൂളുകളിൽ നിന്നും ലഭിക്കുന്ന ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ പുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുകയാണ് നിലവിൽ ചെയ്യുന്നത്. ഈ അധ്യയന വർഷവും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഹയർ സെക്കൻഡറി വിഭാഗത്തിൽ ഉപയോഗിക്കുന്ന, എൻ.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുള്ള 44 ടൈറ്റിൽ പാഠപുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി. യുടെ നേതൃത്വത്തിൽ സി - ആപ്റ്റ് മുഖേന പ്രിന്റ് ചെയ്ത

സ്കൂളുകളിൽ എത്തിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പുസ്തകങ്ങൾ സ്വകാര്യ പ്രസാധകർക്ക് പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിന് നിയമപരമായി നിലവിൽ സാധിക്കില്ല. അത്തരം പ്രവണതകൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

ഒന്നാം ക്ലാസ്സിൽ ചേരുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള കുറവ്

180 (3309) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ ഈ വർഷം ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുവന്നു എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ?

സർക്കാർ സ്കൂളുകളിൽ 2024-25 അധ്യയന വർഷം മുൻവർഷത്തെ അപേക്ഷിച്ച് ഒന്നാം ക്ലാസിൽ 6928 കുട്ടികൾ കുറഞ്ഞിട്ടുണ്ട്. വിശദാംശം അനുബന്ധമായി+ ചേർക്കുന്നു

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുണ്ടാകാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

2024-25 അധ്യയന വർഷത്തെ വിദ്യാർത്ഥികളുടെ എണ്ണം 6-ാം പ്രവൃത്തിദിനത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ചത് പരിശോധിച്ച് വരുന്നതേയുള്ളൂ.

ശ്രീനാരായണപുരം യു.പി. സ്കൂൾ കെട്ടിട നിർമ്മാണപ്രവൃത്തി

181 (3310) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ ശ്രീനാരായണപുരം യു.പി. എസ്. മന്ദിര നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രസ്തുത സ്കൂളിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

സംസ്ഥാന ബജറ്റിൽ സ്കൂളുകളുടെ പേരിൽ വന്ന പിശക്

182 (3311) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 ലെ സംസ്ഥാന ബജറ്റിൽ ക്രമ നമ്പർ 470- പൂവരണി ഗവൺമെന്റ് എൽ.പി.എസ്, ക്രമനമ്പർ 2180- ഗവൺമെന്റ് എൽ.പി. എസ്. ചക്കാമ്പുഴ എന്നീ സ്കൂളുകളുടെ പേരുകൾ, ഗവൺമെന്റ് യു.പി. സ്കൂൾ പൂവരണി, ഗവൺമെന്റ് യു.പി. സ്കൂൾ ചക്കാമ്പുഴ എന്നാണ് രേഖപ്പെടുത്തേണ്ടിയിരുന്നത്. മേൽ സാഹചര്യത്തിൽ പേരുകൾ തിരുത്തൽവരുത്താൻ തന്ന അപേക്ഷകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ടി അപേക്ഷകൾ തീർപ്പാക്കിയിട്ടില്ലെങ്കിൽ പിശക് തിരുത്തൽ വരുത്തി സ്കൂൾ കെട്ടിട നിർമ്മാണം എത്രയുംവേഗം ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) പ്രസ്തുത സ്കൂളുകളുടെ പേര് മാറ്റി തിരുത്തൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 17-01-2024-ലെ സ.ഉ.(സാധാ) നമ്പർ 455/2024/പൊ.വി.വ, 19-02-2024-ലെ സ.ഉ.(സാധാ)

നമ്പർ 1319/2024/പൊ.വി.വ എന്നീ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

വർക്കല മണ്ഡലത്തിലെ പണയിൽ എൽ.പി. സ്കൂളിന് പുതിയ കെട്ടിടം

183 (3312) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ പണയിൽ എൽ.പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിക്കുകയും ടെൻഡർ നടപടികൾ പൂർത്തിയാകുകയും ചെയ്തുവെങ്കിലും സ്കൂൾ പ്രവർത്തനത്തിന് മറ്റൊരു സ്ഥലം കണ്ടെത്തുവാൻ കഴിയാത്തതിനാൽ നിർമ്മാണം ആരംഭിക്കുന്നതിന് തടസ്സം നേരിട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പണയിൽ എൽ.പി.സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നിലവിലുള്ള കെട്ടിടം പൊളിച്ചു മാറ്റുമ്പോൾ പകരം ക്ലാസ്സുകൾ നടത്തുന്നതിന് മറ്റൊരു സ്ഥലം കണ്ടെത്തുവാൻ കാലതാമസം ഉണ്ടായതിനാൽ നിർമ്മാണം ആരംഭിക്കുന്നതിന് തടസ്സം നേരിട്ടിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സ്കൂൾ പ്രവർത്തിപ്പിക്കുന്നതിന് മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനായി വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

പ്രസ്തുത സ്കൂൾ പ്രവർത്തിപ്പിക്കുന്നതിനായി സ്കൂളിന് സമീപത്തായി ഒരു വാടക കെട്ടിടം കണ്ടെത്തുകയും എഗ്രിമെന്റ് എഴുതുന്നതിനുള്ള നടപടി സ്വീകരിക്കുകയും നിർദ്ദിഷ്ട കെട്ടിടത്തിന് ഫിറ്റിനസ് സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

വട്ടേക്കാട് ജി.യു.പി. സ്കൂൾ കെട്ടിട നിർമ്മാണം

184 (3313) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും ഒരു കോടി രൂപ അനുവദിച്ച നെന്മാറ മണ്ഡലത്തിലെ വട്ടേക്കാട് ജി.യു.പി. സ്കൂളിന്റെ കെട്ടിട നിർമ്മാണപ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(ബി&സി) പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി നിർവഹണ ഏജൻസിയായ കോസ്റ്റ്ഫോർഡ് നൽകിയ ബില്ലുകളെല്ലാം അനുവദിച്ച് നൽകിയിട്ടുണ്ട്. നിർത്തിവെച്ചിരിക്കുന്ന നിർമ്മാണ പ്രവർത്തനം അടിയന്തരമായി പുനരാരംഭിക്കുവാനും നിർമ്മാണ പ്രവർത്തനങ്ങൾ സത്വരമായി പൂർത്തിയാക്കുവാനും നിർവഹണ ഏജൻസിയായ കോസ്റ്റ്ഫോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കോഴിക്കോട് കാരപറമ്പ് ഗവ. എൽ.പി. സ്കൂളിന് കെട്ടിടം.

185 (3314) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കാരപറമ്പ് ഗവ.എൽ.പി. സ്കൂളിന് കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കെട്ടിട നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ?

കോഴിക്കോട് കാരപറമ്പ് ഗവ.എൽ.പി. സ്കൂളിന്റെ കെട്ടിട നിർമ്മാണം സാങ്കേതിക അനുമതി ഘട്ടത്തിലാണ്.

(ബി) പ്രവൃത്തി ആരംഭിക്കുന്നതിന് എന്തുകൊണ്ടാണ് കാലതാമസം നേരിട്ടതെന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഭൗതിക സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ഉത്തരവിൽ GHSS കാരാപ്പറമ്പ് സ്കൂളിനെയാണ് ഉൾപ്പെടുത്തിയിരുന്നത്. തുടർന്ന് നടപടിക്രമങ്ങൾ ആരംഭിച്ചെങ്കിലും GLPS കാരാപ്പറമ്പ് സ്കൂളിനാണ് കെട്ടിടം ആവശ്യമായിരുന്നത്. ഇതനുസരിച്ച് 10-04-2023-ലെ സ.ഉ.(സാധാ) നം.2354/2023/GEDN പ്രകാരം ഭരണാനുമതി ഭേദഗതി ചെയ്ത് GLPS കാരാപ്പറമ്പ് സ്കൂളിന് അനുമതി നൽകിയിരുന്നു. ഇത് കാലതാമസം ഉണ്ടാകുന്നതിന് കാരണമായി.

(സി) സ്കൂളിന്റെ അംഗീകൃത മാസ്റ്റർ പ്ലാൻ നിലവിലുണ്ടോ?

നിലവിലുണ്ട്.

(ഡി) കെട്ടിട പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കിഫ്ബിയുടെ സാങ്കേതികാനുമതി ലഭ്യമായാലുടൻ കില Project Execution Document തയ്യാറാക്കി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി

186 (3315) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഹയർ സെക്കൻഡറി പരീക്ഷയിൽ ഒന്നര പതിറ്റാണ്ടിനിടെ ഉണ്ടായ ഏറ്റവും കുറവ് വിജയ ശതമാനമാണെന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് ഓരോ വർഷവും ഹയർസെക്കൻഡറി വിഭാഗത്തിലായി പരീക്ഷ എഴുതുന്നത് റഗുലർ, സ്കോൾ കേരള എന്നീ വിഭാഗത്തിൽ നിന്നുള്ള കുട്ടികളാണ്. മുൻവർഷങ്ങളിൽ കൊറോണാ വ്യാപനം നിലനിന്നിരുന്നതിനാൽ സംസ്ഥാനത്തെ സ്കൂളുകളിൽ കൃത്യമായി ക്ലാസ്സുകൾ നടക്കാത്ത സാഹചര്യവും കുട്ടികൾക്ക് കൃത്യതയോടെ പഠനം നടത്താനാകാത്ത സാഹചര്യവും നിലവിലുണ്ടായിരുന്നു. കൊറോണാ കാലഘട്ടത്തിൽ പരീക്ഷയ്ക്കായി പങ്കെടുത്ത കുട്ടികൾക്ക് തയ്യാറാക്കി നൽകിയിട്ടുള്ള ചോദ്യങ്ങൾ ലളിതവും ധാരാളം ഇളവുകളോട് കൂടിയവയുമായിരുന്നു. കൂടാതെ ടി കാലഘട്ടത്തിൽ മൂല്യനിർണ്ണയവും ലളിതമായിരുന്നു.

കൊറോണക്ക് ശേഷം സ്കൂളുകൾ സാധാരണ നിലയിൽ പ്രവർത്തിച്ചു തുടങ്ങിയിട്ടുള്ളതിനാൽ പഠനരീതി ഓൺലൈനിൽ നിന്നും മാറി നേരിട്ടുള്ള രീതിയിൽ ആയിട്ടുള്ളതാണ്. കൂടാതെ സിലബസ് പ്രകാരമുള്ള പ്രവർത്തനങ്ങൾ യഥാസമയം പൂർത്തീകരിച്ചിട്ടുള്ളതുമാകുന്നു. കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെട്ട സാഹചര്യത്തിൽ ചോദ്യനിലവാരം കൊറോണ

കാലഘട്ടത്തിലേതിൽ നിന്നും മാറ്റി കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കിയിട്ടുള്ളതും തുടർന്ന് മൂല്യനിർണ്ണയരീതി കാര്യക്ഷമമായി ചെയ്തിട്ടുള്ളതുമാണ്. ഓരോ വർഷവും പരീക്ഷ എഴുതുന്ന കുട്ടികളുടെ നിലവാര വ്യത്യാസമാവാം വിജയ ശതമാനത്തിൽ മാറ്റമുണ്ടാകാൻ കാരണമായതെന്നും കരുതുന്നു.

(ബി) ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

അക്കാദമിക് മോണിറ്ററിംഗ് ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാഠ്യപദ്ധതി പരിഷ്കരണം ഹയർസെക്കൻഡറിയിലും നടപ്പിലാക്കുന്നതാണ്.

(സി) പ്രസ്തുത ക്ലാസ്സുകളിലെ അധ്യാപന രീതി മെച്ചപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന വിശദമാക്കുമോ?

അധ്യയന വർഷത്തിന്റെ തുടക്കത്തിൽത്തന്നെ എല്ലാ അധ്യാപകർക്കും നാലുദിന പരിശീലനം നൽകുന്നുണ്ട്. കൂടാതെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് ഹയർസെക്കൻഡറി അധ്യാപകർക്ക് ദശദിന റസിഡൻഷ്യൽ പരിശീലനം (Higher Secondary Teachers Transformation Programme) നൽകിവരുന്നു.

പ്ലസ് വൺ സീറ്റുകളുടെ വിശദാംശം

187 (3316) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്നും സി.ബി.എസ്.ഇ. ഉൾപ്പെടെ മറ്റ് സിലബസുകളിൽ പഠിച്ച് പത്താം ക്ലാസ് പാസായിട്ടുള്ള വിദ്യാർത്ഥികൾ എത്രയെന്നുമുള്ള വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച വിദ്യാർത്ഥികളുടെ എണ്ണം426726 ആണ്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം - 34877, കൊല്ലം- 30252, പത്തനംതിട്ട - 10015, ആലപ്പുഴ – 21598, കോട്ടയം - 18827, ഇടുക്കി - 11555, എറണാകുളം-32540, തൃശ്ശൂർ - 35555, പാലക്കാട് - 39649, മലപ്പുറം - 79888, കോഴിക്കോട് - 43790, വയനാട് - 11576, കണ്ണൂർ - 36068, കാസർഗോഡ് - 20536

(ബി) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലയിൽ നിലവിലുള്ള പ്ലസ് വൺ (ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി) സീറ്റുകളുടെ എണ്ണം എത്ര; ഓരോ ജില്ലയിലെയും വിശദാംശം സ്ഥീം തിരിച്ച് ലഭ്യമാക്കുമോ?

ഹയർസെക്കണ്ടറി - അനുബന്ധമായി+ ചേർക്കുന്നു.

വൊക്കേഷണൽ ഹയർസെക്കണ്ടറി - അനുബന്ധമായി +ചേർക്കുന്നു.

(സി) ഉപരിപഠനത്തിന് അർഹത നേടിയ മുഴുവൻ വിദ്യാർത്ഥികൾക്കും അഡ്മിഷൻ ലഭിക്കുന്നതിനാവശ്യമായ പ്ലസ് വൺ സീറ്റുകൾ സർക്കാർ, എയ്ഡഡ് മേഖലയിൽ നിലവിലില്ലാത്ത ഏതൊക്കെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+

ജില്ലകൾ ഉണ്ട്; എത്ര സീറ്റുകളുടെ കുറവാണ് ഓരോ ജില്ലയിലും ഉള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഹയർസെക്കണ്ടറി - മലപ്പുറം, പാലക്കാട്, കാസർഗോഡ്.

അനുബന്ധമായി+ ചേർക്കുന്നു.

വൊക്കേഷണൽ ഹയർസെക്കണ്ടറി - വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ ആവശ്യത്തിന് സീറ്റ് ലഭ്യമാണ്.

പ്ലസ്‌വൺ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ച സ്കൂളുകൾ

188 (3317) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പ്ലസ്‌വൺ ബാച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കാതെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ച എത്ര സ്കൂളുകൾ ഉണ്ട്; ഇപ്രകാരം എത്ര സീറ്റുകളാണ് വർദ്ധിപ്പിച്ച് നൽകിയത്?

2024-25 അധ്യയന വർഷം 1376 സ്കൂളുകളിൽ സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. 63725 സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

+നിയമസഭയുടെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്.

2023-24 അധ്യയന വർഷം 1304 സ്കൂളുകളിൽ സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. 59440 സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

2022-23 അധ്യയന വർഷം 1446 സ്കൂളുകളിൽ സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. 63570 സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

2021-22 അധ്യയന വർഷം 1665 സ്കൂളുകളിൽ സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. 64680 സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) എങ്കിൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചതിന് ആനുപാതികമായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ എത്ര സ്കൂളുകൾ ഉണ്ട്; അടിസ്ഥാന സൗകര്യ വികസനം ഇല്ലാതെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ച എത്ര സ്കൂളുകളുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്ന് സ്കൂളുകൾ ഉറപ്പുവരുത്തി സ്കൂൾ പ്രിൻസിപ്പൽ ഓൺലൈനായി രേഖപ്പെടുത്തിയതിന് ശേഷമാണ് വർദ്ധനവ് വരുത്തുന്നത്.

മാവേലിക്കര മണ്ഡലത്തിലെ വിവിധ സ്കൂളുകൾക്ക് അനുവദിച്ച തുക

189 (3318) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിലെ വിവിധ സ്കൂളുകൾക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര തുക വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) തുക അനുവദിച്ച പദ്ധതികളിലുൾപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകളിൽ നടത്തിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി+ചേർത്തിട്ടുണ്ട്.

പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷകൾ

190 (3319) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷകൾ നടത്തുന്നത് സർക്കാർ റദ്ദാക്കിയിട്ടുണ്ടോ?

റദ്ദാക്കിയിട്ടില്ല.

(ബി) മുൻ വർഷങ്ങളിലേതുപോലെ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷകൾ മാർച്ചിലെ വർഷാന്ത്യ പരീക്ഷയോടൊപ്പം നടത്താൻ GO(Rt)No.2600/2023/GEDN. Dated 26-04-2023 പ്രകാരം ഉത്തരവായിട്ടുണ്ട്. അധ്യയന വർഷത്തിന്റെ ഏറെക്കുറെ മധ്യത്തിൽ ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷ നടത്തുന്നത് രണ്ടാം വർഷത്തെ അധ്യയനത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാലാണ് ഇത്തരം തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ടി സാഹചര്യത്തിൽ ഒന്നാം വർഷ ഇംപ്രൂവ്മെൻറ് പരീക്ഷകൾ മുൻവർഷങ്ങളിലേതു പോലെ ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ നടത്തുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

സ്കൂൾ കെട്ടിടം പ്രവർത്തനമാരംഭിക്കാൻ നടപടി

191 (3320) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് തട്ടത്തുമല ഗവൺമെന്റ് എച്ച്. എസ്.എസിൽ എത്ര സ്കൂൾ കെട്ടിടങ്ങളാണ് പുതുതായി നിർമ്മിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഒരു കെട്ടിടം പദ്ധതി വിഹിതം വിനിയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. ഒരു കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ടി സ്കൂളിലെ ഓഡിറ്റോറിയത്തിന്റെ സ്റ്റേജും ഡൈനിംഗ് ഹാളും നിർമ്മിക്കുന്നതിനുള്ള Project Execution Document കിഫ്ബിയുടെ അനുമതിക്കായി നൽകിയിട്ടുണ്ട്.

(ബി) ഇതിൽ എത്ര ക്ലാസ്സ് മുറികളാണ് ഉള്ളതെന്നും ഇതിൽ എത്ര ക്ലാസ്സുകളാണ് ആരംഭിക്കാനായതെന്നും വ്യക്തമാക്കാമോ;

(സി) ഇനിയും ക്ലാസ്സുകൾ ആരംഭിക്കാത്ത കെട്ടിടത്തിൽ എത്ര ക്ലാസ്സ് മുറികളാണ് സജ്ജമാക്കാനാകുകയെന്ന് അറിയിക്കാമോ?

(ബി&സി) അഞ്ച് ക്ലാസ് മുറികളും ഒരു ഓഫീസ് റൂമും ആറ് ലാബ് മുറികളുമാണ് ടി കെട്ടിടത്തിൽ ഉള്ളത്. പ്രസ്തുത കെട്ടിടത്തിലെ ക്ലാസ്സ് മുറികൾ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല.

(ഡി) ക്ലാസ്സ് മുറികൾ പ്രവർത്തനക്ഷമമാക്കി ക്ലാസ്സുകൾ ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ?

വൈദ്യുതി കണക്ഷൻ, സൈഡ് വാൾ വാട്ടർ കണക്ഷൻ, കെട്ടിടത്തിലേക്ക് പ്രവേശിക്കുവാനുള്ള പടവുകൾ, മുറ്റം എന്നിവയുടെ പണി പൂർത്തീകരിച്ചുവരുന്നു.

ഹയർ സെക്കൻഡറി വിജയ ശതമാനത്തിൽ കുറവ്

192 (3321) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-ലെ ഹയർ സെക്കണ്ടറി വിജയ ശതമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ടോ എന്നു പരിശോധിച്ചിട്ടുണ്ടോ?

കുറവ് വന്നിട്ടുണ്ട്.

(ബി) എങ്കിൽ വിജയ ശതമാനം കുറയാനുണ്ടായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

ഓരോ വർഷവും ഹയർ സെക്കൻഡറി പരീക്ഷ എഴുതുന്നത് റഗുലർ സ്കൂൾ, കേരള എന്നീ വിഭാഗത്തിൽ നിന്നുള്ള കുട്ടികളാണ്. മുൻവർഷങ്ങളിൽ കൊറോണാ വ്യാപനം നിലനിന്നിരുന്നതിനാൽ സംസ്ഥാനത്തെ സ്കൂളുകളിൽ കൃത്യമായി ക്ലാസ്സുകൾ നടക്കുന്ന സാഹചര്യം ഉണ്ടായിരുന്നില്ല. അതിനാൽ കുട്ടികൾക്ക് കൃത്യതയോടെ പഠനം നടത്താനാകാത്ത സാഹചര്യം നിലവിലുണ്ടായിരുന്നു. കൊറോണാ കാലഘട്ടത്തിൽ പരീക്ഷയ്ക്കായി പങ്കെടുത്ത കുട്ടികൾക്ക് തയ്യാറാക്കി നൽകിയിട്ടുള്ള ചോദ്യങ്ങളിൽ ധാരാളം ഇളവുകൾ നൽകിയിട്ടുള്ളതും ലളിതമായിട്ടുള്ളതുമായിരുന്നു. ടി കാലഘട്ടത്തിൽ മൂല്യനിർണ്ണയവും ലളിതമായിരുന്നു. വിദ്യാർത്ഥികളുടെ പഠനനിലവാരം ആ കാലഘട്ടത്തിൽ കുറഞ്ഞതായി മനസ്സിലാക്കുന്നു. കൊറോണയ്ക്ക് ശേഷം സ്കൂളുകൾ സാധാരണ നിലവാരത്തിൽ പ്രവർത്തിച്ചു

തുടങ്ങിയിട്ടുള്ളതും കുട്ടികളുടെ പഠനരീതി ഓൺലൈനിൽ നിന്നും മാറി നേരിട്ടുള്ള പഴയരീതിയിലേക്ക് ആയിട്ടുള്ളതുമാണ്. ഇതു കൂടാതെ സിലബസിനനുസരിച്ച് പഠന പ്രവർത്തനങ്ങൾ യഥാസമയം പൂർത്തികരിച്ചിട്ടുള്ളതും അതിനാൽ ചോദ്യനിലവാരം കൊറോണ കാലഘട്ടത്തിലേതിൽ നിന്നും മാറ്റി കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും നിലവാരം പുലർത്തുന്നതുമാക്കിയിട്ടുള്ളതും മൂല്യനിർണ്ണയം കാര്യക്ഷമമായി ചെയ്തിട്ടുള്ളതുമാണ്. ഓരോ വർഷവും പരീക്ഷ എഴുതുന്ന കുട്ടികളുടെ നിലവാര വ്യത്യാസവുമാകാം. അതാണ് വിജയശതമാനത്തിൽ മാറ്റമുണ്ടാകുന്നതിനു കാരണമായതെന്നു കരുതുന്നു.

(സി) കഴിഞ്ഞ വർഷങ്ങളിൽ പുതിയ ബാച്ചുകൾ അനുവദിക്കാതെ സീറ്റുകളിൽ മാത്രം വർദ്ധനവ് വരുത്തിയത് കാരണം ഒരു ക്ലാസ്സിൽ 60 വിദ്യാർത്ഥികൾ വരെ പഠിക്കുന്ന സാഹചര്യം ഹയർ സെക്കൻഡറി വിജയ ശതമാനത്തെ ബാധിച്ചുവെന്ന വസ്തുത സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ?

സീറ്റുകളുടെ എണ്ണം മാത്രമല്ല ആവശ്യമുള്ളിടത്ത് അധിക താൽകാലിക ബാച്ചുകളും അനുവദിക്കുന്നതിനാൽ വിജയ ശതമാനത്തെ ബാധിക്കുന്നില്ല.

മലബാർ ജില്ലകളിലെ പ്ലസ് വൺ സീറ്റുകളുടെ കുറവ്

193 (3322) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ജില്ലകളിലാകെ 40000 ത്തിലധികമുള്ള പ്ലസ് വൺ സീറ്റുകളുടെ കുറവ് വിദ്യാർത്ഥികളുടെ തുടർ പഠനത്തെ സാരമായി ബാധിക്കും എന്നത് വസ്തുതയാണോ?

മുഖ്യഘട്ട അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ ഹയർ സെക്കൻഡറി മേഖലയിൽ മലബാർ ജില്ലകളിലെന്നല്ല സംസ്ഥാനത്തെ ഒരു ജില്ലയിലും സീറ്റിന്റെ ലഭ്യതക്കുറവില്ല. മുഖ്യഘട്ട അലോട്ട്മെന്റുകൾ പൂർത്തിയായപ്പോൾ മലബാർ മേഖലയിൽ പ്രവേശനത്തിനായി ശേഷിക്കുന്ന അപേക്ഷകൾ 30188 ആണ്. സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മാത്രം 33573 സീറ്റുകളും ലഭ്യമാണ്. അൺ-എയ്ഡഡ് മേഖലയിലെ സീറ്റുകൾ കൂടി പരിഗണിച്ചാൽ മലബാർ മേഖലയിൽ ഹയർ സെക്കൻഡറിയിൽ മാത്രം 56058 സീറ്റുകളും ലഭ്യമാണ്.

(ബി) മലബാറിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ സമർപ്പിച്ച കേസിൽ സർക്കാർ സ്വീകരിച്ച നിലപാട് എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച വിശദീകരണം സർക്കാർ കോടതിയിൽ നൽകിയിട്ടുണ്ടോ; വിശദവിവരം നൽകുമോ?

(ബി&സി) 2023-24 അക്കാദമിക വർഷം 27-07-2023-ലെ സ.ഉ.(കൈ)നം.106/2023/പൊവിവ, 19-8-2023-ലെ സ.ഉ.(കൈ)നം.121/2023/പൊവിവ എന്നിവ പ്രകാരം സർക്കാർ താൽകാലിക ബാച്ചുകൾ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. മലബാർ ഭാഗത്തുനിന്നും അധിക സീറ്റുകൾ ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസലുകൾ ലഭിച്ചിരുന്നു. കൂടാതെ വിദ്യാർത്ഥികൾ കുറവുള്ള ബാച്ചുകൾ വിദ്യാഭ്യാസ ആവശ്യകത കൂടിയ സ്ഥലങ്ങളിലേക്ക് ഷിഫ്റ്റ് ചെയ്യുകയും ചെയ്തു. ആദ്യ സപ്ലിമെന്ററി അലോട്ട്മെന്റിന് ശേഷം താലൂക്കടിസ്ഥാനത്തിൽ ആവശ്യമായ സീറ്റുകളുടെ ലഭ്യതക്കുറവ് പരിശോധിക്കുകയും ചെയ്തു. ടി പരിശോധനയുടെ അടിസ്ഥാനത്തിലാണ് ടി അക്കാദമിക വർഷം താൽകാലിക ബാച്ചുകൾ

അനുവദിച്ചത്. ടി ബാച്ചുകൾ താൽകാലിക ബാച്ചുകളായതിനാലാണ് മാനേജ്മെന്റുകളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുകയോ കമ്മിറ്റിയെ വച്ച് പരിശോധിക്കുകയോ ചെയ്യാതിരുന്നത്. 97 അധിക ബാച്ചുകൾ ഇപ്രകാരം അനുവദിക്കുകയുണ്ടായി. സ്കൂളുകൾ ഒരു യൂണിറ്റായി കണക്കാക്കാതെ താലൂക്കടിസ്ഥാനത്തിലാണ് ബാച്ചുകൾ അനുവദിച്ചത്. പെറ്റീഷണർമാരുടെ സ്കൂളുകളിൽ പുതിയ ബാച്ചുകൾ അനുവദിക്കുന്നത് ടി പ്രദേശത്തെ മറ്റ് സ്കൂളുകളിൽ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതിന് ഇടയാക്കിയേക്കും. സ്കൂളുകളിലെ സൗകര്യം മാത്രമല്ല, കോഴ്സ് കോമ്പിനേഷനിലെ വൈവിധ്യവും ഇക്കാര്യത്തിൽ കണക്കിലെടുക്കുകയുണ്ടായി. കൂടാതെ RTE പ്രകാരം സർക്കാർ എട്ടാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് അടുത്ത സ്കൂളുകളിൽ പഠിക്കാനുള്ള അവസരം ഉറപ്പ് വരുത്തിയിട്ടുണ്ട്. ഹയർ സെക്കൻഡറി RTE-യുടെ പരിധിയിൽ വരുന്നില്ലെങ്കിലും കുട്ടികൾക്ക് വി.എച്ച്.എസ്.ഇ, ഐടിഐ, പോളിടെക്നിക് തുടങ്ങി വിവിധ അവസരങ്ങൾ സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. പത്താം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണവും വരും വർഷങ്ങളിലെ എണ്ണവും

കൂടി കണക്കിലെടുത്താണ് അഡീഷണൽ ബാച്ചുകൾ അനുവദിച്ചിരിക്കുന്നത്. ആവശ്യകത അനുസരിച്ചാണ് താൽകാലിക ബാച്ചുകൾ അനുവദിച്ചിരിക്കുന്നത് എന്നതിനാൽ ആവശ്യകത കുറയുന്നതനുസരിച്ച് ബാച്ചുകൾ അവസാനിപ്പിക്കാനും കഴിയും. താൽകാലിക ബാച്ചുകൾ അനുവദിച്ചതിലൂടെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യകതയെ പൂർണ്ണമായും നിറവേറ്റാൻ സാധിച്ചു.

താൽകാലിക ബാച്ചുകൾ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് കോടതി റദ്ദ് ചെയ്തിട്ടില്ല. കോടതി വിധിയിൽ നിർദ്ദേശിച്ച പ്രകാരം റീജിയണൽ ലവൽ കമ്മിറ്റികൾ യോഗംകൂടി റിപ്പോർട്ട് സ്റ്റേറ്റ് ലവൽ കമ്മിറ്റിക്ക് നൽകുന്നതിനും ആയത് പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം

194 (3324) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷം സംസ്ഥാനത്തെ വിവിധ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളിൽ ആൺകുട്ടികളുടെ എണ്ണം, പെൺകുട്ടികളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശം സർക്കാർ, എയ്ഡഡ് സ്കൂളുകൾ തിരിച്ച് വ്യക്തമാക്കുമോ?

2024-25 അധ്യയന വർഷം സംസ്ഥാനത്തെ വിവിധ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളിൽ ആൺകുട്ടികളുടെ എണ്ണം, പെൺകുട്ടികളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരം സർക്കാർ, എയ്ഡഡ് സ്കൂളുകൾ തിരിച്ച് അനുബന്ധമായി+ ചേർക്കുന്നു.

(ബി) കഴിഞ്ഞ അധ്യയന വർഷം സംസ്ഥാനത്തെ വിവിധ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളുടെ എണ്ണം, ഇതിൽ ആൺകുട്ടികളുടെ എണ്ണം, പെൺകുട്ടികളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശം സർക്കാർ, എയ്ഡഡ് സ്കൂളുകൾ തിരിച്ച് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2023-24 അധ്യയന വർഷം സംസ്ഥാനത്തെ വിവിധ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളുടെ എണ്ണം, ആൺകുട്ടികളുടെ എണ്ണം, പെൺകുട്ടികളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരം സർക്കാർ, എയ്ഡഡ് സ്കൂളുകൾ തിരിച്ച് അനുബന്ധമായി+ ചേർക്കുന്നു.

സംസ്ഥാനത്തെ പ്ലസ് വൺ സീറ്റുകളുടെ എണ്ണം

195 (3325) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എച്ച്.എസ്.ഇ;, വി.എച്ച്.എസ്.ഇ; ഉൾപ്പെടെ എത്ര സീറ്റുകളാണ് പ്ലസ് വൺ ക്ലാസുകളിൽ ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഹയർ സെക്കൻഡറി മേഖലയിൽ 4,33,471 സീറ്റുകളും വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ 33,030 സീറ്റുകളും ലഭ്യമാണ്.

(ബി) ഈ അധ്യയന വർഷം എത്ര പ്ലസ് വൺ സീറ്റുകളാണ് അധികമായി അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സീറ്റ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 08-05-2024-ലെ സ.ഉ.(കൈ) നം.45/2024/ പൊവിവ സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽകാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനയും എല്ലാ എയിഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനയും ആവശ്യപ്പെടുന്ന എയിഡഡ് സ്കൂളുകൾക്ക് അധികമായി 10% മാർജിനൽ സീറ്റ് വർദ്ധനയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആകെ 72910 അധിക സീറ്റുകൾ അനുവദിച്ചിട്ടുണ്ട്.

(സി) പ്ലസ് വൺ പ്രവേശനത്തിന് ഓൺലൈൻ വഴി ആകെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്ലസ് വൺ പ്രവേശനത്തിന് ഹയർ സെക്കൻഡറിയിൽ ഓൺലൈൻ വഴി ആകെ 466071 അപേക്ഷകൾ ആണ് ലഭിച്ചത്. അതിൽ 44410 അപേക്ഷകൾ മാതൃജില്ലയ്ക്ക് പുറത്തുനിന്ന് അപേക്ഷിച്ചവരും 421661 അപേക്ഷകൾ ജില്ലയ്ക്കകത്തുള്ളവരുമാണ്.

വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ 49054 ഓൺലൈൻ അപേക്ഷകൾ ലഭിച്ചു.

സ്കൂൾ കലോത്സവങ്ങൾ

196 (3326) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ കലോത്സവങ്ങൾ സമഗ്രമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. നിലവിലെ കേരള സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിച്ചത് 2017 ലാണ്. അതിനുശേഷം വിദ്യാഭ്യാസ രംഗത്തും കലാമത്സര രംഗത്തും നിരവധി മാറ്റങ്ങൾ ഉണ്ടായിട്ടുള്ളതിനാൽ കലോത്സവ മാന്വൽ സമഗ്രമായി പരിഷ്കരിക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും മാന്വൽ പരിഷ്കരണ കമ്മിറ്റിയും സബ് കമ്മിറ്റിയും രൂപീകരിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തിരുന്നു. തുടർന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ ഉപഡയറക്ടർമാർ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ, വി.എച്ച്.എസ്.ഇ. അഡീഷണൽ ഡയറക്ടർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ

ഓഫീസർമാർ എന്നിവരുടെ യോഗങ്ങൾ മൂന്ന് മേഖലകളായി വിളിച്ച് ചേർത്ത് ഈ വിഷയത്തിൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടിയിരുന്നു. വിദ്യാഭ്യാസ ഓഫീസർമാരിൽനിന്നും ലഭിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ഈ വർഷം തന്നെ നിലവിലെ കേരള സ്കൂൾ കലോത്സവ മാന്വൽ സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ നടന്നുവരുന്നു.

സ്കൂളിന്റെ നഷ്ടപ്പെടുന്ന സ്ഥലത്തിനും കെട്ടിടത്തിനും പകരം ക്രമീകരണം

197 (3327) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ ഗവൺമെന്റ് വി.വി.എൽ.പി.എസ്., ചെങ്കിക്കുന്ന്, കിളിമാനൂർ എന്ന സ്കൂളിന്റെ സ്ഥലവും കെട്ടിടവും നിർദ്ദിഷ്ട വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡിനായി മാർക്ക് ചെയ്ത വിവരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നഷ്ടപ്പെടുന്ന സ്ഥലത്തിനും കെട്ടിടത്തിനും പകരം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ഈ വിഷയം സംബന്ധിച്ച് കിളിമാന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുകയും തുടർന്ന് സ്കൂളിന് വസ്തു വാങ്ങുന്നതുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ (സ്കൂളിന്റെ കൈവശമുള്ള ഭൂമി, സ്കൂൾ ഉൾപ്പെടെയുള്ള സ്ഥലത്തിന്റെ സ്കെച്ച്, സമീപത്തായി സർക്കാർ ഭൂമി ലഭ്യമാണോ എന്ന റവന്യൂ അധികാരികളുടെ സാക്ഷ്യപത്രം, സ്വകാര്യ വസ്തുവാണ് വാങ്ങുന്നതെങ്കിൽ ആയതിന്റെ പ്രമാണം ഉൾപ്പെടെയുള്ള രേഖകൾ) തയ്യാറാക്കി സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊല്ലം മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

198 (3328) <u>ശ്രീ എം. മുകേഷ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിലെ ഗവ. മോഡൽ ബോയ്സ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെയും ഉളിയക്കോവിൽ റ്റി. കെ. ഡി. എം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെയും

അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കിഫ്ബി പദ്ധതിയുടെ നിർവഹണ പുരോഗതി അറിയിക്കുമോ;

(ബി) നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി)കൊല്ലം നിയോജക മണ്ഡലത്തിലെ മൂന്ന് കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട കൊല്ലം ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.എസിന്റെ പ്ലാനിൽ സ്കൂൾ അധികൃതർ ചില ഭേദഗതികൾ നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് കില DPR തയ്യാറാക്കി കിഫ്ബിയുടെ പരിഗണനയ്ക്കായി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ ഒരു കോടി പദ്ധതിയിലുൾപ്പെട്ട ടി. കെ.ഡി.എം.ഗവ.എച്ച്.എസ്.എസ് ഉളിയക്കോവിൽ സ്കൂളിന്റെ നിർമ്മാണത്തിനുള്ള റീ ടെൻഡർ നടപടി സ്വീകരിച്ചുവരുന്നു.

നിർമ്മാണം ആരംഭിക്കാത്ത സ്കൂളുകളുടെ നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തീകരിച്ച് അംഗീകാരം ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം

കിഫ്ബിയുടെ ഉദ്യോഗസ്ഥർക്കും ബന്ധപ്പെട്ട എസ്.പി.വി-കൾക്കും നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ബിരിക്കുളം എ.യു.പി. സ്കൂൾ

199 (3329) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബിരിക്കുളം എ.യു.പി. സ്കൂൾ സർക്കാർ തലത്തിലാണോ എയ്ഡഡ് തലത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

എയ്ഡഡ് സ്കൂൾ തലത്തിൽ.

(ബി) ഈ സ്കൂൾ സ്ഥാപിതമായത് ഏത് വർഷത്തിലാണെന്നും ഇത് സ്ഥാപിച്ചത് ആരാണെന്നും വ്യക്തമാക്കാമോ?

1951-ൽ നാട്ടുകാരുടെ കമ്മിറ്റിയാണ് സ്ഥാപിച്ചത്.

(സി) തുടക്കത്തിൽ എത്ര കുട്ടികളും ജീവനക്കാരുമാണ് ഇവിടെ ഉണ്ടായിരുന്നതെന്നും യു.പി. സ്കൂളായി മാറ്റിയതെപ്പോഴാണെന്നും

വ്യക്തമാക്കാമോ; ഈ സ്കൂളിൽ ഇപ്പോഴുള്ള ജീവനക്കാരുടെയും കുട്ടികളുടെയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

തുടക്കത്തിൽ 4 അധ്യാപകർ, 80 കുട്ടികൾ വീതം ഉണ്ടായിരുന്നു. 1956 ൽ യു.പി ആയി ഉയർത്തപ്പെട്ടു. നിലവിൽ 10 അദ്ധ്യാപകർ, 1 ഓഫീസ് അറ്റൻഡന്റ്, 197 കുട്ടികൾ എന്നിവർ ഉണ്ട്.

(ഡി) കഴിഞ്ഞ അഞ്ചു വർഷത്തിൽ ഈ സ്കൂളിൽ എത്ര അദ്ധ്യാപകരെ നിയമിച്ചുവെന്നും അവരുടെ നിയമനത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; ഇപ്പോൾ ഈ സ്കൂളിൽ അധ്യാപകരുടെ ഒഴിവുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര കാലമായി ഈ ഒഴിവ് നികത്തപ്പെടാതെ കിടക്കുന്നുവെന്നും വ്യക്തമാക്കാമോ?

കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഒരു തസ്തികയിൽ നിയമനം നടന്നിട്ടുള്ളതും നിയമന അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. നിലവിൽ ഒഴിവ് ഇല്ല.

(ഇ) ഈ സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റാണോ ഇൻഡിവിജ്വൽ മാനേജ്മെന്റാണോ എന്നും മാനേജർ ആരാണെന്നും വ്യക്തമാക്കാമോ?

കിനാന്തൂർ II ഗ്രാമ സേവ സംഘം ട്രസ്റ്റിന്റെ കീഴിലുള്ള ഈ സ്കൂളിൽ സംഘം പ്രസിഡന്റ് ആണ് മാനേജർ.

(എഫ്) എത്ര വിസ്തീർണ്ണമുള്ള സ്ഥലത്താണ് ഈ സ്കൂൾ തുടങ്ങിയതെന്നും ഇപ്പോൾ എത്ര വിസ്തീർണ്ണമുള്ള സ്ഥലത്താണ് സ്ഥിതി ചെയ്യുന്നതെന്നും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്നും ഈ സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന ഹൈക്കോടതി വിധിയുണ്ടോ എന്നും എങ്കിൽ എപ്പോഴാണ് വിധി വന്നതെന്നും വിധിക്ക് ആധാരമായ കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ജി) ഹൈക്കോടതി വിധി പ്രകാരം ഈ സ്കൂൾ സർക്കാർ ഏറ്റെടുക്കുമോ എന്നും എപ്പോഴാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

(എഫ്&ജി) സർക്കാർ സ്കൂളിന് വേണ്ടി റിസർവ് ചെയ്ത 4 ഏക്കർ സ്ഥലത്താണ് സ്കൂൾ തുടങ്ങിയത്. പിന്നീട് മാനേജ്മെൻറ് വാങ്ങിയ 26 സെന്റ് സ്ഥലവും ചേർത്ത് ആകെ 4 ഏക്കർ 26 സെന്റ് ഭൂമിയിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. കിനാന്തൂർ II ഗ്രാമ സേവാസംഘം ട്രസ്റ്റിനാണ് നിലവിൽ സ്കൂളിന്റെ

ഉടമസ്ഥാവകാശം. സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന ഹൈക്കോടതി വിധി നിലവിലില്ല.

പരപ്പ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം

200 (3330) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ പരപ്പ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. കാഞ്ഞങ്ങാട് മണ്ഡലത്തിലെ പരപ്പ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിനെ മൂന്ന് കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ഒരു വർഷം കഴിഞ്ഞിട്ടും ഫൗണ്ടേഷനുള്ള പ്രവൃത്തികൾ തുടങ്ങിവച്ച ശേഷം നാളിതുവരെ പ്രവൃത്തി പുനരാരംഭിക്കാത്തതുമൂലം സ്കൂളിലെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരപ്പ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിച്ച അവസരത്തിൽ കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്യേണ്ട സാഹചര്യമുണ്ടായി. തുടർന്ന് 13-02-2024-ന് റീടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നു. നിർമ്മാണം ആരംഭഘട്ടത്തിലാണ്.

ചാത്തന്നൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

201 (3331) <u>ശ്രീ. ജി. എസ്. ജയലാൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ കോയിപ്പാട് ഗവ: എൽ.പി.എസ്., നെടുങ്ങോലം ഗവ: എച്ച്.എസ്., ഉളിയനാട് ഗവ: എച്ച്.എസ്. എന്നീ സ്കൂളുകളിൽ കിലയുടെ നിർവ്വഹണ ചുമതലയിൽ ഒരു കോടി മുപ്പത് ലക്ഷം രൂപ വീതം വിനിയോഗിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പ്രസ്തുത സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കോയിപ്പാട് ഗവ.എൽ.പി.സ്കൂൾ

നിർമ്മാണ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. Project Execution Document തയ്യാറാക്കി കിഫ്ബിക്ക് നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

2. നെടുങ്ങോലം ഗവ.എച്ച്.എസ്

ടെൻഡർ നടപടികൾ പൂർത്തിയാക്കി Letter of Acceptance നൽകിയിട്ടുണ്ട്.

3. ഉളിയനാട് ഗവ.എച്ച്.എസ്

റീ ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തിയാകാനുള്ളത്; കാലതാമസം

ഒഴിവാക്കി പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സത്വരമായി പൂർത്തിയാക്കുന്നതിന് നിർവഹണ ഏജൻസിക്കും കിഫ്ബിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഒളവണ്ണ തുമ്പയിൽ പഞ്ചായത്ത് സ്കൂൾ ഏറ്റെടുക്കൽ നടപടി

202 (3332) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണ തുമ്പയിൽ പഞ്ചായത്ത് സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച എൻ 1/23/2022-ജി.ഇ. നമ്പർ ഫയലിൽ തീരുമാനമെടുക്കുന്നത് വൈകുന്നതിന് ഇടയാക്കിയ കാരണം വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ട് കത്തയച്ചത് എന്നാണ്;

(സി) സർക്കാരിന് സാമ്പത്തിക ബാധ്യത വരാതെ ഏറ്റെടുക്കൽ നടപടി ഉത്തരവ് എപ്പോൾ പുറപ്പെടുവിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) ഒളവണ്ണ തുമ്പയിൽ പഞ്ചായത്ത് സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരികയാണ്. ഇത് സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് 24-01-2024-ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് വിഷയം സർക്കാർ വിശദമായി പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

പൊതുവിദ്യാലയങ്ങളിലെ താൽക്കാലിക അധ്യാപക നിയമനം

203 (3333) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം പൊതുവിദ്യാലയങ്ങളിൽ എത്ര താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്?

തസ്തിക നിർണ്ണയം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഒഴിവുള്ള തസ്തികയുടെ വിവരം അറിയുവാൻ സാധിക്കുകയുള്ളൂ.

(ബി) ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത്?

താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് 14-08-2002-ലെ സ.ഉ(അച്ചടി)249/2002/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരമാണ്.

(സി) പ്രസ്തുത താൽകാലിക അദ്ധ്യാപകരെ നിയമിക്കുന്നത് സംബന്ധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇല്ല. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമിച്ചിരുന്നപ്പോൾ ജില്ലാതലത്തിൽ നിയമനം നടത്താനുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടതുമൂലം കൂടുതൽ സമയം ആവശ്യമായിരുന്നതിനാൽ വിദ്യാർത്ഥികൾക്ക് യഥാസമയം അധ്യാപകരെ ലഭിക്കാത്ത

സ്ഥിതിയുണ്ടായി. അത് പരിഹരിക്കുന്നതിനാണ് 14-08-2002-ലെ സ.ഉ(അച്ചടി)249/2002/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് വ്യവസ്ഥകൾ പ്രകാരം ദിവസ വേതനത്തിൽ സ്കൂൾതലത്തിൽ നിയമനം നടത്തുന്നത്.

(ഡി) കഴിഞ്ഞവർഷം പൊതുവിദ്യാലയങ്ങളിൽ താൽകാലിക നിയമനങ്ങൾക്കായി എത്ര അദ്ധ്യാപകരെ തെരഞ്ഞെടുത്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത നിയമനങ്ങൾ നടത്തുമ്പോൾ സംവരണ തത്വം പാലിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കാമോ?

(ഡി&ഇ) വിവരം ശേഖരിച്ചുവരുന്നു.

സ്കൂൾ പാചകതൊഴിലാളികളുടെ വേതന കുടിശ്ശിക

204 (3334) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സ്കൂൾ പാചകതൊഴിലാളികളുടെ കുറഞ്ഞ വേതനം എത്രയായാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; സ്കൂൾ പാചക

തൊഴിലാളികളുടെ വേതനയിനത്തിലെ നിലവിലെ കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര മാനദണ്ഡപ്രകാരം 1000/- രൂപയാണ് സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികളുടെ പ്രതിമാസ ഓണറേറിയമായി നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ 600/- രൂപ കേന്ദ്ര വിഹിതവും 400/- രൂപ സംസ്ഥാന മാൻഡേറ്ററി വിഹിതവുമാണ്. എന്നാൽ 17-06-2021-ലെ G.O(Rt) No.3046/2021/GEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികൾക്ക് കുറഞ്ഞ പ്രതിദിന വേതനമായി 600/- രൂപയും കൂടിയ പ്രതിദിന വേതനമായി 675/- രൂപയും നിലവിൽ നൽകിവരുന്നു. ഇത്തരത്തിൽ കേന്ദ്ര മാനദണ്ഡത്തിനു പുറമേ അധികമായി ഓണറേറിയം നൽകുന്നത് സംസ്ഥാന സർക്കാരാണ്. ഈ ഇനത്തിൽ 160 കോടിയോളം രൂപയാണ് സംസ്ഥാന സർക്കാരിന് ഓരോ വർഷവും അധിക ബാധ്യതയുണ്ടാകുന്നത്.

നിലവിൽ ഇവർക്ക് ഏപ്രിൽ, മെയ് മാസങ്ങളിലെ അവധിക്കാല സമാശ്വസമായി 5.4240 കോടി രൂപയാണ് കുടിശ്ശികയായി വിതരണം

ചെയ്യാനുള്ളത്. ഈ തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

സ്കൂൾ പാചകതൊഴിലാളികളുടെ ശമ്പളകുടിശ്ശിക

205 (3335) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചകതൊഴിലാളികളുടെ ശമ്പളവും അലവൻസും വൈകുന്നതും മറ്റ് ആനുകൂല്യങ്ങൾ ലഭിക്കാത്തതും പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സ്കൂൾ പാചകതൊഴിലാളികളുടെ ഓണറേറിയം ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സിംഗിൾ നോഡൽ അക്കൗണ്ടിൽ ലഭ്യമാക്കുകയും തുടർന്ന് കാലതാമസം കൂടാതെ ഓണറേറിയം വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. ഉച്ചഭക്ഷണ പാചകതൊഴിലാളികൾക്കുള്ള വിവിധ ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സർക്കാർ പരിശോധിച്ച് വരികയാണ്.

(ബി) സ്കൂൾ പാചകതൊഴിലാളികളുടെ വേതന കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികളുടെ 2023 -24 സാമ്പത്തിക വർഷത്തെ മുഴുവൻ ഓണറേറിയവും വിതരണം ചെയ്തിട്ടുണ്ട്. 2024 ഏപ്രിൽ, മെയ് മാസങ്ങളിലെ അവധിക്കാല സമാശ്വാസം വിതരണം ചെയ്യുന്നതിനാവശ്യമായ 5.4240 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പുതിയ അധ്യയന വർഷത്തിൽ അവരുടെ ശമ്പളം സമയബന്ധിതമായി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

2024–25 അധ്യയന വർഷത്തെ പാചക തൊഴിലാളികളുടെ ഓണറേറിയം സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി 2024 ജൂൺ, ജൂലൈ

മാസങ്ങളിലേയ്ക്കായി ആവശ്യമുള്ള തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ആലപ്പുഴ ജില്ലയിലെ എൽ.പി. എസ്.ടി./യു.പി.എസ്.ടി. തസ്തികകളിലെ ഒഴിവുകൾ

206 (3336) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ സർക്കാർ എൽ.പി.എസ്.ടി./യു.പി. എസ്.ടി. തസ്തികകളിൽ 2025 മാർച്ച് ഏപ്രിൽ, മെയ് മാസങ്ങളിൽ വിരമിക്കുന്ന അധ്യാപകരുടെയും പ്രൈമറി പ്രധാനാധ്യാപകരുടെയും പേരും സ്കൂളും അവർ വിരമിക്കുന്ന തീയതിയും വേർതിരിച്ചു നൽകാമോ?

ആലപ്പുഴ ജില്ലയിൽ സർക്കാർ എൽ.പി.എസ്.ടി./യു.പി.എസ്.ടി. തസ്തികകളിൽ 2025 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ വിരമിക്കുന്ന അധ്യാപകരുടെയും പ്രൈമറി പ്രധാനാധ്യാപകരുടെയും പേരും സ്കൂളും അവർ വിരമിക്കുന്ന തീയതിയും അനുബന്ധം[+] ആയി ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത തസ്തികകളിൽ 2023-2024 അധ്യായന വർഷം ഉണ്ടായ എത്ര അധിക തസ്തികയ്ക്ക് വേണ്ടിയാണ് ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ ഓഫീസിലേയ്ക്ക് ശിപാർശ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

2023-2024 അധ്യയന വർഷം എൽ.പി.എസ്.ടി. വിഭാഗത്തിലുണ്ടായ 18 ഉം യു.പി.എസ്.ടി. വിഭാഗത്തിലുണ്ടായ 14-ഉം അധിക തസ്തികകൾക്ക് വേണ്ടിയാണ് ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ ഓഫീസിലേയ്ക്ക് ശിപാർശ നൽകിയിട്ടുള്ളത്.

(സി) ആലപ്പുഴ ജില്ലയിൽ അധിക തസ്തികകൾ ഉണ്ടായ സ്കൂളുകളുടെ പേരും അധിക തസ്തികയുടെ എണ്ണവും വേർതിരിച്ച് നൽകാമോ?

ആലപ്പുഴ ജില്ലയിൽ അധിക തസ്തികകൾ ഉണ്ടായ സ്കൂളുകളുടെ പേരും അധിക തസ്തികയുടെ എണ്ണവും അനുബന്ധം[+] ആയി ചേർക്കുന്നു.

(ഡി) 2024-2025 അധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിവസത്തെ കണക്കനുസരിച്ച് ആലപ്പുഴ ജില്ലയിലെ സർക്കാർ സ്കൂളുകളിൽ കുട്ടികൾ കുറഞ്ഞതുകൊണ്ടും കൂടിയതുകൊണ്ടും തസ്തിക നഷ്ടപ്പെടുവാനും അധിക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തസ്തിക ലഭിക്കുവാനും സാധ്യതയുള്ള സ്കൂളുകളുടെ പേരുകൾ വേർതിരിച്ച് നൽകാമോ?

2024-25 വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ വിവരങ്ങൾ നൽകുവാൻ കഴിയുകയുള്ളൂ.

പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് അധ്യാപക നിയമനം

207 (3337) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിലെ ഹൈസ്കൂളുകളിൽ നിലവിലുള്ള ഇംഗ്ലീഷ് അധ്യാപക തസ്തികകളുടെ എണ്ണം, നിലവിൽ സേവനമനുഷ്ഠിക്കുന്ന ഇംഗ്ലീഷ് അധ്യാപകരുടെ എണ്ണം, നിലവിൽ ഒഴിഞ്ഞു കിടക്കുന്ന ഇംഗ്ലീഷ് അധ്യാപക തസ്തികളുടെ എണ്ണം എന്നിവ എത്ര വീതമാണെന്ന് ഇനം തിരിച്ച് അറിയിക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് നിലവിൽ സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ?

കോർ വിഷയങ്ങളുംകൂടെ കൂട്ടി 07-01-2002-ലെ സർക്കാർ ഉത്തരവ്(കൈ)നം.11/2002/പൊ.വി.വ പ്രകാരമാണ് തസ്തികകൾ അനുവദിക്കുന്നത്.

(സി) ഇംഗ്ലീഷിൽ ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദവും ബി.എഡും ഇല്ലാതെ പൊതുവിദ്യാഭ്യാസ മേഖലയിലെ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന അധ്യാപകരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഹൈസ്കൂളിൽ ഇംഗ്ലീഷ് അധ്യാപകരെ പ്രത്യേകം നിയമിക്കണമെന്ന ഹൈക്കോടതി ഉത്തരവ് നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റിട്ട് പെറ്റീഷൻ നം. 23159/2018-ന്മേൽ 10-08-2021-ന പുറപ്പെടുവിച്ച വിധിന്യായപ്രകാരം സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ, മറ്റ് ഭാഷാ വിഷയങ്ങൾക്ക് അനുവദിക്കുന്നതുപോലെ ഇംഗ്ലീഷ് വിഷയത്തിനും ലഭ്യമായ പീരീഡുകളുടെ അടിസ്ഥാനത്തിൽ തസ്തികകൾ അനുവദിക്കേണ്ടതാണ്. ബഹുമാനപ്പെട്ട കോടതിയുടെ വിധിന്യായം വകുപ്പുകളുടെ ഏകീകരണ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പൂർണ്ണമായും നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 3, 4 ഡിവിഷനുകളുള്ള സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ 639 താൽകാലിക എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികകൾ സൃഷ്ടിച്ച് ദിവസവേതന/കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുവാനാണ് നിലവിൽ 29-11-2023-ലെ സ.ഉ (കൈ) നം. 182/2023/പൊ.വി.വ ഉത്തരവ് പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(ഇ) ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ ഇംഗ്ലീഷ് അധ്യാപകരെ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ ചട്ടങ്ങൾ പാലിച്ച് നിയമനം നടത്തുന്നതിന് തടസ്സമൊന്നും നിലനിൽക്കുന്നില്ല.

സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം

208 (3338) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ പിന്തുണ നൽകാൻ വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വളർച്ചയ്ക്കും പഠനത്തിനുമായി വിദ്യാഭ്യാസ വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഒന്നു മുതൽ എട്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന

കുട്ടികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നു. ഓരോ കുട്ടിക്കും ഒരു വർഷം കുറഞ്ഞത് 3,500/- രൂപയെങ്കിലും ലഭിക്കുന്ന തരത്തിലാണ് സാമ്പത്തിക സഹായം അനുവദിക്കുന്നത്. ഇതിൽ ആർ.പി.ഡബ്ല്യു.ഡി. ആക്ട് 2016-ൽ പ്രതിപാദിച്ചിട്ടുള്ള 21 തരം വൈകല്യം അനുഭവിക്കുന്നവർക്കും പരിഗണന ലഭിക്കുന്നു. വിവിധ പരീക്ഷകൾക്ക് പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അർഹമായതും അനുയോജ്യമായതുമായ പരീക്ഷാനുകൂല്യങ്ങൾ, വിദ്യാലയങ്ങളിൽ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി മോഡൽ ഇൻക്ലൂസീവ് സ്കൂൾ പദ്ധതി തുടങ്ങിയവയും നടപ്പിലാക്കിവരുന്നു. ശ്രവണ പരിമിതി, കാഴ്ച പരിമിതി എന്നിവ നേരിടുന്ന കുട്ടികൾക്കായി സ്പെഷ്യൽ സ്കൂളുകളും മാനസിക വൈകല്യം നേരിടുന്ന കുട്ടികൾക്കായി ബഡ്സ് സ്കൂളുകളും പ്രവർത്തിച്ചുവരുന്നു. സമഗ്ര ശിക്ഷാ കേരളയുടെ ആഭിമുഖ്യത്തിൽ അധ്യയന വർഷാരംഭത്തിനുമുൻപുതന്നെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ നേതൃത്വത്തിൽ ഭിന്നശേഷി കുട്ടികളുടെ സർവ്വേ പൂർത്തിയാക്കുന്നു. ജൂൺ, ജൂലൈ മാസങ്ങളിൽ എല്ലാ ബി.ആർ.സി.-കളിലും മെഡിക്കൽ ക്യാമ്പ് നടത്തി അർഹരായ കുട്ടികൾക്ക് സഹായ

ഉപകരണങ്ങൾ തെറാപ്പി സർവ്വീസ്, വിവിധ അലവൻസുകൾക്കുള്ള അർഹത എന്നിവ തീരുമാനിക്കുന്നു. തുടർന്ന് ഇ-ടെൻഡർ നടപടികളിലൂടെ സഹായ ഉപകരണങ്ങൾ പർച്ചേസ് ചെയ്ത് വിതരണം ചെയ്യുന്നു. അർഹരായ കുട്ടികൾക്ക് 168 ബി.ആർ.സി.-കളിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ കെയർ സെന്റർ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് തെറാപ്പി സൗകര്യം, അക്കാദമിക പിന്തുണ എന്നിവ നൽകുന്നു. എലിമെന്ററി സെക്കൻഡറി വിഭാഗങ്ങളിലായി സ്കൂളുകളിൽ ഭിന്നശേഷി കുട്ടികളുടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ അധ്യാപകരെ പിന്തുണയ്ക്കുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെയും നിയമിച്ചിട്ടുണ്ട്. കുട്ടികളുടെ സാമൂഹ്യ നൈപുണികൾ വർദ്ധിപ്പിക്കുന്നതിനായി സന്ദർശന പരിപാടികൾ ഇൻക്ലൂസീവ് സ്പോർട്സ്, അധ്യാപകർ, രക്ഷിതാക്കൾ. സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ എന്നിവർക്കായുള്ള പരിശീലന / ബോധവൽകരണ പരിപാടികൾ ലോക ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് സാമൂഹ്യ ബോധവൽകരണ പരിപാടികൾ, ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തിയുള്ള സഹവാസ ക്യാമ്പുകൾ, തുടങ്ങിയവയും നടത്തിവരുന്നു. കിടപ്പിലായ കുട്ടികൾക്കായി ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം, പ്രത്യേക

ക്യാമ്പുകൾ, ഡയപ്പർ, വാട്ടർബെഡ് തുടങ്ങിയവയുടെ വിതരണം എന്നിവ നടപ്പിലാക്കിവരുന്നു. പ്രയോഗ പരീക്ഷണം എന്ന രീതിയിൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ കിടപ്പിലായ കുട്ടികളുടെ കിടപ്പുമുറികളിൽ വെർച്വൽ ക്ലാസ് റൂം തയ്യാറാക്കി നൽകിയിട്ടുണ്ട്. അർഹരായ കുട്ടികൾക്ക് ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡർ അലവൻസ്, ഗേൾസ് സ്റ്റൈപ്പന്റ് എന്നിവ വിതരണം ചെയ്തുവരുന്നു. ഭിന്നശേഷി കുട്ടികളുടെ കായികപരമായ പങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ടി ഇൻക്ലൂസീവ് സ്പോർട്സ് മാനുവൽ തയ്യാറാക്കിയിട്ടുണ്ട്.

(ബി) സമഗ്ര ശിക്ഷ കേരളയ്ക്ക് കീഴിൽ സംസ്ഥാനത്ത് എത്ര സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ പ്രവർത്തിച്ചുവരുന്നുവെന്ന് ജില്ല തിരിച്ച് കണക്ക് നൽകാമോ?

ജില്ല	എലമെന്ററി	സെക്കണ്ടറി	ആകെ
തിരുവനന്തപുരം	141	129	270
കൊല്ലം	102	80	182
പത്തനംതിട്ട	52	50	102
ആലപ്പുഴ	103	72	175
കോട്ടയം	98	95	193
ഇടുക്കി	64	60	124
എറണാകുളം	130	149	279

തൃശ്ശൂർ	142	140	282
പാലക്കാട്	128	118	246
മലപ്പുറം	182	152	334
കോഴിക്കോട്	166	137	303
വയനാട്	45	44	89
കണ്ണൂർ	97	80	177
കാസർഗോഡ്	71	59	130
ആകെ	**1521**	**1365**	**2886**

(സി) സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിക്കുന്നത് എങ്ങനെയാണെന്ന് വിശദമാക്കാമോ?

മുൻ വർഷങ്ങളിൽ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ അവരുടെ പ്രകടന മികവിന്റെ വിലയിരുത്തിലിന്റെ അടിസ്ഥാനത്തിൽ അടുത്ത പദ്ധതി വർഷം പുതുതായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. അധികമായുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് ജില്ലാ അടിസ്ഥാനത്തിൽ പരസ്യം നൽകി ഇന്റർവ്യൂ നടത്തി തെരഞ്ഞെടുത്ത് കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുന്നു.

(ഡി) സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം നൽകുന്ന വേതനം പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കാമോ?

ഓരോ വർഷവും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം രൂപീകരിക്കുന്ന പ്രോജക്ട് അപ്രൂവൽ ബോർഡ് (പി.എ.ബി.) മീറ്റിംഗ് മിനിറ്റ്സ് പ്രകാരം അംഗീകാരം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലുള്ള തുകയാണ് സ്പെഷ്യൽ എജ്യൂക്കേറ്റർമാർക്ക് പ്രതിമാസ വേതനമായി നൽകുന്നത്.

സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ ഓരോ വർഷവും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് സമർപ്പിക്കാറുണ്ടെങ്കിലും പ്രോജക്ട് അപ്രൂവൽ ബോർഡ് നിലവിൽ അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുന്നതിനുള്ള അംഗീകാരം നൽകിയിട്ടില്ല.

(ഇ) എല്ലാ വിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

എല്ലാ സ്കൂളുകളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ വിന്യസിക്കുന്നതിനായി വേണ്ടത്ര സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ തസ്തികയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ല. എന്നാൽ പരമാവധി സ്കൂളുകളിൽ

സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ലഭ്യമാക്കുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് ഒന്നിലധികം സ്കൂളുകളുടെ ചുമതല നൽകിയിട്ടുണ്ട്. എല്ലാ ക്ലസ്റ്ററുകളിലും കുറഞ്ഞത് ഒരു സ്പെഷ്യൽ കെയർ സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഈ സെന്ററുകളിൽ ഏത് സ്കൂളിലെയും ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് സേവനം തേടാവുന്നതാണ്. എല്ലാ ബി.ആർ.സി.-യുടെ കീഴിലും ഓരോ ഓട്ടിസം സെന്റർ തെറാപ്പി സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സെന്ററുകളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

മലപ്പുറം ജില്ലയിലെ ഹൈസ്കൂൾ ടീച്ചർ (കണക്ക്) തസ്തികയിലെ ഒഴിവുകൾ

209 (3339) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഹൈസ്കൂൾ ടീച്ചർ (കണക്ക്) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ; ഇതിൽ പി.എസ്.സി. മുഖാന്തരം നിയമനത്തിനായുള്ള ഒഴിവുകളുടെ എണ്ണം എത്രയാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത നിയമനത്തിനായുള്ള ഒഴിവുകളിൽ പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളും റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളും തരംതിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) നിലവിലുള്ള 27 ഒഴിവുകളിൽ 11 എണ്ണം നേരിട്ടുള്ള നിയമനത്തിനായും 9 എണ്ണം ബൈട്രാൻസ്ഫർ നിയമനത്തിനായും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 7 ഒഴിവുകളിൽ 3 എണ്ണം അന്തർ ജില്ല സ്ഥലംമാറ്റത്തിനായും 3 എണ്ണം സ്ഥാനക്കയറ്റത്തിനായും 1 എണ്ണം ബൈട്രാൻസ്ഫർ നിയമനത്തിനായും മാറ്റി വെച്ചിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിൽനിന്നും 2025, 2026 വർഷങ്ങളിൽ ഹൈസ്കൂൾ ടീച്ചർ (കണക്ക്) തസ്തികയിൽ നിന്നും വിരമിക്കുന്ന അധ്യാപകരുടെ പേരും അവരുടെ ഇപ്പോഴത്തെ മാതൃ സ്കൂളും വ്യക്തമാക്കാമോ?

വിവരം അനുബന്ധമായി[+] ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എയ്ഡഡ് സ്കൂളുകളിലെ അധ്യാപക, അനധ്യാപക നിയമനങ്ങൾ അംഗീകരിക്കാൻ നടപടി

210 (3340) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക, അനധ്യാപക നിയമനങ്ങൾ അംഗീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കേരള വിദ്യാഭ്യാസ ചട്ടങ്ങളുടെയും സർക്കാർ അതതു സമയം നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും ബഹുമാനപ്പെട്ട കോടതി വിധികളുടെയും വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക-അനധ്യാപക നിയമനങ്ങൾ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി/ഹൈക്കോടതി വിധി ന്യായങ്ങളുടെ അടിസ്ഥാനത്തിൽ 18-11-2018 മുതൽ 07-11-2021 വരെയുള്ള തസ്തികകളിലെ ഒഴിവുകളിൽ

നിയമിക്കപ്പെട്ടവരെ താൽകാലികമായി ശമ്പള സ്കെയിലിലും 08-11-2021-ന് ശേഷമുണ്ടായ തസ്തികകളിലെ ഒഴിവുകളിൽ നിയമിക്കപ്പെട്ടവരെ ദിവസ വേതന അടിസ്ഥാനത്തിലും നിയമനം നൽകി അംഗീകരിച്ചുവരുന്നു.

(ബി) നിയമന അംഗീകാരത്തിന് എത്തുന്ന അപേക്ഷകളിൽ വർഷങ്ങളോളം തീരുമാനം കൈകൊള്ളാത്തതുമൂലം നിരവധി ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

അതത് വർഷത്തെ നിയമന വ്യവസ്ഥകൾക്കനുസരിച്ച് നിയമന അംഗീകാരം നൽകിവരുന്നു. ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായി നടത്തുന്ന നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിനാണ് തടസ്സമുണ്ടാകുന്നത്.

(സി) നിയമന സമയത്ത് കെ-ടെറ്റ് ഇല്ലാതിരിക്കുകയും അതിനുശേഷം ഈ അധിക യോഗ്യത നേടുകയും ചെയ്തവരുടെ നിയമനം യോഗ്യത നേടിയ സമയം മുതൽ നൽകാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കെ-ടെറ്റ് യോഗ്യത നേടുന്നതിന് ഇളവ് നൽകുന്നതുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ സർക്കാർ പുറപ്പെടുവിച്ച 17-02-2023-ലെ സ.ഉ.(കൈ)15/2023/പൊ.വി.വ ഉത്തരവ് പ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇത്തരത്തിൽ നിയമനത്തിനുശേഷം അധിക യോഗ്യത നേടിയ നിരവധി ജീവനക്കാരുടെ നിയമനം അംഗീകരിക്കുകയും എന്നാൽ സമാന രീതിയിൽ യോഗ്യത നേടിയ മറ്റ് നിരവധി പേരുടെ നിയമനം അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല

(ഇ) എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

താൽകാലിക അധ്യാപക നിയമനം

211 (3341) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നിയമനത്തിനായി അധ്യാപകരെ തെരഞ്ഞെടുക്കുന്ന രീതി വ്യക്തമാക്കാമോ; ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് താൽകാലിക അധ്യാപകരെ നിയമിക്കുന്നത്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പൊതുവിദ്യാലയങ്ങളിലെ താൽകാലിക തസ്തികകളിൽ ദിവസ വേതന നിയമനങ്ങൾക്ക് നിലവിൽ 14-08-2002 ലെ സ.ഉ(അച്ചടിച്ചത്) 249/2002/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളാണ് ബാധകമായിട്ടുള്ളത്. പകർപ്പ് ഉള്ളടക്കം+ ചെയ്യുന്നു.

(ബി) കഴിഞ്ഞ അധ്യയന വർഷം സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ താൽകാലിക അധ്യാപകരെ നിയമിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) താൽകാലിക അധ്യാപകരെ നിയമനത്തിനായി തെരഞ്ഞെടുക്കുമ്പോൾ അവരുടെ വേതനം സർക്കാർ ഖജനാവിൽ നിന്നാണോ എന്ന് വിശദമാക്കാമോ?

സർക്കാർ ഖജനാവിൽ നിന്നുമാണ് താൽകാലിക അധ്യാപകർക്ക് വേതനം നൽകുന്നത്.

(ഡി) പ്രസ്തുത താൽകാലിക ജീവനക്കാരെ സംവരണം പാലിച്ചുകൊണ്ടാണോ തെരഞ്ഞെടുക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

അദ്ധ്യാപക നിയമനങ്ങളുടെ അംഗീകാരം

212 (3342) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങളുടെ അംഗീകാരം സംബന്ധിച്ച് അദാലത്ത് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അദാലത്ത്

പരിശോധന നടത്തുന്നത്; ഏത് കാലയളവിലെ അപേക്ഷകളാണ് അദാലത്തിൽ പരിഗണിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. നിയമനാംഗീകാരം തസ്തിക നിർണ്ണയം തുടങ്ങിയ വിഷയങ്ങളിൽ സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ ഓഫീസുകളിൽ നിലവിൽ തീർപ്പാക്കാനവശേഷിക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ അദാലത്ത് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയും ബഹുമാനപ്പെട്ട ഹൈക്കോടതിയും പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിനനുസൃതമായും സർക്കാർ 25-06-2022-ലെ സ.ഉ.(കൈ) നം.111/2022/പൊ.വി.വ, 24-03-2023-ലെ സ.ഉ.(കൈ) നം.29/2023/പൊ.വി.വ, 01-11-2023-ലെ ജെ.ആർ 1/502/2023, 24-1-2024-ലെ ജെ.ആർ 1/502/2023, 06-05-2024-ലെ ജെ.ആർ 1/502/2023 എന്നിവ

പ്രകാരമുള്ള ഭിന്നശേഷി സംവരണ നിയമനം സംബന്ധിച്ചും അധ്യാപക നിയമനാംഗീകാരം സംബന്ധിച്ചും പുറപ്പെടുവിച്ച മാർഗ്ഗനിർദേശങ്ങൾക്ക് അനുസൃതമായി തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ എയ്ഡഡ് സ്കൂളുകളിൽ അധ്യാപകരുടെ സ്ഥിരനിയമനം നടത്തുവാൻ സാധിക്കാത്തത് അക്കാദമിക നിലവാരത്തെ ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

യു.പി.എസ്.ടി. അധ്യാപക തസ്തിക നിർണയം

213 (3343) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ യു.പി.എസ്.ടി. അധ്യാപക തസ്തിക നിർണ്ണയം പൂർത്തിയാക്കി നാളിതുവരെ അധിക തസ്തികകൾ അനുവദിക്കാത്തതിന് കാരണം എന്തെന്ന് വിശദമാക്കാമോ; വിദ്യാഭ്യാസ

അവകാശ നിയമപ്രകാരവും കെ.ഇ.ആർ. പ്രകാരവുമുള്ള തസ്തിക നിർണ്ണയം അനിശ്ചിതമായി നീണ്ടുപോകുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

2023-24 വർഷത്തെ അധിക തസ്തികകൾ ഒഴിച്ചുള്ളവയുടെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. അധിക തസ്തികകൾ അനുവദിക്കുന്ന വിഷയം സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു.

(ബി) 2023-24 വർഷത്തെ യു.പി.എസ്.ടി. അധ്യാപക തസ്തിക നിർണ്ണയ പ്രകാരം പൊതുവിദ്യാലയങ്ങളിൽ എത്ര അധിക തസ്തികയാണ് ആവശ്യമുള്ളതെന്നും അതിന്റെ ജില്ല തിരിച്ചുള്ള കണക്കും വ്യക്തമാക്കാമോ?

പരിശോധിച്ചുവരുന്നു.

(സി) 2024-25 വർഷം ആരംഭിച്ചിട്ടും എന്തുകൊണ്ടാണ് ഇതുവരെയും യു.പി.എസ്.ടി.-യുടെ 2023-24 വർഷത്തെ അധിക തസ്തികകൾ അനുവദിക്കാത്തതെന്ന് വിശദമാക്കാമോ; ആവശ്യത്തിന് വിദ്യാർത്ഥികൾ ഉണ്ടായിട്ടും യു.ഐ.ഡി. പോലുള്ള സാങ്കേതിക പ്രശ്നം പറഞ്ഞ് തസ്തിക അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

2023-24 വർഷത്തെ യു.പി.എസ്.ടി.-യുടെ അധിക തസ്തികകൾ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. കെ.ഇ.ആർ. അധ്യായം XXIII ചട്ടം 12(1) പ്രകാരം 6-ാം അദ്ധ്യയന വർഷത്തെ യു.ഐ.ഡി.-യുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് തസ്തിക നിർണ്ണയം നടത്തേണ്ടത്.

(ഡി) ആവശ്യത്തിന് അധ്യാപകർ ഇല്ലാത്തതും ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതമൂലവും കഴിഞ്ഞ വർഷങ്ങളിൽ പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം തുടർച്ചയായി കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) 2024-25 വർഷത്തെ തസ്തിക നിർണയം എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

ചട്ടപ്രകാരം അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ട്രൈബൽ മേഖലയിൽ നിന്നുള്ള കുട്ടികൾ

214 (3344)ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷം സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ ട്രൈബൽ മേഖലയിൽ നിന്നുള്ള എത്ര കുട്ടികൾ ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്തെ വിവിധ ട്രൈബൽ സ്കൂളുകളിൽ എത്ര കുട്ടികൾ ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ അധ്യയന വർഷം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസിൽ അഡ്മിഷൻ എടുത്തിട്ടുള്ള എല്ലാ കുട്ടികളുടെയും എണ്ണം ശേഖരിച്ചിട്ടുണ്ട്. എന്നാൽ വിവിധ മേഖലകൾ തിരിച്ചുള്ള കണക്ക് ലഭ്യമായിട്ടില്ല. സംസ്ഥാനത്തെ വിവിധ ട്രൈബൽ സ്കൂളുകളിൽ 2024-25 അധ്യയന വർഷം 790 കുട്ടികൾ ഒന്നാം ക്ലാസിൽ അഡ്മിഷൻ എടുത്തിട്ടുണ്ട്.

(ബി) കഴിഞ്ഞ അധ്യയന വർഷം സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ ട്രൈബൽ മേഖലയിൽ നിന്നുള്ള എത്ര കുട്ടികൾ ഒന്നാം ക്ലാസ്സിൽ

അഡ്മിഷൻ എടുത്തിട്ടുണ്ടെന്നും വിവിധ ട്രൈബൽ സ്കൂളുകളിൽ എത്ര കുട്ടികൾ ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ എടുത്തിട്ടുണ്ടെന്നും ഇതിൽ എത്ര കുട്ടികൾ അധ്യയന വർഷം പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

കഴിഞ്ഞ അധ്യയന വർഷം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ എടുത്തിട്ടുള്ള എല്ലാ കുട്ടികളുടെയും എണ്ണം ശേഖരിച്ചിട്ടുണ്ട്. എന്നാൽ വിവിധ മേഖലകൾ തിരിച്ചുള്ള കണക്ക് ശേഖരിച്ചിട്ടില്ല. സംസ്ഥാനത്തെ വിവിധ ട്രൈബൽ സ്കൂളുകളിൽ 2023-24 അധ്യയന വർഷം 859 കുട്ടികൾ ഒന്നാം ക്ലാസിൽ അഡ്മിഷൻ എടുത്തിട്ടുണ്ട്. ഇതിൽ 854 കുട്ടികൾ അധ്യയന വർഷം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ അധ്യയന വർഷം സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ നിന്നും ട്രൈബൽ വിഭാഗത്തിൽപ്പെട്ട എത്ര കുട്ടികൾ അധ്യയന വർഷം പൂർത്തീകരിക്കാതെ പഠനം അവസാനിപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

2023-24 അധ്യയന വർഷം സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ നിന്നും ട്രൈബൽ വിഭാഗത്തിൽപ്പെട്ട 468 കുട്ടികൾ അധ്യയന വർഷം

പൂർത്തീകരിക്കാതെ പഠനം അവസാനി പ്പിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം+ ആയി ചേർക്കുന്നു.

ചെറുകോട് ടൈബൽ സ്കൂളിന്റെ കെട്ടിട നിർമ്മാണം

215 (3345) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ചെറുകോട് ടൈബൽ സ്കൂളിനായി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭ്യമായ വർഷം ഏതാണ്; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

2020-21-ലാണ് ഭരണാനുമതി നൽകിയത്. പഴയ കെട്ടിടത്തിനോട് ചേർന്നുള്ള കുന്ന് ഇടിച്ചുമാറ്റി മണ്ണ് നീക്കം ചെയ്തുവരുന്നു.

(ബി) പദ്ധതി ആരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനും വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനായി സ്കൂൾ താൽകാലികമായി പ്രവർത്തിപ്പിക്കുന്നതിന് ഫിറ്റ്നസുള്ള കെട്ടിടം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കണ്ടെത്തുകയും പഴയ കെട്ടിടം പൊളിക്കുന്നതിനുള്ള ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

അൺ എയ്ഡഡ് ഹൈസ്കൂളുകളിൽ പ്ലസ് വൺ ആരംഭിക്കുന്നതിന് നടപടി

216 (3346) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന എത്ര ഹൈസ്കൂളുകളിലാണ് പ്ലസ് വൺ ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ?

ഗവൺമെന്റ് - 420

എയ്ഡഡ് - 716

അൺഎയ്ഡഡ് - 268

(ബി) സർക്കാരിന് സാമ്പത്തിക ബാധ്യത വരാതെ എല്ലാ അൺ എയ്ഡഡ് ഹൈസ്കൂളുകളിലും പ്ലസ് വൺ ആരംഭിക്കാൻ അനുമതി നൽകുമോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ നയപരമായ തീരുമാനമെടുക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ എന്ന് വ്യക്തമാക്കുമോ?

(ബി&സി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല

പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകൾ സർക്കാർ ഏറ്റെടുത്ത നടപടി

217 (3347) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ എത്ര സ്കൂളുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകൾ സർക്കാർ നിയന്ത്രണത്തിലാക്കാനുള്ള നയപരമായ തീരുമാനമെടുത്തത് എന്നാണ്; എത്ര സ്കൂളുകളാണ് അപ്രകാരം ഏറ്റെടുത്തതെന്ന് അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്ത് 104 പഞ്ചായത്ത് സ്കൂളുകൾ നിലവിലുണ്ടായിരുന്നതായാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. അവ 2-1-2010-ലെ സ.ഉ.(എംഎസ്) നം. 2/2010/പൊ.വി.വ പ്രകാരം സർക്കാർ ഏറ്റെടുത്ത് കഴിഞ്ഞു. നിലവിൽ കോഴിക്കോട് ജില്ലയിലെ ഒളവണ്ണ തുമ്പയിൽ

എ.എം.എൽ.പി.എസ്. സ്കൂൾ മാത്രമാണ് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ളത്.

(സി) സർക്കാർ ഏറ്റെടുത്ത എല്ലാ സ്കൂളുകൾക്കും കെ.ഇ.ആർ. പ്രകാരമുള്ള സ്ഥലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ടായിരുന്നോ എന്ന് വ്യക്തമാക്കാമോ?

പഞ്ചായത്ത് സ്കൂളുകളിലെ നിയമനം 6-10-1995-ലെ സ. ഉ(എം.എസ്) നം.218/1995/എൽ.എ.ഡി പ്രകാരം പി.എസ്.സി.-ക്ക് വിട്ടുകൊടുത്ത് ഉത്തരവായിരുന്നു. തുടർന്ന് പഞ്ചായത്ത് സ്കൂളുകളിൽ നിലനിന്നിരുന്ന സങ്കീർണ്ണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായിട്ടാണ് സ്കൂളുകൾ സർക്കാർ ഏറ്റെടുത്തത്. അതിനാൽ സ്ഥല ലഭ്യത ഉറപ്പാക്കിയിരുന്നില്ല.

(ഡി) കോഴിക്കോട് ജില്ലയിലെ ഒളവണ്ണ തുമ്പയിൽ സ്കൂളിനെ സർക്കാർ ഏറ്റെടുക്കുന്നതിൽനിന്ന് ഒഴിവാക്കാനുള്ള കാരണം അറിയിക്കാമോ?

ഒളവണ്ണ തുമ്പയിൽ എ.എം.എൽ.പി. സ്കൂൾ 1921 മുതൽ 2009 നവംബർ മാസം വരെ സ്വകാര്യ മാനേജ്മെന്റിനുകീഴിലുള്ള എയ്ഡഡ് സ്കൂളായിരുന്നു.

തുടർന്ന് ഒളവണ്ണ പഞ്ചായത്ത് പ്രസ്തുത സ്കൂൾ വാങ്ങുകയായിരുന്നു. പഞ്ചായത്ത് സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്ന സമയത്ത് ഈ സ്കൂൾ, പഞ്ചായത്ത് വാങ്ങി, അതിന്റെ മാനേജർഷിപ്പ് പഞ്ചായത്തിന്റെ പേരിലാക്കുന്ന നടപടി പൂർത്തീകരിച്ചിരുന്നില്ല. അതിനാൽ സർക്കാർ ഏറ്റെടുത്ത സ്കൂളുകളിൽ ഉൾപ്പെടുന്നില്ല.

എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്രിൻസിപ്പാൾ തസ്തിക

218 (3348) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ അപ്ഗ്രേഡ് ചെയ്ത എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രിൻസിപ്പാൾ തസ്തിക അനുവദിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ?

പ്രിൻസിപ്പാൾ തസ്തിക അനുവദിച്ചിട്ടുണ്ട്. ആയത് അനുവദിച്ച വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത തസ്തികകളിൽ പ്രിൻസിപ്പാൾ ചാർജ്ജ് വഹിക്കുന്ന ആവശ്യമായ യോഗ്യതയുള്ള അധ്യാപകർക്ക് നിയമന അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

കോടതി കേസ് നിലനിൽക്കുന്ന സാഹചര്യത്തിലും, യോഗ്യതയുള്ള അധ്യാപകർ ഇല്ലാത്ത വിദ്യാലയങ്ങളിലും മാത്രമാണ് നിയമനാംഗീകാരം നൽകാത്തത്.

ദിവസ വേതന അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം

219 (3349) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വിദ്യാഭ്യാസ ഉപജില്ലയിലെ കോഡൂർ ചോലക്കൽ ബി.എ.എം.എൽ.പി. സ്കൂളിൽ 2022-23, 2023-24 അധ്യയന വർഷങ്ങളിൽ സംരക്ഷിത അധ്യാപക തസ്തികയിൽ മാനേജർ നടത്തിയ ദിവസവേതന അധ്യാപക നിയമനങ്ങൾ എത്രയെണ്ണം അംഗീകരിച്ച് ഉത്തരവ് നൽകി; ഇനിയും എത്ര നിയമനങ്ങൾക്ക് അംഗീകാരം നൽകാനുണ്ട്; വിശദാംശം നൽകുമോ?

ഒരെണ്ണം അംഗീകരിച്ചിട്ടുണ്ട്. ചട്ടപ്രകാരം നടത്തിയ നിയമനങ്ങൾ ഒന്നും അംഗീകാരം നല്കുന്നതിനായി അവശേഷിക്കുന്നില്ല.

(ബി) നിയമനം നടത്തി രണ്ട് അധ്യയന വർഷങ്ങൾ പിന്നിട്ടിട്ടും സർക്കാർ അനുകൂല ഉത്തരവുകൾ നൽകിയിട്ടും ദിവസവേതന പ്രൊപ്പോസലുകൾപോലും അംഗീകാരം നൽകാതെവച്ചു താമസിപ്പിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇക്കാര്യം വകുപ്പ് തലത്തിൽ പരിശോധിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത നിയമനങ്ങൾ അംഗീകരിക്കുവാൻ ഇനിയും സ്പഷ്ടീകരണം ആവശ്യമുണ്ടോ; എങ്കിൽ ഏത് ഓഫീസിൽ നിന്നാണ് വേണ്ടതെന്നും എത് വിഷയത്തിലാണ് സ്പഷ്ടീകരണം ആവശ്യമുള്ളതെന്നും വ്യക്തമാക്കാമോ?

(ബി&സി) ചോലക്കൽ ബി.എ.എം.എൽ.പി. സ്കൂളിലെ 2022-23 വർഷത്തെ പ്രതീക്ഷിത അധിക തസ്തികകളിൽ 01-06-2022 മുതൽ 30-09-2022 വരെയുള്ള കാലയളവിലേയ്ക്ക് മാനേജർ ദിവസ

വേതനാടിസ്ഥാനത്തിൽ നടത്തിയ മൂന്ന് നിയമനങ്ങൾ മലപ്പുറം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

2022-2023 അധ്യയന വർഷത്തെ അധിക തസ്തികകൾ അനുവദിച്ചത് 07-07-2023-ലെ സ.ഉ (കൈ) നം.95/2023/പൊവിവ പ്രകാരമാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചോലക്കൽ ബി.എ.എം.എൽ.പി. സ്കൂളിന് രണ്ട് അധിക എൽ.പി.എസ്.ടി. തസ്തികയും ഒരു അധിക അറബിക് അധ്യാപക തസ്തികയും അനുവദിച്ചുകൊണ്ട് മലപ്പുറം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നല്കിയിട്ടുണ്ട്. ടി അധിക എൽ.പി.എസ്.ടി. തസ്തികകളിൽ ഒരെണ്ണത്തിൽ മാനേജർ നടത്തിയ സ്ഥിര നിയമനം മലപ്പുറം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നല്കിയിട്ടുണ്ട്. ഒരു എൽ.പി.എസ്.ടി. അധിക തസ്തികയും ഒരു അറബിക് അധ്യാപക തസ്തികയും സംരക്ഷിത അധ്യാപകർക്കായി വിട്ടുനല്കിയതാണ്. കേരളാ വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം 21 ചട്ടം 7(2) പ്രകാരം സംരക്ഷിത അധ്യാപകർക്കായി വിട്ടു നല്കിയ തസ്തികയിൽ നിയമനം നടത്താൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണ്.

മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ മുൻകൂർ അനുമതി കൂടാതെയാണ് ചോലക്കൽ ബി.എ.എം.എൽ.പി. സ്കൂളിൽ മാനേജർ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുള്ളത്. വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതി കൂടാതെ നടത്തിയ നിയമനങ്ങളായതിനാൽ പ്രസ്തുത നിയമനങ്ങൾ അംഗീകരിക്കുവാൻ നിലവിലെ വ്യവസ്ഥകൾ പ്രകാരം സാധിക്കുകയില്ല.

(ഡി) സ്പഷ്ടീകരണം ആവശ്യമെങ്കിൽ ഇതു സംബന്ധിച്ച് മലപ്പുറം വിദ്യാഭ്യാസ ഉപജില്ലാ ഓഫീസിൽ നിന്നും ബന്ധപ്പെട്ട ഓഫീസിനോട് അഭിപ്രായം തേടിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതി ആവശ്യപ്പെട്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ കത്ത് നല്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഇ) പ്രസ്തുത സ്കൂളിൽ 2022-23, 2023-24 അധ്യയന വർഷങ്ങളിൽ നടത്തിയ എല്ലാ ദിവസവേതന നിയമനങ്ങൾക്കും എന്നത്തേയ്ക്ക് അംഗീകാരം നൽകാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

ചട്ട പ്രകാരം നടത്തിയ നിയമനങ്ങളെല്ലാം അംഗീകരിച്ച് നൽകിയിട്ടുണ്ട്. സംരക്ഷിത അധ്യാപകരെ നിയമിക്കേണ്ട തസ്തികകളിൽ മുൻകൂർ അനുമതിയോടുകൂടി മാത്രമേ ദിവസ വേതന നിയമനം നടത്താൻ സാധിക്കുകയുള്ളൂ. എന്നാൽ, അത്തരം അനുമതി വാങ്ങാതെ മാനേജർ നടത്തിയ നിയമനങ്ങൾ ചട്ടപ്രകാരം അംഗീകരിക്കാൻ സാധിക്കുന്നതല്ല.

പാലക്കാട് ജില്ലയിലെ ഹയർ സെക്കൻഡറി സീറ്റുകളുടെ എണ്ണം

220 (3350) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിലായി എത്ര ഹയർ സെക്കൻഡറി സീറ്റുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ സർക്കാർ എയ്ഡഡ്, അൺ-എയ്ഡഡ് സ്കൂളുകളിലായി 35720 ഹയർ സെക്കൻഡറി സീറ്റുകളാണ് നിലവിലുള്ളത്.

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക്

221 (3351) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി., പ്ലസ് ടു കോഴ്സുകളിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

ഉണ്ട്.

(ബി) നേരത്തെ അനുവദിച്ചിരുന്ന ഗ്രേസ് മാർക്ക് ഇപ്പോൾ അനുവദിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഏറെ പരിമിതികൾക്കിടയിലും വിദ്യാഭ്യാസം നേടുന്ന എസ്.എസ്.എൽ.സി., പ്ലസ് ടു ക്ലാസുകളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രത്യേകമായി മൂല്യനിർണ്ണയം നടത്തുന്നതിനും ആയത്

പ്രകാരം ഗ്രേഡ് നിശ്ചയിച്ച് നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

എസ്.എസ്.എൽ.സി. പരീക്ഷയിൽ പ്രത്യേക പരിഗണന അർഹിക്കുന്ന പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസിന്റെ മുകളിൽ പരീക്ഷാനുകൂല്യം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് നമ്പർ, അനുവദിക്കപ്പെട്ട ആനുകൂല്യം എന്നിവ പ്രത്യേകം രേഖപ്പെടുത്താറുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കൂട്ടി എഴുതി നേടിയ മാർക്കിന്റെ 25% ഗ്രേസ് മാർക്ക് (ജയിക്കുന്നതിന് ആവശ്യമായത് മാത്രം) നൽകുന്നുണ്ട്.

സ്കോൾ കേരളയിൽ ബയോമെട്രിക് ഫിംഗർപ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൃത്രിമം

222 (3352) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കോൾ കേരളയിൽ ബയോമെട്രിക് ഫിംഗർപ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റത്തിൽ സോഫ്റ്റ്വെയറിൽ കൃത്രിമം നടത്തിയത് സംബന്ധിച്ച മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഈ സ്ഥാപനത്തിൽ ബയോമെട്രിക് പഞ്ചിംഗ്

മെഷീൻ സ്ഥാപിച്ചത് കെൽട്രോൺ ആണോ; ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതെ. 9,84,328/-രൂപ

(ബി) പ്രസ്തുത സ്ഥാപനത്തിലെ ഉദ്യോഗസ്ഥർക്ക് ശമ്പളം അനുവദിക്കുന്നതിന് ബയോമെട്രിക് ഫിംഗർപ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം ആണോ ഉപയോഗിക്കുന്നത്; എന്ന് മുതലാണ് ഇത് നടപ്പിൽ വരുത്തിയതെന്ന് അറിയിക്കാമോ?

ബയോമെട്രിക് ഫിംഗർപ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റത്തിലെ വിവരങ്ങളോടൊപ്പം അറ്റൻഡൻസ് രജിസ്റ്ററിലെ വിവരങ്ങൾ കൂടി പരിഗണിച്ചാണ് ശമ്പളം അനുവദിക്കുന്നത്.

ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം 2022 ഏപ്രിൽ 1 മുതൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനത്തിലെ പഞ്ചിംഗ് മെഷീനിൽ ഫിംഗർപ്രിന്റ് പതിക്കുന്നതിന് പകരം ഐഡന്റിറ്റി കാർഡ് ഉപയോഗിച്ച് പഞ്ച് ചെയ്ത് ക്രമക്കേട് കാട്ടിയ ജീവനക്കാരുടെ പേര് വിവരങ്ങൾ വെളിപ്പെടുത്തുമോ;

ഇതുമൂലം സ്ഥാപനത്തിന് എത്ര രൂപയുടെ നഷ്ടമുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളതെന്നറിയിക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിലെ ബയോമെട്രിക് പഞ്ചിംഗ് മെഷീന്റെ സോഫ്റ്റ്വെയറിൽ കൃത്രിമം നടത്തിയ സംഭവത്തിൽ എന്ത് അന്വേഷണം നടത്തി എന്നും കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

നാദാപുരം മണ്ഡലത്തിലെ സ്കൂൾ കെട്ടിട നവീകരണം

223 (3353) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലത്ത് നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖേനയും വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും സ്കൂൾ നവീകരണത്തിന് അനുവദിച്ച തുകയും സ്കൂളുകളുടെ പേരും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖേന നടത്തുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി പദ്ധതി

5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട വളയം ഗവ.എച്ച്.എസ്.എസ്. സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടി കിഫ്ബി പദ്ധതി

3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 4 സ്കൂളുകൾക്കാണ് നാദാപുരം മണ്ഡലത്തിൽ നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുള്ളത്. GHSS കല്ലാച്ചി, GHSS കാവിലുമ്പാറ എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. നാദാപുരം ഗവ. യു.പി.സ്കൂളിന്റെ നിർമ്മാണം പുരോഗമിക്കുന്നു. വെള്ളിയോട് ഗവ.ഹയർ സെക്കൻഡറി സ്കൂളിന്റെ നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1 കോടി കിഫ്ബി പദ്ധതി

1കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട GLPS കൂടൽ സ്കൂളിന്റെ land survey നടത്തി DPR തയ്യാറാക്കിയിട്ടുണ്ട്.

പ്ലാൻ ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾ :-

ക്രമ നം.	സ്കൂളിന്റെ പേര്	തുക (ലക്ഷത്തിൽ)	നിലവിലെ സ്ഥിതി
1.	ജി.എൽ.പി.എസ്. കുമ്പളച്ചോല	100	നിർമ്മാണം പൂർത്തിയായി
2.	ജി.എൽ.പി.എസ്. കരങ്ങോട്	100	നിർമ്മാണം പൂർത്തിയായി
3.	ജി.യു.പി.എസ്. കുണ്ടുതോട്	48	25% പൂർത്തിയായി
4.	ജി.എച്ച്.എസ്.എസ്. വെള്ളിയോട്	150	നിർമ്മാണം പൂർത്തിയായി
5.	ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, കല്ലാച്ചി	50	നിർമ്മാണം പൂർത്തിയായി

ഒന്നാം ക്ലാസിലേയ്ക്ക് പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം

224 (3354) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2014 മുതൽ 2024 വരെയുള്ള ഓരോ വർഷവും ഒന്നാം ക്ലാസ്സിലേയ്ക്ക് പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം എത്ര വീതമായിരുന്നുവെന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് 2014 മുതൽ 2024 വരെയുള്ള ഓരോ വർഷവും ഒന്നാം ക്ലാസിലേയ്ക്ക് പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം അനുബന്ധം[+] ആയി ചേർക്കുന്നു.

(ബി) പ്രസ്തുത വർഷങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെയും വിജയിച്ച വിദ്യാർത്ഥികളുടെയും എണ്ണം എത്ര വീതമായിരുന്നുവെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ?

2014 മുതൽ 2024 വരെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെയും വിജയിച്ച വിദ്യാർത്ഥികളുടെയും എണ്ണം അനുബന്ധം [+] ആയി ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യു.എസ്.എസ്. പരീക്ഷയെഴുതിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ

225 (3355) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 അധ്യയന വർഷത്തിൽ സംസ്ഥാനത്ത് യു.എസ്.എസ്. പരീക്ഷയ്ക്കുവേണ്ടി ആകെ എത്ര കുട്ടികളാണ് അപേക്ഷിച്ചതെന്നും അതിൽ എത്ര കുട്ടികൾ പരീക്ഷ എഴുതിയെന്നും അവരിൽ എത്ര പേർ സ്കോളർഷിപ്പിന് അർഹത നേടി എന്നുമുള്ള കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) 2023-24 അധ്യയന വർഷം ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ യു.എസ്.എസ്. പരീക്ഷയ്ക്കിരുത്തിയ ഓരോ ജില്ലയിലെയും ആദ്യ പതിനഞ്ച് സ്കൂളുകളുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(സി) പ്രസ്തുത അദ്ധ്യയന വർഷം ഏറ്റവും കൂടുതൽ കുട്ടികൾ യു.എസ്.എസ്. സ്കോളർഷിപ്പിന് അർഹത നേടിയ ആദ്യ പതിനഞ്ച് സ്കൂളുകളുടെ പേര് ജില്ല തിരിച്ച് ലഭ്യമാക്കുമോ?

(എ-സി) അനുബന്ധമായി+ ചേർത്തിരിക്കുന്നു.

ആലത്തൂർ മണ്ഡലത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുള്ള സ്കൂളുകൾ

226 (3356) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി, പ്ലാൻ ഫണ്ട് എന്നിവ മുഖേന കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുള്ള സ്കൂളുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(എ-സി)

ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് മുഖേന ഭരണാനുമതി നൽകിയിട്ടുള്ള സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

5 കോടി കിഫ്ബി പദ്ധതി:-

5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹണ ഏജൻസിയായി കൈറ്റിനെ ചുമതലപ്പെടുത്തിയ ജി.എച്ച്.എസ്.എസ്. കിഴക്കൻഞ്ചേരി സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

3 കോടി കിഫ്ബി പദ്ധതി:-

3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ആലത്തൂർ ജി.ജി.എച്ച്.എസ്.എസ്-ന്റെ ടെണ്ടർ നടപടികൾ നിർവ്വഹണ ഏജൻസിയായ കില സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. എരുമയൂർ ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണത്തിനുള്ള സാങ്കേതിക അനുമതി നിർവ്വഹണ ഏജൻസിയായ കില നൽകിയിട്ടുണ്ട്. Project Execution Document നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

GHSS കോട്ടായി സ്കൂളിന്റെ നിർമ്മാണം നിർവ്വഹണ ഏജൻസിയായ വാപ്കോസ് പൂർത്തീകരിച്ചിട്ടുണ്ട്.

1 കോടി കിഫ്ബി പദ്ധതി :-

1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്. കുനിശ്ശേരി സ്കൂളിന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. കില Project Execution Document തയ്യാറാക്കി കിഫ്ബിക്ക് ഉടൻ നൽകുന്നതാണ്.

ജി.എച്ച്.എസ്. മുടപ്പല്ലൂർ സ്കൂളിന്റെ ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. Letter Of Acceptance നൽകിയിട്ടുണ്ട്. നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.

തേൻകുറിശ്ശി ജി.എച്ച്.എസ്.എസ്, പുതിയങ്കം ജി.യു.പി.എസ്. എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

നിർമ്മാണം ആരംഭിക്കാത്ത സ്കൂളുകളുടെ നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തീകരിച്ച് അംഗീകാരം വേഗത്തിലാക്കാനുള്ള നിർദ്ദേശം കിഫ്ബിയുടെ ഉദ്യോഗസ്ഥർക്കും ബന്ധപ്പെട്ട എസ്.പി.വി.-കൾക്കും നൽകിയിട്ടുണ്ട്.

<u>ആലത്തൂർ മണ്ഡലത്തിൽ പ്ലാൻ ഫണ്ട് മുഖേന ഭരണാനുമതി നൽകിയിട്ടുള്ള സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു :-</u>

ക്രമ	സ്കൂളിന്റെ പേര്	തുക	ഏജൻസി	നിലവിലെ

നം.		(ലക്ഷത്തിൽ)		സ്ഥിതി
1	ജി.എച്ച്.എസ്, കുഴൽമന്ദം	700	LSGD	98% പൂർത്തിയായി
2	ജി.എൽ.പി.എസ്., പന്നിയങ്കര	100	PWD	പൂർത്തിയായി
3	ജി.എൽ.പി.എസ്., കരടിയംപാറ	100	PWD	പൂർത്തിയായി
4	ജിഎച്ച്.എസ്.എസ്., കല്ലിങ്കൽപ്പാടം	330	PWD	പൂർത്തിയായി

(ഡി) പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത സ്കൂളുകളുടെ കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ഇൻസ്ട്രക്ടർ തസ്തിക

227 (3357) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിൽ ഒരു കോഴ്സ് നിലനിർത്തുന്നതിന് എത്ര വിദ്യാർഥികൾ വേണമെന്ന് വ്യക്തമാക്കുമോ?

എയ്ഡഡ് വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിൽ ഒരു കോഴ്സിലെ ഒരു ബാച്ച് നിലനിർത്തുന്നതിന് കുറഞ്ഞത് 15 വിദ്യാർഥികൾ ഉണ്ടായിരിക്കണം.

(ബി) വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് കോഴ്സ് സംവിധാനം നടപ്പിലാക്കിയതിനുശേഷം ഒരു കോഴ്സ് പഠിപ്പിക്കുന്നതിന് മൂന്ന് ഇൻസ്ട്രക്ടർ തസ്തികയുടെ ആവശ്യകതയുണ്ടോ; അവരുടെ പുനർവിന്യാസം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (NSQF) സമ്പ്രദായം നടപ്പിലാക്കിയതിനുശേഷം ഒരു വൊക്കേഷണൽ കോഴ്സ് പഠിപ്പിക്കുന്നതിന് ഒരു താൽകാലിക വൊക്കേഷണൽ ടീച്ചറുടെ ആവശ്യകത മാത്രമേയുള്ളൂ.

പ്രി.എൻ.എസ്.കൃ.എഫ്. സംവിധാനത്തിൽ ഒരു കോഴ്സിന് 3 ഇൻസ്ട്രക്ടർ തസ്തികകൾ ഇല്ലായിരുന്നു. പകരം 1 വൊക്കേഷണൽ ടീച്ചർ, 1 വൊക്കേഷണൽ ഇൻസ്ട്രക്ടർ, 1 ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് എന്നിങ്ങനെ 3 തസ്തികകളാണുണ്ടായിരുന്നത്. ടി തസ്തികകൾ വാനിഷിംഗ് കാറ്റഗറിയിലുൾപ്പെടുത്തി പുനർവിന്യാസം ചെയ്യുന്നതിന് സ്കൂൾ ഏകീകരണ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

(സി) എയ്ഡഡ് വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിൽ സ്പെഷ്യൽ റൂൾസിന് വിരുദ്ധമായി ആഴ്ചയിൽ 12 മണിക്കൂർ ജോലിഭാരമുള്ള ജൂനിയർ തസ്തികയിലുള്ള സീനിയർ സ്കെയിൽ ശമ്പളം കൈപ്പറ്റുന്ന നോൺ വൊക്കേഷണൽ ഇൻസ്ട്രക്ടർ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

എയ്ഡഡ് വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിൽ നോൺ വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികകളില്ല. വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികകളെ സീനിയർ/ജൂനിയർ എന്നിങ്ങനെ തരംതിരിച്ചിട്ടില്ല. 12 മണിക്കൂർ ജോലിഭാരമുള്ള നോൺ വൊക്കേഷണൽ ടീച്ചർ തസ്തികകൾ നിലവിലുണ്ട്. വി.എച്ച്.എസ്.ഇ. സ്പെഷ്യൽ റൂൾസ് എയ്ഡഡ് സ്കൂളുകൾക്ക്

ബാധകമാകുന്നതിനുമുമ്പ് നിയമനം ലഭിച്ച അധ്യാപകരാണ് ഇവർ. നിയമനം ലഭിച്ച തസ്തികകളിൽതന്നെ അവർ സേവനത്തിൽ തുടർന്നുവരുന്നു. അവർ വിരമിക്കുന്ന മുറയ്ക്ക് പുതിയ റൂൾസ്പ്രകാരം നിയമനം നടത്തിവരുന്നു.

(ഡി) വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിലെ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ്-2 തസ്തികയിലെ ശമ്പള സ്കെയിൽ അനുവദിക്കപ്പെട്ട സാഹചര്യത്തിൽ ഒരു കോഴ്സിൽ രണ്ട് ഇൻസ്ട്രക്ടറുടെ ആവശ്യകത ഉണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ അവരുടെ പുനർവിന്യാസം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിലെ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ്-2 തസ്തികയിലെ ശമ്പള സ്കെയിലിലുള്ള സമയ ബന്ധിത ഗ്രേഡ് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് എന്ന തസ്തിക വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികയായി ഉയർത്തിയിട്ടില്ല.

ആയതിനാൽ ഒരു കോഴ്സിൽ രണ്ട് ഇൻസ്ട്രക്ടർ എന്ന സാഹചര്യം നിലവിലില്ല.

ആദിവാസി വിദ്യാർഥികളുടെ പഠനം ഉപേക്ഷിക്കൽ

228 (3358) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24-ൽ സംസ്ഥാനത്തെ സ്കൂളുകളിൽനിന്നും നിരവധി ആദിവാസി വിദ്യാർഥികൾ പഠനം ഉപേക്ഷിച്ചുവെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ആദിവാസി വിദ്യാർഥികൾ പഠനം ഉപേക്ഷിച്ചുപോകാനുണ്ടായ കാരണം പരിശോധിച്ചിട്ടുണ്ടോ?

ആദിവാസി വിദ്യാർഥികൾ പഠനം ഉപേക്ഷിച്ചുപോകാനുണ്ടായ കാരണം പരിശോധിച്ചിട്ടുണ്ട്.

(സി) ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ആദിവാസി വിദ്യാർഥികൾ പഠനം ഉപേക്ഷിച്ചുപോകുന്നത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- കൊഴിഞ്ഞുപോക്കിന് ഒരു പ്രധാന കാരണമായ പഠനത്തോടുള്ള വിമുഖത, മടി എന്നിവ മാറ്റുന്നതിനായി വിദ്യാർഥികൾ, രക്ഷിതാക്കൾ എന്നിവർക്കിടയിൽ സ്ഥിരവും കാര്യക്ഷമവുമായ ബോധവൽകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- പഠനം ഉപേക്ഷിച്ചുപോകുന്ന വിദ്യാർഥികളുടെ രക്ഷിതാക്കൾക്ക് വിദ്യാഭ്യാസത്തിന്റെ ഗുണഫലങ്ങളെക്കുറിച്ച് ബോധവൽകരണം നടത്തിവരുന്നു. കൂടാതെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനായി ആദിവാസി ജനവിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിൽ നിരന്തരമായ ബോധവൽകരണ പരിപാടികൾ സർക്കാർ, സർക്കാരിതര സംഘടനകളുടെയും ഏജൻസികളുടെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നു.

- ആദിവാസി മേഖലകളിൽനിന്ന് സ്കൂളിലേയ്ക്കുള്ള യാത്രാസൗകര്യങ്ങളുടെ അഭാവം, ആദിവാസി മേഖലകളിൽനിന്ന് സ്കൂളിൽ പോകുന്ന കുട്ടികൾ വന്യമൃഗങ്ങളിൽനിന്നും നേരിടുന്ന ഭീഷണി എന്നിവ ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾ പഠനം ഉപേക്ഷിക്കുന്നതിന് കാരണമാകുന്നു. ഇത് പരിഹരിക്കുന്നതിനായി ഗോത്രസാരഥി പദ്ധതി, സർക്കാർ വകുപ്പുകളുടെയും മറ്റ് സർക്കാരിതര സന്നദ്ധ സംഘടനകളുടെ സഹായ സഹകരണങ്ങളിലൂടെ യാത്രാസൗകര്യം ഒരുക്കൽ എന്നിവ നടപ്പിലാക്കിവരുന്നു.
- ദുർഘടവും സുരക്ഷിതവുമല്ലാത്ത കാട്ടുപാതകളിലൂടെ ദീർഘദൂരം യാത്രചെയ്ത് സ്കൂളിലെത്തേണ്ടിവരുന്ന കുട്ടികളെ ഹോസ്റ്റൽ സൗകര്യമുള്ള സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- കൂടുതൽ കുട്ടികളെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ചേർത്ത് പഠന സൗകര്യം ഉറപ്പാക്കിവരുന്നു.
- വേർപിരിഞ്ഞുകഴിയുന്ന മാതാപിതാക്കളുടെ കുട്ടികൾ പഠനം നിർത്തി കൊഴിഞ്ഞുപോകുന്നതിനുള്ള പ്രവണത കണ്ടുവരുന്നതിനാൽ സാമൂഹ്യ

സന്നദ്ധ സംഘടനകളുടെയും, സാമൂഹ്യനീതി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെയും യോജിച്ച പ്രവർത്തനങ്ങളിലൂടെ ഇത്തരം കുട്ടികളെ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

- മദ്യപാനം, ലഹരി പദാർഥങ്ങളുടെ ഉപയോഗം എന്നിവ കൊഴിഞ്ഞുപോക്കിന് കാരണമായി കണ്ടെത്തിയിട്ടുള്ളതിനാൽ ലഹരി വിരുദ്ധ പ്രചാരണങ്ങളും ബോധവൽകരണ പരിപാടികളും സർക്കാരിന്റെയും സർക്കാരിതര ഏജൻസികളുടെയും നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു.
- പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിവരുന്ന സൗജന്യ ഉച്ചഭക്ഷണം, സൗജന്യ പാഠപുസ്തകങ്ങൾ, യൂണിഫോം, സാമ്പത്തികാനുകൂല്യങ്ങൾ എന്നിവയെക്കുറിച്ച് ബോധവൽകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

സ്കൂൾ കുട്ടികൾക്കുള്ള ദേശീയ സമ്പാദ്യ പദ്ധതി

229 (3359) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കുള്ള ദേശീയ സമ്പാദ്യ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

സഞ്ചയിക പദ്ധതി നടപ്പിലാക്കിക്കൊണ്ടിരുന്ന അതേ മാനദണ്ഡങ്ങൾ നിലനിർത്തിക്കൊണ്ട് സഞ്ചയിക പദ്ധതിയെ സ്റ്റുഡൻസ് സേവിംഗ്സ് സ്കീം എന്ന പേരിൽ പുനർനാമകരണം ചെയ്തുകൊണ്ട് ധനകാര്യ വകുപ്പ് ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിലെ പുതുക്കിയ മാർഗനിർദേശത്തിൽ സ്കൂൾ ട്രസ്റ്റ് രൂപീകരണം, പദ്ധതി നടത്തിപ്പിന്റെ ഉത്തരവാദിത്തമുള്ള അധ്യാപകന്റെ ഇൻസെന്റീവ് തുടങ്ങിയ പുതുക്കിയ മാർഗനിർദേശങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചുവരികയാണ്.

(ബി) ഈ പദ്ധതിയുടെ മേൽനോട്ടത്തിനായി ഒരോ സ്കൂളിലും ഒരു ടീച്ചർക്ക് ചുമതല നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(സി) ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അധ്യാപകരുടെ സമിതിയെ നിയോഗിക്കുമോ; വ്യക്തമാക്കുമോ?

(ഡി) ഈ പദ്ധതി നടപ്പിലാക്കുമെങ്കിൽ പ്രസ്തുത ഇനത്തിൽ ലഭിക്കുന്ന തുക സംസ്ഥാന ട്രഷറിയിൽ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി-ഡി) പരിശോധിച്ചുവരുന്നു.

നിർമ്മിത ബുദ്ധി പരിശീലനം

230 (3360) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എത്ര ഹൈസ്കൂൾ, ഹയർ സെക്കൻഡറി അധ്യാപകർക്കാണ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കൈറ്റ് വഴി നിർമ്മിത ബുദ്ധി സംബന്ധിച്ച പരിശീലനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പഠന പ്രവർത്തനങ്ങളിൽ നിർമ്മിതബുദ്ധി പ്രയോജനപ്പെടുത്തുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ അധ്യാപകർക്ക് പ്രത്യേക പരിശീലനം ആരംഭിച്ചിട്ടുണ്ട്. സെക്കൻഡറി, ഹയർസെക്കൻഡറി മേഖലയിലെ 23,000 അധ്യാപകർക്ക് 4 ദിവസത്തെ പരിശീലനം നൽകി. സംസ്ഥാനത്തെ ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലെ അവശേഷിക്കുന്ന എല്ലാ അധ്യാപകർക്കും 2024 ഡിസംബറിനകം പ്രത്യേക പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാർത്ഥികളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ

231 (3361) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കാനും തൊഴിൽ ശാക്തീകരണം ഉറപ്പുവരുത്താനുമായി നടപ്പിലാക്കുന്ന നൂതന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ തൊഴിൽക്ഷമത വർധിപ്പിക്കാൻ സംസ്ഥാനത്തിന്റെ നൈപുണ്യ വികസന നിലവാരം ഉയർത്തുന്നതിന് പ്രധാന ചാലക ശക്തിയായി നിൽക്കുന്നത് വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള സർക്കാർ/സ്വകാര്യ ഐ.ടി.ഐ.-കളാണ്. ഉന്നത നിലവാരത്തിൽ പ്രവർത്തിക്കുന്ന 104 സർക്കാർ ഐ.ടി.ഐ.-കൾ, 44 എസ്.സി.ഡി.ഡി ഐ.ടി.ഐ.-കൾ, 2 എസ്.ടി.ഡി.ഡി. ഐ.ടി.ഐ.-കൾ, 250-ഓളം സ്വകാര്യ ഐ.ടി.ഐ.-കൾ എന്നിവയിലൂടെ വർഷംതോറും ഏകദേശം അൻപതിനായിരത്തോളം ട്രെയിനികൾ പരിശീലനം പൂർത്തിയാക്കുന്നുണ്ട്. മേൽപ്പറഞ്ഞ 104 ഐ.ടി.ഐ.-കളിൽ തൊഴിൽ ശാക്തീകരണം ഉറപ്പുവരുത്തുന്നതിലേയ്ക്കായി 17 സ്ഥാപനങ്ങളിൽ പ്രൊഡക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ കാലഹരണപ്പെട്ട ട്രേഡുകൾ റീവാമ്പിംഗിലൂടെ ഒഴിവാക്കി ന്യൂജെൻ ട്രേഡുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ യുവജനങ്ങൾക്ക് നൈപുണ്യത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നതിനായി ജില്ലാടിസ്ഥാനത്തിൽ തൊഴിൽമേള, അപ്രന്റീസ് മേള എന്നിവ

നടത്തിവരുന്നുണ്ട്. ഇതോടൊപ്പം സംരംഭകത്വ പരിശീലനവും സിലബസ്സിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇരുപത്തിയഞ്ചോളം ന്യൂജെൻ ട്രേഡുകളിൽ പരിശീലനം നൽകാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ സംസ്ഥാനത്തെ 23 വയസ്സിൽ താഴെയുള്ള യുവാക്കൾക്കും പ്ലസ് ടു ലെവൽ വിദ്യാർത്ഥികൾക്കും അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കാനും തൊഴിൽ ശാക്തീകരണം ഉറപ്പുവരുത്താനുമായി നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കും. ഈ കേന്ദ്രങ്ങളിൽ ആറുമാസത്തെ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര സർക്കാരിന്റെ നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻസ് ഫ്രെയിംവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. രാജ്യത്തും വിദേശത്തുമായി തൊഴിൽ സാധ്യതയുള്ള 29 പുതുതലമുറ കോഴ്സുകളാണ് തുടക്കത്തിൽ ആരംഭിക്കുന്നത്. എല്ലാ കോഴ്സുകളും തികച്ചും സൗജന്യമാണ്. സംസ്ഥാനതലത്തിൽ 236 നൈപുണ്യ പരിശീലന കേന്ദ്രങ്ങൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്. 2023-24 വർഷത്തിൽ എല്ലാ ജില്ലകളിലും പൈലറ്റ് അടിസ്ഥാനത്തിൽ 14 കേന്ദ്രങ്ങൾ പ്രവർത്തനം

തുടങ്ങിയിട്ടുണ്ട്. 2024-25 വർഷത്തിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങളുടെ എണ്ണം 210 ആകും.

വിദ്യാർത്ഥികളിൽ തൊഴിൽ നൈപുണ്യം വളർത്തിയെടുക്കുകവഴി പുതിയ തലമുറയുടെ തൊഴിൽക്ഷമത ഉറപ്പാക്കി, അതുവഴി തൊഴിലില്ലായ്മ എന്ന സാമൂഹികപ്രശ്നം ഫലപ്രദമായി പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ, ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള (അസാപ് കേരള). സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഇഷ്ട തൊഴിൽ മേഖലയിൽ നൈപുണ്യം നേടുന്നതിനായി 'അസാപ് കേരള' മുഖാന്തരം അനവധി നൂതന കോഴ്സുകൾ (ഓഫ് ലൈൻ & ഓൺലൈൻ) ലഭ്യമാക്കുന്നു. ഈ കോഴ്സുകൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാണ്. വ്യവസായ മേഖലയിലെ വേഗത്തിലുള്ള മാറ്റങ്ങൾക്കൊപ്പം നിലനിൽക്കുന്നതിനുള്ള കഴിവുകൾ വിദ്യാർത്ഥികൾക്ക് നൽകുന്നതിലൂടെ അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ബഹുമുഖ സമീപനമാണ് 'അസാപ് കേരള' സ്വീകരിക്കുന്നത്. സർവ്വകലാശാലകളിൽ വിദ്യാർത്ഥികൾ

പഠിക്കുന്ന കാര്യങ്ങളും തൊഴിൽ മേഖല ആവശ്യപ്പെടുന്ന കഴിവുകളും തമ്മിലുള്ള വിടവ് നികത്തുന്നതിനാണ് ഈ സമീപനം ലക്ഷ്യമിടുന്നത്.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുടനീളം അസാപ് നൈപുണ്യവികസന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തങ്ങൾ നടന്നുവരുന്നു. ഹ്രസ്വകാല സ്കിൽ ഡെവലപ്മെന്റ് കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ (യുജിസി) മാർഗ്ഗനിർദ്ദേശങ്ങളോട് ചേർന്നുനിൽക്കുന്ന രീതിയിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അസാപ് നൈപുണ്യവികസന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലൂടെ വിദ്യാർത്ഥികൾക്ക് അവരുടെ പതിവ് ഡിഗ്രി കോഴ്സുകൾക്കൊപ്പം തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട നൂതന പരിശീലനങ്ങളിൽ പങ്കെടുക്കാനുള്ള അവസരം ലഭിക്കും. അസാപ് കേരളയുടെ കോഴ്സുകൾക്ക് ക്രെഡിറ്റ് ലഭ്യമാകുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് അസാപ് സ്ഥാപിക്കുന്ന സ്കിൽ ഡെവലപ്മെൻറ് സെന്ററുകൾ വഴി അസാപ് നിലവിൽ കൊടുത്തുകൊണ്ടിരുന്ന സേവനങ്ങൾ കേരളത്തിലെ കൂടുതൽ വിദ്യാർത്ഥികളിലേയ്ക്ക് എത്തിക്കുകയാണ്. ഓൺലൈൻ, ഓഫ്ലൈൻ അല്ലെങ്കിൽ കമ്പ്യൂട്ടർ ലാബ് അടിസ്ഥാനമാക്കിയുള്ള പ്രായോഗിക ഇ-ലേണിംഗ് കോഴ്സുകൾ (ASAP iLike കോഴ്സുകൾ) എന്നിവയിലൂടെ വിദ്യാർത്ഥികൾക്ക് ആധുനിക തൊഴിലുകൾ നേടാൻ സഹായിക്കുന്ന തൊഴിൽ പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്ക് മാറുന്ന തൊഴിൽ മേഖലകളെക്കുറിച്ചുള്ള അവബോധവും പഠന തന്ത്രങ്ങളും നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഇൻഡക്ഷൻ പ്രോഗ്രാമിൽ തുടങ്ങി കുട്ടികളുടെ താൽപര്യത്തിനനുസരിച്ചുള്ള നൈപുണ്യ പരിശീലനത്തിലൂടെ മുന്നേറി അവരെ ജോലി തേടാൻ പ്രാപ്തരാക്കുന്ന ഗ്രൂമിംഗ് പരിപാടിയിൽ അവസാനിക്കുന്ന തരത്തിലുള്ള നിരന്തര പരിശീലന

പരിപാടികളാണ് അസാപ് നടപ്പിലാക്കുന്നത്. ഇതിനുശേഷം അസാപ് കുട്ടികൾക്ക് ഇന്റേൺഷിപ്/പ്ലേസ്മെന്റ് സഹായവും ചെയ്തുകൊടുക്കുന്നു.

ഇൻഡസ്ട്രി സ്പെസിഫിക് പരിശീലന പരിപാടികൾ: വിവിധ വ്യവസായങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി, വ്യവസായ വിദഗ്ധരുമായി സഹകരിച്ച് വികസിപ്പിച്ചെടുത്ത അനുയോജ്യമായ പരിശീലന പരിപാടികൾ അസാപ് കേരള വാഗ്ദാനം ചെയ്യുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ സയൻസ്, സൈബർ സെക്യൂരിറ്റി തുടങ്ങിയ വളർന്നുവരുന്ന സാങ്കേതികവിദ്യകളിൽ വ്യവസായ-നിർദിഷ്ട കഴിവുകൾ നൽകുന്നതിൽ ഈ പ്രോഗ്രാമുകൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അസാപ്പിന്റെ മിക്കവാറും കോഴ്സുകൾക്കും അതത് തൊഴിൽമേഖലയിൽ പ്രാവീണ്യവും പ്രവർത്തനപരിചയവും ഉള്ളവർതന്നെയാണ് പരിശീലകരായിവരുന്നത്.

സെന്റർ ഓഫ് എക്സലൻസ് (COEs): അന്തർദേശീയ നിലവാരമുള്ള അസാപ്പിന്റെ ഈ കേന്ദ്രങ്ങളിൽ ഗവേഷണപിന്തുണ, നൈപുണ്യപരിശീലനം, ഇന്റേൺഷിപ് എന്നിവ നൽകുന്നു. ഇലക്ട്രിക്

വെഹിക്കിൾ, ഓഗ്മെന്റഡ് റിയാലിറ്റി/വെർച്വൽ റിയാലിറ്റി (എ.ആർ/വി.ആർ) ലബോറട്ടറികൾ, ഡ്രോൺ പരിശീലന കേന്ദ്രം തുടങ്ങിയ ഫ്യൂച്ചറിസ്റ്റിക് സെന്ററുകൾ അസാപ് കേരള സ്ഥാപിച്ചിട്ടുണ്ട്.

പുതിയ പ്ലസ് ടു ബാച്ച് അനുവദിക്കാൻ നടപടി

232 (3362) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മട്ടന്നൂർ മണ്ഡലത്തിലെ ഹയർസെക്കൻഡറി സ്കൂളുകളിൽ എവിടെയെങ്കിലും പുതിയ പ്ലസ് ടു ബാച്ച് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. താൽകാലിക അധിക ബാച്ച് ഗവ. എച്ച്.എസ്.എസ്. പടിയൂർ (13168), മാലൂർ ജി.എച്ച്.എസ്.എസ് (13107) എന്നിവയിൽ അനുവദിച്ചിട്ടുണ്ട്.

പൊതുവിദ്യാലയങ്ങളിലെ ലൈബ്രറി സംവിധാനം

233 (3363) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ആവശ്യമായ രീതിയിൽ ലൈബ്രറി സംവിധാനങ്ങൾ ഉണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ലൈബ്രറികൾ പ്രവർത്തിപ്പിക്കുന്നതിന് പൊതുവിദ്യാലയങ്ങളിൽ ലൈബ്രേറിയൻ തസ്തികകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് വകുപ്പ് കൈക്കൊണ്ട തീരുമാനം വ്യക്തമാക്കുമോ?

(എ & ബി) ഉണ്ട്. പൊതുവിദ്യാലയങ്ങളിൽ ലൈബ്രറി സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ പുസ്തകവിതരണം നടത്തുന്നതിനായി 'വായനയുടെ വസന്തം' എന്ന പദ്ധതി വകുപ്പിൽ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി വിവിധ കാലയളവുകളിൽ സ്കൂളുകൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഒന്നുമുതൽ പത്തുവരെയുള്ള സ്കൂളുകൾക്ക് കെ.ഇ.ആർ.പ്രകാരം ലൈബ്രേറിയൻ തസ്തിക അനുവദിച്ചിട്ടില്ല. സ്കൂളിലെ ഒരു അധ്യാപികയ്ക്ക്/അധ്യാപകന് ലൈബ്രറിയുടെ ചുമതല നൽകുകയാണ് നിലവിൽ ചെയ്തുവരുന്നത്.

(സി) കേരള വിദ്യാഭ്യാസ ചട്ടപ്രകാരം പൊതുവിദ്യാലയങ്ങളിൽ ലൈബ്രറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

വിദ്യാർത്ഥികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുന്നതിന് 2018-19 അധ്യയന വർഷത്തിൽ ഒരു പുതിയ പദ്ധതി "ലൈബ്രറികളും ക്ലാസ് റൂം ലൈബ്രറികളും" എന്നപേരിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ആരംഭിക്കുകയും പുസ്തകങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളിൽ വായനാശീലം പോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുന്നതിനായി "വായനയുടെ വസന്തം" എന്നപേരിൽ ഒരു പുതിയ പദ്ധതി ആരംഭിക്കുകയും ഗവ.എച്ച്.എസ്., യു.പി., എയ്ഡഡ് എച്ച്.എസ്., യു.പി. സ്കൂളുകൾക്ക് വിവിധ കാലയളവുകളിൽ പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഈ പദ്ധതി സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തുകയും നിശ്ചിത കാലയളവിനുള്ളിൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ടി വർഷങ്ങളിൽ വൻതോതിൽ ലൈബ്രറി

പുസ്തകങ്ങൾ വിതരണം ചെയ്ത 203 സർക്കാർ സ്കൂളുകളിൽ ബുക്ക് റാക്കും വിതരണം ചെയ്തിട്ടുണ്ട്. 2024-2025 വർഷം 30 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളതും പദ്ധതി നടപ്പിൽ വരുത്തുന്നതിനായി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി തുക വിനിയോഗിച്ച് സംസ്ഥാനത്തെ തിരഞ്ഞെടുത്ത 10 സ്കൂൾ ലൈബ്രറികൾ നവീകരിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

ഉച്ചഭക്ഷണ പദ്ധതി

234 (3364) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായുള്ള തുകയിൽ എന്തെങ്കിലും വെട്ടിക്കുറയ്ക്കൽ വരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കുള്ള തുക വെട്ടിക്കുറച്ചിട്ടില്ല.

(ബി) പ്രൈമറിതലത്തിൽ ഉച്ചഭക്ഷണത്തിനുള്ള തുകയിൽ രണ്ടുരൂപ വെട്ടിക്കുറച്ചത് പ്രധാനാധ്യാപകരെ കൂടുതൽ പ്രതിസന്ധിയിലാക്കിയത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തീരുമാനം പിൻവലിച്ചുകൊണ്ട് തുക ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ചെലവുകൾക്കും സപ്ലിമെന്ററി ന്യൂട്രീഷന്റെ ഭാഗമായി നൽകുന്ന പാൽ, മുട്ട എന്നിവയുടെ ചെലവുകൾക്കുമായി 150 കുട്ടികൾ വരെ കൂട്ടി ഒന്നിന് 8 രൂപ, 151 മുതൽ 500 കുട്ടികൾ വരെ കൂട്ടി ഒന്നിന് 7 രൂപ, 500 കുട്ടികൾക്ക് മുകളിലുള്ള ഓരോ കുട്ടിക്കും 6 രൂപ എന്നീ നിരക്കുകളിലാണ് പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകൾക്ക് തുക നൽകിവന്നിരുന്നത്. ഇത് പര്യാപ്തമല്ല എന്ന് കണ്ടെത്തിയതിനെത്തുടർന്ന് ഉച്ചഭക്ഷണം നൽകുന്നതിന്റെ ചെലവുകൾക്ക് മാത്രമായി പ്രൈമറി വിഭാഗത്തിന് കുട്ടി ഒന്നിന് 6 രൂപയും അപ്പർ പ്രൈമറി വിഭാഗത്തിൽ കുട്ടി ഒന്നിന് 8.17 രൂപയും (സപ്ലിമെന്ററി ന്യൂട്രീഷൻ ഒഴികെ) എന്ന രീതിയിൽ 07-06-2024 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 3676/2024/പൊ.വി.വ. പ്രകാരം നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്. ടി നിരക്കുകൾ ഉച്ചഭക്ഷണം നൽകുന്നതിനുമാത്രമുള്ള ചെലവുകൾക്ക്

ആയതിനാൽ, സപ്ലിമെന്ററി ന്യൂട്രീഷൻ പദ്ധതിക്ക് സ്കൂളുകൾക്ക് പ്രത്യേകം തുക അനുവദിക്കുന്നതാണ്.

(സി) മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ അനുബന്ധ ചെലവുകൾക്കുള്ള തുക മുൻകൂട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഇതുൾപ്പെടെയുള്ള ചെലവുകൾക്കായി ബജറ്റിൽ "സംസ്ഥാന അധിക വിഹിതം" എന്ന ശീർഷകത്തിൽ 232.14 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓരോ മാസവും സ്കൂളുകൾ സമർപ്പിക്കുന്ന ബില്ലുകളും അനുബന്ധ രേഖകളും തൊട്ടടുത്ത മാസം 15-ന് മുൻപായി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ പരിശോധിച്ച് അംഗീകരിച്ചതിനുശേഷം റീ-ഇംബേഴ്മെന്റായാണ് തുക നിലവിൽ അനുവദിച്ചുവരുന്നത്. ഈ രീതിതന്നെ തുടരുന്നതാണ് പ്രായോഗികവും ഉചിതവുമെന്ന് കാണുന്നു.

ഭിന്നശേഷി വിദ്യാർഥികൾക്കുള്ള പഠന സൗകര്യങ്ങൾ

235 (3365) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ടുപ്രകാരം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ആകെ നിലവിൽ എത്ര ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുണ്ടെന്ന കണക്ക് ജില്ലതിരിച്ച് ലഭ്യമാക്കുമോ?

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

ജില്ല	എണ്ണം
തിരുവനന്തപുരം	8886
കൊല്ലം	6892
പത്തനംതിട്ട	3573
ആലപ്പുഴ	6938
കോട്ടയം	5378
ഇടുക്കി	4639
എറണാകുളം	7499
തൃശ്ശൂർ	12576
പാലക്കാട്	10527
മലപ്പുറം	13550
കോഴിക്കോട്	18866
വയനാട്	3747

കണ്ണൂർ	9171
കാസർഗോഡ്	6259
ആകെ	118501

(ബി) നിലവിലെ സ്കൂൾ വിന്യാസപ്രകാരം പ്രസ്തുത ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പൂർണ്ണതോതിൽ അധ്യയനം ലഭ്യമാക്കുന്നതിനാവശ്യമായ അധ്യാപക, അനധ്യാപക ജീവനക്കാരുടെ എണ്ണം എത്രയാണെന്ന ഇനം തിരിച്ചുള്ള കണക്ക് അറിയിക്കുമോ?

സമഗ്ര ശിക്ഷാ കേരളയുടെ ഭാഗമായി എലമെന്ററി വിഭാഗത്തിൽ 1521-ഉം സെക്കൻഡറി വിഭാഗത്തിൽ 1365-ഉം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിക്കുന്നതിന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിലെ പ്രോജക്ട് അപ്രൂവൽ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ചിട്ടുള്ള അത്രയും എണ്ണം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

ഓരോ ഭിന്നശേഷി വിഭാഗത്തിലെയും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ എണ്ണം ചുവടെ നൽകുന്നു.

ജില്ല	എലമെന്ററി	സെക്കൻഡറി	ആകെ
തിരുവനന്തപുരം	141	129	270

കൊല്ലം	102	80	182
പത്തനംതിട്ട	52	50	102
ആലപ്പുഴ	103	72	175
കോട്ടയം	98	95	193
ഇടുക്കി	64	60	124
എറണാകുളം	130	149	279
തൃശ്ശൂർ	142	140	282
പാലക്കാട്	128	118	246
മലപ്പുറം	182	152	334
കോഴിക്കോട്	166	137	303
വയനാട്	45	44	89
കണ്ണൂർ	97	80	177
കാസർഗോഡ്	71	59	130
ആകെ	1521	1365	2886

ആയമാരുടെ എണ്ണം ചുവടെ നൽകുന്നു.

ജില്ല	എലമെന്ററി	സെക്കൻഡറി	ആകെ
തിരുവനന്തപുരം	12	10	22
കൊല്ലം	12	8	20
പത്തനംതിട്ട	11	5	16
ആലപ്പുഴ	11	2	13
കോട്ടയം	13	2	15
ഇടുക്കി	8	3	11
എറണാകുളം	15	5	20
തൃശ്ശൂർ	18	7	25
പാലക്കാട്	13	2	15

മലപ്പുറം	15	5	20
കോഴിക്കോട്	15	2	17
വയനാട്	3	2	5
കണ്ണൂർ	15	4	19
കാസർഗോഡ്	7	3	10
ആകെ	168	60	228

(സി) ഭിന്നശേഷി വിദ്യാർത്ഥികൾക്കായി സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ നിലവിലുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ആകെ എണ്ണം എത്രയാണെന്ന കണക്ക് ഭിന്നശേഷി വിഭാഗങ്ങൾ തിരിച്ച് ലഭ്യമാക്കുമോ?

സമഗ്ര ശിക്ഷാ കേരളയുടെ ഭാഗമായി എലമെന്ററി വിഭാഗത്തിൽ 1521-ഉം സെക്കൻഡറി വിഭാഗത്തിൽ 1365-ഉം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിക്കുന്നതിന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിലെ പ്രോജക്ട് അപ്രൂവൽ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ആകെ എണ്ണം ഭിന്നശേഷി വിഭാഗങ്ങൾ തിരിച്ച് വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇത്രയും പ്രാധാന്യമർഹിക്കുന്ന ചുമതലകൾ നിർവ്വഹിക്കേണ്ട സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ ആവശ്യമായതിന്റെ മൂന്നിലൊന്ന് എണ്ണം മാത്രമേ ഉള്ളൂവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഇ) നിലവിലെ ചട്ടങ്ങൾപ്രകാരം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ചുമതലകൾ എന്തെല്ലാമാണ്; ക്ലാസ് റൂമിലെ അധ്യയനത്തിന് പുറമേ മറ്റെന്തെല്ലാം ചുമതലകളാണ് ഇവരിൽ നിക്ഷിപ്തമായിട്ടുള്ളതെന്ന് വിശദമാക്കുമോ;

(എഫ്) ഭിന്നശേഷി വിദ്യാർത്ഥികളുടെ അധ്യയനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് ഭിന്നശേഷി കുട്ടികളുടെ മാതാപിതാക്കളുടെ കൂട്ടായ്മയായ 'നവജീവൻ' ബാലാവകാശ കമ്മീഷന് പരാതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തൊക്കെ വിഷയങ്ങളാണ് പ്രസ്തുത പരാതിയിൽ ഉന്നയിച്ചിട്ടുള്ളത്; ഈ പരാതികൾ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ?

(ഇ & എഫ്) വിവരം ശേഖരിച്ചുവരുന്നു.

സ്കൂളുകളിൽ വായനാശീലം വളർത്തുന്നതിനായുള്ള നടപടി

236 (3366) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി പ്രൈമറി, അപ്പർ പ്രൈമറിതലങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് വിദ്യാലയങ്ങളിൽ എന്തെല്ലാം കാര്യങ്ങൾ നടത്താനാണ് വിദ്യാഭ്യാസ വകുപ്പ് ആലോചിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗങ്ങളിൽ വായനാശീലം പ്രോത്സാഹിപ്പിക്കാൻ വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

(എ&ബി) വിദ്യാർത്ഥികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുന്നതിന് 2018-19 അധ്യയന വർഷത്തിൽ "ലൈബ്രറികളും ക്ലാസ്റൂം ലൈബ്രറികളും" എന്ന പേരിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഒരു പുതിയ പദ്ധതി ആരംഭിക്കുകയും ആയതിനായി ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിച്ച്

സംസ്ഥാനത്തെ സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകിയിട്ടുമുണ്ട്. സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുന്നതിനായി "വായനയുടെ വസന്തം" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിക്കുകയും ആയതുപ്രകാരം ഗവ. എച്ച്.എസ്., യു.പി., എയ്ഡഡ് എച്ച്.എസ്., യു.പി. സ്കൂളുകൾക്ക് വിവിധ കാലയളവുകളിൽ പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2024-2025 വർഷം 30 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി തുക വിനിയോഗിച്ച് സംസ്ഥാനത്തെ തിരഞ്ഞെടുത്ത 10 സ്കൂളുകളിൽ ലൈബ്രറികൾ നവീകരിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

<u>കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി പ്രൈമറി, അപ്പർ പ്രൈമറി ഹൈസ്കൂൾതലങ്ങളെ കേന്ദ്രീകരിച്ചുനടത്തുന്ന പ്രവർത്തനങ്ങൾ</u>

1) ജൂൺ 19-ന് വായനാദിനം സമുചിതമായി ആചരിക്കുന്നു. വായനാദിനത്തോടനുബന്ധിച്ച് വിവിധതരം വായനകൾ, വായനമത്സരങ്ങൾ, വായനാദിന ക്വിസ്, പി. എൻ. പണിക്കർ അനുസ്മരണം, തുടർവായന സാധ്യതകൾ, ലൈബ്രറി സന്ദർശനം, പുസ്തക പ്രദർശനം, വായനക്കുറിപ്പ്, പുസ്തകാസ്വാദനം, പുസ്തകത്തൊട്ടിൽ തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

2) സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി വായനാമൂലകൾ പ്രാദേശിക ലൈബ്രറികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ വായനയെ പ്രോത്സാഹിപ്പിക്കുന്നു.

3) പുതിയ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ക്ലാസുകളിൽ തീമാറ്റിക് ലൈബ്രറി സജ്ജമാക്കാനുള്ള നിർദേശങ്ങൾ ടീച്ചർ ടെക്സ്റ്റിൽ നൽകിക്കഴിഞ്ഞു. ഓരോ യൂണിറ്റും ഒരു തീമിനെ ആസ്പദമാക്കിയാണ് തയ്യാറാക്കിയിരിക്കുന്നത്. ആ കാലയളവിൽ ചർച്ച ചെയ്യുന്ന തീമുമായി ബന്ധപ്പെട്ട പുസ്തകങ്ങൾക്ക് പ്രത്യേകം പരിഗണന നൽകി അവ കുട്ടികൾക്ക് വായനയ്ക്കായി തയ്യാറാക്കുന്ന പദ്ധതിയാണ് തീമാറ്റിക് ലൈബ്രറി.

4) ടീച്ചർ ടെക്സ്റ്റിൽ ഓരോ യൂണിറ്റിന്റെയും അവസാനം തുടർവായന ലക്ഷ്യത്തിനായി സഹായക ഗ്രന്ഥങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. അവ ക്ലാസ്സ് റൂമുകളിൽ എങ്ങനെ പ്രയോജനപ്പെടുത്തണമെന്നും അതിലൂടെ എങ്ങനെ വായനയെ പ്രോത്സാഹിപ്പിക്കാമെന്നുമുള്ള നിർദേശം അതത് ടീച്ചർ ടെക്സ്റ്റിൽ നൽകിയിട്ടുണ്ട്.

5) വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി പത്രവായന പ്രോത്സാഹിപ്പിക്കണമെന്ന വിദ്യാഭ്യാസ വകുപ്പിന്റെ തീരുമാനം നടപ്പിലാക്കിവരുന്നു. മാതൃഭാഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടും വൈജ്ഞാനിക സാഹിത്യ മേഖലകളുടെ വികാസത്തിന് അനുഗ്രണമായ വാർത്തകൾക്ക് പ്രാധാന്യം നൽകിയുമുള്ള വാർത്തകൾ വായിക്കുന്നതിലൂടെ കുട്ടികളിൽ വായനയോടുള്ള താല്പര്യം വർദ്ധിക്കും.

6) സമഗ്രശിക്ഷ കേരളയും കുട്ടികളുടെ വായന പ്രോത്സാഹനത്തിനായി വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

വിദ്യാഭ്യാസ കലണ്ടർ പരിഷ്കരണം

237 (3367) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ കലണ്ടർ പരിഷ്കരണം സംബന്ധിച്ച് സർക്കാർ അധ്യാപക സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ചർച്ചയിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കുമോ; പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

വിദ്യാഭ്യാസ കലണ്ടർ പരിഷ്കരണം സംബന്ധിച്ച് സർക്കാർ അധ്യാപക സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്. മിനിട്സിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു+.

(ബി) വിദ്യാഭ്യാസ കലണ്ടർ പരിഷ്കരണം സംബന്ധിച്ച് അധ്യാപക സംഘടനകൾ പ്രതിഷേധം ഉയർത്തിയിരിക്കുന്ന സാഹചര്യത്തിൽ എന്തെങ്കിലും പുനർവിചിന്തനത്തിന് ആലോചിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട WP(C) 25120/2023 കേസിലെ 26-02-2024-ലെ വിധിന്യായം പാലിച്ചുകൊണ്ട് പുറപ്പെടുവിച്ച 25-04-2024-ലെ എസ്2(എ) 1599098/2023/ഡി.ജി.ഇ. നമ്പർ ഉത്തരവിൽ വരും വർഷങ്ങളിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം VII ചട്ടം 3 പ്രകാരമുള്ള പ്രവൃത്തി ദിനങ്ങൾ എത്തിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമെന്ന് അറിയിച്ചിരുന്നു. എന്നാൽ ടി കേസിലെ 23-05-2024-ലെ Contempt Case (C) No. 1134/2024(S) പ്രകാരം 06-06-2024 തീയതിക്ക് മുമ്പായി 2024-25 വർഷത്തെ അക്കാദമിക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കലണ്ടർ സംബന്ധിച്ച നിർദേശം നൽകാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിടുകയും അതുപ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ instructions സമർപ്പിക്കുകയും ചെയ്തിരുന്നു. ഇവയുടെ അടിസ്ഥാനത്തിലാണ് 220 പ്രവൃത്തി ദിനങ്ങൾ ഉൾപ്പെടുത്തി കലണ്ടർ പ്രസിദ്ധീകരിച്ചത്.

2024-25 വർഷത്തെ വിദ്യാഭ്യാസ കലണ്ടർ ജൂൺ 3-ന് എറണാകുളം എളമക്കര സ്കൂളിൽ വച്ചുനടന്ന സംസ്ഥാന സ്കൂൾ പ്രവേശനോത്സവത്തിൽ പ്രകാശനം ചെയ്തിട്ടുണ്ട്. എന്നാൽ 2024-25 വർഷത്തെ അക്കാദമിക് കലണ്ടറിൽ 220 പ്രവൃത്തി ദിനങ്ങൾ ഉൾപ്പെടുത്തിയ കോടതി ഉത്തരവിനെതിരെ അധ്യാപക സംഘടനകൾ പുനഃപരിശോധന ഹർജി നൽകിയിട്ടുണ്ട്. അതിന്മേലുള്ള കോടതി നടപടിക്രമം പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ അന്തിമതീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

കുറിച്ചി ടെക്നിക്കൽ സ്കൂളിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി

238 (3368) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചങ്ങനാശ്ശേരി മണ്ഡലത്തിലെ കുറിച്ചി ടെക്നിക്കൽ സ്കൂളിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

02-02-2022-ലെ സ.ഉ.(സാധാ)നം. 194/2022/Hedn. ഉത്തരവുപ്രകാരം കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ 3.43 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി സ്ഥലം അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിനാൽ മറ്റേതെങ്കിലും ഭൂമി ഏറ്റെടുക്കുന്നതിനായുള്ള സാധ്യത പരിശോധിച്ചുവരുന്നു.

സ്കൂൾ പി.റ്റി.എ.യുടെ കർത്തവ്യങ്ങളും ചുമതലകളും

239 (3369) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പി.റ്റി.എ.യുടെ ഘടന വിശദമാക്കാമോ?

അതത് അക്കാദമിക വർഷം പഠനം നടത്തുന്ന മുഴുവൻ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളും പി.ടി.എ. ജനറൽ ബോഡിയിൽ

അംഗങ്ങളായിരിക്കും. പി.ടി.എ. ജനറൽ ബോഡിയിൽ നിന്ന് നേരിട്ട് തിരഞ്ഞെടുത്തവരായിരിക്കും എക്സിക്യൂട്ടീവ് കമ്മിറ്റി. ഇതിന്റെ അംഗസംഖ്യ ഏറ്റവും കുറഞ്ഞത് 15-ഉം ഏറ്റവും കൂടിയത് 21-ഉം ആയിരിക്കും. ഇതിലെ രക്ഷിതാക്കളുടെ എണ്ണം അധ്യാപകരുടെ എണ്ണത്തെക്കാൾ ഒന്ന് കൂടുതലായിരിക്കും. പി.ടി.എ. എക്സിക്യൂട്ടീവിലേയ്ക്ക് രക്ഷിതാക്കളെയും അധ്യാപകരെയും തിരഞ്ഞെടുക്കുമ്പോൾ സ്കൂളിലെ പ്രൈമറി, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി എന്നീ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കണം. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കാലാവധി, തിരഞ്ഞെടുക്കപ്പെട്ടതുമുതൽ തൊട്ടടുത്ത വർഷത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി തിരഞ്ഞെടുപ്പ് നടക്കുന്ന ദിവസംവരെ ആയിരിക്കും.

(ബി) സ്കൂൾ പി.റ്റി.എ.-യുടെ കർത്തവ്യങ്ങളും ചുമതലകളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഏറ്റവുമൊടുവിൽ പരിഷ്കരിച്ച് പുറത്തിറക്കിയ ഉത്തരവുകളോ സർക്കുലറുകളോ ഉണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കുട്ടികളുടെ നന്മയ്ക്കായി അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണം വളർത്തിയെടുക്കുക, കുട്ടികളുടെ ഉന്നമനത്തിനായി സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ശ്രമിക്കുക, സ്കൂളുകളിൽ സാസ്കാരിക പരിപാടികൾ, സെമിനാർ, അധ്യയനവുമായി ബന്ധപ്പെട്ട സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിന് മുൻകൈയെടുക്കുക, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും അവരെ സഹായിക്കുന്നതിനുമുള്ള സ്കീമുകൾ നടപ്പിലാക്കുക എന്നിവ പി.ടി.എ.-യുടെ ചുമതലകളിലും കർത്തവ്യങ്ങളിലും ഉൾപ്പെടുന്നു. കൂടുതൽ വിവരങ്ങൾ താഴെ സൂചിപ്പിക്കുന്ന ഉത്തരവുകളിലും സർക്കുലറുകളിലും വ്യക്തമാക്കിയിട്ടുണ്ട്.

- പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പിലെ 25-06-2007-ലെ സ.ഉ.(കയ്യെഴുത്ത്) നം. 126/2007/പൊ.വി.വ.
- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 15-09-2022-ലെ ഡി.ജി.ഇ/11055/2022/എച്ച്1 നമ്പർ പരിപത്രം.

- പൊതുവിദ്യാഭ്യാസ(റ്റി) വകുപ്പിലെ 18-07-2007-ലെ സ.ഉ.(കയ്യെഴുത്ത്) നം. 142/2007/പൊ.വി.വ.
- പൊതുവിദ്യാഭ്യാസ(റ്റി) വകുപ്പിലെ 23-09-2014-ലെ സ.ഉ.(കയ്യെഴുത്ത്) നം. 196/2014/പൊ.വി.വ.
- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03-05-2018-ലെ എച്ച്1/22573/2017/ഡി.പി.ഐ നമ്പർ സർക്കുലർ
- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07-04-2021-ലെ എച്ച്1/6578/2020/ഡി.ജി.ഇ നമ്പർ സർക്കുലർ

ബാലുശ്ശേരി മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം

240 (3370) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ അവിടനല്ലൂർ ജി.എച്ച്.എസ്.എസ്-ന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി ഇക അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്.എസ്, അവിടനല്ലൂർ സ്കൂളിന്റെ feasibility study LSGD മുഖാന്തരം നടത്തി DPR തയ്യാറാക്കി പുതുക്കിയ DSR/GST നിരക്കുപ്രകാരം 3.90 കോടി രൂപയുള്ള പുതുക്കിയ ഭരണാനുമതി നൽകേണ്ടതായി വന്നിരുന്നു. ഇതനുസരിച്ച് 'കില' പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നൽകിയിരുന്നു.

Project Execution Document (PED) തയ്യാറാക്കി കിഫ്ബിയുടെ അനുമതിക്കായി നൽകിയിട്ടുണ്ട്. അനുമതി ലഭ്യമായാലുടൻ ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

പത്തനംതിട്ട ജില്ലയിൽ പാർടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ തസ്തികയിൽ നിയമനം

241 (3371) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ പാർട്ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ തസ്തികയിൽ അഡ്വൈസ് ലഭിച്ചിട്ടും ഉദ്യോഗാർഥികൾക്ക് നിയമനം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളതെന്നും എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവെന്നും വിശദമാക്കാമോ;

(സി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് അഡ്വൈസ് ചെയ്തിട്ടും നിയമനം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

(ബി&സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള ഒഴിവുകൾ നിലവിലില്ല. റിപ്പോർട്ട് ചെയ്തിരുന്ന നാല് ഒഴിവുകളിൽ 4 ഉദ്യോഗാർഥികൾക്ക് പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭ്യമായിട്ടുണ്ട്. എന്നാൽ 2023-2024 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം)-ന്റെ ഒരു തസ്തിക നഷ്ടപ്പെട്ടതിനാൽ 3 ഒഴിവുകൾ മാത്രമെ നിലവിലുള്ളൂ. ആയതിനാൽ നിയമന ശിപാർശ ലഭിച്ച നാലാമത്തെ ഉദ്യോഗാർഥിക്ക്

നിയമനം നൽകുന്ന വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്പഷ്ടീകരണം ആവശ്യപ്പെടുകയും ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയുമാണ്.

ഹൈസ്കൂൾ ടീച്ചർ (ഗണിതം) തസ്തികയിലെ ഒഴിവുകൾ

242 (3372) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ഹൈസ്കൂൾ ടീച്ചർ (ഗണിതം) തസ്തികയിലെ റാങ്ക് ലിസ്റ്റിൽനിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

17 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിൽ എത്ര പ്രതീക്ഷിത ഒഴിവുകളും റിട്ടയർമെന്റ് ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

എറണാകുളം ജില്ലയിൽ ഹൈസ്കൂൾ ടീച്ചർ(ഗണിതം) തസ്തികയിൽ 2 വിരമിക്കൽ ഒഴിവും 3 പ്രതീക്ഷിത ഒഴിവും ഉൾപ്പെടെ 5 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ജില്ലയിലെ ഹൈസ്കൂൾ ടീച്ചർ (ഗണിതം) തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ റാങ്ക് ലിസ്റ്റിൽനിന്ന് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

തസ്തിക നിർണ്ണയത്തിനുശേഷം പി.എസ്.സി. മുഖേന നികത്തേണ്ട ഒഴിവുകൾ ലഭ്യമാകുമ്പോൾ ടി ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്ത് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താവുന്നതാണ്.

പൊതുവിദ്യാഭ്യാസ വകുപ്പിലെ ക്ലർക്ക്, ടൈപിസ്റ്റ് തസ്തികകളുടെ വിശദാംശം

243 (3373) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ അനുവദനീയമായ ക്ലർക്ക്, ടൈപ്പിസ്റ്റ് തസ്തികകൾ എത്രയാണെന്ന് വ്യക്തമാക്കുമോ; കൊല്ലം ജില്ലയിൽ പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

കൊല്ലം ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ അനുവദനീയമായ ക്ലർക്ക്, ടൈപ്പിസ്റ്റ് തസ്തികകളുടെയും ടി തസ്തികകളിലെ ഒഴിവുകളുടെയും എണ്ണം ചുവടെ ചേർക്കുന്നു:

ക്രമ നം.	തസ്തിക	അനുവദനീയമായ തസ്തിക	ഒഴിവുകളുടെ എണ്ണം
1	ക്ലർക്ക്	253	13
2	ടൈപ്പിസ്റ്റ്	26	1

(ബി) കൊല്ലം ജില്ലയിൽ പ്രസ്തുത തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ വർക്കിംഗ് അറേഞ്ച്മെന്റിലോ ജോലി ചെയ്യുന്നവരുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം ജില്ലയിൽ ക്ലർക്ക്, ടൈപ്പിസ്റ്റ് തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ വർക്കിംഗ് അറേഞ്ച്മെന്റിലോ ആരും ജോലി ചെയ്യുന്നില്ല.

വി.എച്ച്.എസ്.ഇ. വൊക്കേഷണൽ ഇൻസ്ട്രക്ടർ നിയമനം

244 (3374) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗത്തിൽ വൊക്കേഷണൽ ഇൻസ്ട്രക്ടറുടെ വിരമിച്ച ഒഴിവിലേയ്ക്ക് താൽകാലിക അടിസ്ഥാനത്തിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരെ നിയമിക്കാത്തതുമൂലം വിദ്യാർഥികളുടെ സ്കിൽ പഠനത്തിലുണ്ടാകുന്ന പോരായ്മ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

ദേശീയ തൊഴിൽ നൈപുണ്യ പാഠ്യപദ്ധതിക്കനുസൃതമായ (NSQF) തസ്തികകൾ സംസ്ഥാനത്തെ സ്കൂളുകളിൽ നിശ്ചയിക്കുന്നതുവരെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പിലെ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. 28-10-2021-ലെ സ.ഉ.(കൈ)നം.242/2021/പൊ.വി.വ. പ്രകാരം കേരളത്തിലെ സർക്കാർ/എയ്ഡഡ് വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിലെ വൊക്കേഷണൽ ടീച്ചർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക്

താൽകാലികമായി നിയമനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിലവിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരായി സ്ഥിരനിയമനം ലഭിച്ചിട്ടുള്ളവർ ബന്ധപ്പെട്ട വൊക്കേഷണൽ ടീച്ചറുമായി സംയോജിച്ച് സ്കിൽ കോഴ്സിലെ പ്രായോഗിക പരിശീലന ക്ലാസ്സുകളെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വൊക്കേഷണൽ ഹയർസെക്കൻഡറിയിൽ യോഗ്യരായ വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്ക് സ്ഥാനക്കയറ്റം ലഭ്യമാക്കുന്നതിൽ നിലവിൽ തടസ്സങ്ങളുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

വൊക്കേഷണൽ ഇൻസ്ട്രക്ടറുടെ പ്രൊമോഷൻ തസ്തികയായ വൊക്കേഷണൽ ടീച്ചർ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ നിർത്തിവച്ചിരിക്കുന്നതിനാലാണ് സ്ഥാനക്കയറ്റം നൽകാനാകാത്തത്.

നിയമന അംഗീകാരം ലഭിക്കാത്ത അധ്യാപകർ

245 (3375) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നിയമനാംഗീകാരം ലഭിക്കാതെ അധ്യാപനം നടത്തുന്ന എത്ര അധ്യാപകരാണ് നിലവിലുള്ളതെന്ന് എൽ.പി., യു.പി., ഹൈസ്കൂൾ എന്നിങ്ങനെ തരംതിരിച്ച് എണ്ണം ലഭ്യമാക്കുമോ?

വിവിധ കാരണങ്ങളാൽ വിദ്യാഭ്യാസ ആഫീസുകളിൽനിന്നും അംഗീകാരം നിരസിക്കപ്പെട്ടവരുടെ എണ്ണം:

എൽ.പി. - 1995
യു.പി. - 2222
ഹൈസ്കൂൾ - 1429

(ബി) ഏതുവർഷം മുതൽ ജോലി നോക്കുന്നവർക്കാണ് നിയമനാംഗീകാരം ലഭിക്കാനുള്ളത്; ഇപ്രകാരം ജോലി ചെയ്യുന്നതിൽ 10 വർഷത്തിലേറെയായി ആനുകൂല്യങ്ങളൊന്നും ലഭിക്കാതെ ജോലി ചെയ്യുന്ന അധ്യാപകരും ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

വർഷം അടിസ്ഥാനമാക്കിയല്ല നിയമനാംഗീകാര നടപടികൾ സ്വീകരിച്ചുവരുന്നത്. ചട്ടപ്രകാരമുള്ള നിയമനങ്ങൾക്ക് അംഗീകാരം

നൽകുന്നതിൽ തടസ്സമില്ല. കെ.ഇ.ആർ. ചട്ടവും ഭിന്നശേഷി നിയമന വ്യവസ്ഥകളും പാലിച്ചുകൊണ്ടുള്ള നിയമനങ്ങൾ അംഗീകരിച്ചുവരുന്നു.

(സി) വിദ്യാർഥികളുടെ എണ്ണം പരിഗണിക്കാതെ ഓരോ ക്ലാസിലും ഒരു അധ്യാപകൻ ഉണ്ടാകണമെന്ന് കെ.ഇ.ആർ. നിഷ്കർഷിക്കുന്നുണ്ടോ?

ഇല്ല.

(ഡി) എങ്കിൽ ഒരു സ്കൂളിൽ അധ്യാപനവും അനധ്യാപക പ്രവർത്തനങ്ങളും തുടങ്ങി ഒരേ ചുമതലകൾ നിർവ്വഹിക്കുന്ന അധ്യാപകരെ വിദ്യാർഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരമുള്ളവരും അംഗീകാരം ഇല്ലാത്തവരും എന്നിങ്ങനെ രണ്ട് തട്ടുകളാക്കി നിർത്തുന്നത് ശാസ്ത്രീയമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

കെ.ഇ.ആർ. ചട്ടങ്ങൾ പാലിക്കുന്ന ഒഴിവുകളിലെ നിയമനങ്ങൾ അംഗീകരിക്കുന്നുണ്ട്. അല്ലാതുള്ള നിയമനങ്ങൾക്കാണ് അംഗീകാരത്തിന് തടസ്സമുള്ളത്.

(ഇ) ഒരേ ജോലി ചെയ്യുമ്പോഴും മറ്റ് സഹപ്രവർത്തകരുടെ മുന്നിൽ രണ്ടാം തരക്കാരായി ജീവിക്കേണ്ടിവരുന്ന അർഹരായ അധ്യാപകർക്ക് നിയമന അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കെ.ഇ.ആർ ചട്ടപ്രകാരം അർഹരായ അധ്യാപകർക്ക് നിലവിൽ നിയമന അംഗീകാരം നൽകുന്നുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പിൽ ആശ്രിത നിയമനം

246 (3376) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ആശ്രിത നിയമന വ്യവസ്ഥയിൽ ജോലി ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിൽ 333 അപേക്ഷകളും ഹയർസെക്കൻഡറി വിഭാഗത്തിൽ 36 അപേക്ഷകളും വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗത്തിൽ 9 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകരിൽ നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവ് ലഭിച്ചവർ എത്രയെന്ന് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിൽ 158 പേർക്കും ഹയർസെക്കൻഡറി വിഭാഗത്തിൽ 9 പേർക്കും വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗത്തിൽ 3 പേർക്കും നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) വർക്കല മണ്ഡലത്തിലെ പകൽകുറി ഗവ.എച്ച്.എസ്.എസ്.-ൽ ലാബ് അസിസ്റ്റന്റായി സേവനമനുഷ്ഠിക്കവെ അന്തരിച്ച ശ്രീകുമാറിന്റെ മകൻ ശ്രീ. അലൻ എസ്.-ന് നിയമനം നൽകാൻ 28-09-2022-ലെ സ.ഉ.(കൈ) നം. 171/2022/ജി.ഇ.ഡി. പ്രകാരം ഉത്തരവ് ആയെങ്കിലും നിയമന ഉത്തരവ് നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസത്തിനുകാരണം വ്യക്തമാക്കാമോ?

നിലവിലെ സർക്കാർ ഉത്തരവുകൾപ്രകാരം ഒരു വർഷമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% ആണ് ആശ്രിത നിയമനത്തിനായി മാറ്റിവച്ചിരിക്കുന്നത്. അപ്രകാരം ശ്രീ. അലൻ എസ്.-ന് പൊതുവിദ്യാഭ്യാസ ഹയർസെക്കൻഡറി വിഭാഗത്തിൽ ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനം

നൽകുന്നതിനുള്ള ഒഴിവ് ലഭ്യമാകാത്ത സാഹചര്യത്തിലാണ് നിയമന ഉത്തരവ് നൽകുന്നതിന് കാലതാമസം നേരിടുന്നത്.

പൊതുവിദ്യാഭ്യാസ വകുപ്പിലെ എച്ച്.എസ്.ടി. ഇംഗ്ലീഷ് നിയമനം

247 (3377) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകളിൽ ഇംഗ്ലീഷിനെ ഭാഷയാക്കി പരിഗണിച്ചുകൊണ്ട് എല്ലാ സ്കൂളുകളിലും ഇംഗ്ലീഷ് അധ്യാപകരെ നിയമിക്കണമെന്ന കെ.ഇ.ആർ. (കേരള എജ്യൂക്കേഷൻ റൂൾ) ഭേദഗതിക്കുശേഷം എത്ര എച്ച്.എസ്.റ്റി. ഇംഗ്ലീഷ് നിയമനം നടന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ; എച്ച്.എസ്.റ്റി. ഇംഗ്ലീഷ് നിയമനവുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റിട്ട് പെറ്റീഷൻ നം. 23159/2018-ന്മേൽ 10-08-2021-ന് പുറപ്പെടുവിച്ച വിധിന്യായപ്രകാരം സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ, മറ്റ് ഭാഷാ

വിഷയങ്ങൾക്ക് അനുവദിക്കുന്നതുപോലെ ഇംഗ്ലീഷ് വിഷയത്തിനും ലഭ്യമായ പിരീഡുകളുടെ അടിസ്ഥാനത്തിൽ തസ്തികകൾ അനുവദിക്കേണ്ടതാണ്. ബഹുമാനപ്പെട്ട കോടതിയുടെ വിധിന്യായം വകുപ്പുകളുടെ ഏകീകരണ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പൂർണ്ണമായും നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 3, 4 ഡിവിഷനുകളുള്ള സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ 639 താൽകാലിക എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികകൾ സൃഷ്ടിച്ച് ദിവസവേതന/കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുവാനാണ് നിലവിൽ 29-11-2023-ലെ സ.ഉ.(കൈ)നം. 182/2023/പൊ.വി.വ. ഉത്തരവുപ്രകാരം സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

നിയമനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) എച്ച്.എസ്.ടി. ഇംഗ്ലീഷ് നിയമനവുമായി ബന്ധപ്പെട്ടുള്ള കോടതി അലക്ഷ്യ കേസ്സിൽ [ഐ.എ.നം.1/2024 ഐ.എൻ.ഡബ്ല്യൂ.പി.(സി)നം.23159 ഓഫ് 2018(എസ്)] തസ്തിക സൃഷ്ടിക്കാൻ ഉത്തരവുണ്ടായിട്ടും പ്രസ്തുത തസ്തിക സൃഷ്ടിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 3, 4 ഡിവിഷനുകളുള്ള സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ 639 താൽകാലിക എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികകൾ സൃഷ്ടിച്ച് ദിവസവേതന/കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുവാനാണ് നിലവിൽ 29-11-2023-ലെ സ.ഉ.(കൈ)നം.182/2023/പൊ.വി.വ. ഉത്തരവുപ്രകാരം സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട കോടതിയുടെ വിധിന്യായം വകുപ്പുകളുടെ ഏകീകരണ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പൂർണ്ണമായും നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുണ്ട്.

സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ

248 (3378) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മുതൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം വെട്ടിക്കുറച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആറ് വർഷമായി വേതന വർദ്ധനവില്ലാത്ത സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) 2018 ഏപ്രിൽ മുതലാണ് സമഗ്ര ശിക്ഷാപദ്ധതി നിലവിൽ വന്നത്. 2018-നുമുമ്പ് സെക്കൻഡറി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ ആർ.എം.എസ്.എ.-യുടെ കീഴിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ആർ.എം.എസ്.എ.-യുടെ ഭാഗമായിരുന്ന കാലയളവിൽ എലമെന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 22000/-രൂപയും സെക്കൻഡറി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 28,815/-രൂപയും വേതനമായി നൽകിയിരുന്നു. 10 മാസത്തേയ്ക്കാണ് ഈ തുക നൽകിയിരുന്നത്. അവധിക്കാലമായ ഏപ്രിൽ-മെയ് മാസങ്ങളിൽ ഇവരുടെ സേവനം ലഭിച്ചിരുന്നില്ല.

എന്നാൽ 2018-19 അധ്യയന വർഷം മുതൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ വർഷത്തിൽ 12 മാസവും കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിവരുന്നു. സമഗ്ര ശിക്ഷാമാനദണ്ഡപ്രകാരം ഇന്ത്യയിലെ

എല്ലാ സംസ്ഥാനത്തിലും എലമെന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം നൽകാവുന്ന പരമാവധി തുക 20,000/- രൂപയും സെക്കൻഡറി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം നൽകാവുന്ന പരമാവധി തുക 25,000/-രൂപയുമാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ഓരോ വർഷവും പ്രോജക്ട് അപ്രൂവൽ ബോർഡ് യോഗം ചേർന്നാണ് സമഗ്രശിക്ഷാ കേരളയുടെ വിവിധ പദ്ധതികൾ അംഗീകരിക്കുന്നതും പ്രവർത്തനങ്ങൾക്കായി തുക അനുവദിക്കുന്നതും. ഇത് 60% കേന്ദ്ര വിഹിതവും 40% സർക്കാർ വിഹിതവും എന്ന രീതിയിലാണ് നടപ്പിലാക്കുന്നത്. സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വാർഷിക ശമ്പളം വർദ്ധിപ്പിച്ചുവെങ്കിലും 10 മാസത്തേയ്ക്കായി നൽകിയിരുന്ന തുക 12 മാസങ്ങളിലായി നൽകുന്നതിലാണ് പ്രതിമാസ ശമ്പളത്തിൽ കുറവ് അനുഭവപ്പെടുന്നത്.

സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ ഓരോ വർഷവും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് സമർപ്പിക്കാറുണ്ടെങ്കിലും പ്രോജക്ട് അപ്രൂവൽ ബോർഡ്

നിലവിൽ അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുന്നതിനുള്ള അംഗീകാരം നൽകിയിട്ടില്ല. അടുത്ത വർഷത്തെ പ്രൊപ്പോസൽ സമർപ്പിക്കുമ്പോഴും വേതനം പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്.

(സി) എല്ലാ പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ഥിരമായി നിയമിക്കണമെന്ന സുപ്രീംകോടതിയുടെ വിധി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

28-10-2021-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി (writ petition civil 132 of 2016) പ്രകാരം എല്ലാ പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ഥിരമായി നിയമിക്കണമെന്ന് ഉത്തരവായിരുന്നു. എന്നാൽ സമഗ്ര ശിക്ഷാ കേരളം ഒരു പ്രോജക്ടായതിനാൽ സ്ഥിര നിയമനം അപ്രായോഗികമാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽനിന്ന് നിർദേശങ്ങൾ ലഭിക്കുന്നമുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കാനാവൂ.

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ WP(സി)132/2016, 876/2017 നമ്പർ കേസിലെ 28-10-2021-ലെ വിധിന്യായം നടപ്പിലാക്കുന്നതുമായി

ബന്ധപ്പെട്ട് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു താൽക്കാലിക ക്രമീകരണം എന്ന നിലയിൽ സമഗ്ര ശിക്ഷാ കേരളയുടെ കീഴിൽ ക്ലബ്ബിംഗ് രീതിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള 2886 സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും അതോടൊപ്പം സ്വീകരിക്കേണ്ട അനുബന്ധ നടപടിക്രമങ്ങൾ സംബന്ധിച്ചും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ബഹുമാനപ്പെട്ട കോടതിയുടെ 28-10-2021-ലെയും തുടർന്നുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള മാനദണ്ഡങ്ങൾപ്രകാരം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ഥിരമായി നിയമിക്കുകയാണെങ്കിൽ വലിയ സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നതിനാൽ ഈ വിഷയത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 05-06-2024-ൽ ഒരു ഉന്നതതല യോഗം ചേരുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ഡി) എല്ലാ പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ മുഴുവൻ സമയ സേവനം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

എല്ലാ സ്കൂളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ വിന്യസിക്കുന്നതിനായി അത്രയും എണ്ണം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ തസ്തികയ്ക്ക് കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം അംഗീകാരം നൽകിയിട്ടില്ല. എന്നാൽ പരമാവധി സ്കൂളുകളിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ലഭ്യമാക്കുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് ഒന്നിലധികം സ്കൂളുകളുടെ ചുമതല നൽകിയിട്ടുണ്ട്. എല്ലാ ക്ലസ്റ്ററുകളിലും കുറഞ്ഞത് ഒരു സ്പെഷ്യൽ കെയർ സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഈ സെന്ററുകളിൽ ഏത് സ്കൂളിലെയും ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് സേവനം തേടാവുന്നതാണ്. എല്ലാ ബി.ആർ.സി.-യുടെ കീഴിലും ഓരോ ഓട്ടിസം സെന്ററും തെറാപ്പി സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സെന്ററുകളുടെ സേവനവും ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

ഭാഷാ അധ്യാപകർ സോഷ്യൽ സയൻസ് പഠിപ്പിക്കുന്ന സാഹചര്യം

249 (3379) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിൽ സോഷ്യൽ സയൻസ് വിഷയം ഭാഷാധ്യാപകർ പഠിപ്പിച്ചുകൊണ്ടിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എതെല്ലാം ടി.ടി.ഐ.-കളിലാണ് ഇത്തരം അധ്യാപകർ പഠിപ്പിക്കുന്നതെന്ന് അറിയിക്കാമോ?

ഉണ്ട്. അവ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

ക്രമ നം.	ജില്ല	ടി.ടി.ഐ.
1	തിരുവനന്തപുരം	1. ഗവ. ടി.ടി.ഇ., ഊരുട്ടുകാല, നെയ്യാറ്റിൻകര
2	തൃശ്ശൂർ	2. എൽ.സി.ഐ.ടി.ഇ., ഇരിങ്ങാലക്കുട 3. സി.കെ.സി.ഐ.ടി. ഇ., പാവറട്ടി
3	കൊല്ലം	4. ജെ.എം.ഐ.ടി.ഇ., ശാസ്താംകോട്ട 5.എസ്.എൻ.ഐ.ടി.ഇ., കുണ്ടറ
4	പാലക്കാട്	6. എൽ.എസ്.എൻ. ഐ.ടി.ഇ., ഒറ്റപ്പാലം
5	വയനാട്	7. ഡയറ്റ്, സുൽത്താൻബത്തേരി 8. എസ്.ജെ.ഐ.ടി.ഇ., മാനന്തവാടി
6	കണ്ണൂർ	9. ടി.ടി.ഐ., മെൻ, കണ്ണൂർ 10. ടി.ടി.ഐ., വുമൺ, കണ്ണൂർ
7	പത്തനംതിട്ട	11. ഡയറ്റ്, തിരുവല്ല 12. എ.എം.എം.ടി.ടി.ഐ., മാരാമൺ
8	കോട്ടയം	13. ഗവ. ടി.ടി.ഐ., കോട്ടയം

		14. ഗവ. ടി.ടി.ഐ., ഏറ്റുമാനൂർ

(ബി) ഇത്തരത്തിൽ യോഗ്യതയില്ലാത്ത അധ്യാപകർ അധ്യാപക വിദ്യാർഥികളെ പഠിപ്പിക്കുന്നതുമൂലം വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുറയുവാൻ ഇടയായതായി പറയപ്പെടുന്ന സാഹചര്യം വ്യക്തമാക്കുമോ?

യോഗ്യതയുള്ള അധ്യാപകർക്കാണ് മുൻഗണന നൽകുന്നത് എന്നതിനാൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുറയുന്ന സാഹചര്യം നിലവിലില്ല.

(സി) ഇത്തരം നിയമനങ്ങൾ നടത്തിയ നിയമനാധികാരികൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം പ്രവണതകൾ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഇല്ല. മാനദണ്ഡങ്ങൾ പാലിച്ചാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

(ഡി) ഇത്തരത്തിൽ ഭാഷാധ്യാപകരെ നിയമിച്ചുകൊണ്ട് സർക്കാർ ഖജനാവിൽനിന്നും നിയമപരമല്ലാതെ ശമ്പളവും മറ്റാനുകൂല്യങ്ങളും

വർഷങ്ങളോളം കൈപ്പറ്റിക്കൊണ്ടിരിക്കുന്നതിനെതിരായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

നിലവിലെ മാനദണ്ഡങ്ങൾ പാലിച്ചാണ് നിയമനം നടത്തിയിട്ടുള്ളതെന്നതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഇ) ഇത്തരത്തിൽ സോഷ്യൽ സയൻസ് പഠിപ്പിക്കാൻ യോഗ്യതയില്ലാത്ത മറ്റധ്യാപകരെ നിയമിച്ചതുമൂലം എച്ച്.എസ്.എ. (സോഷ്യൽ സയൻസ്) തസ്തികയുടെ മുൻ റാങ്ക് ലിസ്റ്റിലെ യോഗ്യരായ ഉദ്യോഗാർഥികൾക്ക് സർക്കാർ ജോലിക്കുള്ള അവസരം നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

എച്ച്.എസ്.റ്റി, എച്ച്.എസ്.എസ്.റ്റി തസ്തികകളിലേക്ക് പ്രൊമോഷൻ

250 (3380) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.ടി., എച്ച്.എസ്.എസ്.ടി. തസ്തികകളിലേയ്ക്ക് (വിവിധ വിഷയങ്ങൾ), കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിലെ എത്ര പ്രൈമറി

അധ്യാപകർക്ക് ഈ വർഷം സ്ഥാനക്കയറ്റം ലഭിക്കുമെന്നും ഇതിൽ എത്ര യു.പി.എസ്.ടി. അധ്യാപകർ ഉണ്ടെന്നും അറിയിക്കാമോ; വിവിധ വിഷയങ്ങളിൽ നിലവിലുള്ള പ്രൊമോഷൻ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

എച്ച്.എസ്.ടി. കോർ വിഷയങ്ങളിലും, ഭാഷാവിഷയങ്ങളിലും നിലവിൽ സ്ഥാനക്കയറ്റത്തിനായി ഒഴിവുകൾ നീക്കിവെച്ചിട്ടില്ലാത്തതിനാൽ പ്രൊമോഷൻ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. എച്ച്.എസ്.എസ്.ടി. തസ്തികകളിലേക്ക് തസ്തികമാറ്റ നിയമനംവഴി ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് എച്ച്.എസ്.എ., യു.പി.എസ്.എ., എൽ.പി.എസ്.എ., മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽനിന്നും യോഗ്യരായവർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന തസ്തികമാറ്റ നിയമനം നടത്താൻ നടപടി സ്വീകരിച്ചുവരികയാണ്. ഹയർ സെക്കൻഡറി നിയമനം സംസ്ഥാനതലത്തിലായതിനാൽ ഈ തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനത്തിനായി യോഗ്യരായവരിൽനിന്നും അപേക്ഷ ക്ഷണിച്ച് സംസ്ഥാനതലത്തിലുള്ള സീനിയോരിറ്റി അടിസ്ഥാനമാക്കി,

സംസ്ഥാനതലത്തിൽ ഒഴിവുള്ള സ്കൂളുകളിലേയ്ക്കാണ് നിയമനം നൽകുന്നത്. ജില്ല തിരിച്ചുള്ള സീനിയോറിറ്റി കണക്കാക്കാത്തതിനാൽ കോട്ടയം ജില്ലയിലെ എത്ര യു.പി.എസ്.ടി.-മാർക്ക് എച്ച്.എസ്.എസ്.ടി. തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകാൻ സാധിക്കുമെന്ന് കണക്കാക്കാൻ കഴിയുകയില്ല.

(ബി) കോട്ടയം ജില്ലയിലെ പി.ടി.എം.ജി.എച്ച്.എസ്. വെള്ളൂരിൽ നിന്നുള്ള യു.പി.എസ്.ടി. അധ്യാപകന്റെ അന്യത്ര സേവനം എന്ന് അവസാനിക്കുമെന്ന് വിശദമാക്കാമോ; ഈ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കോട്ടയം ജില്ലയിലെ പി.ടി.എം.ജി.എച്ച്.എസ്.എസ്., വെള്ളൂർ സ്കൂളിലെ യു.പി.എസ്.ടി. ആയിരുന്ന ശ്രീ. ജോർജ് ഏബ്രഹാം-ന് സ.ഉ.(സാധാ) നം.4788/2018/പൊ.വി.വ. തീയതി 16-11-2018 പ്രകാരം ഡയറ്റ്-ൽ ലക്ചറർ തസ്തികയിൽ അന്യത്ര സേവനവ്യവസ്ഥയിൽ നിയമനം ലഭിക്കുകയും ടിയാൾ 22-11-2018-ന് സ്കൂളിൽനിന്നും വിടുതൽ ചെയ്തിട്ടുള്ളതുമാണ്. ടിയാളുടെ അന്യത്രസേവനം 22-11-2023-ൽ അവസാനിക്കേണ്ടതാണ്. എന്നാൽ ടിയാൾ

ഉൾപ്പെടെ ഇപ്രകാരം നിയമിക്കപ്പെട്ട അധ്യാപകർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത് OA-60/2024 തീയതി 02-04-2024-ലെ സ്റ്റേ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴും അന്യത്ര സേവനത്തിൽ തുടരുന്നു. മേൽ സർക്കാർ ഉത്തരവുപ്രകാരം ടി ഒഴിവിൽ താൽക്കാലിക നിയമനം മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ.

എച്ച്.എസ്.ടി. നാച്വറൽ സയൻസ് തസ്തികയിലെ നിയമനം

251 (3381) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.ടി. നാച്വറൽ സയൻസ് തസ്തികയിലേക്ക് നിയമനം നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള അനുപാതം നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. നേരിട്ടുള്ള നിയമനം - 65%, അന്തർജില്ല സ്ഥലംമാറ്റം -10%, സ്ഥാനക്കയറ്റം -15%, തസ്തികമാറ്റം -10%

(ബി) കോഴിക്കോട് ജില്ലയിൽ ഈ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും മതിയായ നിയമനം ലഭിക്കുന്നില്ലെന്നത് സംബന്ധിച്ച്

പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

എച്ച്.എസ്.ടി. നാച്ചുറൽ സയൻസ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി സമീലത്ത് കെ. ടി. നവകേരള സദസ് മുഖേന സമർപ്പിച്ച നിവേദനം തുടർനടപടികൾ സ്വീകരിച്ച് അപേക്ഷകയ്ക്ക് മറുപടി നൽകുന്നതിലേക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(സി) ഈ അധ്യയന വർഷം പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും പ്രസ്തുത തസ്തികയിൽ എത്ര പേർക്ക് നിയമന സാധ്യതയുണ്ടെന്ന് വ്യക്തമാക്കുമോ?

എച്ച്.എസ്.ടി.(നാച്ചുറൽ സയൻസ്) തസ്തികയിൽ നേരിട്ടുള്ള നിയമന വിഭാഗത്തിൽ 8 അധ്യാപകർ അധികമായി ജോലി ചെയ്യുവരുന്നുണ്ട്. ഈ അധ്യയന വർഷത്തിൽ നേരിട്ടുള്ള നിയമനത്തിന് നിലവിൽ ഒഴിവുകൾ ലഭ്യമല്ല.

ഹൈസ്കൂളുകളിലെ ഇംഗ്ലീഷ് അധ്യാപക തസ്തിക

252 (3382) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ആവശ്യത്തിന് ഇംഗ്ലീഷ് അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇംഗ്ലീഷ് അധ്യാപകരുടെ താൽകാലിക തസ്തികകൾ സൃഷ്ടിച്ച് താൽകാലിക നിയമനങ്ങൾ നടത്തുന്ന നിയമവിരുദ്ധ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടികൾ പുന:പരിശോധിക്കുവാൻ തയ്യാറാകുമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റിട്ട് പെറ്റീഷൻ നം. 23159/2018-ന്മേൽ 10-08-2021-ന് പുറപ്പെടുവിച്ച വിധിന്യായപ്രകാരം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ മറ്റ് ഭാഷാ വിഷയങ്ങൾക്ക് അനുവദിക്കുന്നതുപോലെ ഇംഗ്ലീഷ് വിഷയത്തിനും ലഭ്യമായ പിരീഡുകളുടെ അടിസ്ഥാനത്തിൽ തസ്തികകൾ അനുവദിക്കേണ്ടതാണ്. ബഹുമാനപ്പെട്ട കോടതിയുടെ വിധിന്യായം വകുപ്പുകളുടെ ഏകീകരണ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് പൂർണ്ണമായും നടപ്പിലാക്കുവാനാണ്

സർക്കാർ ഉദ്ദേശിക്കുന്നത്. വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 3, 4 ഡിവിഷനുകളുള്ള സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ 639 താൽകാലിക എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികകൾ സൃഷ്ടിച്ച് ദിവസവേതന/കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുവാനാണ് നിലവിൽ 29-11-2023-ലെ സ.ഉ.(കൈ)നം. 182/2023/പൊ.വി.വ. ഉത്തരവുപ്രകാരം സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(സി) ഇംഗ്ലീഷ് ഭാഷാ അധ്യാപക തസ്തികകൾ സൃഷ്ടിച്ച് നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്ന് നിയമന നടപടികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

എച്ച്.എസ്.എ. ഇംഗ്ലീഷ് റഗുലർ തസ്തികകൾ പീരിയഡ് അടിസ്ഥാനത്തിൽ അനുവദിക്കുന്നമുറയ്ക്ക് പി.എസ്.സി. നിയമനങ്ങൾ നടത്തുന്നതിനുള്ള ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഇംഗ്ലീഷ് അധ്യാപക തസ്തികകളിലെ നിയമനം

253 (3383) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് വിഷയം പഠിപ്പിക്കുന്നതിന് ഇംഗ്ലീഷ് ബിരുദധാരികളെ പരിഗണിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ?

ഉണ്ട്. കേരള വിദ്യാഭ്യാസ അധ്യായം XXXI ചട്ടം 2(2), (ബി) X പ്രകാരം ഹൈസ്കൂളിൽ ഇംഗ്ലീഷ് വിഷയം പഠിപ്പിക്കുന്നതിന് ഇംഗ്ലീഷ് ബിരുദധാരികളെ പരിഗണിക്കുന്നുണ്ട്.

(ബി) ഇംഗ്ലീഷ് വിഷയം പഠിപ്പിക്കുന്നതിന് ഇംഗ്ലീഷ് ബിരുദധാരികളെ പരിഗണിച്ച് നിയമനം നടത്തണമെന്ന രീതിയിൽ കോടതി വിധി ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഇതിനെത്തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച കോടതി നിർദ്ദേശം എന്തെന്നും ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ?

(ബി&സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റിട്ട് പെറ്റീഷൻ നം. 23159/2018-ന്മേൽ 10-08-2021-ന് പുറപ്പെടുവിച്ച വിധിന്യായപ്രകാരം

സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ മറ്റ് ഭാഷാ വിഷയങ്ങൾക്ക് അനുവദിക്കുന്നതുപോലെ ഇംഗ്ലീഷ് വിഷയത്തിനും ലഭ്യമായ പിരീഡുകളുടെ അടിസ്ഥാനത്തിൽ തസ്തികകൾ അനുവദിക്കേണ്ടതാണ്. ബഹുമാനപ്പെട്ട കോടതിയുടെ വിധിന്യായം വകുപ്പുകളുടെ ഏകീകരണ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് പൂർണ്ണമായും നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 3, 4 ഡിവിഷനുകളുള്ള സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ 639 താൽകാലിക എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികകൾ സൃഷ്ടിച്ച് ദിവസവേതന/കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുവാനാണ് നിലവിൽ 29-11-2023-ലെ സ.ഉ.(കൈ) നം. 182/2023/പൊ.വി.വ. ഉത്തരവുപ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളത്.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്സ്

254 (3384) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കെട്ടിടങ്ങൾ വയ്ക്കുന്ന ഉടമകൾ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് സെസ്സ് അടയ്ക്കേണ്ടതുണ്ടോ?

ഉണ്ട്. 1996-ലെ ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ടിലെ വകുപ്പ് 3(1) പ്രകാരം നിർമ്മാണം പൂർത്തീകരിച്ച ഗാർഹിക/വാണിജ്യ കെട്ടിടങ്ങൾക്ക് ആകെ നിർമ്മാണ ചെലവിന്റെ ഒരു ശതമാനത്തിൽ കുറയാത്തതും പരമാവധി 2 ശതമാനത്തിൽ കൂടാത്തതുമായ തുക ഉടമയിൽനിന്നും സെസ്സ് ആയി ചുമത്തി പിരിച്ചെടുക്കുവാൻ വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്ത് നിർമ്മാണ ചെലവിന്റെ ഒരു ശതമാനം സെസ്സ് ആയി പിരിച്ചെടുക്കുന്നു.

(ബി) എങ്കിൽ സെസ്സ് നിർണ്ണയിക്കുന്നതിനുള്ള നിലവിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കെട്ടിട ഉടമകളിൽനിന്നും സെസ്സ് പിരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സെസ്സ് പിരിക്കുന്നതിനായി ആരെയൊക്കെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(ബി-ഡി) നിലവിൽ 14-07-2017 തീയതിയിലെ സ.ഉ.(കൈ)52/2017/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ സെസ്സ് കണക്കാക്കി പിരിച്ചുവരുന്നു. (പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.) പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ 1995, 2000, 2005, 2010, 2015 വർഷത്തിൽ സ്ലാബ് റേറ്റ് നിശ്ചയിച്ചാണ് തുക ഈടാക്കുന്നത്. (വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.)

14-07-2017 തീയതിയിലെ സ.ഉ.(കൈ)52/2017/തൊഴിൽ നമ്പർ ഉത്തരവിൽ ഒരു സ്ക്വയർ മീറ്റർ വിസ്തീർണത്തിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ചെലവാണ് കണക്കാക്കിയിരിക്കുന്നത്. ഈ നിരക്കിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ ആകെ വിസ്തീർണത്തിന്റെ നിർമ്മാണത്തിന് ചെലവാകുന്ന തുക കണ്ടെത്തി ആയത് പത്ത് ലക്ഷമോ, അതിലധികമോ ആണെങ്കിൽ അതിന്റെ 1 % നിർമ്മാണ തൊഴിലാളി ക്ഷേമ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+

സെസ്സായി അസ്സെസിംഗ് ഓഫീസർ കണ്ടെത്തി ഈടാക്കുന്ന രീതിയാണ് നിലവിലുള്ളത്. 14-02-2024 ലെ തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പിന്റെ 23/24/എൽഎസ്ജിഡി നമ്പർ ഉത്തരവുപ്രകാരം തൊഴിൽ വകുപ്പ് നിർവഹിച്ചുവന്നിരുന്ന ടി പ്രവൃത്തി നിർവഹിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. (പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു) ഇതിൻപ്രകാരം സെസ്സ് പിരിവ് അഞ്ഞൂറ്റിയൊന്ന് കോടി അറുപത് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി ഒരുന്നൂറ്റി എഴുപത് രൂപ സംസ്ഥാനത്തെ മുഴുവൻ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 16-01-2024 മുതലും എല്ലാ പഞ്ചായത്തുകളിലും 2024 ഏപ്രിൽമാസം മുതലും നടപ്പിലാക്കുന്നതിനും ഇതിന്റെ ഭാഗമായി ഒക്കുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിനുമുമ്പ് ബിൽഡിംഗ് സെസ്സ് ഒടുക്കുന്നത് നിർബന്ധമാക്കിയിട്ടുമുണ്ട്. ഇപ്രകാരമുള്ള സെസ് പിരിവ് സോഫ്റ്റ്വെയറിലെ സാങ്കേതികത്വംമൂലം പൂർണതോതിൽ നിലവിൽ വന്നിട്ടില്ലാത്തതാണ്. ആയതിനാൽ നിലവിൽ തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ ഓഫീസർ, അസിസ്റ്റന്റ് ലേബർ ഓഫീസർ

+

ഗ്രേഡ് I എന്നിവരെയാണ് നിയമപ്രകാരം സെസ്സ് പിരിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഇ) കഴിഞ്ഞ സാമ്പത്തിക വർഷം കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് സെസ്സ് ഇനത്തിൽ ലഭ്യമായ തുക എത്രയാണെന്ന് അറിയിക്കാമോ?

കഴിഞ്ഞസാമ്പത്തിക വർഷം കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയിലേക്ക് സെസ്സ് ഇനത്തിൽ 390,31,79,000/- രൂപ (മുന്നൂറ്റിതൊണ്ണൂറു കോടി മുപ്പത്തിയൊന്ന് ലക്ഷത്തി എഴുപത്തിയൊൻപതിനായിരം) ലഭ്യമായിട്ടുണ്ട്.

(എഫ്) കഴിഞ്ഞ സാമ്പത്തിക വർഷം കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽനിന്ന് തൊഴിലാളികൾക്ക് ലഭ്യമാക്കിയ തുക എത്രയാണെന്ന് അറിയിക്കാമോ?

2023-2024 സാമ്പത്തിക വർഷത്തിൽ ക്ഷേമനിധിയിൽനിന്ന് പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കുമായി ആകെ 501,60,22,170/-

(അഞ്ഞൂറ്റിയൊന്നുകോടി അറുപത് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി ഒരുന്നൂറ്റി എഴുപത്) രൂപ വിതരണം ചെയ്തിട്ടുണ്ട്.

മിനിമം കൂലി നിശ്ചയിക്കൽ

255 (3385) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അവസാനമായി മിനിമം കൂലി നിശ്ചയിച്ചത് ഏത് വർഷമാണെന്നും ഏതൊക്കെ മേഖലകളിൽ എത്ര തുക വീതമാണ് നിശ്ചയിച്ചിട്ടുള്ളതെന്നും ഇനം തിരിച്ച് വിശദമാക്കാമോ?

സംസ്ഥാനത്ത് മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ 87 തൊഴിൽ മേഖലകളെ ഉൾപ്പെടുത്തിയിട്ടുള്ളതും ആയതിൽ 85 മേഖലകളുടെ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളതുമാണ്. ടി തൊഴിൽ മേഖലകളിലെ ഓരോ വിഭാഗങ്ങൾക്കും തൊഴിലിന്റെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത നിരക്കിലാണ് മിനിമം വേതനം നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.

സർക്കാർ അവസാനമായി മിനിമം കൂലി നിശ്ചയിച്ചത് 2024-ൽ ആണ്. കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് നൽകേണ്ട മിനിമം കൂലിയാണ്

09-02-2024 തീയതിയായി സ.ഉ. (അച്ചടി) നമ്പർ. 11/2024/തൊഴിൽ വിജ്ഞാപനപ്രകാരം അവസാനമായി പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. മേൽ വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) മിനിമം കൂലി നിശ്ചയിച്ച മേഖലകളിൽ ഈ കൂലി നൽകുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സ്വീകരിച്ച നടപടികളും വിശദമാക്കാമോ; ഇത് സംബന്ധിച്ച് പരാതികൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മിനിമം കൂലി നിശ്ചയിച്ച മേഖലകളിൽ ആയത് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം ഓരോ മേഖലകൾ കേന്ദ്രീകരിച്ച് സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫിസർമാർ വ്യക്തിഗത പരിശോധനകളും നടത്തിവരുന്നുണ്ട്. ടി പരിശോധനകളിൽ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നിയമ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, മിനിമം വേതനം ലഭിക്കാത്തതുമായി ബന്ധപ്പെട്ട പരാതികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിക്കുന്നമുറയ്ക്കും ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തൊഴിൽ വകുപ്പ് നടപ്പിലാക്കിയ വേജ് പ്രൊട്ടക്ഷൻ സിസ്റ്റം എന്ന പദ്ധതിപ്രകാരം ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ വേതനം നിരീക്ഷിക്കുന്നതിനും മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മിനിമം വേതനം ലഭിക്കാത്തതുമായി ബന്ധപ്പെട്ട മിനിമം വേതന നിയമപ്രകാരമുള്ള ക്ലെയിം, അതോറിറ്റിയായ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർ മുമ്പാകെ തൊഴിലാളികൾക്ക് നേരിട്ടോ ബന്ധപ്പെട്ട യൂണിയൻ മുഖേനയോ ക്ലെയിം പെറ്റിഷനുകൾ ഫയൽ ചെയ്യാവുന്നതാണ്. മിനിമം വേതന നിയമപ്രകാരമുള്ള ഇൻസ്പക്ടർമാരായ ജില്ലാ ലേബർ ഓഫീസർമാർക്കും അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കും ലഭിക്കാറുള്ള അത്തരം പരാതികളിൽ ഉചിതമായ തുടർനടപടികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കുന്നുണ്ട്. എന്നാൽ, ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ചില തൊഴിലുടമകൾ മിനിമം വേതന വിജ്ഞാപനത്തിനെതിരായി ഹർജികൾ ഫയൽ ചെയ്യുകയും സ്റ്റേ ഉത്തരവുകൾ സമ്പാദിക്കുകയും

ചെയ്യുന്നുണ്ട്. അത്തരം കേസുകളിൽ സ്റ്റേ നീക്കുന്നമുറയ്ക്ക് മാത്രമേ ടി മിനിമം വേതന വിജ്ഞാപന പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. പ്രസ്തുത കേസുകളിൽ സ്റ്റേ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

സ്കൂൾ പാചക തൊഴിലാളികളുടെ ശമ്പളവും അലവൻസും

256 (3386) ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചക തൊഴിലാളികൾക്ക് 2024 മാർച്ച് മാസത്തിൽ കിട്ടേണ്ട ശമ്പളവും 2024 ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ ലഭിക്കേണ്ട അലവൻസും ഇതുവരെ നൽകുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികൾക്ക് 2024 മാർച്ച് മാസത്തെ ഓണറേറിയം ഇതിനോടകംതന്നെ വിതരണം ചെയ്തിട്ടുണ്ട്. 2024 ഏപ്രിൽ,

മെയ് മാസങ്ങളിലെ അവധിക്കാല സമാശ്വാസമാണ് ഇനി കൂടിശ്ശികയായി വിതരണം ചെയ്യാനുള്ളത്.

(ബി) പാചക തൊഴിലാളികൾക്ക് പ്രസ്തുത തുകകൾ എപ്പോൾ നൽകുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

2024 ഏപ്രിൽ, മെയ് മാസങ്ങളിലെ അവധിക്കാല സമാശ്വാസം വിതരണം ചെയ്യുന്നതിനാവശ്യമായ 5.4240 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

ബോണക്കാട് ലയങ്ങളുടെ പുനരുദ്ധാരണം

257 (3387) <u>ശ്രീ ജി സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോണക്കാട് ലയങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഈ പുനരുദ്ധാരണ പ്രവൃത്തി എത്ര കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) ഇത് സംബന്ധിച്ച തടസ്സങ്ങൾ നീക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

(എ-സി) ബോണക്കാട് എസ്റ്റേറ്റിലെ തോട്ടം തൊഴിലാളികളുടെ വാസയോഗ്യമല്ലാത്ത ലയങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ബോണക്കാട് എസ്റ്റേറ്റിലെ എല്ലാ ലയങ്ങളും പരിശോധിച്ച് ജില്ലാ നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ജില്ലാ കളക്ടർ മുഖേന ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

2024-25 സാമ്പത്തിക വർഷം പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ ലയങ്ങളുടെ പുനരുദ്ധാരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബജറ്റിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപയിന്മേൽ സ്പെഷ്യൽ ഓഫീസർ (പ്ലാന്റേഷൻസ്) സമർപ്പിച്ച പ്രൊപ്പോസൽ വ്യവസായ വകുപ്പിന്റെ പരിഗണനയിലാണ്.

തൊഴിലില്ലായ്മ പരിഹരിക്കാൻ പദ്ധതികൾ

258 (3388) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:

ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ ത്രുക്ഷമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 2024 മാർച്ച് 31 വരെ ആകെ 26,55,736 ഉദ്യോഗാർഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർഥികളുടെ കണക്ക് മാത്രമാണ് എംപ്ലോയ്മെന്റ് വകുപ്പിൽ ലഭ്യമായിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ തൊഴിൽരഹിതരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യണമെന്ന് നിയമംമൂലം നിർബന്ധമാക്കിയിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരെല്ലാവരും തൊഴിൽരഹിതരാകണമെന്നുമില്ല.

2024 മാർച്ച് 31 വരെ 26,55,736 ഉദ്യോഗാർഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 2023-2024 സാമ്പത്തിക വർഷം (2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെ) സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ

14713 ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നികത്തുവാൻ സാധിച്ചിട്ടുണ്ട്. കേരളത്തിൽ അഭ്യസ്തവിദ്യരായ ഉദ്യോഗാർഥികളുടെ എണ്ണത്തിലെ വർദ്ധനവും അനുയോജ്യമായ തൊഴിൽ ലഭിക്കാത്തതും മറ്റ് സംസ്ഥാനങ്ങളെക്കാൾ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2021 ജൂൺ മുതൽ 2024 മാർച്ച് വരെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെട്ട ഒഴിവുകളിന്മേൽ 7,390 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

(ബി) തൊഴിലില്ലായ്മ പരിഹരിക്കാൻ ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ?

തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കുന്നതിനായി തൊഴിൽ രഹിതർക്കുവേണ്ടി എംപ്ലോയ്മെന്റ് വകുപ്പുവഴി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ശരണ്യ, കെസ്റ്റു, കൈവല്യ, മൾട്ടിപർപ്പസ് ജോബ്ക്ലബുകൾ, നവജീവൻ എന്നീ പേരുകളിൽ അഞ്ച് സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്ത് ചെറുകിട സ്വയംതൊഴിൽ

പദ്ധതികൾ ആരംഭിക്കാനും ജില്ലാ ആസ്ഥാനങ്ങളിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകളും ഗ്രാമീണ മേഖലകളിൽ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളും ആരംഭിച്ചതുവഴി സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ വർഷവും ജില്ലാ കേന്ദ്രങ്ങളിൽ വച്ചുനടത്തുന്ന നിയുക്തി മെഗാ ജോബ്ഫെയർവഴി സ്വകാര്യ മേഖലകളിലെയും നിരവധി തൊഴിലവസരങ്ങൾ ലഭ്യമാക്കിവരുന്നു. മോഡൽ കരിയർ സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, ധനസ് പദ്ധതിവഴി മികച്ച ഉന്നത പഠനം ലക്ഷ്യമാക്കി പരിശീലന പരിപാടികളും ഉദ്യോഗാർഥികൾക്ക് വകുപ്പുവഴി നൽകിവരുന്നുണ്ട്.

ഗ്രാമീണ മേഖലയിലെ അഭ്യസ്തവിദ്യരായ വിദ്യാർഥികൾക്കും തൊഴിൽരഹിതർക്കും അവരുടെ അഭിരുചിക്കനുസരിച്ച് ഉന്നത വിദ്യാഭ്യാസം നേടുന്നതിനും തൊഴിൽ നേടുന്നതിനും പ്രാപ്തരാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാന സർക്കാർ

വകുപ്പ് മുഖേന കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി) പദ്ധതി നടപ്പിലാക്കിവരുന്നു.

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്കും പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള തൊഴിൽദായകർക്കും പ്രയോജനകരമാകുന്ന വിധത്തിൽ എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ 3289 ജോബ് ഡ്രൈവുകൾ നടത്തുകയും ആയതുവഴി 53128 പേർക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ ചെറുപ്പക്കാർക്ക് വിദ്യാഭ്യാസത്തിന്റെയും നൈപുണ്യത്തിന്റെയും അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നതിനായി വിവിധ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

1. ഉദ്യോഗാർഥികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ തിരഞ്ഞെടുക്കുന്നതിനും തൊഴിൽപരമായ പുരോഗതി കൈവരിക്കുന്നതിനും ആവശ്യമായ തൊഴിൽമാർഗനിർദേശം നൽകിവരുന്നുണ്ട്.

2. കേന്ദ്ര/സംസ്ഥാന മേഖലകളിലെ സർക്കാർ ജോലി ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശാക്തീകരണം പദ്ധതി മുഖേന വിവിധ മത്സര പരീക്ഷാ പരിശീലന പരിപാടികൾ നടത്തി ഉദ്യോഗാർഥികളെ വിവിധ തൊഴിലുകൾക്ക് പ്രാപ്തരാക്കി വരുന്നുണ്ട്.

3. സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് ജില്ലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകൾ നടത്തിവരുന്നുണ്ട്.

4. നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന നടപ്പാക്കിവരുന്ന മോഡൽ കരിയർ സെന്റർ പദ്ധതിയുടെ ഭാഗമായി സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുന്നതിന് നിശ്ചിത ഇടവേളകളിൽ ജോബ് ഫെയർ/പ്ലേസ്മെന്റ്

ഡ്രൈവ് സംഘടിപ്പിക്കുകയും ഉദ്യോഗാർഥികളുടെ തൊഴിൽപരമായ അഭിരുചി ശാസ്ത്രീയമായി കണ്ടെത്തി അവർക്കാവശ്യമായ തൊഴിൽ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുന്നു.

സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെട്ട ഉദ്യോഗാർഥികളുടെ തൊഴിൽ വികസനം ലക്ഷ്യംവച്ച് സമന്വയ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. മേൽ ഉദ്യോഗാർഥികളുടെ കരിയർ വികസനവുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മികവാർന്ന പരിശീലനങ്ങളിലൂടെ വിവിധ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും പദ്ധതി ഊന്നൽ നൽകുന്നു. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടിയുള്ള കോച്ചിംഗ് കം ഗൈഡൻസ് സെന്ററുകൾ മുഖേന പത്ത് മാസം നീണ്ടുനിൽക്കുന്ന സ്റ്റെനോഗ്രാഫി പരിശീലനം നൽകിവരുന്നുണ്ട്.

സംസ്ഥാനത്തിന്റെ നൈപുണ്യ വികസന നിലവാരം ഉയർത്തുന്നതിന് പ്രധാന ചാലക ശക്തിയായി നിൽക്കുന്നത് വ്യാവസായിക പരിശീലന

വകുപ്പിന് കീഴിലുള്ള സർക്കാർ/സ്വകാര്യ ഐ.ടി.ഐ.-കളാണ്. ഉന്നത നിലവാരത്തിൽ പ്രവർത്തിക്കുന്ന 104 സർക്കാർ ഐ.ടി.ഐ.-കൾ, 44 എസ്.സി.ഡി.ഡി. ഐ.ടി.ഐ.-കൾ, 2 എസ്.റ്റി.ഡി.ഡി. ഐ.ടി.ഐ.-കൾ, 250-ഓളം സ്വകാര്യ ഐ.ടി.ഐ.-കൾ എന്നിവയിലൂടെ വർഷംതോറും ഏകദേശം അമ്പതിനായിരത്തോളം ട്രെയിനികൾ പരിശീലനം പൂർത്തിയാക്കുന്നുണ്ട്. സംസ്ഥാനത്തെ യുവജനങ്ങൾക്ക് നൈപുണ്യത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പ് ജില്ലാടിസ്ഥാനത്തിൽ തൊഴിൽ മേള, അപ്രന്റീസ് മേള എന്നിവ നടത്തിവരുന്നുണ്ട്. കൂടാതെ സംരംഭകത്വ പരിശീലനവും സിലബസിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ, സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ (KASE) ആഭിമുഖ്യത്തിൽ ആവിഷ്കരിച്ച പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായ ഒഡെപെക് കഴിഞ്ഞ നാല് പതിറ്റാണ്ടായി വിദേശ റിക്രൂട്ട്മെന്റ് മേഖലയിൽ പ്രശംസനീയമായ രീതിയിലുള്ള പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. വിദേശ തൊഴിൽ ദാതാക്കളുടെ ആവശ്യാനുസരണം വരുന്ന ഒഴിവുകളുടെ വിശദാംശങ്ങൾ ഒഡെപെകിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്. വിദേശ തൊഴിൽ ആഗ്രഹിക്കുന്ന യോഗ്യരായ ഉദ്യോഗാർഥികൾക്ക് വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ഇന്റർവ്യൂകളിൽ പങ്കെടുത്ത് തൊഴിലവസരം നേടിയെടുക്കാവുന്നതാണ്.

(സി) സ്ത്രീകളിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

സ്ത്രീകളിലെ ഉൾപ്പെടെ തൊഴിലില്ലായ്മ പരിഹരിക്കാൻ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് അഞ്ച് സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. <u>കെസ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്)</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 50-നും മധ്യേയുള്ളതും കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്തവർക്കും ഈ പദ്ധതിപ്രകാരം സ്വയംതൊഴിൽ വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരമാവധി 1,00,000/- രൂപ വായ്പയായി അനുവദിക്കുന്നു. വായ്പത്തുകയുടെ 20% സബ്സിഡിയായി സംരംഭകന്റെ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.

2. മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽരഹിതരായ ഉദ്യോഗാർഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 45-നും മധ്യേയുള്ളതും (പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് 3 വർഷവും,

പട്ടികജാതി/ പട്ടികവർഗ്ഗ/ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.) കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്തവർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ ജോബ് ക്ലബ്ബിലും തിരഞ്ഞെടുക്കുന്ന തൊഴിലനുസരിച്ച് 2 പേരിൽ കുറയാത്ത അംഗങ്ങൾ വീതം ഉണ്ടായിരിക്കണം. ഒരു ജോബ് ക്ലബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. പദ്ധതി ചെലവിന്റെ 25% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നതാണ്. വായ്പ അനുവദിക്കുന്നമുറയ്ക്ക് സബ്സിഡി തുക ജോബ് ക്ലബ്ബുകളുടെ ലോൺ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്.

3. ശരണ്യ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ

അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായി എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണിത്. കുടുംബവാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്ത 18-നും 55-നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് 50,000/- രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പ തുകയുടെ 50% പരമാവധി 25,000/- രൂപ സബ്സിഡിയായി അനുവദിക്കുന്നു. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. 50,000/- രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് റേറ്റിൽ പലിശ ഈടാക്കുന്നതാണ്. സംരംഭം നല്ല രീതിയിൽ നടത്തിക്കൊണ്ടു പോകുകയും ആദ്യ വായ്പയുടെ 50%-മെങ്കിലും തിരിച്ചടച്ചവർക്ക്, സംരംഭം വിപുലീകരിക്കുന്നതിന് ആദ്യ വായ്പ തുകയുടെ 80% കവിയാത്ത തുക തുടർവായ്പയായി (ഒരിക്കൽ മാത്രം) കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നതാണ്.

4. കൈവല്യ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാർക്കായി കൈവല്യ എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയിൽ (1) വൊക്കേഷണൽ കരിയർ ഗൈഡൻസ് (2) കപ്പാസിറ്റി ബിൽഡിംഗ് (3) മത്സര പരീക്ഷകൾക്കുള്ള പരിശീലനം (4) സ്വയം തൊഴിൽ വായ്പാ പദ്ധതി എന്നിങ്ങനെ നാല് ഘടക പദ്ധതികളുണ്ട്. ഇവയിൽ ഒന്നോ ഒന്നിൽ കൂടുതലോ ഘടക പദ്ധതികളിലൂടെ ഭിന്നശേഷിക്കാരെ തൊഴിൽ ചെയ്ത് ജീവിക്കാൻ പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സ്വയം തൊഴിൽ വായ്പാ പദ്ധതിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ഉപജീവനമാർഗം കണ്ടെത്തുന്നതിലേക്കായി [അൻപത് ശതമാനം പരമാവധി 25,000 (ഇരുപത്തയ്യായിരം രൂപ)] സബ്സിഡിയോടു കൂടി 50,000 (അൻപതിനായിരം രൂപ) വരെ പലിശരഹിത വായ്പ നൽകുന്നു. പ്രോജക്ടിന് ആവശ്യമെന്ന് കണ്ടാൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്.

5. നവജീവൻ

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയ്ക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്കായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖാന്തരം സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി നവജീവൻ എന്ന പേരിൽ ഒരു പുതിയ സ്വയംതൊഴിൽ പദ്ധതി സ.ഉ(കൈ) നം. 59/2020/തൊഴിൽ, തീയതി 28/12/2020 സർക്കാർ ഉത്തരവുപ്രകാരം ആരംഭിച്ചിട്ടുണ്ട്.

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 50-65 പ്രായപരിധിയിലുള്ള തൊഴിൽരഹിതരായ മുതിർന്ന പൗരന്മാർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് 50000/-രൂപ (അൻപതിനായിരം രൂപ മാത്രം) വരെ ബാങ്ക് വായ്പയും വായ്പ തുകയുടെ 25% (12500/-രൂപ) സർക്കാർ സബ്സിഡി അനുവദിക്കുകയും ചെയ്യുന്നതാണ് ഈ പദ്ധതി.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും 50-65 പ്രായപരിധിയിലുള്ളതും വ്യക്തിഗത വാർഷിക വരുമാനം, ഒരു ലക്ഷം

രൂപയിൽ കവിയാത്ത എഴുത്തും വായനയും അറിയാവുന്ന ഏതൊരു വ്യക്തിക്കും ഈ പദ്ധതിപ്രകാരം വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. സംസ്ഥാനത്തെ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകൾ, കെ.എസ്.എഫ്.ഇ, കേരള ബാങ്ക് മറ്റ് പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ എന്നിവ മുഖേന വായ്പ അനുവദിക്കാവുന്നതാണ്.

വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന 104 സർക്കാർ ഐ.ടി.ഐ കളിൽ 14 എണ്ണം വനിതകൾക്ക് വേണ്ടിയുള്ളതാണ്. കൂടാതെ മറ്റെല്ലാ ഐ.ടി.ഐ.-കളിലും 30% സീറ്റുകൾ വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

സൗദി അറേബ്യ, യു.എ.ഇ, ജർമ്മനി, ബെൽജിയം, യു.കെ തുടങ്ങിയ രാജ്യങ്ങളിലെ സർക്കാർ ആരോഗ്യ മേഖലകളിലുണ്ടാകുന്ന വിവിധ ഒഴിവുകളിലേയ്ക്ക് ഒഡെപെക് വഴി തൊഴിൽ നേടാവുന്നതാണ്. ഈ രാജ്യങ്ങളിലേക്കാവശ്യമായ ജർമ്മൻ, ഡച്ച്, IELTS, OET തുടങ്ങിയ ഭാഷകൾ ഒഡെപെകിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഭാഷാ പരിശീലന കേന്ദ്രങ്ങളിൽ ലഭ്യമാക്കിക്കൊടുക്കുന്നുണ്ട്.

തൊഴിൽ വകുപ്പ് ലഭ്യമാക്കുന്ന ഓൺലൈൻ അധിഷ്ഠിത സേവനങ്ങൾ

259 (3389) ശ്രീ ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ അധിഷ്ഠിതമായ എന്തെല്ലാം സേവനങ്ങളാണ് തൊഴിൽ വകുപ്പ് ലഭ്യമാക്കുന്നതെന്ന് വിശദീകരിക്കുമോ?

സംസ്ഥാനത്ത് വിവിധ തൊഴിൽ നിയമങ്ങൾപ്രകാരം തൊഴിൽ വകുപ്പിൽനിന്ന് ആർജ്ജിതമാക്കേണ്ട താഴെപ്പറയുന്ന രജിസ്ട്രേഷൻ, ലൈസൻസ് റിന്യൂവൽ സേവനങ്ങൾക്കായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും ഫീസ് ഓൺലൈനായി ഒടുക്കുന്നതിനും ഓഫീസുകളിൽ ഹാജരാകാതെതന്നെ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും സാധ്യമാക്കുന്ന ഓൺലൈൻ സംവിധാനം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. അപേക്ഷയുടെ സ്റ്റാറ്റസ് ട്രാക്ക് ചെയ്യുന്നതിനും സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം ടി സംവിധാനത്തിലൂടെ ലഭ്യമാണ്.

സേവനങ്ങൾ

1. കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1960 പ്രകാരമുള്ള രജിസ്ട്രേഷൻ

2. കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1960 പ്രകാരമുള്ള രജിസ്ട്രേഷൻ പുതുക്കൽ

3. കോൺട്രാക്ട് ലേബർ (റെഗുലേഷൻ ആന്റ് അബോളിഷൻ) ആക്ട്, 1970 പ്രകാരം പ്രിൻസിപ്പൽ എംപ്ലോയർ രജിസ്ട്രേഷൻ

4. കോൺട്രാക്ട് ലേബർ (റെഗുലേഷൻ ആന്റ് അബോളിഷൻ) ആക്ട്, 1970 പ്രകാരം ലൈസൻസ്

5. കോൺട്രാക്ട് ലേബർ (റെഗുലേഷൻ ആൻഡ് അബോളിഷൻ) ആക്ട്, 1970 പ്രകാരം ലൈസൻസ് പുതുക്കൽ

6. ബിൽഡിംഗ് & കൺസ്ട്രക്ഷൻ തൊഴിലാളികൾ (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥകളും) ആക്ട്, 1996 പ്രകാരമുള്ള രജിസ്ട്രേഷൻ

7. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്, 1961 പ്രകാരമുള്ള രജിസ്ട്രേഷൻ

8. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്, 1961 പ്രകാരമുള്ള രജിസ്ട്രേഷൻ പുതുക്കൽ

9. ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥകളും) ആക്ട്, 1979 പ്രകാരം രജിസ്ട്രേഷൻ

10. ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥകളും) ആക്ട്, 1979 പ്രകാരം ലൈസൻസ്

11. ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥകളും) ആക്ട്, 1979 പ്രകാരം ലൈസൻസ് പുതുക്കൽ

12. ട്രേഡ് യൂണിയൻ ആക്ട് 1926 പ്രകാരമുള്ള രജിസ്ട്രേഷൻ

എംപ്ലോയ്മെന്റ് വകുപ്പിലെ എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ്വെയർ മുഖേന 03/5/2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. www.eemployment.kerala.gov.in എന്ന വെബ് പോർട്ടൽ

വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്ന പ്രത്യക്ഷമായ സേവനങ്ങൾ എല്ലായ്പ്പോഴും എവിടെനിന്നും ലഭ്യമാണ്. പ്രസ്തുത ഓൺലൈൻ പോർട്ടൽ മുഖാന്തിരം രജിസ്ട്രേഷൻ, പുതുക്കൽ, പ്രത്യേക പുതുക്കൽ, അധികയോഗ്യത കൂട്ടിച്ചേർക്കൽ, രജിസ്ട്രേഷൻ ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ, സീനിയോറിറ്റി ലിസ്റ്റ് തുടങ്ങിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആയി ഉദ്യോഗാർഥികൾക്ക് ലഭ്യമാണ്. കൂടാതെ കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർ രഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ-കളിൽ അഡ്മിഷൻ വകുപ്പ് തനതായി വികസിപ്പിച്ച ഓൺലൈൻ അഡ്മിഷൻ പോർട്ടൽ ആയ ജാലകം പോർട്ടൽ വഴി നടത്തിവരുന്നു.

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ ഫാക്ടറികളുടെയും ബോയിലറുകളുടെയും രജിസ്ട്രേഷൻ സംബന്ധമായ 22-ൽ അധികം സേവനങ്ങൾ (ഫാക്ടറി പെർമിറ്റ് അനുവദിക്കൽ, ലൈസൻസ് അനുവദിക്കൽ, ലൈസൻസ് പുതുക്കൽ/ഭേദഗതി, ബോയിലർ രജിസ്ട്രേഷൻ തുടങ്ങിയവ ഉൾപ്പെടെ) നൽകിവരുന്നു.

ഇ.എസ്.ഐ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കുള്ള ചികിത്സാ സൗകര്യങ്ങളാണ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് നൽകിവരുന്നത്. ഈ വകുപ്പിന്റെ ഗുണഭോക്താക്കളുമായി ബന്ധപ്പെട്ടുള്ള ഓൺലൈൻ അധിഷ്ഠിത സേവനങ്ങൾ ഇ.എസ്.ഐ കോർപ്പറേഷൻ നേരിട്ട് നിർവ്വഹിക്കുന്ന തിനാൽ നിലവിൽ ഓൺലൈൻ സേവനങ്ങൾ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് നൽകുന്നില്ല.

(ബി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ തൊഴിലാളികൾക്കുണ്ടാകുന്ന ഗുണഫലങ്ങൾ വ്യക്തമാക്കുമോ?

1. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടില്ല. ക്ഷേമനിധി ബോർഡിന്റെ ഓഫീസുകൾ കമ്പ്യൂട്ടർവൽകരിച്ചാൽ ഓൺലൈൻ സേവനങ്ങൾ വഴി തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാതെ അപേക്ഷകൾ സമർപ്പിക്കുവാൻ സാധിക്കും. കൂടാതെ കമ്പ്യൂട്ടർവൽകരിച്ചാൽ ആനുകൂല്യങ്ങൾ വേഗത്തിൽ തീർപ്പാക്കി തൊഴിലാളികൾക്ക് ലഭ്യമാക്കാനും സാധിക്കും.

2. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടില്ല. നിലവിൽ തൊഴിലാളികൾക്ക് അംഗത്വമെടുക്കുന്നതിനായി കെൽട്രോൺ രൂപകൽപന ചെയ്ത എ.ഐ.ഐ.എസ് എന്ന സോഫ്റ്റ്വെയർ മുഖേന തൊഴിലാളികൾക്ക് അവരവരുടെ സ്ഥലങ്ങളിലുള്ള അക്ഷയ കേന്ദ്രങ്ങൾ വഴി ഓൺലൈൻ ആയി അംഗത്വ ഫീസ് അടയ്ക്കുന്നതിനും രജിസ്ട്രേഷൻ ചെയ്യുന്നതിനും സാധ്യമാണ്. അങ്കമാലിയിലുള്ള ഈ ഓഫീസിലേക്ക് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും തൊഴിലാളികൾ എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ട്

ഇതുവഴി പരിഹരിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ തൊഴിലാളികളുടെ അപേക്ഷകൾ ഓൺലൈനായും നവമാധ്യമമായ വാട്സ്ആപ്പ് വഴിയും അയച്ചു തരുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിവരുന്നു.

3. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിലെ മുഖ്യകാര്യാലയവും സബ് ഓഫീസുകളും കമ്പ്യൂട്ടർവൽകരിച്ചതുമൂലം പെൻഷനും മറ്റ് ആനുകൂല്യങ്ങളും തൊഴിലാളികളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് ലഭ്യമാക്കുവാൻ കഴിയുന്നു. കൂടാതെ വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും കമ്പ്യൂട്ടർവൽകരിച്ചതുമൂലം സാധിക്കുന്നു.

4. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ കമ്പ്യൂട്ടർ-വൽകരണത്തിന്റെ ഭാഗമായി ഇ-ഓഫീസ് സംവിധാനവും പഞ്ചിംഗ് സിസ്റ്റവും നടപ്പിലാക്കിയിട്ടുണ്ട്. ബോർഡിലെ തൊഴിലാളികൾക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ നൽകുന്നതിനായും ബോർഡിലെ

അംശദായം അടയ്ക്കുന്നതിനും ആനുകൂല്യത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ integrated Personnel, payroll and accounts information system ആയ ജി-സ്പാർക്ക് സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കമ്പ്യൂട്ടർവൽകരണത്തിന്റെ ഭാഗമായി ബോർഡിന്റെ കീഴിൽ തൊഴിലാളികൾക്ക് വിശ്രമത്തിനും വിനോദത്തിനുമായി പ്രവർത്തിക്കുന്ന ഹോളിഡേ ഹോമിൽ റൂം ബുക്ക് ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

5. <u>കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് പൂർണ്ണമായും കമ്പ്യൂട്ടർവൽകരിക്കുന്നതിലൂടെ ഒരു തൊഴിലാളിക്ക് അംഗമായി ചേരുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനും അംശദായം ഓൺലൈനായി അടവാക്കുന്നതിനും ബോർഡിൽനിന്നും നൽകിവരുന്ന ക്ഷേമാനുകൂല്യങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും

സാധ്യമാകും. ഇത്തരത്തിൽ അപേക്ഷ സമർപ്പിച്ചതിനുശേഷം ആനുകൂല്യ വിതരണം ഡി.ബി.റ്റി സമ്പ്രദായത്തിലൂടെ നൽകുന്നതിനും സാധ്യമാണ്. കമ്പ്യൂട്ടർവൽകരണത്തിലൂടെ ബോർഡിൽ നിന്നുള്ള സേവനങ്ങൾ ജനങ്ങളിലേയ്ക്ക് സുതാര്യമായും വേഗത്തിലും എത്തിക്കുന്നതിന് സഹായകരമാകും.

6. കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽകരിച്ചതിലൂടെ തൊഴിലാളികൾക്ക് ബോർഡിന്റെ ഓഫീസുകൾ സന്ദർശിക്കാതെതന്നെ ഓൺലൈനായി അംഗത്വമെടുക്കുന്നതിനും അംശദായം അടയ്ക്കുന്നതിനും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനും സാധിക്കുന്നു.

7. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ കമ്പ്യൂട്ടർവൽകരണം നടപ്പിലാക്കിയതിലൂടെ തൊഴിലാളികൾക്ക് വേഗത്തിൽ

പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും മറ്റ് ധനസഹായങ്ങളും (തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നതിലൂടെ) ലഭിക്കുന്നതിനും കൂടാതെ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയതിലൂടെ തൊഴിലാളികളുടെ വിവിധ അപേക്ഷകളിന്മേൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനും തീർപ്പാക്കുന്നതിനും സാധിക്കുന്നു.

8. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കമ്പ്യൂട്ടർവൽകരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എ.ഐ.ഐ.എസ് സോഫ്റ്റ്വെയർ മുഖേന അംഗത്വ രജിസ്ട്രേഷൻ നടത്തിവരുന്നു. ആയതുപ്രകാരം ഓൺലൈൻ മുഖേന തൊഴിലാളികൾക്ക് സ്വയം രജിസ്ട്രേഷൻ അപേക്ഷ സമർപ്പിക്കുന്നതിനും അപേക്ഷയുടെ പുരോഗതി അറിയുന്നതിനും സാധിക്കുന്നു.

9. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളും പൂർണ്ണമായി കമ്പ്യൂട്ടർവൽകരിച്ചതുവഴി

വിവിധ അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും അപേക്ഷയിന്മേൽ അതിവേഗം നടപടികൾ സ്വീകരിക്കുന്നതിനും തൊഴിലാളികളുടെ പെൻഷൻ, ആനുകൂല്യങ്ങൾ എന്നിവയുടെ വിതരണം വേഗത്തിലാക്കുന്നതിനും സാധിക്കുന്നു. തൊഴിലാളികൾക്കുള്ള പെൻഷൻ, ആനുകൂല്യങ്ങൾ എന്നിവ ഓൺലൈനായി അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് മാറ്റാൻ സാധിക്കുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനം നടപ്പിലാക്കിയതുവഴി ആനുകൂല്യങ്ങൾ നിമിഷനേരം കൊണ്ട് നേരിട്ട് തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടുകളിൽ എത്തിക്കുന്നതിന് സാധിക്കുന്നു. കോവിഡ് മഹാമാരിയുടെ സമയത്ത് ടി സംവിധാനം ഏറ്റവും നന്നായി പ്രയോജനപ്പെടുത്തുവാൻ ബോർഡിന് സാധിച്ചു. ബോർഡിൽ ഫയലുകൾ ഇലക്ട്രോണിക്കായി കൈകാര്യം ചെയ്യുന്നതിനാൽ അവയുടെ സുതാര്യത വർദ്ധിപ്പിക്കുന്നതിനും വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനും സാധിക്കുന്നു. ബോർഡിന്റെ പേരിൽ ആരംഭിച്ച വെബ്സൈറ്റ് മുഖേന ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ഉടനടി ഗുണഭോക്താക്കളിൽ എത്തിക്കുന്നതിന് സാധിക്കുന്നു.

10. കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടർവൽകരണത്തിലൂടെ തൊഴിലാളികളുടെ രജിസ്ട്രേഷൻ, അംശദായം ഒടുക്കൽ, ധനസഹായത്തിനുള്ള അപേക്ഷകൾ, പുതിയ പെൻഷൻ അപേക്ഷകൾ എന്നിവ ഓഫീസിൽ വരാതെതന്നെ ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുവാൻ സാധിക്കുന്നു.

11. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

2017-18 കാലയളവ് മുതൽ ബോർഡിന്റെ അംഗത്വ രജിസ്ട്രേഷൻ, അംശദായ അടവ് എന്നിവ ഓൺലൈൻ മുഖേന ഒടുക്കുന്നതിന് സാധിക്കുന്നുണ്ട്. 2019 ഏപ്രിൽ മുതൽ പെൻഷൻ അപേക്ഷ സമർപ്പണം മുതൽ വിവിധ ആനുകൂല്യ വിതരണം വരെയുള്ള നടപടികൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റി അപേക്ഷകൾ അതത് മാസം തീർപ്പാക്കി ഡി.ബി.റ്റി സംവിധാനത്തിലൂടെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

തയ്യൽ തൊഴിലാളികൾക്കും തയ്യൽ സ്വയം തൊഴിലായി സ്വീകരിച്ചിട്ടുള്ള 18 വയസ്സ് കഴിഞ്ഞ ഏതൊരാൾക്കും ക്ഷേമനിധി ബോർഡിൽ അംഗമാകാവുന്നതാണ്. ഓൺലൈനായി ലഭിക്കുന്ന അപേക്ഷ പരിശോധിച്ച് നൈപുണ്യ പരിശോധന നടത്തി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ അംഗത്വം അനുവദിക്കുന്നു. ട്രേഡ് യൂണിയനുകൾ മുഖാന്തിരവും അക്ഷയ കേന്ദ്രങ്ങൾ വഴിയും വ്യക്തിഗതമായും ഓൺലൈനായും അംശദായം അടയ്ക്കുന്നതിനുള്ള സൗകര്യം ബോർഡ് സോഫ്റ്റ്വെയറിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇതിലൂടെ ഓൺലൈൻ മുഖേന അംഗത്വം എടുക്കുന്നതിനും അംശദായം ഒടുക്കുന്നതിനുമുള്ള സൗകര്യം തൊഴിലാളികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഓഫീസിൽ നേരിട്ട് ഹാജരാകാതെതന്നെ ബോർഡിന്റെ വെബ്സൈറ്റ് മുഖാന്തിരം ഓൺലൈൻ വഴി പരാതികൾ സമർപ്പിക്കുന്നതിനുള്ള 'ഓൺലൈൻ കംപ്ലയിന്റ് പോർട്ടൽ' സംവിധാനവും ബോർഡ് സോഫ്റ്റ്വെയറിൽ സജ്ജീകരിച്ചിട്ടുണ്ട്.

12. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ കമ്പ്യൂട്ടർവൽകരണം നടപ്പിലാക്കിയതിലൂടെ ക്ഷേമനിധി അംഗങ്ങളുടെ അംശദായം ഓൺലൈൻ സംവിധാനം മുഖേന അടയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്.

04-10-2021 മുതൽ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇ-ഓഫീസ് സംവിധാനം നടപ്പിൽ വരുത്തിയിട്ടുള്ളതിനാൽ ക്ഷേമനിധി ബോർഡ് മുഖേന നൽകിവരുന്ന പെൻഷൻ ഉൾപ്പെടെയുള്ള സാമ്പത്തിക സഹായ അപേക്ഷ ഫയലുകളുടെ നീക്കം ത്വരിതപ്പെടുത്തുവാനും സാധിച്ചിട്ടുണ്ട്.

13. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമായി നടപ്പിലാക്കുന്നതിന് വിവരസാങ്കേതിക വിദ്യയുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഫലമായി പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി പ്രത്യേകം സോഫ്റ്റ്വെയർ വികസിപ്പിച്ചിട്ടുണ്ട്. ഈ

സോഫ്റ്റ്വെയറിന്റെ സഹായത്താൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാതെ ഓൺലൈൻ രജിസ്ട്രേഷൻ ഓൺലൈൻ അംശദായ അടവ് എന്നിവ തൊഴിലാളികൾക്ക് സാധ്യമാകുന്നു. കമ്പ്യൂട്ടർവൽകരണത്തിന്റെ ഭാഗമായി ആനുകൂല്യവിതരണം അടക്കമുള്ള സേവനങ്ങൾ ഏറ്റവും കുറഞ്ഞ സമയക്രമത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുന്നു. ഇ-ഓഫീസ് സംവിധാനം സജ്ജീകരിക്കപ്പെട്ടതിലൂടെ ഫയലുകൾ തീർപ്പാക്കുന്നതിന് ഗതിവേഗം വർദ്ധിച്ചിട്ടുണ്ട്.

14. <u>കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്</u>

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിൽ നിലവിൽ വേതന വിതരണം, പെൻഷൻ വിതരണം, മറ്റാനുകൂല്യവിതരണം മുതലായവ പൂർണ്ണമായും ഓൺലൈൻ സംവിധാനം വഴിയാണ് നടപ്പിലാക്കുന്നത്. ഓൺലൈൻ സംവിധാനങ്ങളുടെ വരവോടെ ഓഫീസ് നടപടിക്രമങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി കൈകാര്യം ചെയ്യുന്നതിന് സാധ്യമായിട്ടുണ്ട്. സമയബന്ധിതമായും തൊഴിലാളികൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനും അവർക്ക് അവകാശപ്പെട്ട ആനുകൂല്യങ്ങളെ സംബന്ധിച്ച്

തൊഴിലാളികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും ബോർഡിന്റെ കമ്പ്യൂട്ടർവൽകരണംമൂലം സാധിച്ചിട്ടുണ്ട്.

15. കേരള മോട്ടോർ തൊഴിലാളി ക്ഷേമ ബോർഡ്

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളികൾക്ക് ഓഫീസിൽ വരാതെതന്നെ ഓൺലൈനായി അംഗത്വ രജിസ്ട്രേഷൻ നടത്താൻ സാധിക്കുന്നതും ക്ഷേമനിധി വിഹിതം ഓൺലൈനായും അക്ഷയ/ബാങ്കുകൾ മുഖേന കൊടുക്കാൻ സാധിക്കുന്നതും കമ്പ്യൂട്ടർവൽകരണത്തിന്റെ പ്രധാന ഗുണഫലങ്ങളാണ്. ബോർഡിൽ കമ്പ്യൂട്ടർവൽകരണം നടപ്പാക്കിയതിനാൽ തൊഴിലാളികൾക്കുള്ള പെൻഷൻ, റീഫണ്ട്, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, സ്കോളർഷിപ്പ് തുടങ്ങിയ നിരവധിയായ ആനുകൂല്യങ്ങൾ വേഗത്തിൽ വിതരണം ചെയ്യാനായി ചെക്കുകൾ ഒഴിവാക്കി തുക നേരിട്ട് തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിവരുന്നു. ഇതുമൂലം തുക വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ സാധിക്കുന്നു. ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയതിലൂടെ ഓഫീസുകളിലെ ഫയൽ നീക്കം വേഗത്തിലാക്കാനായി.

ലാപ്ടോപ്പ് വിതരണം, സ്കോളർഷിപ്പ് പോലുള്ള ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുമ്പോൾ വെബ് സൈറ്റ് വഴിയും ഫേസ് ബുക്ക്, ട്വിറ്റർ മുതലായവ വഴിയും അറിയിപ്പുകൾ നൽകുന്നതിനാൽ വേഗത്തിൽ തൊഴിലാളികൾക്ക് വിവരങ്ങൾ എത്തിക്കുവാൻ സാധിക്കുന്നു.

16. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ ചീഫ് ഓഫീസിൽ 2022 ഡിസംബർ മാസം മുതൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ജില്ലാ ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-ഓഫീസ് സംവിധാനം എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിലൂടെ തൊഴിലാളികളുമായി ബന്ധപ്പെട്ട ഫയലുകൾ വളരെ വേഗത്തിലും സുതാര്യമായും തീർപ്പാക്കുന്നതിനും ആനുകൂല്യങ്ങൾ വളരെ വേഗത്തിൽ വിതരണം ചെയ്യുന്നതിനും സാധിക്കുന്നതാണ്. തൊഴിൽ വകുപ്പ് മുഖേന പിരിച്ചുവന്നിരുന്ന ബിൽഡിംഗ് സെസ് തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തിരം പിരിച്ചെടുക്കുന്നതിന് 23/24/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ്

14-02-2024-ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന്റെ കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ സെസ് പിരിക്കുന്നതിനാവശ്യമായ മോഡ്യൂൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലൂടെ സെസ് പിരിവ് കാര്യക്ഷമമാക്കി ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി കൂടിശ്ശിക പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് സാധിക്കുന്നതാണ്. കൂടാതെ ബോർഡിൽ പ്രവർത്തിക്കുന്ന വെബ് സൈറ്റ് മുഖാന്തിരം തൊഴിലാളികൾക്കാവശ്യമായ അപേക്ഷ ഫോമുകൾ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. ബോർഡിന്റെ വിവരങ്ങൾ സമയബന്ധിതമായി വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിലൂടെ തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും യഥാസമയം വിവരങ്ങൾ അറിയുവാൻ സാധിക്കുന്നുണ്ട്.

AIIS സോഫ്റ്റ്വെയർ : ഒന്നിലധികം ബോർഡുകളിൽ മെമ്പർഷിപ്പ് എടുക്കുന്നത് ഒഴിവാക്കുന്നതിനുവേണ്ടി 2008-09 വർഷം മുതൽ ബോർഡുകളുടെ കമ്പ്യൂട്ടറൈസേഷൻ സംബന്ധിച്ചുള്ള അഡ്വാൻസ്ഡ്

ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം എന്ന പദ്ധതി കെൽട്രോൺ വഴി നടപ്പിലാക്കിവരികയാണ്. തൊഴിൽ വകുപ്പിന്റെ കീഴിൽവരുന്ന 16 ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ വിവരങ്ങൾ മുഴുവനും അവരുടെ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ കൂട്ടിച്ചേർത്ത് ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതിയാണിത്. ക്ഷേമ ബോർഡുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട മുഴുവൻ അംഗങ്ങൾക്കും അർഹതപ്പെട്ട ആനുകൂല്യങ്ങൾ അവരുടെ ആധാർ നമ്പരുമായി ബന്ധപ്പെടുത്തി സ്വന്തം ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് എത്തിച്ചുകൊടുക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യം. ഇതിലുപരി ഒരേ അംഗങ്ങൾ ഒന്നിൽക്കൂടുതൽ ക്ഷേമനിധി ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് തടയുക, വ്യാജ അംഗത്വങ്ങൾ ഇല്ലാതാക്കുക, ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള എല്ലാ തൊഴിലാളികൾക്കും യൂണിക് ഐ.ഡി. കാർഡ് നൽകുന്നതിനുള്ള പദ്ധതിയാണിത്. AIIS സോഫ്റ്റ്വെയറിന്റെ ഒന്നാംഘട്ടമായ രജിസ്ട്രേഷൻ

ഇപ്പോൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേനയും വിവിധ ക്ഷേമനിധി ബോർഡുകളുടെ ഓഫീസുകൾ മുഖേനയും രജിസ്ട്രേഷൻ നടത്തുവാൻ കഴിയുംവിധമാണ് AIIS സോഫ്റ്റ്വെയർ വികസിപ്പിച്ചിട്ടുള്ളത്.

തൊഴിലാളികൾക്ക് അവരവരുടെ സ്ഥലങ്ങളിലുള്ള അക്ഷയ കേന്ദ്രങ്ങൾ വഴി ഓൺലൈനായി അംഗത്വ ഫീസ് അടയ്ക്കുന്നതിനും രജിസ്ട്രേഷൻ ചെയ്യുന്നതിനും സാധ്യമാണ്. ദൂരസ്ഥലങ്ങളിൽനിന്നും തൊഴിലാളികൾക്ക് ബോർഡിൽ രജിസ്ട്രേഷനായി എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ട് ഇതുവഴി പരിഹരിക്കപ്പെട്ടിട്ടുണ്ട്.

(സി) സ്ത്രീ തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ച കാൾ സെന്റർ സംവിധാനത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ?

കേരളത്തിലെ സ്ത്രീ തൊഴിലാളികൾ തൊഴിലിടങ്ങളിൽ നേരിടുന്ന വിവിധ തൊഴിൽ പ്രശ്നങ്ങൾ തൊഴിൽ വകുപ്പിനെ അറിയിക്കുന്നതിനായി ഒരു ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പർ തൊഴിൽ വകുപ്പ് സജ്ജമാക്കിയിട്ടുണ്ട്. സ്ത്രീ തൊഴിലാളികൾ തൊഴിലിടങ്ങളിൽ നേരിടുന്ന വേതനം സംബന്ധിച്ച പരാതികൾ, ലീവ് ആനുകൂല്യങ്ങൾ, ഇരിപ്പിട സൗകര്യം തുടങ്ങി

തൊഴിൽപരമായ എല്ലാ പരാതികളും സഹജ കോൾ സെന്റർ നമ്പരായ 1800-42555-215 എന്ന നമ്പറിൽ വിളിച്ചറിയിച്ച് പരിഹാരം കാണാവുന്നതാണ്. അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് 2022 മാർച്ച് ഏട്ടാം തീയതി ആരംഭിച്ച ടി കാൾസെന്ററിലൂടെ സ്ത്രീ തൊഴിലാളികളുടെ വിവിധ തൊഴിൽ പ്രശ്നനങ്ങളുമായി ബന്ധപ്പെട്ട് നാളിതുവരെ 100 പരാതികൾ ലഭ്യമാകുകയും ആയതിൽ 98 പരാതികൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) തൊഴിൽ മേഖലയിൽ കമ്പ്യൂട്ടർ അധിഷ്ഠിതമായ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദ വിവരം നൽകാമോ?

തൊഴിൽ മേഖലയിൽ കമ്പ്യൂട്ടർ അധിഷ്ഠിതമായ പുതിയ പദ്ധതികൾ നിലവിൽ തൊഴിൽ വകുപ്പിന്റെ പരിഗണനയിലില്ല. എന്നിരുന്നാലും കുട്ടികൾക്ക് പഠനത്തോടൊപ്പം ജോലി നൽകുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്ത് കർമ്മാചാരി പദ്ധതി രൂപീകരിക്കുകയും പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ എറണാകുളം ജില്ലയിലെ കൊച്ചിൻ കോർപ്പറേഷൻ

പരിധിയിലാണ് നടത്തിവരുന്നത്. ടി പദ്ധതിക്കായി രൂപീകരിച്ചിട്ടുള്ള ഓൺലൈൻ പോർട്ടലിലൂടെ തൊഴിലുടമകൾക്ക് തൊഴിലവസരങ്ങൾ രജിസ്റ്റർ ചെയ്യാനും വിദ്യാർഥികൾക്ക് ആവശ്യമായ തൊഴിൽ തിരഞ്ഞെടുക്കുവാനും സാധിക്കുന്നു.

സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ കേരളത്തിലെ അഭ്യസ്ത വിദ്യരായ തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്നതിനായി എംപ്ലോയ്മെന്റ് വകുപ്പ് ഒരു പ്രൈവറ്റ് ജോബ് പോർട്ടൽ വികസിപ്പിച്ചു വരികയാണ്.

ഇ.എസ്.ഐ. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിം പ്രോസസ് ചെയ്യുന്നതിനായി MRC സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിന് PIP 2024-25 പദ്ധതിയിലുൾപ്പെടുത്തി ഇ.എസ്.ഐ. കോർപ്പറേഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് മുഖേന,

1. <u>കംപ്ലയിന്റ് കം ഗ്രീവൻസ് റീഡ്രസ്സൽ ആപ്പ്:</u>

ഫാക്ടറിത്തൊഴിലാളികൾക്ക്, പ്രത്യേകിച്ച് അതിഥി തൊഴിലാളികൾക്ക് തങ്ങളുടെ സുരക്ഷിതത്വവും ക്ഷേമവും സംബന്ധിച്ച

പരാതികൾ ഭാഷാ വ്യത്യാസമില്ലാതെ മൊബൈൽ ആപ് മുഖേന വകുപ്പിൽ നേരിട്ടറിയിക്കുവാനും വകുപ്പിന്റെ ഓൺലൈൻ സംവിധാനവുമായി ബന്ധിപ്പിച്ചിട്ടുള്ളതിനാൽ പെട്ടെന്ന് പരിഹരിക്കപ്പെടാൻ സാധിക്കുകയും ചെയ്യുന്ന സംവിധാനമാണിത്.

2. ഇ-സേഫ് എം.എസ്.എം.ഇ.

സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും ആരംഭിക്കാൻ ഉദ്ദേശിക്കുന്നതുമായ ഫാക്ടറികളുടെ സംരംഭകർക്ക് ടി ഫാക്ടറികളിൽ നിയമപരമായി നടപ്പിലാക്കേണ്ട സംവിധാനങ്ങളും സൂക്ഷിക്കേണ്ട രേഖകളും ഏതെല്ലാമാണെന്ന് അറിയിക്കുന്നതിലേയ്ക്കായി എ.ഐ അധിഷ്ഠിതമായി സ്വയം പ്രവർത്തിക്കുന്ന സംവിധാനമാണിത്. സംശയ നിവാരണത്തിനായി ചാറ്റ് ബോട്ട് സംവിധാനവും സജ്ജീകരിച്ചിട്ടുണ്ട്.

പഠനത്തോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി

260 (3390) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനത്തോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതിനുള്ള അവസരം വിദ്യാർഥികൾക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതി തൊഴിൽ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ?

കുട്ടികൾക്ക് പഠനത്തോടൊപ്പം ജോലി നൽകുക എന്ന ലക്ഷ്യത്തോടുകൂടി തൊഴിൽ വകുപ്പ് കർമ്മചാരി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തൊഴിലിന്റെ മൂല്യവും മഹത്വവും വർദ്ധിപ്പിക്കുന്നതിനായി തൊഴിൽ-പൊതുവിദ്യാഭ്യാസ-ഉന്നത വിദ്യാഭ്യാസ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കിയ പദ്ധതിയാണ് കർമ്മചാരി പദ്ധതി. ടി പദ്ധതിയിൽ സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളെയാണ് തൊഴിൽദാതാവായി ഉൾപ്പെടുത്തിയിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) സ്വകാര്യ മേഖലയെ ഈ പദ്ധതിയിൽ പങ്കാളിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

കർമ്മചാരി പദ്ധതിയിൽ സ്വകാര്യ മേഖലയെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ സ്റ്റാർ ഹോട്ടൽ, സൂപ്പർ മാർക്കറ്റുകൾ,

മാളുകൾ, ഫുഡ് ഔട്ട് ലെറ്റുകൾ, ടെക്സ്റ്റൈൽസ്, റിസോർട്ടുകൾ തുടങ്ങിയ ആറ് മേഖലകളെയാണ് ടി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതിയുടെ പൈലറ്റ് പ്രോഗ്രാം നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

സംസ്ഥാനത്ത് കർമ്മചാരി പദ്ധതി നടപ്പിലാക്കുന്നതിന് പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ എറണാകുളം ജില്ലയിലെ കൊച്ചിൻ കോർപ്പറേഷൻ പരിധിയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ച ടി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 15-05-2023-ന് എറണാകുളത്ത് നിർവഹിച്ചു. മറ്റ് ജില്ലകളിൽ കർമ്മചാരി പദ്ധതി വകുപ്പുതലത്തിൽ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

പുനലൂർ മണ്ഡലത്തിൽ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾ

261 (3391) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പുനലൂർ മണ്ഡലത്തിൽ തൊഴിൽ വകുപ്പ് മുഖേന അനുവദിച്ച് 2021 മാർച്ചിനുമുമ്പ് പൂർത്തിയാക്കാൻ കഴിയാതിരുന്ന വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; അനുവദിച്ച പ്രവൃത്തികളിൽ/പദ്ധതികളിൽ നിലവിലുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രസ്തുത മണ്ഡലത്തിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ വകുപ്പിന്റെ കീഴിൽ അനുവദിച്ച ഓരോ പ്രവൃത്തിയുടെ പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയവയുടെ വിശദാംശവും നടപ്പിലുള്ളവയുടെ നിലവിലെ സ്ഥിതിയും അവ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

(എ-ഡി) 2021-22 സാമ്പത്തിക വർഷത്തിൽ പുനലൂർ മണ്ഡലത്തിൽ കുളത്തുപ്പുഴ ഐ.ടി.ഐ അനുവദിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നു. കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കായി ഭൂമി ലഭ്യമായിട്ടില്ലാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

2016-21 കാലയളവിൽ പുനലൂർ മണ്ഡലത്തിലെ കുളത്തുപ്പുഴ ഇ.എസ്.ഐ ഡിസ്പെൻസറി ഏക ഡോക്ടർ ടൈപ്പായി പുതിയതായി പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി നൽകിയെങ്കിലും ഇ.എസ്.ഐ. കോർപ്പറേഷന്റെ അനുമതി ലഭ്യമായിട്ടില്ല.

ഭവനം ഫൗണ്ടേഷൻ കേരള കുളത്തുപ്പുഴയിലുള്ള റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന്റെ എസ്റ്റേറ്റിൽ ഭവന രഹിതരായ പ്ലാന്റേഷൻ തൊഴിലാളികൾക്ക് വീട് വച്ചുനൽകുന്ന ഭവനം സ്വന്തം വീട് പദ്ധതി (ആർ.പി.എൽ.) 2020 ആഗസ്റ്റിൽ തുടങ്ങുകയും 2021 സെപ്റ്റംബറിൽ 6 വീടുകളുടെ നിർമ്മാണം, റോഡ് എന്നിവയുൾപ്പെട്ട അനുബന്ധ ജോലികളും പൂർത്തിയാക്കുകയും ആർ.പി.എൽ.-ന് കൈമാറുകയും ചെയ്തിട്ടുള്ളതാണ്.

(ഇ) പ്രസ്തുത മണ്ഡലത്തിൽ വകുപ്പ് പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ/പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

പുതിയ പദ്ധതികൾ സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

ബാല – കൗമാര തൊഴിലാളി (നിരോധനവും നിയന്ത്രണവും) നിയമം നടപ്പാക്കൽ

262 (3392) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാല-കൗമാര തൊഴിലാളി (നിരോധനവും നിയന്ത്രണവും) നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ വിവിധ പ്രവർത്തനങ്ങളെയും പരിശോധനകളെയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾപ്രകാരം പരിശോധന നടത്തുന്നതിനോപ്പംതന്നെ ചൈൽഡ് ആന്റ് അഡോളസന്റ് ലേബർ (പ്രൊഹിബിഷൻ ആന്റ് റെഗുലേഷൻ) നിയമപ്രകാരമുള്ള പരിശോധനയും

നടത്തിവരുന്നുണ്ട്. ഇതുകൂടാതെ എല്ലാ ജില്ലകളിലും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാതല ടാസ്ക് ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയും യോഗം ചേർന്ന് ബാലവേല നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ലോക ബാലവേല വിരുദ്ധ ദിനമായ ജൂൺ 12 സംസ്ഥാനത്ത് എല്ലാ വർഷവും ആചരിച്ചുവരുന്നുണ്ട്. 2024-ൽ ടി ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തൊഴിൽ വകുപ്പ് മന്ത്രി തിരുവനന്തപുരത്ത് നിർവഹിച്ചു.

01-11-2023-ലെ സ.ഉ.(സാധാ) നമ്പർ 1333/2023/LBR പ്രകാരം കോർ കമ്മിറ്റി ഓൺ ചൈൽഡ് ലേബർ, 01-11-2023-ലെ സ.ഉ.(സാധാ) നമ്പർ 1334/2023/LBR പ്രകാരം സ്റ്റേറ്റ് മോണിറ്ററിംഗ് കമ്മിറ്റി ഓൺ ചൈൽഡ് ലേബർ എന്നിവ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചൈൽഡ് ആന്റ് അഡോളസന്റ് ലേബർ (പ്രൊഹിബിഷൻ ആന്റ് റെഗുലേഷൻ) നിയമപ്രകാരം സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ 1,632 പരിശോധനകൾ

നടത്തിയിട്ടുണ്ട്. പരിശോധനാ വേളയിൽ ബാലവേല ചെയ്യുന്ന കുട്ടികളെ കണ്ടെത്തിയാൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുൻപാകെ ഹാജരാക്കി നിയമനടപടികൾ പൂർത്തിയാക്കിയശേഷം അവരുടെ മാതാപിതാക്കൾക്കൊപ്പം അയച്ചിട്ടുണ്ട്. കൂടാതെ ടി നിയമപ്രകാരം കണ്ടെത്തിയ ലംഘനങ്ങൾ പരിഹരിക്കുന്നതിന് പരിശോധന ഉത്തരവ് തൊഴിലുടമകൾക്ക് നൽകിയിട്ടുമുണ്ട്.

ക്ഷേമനിധി ബോർഡ് അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസ സഹായങ്ങൾ

263 (3393) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിൽ വകുപ്പിനുകീഴിലെ വിവിധ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസ സഹായങ്ങളും ആനുകൂല്യങ്ങളും സംബന്ധിച്ച വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ക്ഷേമനിധി ബോർഡുകൾ തിരിച്ച് ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ പെൻഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

264 (3394) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻകാർക്ക് ലഭിക്കാനുള്ള പെൻഷൻ കുടിശികയുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

13 മാസത്തെ കുടിശ്ശിക പെൻഷനായി ആകെ 8,09,79,89,880 (എണ്ണൂറ്റി ഒൻപത് കോടി എഴുപത്തിഒൻപത് ലക്ഷത്തി എൺപത്തിഒൻപതിനായിരത്തി എണ്ണൂറ്റിഎൺപത് രൂപ) നൽകുവാനുണ്ട്. അവയുടെ വിവരങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

ക്രമ നം.	ജില്ല	നൽകാനുള്ള തുക
1.	തിരുവനന്തപുരം	1,38,30,08,160
2.	കൊല്ലം	52,67,77,440
3.	പത്തനംതിട്ട	32,31,78,400
4.	ആലപ്പുഴ	42,79,92,640
5.	കോട്ടയം	33,03,09,360
6.	ഇടുക്കി	32,59,24,240
7.	എറണാകുളം	92,28,18,360
8.	തൃശ്ശൂർ	57,90,27,600
9.	പാലക്കാട്	70,44,05,520

10.	മലപ്പുറം	54,26,72,240
11.	കോഴിക്കോട്	72,91,38,000
12.	വയനാട്	7,79,44,400
13.	കണ്ണൂർ	97,95,74,400
14.	കാസർഗോഡ്	24,52,19,120
ആകെ 8,09,79,89,880 (എണ്ണൂറ്റി ഒൻപത് കോടി എഴുപത്തിഒൻപത് ലക്ഷത്തി എൺപത്തിഒൻപതിനായിരത്തി എണ്ണൂറ്റിഎൺപത് രൂപ)		

(ബി) ഏതുമാസം വരെയുള്ള പെൻഷനാണ് ഇവർക്ക് വിതരണം ചെയ്തിട്ടുള്ളതെന്നും എത്ര മാസത്തെ പെൻഷൻ കുടിശ്ശികയാണ് ഇനി വിതരണം ചെയ്യാനുള്ളതെന്നും അറിയിക്കുമോ?

നിലവിൽ 2023 മെയ് മാസം വരെയുള്ള പെൻഷനാണ് വിതരണം നടത്തിയിട്ടുള്ളത്. നിലവിൽ 13 മാസത്തെ കുടിശ്ശിക പെൻഷൻ വിതരണം ചെയ്യുവാനുണ്ട്.

(സി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും എ.എൽ.പി.നമ്പർ 23218 പ്രകാരം പെൻഷൻ ലഭിക്കുന്ന ഹരിപ്പാട് മണ്ഡലത്തിലെ പരിമണം, മുട്ടം പി.ഒ., ആയിരംപ്പള്ളിൽ ബാബുവർഗ്ഗീസിന്

ഏതുമാസം വരെയുള്ള പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ടെന്നും ശേഷിക്കുന്ന മാസങ്ങളിലേക്കുള്ള കുടിശ്ശിക എത്രയും വേഗം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

ആലപ്പുഴ ജില്ലയിൽനിന്നും എ.എൽ.പി. 23218 നമ്പർപ്രകാരം പെൻഷൻ ലഭിക്കുന്ന ശ്രീ. ബാബുവർഗ്ഗീസിന് 2023 മെയ് മാസം വരെയുള്ള പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ട്. തൊഴിൽ വകുപ്പ് മുഖേന പിരിച്ചിരുന്ന കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ സെസ്സ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിനുള്ള അനുമതി 14-02-2024 തീയതിയിലെ സ.ഉ(കൈ) നം. 23/2024/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവുപ്രകാരം ലഭിച്ചിട്ടുണ്ട്. സെസ് പിരിവ് കാര്യക്ഷമമാക്കി ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി കുടിശ്ശിക പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എത്രയുംവേഗം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഷോപ്സ് & എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ മിനിമം കൂലി

265 (3395) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഷോപ്പ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ മിനിമം കൂലി എത്രയാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകളോടൊപ്പം തൊഴിൽ സംരക്ഷണവും പരിരക്ഷയും ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം കൂലി നിശ്ചയിച്ചിട്ടുള്ളതും, 21-12-2016-ലെ സ.ഉ. (അച്ചടി) നമ്പർ.196/2016/തൊഴിൽ ഉത്തരവുപ്രകാരം ടി വിഭാഗത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം കൂലി സർക്കാർ അവസാനമായി പുതുക്കി നിശ്ചയിച്ചിട്ടുള്ളതുമാണ്. ടി വിജ്ഞാപനത്തിലെ പട്ടിക ഒന്നിലാണ് ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം തൊഴിലാളികളുടെ മിനിമം വേതനം ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത മേഖലയിലെ വിവിധ വിഭാഗങ്ങളിലെ

തൊഴിലാളികൾക്ക് വിജ്ഞാപനപ്രകാരം വ്യത്യസ്ത നിരക്കിലുള്ള അടിസ്ഥാന കൂലിയാണ് നിശ്ചയിച്ചിട്ടുള്ളത്. കാലാവധി കഴിഞ്ഞ, ടി മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽവരുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും മറ്റ് പരിരക്ഷകളും 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ നടത്തുന്ന സ്ഥാപന പരിശോധനകളിൽ ടി വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോയെന്നത് ഉറപ്പുവരുത്താറുണ്ട്. ഇത് ലംഘിക്കുന്ന തൊഴിലുടമകൾക്ക് പരിശോധന ഉത്തരവ് നൽകി ആയത് പരിഹരിക്കപ്പെടുന്നതിനുള്ള നിർദ്ദേശം നൽകുകയും തുടർന്നും ആയത് പാലിക്കാത്ത തൊഴിലുടമകൾക്കെതിരെ പ്രൊസിക്യൂഷൻ ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. തൊഴിൽ വകുപ്പ് നടപ്പിലാക്കിയ വേജ് പ്രൊട്ടക്ഷൻ

സിസ്റ്റം പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ വേതനം നിരീക്ഷിക്കുന്നതിനും മിനിമം വേതനം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മിനിമം വേതനം ലഭിക്കാത്തതുമായി ബന്ധപ്പെട്ട് മിനിമം വേതനം നിയമപ്രകാരമുള്ള ക്ലെയിം അതോറിറ്റിയായ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർ മുമ്പാകെ തൊഴിലാളികൾക്ക് നേരിട്ടോ ബന്ധപ്പെട്ട യൂണിയൻ മുഖേനയോ ക്ലെയിം പെറ്റിഷനുകൾ ഫയൽ ചെയ്യാവുന്നതുമാണ്.

ഗാർഹിക തൊഴിലാളികളുടെ ജോലി സുരക്ഷ

266 (3396) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക തൊഴിലാളികളുടെ ജോലി സുരക്ഷയും വിവിധ ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെണ് വിശദമാക്കാമോ?

ഗാർഹിക തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനും അവർക്കെതിരായ ഉപദ്രവം, ആക്രമണം, സാമ്പത്തിക ചൂഷണം എന്നിവ

തടയുന്നതിനും അവരുടെ സേവന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനും വേണ്ടി കേരള ഗാർഹിക തൊഴിലാളി (തൊഴിൽ ക്രമപ്പെടുത്തലും സേവന വ്യവസ്ഥകളും) ബില്ലിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്. വിവിധ ട്രേഡ് യൂണിയനുകളുടെയും NGO-കളുടെയും അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിച്ച് കരട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട പ്ലേസ്മെന്റ് ഏജൻസികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ചൂഷണം തടയുന്നതിമുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഗാർഹിക തൊഴിലാളികൾക്ക് തൊഴിൽ നൽകുന്ന സ്വകാര്യ പ്ലേസ്മെന്റ് ഏജൻസികളെ ക്രമീകരിക്കുന്നതിന് നിലവിൽ നിയമമില്ല. കേരള ഗാർഹിക തൊഴിലാളി (തൊഴിൽ ക്രമപ്പെടുത്തലും സേവന വ്യവസ്ഥകളും) ബില്ലിന്റെ കരടിൽ സ്വകാര്യ പ്ലേസ്മെന്റ് ഏജൻസിയുടെ രജിസ്ട്രേഷൻ, ഉത്തരവാദിത്വങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗാർഹിക തൊഴിലാളി ബിൽ നിയമമാകുന്നമുറയ്ക്ക് പ്ലേസ്മെന്റ് ഏജൻസികളെ നിരീക്ഷിക്കുന്നതിനും ചൂഷണം തടയുന്നതിനും സാധിക്കുന്നതാണ്.

അംഗത്വവും പെൻഷനും പുനഃസ്ഥാപിച്ച് കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി

267 (3397) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിൽ, EM-48530 നമ്പർ അംഗമായിരുന്ന, വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട് ഗ്രാമപഞ്ചായത്തിൽ വാർഡ് 7, അറക്കത്തറ വീട്ടിൽ ശ്രീ. എ. സി. സുരേഷ്, ടിയാളുടെ അംഗത്വം പുനഃസ്ഥാപിച്ച് കിട്ടുന്നതിനും പെൻഷൻ ലഭിക്കുന്നതിനുമായി 08-08-2023-ന് എം.എൽ.എ. മുഖാന്തരം സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ:

(ബി) ഇതുസംബന്ധിച്ച തൊഴിൽ വകുപ്പിലെ ജെ1/347/2023 നമ്പർ ഫയലിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ:

(സി) ടിയാൾക്ക് എന്നത്തേയ്ക്ക് അംഗത്വവും പെൻഷനും ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

(എ-സി) ശ്രീ. എ. സി. സുരേഷ്, ടിയാളുടെ അംഗത്വം പുനഃസ്ഥാപിച്ചുകിട്ടുന്നതിനും പെൻഷൻ ലഭിക്കുന്നതിനുമായി 08-08-2023-ന്

ബഹുമാനപ്പെട്ട എം.എൽ.എ. മുഖാന്തരം സമർപ്പിച്ച അപേക്ഷ J1/347/2023 നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. ടി വിഷയത്തിൽ കേരള കെട്ടിട നിർമ്മാണ തൊഴിലാളിക്ഷേമ ബോർഡ് സെക്രട്ടറി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ടി റിപ്പോർട്ടുപ്രകാരം, കേരള കെട്ടിട നിർമ്മാണ തൊഴിലാളിക്ഷേമ ബോർഡിലെ എറണാകുളം ജില്ലാ ആഫീസിൽ EM0048530 നമ്പർ അംഗമായി രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളിയായ ശ്രീ. സുരേഷിന്റെ അംഗത്വം നിലവിൽ രണ്ടുതവണ മുടക്കം വന്നിട്ടുള്ളതും അംഗത്വം പുനഃസ്ഥാപിച്ച് നൽകിയിട്ടുള്ളതുമാണ്(07/2002 മുതൽ 11/2004 വരെയും 04/2005 മുതൽ 03/2006 വരെയും). രണ്ടുതവണ അംഗത്വം പുനഃസ്ഥാപിച്ചവർക്ക് മൂന്നാമത് അംഗത്വം പുനഃസ്ഥാപിച്ചുനൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

പ്രാദേശിക സംവരണം കാരണം തൊഴിൽ നഷ്ടപ്പെടുന്നതിന് പരിഹാരം

268 (3398) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇന്ത്യയിലെ ചില സംസ്ഥാനങ്ങൾ തൊഴിൽ മേഖലയിൽ പ്രാദേശികർക്ക് സംവരണം ഏർപ്പെടുത്തുന്നത് പോലെയുള്ള നിലപാടുകൾ സ്വീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ സ്ഥലങ്ങളിൽ ജോലിചെയ്യുന്ന മലയാളികൾ തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്താനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ തൊഴിൽ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പരിഹാര നടപടി വ്യക്തമാക്കാമോ?

ഇന്ത്യയിലെ ചില സംസ്ഥാനങ്ങൾ തൊഴിൽ മേഖലയിൽ പ്രാദേശികർക്ക് സംവരണം ഏർപ്പെടുത്തുന്നത് പോലെയുള്ള നിലപാടുകൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് മലയാളികൾ തൊഴിൽ നഷ്ടപ്പെട്ട് തിരികെവരുന്ന സാഹചര്യം സംബന്ധിച്ച വിലയിരുത്തലുകളൊന്നും നടത്തിയിട്ടില്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള പാർടൈം നിയമനങ്ങൾ

269 (3399) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള പാർട്ട് ടൈം നിയമനങ്ങൾക്ക് ഉയർന്ന വിദ്യാഭ്യാസ യോഗ്യത തടസ്സമാണോ എന്ന് വിശദമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള പാർട്ട് ടൈം നിയമനങ്ങൾക്ക് ഉയർന്ന വിദ്യാഭ്യാസ യോഗ്യത തടസ്സമല്ല. പാർട്ട് ടൈം കണ്ടിജന്റ് സ്പെഷ്യൽ റൂളിൽ പരാമർശിക്കുന്ന കാറ്റഗറി ഒന്നിലുൾപ്പെടുന്ന തസ്തികകൾക്ക് മൂന്നാം ഫാറം/ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം എന്നും കാറ്റഗറി 2, 3 എന്നീ വിഭാഗങ്ങളിൽപ്പെടുന്ന തസ്തികകൾക്ക് നല്ല ശാരീരിക ക്ഷമതയുമാണ് യോഗ്യതയായി പാർട്ട് ടൈം കണ്ടിജന്റ് സ്പെഷ്യൽ റൂളിൽ പരാമർശിച്ചിട്ടുള്ളത്. ഉയർന്ന യോഗ്യതയുള്ളവരിൽനിന്ന് സമ്മതപത്രം ലഭ്യമാക്കിയശേഷം അവരെ പാർട്ട് ടൈം ജോലികൾക്ക് പരിഗണിക്കുന്നതാണ്.

(ബി) ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരെ പാർട്ട് ടൈം നിയമനങ്ങളിൽ പരിഗണിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഇ. കെ. നായനാർ സ്മാരക ഗവ.ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണം

270 (3400) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ഇ. കെ. നായനാർ സ്മാരക ഗവണ്മെന്റ് ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പുതുക്കിയ ടെൻഡർ നടപടിവഴി തിരഞ്ഞെടുത്ത കരാറുകാരൻ പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ ഇ. കെ. നായനാർ സ്മാരക ഗവണ്മെന്റ് ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി 12-06-2024-ന് റീ ടെൻഡർ ചെയ്തിട്ടുണ്ട്. കരാറുകാരന്റെ നെഗോഷിയേറ്റഡ് തുക സ്വീകാര്യമല്ലാത്തതുകൊണ്ട് റീ-ടെൻഡർ ചെയ്യുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. അതുകൊണ്ടാണ് തിരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ പ്രവൃത്തി ആരംഭിക്കാതിരുന്നത്.

കുറുമാത്തൂർ ഐ.ടി.ഐ.യിൽ പുതിയ ട്രേഡുകൾ

271 (3401) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിലെ കുറുമാത്തൂർ ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ?

സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അധിക ബാധ്യത ഏറ്റെടുക്കാൻ നിർവാഹമില്ലാത്തതിനാൽ പുതിയ ട്രേഡുകൾ അനുവദിക്കേണ്ടതില്ല എന്ന് തീരുമാനമെടുത്തിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് ഐ.ടി.ഐ.-കളിൽ അനുവദിച്ച പുതിയ ട്രേഡുകളുടെ വിശദവിവരം നൽകാമോ?

ഈ സർക്കാരിന്റെ കാലത്ത് കൊട്ടാരക്കര, ആറ്റിങ്ങൽ, മയ്യനാട്, ചാത്തന്നൂർ എന്നീ ഗവൺമെന്റ് ഐ.ടി.ഐ.-കളിൽ ഡ്രൈവർ കം മെക്കാനിക് ട്രേഡിന്റെ 2 യൂണിറ്റുകൾ വീതവും ആയതിലേയ്ക്കാവശ്യമായ 8 ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

കായംകുളം ഗവണ്മെന്റ് ഐ.ടി.ഐ.-യിലെ കോഴ്സുകൾ

272 (3402) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഗവണ്മെന്റ് ഐ.ടി.ഐ.-യിൽ നിലവിലുള്ള കോഴ്സുകൾ ഏതൊക്കെയെന്നും ഓരോ കോഴ്സിലും പഠിക്കുന്ന വിദ്യാർഥികളുടെ എണ്ണം എത്രയെന്നും വിശദമാക്കാമോ?

കായംകുളം ഗവണ്മെന്റ് ഐ.ടി.ഐ.-യിൽ കംപ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ്, ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നീ രണ്ട് ട്രേഡുകളാണ് നിലവിലുള്ളത്. ടി രണ്ട് ട്രേഡിലും 48 പരിശീലനാർഥികൾ വീതമുണ്ട്.

(ബി) പ്രസ്തുത ഐ.ടി.ഐ.-യിൽ പുതുതായി കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഏതൊക്കെയെന്ന് വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

വർക്കല ഗവൺമെന്റ് ഐ.ടി.ഐ. കെട്ടിട നിർമ്മാണം

273 (3403) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല ഗവൺമെന്റ് ഐ.ടി.ഐ.-ക്കായി നിർമ്മിച്ചുവരുന്ന പുതിയ കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വർക്കല ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിനായി 5.5 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചിരുന്നു. ടി ഇക ഉപയോഗിച്ച് മാസ്റ്റർ പ്ലാൻ പ്രകാരമുള്ള "എ" ബ്ലോക്ക് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാനിലെ "ബി" ബ്ലോക്ക് കെട്ടിടത്തിന്റെ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിന്റെ 560 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

നരിഷ്ട ഐ.ടി.ഐ. കെട്ടിടനിർമ്മാണം

274 (3404) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ നരിപ്പറ്റ ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നരിപ്പറ്റ ഐ.ടി.ഐ.-യിൽനിന്നും കെട്ടിട നിർമ്മാണത്തിനായി 6.350 കോടി രൂപയുടെ ശിപാർശ ലഭിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

നിലമ്പൂർ ഗവണ്മെന്റ് ഐ.ടി.ഐ.യിലെ ട്രേഡുകൾ

275 (3405) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ നിലവിലുള്ള ട്രേഡുകളും കോഴ്സുകളും ഓരോ കോഴ്സിന്റെയും സീറ്റുകളുടെ എണ്ണവും ആകെ വിദ്യാർഥികളുടെയും അധ്യാപകരുടെയും എണ്ണവും നിലവിലുള്ള കെട്ടിട സൗകര്യങ്ങളും എസ്.സി., എസ്.ടി. വിദ്യാർഥികൾക്ക് എത്ര ശതമാനമാണ് സംവരണമുള്ളതെന്നും മലപ്പുറം ജില്ലയിൽ എസ്.സി., എസ്.ടി.

വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്ന ഏക ഐ.ടി.ഐ. ആണോ ഇതെന്നും അറിയിക്കാമോ?

നിലമ്പൂർ ഗവണ്മെന്റ് ഐ.ടി.ഐ.-യിൽ നിലവിലുള്ള ട്രേഡുകളും സീറ്റുകളുടെ എണ്ണവും വിദ്യാർഥികളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

ട്രേഡുകൾ	സീറ്റുകളുടെ എണ്ണം	വിദ്യാർഥികളുടെ എണ്ണം
ELECTRICIAN	40	40
D/CIVIL	48	48
ELECTRONIC MECHANIC	48	48
FITTER	40	40
WELDER	40	40
TOTAL	216	216

ആകെ അധ്യാപകരുടെ എണ്ണം 11 ആണ്. നിലവിലുള്ള ട്രേഡുകൾ നടത്തുന്നതിനാവശ്യമായ കെട്ടിട സൗകര്യങ്ങൾ ഐ.ടി.ഐ.-യിൽ ഉണ്ട്. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 40% വീതമാണ് സംവരണം. മലപ്പുറം ജില്ലയിൽ വകുപ്പിനുകീഴിൽ എസ്.സി./എസ്.ടി. വിഭാഗത്തിന് മുൻഗണന നൽകുന്ന ഏക സ്ഥാപനമാണ് നിലമ്പൂർ ഐ.ടി.ഐ.

(ബി) പ്രസ്തുത ഐ.ടി.ഐ.-യിൽ നിലവിൽ ക്ലാസ് റൂമുകൾ ഒഴിഞ്ഞുകിടക്കുകയോ ഉപയോഗിക്കാതിരിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ഐ.ടി.ഐ.-യിലെ ഹോസ്റ്റലുകളുടെയും അനുബന്ധ സൗകര്യങ്ങളുടെയും വിശദാംശവും കോഴ്സുകൾക്ക് ആനുപാതികമായ പശ്ചാത്തല സൗകര്യങ്ങളുടെ കുറവുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കുമോ?

നിലമ്പൂർ ഐ.ടി.ഐ.-യിൽ നിലവിൽ ക്ലാസ് റൂമുകൾ ഒഴിഞ്ഞുകിടക്കുകയോ ഉപയോഗിക്കാതിരിക്കുകയോ ചെയ്യുന്നില്ല. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റലുകൾ പ്രവർത്തന സജ്ജമാണ്. വാർഡൻ തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ പെൺകുട്ടികളുടെ ഹോസ്റ്റൽ തുറന്നുനൽകിയിട്ടില്ല. നിലവിലുള്ള കോഴ്സുകൾക്ക് ആനുപാതികമായ പശ്ചാത്തല സൗകര്യങ്ങളുണ്ട്.

(സി) സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്തതരത്തിൽ പ്രസ്തുത ഐ.ടി.ഐ.-യിൽ ഏതെങ്കിലും ട്രേഡുകൾ പുതുതായി ആരംഭിക്കാൻ കഴിയുമോ; ഇതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; അറിയിക്കാമോ?

സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്ത തരത്തിൽ നിലമ്പൂർ ഐ.ടി.ഐ.-യിൽ ട്രേഡുകൾ പുതുതായി ആരംഭിക്കാൻ കഴിയില്ല. ഇതിലേയ്ക്കായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

(ഡി) പ്രസ്തുത ഐ.ടി.ഐ.-യിൽ ഏതെങ്കിലും സ്വകാര്യ കോഴ്സുകളോ സെൽഫ് ഫിനാൻസിംഗ് കോഴ്സുകളോ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ ഏത് ഏജൻസിക്കാണ് കോഴ്സ് നടത്തുന്നതിന് ചുമതലയുള്ളതെന്നും ഇതിനായുള്ള നടപടിക്രമങ്ങളും അറിയിക്കാമോ?

കേന്ദ്ര പദ്ധതിയായ "അപ്ഗ്രഡേഷൻ ഓഫ് 1396 ഗവൺമെന്റ് ഐ.ടി.ഐ.സ് ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ്" പദ്ധതിയുടെ ഭാഗമായി ഐ.ടി.ഐ.-യിലെ ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മറ്റി (IMC) ഇൻകം ജനറേഷന്റെ ഭാഗമായി കോഴ്സുകൾ നടത്തുന്നുണ്ട്. നിലവിൽ നൈപുണ്യ, സ്റ്റെപ്സ്, വൈബ്രന്റ് എന്നീ ഏജൻസികളുമായി ചേർന്നാണ് കോഴ്സുകൾ നടത്തുന്നത്. ഏജൻസികൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ IMC കമ്മിറ്റി മീറ്റിങ്ങിൽ ചർച്ച ചെയ്ത് സ്ഥാപനത്തിന് അനുയോജ്യമായത് തിരഞ്ഞെടുത്താണ് അനുമതി നൽകുന്നത്.

(ഇ) പ്രസ്തുത ഐ.ടി.ഐ.-യിൽ ഇനിയും പുതിയ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ തുടങ്ങുന്നതിന് സാധിക്കുമോ; അറിയിക്കാമോ?

പുതിയ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ തുടങ്ങുന്നതിന് ഭൗതിക സാഹചര്യങ്ങൾ ലഭ്യമല്ല.

സി.എം.ഡി. മുഖേന നടത്തിയ നിയമനം

276 (3406) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സി.എം.ഡി. മുഖേന നടത്തിയ എത്ര നിയമനങ്ങൾക്ക് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും യോഗ്യരായ വിദ്യാർഥികളുടെ റിസർവേഷൻ ക്രമത്തിനനുസൃതമായ സീനിയോറിറ്റി ലിസ്റ്റ് നൽകിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലെ നിയമനത്തിനാണ് ലിസ്റ്റ് നൽകിയിട്ടുള്ളതെന്ന് വിശദാംശം ലഭ്യമാക്കുമോ?

സി.എം.ഡി-ക്ക് നിയമനങ്ങൾക്കായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പിൽനിന്നും ലിസ്റ്റുകൾ ലഭ്യമാക്കിയിട്ടില്ല.

(ബി) യോഗ്യരായ ഉദ്യോഗാർഥികളുടെ സീനിയോറിറ്റിയും റിസർവേഷൻ ക്രമവും മറികടന്ന് സി.എം.ഡി. മുഖേന കരാർ നിയമനം നടത്തുന്നത് തടയാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/ പൊതു മേഖലാസ്ഥാപനങ്ങൾ/ബോർഡുകൾ/കമ്പനികൾ/കോർപ്പറേഷനുകൾ/ സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള PSC-യുടെ പരിധിക്ക് പുറത്തുവരുന്ന സ്ഥിര/താൽക്കാലിക/കരാർ നിയമനങ്ങൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1959-ലെ CNV ആക്ടിന് വിധേയമായിട്ടായിരിക്കണമെന്നുള്ള സർക്കാർ നിർദ്ദേശങ്ങൾ മറ്റ് വകുപ്പുകൾ പാലിക്കുന്നുണ്ടെന്ന് ജില്ല/താലൂക്ക് അടിസ്ഥാനത്തിൽ നടത്തുന്ന സ്ഥാപന പരിശോധനയിലൂടെ ഉറപ്പ് വരുത്താറുണ്ട്. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനങ്ങൾ ഒഴികെ മറ്റ് സ്ഥാപനങ്ങൾ/ഏജൻസികൾ മുഖേനയുള്ള നിയമനങ്ങളിൽ സംവരണക്രമം പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ വകുപ്പിന് അധികാരമില്ല.

(സി) മേൽപ്പറഞ്ഞ രീതിയിലുള്ള ഏതെങ്കിലും നിയമനം റദ്ദാക്കുന്നതിന് വകുപ്പ് നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇത്തരത്തിലുള്ള ഏതെങ്കിലും പരാതി ലഭ്യമായാൽ പ്രസ്തുത പരാതി പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

277 (3407) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൈപുണ്യ സംരംഭങ്ങളെ നിരീക്ഷിക്കുകയും ഏകോപിപ്പിക്കുകയും നയിക്കുകയും ചെയ്യുന്നതിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

നൈപുണ്യ സംരംഭങ്ങളെ നിരീക്ഷിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നതിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ പ്രവർത്തനക്ഷമത കെയ്സിന്റെ ഭരണസമിതി നിശ്ചിത ഇടവേളകളിൽ വിലയിരുത്തി, കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകാറുണ്ട്. നൈപുണ്യ പരിശീലനത്തിന്റെ ഗുണഫലങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാക്കുന്നതിനായി ഒരു വികേന്ദ്രീകൃത നൈപുണ്യ വികസന മാതൃക കെയ്സ് തയ്യാറാക്കി നടപ്പിലാക്കിവരികയാണ്. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും, നൈപുണ്യ പരിശീലന രംഗത്ത് പ്രവർത്തിക്കുന്ന പൊതു-സ്വകാര്യ നൈപുണ്യ പരിശീലന സ്ഥാപനങ്ങളെ സംബന്ധിച്ചും അവർ ലഭ്യമാക്കുന്ന നൈപുണ്യ പരിശീലന കോഴ്സുകൾ സംബന്ധിച്ചും പരിശീലകരെ സംബന്ധിച്ചും നൈപുണ്യ പരിശീലനത്തിനുള്ള അടിസ്ഥാനം സംബന്ധിച്ചും സമഗ്രമായ വിവരശേഖരണം നടത്തിവരുന്നു. പൊതു-സ്വകാര്യ പരിശീലന സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് നൈപുണ്യ

പരിശീലനം മികച്ച രീതിയിൽ വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനത്തിലാണ് കെയ്സ്.

(ബി) നിലവിലുള്ളതും ഭാവിയിൽ വികസിക്കാൻ സാധ്യതയുള്ളതുമായ വ്യവസായ ആവശ്യങ്ങൾക്കായി നൈപുണ്യ വികസനം സാധ്യമാക്കുന്നതിന് കെ.എ.എസ്.ഇ. വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

നിലവിലുള്ളതും ഭാവിയിൽ വികസിക്കാൻ സാധ്യതയുള്ളതുമായ വ്യവസായ ആവശ്യങ്ങൾക്കായി നൈപുണ്യ വികസനം സാധ്യമാകുന്നതിന് കെയ്സ് വിവിധ ജില്ലകളിൽ വിവിധ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും പരിശീലനം നൽകുകയും ചെയ്തുവരുന്നു. നിലവിൽ കൊല്ലം ജില്ലയിലെ ചവറയിൽ സ്ഥിതിചെയ്യുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ മാനേജ്മെന്റ് ഉൾപ്പെടെ ആറോളം മികവിന്റെ കേന്ദ്രങ്ങൾ കെയ്സിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഭാവിയിൽ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഡ്രോൺ ടെക്നോളജി, ലോജിസ്റ്റിക് പോലുള്ള മേഖലകളിൽ നൈപുണ്യ വികസനം നൽകുന്നതിനു വേണ്ടിയുള്ള

മികവിന്റെ കേന്ദ്രങ്ങൾ കെയ്സിന്റെ കീഴിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) വ്യാവസായിക പരിശീലന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളുടെ നിലവാരം ഉയർത്തുന്നതിന് കെ.എ.എസ്.ഇ. നൽകുന്ന സംഭാവനകൾ വിശദമാക്കുമോ?

2016-17-ലെ ബജറ്റ് പ്രസംഗത്തിൽ കേരളത്തിലെ 10 ഗവണ്മെന്റ് ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുമെന്ന സർക്കാർ പ്രഖ്യാപനത്തിന്റെ ഭാഗമായി സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് പ്ലാനിലുൾപ്പെടുത്തി കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഇൻവെസ്റ്റ്മെന്റ് ബോർഡ് (കിഫ്ബി) മുഖേന ധനസഹായം ലഭ്യമാക്കി ടി പദ്ധതി ആരംഭിച്ചു. പദ്ധതി നടപ്പിലാക്കാനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിനെ (KASE) ചുമതലപ്പെടുത്തുകയും പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന്മേൽ കിഫ്ബി 82.5 കോടി രൂപയുള്ള സാമ്പത്തിക അനുമതി നൽകുകയുമുണ്ടായി.

പ്രസ്തുത 10 ഐ.ടി.ഐ.-കളിൽ ഏറ്റുമാനൂർ, ചന്ദനത്തോപ്പ്, കൊയിലാണ്ടി, ധനുവച്ചപുരം എന്നീ ഐ.ടി.ഐ.-കൾ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുള്ളതാണ്. ചെങ്ങന്നൂർ, മലമ്പുഴ, കട്ടപ്പന, കണ്ണൂർ ഗവൺമെന്റ് ഐ.ടി.ഐ.-കളുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ചാലക്കുടി, കയ്യൂർ ഐ.ടി.ഐ.-കളുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കരിയർ ഗൈഡൻസ് പരിപാടി

278 (3408) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിവരുന്ന കരിയർ ഗൈഡൻസ് പരിപാടികളുടെ വിശദാംശം ലഭ്യമാക്കാമോ?

വിദ്യാർഥികളിലുള്ള വിവിധ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാനും അവരുടെ അഭിരുചിക്കനുസരിച്ചുള്ള തുടർ വിദ്യാഭ്യാസം തിരഞ്ഞെടുക്കുവാനും തൊഴിൽ മേഖല കണ്ടെത്തുവാനും ശാരീരികവും മാനസികവുമായി കരുത്തുള്ളവരാക്കുന്നതിനുമായി

സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്, എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലും കരിയർഗൈഡൻസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. കരിയർഗൈഡൻസ് യൂണിറ്റുകൾ ആവിഷ്കരിച്ചുനടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സ്കൂൾതല പ്രവർത്തനങ്ങൾ: സ്കൂളിലെ കരിയർ ഗൈഡുമാർ വിദ്യാർഥികൾക്ക് ഉന്നത പഠന മേഖലകളെകുറിച്ചും അതിലൂടെ എത്തിച്ചേരാവുന്ന തൊഴിൽ മേഖലകളെക്കുറിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുന്നു.

2. പാത്ത് ഫൈൻഡർ - സിവിൽ സർവീസ് പരിശീലന പരിപാടി: സിവിൽ സർവീസിൽ താൽപര്യമുള്ള വിദ്യാർഥികൾക്കായി കേരള സിവിൽ സർവീസ് അക്കാദമിയുമായി ചേർന്ന് ഹയർസെക്കൻഡറി വിദ്യാർഥികൾക്കായി പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കാറുണ്ട്. ഓരോ ജില്ലയിൽനിന്നും പ്രവേശന പരീക്ഷയിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്.

3. ട്രെയിൻ ദ ട്രെയിനേഴ്സ്: കരിയർ ഗൈഡൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി കരിയർ ഗൈഡൻസ് മേഖലയിൽനിന്നുള്ള വിദഗ്ധരുടെ സഹായത്തോടെ കുട്ടികൾക്ക് ക്ലാസ്സുകൾ നൽകുന്നു. കരിയർ ഗൈഡൻസ് യൂണിറ്റുകൾക്ക് നേതൃത്വം നൽകുന്ന അധ്യാപകർക്ക് പരിശീലകർക്കായുള്ള പ്രത്യേക പരിശീലന പരിപാടി (Train the Trainer-TOT) നടത്തിവരുന്നു. സന്നദ്ധരായ അധ്യാപകരിൽനിന്ന് പ്രത്യേക അപേക്ഷ ക്ഷണിച്ച് സ്ക്രീനിംഗ് വഴിയാണ് ഇതിലേയ്ക്കുവേണ്ട അധ്യാപകരെ തിരഞ്ഞെടുക്കുന്നത്. പരിശീലനം ലഭിച്ച അധ്യാപകരെയാണ് സ്കൂൾതല ട്രെയിനിംഗുകൾ നടത്താനായി വിനിയോഗിക്കുന്നത്.

4. ഫോക്കസ് പോയിന്റ്: പ്ലസ് വൺ പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ നൽകുന്നതുമായി ബന്ധപ്പെട്ട് രക്ഷാകർത്താക്കൾക്കും കുട്ടികൾക്കും ഉണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിനും വിവിധ സബ്ജക്ട് കോമ്പിനേഷനുകൾ പരിചയപ്പെടുത്തുന്നതിനും ഓരോ വിഷയത്തിന്റെയും ഉപരിപഠന തൊഴിൽ സാധ്യതകളെക്കുറിച്ചുള്ള വിവരങ്ങൾ

നൽകുന്നതിനുമായി എല്ലാ ഹയർ സെക്കൻഡറി സ്കൂളുകളിലും ഫോക്കസ് പോയിന്റുകൾ പ്രവർത്തിച്ചുവരുന്നു.

5. അഭിരുചി പരീക്ഷ K-DAT (Aptitude Test): ഹയർ സെക്കൻഡറി വിദ്യാർഥികൾക്ക് അവരുടെ അഭിരുചി തിരിച്ചറിയുന്നതിനും തുടർപഠനം ആസൂത്രണം ചെയ്യുന്നതിനും സഹായകരമാകുന്ന രീതിയിൽ (Kerala Differential Aptitude Test K-DAT) എന്ന അഭിരുചി പരീക്ഷ നടത്തിവരുന്നു.

6. ആഫ്റ്റർ പ്ലസ് ടു (കൈ പുസ്തകം): "After Plus Two"" എന്ന പേരിൽ പ്ലസ്ടുവിന് ശേഷമുള്ള ഉന്നത പഠന മേഖലകളെകുറിച്ചും അതിലൂടെ എത്തിച്ചേരാവുന്ന എല്ലാ തൊഴിൽ മേഖലകളെക്കുറിച്ചും പ്രതിപാദിക്കുന്ന ഒരു കൈ പുസ്തകം കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസിലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കാറുണ്ട്. പ്രസ്തുത കൈ പുസ്തകത്തിന്റെ ഓരോ കോപ്പി എല്ലാ സ്കൂളുകളിലും എത്തിച്ചിരിക്കുന്നു.

7. വി-ഹെൽപ്പ് (We HELP): മാർച്ചിലെ ഹയർ സെക്കൻഡറി പരീക്ഷയുമായി ബന്ധപ്പെട്ട് വിദ്യാർഥികളിൽ രൂപപ്പെടുന്ന സംശയങ്ങളും ആശങ്കകളും പരിഹരിക്കുന്നതിനുവേണ്ട സഹായങ്ങൾ നൽകാനും ടോൾഫ്രീ

ടെലിഫോൺ മുഖാന്തരം കൗൺസിലിംഗ് നൽകുന്നതിനുമായി രൂപീകരിച്ച ഒരു പ്രോഗ്രാമാണ് വീ-ഹെൽപ്പ്.

8. ക്വാളിറ്റി ഇംപ്രൂവ്മെന്റ്: പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരം മറ്റ് കുട്ടികളോടൊപ്പം എത്തിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പരിപാടിയാണ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം. സംസ്ഥാനത്തെ ഏറ്റവും പഠന നിലവാരം കുറഞ്ഞ 20 ഗവൺമെന്റ് സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കുകയുണ്ടായി. പ്രസ്തുത സ്കൂളുകളിൽ വിഷയങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക ക്ലാസ്സുകളും, പ്രചോദന ക്ലാസ്സുകളും നൽകുകയുണ്ടായി

9. സിതാർ (SITAR) STUDENT'S INITIATIVE FOR TRAINING IN ARTISTIC REJUVENATION): കൗമാരത്തിന്റെ കലാപരമായ കഴിവുകൾ വെളിച്ചത്ത് കൊണ്ടുവന്ന് ഓരോരുത്തരുടെയും അഭിരുചിക്കനുസരിച്ചുള്ള മേഖലകളിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടിയുള്ള പരിപാടിയാണ് സിത്താർ. സ്കൂൾതലത്തിലും ജില്ലാതലത്തിലും കഴിവ് തെളിയിക്കുന്ന വിദ്യാർഥികളെ ഓരോ വർഷവും തിരഞ്ഞെടുത്ത് പ്രത്യേകമായ മേഖലകളിലേയ്ക്ക് എത്തിക്കാൻ സിത്താറിലൂടെ

സാധിക്കുന്നു. അഭിനയം, സിനിമ, മാധ്യമ രംഗം, ഡിസൈൻ, ഫാഷൻ ടെക്നോളജി, അനിമേഷൻ, ഫോട്ടാഗ്രാഫി തുടങ്ങിയ മേലകളിലാണ് മുൻ വർഷങ്ങളിൽ പരിശീലനം നൽകിയത്.

10. ദിശ ഹയർസ്റ്റഡീസ് ഏക്സ്പോ: ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ചും വിവിധ തൊഴിൽ മേഖലകളെക്കുറിച്ചും കൃത്യമായ അവബോധം സൃഷ്ടിക്കുന്നതിനായി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സ്റ്റേറ്റ്, സെൻട്രൽ, ഗവൺമെന്റ് സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന പ്രദർശന പരിപാടിയാണ് 'ദിശ ഹയർസ്റ്റഡീസ് എക്സ്പോ'. ഓരോ സ്ഥാപനവും നടത്തുന്ന കോഴ്സുകൾ, അവയിലെ വിവിധ സബ്ജക്ടുകൾ, അതിലൂടെ എത്തിച്ചേരാവുന്ന തൊഴിൽ മേഖലകൾ, ഫീസ് നിരക്കുകൾ, കാമ്പസ് നിയമനത്തിനുള്ള സാധ്യതകൾ തുടങ്ങിയവയെക്കുറിച്ചുള്ള മുഴുവൻ വിവരങ്ങളും പങ്കെടുക്കുന്ന സ്ഥാപനങ്ങളിലെ വിദഗ്ധരിൽനിന്നും വിദ്യാർഥികൾക്ക് നേരിട്ടറിയാൻ സാധിക്കുന്നു. അൻപതോളം സ്ഥാപനങ്ങൾ ഈ ഉന്നതവിദ്യാഭ്യാസ പ്രദർശനത്തിൽ പങ്കെടുക്കാറുണ്ട്.

11. കരിയർ കോർണർ: തുടർപഠനവുമായി ബന്ധപ്പെട്ട പരീക്ഷകൾ, കോഴ്സുകൾ എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയ പോസ്റ്ററുകൾ സ്കൂളുകളിലെ കരിയർ കോർണറിൽ പ്രദർശിപ്പിച്ചുവരുന്നു. യോജന പോലെയുള്ള മാഗസിനുകളും കരിയർ കോർണറിൽ ലഭ്യമാക്കുന്നതിനായി വകുപ്പ് സ്കൂളുകൾക്ക് നൽകിവരുന്നു.

(ബി) തളിപ്പറമ്പ് മണ്ഡലത്തിൽ നടപ്പാക്കിവരുന്ന ടേണിംഗ് പോയിന്റ് എന്ന കരിയർ ഗൈഡൻസ് പരിപാടിയിൽ വകുപ്പിന്റെ കരിയർ ഗൈഡൻസ് വിഭാഗത്തിന് ഏതൊക്കെ വിധത്തിൽ സഹകരിക്കാനാകും; വിശദമാക്കുമോ?

ബജറ്റ് വിഹിതത്തിലുൾപ്പെട്ടിട്ടുള്ളതും പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹയർസെക്കൻഡറി വിഭാഗത്തിൽനിന്നും തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിച്ചുമാണ് വകുപ്പിൽനിന്നും സഹായം നൽകുന്നത്.

ട്രാവൻകൂർ റയോൺസിന്റെ ലിക്വിഡേഷൻ നടപടികൾ

279 (3409) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിന്റെ ലിക്വിഡേഷൻ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ:

(ബി) പ്രസ്തുത സ്ഥാപനത്തിൽ ജോലിചെയ്തിരുന്ന തൊഴിലാളികൾക്ക് ആനുകൂല്യമായി കൊടുത്തുതീർക്കുവാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കമ്പനിവക വസ്തുക്കളും കമ്പനി കോമ്പൗണ്ടിലെ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ളവ e-auction മുഖേന ലേലം ചെയ്യുന്ന നടപടി പൂർത്തിയാക്കിയിട്ടുണ്ട്. നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചപ്പോൾ ഏകദേശം 1700 അപേക്ഷകൾ ലഭിച്ചിരുന്നു. അവയുടെ തീർപ്പാക്കൽ നടപടികൾ നടന്നുവരുന്നു. തൊഴിലാളികളുടെ എല്ലാ ക്ലെയിമുകളും തീർപ്പാക്കിയതിനുശേഷം മാത്രമേ മൊത്തം ബാധ്യത കണ്ടെത്താനാകൂ.

(സി) ലിക്വിഡേഷന്റെ ഭാഗമായി തൊഴിലാളികൾക്കും അവകാശികൾക്കും ലഭിക്കേണ്ട ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് എന്തെങ്കിലും തരത്തിലുള്ള തടസ്സം നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഇല്ല

(ഡി) തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ അനുവാദത്തോടെ, തൊഴിലാളികൾ ഉൾപ്പെടെയുള്ള കമ്പനിയുടെ ക്രെഡിറ്റേഴ്സിൽനിന്നും ഓഫീഷ്യൽ ലിക്വിഡേറ്റർ നഷ്ടപരിഹാരത്തിനുള്ള അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിൻമേലുള്ള നിയമനടപടികൾ നടന്നുവരികയാണ്. മേൽ നിയമ നടപടികൾക്ക് ശേഷമേ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ അനുമതിയോടെ കമ്പനിയിലെ തൊഴിലാളികൾക്കുള്ള ഡിവിഡന്റ് പ്രഖ്യാപിക്കുകയുള്ളൂ.

ഇ.എസ്.ഐ. ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി

280 (3410) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഇ.എസ്.ഐ. ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പുതിയ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് ഇ.എസ്.ഐ. കോർപ്പറേഷനാണ്. പേരൂർക്കട ഇ.എസ്.ഐ. ആശുപത്രിയിൽ പ്രത്യേക ഒ.പി. ബ്ലോക്ക് നിർമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, ഇ.എസ്.ഐ. സബ്സ്റ്റോർ എന്നിവയുൾപ്പെടുത്തി പുതിയ ബഹുനിലകെട്ടിടം നിർമ്മിക്കുന്നതിനും, ആലപ്പുഴ ഇ.എസ്.ഐ. ആശുപത്രിയിൽ പുതിയ ഒ.പി ബ്ലോക്കും ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സും നിർമ്മിക്കുന്നതിനും ഒളരിക്കര ഇ.എസ്.ഐ. ആശുപത്രിയിൽ പുതിയ

ഒഫ്താൽമോളജി ഓപ്പറേഷൻ തിയേറ്റർ നിർമ്മിക്കുന്നതിനും ഇ.എസ്.ഐ. കോർപ്പറേഷന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

എറണാകുളം ഇ.എസ്.ഐ. ആശുപത്രി 65 ബെഡിൽനിന്നും 100 ബെഡുള്ള ആശുപത്രിയായി ഉയർത്തുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷൻ അംഗീകാരം നൽകിയിട്ടുണ്ട്. പാലക്കാട്, മുളങ്കുന്നത്തുകാവ്, തോട്ടട ഇ.എസ്.ഐ. ആശുപത്രികളിൽ ഐ.സി. യൂണിറ്റിന്റെ പണി പൂർത്തിയായി വരുന്നു. തോട്ടട, ആലപ്പുഴ, എറണാകുളം, ഒളരിക്കര ഇ.എസ്.ഐ. ആശുപത്രികളിൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ ഫണ്ടിന് പുറമെനിന്ന് ഫണ്ട് ലഭ്യമാക്കി ആംബുലൻസ് വാങ്ങി പരിരക്ഷിത വ്യക്തികൾക്കും കുടുംബാഗങ്ങൾക്കും സേവനം നൽകുന്നു.

കൂടാതെ ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഇ.എസ്.ഐ. ആശുപത്രികളിലും ഡിസ്പെൻസറികളിലും മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി Project Implementation Programme 2024-25 പദ്ധതിപ്രകാരം ഇ.എസ്.ഐ. കോർപ്പറേഷന് അപേക്ഷ

സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇ.എസ്.ഐ. ആശുപത്രികളിൽ കൂടുതൽ താഴ്ന്ന വിഭാഗം ജീവനക്കാരെ നിയമിക്കാനും ആവശ്യത്തിന് മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഇ.എസ്.ഐ. ആശുപത്രികളിൽ ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേന നിയമനം നടത്തിവരുന്നു.

ഇ.എസ്.ഐ. ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. എല്ലാ സ്ഥാപനങ്ങളിൽനിന്നും ആവശ്യമായ മരുന്നുകളുടെ ഇന്റെൻഡ് ശേഖരിച്ച് സർക്കാർ അംഗീകാരത്തോടെ ഇ.എസ്.ഐ. കോർപ്പറേഷന്റെ റേറ്റ് കോൺട്രാക്ടിൽനിന്നും വാങ്ങി നൽകുന്നുണ്ട്. ഇ.എസ്.ഐ. റേറ്റ് കോൺട്രാക്ടിൽ ലഭ്യമല്ലാത്ത മരുന്നുകൾ

GEM മുഖാന്തരമോ KMSCL മുഖാന്തരമോ കൺട്രേഷൻ മുഖാന്തരമോ വാങ്ങിനൽകുന്നുണ്ട്.

യുണീക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കുന്നതിലെ പുരോഗതി

281 (3411) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യക്തികളുടെ ഭൂമിയുടെ വിവരങ്ങൾ എല്ലാം ഒറ്റ തണ്ടപ്പേരിലാക്കുന്ന യുണീക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കുമെന്ന പ്രഖ്യാപനത്തിന്റെ പുരോഗതി അറിയിക്കാമോ?

ഒരാളിന്റെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒരു തണ്ടപ്പേരിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് യുണീക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. ഒരു വ്യക്തി തന്റെ ആധാർ, റെലീസ് ആപ്ലിക്കേഷനിലുള്ള ലാൻഡ് പാർസലുകളുമായി ലിങ്ക് ചെയ്യുന്നതിന് സമ്മതം നൽകിയാൽ മാത്രമേ (Consent Based) ആ വ്യക്തിക്ക് യുണീക്

തണ്ടപ്പേർ ലഭിക്കുകയുള്ളൂ. ഇപ്രകാരം 21-06-2024 വരെയായി 27,623 അപേക്ഷകൾ അംഗീകരിച്ചിട്ടുള്ളതാണ്.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ:

(സി) യുണീക് തണ്ടപ്പേർ സംവിധാനം എത്ര കാലയളവിനുള്ളിൽ പൂർണ്ണമായി നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി&സി) 12-02-2020-ലെ സ.ഉ(സാധാ) നം. 552/2020/റവ. പ്രകാരം സംസ്ഥാനത്ത് ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ നടപ്പിലാക്കുന്നതിന് റെലിസ് ആപ്ലിക്കേഷനിൽ ഭൂവുടമകളുടെ വിവരങ്ങൾ ആധാർ നമ്പരുമായി ബന്ധിപ്പിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആധാർ ഓഥന്റിക്കേഷനുള്ള അനുവാദം കേന്ദ്ര ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിൽനിന്നും കിട്ടിയതിനെത്തുടർന്നാണ് Consent Based യുണീക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. ഇതിനാവശ്യമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആധാർ ഓഥന്റിക്കേഷനായി

സംസ്ഥാനത്തെ എല്ലാ വില്ലേജുകൾക്കും ബയോമെട്രിക് ഫിംഗർപ്രിന്റ് ഉപകരണം നൽകിയിട്ടുള്ളതുമാണ്.

നിലവിലെ നിയമപ്രകാരം തണ്ടപ്പേർ കക്ഷികൾ സ്വമേധയാ ആധാറുമായി ബന്ധിപ്പിക്കുന്നതിന് (Consent Based) തയ്യാറായാൽ മാത്രമേ യുണീക് തണ്ടപ്പേർ സംവിധാനം പൂർണ്ണമായി നടപ്പിൽ വരുത്തുവാൻ സാധിക്കുകയുള്ളൂ. ആധാർ നമ്പർ ഷെയർ ചെയ്യുന്നതിന് തയ്യാറാകുന്ന കേസുകളിൽ യൂണീക് തണ്ടപ്പേർ നൽകുന്നുണ്ട്.

ഡിജിറ്റൽ സർവെ കൂടി പൂർത്തിയാകുകയും Integrated Land Information System (ILIMS) നടപ്പിലാകുകയും ചെയ്യുമ്പോൾ ഓൺലൈൻ പോക്കുവരവ് സാധ്യമാകുകയും മുഴുവൻ ഭൂമി ഇടപാടുകളും ഡിജിറ്റലായി പൂർത്തിയാക്കാൻ സാധിക്കുകയും ചെയ്യും.

(ഡി) ഏതെല്ലാം ജില്ലയിലാണ് യുണീക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

യുണീക് തണ്ടപ്പേർ സംവിധാനം സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിവരുന്നു.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ പട്ടയത്തിനായി ലഭിച്ച അപേക്ഷകൾ

282 (3412) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ പട്ടയത്തിനായി ലഭിച്ച അപേക്ഷകൾ എത്രയാണെന്നും ആയതിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് നിയമസഭാ മണ്ഡലത്തിൽനിന്നും 2143 അപേക്ഷകളാണ് പട്ടയത്തിനായി ലഭ്യമായിട്ടുള്ളത്. ആയതിൽ 920 പട്ടയം നൽകിയിട്ടുള്ളതാണ്.

(ബി) മണ്ഡലത്തിലെ പട്ടയ അപേക്ഷകളുടെ നിലവിലെ സ്ഥിതി വില്ലേജ് തിരിച്ച് വിശദമാക്കാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിലെ നിലവിലുള്ള പട്ടയ അപേക്ഷകളുടെ വില്ലേജ് തിരിച്ചുള്ള എണ്ണം അനുബന്ധമായി+ ചേർക്കുന്നു. പട്ടയ നടപടികൾ തുടർന്നുവരുന്ന ടി 1223 അപേക്ഷകൾ വിവിധ ഘട്ടങ്ങളിലാണ്.

ഭൂമി തരം മാറ്റത്തിലെ ക്രമക്കേട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

283 (3413) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് പുറത്തുവിട്ട ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം വഴിവിട്ട ഇടപാടുകൾ നടക്കുന്ന ആർ.ഡി.ഒ./വില്ലേജ് ഓഫീസുകളുടെ വിശദാംശം ലഭ്യമാക്കാമോ; അഴിമതി നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂമി തരംമാറ്റ അപേക്ഷകളിന്മേൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി വിജിലൻസിന് രഹസ്യ വിവരം ലഭിച്ചതായി പറയുന്നതിന്റെ അടിസ്ഥാനത്തിൽ, 08-05-2024-ന് സംസ്ഥാന വ്യാപകമായി എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസുകളിലും 'ഓപ്പറേഷൻ കൺവെർഷൻ' എന്ന പേരിൽ ഒരു മിന്നൽ പരിശോധന നടത്തി, ഇക്കാര്യം സംബന്ധിച്ച്, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, 09-05-2024-ന് ഒരു പത്രക്കുറിപ്പ് പ്രസിദ്ധീകരിച്ചിരുന്നു.

സംസ്ഥാനത്ത്, ഭൂമി തരംമാറ്റത്തിനായുള്ള അപേക്ഷാ സമർപ്പണ നടപടികളിൽ, ചില സ്വകാര്യ ഏജൻസികൾ ഇടപെടൽ നടത്തിവരുന്നുണ്ട്. വലിയൊരു വിഭാഗം അപേക്ഷകർ അക്ഷയ സെന്ററുകൾ മുഖേനയാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിലും സംസ്ഥാനത്തിന് പുറത്തും വിദേശത്തും ജോലിചെയ്യുന്നവരിൽ പലരും മറ്റ് തിരക്കുകളുള്ളവരും അവരുടെ സൗകര്യാർത്ഥം തരംമാറ്റ അപേക്ഷകൾ സമർപ്പിക്കുന്നതിനായി, അവരുടെ സ്വന്തം താൽപര്യത്തിൽ, ഇത്തരത്തിൽ സ്വകാര്യ ഏജൻസികളുടെ സേവനം തേടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള സ്വകാര്യ ഏജൻസികൾ ഭൂമി തരംമാറ്റൽ നടപടികൾ നിയന്ത്രിക്കുന്നുവെന്ന രീതിയിലോ, ഏതെങ്കിലും ക്രമക്കേടുകൾ സംബന്ധിച്ചോ ഉള്ള പരാതി ശ്രദ്ധയിൽപ്പെടുന്ന വേളയിൽത്തന്നെ, ബന്ധപ്പെട്ട അധികൃതർ/ജില്ലാ കളക്ടർമാർ മുഖേന അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് അവർക്ക് പരാതികൾ കൈമാറിവരുന്നുണ്ട്. ഇത്തരം പരാതികളിൽ, ആവർത്തന സ്വഭാവമുള്ളവ, ബന്ധപ്പെട്ട റവന്യൂ വിജിലൻസ്

ഡെപ്യൂട്ടി കളക്ടർമാർ മുഖേനയും അന്വേഷണം നടത്തുവാനായി നിർദേശിച്ച് പരാതികൾ കൈമാറിവരികയും ചെയ്യുന്നുണ്ട്.

സേവനത്തെ മറയാക്കി ഇത്തരം ഏജൻസികൾ നടത്തിവരുന്ന തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിനും അന്വേഷിക്കുന്നതിനും റവന്യൂ വിജിലൻസിനെയും വിജിലൻസ് (പോലീസ്)-നെയും ചുമതലപ്പെടുത്തിക്കൊണ്ട് നിർദേശം നൽകിയിട്ടുണ്ട്.

ഇപ്രകാരം ക്രമക്കേടുകൾ സംബന്ധിച്ച ആരോപണങ്ങൾ അന്വേഷണ വിധേയമാക്കുമ്പോൾ, ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് വ്യക്തമാകുന്നപക്ഷം, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, വിരമിച്ച റവന്യൂ ഉദ്യോഗസ്ഥർ ഏജന്റുമാരായി, സേവനത്തിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥരുമായി ചേർന്ന് അനധികൃത പ്രവർത്തനങ്ങളോ ഇക്കാര്യത്തിൽ നിയമലംഘനമോ നടത്തിവരുന്നുണ്ടെങ്കിൽ ആയത് ഗൗരവമായി വീക്ഷിച്ച് സർവീസിലുള്ള ജീവനക്കാർക്കെതിരെ കർശന വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതുമാണ്.

വിജിലൻസ് പുറപ്പെടുവിച്ച പത്രക്കുറിപ്പിൽ 2017-നുശേഷം ആധാരം ചെയ്ത വസ്തുക്കൾ തരംമാറ്റി നൽകിയതായും ആയത് ക്രമക്കേടുകളായി വിവക്ഷിച്ചിട്ടുള്ളതായും കാണുന്നു. എന്നാൽ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി WP(സി)3538/2023 & WP(സി)4450/2023 എന്നിവയിന്മേൽ പുറപ്പെടുവിച്ച 30-03-2023-ലെ വിധിന്യായത്തിന്റെ പശ്ചാത്തലത്തിൽ, 30-12-2017-നുശേഷം പിന്തുടർച്ചാവകാശ പ്രകാരമോ വിലയാധാര പ്രകാരമോ ഉടമസ്ഥാവകാശം കൈമാറി കിട്ടുന്ന 25 സെന്റ് വരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിക്ക്, 2021 ഫെബ്രുവരി 25-ാം തീയതിയിലെ സ.ഉ.(സാധാ)നം.1166/2021/റവ പ്രകാരം പുറപ്പെടുവിച്ചതും 2021 ഏപ്രിൽ 21-ാം തീയതിയിലെ 1471-ാംനമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 369/2021 ആയി പുറപ്പെടുവിച്ചതുമായ വിജ്ഞാപനപ്രകാരമുള്ള സൗജന്യ തരംമാറ്റം അനുവദിക്കാവുന്നതാണെന്ന് 23-12-2023-ലെ REV-P1/338/2023/RD നമ്പർ സർക്കുലർ പ്രകാരം നിർദേശം നൽകിയിട്ടുള്ളതാണ്.

(ബി) അപേക്ഷകളുടെ മുൻഗണന അവഗണിച്ച് ഓൺലൈൻ അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ അതിവേഗത്തിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തുമോ; വ്യക്തമാക്കുമോ?

ഭൂമി തരംമാറ്റ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് റവന്യൂ വകുപ്പിന്റെ റെലിസ് പോർട്ടലിൽ സൗകര്യം ഏർപ്പെടുത്തിയത് 10-01-2022 തീയതി മുതലാണ്. ടി തീയതിക്കുശേഷം ഓൺലൈനായാണ് തരംമാറ്റ അപേക്ഷകൾ സമർപ്പിക്കപ്പെടുന്നത്. അതിനാൽതന്നെ ഓൺലൈൻ അല്ലാതെ അപേക്ഷകൾ സ്വീകരിച്ച് അവ വേഗത്തിൽ തീർപ്പാക്കുന്നതായുള്ള ആക്ഷേപം, നിലവിൽ, ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ, തരംമാറ്റ അപേക്ഷകളുടെ നിലവിലെ സ്ഥിതി അപേക്ഷകന് അറിയുന്നതിനുള്ള സൗകര്യം റെലിസ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നിരുന്നാലും, അപേക്ഷ സമർപ്പിച്ച തീയതിയുടെ അടിസ്ഥാനത്തിൽ മാത്രം മുൻഗണന പാലിച്ച് അവ തീർപ്പാക്കാൻ സാധിക്കാതെവരുന്ന സാഹചര്യങ്ങൾ നിലവിലുള്ളതാണ്. കോടതി ഉത്തരവുകൾ, ഗുരുതരരോഗം, വിദ്യാഭ്യാസം, വിവാഹം, ലൈഫ്

ഭവനനിർമ്മാണം തുടങ്ങി മുൻഗണന അർഹിക്കുന്ന അപേക്ഷകൾ, വില്ലേജ്/കൃഷി ഓഫീസർമാരുടെ റിപ്പോർട്ട് ലഭിക്കേണ്ടവ, ചില കേസുകളിൽ കെ.എസ്.ആർ.ഇ.സി.-യുടെയും റിപ്പോർട്ട് ലഭിക്കുന്നതിലുള്ള കാലതാമസം, മുതലായവ ഇത്തരം സാഹചര്യങ്ങൾക്കുള്ള ഉദാഹരണങ്ങളാണ്. ഒരേ ദിവസം സമർപ്പിക്കപ്പെട്ട വ്യത്യസ്ത അപേക്ഷകളിൽ വ്യത്യസ്ത വില്ലേജ് ഓഫീസർമാർ അവരവരുടെ ജോലിഭാരമനുസരിച്ച് വ്യത്യസ്ത തീയതികളിൽ റിപ്പോർട്ട് നൽകുന്ന സാഹചര്യങ്ങളിലും അപേക്ഷ സമർപ്പിച്ച തീയതിയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം കൃത്യമായി പാലിക്കുക എന്നത് ഏറെക്കുറെ അസാധ്യമാണ്. എന്നാൽ, ചട്ടലംഘനം നടത്തി അപേക്ഷകൾ തീർപ്പാക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്.

(സി) ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും ഇതുസംബന്ധിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമായ 25 സെന്റിൽ കുറവുള്ള ഭൂമികൾ തരംമാറ്റുന്നതിന് അപേക്ഷ നൽകുമ്പോൾ ബന്ധപ്പെട്ട കൃഷി ഓഫീസറുടെ

റിപ്പോർട്ടാവശ്യപ്പെട്ട് റവന്യൂ വകുപ്പിന്റെ ബന്ധപ്പെട്ട ഓഫീസുകളിൽനിന്നും കത്ത് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രവണത കൂടുതൽ അഴിമതിക്ക് കളം ഒരുക്കുമെന്നതിനാൽ ഈ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തി ഉത്തരവ് നൽകുമോ?

തരംമാറ്റത്തിനായുള്ള അപേക്ഷാഭ്രമിക്ക് 20.23 ആർ വരെ (50 സെന്റ്) വിസ്തീർണ്ണമുള്ളപക്ഷം ഫോറം 6-ലുള്ള അപേക്ഷയാണ് നൽകേണ്ടത്. ഇപ്രകാരം ലഭിക്കുന്ന ഫോറം 6-ലുള്ള അപേക്ഷകൾ പരിഗണിക്കുന്ന സാഹചര്യത്തിൽ, ജലസംരക്ഷണ നടപടികൾ സ്വീകരിക്കേണ്ടതില്ലാത്തതിനാൽ സാധാരണഗതിയിൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് ആവശ്യമായി വരുന്നില്ല. ആയതിനാൽ 25 സെന്റിൽ കുറവ് വിസ്തീർണ്ണമുള്ള ഭ്രമിയുടെ തരംമാറ്റത്തിനും കൃഷി ഓഫീസറുടെ റിപ്പോർട്ട് ആവശ്യം വരുന്നില്ല.

ഇപ്രകാരം ഫോറം 6-ലുള്ള അപേക്ഷകൾ പരിഗണിക്കപ്പെടുന്ന സാഹചര്യങ്ങളിൽ റവന്യൂ ഉദ്യോഗസ്ഥർ കൃഷി ഓഫീസർമാരുടെ റിപ്പോർട്ട് ആവശ്യപ്പെടുന്നുവെന്ന വിഷയം സംബന്ധിച്ച പ്രത്യേകമായ പരാതി

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മാത്രമല്ല, റിപ്പോർട്ടുകൾ/രേഖകൾ മുതലായവ പൂർണ്ണമായും ലഭ്യമായിട്ടുള്ള അർഹതപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിന് അനാവശ്യ കാലതാമസം വരുത്തരുതെന്ന്, അവലോകനയോഗം കൂടി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദേശം നൽകിയിട്ടുണ്ട്.

രാജമാണിക്യം റിപ്പോർട്ട്

284 (3414) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ട രാജമാണിക്യം റിപ്പോർട്ട് ഈ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്വാതന്ത്ര്യത്തിനുമുമ്പ് വിദേശ കമ്പനികളും പൗരൻമാരും സംസ്ഥാനത്ത് കൈവശം വച്ചിരുന്ന ഭൂമിയിലും സ്വത്തുക്കളിലും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി കെ.എൽ.സി. നടപടികളെക്കാൾ ഉചിതം

നിയമ നിർമ്മാണമാണെന്ന് ചൂണ്ടിക്കാട്ടി സ്പെഷ്യൽ ഓഫീസർ ശ്രീ. എം. ജി. രാജമാണിക്യം ഐ.എ.എസ്. 04-06-2016-ൽ GLR(LR)1/2016 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

KLC Act പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾക്കെതിരെ HML & Ors ഫയൽ ചെയ്ത WP(സി)33122/2014 & Connected കേസുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് 11-04-2018-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ സർക്കാർ ഭൂമിയിലെ അനധികൃത കൈയേറ്റം ഒഴിപ്പിച്ച് ഭൂമി ഏറ്റെടുക്കുന്നതിനായി ചുമതലപ്പെടുത്തിയ സ്പെഷ്യൽ ഓഫീസർക്ക് തർക്കഭൂമിയുടെ ഉടമസ്ഥത ഏകപക്ഷീയമായി നിർണ്ണയിക്കുന്നതിനുള്ള "ജുറിസ്ഡിക്ഷൻ" ഇല്ലെന്ന് നിരീക്ഷിച്ച്, ഉടമസ്ഥത സംബന്ധിച്ച തർക്കമുണ്ടെങ്കിൽ സർക്കാരിന് സിവിൽ കോടതിയിൽ കേസുകൾ ഫയൽ ചെയ്യാവുന്നതാണെന്ന് ഉത്തരവായിരുന്നു.

11-04-2018-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ, സംസ്ഥാനത്ത് M/s ഹാരിസൺസ് മലയാളം ലിമിറ്റഡും

സമാനമായ മറ്റു കമ്പനികളും വ്യക്തികളും കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ സർക്കാരിനുള്ള ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനായി ബന്ധപ്പെട്ട സിവിൽ കോടതികളിൽ കേസുകൾ ഫയൽ ചെയ്യുന്നതിനും "ഉടമസ്ഥാവകാശം സർക്കാർ ഫയൽ ചെയ്യുന്ന സിവിൽ കേസിലെ വിധിക്കു വിധേയമെന്ന" നിബന്ധനയോടെ ഭൂമിയുടെ നികുതി സ്വീകരിക്കുന്നതിനും അനുമതി നൽകുന്നതിനുമായി 06-06-2019-ൽ സ.ഉ (കൈ)172/2019/റവ. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിനെത്തുടർന്ന് പ്രസ്തുത ഭൂമികളിൽ സർക്കാരിന്റെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) രാജമാണിക്യം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാലങ്ങളായി ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ കരം സ്വീകരിക്കുവാൻ പാടില്ല എന്ന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

KLC Act പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾക്കെതിരെ HML & Ors ഫയൽ ചെയ്ത WP(സി)33122/2014 & Connected കേസുകളിൽ ബഹുമാനപ്പെട്ട

ഹൈക്കോടതി ഡിവിഷൻ ബഞ്ച് 11-04-2018-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ പുറപ്പെടുവിച്ച 06-06-2019-ലെ ഉത്തരവിൽ കേരള ലാൻഡ് ടാക്സ് ആക്ട്പ്രകാരം "ഉടമസ്ഥാവകാശം സർക്കാർ ഫയൽ ചെയ്യുന്ന സിവിൽ കേസിലെ വിധിക്കു വിധേയമെന്ന" നിബന്ധനയോടെ സിവിൽ കേസിലുൾപ്പെട്ട ഭൂമിയുടെ കരം സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) രാജമാണിക്യം റിപ്പോർട്ടുമായി ബന്ധപ്പെട്ട് കോടതിയിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുക്കാൻ സ്വീകരിച്ച കെ.എൽ.സി. നടപടികളിലുൾപ്പെട്ട ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി വിവിധ സിവിൽ കോടതികളിലായി നിലവിൽ 20 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) തോട്ടമുടമകളുടെ കൈവശമുള്ള പാട്ടക്കരാർ അവസാനിച്ച ഭൂമി ഏറ്റെടുക്കുവാൻ എന്തൊക്കെ നിയമനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

M/s ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ മറ്റ് കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിച്ചുകിട്ടുന്നതിനായി 06-06-2019-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തിരുവനന്തപുരം ജില്ലകളിൽ സ്ഥിതിചെയ്യുന്ന അത്തരം തോട്ടം ഭൂമിക്കെതിരെ 20 സിവിൽകേസുകൾ ജില്ലാ കലക്ടർമാർ നിലവിൽ ഫയൽ ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിലും സമാനമായ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്വാതന്ത്ര്യത്തിനുമുമ്പ് വിദേശ കമ്പനികൾക്കും പൗരൻമാർക്കും നാട്ടുരാജാക്കൾ കർശനമായ നിബന്ധനകളോടെ നാമമാത്രമായ തുകയ്ക്ക് നൽകിയ ഗ്രാന്റുകളിലും ലീസുകളിലുമുൾപ്പെട്ട ഭൂമിയുടെ റൈറ്റ് മോഡിഫൈ ചെയ്യുന്നതിനായി 1980-ൽ കേരള ഗ്രാന്റ്സ് & ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ആക്ടും 1990-ൽ ചട്ടങ്ങളും നിലവിൽ വന്നിരുന്നുവെങ്കിലും ഭൂരിപക്ഷം കമ്പനികളും കൈവശം വച്ചിരിക്കുന്ന തോട്ടങ്ങളുടെ പാട്ടതുക പ്രസ്തുത നിയമപ്രകാരം പുനർനിർണ്ണയിച്ചിട്ടില്ലാത്തതിനാൽ സർക്കാരിന് ഭീമമായ വരുമാന

നഷ്ടത്തിന് ഇടയാക്കുന്ന സാഹചര്യത്തിൽ അത്തരം സർക്കാർ ഗ്രാന്റ്/ലീസ് ഇനത്തിൽപ്പെട്ട ഭൂമി നിലവിൽ കൈവശംവച്ചിരിക്കുന്ന കക്ഷികൾക്ക് നിയമപ്രകാരമുള്ള നോട്ടീസുകൾ നൽകി തുടർനടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കലക്ടർമാർക്ക് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.

(ഇ) തോട്ടമുടമകളുടെ കൈവശമുള്ള ഭൂമി കൃത്യമായി തിട്ടപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; കൈവശമില്ലാത്ത മിച്ചഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഇങ്ങനെയുള്ള മിച്ചഭൂമി ഏറ്റെടുത്ത് സ്വന്തമായി സ്ഥലമില്ലാത്ത തോട്ടം തൊഴിലാളികൾക്ക് നൽകുവാൻ നിയമനടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

01-01-1970-നുശേഷം കേരളത്തിൽ 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിന്റെ 82-ാം വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്ന പരിധിയിലധികം ഭൂമി ആർജിക്കാനോ കൈവശം വയ്ക്കാനോ പാടില്ലെന്ന് 83-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഭൂപരിധി നിർണ്ണയിക്കുമ്പോൾ 81 (1)-ാം വകുപ്പിൽ (എ) മുതൽ (u) വരെയുള്ള 21 വിഭാഗങ്ങളിലായി പ്രതിപാദിച്ചിട്ടുള്ള ഭൂമികളെ

ഭൂപരിധിക്കായി ഉൾപ്പെടുത്തുന്നതിൽനിന്നും ഇളവ് അനുവദിച്ചിട്ടുണ്ട്. ഇതിൽ 81 (1)-ാം വകുപ്പിൽ (ഇ) വിഭാഗത്തിൽ ഒഴിവാക്കിയിട്ടുള്ള ഭൂമികളാണ് തോട്ടങ്ങൾ. ഉടമകളുടെ കൈവശമുള്ള ഇളവ് ലഭിച്ച തോട്ടഭൂമി സംബന്ധിച്ച കണക്ക് തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്. ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പ് 81(1)(ഇ) പ്രകാരം തോട്ടമായി ഇളവ് ലഭിച്ച ഭൂമി തരംമാറ്റം നടത്തിയതിന്മേൽ താലൂക്ക് ലാൻഡ് ബോർഡുകളിൽ 28 മിച്ചഭൂമി കേസുകൾ വിചാരണയിലുള്ളതും മിച്ചഭൂമി നിർണ്ണയിച്ച് കേസ് തീർപ്പാകുന്നമുറയ്ക്ക് ടി ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കുന്നതുമാണ്. ഏറ്റെടുക്കുന്ന മിച്ചഭൂമി വകുപ്പ് 96-ൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരമാണ് ഭൂരഹിതർക്ക് നൽകുന്നത്.

തോട്ടഭൂമി കൈയേറ്റങ്ങൾ തടയുന്നതിന് നടപടി

285 (3415) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ടഭൂമി കൈയേറ്റം ഉൾപ്പെടെയുള്ള കൈയേറ്റങ്ങൾ തടയുന്നതിനും കൈയേറിയ ഭൂമി തിരികെ

പിടിക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

സ്വാതന്ത്ര്യത്തിനുമുമ്പ് വിദേശ കമ്പനികളും പൗരൻമാരും സംസ്ഥാനത്ത് കൈവശം വച്ചിരുന്ന ഭൂമി തിരിച്ചെടുക്കുന്നതിന് ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. സർക്കാർ ഗ്രാന്റുകളിലും പാട്ടങ്ങളിലുമുൾപ്പെട്ട തോട്ടഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിനുമുമ്പ് വകുപ്പുകളില്ലെന്ന് നിരീക്ഷിച്ചുകൊണ്ട് പ്രസ്തുത ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് സിവിൽ കേസ്സുകൾ ഫയൽ ചെയ്യാൻ ബഹുമാനപ്പെട്ട ഹൈക്കോടതി വിവിധ റിട്ട് ഹർജികളിലായി ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ 06-06-2019-ലെ ജി.ഒ.(എം.എസ്) 172/19/റവ. നമ്പർ ഉത്തരവുപ്രകാരം, പ്രസ്തുത ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സിവിൽ കേസ്സുകളിലൂടെ സ്ഥാപിക്കുന്നതിനായി ജില്ലാ കളക്ടർമാരെ

ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ചെറുതും വലുതുമായ ആകെ 152 കേസുകളിൽ 20 എണ്ണത്തിൽ സിവിൽ കേസ്സുകൾ ഇതിനോടകം ഫയൽ ചെയ്തിട്ടുള്ളതാണ്. ശേഷിക്കുന്ന കേസ്സുകളിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാർ ഭൂമിയിലെ കൈയേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957-ഉം 1958-ലെ അനുബന്ധ ചട്ടത്തിലെയും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൈയേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-09-2018-ലെ സർക്കാർ ഉത്തരവ് (സാധാ.)നം.3778/2018/റവ. പ്രകാരം ജില്ലാതലത്തിലും താലൂക്കുതലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവെയറുടെ സഹായത്തോടെ പൊതു അവധി ദിവസങ്ങൾ ഉൾപ്പെടെ സ്ഥല പരിശോധനകൾ നടത്തി കൈയേറ്റം തടയുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും കൈയേറ്റം കണ്ടെത്തുന്നപക്ഷം അത്തരം

കൈയേറ്റങ്ങൾ സമയബന്ധിതമായിതന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ടി സർക്കാർ ഉത്തരവിൻപ്രകാരം കൈയേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നതിലേക്കായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ, മറ്റുദ്യോഗസ്ഥർ എന്നിവരെയുൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെൽ വഴിയും തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 08-11-2008-നുശേഷമുള്ള കൈയേറ്റമാണെങ്കിൽ 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമപ്രകാരം കൈയേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൈയേറ്റ കേസുകളിന്മേൽ ഉണ്ടാകുന്ന അപ്പീൽ/റിവിഷൻ ഹർജികളിൽ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ഒഴികെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ജില്ലാ കളക്ടർക്കുള്ള അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചനം, പൊതുമരാമത്ത്, വനംവകുപ്പ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കേരള ഭൂസംരക്ഷണ നിയമ നടപടികളിലൂടെ കൈയേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം

ലഭ്യമായിട്ടുള്ളതാണ്. ടി വകുപ്പുകളുടെ കൈവശമുള്ള ഭൂമികളിലാണ് കൈയേറ്റം കണ്ടെത്തുന്നതെങ്കിൽ പ്രസ്തുത കൈയേറ്റം ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് കൈയേറ്റം അളന്നുതിട്ടപ്പെടുത്തി മഹസർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കൈമാറിവരുന്നു. കേരള ഭൂസംരക്ഷണ നിയമപ്രകാരം കൈയേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമിയിലെ കൈയേറ്റം റവന്യൂ വകുപ്പ് മുഖാന്തരവും ഒഴിപ്പിച്ച് ഏറ്റെടുത്ത് കൈമാറിവരുന്നു.

(ബി) നാളിതുവരെ എത്ര ഹെക്ടർ തോട്ടഭൂമി ഇത്തരത്തിൽ പിടിച്ചെടുത്തു; ഇനിയും എത്ര ഹെക്ടർ പിടിച്ചെടുക്കുവാനുണ്ട്; കണക്ക് ലഭ്യമാക്കുമോ?

വിവിധ ജില്ലകളിലായി ഏകദേശം 1,66,627.23 ഏക്കർ ഭൂമിയാണ് നിലവിൽ ഏറ്റെടുക്കാനുള്ളത്. ഭൂമിയിന്മേലുള്ള ഉടമസ്ഥതാവകാശം സ്ഥാപിക്കുന്നതിനുവേണ്ടി 06-06-2019 തീയതിയിലെ ജി.ഒ.എം.എസ് 172/2019/റവ. ഉത്തരവുപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൈവശം വച്ചിരിക്കുന്ന തോട്ടഭൂമി പിടിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങളിൽപ്പെട്ട് എത്ര കേസുകളുണ്ടെന്നും ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കാൻ വകുപ്പ് സ്വീകരിച്ചുവരുന്ന തുടർനടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ നെല്ലിയാമ്പതി വില്ലേജിൽ 314.4508 ഹെക്ടർ ഭൂമിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(സി) 34072/2014(H) നമ്പരായി കേസും കാസർഗോഡ് ജില്ലയിൽ ബളാൽ വില്ലേജിൽ പ്രകാശ് പ്ലാന്റേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് തോട്ടഭൂമി അധികൃതർ പ്ലോട്ടുകളാക്കി സ്വകാര്യവ്യക്തികൾക്ക് വില്പന നടത്തിയതുമായി ബന്ധപ്പെട്ട് OP No.34678/21 പ്രകാരമുള്ള കേസും നിലവിലുണ്ട്.

ഉടമസ്ഥത സംബന്ധിച്ച് തർക്കം നിലനിൽക്കുന്ന ഭൂമിക്കെതിരെ സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ 06-06-2019-ലെ സ.ഉ.(കൈ.) 172/2019/റവ. ഉത്തരവിൻപ്രകാരം സ്വീകരിച്ചുവരുന്നു. HML കമ്പനിയും അവരിൽനിന്ന് ഭൂമി നേടിയവരും സമാനമായ മറ്റ് കമ്പനികളും

വ്യക്തികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തിരുവനന്തപുരം ജില്ലകളിലായി കൈവശംവച്ചിരിക്കുന്ന 46,337 ഏക്കർ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി 19 സിവിൽ കേസ്സുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നിലവിൽ ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ്സുകൾ വിവിധ കോടതികളുടെ പരിഗണനയിലാണുള്ളത്. മറ്റ് ജില്ലകളിലെ സമാനമായ ഭൂമിക്കെതിരെയും സിവിൽ കേസ്സുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഫയൽ ചെയ്തിട്ടുള്ള സിവിൽ കേസ്സുകളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

എളവള്ളി പഞ്ചായത്ത് ഏഴാം വാർഡ് കളിക്കളം ഭൂമി തരം മാറ്റം നടത്തുന്നതിന്

286 (3416) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്ത് ഏഴാം വാർഡിൽ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കഴിഞ്ഞ ഇരുപതുവർഷമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കളിസ്ഥലം ശോച്യാവസ്ഥയിലായതിനെത്തുടർന്ന് പ്രസ്തുത കളിസ്ഥലം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നവീകരിക്കുന്നതിനായി 2019-20 വർഷത്തെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽനിന്നും തുക അനുവദിച്ചെങ്കിലും പ്രസ്തുത ഭൂമി തരംമാറ്റം നടത്തിയിട്ടില്ലാത്തതിനാൽ കളിസ്ഥലം നവീകരിക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം തരംമാറ്റുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥലം തരം മാറ്റുന്നതിനുള്ള സത്വര നടപടിക്ക് നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ നൽകാമോ?

(എ-സി) മണലൂർ നിയോജകമണ്ഡലത്തിലെ എളവള്ളി പഞ്ചായത്ത് 7-ാം വാർഡിലെ കളിസ്ഥലം പൊതുആവശ്യമായി പരിഗണിച്ച് തരംമാറ്റം അനുവദിക്കുന്നതിനായി മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 12-02-2024-ന് തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ ഫോറം 2 അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത ഫോറം 2 അപേക്ഷ പരിശോധിച്ചതിൽ അപേക്ഷയ്ക്കാസ്പദമായ ഭൂമി എളവള്ളി ഗ്രാമപഞ്ചായത്ത് 15-09-2021-ൽ പ്രസിദ്ധീകരിച്ച

ഡാറ്റാബാങ്കിലുൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടതിനാൽ, നിയമപ്രകാരം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി, അസ്സൽ അപേക്ഷ, തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസർ 16-02-2024-ന് എളവള്ളി കൃഷി ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ ഫെയർവാല്യൂ കുറയ്ക്കുന്നതിന് നടപടി

287 (3417) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ ഉയർന്ന ഫെയർവാല്യൂവുമായി ബന്ധപ്പെട്ട വിഷയം പരിഹരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇരമല്ലൂർ വില്ലേജുമായി സമാന സ്വഭാവം പുലർത്തുന്ന അതിർത്തി വില്ലേജുകളായ തൃക്കാരിയൂർ, കോതമംഗലം എന്നീ വില്ലേജുകളിലെ ഭൂമിയുടെ ന്യായവിലയെ അപേക്ഷിച്ച് ഇരമല്ലൂർ വില്ലേജിലെ ന്യായവില ഉയർന്നതാണെന്ന് പരിശോധനയിൽ വ്യക്തമായിട്ടുള്ളതാണ്. അപ്രകാരം ഇരമല്ലൂർ വില്ലേജിലെ ഭൂമികളുടെ ന്യായവില പുനർനിർണ്ണയിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ന്യായവില നിശ്ചയിച്ചതിൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് അപ്പീൽ സമർപ്പിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും അപ്രകാരം അപ്പീൽ സമർപ്പിക്കാവുന്നതുമാണ്.

(ബി) ഫെയർവാല്യൂ കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുമോ; വിശദമാക്കുമോ?

ന്യായവില പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് 21-06-2024-ന് എറണാകുളം ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കോതമംഗലം താലൂക്കിലെ ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ ന്യായവില അടിയന്തര പ്രാധാന്യത്തോടെ പുനർനിശ്ചയിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുണ്ട്.

അനധികൃത കൈയേറ്റം തടയാൻ നടപടി

288 (3418) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുഴയോരങ്ങളും പുഴ ഒഴുകിയിരുന്ന സ്ഥലങ്ങളും അനധികൃതമായി നികത്തപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പുഴകളുടെയും തോടുകളുടെയും സംരക്ഷണത്തിനും, ജലസ്രോതസുകളുടെ അതിർത്തി നിർണ്ണയിച്ച്, കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും പോലീസ്, പഞ്ചായത്ത്, റവന്യൂ, സർവെ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 15-01-2023-ലെ സ.ഉ.(സാധാ) നം. 249/2023/RD സർക്കാർ ഉത്തരവുപ്രകാരം ജില്ലാടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അധ്യക്ഷനായി ഒരു സർവെ സെൽ രൂപീകരിച്ച് കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അത്തരത്തിൽ ഒഴിപ്പിച്ച കൈയേറ്റങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി[+] ചേർക്കുന്നു. വിവിധ ജില്ലകളിലായി 800 കൈയേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) വിവിധ ജില്ലകളിൽ ഇപ്രകാരമുള്ള സ്ഥലങ്ങൾ നികത്തി വൻകിട കൈയേറ്റങ്ങൾ നടത്തുന്നത് തടഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ ഭൂമിയിലെ കൈയേറ്റം സമയബന്ധിതമായി ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957-ഉം 1958-ലെ അനുബന്ധ ചട്ടത്തിലെയും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ വൻകിട കൈയേറ്റങ്ങളും ഉൾപ്പെടുന്നുണ്ട്.

മൂവാറ്റുപുഴ ജില്ല രൂപീകരണവുമായി ബന്ധപ്പെട്ട് കമ്മീഷനെ നിയോഗിച്ചത്

289 (3419) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ജില്ല രൂപീകരണവുമായി ബന്ധപ്പെട്ട് 2001-2006 കാലയളവിൽ സർക്കാർ ഏതെങ്കിലും കമ്മീഷനെ നിയോഗിച്ച് ഉത്തരവായിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ പ്രസ്തുത കമ്മീഷൻ മൂവാറ്റുപുഴ ജില്ലാ രൂപീകരണവുമായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ മൂവാറ്റുപുഴ ജില്ലാ രൂപീകരണവുമായി ബന്ധപ്പെട്ട കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(ഡി) മൂവാറ്റുപുഴ ജില്ല രൂപീകരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കാമോ?

(എ-ഡി) മൂവാറ്റുപുഴ ജില്ലാ രൂപീകരണവുമായി ബന്ധപ്പെട്ട് കമ്മീഷനെ നിയോഗിച്ച ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ലെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സർക്കാരിൽ വിവരങ്ങളൊന്നും ലഭ്യമല്ല.

താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടന

290 (3420) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താലൂക്കുകളുടെ വ്യാപ്തിയും വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുത്ത് താലൂക്കുകളും വില്ലേജുകളും

പുനഃസംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പഠന റിപ്പോർട്ട് തയ്യാറാക്കാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(സി) താലൂക്ക് പുനഃസംഘടനയുമായി ബന്ധപ്പെട്ട് ലാൻഡ് റവന്യൂ കമ്മീഷണർ രൂപീകരിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ-സി) സംസ്ഥാനത്തെ താലൂക്കുകളുടെ വ്യാപ്തിയും വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ താലൂക്കുകൾ തമ്മിൽ വലിയ അന്തരം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്തലത്തിൽ

ഒരു ടീമിനെ സർക്കാർ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീം റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള അടിയന്തര തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

അതിനുപുറമെ, സംസ്ഥാനത്തിന്റെ വിവിധ കോണുകളിൽനിന്നും പുതിയ താലൂക്ക്/വില്ലേജ് രൂപീകരണം/വിഭജനം ഉൾപ്പെടെ പുതിയ അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നിരവധി അപേക്ഷകൾ സർക്കാരിൽ ലഭ്യമായിവരുന്നുണ്ട്. സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി അത്തരം ചെലവുകൾ വഹിക്കാൻ പര്യാപ്തമാകുമ്പോൾ സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

ആത്മഹത്യ ചെയ്ത റവന്യു ഉദ്യോഗസ്ഥരുടെ വിവരങ്ങൾ

291 (3421) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ ആത്മഹത്യ ചെയ്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

മുൻസർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ സംസ്ഥാനത്ത് 15 റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ടി ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	തസ്തിക	ജില്ല
1	മഹേഷ് എം. എസ്സ്.	സീനിയർ ക്ലാർക്ക്	തിരുവനന്തപുരം
2	മധു പി.	ഓഫീസ് അറ്റൻഡന്റ്	തിരുവനന്തപുരം
3	വിജയൻ കെ.	സീനിയർ ക്ലാർക്ക്	തിരുവനന്തപുരം
4	ആനി ആർ.	ഓഫീസ് അറ്റൻഡന്റ്	തിരുവനന്തപുരം
5	ജീനാറാണി	സീനിയർ ക്ലാർക്ക്	കൊല്ലം
6	തമ്പി സി. എൻ.	സീനിയർ ക്ലാർക്ക്	കൊല്ലം
7	സൊദമ്മ ജി.	ഓഫീസ് അറ്റൻഡന്റ്	കൊല്ലം
8	അശ്വതി ജെ.	ഓഫീസ് അറ്റൻഡന്റ്	കൊല്ലം
9	മനോജ് കെ.	വില്ലേജ് ഓഫീസർ	പത്തനംതിട്ട
10	സി. റ്റി. പ്രസാദ്	റവന്യൂ ഇൻസ്പെക്ടർ	കണ്ണൂർ
11	പി. ജി. രാജേന്ദ്രൻ	ക്ലാർക്ക്	കണ്ണൂർ
12	കെ. വി. വിപിൻദാസ്	വില്ലേജ് ഓഫീസർ	മലപ്പുറം
13	അശോകൻ	ഓഫീസ് അറ്റൻഡന്റ്	കാസറഗോഡ്
14	ഉണ്ണികൃഷ്ണൻ കെ. എസ്.	വില്ലേജ് ഫീൽഡ്	പാലക്കാട്

		അസിസ്റ്റന്റ്	
15	സി. പി. ബാബു	ഡെപ്യൂട്ടി തഹസിൽദാർ	ഇടുക്കി

(ബി) ഔദ്യോഗിക കൃത്യനിർവഹണവുമായി ബന്ധപ്പെട്ട സമ്മർദ്ദങ്ങൾമൂലം ആത്മഹത്യ ചെയ്ത എത്ര പേരാണുള്ളതെന്ന് വ്യക്തമാക്കുമോ; ഇത്തരം ആത്മഹത്യകൾ വർധിച്ചുവരുന്നത് സംബന്ധിച്ച് വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഔദ്യോഗിക കൃത്യനിർവഹണവുമായി ബന്ധപ്പെട്ട സമ്മർദ്ദങ്ങൾമൂലമാണ് ആത്മഹത്യ ചെയ്തിട്ടുള്ളത് എന്ന് റിപ്പോർട്ട് ചെയ്തിട്ടില്ല. ആയത് സംബന്ധിച്ച് വകുപ്പ് പഠനങ്ങൾ നടത്തേണ്ടതായുള്ള ഏതെങ്കിലും പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടില്ല.

(സി) ഔദ്യോഗിക കൃത്യനിർവഹണത്തിലെ സമ്മർദ്ദങ്ങൾ അതിജീവിക്കുന്നതിനും വ്യക്തിജീവിതവും ഔദ്യോഗിക ജീവിതവും ഫലപ്രദമായി കോർത്തിണക്കുന്നതിനും ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്ന രീതിയിൽ പരിശീലന പരിപാടികളും കൗൺസിലിംഗുകളും സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

റവന്യൂ വകുപ്പ് ജീവനക്കാരുടെ ഔദ്യോഗിക കൃത്യനിർവഹണത്തിലെ സമ്മർദ്ദങ്ങൾ ലഘൂകരിക്കുന്നതിനായി പരിശീലന പരിപാടികൾ നടത്തുന്നതിന് ഐ.എൽ.ഡി.എം. ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതും പരിശീലന പരിപാടികൾ നടത്തിവരുന്നതുമാണ്.

മാവേലിക്കര മണ്ഡലത്തിലെ താലൂക്ക്, വില്ലേജ് ഓഫീസുകളുടെ നിർമ്മാണം

292 (3422) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്ക് ഓഫീസ് നിർമ്മാണത്തിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ തൽസ്ഥിതി വിശദമാക്കുമോ?

നിർദിഷ്ട താലൂക്ക് ഓഫീസ് കെട്ടിടത്തിന്റെ രണ്ടാമത്തെ നിലയുടെ റൂഫിന്റെ കോൺക്രീറ്റ് പൂർത്തിയായിട്ടുണ്ട്.

(സി) മാവേലിക്കര മണ്ഡലത്തിലെ ചുനക്കര വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിന് സ്വീകരിച്ച നടപടികളും നിലവിലെ സ്ഥിതി വിവരങ്ങളും വിശദമാക്കുമോ?

2023-24 സാമ്പത്തിക വർഷം മാവേലിക്കര മണ്ഡലത്തിലെ ചുനക്കര വില്ലേജ് ഓഫീസിന് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ടി പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയതിൻപ്രകാരം ടി ഏജൻസി സൈറ്റ് പരിശോധിച്ച് പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും അതിൻപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

വൻകിട കൈയേറ്റങ്ങൾ

293 (3423) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വൻകിട സർക്കാർ ഭൂമി കൈയേറ്റങ്ങളുണ്ടെന്നും പ്രസ്തുത ഭൂമി കൈയേറ്റങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഏതൊക്കെ കോടതികളിൽ നിലവിലുണ്ടെന്നും വ്യക്തമാക്കുമോ; പ്രസ്തുത കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഈ കാലയളവിൽ കൈയേറ്റ ഭൂമിയുടെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട എത്ര കേസ്സുകളിൽ സർക്കാർ പരാജയപ്പെട്ടുവെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വൻകിട കൈയേറ്റങ്ങളുമായി ബന്ധപ്പെട്ട കേസുകളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

സർക്കാർ ഭൂമി കൈയേറ്റം ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളുൾപ്പെടുന്ന സിവിൽ വ്യവഹാരങ്ങളിൽ സർക്കാർ അഭിഭാഷകർ മുഖാന്തരമാണ് കേസ്സുകൾ വാദിച്ചുവരുന്നത്. ആയതിനാൽ സർക്കാർ ഭൂമി കൈയേറ്റം സംബന്ധിച്ച കേസ്സുകൾക്ക് മാത്രമായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നുള്ള വിവരം റവന്യൂ വകുപ്പിൽ ലഭ്യമല്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൈയേറ്റ ഭൂമിയുടെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട് കോടതി വിധി എതിരായിട്ടുള്ള കേസ്സുകളിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. അത്തരം കേസ്സുകൾ നിലവിൽ കോടതിയുടെ പരിഗണനയിലാണ്.

(ബി) മുൻസർക്കാരിന്റെ കാലംമുതൽ നാളിതുവരെ സർക്കാർ ഭൂമി തിരികെ പിടിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും എത്ര ഹെക്ടർ ഭൂമി തിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നതിന്റെയും വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

സർക്കാർ ഭൂമിയിലെ കൈയേറ്റം സമയബന്ധിതമായി ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957-ലെയും 1958-ലെ അനുബന്ധ ചട്ടത്തിലെയും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത കൈയേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-09-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 3778/2018/റവ. പ്രകാരം ജില്ലാതലത്തിലും താലൂക്കുതലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം വിവിധ വകുപ്പുകളെ

ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവെയറുടെ സഹായത്തോടെ പൊതുഅവധി ദിവസങ്ങൾ ഉൾപ്പെടെ സ്ഥലപരിശോധനകൾ നടത്തി കൈയേറ്റം തടയുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും, കൈയേറ്റം കണ്ടെത്തുന്നപക്ഷം അത്തരം കൈയേറ്റങ്ങൾ സമയബന്ധിതമായിതന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ടി സർക്കാർ ഉത്തരവിൻപ്രകാരം കൈയേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നതിലേക്കായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെയുൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെൽ വഴിയും തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 08-11-2008-നുശേഷമുള്ള കൈയേറ്റമാണെങ്കിൽ 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമപ്രകാരം കൈയേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൈയേറ്റ കേസ്സുകളിന്മേൽ ഉണ്ടാകുന്ന അപ്പീൽ റിവിഷൻ ഹർജികളിൽ തീരുമാനമെടുക്കുന്നതിനുള്ള അധികാരം ഒഴികെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ജില്ലാ കളക്ടർക്കുള്ള

അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചനം, പൊതുമരാമത്ത്, വനംവകുപ്പ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കൈയേറ്റം കേരള ഭൂസംരക്ഷണ നിയമ നടപടികളിലൂടെ ഒഴിപ്പിക്കുന്നതിന് അധികാരം ലഭ്യമായിട്ടുള്ളതാണ്. ടി വകുപ്പുകളുടെ കൈവശമുള്ള ഭൂമികളിലാണ് കൈയേറ്റം കണ്ടെത്തുന്നതെങ്കിൽ പ്രസ്തുത കൈയേറ്റം ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് കൈയേറ്റം അളന്ന് തിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കൈമാറിവരുന്നു. കൈയേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമികളിലെ കൈയേറ്റം റവന്യൂ വകുപ്പ് മുഖാന്തരവും ഒഴിപ്പിച്ച് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മുൻ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ കൈയേറ്റം ഒഴിപ്പിച്ച് തിരികെ ഏറ്റെടുത്ത ഭൂമിയെ സംബന്ധിച്ച വിവരം അനുബന്ധമായി[+] ചേർക്കുന്നു.

കൈവശാവകാശം ഏറ്റെടുക്കാതെ ഉപയോഗശൂന്യമായി കിടക്കുന്ന പട്ടയസ്ഥലങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

294 (3424) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഷങ്ങൾക്കുമുമ്പ് ലാൻഡ് അസൈൻമെന്റ് ചട്ടങ്ങൾ പ്രകാരവും മറ്റുവിധത്തിലും പട്ടയം നൽകിയിട്ടുള്ളതിൽ പട്ടയം ലഭിച്ച ഗുണഭോക്താക്കൾ സ്ഥലത്തിന്റെ കൈവശാവകാശം ഏറ്റെടുക്കാതെ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലങ്ങളുടെ കാര്യത്തിൽ എന്ത് നടപടികളാണ് സർക്കാർ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 8(2) പ്രകാരം പതിച്ചുകിട്ടിയ വ്യക്തിയോ അയാളുടെ ഒരു കുടുംബാംഗമോ അയാളുടെ പിന്തുടർച്ചാവകാശിയോ പതിച്ചുകിട്ടിയ ഭൂമി കെട്ടിടനിർമ്മാണത്തിനാണ് നൽകിയതെങ്കിൽ അവിടെ താമസിക്കേണ്ടതും, കൃഷിക്കായി നൽകിയിട്ടുള്ളതാണെങ്കിൽ അവിടെ സ്വന്തമായി കൃഷിയിറക്കേണ്ടതും അതതു സംഗതികളിൽ അങ്ങനെയുള്ള താമസമോ കാർഷികവൃത്തിയോ പട്ടയം ലഭിച്ച തീയതി മുതലോ പ്രാഥമിക നടപടിയെന്ന നിലയിൽ

താൽക്കാലിക പട്ടയം ലഭിച്ചിട്ടുള്ള തീയതി മുതലോ ഒരു വർഷത്തിനുള്ളിലോ ഫലപ്രദമായി ആരംഭിച്ചിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ചട്ടം 8(3) പ്രകാരം ആയത് ലംഘിച്ചാൽ പതിവ് റദ്ദ് ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

(ബി) ഇപ്രകാരം പട്ടയ സ്ഥലങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്ന സംഗതികളിൽ മുമ്പ് നൽകിയിട്ടുള്ള പട്ടയം റദ്ദാക്കുന്നതിന് നിയമ തടസ്സങ്ങൾ ഉണ്ടോ എന്ന് അറിയിക്കാമോ?

കൈമാറികിട്ടിയ കൈവശക്കാരന്റെ കുടുംബവാർഷിക വരുമാനം പതിനായിരം രൂപക്ക് താഴെയായിരിക്കുകയും സ്വന്തമായോ കൈവശത്തിലോ സംസ്ഥാനത്തൊരിടത്തും അയാൾക്ക് ഭൂമി ഇല്ലാതിരിക്കുകയും ചെയ്യുന്ന സംഗതികളിൽ അങ്ങനെയുള്ള പതിച്ചുനൽകൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടം 8(3) പ്രകാരം റദ്ദ് ചെയ്യാൻ പാടുള്ളതല്ല. അല്ലാത്തപക്ഷം 1960-ലെ ഭൂമി പതിവ് നിയമത്തിലും അതിന്റെ കീഴിലുള്ള വിവിധ ചട്ടങ്ങളിലും നിഷ്കർഷിച്ചിരിക്കുന്നപ്രകാരം, പട്ടയത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന തരത്തിൽ ഉപയോഗശൂന്യമായി/

കൈവശത്തിലെടുക്കാതെ ഇട്ടിട്ടുള്ളതാണെങ്കിൽ പട്ടയം റദ്ദ് ചെയ്യാവുന്നതാണ്.

(സി) നിയമ തടസ്സങ്ങൾ ഇല്ലെങ്കിൽ ഇപ്രകാരം ഉപയോഗശൂന്യമായി കിടക്കുന്ന പട്ടയ സ്ഥലങ്ങൾ കണ്ടെത്തി അർഹരായ മറ്റ് ഗുണഭോക്താക്കൾക്ക് പതിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കാമോ?

ഇപ്രകാരം പട്ടയം നൽകിയവർ കൈവശം ഏറ്റെടുക്കാതെ കിടക്കുന്ന പട്ടയസ്ഥലങ്ങൾ കണ്ടെത്തി പട്ടയം റദ്ദ് ചെയ്യുന്നതിനുള്ള നടപടി പൂർത്തികരിച്ചതിനുശേഷം മാത്രം അർഹരായ മറ്റ് ഗുണഭോക്താക്കൾക്ക് പതിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

(ഡി) ഇതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും ഇതിനായി എത്ര കാലതാമസം ഉണ്ടാകുമെന്നുമുള്ള വിവരങ്ങൾ നൽകാമോ?

പട്ടയം റദ്ദാക്കുന്നതിന് മുന്നോടിയായി പട്ടയം നൽകിയ വ്യക്തിയെ നേരിൽ കേൾക്കേണ്ടതുണ്ട്. അതിനുള്ള നോട്ടീസുകൾ നടത്തി, നടപടിക്രമങ്ങൾ പൂർത്തിയാക്കി നിയമാനുസൃത മാനദണ്ഡങ്ങൾ

സ്വീകരിക്കുവാൻ കഴിയുന്നതാണ്. ടി നടപടിക്രമം പൂർത്തികരിക്കുന്നതിന് ക്ലിപ്തമായ സമയപരിധി ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ല.

ബാലുശ്ശേരി മണ്ഡലത്തിലെ പട്ടയം വിതരണം

295 (3425) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബാലുശ്ശേരി മണ്ഡലത്തിൽ കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിലായി എത്ര പട്ടയം വിതരണം ചെയ്തിട്ടുണ്ട്; വില്ലേജ് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബാലുശ്ശേരി മണ്ഡലത്തിൽ കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിലായി 920 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വില്ലേജ് തിരിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	താലൂക്ക്	വില്ലേജ്	അനുവദിച്ച പട്ടയങ്ങളുടെ എണ്ണം
1.	താമരശ്ശേരി	ഉണ്ണികുളം	117
2.		കിനാലൂർ	40
3.		ശിവപുരം	98
4.		പനങ്ങാട്	76
5.	കൊയിലാണ്ടി	ഉള്ളിയേരി	52
6.		കായണ്ണ	106

7.		അത്തോളി	57
8.		നടുവണ്ണൂർ	99
9.		ബാലുശ്ശേരി	115
10.		കോട്ടൂർ	42
11.		കുരാച്ചുണ്ട്	118
		ആകെ	920

(ബി) മണ്ഡലത്തിൽ നിലവിൽ എത്ര അപേക്ഷകളിൽ പട്ടയം നൽകാൻ ബാക്കിയുണ്ട്; കൂടിശ്ശിക അപേക്ഷകൾ ഏതൊക്കെ വില്ലേജുകളിലാണുള്ളത്; വിശദാംശം അറിയിക്കാമോ?

നിലവിൽ 317 അപേക്ഷകളിൽ പട്ടയം നൽകാൻ ബാക്കിയുണ്ട്. വില്ലേജ് തിരിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	താലൂക്ക്	വില്ലേജ്	പട്ടയങ്ങളുടെ എണ്ണം
1.	താമരശ്ശേരി	ശിവപുരം	9
2.		കാന്തലാട്	67
3.		ഉണ്ണികുളം	10
4.		കിനാലൂർ	1
5.		പനങ്ങാട്	4
6.	കൊയിലാണ്ടി	ബാലുശ്ശേരി	27
7.		ഉള്ളിയേരി	33
8.		കായണ്ണ	35
9.		അത്തോളി	34
10.		നടുവണ്ണൂർ	41

11.		ക്കുരാച്ചുണ്ട്	40
12.		അവിടനല്ലൂർ	2
13		കോട്ടൂർ	14
		ആകെ	317

ശാന്തി നഗർ കോളനി നിവാസികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി

296 (3426) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ശാന്തി നഗർ കോളനിയിൽ അനുവദിച്ച വീടുകളിലെ ഗുണഭോക്താക്കൾക്ക് പട്ടയം ലഭ്യമായിട്ടുണ്ടോ എന്നറിയിക്കാമോ; ഇല്ലെങ്കിൽ ആയതിന് കാരണം വ്യക്തമാക്കുമോ;

(ബി) ശാന്തി നഗർ കോളനി നിവാസികൾക്ക് പട്ടയം നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ശാന്തിനഗറിൽ മുമ്പ് പട്ടയം ലഭിച്ചവർക്കാണ് അന്നത്തെ സർക്കാർ ഹൗസിംഗ് ബോർഡ് മുഖാന്തരം പട്ടയ ഉടമകളുടെ സമ്മതപത്രം വാങ്ങി 196 പേർക്ക് വീട് നിർമ്മിച്ച് നൽകിയത്. എന്നാൽ ഇങ്ങനെ നിർമ്മിച്ച് നൽകിയ വീടുകൾ ഇവരുടെ പട്ടയത്തിൽ പ്രതിപാദിച്ച സർവെ

നമ്പറിൽനിന്നും മാറിയും പട്ടയത്തിൽ പറയുന്ന അളവിൽനിന്നും വ്യത്യസ്തവുമായി കാണുന്നു.

ശാന്തി നഗറിലെ 381 കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പട്ടയം ഡാഷ് ബോർഡിൽ ക്രമ നമ്പർ 37 ആയി ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത കൈവശക്കാർക്ക് പട്ടയ മിഷനിൽ ഉൾപ്പെടുത്തി പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഒറ്റപ്പാലം മണ്ഡലത്തിൽ അനുവദിച്ച പട്ടയങ്ങളുടെ കണക്ക്

297 (3427) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ഒറ്റപ്പാലം മണ്ഡലത്തിൽ അനുവദിച്ച പട്ടയങ്ങളുടെ കണക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഒറ്റപ്പാലം മണ്ഡലത്തിൽ അനുവദിച്ച പട്ടയങ്ങളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊല്ലം വെസ്റ്റ് വില്ലേജിലെ മത്സ്യഗ്രാമങ്ങളിലെ പട്ടയ വിതരണം

298 (3428) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിലുൾപ്പെടുന്ന പള്ളിത്തോട്ടം മൂതാക്കര മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത മേഖലയിൽ പട്ടയം അനുവദിക്കുന്നതിന് സർവെ ഓഫ് ഇന്ത്യയുടെ അനുമതിയോടെ സർവെ നടപടികൾ ആരംഭിക്കുന്നതിനാവശ്യമായ കാര്യങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് 188, 189, 192, 194, 196, 197, 198 എന്നിവയിൽ ഉൾപ്പെട്ടുവരുന്ന, "കടൽ പുറമ്പോക്ക്" എന്ന് ലാൻഡ് രജിസ്റ്ററിലും, ബി.ടി.ആറിലും രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ ഇനം "തരിശ്" എന്ന് മാറ്റുന്നതിനും, പ്രസ്തുത ഭൂമിയിൽ മറ്റുതരത്തിലുള്ള അർഹത ഉറപ്പ് വരുത്തി, നിലവിലെ കൈവശങ്ങൾക്ക് 1995-ലെ ഭൂപതിവ് ചട്ടങ്ങൾപ്രകാരം

ഭൂമി പതിച്ച് നൽകുന്നതിനും പതിവധികാരിക്ക് അനുമതി നൽകിക്കൊണ്ട് G.O.(Ms).No 106/2024/RD dated 22-06-2024 നമ്പർ സർക്കാർ ഉത്തരവ് (അനുബന്ധമായി+ ചേർക്കുന്നു) പുറപ്പെടുവിച്ചിട്ടുണ്ട്.

കൊല്ലം വെസ്റ്റ് വില്ലേജിലെ പള്ളിത്തോട്ടം മുതൽ മുതാക്കര വരെയുള്ള കടൽത്തീര മേഖലയിൽ 50 വർഷത്തിലധികമായ മത്സ്യത്തൊഴിലാളികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. ഈ പ്രദേശങ്ങൾ കടൽ തീരത്തുനിന്നും 150 മുതൽ 200 മീറ്റർ വരെ ദൂരത്തിലാണെന്നും, ഇതിനിടയിലായി 25 മീറ്റർ വീതിയുള്ള റോഡ് ഉണ്ടെന്നുള്ളതും പരിഗണിച്ച് 1995-ലെ ഭൂപതിവ് ചട്ടങ്ങളിൽ അനുശാസിക്കുന്ന ദൂരപരിധിക്ക് പുറത്താണെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് കടൽ പുറമ്പോക്കിൽനിന്നും മാറ്റി തരിശാക്കി പതിച്ച് കൊടുക്കാൻ സർക്കാർ തീരുമാനിച്ചത്.

കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് 188, 189, 192, 196, 198 എന്നിവയിലുൾപ്പെട്ട ഭൂമിയുടെ സർവെ നടപടികൾ പൂർത്തിയായിട്ടുള്ളതും ബ്ലോക്ക് 197-ലെ സർവെ നടപടികൾ തുടർന്നുവരുന്നതുമാണ്. ബ്ലോക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

194-ൽ സർവെ നടപടികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വള്ളിക്കുന്ന് മണ്ഡലത്തിലെ പട്ടയ വിതരണം

299 (3429) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലംമുതൽ നാളിതുവരെ വള്ളിക്കുന്ന് മണ്ഡലത്തിലെ പെരുവള്ളൂർ, വള്ളിക്കുന്ന്, തേഞ്ഞിപ്പാലം, മൂന്നിയൂർ, പള്ളിക്കൽ, ചേലേമ്പ്ര എന്നീ വില്ലേജുകളിൽ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

മുൻസർക്കാരിന്റെ കാലംമുതൽ നാളിതുവരെ വള്ളിക്കുന്ന് മണ്ഡലത്തിൽനിന്നും വിവിധ ഭൂമി പതിവ് ചട്ടങ്ങൾപ്രകാരം 114 LA പട്ടയങ്ങളും 1730 ലാൻഡ് ട്രിബ്യൂണൽ പട്ടയങ്ങളും ഉൾപ്പെടെ 1844 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

പ്രസ്തുത കാലയളവിൽ വിവിധ ഭൂമി പതിവ് ചട്ടങ്ങൾപ്രകാരം ലഭിച്ച 63 പട്ടയ അപേക്ഷകളും 331 ലാൻഡ് ട്രിബ്യൂണൽ പട്ടയ അപേക്ഷകളും ഉൾപ്പെടെ 394 അപേക്ഷകളിൽ നടപടി സ്വീകരിക്കാനുണ്ട്.

ലാൻഡ് ട്രിബ്യൂണൽ മുഖേന നൽകിയതും നൽകുവാനുള്ളതുമായ പട്ടയങ്ങളുടെ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമല്ല. മറ്റ് പട്ടയങ്ങളുടെ വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

പുതുക്കാട് മണ്ഡലത്തിൽ പട്ടയം നൽകാൻ നടപടികൾ

300 (3430) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മുകുന്ദപുരം താലൂക്കിലെ തൊറവ് വില്ലേജിൽ സ്ഥിതിചെയ്യുന്ന പുതുക്കാട് പഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ ചാക്കോച്ചിറ നിവാസികളായ പത്തോളം കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ചാക്കോച്ചിറ എന്ന സ്ഥലപ്പേര് ചിറപുറമ്പോക്ക് എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ള കാരണത്താൽ പ്രസ്തുത സ്ഥലത്ത് ഒരു

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൂറ്റാണ്ടിലധികമായി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവരുടെ അപേക്ഷകൾ പരിഗണിച്ച് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) പുതുക്കാട് ഗ്രാമപഞ്ചായത്ത് തൊറവ് വില്ലേജ് സർവെ 159-ൽപ്പെട്ടതും ബി.ടി.ആർ. പ്രകാരം ചാക്കോച്ചിറ പുറമ്പോക്ക് ആയതുമായ ഭൂമി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും പുനർനിക്ഷിപ്തം ചെയ്ത് സർക്കാരിലേയ്ക്ക് ലഭിക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും സ്വീകരിച്ചുവരുന്നു. ഭൂമി പുനർനിക്ഷിപ്തം ചെയ്ത് ലഭിക്കുന്നമുറയ്ക്ക് ചട്ടപ്രകാരം പതിവിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഭൂരഹിതരായവർക്ക് പട്ടയം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

301 (3431) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായവർക്ക് പട്ടയം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

1960-ലെ കേരള ഭൂമി പതിവ് നിയമത്തിലെയും 1963-ലെ ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകളും മാനദണ്ഡങ്ങളും അനുസരിച്ചാണ് നിലവിൽ സംസ്ഥാനത്ത് ഭൂരഹിതരായവർക്ക് പട്ടയം നൽകിവരുന്നത്.

1) 1960-ലെ കേരള ഭൂമി പതിവ് നിയമവുമായി ബന്ധപ്പെട്ടുള്ള ചട്ടങ്ങളിൽപ്പെട്ട 1964-ലെ കേരള ഭൂമി പതിച്ചുനൽകൽ ചട്ടങ്ങളിലെ ചട്ടം 7, 1993-ലെ കേരള ഭൂമി പതിച്ചുനൽകൽ (01-01-1977-നുമുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കൂടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) ചട്ടങ്ങളിലെ ചട്ടം 5, 1995-ലെ മുനിസിപ്പൽ - കോർപ്പറേഷൻ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 4 എന്നിവയിലുൾപ്പെടെയുള്ള വിവിധ ചട്ടങ്ങളിൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകളും മാനദണ്ഡങ്ങളും പ്രകാരമാണ് പ്രധാനമായും ഭൂരഹിതരായവർ നൽകുന്ന അപേക്ഷകളിൽ പട്ടയ നടപടികൾ സ്വീകരിക്കുന്നത്.

2) 1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം മിച്ചഭൂമിയായി ഏറ്റെടുത്ത ഭൂമിയും ഭൂരഹിതരായവർക്ക് പതിച്ച് നൽകിവരുന്നു.

(ബി) നിലവിൽ കാസർഗോഡ് ജില്ലയിലെ ഭൂരഹിതരുടെ എണ്ണമെത്രയാണ്; ഇവർക്ക് പട്ടയം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ?

കാസർഗോഡ് ജില്ലയിലെ നിലവിലെ ഭ്രരഹിതരായവരുടെ എണ്ണം റവന്യൂ വകുപ്പ് സൂക്ഷിച്ചിട്ടില്ലാത്തതാണ്. നിലവിൽ സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന "ലൈഫ് മിഷൻ" പദ്ധതിപ്രകാരം ഭ്രരഹിതർക്ക് ഭവന പദ്ധതി നടപ്പിലാക്കിവരുന്നതിനാൽ, ഭ്രരഹിതരുടെ എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിച്ചിട്ടുള്ളതാണ്. ലൈഫ് മിഷൻ വെബ് സൈറ്റിൽനിന്നും ലഭ്യമായ വിവരപ്രകാരം 12387 കുടുംബങ്ങളാണ് കാസർഗോഡ് ജില്ലയിൽ ഭ്രരഹിത ഭവനരഹിതരായിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പ് 252 അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. ടി വിവരം വില്ലേജുതല ജനകീയ സമിതികളുടെ പരിഗണനയ്ക്ക് നൽകി, ടി കുടുംബങ്ങൾക്ക് അതത് വില്ലേജുകളിലോ തൊട്ടടുത്ത വില്ലേജുകളിലോ ഭ്രമി നൽകുന്ന നടപടിയും സ്വീകരിച്ചുവരുന്നുണ്ട്.

1960-ലെ കേരള ഭ്രമി പതിവ് നിയമത്തിനെ അടിസ്ഥാനപ്പെടുത്തി രൂപീകരിച്ച വിവിധ ചട്ടങ്ങളിൽ പ്രധാനപ്പെട്ടവയായ 1964-ലെ കേരള ഭ്രമി പതിച്ചുനൽകൽ ചട്ടങ്ങൾ, 1995-ലെ മുനിസിപ്പൽ-കോർപ്പറേഷൻ ഭ്രമി

പതിവ് ചട്ടങ്ങൾ എന്നിവപ്രകാരം ഭ്രരഹിതരായവർ പട്ടയത്തിനായി നൽകുന്ന അപേക്ഷകളിന്മേൽ പരാമർശിച്ചതിൽ ബാധകമായ ചട്ടങ്ങൾപ്രകാരം പഞ്ചായത്ത്, മുനിസിപ്പൽ-കോർപറേഷൻ പ്രദേശങ്ങളിൽ യഥാക്രമം പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കൂടാതെ, 1993-ലെ കേരള ഭ്രമി പതിച്ചുനൽകൽ (01-01-1977-നുമുമ്പ് വനഭ്രമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) ചട്ടങ്ങൾപ്രകാരം 1977 ജനുവരി 1-നുമുമ്പ് കുടിയേറ്റം നടത്തിയിട്ടുള്ള വനഭ്രമികളെ സംബന്ധിച്ച് പതിച്ചുനൽകലിനും സെറ്റിൽമെന്റിനും ക്രമപ്പെടുത്തലിനുമായി ലഭ്യമാകുന്ന അപേക്ഷകളിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വടക്കാഞ്ചേരി നഗരസഭയിലെ കുംബാര കോളനി നിവാസികളുടെ പട്ടയ അപേക്ഷ

302 (3432) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നഗരസഭയിലെ കുമാരനെല്ലൂർ വില്ലേജിലെ തെലുങ്കർ കോളനി നിവാസികളുടെയും മുണ്ടത്തിക്കോട് വില്ലേജിലെ കുംബാര കോളനി

നിവാസികളുടെയും പട്ടയ അപേക്ഷയിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ നിലവിലെ സ്ഥിതിയും വിശദാംശങ്ങളും വ്യക്തമാക്കാമോ?

കുമാരനെല്ലൂർ വില്ലേജിലെ തെലുങ്കർ കോളനി എന്നറിയപ്പെട്ടിരുന്ന തെലുങ്കർ നഗറിൽ പട്ടയത്തിന് അപേക്ഷ നൽകിയിരുന്ന ഒരാളൊഴികെ മുഴുവൻ പേർക്കും പട്ടയം നൽകിയിട്ടുണ്ട്. ഭൂമി കൈമാറ്റം ചെയ്ത് ലഭിച്ച ഒരു വ്യക്തിക്കാണ് പട്ടയം നൽകിയിട്ടില്ലാത്തത്. ഇപ്പോൾ പുതുതായി 7 പട്ടയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. മുണ്ടത്തിക്കോട് വില്ലേജിലെ കുമ്പാര നഗറിലെ അപേക്ഷിച്ച മുഴുവൻ പേർക്കും പട്ടയം നൽകിയിട്ടുണ്ട്.

കുന്നംകുളം മണ്ഡലത്തിലെ പട്ടയ വിതരണം

303 (3433) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കൽപിച്ചിട്ടുള്ളവ എത്രയാണെന്നും വ്യക്തമാക്കാമോ?

കുന്നംകുളം മണ്ഡലത്തിൽ വിവിധ ഭൂപതിവ് ചട്ടപ്രകാരം ലഭിച്ച 543 അപേക്ഷകളിൽ 142 അപേക്ഷകളും 1279 ലാൻഡ് ട്രിബ്യൂണൽ അപേക്ഷകളിൽ 1143 അപേക്ഷകളും തീർപ്പാക്കിയിട്ടുള്ളതാണ്.

(ബി) തീർപ്പ് കല്പിക്കുന്നതിനായി എത്ര അപേക്ഷകളാണ് ശേഷിക്കുന്നതെന്ന് മണ്ഡലത്തിലെ പഞ്ചായത്തുകൾ, കുന്നംകുളം നഗരസഭ എന്നിവ തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

വിവിധ ഭൂപതിവ് ചട്ടപ്രകാരമുള്ള 401 അപേക്ഷകളാണ് തീർപ്പുകൽപിക്കുന്നതിനായി ശേഷിക്കുന്നത്. ആയത് പഞ്ചായത്ത്, കുന്നംകുളം നഗരസഭ തിരിച്ച് താഴെ ചേർക്കുന്നു. തീർപ്പാക്കാനുള്ള 136 ലാൻഡ് ട്രിബ്യൂണൽ അപേക്ഷകൾ പഞ്ചായത്ത് തിരിച്ച് ലഭ്യമല്ല.

ക്രമ നം.	തദ്ദേശസ്വയംഭരണ സ്ഥാപനം	തീർപ്പുകൽപ്പിക്കാനുള്ള അപേക്ഷകളുടെ എണ്ണം
1.	കുന്നംകുളം മുൻസിപ്പാലിറ്റി	58
2.	എരുമപ്പെട്ടി	103
3.	വേലൂർ	39
4.	കടങ്ങോട്	139
5.	പോർക്കുളം	14

6.	കാട്ടകാമ്പാൽ	17
7.	ചൊവ്വന്നൂർ	15
8.	കടവല്ലൂർ	16
	ആകെ	**401**

(സി) നടപടികൾ പൂർത്തിയാക്കി എന്നത്തേയ്ക്ക് പട്ടയം വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള ഭൂമികൾ റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തം ചെയ്ത് ലഭിക്കുന്നമുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, ലക്ഷം വീട് പദ്ധതിപ്രകാരവും പഞ്ചായത്ത് പ്രദേശങ്ങളിലെ ഭൂരഹിതരായ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ഭവന നിർമ്മാണ പദ്ധതിപ്രകാരവും ഭൂമി കൈവശം വച്ചുവരുന്ന അപേക്ഷകരുടെ ഭൂമി വിട്ടൊഴിയുന്നതിനുള്ള നടപടി പൂർത്തീകരിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 21-01-2023-ലെ സ.ഉ(കൈ)നം.12/2023/റവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാറപുറമ്പോക്ക് പതിച്ച് നൽകുന്നതിനായി

ലഭിക്കുന്ന അപേക്ഷകൾ ഓരോന്നും പ്രത്യേകം പരിശോധിച്ച് മാനദണ്ഡങ്ങൾക്ക് വിധേയമായും അവ അസൈനബിൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന പരിശോധനയ്ക്ക് വിധേയമായും അർഹതയുള്ള അപേക്ഷകളിൽ പട്ടയം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. മിച്ചഭൂമിയുമായി ബന്ധപ്പെട്ട ഫയലുകളിൽ കൈവശക്കാരുടെ മേൽവിലാസം സംബന്ധിച്ചും സർവെ നമ്പറിലുള്ള വ്യത്യാസം സംബന്ധിച്ചുമുള്ള അപാകതകൾ പരിഹരിച്ചും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വനഭൂമി പട്ടയത്തിനായുള്ള അപേക്ഷകൾ കേന്ദ്രാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലാൻഡ് ട്രിബ്യൂണൽ പട്ടയങ്ങളിൽ സ്റ്റേറ്റ് ലാൻഡ് ബോർഡ് സെക്രട്ടറി ലഭ്യമാക്കിയ SOP പ്രകാരം നടപടികൾ ലഘൂകരിച്ച് എത്രയും പെട്ടെന്ന് വിചാരണ പൂർത്തിയാക്കി ക്രയ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമി ഡീവെസ്റ്റ് ചെയ്യുന്നതിന് നടപടി

304 (3434) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ അസംബ്ലിയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമി ഡീവെസ്റ്റ് ചെയ്യുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ?

റവന്യൂ രേഖകളിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേരിൽ കിടക്കുന്നതും നിർധനരായ കുടുംബങ്ങൾ വളരെ കാലമായി പ്രസ്തുത ഭൂമിയിൽ താമസിച്ചുവരുന്നതുമായ സന്ദർഭങ്ങളിൽ ഇത്തരം ഭൂമികളുടെ പരിധിയിൽപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും പ്രസ്തുത ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് കൈമാറേണ്ടതുണ്ട്. പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള ഭൂമിയാണെങ്കിൽ സർക്കാർ അനുവാദത്തോടെ റവന്യൂ വകുപ്പിലേയ്ക്ക് ഉടമസ്ഥത വിട്ടൊഴിഞ്ഞ് നൽകേണ്ടതും പഞ്ചായത്ത് രാജ്/ മുൻസിപ്പാലിറ്റി ആക്ടുപ്രകാരം നിക്ഷിപ്തമാക്കിയ ഭൂമിയാണെങ്കിൽ ആയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടെ തദ്ദേശസ്വയംഭരണ വകുപ്പ് പുനർനിക്ഷിപ്തമാക്കുകയും വേണം. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും

ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമിയിലുള്ള സ്ഥലങ്ങളിൽ ധാരാളം കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. അതിനാൽ ഈ വിഷയം പട്ടയം മിഷനിൽ ഉൾപ്പെടുത്തി ഇത്തരത്തിലുള്ള പ്രദേശങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, ബന്ധപ്പെട്ട മന്ത്രിമാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് ഇത്തരത്തിലുള്ള ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്ത് പട്ടയം ലഭിക്കുന്നതിനായി പുതുതായി ലഭിച്ച അപേക്ഷകളിന്മേലുള്ള തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ പട്ടയ വിതരണം ത്വരിതപ്പെടുത്തുന്നതിനായി റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് പട്ടയം മിഷൻ. മലയോര മേഖലയിലുള്ളവർ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ നഗരുകളിൽ താമസിക്കുന്നവർ എന്നിവർക്ക് അടിയന്തര

പ്രാധാന്യത്തോടെ പട്ടയം നൽകാനായി പട്ടയ മിഷൻ രൂപീകരിച്ചിട്ടുണ്ട്. പട്ടയ വിതരണം ഊർജ്ജിതമാക്കുന്നതിനും സമയബന്ധിതമായി നടത്തുന്നതിനുംവേണ്ടിയുള്ള പ്രവർത്തനം ഏകോപിപ്പിക്കാനും നിരീക്ഷിക്കാനും ആവശ്യമായ നിർദേശങ്ങൾ തത്സമയം നൽകാനാണ് പട്ടയ മിഷൻ ലക്ഷ്യംവയ്ക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി 153103 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, സർക്കാർ ഭൂമിയിൽ വർഷങ്ങളായി വീടുവച്ച് താമസിച്ചും കൃഷി ചെയ്തുംവരുന്ന ഭൂരഹിതരായവർക്ക് നിയമപ്രകാരം പട്ടയം നൽകുന്നതിന് തടസ്സങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലും (പട്ടയം ഡാഷ് ബോർഡ്) പ്രവർത്തിച്ചുവരുന്നു. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ചശേഷം പരിഹരിക്കാവുന്നവ സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടർമാർക്ക് വ്യക്തമായ മാർഗ്ഗനിർദേശങ്ങൾ നൽകുകയും സർക്കാർ ഉത്തരവുകളിലൂടെയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ

പരിഹരിക്കേണ്ടവ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അവയ്ക്ക് പരിഹാരം കാണുന്നതിനുള്ള നടപടിയും ഇതിന്റെ ഭാഗമായി കൈക്കൊണ്ടുവരുന്നു.

നിയോജകമണ്ഡലതല പട്ടയ അസംബ്ലി

305 (3435) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലതല പട്ടയ അസംബ്ലിക്കുശേഷം വടക്കാഞ്ചേരി മണ്ഡലത്തിലെ പഞ്ചായത്തുകളിൽ പട്ടയത്തിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിലും പട്ടയ അസംബ്ലിക്കുമുമ്പ് സമർപ്പിക്കപ്പെട്ട അപേക്ഷകളിലും വനഭൂമി സ്പെഷ്യൽ ഓഫീസുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ പട്ടയ അസംബ്ലിക്കുമുമ്പ് ലഭിച്ചിട്ടുള്ള എല്ലാ വനഭൂമി പട്ടയ അപേക്ഷകളിലും സർവെ നടപടി പൂർത്തിയാക്കി പരിവേഷ് പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടയ അസംബ്ലിക്കുശേഷം ലഭിച്ച

അപേക്ഷകളിൽ നിരവധി അപേക്ഷകൾ നേരത്തെ ലഭിച്ചിട്ടുള്ളതാണ്. പുതിയതായി ലഭിച്ച അപേക്ഷകൾ പരിശോധിച്ചുവരുന്നു.

(ബി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ വനഭൂമി പട്ടയത്തിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ എണ്ണവും പേരും വിശദാംശങ്ങളും ലഭ്യമാക്കാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽനിന്ന് വനഭൂമി പട്ടയത്തിനായി തലപ്പിള്ളി താലൂക്കിൽ ലഭിച്ച 930 അപേക്ഷകളുടെയും തൃശ്ശൂർ താലൂക്കിൽ ലഭിച്ച 102 അപേക്ഷകളുടെയും പേരും വിശദാംശങ്ങളും അനുബന്ധമായി+ ചേർക്കുന്നു.

(സി) മണ്ഡലത്തിൽ എത്ര ഫയലുകൾ പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തുവെന്ന് വിശദമാക്കാമോ?

പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പുതുക്കാട് മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനുള്ള നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

306 (3436) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മുകുന്ദപുരം താലൂക്കിൽ ആമ്പല്ലൂർ വില്ലേജിൽ വെണ്ടോർ ദേശത്ത് സർവെ 496/2, 497/1 എന്നിവയിൽപ്പെട്ട പുറമ്പോക്ക് നിവാസികളായ 10 കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനായുള്ള അപേക്ഷകളിലെ നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മുകുന്ദപുരം താലൂക്കിൽ ആമ്പല്ലൂർ വില്ലേജിലെ 10 കുടുംബങ്ങളിൽ ഒരാൾ മാത്രമാണ് പട്ടയത്തിനായി തഹസിൽദാർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ആയത് പരിശോധിച്ചുവരികയാണ്. ബാക്കിയുള്ളവർക്ക് അപേക്ഷ സമർപ്പിക്കുവാൻ ജില്ലാ കളക്ടർ നിർദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

പുല്ലരാംപാറ ദുരന്ത ബാധിതരുടെ പുനരധിവാസം

307 (3437) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുല്ലരാംപാറയിൽ 2012-ലുണ്ടായ ഉരുൾപൊട്ടലിനെ തുടർന്ന് താൽകാലിക ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന 6 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പണം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുള്ള റവന്യൂ അധികൃതരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുല്ലരാംപാറയിൽ 2012-ലുണ്ടായ ഉരുൾപൊട്ടലിനെതുടർന്ന് താൽകാലിക ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി വിശദമായ സ്ഥല പരിശോധന നടത്തി 6 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) എങ്കിൽ ഇതുസംബന്ധിച്ച ഫയലിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ;

(സി) പ്രസ്തുത കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) 2018-ലെ പ്രളയത്തെത്തുടർന്നാണ് വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള വിഹിതവും ചേർത്ത് ആകെ പത്ത് ലക്ഷം രൂപ അനുവദിച്ചുവരുന്നത്. 2019-ലെ പ്രളയത്തിലും ഇതേ മാനദണ്ഡങ്ങൾ തുടർന്നു. 2012-ലുണ്ടായ നാശനഷ്ടങ്ങൾക്ക് ഇതേമാനദണ്ഡം അനുസരിച്ച് ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുമായി ബന്ധപ്പെട്ട് ഈ വിഷയം പരിശോധിച്ചതിൽ പ്രസ്തുത കുടുംബങ്ങളെ സ്ഥിരമായി മാറ്റിപാർപ്പിക്കുന്നതാണ് ഉചിതമെന്ന് സ്ഥലപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഏറനാട് മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

308 (3438) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ചെയ്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

05-03-2024-ലെ സ.ഉ.(സാധാ) നം. 862/2024/RD നമ്പർ ഉത്തരവുപ്രകാരം മലപ്പുറം ജില്ലയിലെ 4 പ്രവൃത്തികൾക്ക് 2023-2024 സാമ്പത്തിക വർഷം ചെയ്യേണ്ട പ്രവൃത്തികളായി ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 9 പ്രവർത്തികൾക്ക് അടുത്ത സാമ്പത്തിക വർഷത്തിൽ ചെയ്യേണ്ട പ്രവൃത്തികളായി ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഏറനാട് മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഫണ്ടിൽ പുതിയതായി ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

05-03-2024-ലെ സ.ഉ. (സാധാ)നം. 862/2024/RD ഉത്തരവനുസരിച്ച് ചാലിയാർ പുഴയുടെ വലതുകര സംരക്ഷണം കോളോത്തും തൊടികക്കുഴിക്കുന്നത്ത് വാർഡ് 10 കുനിയിൽ കീഴുപറമ്പ് പഞ്ചായത്ത് എന്ന പ്രവൃത്തി 2023-2024 സാമ്പത്തിക വർഷത്തിൽ ചെയ്യേണ്ട പ്രവൃത്തികളിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതാണ്.

ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം ചെറുമണ്ണ് എസ്.സി. കോളനി ഇടവണ്ണ പഞ്ചായത്ത് എന്ന പ്രവൃത്തി 2024-2025 സാമ്പത്തിക വർഷം മുൻഗണനാക്രമം 6 ആയും കടുങ്ങല്ലൂർ തോട് വലതുകര സംരക്ഷണം - പൂങ്കുടി - അരീക്കോട് പഞ്ചായത്ത് എന്ന പ്രവൃത്തി 2024-2025 സാമ്പത്തിക വർഷം മുൻഗണനാക്രമം 9-ആയും ഉൾപ്പെടുത്തി ഭരണാനുമതി

നൽകിയിട്ടുള്ളതാണ്. പുതുതായി പ്രൊപ്പോസലുകൾ സർക്കാരിൽ ലഭ്യമായിട്ടില്ല.

കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിന് ഭൂമി ഏറ്റെടുക്കാൻ നടപടി

309 (3439) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനുവേണ്ടി നിലവിൽ എത്ര സ്ഥലമാണ് ഏറ്റെടുത്ത് നൽകിയതെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ (RESA) വികസനത്തിനായി 5.0763 ഹെക്ടർ (12.543 ഏക്കർ) ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(ബി) പുതിയ റൺവെ വികസനം കാരണം അടഞ്ഞുപോകുന്ന എയർപോർട്ട് ക്രോസ് റോഡിനുപകരം പൊതുമരാമത്ത് വകുപ്പിന്റെ റോഡ് നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി നിലവിൽ ഏതു ഘട്ടത്തിലാണ്; പ്രസ്തുത സ്ഥലമേറ്റെടുക്കൽ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇനി ബാക്കിയുള്ളതെന്ന് വ്യക്തമാക്കുമോ?

വിമാനത്താവളത്തിന്റെ 'റെസ' വികസനത്തിനായി സ്ഥലം ഏറ്റെടുത്തപ്പോൾ അടഞ്ഞുപോയ എയർപോർട്ട് ക്രോസ് റോഡിനുപകരം പുതിയ റോഡിന് സ്ഥലം ഏറ്റെടുത്ത് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 13-11-2023-ൽ സംയുക്ത സ്ഥപരിശോധന നടത്തിയിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ 8 മീറ്റർ വീതിയിൽ PWD റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് സഹിതം ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. 14-02-2024-ൽ ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന യോഗ തീരുമാനപ്രകാരം 19-04-2024-ൽ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ (റോഡ്സ്) സ്ഥലപരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് റിക്വസിഷൻ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് റോഡിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്.

(സി) എയർപോർട്ടിന്റെ ഭാവി വികസനത്തിന് പുതുതായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാകുമോ?

2047-ഓടുകൂടി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ (റൺവേ 2700 മീറ്ററിൽ നിന്നും 3770 മീറ്റർ വികസനം) എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ തയ്യാറാക്കി ചീഫ് സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്. ടി മാസ്റ്റർ പ്ലാൻപ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ സാധ്യതയെക്കുറിച്ച് പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോഴിക്കോട് എയർപോർട്ട് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ.)-യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ സാങ്കേതിക വിദഗ്ധർ, കോഴിക്കോട് എയർപോർട്ട് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ.)-യുടെ കാര്യാലയത്തിലെ ജീവനക്കാർ എന്നിവരടങ്ങുന്ന സംഘത്തിന്റെ നേതൃത്വത്തിൽ സംയുക്ത സ്ഥലപരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) എയർപോർട്ടിന് സ്ഥലം ഏറ്റെടുക്കുമ്പോൾ പരിസര പ്രദേശത്ത് ശേഷിക്കുന്ന വീടുകളിലേയ്ക്ക് വഴി നഷ്ടപ്പെടുത്തരുതെന്ന് വിദഗ്ധസംഘം തയ്യാറാക്കിയ റിപ്പോർട്ട് നിലനിൽക്കെ എയർപോർട്ട് അതോറിറ്റിക്ക് പതിച്ച് നൽകിയ സ്ഥലത്ത് മതിൽ കെട്ടിയടച്ചതിനെ തുടർന്ന് കരിപ്പൂർ

പാലക്ക പറമ്പ് ഭാഗത്ത് താമസിക്കുന്ന കളത്തിൽ സോമസുന്ദരൻ, കോട്ടപ്പറമ്പിൽ അബ്ദുറസാഖ് എന്നിവർക്ക് സ്വന്തം വീട്ടിലേയ്ക്ക് പ്രവേശിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. ടി സ്ഥലം എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യക്ക് പെരിമീറ്റർ റോഡ്, വാച്ച് ടവർ എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമുള്ളതിനാൽ എയർപോർട്ട് ഡയറക്ടർ ഫോറം 2-ൽ റിക്വിസിഷൻ നൽകിയിട്ടുണ്ട്. ടി നടപടി പൂർത്തിയാകുന്നതുവരെ ഇവരുടെ വഴിയും വൈദ്യുതിയും തടസ്സപ്പെടുത്തരുതെന്ന് ജില്ലാ കളക്ടർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) സ്ഥലം ഏറ്റെടുക്കുന്നതിന് 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുമുമ്പ് പ്രസ്തുത സ്ഥലമുടമകൾക്ക് വീട്, കെട്ടിടം എന്നിവ നിർമ്മിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ?

RFCTLARR Act 2013 പ്രകാരം 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുമുമ്പ് സ്ഥലം ഉടമകൾ നിയമവിധേയമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭൂമി ഉപയോഗിക്കുന്നതിന് തടസ്സമില്ല.

(എഫ്) ഭാവിയിൽ വികസനം വരുമെന്ന കാരണത്താൽ എയർപോർട്ട് അതോറിറ്റിയുടെ എൻ.ഒ.സി. ഇല്ലാതെ പ്രദേശത്ത് വീട് നിർമ്മിക്കുന്നതിന് പെർമിഷൻ നൽകരുതെന്ന് പ്രസ്തുത നോട്ടിഫിക്കേഷൻ വരുന്നതിനുമുമ്പ് തദ്ദേശ സ്ഥാപനങ്ങളോട് റവന്യൂ വകുപ്പ് എതെങ്കിലും തരത്തിലുള്ള നിർദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

പേരാമ്പ്ര മണ്ഡലത്തിലെ പ്രവൃത്തികൾക്കായി ഭൂമി ഏറ്റെടുക്കൽ

310 (3440) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാമ്പ്ര മണ്ഡലത്തിൽ നടപ്പിലാക്കുന്ന ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭൂമി ഏറ്റെടുക്കാനുള്ളതെന്ന് അറിയിക്കാമോ; ഓരോ

പ്രവൃത്തിയുടെയും ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏതുഘട്ടത്തിലാണെന്നും അവ എപ്പോൾ പൂർത്തിയാകുമെന്നും വിശദമാക്കാമോ?

1. കുറ്റ്യാടി പുഴയ്ക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജ് നർമ്മാണം:- കുറ്റ്യാടി-പെരിഞ്ചേരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് അപ്രോച്ച് റോഡ് നിർമ്മാണത്തിനായി 0.2740 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട്, സാമൂഹ്യആഘാത പഠനം നടത്തുന്നതിന് ഏജൻസിയെ നിയോഗിച്ചുകൊണ്ട് 24-05-2024-ൽ 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

2. കൊല്ലം-നെല്ല്യാടി-മേപ്പയൂർ റോഡ് നിർമ്മാണം:- കൊല്ലം-നെല്ല്യാടി-മേപ്പയൂർ റോഡ് വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തിയിൽ ഏകദേശം 22 ഫീൽഡുകളുടെ സർവെ ജോലികൾ ബാക്കിയുണ്ട്. ഇതിനായി ഏകദേശം 85 സർവെ ദിനങ്ങൾ ആവശ്യമുണ്ട്. എസ്.ഐ.എ. അന്തിമ റിപ്പോർട്ടിന്മേലുള്ള വിദഗ്ധ സമിതിയുടെ ശിപാർശ അംഗീകരിച്ചിട്ടുണ്ട്. 11(1) വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. നടേരിക്കടവ് പാലം നിർമ്മാണം:- നടേരിക്കടവ് പാലം നിർമ്മാണത്തിനായുള്ള എൽ.എ. പ്രവൃത്തിയിന്മേൽ 11(1) വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പേരാമ്പ്ര മണ്ഡലത്തിലെ പ്രസ്തുത ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികളുടെ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും തുടർന്ന് ബന്ധപ്പെട്ട കക്ഷികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള ഫണ്ട് അർത്ഥനാധികാരി ലഭ്യമാക്കുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം നടത്തി ബന്ധപ്പെട്ട കക്ഷികൾക്ക് അവാർഡ് തുക വിതരണം ചെയ്ത് ടി പദ്ധതിയിലേയ്ക്കുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കുന്നതാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുത്ത നടപടി

311 (3441) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനായി മുല്ലൂർ അംബുജ വിലാസത്തിൽ എ. തങ്കത്തിന്റെ 28 സ്ക്വയർ മീറ്റർ സ്ഥലം (വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് 14-ൽ സർവെ നമ്പർ 647/9)

ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് അവർ നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനായുള്ള പൊന്നുംവില നടപടിയുമായി ബന്ധപ്പെട്ട് മുല്ലൂർ അംബുജ വിലാസത്തിൽ ശ്രീമതി എ. തങ്കം എന്നവരുടെ ഉടമസ്ഥതയിലുള്ള വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നം. 14-ൽ സർവെ നം.647/9-ലുൾപ്പെട്ട 0.0028 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

(ബി) പ്രസ്തുത ഭൂമിക്ക് എത്ര രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്; ഈ തുക ലഭിക്കുന്നതിനായി എ. തങ്കം നവകേരള സദസ്സിൽ നൽകിയ ടി.വി.എം. 1320765 നമ്പർ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

പ്രസ്തുത ഭൂമി ബി.വി.ആർ. പ്രകാരം "സി" കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതുപ്രകാരം സെന്റൊന്നിന് 3,79,562/- രൂപ നിരക്കിൽ 0.0028 ഹെക്ടറിന് 5,25,221/- രൂപയുടെ വിശദ വില വിവര പത്രികയാണ് അംഗീകരിച്ചിട്ടുള്ളത്. അവാർഡ് പാസ്സാക്കുന്ന തീയതി വരെയുള്ള (30-06-2024 വരെ) 12% വർദ്ധനവുൾപ്പെടെ ഏകദേശം

6,52,221/- രൂപ കക്ഷിക്ക് ലഭിക്കുന്നതാണ്. നവകേരള സദസ്സിൽ ലഭിച്ച TVM 1320765-ാം നമ്പർ പരാതി പരിശോധിച്ചതിൽ കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ തുണ്ടത്തിൽ-ചേങ്കോട്ടുകോണം റോഡ് വീതി കൂട്ടുന്നത് സംബന്ധിച്ച് ശ്രീ. പി. കെ. വിനുകുമാർ മുതൽപേർ സമർപ്പിച്ച പരാതിയാകുന്നു. ആയത് ശ്രീമതി എ. തങ്കം സമർപ്പിച്ചിട്ടുള്ളതല്ല.

(സി) പ്രസ്തുത സ്ഥലത്തിന്റെ വില എന്നത്തേയ്ക്ക് അവർക്ക് കൈമാറാൻ സാധിക്കുമെന്ന് അറിയിക്കുമോ?

ടി പദ്ധതിയുടെ ഫണ്ട് അർത്ഥനാധികാരിയായ VISL-ൽനിന്നും നാളിതുവരെ ലഭ്യമായിട്ടില്ല. ഫണ്ട് ലഭ്യമായാലുടൻ അവാർഡ് പാസാക്കി തുക വിതരണം ചെയ്യുന്നതാണ്.

ദേശീയപാതകൾക്കായി ഭൂമി ഏറ്റെടുക്കൽ

312 (3442) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ; വിവിധ ദേശീയ പാതകൾക്കായി ഓരോ റീച്ചിലും എത്ര ഭൂമി ഏറ്റെടുക്കാനുണ്ടെന്നുള്ള വിശദാംശം നൽകാമോ?

തിരുവനന്തപുരം:- തിരുവനന്തപുരം ജില്ലയിൽ ദേശീയപാതയുടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നിലവിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കൊല്ലം -ചെങ്കോട്ട എൻ.എച്ച് 644:- തിരുവനന്തപുരം ജില്ലയിൽ ടി റോഡിന് 9.86 കിലോമീറ്റർ ദൂരത്തിൽ ഏറ്റെടുക്കേണ്ട 41.0452 ഹെക്ടർ ഭൂമിയുടെ 3 (ഡി) വിജ്ഞാപനം കഴിഞ്ഞ് അവാർഡ് പാസാക്കി ഫണ്ട് ആവശ്യപ്പെട്ട് ദേശീയപാതാ അധികാരികൾക്ക് നൽകിയിട്ടുണ്ട്.

2. തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് എൻ.എച്ച് 866:- ടി റോഡ് നിർമ്മാണത്തിനുവേണ്ടി 62.70 കി.മീറ്റർ ദൂരത്ത് 288.0830 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. 11 വില്ലേജുകളിലെ 100 ഹെക്ടർ ഭൂമിയുടെ 3 (ഡി) പ്രസിദ്ധീകരിച്ച് നഷ്ടപരിഹാര വിതരണത്തിനായി 1,757 കോടി രൂപയുടെ

ഫണ്ട് അർത്ഥനാധികാരിയായ ദേശീയപാതാ വിഭാഗത്തിനോട് ആവശ്യപ്പെട്ടെങ്കിലും ഫണ്ട് അനുവദിച്ച് നൽകിയിട്ടില്ല.

3. ദേശീയപാത എൻ എച്ച് 66:- എൻ.എച്ച്. 66-ന്റെ വികസനത്തിനുവേണ്ടി കഴക്കൂട്ടം മുതൽ മുക്കോലവരെയുള്ള, ഭൂമി ഏറ്റെടുത്ത സ്ഥലത്തെ പണി പൂർത്തിയാക്കി റോഡ് ഗതാഗതത്തിനായി അനുവദിച്ച് നൽകിയിട്ടുണ്ട്. കഴക്കൂട്ടം മുതൽ കടമ്പാട്ടുകോണംവരെയുള്ള 29 കി.മീറ്റർ ദൂരംവരെ 71.6296 ഹെക്ടർ ഭൂമി ഏറ്റെടുത്ത് 2022 ജനുവരി 31-ന് ദേശീയപാതാ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. ടി റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ദേശീയപാത 66-ന്റെ അധികഭൂമി ഏറ്റെടുക്കാനായി 2024 ജനുവരിയിൽ നൽകിയ 30.93 ആർ ഭൂമിയുടെ 3 (ജി) അവാർഡ് പാസാക്കി ഫണ്ട് അനുവദിക്കുന്നതിനായി ദേശീയപാതാ വിഭാഗത്തിന് നൽകിയിട്ടുണ്ട്. ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് സ്ഥലം കൈമാറുന്നതാണ്.

കൊല്ലം:- ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിൽ ഓച്ചിറ മുതൽ കടമ്പാട്ടുകോണംവരെ 17 വില്ലേജുകളിൽ നിന്നായി

58.6297 ഹെക്ടർ ഭൂമി ഏറ്റെടുത്ത് എൻ.എച്ച്.എ.ഐ.-ക്ക് കൈമാറിയിട്ടുള്ളതാണ്. കൂടാതെ, തിരുവനന്തപുരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ പ്രോജക്ട് ഡയറക്ടർ ആവശ്യപ്പെട്ടപ്രകാരം 17-01-2024-ലെ S.O.243 (E) നമ്പർ 3 (ഡി) വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 0.0873 ഹെക്ടർ സ്ഥലവും 10-04-2024-ലെ S.O.243 (E) നമ്പർ 3 (ഡി) വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 0.1404 ഹെക്ടർ സ്ഥലവുമുൾപ്പെടെ 0.2277 ഹെക്ടർ ഭൂമിയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് എൻ.എച്ച്.എ.ഐ.-ക്ക് കൈമാറുന്നതിനുള്ള സത്വരന ടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയപാത 744 കൊല്ലം-ചെങ്കോട്ടയുടെ ഭൂമി ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് 4 വില്ലേജുകളിൽ നിന്നായി 23.1667 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ ടി പദ്ധതിക്കായി ബാക്കിയുള്ള 5 വില്ലേജുകളിൽ നിന്നായി ഉദ്ദേശം 44.3274 ഹെക്ടർ ഭൂമികൂടി ആവശ്യമായിട്ടുണ്ട്. ആയതിന്റെ ഫണ്ട് ലഭിച്ചിട്ടില്ലാത്തതിനാൽ ടി സ്ഥലങ്ങൾക്കുള്ള നഷ്ടപരിഹാരം വിതരണം ചെയ്തിട്ടില്ല.

തൃശ്ശൂർ:- തൃശ്ശൂർ ജില്ലയിൽ ദേശീയപാത 66-നുവേണ്ടി ഏറ്റെടുക്കേണ്ടിയിരുന്ന 205.4332 ഹെക്ടർ ഭൂമിയിൽ കാപ്പിരിക്കാട്-തളിക്കുളം റീച്ചിൽ 109.5116 ഹെക്ടർ ഭൂമിയും തളിക്കുളം-കൊടുങ്ങല്ലൂർ റീച്ചിൽ 95.9216 ഹെക്ടർ ഭൂമിയും ഏറ്റെടുത്ത് ഭൂമി ഏറ്റെടുപ്പ് 100% പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

പാലക്കാട്:- പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് ദേശീയപാത 966 ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിലെ മരുതറോഡ് മുതൽ മണ്ണാർക്കാട് താലൂക്കിലെ അലനല്ലൂർവരെ 21 വില്ലേജുകളിൽ നിന്നുമായി ആകെ 61.279 കി.മീറ്റർ ദൈർഘ്യത്തിലും 45 മീറ്റർ വീതിയിലുമാണ് ഭൂമി ഏറ്റെടുക്കുന്നത്. 2 റീച്ചുകളിൽ നിന്നുമായി 275.76 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കാനുള്ളത്. ആയതിൽ 85 ശതമാനം ഭൂമി ഏറ്റെടുത്തിട്ടുള്ളതും ഭൂവുടമകൾക്ക് നഷ്ടപരിഹാര തുക വിതരണം ചെയ്തിട്ടുള്ളതുമാണ്.

മലപ്പുറം:- മലപ്പുറം ജില്ലയിലെ ദേശീയപാത 66 സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് രണ്ട് റീച്ചുകളിലായി മുഴുവൻ ഭൂമിയും ഏറ്റെടുത്തിട്ടുണ്ട്. കോടതി കേസുകളിലും ആർബിട്രേഷൻ കേസുകളിലും നടപടികൾ തുടർന്നുവരുന്നു.

കോഴിക്കോട്:- ദേശീയപാത വികസനം/ബൈപ്പാസ് നിർമ്മാണം എന്നിവയ്ക്കായി കോഴിക്കോട് ജില്ലയിൽ ദേശീയപാത 66-ന്റെ ആവശ്യത്തിനായി 40.8 കി.മീറ്റർ ദൂരത്തിൽ 121.7697 ഹെക്ടർ ഭൂമി 14 വില്ലേജുകളിൽ നിന്നായി ഏറ്റെടുത്ത് എൻ.എച്ച്.എ.ഐ.-യ്ക്ക് കൈമാറിയിട്ടുണ്ട്.

കണ്ണൂർ:- കണ്ണൂർ ജില്ലയിലെ ദേശീയപാതകളുടെ നിർമ്മാണത്തിനുവേണ്ടി നാളിതുവരെ ആകെ 203.1277 ഹെക്ടർ ഭൂമി ഏറ്റെടുത്തു. ഇനി 0.0427 ഹെക്ടർ ഭൂമികൂടി ഏറ്റെടുക്കാനുണ്ട്.

കാസർഗോഡ്:- കാസർഗോഡ് ജില്ലയിൽ ഏറ്റെടുക്കേണ്ട ഭൂമിയുടെ 99.99% ഏറ്റെടുത്തു. ഓരോ റീച്ചിലും ഏറ്റെടുക്കാൻ ബാക്കിയുള്ളത്.

തലപ്പാടി - ചെങ്കള റീച്ച് - 0.0071 ഹെക്ടർ

ചെങ്കള - നീലേശ്വരം റീച്ച് - 0.0325 ഹെക്ടർ

ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളെ സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുള്ള റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ വിശദാംശങ്ങളും മുൻസർക്കാരിന്റെ കാലംമുതൽ നാളിതുവരെ ഇവർക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ഈ കാലയളവിൽ ഏറ്റെടുത്ത ഭൂമിയുടെ വിശദാംശങ്ങളും ഇനം തിരിച്ച് വ്യക്തമാക്കുമോ?

അനുബന്ധമായി+ ചേർത്തിരിക്കുന്നു.

പാവങ്ങാട്-ഉള്ള്യേരി-കുറ്റ്യാടി-ചൊവ്വ റോഡിനായി ഭൂമി ഏറ്റെടുക്കൽ

313 (3443) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവങ്ങാട്-ഉള്ള്യേരി-കുറ്റ്യാടി-ചൊവ്വ (പി.യു.കെ.സി.) റോഡ് നവീകരിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് എന്നറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+

കോഴിക്കോട് ജില്ലയിൽ പാവങ്ങാട്-ഉള്ള്യേരി-കൂറ്റ്യാടി-ചൊവ്വ (പി.യു.കെ.സി.) റോഡ് നവീകരണത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് അലൈൻമെന്റ് സ്കെച്ചുപ്രകാരമുള്ള ഭൂമിയുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടില്ല. ആയത് പൂർത്തീകരിച്ച് കണ്ടിൻജൻസി ചാർജ് അർത്ഥനാധികാരി ഒടുക്കുന്നമുറയ്ക്ക് 4(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കണ്ണൂർ ജില്ലയിൽ പാവങ്ങാട്-ഉള്ള്യേരി-കൂറ്റ്യാടി-ചൊവ്വ (പി.യു.കെ.സി.) റോഡ് നവീകരിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്ന നടപടികളൊന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

അർത്ഥനാധികാരി ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ കണ്ടിജൻസി ചാർജ് ലഭ്യമാക്കുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ. ആക്ട് 2013-ലെ നടപടിക്രമങ്ങൾ പാലിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

മണിക്കിണർ പാലം അപ്രോച്ച് റോഡ്

314 (3444) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലം പഞ്ചായത്തിലെ മണിക്കിണർ പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം പഞ്ചായത്തിലെ മണിക്കിണർ പാലം അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള 11 (1) വിജ്ഞാപനം 01-03-2024-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബി.വി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുമോ; വിശദമാക്കുമോ?

ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

ഭൂമി തരം മാറ്റിക്കിട്ടുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി

315 (3445) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടവരുടേതടക്കം കൈവശഭൂമി തരംമാറ്റിക്കിട്ടുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കാത്ത അപേക്ഷകളുടെ എണ്ണം താലൂക്ക് തിരിച്ച് ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടവരുടേതടക്കം കൈവശഭൂമി തരംമാറ്റിക്കിട്ടുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കാത്ത അപേക്ഷകളുടെ എണ്ണം സംബന്ധിച്ച് താലൂക്ക് തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ ഭൂമിയുടെ തരംമാറ്റൽ നടപടിക്രമം ലളിതവും വേഗത്തിലുമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉദ്ദേശിക്കുന്നത്; എത്ര നാളുകൾക്കുള്ളിൽ പ്രസ്തുത നടപടികൾ പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

അപേക്ഷകൾ നൽകുന്നതും നടപടിക്രമങ്ങൾ സ്വീകരിക്കുന്നതും ലളിതവും വേഗത്തിലുമാക്കുന്നതിന് നടപടികൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. അപേക്ഷകളിന്മേൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് SOP (സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ) പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, നടപടികൾ വേഗത്തിലാക്കുന്നതിന് അധിക ജീവനക്കാരെയും വാഹന സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ, റിപ്പോർട്ടുകൾ എന്നിവ ലഭ്യമാക്കി പരിശോധിച്ചും ആവശ്യമെങ്കിൽ സ്ഥലപരിശോധന നടത്തിയും നിയമം/ചട്ടപ്രകാരം ആവശ്യമായ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചുംകൊണ്ട്, വളരെ സൂക്ഷ്മതയോടെയും അവധാനതയോടെയുമാണ് തരംമാറ്റ അപേക്ഷകൾ സംബന്ധിച്ച ഫയലുകൾ തീർപ്പുകൽപിക്കുന്നത്. ആയതിനാൽത്തന്നെ എത്ര നാളുകൾക്കുള്ളിൽ അപേക്ഷകളിന്മേൽ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നത് മുൻകൂട്ടി നിശ്ചയിക്കാൻ നിർവാഹമില്ല. എന്നിരുന്നാലും

റിപ്പോർട്ടുകൾ/രേഖകൾ മുതലായവ പൂർണ്ണമായും ലഭ്യമായിട്ടുള്ള അർഹതപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിന് അനാവശ്യ കാലതാമസം വരുത്തരുതെന്ന് അവലോകനയോഗം കൂടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദേശം നൽകിയിട്ടുള്ളതാണ്.

ഭൂമി തരം മാറ്റുന്നതിന് ഫീസിളവ് നൽകിയശേഷം സംസ്ഥാനത്ത് തരംമാറ്റിയ ഭൂമി

316 (3446) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമപ്രകാരം 25 സെന്റിന് താഴെ ഭൂമി തരംമാറ്റുന്നതിന് ഫീസിളവ് നൽകിയശേഷം എത്ര ഹെക്ടർ ഭൂമി തരംമാറ്റി കൊടുത്തിട്ടുണ്ട്?

സംസ്ഥാനത്ത് നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമപ്രകാരം 25 സെന്റിനുതാഴെ ഭൂമി തരംമാറ്റുന്നതിന് ഫീസിളവ് നൽകിയശേഷം തരംമാറ്റി കൊടുത്തിട്ടുള്ള ഭൂമി (ഹെക്ടറിൽ) വിവരം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ നിയമ ഭേദഗതിപ്രകാരം ഭൂമി തരംമാറ്റലിനുവേണ്ടി ഓരോ ജില്ലയിലും എത്ര ഉദ്യോഗസ്ഥരെയും ജീവനക്കാരെയും അധികമായി നിയമിച്ചിട്ടുണ്ട്?

ഭൂമി തരംമാറ്റ അപേക്ഷകൾ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനായി 01-09-2023-ലെ സ.ഉ. (കൈ) 206/2023/റവ ഉത്തരവുപ്രകാരം 2 വർഷത്തേയ്ക്ക് താൽകാലിക തസ്തിക സൃഷ്ടിച്ച് 68 ജൂനിയർ സൂപ്രണ്ടുമാരെ സ്ഥാനക്കയറ്റത്തിലൂടെയും 181 ക്ലാർക്കുമാരെ പി.എസ്.സി. വഴിയും നിയമിച്ചു. കൂടാതെ, 123 സർവെയർമാരെ താൽകാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചു. ഓരോ ജില്ലയിലും അധികമായി നിലവിൽ നിയമിച്ച ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും വിവരം അനുബന്ധമായി[+] ചേർക്കുന്നു.

(സി) ഒരു മഴ പെയ്താൽപ്പോലും വെള്ളം കയറി ജനജീവിതം ദുസ്സഹമാകുന്ന സാഹചര്യത്തിൽ അശാസ്ത്രീയ ഭൂമി തരംമാറ്റൽ നടപടിയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുനർവിചിന്തനത്തിന് തയ്യാറാകുമോ; വിശദമാക്കാമോ?

കേരളത്തിലെ നെൽവയലുകളും നീർത്തടങ്ങളും സംരക്ഷിക്കുകയും അവ നിയമവിരുദ്ധമായി പരിവർത്തനപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നത് നിയന്ത്രിക്കുന്നതിനും അപ്രകാരം സംസ്ഥാനത്തിന്റെ പാരിസ്ഥിതിക അവസ്ഥ പൊതുവായി മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ വിവിധ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുതിയ നിയമനിർമ്മാണം നടത്തുന്നതിന് ഉദ്ദേശിച്ചാണ് 12-08-2008 തീയതി പ്രാബല്യത്തിൽ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നത്. എന്നാൽ ടി നിയമം നിലവിൽ വന്നതിനുശേഷം, തുടർന്നും റവന്യൂ രേഖകളിൽ (ബി.ടി.ആർ.) 'നില'മായി രേഖപ്പെടുത്തിവരുന്ന വസ്തുക്കളിൽ പലതും, പ്രസ്തുത നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പുതന്നെ പുരയിടമായി (കൃഷിയോഗ്യമല്ലാത്തവ) തരംമാറ്റം ചെയ്യപ്പെട്ടവയാണെന്നും ടി ഭൂമി ക്രമവൽകരിക്കുന്നതിന് യാതൊരു നിയമവും നിലവിലില്ലെന്നും ആയത് നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും അനധികൃത പരിവർത്തനത്തിന് ഇടയാക്കുമെന്നും സർക്കാർ മനസ്സിലാക്കിയതിന്റെ

അടിസ്ഥാനത്തിലും ഈ വിഷയം സംബന്ധിച്ച് നിലവിലുണ്ടായിരുന്ന പല സർക്കാർ ഉത്തരവുകളും സർക്കുലറുകളും ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കിയ കാരണത്താലും റവന്യൂ രേഖകളിൽ നിലമായി തുടരുന്നതും എന്നാൽ ഡാറ്റാ ബാങ്കിൽ നിലമായോ തണ്ണീർത്തടമായോ ഉൾപ്പെടുത്തി 'വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി'യുടെ ക്രമവൽകരണത്തിനായുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുമാണ് 30-12-2017 തീയതി പ്രാബല്യത്തിൽ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്തത്.

നിലവിൽ തരംമാറ്റം എന്നുദ്ദേശിക്കുന്നത് ഭൂരേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്ന 2008-നുമുമ്പുതന്നെ യഥാർഥത്തിൽ നികന്നതോ നികത്തപ്പെട്ടതോ ആയതും പുരയിടസ്വഭാവം കൈവരിച്ചതുമായ സ്ഥലങ്ങളുടെ ഭൂരേഖകളിൽ തരംമാറ്റി എഴുതുന്ന/സ്വഭാവ വ്യതിയാനം വരുത്തിയെന്ന് രേഖപ്പെടുത്തുന്ന പ്രക്രിയയാണ്. അപ്രകാരം ചെയ്യുന്നതുമൂലം അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാകും. 50 സെന്റോ അതിന്

മുകളിലോ വിസ്തൃതിയുള്ള ഭൂമി തരംമാറ്റുമ്പോൾ, ആയതിന്റെ 10% ഭൂമി ജലസംരക്ഷണ പ്രദേശമായി മാറ്റിവയ്ക്കേണ്ടതാണെന്നും ടി പ്രദേശത്തിന് സ്വഭാവ വ്യതിയാന അനുമതിയില്ലാത്തതാണെന്നും നിയമം/ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. കൂടാതെ, നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമല്ലാതെ തരംമാറ്റം അനുവദനീയമല്ലാത്തതും ഈ നിയമത്തിലെ നിർവചന പ്രകാരമുള്ള തണ്ണീർത്തടങ്ങൾക്ക് പരിവർത്തനത്തിന് പൂർണ്ണമായ നിരോധനം വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. അനധികൃതമായി നികത്തപ്പെടുന്ന നിലങ്ങളെ പൂർവസ്ഥിതിയിലാക്കുന്നതിന് റവന്യൂ ഡിവിഷൻ ഓഫീസർ ഉത്തരവിടുന്ന കേസ്സുകളിൽ ഭൂവുടമ ആയത് നടപ്പിലാക്കാത്തപക്ഷം സർക്കാർ ചെലവിൽ ആയത് നിർവഹിച്ചശേഷം കക്ഷികളിൽനിന്നും പ്രസ്തുത ചെലവ് റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിന് ലക്ഷ്യമിട്ട് 2024-25-ലെ ബഡ്ജറ്റിൽ 2 കോടി രൂപ റിവോൾവിംഗ് ഫണ്ടായി വകയിരുത്തിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ ഭൂമി തരംമാറ്റുന്നതിനുള്ള നടപടി

317 (3447) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ ഭൂമി തരംമാറ്റുന്നതിനായി ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷകൾ തീർപ്പാക്കാതെ നിലവിലുണ്ടെന്ന് വിശദമാക്കാമോ; ഇത്തരം അപേക്ഷകളിന്മേൽ അടിയന്തരമായി തീരുമാനം കൈക്കൊള്ളുന്നതിന് നടപടി സ്വീകരിക്കുമോ?

തിരുവനന്തപുരം ജില്ലയിൽ ഭൂമി തരംമാറ്റത്തിനായി ലഭിച്ച അപേക്ഷകളിൽ 19-06-2024-വരെ ആകെ 16317 (ഓൺലൈൻ-16232, ഓഫ് ലൈൻ-85) അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നു. റിപ്പോർട്ടുകൾ/രേഖകൾ മുതലായവ പൂർണ്ണമായും ലഭ്യമായിട്ടുള്ള അർഹതപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിന് അനാവശ്യ കാലതാമസം വരുത്തരുതെന്ന് അവലോകന യോഗംകൂടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമെ 2008-ലെ നെൽവയൽ തണ്ണീർത്തട നിയമത്തിലെ പുതിയ ഭേദഗതിയനുസരിച്ച് 2 ആർ.ഡി.ഒ./സബ് കളക്ടർ ഓഫീസുകളിൽ മാത്രം നടന്നിരുന്ന തരംമാറ്റ നടപടികൾ ജൂലൈ 1 മുതൽ 6 കേന്ദ്രങ്ങളിലേയ്ക്ക് മാറും. ഇതിനാവശ്യമായ

ഉദ്യോഗസ്ഥരെയും നിയമിച്ചിട്ടുണ്ട്. ഇതോടെ തരംമാറ്റ നടപടികൾ കൂടുതൽ വേഗതയിലാകും.

മവേലിക്കര രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് ഭൂമി കൈമാറുന്നതിന് നടപടി

318 (3448) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് പ്രവർത്തിക്കുന്നതിനായി ജലവിഭവ വകുപ്പിന്റെ സ്ഥലം പാട്ടത്തിന് നൽകാൻ സ.ഉ.(കൈ) നം. 145/2023/ആർ.ഡി. പ്രകാരം ഉത്തരവായെങ്കിലും ഭൂമി കൈമാറ്റം നാളിതുവരെ നടന്നിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഭൂമി കൈമാറുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

26-06-2023-ലെ സ.ഉ.(കൈ) നം.145/2023/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ മാവേലിക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 83-ൽ റീ സർവെ 8/2-ൽപ്പെട്ട 66 സെന്റ് ഭൂമി പാട്ടത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി ഭൂമി അളന്നുതിരിച്ച് സബ്ഡിവിഷൻ തയ്യാറാക്കുന്നതിന് സർവെയർക്ക് നിർദേശം നൽകിയിട്ടുണ്ട്. വകുപ്പിലെ സർവെയർമാർ ഡിജിറ്റൽ റീ-സർവെക്കായി നിയോഗിക്കപ്പെട്ടിട്ടുള്ളതിനാൽ സർവെയറുടെ അഭാവംമൂലമാണ് ഭൂമി കൈമാറുന്നതിന് താമസമുണ്ടായത്. ആയത് ഉടൻതന്നെ തയ്യാറാകുന്നതാണ്. ടി ഭൂമി കൈമാറുന്നതിന് എഗ്രിമെന്റ് വയ്ക്കുന്നതിന് രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് നിർദേശം നൽകിയിട്ടുള്ളതുമാണ്.

നിലമ്പൂർ ലാൻഡ് ബോർഡ് മുമ്പാകെയുള്ള മിച്ചഭൂമി കേസ്

319 (3449) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ലാൻഡ് ബോർഡ് മുമ്പാകെയുള്ള മൂത്തേടം വില്ലേജിലെ എസ്.ആർ. 156/97 നമ്പർ മിച്ചഭൂമി കേസ്സിന്റെ 2001-ലെയും 2024-ലെയും സിറ്റിംഗുകളിൽ എത്ര കുടുംബങ്ങളെയാണ് രേഖകൾ പരിശോധിച്ച് കേസ്സിൽനിന്ന് ഒഴിവാക്കിയത്; ഇവരുടെ പേര്, വിലാസം, ഒഴിവാക്കിയ ഭൂമിയുടെ സർവെ നമ്പർ, അളവ് എന്നിവ ഇനം തിരിച്ച് ലഭ്യമാക്കാമോ?

നിലമ്പൂർ താലൂക്ക് ലാൻഡ് ബോർഡിൽ മൂത്തേടം വില്ലേജിലെ എസ്.ആർ. 156/97 നമ്പർ മിച്ചഭൂമി കേസ്സിൽ 2001-ലെ താലൂക്ക് ലാൻഡ് ബോർഡ് (റ്റി.എൽ.ബി.) ഉത്തരവിൽ 14 കുടുംബങ്ങളുടെയും 2024-ലെ താലൂക്ക് ലാൻഡ് ബോർഡ് ഉത്തരവിൽ 117 കുടുംബങ്ങളുടെയും രേഖകൾ പരിശോധിച്ച് ടിയാളുകളുടെ ഭൂമി മിച്ചഭൂമി കേസ്സിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് 2001-ലും 2024-ലും രേഖകൾ പരിശോധിച്ച് കേസ്സിൽനിന്ന് ഒഴിവാക്കിയ ലാൻഡ് ബോർഡ് ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പ്രസ്തുത കേസിൽ എസ്.ഡി.ടി. റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളുടെ പേര്, വിലാസം, സർവെ നമ്പർ, ഭൂമിയുടെ അളവ് എന്നിവ ഇനം തിരിച്ച് ലഭ്യമാക്കാമോ?

(ബി&സി) അനുബന്ധമായി+ ചെയ്യുന്നു.

(ഡി) പ്രസ്തുത കേസ്സിൽ എസ്.ഡി.ടി. റിപ്പോർട്ട് തയ്യാറാക്കുന്ന മൂന്ന് വർഷത്തിനിടയിൽ 85 (8) പ്രകാരം പുതിയതായി അപേക്ഷ സമർപ്പിച്ചവരുടെ പേര്, വിലാസം, സർവെ നമ്പർ, ഒഴിവാക്കിയ ഭൂമിയുടെ അളവ് എന്നിവ ഇനം തിരിച്ച് ലഭ്യമാക്കാമോ?

2022, 2023, 2024 വർഷങ്ങളായി 13 അപേക്ഷകൾ പുതുതായി ലഭിച്ചിട്ടുള്ളതും ആയതിൽ 3 അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളേണ്ടതുമുണ്ട്. വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

തിരൂരങ്ങാടി മണ്ഡലത്തിലെ ദേശീയപാത

320 (3450) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തിരുരങ്ങാടി മണ്ഡലത്തിലെ കോഴിച്ചെന പ്രദേശത്ത് തെന്നല വില്ലേജിൽപ്പെട്ട ദേശീയപാതയോരത്തുള്ള സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം സംസ്ഥാന പൊതുമരാമത്ത് വകുപ്പിനാണോ കേന്ദ്ര പൊതുമരാമത്ത് വകുപ്പിനാണോ എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഭൂമിയുടെ സർവെ നമ്പറും അളവും എഫ്.എം.ബി.-യുടെ പകർപ്പും ലഭ്യമാക്കാമോ?

തിരുരങ്ങാടി മണ്ഡലത്തിലെ തെന്നല വില്ലേജിൽപ്പെട്ട ദേശീയപാതയോരത്തുള്ള വാളക്കുളം അംശം സർവെ നമ്പർ 246/2A-ൽ ഒരേക്കർ 61 സെന്റ്, 246/2B-യിൽ 45 സെന്റ്, 247/1A-ൽ 5 ഏക്കർ 42 സെന്റ് എന്ന ഭൂമിയുടെ ഉടമസ്ഥാവകാശം കേന്ദ്ര പൊതുമരാമത്ത് വകുപ്പിനാണ്. പ്രസ്തുത ഭൂമിയുടെ സർവെ നമ്പർ അനുബന്ധമായി+ ചേർക്കുന്നു. നിശ്ചിത ഫീസ് ഒടുക്കിയാൽ ലഭ്യമാക്കുന്നതാണ്.

(ബി) പ്രസ്തുത ഭൂമിയിൽ ദേശീയപാതയുടെ എന്തെങ്കിലും പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസലുകൾ എന്തെല്ലാമാണെന്നും എത്ര അളവ് ഭൂമിയിലാണ് ഇവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രൊപ്പോസൽ റവന്യൂ വകുപ്പിൽ ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത ഭൂമിയിൽ തെന്നല വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

തെന്നല വില്ലേജ് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ള 20 സെന്റ് ഭൂമി അനുവദിക്കുന്നതിന് ലാൻഡ് ട്രാൻസ്ഫർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ അനുമതി പത്രം ലഭ്യമായിട്ടില്ല.

(ഡി) പ്രസ്തുത ഭൂമിയിൽ ടൂറിസം പ്രോജക്ടിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ടൂറിസം പ്രോജക്ടുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

(ഇ) ഈ ഭൂമിയിൽ ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് നടത്തുന്നതിനായി മോട്ടോർ വാഹന വകുപ്പ് സമർപ്പിച്ച പ്രൊപ്പോസലിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

പ്രൊപ്പോസൽ ലഭിച്ചിരുന്നുവെങ്കിലും പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ അനുമതി പത്രം ലഭ്യമാകാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

കെ.എസ്.എഫ്.ഡി.സി.-ക്ക് റവന്യൂ ഭൂമി പാട്ടത്തിന് നൽകുന്ന നടപടി

321 (3451) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ ഫണ്ട് വകയിരുത്തിയ ചേറ്റുവ രാമു കാര്യാട്ട് സിനിമ തിയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് കെ.എസ്.എഫ്.ഡി.സി. മാനേജിംഗ് ഡയറക്ടർക്ക് റവന്യൂ ഭൂമി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കെ.എസ്.എഫ്.ഡി.സി.-ക്ക് റവന്യൂ ഭൂമി എന്നത്തേയ്ക്ക് പാട്ടത്തിന് നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ?

(എ&ബി) രാമു കാര്യാട്ട് സിനിമ തീയേറ്റർ നിർമ്മിക്കുന്നതിന് ചാവക്കാട് താലൂക്ക് ഏങ്ങണ്ടിയൂർ വില്ലേജിലുൾപ്പെട്ട ഭൂമി

കെ.എസ്.എഫ്.ഡി.സി.-ക്ക് കൈമാറുന്നതുമായി ബന്ധപ്പെട്ട പാട്ട പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർക്ക് ലാൻഡ് റവന്യൂ കമ്മിഷണർ നിർദ്ദേശം നൽകിയിരിക്കുകയാണ്. ആയത് ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

തിരുമാറാടി വെട്ടിമൂട്-നാമോളിമറ്റം-മണ്ടളം-ഇലഞ്ഞനാക്കുഴി റോഡിന്റെ പ്രവൃത്തി

322 (3452) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവത്തെ തിരുമാറാടി ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ വെട്ടിമൂട്-നാമോളിമറ്റം-മണ്ടളം-ഇലഞ്ഞനാക്കുഴി റോഡിന്റെ നവീകരണ പ്രവൃത്തിക്കായി ഫ്ലഡ് ഫണ്ടിലുൾപ്പെടുത്തി എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

പിറവത്തെ തിരുമാറാടി ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ വെട്ടിമൂട്-നമോളിമറ്റം-മണ്ടളം-ഇലഞ്ഞനാക്കുഴി റോഡിന്റെ നവീകരണ പ്രവൃത്തിക്കായി ഫ്ലഡ് ഫണ്ടിലുൾപ്പെടുത്തി 5 ലക്ഷം രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) 2010-2011 കാലയളവിൽ പ്രസ്തുത റോഡിന്റെ പുനരുദ്ധാരണത്തിനായി അനുവദിച്ച തുകയും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ?

2010-2011 കാലയളവിൽ പ്രസ്തുത റോഡിന്റെ പുനരുദ്ധാരണത്തിനായി MPLADS ഫണ്ടിനത്തിൽ 2,50,000/-(രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(സി) നിലവിൽ പ്രസ്തുത റോഡിന്റെ ഉടമസ്ഥാവകാശം റവന്യൂ രേഖകൾപ്രകാരം ആർക്കാണെന്ന് വ്യക്തമാക്കാമോ?

നിലവിൽ പ്രസ്തുത റോഡിന്റെ ഉടമസ്ഥാവകാശം ആസ്തി രജിസ്റ്റർ പ്രകാരം തിരുമാറാടി ഗ്രാമപഞ്ചായത്തിനാണ്.

കൊല്ലം മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം

323 (3453) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊല്ലം മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി നവീകരിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്; അവയുടെ നിർവഹണ പുരോഗതി അറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം നിയമസഭാ മണ്ഡലത്തിൽ കൊല്ലം വെസ്റ്റ്, തൃക്കടവൂർ, കൊല്ലം ഈസ്റ്റ് എന്നീ വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി നവീകരിക്കുന്നതിന് അനുമതി നൽകിയിരുന്നത്. അതിൽ കൊല്ലം വെസ്റ്റ്, തൃക്കടവൂർ എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും സ്മാർട്ട് വില്ലേജ് കെട്ടിടത്തിൽ പ്രവർത്തനം നടത്തിവരുന്നതുമാണ്. കൊല്ലം ഈസ്റ്റ് വില്ലേജ് ഓഫീസിന്റെ സ്മാർട്ട് വില്ലേജ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 65% പൂർത്തിയായിട്ടുള്ളതും അവശേഷിച്ച പ്രവൃത്തികൾ ഉടൻതന്നെ പൂർത്തീകരിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

കോങ്ങാട് മണ്ഡലത്തിലെ കരിമ്പ-2 വില്ലേജ് ഓഫീസ് നിർമ്മാണം

324 (3454) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ കരിമ്പ-2 വില്ലേജ് ഓഫീസ് നിർമ്മാണത്തിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

കോങ്ങാട് മണ്ഡലത്തിലെ കരിമ്പ-2 വില്ലേജ് ഓഫീസ് നിർമ്മാണത്തിന് 50,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നിർവഹിക്കുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രം, പാലക്കാടിനെ നിർവഹണ ഏജൻസിയായി ചുമതലപ്പെടുത്തുകയും പ്രസ്തുത ഏജൻസിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. നിർവഹണ ഏജൻസി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും കരാറുകാരനുമായി തേർഡ് പാർട്ടി എഗ്രിമെന്റിൽ ഏർപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അടിയന്തര തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം ജനകീയമാക്കാൻ നടപടി

325 (3455) ശ്രീ. വി. ജോയി:

ശ്രീമതി കാനത്തിൽ ജമീല:

ശ്രീ. എം. നൗഷാദ്:

ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂസംരക്ഷണത്തിലും ക്ഷേമ പ്രവർത്തനങ്ങളിലും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പൊതുജനങ്ങളുടെ സഹകരണത്തോടെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഭൂസംരക്ഷണ കാര്യത്തിലും ജനക്ഷേമ പ്രവർത്തനങ്ങളിലും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പൊതുജനങ്ങളുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും പൊതുജനങ്ങളുടെ സഹകരണത്തോടെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എല്ലാ വില്ലേജ് ഓഫീസുകളിലും നിശ്ചിത ഘടനയും പ്രവർത്തനരീതിയും അടങ്ങിയ വില്ലേജുതല ജനകീയ സമിതികൾ രൂപീകരിച്ച് 13-01-2022-ലെ സ.ഉ (സാധാ) നം. 209/2022/റവ നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്.

(ബി) വില്ലേജുതല ജനകീയ സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ സമിതികളുടെ പ്രവർത്തനത്തിലെ കുറവുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

വില്ലേജുതല ജനകീയ സമിതിയുടെ യോഗശേഷം, യോഗം ചേർന്നതായ വിവരം ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് സമർപ്പിക്കുന്നതിന് ഒരു ഗ്രഗിൾ ഫോം തയ്യാറാക്കി എല്ലാ ജില്ലാ കളക്ടർമാർക്കും ലഭ്യമാക്കിയിട്ടുണ്ട്. യോഗശേഷം വില്ലേജ് ഓഫീസിൽ തന്നെ ടി ഗ്രഗിൾ ഫോമിൽ രേഖപ്പെടുത്തലുകൾ വരുത്താവുന്നതാണ്. റവന്യൂ വകുപ്പുമന്ത്രി, വകുപ്പ് സെക്രട്ടറി, ലാൻഡ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ (ഡി.എം.) എന്നിവർക്ക് അതാത് സമയം ഗ്രഗിൾ ഫോം വീക്ഷിക്കാവുന്നതുമാണ്. എല്ലാ വില്ലേജുകളിലും യോഗം ചേർന്നതായ സാക്ഷ്യപത്രം ജില്ലാ നോഡൽ ഓഫീസർമാർ പിറ്റേദിവസംതന്നെ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ മാസത്തിലെയും 3-ാമത്തെ വെള്ളിയാഴ്ച

വില്ലേജുതല ജനകീയ സമിതി ചേരണമെന്ന് വില്ലേജ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും സമിതിയിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളിന്മേൽ പ്രത്യേക പരിഗണന നൽകി തുടർനടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കൂടാതെ ഓരോ സമിതിയിലും വില്ലേജിലെ നിലവിലെ സാഹചര്യമനുസരിച്ച് വ്യത്യസ്തമായ അജണ്ടകൾ തയ്യാറാക്കി അവയിൽ ചർച്ചകൾ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

വില്ലേജുതല ജനകീയ സമിതികൾ കാലഘട്ടത്തിന്റെ ആവശ്യകതയായി കണക്കാക്കി കൃത്യമായി കൂടുന്നതിനായി എല്ലാ മാസത്തിലും അജണ്ട തയ്യാറാക്കി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ചേരുന്ന യോഗത്തിൽ നിലവിലുള്ള റവന്യൂ ഓൺ ലൈൻ സേവനങ്ങൾ ലഭിക്കുന്നതിന് എപ്രകാരം അപേക്ഷിക്കണമെന്നതിനും ഇതുമൂലം റവന്യൂ വകുപ്പ് നടപ്പിലാക്കിവരുന്ന സേവനങ്ങൾ, പദ്ധതികൾ എന്നിവ

വില്ലേജുതല ജനകീയ സമിതി അംഗങ്ങൾക്ക് മനസ്സിലാക്കുന്നതിന് സാധിക്കുകയും തങ്ങൾക്ക് ലഭിച്ച അവബോധം പൊതുജനങ്ങളിലെത്തുന്നതിനും പൊതുജനങ്ങളെ ബോധവൽകരിക്കുന്നതിന് സഹായകരമായി തീരുകയും ചെയ്യുന്നു. എല്ലാ വില്ലേജുതല ജനകീയ സമിതികളിലും വില്ലേജിലെ പൊതുവായ വിഷയങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. പ്രാദേശികമായി ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനും ജില്ലാതലത്തിൽ പൂർത്തീകരിക്കാൻ സാധിക്കുന്നവയിൽ നടപടി ത്വരിതപ്പെടുത്തുന്നതിനും പരിഹരിക്കുന്നതിനും സാധിക്കുന്നു.

തൃശ്ശൂർ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

326 (3456) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വാർഷിക പദ്ധതി, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്നീ പദ്ധതികൾപ്രകാരവും എം.എൽ.എ. ഫണ്ട് വിനിയോഗിച്ചും തൃശ്ശൂർ

മണ്ഡലത്തിലെ കണ്ണമ്പ്ര 1, കണ്ണമ്പ്ര - 2, കോട്ടായി - 1, പുതുക്കോട്, കാവശ്ശേരി - 1, വടക്കാഞ്ചേരി - 2, തരൂർ - 1, തരൂർ - 2, കുത്തനൂർ - 1 എന്നീ 9 വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതും ആയതിൽ കണ്ണമ്പ്ര 1, കണ്ണമ്പ്ര - 2, കോട്ടായി - 1, വടക്കഞ്ചേരി - 2, തരൂർ - 1, കുത്തനൂർ- 1 എന്നീ 6 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

(ബി) സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റുന്നതിന് തുക അനുവദിക്കപ്പെട്ട ഏതെല്ലാം വില്ലേജ് ഓഫീസുകളിലാണ് പ്രവൃത്തി ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കാവശ്ശേരി 1, തരൂർ - 2 എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണം പുരോഗമിച്ചുക്കൊണ്ടിരിക്കുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ പ്ലാൻ പദ്ധതിപ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള പുതുക്കോട് വില്ലേജ് ഓഫീസ് നിർമ്മാണം ആരംഭിക്കുന്നതിന് നിർവഹണ ഏജൻസിയായി ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുള്ളതും നിർമ്മാണം ആരംഭിക്കുന്നതിന്റെ ഭാഗമായി ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

പെരിങ്ങത്തൂർ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം

327 (3457) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങത്തൂർ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചെങ്കിലും നിർമ്മാണ പ്രവൃത്തി തുടങ്ങാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പെരിങ്ങത്തൂർ വില്ലേജ് ഓഫീസിന് ഭരണാനുമതി നൽകിയതിനെത്തുടർന്ന് പ്രസ്തുത നിർമ്മാണത്തിന്റെ നിർവഹണ ഏജൻസിയായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ബി) റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള 12.5 സെന്റ് സ്ഥലത്ത് പുതിയ വില്ലേജ് ഓഫീസിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

പ്രസൂത നിർമ്മാണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള നിർവഹണ ഏജൻസിയുമായി ബന്ധപ്പെട്ട പ്രാരംഭ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർദ്ദിഷ്ട സ്ഥലത്ത് പ്രസൂത വില്ലേജ് ഓഫീസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

(സി) അത്യാധുനിക സംവിധാനത്തോടെ നിർമ്മിക്കുന്ന പ്രസൂത സ്മാർട്ട് വില്ലേജ് ഓഫീസിന് പാർക്കിംഗ് സൗകര്യമുൾപ്പെടെ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽനിന്നുള്ള സേവനങ്ങൾ ഏതുസമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥലലഭ്യതയ്ക്കനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങളാണ് നിർമ്മിച്ചുവരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റുദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം,

റിക്കാർഡ് റൂം, ടോയ്ലെറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു. ഇതുകൂടാതെ പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടുകൂടിയ സന്ദർശക മുറിയും കുടിവെള്ള സൗകര്യവും ടോയ്ലെറ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചുവരുന്നത്.

വീരണകാവ് സ്മാർട്ട് വില്ലേജ് ഓഫീസ്

328 (3458) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര മണ്ഡലത്തിലെ വീരണകാവ് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

പ്ലാൻ സ്കീം 2023-24 പ്രകാരം സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി വീരണകാവ് വില്ലേജ് ഓഫീസിന് ഭരണാനുമതി നൽകുകയും തുടർന്ന് വീരണകാവ് വില്ലേജ് ഓഫീസ് കെട്ടിടം നിലവിൽ സ്ഥിതി ചെയ്യുന്ന പെരുംകുളം വില്ലേജിൽനിന്നും മാറ്റി വീരണകാവ് വില്ലേജ്

പരിധിയിൽ മഠത്തിക്കോണം എന്ന സ്ഥലത്ത് റീസർവെ ബ്ലോക്ക് നമ്പർ 43-ൽ റീസർവെ നമ്പർ 331-ൽ വരുന്ന റോഡ് പുറമ്പോക്ക് വസ്തുവിന്റെ കിഴക്ക് ഭാഗത്തായിവരുന്ന 10 സെന്റിൽ നിർമ്മിക്കുന്നതിന് അനുമതി ലഭ്യമായിട്ടുള്ളതും പ്രസ്തുത വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി ജില്ലാ നിർമ്മിതി കേന്ദ്രം സമർപ്പിച്ച എസ്റ്റിമേറ്റുപ്രകാരം വർക്ക് ഓർഡർ നൽകിയിട്ടുള്ളതും നിലവിൽ ടി പ്രവൃത്തിയുടെ എഗ്രിമെന്റ് നടപടികൾ നടന്നുവരുന്നതുമാണ്.

മണലൂർ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസ്

329 (3459) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ടെന്നും അതിൽ എത്ര വില്ലേജ് ഓഫീസുകൾ ഇതിനോടകം സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയിട്ടുണ്ടെന്നും അറിയിക്കാമോ?

മണലൂർ മണ്ഡലത്തിൽ 5 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിന് തിരഞ്ഞെടുത്തിരുന്നതും അതിൽ 3 വില്ലേജ് ഓഫീസുകൾ ഇതിനോടകം സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയിട്ടുള്ളതുമാണ്.

(ബി) ബാക്കിയുള്ള വില്ലേജ് ഓഫീസുകൾ എന്നത്തേയ്ക്ക് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി ഉയർത്താനാകും എന്നറിയിക്കാമോ?

സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിനായി തിരഞ്ഞെടുത്ത വില്ലേജുകളിൽ നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിച്ച രണ്ട് വില്ലേജ് ഓഫീസുകളിൽ ഒരെണ്ണത്തിന്റെ നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് മുഖേന തയ്യാറാക്കി നിർമ്മാണ പ്രവർത്തനം നിർവഹിക്കുന്നതിനും രണ്ടാമത്തെ വില്ലേജ് ഓഫീസിന്റെ നിർമ്മാണത്തിനായി തർക്കരഹിതമായ സ്ഥലം ലഭ്യമാക്കുന്നതിനുമുള്ള അടിയന്തര തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി

പ്രസ്തുത രണ്ട് വില്ലേജ് ഓഫീസുകളെയും സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി ഉയർത്തുവാൻ കഴിയുന്നതാണ്.

മലപ്പുറം റവന്യൂ ടവർ നിർമ്മാണ നടപടികൾ

330 (3460) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കളക്ടറേറ്റിലെ ജീർണ്ണിച്ച കെട്ടിടങ്ങൾ പൊളിച്ചുമാറ്റി റവന്യൂ, സർവെ വകുപ്പുകളിലെ ഓഫീസുകൾക്കുവേണ്ടി പുതിയ റവന്യൂ ടവർ നിർമ്മിക്കുന്ന നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

മലപ്പുറം ജില്ലയിൽ റവന്യൂ ടവർ കെട്ടിടം നിർമ്മിക്കുന്നതിനായി ജില്ലാ കളക്ടറേറ്റിൽനിന്നും ലഭ്യമായ സ്കെച്ച് ആവശ്യകത പരിശോധിച്ച് അംഗീകരിച്ച് നൽകുന്ന വിഷയം ലാൻഡ് റവന്യൂ കമ്മീഷണർ പരിശോധിച്ചുവരികയാണ്.

(ബി) റീ ബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രസ്തുത പ്രൊപ്പോസൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും ആയത് പ്രസ്തുത പദ്ധതിയിൽ പരിഗണിക്കുകയുണ്ടായില്ല.

(സി) പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി അനുമതി നൽകുമോ; വിശദാംശം അറിയിക്കുമോ?

പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതിനാവശ്യമായ വിശദമായ പദ്ധതി റിപ്പോർട്ടും അനുബന്ധ രേഖകളും ലാൻഡ് റവന്യൂ കമ്മീഷണറിൽനിന്നും അടിയന്തരമായി ലഭ്യമാക്കി ബജറ്റ് ലഭ്യതയ്ക്ക് വിധേയമായി ടി പദ്ധതിക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

റവന്യൂ വകുപ്പിലെ ഗസറ്റഡ് തസ്തികകളിലെ എസ്.സി., എസ്.ടി. പ്രാതിനിധ്യം

331 (3461) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ആകെ എത്ര ഗസറ്റഡ് തസ്തികകളുണ്ടെന്ന് തസ്തിക തിരിച്ച് എണ്ണം ലഭ്യമാക്കാമോ?

റവന്യൂ വകുപ്പിലെ ഗസറ്റഡ് തസ്തികയിലെ കേഡർ തസ്തികകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

ഡെപ്യൂട്ടി കളക്ടർ - 121

തഹസിൽദാർ – 226

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ് - 24

(ബി) ഗസറ്റഡ് തസ്തികകളിലെ എസ്.സി./എസ്.ടി. പ്രാതിനിധ്യം അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണത്തിലാണ് നിശ്ചയിക്കേണ്ടതെന്ന സുപ്രീംകോടതി ഉത്തരവ് മറികടന്ന്, നിലവിലുള്ള എണ്ണം അടിസ്ഥാനമാക്കിയും വേക്കൻസി കുറച്ചുക്കാണിച്ചും വകുപ്പിൽ സംവരണത്തോത് കുറയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കൃത്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇല്ല. 2013, 2014 വർഷങ്ങൾ അടിസ്ഥാനമാക്കിയുള്ള എസ്.സി/എസ്.ടി. പ്രാതിനിധ്യം സംബന്ധിച്ച വാർഷിക റിപ്പോർട്ടിൽ ഗസറ്റഡ് തസ്തികയിൽ പ്രാതിനിധ്യക്കുറവുള്ളതായി കണ്ടെത്തിയതിനെ തുടർന്ന് 10 ഗസറ്റഡ് തസ്തികളിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം

നടത്തുന്നതിനായി സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. നിയമനം നടത്തിയിട്ടുണ്ട്. കൂടാതെ 2015 മുതൽ 2020 വരെയുള്ള വർഷങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യ അവലോകന റിപ്പോർട്ട് പരിശോധിച്ചതിൽ സംവരണ വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യമുണ്ടെന്ന് കണ്ടെത്തിയിരുന്നു.

(സി) റവന്യൂ വകുപ്പ് 2020-നുശേഷം പ്രാതിനിധ്യ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ 2021, 2022, 2023, 2024 എന്നീ വർഷങ്ങളിലെ എസ്.സി./എസ്.ടി. പ്രാതിനിത്യ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

2020 വരെയുള്ള പ്രാതിനിധ്യ അവലോകന റിപ്പോർട്ട് തയ്യാറാക്കി പൊതുഭരണ എംപ്ലോയ്മെന്റ് സെൽ (എ) വകുപ്പിന് നൽകിയിട്ടുണ്ട്. 2021 മുതലുള്ള പ്രാതിനിധ്യ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ഡി) റവന്യൂ വകുപ്പിൽ നിലവിൽ എസ്.സി./എസ്.ടി. പ്രാതിനിധ്യം പത്ത് ശതമാനത്തിൽ താഴെയാണോ; ആണെങ്കിൽ അത് നികത്തുന്നതിന് നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാന്നെന്ന് വ്യക്തമാക്കാമോ?

ഓരോ വകുപ്പിലും പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം സംബന്ധിച്ച് വാർഷിക അവലോകനം നടത്തുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രാതിനിധ്യക്കുറവുണ്ടെന്ന് കണ്ടെത്തിയാൽ ടി കാറ്റഗറിയിലെ ഒഴിവുകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നികത്തിവരുന്നുണ്ട്. റവന്യൂ വകുപ്പിൽ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യ വാർഷിക അവലോകനത്തിന്റെ അടിസ്ഥാനത്തിൽ 2020 വരെയുള്ള പ്രാതിനിധ്യക്കുറവ് സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നികത്തിയിട്ടുണ്ട്. എല്ലാ വകുപ്പുകളും സ്പെഷ്യൽ റിക്രൂട്ട്മെന്റിന് റിസർവ് ചെയ്യുന്നതിനായി തസ്തികകൾ റിപ്പോർട്ട് ചെയ്യുമ്പോൾ സ്ഥിരം തസ്തികകൾ (കേഡർ സ്ട്രെങ്ത്) മാത്രം റിപ്പോർട്ട് ചെയ്യുവാൻ 15-07-2021-ലെ ECA3/7/2018-GAD നമ്പർ കത്തുപ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) അനുവദിക്കപ്പെട്ട തസ്തികകളുടെ 10% സംവരണം അനുവദിക്കണമെന്നിരിക്കെ പ്രാതിനിധ്യ റിപ്പോർട്ടുകളിൽ തസ്തികകൾ വെട്ടിക്കുറച്ച് കൃത്രിമത്വം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥിരം തസ്തികകൾ (കേഡർ സ്ട്രെങ്ത്)

അടിസ്ഥാനമാക്കിയാണ് റവന്യൂ വകുപ്പിൽ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യ വാർഷിക അവലോകന റിപ്പോർട്ട് തയ്യാറാക്കിവരുന്നത്.

റവന്യൂ വകുപ്പിൽ അന്തർ വകുപ്പ് മാറ്റം വഴി നിയമനം കിട്ടിയവരുടെ സീനിയോറിറ്റി

332 (3462) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.പി.എസ്.സി.-യുടെ അഡ്വൈസ് പ്രകാരം എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമനം കിട്ടുന്നവർക്ക് അന്തർവകുപ്പ് മാറ്റം വഴി റവന്യൂ വകുപ്പിൽ നിയമനം അനുവദിക്കുമ്പോൾ പ്രസ്തുത ജീവനക്കാർക്ക് ആദ്യ നിയമനം കിട്ടിയ വകുപ്പിലെ അഡ്വൈസ് സീനിയോറിറ്റി നൽകാമെന്ന സർക്കാർ ഉത്തരവ് നിലവിലുള്ളത് പരിഗണിക്കാതെ കെ.എസ്. & എസ്.എസ്.ആർ. ഭേദഗതിയിലൂടെ മാത്രമേ സീനിയോറിറ്റി അനുവദിക്കൂ എന്ന് റവന്യൂ വകുപ്പ് നിലപാട് സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇതുസംബന്ധിച്ച ഫയൽ നടപടികളിൽ റവന്യൂ വകുപ്പ് ഗുരുതരമായ കാലതാമസം വരുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) റവന്യൂ വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാർക്ക് ടി ജീവനക്കാരുടെ അപേക്ഷപ്രകാരമാണ് നിലവിൽ അന്തർ വകുപ്പ് സ്ഥലംമാറ്റം നൽകിവരുന്നത്. കെ.എസ്. & എസ്.എസ്.ആർ. ചട്ടം 27 (c) പ്രകാരമുള്ള സീനിയോറിറ്റി പരിരക്ഷ ടി ജീവനക്കാർക്ക് നൽകുന്നതിന് അന്തർ വകുപ്പ് നിയമന ചട്ടങ്ങളിൽ ആവശ്യമായ ചട്ടഭേദഗതി ചെയ്യുന്ന വിഷയം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ പരിഗണനയിലാണ്. പ്രസ്തുത ചട്ടഭേദഗതി വരുന്ന മുറയ്ക്ക് ഈ വിഷയത്തിൽ റവന്യൂ വകുപ്പിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

(സി) ഈ വിഷയത്തിൽ നാളിതുവരെ എന്ത് നടപടികളാണ് റവന്യൂ വകുപ്പ്/ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിച്ചിരിക്കുന്നത് എന്നറിയിക്കാമോ?

കെ.എസ്. & എസ്.എസ്.ആർ.-ലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് വരുത്തുന്ന മുറയ്ക്ക് ആയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കൊല്ലം ജില്ലയിലെ ക്ലാർക്ക്-ടൈപിസ്റ്റ് ഒഴിവുകൾ

333 (3463) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ റവന്യൂ വകുപ്പിൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ അനുവദനീയമായ എണ്ണം എത്രയെന്നും നിലവിൽ എത്ര ഒഴിവുകളാണ് ഈ തസ്തികയിൽ കൊല്ലം ജില്ലയിലുള്ളതെന്നും വ്യക്തമാക്കാമോ?

കൊല്ലം ജില്ലയിൽ റവന്യൂ വകുപ്പിൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തിക നിലവിലില്ല.

(ബി) പ്രസ്തുത തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ വർക്കിംഗ് അറേഞ്ച്മെന്റിലോ ആരെങ്കിലും ജോലി നോക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇല്ല.

മാവൂർ തെങ്ങിലക്കടവിലെ ഭൂമി കാൻസർ കെയർ സൊസൈറ്റിക്ക് കൈമാറുന്നതിന് നടപടി

334 (3464) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ തെങ്ങിലക്കടവിൽ പതിമൂന്ന് വർഷംമുമ്പ് സർക്കാരിന് സൗജന്യമായി വിട്ടുകിട്ടിയ സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്താൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

കോഴിക്കോട് താലൂക്ക് മാവൂർ വില്ലേജ് കണ്ണിപറമ്പ് ദേശത്തെ 6.3412 ഏക്കർ ഭൂമി 23-11-2010-ലെ G1-9218/2010 കോഴിക്കോട് സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ ഉത്തരവുപ്രകാരം റിലിങ്ക്വിഷ് ചെയ്ത് സർക്കാർ ഏറ്റെടുത്തിട്ടുള്ളതും ആയത് 27-09-2012-ലെ G.O.(Ms) No. 362/2012/REV നമ്പർ (അനുബന്ധം 1) ഉത്തരവിൻപ്രകാരം തലശ്ശേരി മലബാർ കാൻസർ സെന്ററിന് ലീസ് വ്യവസ്ഥയിൽ വിട്ടുകൊടുത്തിട്ടുള്ളതുമാണ്. പിന്നീട് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 05-08-2016-ലെ G.O.(Rt) No.2174/2016/H& FWD നമ്പർ ഉത്തരവിൻ (അനുബന്ധം 2) പ്രകാരം പ്രസ്തുത

ഭൂമിയും അതിലുൾപ്പെട്ട മലബാർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ എന്ന സ്ഥാപനത്തിന്റെ കെട്ടിടവും കോഴിക്കോട് മെഡിക്കൽ കോളേജിന് കൈമാറിയിട്ടുള്ളതാണ്. ലീസ് വ്യവസ്ഥയിൽ റവന്യൂ വകുപ്പ് വിട്ടുനൽകിയ ഭൂമി റവന്യൂ വകുപ്പ് അറിയാതെ മേൽകൈമാറ്റം നടത്തിയത് സാധൂകരിക്കുന്നതിനായി റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിരിക്കുകയാണ്.

(ബി) പ്രസ്തുത ഭൂമി ജില്ലാ പഞ്ചായത്തിന്റെ കാൻസർ കെയർ സൊസൈറ്റിക്ക് കൈമാറുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലാ പഞ്ചായത്തിൽനിന്നും കാൻസർ കെയർ സൊസൈറ്റി ആരംഭിക്കുന്നതിന് പ്രസ്തുത ഭൂമി വിട്ടുകിട്ടുന്നതിനായി അപേക്ഷ ലഭ്യമായിട്ടുള്ളതും ആയതിന്മേൽ തുടർനടപടികൾ ജില്ലാ കളക്ടറേറ്റിൽ നടന്നുവരുന്നതുമാണ്.

കാഞ്ഞൂർ പഞ്ചായത്തിൽ റോഡിന്റെ അതിർത്തി നിശ്ചയിച്ച് നൽകുന്നതിന് നടപടി

335 (3465) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിൽ ഖരമാലിന്യ ശേഖരണ കേന്ദ്രത്തിലേയ്ക്കുള്ള പഞ്ചായത്ത് റോഡിന്റെ അതിർത്തി നിശ്ചയിച്ച് നൽകാൻ ആവശ്യപ്പെട്ടുക്കൊണ്ടുള്ള പഞ്ചായത്തിന്റെ അപേക്ഷ ആലുവ തഹസിൽദാർക്ക് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; പഞ്ചായത്തിന്റെ അപേക്ഷയിൽ റവന്യൂ അധികൃതർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി പ്രസ്തുത റോഡിന്റെ അതിർത്തി നിശ്ചയിച്ച് നൽകുന്നതിനുള്ള നടപടി എത്രയും വേഗം പൂർത്തിയാക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ആലുവ മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലെ ഖരമാലിന്യ ശേഖരണ കേന്ദ്രത്തിലേയ്ക്കുള്ള പഞ്ചായത്ത് റോഡിന്റെ അതിർത്തി നിശ്ചയിച്ച് നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് 18-09-2023-ൽ കാഞ്ഞൂർ പഞ്ചായത്ത് ഫോറം നം. 10-ൽ ആലുവ താലൂക്ക് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിലേയ്ക്ക്, കിഴക്കുംഭാഗം വില്ലേജ്

ഓഫീസർ 23-09-2023-ൽ താലൂക്ക് ഓഫീസിൽ സമർപ്പിച്ച റിപ്പോർട്ടും അനുബന്ധരേഖകളും അതിർത്തി നിർണ്ണയത്തിനായി താലൂക്ക് ഹെഡ് സർവെയർക്ക് കൈമാറിയിട്ടുള്ളതും പ്രസ്തുത റോഡിന്റെ അതിർത്തി നിർണ്ണയിച്ച് നൽകുവാൻ തീയതി തീരുമാനിച്ചിട്ടുള്ളതുമാണ്.

വയക്കര വില്ലേജ് വിഭജനം

336 (3466) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുൾപ്പെട്ടതും ഏറ്റവും വലിയ വില്ലേജുമായ വയക്കര വില്ലേജ് വിഭജിച്ച്, പെരിങ്ങോം, വയക്കര എന്നീ വില്ലേജുകളുടെ അതിർത്തികൾ പുനഃക്രമീകരിച്ച് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ പാടിയോട്ടുചാൽ കേന്ദ്രീകരിച്ച് പുതിയ വില്ലേജ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നത് പരിഹരിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിലെ

വയക്കര വില്ലേജിലുൾപ്പെട്ട പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്ത് പരിധിയിലെ 1575.8713 ഹെക്ടർ ഭൂമി പെരിങ്ങോം വില്ലേജിലേയ്ക്ക് മാറ്റിയും പെരിങ്ങോം വില്ലേജിലുൾപ്പെട്ട ചെറുപുഴ ഗ്രാമപഞ്ചായത്ത് പരിധിയിലെ 19.9280 ഹെക്ടർ ഭൂമി വയക്കര വില്ലേജിലേയ്ക്ക് മാറ്റിയും വില്ലേജുകളുടെ അതിർത്തികൾ പുനർനിർണ്ണയം ചെയ്തുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്കായി കരട് വിജ്ഞാപനം ലഭ്യമാക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയത് പരിശോധിച്ചുവരികയാണ്. സംസ്ഥാനത്തിന്റെ വിവിധ കോണുകളിൽ നിന്നും പുതിയ താലൂക്ക്/വില്ലേജ്/ആർ.ഡി.ഒ. രൂപീകരണം/വിഭജനം ഉൾപ്പെടെ പുതിയ അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നിരവധി അപേക്ഷകൾ സർക്കാരിൽ ലഭ്യമായിവരുന്നുണ്ട്. സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി അത്തരം ചെലവുകൾ വഹിക്കാൻ പര്യാപ്തമാകുന്ന മുറയ്ക്ക് വയക്കര വില്ലേജിന്റെ വിഭജനം ഉൾപ്പെടെയുള്ള പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം പരിഗണിക്കാവുന്നതാണ്.

(ബി) ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്ന എത്ര വില്ലേജുകൾ സംസ്ഥാനത്തുണ്ടെന്ന് അറിയിക്കാമോ?

ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുൾപ്പെടുന്ന ഏകദേശം 333 വില്ലേജുകളുള്ളതായി ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അമ്പലപ്പുഴ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

337 (3467) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് എത്ര രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്നും എത്ര രൂപയുടെ എസ്റ്റിമേറ്റാണ് പൊതുമാരമത്ത് കെട്ടിട വിഭാഗം തയ്യാറാക്കിയിട്ടുള്ളതെന്നും അറിയിക്കാമോ?

2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം 11, വാല്യം 11 (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ)-ൽ ക്രമ നമ്പർ 726-ൽ അമ്പലപ്പുഴ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി

എസ്റ്റിമേറ്റ് തുകയായ പത്ത് കോടി രൂപയുടെ 20% തുകയായ 2,00,00,000/- (രണ്ടു കോടി) രൂപ നീക്കിവച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിക്കായി 10 കോടി രൂപയ്ക്കുള്ള എസ്റ്റിമേറ്റാണ് പൊതുമരാമത്ത് കെട്ടിട വിഭാഗം നിലവിൽ തയ്യാറാക്കിയിട്ടുള്ളത്.

(ബി) ഇതിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള ഫയൽ എന്നാണ് ലാൻഡ് റവന്യൂ കമ്മീഷണർ ഓഫീസിൽനിന്നും റവന്യൂ വകുപ്പിൽ എത്തിയത്; ഈ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

പ്രസ്തുത പദ്ധതിക്ക് ഭരണാനുതി നൽകുന്നതിനായുള്ള വിശദമായ എസ്റ്റിമേറ്റുൾപ്പെടെയുള്ള പ്രൊപ്പോസൽ 02-03-2024-ലെ കത്തുപ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന്, പ്രസ്തുത പ്രൊപ്പോസൽ അംഗീകാരത്തിനായി സമർപ്പിച്ച അവസരത്തിൽ അമ്പലപ്പുഴ മിനിസിവിൽ സ്റ്റേഷൻ അനക്സ് നിർമ്മാണത്തിനായി ജില്ലാ കളക്ടർ ശിപാർശ ചെയ്ത ഭൂമി സർക്കാർ പുറമ്പോക്ക് ഭൂമിയാണോ എന്നതിലും

മിനി സിവിൽ സ്റ്റേഷന്റെ ആവശ്യകതയിലും വ്യക്തതവരുത്തുവാൻ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറിൽനിന്നും പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

മങ്കട പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് റവന്യൂ ഭൂമി

338 (3468) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടെത്തിയ സ്ഥലം പോലീസ് വകുപ്പിന് കൈമാറി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലം പുറമ്പോക്കിലേയ്ക്ക് മാറ്റി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് റെക്കാർഡുകളിൽ

ആവശ്യമായ മാറ്റം വരുത്തിയിട്ടുണ്ടോ എന്നും സ്ഥലം കൈമാറുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്നും വിശദമാക്കുമോ?

(എ&ബി) മങ്കട പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടെത്തിയ സ്ഥലം പോലീസ് വകുപ്പിന് കൈമാറി നൽകിയിട്ടില്ല. മങ്കട പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായതും പെരിന്തൽമണ്ണ താലൂക്ക് മങ്കട വില്ലേജ് കർക്കിടകം ദേശം സർവെ നമ്പർ 48/1-ൽ ഉൾപ്പെട്ടതുമായ 0.2023 ഹെക്ടർ മിച്ചഭൂമി, പുറമ്പോക്കിലേയ്ക്ക് ഉൾപ്പെടുത്തി പെരിന്തൽമണ്ണ ഭൂരേഖ തഹസിൽദാരുടെ 25-03-2023-ലെ B1-1970/2021 നമ്പർപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വില്ലേജ് റെക്കാർഡുകളിൽ മാറ്റം വരുത്തിയിട്ടില്ല. ആയതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറുന്നതിനുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഭൂമിയുടെ തരം മാറ്റത്തിന് കാസർകോട് ജില്ലയിൽനിന്നും ലഭിച്ച അപേക്ഷകൾ

339 (3469) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ തരംമാറ്റത്തിന് കാസർഗോഡ് ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് റവന്യൂ ഡിവിഷണൽ ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

ഭൂമി തരംമാറ്റത്തിന് കാസർഗോഡ് ജില്ലയിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം സംബന്ധിച്ച റവന്യൂ ഡിവിഷണൽ ഓഫീസ് തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത അപേക്ഷകൾ എപ്പോഴാണ് ലഭിച്ചതെന്നും തീർപ്പ് കൽപ്പിച്ചതെപ്പോഴാണെന്നും വ്യക്തമാക്കാമോ?

2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം നിലവിൽവന്നത് മുതൽ 10-01-2022 വരെ ഓഫ് ലൈനായും അതിനുശേഷം ഓൺലൈനായും ഭൂമി തരംമാറ്റത്തിനായി അപേക്ഷകൾ ലഭിക്കുന്നുണ്ട്. ഇപ്രകാരം 2022-2024 കാലയളവിൽ ലഭിച്ച അപേക്ഷകളിൽ, കൃഷി ഓഫീസറുടെയും വില്ലേജ് ഓഫീസറുടെയും റിപ്പോർട്ട് ലഭ്യമാകുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുറയ്ക്കും മുൻഗണനാക്രമം പാലിച്ചുകൊണ്ടും നിയമാനുസൃതം അർഹതയുള്ള അപേക്ഷകൾ യഥാസമയം തീർപ്പാക്കിവരുന്നുണ്ട്.

(സി) പ്രസ്തുത അപേക്ഷകൾ തീർപ്പുകൽപ്പിച്ചതുവഴി സർക്കാരിന് ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത അപേക്ഷകൾ തീർപ്പുകൽപ്പിച്ചതുവഴി സർക്കാരിന് ലഭിച്ച വരുമാനം സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ഡി) തീർപ്പ് കൽപിക്കാൻ ബാക്കിയുള്ള അപേക്ഷകൾ എത്രയാണെന്ന് റവന്യൂ ഡിവിഷണൽ ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

തീർപ്പ് കൽപിക്കാൻ ബാക്കിയുള്ള അപേക്ഷകൾ എത്രയാണെന്ന് റവന്യൂ ഡിവിഷണൽ ഓഫീസ് തിരിച്ച് അനുബന്ധമായി+ ചേർക്കുന്നു.

(ഇ) പ്രസ്തുത അപേക്ഷകൾ ലഭിച്ചതെപ്പോഴാണെന്നും തീർപ്പ് കൽപ്പിക്കാൻ വൈകുന്നതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ?

2022-2024 കാലയളവിൽ ലഭിച്ച അപേക്ഷകളിൽ റിപ്പോർട്ടുകൾ ലഭ്യമായിട്ടുള്ളതും ചട്ടപ്രകാരം അഹർതയുള്ളതുമായ കേസ്സുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+

മുൻഗണനാക്രമം അനുസരിച്ച് തീർപ്പാക്കിയിട്ടുള്ളതും ശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കിവരുന്നതുമാണ്. ബന്ധപ്പെട്ട രേഖകൾ, റിപ്പോർട്ടുകൾ എന്നിവ ലഭ്യമാക്കി പരിശോധിച്ചും ആവശ്യമെങ്കിൽ സ്ഥലപരിശോധന നടത്തിയും നിയമം/ചട്ടപ്രകാരം ആവശ്യമായ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടും മുൻഗണനാക്രമം പാലിച്ചുകൊണ്ടും വളരെ സൂക്ഷ്മതയോടെയും അവധാനതയോടെയുമാണ് തരംമാറ്റ അപേക്ഷകൾ സംബന്ധിച്ച ഫയലുകളിൽ തീർപ്പുകൽപ്പിക്കുന്നത്. കൂടാതെ, തരംമാറ്റവുമായി ബന്ധപ്പെട്ട് ഫീസ് ഒടുക്കുന്നതിൽ അപേക്ഷകർ വരുത്തുന്ന കാലതാമസവും അപേക്ഷകൾ യഥാസമയം തീർപ്പാക്കുന്ന പ്രക്രിയയെ ബാധിക്കുന്നുണ്ട്.

(എഫ്) ഭൂമി തരംമാറ്റ ഉത്തരവ് നൽകുന്നതല്ലാതെ തരംമാറ്റി അംഗീകാരം നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇപ്രകാരമുള്ള പ്രത്യേക പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിലും അർഹതപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിന് അനാവശ്യ കാലതാമസം

വരുത്തരുതെന്ന്, അവലോകനയോഗംകൂടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദേശം നൽകിയിട്ടുള്ളതാണ്.

(ജി) 2022-ൽ അപേക്ഷിച്ച് ആർ.ഡി.ഒ. തരംമാറ്റ ഉത്തരവ് നൽകി സർവെയർമാർ വീണ്ടും സർവെ നടത്തി റിപ്പോർട്ട് നൽകിയ എത്ര അപേക്ഷകൾ താലൂക്ക് ഓഫീസുകളിൽ കെട്ടിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഈ അവസ്ഥയ്ക്ക് കാരണമെന്താണെന്നും ഭൂമിയുടെ തരംമാറ്റൽ ത്വരിതപ്പെടുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

കാഞ്ഞങ്ങാട് റവന്യൂ ഡിവിഷണൽ ആഫീസ് പരിധിയിലെ, ഹോസ് ദുർഗ്ഗ് താലൂക്ക് പരിധിയിൽപ്പെടുന്ന 52 അപേക്ഷകളും വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽപ്പെടുന്ന 4 അപേക്ഷകളുമുൾപ്പെടെ ആകെ 56 കേസുകൾ ഇപ്രകാരം ശേഷിക്കുന്നുണ്ട്. സർവെ സംബന്ധമായ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ, നിയപ്രകാരം ആവശ്യമായ നടപടികൾ സ്വീകരിച്ച് സർവെ നടപടികൾ പൂർത്തീകരിക്കുന്നതിനാണ് ഇക്കാര്യത്തിൽ കാലതാമസമുണ്ടായത്. ജീവനക്കാരുടെ അപര്യാപ്തത

ഉണ്ടെങ്കിൽ, ആയത് പരിഹരിച്ച് ഈ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, റിപ്പോർട്ടുകൾ/രേഖകൾ മുതലായവ പൂർണ്ണമായും ലഭ്യമായിട്ടുള്ള അർഹതപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിന് അനാവശ്യ കാലതാമസം വരുത്തരുതെന്ന്, അവലോകനയോഗംകൂടി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. അതോടൊപ്പം, കുടിശ്ശിക അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ ആർ.ഡി.-മാർക്ക് നിർണ്ണയിച്ചിട്ടുള്ള അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിനിയോഗിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് അധികാരം നൽകി നിയോഗിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 07-06-2024-ന് നിലവിൽവന്നിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാനത്തെ ആർ.ഡി.-മാർ നിലവിൽ നിർവഹിച്ചുവരുന്ന ചുമതലകൾ ഡെപ്യൂട്ടി

കളക്ടർമാർക്കുകൂടി നൽകികൊണ്ട് തരംമാറ്റ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കിക്കൊണ്ട് പരാതികൾ ഒഴിവാക്കുന്നതിന് കഴിയുന്നതാണ്.

കൊണ്ടോട്ടി മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

340 (3470) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷം മുതൽ നാളിതുവരെ റവന്യൂ വകുപ്പിന്റെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡുകൾക്ക് തുക അനുവദിച്ചിരുന്നുവെന്ന് പ്രവൃത്തി, തുക, ഉത്തരവിന്റെ നമ്പർ എന്നിവ സഹിതം വ്യക്തമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടെയും പുരോഗതി സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ;

(സി) ഇതിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് കഴിഞ്ഞിട്ടില്ലെങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ പേര്, ഭരണാനുമതി നൽകാത്തതിന്റെ കാരണം എന്നിവ സഹിതം വ്യക്തമാക്കാമോ?

(എ-സി) കൊണ്ടോട്ടി മണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷം മുതൽ നാളിതുവരെ റവന്യൂ വകുപ്പിന്റെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ റോഡ് പ്രവൃത്തികൾ, അനുവദിച്ച തുക, ഉത്തരവ് നമ്പർ, അവയുടെ പുരോഗതി എന്നിവ അനുബന്ധമായി+ ചേർക്കുമോ

(ഡി) പുളിക്കൽ പഞ്ചായത്തിലെ ചുങ്കപ്പാറ - ഹൈസ്കൂൾ ജംഗ്ഷൻ, പി.എച്ച്.സി.-ഹൈസ്കൂൾ ജംഗ്ഷൻ റോഡ് പുനരുദ്ധാരണത്തിന് ഭരണാനുമതി എന്നാണ് നൽകിയതെന്നും പ്രസ്തുത പ്രവൃത്തിക്ക് മറ്റ് അനുമതികൾ നൽകുന്നതിന് കാലതാമസം വന്നതിന്റെ കാരണം, ഭരണാനുമതി പുതുക്കി നൽകുന്നതിന് നിലവിലുള്ള തടസ്സം, ഇത് പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ എന്നിവ പ്രത്യേകമായി വിശദമാക്കാമോ?

പുളിക്കൽ പഞ്ചായത്തിലെ ചുങ്കപ്പാറ-ഹൈസ്കൂൾ ജംഗ്ഷൻ, പി.എച്ച്.സി-ഹൈസ്കൂൾ ജംഗ്ഷൻ റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയത് 11-04-2022-ലെ സ.ഉ (സാധാ) നം.336/2022/ഡി.എം.ഡി. പ്രകാരമാണ്. പ്രസ്തുത പ്രവൃത്തി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരംഭിക്കാത്തതിനാലും ഭരണാനുമതി കാലാവധി 10-10-2023-ന് അവസാനിച്ചതിനാലും ഭരണാനുമതി പുതുക്കി നൽകിയിട്ടില്ല. ഭരണാനുമതി കാലയളവിനുള്ളിൽ പ്രവൃത്തികൾ ആരംഭിച്ചില്ലെങ്കിൽ ഭരണാനുമതി യാതൊരു കാരണവശാലും പുതുക്കുന്നതല്ലെന്ന നിർദ്ദേശം 02-03-2024-ലെ ഡി.എം.ബി. 3/25/2024-ഡി.എം.ഡി. നമ്പർ സർക്കുലർപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത പ്രവൃത്തികളുടെ കാലതാമസം ഒഴിവാക്കി നിശ്ചിതകാലയളവിൽ പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ; അറിയിക്കാമോ?

ദുരന്ത പ്രതികരണ നിധിയിൽനിന്നും പ്രവൃത്തി അനുവദിച്ച് ലഭിക്കുന്ന തദ്ദേശ സ്ഥാപനം സർക്കാർ ഉത്തരവ് തീയതി മുതൽ 6 മാസത്തിനുള്ളിൽ പ്രസ്തുത പ്രവൃത്തി നിർവഹിക്കുവാനുള്ള കരാറിൽ ഏർപ്പെട്ട് ഭരണാനുമതി കാലയളവിനുള്ളിൽത്തന്നെ പൂർത്തീകരിക്കേണ്ടതാണെന്ന നിർദ്ദേശം 27-03-2018-ലെ സ.ഉ(കൈ) നം.3/2018/ഡി.എം.ഡി. പ്രകാരം നൽകിയിട്ടുണ്ട്.

കടുത്തുരുത്തി മണ്ഡലത്തിലെ റെയിൽവെ മേൽപ്പാലങ്ങൾക്ക് സ്ഥലമെടുക്കൽ

341 (3471) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കടുത്തുരുത്തി, കുറുപ്പന്തറ, കോതനല്ലൂർ റെയിൽവേ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ് നടപടികളുടെ ഇതുവരെയുള്ള പുരോഗതി വിശദീകരിക്കാമോ?

1. കടുത്തുരുത്തി ROB (LC No-21):- കടുത്തുരുത്തി ROB നിർമ്മാണത്തിനുവേണ്ടിയുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 11(1) നോട്ടിഫിക്കേഷൻ അംഗീകരിച്ച് 20-06-2024-ന് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2. കുറുപ്പന്തറ ROB (LC No-22):- എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരമുള്ള 11(1) വിജ്ഞാപനം, 19(1) വിജ്ഞാപനം എന്നിവ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 68 അവാർഡുകളുള്ളതിൽ 63 അവാർഡുകൾ അംഗീകരിച്ചിട്ടുണ്ട്. ടി സ്ഥലമെടുപ്പ് നടപടികൾക്കെതിരെ ശ്രീ. കെ. ജെ. ജെയിംസ്, കണ്ടാരപ്പള്ളിൽ, ശ്രീ.അലക്സ്, തയ്യിൽ

എന്നിവർ ഫയൽ ചെയ്ത 18680/2021 നമ്പർ റിട്ട് ഹർജിയിന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 08-12-2022-ന് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ "Parties to maintain status quo" എന്ന് ഉത്തരവായിട്ടുള്ളതും 23-05-2023-ലെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറുടെ നിയമോപദേശത്തിൽ ഇടക്കാല ഉത്തരവിൽ വ്യക്തത വരുത്താത്തപക്ഷം ബാക്കിയുള്ള കേസ്സുകളിൽ അവാർഡ് പാസാക്കുന്നതും ഹർജിക്കാർ ഒഴികെയുള്ള ഭൂവുടമകൾക്ക് അവാർഡ് വിതരണം ചെയ്യുന്നതും ഉൾപ്പെടെയുള്ള തുടർനടപടികളൊന്നും സ്വീകരിക്കാൻ പാടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

3. കോതനല്ലൂർ ROB (LC No-23):- എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരമുള്ള 11(1) വിജ്ഞാപനം 21-03-2023-ലെ ഗസറ്റ് നമ്പർ 1030 പ്രകാരവും തിരുത്തൽ വിജ്ഞാപനം 27-03-2023-ലെ ഗസറ്റ് നമ്പർ 1149 പ്രകാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിന് 20-09-2024 വരെ സമയപരിധി ദീർഘിപ്പിച്ചിട്ടുണ്ട്. സർവെ നടപടികൾ പൂർത്തീകരിച്ച് എൽ.എ. സബ് ഡിവിഷൻ സ്കെച്ച് അംഗീകരിച്ച്

ലഭിച്ചിട്ടുള്ളതും BVR തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ബി) കടുത്തുരുത്തി ആർ.ഒ.ബി.-യുടെ സോഷ്യൽ ഇമ്പാക്ട് അസ്സെസ്സ്മെന്റ് സ്റ്റഡി ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ; ഇതുസംബന്ധിച്ച് വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തി അവരുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കടുത്തുരുത്തി ROB നിർമ്മാണത്തിനുവേണ്ടിയുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തിക്കൊണ്ടുള്ള വിദഗ്ധ സമിതിയുടെ ശിപാർശയിന്മേൽ തീരുമാനം കൈക്കൊണ്ട് തുടർനടപടികൾ സ്വീകരിക്കുന്നതിന് 22-03-2024-ന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(സി) പ്രസ്തുത മേൽപ്പാലത്തിന്റെ 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; ഈ റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പിനുണ്ടായ പ്രധാന തടസ്സങ്ങൾ വിശദീകരിക്കാമോ?

വൈക്കം താലൂക്കിൽ കടുത്തുരുത്തി, മുട്ടുചിറ വില്ലേജുകളിലെ 40.78 ആർ വസ്തു എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിനായി 11(1) നോട്ടിഫിക്കേഷൻ 20-06-2024-ന് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കോതനല്ലൂർ ആർ.ഒ.ബി.-യുടെ വാല്യൂവേഷൻ നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ; ആയത് അംഗീകരിച്ചിട്ടുണ്ടോ?

സർവെ നടപടികൾ പൂർത്തീകരിച്ച് എൽ.എ. സബ് ഡിവിഷൻ സ്കെച്ച് അംഗീകരിച്ച് ലഭിച്ചിട്ടുള്ളതും BVR തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

പള്ളിപ്പുറം കച്ചേരി മൈതാനത്ത് സ്റ്റേജ് നിർമ്മിക്കുന്നതിനും കളിസ്ഥലം ഒരുക്കുന്നതിനുമുള്ള അനുമതി

342 (3472) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ 1 കോടി 15 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച് ടെൻഡർ കഴിഞ്ഞിട്ടുള്ള വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ കുഴുപ്പിള്ളി വില്ലേജിൽ സ്ഥിതി ചെയ്യുന്ന

പള്ളിപ്പുറം കച്ചേരി മൈതാനത്ത് സ്റ്റേജ് നിർമ്മിക്കുന്നതിനും കളിസ്ഥലം ഒരുക്കുന്നതിനുമുള്ള അനുമതി ലഭിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് സമർപ്പിക്കുന്നതിലേയ്ക്കായി എറണാകുളം ജില്ലാ കളക്ടർ 02-05-2024-ന് സമർപ്പിച്ച റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച എൽ.ആർ/1572/2024/എൽ.ആർ(ജെ7) നമ്പർ ഫയലിൽ എന്നത്തേയ്ക്ക് അനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) എറണാകുളം ജില്ലാ കളക്ടർ 02-05-2024-ന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ച റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണറുടെ ഓഫീസിൽ എൽ.ആർ/1572/2024/എൽ.ആർ (ജെ7) നമ്പർ ഫയലിൽ സ്വീകരിച്ച് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കി പ്രസ്തുത വിഷയം പരിശോധിച്ച് തീരുമാനം കൈക്കൊള്ളാവുന്നതാണ്.

റീ സർവെ നടത്തുന്നതിന് നടപടി

343 (3473) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ മലബാർ മേഖലയിൽ ഭൂമിയുടെ തരംമാറ്റൽ പ്രശ്നങ്ങൾ, നികുതി കെട്ടാത്ത ഭൂമി പ്രശ്നങ്ങൾ, അതിർത്തി പ്രശ്നങ്ങൾ എന്നിവ കൂടുതലായി കണ്ടുവരുന്നതിനാൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി റീസർവെ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ?

കയ്പമംഗലം മണ്ഡലത്തിൽ കൊടുങ്ങല്ലൂർ താലൂക്കിലുൾപ്പെട്ട ചെന്ത്രാപ്പിന്നി, എടത്തിരുത്തി എന്നീ വില്ലേജുകളെ ഡിജിറ്റൽ റീസർവെ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റൽ റീസർവെയുടെ അടുത്ത ഘട്ടങ്ങളിൽ ഉൾപ്പെടുത്തി ബാക്കിയുള്ള വില്ലേജുകളുടെ ഡിജിറ്റൽ സർവെ പൂർത്തിയാക്കുന്നതാണ്. ഡിജിറ്റൽ സർവെ പൂർത്തിയാകുമ്പോൾ മണ്ഡലത്തിലെ ഭൂപ്രശ്നങ്ങൾ വലിയ തോതിൽ പരിഹരിക്കുവാൻ കഴിയുന്നതാണ്.

(ബി) കയ്യമംഗലം മണ്ഡലത്തിൽ നികുതി കെട്ടാത്ത ഭൂമി തരംമാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

സ്വകാര്യ കൈവശത്തിലുള്ള നികുതി കെട്ടാത്ത ഭൂമികളുടെ ഇനം/തരം BTR-ൽ രേഖപ്പെടുത്തിയിരിക്കുന്നത് നികുതി കെട്ടാത്തത് (നി.കെ.) എന്ന് മാത്രമാണ്. ഇത്തരം ഭൂമികളുടെ കാര്യത്തിൽ MLR Act പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർ ഉത്തരവ് നൽകിയ കേസുകളിലും/കേരള ലാൻഡ് ടാക്സ് നിയമപ്രകാരം തഹസിൽദാർമാർ ഭൂനികുതി നിർണ്ണയിച്ച് ഉത്തരവ് നൽകിയ കേസ്സുകളിലും, BTR-ലെ ഇനം/തരം നികുതി കെട്ടാത്തത് (നി.കെ.) എന്നതന്നെയാണ് തുടർന്നും രേഖപ്പെടുത്തി വരുന്നത്. ടി അപാകത പരിഹരിക്കുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്.

ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസിനായുള്ള സ്ഥലം

344 (3474) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസിനായി ഇരിങ്ങപ്പുറം വില്ലേജിലെ 0.0590 ഹെക്ടർ സ്ഥലം വകുപ്പിന് കൈമാറുന്നതിനുള്ള

അപേക്ഷ എന്നാണ് റവന്യൂ വകുപ്പിന് ലഭിച്ചതെന്ന് വിശദമാക്കാമോ?

ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസിനായി ചാവക്കാട് താലൂക്ക് ഇരിങ്ങപ്പുറം വില്ലേജിലെ 0.0590 ഹെക്ടർ ഭൂമി കൈമാറുന്നതിനുള്ള അപേക്ഷ 10-11-2013-ലാണ് ലാൻഡ് റവന്യൂ കമ്മീഷണർക്ക് ലഭിച്ചിരുന്നത്.

(ബി) അപേക്ഷ ലഭിച്ച് 6 വർഷത്തോളമായിട്ടും ഇക്കാര്യത്തിൽ നടപടി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ?

മേൽപ്പറഞ്ഞ ഭൂമി ലഭിക്കുന്നതിനായി പോലീസ് ഡിപ്പാർട്ട്മെന്റിന്റെയും റിക്വിസിഷൻ ലഭിച്ചിരുന്നു. കൂടാതെ, ടി ഭൂമിയിൽ രാഷ്ട്രീയ പാർട്ടികൾ സ്ഥാപിച്ച സ്തൂപങ്ങളും ചിഹ്നങ്ങളും ഒഴിപ്പിക്കുന്നത് വളരെ ശ്രമകരമായ കാര്യമായിരുന്നു. കൈയേറ്റം ഒഴിപ്പിച്ചതിനുശേഷം പോലീസ് ഡിപ്പാർട്ട്മെന്റിന് ഭൂമി കൈമാറുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസർക്ക് ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. 15-11-2019-ലാണ് ഭൂമി പോലീസ് ഡിപ്പാർട്ട്മെന്റിന് ആവശ്യമില്ലെന്ന ജില്ലാ പോലീസ് മേധാവിയുടെ കത്ത് ലഭിച്ചത്. ആയതിനുശേഷമാണ് എക്സൈസ് വകുപ്പിന് ഭൂമി കൈമാറുന്നതിനുള്ള നടപടികൾ ആരംഭിച്ചത്.

(സി) എക്സൈസ് റേഞ്ച് ഓഫീസിനായി ഭൂമി എന്നത്തേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകാനാകുമെന്ന് വിശദമാക്കാമോ?

ഭൂമി കൈമാറ്റത്തിനുള്ള സർക്കാർ നിബന്ധനപ്രകാരം എക്സൈസ് വകുപ്പിന്റെ ആവശ്യം അനുവദനീയമാണെങ്കിൽ ആയത് രണ്ട് മാസത്തിനുള്ളിൽ നടപടി സ്വീകരിച്ച വിവരം റിപ്പോർട്ട് ചെയ്യാൻ ജില്ലാ കളക്ടർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നിർദേശം നൽകിയിരിക്കുകയാണ്.

വില്ലേജ് ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ

345 (3475) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസിൽനിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾ എതൊക്കെയാണെന്നും ഓരോന്നിനും അപേക്ഷകർ സമർപ്പിക്കേണ്ട രേഖകൾ ഏതൊക്കെയാണെന്നും ഈടാക്കുന്ന ഫീസുകൾ എത്രയാണെന്നും ആയത് ലഭിക്കുന്നതിനുള്ള സമയപരിധി എത്രയാണെന്നുമുള്ള വിശദാംശം നൽകാമോ?

സംസ്ഥാനത്ത് വില്ലേജ് ഓഫീസിൽനിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾ, ഓരോതരം അപേക്ഷകളിന്മേലും സമർപ്പിക്കേണ്ട രേഖകൾ, ഈടാക്കുന്ന ഫീസ്, സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള സമയപരിധി തുടങ്ങിയ വിശദാംശങ്ങൾ അനുബന്ധമായി[+] ചേർക്കുന്നു. അപേക്ഷകളിന്മേൽ അന്വേഷണം നടത്തി വസ്തുതകൾ ബോധ്യപ്പെട്ട് സർട്ടിഫിക്കറ്റുകൾ അനുവദിക്കേണ്ടതിലേയ്ക്കായി അനുബന്ധത്തിൽ സൂചിപ്പിച്ചിട്ടുള്ള രേഖകളുടെ അഭാവത്തിൽ സമാനരേഖകൾ ഹാജരാക്കുന്ന മുറയ്ക്കും ആവശ്യം വരുന്ന മറ്റുസന്ദർഭങ്ങളിലും അപേക്ഷകരുടെ സത്യവാങ്മൂലം, പ്രാദേശികാന്വേഷണം, സാക്ഷി മൊഴി എന്നിവയുടെ അടിസ്ഥാനത്തിലും വില്ലേജ് ഓഫീസർമാർക്ക് അവരുടെ ഉത്തമ ബോധ്യത്തിൽ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതാണ്.

(ബി) മേൽപ്പറഞ്ഞവയെല്ലാം റവന്യൂ ഇ-സർവീസ് മുഖേന അപേക്ഷിക്കാൻ കഴിയുന്നതാണോ; അല്ലെങ്കിൽ ഏതൊക്കെ അപേക്ഷകളാണ് റവന്യൂ ഇ-സർവീസ് വഴിയല്ലാതെ നൽകേണ്ടതെന്നും,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏതൊക്കെ അപേക്ഷകളാണ് അക്ഷയ വഴിമാത്രം നൽകേണ്ടതെന്നും അറിയിക്കാമോ?

തണ്ടപ്പേർ പകർപ്പ്, ഇലക്ട്രോണിക് BTR, FMB പകർപ്പ്, ലൊക്കേഷൻ മാപ്പ് എന്നീ രേഖകൾ ലഭ്യമാവുന്നതിന് റവന്യൂ ഇ-സർവീസ് മുഖേനയും EWS സർട്ടിഫിക്കറ്റ് ഒഴികെയുള്ള മറ്റ് സർട്ടിഫിക്കറ്റുകൾ ലഭ്യമാവുന്നതിന് ഇ-ഡിസ്ട്രിക്ട് പോർട്ടൽ വഴിയുമാണ് അപേക്ഷിക്കേണ്ടത്. ഇവ ഓൺലൈൻ വഴി നൽകാവുന്നതാണ്. മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ അക്ഷയവഴി മാത്രമല്ല CSC-കൾ വഴിയോ സ്വന്തം ഇലക്ട്രോണിക് ഉപകരണം വഴിയോ അപേക്ഷിക്കുവാൻ കഴിയുന്നതാണ്. EWS സർട്ടിഫിക്കറ്റിനായി നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

നദികളിൽ നിന്നുള്ള മണൽ വാരൽ

346 (3476) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽനിന്നും മണൽ വാരുന്നതിലൂടെ 200 കോടി

സമാഹരിക്കരിക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ടിരുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ നദികളിൽനിന്നും 200 കോടി സമാഹരിക്കുന്ന ഒരു പദ്ധതി പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ നദികളിൽനിന്നും മണൽ ഖനനം ചെയ്യുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതി 27-02-2012-ന് പുറപ്പെടുവിച്ച ദീപക് കുമാർ vs. ഹരിയാന സംസ്ഥാനം വിധിയുടെയും ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണൽ 05-09-2013-ൽ പുറപ്പെടുവിച്ച OA No.171/2013/PB വിധിയുടെയും 24-06-2021-ൽ പുറപ്പെടുവിച്ച OA No.01/2021/SZ വിധിയുടെയും അടിസ്ഥാനത്തിൽ സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയിൽ (SEIAA) നിന്നുള്ള പാരിസ്ഥിതിക അനുമതി (Environmental Clearance) നിർബന്ധമാണ്. നിലവിൽ പാരിസ്ഥിതിക അനുമതി (EC) ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ പുരോഗമിക്കുകയാണ്.

(ബി) ഇപ്രകാരം കോരി മാറ്റാൻ കഴിയുന്ന എത്ര അളവ് മണൽ ഉണ്ടെന്നത് സംബന്ധിച്ച് ശാസ്ത്രീയമായ പഠനങ്ങൾ എന്തെങ്കിലും നടത്തുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണലിന്റെ 14-10-2020-ലെ OA No.40/2020/EZ & 57/2020/EZ നമ്പർ വിധിയുടെ അടിസ്ഥാനത്തിൽ 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം വകുപ്പ് (29)-നെ അടിസ്ഥാനമാക്കി റവന്യൂ വകുപ്പ് നടത്തിയ 32 നദികളുടെ സാൻഡ് ഓഡിറ്റിംഗിൽ മണൽ ലഭ്യത കണ്ടെത്തിയിട്ടുള്ള 17 നദികൾ ഉൾപ്പെട്ടിട്ടുള്ള 11 ജില്ലകളുടെ (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, മലപ്പുറം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) ഡിസ്ട്രിക്ട് സർവെ റിപ്പോർട്ട് (DSR) തയ്യാറാക്കുന്ന പ്രവർത്തനം പൂർത്തിയായതാണ്. അതിൻപ്രകാരം കൊല്ലം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ്, പത്തനംതിട്ട, എറണാകുളം എന്നീ 8 ജില്ലകളിൽ മണൽ ഖനന സാധ്യതയുള്ള സൈറ്റുകളുള്ളതായി കണ്ടെത്തിയിട്ടുണ്ട്. കോഴിക്കോട്, ഇടുക്കി, കോട്ടയം എന്നീ 3 ജില്ലകളിൽ

കരട് ഡി.എസ്.ആർ. പ്രകാരം മണൽ ഖനന സാധ്യതയുള്ള സൈറ്റുകൾ നിലവിലില്ല. നിശ്ചിത നടപടിക്രമം പാലിച്ച് മലപ്പുറം, തൃശ്ശൂർ, പാലക്കാട്, കൊല്ലം ജില്ലകളുടെ ഡി.എസ്.ആർ.-ന് SEIAA-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിലെ മണൽ ലഭ്യതയുള്ള രണ്ട് കടവുകളും കുളത്തുപ്പുഴ റിസർവ് വനമേഖലയിലും കുളത്തുപ്പുഴ ഇക്കോളജിക്കൽ സെൻസിറ്റീവ് ഏരിയ (ESA) വില്ലേജ് പരിധിയിലും ഉൾപ്പെട്ടിട്ടുള്ളതിനാൽ പുഴമണൽ ഖനനം ഉൾപ്പെടെയുള്ള ഖനന പ്രവർത്തനങ്ങൾ പാടില്ലെന്ന് SEIAA നിർദേശിച്ചിട്ടുണ്ട്.

കണ്ണൂർ, കാസർഗോഡ് ജില്ലകളുടെ കരട് ഡി.എസ്.ആർ.-കളുടെ സ്റ്റേറ്റ് എൻവിയോൺമെന്റ് അപ്രൈസൽ കമ്മിറ്റിയുടെ (SEAC) പരിശോധന പൂർത്തിയായിട്ടുണ്ട്. പ്രസ്തുത ജില്ലകളുടെ പരിഷ്കരിച്ച ഡി.എസ്.ആർ. SEIAA-ൽ സമർപ്പിച്ച് അംഗീകാരം നേടുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. പത്തനംതിട്ട, എറണാകുളം ജില്ലകളുടെ കരട് ഡി.എസ്.ആർ. പബ്ലിക് കൺസൾട്ടേഷന്റെ ഭാഗമായി ബന്ധപ്പെട്ട ജില്ലകളുടെ

വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ഡി.എസ്.ആർ.-ൽ കണ്ടെത്തിയിട്ടുള്ള കടവുകളുടെ സ്ഥലപരിശോധന ബന്ധപ്പെട്ട ആർ.ഡി.ഒ.-യുടെ അധ്യക്ഷതയിലുള്ള സബ് ഡിവിഷണൽ കമ്മറ്റിയുടെ നേതൃത്വത്തിൽ പുരോഗമിക്കുകയാണ്.

(സി) സംസ്ഥാനത്തെ ജലാശയങ്ങളിൽനിന്ന് ആകെ എത്ര അളവ് മണൽ വാരാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഓരോ ജലാശയത്തിലുമുള്ളതായി കണ്ടെത്തിയിട്ടുള്ള മണലിന്റെ അളവ് അറിയിക്കുമോ?

സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റി (SEIAA) അംഗീകരിച്ച മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളുടെ ഡിസ്ട്രിക്ട് സർവെ റിപ്പോർട്ടുപ്രകാരവും CSIR-NIIST സമർപ്പിച്ച കണ്ണൂർ, കാസർഗോഡ്, എറണാകുളം, പത്തനംതിട്ട ജില്ലകളുടെ കരട് ഡിസ്ട്രിക്ട് സർവെ റിപ്പോർട്ടുപ്രകാരവും സംസ്ഥാനത്തെ മണൽ ഖനന സാധ്യതയുള്ള 13 നദികളിലായി 15307836.48 മെട്രിക് ടൺ മൈനബിൾ സാൻഡ്

ലഭ്യതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഓരോ നദിയിലും ലഭ്യതയുള്ള മൈനബിൾ സാന്റിന്റെ അളവ് അനുബന്ധമായി+ ചേർക്കുന്നു.

(ഡി) ഇപ്രകാരം മണൽ നീക്കം ചെയ്യുന്നതിന് ഏതൊക്കെ വകുപ്പുകളുടെ എന്തൊക്കെ അനുമതികളാണ് ആവശ്യമായി വരുന്നതെന്നും ഇതിൽ ഏതൊക്കെ അനുമതികളാണ് ഇതിനോടകം നേടിയിട്ടുള്ളതെന്നും അറിയിക്കാമോ?

നദികളിൽനിന്നും മണൽ ഖനനം ചെയ്യുന്നതിന് പാരിസ്ഥിതിക അനുമതി ആവശ്യമാണ്. അതിനായി ഡിസ്ട്രിക്ട് സർവെ റിപ്പോർട്ട് (DSR) സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റി (SEIAA) അംഗീകരിക്കണം. അംഗീകൃത ഡി.എസ്.ആർ.-ൽ ഉൾപ്പെട്ട 5 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള കടവുകൾക്ക് അവയുടെ അതിർത്തി നിർണ്ണയം നടത്തി തയ്യാറാക്കുന്ന മാപ്പുകൾ ബന്ധപ്പെട്ട തഹസിൽദാർ അംഗീകരിക്കണം. മൈനിങ് പ്ലാൻ തയ്യാറാക്കുന്നതിനുമുമ്പ് ജില്ലാ ജിയോളജിസ്റ്റ് സ്ഥലപരിശോധന നടത്തി ലെറ്റർ ഓഫ് ഇന്റന്റ് (Letter of Intent) അനുവദിക്കുകയും മൈനിംഗ് പ്ലാൻ ജില്ലാ ജിയോളജിസ്റ്റ് അംഗീകാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുകയും വേണം. പ്രസ്തുത രേഖകൾ ഉൾപ്പെടുത്തി പാരിസ്ഥിതിക അനുമതിക്കുള്ള അപേക്ഷ സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയിൽ (SEIAA) സമർപ്പിച്ച് പാരിസ്ഥിതിക അനുമതി (Environmental Clearance) നേടണം. കൂടാതെ, ഖനനം ആരംഭിക്കുന്നതിനുമുമ്പ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ കൺസെന്റും ജില്ലാ വിദഗ്ധ സമിതിയുടെ അനുവാദവും ആവശ്യമാണ്. 5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള കടവുകൾക്ക് മേൽപ്പറഞ്ഞവ കൂടാതെ എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് (EIA), എൻവയോൺമെന്റ് മാനേജ്മെന്റ് പ്ലാൻ (EMP), പബ്ലിക് ഹിയറിംഗ് നടത്തിയതിന്റെ റിപ്പോർട്ട് എന്നിവയും പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിന് SEIAA-ൽ സമർപ്പിക്കേണ്ടതുണ്ട്. മലപ്പുറം, തൃശ്ശൂർ, പാലക്കാട് ഡിസ്ട്രിക്ട് സർവെ റിപ്പോർട്ട് റിപ്പോർട്ടുകൾക്ക് SEIAA-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ ജില്ലകളിലെ 5 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള കടവുകളുടെ അതിർത്തി നിർണ്ണയ പ്രവർത്തനം പുരോഗമിക്കുന്നു.

(ഇ) മണൽ വാരുന്നത് സംസ്ഥാനത്തെ പരിസ്ഥിതിയിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തുമെന്നത് സംബന്ധിച്ച് പഠനങ്ങൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച സസ്റ്റൈനബിൾ സാന്റ് മൈനിംഗ് മാനേജ്മെന്റ് ഗൈഡ് ലൈൻസ് - 2016, എൻഫോഴ്സ്മെന്റ് ആൻഡ് മോണിറ്ററിംഗ് ഗൈഡ് ലൈൻസ് ഫോർ സാന്റ് മൈനിംഗ് -2020 എന്നീ രണ്ട് ഗൈഡ് ലൈനുകൾ പ്രകാരമാണ് പാരിസ്ഥിതിക ആഘാതം പരമാവധി കുറച്ചുകൊണ്ട് നദികളിൽനിന്നും നീക്കം ചെയ്യാവുന്ന മണലിന്റെ അളവ് നിശ്ചയിക്കുന്ന ഡിസ്ട്രിക്ട് സർവെ റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളത്. 5 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള കടവുകൾക്കുവേണ്ടി മൈനിംഗ് പ്ലാൻ തയ്യാറാക്കുന്ന ഘട്ടത്തിൽ പാരിസ്ഥിതിക ആഘാതം വിലയിരുത്തുകയും 5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള കടവുകൾക്ക് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് (EIA), എൻവയോൺമെന്റ് മാനേജ്മെന്റ് പ്ലാൻ (EMP)

പഠനങ്ങളും മേൽപ്പറഞ്ഞ കേന്ദ്ര ഗൈഡ് ലൈനുകൾപ്രകാരം നടത്തുന്നതാണ്.

ഒറ്റപ്പാലം മണ്ണാർക്കാട് റോഡിലെ ഡ്രെയിനേജ് നിർമ്മാണം

347 (3477) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം-മണ്ണാർക്കാട് റോഡിൽ ശ്രീകൃഷ്ണപുരം ഷെഡുംകുന്ന് ബാപ്പുജി പാർക്ക് മുതൽ കരിമ്പുഴ പാലംവരെയുള്ള ഭാഗത്ത് ഡ്രെയിനേജും ഫുട്പാത്തും ഒരുക്കുന്നതിന് അതിർ നിർണ്ണയിച്ച് കിട്ടുന്നതിനായി പൊതുമരാമത്ത് വകുപ്പിൽനിന്നും ഒറ്റപ്പാലം ഭൂരേഖ തഹസിൽദാർക്ക് 08-02-2024, 29-04-2024, 10-06-2024 എന്നീ തീയതികളിലുള്ള കത്തുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് അതിന്മേൽ സ്വീകരിച്ചിട്ടുള്ളത്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

കത്തുകൾ ലഭിച്ചിട്ടുണ്ട്. സ്ഥലപരിശോധന നടത്തി 20-6-2024-ന് സർവെ ജോലി ആരംഭിച്ചിട്ടുണ്ട്.

ഇരിക്കൂർ മണ്ഡലത്തിലെ ഡിജിറ്റൽ സർവെ

348 (3478) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ ഏതെല്ലാം വില്ലേജുകളെ ഡിജിറ്റൽ സർവെയ്ക്ക് തിരഞ്ഞെടുത്തിട്ടുണ്ടെന്നും അതിൽ പ്രസ്തുത സർവെ പൂർത്തിയായ വില്ലേജുകൾ ഏതൊക്കെയാണെന്നും അറിയിക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ചൂഴലി വില്ലേജിനെ ഡിജിറ്റൽ റീസർവെയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വില്ലേജിന്റെ 34.12% സർവെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന വില്ലേജുകളിൽ അടിയന്തരമായി ഡിജിറ്റൽ സർവെ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന വില്ലേജുകളെ ഡിജിറ്റൽ സർവെയുടെ തുടർഘട്ടങ്ങളിൽ ഉൾപ്പെടുത്തി സർവെ നടപടികൾ പൂർത്തിയാക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് മാനാഞ്ചിറ വെള്ളിമാട്കുന്ന് റോഡിന് ഭൂമി ഏറ്റെടുക്കൽ

349 (3479) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായോ; ഇല്ലെങ്കിൽ എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കാൻ ബാക്കിയുള്ളതെന്ന് അറിയിക്കാമോ?

മാനാഞ്ചിറ വെള്ളിമാടുകുന്ന് റോഡ് വികസനവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടില്ല. നിലവിൽ കോടതി കേസുകൾ നിലനിൽക്കുന്ന 3 വ്യക്തികളുടെ ഭൂമിയും 19(1) പ്രഖ്യാപനത്തിൽ ഉൾപ്പെടാതിരുന്ന ഒരു വ്യക്തിയുടെ ഭൂമിയുംകൂടി ഏറ്റെടുക്കുവാനുണ്ട്. കേസ്സുകളിലുൾപ്പെട്ട മേൽഭൂമികൾ ഏറ്റെടുക്കുവാനും 19(1) പ്രഖ്യാപനത്തിൽ കൂട്ടിച്ചേർക്കൽ വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ നിലവിലുണ്ട്; അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

നെഗോഷ്യേറ്റഡ് പർച്ചേസുപ്രകാരം വില നിശ്ചയിച്ച് ആധാരം രജിസ്റ്റർ ചെയ്ത മൂന്ന് കേസുകളിൽ (0.0424 ഹെക്ടർ) ഭൂവുടമകൾക്ക് അംഗീകരിച്ച അവാർഡ് തുക വിതരണം ചെയ്യുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവുള്ളതിനാൽ മേൽഭൂവുടമകളിൽനിന്ന് ടി ഭൂമി ഏറ്റെടുക്കുവാൻ സാധിച്ചിരുന്നില്ല. എന്നാൽ 12-06-2024-ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന പ്രത്യേക യോഗത്തിൽ, മേൽഅവാർഡ് തുക വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് മാത്രമാണ് സ്റ്റേ നിലനിൽക്കുന്നതെന്ന് ഉത്തമബോധ്യമുള്ളപക്ഷം കേസുകളിലുൾപ്പെട്ട മേൽവ്യക്തികൾക്ക് നോട്ടീസ് നൽകി ഭൂമി കൈവശത്തിലെടുത്ത് അർത്ഥനാധികാരിക്ക് കൈമാറാനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചതിൽ, ഇപ്രകാരം ഭൂമി ഏറ്റെടുത്ത് പി.ഡബ്ല്യു.ഡി.-ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഭൂമി ഏറ്റെടുക്കൽ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

ചാവക്കാട് ബീച്ച് വികസനവുമായി ബന്ധപ്പെട്ട സർവെ

350 (3480) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് ബീച്ച് വികസനവുമായി ബന്ധപ്പെട്ട് ബീച്ചിൽ കടൽ ഉൾവലിഞ്ഞ സ്ഥലവും കടൽ പുറമ്പോക്കും സർവെ ചെയ്യുന്ന നടപടിയുടെ പുരോഗതി അറിയിക്കാമോ?

തൃശ്ശൂർ ജില്ലയിൽ ചാവക്കാട് ബീച്ച് വികസനവുമായി ബന്ധപ്പെട്ട സർവെ പ്രവൃത്തികൾ തൃശ്ശൂർ ജില്ലാ സർവെ സൂപ്രണ്ടിന്റെ കാര്യാലയത്തിൽ നിന്നും നടത്തിയിട്ടുള്ളതാണ്. ചാവക്കാട് ബീച്ച് വികസനം നടക്കുന്ന സ്ഥലം ചാവക്കാട് താലൂക്ക്, മണത്തല വില്ലേജ് സർവെ 360-ലും ബാക്കിഭാഗം പടിഞ്ഞാറ് ഭാഗത്തുള്ള അൺസർവെയ്ഡ് ലാൻഡിലുമായി ഉൾപ്പെട്ടുവരുന്നു. വില്ലേജ് രേഖകൾപ്രകാരം സർവെ 360 പുറമ്പോക്ക് സർക്കാർ ആകുന്നു.

കടൽ ഉൾവലിഞ്ഞ സ്ഥലം അൺസർവെയ്ഡ് ലാൻഡുമാണ്. ബീച്ച് വികസന പ്രദേശത്തിന് സമീപത്തായി ഏതാനും പ്ലോട്ടുകൾ ഭൂമി പതിവുപ്രകാരം പതിച്ച് നൽകിയിട്ടുണ്ട്. ഈ പട്ടയങ്ങളുടെ സ്കെച്ചുകൾ ലഭ്യമല്ലാത്തതിനാൽ ഇവിടെ വ്യക്തിഗത കൈവശങ്ങളുടെ സർവെ നടപടികൾ പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ ഫീൽഡ് സ്കെച്ച് അടിസ്ഥാനമാക്കി സർവെ 360-ന്റെ അതിർത്തി നിർണ്ണയം ചെയ്തിട്ടുള്ളതാണ്.

(ബി) പ്രസ്തുത ഭൂമികളിലെ അനധികൃത കൈയേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ചാവക്കാട് ബീച്ച് വികസന പ്രദേശത്ത് 28 കൈയേറ്റങ്ങളുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ടി കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ നിർദേശം നൽകിയിട്ടുള്ളതുമാണ്.

കുന്നത്തുനാട് മണ്ഡലത്തിൽ ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ

351 (3481) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഭൂമി തരംമാറ്റുന്നതിന് എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; അതിൽ തീർപ്പാക്കിയ അപേക്ഷകൾ എത്രയാണ്; വില്ലേജ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ ഭൂമി തരംമാറ്റുന്നതിന് ലഭിച്ച അപേക്ഷകളുടെയും അതിൽ തീർപ്പാക്കിയ അപേക്ഷകളുടെയും വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച പരിഹാര നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് റിപ്പോർട്ടുകൾ/രേഖകൾ, പൂർണ്ണമായും ലഭ്യമായിട്ടുള്ള അർഹതപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിന് അനാവശ്യ കാലതാമസം വരുത്തരുതെന്ന്, അവലോകന യോഗംകൂടി ബന്ധപ്പെട്ട ഉദ്യോസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ചും ഫയൽ തീർപ്പാക്കലിൽ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അതോടൊപ്പം, കൂടിശ്ശിക അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ ആർ.ഡി.ഒ.-മാർക്ക് നിർണ്ണയിച്ചിട്ടുള്ള അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിനിയോഗിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് അധികാരം നൽകി നിയോഗിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 07-06-2024-ന് നിലവിൽ വന്നിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാനത്തെ ആർ.ഡി.ഒ.-മാർ നിലവിൽ നിർവഹിച്ചുവരുന്ന ചുമതലകൾ ഡെപ്യൂട്ടി കളക്ടർമാർക്കുകൂടി നൽകിക്കൊണ്ട് തരംമാറ്റ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കിക്കൊണ്ട് പരാതികൾ ഒഴിവാക്കുന്നതിന് കഴിയുന്നതാണ്. എറണാകുളം ജില്ലയിൽ 2 ആർ.ഡി.ഒ./സബ് കളക്ടർമാർ നിർവഹിച്ചിരുന്ന ഈ ചുമതലകൾ ജൂലൈ 1 മുതൽ 6 കേന്ദ്രങ്ങളിലേയ്ക്ക് മാറും.

ചാത്തന്നൂർ മണ്ഡലത്തിലെ ഡിജിറ്റൽ സർവെ

352 (3482) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ ഡിജിറ്റൽ സർവെയ്ക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ മീനാട് വില്ലേജിനെ ഡിജിറ്റൽ റീസർവെയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) അനുമതി ലഭിച്ച വില്ലേജുകളിൽ സർവെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

മീനാട് വില്ലേജിന്റെ സർവെ നടപടികൾ ആരംഭിച്ച് നിലവിൽ 75.25% ഭൂമിയുടെ സർവെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പൂതക്കുളം വില്ലേജിൽ ഡിജിറ്റൽ സർവെയ്ക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ സർവെ നടപടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പൂതക്കുളം വില്ലേജിനെ ഡിജിറ്റൽ സർവെയുടെ ആദ്യ രണ്ട് ഘട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഡിജിറ്റൽ റീസർവെയുടെ തുടർന്നുള്ള ഘട്ടങ്ങളിലുൾപ്പെടുത്തി പ്രസ്തുത വില്ലേജിന്റെ സർവെ നടപടികൾ പൂർത്തിയാക്കുന്നതാണ്.

തളിപ്പറമ്പ് മണ്ഡലത്തിലെ സർവെ നടപടികൾ

353 (3483) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിലെ റോഡ്, പാലം എന്നിവയുടെ സർവെ നടപടികളുടെ പുരോഗതി വിശദമാക്കാമോ?

റോഡ്:- തളിപ്പറമ്പ് മണ്ഡലത്തിൽ ചൊറുക്കള-ബാവുപ്പറമ്പ്-മയ്യിൽ-ചാലോട്-എയർപോർട്ട് റോഡിന്റെ സർവെ സബ്ഡിവിഷൻ ജോലി പൂർത്തീകരിച്ചശേഷം വ്യക്തിഗത കൈവശ സർവെ ജോലികൾ നിലവിൽ ചെയ്തുവരുന്നു.

പാലം:- തളിപ്പറമ്പ് മണ്ഡലത്തിൽ പൂമംഗലം-കൊടിലേരി പാലം നിർമ്മാണത്തിന്റെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് സബ്ഡിവിഷൻ ജോലി

പൂർത്തീകരിച്ചിട്ടുണ്ട്. വ്യക്തിഗത കൈവശങ്ങളുടെ സർവെ ജോലികൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) പ്രസ്തുത മണ്ഡലത്തിലെ പൊറുക്കള-ബാവുപ്പറമ്പ എയർപോർട്ട് ലിങ്ക് റോഡിന്റെ സർവെ നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

ചൊറുക്കള-ബാവുപ്പറമ്പ്-മയ്യിൽ-ചാലോട്-എയർപോർട്ട് റോഡ് ആകെ ദൂരം - 22.450 കി., സർവെ നമ്പർ - 312.

11 (1) വിജ്ഞാപന തീയതി - 26-09-2023.

സർവെ സബ്-ഡിവിഷൻ ജോലി പൂർത്തീകരിച്ചശേഷം വ്യക്തിഗത കൈവശ സർവെ ജോലികൾ നിലവിൽ ചെയ്തുവരുന്നു.

(സി) മണ്ഡലത്തിലെ കൊടിലേരി പാലത്തിന്റെ സർവെ നടപടികളുടെ പുരോഗതി വിശദമാക്കാമോ?

കൊടിലേരി പാലത്തിന്റെ സബ്ഡിവിഷൻ ജോലി പൂർത്തീകരിച്ചിട്ടുണ്ട്. വ്യക്തിഗത കൈവശങ്ങളുടെ സർവെ ജോലികൾ പ്രാരംഭഘട്ടത്തിലാണ്.

വിസ്തീർണ്ണം - 0.2586 ഹെക്ടർ.

11 (1) വിജ്ഞാപന തീയതി - 11-03-2024.

(ഡി) സർവെ നടപടികളിലുണ്ടാകുന്ന കാലതാമസം കാരണം വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ?

കൊടിലേരി പാലത്തിന്റെയും എയർപോർട്ട് റോഡിന്റെയും സബ്ഡിവിഷൻ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. സർവെയർമാരുടെ കുറച്ച് ഒഴിവുകൾ നിലവിലുണ്ട്. ടി ഒഴിവുകളിൽ മറ്റ് ആഫീസുകളിൽനിന്ന് സർവെയർമാരെ മാറ്റി നിയമിച്ചും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ആളെ നിയമിക്കുന്ന നടപടികൾ സ്വീകരിച്ചും പരിഹരിച്ചുവരുന്നു.

ഒറ്റപ്പാലം റവന്യൂ ഡിവിഷണൽ ഓഫീസിലെ ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ

354 (3484) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം റവന്യൂ ഡിവിഷണൽ ഓഫീസിൽ തീർപ്പാക്കാനുള്ള ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ?

ഒറ്റപ്പാലം റവന്യൂ ഡിവിഷണൽ ഓഫീസിൽ തീർപ്പാക്കാനുള്ള ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം വില്ലേജ് തിരിച്ച് അനുബന്ധമായി+ ചേർക്കുന്നു.

തൃശ്ശൂർ ജില്ലയിലെ റീസർവെ നടപടികൾ

355 (3485) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഡിജിറ്റൽ റീ സർവെ പ്രവർത്തനങ്ങൾ നിലവിൽ ഏതുഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

തൃശ്ശൂർ ജില്ലയിൽ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 23 വില്ലേജുകളുടെ ഫീൽഡ് ജോലി പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9 (2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. രണ്ടാം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഘട്ടത്തിലുൾപ്പെട്ട 5 വില്ലേജുകളുടെ ഫീൽഡ് ജോലി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത വില്ലേജുകളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) തൃശ്ശൂർ ജില്ലയിൽ എത്ര വില്ലേജുകളിൽ റീസർവെ നടപടികൾ ഇതുവരെ പൂർത്തീകരിച്ചു?

തൃശ്ശൂർ ജില്ലയിൽ ഡിജിറ്റൽ റീസർവെയുടെ ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 23 വില്ലേജുകളുടെ ഫീൽഡ് ജോലി പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) തൃശ്ശൂർ ജില്ലയിൽ റീസർവെ പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളുടെയും ഡിജിറ്റൽ റീസർവെ നാല് വർഷംകൊണ്ട് പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇപ്രകാരം തൃശ്ശൂർ ജില്ലയിലെ ഡിജിറ്റൽ റീസർവെ നാല് വർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) മണലൂർ മണ്ഡലത്തിലെ റീസർവെ നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

മണലൂർ മണ്ഡലത്തിലെ ഡിജിറ്റൽ റീസർവെയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള മനക്കൊടി, കാരമുക്ക് എന്നീ വില്ലേജുകളുടെ ഫീൽഡ് ജോലി പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ ബ്ലഹകുളം വില്ലേജിന്റെ പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്.

അത്താർ മണ്ഡലത്തിലെ റീ സർവെ

356 (3486) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്താർ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീസർവെ നടപടി പൂർത്തീകരിച്ചുവെന്ന് വിശദമാക്കാമോ?

അത്താർ മണ്ഡലത്തിലെ അത്തുക്കുറ്റി, പെരുമ്പളം എന്നീ രണ്ട് വില്ലേജുകളുടെ റീസർവെ കൺവെൻഷണൽ രീതിയിൽ പൂർത്തീകരിച്ച്

റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. സംസ്ഥാനത്ത് നടന്നുവരുന്ന ഡിജിറ്റൽ സർവെയുടെ ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത അത്തൂർ മണ്ഡലത്തിലെ എഴുപുന്ന, കുത്തിയതോട് എന്നീ വില്ലേജുകളുടെ ഫീൽഡ് ജോലി പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതും അത്തൂർ വില്ലേജിന്റെ 51% (768.5 ഹെക്ടർ) ഫീൽഡ് സർവെ ജോലി പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

(ബി) റീസർവെ നടപടി പൂർത്തീകരിച്ച വില്ലേജുകളിൽ ഇതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

കൺവെൻഷണൽ രീതിയിൽ റീസർവെ നടത്തിയ പെരുമ്പളം വില്ലേജിലെ 4852 പരാതികളും അത്തുക്കുറ്റി വില്ലേജിലെ 6987 പരാതികളും നാളിതുവരെ ലഭിച്ചിട്ടുണ്ട്.

(സി) പെരുമ്പളം പഞ്ചായത്തിൽ റീസർവെയുമായി ബന്ധപ്പെട്ട് ശ്രീ. ഷൈജു, പുളിക്കിച്ചിറ, പെരുമ്പളം സമർപ്പിച്ച പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ചേർത്തല താലൂക്ക് ആഫീസിൽ റീസർവെയുമായി ബന്ധപ്പെട്ട് ശ്രീ. ഷൈജു, പുളിക്കിച്ചിറ, പെരുമ്പളം സമർപ്പിച്ച അപേക്ഷയിന്മേൽ സർവെയർ സ്ഥലപരിശോധന പൂർത്തിയാക്കി ഫയൽ തുടർനടപടികൾക്കായി ഹെഡ് സർവെയർക്ക് സമർപ്പിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ണൂർ റീസർവെ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ജീവനകാര്യം

357 (3487) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ റീസർവെ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റായ മുഹമ്മദ് കുഞ്ഞി അപകടത്തിൽപ്പെട്ട് ശരീരം തളർന്ന് കിടപ്പിലായതിനാൽ ആർ.പി.ഡബ്ല്യു.ഡി.ആക്ട് 2016-ലെ സെക്ഷൻ 20(4) അനുസരിച്ച് അനുയോജ്യമായ നിയമനം ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച

അപേക്ഷയിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അംഗപരിമിതരായ സഹോദരിമാർ ഉൾപ്പെടുന്ന കുടുംബത്തിലുള്ള ബധിരനും മൂകനുമായ പ്രസ്തുത വ്യക്തിയുടെ അപേക്ഷ പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കണ്ണൂർ റീസർവെ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. പി. മുഹമ്മദ് കുഞ്ഞി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാന് മുമ്പ് അനുവദിച്ച ശൂന്യവേതനാവധിക്ക് തുടർച്ചയായി 01-06-2020 മുതൽ 31-05-2023 വരെ കെ.എസ്.ആർ. ഭാഗം 1 ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ 25-05-2023-ലെ സ.ഉ. (സാധാ)നം. 1993/23/റവ പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. തുടർന്ന് ശ്രീ. മുഹമ്മദ് കുഞ്ഞിക്ക് 01-06-2023 മുതൽ 31-05-2024 വരെ വീണ്ടും ശൂന്യവേതനാവധി അനുവദിക്കുന്നതിനും അപകടത്തെ തുടർന്ന് ശരീരം തളർന്ന് കിടപ്പിലായ ടിയാനെ 2016-ലെ RPWD Act വകുപ്പ് 20 (4) പ്രകാരം സൂപ്പർന്യൂമററി തസ്തിക

സൃഷ്ടിച്ച് പ്രസ്തുത തസ്തികയിലേയ്ക്ക് പുനർവിന്യാസം നടത്തുന്നതിനും ദുർബലത പെൻഷൻ അനുവദിക്കുന്നതിനുമായി ലാൻഡ് റവന്യൂ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ശ്രീ. മുഹമ്മദ് കുഞ്ഞിക്ക് തളിപ്പറമ്പ ഗവ. ആശുപത്രിയിൽനിന്നും 10-09-2021-ന് നൽകിയ differently abled സർട്ടിഫിക്കറ്റ് പ്രകാരം വൈകല്യതോത് 90% ആണെന്നും ടി ഡിസബിലിറ്റി non progressive, likely to improve, permanent എന്നും സാക്ഷ്യപ്പെടുത്തിയിരുന്നതിനാൽ അപേക്ഷകനെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർവിന്യസിക്കുന്നതിന്മേൽ നിയമ വകുപ്പിന്റെ അഭിപ്രായം തേടുകയും ശ്രീ. മുഹമ്മദ് കുഞ്ഞിക്ക് അപകടംമൂലമുണ്ടായ അവശത 2016-ലെ The Rights of Persons with Disabilities Act-ന്റെ 20-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം വ്യവസ്ഥ ചെയ്യുന്ന "disability during service" എന്നതിനുള്ളിൽ വരുന്നതാണോയെന്ന് പരിശോധിക്കുവാനും പ്രസ്തുത Act-ന്റെ 20-ാം വകുപ്പ് (4)-ാം ഉപവകുപ്പിലെ ക്ലിപ്ത നിബന്ധനപ്രകാരം ഉചിത തീരുമാനമെടുക്കുവാനും നിയമ വകുപ്പ് ഉപദേശം നൽകിയിരുന്നു. ശ്രീ. പി. മുഹമ്മദ് കുഞ്ഞിക്കുണ്ടായ അപകടം 2016-ലെ The Rights of

Persons with Disabilities Act-ന്റെ 20-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം വ്യവസ്ഥ ചെയ്യുന്ന "disability during service" എന്നതിനുള്ളിൽ വരുന്നതാണെന്ന് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ചലനശേഷി തീരെയില്ലാത്തതിനാൽ ടിയാന് ഓഫീസിൽ ഹാജരാകുവാനോ ഏതെങ്കിലും വിധത്തിലുള്ള ജോലികൾ ചെയ്യാനോ സാധിക്കുകയില്ലെന്നും അറിയിച്ചിരുന്നു. തുടർന്ന് ശ്രീ. മുഹമ്മദ് കുഞ്ഞിക്ക് INVALID Pension അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും ഒരിക്കൽക്കൂടി മെഡിക്കൽ പരിശോധന പൂർത്തിയാക്കി കെ.എസ്.ആർ. ഭാഗം III ചട്ടം 43 (സി) പ്രകാരം PSA-യിൽനിന്നോ വകുപ്പ് അധ്യക്ഷനിൽനിന്നോ ഉള്ള ശിപാർശയുടെ വെളിച്ചത്തിൽ ചട്ടം 46-ൽ സൂചിപ്പിക്കുന്ന മാതൃകയിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് തീയതി പ്രാബല്യത്തിൽ ടിയാന് INVALID Pension അനുവദിക്കാവുന്നതാണെന്ന് അഭിപ്രായം ടി വകുപ്പ് നൽകുകയുണ്ടായി. എന്നാൽ disability 90% ആണന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള മറ്റൊരു കേസ്സിൽ The Rights of Persons with Disabilities Act സെക്ഷൻ 20(4) പ്രകാരം

നടപടി സ്വീകരിക്കുവാനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നത്. ഈ സാഹചര്യത്തിൽ ശ്രീ. മുഹമ്മദ് കുഞ്ഞിക്ക് അപകടം സംഭവിച്ചിരിക്കുന്നത് Disability During Service എന്നുള്ളതിൽ പരിഗണിക്കാവുന്നതാണെന്ന ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിലും Locomotor Disability 100% ആണെന്ന് കണ്ണൂർ ജില്ലാ അശുപത്രിയിൽനിന്നും നൽകിയിരിക്കുന്ന സർട്ടിഫിക്കറ്റിലും കൂടാതെ ടിയാന് ഇനി സർവീസിൽ തുടരാൻ കഴിയില്ലെന്ന് KSR Part III Rule 46 (a) പ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിലും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാലും ടിയാനെ 2016-ലെ RPWD Act വകുപ്പ് 20(4) പ്രകാരം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർവിന്യസിക്കുന്ന വിഷയം നിലവിൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

ഭൂമി തരംമാറ്റാനുള്ള അപേക്ഷയിന്മേലുള്ള തുടർനടപടി

358 (3488) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ശ്രീമതി ജയശ്രീ കെ., ശ്രീലയം

ഹൗസ്, വടകര താലൂക്ക്, കോഴിക്കോട് ജില്ല സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) വടകര താലൂക്ക് മണിയൂർ വില്ലേജ്, മണിയൂർ ദേശം, റീസർവെ നമ്പർ 165/7-ൽപ്പെടുന്ന 2.80 ആർ ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിന്, ശ്രീമതി ജയശ്രീ കെ., ശ്രീലയം, മണിയൂർ, വടകര എന്നവർ സമർപ്പിച്ച ഫോറം 6 അപേക്ഷയിന്മേൽ 04-04-2022-ൽ വടകര ആർ.ഡി.ഒ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിനെതിരെ ശ്രീമതി ജയശ്രീ കെ. കോഴിക്കോട് ജില്ലാ കളക്ടർ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി അപേക്ഷകയുടെ കൈവശ ഭൂമിയുൾപ്പെട്ട സ്ഥലത്തിന്റെ ഉപഗ്രഹചിത്രം ലഭ്യമാക്കി പരിശോധിച്ച് ആയതുപ്രകാരമുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മണിയൂർ കൃഷി ഓഫീസർക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമാക്കി നിയമപ്രകാരം ആവശ്യമായ തുടർനടപടി സ്വീകരിച്ച് അപ്പീലിന്മേൽ തീർപ്പ് കൽപിക്കുന്നതാണ്.

കായംകുളം മണ്ഡലത്തിൽ റവന്യൂ വകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ

359 (3489) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വന്നശേഷം നാളിതുവരെ റവന്യൂ വകുപ്പ് കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും പ്രസ്തുത പ്രവൃത്തികൾക്കായി ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ?

ഈ സർക്കാർ വന്നശേഷം നാളിതുവരെ റവന്യൂ വകുപ്പ് കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പ്രവൃത്തികളും പ്രസ്തുത പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തി	**ചെലവഴിച്ച തുക**
കറ്റാനം സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം	44,00,000/-
കണ്ണമംഗലം സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം	54,38,432/-
ഭരണിക്കാവ് സ്മാർട്ട് വില്ലേജ് ഓഫീസ്	44,00,000/-

നിർമ്മാണം	
കണ്ടല്ലൂർ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം	44,00,000/-
പുതുപ്പള്ളി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം	44 ലക്ഷം രൂപ വിനിയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

ഭവന നിർമ്മാണ ബോർഡിലെ ടൈപിസ്റ്റ് ഗ്രേഡ് -2 തസ്തിക

360 (3490) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ ആസ്ഥാന ഓഫീസുൾപ്പെടെ വിവിധ ഓഫീസുകളിലായി ടൈപ്പിസ്റ്റ് ഗ്രേഡ് II തസ്തികയിൽ എത്ര അംഗീകൃത തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കാമോ; ഓരോ ഓഫീസ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ ടൈപ്പിസ്റ്റ് ഗ്രേഡ് II തസ്തികയിൽ 11 അംഗീകൃത തസ്തികകളുണ്ടെങ്കിലും നിലവിൽ ബോർഡിൽ അനുവദിച്ച് നൽകിയിട്ടുള്ള ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരം ടൈപ്പിസ്റ്റ്

ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള 5 എണ്ണത്തിന് മാത്രമാണ് ശമ്പള പരിഷ്കരണം അനുവദിച്ച് നൽകിയിട്ടുള്ളത്. ബോർഡിലെ നിയമനങ്ങളെല്ലാം സംസ്ഥാനതലത്തിലാണ് നടത്തുന്നത്. പി.എസ്.സി. മുഖേന നിയമിക്കപ്പെടുന്നവരെ ആവശ്യമനുസരിച്ച് ബോർഡിന്റെ മറ്റുജില്ലകളിലെ ഓഫീസുകളിലേയ്ക്ക് നിയമിക്കുകയാണ് ചെയ്യുന്നത്.

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് ഓരോ ഓഫീസുകളും എണ്ണവും തിരിച്ച് വ്യക്തമാക്കാമോ?

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിലെ നിയമനങ്ങളെല്ലാം സംസ്ഥാനതലത്തിലാണ് നടത്തുന്നത്. ടൈപ്പിസ്റ്റ് ഗ്രേഡ് II തസ്തികയിൽ ജീവനക്കാർ ആരും നിലവിലില്ല. പ്രസ്തുത തസ്തികയിൽ 11 ഒഴിവുകളാണുള്ളത്. എന്നാൽ നിലവിൽ ബോർഡിൽ അനുവദിച്ച് നൽകിയിട്ടുള്ള ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരം ടൈപ്പിസ്റ്റ് ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള 5 എണ്ണത്തിന് മാത്രമാണ് ശമ്പള പരിഷ്കരണം അനുവദിച്ച് നൽകിയിട്ടുള്ളത്.

(സി) ഈ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ലെന്ന് ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ബോർഡ് യോഗതീരുമാനങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

ബോർഡിൽ ടൈപ്പിസ്റ്റ് ഗ്രേഡ് II തസ്തികയിലെ നിലവിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ലെന്ന് ബോർഡ് തീരുമാനിച്ചിട്ടില്ല.

(ഡി) ഈ തസ്തികയിലെ ഒഴിവുകൾ അവസാനമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് എന്നാണെന്നും എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തതെന്നും അറിയിക്കുമോ?

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ ടൈപ്പിസ്റ്റ് ഗ്രേഡ് II തസ്തികയിലെ 5 എൻ.ജെ.ഡി. ഒഴിവുകൾ 27-01-2021-ലാണ് അവസാനമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ഇ) ഈ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ എത്രയുംവേഗം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ബോർഡിലെ ടൈപ്പിസ്റ്റ് ഗ്രേഡ് II തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഹൗസിംഗ് ബോർഡിൽ ടൈപിസ്റ്റ് തസ്തികകളുടെ ഒഴിവുകൾ

361 (3491) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹൗസിംഗ് ബോർഡിൽ ടൈപ്പിസ്റ്റിന്റെ എത്ര അംഗീകൃത തസ്തികകളാണ് ഉള്ളതെന്ന് അറിയിക്കാമോ?

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ ടൈപ്പിസ്റ്റ് വിഭാഗത്തിൽ പ്രവേശന തസ്തികയായ ടൈപ്പിസ്റ്റ് ഗ്രേഡ് II, സ്ഥാനക്കയറ്റം മുഖേന നികത്തുന്ന തസ്തികകളായ ടൈപ്പിസ്റ്റ് ഗ്രേഡ് I, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് എന്നിവയാണുള്ളത്. ടി വിഭാഗങ്ങളിലായി 40 അംഗീകൃത തസ്തികകളാണുള്ളത്. വിവരം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിലവിൽ പ്രസ്തുത തസ്തികയിൽ എത്ര പേരാണ് ദിവസവേതനം, അന്യത്ര സേവനം, കരാർ നിയമനം എന്നിവ പ്രകാരം ജോലി ചെയ്യുന്നതെന്ന് വിശദമാക്കാമോ?

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ പ്രസ്തുത തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിലോ അന്യത്ര സേവനത്തിലോ കരാർ വ്യവസ്ഥയിലോ ജീവനക്കാർ ആരും നിലവിലില്ല.

(സി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിൽ ടൈപ്പിസ്റ്റ് ഗ്രേഡ് II തസ്തികയിൽ 11-ഉം ടൈപ്പിസ്റ്റ് ഗ്രേഡ് I തസ്തികയിൽ 15-ഉം സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ 6-ഉം സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ 7-ഉം അടക്കം ആകെ 39 ഒഴിവുകളാണുള്ളത്.

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ആശ്വാസ് വാടക വീട് പദ്ധതി

362 (3492) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും മിതമായ നിരക്കിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കുന്ന ആശ്വാസ് വാടക വീട് പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

ടി പദ്ധതിയുടെ സ്ട്രക്ചറൽ വർക്ക് പൂർത്തിയായിട്ടുണ്ട്. ഫിനിഷിംഗ് വർക്ക് പൂർത്തീകരണ ഘട്ടത്തിലാണ്. 2021-22 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് കണ്ണൂർ ജില്ലയിൽ പരിയാരം സർക്കാർ മെഡിക്കൽ കോളേജിന് സമീപം മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് വിസ്തീർണ്ണമുള്ള ഭൂമിയിൽ ആശ്വാസ് വാടകവീട് പദ്ധതിപ്രകാരം 3 നിലകളിലായി 64 കിടക്കകളുള്ള കെട്ടിടം നടപ്പിലാക്കുന്നതിന് ആറ് കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിച്ച് 18-03-2022-ൽ കരാറിലേർപ്പെട്ടു. മെഡിക്കൽ കോളേജിന്റെ കൈവശത്തുനിന്നും പദ്ധതി ഭൂമി ബോർഡിന് വിട്ടുലഭിക്കുന്നതിന്

കാലതാമസം നേരിട്ടതിനാൽ 20-02-2023-ലാണ് കരാറുകാരന് സൈറ്റ് കൈമാറ്റം ചെയ്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിച്ചത്. നിലവിൽ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

തന്റെയിടം പദ്ധതി

363 (3493) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തന്റെയിടം പദ്ധതിയുടെ വിശദാംശം നൽകാമോ; പ്രസ്തുത പദ്ധതി പ്രകാരം ഓരോ ജില്ലയിലും 2022-23, 2023-24 എന്നീ കാലയളവുകളിൽ എത്ര ഭവനങ്ങൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഇതിനുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

POSCO കേസ്സുകളിൽ ഇരകളാക്കപ്പെട്ടവർക്കും (അതിജീവിതർ) സർക്കാർ നേരിട്ടോ/സർക്കാർ സാമ്പത്തിക സഹായത്തോടെയോ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിൽ താമസിക്കുന്ന ഭവനരഹിതരായ കുട്ടികൾക്കും 18 വയസ് തികഞ്ഞ് ഈ സ്ഥാപനങ്ങളിൽനിന്ന് പുറത്ത് പോകേണ്ടിവരുമ്പോൾ പൊതുസമൂഹത്തിൽ സുരക്ഷിതമായി താമസിക്കുന്നതിന് വീട്

നൽകുകയെന്നതാണ് തന്റെയിടം പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് വനിത ശിശുവികസന വകുപ്പുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ക്ഷേമ സ്ഥാപനങ്ങളിൽ വളർന്നുവന്നതും 18 വയസ് കഴിഞ്ഞ് സ്വന്തമായി ഒരു വരുമാന മാർഗമുള്ളതും നിലവിൽ വകുപ്പിന്റെ ക്ഷേമ സ്ഥാപനങ്ങളിൽത്തന്നെ തുടരുന്നതോ വകുപ്പിന്റെ മേൽനോട്ടത്തിൽത്തന്നെ ഹോസ്റ്റലുകളിലോ മറ്റോ തുടരുന്നതുമായ സ്വന്തമായി ഭൂസ്വത്തില്ലാത്ത അനാഥരായ വ്യക്തികളാണ് തന്റെയിടം പദ്ധതിയുടെ ഗുണഭോക്താക്കൾ. സ്ഥാപന മേധാവികൾ ഇത്തരത്തിലുള്ള ഗുണഭോക്താക്കളെ കണ്ടെത്തി അതത് ജില്ലാ ഓഫീസർമാർക്ക് ശിപാർശ ചെയ്യുന്നു. ഓരോ ജില്ലയിൽനിന്നും ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ ജില്ലാ കളക്ടർ അധ്യക്ഷനായുള്ള ജില്ലാതല കമ്മിറ്റി വിശകലനം ചെയ്ത് മതിയായ അന്വേഷണം നടത്തി സ്റ്റേറ്റ് ലെവൽ കമ്മിറ്റിക്ക് ശിപാർശ ചെയ്യുന്നു. ഇത്തരത്തിൽ ജില്ലകളിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് വനിതാ ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് ലെവൽ കമ്മിറ്റി അർഹരായ

ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നു. ഇങ്ങനെ ലഭിക്കുന്ന വീടുകൾ പൂർണ്ണമായും ഗുണഭോക്താവിന്റെ അവകാശത്തിൽപ്പെട്ടതായിരിക്കും. ഭാവിയിൽ ഗുണഭോക്താവിന്റെ കാലശേഷം അവകാശികളായി ഭാര്യ/ഭർത്താവ്/കുട്ടികൾ എന്നിവരിലാരെങ്കിലും ഇല്ലാത്തപക്ഷം പ്രസ്തുത ഭവനം തിരികെ സർക്കാരിലേയ്ക്ക് വന്നുചേരുന്നതും ആയതിന് അർഹരായ മറ്റൊരു ഗുണഭോക്താവിനെ കണ്ടെത്തുന്നതുമായിരിക്കും. 2022-23 കാലയളവിൽ കോഴിക്കോട് ജില്ലയിൽ-മൂന്ന്, കണ്ണൂർ ജില്ലയിൽ-നാല്, വയനാട് ജില്ലയിൽ-അഞ്ച് എന്നിങ്ങനെ ആകെ 12 വീടുകളാണ് ഭവന നിർമ്മാണ ബോർഡ് പദ്ധതിക്കായി മാറ്റിവച്ചിട്ടുള്ളത്. പ്രസ്തുത വീടുകൾ നൽകുന്നതിനുള്ള 12 ഗുണഭോക്താക്കളെ സംസ്ഥാനതല കമ്മിറ്റി തിരഞ്ഞെടുത്തിട്ടുണ്ട്.

2023-24 കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ-എട്ട്, കോഴിക്കോട് ജില്ലയിൽ-മൂന്ന്, കണ്ണൂർ ജില്ലയിൽ-ആറ് എന്നിങ്ങനെ ആകെ 17 വീടുകളാണ് ഭവന നിർമ്മാണ ബോർഡ് പദ്ധതിക്കായി മാറ്റിവച്ചിട്ടുള്ളത്. ടി സാമ്പത്തിക

വർഷം പദ്ധതിക്ക് അനുയോജ്യരായ 15 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ട്.

ടി രണ്ട് സാമ്പത്തിക വർഷങ്ങളിലും തന്റെയിടം പദ്ധതിപ്രകാരം തിരഞ്ഞെടുത്തിട്ടുള്ള ഗണഭോക്താക്കൾക്ക് നിയമ നടപടികൾ പൂർത്തീകരിച്ച് വീട് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

മാനദണ്ഡങ്ങൾ:- തന്റെയിടം പദ്ധതിക്ക് ഗുണഭോക്താക്കളെ ചുവടെ പറയുന്ന മാനദണ്ഡങ്ങൾപ്രകാരമാണ് തിരഞ്ഞെടുക്കേണ്ടത്.

1. 2016-ലെ. J.J Act 2(42)-ൽ നിർവചിക്കുന്നപ്രകാരം അനാഥരായിരിക്കണം.

2. സ്വന്തമായി വരുമാന മാർഗമുണ്ടായിരിക്കുകയും സ്വന്തം നിലയിൽ താമസിക്കാനുള്ള ക്ഷമതയുണ്ടായിരിക്കുകയും വേണം.

3. സ്വന്തമായോ പൈതൃകമായോ ഭൂസ്വത്തുണ്ടാവരുത്.

4. സ്വന്തമായി വരുമാനമില്ലാത്തതും ഭൂസ്വത്തില്ലാത്തതുമായ പോക്സോ അതിജീവിതരെയും മാതാപിതാക്കൾ/സഹോദരങ്ങൾ ഇതര

ക്ഷേമസ്ഥാപനങ്ങളിൽ താമസിക്കുന്നതും മറ്റ് ബന്ധുക്കൾ ഇല്ലാത്തവരുമായവരെയും സ്വന്തം ഭവനത്തിൽ തിരികെ പോകാൻ സാഹചര്യമില്ലാതെ സ്ഥാപനങ്ങളിൽത്തന്നെ കഴിയേണ്ടിവരുന്നവരെയും പരിഗണിക്കുന്നതാണ്.

5. ദീർഘകാലം വകുപ്പിന്റെ ക്ഷേമ സ്ഥാപനങ്ങളിൽ താമസിച്ചുവരുന്നവർക്ക് മുൻഗണന നൽകുന്നതാണ്.

6. വകുപ്പിന്റെ സ്ഥാപനങ്ങളിൽ താമസിച്ചുവന്നതിന് സ്ഥാപന മേധാവിയും ജോലി സംബന്ധിച്ച വിവരങ്ങൾക്ക് തൊഴിലുടമയും ഭ്രസ്വത്തില്ലാത്തതിനും അനാഥനാണെന്നുള്ളതിനും ഗുണഭോക്താവും സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ബി) പോക്സോ കേസ്സുകളിലെ അതിജീവിതർക്ക് പ്രസ്തുത പദ്ധതിയിൽ മുൻഗണന നൽകുമെന്ന് അറിയിച്ചതിൻപ്രകാരം ഇതിന്റെ ഗുണങ്ങൾ ലഭിച്ചവരുടെ വിശദാംശം ജില്ലതിരിച്ച് ലഭ്യമാക്കാമോ?

പോക്സോ അതിജീവിതരെ പ്രസ്തുത പദ്ധതിയിലേയ്ക്ക് പരിഗണിച്ചിട്ടുണ്ട്. എന്നാൽ അതിജീവിതരുടെ വിവരങ്ങൾ വെളിപ്പെടുത്താൻ പാടില്ലെന്ന്

പോക്സോ നിയമം അനുശാസിക്കുന്ന സാഹചര്യത്തിൽ ടി ഗ്രണഭോക്താക്കളുടെ വിശദാംശം ലഭ്യമാക്കുവാൻ നിർവാഹമില്ല.

കെട്ടിടങ്ങളുടെ ഒറ്റത്തവണ നികുതിയും അധിക നികുതിയും

364 (3494) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടങ്ങളുടെ ഒറ്റത്തവണ നികുതി ഈടാക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്ത് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

1975-ലെ കേരള കെട്ടിട നികുതി നിയമം നിലവിൽ വന്ന 01-04-1973-നോ ശേഷമോ നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഒറ്റത്തവണ കെട്ടിട നികുതി ബാധകമാണ്. പ്ലിന്ത് ഏരിയ ചട്ടങ്ങൾ നിലവിൽ വന്ന 10-02-1992-ലോ ശേഷമോ നിർമ്മിച്ച കെട്ടിടങ്ങൾക്ക് പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിലും അതിനുമുമ്പുള്ള കെട്ടിടങ്ങൾക്ക് ക്യാപിറ്റൽ വാല്യൂ അടിസ്ഥാനമാക്കിയുമാണ് നികുതി നിർണ്ണയിക്കുന്നത്. വിവിധ

സ്ലാബുകളിലുള്ള കെട്ടിട നികുതി നിർണ്ണയ വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഒറ്റത്തവണ നികുതി ഈടാക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ വിശദവിവരം ലഭ്യമാക്കാമോ?

കേരള ധനകാര്യ ആക്ടിൽ ഷെഡ്യൂൾ 1-ൽ നിശ്ചയിച്ചിട്ടുള്ള ഒറ്റത്തവണ കെട്ടിട നികുതി സംബന്ധിച്ച ഷെഡ്യൂൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) എത്ര ചതുരശ്ര അടിക്ക് മുകളിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കാണ് അധിക നികുതി ഏർപ്പെടുത്തുന്നതെന്ന വിവരം ലഭ്യമാക്കാമോ?

3000 ചതുരശ്ര അടി (278.7 ച. മീറ്റർ) മുകളിലുള്ള കെട്ടിടങ്ങൾക്കാണ് അധിക നികുതി ഈടാക്കിവരുന്നത്

(ഡി) കെട്ടിടങ്ങളിൽനിന്ന് അധിക നികുതി ഈടാക്കുന്നത് സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള കെട്ടിട നികുതി നിയമം വകുപ്പ് 5 എ പ്രകാരം 278. 7 ച. മീറ്ററോ അതിൽ കൂടുതലോ തറ വിസ്തീർണ്ണമുള്ളതും 1999 ഏപ്രിൽ 1-നോ അതിനുശേഷമോ പൂർത്തിയാക്കിയിട്ടുള്ളതുമായ താമസാവശ്യത്തിനുള്ള എല്ലാ കെട്ടിടങ്ങൾക്കും അധിക നികുതി ചുമത്തിവരുന്നു.

(ഇ) അധിക നികുതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കാമോ?

2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ആക്ടിലാണ് ആഡംബര നികുതി എന്നതിന്റെ പേര് അധിക നികുതി എന്നാക്കി മാറ്റിയത്. 2020-ലെ കേരള ധനകാര്യ ആക്ടപ്രകാരം താമസ/താമസേതര കെട്ടിടങ്ങളുടെ ഒറ്റത്തവണ കെട്ടിട നികുതിയും ആഡംബര നികുതിയും 01-04-2020 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ചിരുന്നു. നിലവിൽ 01-04-1999-നോ അതിനുശേഷമോ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള എല്ലാ ഗാർഹിക കെട്ടിടങ്ങൾക്കും, ഷെഡ്യൂൾ II-ൽ (അനുബന്ധം II) നിശ്ചയിച്ചിട്ടുള്ള നിരക്കിൽ അധിക നികുതി ചുമത്തിവരുന്നു.

രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കാൻ നടപടി

365 (3495) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി കാർഷിക ഗ്രാമ വികസന ബാങ്ക് വായ്പ നൽകി ബോട്ട് ഇൻ ലാൻഡ് ആയി മാറിയ ഭൂമി റീ രജിസ്ട്രേഷൻ നടത്തുന്നതിന് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുവാനായി കാക്കാടംപൊയിൽ ശ്രീ. കെ. വി. ജോൺ എന്നയാളുടെ അപേക്ഷ ലഭ്യമായിട്ടുണ്ടോ; എങ്കിൽ അപേക്ഷയുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ;

(ബി) രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ഭൂപണയ ബാങ്കിൽ പണയംവച്ച വസ്തുവിന്റെ ആധാരം ബാങ്കിൽനിന്ന് തിരികെ രജിസ്റ്റർ ചെയ്ത് കിട്ടുന്നതിന് മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് അനുവദിക്കണമെന്ന ശ്രീ. ജോൺ കൊട്ടാരത്തിൽ എന്നയാളുടെ 27-01-2021-ലെ അപേക്ഷ, ടിയാൻ നവകേരള സദസ്സിൽ നൽകിയ അപേക്ഷ എന്നിവ ലഭ്യമായിട്ടുണ്ട്. ബാങ്കിൽനിന്നും എടുത്ത വായ്പ തിരിച്ചടയ്ക്കാത്തതുമൂലം ബാങ്ക് ജപ്തി ചെയ്ത് ബാങ്കിന്റെ പേരിൽ ആക്കിയ വസ്തു തിരികെ ഉടമസ്ഥന് എഴുതി നൽകുന്നതിന് മുദ്ര വിലയും

രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകണമെന്ന അപേക്ഷയിലെ ആവശ്യം അംഗീകരിച്ചാൽ അത് സമാന രീതിയിലുള്ള ലക്ഷക്കണക്കിന് അപേക്ഷകൾ പരിഗണിക്കേണ്ടതിന് കാരണമാകും എന്നതിനാൽ പ്രസ്തുത അപേക്ഷകൾ പരിഗണിക്കുവാൻ നിർവാഹമില്ലെന്ന് 14-06-2023-ലെ ജെ2/84/2021/നിവ കത്ത്, 25-01-2024-ലെ ജെ2/15/2024/നിവ കത്ത് എന്നിവ പ്രകാരം അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ്.

രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി

366 (3496) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ ആധാരം തയ്യാറാക്കുകയും ആധാരകക്ഷികളുടെ വിരൽപതിപ്പും ഫോട്ടോയും ഡിജിറ്റലായിതന്നെ ആധാരത്തിന്റെ ഭാഗമാക്കിക്കൊണ്ട് ആധാര രജിസ്ട്രേഷൻ നടപടികൾ

ലളിതവൽകരിക്കുന്നതിനും രജിസ്റ്റർ ചെയ്ത ആധാരം അന്നേ ദിവസംതന്നെ മടക്കി നൽകുന്നതിനുമുള്ള സൗകര്യം കൊണ്ടുവരുന്നതിന്റെ ഭാഗമായി രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കുന്നതിനായി സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ആധാരത്തിന്റെ പുറത്തെഴുത്തുകൾ കമ്പ്യൂട്ടർവൽകരിക്കുവാൻ തീരുമാനിക്കുകയും ഇതിന്റെ പരീക്ഷണ പരിപാടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന വിവിധതരം ആധാരങ്ങളുടെ പുറത്തെഴുത്ത് മാതൃകകൾ ഏകീകരിക്കുന്നതിനായി 2023 ജൂലൈ 13 മുതൽ 15 വരെ ശില്പശാല നടത്തുകയും ആയതിൽ രൂപം നൽകിയ പുറത്തെഴുത്ത് മാതൃകകൾക്ക് ഡിജിറ്റൽ രൂപം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

ഈ സംവിധാനം സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 315 സബ് രജിസ്ട്രാർ ഓഫീസുകളിലും വെബ്ക്യാമറകൾ, ഡിജിറ്റൽ സിഗ്നേച്ചർ പാഡുകൾ, ബയോമെട്രിക് സ്കാനറുകൾ, കളർ ലേസർ പ്രിന്ററുകൾ എന്നിവ വിതരണം ചെയ്യുകയും ചെയ്തു. ഈ ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ ജോലികളും ജീവനക്കാരുടെ പരിശീലന പരിപാടികളും

പൂർത്തിയാകുന്ന മുറയ്ക്ക് ഘട്ടംഘട്ടമായി ഈ സൗകര്യം സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്.

സ്റ്റാമ്പ് ഡ്യൂട്ടി – രജിസ്ട്രേഷൻ ഇനങ്ങളിലെ വരുമാന വർദ്ധനവ്

367 (3497) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ന്യായവില വർദ്ധനവിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഇനങ്ങളിൽ എന്ത് വരുമാനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2023-24 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ന്യായവില വർദ്ധനവിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഇനങ്ങളിൽ ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	മുദ്രവില (രൂപ കോടിയിൽ)	രജി.ഫീസ് (രൂപ കോടിയിൽ)	ആകെ (രൂപ കോടിയിൽ)
2023-24	3819.8753	1399.4642	5219.3395

2024-25 (മെയ് 31 വരെ)	618.3514	224.6800	843.0314
Total	**4438.2267**	**1624.1442**	**6062.3709**

(ബി) ഇക്കാലയളവിൽ പ്രസ്തുത ഇനങ്ങളിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഇക്കാലയളവിൽ പ്രസ്തുത ഇനങ്ങളിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്ന തുക ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	ലക്ഷ്യമിട്ട തുക മുദ്രവില (രൂപ കോടിയിൽ)	ലക്ഷ്യമിട്ട തുക രജി.ഫീസ് (രൂപ കോടിയിൽ)	ആകെ ലക്ഷ്യമിട്ട തുക (രൂപ കോടിയിൽ)
2023-24	4536.9708	1335.4799	5872.4507
2024-25 (മെയ് 31 വരെ)	659.5823	222.2422	881.8245
Total	**5196.5531**	**1557.7221**	**6754.2752**

(സി) ഭൂമിയുടെ ന്യായവില ഇരുപത് ശതമാനം വർധിപ്പിച്ചതിന് ആനുപാതികമായി സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഇനങ്ങളിൽ വരുമാന

വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ?

2023-2024 വർഷത്തിൽ ഉണ്ടാകാവുന്ന ന്യായവില വർദ്ധനവ് മുന്നിൽക്കണ്ടതിനാൽ 2022-23 വർഷത്തിൽ അവസാന മാസങ്ങളിൽ ആധാര രജിസ്ട്രേഷനുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുകയും റവന്യൂ വരുമാനത്തിൽ വർദ്ധനവ് വരുകയും തത്ഫലമായി 2023-2024 വർഷത്തിൽ ആധാര രജിസ്ട്രേഷനുകളുടെ എണ്ണത്തിൽ കുറവുവരുകയും ചെയ്തിട്ടുണ്ട്. 2023 ഏപ്രിൽ, മേയ് മാസങ്ങളിലെ വിലയാധാരങ്ങളുടെ എണ്ണവും 2024 ഏപ്രിൽ, മേയ് മാസങ്ങളിലെ വിലയാധാരങ്ങളുടെ എണ്ണവും സംബന്ധിച്ചുള്ള കണക്ക് പരിശോധിച്ചതിൽ വിലയാധാരങ്ങളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നില്ല. ന്യായവില കൂടുതലായും ബാധകമാകുന്നത് വിലയാധാരങ്ങൾക്കാണ്. ടി കണക്ക് ചുവടെ ചേർക്കുന്നു.

കാലയളവ്	**ആധാരത്തിന്റെ എണ്ണം**	**റവന്യൂ വരുമാനം**
01/04/2023 മുതൽ 31/05/2023 വരെ	62,428	601 കോടി രൂപ
01/04/2024 മുതൽ 31/05/2024 വരെ	67,211	722 കോടി രൂപ

ആയതിനാൽ 01-04-2023 മുതൽ ഭൂമിയുടെ ന്യായവില 20% വർദ്ധിപ്പിച്ചതിൽ വരുമാനത്തിൽ വർദ്ധനവുണ്ടായതായി കാണുന്നു. ന്യായവിലയിൽ വന്നിട്ടുള്ള വർദ്ധനവിലൂടെ സർക്കാർ ഖജനാവിന് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലും രജിസ്ട്രേഷൻ ഫീസിനത്തിലും ടി വർദ്ധനയ്ക്ക് ആനുപാതികമായി വരുമാനം ലഭിച്ചിട്ടുള്ളതാണ്. മേൽവിവരിച്ച കണക്കുകളിൽനിന്നും നടപ്പുവർഷത്തിൽ ആധാര രജിസ്ട്രേഷനുകളുടെ എണ്ണത്തിലും വരുമാനത്തിലും വർദ്ധനവ് ഉണ്ടാകുന്നതായി കാണാവുന്നതാണ്.

1932-ലെ ഇന്ത്യൻ പാർട്ട്ണർഷിപ്പ് ആക്ടിന്റെ ഭേദഗതി

368 (3498) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1932-ലെ ഇന്ത്യൻ പാർട്ട്ണർഷിപ്പ് ആക്ടിലെ വകുപ്പ് 58 (3)-ൽ പ്രതിപാദിച്ചിട്ടുള്ള കിംഗ്, ക്യൂൻ, റോയൽ തുടങ്ങിയ നാമങ്ങൾ ഒരു പാർട്ട്ണർഷിപ്പ് ഫേമിന്റെ പേരിന്റെ ഭാഗമാക്കുകയാണെങ്കിൽ അത്തരം സ്ഥാപനങ്ങളുടെ പാർട്ട്ണർഷിപ്പ് രജിസ്ട്രേഷൻ നടത്തുവാൻ

നിർവാഹമില്ലാത്തതിനാൽ പ്രസ്തുത ആക്ടിലെ വകുപ്പ് കാലാനുസൃതമായ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

1932 -ലെ ഇന്ത്യൻ പാർട്ടണർഷിപ്പ് ആക്ടിലെ വകുപ്പ് 58 (3) പ്രകാരം ഒരു പാർട്ട്ണർഷിപ്പ് ഫേമിന്റെ പേരിൽ ക്രൗൺ, എംപറെർ, എംപ്രസ്, എംപെയർ, ഇംപീരിയൽ, കിങ്, ക്യൂൻ, റോയൽ എന്നിവയോ ഗവൺമെന്റിന്റെ അനുജ്ഞയോ അംഗീകാരമോ പ്രോത്സാഹനമോ പ്രകടമാക്കുന്നതോ വ്യജ്ഞിപ്പിക്കുന്നതോ ആയ വാക്കുകളോ ഉൾപ്പെട്ടുവന്നാൽ അത്തരം പേരുകൾ സംസ്ഥാന സർക്കാരിന്റെ രേഖാമൂലമായ ഉത്തരവിനാൽ അനുമതി നൽകാതെ ഉപയോഗിക്കാനാകില്ല.

ഈ നിയമം 1932-ലെ 9-ാം കേന്ദ്ര നിയമം ആകയാൽ മേൽനിയമത്തിൽ കാലാനുസൃതമായ ഭേദഗതി വരുത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

രജിസ്ട്രേഷൻ നടപടികളിലെ സുതാര്യത

369 (3499) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വസ്തുവിന്റെ എല്കക, തേട്ടക്രമം, പണത്തിന്റെ സ്രോതസ്സ് തുടങ്ങിയവ രേഖപ്പെടുത്തേണ്ടതില്ലാത്ത ഫോറം സമ്പ്രദായം (ടെംപ്ലേറ്റ്), ആധാരമെഴുത്തിൽ വരുന്ന തിരുത്തലുകൾ രേഖപ്പെടുത്തുന്ന ഫയലിംഗ് ഷീറ്റ് ഒഴിവാക്കൽ എന്നിവ പുതിയ രജിസ്ട്രേഷൻ സംവിധാനത്തിൽ ക്രമക്കേടിന് വഴിവയ്ക്കുമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നടപടിക്രമങ്ങളിൽ സുതാര്യതയും ആധാരമെഴുത്ത് മേഖലയിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനുമായി പരമ്പരാഗത രീതി തുടരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

11-03-2024-ലെ സ.ഉ (സാധാ) നം.230/2024/TAXES നമ്പർ സർക്കാർ ഉത്തരവുപ്രകാരം ആധാരങ്ങൾക്ക് ഫോം രൂപത്തിലുള്ള ആധാര മാതൃകകൾ അംഗീകരിച്ചുകൊണ്ടും അവ ഉപയോഗിച്ചുള്ള ആധാര രജിസ്ട്രേഷന് അനുമതി നൽകിക്കൊണ്ടും ഉത്തരവായിരുന്നു. നിർദിഷ്ട ടെംപ്ലേറ്റിൽ ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് വസ്തുവിന്റെ എല്കകയും വിവരണങ്ങളും ഉൾപ്പെടെ രേഖപ്പെടുത്തേണ്ടതുണ്ട്. ഇതുകൂടാതെ ആധാര കക്ഷികൾക്ക് അതിലെ വ്യവസ്ഥകൾ, കരാറുകൾ എന്നിവയെല്ലാം അവരുടെ

ഇച്ഛാനുസരണം മാറ്റം വരുത്തുവാൻ കഴിയുന്നതുമാണ്. അസ്സൽ ആധാരത്തോടൊപ്പം നിലവിലുള്ള രീതിയിൽ ഫയലിംഗ് ഷീറ്റും തയ്യാറാക്കി രജിസ്ട്രേഷനായി സമർപ്പിക്കേണ്ടതുണ്ട്. രജിസ്ട്രേഷൻ പൂർത്തിയാക്കിയ ആധാരങ്ങളിലെ തെറ്റുകൾ തിരുത്തുന്നതിനും രജിസ്ട്രേഷൻ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ആയതിനാൽ വസ്തുവിന്റെ എല്കക, തേട്ടക്രമം, പണത്തിന്റെ സ്രോതസ്സ് തുടങ്ങിയ വിവരങ്ങളെല്ലാംതന്നെ ടെംപ്ലേറ്റ് അടിസ്ഥാനമാക്കി തയ്യാറാക്കുന്ന ആധാരങ്ങളിൽ രേഖപ്പെടുത്തുവാൻ കഴിയുന്നതാണ്. ഫയലിംഗ് ഷീറ്റ് ഒഴിവാക്കുവാൻ വകുപ്പ് തീരുമാനിച്ചിട്ടില്ല. ഈ സൗകര്യങ്ങൾ നടപ്പിലാക്കുമ്പോൾ ആധാരമെഴുത്തുകാരുടെ തൊഴിലിനെ ബാധിക്കാതിരിക്കുവാൻ ആധാരമെഴുത്ത് മേഖലയിലുള്ളവർക്ക് ആവശ്യമെങ്കിൽ പരിശീലനം നൽകുന്ന കാര്യവും പരിശോധിക്കുന്നതാണ്. ആയതിനാൽ മേൽവിവരിച്ച പരിഷ്കാരം ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾക്ക് വഴിവയ്ക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

രജിസ്ട്രേഷൻ നടപടികളുടെ ലളിതവൽകരണം

370 (3500) ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. കെ. പി. മോഹനൻ:

ശ്രീ. മാത്യൂ ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ പ്രക്രിയ കൂടുതൽ ലളിതമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ ആധാരം തയ്യാറാക്കുകയും ആധാരകക്ഷികളുടെ വിരൽപതിപ്പും ഫോട്ടോയും ഡിജിറ്റലായിത്തന്നെ ആധാരത്തിന്റെ ഭാഗമാക്കിക്കൊണ്ട് ആധാര രജിസ്ട്രേഷൻ നടപടികൾ ലളിതവൽകരിക്കുന്നതിനും രജിസ്റ്റർ ചെയ്ത ആധാരം അന്നേദിവസംതന്നെ മടക്കി നൽകുന്നതിനുമുള്ള സൗകര്യം കൊണ്ടുവരുന്നതിന്റെ ഭാഗമായി രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കുന്നതിനായി സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ആധാരത്തിന്റെ പുറത്തെഴുത്തുകൾ കമ്പ്യൂട്ടർവൽകരിക്കുവാൻ തീരുമാനിക്കുകയും ഇതിന്റെ പരീക്ഷണ പരിപാടികൾ സംസ്ഥാനത്തെ 14 സബ്രജിസ്ട്രാർ ഓഫീസുകളിൽ 09-05-2023-ൽ ആരംഭിക്കുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് രജിസ്റ്റർ

ചെയ്യുന്ന വിവിധതരം ആധാരങ്ങളുടെ പുറത്തെഴുത്ത് മാതൃകകൾ ഏകീകരിക്കുന്നതിനായി 2023 ജൂലൈ 13 മുതൽ 15 വരെ ശില്പശാല നടത്തുകയും ആയതിൽ രൂപം നൽകിയ പുറത്തെഴുത്ത് മാതൃകകൾക്ക് ഡിജിറ്റൽ രൂപം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഈ സംവിധാനം സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 315 സബ്രജിസ്ട്രാർ ഓഫീസുകളിലും വെബ്ക്യാമറകൾ, ഡിജിറ്റൽ സിഗ്നേച്ചർ പാഡുകൾ, ബയോമെട്രിക് സ്കാനറുകൾ, കളർ ലേസർ പ്രിന്ററുകൾ എന്നിവ വിതരണം ചെയ്തു. ഈ ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ ജോലികൾ പുരോഗമിക്കുന്നു. ഉപകരണങ്ങളുടെ ഇൻസ്റ്റലേഷനും ജീവനക്കാരുടെ പരിശീലന പരിപാടികളും പൂർത്തിയാകുന്ന മുറയ്ക്ക് ഘട്ടംഘട്ടമായി ഈ സൗകര്യം സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) രജിസ്ട്രേഷൻ വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ

ജനകീയമാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

രജിസ്ട്രേഷൻ വകുപ്പിലുണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിനും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ചിട്ടി ആർബിട്രേഷൻ, പ്രവാസി ചിട്ടി രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട് സ്ഥിരം തസ്തികകൾ അധികമായി സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനായി ഇപ്പോൾത്തന്നെ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുമുള്ള സംവിധാനം.

2. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കുതന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.

3. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

4. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

5. ബാധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

6. സഹകരണ ബാങ്കുകളിൽനിന്നുള്ള ലോണുകൾക്കായുള്ള ഗഹാൻ ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം.

7. KSFE-യുമായി ചേർന്നുകൊണ്ട് പ്രവാസി ചിട്ടികൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം.

8. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം.

9. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം.

10. പാർട്ട്ണർഷിപ്പ് ഫോമുകളുടെ രജിസ്ട്രേഷനുവേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും രജിസ്ട്രേഷൻ ഫീസ് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും ഓഫീസിൽ ഹാജരാകാതെ തന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

11. ഒരു ജില്ലയ്ക്കകത്തുള്ള ഏത് സബ്‌രജിസ്ട്രാർ ഓഫീസിലും പൊതുജനങ്ങളുടെ സൗകര്യമനുസരിച്ച് ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള 'Anywhere Registration' സംവിധാനം.

രജിസ്ട്രേഷൻ വകുപ്പിലെ സ്പെഷ്യൽ റൂൾസ് പരിഷ്കരണം

371 (3501) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിലെ സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിലെ സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്നതിനായി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സമർപ്പിച്ച ശിപാർശയിൽ സർവീസ് സംഘടനകളുമായി ചർച്ച നടത്തുകയും ആയതിന്റെകൂടി അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് വിജ്ഞാപനം സർക്കാർ പരിശോധിച്ചുവരികയുമാണ്.

(ബി) 1908-ലെ രജിസ്ട്രേഷൻ ആക്ട് ഭേദഗതി ചെയ്യുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇതുകൊണ്ട് എന്തെല്ലാം മാറ്റങ്ങളാണ് രജിസ്ട്രേഷൻ നടപടിക്രമങ്ങളിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

1908-ലെ രജിസ്ട്രേഷൻ ആക്ട് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച The Registration Kerala Amendment Bill, 2023 സർക്കാരിന്റെ പരിഗണനയിലാണ്. കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി രജിസ്ട്രേഷൻ നടപടികളിൽ വന്നിട്ടുള്ള മാറ്റങ്ങൾക്ക് അനുസൃതമായ ഭേദഗതി, കുറവ് രജിസ്ട്രേഷൻ ഫീസ് റിക്കവർ ചെയ്യുന്നതിനുള്ള കാലയളവ് തീരുമാനിക്കുന്നതിന് സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തുന്നതിനുള്ള ഭേദഗതി, ചതി, വഞ്ചന എന്നിവയിലൂടെ വ്യാജ ആധാരങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നത് കാരണം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായി അത്തരം ആധാരങ്ങൾ റദ്ദ് ചെയ്യുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് അധികാരം നൽകിക്കൊണ്ടുള്ള ഭേദഗതി ഒരു വർഷത്തിൽ

താഴെയുള്ളതും വാണിജ്യാവശ്യങ്ങളുമായി ബന്ധപ്പെട്ടുള്ളതുമായ ലീസാധാരങ്ങൾ, Deposit of title deed, കോടതി സ്യൂട്ടുമായി ബന്ധപ്പെട്ടുള്ള നോട്ടീസുകൾ തുടങ്ങിയവ നിർബന്ധമായും രജിസ്റ്റർ ചെയ്യുന്നതിനുള്ള ഭേദഗതി, കോടതിയിൽനിന്നുള്ള ഭാഗപത്ര ഡിക്രികൾ, ഇൻജക്ഷൻ ഉത്തരവുകൾ എന്നിവ സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ചെയ്യുന്നതിനുള്ള ഭേദഗതി, നിയമവിരുദ്ധമായി കൈമാറുന്ന വനഭൂമികളുമായി ബന്ധപ്പെട്ടുള്ള ആധാരങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള ഭേദഗതി എന്നിവയാണ് നിലവിൽ പരിഗണനയിലുള്ളത്.

സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ്

372 (3502) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം മുഴുവൻ സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് നടപ്പാക്കുമെന്ന പ്രഖ്യാപനപ്രകാരം നിലവിൽ ഒരു ലക്ഷം രൂപയിൽ താഴെയുള്ള ഇ-സ്റ്റാമ്പ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ചുവടെ പറയുന്ന സബ്‌രജിസ്ട്രാർ ഓഫീസുകളിൽ ആധാര രജിസ്ട്രേഷനുവേണ്ടി ഒരു ലക്ഷം രൂപയിൽ താഴെയുള്ള ഇ-സ്റ്റാമ്പിംഗ് സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ 01-04-2023 മുതൽ നടപ്പിലാക്കിയിരുന്നു. ഈ സബ്‌രജിസ്ട്രാർ ഓഫീസുകളിൽ ആധാരം രജിസ്റ്റർ ചെയ്യുന്നതിനായി ഒരു ലക്ഷം രൂപയ്ക്ക് താഴെ വിലയുള്ള മുദ്രപത്രങ്ങൾ ഇ-സ്റ്റാമ്പ് രൂപത്തിൽ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇ-ട്രഷറി സംവിധാനത്തിലൂടെ വെണ്ടർമാർക്ക് ഇ-സ്റ്റാമ്പ് വിൽപന നടത്തുന്നതിനുള്ള സൗകര്യം പൂർണ്ണതോതിൽ ട്രഷറി വകുപ്പ് ഒരുക്കുന്ന മുറയ്ക്ക് ഒരു ലക്ഷം രൂപയ്ക്ക് താഴെ വിലയുള്ള ആധാരങ്ങൾ ഇ-സ്റ്റാമ്പ് ഉപയോഗിച്ച് രജിസ്റ്റർ ചെയ്യുവാൻ സാധിക്കുന്നതാണ്.

ക്രമ നം.	**ജില്ല**	**സബ് രജിസ്ട്രാർ ഓഫീസ്**
1	തിരുവനന്തപുരം	മുരുക്കുംപുഴ
2	കൊല്ലം	കിളികൊല്ലൂർ
3	പത്തനംതിട്ട	പത്തനംതിട്ട
4	ആലപ്പുഴ	പട്ടണക്കാട്

5	കോട്ടയം	വൈക്കം
6	ഇടുക്കി	കട്ടപ്പന
7	എറണാകുളം	മുളന്തുരുത്തി
8	തൃശ്ശൂർ	അന്തിക്കാട്
9	പാലക്കാട്	തൃത്താല
10	മലപ്പുറം	കൽപകഞ്ചേരി
11	കോഴിക്കോട്	പയ്യോളി
12	വയനാട്	മാനന്തവാടി
13	കണ്ണൂർ	വളപട്ടണം
14	കാസർഗോഡ്	ബദിയടുക്ക

രജിസ്ട്രേഷൻ നിർബന്ധമല്ലാത്ത ആവശ്യങ്ങൾക്കുള്ള ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ ട്രഷറി വകുപ്പിന്റെ മേൽനോട്ടത്തിൽ നടന്നുവരികയും ചെയ്യുന്നു. ഇ-സ്റ്റാമ്പിംഗ് സംവിധാനം പ്രവർത്തനക്ഷമമാകാത്തതിനാൽ ഇ-സ്റ്റാമ്പിംഗിനോടൊപ്പം സമാന്തരമായി മുദ്രപത്ര വില്പന തുടരാവുന്ന കാലയളവ് 01-04-2024 മുതൽ ഒരു

വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകികൊണ്ട് 15-03-2024-ലെ സ.ഉ. (കൈ) നം.15/2024/TAXES നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(ബി) രജിസ്ട്രേഷൻ ആവശ്യത്തിനല്ലാതെ ഒരു ലക്ഷത്തിന് മുകളിലുള്ള സ്റ്റാമ്പ് ഡ്യൂട്ടി നിലവിൽ ഇ-സ്റ്റാമ്പ് മുഖേന മാത്രമേ ഒടുക്കാൻ വ്യവസ്ഥയുള്ളുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ?

1960-ലെ കേരള മുദ്രപത്ര ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തികൊണ്ടുള്ള 07-04-2017-ലെ G.O.(P) No. 23/2017/TD നമ്പർ ഉത്തരവ് S.R.O.No.182/2017 നമ്പരായി 07-04-2017-ലെ 690-ാം നമ്പർ ഗസറ്റിൽ പ്രസിദ്ധീകരിച്ചുകൊണ്ടാണ് സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത ഭേദഗതിപ്രകാരം സംസ്ഥാനത്ത് ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള മുദ്രപത്രങ്ങൾ ഇ-സ്റ്റാമ്പ് രൂപത്തിൽ മാത്രമേ വിതരണം ചെയ്യുവാൻ സാധിക്കുകയുള്ളൂ. രജിസ്ട്രേഷൻ ആവശ്യത്തിനല്ലാതെയുള്ള മുദ്രപത്രങ്ങൾ ഇ-സ്റ്റാമ്പ് രൂപത്തിൽ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ ട്രഷറി വകുപ്പിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നു.

(സി) ഒരു തവണ ഡൗൺലോഡ് ചെയ്ത ഇ-സ്റ്റാമ്പിന്റെ എത്ര പ്രിന്റ് വേണമെങ്കിലും എടുക്കാൻ കഴിയുമെന്നതിനാൽ അത് ദുരുപയോഗം ചെയ്യാനുള്ള സാധ്യത നിലവിലുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

തുകയൊടുക്കി ഒരുപ്രാവശ്യം ഡൗൺലോഡ് ചെയ്തെടുത്ത മുദ്രപത്രങ്ങളുടെ കൂടുതൽ ഡൗൺലോഡുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയുടെ ദുരുപയോഗംമൂലം റവന്യൂ നഷ്ടം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇവ ദുരുപയോഗം ചെയ്യാനുള്ള സാധ്യത ഒഴിവാക്കുവാനാവശ്യമായ സാങ്കേതിക സുരക്ഷ ഒരുക്കുവാൻ എൻ.ഐ.സി.-ക്ക് നിർദേശം നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ ആവശ്യങ്ങൾക്കുള്ള ഇ-സ്റ്റാമ്പുകൾ ആധാര രജിസ്ട്രേഷൻ സമയത്ത് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ deface ചെയ്യുന്നതിനാൽ പ്രസ്തുത സ്റ്റാമ്പ് രജിസ്ട്രേഷൻ ആവശ്യങ്ങൾക്കായി വീണ്ടും ഉപയോഗിക്കാൻ കഴിയുകയില്ല.

(ഡി) കോടതിയിൽനിന്നുള്ള വിൽപന സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ഇ-സ്റ്റാമ്പ് എടുക്കാൻ ഇതുമൂലം ബുദ്ധിമുട്ടുണ്ടാകുന്നതായി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ഒടുക്കേണ്ടതായ കോടതിയിൽനിന്നുള്ള വിൽപ്പന സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ഇ-സ്റ്റാമ്പ് എടുക്കുന്നതിന് നിലവിൽ തടസ്സമില്ല.

ആധാരങ്ങൾ വ്യക്തികൾ സ്വയം തയ്യാറാക്കാൻ അനുമതി

373 (3503) ശ്രീ. ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരങ്ങൾ വ്യക്തികൾക്ക് സ്വയം തയ്യാറാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

സംസ്ഥാനത്ത് ആധാരങ്ങൾ വ്യക്തികൾക്ക് സ്വയം തയ്യാറാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള 01-03-2016-ലെ IT.3-30120/2010 നമ്പർ നോട്ടിഫിക്കേഷനും 1958-ലെ കേരള രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 30-ൽ

ഭേദഗതി വരുത്തിക്കൊണ്ടുള്ള 02-03-2016-ലെ IT.3-30120/2010 നമ്പർ നോട്ടിഫിക്കേഷനും 31-05-2016-ലെ 22-ാം നമ്പർ ഗസറ്റിൽ പ്രസിദ്ധീകരിച്ചുകൊണ്ടാണ് സ്വന്തമായി ആധാരം എഴുതുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത സംവിധാനം പൊതുജനങ്ങൾ ഉപയോഗിക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

ആധാരങ്ങൾ സ്വന്തമായി തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം നാളിതുവരെ 6463 പേർ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

(സി) ഇത് ആർക്കെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ആധാരങ്ങൾ സ്വന്തമായി തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിന് ബുദ്ധിമുട്ടുകളുള്ളതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. സ്വയം ആധാരം തയ്യാറാക്കുന്നതിനായി സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി 19 ഇനം ആധാരങ്ങളുടെ മാതൃക തയ്യാറാക്കി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ

പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാതൃകാ ആധാരങ്ങൾ അടിസ്ഥാനമാക്കി ആധാരങ്ങൾ തയ്യാറാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങളും വ്യവസ്ഥകളും സംബന്ധിച്ചുള്ള മാർഗനിർദേശങ്ങൾ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, സ്വയം ആധാരം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സംശയ ദൂരീകരണത്തിനായി 8547344357 എന്ന നമ്പരിൽ ഒരു ഹെൽപ്പ് ഡെസ്ക് സൗകര്യവും പ്രവർത്തിക്കുന്നുണ്ട്. മാതൃകാ പ്രമാണങ്ങൾ ഉപയോഗിച്ച് ആധാര കക്ഷികൾ നേരിട്ട് തയ്യാറാക്കി സമർപ്പിക്കുന്ന ആധാരങ്ങളുടെ കരട് രൂപം കക്ഷികൾ ആവശ്യപ്പെടുന്നപക്ഷം പരിശോധിച്ച് ആവശ്യമായ നിർദേശങ്ങൾ/ഉപദേശങ്ങൾ നൽകുന്നതിനും ആധാരം തയ്യാറാക്കുമ്പോഴുണ്ടാകുന്ന സംശയങ്ങൾ പരിഹരിച്ച് നൽകുന്നതിനും എല്ലാ സബ് രജിസ്ട്രാർമാർക്കും നിർദേശവും നൽകിയിട്ടുണ്ട്. ആധാരത്തോടൊപ്പം രജിസ്ട്രേഷനുവേണ്ടി നിർബന്ധമായും ഹാജരാക്കേണ്ട ഫയലിംഗ് ഷീറ്റിന്റെ വലിപ്പം A3-യിൽനിന്നും A4 ആയി രൂപമാറ്റം വരുത്തിയിട്ടുമുണ്ട്. ഈ സൗകര്യം കൂടുതൽ വിപുലമാക്കുന്നതിനായി ആധാര വിവരങ്ങൾ കമ്പ്യൂട്ടറിലൂടെ നൽകിക്കൊണ്ട് ആധാരങ്ങൾ കമ്പ്യൂട്ടർ മുഖാന്തരം

തയ്യാറാക്കുന്നതിനുള്ള ടെംപ്ലേറ്റ് അധിഷ്ഠിത രജിസ്ട്രേഷൻ സൗകര്യം പരീക്ഷണ ഘട്ടത്തിലാണ്.

(ഡി) പ്രസ്തുത സംവിധാനം സംബന്ധിച്ച് വ്യാപക പ്രചരണം നൽകുവാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ?

പ്രസ്തുത സംവിധാനം സംബന്ധിച്ച് വ്യാപക പ്രചരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

തിരുവള്ളൂർ, വില്യാപ്പള്ളി സബ് രജിസ്ട്രാർ ഓഫീസുകളുടെ പുതിയ കെട്ടിടം

374 (3504) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി മണ്ഡലത്തിലെ തിരുവള്ളൂർ, വില്യാപ്പള്ളി സബ് രജിസ്ട്രാർ ഓഫീസുകൾ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിലെ തിരുവള്ളൂർ, വില്യാപ്പിള്ളി സബ് രജിസ്ട്രാർ ഓഫീസുകൾ പുതിയ കെട്ടിടത്തിലേയ്ക്ക് മാറുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഓഫീസിലെ രേഖകളും മറ്റും ഷിഫ്റ്റ് ചെയ്യുന്നതിനുള്ള തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് നിർമ്മാണം

375 (3505) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എടച്ചേരി രജിസ്ട്രേഷൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് വകുപ്പിൽനിന്നും ഭൂമി അനുവദിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പസൽ അനുവദിക്കുന്നതിന് നിലവിലെ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കെട്ടിടം നിർമ്മാണത്തിനായി ഭൂമി ലഭ്യമാക്കാനും ഫണ്ട് അനുവദിക്കാനും അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) എടച്ചേരി സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായി ഭൂമി ലഭ്യമാക്കുന്നതിന് 19-02-2018-ൽ എടച്ചേരി ഗ്രാമപഞ്ചായത്തിന് അപേക്ഷ നൽകുകയും 10 സെന്റ് സ്ഥലം അനുവദിക്കുവാൻ പഞ്ചായത്ത് മീറ്റിംഗിൽ തീരുമാനമാകുകയും ചെയ്തു. അതിന്റെ അംഗീകാരത്തിനായി എടച്ചേരി പഞ്ചായത്ത് സെക്രട്ടറി 23-03-2023-ൽ പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശപ്രകാരം, തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി ലഭിച്ചാൽ മാത്രമേ സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് വിട്ടുകിട്ടുകയുള്ളൂ. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

പേരാമ്പ്ര സബ് രജിസ്ട്രാർ ആഫീസിന്റെ പഴയ കെട്ടിടം

376 (3506) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാമ്പ്രയിലെ സബ് രജിസ്ട്രാർ ആഫീസിന്റെ പഴയ കെട്ടിടം താൽകാലികമായി പേരാമ്പ്ര കോടതിക്ക് ലഭ്യമാക്കണമെന്ന അപേക്ഷ കോടതിയിൽനിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

പേരാമ്പ്രയിലെ സബ് രജിസ്ട്രാർ ഓഫീസിന്റെ പഴയ കെട്ടിടം താൽകാലികമായി പേരാമ്പ്ര കോടതിക്ക് ലഭ്യമാക്കണമെന്ന അപേക്ഷ ബഹുമാനപ്പെട്ട ഹൈക്കോടതി രജിസ്ട്രാറിൽനിന്നും ആഭ്യന്തര വകുപ്പിന് ലഭിക്കുകയും ആയതിന്മേൽ അഭിപ്രായം ലഭ്യമാക്കാൻ നികുതി വകുപ്പിനോട് ആവശ്യപ്പെടുകയുമുണ്ടായി. മേൽവിഷയത്തിൽ അധിക വിവരങ്ങൾ ആഭ്യന്തര വകുപ്പിൽനിന്നും ആരാഞ്ഞിരിക്കുകയാണ്. അധിക വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കൊല്ലം ജില്ലയിൽ രജിസ്ട്രേഷൻ വകുപ്പിലെ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തിക

377 (3507) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ രജിസ്ട്രേഷൻ വകുപ്പിൽ അനുവദനീയമായ എത്ര ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയാണുള്ളതെന്നും നിലവിൽ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) ഈ തസ്തികയിൽ ദിവസ വേതനം, കരാർ, വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) രജിസ്ട്രേഷൻ വകുപ്പിൽ ക്ലർക്ക് - ടൈപ്പിസ്റ്റ് തസ്തിക നിലവിലില്ല.

രജിസ്ട്രേഷൻ വകുപ്പിലെ പൊതുസ്ഥലംമാറ്റം

378 (3508) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡം എന്തെന്ന് വിശദമാക്കുമോ?

നടപ്പിലാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 25-02-2017-ലെ സ.ഉ. (പി) നം. 3/2017/ഉഭപവ പ്രകാരമുള്ള മാനദണ്ഡങ്ങളാണ് പാലിച്ചുവരുന്നത്.

(ബി) രജിസ്ട്രേഷൻ വകുപ്പിൽ മാന്വൽ സ്ഥലമാറ്റ അപേക്ഷ നിരോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ സാഹചര്യം വ്യക്തമാക്കുമോ?

രജിസ്ട്രേഷൻ വകുപ്പിൽ മാന്വൽ സ്ഥലമാറ്റ അപേക്ഷകൾ നിരോധിച്ചിട്ടില്ല. എന്നാൽ, 'സ്പാർക്ക്' മുഖേനയുള്ള ഓൺലൈൻ സ്ഥലമാറ്റത്തിൽ ഓൺലൈൻ അല്ലാതെ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പ്രോസസ് ചെയ്യാൻ സാങ്കേതികമായി കഴിയാത്തതിനാൽ അത്തരം അപേക്ഷകൾ പരിഗണിക്കുന്നതല്ലെന്ന വിവരം സർക്കുലറായി നൽകിയിട്ടുണ്ട്. വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നടപ്പിലാക്കിയിട്ടുള്ളതിനാൽ ഓൺലൈൻ അല്ലാതെയുള്ള അപേക്ഷകൾ സ്പാർക്ക് മുഖേന നടത്തുന്ന സ്ഥലം മാറ്റത്തിന് പരിഗണിക്കാൻ കഴിയില്ലെന്ന വസ്തുത ജീവനക്കാരെ അറിയിക്കുകയെന്ന ഉദ്ദേശത്തോടെയാണ് സർക്കുലർ നിർദ്ദേശം നൽകിയിട്ടുള്ളത്.

(സി) ഈ വർഷം ജനറൽ ട്രാൻസ്ഫർ അപേക്ഷപ്രകാരം സ്ഥലമാറ്റം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

2024-ൽ ഓൺലൈൻ സ്ഥലംമാറ്റത്തിനുള്ള നടപടികൾ ആരംഭിക്കുകയും 29-04-2024-ലെ IGR/1042/2024-E1 നമ്പർ ആയി അതിനുള്ള ഷെഡ്യൂളും മാർഗനിർദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ലോകസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റ ചട്ടം നിലവിലുണ്ടായിരുന്നതിനാൽ സമയബന്ധിതമായി സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിക്കാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ സ്പാർക്കിൽനിന്നും ജനറേറ്റ് ചെയ്ത കരട് സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയത്തിൽ മൂന്ന് വർഷത്തിൽ കൂടുതലായി സേവനം അനുഷ്ഠിക്കുന്നവരുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

അനുബന്ധമായി[+] ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) സർക്കാർ സർക്കുലറുകൾക്ക് വിരുദ്ധമായി ജീവനക്കാരെ 3 മുതൽ 20 വർഷംവരെയുള്ള കാലയളവ് ഒരു ഓഫീസിൽതന്നെ നിലനിറുത്തുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

സർക്കാർ സർക്കുലറുകൾക്ക് വിരുദ്ധമായി ജീവനക്കാരെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിൽ നിലനിർത്തിയിട്ടില്ല. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 25-02-2017-ലെ സ.ഉ.(പി) നം. 3/2017/ഉഭപവ ഉത്തരവിൽ, ഒരു പ്രത്യേക സ്റ്റേഷനിൽ മൂന്നു വർഷം സർവീസ് പൂർത്തിയാക്കിയെന്ന കാരണത്താൽ ഒരാളെ സ്ഥലംമാറ്റേണ്ടതില്ലെന്നും എന്നാൽ മൂന്നു വർഷത്തിനപ്പുറം ഒരു ജീവനക്കാരനെയും ഒരേ സീറ്റിൽ/സെക്ഷനിൽ തുടരുന്നതിന് അനുവദിക്കേണ്ടതില്ലെന്നും അവരെ അതേ സ്റ്റേഷനുള്ളിലെ/ഓഫീസിനുള്ളിലെ മറ്റ് സീറ്റുകളിലേയ്ക്ക്/ സെക്ഷനുകളിലേയ്ക്ക് സ്ഥലം മാറ്റേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം സീറ്റ്/സെക്ഷൻ മാറ്റം ഇല്ലാതെ ഏതെങ്കിലും ജീവനക്കാരൻ മൂന്ന് വർഷത്തിനപ്പുറം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിൽ

തുടരുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ജീവനക്കാരെ മറ്റുസീറ്റുകളിലേയ്ക്ക്/ സെക്ഷനുകളിലേയ്ക്ക് മാറ്റുന്ന കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

രജിസ്ട്രേഷൻ വകുപ്പിനെക്കുറിച്ചുള്ള പഠന റിപ്പോർട്ട്

379 (3509) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.3) വകുപ്പ് 2023-ൽ രജിസ്ട്രേഷൻ വകുപ്പിൽ നടത്തിയ പഠന റിപ്പോർട്ടിന്മേലുള്ള ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.3) വകുപ്പ് 2023-ൽ രജിസ്ട്രേഷൻ വകുപ്പിൽ നടത്തിയ പഠന റിപ്പോർട്ടിന്മേലുള്ള ശിപാർശകൾ പരിശോധിച്ചുവരുന്നു.

(ബി) 01-06-2024-ൽ രജിസ്ട്രേഷൻ ഐ.ജി.-യുടെ ഓഫീസിൽ ഒരു മാസത്തിലധികമായി തീർപ്പാക്കാതെ കിടപ്പുള്ള കുടിശ്ശിക ഫയലുകളുടെ എണ്ണവും തൽസ്ഥിതി വിവര കണക്കും ലഭ്യമാക്കാമോ?

6640 ഫയലുകൾ. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

രജിസ്ട്രേഷൻ ഓഫീസുകളിലെ അപേക്ഷകൾ

380 (3510) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ ഓഫീസുകളിൽ ഏതൊക്കെ അപേക്ഷകളാണ് ഓൺലൈനായും മാനുവലായും നൽകേണ്ടതെന്ന് വ്യക്തമാക്കാമോ?

ഓൺലൈനായി അപേക്ഷ നൽകേണ്ടവ:-

ആധാര രജിസ്ട്രേഷൻ അപേക്ഷ

ബാധ്യത സർട്ടിഫിക്കറ്റ് അപേക്ഷ

ലിസ്റ്റ് സർട്ടിഫിക്കറ്റ് അപേക്ഷ

ആധാര പകർപ്പിനുള്ള അപേക്ഷ

സ്പെഷ്യൽ മാര്യേജ് രജിസ്ട്രേഷനുള്ള അപേക്ഷ

സ്പെഷ്യൽ മാര്യേജ് സർട്ടിഫിക്കറ്റ് അപേക്ഷ

ചിട്ടി രജിസ്ട്രേഷൻ

മാനുവലായി അപേക്ഷ നൽകേണ്ടവ:-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആധാര രജിസ്ട്രേഷനായി ഫീസ് ഒടുക്കിയതിനുശേഷം ആധാരം രജിസ്ട്രേഷൻ നടക്കാത്ത സാഹചര്യത്തിൽ ഫീസ് തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ.

(ബി) ഓരോ അപേക്ഷകൾക്കുമൊപ്പം നൽകേണ്ട രേഖകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

ഓൺലൈൻ അപേക്ഷകൾക്കൊപ്പം രേഖകളൊന്നും നൽകേണ്ടതില്ല.

<u>ഫീസ് റീഫണ്ട് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ:</u>

ഫീസ് രസീത്

റീഫണ്ട് അപേക്ഷ ഫീസ് രസീത്

റീഫണ്ട് അപേക്ഷ

ജില്ലാ രജിസ്ട്രാറുടെ ഉത്തരവിന്റെ പകർപ്പ്

ബന്ധപ്പെട്ട ആധാരത്തിന്റെ പകർപ്പ്

(സി) ഓരോ അപേക്ഷകളും തീർപ്പുകൽപിക്കുന്നതിന് സമയപരിധി ഉണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

15-12-2012-ലെ 1480-ാം നമ്പർ കേരള എക്സ്ട്രാ ഓർഡിനറി ഗസറ്റിൽ E1/2450/2011 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനപ്രകാരം സേവനാവകാശ

നിയമം അനുസരിച്ച് രജിസ്ട്രേഷൻ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള മേൽവിവരിച്ച അപേക്ഷകൾക്കുള്ള സമയപരിധി ചുവടെ വിവരിക്കുന്നു.

1	ആധാര രജിസ്ട്രേഷൻ അപേക്ഷ	രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി തിരികെ നൽകുന്നത് സാധ്യമാകുമെങ്കിൽ അന്നുതന്നെയും പരമാവധി 3 ദിവസത്തിനകവും.
2	ബാധ്യത സർട്ടിഫിക്കറ്റ് അപേക്ഷ	കമ്പ്യൂട്ടറിൽ ഡാറ്റ ലഭ്യമായ കാലയളവിലുള്ള അപേക്ഷകൾ അപേക്ഷ സ്വീകരിച്ചതിന്റെ അടുത്ത പ്രവൃത്തി ദിവസം 3.30 PM മുതൽ 3 ദിവസം. കമ്പ്യൂട്ടറിൽ ഡാറ്റ ലഭ്യമല്ലാത്ത കാലയളവിലുള്ളതാണെങ്കിൽ 7 ദിവസം
3	ലിസ്റ്റ് സർട്ടിഫിക്കറ്റ് അപേക്ഷ	കമ്പ്യൂട്ടറിൽ ഡാറ്റ ലഭ്യമായ കാലയളവിലുള്ള അപേക്ഷകൾ അപേക്ഷ സ്വീകരിച്ചതിന്റെ അടുത്ത പ്രവൃത്തി ദിവസം 3.30 PM മുതൽ 3 ദിവസം. കമ്പ്യൂട്ടറിൽ ഡാറ്റ ലഭ്യമല്ലാത്ത കാലയളവിലുള്ളതാണെങ്കിൽ 7 ദിവസം
4	ആധാര പകർപ്പിനുള്ള അപേക്ഷ	സാധ്യമാകുമെങ്കിൽ അപേക്ഷ സമർപ്പിച്ച അന്നുതന്നെ അല്ലെങ്കിൽ 2 ദിവസത്തിനകവും.
5	സ്പെഷ്യൽ മാര്യേജ് രജിസ്ട്രേഷനുള്ള അപേക്ഷ	നോട്ടീസ് സ്വീകരിക്കുന്നതിന് 30 മിനിട്ട്, രജിസ്ട്രേഷന് 2 മണിക്കൂർ.
6	സ്പെഷ്യൽ മാര്യേജ് സർട്ടിഫിക്കറ്റ് അപേക്ഷ	സേവനാവകാശ നിയമ പ്രകാരം പ്രത്യേക സമയ പരിധി നിശ്ചയിച്ചിട്ടില്ല.
7	ചിട്ടി രജിസ്ട്രേഷൻ	രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി തിരികെ നൽകുന്നതിന് 2 ദിവസം.
8	രജിസ്ട്രേഷൻ നടക്കാത്ത സാഹചര്യത്തിൽ ഫീസ് തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കൽ	ഒരു മണിക്കൂർ

തിരൂർ ഹജൂർ കച്ചേരിയുടെ നവീകരണം

381 (3511) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരൂർ ഹജൂർ കച്ചേരിയുടെ രണ്ടാംഘട്ട നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

മലപ്പുറം ജില്ലയിലെ തിരുരങ്ങാടി ഹജൂർ കച്ചേരി മന്ദിരത്തിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കിയശേഷം കെട്ടിടത്തിൽ "മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം" സജ്ജീകരിച്ചിട്ടുള്ളതാണ്. സംരക്ഷിത പ്രദേശത്തിന്റെ അതിർത്തിമതിൽ നിർമ്മാണം, പരിസര വികസന പ്രവൃത്തികൾ എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(ബി) ഒന്നാംഘട്ടം നവീകരണത്തിനുശേഷം സന്ദർശകരുടെ എണ്ണം വർധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

മ്യൂസിയത്തിൽ സന്ദർശകരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മറ്റും സഹകരണത്തോടെ മ്യൂസിയം

ദിനാചരണം അടക്കം പൈതൃക പ്രാധാന്യമുള്ള ഔട്ട് റീച്ച് പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

കോഴിക്കോട് കൃഷ്ണമേനോൻ മ്യൂസിയത്തിന്റെ സംരക്ഷണ പ്രവൃത്തി

382 (3512) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കൃഷ്ണമേനോൻ മ്യൂസിയത്തിൽ നടന്നുവരുന്ന സംരക്ഷണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

മ്യൂസിയം-മൃഗശാലാ വകുപ്പിന്റെ അധീനതയിലുള്ള കോഴിക്കോട് കൃഷ്ണമേനോൻ മ്യൂസിയം കെട്ടിടത്തിന്റെ സംരക്ഷണ പ്രവൃത്തികൾ കേരള പുരാവസ്തു വകുപ്പ് മുഖേന നടന്നുവരുന്നു. നിലവിൽ സംരക്ഷണ പ്രവൃത്തിയുടെ 90% പൂർത്തിയായിട്ടുണ്ട്.

(ബി) മ്യൂസിയം പ്രവർത്തനം പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയം കെട്ടിടത്തിന്റെ ഒന്നാം ഘട്ടമായുള്ള സംരക്ഷണ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്കുതന്നെ രണ്ടാം ഘട്ടമായി ടി മ്യൂസിയത്തിലെ നിലവിലുള്ള പ്രദർശന സംവിധാനം കാലോചിതമായി പരിഷ്കരിച്ച് ആധുനിക രീതിയിലുള്ള പ്രദർശന സംവിധാനം സജ്ജമാക്കേണ്ടതുണ്ട്. ആയതിന് സർക്കാർ നോഡൽ ഏജൻസിയായ കേരള ചരിത്ര പൈതൃക മ്യൂസിയം തിരുവനന്തപുരത്തിനോട് ഇതിനാവശ്യമായ DPR തയ്യാറാക്കി സമർപ്പിക്കുന്നതിന് മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്.

കാട്ടാക്കട മണ്ഡലത്തിലെ അരുവിക്കര ശ്രീധർമ്മശാസ്താ ക്ഷേത്രസംരക്ഷണം

383 (3513) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിൽ മാറനല്ലൂർ പഞ്ചായത്തിലെ അരുവിക്കര ശ്രീധർമ്മശാസ്താ ക്ഷേത്രം പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശവും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

പുരാവസ്തു വകുപ്പിന്റെ സംരക്ഷിത പട്ടികയിലുൾപ്പെട്ടിട്ടുള്ള കാട്ടാക്കട മണ്ഡലത്തിലെ അരുവിക്കര ശ്രീധർമ്മശാസ്താ ക്ഷേത്രത്തിന്റെ സമഗ്ര സംരക്ഷണത്തിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

പിറവം മണ്ഡലത്തിലെ പുരാവസ്തു വകുപ്പിന്റെ പദ്ധതികൾ

384 (3514) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള സ്മാരകങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. പിറവം മണ്ഡലത്തിലെ വകുപ്പിന് കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പാഴൂർ പെരുംതൃക്കോവിൽ ശിവക്ഷേത്രം - പിറവം വില്ലേജ്, മുവാറ്റുപുഴ താലൂക്ക്, എറണാകുളം ജില്ല.

2. ഊരമന നരസിംഹമൂർത്തിക്ഷേത്രം - മേമ്മുറി വില്ലേജ്, മുവാറ്റുപുഴ താലൂക്ക്, എറണാകുളം ജില്ല.

3. തിരുമാറാടി ശ്രീമഹാദേവക്ഷേത്രം - തിരുമാറാടി വില്ലേജ്, മുവാറ്റുപുഴ താലൂക്ക്, എറണാകുളം ജില്ല.

4. തിരുമാറായിക്കുളം മഹാദേവക്ഷേത്രം - എടക്കാട് വില്ലേജ്, കണയന്നൂർ താലൂക്ക്, എറണാകുളം ജില്ല.

5. കൈപ്പത്തൂർ നരസിംഹമൂർത്തിക്ഷേത്രം - കൈപ്പത്തൂർ വില്ലേജ്, കണയന്നൂർ താലൂക്ക്, എറണാകുളം ജില്ല.

6. ഊരമന ശ്രീധർമ്മശാസ്താക്ഷേത്രം - മേമ്മുറി വില്ലേജ്, മുവാറ്റുപുഴ താലൂക്ക്, എറണാകുളം ജില്ല.

7. ഹിൽപ്പാലസ്, തൃപ്പൂണിത്തുറ – തിരുവാങ്കുളം വില്ലേജ്, കണയന്നൂർ താലൂക്ക്, എറണാകുളം ജില്ല.

(ബി) മണ്ഡലത്തിൽ പുരാവസ്തു വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾക്കാണ് ഈ സർക്കാർ വന്നശേഷം ഫണ്ട് അനുവദിച്ച് നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) തുപ്പണിത്തുറ ഹിൽപാലസിന്റെ നവീകരണത്തിനായി ഈ സർക്കാർ വന്നശേഷം എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിറവം മണ്ഡലത്തിൽ ഹിൽപാലസ് മ്യൂസിയത്തിലെ വിവിധ പദ്ധതികൾക്കായി ആകെ 2,25,11,461/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ പുരാവസ്തു വകുപ്പ് നിർവഹിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ശക്തൻ തമ്പുരാന്റെ ജന്മഗൃഹം

385 (3515) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ കിഴക്കുംഭാഗം വില്ലേജിൽ സ്ഥിതി ചെയ്യുന്ന ശങ്കരൻ തമ്പുരാന്റെ ജന്മഗൃഹം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള തീരുമാനം നടപ്പിലാക്കൽ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ കിഴക്കുംഭാഗം വില്ലേജിൽ സ്ഥിതി ചെയ്യുന്ന ശങ്കരൻ തമ്പുരാന്റെ ജന്മഗൃഹമായ വെള്ളാരപ്പള്ളി കോവിലകം വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിലേയ്ക്കുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത സംരക്ഷിത സ്മാരകം നശിപ്പിക്കുന്നതിന് ഈയിടെ ഉണ്ടായ ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത കെട്ടിടത്തിന് കേടുപാടുകൾ വരുത്തുന്നതായുള്ള പരാതി 15-05-2024-ന് പുരാവസ്തു വകുപ്പിൽ ലഭ്യമായതുപ്രകാരം ഇത്തരത്തിൽ പ്രവൃത്തികൾ നടത്തുന്നത് 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടിനും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ

ഉത്തരവിനും വിരുദ്ധമാണെന്നും ആയത് നിർത്തിവയ്ക്കേണ്ടതാണെന്നും കാണിച്ച് നിലവിലെ താമസക്കാർക്ക് പുരാവസ്തു വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. വെള്ളാരപ്പള്ളി കോവിലകത്ത് നടക്കുന്ന അനധികൃതമായ പ്രവൃത്തികൾ നിർത്തിവയ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അറിയിച്ച് ജില്ലാ കളക്ടർ, തഹസിൽദാർ, വില്ലേജ് ഓഫീസർ എന്നിവർക്കും സ്ഥലം എസ്.എച്ച്.ഒ.-യ്ക്കും പുരാവസ്തു വകുപ്പ് കത്ത് നൽകിയിട്ടുണ്ട്.

(സി) വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമായി ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ?

വെള്ളാരപ്പള്ളി കോവിലകം വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് ഡോ. രാഘവൻ മുതൽപേർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) 19497/21 നമ്പറായി ഹർജി ഫയൽ ചെയ്തിട്ടുണ്ട്.

കോഴിക്കോട് കോർപ്പറേഷനിലെ പൈതൃക പദ്ധതി

386 (3516) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷന്റെ പഴയ കെട്ടിടം പൈതൃക പദ്ധതിയിലുൾപ്പെടുത്തി ബലപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

കോഴിക്കോട് കോർപ്പറേഷന്റെ പഴയകെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സ്ഥാപനങ്ങളും സൂക്ഷിച്ചിരുന്ന ഫയലുകളും മാറ്റാത്തതിനാൽ തടസ്സപ്പെട്ടിരുന്ന പ്രവൃത്തി, നിലവിൽ കോർപ്പറേഷൻ പ്രസ്തുത തടസ്സം മാറ്റിനൽകിയതിനാൽ സമഗ്ര സംരക്ഷണ പ്രവൃത്തികൾ പൂർണ്ണതോതിൽ നടന്നുവരികയാണ്.

(ബി) പ്രസ്തുത കെട്ടിടം മ്യൂസിയം ആക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പുരാവസ്തു വകുപ്പിന് കോഴിക്കോട് പഴയ കോർപ്പറേഷൻ കെട്ടിടത്തിൽ മ്യൂസിയം സജ്ജീകരിക്കുന്നതിന് 16-03-2024-ലെ EG12-89010/23 നമ്പർ കത്തുപ്രകാരം താഴെപ്പറയുന്ന നിബന്ധനകളോടെ പുരാവസ്തു വകുപ്പിന് പെർമിസീവ് സാംഗ്ഷൻ കോഴിക്കോട് കോർപ്പറേഷൻ നൽകിയിട്ടുണ്ട്.

കോഴിക്കോട് കോർപ്പറേഷന്റെയും പുരാവസ്തു വകുപ്പിന്റെയും സംയുക്ത പദ്ധതിയായിട്ടായിരിക്കണം ഈ പദ്ധതി നടപ്പിലാക്കേണ്ടത്.

മ്യൂസിയം ഡിസൈൻ ഉൾപ്പെടെയുള്ള അനുബന്ധ വിഷയങ്ങൾ കോഴിക്കോട് കോർപ്പറേഷന്റെയും പുരാവസ്തു വകുപ്പിന്റെയുംകൂടി നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കോർപ്പറേഷൻ ഡി.പി.ആർ. തയ്യാറാക്കുന്നതാണ്.

ഇതിന്മേൽ 21-06-2024-ലെ കത്തിലൂടെ പുരാവസ്തു വകുപ്പ് ഡയറക്ടർ സ്പഷ്ടീകരണം ആരാഞ്ഞിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 3323-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമല്ല.)

അനുബന്ധം-II

<u>2024-2025 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയിൽ പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി)- മേശപ്പുറത്തുവച്ച മറുപടി</u>

കോഴിക്കോട്

ആകെ അപേക്ഷ - 48156

മറ്റുജില്ലകളിൽ പ്രവേശനം നേടിയത് - 2573

ബാക്കി അപേക്ഷ - 45583

അലോട്ട്മെന്റ് എടുക്കാത്തവർ - 4525

ബാലൻസ് - 41058

പ്രവേശനം ലഭിച്ചവർ - 34362

ബാലൻസ് അപേക്ഷകർ - 6696

കൈവശമുള്ള സീറ്റ് - 6794

കുറവുള്ള സീറ്റുകൾ - കുറവില്ല

അൺ എയ്ഡഡിലുള്ള സീറ്റുകൾ - 4176

* * * *